N12<516631299 021

ubTÜBINGEN

കേര

ഹെർമൻ ഗുണ്ടർട്ട്

കേരളോല്പത്തിയും മറ്റും

(എട്ടു കൃതികൾ)

ഹെർമൻ ഗുണ്ടർട്ട്

കേരളോല്പത്തിയും മറ്റും

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം

1992

വില 65.00 രൂപ

ഡീലക്സ് 95.00 രൂപ

UNIV.BIBL. * TÜBINGEN *

33 A 11414

(Malayalam)
Keralolpathiyum Mattum
Eight works published during 1843-1904
by Dr. Hermann Gundert D. Ph.
with Critical Introduction
by Prof. Scaria Zacharia
St. Berchmans' College Changanasseri
First Published April 25, 1992
Rights Reserved
Cover design : Asok
Printed at Bethel Printers Printers, Chingavanam, Kottayam
Publishers :
D.C. BOOKS, KOTTAYAM - 686 001
Kerala State, India
Distributors:
CURRENT BOOKS
Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Eranakulam, Aluva, Kozhikode, Palakkad, Thalassery, Kalpetta

ISN 81- 7130 - 149 - 5

Paper back Rs. 65.00
Deluxe Rs. 95.00

7/92-93 S.No.1907 dcb 1328 Wc 14.7 1000-0492

HGS

HERMANN GUNDERT SERIES

Band 4
Hermann Gundert
Geschichtliche und literarische Werke (Kerala Ulpati)

Die Titel der ganzen Reihe (Malayalam)—
jeweils mit einer kritischen Einleitung:

Hermann Gundert

Band 1 A Malayalam and English Dictionary
Band 2 Grammatische Werke
Band 3 Quellen zu seinem Leben und Werk
(*3.1* Deutsch, *3.2* Englisch, *3.3* Malayalam)
Band 4 Geschichtliche und literarische Werke (Kerala Ulpati)
Band 5 Christliche Literatur (Vajra Suci)
Band 6 Malayalam-Bibel

herausgegeben
von
Albrecht Frenz
und
Scaria Zacharia

Gesamtherstellung der Malayalam-Werke
D. C. Books Kottayam, Kerala, Indien

In Verbindung mit der
Dr. Hermann-Gundert-Konferenz Stuttgart
19.-23. Mai 1993

HGS (Hermann Gundert Series)

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര

വാല്യം 4 ചരിത്രകൃതികൾ, സാഹിത്യരചനകൾ, പഴഞ്ചൊല്ലുകൾ...

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ വാല്യങ്ങൾ

വാല്യം 1 മലയാളം - ഇംഗ്ലീഷ് നിഘണ്ടു

വാല്യം 2 മലയാള ഭാഷാവ്യാകരണം

വാല്യം 3 ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ജീവചരിത്രം

I ജർമൻ ഭാഷയിൽ : Hermann Gundert —Quellen zu seinem Leben und Werk

II ഇംഗ്ലീഷിൽ : Dr. Hermann Gundert and Malayalam Language

III മലയാളത്തിൽ : ഡോ. ഹെർമൻ ഗുണ്ടർട്ട് - പറുദീസയിലെ ഭാഷാപണ്ഡിതൻ

വാല്യം 4 കേരളോല്പത്തിയും മറ്റും (ചരിത്രകൃതികൾ, സാഹിത്യ രചനകൾ, പഴഞ്ചൊല്ലുകൾ)

വാല്യം 5 വജ്രസൂചി (ക്രൈസ്തവരചനകൾ)

വാല്യം 6 മലയാളം ബൈബിൾ

എഡിറ്റർമാർ

ഡോ. ആൽബ്രഷ്ട് ഫ്രൻസ്

പ്രൊഫ. സ്കറിയാ സക്കറിയ

പ്രസാധകർ

മലയാളം : ഡി. സി. ബുക്സ്, കോട്ടയം

ജർമൻ : Sueddeutsche Verlagsgesellschaft, Ulm

പ്രസാധകക്കുറിപ്പ്

മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവന നല്കിയ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ 100-ാം ചരമവാർഷികത്തോടനുബന്ധിച്ച് മലയാള ത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥപരമ്പരയിൽ (HGS) നാലാമത്തെ വാല്യമാണ് *കേരളോല്പത്തിയും മറ്റും*.

ഗുണ്ടർട്ട് കൃതികളിൽ ഏറ്റവും പ്രശസ്തിയാർജിച്ചിട്ടുള്ള വ്യാകരണവും നിഘണ്ടുവും കൂടാതെ അൻപതോളം മലയാള ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ജർമൻ ഭാഷയിൽ അതിലധികവും. കേരളചരിത്ര പഠനത്തിനും സാഹിത്യചരിത്രത്തിനും ഗുണ്ടട്ട് അമൂല്യമായ സഭാവനകളാണു നല്കിയിട്ടുള്ളതെന്ന് ഈ ഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ഈ പരമ്പരയുടെ ഒന്നാം ഘട്ടത്തിലെ ഗ്രന്ഥങ്ങളായ നിഘണ്ടുവും വ്യാകരണവും ഗുണ്ടർട്ടിന്റെ ജീവചരിത്രവും 1991 ഒക്ടോബർ 7-ന് തിരുവനന്തപുരത്ത് പ്രകാശിപ്പിച്ചു. രണ്ടാം വഘട്ടത്തിലും മൂന്നു വാല്യങ്ങളുണ്ട്. *കേരളോല്പത്തിയും മറ്റും, വജ്രസൂചി, മലയാളം ബൈബിൾ.* മൂന്നു വാല്യത്തിലും കൂടി 48 കൃതികൾ പൂർണമായോ ഭാഗികമായോ ചേർത്തിട്ടുണ്ട്. എട്ടു കൃതികളാണ് കേരളോല്പത്തിയും മറ്റും എന്ന ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് - ആറു പുസ്തകങ്ങൾ സമ്പൂർണമായും രണ്ടെണ്ണം ഭാഗികമായും ചരിത്രഗ്രന്ഥങ്ങളായ *മലയാളരാജ്യം, കേരളപഴമ, കേരളോല്പത്തി* എന്നിവയും പഴഞ്ചൊല്ലുകളുടെ സമാഹാരമായ *ആയിരത്തിരുന്നൂറ് പഴഞ്ചൊല്ലുകളും, പാഠമാലയും പാഠാരംഭവും* പൂർണരൂപത്തിൽത്തന്നെ വായിക്കാം. *നസ്രാണിക ളുടെ പഴമയുടെ* ഒന്നാം ഖണ്ഡം മാത്രമേ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ളു. അതും കൈയെഴുത്തു രൂപത്തിൽ. *ലൊകചരിത്രശാസ്ത്രത്തിന്റെ* കുറച്ചു ഭാഗങ്ങളേ ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളു. (*ലൊകചരിത്രശാസ്ത്രം* തന്നെ 500 ലധികം പേജ് വരും)

ഗുണ്ടർട്ടിന്റെ പ്രമുഖ കർമരംഗമായിരുന്ന തലശ്ശേരിയിൽ ശതാബ്ദിയാഘോഷങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് 1992 ഏപ്രിൽ 25-ന് സംഘടിപ്പിക്കുന്ന ചടങ്ങിൽ പരമ്പരയിലെ മൂന്നു വാല്യങ്ങളും പ്രകാശിപ്പിക്കുന്നു. ഇക്കാര്യത്തിൽ ഞങ്ങൾക്കു സഹകരണം നല്കിയ ജർമനിയിലെ സാംസ്കാരിക സ്ഥാപങ്ങളോട് ഞങ്ങൾ കൃതജ്ഞരാണ്. ഒപ്പം പ്രശസ്ത ഇൻഡോളജിസ്റ്റും ശതാബ്ദിയാ ഘോഷകമ്മറ്റിയുടെ കൺവീനറുമായ ഡോ. ആൽബ്രഷ്ട് ഫ്രൻസിനും പ്രൊഫ. സ്കറിയാ സക്കറിയയ്ക്കും.

കോട്ടയം

ഏപ്രിൽ 25, 1992

കുറിപ്പ്

വിവിധകാലത്തു വിവിധ പ്രസ്സുകളിൽ അച്ചടിച്ച ഗുണ്ടർട്ടു കൃതികളാണ് ഇവിടെ പുനരവതരിപ്പിക്കുന്നത്. അക്കാലത്തു ലിപിയിലുണ്ടായിരുന്ന ചില്ലറ അവ്യവസ്ഥകൾ അതുപോലെ തന്നെ നിലനിറുത്തിയിരിക്കുന്നു. അകാരത്തിനും ഒകാരത്തിനു മുള്ള ഹ്രസ്വദീർഘഭേദം വ്യക്തമാക്കാത്ത ലിപിവ്യവസ്ഥയുടെ മാതൃകകൾ സുലഭമാണ്. പദമധ്യത്തിലെ എകാരത്തിൻെറ സ്ഥാനത്തു കാണുന്ന എകാരം സംവൃതോകാര ചിഹ്നത്തിൻെറ അഭാവം എന്നിവയും പഴമയുടെ അടയാളങ്ങളാണ്. സത്യവെദ ഇതിഹാസം, പാട്ട(പാട്ട്), കൊഴിക്കൊട്ട തുടങ്ങിയ വാക്കുകൾ കാണുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. ചിഹ്നനത്തിൻെറ കാര്യത്തിലും പ്രാചീന മലയാളത്തിലുണ്ടായിരുന്ന ഉദാസീനത ഗുണ്ടർട്ടു കൃതികളിൽ പ്രതിഫലിക്കുന്നു.

ഹെർമൻ ഗുണ്ടർട്ട്

1814 ഫെബ്രുവരി 4-ന് ജർമനിയിലെ ബാദൻവ്യുട്ടൻബർഗു രാജ്യത്തു സ്റ്റുട്ഗാർട് നഗരത്തിൽ ജനിച്ചു. മരിച്ചതും ജർമനിയിൽ തന്നെ-1893 ഏപ്രിൽ 25-ന് സ്റ്റുട്ഗാർട്ടിനു സമീപമുള്ള കാൽവ് എന്ന കൊച്ചു പട്ടണത്തിൽ. ഇതിനിടയിൽ ഇരുപത്തി മൂന്നു വർഷം (1836-1859) ദക്ഷിണ ഭാരതത്തിൽ ക്രിസ്തുമത പ്രചാരകനായി പ്രവർത്തിച്ചു. ഇതിൽ ഇരുപതു വർഷം (12.4.1839 - 11.4.1859) തലശ്ശേരി, ചിറയ്ക്കൽ എന്നിവിടങ്ങളിലായിരുന്നു താമസം. അതു മലയാളത്തിൻെറ ഭാഗ്യമായി.

മലയാളഭാഷയുടെ കരുത്തും വഴക്കങ്ങളും വെളിവാക്കുന്ന വ്യാകരണവും (1851) നിഘണ്ടുവും (1872) അദ്ദേഹം വിരചിച്ചു. കരുത്തുറ്റ ഈ ഭാഷാശാസ്ത്രരചനകൾ ഭാരതീയ ഭാഷാമണ്ഡലത്തിലെ മുൻനിരയിലേക്കു കൈരളിയെ കൈപിടിച്ചു കയറ്റി നിർത്തി. ഗുണ്ടർട്ടിൻെറ അമ്പതോളം മലയാളകൃതികളിൽ കേരളോൽപത്തി, കേരളപ്പഴമ, പഴഞ്ചൊൽമാലകൾ, ബൈബിൾ തുടങ്ങിയവ കാലംകൊണ്ടു നിറം കെടാത്തവയാണ്.

കേരളത്തിൽ രാജസദസ്സുകൾ മുതൽ പണിശാലകൾ വരെ കയറിയിറങ്ങി നടന്നു ഗുണ്ടർട്ട് ശേഖരിച്ച മലയാള കൃതികൾ ഗവേഷകർക്കു നിധികുംഭമാണ്. അവ ഗുണ്ടർട്ടു ഗ്രന്ഥശേഖരമായി ജർമനിയിലെ ട്യൂബിങ്ങൻ സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്നു. പയ്യന്നൂർപ്പാട്ട്, തലശ്ശേരി രേഖകൾ എന്നിങ്ങനെ മറ്റൊരിടത്തും ലഭ്യമല്ലാത്ത കൈയെഴുത്തുകൾ പലതുണ്ട് ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിൽ.

ജർമനിയിലെ പ്രശസ്തങ്ങളായ വിദ്യാശാലകളിലായിരുന്നു വിദ്യാഭ്യാസം. മൗൾബ്രോണിൽ സ്കൂൾ വിദ്യാഭ്യാസം. പ്രശസ്തമായ ട്യൂബിങ്ങൻ സർവകലാശാലയിൽ നിന്ന് ഡോക്ടർ ബിരുദം നേടി. മലബാറിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഗുണ്ടർട്ട് സാരമായ സംഭാവനകൾ നൽകി. പുതിയ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും നടപ്പിലാക്കി. മലബാറിലെ ആദ്യത്തെ സ്കൂൾ ഇൻസ്പെക്ടറായി അദ്ദേഹം പ്രവർത്തിച്ചു.

സ്വിസ് വംശജയും ഫ്രഞ്ചുകാരിയുമായ ജൂലിയായിരുന്നു ഭാര്യ. ഗുണ്ടർട്ട് ദമ്പതികളുടെ മക്കളെല്ലാം കേരളത്തിൽ ജനിച്ചവരാണ്. പുത്രി മാറിയുടെ മകനാണ് വിശ്രുത സാഹിത്യകാരനും നോബൽ സമ്മാന ജേതാവുമായ ഹെർമൻ ഹെസ്സെ.

ഉള്ളടക്കം

ആമുഖ പഠനം
പ്രൊഫ. സ്കറിയാ സക്കറിയ
മലയാളരാജ്യം
കേരള പഴമ
കേരളോല്പത്തി
ആയിരത്തിരുന്നൂറ് പഴഞ്ചൊൽ
പാഠമാല (ഗദ്യപാഠങ്ങൾ)
പാഠാരംഭം
നസ്രാണികളുടെ പഴമ
ലൊകചരിത്രശാസ്ത്രം

മുഖവുര

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥ പരമ്പരയിലെ (HGS) നാലാം വാല്യമാണ് *കേരളോല്പത്തിയും മറ്റും. കേരള പഴമ* ഒഴികെയുള്ള കൃതികൾ കേരളത്തിൽ പോലും അതീവ ദുർല്ലഭമായിരുന്നു. ട്യൂബിങ്ങൻ സർവകലാശാല ലൈബ്രറി, ബാസൽ മിഷൻ രേഖാലയ (സ്വിറ്റ്സർലണ്ട്), ഡി സി ബുക്സ് എന്നിവരുടെ ഉദാരമായ സഹകരണത്തിലാണ് ഇപ്പോൾ ഈ വാല്യത്തിലൂടെ ഗുണ്ടർട്ടിന്റെ വിജ്ഞേയ രചനകൾ പുനരവതരിപ്പിക്കുന്നത്. ഹെർമൻ ഗുണ്ടട്ടു ഗ്രന്ഥപരമ്പരയിലെ മറ്റെല്ലാ വാല്യങ്ങൾക്കും എന്നപോലെ ഇതിനു ആവശ്യമായ പഠനങ്ങൾ നടത്തിയതു പ്രഫ. സ്കറിയാ സക്കറിയയാണ്. അദ്ദേഹത്തെ ഇതിനു വേണ്ടി ജർമ്മനിയിലേക്കു ക്ഷണിച്ച അലക്സാണ്ടർ ഫോൺ ഗുമ്പോൾട്ട് ഫൗണ്ടേഷ (Alexander Von Humbolt Foundation, Bonn)നോടും ഞങ്ങൾക്കു കടപ്പാടുണ്ട്. ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ വിജയകരമായ പ്രസാധനം സാഹസികമായി ഏറ്റെടുത്ത ഡി സി ബുക്സിന് പ്രത്യേകം നന്ദി.

ഹെർമൻ ഗുണ്ടർട്ടു ഗ്രന്ഥ പരമ്പരയിലെ ആദ്യത്തെ രണ്ടു വാല്യത്തിനു ഏതാനും മാസത്തിനുള്ളിൽ രണ്ടാം പതിപ്പുവേണ്ടി വന്ന കാര്യം ഞങ്ങൾ ആഹ്ലാദപൂർവം ഓർമിപ്പിക്കുന്നു. മലയാളികൾക്കുള്ള സ്നേഹാദരങ്ങളാണ് ഇതിൽ പ്രകടമാകുന്നത്. ഗുണ്ടർട്ടു പരമ്പരയിലെ മറ്റും വാല്യങ്ങൾക്കും നല്ല സ്വീകരണം ലഭിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

1993-ൽ ഗുണ്ടർട്ടു ശതാബ്ദിയോടനുബന്ധിച്ചു ജരമ്മനിയിൽ പ്രസിദ്ധീകരിക്കുന്ന സ്മാരകഗ്രന്ഥത്തിന്റെ ശീർഷകം 'ഹെർമൻ ഗുണ്ടർട്ട് - ഇന്ത്യയെയും യൂറോപ്പിനെയും ബന്ധിപ്പിക്കുന്ന പാലം' എന്നാണ്. ആ പാലത്തിനു കാലം കൊണ്ടു സംഭവിച്ചിരിക്കാവുന്ന ഓർമ്മക്കേടിന്റെ തുരുമ്പുമാറ്റി അറ്റക്കുറ്റപ്പണികൾ ചെയ്യാനുള്ള ശ്രമമായിരുന്ന ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര. അറ്റകുറ്റപ്പണികൾ പെട്ടെന്നു നിർത്തിവയ്ക്കാനാവില്ല. അതു തുടരേണ്ടിയിരിക്കുന്നു. ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര ആറുവാല്യം കൊണ്ടു അവസാനിപ്പിക്കാനല്ല, തുടരാനാണ് ഞങ്ങളുടെ ആഗ്രഹം. വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.

സ്നേഹം നിറഞ്ഞ കൂപ്പു കൈ!

സ്റ്റുട്ട്ഗാർട്ട്
മാർച്ച് 14, 1992

Dr. Albrecht Frenz

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

'ഗുണ്ടർട്ടെന്ന പ്രബലമതിമാനിട്ട നൂലൊട്ടു കൊള്ളാം' എന്ന കോവുണ്ണി നെടുങ്ങാടി എഴുതിയതു (കേരള കൗമുദി) മലയാള വ്യാകരണത്തെക്കുറിച്ചാണെങ്കിലും ഗുണ്ടർട്ടു കൈവച്ച എല്ലാ കേരള പഠന മേഖലകളിലും ഈ പ്രസ്താവം സാധുവാണ്. കേരളോല്പത്തിയും മററും എന്ന ഈ വാല്യത്തിൽ ചരിത്രം, ഭൂമിശാസ്ത്രം, നാടോടി വിജ്ഞാനീയം, പാഠപുസ്തകരചന, പാഠ നിരൂപണം, പ്രാചീന ഗ്രന്ഥങ്ങളുടെ സംശോധിത സംസ്കരണം എന്നീ മണ്ഡലങ്ങളിൽ അദ്ദേഹത്തിനു ചിരപ്രതിഷ്ഠ നേടിക്കൊടുത്ത കൃതികൾ അവതരിപ്പിക്കയാണ്. മലയാള രാജ്യം, കേരളോല്പത്തി, ഒരു ആയിരം പഴഞ്ചൊൽ, പാഠാരംഭം, പാഠമാല, ലോകചരിത്രശാസ്ത്രം എന്നിങ്ങനെ മലയാളികൾ പേരുകൊണ്ടുമാത്രം അറിഞ്ഞിരുന്ന കൃതികളും അതി പ്രശസ്തമായ കേരളപഴമയും ഈ സമാഹാരത്തിലുണ്ട്. കേരളത്തിലെ പരമ്പരാഗത ക്രൈസ്തവ സമൂഹത്തിന്റെ ആദ്യകാല ചരിത്രമാണ് 'നസ്രാണികളുടെ പഴമ.' ആമുഖ പഠനത്തിലൂടെ വിലപ്പെട്ട മററുചില കൃതികൾ കൂടി പരിചയപ്പെടുത്തുന്നു. ജോസഫ് പീററിന്റെ ഭൂമിശാസ്ത്രം (1853) പത്തൊമ്പതാം നൂററാണ്ടില മൂന്നു ഇന്ത്യാ ചരിത്രങ്ങൾ (1859, 1869, 1881), ഗുണ്ടർട്ടിന്റെ വലിയ പാഠാരംഭം, ലോകചരിത്ര സംക്ഷേപം (1859) കോട്ടയത്തു അച്ചടിച്ച ഹിതോപദേശഃ (1847) എന്നിവ അക്കൂട്ടത്തിൽപ്പെടും. ആമുഖ പഠനത്തിൽ ഭാഷാ ചരിത്ര വിദ്യാർത്ഥികൾക്കും കേരള ചരിത്ര ഗവേഷകർക്കും ഏററവും ആഹ്ലാദകരമാകാവുന്നത് ഒന്നര നൂററാണ്ടായി മലയാളികളുടെ കണ്ണിൽ നിന്നു മറഞ്ഞിരുന്ന പയ്യന്നൂർപ്പാട്ടിൽ നിന്നുള്ള ഉദ്ധരണികളാവാം. പയ്യന്നൂർപ്പാട്ടിനെക്കുറിച്ചുള്ള വിശദമായ ചർച്ചകൾക്ക് ഇതു തുടക്കം കുറിച്ചേക്കും. ട്യൂബിങ്ങനിലെ ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിലുള്ള തച്ചോളിപ്പാട്ടുകളിൽ നിന്നു ഒരു ഭാഗവും ആമുഖ പഠനത്തിൽ ഉദ്ധരിക്കുന്നുണ്ട്.

ഗുണ്ടർട്ടിന്റെ ആദ്യകാല സാംസ്കാരിക പഠനങ്ങളുടെ അനശ്വര സ്മാരകമാണ് കേരളോൽപത്തി. 1843-ൽ മംഗലാപുരത്തു ഇതു ആദ്യം അച്ചടിച്ചു. കേരളോൽപത്തിയുടെ ഒന്നിലേറെ പകർപ്പുകൾ ഇക്കാലത്തു അദ്ദേഹം കണ്ടിരുന്നു. കേരള മാഹാത്മ്യം, കേരള നാടകം എന്നീ പേരുകളിലുള്ള കേരളോത്പത്തി വിവരണങ്ങളും അദ്ദേഹം വിശദമായി പരിശോധിച്ചു. കേരളോത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ ഇത്ര വ്യാപകമായും വിശദമായും പഠിച്ച മറെറാരു പണ്ഡിതൻ ഇന്നോളം ഉണ്ടായിട്ടില്ല. കേരളോത്പത്തിയുടെ ഒരു ഓലപ്പകർപ്പു പണ്ടു മുതൽ ട്യൂബിങ്ങനിലുണ്ടായിരുന്നു. രണ്ടു ഓലപ്പകർപ്പുകൾ അടുത്ത കാലത്തു (1991) കാല്വിലെ ഗുണ്ടർട്ടു ഭവനത്തിൽ നിന്നു ട്യൂബിങ്ങനിൽ വന്നു ചേർന്നിട്ടുണ്ട്. കേരള മാഹാത്മ്യം എന്ന ആറധ്യായങ്ങളും 2217 ശ്ലോകങ്ങളുമുള്ള ഗ്രന്ഥം ഓലപ്പകർപ്പായി ഗുണ്ടർട്ടിനു ലഭിച്ചിരുന്നു. അതു ട്യൂബിങ്ങൻ സർവകലാശാലാ



Bro.— South, he found a Vilvam (Cūvala) tree & a lingam at its foot: & founded a temple to Siva – Tantri Calyāna Gr. carpūra Br. Chātry (for Utsavam)
The same. — South, built 50 temples, Tantri to Ninngala Br. Cāry. a Sāmanta
39. Then a vātam disease seizing many people & children, Nārad advised
(41) got Krishna's image from Dwaraca (because he killed the Vāta Asura) into a Vātālayam (Guru-vāy-ūr, near Tunjan country) which attracted all the vātas (Krishnah vātarōgasu ākarshyat) & then turn out thro' a [illegible] – Vrschi. mas. Rohini Nach. 11th month day, ekādasi is the feast of Guruvāyur [illegible] sprinkle [illegible] & gives sāyujjyam. – Tantri (Pūja) Tarana of Uttara Gr. [illegible] a Sāmanta
40 – More to the South he worshipped & ordered a temple under the same superintendence to Sri Pānchya Siva (Vanchi Nāthaiswara in Cochin?). A temple
41 on the west coast of Tirranadu a Rāma do (the same Tantri & Ch.). – S. Sri Kottavapuri chiefly Bazars for all sorts of merchandise & Bhadra Cali, goddess for smallpox (Vasūri) worshipped by sacrifice of Lacs of fowls, & loads of [illegible] casks (Codungalūr, for which feast still multitudes go there) in month Mās. Bharani day with Madya Brs & 8 Brs for Cshetra Cāryam, & 400 j.
42 of ground for pūja. — Then S. near seashore Subhadra dedicated – later [illegible] under Tarana: a Sāmanta Tripūrna begged there to build a town with his name Tripunattarpura cap. of Cochin or Perimpadappu) where he settled: Vicana Merchants with other rich inhabitants & dedicated Sri Narayana Ananta Crshna: with a Dīpōtsavam, (rich in Asdharmam Sartham [illegible]) Tulap land under the rule of the anga
43 mesha Brs & Tripūrna Sām. – Have founded 100 other [illegible] temples, Tarana [illegible] also to Shiva a old Lingam; to which he gave 400 j. of land (feast: Tulā, ashtami) under 16 Vrhat Gr. Brs. — [illegible] Durga in Sri [illegible]
44. — Accordg to the wish of Bāla [illegible] daughter, he built near the sea
45) Bātapuri – South [illegible] & 5 temples of the old [illegible] Received. East Simhapuri a temple for Sr. [illegible] Uttara Br. South [illegible] Parameswara
45. under Tarana & the Sāmanta Bhānu Vicrama. — [illegible] sorrow saw how the land did grow higher & higher, to stop it Nārada advised to render the grounds more heavy thro' a temple of Vishnu & gold interred (Tarāna pratishta) – [illegible] austerities on the other side of Tāmraparni Agastya advised [illegible] to build a nice couch on the seashore for Vishnu (Sayanagriham) [illegible] Ananta Tarana. Sāmanta. (Sri Ananta Sayanam = Tiruvanantapuram)
46. Daśa feast. — After this he built the Ayodhya like Sri Vardhana puri with a Rāma temple & royal roads & Bazars, 1000 eleph. & horses: capital of the Moon's dynasty Sāmanta, Bhānu Vicrama, Rana Vira, Cula Sekhara, & their nephew Bāla Vīrya: [illegible] a Sh. virgin [illegible] Brs. The first of the brothers he made King over Ker. in [illegible] of all the Brs, whom he begged to give unto him both throne & arms. — In ca
Sri vardhanapure nityam Srimat Bhūmyām tu [illegible]
Mat Bhumer akhilāyās tu Sri V. pure nijam
Rājānam calpayāmy asmin Bhānu Vicramam anwaham
Etad Bhūmēshwarachyasāmantam Br. Vin.

കേരള മാഹാത്മ്യത്തെക്കുറിച്ചുള്ള ഗുണ്ടർട്ടിൻെറ കുറിപ്പുകൾ

By Courtesy of Tübingen University Library

ലൈബ്രറിയിലുണ്ട്. കേരള മാഹാത്മ്യം സൂക്ഷ്മമായി ഗുണ്ടർട്ടു പഠിച്ചു. അതെക്കുറിച്ചു അദ്ദേഹമെഴുതിയ കുറിപ്പുകൾ ഇപ്പോൾ ഫോട്ടോപകർപ്പായി അച്ചടിച്ചിട്ടുണ്ട്. ഡോ. ആൽബ്രഷ്ട് ഫ്രൻസും ഈ ലേഖകനും ചേർന്നു എഡിററു ചെയ്തു അവതരിപ്പിക്കുന്ന ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥ പരമ്പര(HGS)യിലെ വാല്യം 3.1—Hermann Gundert: Quellen Zu Seinen Leben und Werk കാണുക. സംസ്കൃത മൂലത്തിൽ നിന്നുള്ള ഉദ്ധരണികൾ, മലയാള പദങ്ങൾ, ഇംഗ്ലീഷ് കുറിപ്പുകൾ എന്നിങ്ങനെ പലതും കലർത്തിയാണ് ആ പഠനം അദ്ദേഹം രചിച്ചിരിക്കുന്നത്. അതിൽ നിന്ന് ഏതാനും പുറങ്ങൾ ഇവിടെ ചേർക്കുന്നു.

കേരളോല്പത്തിയുടെ സ്വഭാവമുള്ള രണ്ടോ മൂന്നോ രചനകൾ കൂടി ഓലകളിലും കടലാസിലുമായി ട്യൂബിങ്ങനിൽ കാണുന്നു. കേരള നാടകം കടലാസു പകർപ്പായി സററുട്ഗാർട്ടിലുണ്ട്. കൃത്യമായ വിവരങ്ങൾക്കു ആൽബ്രഷ്ട് ഫ്രൻസ്, സ്കറിയാ സക്കറിയ: ഡോ. ഹെർമൻ ഗുണ്ടർട്ട് 1991: 185-186 കാണുക. (ഇനിയങ്ങോട്ട് ഡോ. ഹെർമൻ ഗുണ്ടർട്ട് 1991 എന്ന ചുരുക്കപ്പേരിലായിരിക്കും ഈ ഗ്രന്ഥം സൂചിപ്പിക്കുക). ഇത്രയും വിസ്തരിച്ചത് ഗുണ്ടർട്ടിൻെറ കേരളോല്പത്തി ആദരപൂർവം വിലയിരുത്തേണ്ട അധ്വാനഫലമാണെന്നു സൂചിപ്പിക്കാനാണ്. കൈയ്യിൽ കിട്ടിയ ഒരു ഓലപ്പകർപ്പ് അച്ചടിയിലെത്തിച്ചു എന്ന മട്ടിൽ ആ പ്രയത്നത്തെ വിലയിരുത്തിക്കൂടാ. ഗുണ്ടർട്ടിൻെറ ജീവചരിത്രരേഖകളും ഗ്രന്ഥശേഖരവും നൽകുന്ന പുതിയ വെളിച്ചത്തിൽ കേരളോൽപത്തി കൂടുതൽ പ്രാധാന്യം നേടുന്നു. പ്രഗല്ഭനായ ഒരു പാഠനിരൂപകൻെറയും സംയോജകൻെറയും വൈദഗ്ദ്ധ്യം കേരളോല്പത്തിയിൽ പ്രകടതരമാണ്. ഡോ. എൻ.എം. നമ്പൂതിരി (കേരള പഴമ, മാതൃഭൂമി 1988; ആമുഖപഠനം X) വ്യക്തമാക്കുന്നതു പോലെ 'അച്ചടിമഷി പുരണ്ട ആദ്യ പരമ്പരാഗത കേരള ചരിത്രം എന്ന ബഹുമതി 1843-ൽ മംഗലപുരത്തു അച്ചടിച്ച കേരളോൽപത്തിക്കാണ്. അതിൽ കാണുന്ന അധ്യായ വിഭജനം, ശീർഷകങ്ങൾ, അങ്ങിങ്ങു വലയത്തിൽ കാണുന്ന വിശദീകരണങ്ങൾ, പാഠഭേദങ്ങൾ എന്നിവയെല്ലാം പ്രത്യേക പരിഗണന അർഹിക്കുന്നു. ഏതെങ്കിലും ഒരു ഓലക്കെട്ടു മാത്രം ഉപയോഗിച്ചാണ് അദ്ദേഹം ഇതു തയ്യാറാക്കിയതെന്നു വിശ്വസിക്കാൻ മനസ്സുവരുന്നില്ല. ഇതു ഭാവിഗവേഷകർക്കു വിട്ടുകൊടുക്കാം. കേരളോൽപത്തിയിൽ ഒരിടത്തും ഗുണ്ടർട്ടിൻെറ മിഷണറി വ്യക്തിത്വം നുഴഞ്ഞുകയറിയതായി കാണുന്നില്ല. പഴഞ്ചൊല്ലുകളിൽ പോലും പ്രചാരണ ലക്ഷ്യങ്ങൾ ഘടിപ്പിക്കാൻ അദ്ദേഹം ഒരുമ്പെട്ടു. കേരളപഴമയിൽ സ്വാഭിപ്രായങ്ങൾ ഒതുക്കി നിർത്തിയിട്ടുണ്ട്. ലോകചരിത്രം, നസ്രാണികളുടെ പഴമ തുടങ്ങിയവയിൽ മിഷണറിയായ ഗുണ്ടർട്ട് ആഖ്യാനത്തിൻെറ ഇടവേളകളിൽ കടന്നു വരുന്നുണ്ട്. കേരളോൽപത്തിയിലൂടെ കേരളത്തെക്കുറിച്ചുള്ള കേരളീയുടെ കാഴ്ചപ്പാട് അവതരിപ്പിക്കാൻ ഗുണ്ടർട്ടു സന്നദ്ധനായി. ഒരു മിഷണറിയിൽ നിന്നു സാധാരണ നിലയിൽ പ്രതീക്ഷിക്കാവുന്നതല്ല ഈ മനോഭാവം. പഴഞ്ചൊൽമാല, നളചരിതസാരശോധന തുടങ്ങിയ കൃതികൾ മതദൂഷണ സാഹിത്യമായി നിറം മാറിപ്പോയ കാര്യം ഓർമ്മിക്കുമ്പോൾ (വിശദ വിവരങ്ങൾക്ക് ഹെർമൻ ഗുണ്ടർട്ട്



1843-ൽ മംഗലാപുരത്ത് അച്ചടിച്ച കേരളോല്പത്തിയുടെ ഒരു പുറം

By Courtesy of Basel Mission Archive Switzerland

ഗ്രന്ഥപരമ്പരയി(HGS)ലെ വജ്രസൂചി എന്ന സമാഹാരത്തിൻെറ (1992) ആമുഖ പഠനം കാണുക) ഗുണ്ടർട്ടിൻെറ രചനകളിൽ തന്നെ ഒററപ്പെട്ട കൃതിയാണ് കേരളോൽപത്തി എന്നു രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

അദ്ദേഹം പഠിച്ചു വളർന്ന ജർമ്മൻ അക്കാദമിക് ലോകത്തു അക്കാലത്തു ഭാരതത്തെക്കുറിച്ചുണ്ടായിരുന്ന മതിപ്പ് കേരളോല്പത്തിയുടെ പ്രസാധനത്തിൽ ഗുണ്ടർട്ടിനെ സ്വാധീനിച്ചു. (ഇക്കാര്യത്തെക്കുറിച്ചു വജ്രസൂചി എന്ന സമാഹാരത്തിൻെറ ആമുഖ പഠനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നിഘണ്ടുവിലും വ്യാകരണത്തിലും അക്കാദമിക് സ്വാധീനം കാണാവുന്നതാണ്. എന്നാൽ വജ്രസൂചി എന്ന വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന രചനകളിലാകട്ടെ ഭക്തിപ്രസ്ഥാനക്കാരുടെ കുടുംബത്തിൽ ജനിച്ചു വളർന്നു. കാൽനൂററാണ്ടു മിഷണറിയായി പ്രവർത്തിച്ച ഗുണ്ടർട്ടിൻെറ വ്യക്തിത്വം മുന്നിട്ടു നിൽക്കുന്നു.

കേരളോൽപത്തികൾ പലതുണ്ടെന്നും അവയോരൊന്നും ഓരോരോ രാജകുടുംബങ്ങളുടെയും നാടുവാഴികളുടെയും പെരുമ വളർത്താൻ രചിക്കപ്പെട്ടവയാണെന്നും അതിനാൽ ചരിത്രത്തിൻെറ വളപ്പിൽ അവയ്ക്കുസ്ഥാനമേ ഇല്ല എന്നും കരുതുന്നവരാണ് നമ്മുടെ ഇന്നത്തെ ചില ചരിത്രകാരന്മാർ. ഐതിഹ്യങ്ങളെ ഇങ്ങനെ പുച്ഛരിച്ചു തള്ളാനാവില്ല എന്നാണ് ആധുനിക പണ്ഡിതമതം. ചരിത്രം, പുരാണം, ഐതിഹ്യം എന്നിവയെല്ലാം പൂർവകാല ദർശനത്തിനുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളും ആവിഷ്കരണ ശൈലികളും ഉൾക്കൊള്ളുന്നു എന്നു ഇന്നത്തെ ചരിത്ര വിദ്യാർത്ഥി മനസ്സിലാക്കുന്നു. ഒന്നര നൂററാണ്ടു മുമ്പു കേരളത്തിലെത്തിയ ഗുണ്ടർട്ട് മതപരമായ കാരണങ്ങളാൽ ഉണ്ടാകാമായിരുന്ന മുൻ വിധികൾ മാററിവച്ചു കേരളോൽപത്തി പ്രസിദ്ധീകരിച്ചതിൻെറ ചരിത്ര പ്രാധാന്യം ഇതിൽ നിന്നു വ്യക്തമാണല്ലോ. കേരളോൽപത്തി അക്കാലത്തു തന്നെ പണ്ഡിതൻ എന്ന നിലയിൽ ഗുണ്ടർട്ടിനു വ്യാപകമായ അംഗീകാരം നേടിക്കൊടുത്തു. 1843-ൽ കോട്ടയം സന്ദർശനത്തെക്കുറിച്ച് എഴുതിയ കത്തിൽ അദ്ദേഹം ഇക്കാര്യം രേഖപ്പെടുത്തുന്നു. 'എനിക്ക് അർഹിക്കുന്നതിലേറെ ആദരം-എൻെറ തർജമകളെക്കാൾ-കേരളോൽപത്തി നേടിത്തന്നിരിക്കുന്നു എന്ന കാര്യം ഞാൻ ശ്രദ്ധിച്ചു. ബാസലിൽ സൂക്ഷിച്ചിരിക്കുന്ന (G.B.) കത്ത്-9.11.1843.

കൃത്യമായ രേഖകൾ കണ്ടെത്തി ചരിത്ര രചന നടത്തുന്നതിൽ ഗുണ്ടർട്ട് ഉത്സാഹിച്ചിരുന്നു. അതിന്ന് ഉത്തമ ദൃഷ്ടാന്തമാണ് യഹൂദ ക്രൈസ്തവ ചെപ്പേടുകളെക്കുറിച്ചുള്ള പഠനം. ഇന്നും നമ്മുടെ ചരിത്ര വിദ്യാർത്ഥികൾക്കു ബാലികേറാമലയായ ഈ രേഖകൾ വിദേശിയായ ഗുണ്ടർട്ടു വായിച്ചു തർജമ ചെയ്തു. അദ്ദേഹത്തിൻെറ പാഠവും ഭാഷാന്തരവും ചരിത്രപരമായ കുറിപ്പുകളും 1844/45-ലെ The Madras Journal of Literature and Science എന്ന ആനുകാലികത്തിൽ പ്രസിദ്ധീകരിക്കയുണ്ടായി. മുപ്പതോളം പേജുവരുന്ന ആ ലേഖനം ഇംഗ്ലീഷിലായതുകൊണ്ടു മറെറാരു വാല്യത്തിലേക്കു നീക്കിവയ്ക്കയാണ്. ചെപ്പേടുകളുടെ പഠനത്തിൽ കേരളോൽപ്പത്തയിൽ നിന്നു ലഭിച്ച വിവരങ്ങൾ ഗുണ്ടർട്ടു ധാരാളമായി ഉപയോഗിക്കുന്നുണ്ട്.

രേഖകളും മററു തെളിവുകളും വേണ്ട, പൂർവികരുടെ പഠനങ്ങൾ

The rices of Mal

name	sowing begins	reaping begins	vegetates	ground cultivated	crop
1. Cherritena	Minasm	Caroad	5	cultivated	6
2. Valia binee	"	"	5	or	2
3. Koorooah	Medam	Chingam	5	[illegible]	
	"	"	5	"	2
4. Kallaccunah	"	Karr.	5	"	1
5. Ariaa Kaally	"	Ching.	5	"	1
6. Puleiyal	"	"	–	"	–
7. Chorro Palleah	Meenam	Karr.	5.	"	2
8. Vootten	Medam	Ching.	5	"	3
9. Navacurah	"	Carr.	5	"	1
10 Vellan Chiranellu	"	"	"	"	"
11. Cheruellu [illegible]	"	Ching	5	"	1
12. Karry Tally	"	"	5	"	1
13. Kauly	"		7.	"	
14. Moondaga Tally	Min	Karry	5	"	1
15. Charohnally	Med	Ching	7	"	2
16. Arryverry	Edab.	Vrechig	6	cultivated	2
17. Jerrom [illegible]	Med	Karry	4	or	2
18 Vatton Kollonaddoo	"	Carr.	6	"	2
19. Chaetarian	"	Karry	6	Padom	2
20. Mannil Arian	"	"	5	"	2
21. Kurthe Kooravah	"	Ching	5	"	3
22 Poorjah Penvorutoo	"	"	5	"	2
23. Perroorvettoo	"	"	3	"	2
24 Arravathar Vuttoo	"	Mithun	8	"	3
25 Anaal Kombea	Mithun	Makar.	7	"	2
26 Norloonadu	"	Dhanu	4	Mushen	1
27 Maiddan	Med	Carr	4	Parambu	1
28 Cheru M.	"	"	4	"	1
29. Eanegen	"	Ching	5	"	1
30. Paramben Cottunas	"	"	5	Rooxysid	1
31 Mala Oodamben	"	"	5	"	1
32. Kooda Villoo	"	"			
33 Kooly allow	Mith	Makar	9	cultiv.	1
34 Kolladen	Min	Dhan	10	"	1
35. Turken Kooraven	Mith	Mar	8	"	1
36 Ari Kreally	"	"	8	"	1
37 Parnavan	Carr.	Dhanu	6	"	1
38 Vary	Carr.	Dhanus	6	cultiv.	1
39 Cherrevilloo	Mith	"	7	"	1
40 Valia Choranaly	Med	Ching	5	"	1
41 Kodea Nari	Carr	Dh	6	"	1
42 Cheppoca Cadon	Mith	Mar	8	"	1
43 Koozallow Adan	"	"	8	"	1
44 Moondaga Pallow	Min	Dhan	10	"	1
45 Nrabatia	"	"	10	"	2
46. Kombalaven Vettoo	Carr	"	6	"	1
47. Chiadu Muarien	"	"	6	"	1
48 Vellayathen	"	"	6	"	1
49. Kurry Cauly	"	"	6	"	1
50 Anaay Chembea	Mith	~~Dhanu~~	7	"	1
51 Kulla oonda Chombis	Carr	Makar.	7	"	1
52. Pajnarias	Med	Carr	4	"	3
53. Chen Chembea	Carr	Dh	6	"	1
54. Velly Kooladen	Min	"	10	"	1
55 Venguraya	Carr	"	6	"	1
56 Kooly	"	"	6	"	1
57 Valia Kooly	"	"	6	"	1
58 Ahinnee	"	"	6	"	1

58 ഇനം നെല്ലുകളുടെ പട്ടിക

പരിഗണിക്കയും വേണ്ട-ചരിത്രം മുഴുവൻ തങ്ങളുടെ തലയിൽ കയറിക്കൂടിയിരിക്കുന്ന പ്രത്യയ ശാസ്ത്രത്തിൻെറയോ ഡോഗ്മയുടെയോ കണക്കിന് സൃഷ്ടിച്ചുകളയാം എന്ന ഭാവത്തിൽ 'ബുദ്ധിജീവികൾ' പ്രബന്ധങ്ങൾ ചമയ്ക്കുന്ന ഇക്കാലത്തു മൗലിക ഉപാദാനങ്ങൾ തേടിപ്പിടിച്ചു അപഗ്രഥിച്ച ഗുണ്ടർട്ടിൻെറ മാതൃക പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. വളയമില്ലാതെ ചാടുന്ന പുതിയ അഭ്യാസികൾക്കു ചെറിയ വളയത്തിലൂടെ ചാടിയ ഗുണ്ടർട്ട് എന്ന പഴയ അഭ്യാസിയെക്കുറിച്ചു മതിപ്പു തോന്നുമോ, ആവോ!

വിജ്ഞാനാർജനത്തിൽ ഫീൽഡു വർക്കിനുള്ള പ്രാധാന്യം-വ്യക്തികളെ നേരിൽ കണ്ടു കാര്യങ്ങൾ മനസിലാക്കേണ്ടതിൻെറ ആവശ്യകത ഗുണ്ടർട്ടു മനസ്സിലാക്കി. ഭാഷാ പഠനത്തിൽ ഇതു കൊണ്ടുണ്ടായ നേട്ടം നിഘണ്ടുവിൽ കാണാം. ചരിത്ര പഠനത്തിലും ഫീൽഡുവർക്കിനു പ്രാധാന്യം നൽകി. കോട്ടയം, കൊച്ചി, കൊടുങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നേരിട്ടു നടത്തുന്ന അന്വേഷണങ്ങൾ ജീവചരിത്രത്തിൽ (ഡോ. ഹെർമൻ ഗുണ്ടർട്ട് 1991) വായിക്കുക. വടക്കെ മലബാറിൻെറ ഓരോ മുക്കിലും മൂലയിലും നിന്നു വാചിക പാരമ്പര്യങ്ങൾ അദ്ദേഹം ശേഖരിച്ചു. ഭൂസ്ഥിതി, സ്ഥലനാമം, ആചാരങ്ങൾ, ഉത്സവങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ചെല്ലാം നേരിട്ടുള്ള അന്വേഷണത്തിലൂടെയല്ലാതെ ഇത്രയേറെ വിവരങ്ങൾ ശേഖരിക്കാനാവില്ല. പുസ്തകങ്ങളും ഗുരുനാഥന്മാരും വഴിയാണ് എല്ലാ അറിവും വന്നെത്തുന്നതു എന്ന ധാരണയ്ക്കു വഴിപ്പെടാതെ ജീവിതത്തിലേക്കു ഇറങ്ങിച്ചെന്നു പഠിച്ചു എന്നതു ഗുണ്ടർട്ടിൻെറ പ്രത്യേകതയാണ്. ഒരു ഉദാഹരണം കൊണ്ടു ഇതു വെളിവാക്കാം.

പത്തൊൻപതാം നൂററാണ്ടിൽ കേരളത്തിൽ എത്ര ഇനം നെല്ലുകളുണ്ടായിരുന്നു?

അവ വിതയ്ക്കുകയും കൊയ്യുകയും ചെയ്തിരുന്നതു ഏതേതു മാസങ്ങളിലാണ്?

ഓരോ നെല്ലിനത്തിനും എത്ര മാസം വീതം മൂപ്പുണ്ടായിരുന്നു?

ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പയാൻ ഏതു കേരളീയനാണ് കഴിയുക. എന്നാൽ ഗുണ്ടർട്ടു സായിപ്പിനു സാധിക്കും. നെല്ലിനങ്ങളുടെ ഒരു പട്ടിക ഗുണ്ടർട്ടു ശേഖരിച്ചു വച്ചിരുന്നു. മൊത്തം 58 ഇനം നെല്ലുകളുടെ വിവരങ്ങൾ ഈ പട്ടികയിൽ കാണാം.

The German Literature Archive, Marbach am Neckar

ഇപ്പോൾ ആദ്യമായി അച്ചടിയിലെത്തുന്ന പ്രബന്ധമാണ് നസ്രാണികളുടെ പഴമ. ആരാണ് നസ്രാണി? ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ Nazarene, Syrian, Syro-roman, Christian എന്നു അർത്ഥം നൽകിയിരിക്കുന്നു. ഇന്നത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗത നാമമാണ് നസ്രാണി. നസ്രാണി എന്ന വാക്കിൻെറ നിഷ്പത്തിയെക്കുറിച്ചു പുസ്തകങ്ങൾ പോലും മലയാളത്തിലുണ്ടായിട്ടുണ്ട്. ഇവിടെ അച്ചടിക്കുന്ന പ്രബന്ധത്തിൽ(പുറം 340) ഗുണ്ടർട്ടു നൽകുന്ന ചിന്ത ശ്രദ്ധിക്കുക: 'ഈ കച്ചവടക്കാർ സുറിയ നാട്ടിൽനിന്നുണ്ടാകകൊണ്ടു സുറിയാണികൾ എന്ന പേർ

നടപ്പായി വന്നു. നസ്രത്തെ ഊരിൽ നിന്നു പുറപ്പെട്ടുപൊന്ന യെശുവിനെ സെവിക്കയാൽ നസ്രാണികൾ എന്ന പേര് പറവാനും കാരണം.' മഹാപണ്ഡിതനായ ഗുണ്ടർട്ടിന് ഇക്കാര്യത്തിൽ നോട്ടപ്പിഴ സംഭവിച്ചു പോയി. സുറിയാണികൾ എന്ന പേരിന് ഡച്ചുകാരുടെ കാലത്തിനപ്പുറം വ്യാപകമായ പ്രചാരമുണ്ടായിരുന്നില്ല. പോർത്തുഗീസുകാരുടെ കാലത്തു പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരുടെ ആരാധന ഭാഷ ലത്തീനായിരുന്നു. അവരിൽ നിന്ന് സാമൂഹികമായി അകന്നു നില്ക്കാൻ ജാതി ചിന്തയിൽ ജനിച്ചു വളർന്ന പരമ്പരാഗത ക്രൈസ്തവർ നിർബന്ധം കാണിച്ചു. അവരുടെ അന്നത്തെ ആരാധന ഭാഷ സുറിയാനിയായിരുന്നു. ക്രൈസ്തവ സമൂഹത്തിൽ പ്രകടമായി നിലനിന്നിരുന്ന ഈ വിഭജനം ഇരുവിഭാഗക്കാർക്കും പ്രത്യേക പേരുകൾ നൽകാൻ വിദേശീയരെ പ്രേരിപ്പിച്ചു. ആരാധന ഭാഷ മുൻനിർത്തി ഒരു കൂട്ടരെ സുറിയാനികൾ എന്നും മററുള്ളവരെ ലത്തീൻകാർ എന്നും വിളിച്ചു. ഡച്ചുകാരാണ് ഈ പേരുകൾക്കു വ്യാപകമായ പ്രചാരം നൽകിയത്. ഇംഗ്ലീഷുകാർ അവ ഉറപ്പിക്കുകയും ചെയ്തു. അതിനാൽ സുറിയാനികളെ സിറിയയുമായി ബന്ധിപ്പിക്കാനുള്ള ഗുണ്ടർട്ടിൻെറ ശ്രമം അനാവശ്യമാണ്. പോർത്തുഗീസുകാരുടെ കാലം വരെ ഇവിടെ ഉണ്ടായിരുന്ന പഴയ ക്രൈസ്തവ സമൂഹം നസ്രാണികൾ എന്നറിയപ്പെട്ടിരുന്നു. നസ്രാണി അറബി വാക്കാണ്. അർത്ഥം ക്രിസ്ത്യാനി എന്നു തന്നെ! ലളിതമായ ഭാഷാ സത്യം ഗ്രഹിക്കാഞ്ഞതിനാൽ നസ്രാണിയുടെ നിഷ്പത്തിയെച്ചൊല്ലി ചരിത്രകാരന്മാർ കഠിനാധ്വാനം ചെയ്യേണ്ടിവന്നു! ഉദയംപേരൂർ സൂന്നഹദോസിൻെറ കാനോനകൾ (1599) റോസിൻെറ നിയമാവലി (1606) തുടങ്ങിയ പ്രാചീന മലയാള രേഖകളിൽ നസ്രാണിയേ ഉള്ളു, സുറിയാനി ഇല്ല.

പത്തൊൻപതാം നൂററാണ്ടിലെ ഗുണ്ടർട്ടും പതിനാറാം നൂററാണ്ടിലെ ആർച്ചു ബിഷപ്പ് മെനേസിസും (ഉദയംപേരൂർ സൂനഹദോസിൻെറ സംഘാടകൻ) ഒരേ കുററമാണ് നസ്രാണികളുടെ മേൽ ആരോപിക്കുന്നത്.

'നസ്രാണികൾ അപ്പൊൾ നാട്ടാചാരത്തിന്നു നീക്കം വരുത്തുവാനും കള്ളദെവകളെ മുടിച്ചു മെശിഹായെ മാത്രം ഉയർത്തുവാനും ഒട്ടും മനസ്സില്ലാഞ്ഞു സത്യവെദത്തിനും ബ്രാഹ്മണ്യവ്യാജത്തിന്നും അന്യോന്യം പൊരില്ലാതെ ആക്കിവച്ചു. യഹൂദ്യരൊടും ബ്രാഹ്മണരൊടും ഐക്യം പ്രാപിച്ചു എല്ലാവരും ഒരു പൊലെ ലൊകസൗഖ്യത്തിന്നായി പ്രയത്നം കഴിച്ചു വസിക്കയും ചെയ്തു.' ഏതാനും ദശകങ്ങൾ മുമ്പു വരെ പാശ്ചാത്യർക്ക് ചിന്തിക്കാൻ കൂടി വയ്യാത്ത സഹവർത്തിത്വ മനോഭാവമാണ് ഇവിടെ അവർ കണ്ടത്. സഹിഷ്ണുതയോടെ മതങ്ങൾ വർത്തിക്കുന്ന പാരമ്പര്യം, മിഷണറിമാർക്കു മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിഞ്ഞില്ല. ഇതിൻെറ വല്ലായ്മ പല മിഷണറി രചനകളിലുമുണ്ട്. ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥ പരമ്പര (HGS) യിലെ വജ്രസൂചി എന്ന വാല്യത്തിൽ ഇതിനു കൂടുതൽ ഉദാഹരണങ്ങളും വിശദീകരണങ്ങളും കാണാം.

മഹാനായ ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിനു പോലും സഹിഷ്ണുതയുടെ പാഠങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന കൃതികളിൽ നിന്ന് ഇന്നത്തെ സാഹചര്യത്തിൽ

തീർത്തും അരോചകമാകാവുന്ന രണ്ടോ മൂന്നോ വാക്യങ്ങളെങ്കിലും സുജന മര്യാദയനുസരിച്ചു എഡിററർമാർ നീക്കിക്കളഞ്ഞിട്ടുണ്ട്.അതതിടങ്ങളിൽ കുത്തുകളിട്ടു ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നു. യഹൂദർ, റോമൻ കത്തോലിക്കർ, നസ്രാണികൾ, മുസല്മാന്മാർ, ഹിന്ദുക്കൾ എന്നിവരെല്ലാം നേർവഴി വിട്ടുപോയവരാണെന്ന ധ്വനി അങ്ങിങ്ങു കാണുമ്പോൾ ഇതൊരു മിഷണറി രചനയാണെന്നു ഓർമ്മിക്കാൻ വായനക്കാരൻ നിർബന്ധിതനാകും. ഇത്തരം ദൗർബല്യങ്ങൾ ഇല്ലെന്നു ഭാവിച്ചു ഗുണ്ടർട്ടിനെ അന്ധമായി ആരാധിക്കുന്നവരുണ്ടാകും. മഹാപണ്ഡിതനും മലയാള ഭാഷയ്ക്കു മലയാളം എന്ന പേരു കൂടി ഉറപ്പിച്ചു തന്ന ഭാഷോപാസകനുമായ (ഗുണ്ടർട്ടിൻെറ കാലത്തു മലയാണ്മ മലയാഴ്മ, മലയാളിം എന്നിങ്ങനെ കേരള ഭാഷയ്ക്കു പല പേരുകളുണ്ടായിരുന്നു. മലയാളം എന്ന പേര് ഉറപ്പിച്ചതു ഗുണ്ടർട്ടാണ് . വ്യാകരണവും നിഘണ്ടുവും ആ പേരിനു ചിരപ്രതിഷ്ഠ നൽകി.) ഗുണ്ടർട്ടിനെ അദ്ദേഹത്തിൻെറ ശക്തി ദൗർബല്യങ്ങൾ അറിഞ്ഞു ആദരിക്കുന്നതാവും ഉത്തമം

മൗലിക ഉപാദാനങ്ങൾ തേടിപ്പിടിച്ചു ചരിത്ര രചന നടത്തുന്നതിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന നിർബന്ധബുദ്ധിക്കു നസ്രാണികളുടെ പഴമ ഉത്തമ തെളിവാണ്. സമുദായ ചരിത്രങ്ങളിൽ അന്നും ഇന്നും കടന്നു കൂടാറുള്ള നിരാസ്പദമായ സിദ്ധാന്തങ്ങൾ ഇതിലില്ല. ചെപ്പേടുകൾ, വിദേശ സ്രോതസ്സുകളിൽ നിന്നു ലഭിക്കുന്ന അനന്യമായ രേഖകൾ എന്നിവയെല്ലാം ഗുണ്ടർട്ട് ഉപയോഗിക്കുന്നു. ക്രൈസ്തവ ചരിത്രത്തിലെ താരതമ്യേന അജ്ഞാതമായ മേഖകളിലേക്കാണ് അദ്ദേഹം നമ്മെ നയിക്കുന്നത്. സെൻറ് തോമസ് മൗണ്ട് മദിരാശി, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന പ്രാചീനമായ പേർഷ്യൻ കുരിശ് (മുകളിൽ പ്രാവും താഴെ വിടർന്ന താമരയും ചുററും പഹ്ലവി ലിഖതവുമുള്ളത്) അദ്ദേഹം വിശദമായി പരിശോധിച്ചിരുന്നു. എന്നാൽ അതെക്കുറിച്ചു ഗുണ്ടർട്ട് എന്തെങ്കിലും എഴുതിയതായി കാണുന്നില്ല. ബർണൽ, കൊളിൻസ് തുടങ്ങിയ വിദേശ പണ്ഡിതന്മാർ ഇതെക്കുറിച്ചു നടത്തിയ വിവാദത്തിലും (ഇന്ത്യൻ ആൻറിക്വറി) അദ്ദേഹം പങ്കെടുത്തിരുന്നില്ല. എന്നാൽ ഇവരുടെയെല്ലാം രചനകളിൽ കോട്ടയം ചെപ്പേടിനെക്കുറിച്ചു അദ്ദേഹം നടത്തിയ പഠനം പരാമർശിക്കപ്പെടുന്നുണ്ട്.

ഗുണ്ടർട്ട് എന്ന ചരിത്രകാരനെ പൂർണ്ണമായി മനസ്സിലാക്കാൻ അദ്ദേഹത്തിൻെറ ഗ്രന്ഥശേഖരത്തിലേക്കു കണ്ണോടിക്കണം. ഒരു വ്യക്തി എന്തായിത്തീരാൻ ആഗ്രഹിച്ചു എന്നറിയാൻ അയാളുടെ ഗ്രന്ഥശേഖരം പരിശോധിച്ചാൽ മതി എന്ന പഴമൊഴി ഓർമ്മിക്കുക. അമൂല്യമായ കേരള ചരിത്ര രേഖകളുടെ നിധികുംഭം എന്നു ട്യൂബിങ്ങൻ സർവകലശാലയിലെ ഗുണ്ടർട്ടു ഗ്രന്ഥശേഖരത്തെ വിശേഷിപ്പിക്കാം. ബാസലിലും സ്റ്റുട്ഗാർട്ടിലും കാല്വിലും ഒട്ടും അപ്രധാനമല്ലാത്ത ചുരുക്കം ചില രേഖകളുണ്ട്. (ഇവയുടെ പട്ടിക ഡോ. ഹെർമൻ ഗുണ്ടർട്ട് 1991: 185-188-ൽ കാണുക). ഇക്കൂട്ടത്തിൽ 1790-1800 വരെയുള്ള ഉത്തരമലബാറിൻെറ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന തലശ്ശേരി രേഖകൾ (4448 പുറം) പ്രാചീന കേരളത്തിലെ മനുസ്മൃതിയായ വ്യവഹാരമാല (628 പുറം), കേരളാചാരസംക്ഷെപം, കേരള നാടകം, പയ്യന്നൂർപ്പാട്ട്, തച്ചോളിപ്പാട്ടുകൾ (226 പുറം) എന്നിവ അതീവ ശ്രദ്ധേയങ്ങളാണ്. തലശ്ശേരി



Kerala Nadacham

കേരളനാടകം - ഗുണ്ടർട്ടിൻെറ പകർപ്പ്

By Courtesy of Tübingen University Library

രേഖകളുടെ സാമാന്യസ്വഭാവത്തെക്കുറിച്ചു ചർച്ചയും പൂരണവും എന്ന അനുബന്ധത്തിൽ (മലയാള സാഹിത്യവും ക്രിസ്ത്യാനികളും ഡി.സി.ബി. പതിപ്പ് 1989: 398-401) ഈ ലേഖകൻ എഴുതിയിട്ടുണ്ട്. വിശദവിവരങ്ങൾ ഇവിടെ ചേർക്കാൻ നിവൃത്തിയില്ല. വ്യവഹാരമാലയുടെ രൂപഭേദങ്ങൾ സംസ്കൃതത്തിലും മലയാളത്തിലും (ഗദ്യത്തിലും പദ്യത്തിലും) കേരളത്തിൽ ലഭ്യമാണ് ശ്രീമൂലം മലയാള ഗ്രന്ഥാവലിയിലെ 9-ാം നമ്പരായി ഉള്ളൂർ 1925-ൽ പ്രസിദ്ധീകരിച്ച വ്യവഹാരമാല പഴയ ഗ്രന്ഥശേഖരങ്ങളിലുണ്ട്. ഇതു ഗുണ്ടർട്ടിൻെറ പകർപ്പുമായി ഒത്തു നോക്കേണ്ടിയിരിക്കുന്നു. കേരളനാടകം മംഗലാപുരത്തു അച്ചടിച്ചിട്ടുണ്ട്. ട്യൂബിങ്ങനിൽ സൂക്ഷിച്ചിരിക്കുന്ന കൈയെഴുത്തു പ്രതിയിൽ അങ്ങിങ്ങ് ഗുണ്ടർട്ടിൻെറ കുറിപ്പുകളും കാണാം. അനാചാര സംക്ഷേപത്തിൻെറ രത്നച്ചുരുക്കം ഗുണ്ടർട്ടിൻെറ ഡയറിക്കുറിപ്പുകളുടെ ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട് —Albrecht Frenz (Ed.): Hermann Gundert-Schriften Und Berichte aus Malabar, Ulm 1983: 120-126. അറുപത്തിനാലു ആചാരങ്ങളുടെ പട്ടികയാണിത്.

അതിപ്രശസ്തങ്ങളായ വടക്കൻ പാട്ടുകളാണ് പയ്യന്നൂർപ്പാട്ടും തച്ചോളിപ്പാട്ടുകളും. അവ ഗുണ്ടർട്ട് തേടിപ്പിടിച്ചു. ജനജീവിതത്തിൻെറ ചരിത്രം കണ്ടെത്തുന്നതിൽ നാടോടിപ്പാട്ടുകൾക്കുള്ള പ്രാധാന്യം അദ്ദേഹം കണ്ടറിഞ്ഞു. അതിനുള്ള ഉപാദാനങ്ങളായിരുന്നു തച്ചോളിപ്പാട്ടുകളും പയ്യന്നൂർപ്പാട്ടും മാപ്പിളപ്പാട്ടുകളും. കേരളത്തിൻെറ പ്രാചീന വാണിജ്യ ബന്ധങ്ങളെക്കുറിച്ചു, വിശിഷ്യ ഉത്തര കേരളത്തിൽ നിന്നു വിദേശത്തേക്കു പോയിരുന്ന വണിക്കുകളെക്കുറിച്ചുപാട്ടുകൾ അറിവു നൽകുന്നു. അതു സാരമായി പ്രയോജനപ്പെടുത്തിയ ഏകചരിത്രകാരൻ ഗുണ്ടർട്ടാണ്. നാട്ടാചാരങ്ങളെ ക്കുറിച്ചുള്ള വിശദമായ പരാമർശങ്ങളും പാട്ടുകളിലുണ്ട്.

നൂററമ്പതോളം വർഷത്തെ ഇടവേളയ്ക്കു ശേഷം പയ്യന്നൂർപ്പാട്ട് ഇപ്പോൾ മലയാളികളുടെ ദൃഷ്ടിപഥത്തിലെത്തിയിരിക്കുന്നു. ഇതുവരെ അതു ട്യൂബിങ്ങൻ സർവകലാശാലയിൽ ഉണ്ടായിരുന്നെങ്കിലും മലയാളികളുടെ കണ്ണിൽപ്പെട്ടിരുന്നില്ല. ഗുണ്ടർട്ട് സ്വജീവിതകാലത്ത് ലൈബ്രറിക്കു സമ്മാനിച്ച ഓലക്കെട്ടാണിത്. (മററു പല കൃതികളും അദ്ദേഹത്തിൻെ മരണശേഷം കുടുംബാംഗങ്ങളാണു ലൈബ്രറിക്കു നൽകിയത്. അവ ഇനം തിരിക്കാതെ സൂക്ഷിച്ചിരിക്കയായിരുന്നു. 1986ലെ ബർലിൻ ലോകമലയാള സമ്മേളനത്തിനു ശേഷം ട്യൂബിങ്ങനിലെത്തിയ ഈ ലേഖകനാണ് ആ രേഖകൾ ഇനം തിരിച്ചു ലൈബ്രറി രേഖകളിൽ ചേർക്കാൻ ഭാഗ്യമുണ്ടായത്. ഇത്രയും കാലം കാല്വിലെ സൂക്ഷിച്ചിരുന്ന ഓലക്കെട്ടുകൾ കൂടി 1991-ൽ ഡോ. ഫ്രൻസിൻെറയും ഈ ലേഖകൻെറയും അഭ്യർത്ഥന മാനിച്ചു ഗുണ്ടർട്ടു കുടുംബം ട്യൂബിങ്ങൻ ലൈബ്രറിക്കു സമ്മാനിച്ചു. (അതിൽ 104 പാട്ടുകളുണ്ട്. തളിപ്പറമ്പിൽ നിന്നു ലഭിച്ച ഓലക്കെട്ടിൽ മററു ചില കൃതികൾ കൂടി കാണാം. അവയെല്ലാം വേർതിരിച്ചു ഗുണ്ടർട്ടു നൽകിയ വിവരങ്ങൾ പഴയ ജർമ്മൻ കാററ്ലോഗിൽ (1899) ചേർത്തിട്ടുമുണ്ട്. എന്നിട്ടും എന്തുകൊണ്ടോ ഈ കൃതി നമ്മുടെ ദൃഷ്ടിയിൽ പെട്ടില്ല. ഉള്ളൂർ മഹാകവി എഴുതുന്നു: പയ്യന്നൂർ പാട്ട് എന്നൊരു കൃതിയെപ്പററി ഡോക്ടർ ഗുണ്ടർട്ട് ചിലതെല്ലാം പ്രസ്താവിച്ചിട്ടുണ്ട്. ആ

ഗ്രന്ഥത്തിന്റെ യാതൊരു പ്രതിയും മററുള്ളവർക്കു കിട്ടീട്ടില്ല. ഗുണ്ടർട്ടിനു തന്നെ ആദ്യത്തെ നൂററിനാലു ഈരടികളേ ലഭിച്ചിരുന്നുള്ളു. ഗുണ്ടർട്ടിന്റെ കൈവശമുണ്ടായിരുന്ന ഏട്ടിന്റെ പോക്കിനെപ്പററി യാതൊരറിവുമില്ല, (കേരള സാഹിത്യചരിത്രം, വാല്യം1, 1967: 398).

തുടർന്ന് പയ്യന്നൂർപ്പാട്ടിലെ കഥയുടെ രത്നച്ചുരുക്കം നൽകി ഏതാനും പാട്ടുകൾ ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട്. ഇവ എവിടെ നിന്നു ലഭിച്ചു എന്ന ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകുന്നതുമില്ല. ഇപ്പോൾ അതിന്റെ സ്രോതസ്സ് കണ്ടെത്തിയിരിക്കുന്നു. 1844 ഏപ്രിലിലെ Madras Journal of Literature and Science ൽ ഗുണ്ടർട്ട് എഴുതിയ ലേഖനമാണ് ഉള്ളൂരിന്റെ അവലംബം. മലബാർ മാനുവലിലും കേരളസാഹിത്യചരിത്രത്തിലും പയ്യന്നൂർപ്പാട്ടിനെക്കുറിച്ചു കാണുന്നതെല്ലാം ഗുണ്ടർട്ടിന്റെ ലേഖനത്തിൽ നിന്നു എടുത്തിട്ടുള്ളതാണ്. ആ ലേഖനത്തിന്റെ പ്രസക്ത ഭാഗം ഇവിടെ ഉദ്ധരിക്കാം:

The Legend of Payanur

Nilakesi, a woman of good family, an inhabitant of a place called Sivaperur (Trichoor?) a town famous for female beauty, could not obtain a son though married to several men. She resolves therefore to do penance by wandering about as a beggar, and comes to the famous emporium Cachilpatnam (near Mount Dilli), where the chief of the place, a merchant named Nambu Chetti, or Chombu Chetti, enters into conversation with her, advises her to perform certain vows, and then takes her to his palace as his lawful wife. A son is born, and receives the name of Nambusari Aren, and a feast of rejoicing is celebrated on the 41st day on the plain of Payanur. At that time Nilakesi's brothers happened to go up the coast in a ship. They hear the music, an disembark to see the play. But as they climb up a wall of the temple, some spectators expostulate with them. They call themselves Culavanier (merchants) who cannot be expected to know the customs of the place, and appeal to the chief. He comes but applies his rod to the head of one, a scuffle ensues, and the strangers are killed.

Nilakesi when acquainted with the murder of her brothers, leaves the palace and her son, and again wanders forth begging. The son grows up and is instructed by his father in all the arts of trade and ship-building (given in interesting detail, full of obsolete words). The ship being at length launched and manned with Vappurawas (?) Pandias, Chonakas, Cholias, and also with one Yavanaka, the merchants start fearlessly on a voyage first to Pumpatna, round Mt. Eli, then passing the Mala (-Dives) into the Tan-punul-aru (river) to the town Puvenkapatna, proceed farther on to the Cavari, from whence they sail into another sea to other shores, till they reach the gold

mountains (ponmala) where they exchange all their cargo for gold, return and land their goods in Cachilpatnam, store them in a new magazine, and dismiss the mariners with their shares. After this, when the father and son are amusing themselves with playing chess, a female devotee is announced who is not satisfied with alms, but wants to see the young merchant. Then follows a long and mysterious conversation. She invites him urgently to be present at a night feast of women at Payanur. He promises, but cannot afterwards persuade his father to give him leave, who fears a plot and danger; but the son persisting in importuning him, and at last prostrating himself, he consents.

Here follows an extract, as a specimen:

നില്ലാതെ വീണു നമസ്കരിച്ചാൻ
നിന്നാണതമ്മപ്പാപൊകുന്നെനെ
"I swear by thee, O father, I must go."
പൊവാൻവിലക്കിനെൻ എത്തിരയും
പൊക്കൊഴിപ്പാൻ അരുതാഞ്ഞൂതതിപ്പൊൾ
ചാവാള രെപ്പൊലെ നീ അകലപ്പൊവൂം
ചങ്ങാതംവെണം പെരികയിപ്പൊൾ
കൊവാതലച്ചെട്ടി അഞ്ചുവണ്ണം
കൂട്ടുംമണിക്കിരാമത്താർമക്കൾ
നമ്മളാൽ നാലുനകരത്തിലും
നാലരെക്കൊൾകു കുടിക്കു ചെർന്നൊർ

The Father: "I have opposed thee to the utmost, but now I must not prevent thy going—thou goest far away like dying men-strongguards (or companions) are now required—take the children of the Govatala Chetti, of Anjuwannam and of the Manigrama, people who, together with ourselves, are the four (classes of) colonists in the four towns." (കൂട്ടും perhaps കൂട്ടം or കൂട്ടാം?)

നാലർകുടിക്കു ചെർന്നൊരെ കൊണ്ടാർ
അന്നാട്ടിൽ വട്ടിണ സ്വാമി മക്കൾ
തൊഴർപതിനാലുവങ്കിരിയം
തൊല്പിപ്പാനില്ലാ ഇന്നാട്ടിൽ ആരും
കാലെപിടിച്ചിഴക്കിലും ഞാൻ
കച്ചില്പട്ടിൽ വന്നെന്നിക്കണ്ണുറങ്ങെൻ

"They took of the four classes of colonists, the sons (of servants) of the town-lord in that country, fourteen companions, a noble household, not to be outwitted (or defeated) by any in this country (and, says the son) "though I should be dragged by the foot I shall return (to-morrow) to Cachilpatnam, nor shall this eye sleep

(to night.)".

Upon this the father advises them to take some merchandize along with them in the ship as for a fair, and the poem evidently a fragment closes in the 104th Sloka, with an enumeration of wares, replete with obscure terms, free from any anachronisms.

I believe that the people of Anjuwannam and Manigrammam here mentioned as belonging to yonder country, can only mean Jews and Christains, (or Manicheans) who, for commerce sake, settled also beyond the Perumal's territories. It would be interesting to know who the two other classes are. In the mean time, the existence of four trading communities in the old Kerala seems to be proved, and the നാലുചെരി of the Ist Syrian document, receives some elucidation from this incidental allusion.

ഗുണ്ടർട്ടിൻെറ ലേഖനവും ഉള്ളൂരിൻെറ ഉദ്ധരണികളും ട്യൂബിങ്ങനിലെ ഓലകളുടെ മൈക്രോഫിലിം പകർപ്പുകളും വിശദമായി പരിശോധിച്ചു യുവഗവേഷകനായ പി. ആൻറണി തയ്യാറാക്കിയ കുറിപ്പ് ഇവിടെ ഉദ്ധരിക്കാം.

ഗുണ്ടർട്ട് ഉദ്ധരിച്ചിട്ടുള്ള വരികൾ മുഴുവനും താനും ഉദ്ധരിച്ചിട്ടുണ്ടെന്നും ചില തെററുകൾ തിരുത്താൻ ശ്രമിച്ചിട്ടുണ്ടെന്നും മഹാകവി പ്രസ്താവിക്കുന്നു. ഈ പ്രസ്താവം ശരിയാണ്. എന്നാൽ നേരിൽ കണ്ടിട്ടില്ലാത്ത പ്രാചീന കൃതിയിൽ പരിഷ്ക്കാരം വരുത്തുന്നതിനു എന്താണ് നീതീകരണം എന്ന ചോദ്യത്തിനു പ്രസക്തിയുണ്ട്. ഉള്ളൂർ വരുത്തിയ മാററങ്ങൾ വൃത്തപൂർണതയ്ക്കും അർത്ഥവ്യക്തതയ്ക്കും ഉതകുന്നുണ്ട്. പ്രാചീന കൃതികളുടെ കാര്യത്തിൽ ഇത്തരം സമീപനം അപകടകരമാണ്. ഗുണ്ടർട്ടു തന്നെയും മൂലകൃതിയിലെ ഭാഷാസ്വരൂപത്തിൽ ചില്ലറ മാററങ്ങൾ വരുത്തിയാണ് ലേഖനത്തിൽ ചേർത്തിരിക്കുന്നത്. താളിയോലയിൽ കാണുന്നതുപോലെ പ്രസ്തുത ശീലുകൾ ഇവിടെ ചേർക്കാം. ബ്രായ്ക്കററിൽ കൊടുത്തിരിക്കുന്ന സംഖ്യകൾ ഓലയിൽ കാണുന്ന ക്രമനമ്പരുകളാണ്.

നില്ലാതെ വീണ്ടു നമസ്കരിച്ചാൽ
നിന്നാണ തമ്മപ്പാ പൊകുന്നെനെ (91)
പൊവാൻ ബിലക്കിനെനെത്തിരെയും
പൊക്കൊഴിപ്പാനരുതാഞ്ഞൂതതിപ്പൊൾ
ചാവല്ലരെപ്പൊലെനീയലപൊവും
ചങ്ങാത ബെണം പെരികെയിപ്പൊൾ
കൊവാതലച്ചെട്ടി അഞ്ചുവണ്ണം
കൂട്ടും മ്മണിക്കിരാമത്താർ മക്കെൾ
നമ്മളാൽ നാലു നകെരത്തിലും
ന്നാലെരക്കൊൾക കുടിക്കു ചെർന്നൊ(92)
നാലെർ കുടിക്കു ചെർന്നൊരക്കൊണ്ടാർ
അന്നാട്ടിൽ പട്ടിണ സ്വാമി മക്കെൾ
തൊഴെർ പതിന്നാലു വൻ കിരീയം

തൊല്പിപ്പാനില്ലെ യിന്നാട്ടിലാരും
കാലെ പിടിച്ചിട്ടിഴക്കിലും ഞ്ഞാൻ
കച്ചിൽ പട്ടിൽ വന്നെന്നിക്കണ്ണറങ്ങെൻ (93)

മഹാകവി ഉള്ളൂർ 'തെററുകൾ തിരുത്തി' ഉദ്ധരിക്കുന്നത്:

നില്ലാതെ വീണു നമസ്കരിച്ചാൻ
നിന്നാണെ തമ്മപ്പാ പോകുന്നേനെ
പൊകാൻ വിലക്കിനേനെത്തിരയും
പോക്കൊഴിപ്പാനരുതാഞ്ഞൂതിപ്പൊൾ
ചാവാളരെപ്പോൽ നീയകലപ്പോവൂ
ചങ്ങാതം വേണം പെരികെയിപ്പോൾ
കോവാതലച്ചെട്ടിയഞ്ചുവണ്ണം
കൂടും മണിക്കിരാമത്താർ മക്കൾ
നമ്മളാൽ നാലു നകരത്തിലും
നാലരെക്കൊൾക കുടിക്കു ചേർന്നൊർ
നാലർ കുടിക്കു ചേർന്നോരൊക്കൊണ്ടാർ
നാട്ടിലെപ്പട്ടിണ സ്വാമിമക്കൾ
തോഴർ പതിനാലു വൻകിരിയം
തോല്പിപ്പാനില്ലായീ നാട്ടിലാരും
കാലേപ്പിടിച്ചങ്ങിഴയ്ക്കിലും ഞാൻ
കച്ചിൽപ്പട്ടിൽ വന്നെന്നിക്കണ്ണുറങ്ങേൻ

ഭാഷയുടെ ആധുനിക സ്വരൂപത്തിൽ നിന്നു വ്യത്യസ്തമായി കാണപ്പെടുന്ന ചില വർണ്ണവ്യതിയാനങ്ങൾ തിരുത്തുവാനാണ് ള്ളൂർ ശ്രമിച്ചിട്ടുള്ളത്. വ കാരത്തിനു പകരം ബ കാരം പ്രയോഗിക്കുക, പദമധ്യത്തിൽ അ കാരത്തിനു പകരം എ കാരം ചേർക്കുക എന്നിങ്ങനെ ആധുനിക വീക്ഷണത്തിൽ വിലക്ഷണമായി തോന്നുന്ന വർണ്ണ വ്യതിയാനങ്ങൾ അദ്ദേഹം തിരുത്തിയിരിക്കുന്നു.

പയ്യന്നൂർ പാട്ടിൻെറ ഭാഷാസ്വരൂപം ഗ്രഹിക്കാൻ ഏതാനും ശീലുകൾ കൂടി താളിയോല ഗ്രന്ഥത്തിൽ നിന്നു ചേർക്കുന്നു. ഗുണ്ടർട്ടും ഉള്ളൂരും ഉദ്ധരിച്ചതിൻെറ തുടർച്ചയായി കാണുന്നവയാണ് ഈ പാട്ടുകൾ.

കണ്ടവർ പോംബണ്ണമല്ല പൊവൂ
കരുത്തെരായ്വാണിയം ഞ്ചെയ്കവെണം
മിണ്ടാതെ നിങ്ങെളുരുവം പകർന്നു
വിശ്വസിക്കെല്ലെയൊരുത്തെരെയും
പണ്ടാരം മിക്കുവയും പക്കെടും
പലരുറങ്ങാതെ കാത്തുകൊൾവിൻ
കൊണ്ടാരത്തിന്നു പതിന്നൊനാകീന്നെററി-
ക്കെല്പരായി വാണിയം ബിററു കൊൾവിൻ (94)
ബിക്കുന്നതെന്തന്നഗെരിലെറെ
വിളെയാടി വീര്യമായ്ക്കൊൾവതെന്തു
എന്തു ഞാൻ ബാണിയം കൊണ്ടു പൊവു

യെന്നെയുവപ്പെനെ തമ്മപ്പാചൊൽ
അന്നിയമെന്നിയെ ചൊല്ല വെണം
ആശ്വെരിയമായി ഞാൻ പുറപ്പെടും പൊൾ
മന്നർക്കു തക്ക മണിപ്പണ്ടാരം
മററും പലതരം ബാണിയങ്ങൾ
യിന്നതരം ബില കൊണ്ടുപൊവിൻ
യിതമാക്കി വിക്കുന്ന വാണിയത്താൽ (95)
ബാണിയം ഞ്ചൊല്ലാം പലതരവും
പഴെയെനൂർ വിക്കുന്ന വാണിയെങ്ങൾ
കാണുന്ന കല്ലും കനകങ്ങളും
കൈക്കിടും മ്മൊതിരം കാറ, കം പി
കണ്ടാൽ ഞാന്മെയ്ത്താലി കാതു കാപ്പു
മ്മുത്തു വൈര മാണിക്കരെത്തങ്ങളും
മ്മൂവുലൊകെം പെറും വയിര മാല
മിച്ചിരികൈക്കാണമെന്നി മറെറതും ബെണ്ടാ
വിലെയില്ലാതൊ ചില പുന്തുകിലും
മിച്ചിരി വെള്ളിവെൺഞ്ചാമെരെയും
പണ്ടാരുമ്മിട്ട പയിമ്പക്കെട്ടും
കരുത്തെരായ്ക്കെട്ടു പൊപ്പാനാകി
വണ്ടാർ മണിമുടിമാടത്തിങ്കീഴു
മന്നെഞ്ചൊങ്കിമകെനുണ്ണിച്ചിങ്ങെൻ
കെട്ടു പൊറുപ്പാനും കൂട്ടിക്കൊണ്ടു
കെട്ടൊന്നിലൊന്നിൽ കുറവെന്നിയെ (96)

പാട്ടിന്റെ ആദ്യഭാഗത്ത്, നമ്പൂസരി അരന്റെ ജനനത്തോടനുബന്ധിച്ച് പയ്യന്നൂർ മൈതാനത്ത് നടത്തിയ ആഘോഷം വർണിക്കുന്നു.

പുലെര പുലെരപ്പൊവിനുടൊ
പൊൽക്കൂത്താടുവാൻ ശാങ്കിമാരെ
അലസാതെ ചെന്നപ്പെരുർനഗരിൽ
ലൈയ്യെമ്പെരിങ്കൊയിൽ പുക്കെല്ലീയരും
ചെലെരെക്കൂത്തിനു കൽപ്പിച്ചാർക്കാൻ
ദെവിയും മ്മകെനും താനും പൊയി
പുലെരച്ചെന്നതിലുളവായാർ
പൊൽക്കൂത്താട്ടുമുതൃത്തീനരെ
കൂത്തിനു കൊട്ടും മിഴാവൊലിയും
കുമിനകുമിറ കുടുകുടിന
ച്ചാത്തിര നീതിയുടെ വഴിപൊമ്പൊൾ
ത്തകിടിടിതകിടിടി തകിടിടി
നാവദ്യമുഴക്കമിതെന്തിതു പൊൽ
വരുവതീനുള്ളൊരു കാരെണ -(0)
മെന്തെന്നൊർത്തുടെ നവ്വഴിനെടി-

ച്ചെന്നിട്ടുളവാകും ബാഴീകെട്ടിനാരെ (20)
കെട്ടിന പൊഴെ പഴെയെന്നൂർനഴരിൽ
കെൽപ്പൊടു നൽക്കടെലൊടപ്പൊയാർ
നീട്ടിനവിരെലിനു പൊന്നണിയിപ്പാൻ
നീലകെശിക്കുടെയാങ്ങെളമാർ
വട്ടമതെന്ന മരക്കലമെറി
പ്പലതുറ പുക്കു വാണിയം ചൈതാർ
നാട്ടിൽ മികെച്ചു പഴെയനൂർ നഗെരിൽ
ന്നലമൊടു പുക്കാരങ്ങളമാരൊ (21)
അങ്ങെളമാർ വ്വന്നണെങ്ങിനനെരം
അറിയാഞ്ഞാർ വഴി ഗൊപുര വാതിൽ .
താങ്ങി പിന്നൊരു കൽമതിലെറി
തന്നരികെയൊരു ഭാഗമിരിന്നാർ
ബാങ്ങുവിനിക്കെയെരാർ കുലമെന്ന
പറെയാഞ്ഞാർ വഴിപൊക്കെരിതെ
ന്നെളാങ്ങിയ കൂത്തിനു പാങ്ങറിയാത്ത വെ
രൊപ്പമിരിപ്പതു കുഴയല്ലെയൊ താൻ (22)

പാട്ടിലെ നായകനായ നമ്പൂസരി അരൻ സ്വന്തമായി നിർമ്മിച്ച കപ്പലിലേറി വ്യാപാരത്തിനുവേണ്ടി ദേശസഞ്ചാരം നടത്തുന്നതു വിവരിക്കുന്ന ഏതാനും ശീലുകൾ കൂടി ചേർക്കുന്നു.

നെല്ലൊരു നെരത്തു കപ്പലെറി
നായെകൻഞ്ചെകൊർ മരക്കായെൻമ്മാർ
യില്ലാ കുറവൊന്നു തന്നിലൊട്ടും
യിച്ചെയിൽ കപ്പെലൊ പാഴ്കൊളുതി
കല്ലു കടെലും കടെൽ ഭയവും
കാററുപെരു തിരിയുമൊളം
അല്ലെൽ ഭയമൊന്നും കണ്ടുതില്ലെ
അഴകീയ പൂമ്പട്ടിണത്തു ചെന്നു കപ്പെൽ (43)
കാശീനരികൊണ്ടു കപ്പെലെറി
കാണാകുംന്നെരമെ യൂൺ കഴിച്ചാർ
താഴുന്നതെഴിമുകൾക്കു നെരെ
താണമാലക്കൂമൊരു പുറമെ
പൊയാർ തനിപ്പുനലാററിനൂടെ
പൂവെങ്കാ പട്ടിണമെ കാണ്മൂന്നൂ
നായെൻന്നഗരിലെ ചെല്ലുതെന്നൂ
നാട്ടാററിലൊടത്തുടങ്ങീനാരെ (44)
കടെലൊടങ്ങിടിപൊടി (?)
കാവെരി പെരുകി വരും
ബടിവൊടു മലവമറിയ്‌വിൽ
മറുകടെൽ മരുകരമെൽ

നെടുനെട വിളിയിടുവാർ
നെടുവര നിഴലുഴവാർ
ഉടലൊടങ്ങുയിരതുപൊയ്
കുതുകുലമെന്നാർ (45)

ട്യൂബിങ്ങൻ സർവകലാശാലയിലെ ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിലുള്ള പ്രധാനപ്പെട്ട ഒരിനമാണ് തച്ചോളിപ്പാട്ടുകൾ. 226 പുറമുള്ള പ്രസ്തുത സമാഹാരത്തിൻെറ മൂല്യം ഗവേഷകർ നിർണയിക്കേണ്ടിയിരിക്കുന്നു. ചേലനാട്ട് അച്യുതമേനോൻ വടക്കൻ പാട്ടുകൾ സമാഹരിക്കുന്നതിനു (1935) വളരെ മുമ്പു തന്നെ ഗുണ്ടർട്ടു ശേഖരിച്ചവയാണ് ഈ പാട്ടുകൾ. അവയുടെ ഭാഷാപരവും ചരിത്രപരവുമായ പ്രാധാന്യം പ്രത്യേകം വാദിച്ചു സമർത്ഥിക്കേണ്ടതില്ല. മാതൃകയ്ക്കു ഒരു പാട്ടിൻെറ ഭാഗം ഉദ്ധരിക്കാം.

തിരുവോണനാൾ അടുത്തതോടെ *തച്ചൊളി ഒതേനൻ* 'ഓണത്തരയിന്' പോകുവാൻ ഏട്ടൻ *കോമക്കുറുപ്പി*ൻെറ ഉറുമി ചോദിക്കുന്നു. തൻെറ ഉറുമിക്കും ഒതേനനും ചൊവ്വ ഉണ്ടെന്നും അതുകൊണ്ട്, പടിഞ്ഞാററിയിൽ വച്ചിരിക്കുന്ന ഉറുമികളിൽ ഒന്ന് എടുത്തുകൊള്ളാൻ കോമക്കുറുപ്പു പറയുന്നു. പിന്നീട് താൻ ഈ ഉറുമികൾ നേടിയതെങ്ങനെയെന്ന് ഏട്ടൻ വിശദീകരിക്കുന്നു. ഈ അവസരത്തിലാണ് കുഞ്ഞാലിമരയ്ക്കാരെ സംബന്ധിച്ചുള്ള പരാമർശം. കുഞ്ഞാലിമരയ്ക്കാരും സുഹൃത്തും കൂടി നിർമിച്ച കപ്പലിന് പാമരം സംഘടിപ്പിക്കാൻ കോമക്കുറുപ്പ് സഹായിക്കുന്നതോടെയാണ് അവർ സൗഹൃദത്തിലാകുന്നത്. മരയ്ക്കാരും സുഹൃത്തും കൂടി നാലുവർഷം കപ്പലിൽ വ്യാപാരം നടത്തി. പിന്നീട് കപ്പലിലെ ചരക്ക് പങ്കുവെക്കുവാൻ തീരുമാനിച്ചു. എന്നാൽ ചരക്കു വിഭജിച്ചപ്പോൾ മരയ്ക്കാർക്ക് മീശം (വീതം) തെളിഞ്ഞില്ല. അതുകൊണ്ട് ചരക്കു വീതം വെക്കാൻ തച്ചൊളി കോമക്കുറുപ്പ് ക്ഷണിക്കപ്പെട്ടു. കോമക്കുറുപ്പിൻെറ വിഭജനത്തിൽ മരയ്ക്കാർ സന്തുഷ്ടനായി. പ്രതിഫലമായി കോമക്കുറുപ്പ് സ്വീകരിച്ചത് കുറെ ഉറുമികളായിരുന്നു.

ഉറുമിയുമായി ഒതേനൻ ഓണത്തരയിനു പോകുന്നതും ചീനം വീട് കോയിലകത്തെ വാഴുന്നവരുമായി ഒന്നും രണ്ടും പറഞ്ഞ് ഇടയുന്നതും മററും വിവരിക്കുന്ന കാവ്യഭാഗം താഴെ ചേർക്കുന്നു. പുരാതന കേരളത്തിലെ കുററ പരീക്ഷയുടെ വിശദമായ ചിത്രങ്ങളോടു കൂടി കുങ്കിബില്യാരിയുടെ ദുരന്തകഥ പറയുന്ന ഈ പാട്ട് വിജ്ഞേയവും ഭാവനിർഭരവുമായി അനുഭവപ്പെട്ടു.

തച്ചൊളിക്കുഞ്ഞനുതയനനും
കണ്ടാച്ചൊരി കുഞ്ഞിയ്യാപ്പനു ആന
അന്നടത്താലെ നടന്നവര്
ചീനംബീട്ട കൊയിലൊത്ത ചൊല്ലുന്നല്ലെ
ചീനം ബീട്ടകൊയിലൊത്ത ചെല്ലുന്നെരം
ചീനം ബീട്ട തങ്ങള ബാഉന്നൊറും
അഞ്ഞൂറകം പടി ചൊററ് കാരും
അരിയള യിനങ്ങിര് ന്നിക്കിത
അന്നെരഞ്ചെന്നെല്ലെ കുഞ്ഞ്യുതെനൻ
കണ്ണാലെ കണ്ടിത ബാഉന്നൊറ്

എവിടെന്ന ബന്നെന്നും ചൊതിച്ചില്ല
എന്തിന ബന്നെന്നും ചൊതിച്ചില്ല
പൊത്തനെയാടെ ഇരുന്നൊാതെനൻ
അരിയളവൊക്കെയും തീറ്ന്നാരെ
പറയുന്നുണ്ടന്നെരം ബാഉന്നൊറ്
തച്ചൊളി നല്ലോമന കുഞ്ഞുതെന
ബന്നു എൻേറാമന കുഞ്ഞുതെന
ഉടനെ പറഞ്ഞല്ലൊാ കുഞ്ഞിഒതെനൻ
ചീനം ബീടത്തങ്ങളെ ബാ ഉന്നൊാറെ
വന്നെടം പണ്ടെ ബയിക്കയിഞ്ഞു
ഉടനെ പറഞ്ഞല്ലൊാ ബാ ഉന്നൊാറ്
ചന്തിമുറിയയില്ലെ ബാ ഉന്നൊാറെ
പാളാട മൂലക്കച്ചാരു തെന
ചൂലല്ലാലൊ മൂലക്കച്ചാരു ആ നൊ
ആചരം ചെയിതാട നിക്കുതെന
അതിനെട്ടങ്കൊമക്കുറുപ്പുണ്ടല്ലൊാ
ചിത്തിരത്തൂണചാരിനിക്കുതെന
കൊതിക്കെൻെറ മെപ്പയിലുണ്ടല്ലത
ബളയൂമ്പിടിച്ചാടനിക്കുതെന
കൊതിക്കെൻെറ മെപ്പയിത്തട്ടീററുണ്ട്
ഉടനെ പറഞ്ഞല്ലൊാ ബാ ഉന്നൊാറ്
ഇത്തിര കീറ്ത്തുള്ള കുഞ്ഞ്യൊാതെന
നിൻറമ്മ തന്നെ മരിച്ചൊണ്ടിറെ
പെനയറയിററൂട യങ്ങനെ കൂടി നല്ലെ
ചീനം ബീട്ടിലുള്ളൊാരു പെണ്ണങ്ങക്ക്
ചൌനെ കറിക്കൂട്ടീററുണ്ടും കൂടാ
കാടിയും ചീരയും കുടിച്ചും കൂട
ഉടനെ പറഞ്ഞല്ലൊാ കുഞ്ഞിയുതെനൻ
ചീനം ബിട്ടത്തങ്ങള് ബാഉന്നൊാറെ
എനക്കൊരു തൊലിയത്തരം കണ്ടിന
നിങ്ങെക്കെതും തൊലിയ ഇല്ലെ പാ ഉന്നൊാറെ
ഉടനെ പറഞ്ഞല്ലൊാ പാ ഉന്നൊാറ്
എനക്കെന്ത തൊലിയത്തര ഉതെന
ഒന്നെന്നാലെണ്ണിപ്പറയരുതൊ
ഉടനെ പറഞ്ഞല്ലൊാ കുഞ്ഞിഒതെനൻ
മീത്തലെടത്ത കുങ്കിബീല്യാരിക്ക്
ബില്ലിക്ക ക്കുങ്കമ്മണവാളൻെറ
ഒൻെറ അമരാതം ബില്യാരിക്ക
അത്തുരം കെട്ടുള്ള നായിമ്മാറ്
അരിയും പണഉങക്കചാടിയൂട്ടുന്ന്

ഞമ്മക്കിപ്പാ ഊൻററിയും വെണ്ട
ഞാക്കൊട്ടിപ്പൊ ഊൻെറ പണളം വെണ്ട
ഉടനെ പറഞ്ഞല്ലൊ പാളന്നൊറ്
മീത്തലെടത്ത കുങ്കി ബില്ലിയാരി
ഒതെനമ്പാറഞ്ഞത കെട്ടൊ നീയെ
എന്താ നെൻെറാമന കുഞ്ഞിയമ്മൊമ്മ
ബില്ലിക്ക കുങ്കമ്മണവാളനും
ഞാനും കൂടിയാനെൻെറ കുഞ്ഞ്യാമ്മൊമ്മ
ബില്ലിക്ക കുങ്കമ്മണവാളനും
ഞാനും കൂടിയാനെൻെറ കുഞ്ഞ്യംമ്മൊമ്മ
ബില്ലിക്ക കുങ്കമ്മണവാളനും
ഞാനും കൂടിയാനെൻെറ കുഞ്ഞ്യംമ്മൊമ്മ
മതിലൂക്കുരിക്കളെ ഉത്ത അള്ളീല്
എഅ്ത് ആനൊപ്പരം പൊളം ഞാള്
എഅ്ത് ആനെ ഉത്ത് അള്ളിച്ചെന്നൊണ്ടാല്
തൊടമ്മൻന്തൊട വെച്ചെ ഉതും ഞാള്
എഅ്ത് ആനെ ഉത്ത് അള്ളിച്ചെന്നൊണ്ടാല്
തൊടമ്മന്തൊടവെച്ചെ ഉതും ഞാള്
എന്നൊരമരാത ഉണ്ടെനക്ക
എഅ്തിക്കയരി ഞാളപൊരുന്നെരം
തെങ്ങിട്ട പാലം കടക്കുന്നെരം
പാലം മുറിഞ്ഞ് ഞാളെടെയിപ്പീണ്
ചൊടെയും മെലെയും ബീണമ്മൊമ്മ
എന്നൊരമരാതം ഉണ്ടെനക്ക
ഉടനെപ്പറഞ്ഞൊണ്ടപ്പാ ഉന്നൊറ്
നെയിക്കയി മുക്കണം ബില്ലിയാരി
കുഞ്ഞിക്കയി പൊള്ളൂല്ലെ കുഞ്ഞിയമ്മൊമ്മ
ഓൻെറ അമരാതം ഇല്ലെങ്കില്
നിൻെറ കയിയൊട്ടും പൊള്ള ഇല്ല.
നെയിക്കയി മുക്കാം ഞാകുഞ്ഞ്യാമ്മൊമ്മ
ഉടനെ പറഞ്ഞല്ലൊ പാ ഉന്നൊറ്
തച്ചൊളി നല്ലൊമനകുഞ്ഞിയുതെന
നെയികയിമുക്കാലൊ കുഞ്ഞിയൊതെന
ഉടനെ പറഞ്ഞല്ലൊ കുഞ്ഞ്യുതെനൻ
മെലില് വരും നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന
നെയിക്കയി മുക്കി തെളിഞ്ഞും കൊട്ടെ
തമ്മലിപ്പറഞ്ഞിപിരിഞ്ഞും പൊയി
ഞാറായിച്ച നല്ല ദിവസത്തിന
നാലനാട്ടിലൊലയെ ഉതി ഒതെനൻ

നാല് നാട്ടിലുള്ളൊരു നായിമ്മാറും
ചീനം ബീട്ടക്കൊയിലൊത്തങ്ങെത്തിയൊറ്
മീത്തെലെടത്തക്കുങ്കി ബില്ലിയാരി
കുടിമ്മയിപ്പൊരുന്ന ബില്ലിയാരി
മീത്തെലെടത്ത കുങ്കമ്മണവാളൻെറ
അവൻറുടെ വീട്ടി ചെല്ലുന്നല്ലെ
ചൊദിക്കുന്നന്നെരം കൂഞ്ഞികുങ്കൻ
മീത്തലെടത്തക്കുങ്കി ബില്ലിയാറി
എന്തുമുതലായി പൊന്നുഞ്ഞനെ
ഉടനെ പറയുന്നു ബില്ലിയാരി
കെട്ട തരിക്കണ് കുഞ്ഞികുങ്ക
തച്ചൊളി ഒതെനമ്പറഞ്ഞത കെട്ടൊ
നിൻെറ അമരാത ഉണ്ടെനക്ക
എന്ന പറയുന്ന കുഞ്ഞ്യുതെൻ
നെയിക്കയി മുക്കി തെളിയുവാനും
കുഞ്ഞിക്കയി പൊള്ളുല്ലെ കുഞ്ഞികുങ്ക
അതിന വെമ്പണ്ട നീ കുഞ്ഞനെ
പച്ചമരന്ന് കൊടുക്കുന്നൊനൊ
മുടിക്കെട്ടിൽ വെച്ചും കയിമുക്കിക്കൊ
മരന്നും കൊണ്ടൊളിങ്ങ് പൊരുന്നല്ലെ
ചീനംബീട്ടക്കൊയിലൊത്ത ചെല്ലുന്നല്ലെ
പറയുന്നുണ്ടന്നെരം ബില്ലിയാരി
കെട്ട് തരിക്കണം കുഞ്ഞിയമ്മൊമ്മ
നെയിക്കയിമുക്കട്ടെ ഞാനമ്മൊമ്മ
എണ്ണയുരുളിയും അടുപ്പത്താക്കി
എണ്ണക്ക തീയല്ലെ കത്തിക്കണ്
എണ്ണ പതച്ച മറിയുന്നെരം
പറയുന്നുണ്ടെന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമന കുഞ്ഞ്യുതെന
നെയിക്കയി മുക്കട്ടെ ഞാനുതെന
അത്തിരെ വെണ്ടു എൻെറ ബില്ലിയാരി
നെയി ക്കയി മുക്കന്ന ബില്ലിയാരി
നെയി ക്കയ്മുക്കി ത്തെളിഞ്ഞു കുഞ്ഞൻ
ഉടനെ പറയുന്ന കുഞ്ഞു ഒതെനൻ
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത
മൌചുട്ടെടുക്കണം ബില്ലിയാരി
മൌചുട്ടെടുക്കും ഞാങ്കുഞ്ഞിഒതെന
മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന

മൌചുട്ടെടുക്കണം ബില്ലിയാരി
പിന്നെയും പറയുന്ന കുഞ്ഞ്യാതെനൻ
കെട്ടതരിക്കെണന്നായിമ്മാറെ
മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായിച നല്ല ദിവസത്തിന്ന്
ചീനം ബീട്ടക്കൊയിലൊത്ത വന്ന്യെക്കണം
തമ്മലിപ്പറഞ്ഞ പിരിഞ്ഞും പൊയി
മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായ്ച നല്ല ദിവസത്തിന്ന്
ചീനം ബീട്ട ക്കൊയിലൊത്ത പൊരുന്നല്ലെ
ചീനംബിട്ട കൊയിലൊത്ത ബന്നത്തിരെ-
ക്കണ്ണാലെ കണ്ടിന ബില്ലിയാരി
കടുമ്മയിപ്പൊരുന്ന ബില്ലിയാരി
ബില്ലിക്കക്കുങ്ക മ്മണവാളൻെറ
അവൻറൂടെ ബീട്ടിന് ചെല്ലുന്നല്ലെ
വർത്താനം ചെന്ന പറയുന്നൊള്
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്ന കൊടുക്കുന്നല്ലെ
മുടിക്കെട്ടിൽ വെച്ചിങ്ങെടുത്തൊ കുഞ്ഞനെ
മരന്നും കൊണ്ടൊളിഞ്ഞ പൊരുന്നല്ലൊ
ചീനംബീട്ടികൊയിലൊത്ത ചെല്ലുന്നല്ലെ
ചൊദിക്കുന്നന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമനക്കുഞ്ഞ്യുതെന
മൌചുട്ടെടുക്കെട്ടെ ഞാനൊതെന
അത്തരെ ബെണ്ടു എൻെറ ബില്ലിയാരി
മൌചുട്ടെടുക്കുന്ന ബില്ലിയാരി
'എനിയെന്ത വെണ്ടെ്വൻെറ കുഞ്ഞി ഒതെന'
ഉടനെ പറയുന്നു കുഞ്ഞ്യാതെനൻ
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത.
പെരിങ്ങളൊ നാണ്ട പൊയ നീന്തണം
അതിന്നും മയക്കില്ല കുഞ്ഞ്യാതെന
മെലില് വരുന്നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന്
പെരിങ്ങള്ളൊ നാണ്ട പൊയ നീന്തണം
തമ്മലിപ്പറഞ്ഞ പിരിഞ്ഞും പൊന്ന്
ഞാറായിച്ച വന്നും പൊലരുന്നെരം
തച്ചൊളി ഒതെനനും നായിമ്മാറും
പൊയക്കലിന്നങ്ങനെ പൊരുന്നൊല്
തച്ചൊളിച്ച്യുപ്പാട്ട്യെളം പൈതലും

എഴുപതിരുത്ത്യാളും കുഞ്ഞനുമാനെ
ഓളും പൊയിക്കലെല്ലെ പൊരുന്നത്
വീത്തലെടത്ത കുങ്കി ബില്ലിയാരി
കടുമ്മയിപ്പൊരുന്ന് ബില്ലിയാരി
ബില്ലിക്കക്കുങ്കമ്മണവാളൻെറ
അവൻറുടെ ബീട്ടിന ചെല്ലുന്നല്ലെ
അവൻറുടെ ബീട്ടിന ചെല്ലുഞ്ചിത
വറത്താനം ചെന്ന പറയുന്നല്ലെ
ബില്ലിക്കക്കുങ്കമ്മണവാളനൊ
പച്ചമരുന്ന് കൊടുക്കുന്നല്ലെ
മുടിക്കെട്ടിൽ വെച്ചി നീ നീന്തൂഞ്ഞനെ
മയ്യയിക്കുങ്കമ്പിടി മുതല
നിന്നെ മൊതലയൊട്ട കാണുകയില്ല
മരുന്നും മാങ്ങിപ്പെക്കം പൊരുന്നൊള്
പെരിങ്ങളെല്ലാ നാണ്ട പൊയക്ക ചെന്ന്
പറയുന്നുണ്ടന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമന കുഞ്ഞിയുതെന
പൊയ നീന്തി മൂന്നമറി വെക്കട്ടെ
അത്തിരെ വെണ്ടെ്വൻെറ ബില്ലിയാരി
പൊയ നീന്തി മൂന്നമറിവെച്ചൊള്
എനി എന്ത വെണ്ടെ്വൻെറ കുഞ്ഞ്യുതെന
പറയുന്നുണ്ടന്നെരം കുഞ്ഞ്യുതെനൻ
ഒന്നും പറയെണ്ട ബില്ലിയാരി
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത്
മുടിക്കെട്ട കയച്ചിററ് നീന്ത്വവെണം
കെട്ട തരിക്കണം കുഞ്ഞ്യുതെന
മുടിക്കെട്ട കയിച്ചിഞാന്നീന്തണ്ടീക്കിൽ
തച്ചൊളിച്ച്യുണ്ണിച്ചിരനങ്ങിയാറ്
കുഞ്ഞന്നൂടി എൻേറാടി നീന്ത്വവെണം
ഉടനെ പറയുന്ന നങ്ങിയാറ്
തച്ചൊളി ഒതെയന നെരാങ്ങളെ
ഞാങ്കൂടി നീന്തട്ടെ നെരങ്ങളെ
ഞാനൊരികുററം ചെയിതിനെങ്കിൽ
എന്നെയും മൊതല കൊണ്ടത്തിന്നും കൊട്ടെ
അത്തിരെ വെണ്ടെ്വൻെറ നേര് പെങ്ങളെ
കുഞ്ഞനും തററിങ്ങുടുക്കുന്നല്ലെ
മുടിക്കെട്ട കയിച്ചിററും നീന്തുന്നൊല്
പൊയ നീന്തി മൂന്നു മറിവെക്കുമ്മം
മീത്തലെടത്തകുങ്കി ബില്ലിയാരി

കുങ്കിനയും കൊണ്ടമൊതല പൊയി
ഉരുളിയും കൊണ്ട ചൂയിപ്പും പൊയി
തച്ചൊളിച്ച്യൂണിച്ചിരനങ്ങിയാറ്
പൊയ നീന്തി മൂന്നു മറിയും വെച്ച്
തച്ചൊളി ഒതെനനുന്നായിമ്മാറും
ആർത്തുവിളിച്ചിററബരും പൊയി.
ചീനം ബീട്ടത്തങ്ങള് പാളന്നൊറ്
തലയിത്തുണിയിട്ടബറും പൊയി

ഗുണ്ടർട്ടിന്റെ ഏററവും പ്രശസ്തമായ ചരിത്രഗ്രന്ഥം *കേരളപഴമ*യാണ്. അനേകം വിദേശരേഖകൾ ഉപയോഗിച്ചെഴുതിയ *കേരളപഴമ*യിൽ ഗ്രന്ഥകർത്താവ് ആദ്യവസാനം പുലർത്തുന്ന വീക്ഷണകോണം കേരളീയമാണ്. പോർത്തുഗീസുകാരുടെ വരവോടെ ചരിത്ര ഗ്രന്ഥം തുടങ്ങുന്നു. കേരള പഴമയുടെ ഘടനയും മൗലികതയും ഡോ. എൻ. എം. നമ്പൂതിരി (*കേരളപഴമ*, മാതൃഭൂമിപ്പതിപ്പ്, ആമുഖപഠനം 1988) ഭംഗിയായി വിശദീകരിച്ചിട്ടുള്ളതിനാൽ അതിലേക്കു ഇവിടെ കടക്കുന്നില്ല. 1847-ൽ തലശ്ശേരിയിൽ നിന്നു പ്രസാധനം ചെയ്തു തുടങ്ങിയ പശ്ചിമോദയത്തിലാണ് *കേരളപഴമ* ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത്. ഒരു പൊതുപ്രസിദ്ധീകരണത്തിനുവേണ്ടി തയ്യാറാക്കിയതു കൊണ്ടാവാം അത്യന്തം ആകർഷകമാണ് *കേരളപഴമ*യുടെ ആഖ്യാന ശൈലി. ചരിത്ര സിനിമയോ നാടകമോ ആസ്വദിക്കുന്നതുപോലെ രംഗബോധത്തോടു കൂടി ഉൾക്കൊള്ളാവുന്ന കൃതിയാണിത്. ജനകീയതയ്ക്കുവേണ്ടി ശാസ്ത്രീയത ബലികഴിച്ചിട്ടില്ലതാനും. 1845-46 ഘട്ടത്തിൽ ജർമ്മനിയിലായിരുന്ന ഗുണ്ടർട്ട് അവിടത്തെ ഗ്രന്ഥാലയങ്ങളിലിരുന്ന അനേകം പോർത്തുഗീസ് ഗ്രന്ഥങ്ങൾ വായിച്ചതായി മനസ്സിലാക്കാം. അന്നു കുറിപ്പുകളെഴുതിയ ചിലനോട്ടു ബുക്കുകൾ ഇപ്പോൾ ട്യൂബിങ്ങനിലും ബാസലിലും സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ ചിലതെല്ലാം ഒന്ന് ഓടിച്ചുനോക്കാൻ അവസരം കിട്ടിയിട്ടുണ്ടെങ്കിലും ഇവയിൽ കാണുന്ന ഓരോ ഗ്രന്ഥവും *കേരളപഴമ*യുടെ ഏതേതു ഭാഗത്തു എത്രത്തോളം നിഴലിക്കുന്നു എന്നു പറയാൻ ഈ ലേഖകനു നിവൃത്തിയില്ല. അതു പുതിയ ഗവേഷകർ കണ്ടെത്തുമെന്നു പ്രതീക്ഷിക്കാം. മലബാർ തീരത്തെ ജനജീവിതത്തെയും വിദേശീയരുടെ ബലപരീക്ഷയെയും കുറിച്ചു അനേകം പ്രാചീന ഗ്രന്ഥങ്ങൾ യൂറോപ്പിലെ പ്രശസ്തഗ്രന്ഥാലയങ്ങളിലുണ്ട്. പോർത്തുഗീസ്, ഡച്ച് തുടങ്ങിയ ഭാഷകളിൽ അവഗാഹം നേടിയ ഗവേഷകർക്കുമാത്രം തുറന്നു കിട്ടുന്ന വിജ്ഞാന കുംഭങ്ങളാണ് അവ. മൂല ഗ്രന്ഥങ്ങൾ കാണാതെ സ്വാധീനത്തെക്കുറിച്ചു സംസാരിച്ചു എന്തിനു വഷളാകണം! ഇന്നത്തെ നിലയിൽ പറഞ്ഞാൽ, മലയാളികൾക്കു വളരെയധികം ഇഷ്ടപ്പെട്ട കേരള ചരിത്ര ഗ്രന്ഥമാണ് *കേരളപഴമ*. 1868-ൽ ഇതു മംഗലാപുരത്തു പുസ്തകരൂപത്തിൽ അച്ചടിച്ചു. 1869-ൽ പുതിയ പതിപ്പ് അവിടെ നിന്നു തന്നെ ഉണ്ടായി. 1983-ൽ കോട്ടയത്തും 1988-ൽ കോഴിക്കോട്ടും പുതിയ പതിപ്പുകൾ അച്ചടിച്ചു. ബർലിനിലെ കൂററൻ ലൈബ്രേറിയിൽ *കേരളപഴമ*യുടെ ഒരു പകർപ്പുണ്ട്. അതു ഓലയിലാണ്! 134 ഓലയിൽ 1871-ൽ കണ്ണൂർ പുല്ലെകണ്ടത്തി കൃഷ്ണമാരിയാർ എഴുതിയ പകർപ്പാണിത്. ജി.ജി. പിയേഴ്സ് എന്ന സായ്പാണ്

ഈ കുസൃതിപ്പണിചെയ്യിച്ചതെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

പാഠപുസ്തകങ്ങളെന്ന നിലയിൽ ഗുണ്ടർട്ടു രചിച്ച രണ്ടു ചരിത്ര ഗ്രന്ഥങ്ങളുണ്ട്. 1849-51 ഘട്ടത്തിൽ തലശ്ശേരിയിലെ കല്ലച്ചിൽ തയ്യാറാക്കിയ 407 പുറമുള്ള ഗ്രന്ഥമാണ് *ലൊകചരിത്ര ശാസ്ത്രം*. അതു പൂർണ രൂപത്തിൽ ഇവിടെ പുനർമുദ്രണം ചെയ്യാൻ സാധിക്കയില്ല. ഏതാനും ഭാഗങ്ങൾ തിരഞ്ഞെടുത്തു ചേർക്കുന്നു. *ലൊകചരിത്രശാസ്ത്രം* ഗുണ്ടർട്ടിൻെറ കൃതികളുടെ പട്ടികയിൽ നിന്ന് എങ്ങനെയോ പുറത്തായിപ്പോയി. ഉള്ളൂർ, ഡോ. പി.ജെ. തോമസ്, എ.ഡി ഹരിശർമ്മ തുടങ്ങിയവരൊന്നും ഈ കൃതിയെക്കുറിച്ചു അറിഞ്ഞിരുന്നില്ല. കഴിഞ്ഞവർഷം പ്രസിദ്ധീകരിച്ച ഗുണ്ടർട്ട് ഗ്രന്ഥസൂചി (ഡോ. ഹെർമൻ ഗുണ്ടർട്ട്, 1991)യിലൂടെയാണ് ഈ ബൃഹത്കൃതി പൊതുശ്രദ്ധയിലെത്തിയത്. ബാസൽ മിഷൻെറ വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾക്കു വേണ്ടിയാണ് ഇതു രചിച്ചതെന്നു ഊഹിക്കാം. ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള രാജ്യങ്ങൾ, ജനതകൾ എന്നിവയെക്കുറിച്ചെല്ലാം വിശദമായ അറിവു നൽകുന്ന ഈ ഗ്രന്ഥം സ്വതന്ത്രകൃതിയോ സ്വതന്ത്രതർജമയോ എന്നു വ്യക്തമായി നിർണയിക്കാൻ കഴിയുന്നില്ല. 1859-ൽ മദിരാശി സർക്കാരിൻെറ അഭ്യർത്ഥനയനുസരിച്ചു ഗുണ്ടർട്ടു തയ്യാറാക്കിയ പാഠ പുസ്തകമാണ് *ലൊകചരിത്രസംക്ഷെപം*.

ലോകചരിത്ര സംക്ഷെപത്തിൻെറ തുടക്കം:

ലോകചരിത്രാർത്ഥം

ലോകചരിത്രം എന്നത ലൊകത്തിൽ ചരിച്ചതിൻെറ വിവരമത്രെ. ആയത എന്തന്നാൽ ഭൂമിയിൽ ഉണ്ടായതിൻെറ വിവരം അല്ലാതെ പരലൊകത്തിലുള്ള നടപ്പുകൾ എങ്കിലും മനുഷ്യജാതിയുടെ ക്രിയകളല്ലാതെ സുരാസുരന്മാരുടെ കഥകൾ എങ്കിലും ഈ വിദ്യയിൽ അടങ്ങിയിരിക്കുന്നില്ല. ഈ ഭൂലോകത്തിൽ മനുഷ്യർ ഓരൊകാലത്തിൽ പ്രവൃത്തിച്ചതിനെമാത്രം ഇതിൽ കഥിപ്പാൽനൊക്കുന്നു.

എങ്കിലും എല്ലാമനുഷ്യരും അതാതഊരുകളിലും നാടുകളിലും പ്രവൃത്തിച്ചത ഒക്കയും എഴുതുവാൻ സ്ഥലം പോരാ അതിന പ്രയൊജനവും ഇല്ല. ആയിരംവർഷം മുമ്പെ കണ്ടൻ എന്ന മുക്കുവൻ ഒരു വലിയ ശ്രാവിനെ പിടിച്ചു എന്നും മൂവായിരം വർഷം മുമ്പെ ഇന്ന ഊരിൽ ഇന്നവൾ മൂന്നു പെററു എന്നും മററും വിശേഷങ്ങളെ എഴുതുകയും വായിക്കയും ചെയ്താൽ ഫലം എന്ത. അതുകൊണ്ട അതാതമനുഷ്യരുടെ വിശെഷങ്ങൾ അല്ല ഓരോരൊ മഹാവംശങ്ങളുടെ നടപ്പുകളെയും വൃത്താന്തങ്ങളെയും മാത്രം അറിയിക്കുന്നു. മഹാവംശം എന്നതൊ ജനസംഖ്യ അധികമുള്ള വംശം തന്നെയല്ല അതിമഹത്തായ ക്രിയകളെ നടത്തിയ കൂട്ടം എന്നത്രെ.

ചരിത്രത്തിൻെറ ഉറവുകൾ

ഉണ്ടായത എങ്ങിനെ അറിയാം എന്നു ചോദിച്ചാൽ താൻ കണ്ടുഎങ്കിൽ ബോധിച്ചു എന്നുണ്ടല്ലൊ. ദൂരത്തിൽ ഉണ്ടായതും പുരാണകാലത്തിൽ ഉണ്ടായതും ഓരോന്നു കണ്ടു കേട്ടവരുടെ സാക്ഷ്യത്താൽ അത്രെ അറിയായ്വരും. അതിൽ ചിലത പാരമ്പര്യമായി ചൊല്ലിവരുന്നത. ഇങ്ങിനെ കുലപാരമ്പര്യം വംശപാരമ്പര്യം സ്ഥലപാരമ്പര്യം മുതലായതുണ്ട. അതിൻെറ ദൃഷ്ടാന്തം കേരള ഉൽപത്തി എന്ന ഗ്രന്ഥം തന്നെ. അതിൽ കേരള ബ്രാഹ്മണൻ

പണ്ടു ചൊല്ലി പോന്ന പാരമ്പര്യങ്ങൾ അല്ലാതെ അതാത സാക്ഷികൾ കണ്ടെഴുതിയ വിശേഷങ്ങൾ ഒന്നും വായിപ്പാൻ ഇല്ല. ഇങ്ങനത്തെ പാരമ്പര്യം ആരാഞ്ഞുനൊക്കീട്ടെ വിശ്വസിക്കാവു. പണ്ട ഒരാൾ പറഞ്ഞപോലെ എന്ന പഴഞ്ചൽ ഉണ്ടല്ലൊ.

രണ്ടാമത ഉറവാകുന്നത പുരാണസാധനങ്ങൾ തന്നെ. മലയാള ക്ഷേത്രങ്ങളിലും മററും ഒരൊകല്ലെഴുത്തുകൾ ഉണ്ട. ആ വക എല്ലാം വായിച്ച അർത്ഥം ഗ്രഹിച്ച ആരാഞ്ഞുകൊണ്ടാൽ കേരളപ്പഴമ ഏകദേശം തെളിയും. എങ്ങിനെ ആയാലും പല പാരമ്പര്യങ്ങളിലും ചൊല്ലിയതിനെക്കാൾ ഒരു കല്ലിൽ എഴുതിക്കണ്ടത ഏറെ സാരം. സന്തതികളെ ബോധിപ്പിപ്പാൻ ഉണ്ടാക്കിയ സാധനങ്ങൾ ആവിതു പുരാണചിത്രങ്ങളും ശില്പപണികളും ശിലാതാമ്രാദി ശാസനങ്ങളും മുദ്രകളും തന്നെ. മററപലതും ആരുടെ താല്പര്യവിചാരവും കൂടാതെ സ്മരണാർത്ഥമായി ശേഷിച്ചു കിടക്കുന്നു. ആവക ആകുന്നിതു പൊന്നു വെള്ളി മുതലായതു കൊണ്ടുള്ള പഴയ നാണിയങ്ങൾ കല്ലറകളിൽ കണ്ട ആയുധപാത്രാദികൾ ഇടിഞ്ഞുകിടക്കുന്ന കോട്ടകൾ അമ്പലങ്ങൾ മുതലായവ. സൈന്ധവത്തിലും മററും യവനവീരന്മാർ വാണതിന്റെ വിശേഷങ്ങൾ അവിടവിടെ കണ്ടുകിട്ടിയ നാണിയങ്ങളാൽ അത്രെപ്രസിദ്ധമായ്വന്നിത. അശ്ശൂർ രാജ്യത്തിന്റെ പഴമ ഗ്രഹിപ്പാൻ ഈ അഞ്ചു പത്തുവർഷംകൊണ്ടുമാത്രം സംഗതി വന്നതു പണ്ടു ദഹിച്ചിടിഞ്ഞു മണ്മറഞ്ഞുകിടക്കുന്ന അരമനകളെ തുരന്നുനോക്കി ഓടുകല്ലുകളിലും പാത്രങ്ങളിലും കണ്ട എഴുത്തുകളെ ആരാഞ്ഞുപഠിക്കയാൽതന്നെ.

മൂന്നാമതു ഉറവു ശാസ്ത്രംതന്നെ. ആയതിന്റെ വിലെക്കു വളരെ താരതമ്യം ഉണ്ട. ചരിത്രശാസ്ത്രികളിൽ മികെച്ചവർ ശുദ്ധസത്യംപറവാൻ പ്രാപ്തിയും മനസ്സും ഉള്ളവരത്രെ. നല്ല ശ്ലോകം ചമെക്കുന്നവർ അതിനു പോരാ. ഒട്ടുംകൂട്ടി വെക്കാതെയും കുറച്ചുകളയാതെയും താൻകണ്ടതൊ ചെയ്തതൊ ഉള്ള വണ്ണം വിവരിച്ചെഴുതുന്ന സാക്ഷികൾ മുമ്പെ തന്നെ വേണ്ടത. പല സാക്ഷികൾ ഉണ്ടെങ്കിൽ ശാസ്ത്രി അവരുടെ സത്യാസത്യം ഗ്രഹിക്കേണ്ടതിന്നു ഓരോന്നിനെ ഒത്തുനോക്കി ഗൌരവ ലാഘവങ്ങളെ സൂക്ഷ്മത്തോടെ തൂക്കി നിദാനിക്കേണ്ടത. മൂലസാക്ഷികളും കേട്ടസാക്ഷികളും കേട്ടവരിൽനിന്നു കേട്ടതിനെ പരിഗ്രഹിച്ച ഉപസാക്ഷികളും മററും ഉണ്ട. സംശയങ്ങളും പക്ഷപാതങ്ങളും ഒന്നും ശേഷിക്കാതെ ശുദ്ധസത്യം നിറയുന്ന ചരിത്രശാസ്ത്രംചമെപ്പാൻ ദൈവസഹായം കൂടാതെ പാടുള്ളതല്ല നിശ്ചയം.'

ഗുണ്ടർട്ടിന്റെ കൃതികളിലൂടെ നവീന ചരിത്രശൈലി മലയാളത്തിൽ വികാസം പ്രാപിച്ചു എന്നു അവകാശപ്പെടാം. അക്കാലത്തു ചരിത്രഗ്രന്ഥമെഴുതിയവരിൽ 'കൊഴിക്കൊട്ട ഗവർമ്മെണ്ട പാഠകശാലയിൽ 1-ാം മുനിഷി അയ്മനം പി. ജൊൻ' പ്രത്യേക പരാമർശം അർഹിക്കുന്നു. ഹെൻറി മോറിസ് സായ്പിന്റെ ഇംഗ്ലീഷ് ഗ്രന്ഥത്തെ അവലംബമാക്കി ജോൺ രചിച്ച 235 പുറമുള്ള ഇന്ത്യയുടെ ചരിത്രം 1859-ൽ കോട്ടയത്തു അച്ചടിച്ചു. "ഈ പുസ്തകം പ്രത്യേകം എല്ലാവക പള്ളിക്കൂടങ്ങളുടെയും ഉപകാരത്തിന്നായിട്ട ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാചരിത്രം ഇപ്പൊൾ പുതിയ നിയമപ്രകാരമുള്ള പരീക്ഷയിൽ ഒരു മുഖ്യ പുസ്തകമായി വെച്ചിരിക്കകൊണ്ട, ആ വക പരീക്ഷ

കൊടുപ്പാൻ വിചാരിക്കുന്നവർക്കും ഇത വളരെ ഉപയൊഗമായി വരുമെന്ന ഇഛരിക്കുന്നു." എന്നു ഗ്രന്ഥകർത്താവ് അവതാരികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജോണിൻെറ ശൈലി മനസ്സിലാക്കാൻ ഗ്രന്ഥാരംഭം ഉദ്ധരിക്കാം.

ഇന്ത്യയുടെ ചരിത്രം

ഇന്ത്യയുടെ പുരാണ ചരിത്രത്തെ കുറിച്ച അധികമായിട്ടുള്ള അറിവ കിട്ടീട്ടില്ലെങ്കിലും അല്പമായിട്ട കിട്ടീട്ടുള്ളതിൽ നിന്ന പണ്ടത്തെ ഇന്ത്യക്കാർ നല്ല പഠിപ്പും അറിവും മര്യാദയുള്ളവരും ധനവാന്മാരും ആയിരുന്നു എന്ന നിശ്ചയിക്കെണ്ടതിന്ന ഇടയുണ്ട. അവർ ജാത്യാൽ മിക്കവാറും ധൈര്യവും ഉറപ്പും ഇല്ലാത്തവർ ആയിരുന്നതുകൊണ്ട അധികമധികം വർദ്ധിക്കണമെന്നുള്ള വിചാരം ഒട്ടും കൂടാതെ മടിയന്മാരായി തീർന്ന ആ വർദ്ധിച്ച സ്ഥിതിയിൽതന്നെ ഇരുന്നതെയുള്ളു. അതുകാരണത്താൽ അന്യദെശക്കാർ വന്ന അവരെ ജയിച്ച അവരുടെ ധനംകൊണ്ട ധനവാന്മാരായി തീർന്നു.

ക്രിസ്തുക്കാലം ഏകദേശം 550 ഒറയൂസ ഹിസ്കാപീസ എന്ന പാർസിയിലെ രാജാവ ഇന്ത്യയുടെ ഏതാനും ഭാഗങ്ങളെ ജയിച്ചു. അതിൻെറശെഷം ഗ്രെക്കരുടെ രാജാവായ അലക്സന്തർ വടക്കെ ഇന്ത്യ മിക്കവാറും ജയിച്ച അവനും അവൻെറ ശെഷമുണ്ടായ രാജാക്കന്മാരും ഏകദെശം 100 കൊല്ലത്തിൽ അധികം അതിനെ അടക്കി അനുഭവിച്ചു. അതിൽ പിന്നെ മുഹമ്മദവെദക്കാർ ഇന്ത്യ പിടിച്ച കൈവശമാക്കി അതിൽ ഏറിയകാലം രാജാക്കന്മാരായി വാഴുകയും ചെയ്തു ഇവരിൽ ഒന്നാമത്തവർ ഇന്ത്യയുടെ വടക്കുപടിഞ്ഞാറുള്ള കാബൂൽരാജ്യത്തിലെ പ്രധാന പട്ടണങ്ങളിൽ ഒന്നായ ഗാസിനിയിലെ രാജാവായ മുഹമ്മദ ആയിരുന്നു. അവൻ ഇന്ത്യയുടെ നെരെ പന്ത്രണ്ടുപ്രാവശ്യം യുദ്ധം ചെയ്കയും ഓരൊരൊ ജയത്തിൻെറ ശേഷം അനവധി ദ്രവ്യം തൻെറ ദെശത്തെക്ക കൊണ്ടുപൊകയും ചെയ്തു. എന്നാൽ പന്ത്രണ്ടാമത്തെ അവന അപകടമുള്ളതായി തീർന്നു. അത ബൊംബായിക്ക വടക്ക ഗുജരാത്ത എന്ന രാജ്യത്തുള്ള സൊമനാഥ എന്ന ക്ഷെത്രത്തിൻെറ നെരെ ആയിരുന്നു. ഇത ഏററവും ഉറപ്പും ശ്രുതിയും അസംഖ്യധനവുമുള്ള ഒരു പുണ്യസ്ഥലം ആയിരുന്നു. ഇന്ത്യയിൽ എത്രയും ധൈര്യശാലികളായ രജപുത്രന്മാർ അയലത്തുള്ള ചില രാജാക്കന്മാരുടെ സഹായത്തൊടു കൂടെ ഏററവും ശൌര്യത്തൊടെ യുദ്ധം ചെയ്തതുകൊണ്ട മഹമ്മദുകാർ തൊററ ഓടുവാൻ തുടങ്ങി. അപ്പൊൾ മുഹമ്മദ കുതിരപ്പുറത്തുനിന്ന ഇറങ്ങി തൻെറ പടയാളികളെ ധൈര്യപ്പെടുത്തിയതിനാൽ അവർ സാഹസത്തൊടുകൂടെ യുദ്ധംചെയ്ത ഇന്ത്യക്കാരെ തൊല്പിച്ച കടൽവഴിയായി ഓടിച്ചുകളഞ്ഞതിൻെറ ശെഷം അവൻ ക്ഷെത്രത്തിൽ കയറി തൻെറ കയ്യിലുണ്ടായിരുന്ന ഗദകൊണ്ട വിഗ്രഹത്തെ തകർത്തു എന്നും അതിനുള്ളിൽ അസംഖ്യ വിലയെറിയ വൈരക്കല്ലുകളും മുത്തുകളും സംഗ്രഹിച്ച വെച്ചിരുന്നത ഒക്കെയും എടുത്തുകൊണ്ടുപൊയി എന്നും ഒരു ചരിത്രമെഴുത്തുകാരൻ പറയുന്നു. ഈ ജയത്തിൻെറ ശെഷം ഗുജരാത്തിൽ തൻെറ അധികാരം നടത്തെണ്ടതിന്ന വെണ്ടി ഒരു രാജാവിനെ നിശ്ചയിച്ചും വെച്ച അവൻ ഗാസിനിയിലെക്കുതന്നെ മടങ്ങി എങ്കിലും അവൻ പൊകുംവഴിയിൽ ഗുജരാത്തിന്ന വടക്കുള്ള അജമെരിലെ രാജാവ ഒരു വലിയ സൈന്യത്തൊടുകൂടെ നിന്നിരുന്നതുകൊണ്ട

അതിന്ന പടിഞ്ഞാറ സിണ്ടിയുടെ കിഴക്കുഭാഗത്തുള്ള വനപ്രദെശങ്ങളിൽ കൂടെ അവനും അവന്റെ സൈന്യവും പൊകേണ്ടിവന്നു. അതിനാൽ ചൂടും ദാഹവും ക്ഷീണവും കൊണ്ട അവന്റെ സൈന്യങ്ങൾ മിക്കവാറും നശിച്ചുപൊയി. അവന്റെ വംശക്കാർ 100 കൊല്ലം വരെയും രാജ്യഭാരം ചെയ്തതിന്റെ ശെഷം ഇന്ത്യയുടെ തുലൊം വടക്ക പടിഞ്ഞാറുള്ള കൊക്കെസെസ എന്ന പർവതത്തിലുള്ള ഗൊർ എന്ന രാജ്യത്തെ സ്ഥാപിച്ചവനായ മുഹമ്മദ ഗാസിനിയുടെ വംശക്കാരെ ജയിച്ചു. ഇവൻ ഇന്ത്യയുടെ വടക്കുഭാഗത്തുള്ള ദൽഹി, അതിന്ന തെക്കുപടിഞ്ഞാറുള്ള അജമെർ എന്ന രാജ്യങ്ങളെ ഒക്കെയും കീഴടക്കി.

അവൻ മരിച്ചശെഷം അവന്റെ ദാസനും സൈന്യത്തിനൊക്കയും അധിപതിയുമായ കട്ടബ്ടിയൻ എന്നവൻ രാജാവായീതീർന്നു അവന്റെ വംശക്കാർ ഒക്കെയും അടിമരാജാക്കന്മാരെന്ന വിളിക്കപ്പെട്ടിരുന്നു. അവരുടെ ശെഷം കിൽജിയുടെ വംശക്കാര രാജ്യഭാരം ചെയ്തു അവരുടെ കാലത്ത മുഹമ്മദുകാർ തെക്കെ ഇന്ത്യ ഒക്കെയും കീഴടക്കി.'

ഹെൻറി മൊറിസ് സായ്‌വിന്റെ ഇന്ത്യ ചരിത്രത്തിനു 1869-ൽ മംഗലാപുരത്തു നിന്ന് ഒരു തർജമ പ്രസിദ്ധീകരിച്ചു. മലയാളത്തിൽ സർക്കാരാൽ നടത്തിവരുന്ന എഴുത്തുപള്ളികളുടെ പ്രയോജനത്തിന്നായി ഭാഷാന്തരം ചെയ്തത എന്ന പുറംചട്ടയിൽ കാണുന്നു. തർജമക്കാരൻ ക്രിസ്റ്റ്യാൻ മ്യൂളർ എന്ന ജർമൻ മിഷണറിയാണ്.

Translated into Malayalam and adapted to the Vernacular schools of the Madras Presidency by order of the director of Public instructions എന്ന ഇംഗ്ലീഷ് കുറിപ്പ് പുസ്തകത്തിന്റെ ഔദ്യോഗിക സ്വഭാവം വ്യക്തമാക്കുന്നു. മലയാള പാഠപുസ്തകചരിത്രം പഠിക്കുന്നവർക്കു ഇതു ഒരു കാരണവശാലും അവഗണിക്കാനാവില്ല! 385 പുറമുള്ള ഈ ഗ്രന്ഥത്തിൽ നിന്നു തർജമ ശൈലി വ്യക്തമാക്കാൻ പ്രാരംഭഭാഗം ഉദ്ധരിക്കുന്നു.

ഭാരതഖണ്ഡമാകുന്ന ഇന്ത്യ-കിഴക്കു, അസ്സാംറഖായിഗദേശങ്ങളും ബങ്കാള സമുദ്രവും; തെക്കു, ഹിന്ദുസമുദ്രവും; പടിഞ്ഞാറു, അറവിസമുദ്രവും സുലെമാൻ പർവതവും, വടക്കു ഹിമാലയ പർവതവും-എന്നീ നാലു അതിർക്കകപ്പെട്ടു, കന്യാകുമാരി മുതൽ ഹിമാലയ പര്യന്തം 400 യോജന വീതിയും, സിന്ധുനദിയുടെ അഴിമുഖത്തു നിന്നും മഹാഗംഗ ബങ്കാള സമുദ്രത്തിൽ കൂടുന്ന ഭൂമിയോളം 330 യോജന നീളവും, 81200 ചതുരശ്രയോജന വിസ്താരവുമുള്ള ഒരു അർദ്ധദ്വീപു ആകുന്നു.

'ഭാരതഖണ്ഡം വിന്ധ്യാമലപ്രദേശങ്ങളാൽ രണ്ടു വലിയ അംശങ്ങളാക്കി വിഭാഗിക്കപ്പെട്ടിരിക്കുന്നു. വടക്കു അംശത്തിന്നു ഹിന്ദുസ്ഥാനവും ഉത്തരഖണ്ഡവും, തെക്കു അംശത്തിന്നു ദക്ഷിണഖണ്ഡവും എന്ന പേരുകൾ നടപ്പായിരിക്കുന്നു. പലരും ഭാരത ഖണ്ഡം മുഴുവനെ ഹിന്ദുസ്ഥാനം എന്ന പേർ വിളിക്കയും ചെയ്യുന്നു.

സിന്ധുഗംഗാനദികളുടെ കുഴിനാടുകൾ, സിന്ധുനദിയുടെ കിഴക്കുള്ള മഹാമരു, വിന്ധ്യമലയോളം പരന്നു കിടക്കുന്ന സമഭൂമി-എന്നിവ ഹിന്ദുസ്ഥാനത്തിന്റെ അംശങ്ങളാകുന്നു; സിന്ധുനദിയിൽ കൂടുന്ന അഞ്ചു പുഴകളുടെ നാടായ പഞ്ചനദവും ബെലുചിസ്ഥാൻ രാജ്യത്തിന്റെ അതിരായ

സൈന്ധവദേശവും സിന്ധുനദിയുടെ കുഴിനാട്ടിൽ അടങ്ങിയിരിക്കുന്നു.

ഗംഗാനദിയുടെ കുഴിനാടു എത്രയും സൌഭാഗ്യവും ധനപുഷ്ടിയുള്ള ദേശം ആകുന്നു. ഹിന്ദുക്കളുടെ ആദ്യപാർപ്പിടവും അവരുടെ പ്രധാന ക്ഷേത്രങ്ങളും തീർത്ഥം മുതലായ പുണ്യസ്ഥലങ്ങളും മനോഹരമുള്ള ന ങ്ങളും മഹാരമ്യമായ ഗംഗാനദിയുടെ ഇപ്പോഴത്തെ സർക്കാരിൻെറ രാജധാനിയും മററും അവിടെ തന്നെ ഇരിക്കുന്നു.

മഹാമരു സൈന്ധവരാജ്യത്തിൻെറ കിഴക്കിൽ പരന്നു കിടക്കുന്നു. വിന്ധ്യമലയുടെ വടക്കെ അതിരോളം നീണ്ടിരിക്കുന്ന മദ്ധ്യഖണ്ഡത്തിലെ മലപ്പരപ്പുദേശം ചുററുമുള്ള താണനാടുകളേക്കാൾ സുഖകരമായ ഭൂമിയാകുന്നു.

ദക്ഷിണഖണ്ഡത്തിൻെറ ഉയർന്ന ഭൂമി ത്രികോണ സ്വരൂപമായിരിക്കുന്നു. മൂന്നു അററങ്ങളിൽ തുടർമ്മലകൾ അതിനെ ചുററിക്കിടക്കുന്നു. മലപ്രദേശത്തെക്കു കയറി പോകുവാൻ പല കണ്ടിവാതിലുകളും നദികൾ ഇറങ്ങിതാണഭൂമിയിൽ കൂടിസമുദ്രത്തിൽ ഒഴുകി ചേരുവാൻ പല താഴ്വരകളും ഉണ്ടു. പടിഞ്ഞാറെ അററത്തിന്നും *സഹ്യമലയും കിഴക്കെതിന്നും

അമരഖണ്ഡവും വടക്കെ പുറത്തുനിന്നും വിന്ധ്യമലയും എന്ന പേരുകൾ നടപ്പായ്വന്നതു. ഈ മൂന്നു അതിരുകൾക്കകത്തു പല പേരുള്ള ഉയർന്ന ഭൂമികൾ വിസ്താരേണ കിടക്കുന്നു. അതിരുകൾക്കു പുറത്തു പല താണനാടുകളും കടല്പുറങ്ങളും വ്യാപിച്ചിരിക്കുന്നു. പടിഞ്ഞാറെ അതിരാകുന്ന സഹ്യമല, തപതി, നർമ്മദാനദികൾ ഒഴുകുന്ന ഖണ്ഡെശനാടു മുതൽ ചങ്ങാലാകേരണ കിഴക്കു തെക്കായി നീലഗിരിയോളം പരന്നു, അതിന്നു തെക്കെ വെരാറു ഒഴുകുന്ന താണഭൂമിയുടെ തെക്കുനിന്നു പിന്നെയും ഉയർന്നു കന്യാകുമാരിപര്യന്തം ചെന്നെത്തി നില്ക്കുന്നു. കിഴക്കെ അതിരാകുന്ന പവിഴമല, കൃഷ്ണാനദി തുടങ്ങി മദ്രാസി നഗരത്തിൻെറ തൂക്കംവരെയും, കിഴക്കൻ കരക്കു സമാന്തരമായി തെക്കോട്ടു നീങ്ങി കിടക്കയും, അവിടെനിന്നും പടിഞ്ഞാറോട്ടു തിരിഞ്ഞു, എത്രയും ഉയർന്ന പർവതമായ നീലഗിരിയിൽ കൂടുകയും ചെയ്യുന്നു. അതിൻെറ വടക്കു അംശം കൃഷ്ണാനദി തുടങ്ങി കട്ടക്കനഗരത്തിൻെറ തൂക്കത്തോളം വടക്കോട്ടു ചെന്നെത്തി, പല കണ്ടിവാതിലുകളും താഴ്വരകളും കൊണ്ടു വികടമായി കിടക്കുന്നു.'

ഗുണ്ടർട്ടു തുടങ്ങിവച്ച ചരിത്രരചന മലബാർ പ്രദേശത്തു വളരെ വേഗം വികാസം പ്രാപിച്ചു. മലബാറിലെ ഗദ്യശൈലിക്ക് വിശിഷ്യ മിഷണറിഗദ്യത്തിന്, മൊത്തത്തിലുണ്ടായിരുന്ന ഋജുത്വവും തെളിമയും ചരിത്രഗ്രന്ഥങ്ങൾക്ക് നന്നായി ഇണങ്ങി. 1881-ൽ ബാസൽമിഷൻ പ്രസിദ്ധീകരിച്ച പി. ഒ. പോത്തൻെറ ഇന്ത്യാചരിത്രത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചു ചരിത്രശൈലിയിലെ ഗുണ്ടർട്ടു പാരമ്പര്യത്തെക്കുറിച്ചുള്ള ഈ പ്രകരണം സമാപിപ്പിക്കാം.

---

*സഹ്യമല വടക്കുനിന്നു തെക്കോട്ടു തുടർന്നു കുടകു വൈയനാടു മുതലായവറെറ അടക്കി കൊള്ളുന്ന മലപ്രദേശം

*പവിഴമലയും

* 1. പവിഴമല കിഴക്കിൽ വടക്കുനിന്നു തെക്കോട്ടു തുടരുന്ന മലപ്രദേശം.

2. അമരഘണ്ഡം ഇപ്പോൾ ഒരിസ്സ എന്നു ചൊല്ലുന്ന നാടു.

പൂർവികഭാഗങ്ങൾ

ഹിമവാൻ മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന ഭാരതഖണ്ഡമെന്ന ഇന്ത്യാരാജ്യത്തിൽ ആദ്യകാലങ്ങളിൽ ഹിന്ദുസ്ഥാനം, ദക്ഷിണരാജ്യം എന്നീ രണ്ടു ഖണ്ഡങ്ങളെ ഉണ്ടായിരുന്നുള്ളു. വിന്ധ്യാമലകളുടെ വടക്കുള്ള ദേശത്തിന്നു ഹിന്തുസ്ഥാനമെന്നും, തെക്കുള്ളതിന്നു ദക്ഷിണരാജ്യമെന്നും പേരായിരുന്നു.

പൂർവചരിത്രം

ഇന്ത്യയുടെ പുരാണചരിത്രത്തെ കുറിച്ചു ഒന്നും തന്നെ ക്ലിപ്തപ്പെടുത്തി പറയുന്നതിന്നു പാടില്ല. പൂർവത്തിൽ നടന്നതിനെ കുറിച്ചു, മഹാഭാരതം രാമായണം മുതലായ ഗ്രന്ഥങ്ങളിൽ കാണുന്നതിനെ, അല്പം മാത്രമെ വിശ്വസിപ്പാൻ പാടുള്ളു. കവീശ്വരന്മാരായിരുന്ന ഗ്രന്ഥകർത്താക്കൾ കർണ്ണരസം മനോരസം മുതലായവയെ ജനിപ്പിപ്പാൻ, ഉള്ളതും ഇല്ലാത്തതും കൂട്ടിക്കെട്ടി ചേർത്തു കേമമായി വർണ്ണിച്ചിരിക്കുന്ന സംഗതികളെ, ആരാഞ്ഞു നോക്കിയതിൽ വിശ്വാസയോഗ്യമായവ എത്രയോ ചുരുക്കമെന്നു കണ്ടിരിക്കുന്നു.

ആര്യാഗമം

മദ്ധ്യാസയിൽ നിന്നു പൂർവത്തിൽ ഏതോ ഒരു കാലത്തു, പടിഞ്ഞാറേ ാട്ടും തെക്കോട്ടും കുടിയിരിപ്പാനായി പോയ ഗോത്രക്കാരിൽ ഒരു കൂട്ടർ ഇന്ത്യയിൽ വന്നു, പൂർവ നിവാസികളെ മലകളിലും കാടുകളിലും ഓടിച്ചുകളഞ്ഞു, ഹിന്ദുസ്ഥാനത്തിൽ പാർത്ത പ്രകാരം ചരിത്രങ്ങളിൽ കാണുന്നു. പടിഞ്ഞാറോട്ടു പോയവർ യവന, ഗർമ്മാന്യ മുതലായ രാജ്യങ്ങളിൽ കുടിയേറി പാർത്തു. തെക്കുകിഴക്കോട്ടു പോയവരാകുന്നു ആര്യഗോത്രക്കാർ. ഇവരുടെ ഭാഷയായിരുന്നു സംസ്കൃതം. ഇവർ പഞ്ചനദത്തിൽ കുടിയിരുന്നു. കാലപ്പഴക്കം ചെന്നപ്പോൾ ഇവരിൽ സൂര്യവംശം എന്നും ചന്ദ്രവംശം എന്നും രണ്ടു രാജസ്വരൂപങ്ങൾ ഉണ്ടായി. ഇവർ അയോദ്ധ്യയിലും മിഥിലരാജ്യത്തിലും വാണുകൊണ്ടു അന്യോന്യം പൊരുതുജയിച്ചു. ഇക്കാലത്തു നടന്ന യുദ്ധങ്ങളത്രേ മഹാഭാരതരാമായണങ്ങളിൽ വർണ്ണിച്ചു കിടക്കുന്നതു.

മഹാഭാരതയുദ്ധം

ഹസ്തിനാപുരി കൈവശമാക്കുവാനായി പാണ്ഡവരും നൂററവരും തമ്മിൽ ഉണ്ടായ കഠോരപോരിൽ പാണ്ഡവർ ജയിച്ചു; എങ്കിലും അവർ തപസ്സു ചെയ്വാനായി മലകളിലേക്കു പൊയ്ക്കളഞ്ഞു. ഈ യുദ്ധം നടന്നതു ക്രിസ്താബ്ദത്തിന്നു മുമ്പു 1300-ൽ ആയിരുന്നു; എങ്കിലും വിശേഷ കൃതിയായി ഈ ഭാരതം ആയിരം സംവത്സരം കഴിഞ്ഞ ശേഷം ഉണ്ടായ വേദവ്യാസൻ അത്രേ ചമെച്ചതു. പാണ്ഡവവിക്രമവീരരിൽ പ്രധാന നായകൻ ശ്രീകൃഷ്ണൻ ആയിരുന്നു. പാണ്ഡവരുടെ അനന്തരവർ പിന്നേ വളരെകാലം ഇന്ദ്രപ്രസ്ഥം എന്ന ദിൽഹിയിൽ വാണുകൊണ്ടിരുന്നു.

രാമായണയുദ്ധം 1200 ക്രി. മു.

ഭാരതയുദ്ധം കഴിഞ്ഞാൽ പിന്നേ പ്രധാനമായതു രാമായണത്തിൽ വർണ്ണിച്ചിരിക്കുന്ന രാവണവധമാണ. അയോധ്യാ രാജാവായ ദശരഥൻെറ മകനായ ശ്രീരാമൻ ദക്ഷിണരാജ്യത്തിൽ കടന്നു, വാനരരെന്നു പറയുന്ന കാട്ടാള

ജാതികളെ പടചേർത്തു, ലങ്കയിൽ പോയി യുദ്ധം ചെയ്തു, രാവണനെ ജയിച്ചു. ഈ യുദ്ധം ക്രിസ്താബ്ദത്തിനു മുമ്പു 1200-ൽ നടന്നു എങ്കിലും ഈ ഗ്രന്ഥം ആയിരംകൊല്ലം കഴിഞ്ഞശേഷം ഉണ്ടായ -കവിശ്രേഷ്ഠനായ വാല്മീകി ചമെച്ചതാണ.

മാനവധർമ്മശാസ്ത്രം

ക്രിസ്താബ്ദത്തിനു മുമ്പു 900-ൽ ഉണ്ടായ മാനവധർമ്മശാസ്ത്രം ഹിന്ദുജാതി ധർമ്മങ്ങളെയും മര്യാദകളെയും വിവരിക്കുന്നു. ബ്രഹ്മ, ക്ഷത്ര്യ, വൈശ്യ, ശൂദ്രകുലങ്ങളെയും അവരുടെ ജാതിപ്രവൃത്തികളെയും കുറിച്ചു ഇതിൽ വിവരമായി പറയുന്നുണ്ടു. ഇതിൽ പിന്നേ സംഭവിച്ച സംഗതികളെ പററി അല്പമായൊരു അറിവുപോലും കിട്ടീട്ടില്ല. ആ ഇടയിൽ വാണ രാജാക്കളുടെ പേരുകൾ ഓരോ പഴയ നാണിയങ്ങളിലും ചില അപൂർവ്വകല്കൊത്തുകളിലും കാണ്മാനുണ്ടു.

ബുദ്ധമുനി ക്രി.മു.

ക്രിസ്താബ്ദത്തിന്നു മുമ്പു 598-543ൽ ബുദ്ധമതനിർമ്മിതനായ ശാക്യമുനി ജീവിച്ചിരുന്നു. അവൻ ജാതിഭേദം വിഗ്രഹസേവ മുതലായ അനാചാരങ്ങളെ ഇല്ലായ്മ ചെയ്വാൻ ഉത്സാഹിച്ചു തന്റെ മതം പലനാടുകളിൽ പരത്തുവാൻ ശ്രമിച്ചു.

ദാര്യാക്രമം.

ക്രിസ്താബ്ദം 521-ൽ പാർസ്യരാജാവായ ദാര്യൻ ഇന്ത്യയെ ആക്രമിച്ചു. ഇതത്രേ അന്യജാതിക്കാരുടെ ആക്രമങ്ങളിൽ ഒന്നാമത്തേതു. ഇവൻ കാബൂൾ രാജ്യത്തെ കൈവശമാക്കിയശേഷം ഇന്ത്യയിലേക്കു കടന്നു പഞ്ചനദം, സിന്ധ്യ എന്ന രാജ്യങ്ങളെ സ്വാധീനപ്പെടുത്തി, ആ നാടുകളിലേ രാജാക്കന്മാരോടു കപ്പംവാങ്ങി പോന്നു. ഈ ദാര്യൻ ഇന്ത്യയിൽ നിന്നു സിന്ധുനദിയുടെ ഹിന്ദുസമുദ്രത്തിലേക്കു കടന്നു അറബിയെ ചുററി ചെങ്കടൽവരെ കപ്പൽവഴിയായി മടങ്ങി പോയി.'

' കേരള ഗസററിയർ എഡിററർ ഡോ.കെ.എൻ. ഗണേശ് കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പുവഴി പ്രസിദ്ധീകരിച്ച *കേരളത്തിന്റെ ഇന്നലെകൾ*(1990) എന്ന ചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: 'കേരളീയന്റെ ഭൂമിശാസ്ത്രപരമായ ജ്ഞാനം പരിമിതമായിരുന്നു. മററുനാടുകളിൽനിന്ന് കച്ചവടക്കാരും കുടിയേററക്കാരും കേരളത്തിൽ വന്നതല്ലാതെ കേരളീയർ കാര്യമായി പുറത്തു പോകാത്തതുകൊണ്ടാകാം അത്.' കേരളത്തിൽ നിന്നുള്ള കപ്പലോട്ടക്കാരെയും വണിക്കുകളെയും കുറിച്ചുള്ള വ്യക്തമായ അറിവുകൾ ലഭ്യമായിരിക്കെ ഭൂമിശാസ്ത്രപരമായ അജ്ഞതയ്ക്കു മററു കാരണങ്ങൾ കണ്ടെത്തേണ്ടി വന്നേക്കും. ഏതായാലും ഇന്നു നാം പഠിക്കുന്ന തരത്തിലുള്ള ഭൂമിശാസ്ത്രം വിദേശത്തു നിന്നു ഇറക്കുമതി ചെയ്തതാണ്. അതു പരിചയപ്പെടുത്തിത്തന്നത് ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകരായ മിഷണറിമാരാണ്. 1853-ൽ കോട്ടയം ചർച്ചു മിഷൻ പ്രസിൽ 222 പുറമുള്ള *ഭൂമിശാസ്ത്രം* അച്ചടിച്ചു. പ്രശസ്തനായ ജോസഫ് പീററായിരുന്നു ഗ്രന്ഥകർത്താവ്. ആനുഷംഗികമായി സൂചിപ്പിക്കട്ടെ, കോട്ടയത്തു പ്രവർത്തിച്ച മിഷണറിമാരിൽ മലയാള ഭാഷയ്ക്കു വളരെയേറെ വിലപ്പെട്ട സേവനം

ഭൂമിശാസ്ത്രം

GEOGRAPHY

BY THE

Rev. JOSEPH PEET.

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1853.

1853-ൽ കോട്ടയം CMS പ്രസിൽ അച്ചടിച്ച ജോസഫ് പീറ്റിന്റെ ഭൂമിശാസ്ത്രം

By Courtesy of Tübingen University Library

അനുഷ്ഠിച്ച വ്യക്തിയാണ് പീററ്. *ഫുൽമോനി* എന്നും *കോരുണ* എന്നും *പേരായ രണ്ട് സ്ത്രീകളുടെ കഥ*, ഒന്നിലേറെ മലയാള വ്യാകരണങ്ങൾ, ഇപ്പോൾ സൂചിപ്പിച്ച *ഭൂമിശാസ്ത്രം* എന്നിവ മാത്രം പരിഗണിച്ചാൽ മതി അദ്ദേഹത്തിനു മലയാള ഭാഷാ ചരിത്രത്തിൽ ആചാര്യപദവി നൽകാൻ. യൂറോപ്പിലെയും ഏഷ്യയിലെയും രാജ്യങ്ങളെക്കുറിച്ചു വിശദമായ വിവരങ്ങൾ പീററിൻെറ ഗ്രന്ഥത്തിലുണ്ട്. പീററിൻെറ ഗദ്യശൈലി സരളവും പ്രസന്നവുമാണ്. ഗ്രന്ഥശൈലി വ്യക്തമാക്കാൻ സ്വിററ്സർലണ്ടിനെക്കുറിച്ചുള്ള ഭാഗം ഇവിടെ ഉദ്ധരിക്കാം.

സ്വിർത്ത്സർല്ലാണ്ട എന്ന ദേശത്തെ കുറിച്ച

അതിരുകൾ: സ്വിർത്ത്സർല്ലാണ്ട എന്ന ദേശത്തിൻെറ വടക്കെ ഭാഗം ജെർമനിയാലും കിഴക്ക ഓസ്ട്രിയയാലും തെക്ക് ഇത്തലിയാലും പടിഞ്ഞാറ ഫ്രാൻസിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ-ബേർൻ എന്നും ഫ്രുബുർഗ്ഗ എന്നും സൊലഥൻ എന്നും ബാസൽ എന്നും ലൂസെർൻ എന്നു ഉണ്ടേർവാൽദെൻ എന്നും ഉറി എന്നും ഷപ്ടസ എന്നും സൂറിക്ക എന്നും സുഗ്ഗ എന്നും ഗ്ലറുസ്സ എന്നും അപ്പെൻസൽ എന്നും ഷാഫ്ഹാസെൻ എന്നും ഗ്രിസൊൻസ എന്നും വലായിസ എന്നും ജെനവാ എന്നും നിയഫ്ഗ്ദാത്തെൽ എന്നും സന്തഗാൽ എന്നും കൊൻസ്കാൾസ എന്നും അർഹൊവിയാ എന്നും വാഡ അല്ലെങ്കിൽ ലിമാൻ എന്നും തെസ്സിൻ എന്നും ആകുന്നു.

പ്രധാന നഗരികൾ-ഓരോ പ്രധാന അംശത്തിൽ ഓരോ നഗരി ഉണ്ട്. അവയുടെ പേരുകൾ മിക്കവയും അംശങ്ങളുടെ പേരുകളെ പോലെ ആകുന്നു.

മലകൾ-യൂറോപ്പിലുള്ള എല്ലാം ദേശങ്ങളെക്കാളും സ്വിർത്ത്സർല്ലാണ്ട തുലോം മലമ്പ്രദേശം ആകുന്നു. ആ മലകളിൽ ഏററവും ഉയരമുള്ളവയുടെ പേരുകൾ റീത്യാൻ ആൽപ്സ എന്നും ഹെൽവിത്യൻ അൽപ്സ എന്നും സന്തഗൊരുഡ എന്നും മോന്തബ്ലാങ്ക എന്നും സന്തബെർന്നാഡ എന്നും മൌന്തജുറാ എന്നും ആകുന്നു.

കായലുകൾ-കൊൻസ്കാൻസ, ജെനെവാ എന്നും നിയഫ്ശർത്തെൽ എന്നും ലൂസെൻ എന്നും സുഗ്ഗ എന്നും വാല്ലെൻസ്കാഡ എന്നും ബ്ലൈയന്ത്സ എന്നും തുൻ എന്നും ആകുന്നു.

ആറുകൾ-രീൻ എന്നും രോൻ എന്നും ആർ എന്നു റുസ്സ എന്നു ലിമ്മാത്ത എന്നും തെസ്സിനൊ എന്നും ഇൻ എന്നും ആകുന്നു.

ദേശരൂപം-എല്ലാ ദേശങ്ങളിൽ ഉള്ളതിനെക്കാളും സ്വിർത്ത്സർല്ലാണ്ടിലുള്ള ദിക്കുകളുടെ കാഴ്ച തുലോം വ്യത്യാസമുള്ളതാകുന്നു. ചില ദിക്കുകൾ എല്ലായ്പോഴും ഹിമം കൊണ്ടു മൂടപ്പെട്ടിരിക്കുന്നു. പല സ്ഥലങ്ങളിൽ ഗ്ലസീയസ എന്ന പേർ പറയുന്ന ഉറച്ച നീർ കിടക്കുന്നു. ഇതിനെ കണ്ടാൽ സമുദ്രം പെരുങ്കാററകൊണ്ട അടച്ചിരിക്കുന്ന സമയത്ത ഉറച്ച പോയി എന്ന തോന്നും. ചില ദിക്കുകൾ മുന്തിരിങ്ങാത്തോട്ടങ്ങളും കൃഷിസ്ഥലങ്ങളും നല്ല തരമായ വൃക്ഷങ്ങളും കൊണ്ട നിറഞ്ഞിരിക്കുന്നു. ഈ വ്യത്യാസമുള്ള പ്രദേശങ്ങൾ അടുത്തടുത്തിരിക്കകൊണ്ട അവയെ കണ്ടാൽ ബഹു അതിശയം തോന്നുന്നതിന്ന ഇടയുണ്ട.

ക്ലൈമെട്ട-ദേശരൂപം എന്ന പോലെ സ്വിർത്ത്സർല്ലാണ്ടിലെ ക്ലൈമെട്ട പൊരുത്ത വ്യത്യാസമുള്ളതാകുന്നു. ചില ദിക്കുകളിലെ ശീതോഷ്ണം തക്കതായുള്ളതും ചില സ്ഥലങ്ങളിലേത് ബഹു തണുപ്പുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ-മലകളുടെ ചരിവുകളിൽ നല്ല മുന്തിരിങ്ങാ തോട്ടങ്ങളും വൃക്ഷാദികളും ധാന്യങ്ങളും ഉണ്ട. എന്നാൽ കൃഷിക്ക ആ ദേശം അത്ര നല്ലതല്ല. മേച്ചിലിന്നായിട്ട നന്നുതന്നെ. കാട്ടുമൃഗങ്ങളിൽ പ്രത്യേകമായിട്ടുള്ളവ ഐബക്സ എന്ന പേർ പറയുന്ന ഒരുമാതിരി ആടും ഷെമൊയിസ എന്ന പേർ പറയുന്ന ഒരുമാതിരി ആടും മാർമ്മോട്ട എന്ന പേർ പറയുന്ന ഒരു മാതിരി എലിയും ആകുന്നു. ഇവ കൂടാതെ യൂറോപ്പിലുള്ള മററ ദേശങ്ങളിലെ പോലെ നാല്ക്കാലിമൃഗങ്ങളും പക്ഷികളും ഉണ്ട. വെള്ളിയും ചെമ്പും ഈ ഇരിമ്പും ഉള്ള തുരങ്കങ്ങളും ഉണ്ട. കണ്ണാടിയുടെ തെളിവുപോലെയുള്ള സ്ഫടിക്കക്കല്ലുകളും മററ രത്നക്കല്ലുകളും മലകളിൽ നിന്ന കിളച്ച എടുക്കുന്നുണ്ട.

കൈവേലകളും വ്യാപാരവും-സന്തഗാൽ എന്ന പ്രദേശത്തിൽ ചണശീലത്തരങ്ങൾ ഉണ്ടാക്കപ്പെടുന്നു. ജെനെവായിൽ ഉണ്ടാക്കുന്ന ചെറിയ നാഴികമണികൾ ശ്രുതിപ്പെട്ടതാകുന്നു. ചില ദിക്കുകളിൽ പട്ടും അച്ചടിച്ച പഞ്ഞിശീലത്തരങ്ങളും ഉണ്ടാക്കപ്പെടുന്നു. വ്യാപാരം വിശേഷമായിട്ടില്ല.

പഠിത്വവും മതവും-പഠിത്വവും ജ്ഞാനവും ഉള്ളവർ ഈ ദേശത്തിൽ വളരെ ഉണ്ട. ചില ആളുകൾ പ്രൊത്തസ്താന്തകാരും മററ ചിലർ റോമ മതക്കാരും ആകുന്നു.

വിശേഷാദികൾ-പണ്ടത്തെ കാലങ്ങളിൽ ഈ ദേശത്തിന്റെ പേർ ഹെൽവിത്യാ എന്ന ആയിരുന്നു. കാലക്രമം കൊണ്ട അത ഓസ്ട്രിയ രാജാവിന്റെ അധികാരത്തിന്ന കീഴിൽ അകപ്പെട്ടുപോയി. എന്നാൽ 500 ചില്വാനം സംവത്സരം മുമ്പെ ഓസ്ട്രിയക്കാരനായ ഗൈസ്സ്ലർ എന്ന പേരുള്ള നാടുവാഴി സ്വിർത്തർല്ലാണ്ടിനെ ഭരിച്ചു. അവൻ മഹാ ഡംഭുള്ളവനും ജനങ്ങളെ നശിപ്പിച്ചവനും ആയിരുന്നു. അവൻ തന്റെ തൊപ്പി ഒരു കുററിയിന്മേൽ വെച്ച കുടിയാന്മാർ അവനെ വണങ്ങി മാനിച്ച വന്ന പ്രകാരം തന്നെ ആ തൊപ്പിയെ മാനിക്കെണം എന്ന വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ വില്ലിയം തെൽ എന്ന പേരുള്ളവൻ അതിനെ അനുസരിച്ചില്ല. അതകൊണ്ട അവന്റെ പേരിൽ ആവലാധിബോധിപ്പിച്ചാറെ വില്ലിയംതെൽ തന്റെ മകന്റെ തലയിന്മേൽ അപ്പൾ എന്ന ഒരു ചെറിയ പഴം വെച്ച അപ്പൻ തന്നെ അതിനെ അമ്പ എയ്ത ഖണ്ഡിക്കെണം എന്ന നാടുവാഴി തീർപ്പാക്കുകയും ചെയ്തു. അപ്രകാരം വില്ലിയംതെൽ തന്റെ മകന്ന ഒരു ദോഷം പോലും വരാതെ ആ പഴത്തെ എയ്ത രണ്ടായിട്ടു പിളർക്കയും ചെയ്തു. എന്നാൽ അവന്റെ ആവനാഴികയിൽ ഒരു അമ്പു കൂടെ ഉണ്ടെന്ന കണ്ടിട്ട അത എന്തിന്ന എന്ന നാടുവാഴി ചോദിച്ചപ്പോൾ മറെറ അമ്പകൊണ്ട എന്റെ മകനെ ഞാൻ കൊന്നുപോയി എന്നവരികിൽ ഇതകൊണ്ട നിന്നെയും കൊന്നകളയെണം എന്ന ഞാൻ ഉറപ്പായിട്ട നിശ്ചയിച്ചിരുന്നു എന്ന വില്ലിയംതെൽ ഉത്തരമായിട്ടു പറഞ്ഞു. അത കേട്ടാറെ നാടുവാഴി കോപം പൂണ്ട അവനെ കൂട്ടികൊണ്ടു പൊയി പാറാവ ഗുഹയിൽ ആക്കെണം എന്ന കല്പിച്ചാറെ വില്ലിയംതെൽ

വഴിയിൽ വെച്ച ഓടിപൊയ്ക്കളഞ്ഞു. പിന്നെ കുടിയാന്മാർ എല്ലാവരും മത്സരിച്ച ഓസ്ട്രിയ രാജാവിന്റെ അധികാരത്തെ ഉപേക്ഷിച്ച കളഞ്ഞു. അന്ന മുതൽ സ്വിർത്ത്സർല്ലാണ്ടിൽ രാജാധികാരം ഇല്ലാതെ ജനാധിപത്യം തന്നെ ആയിരിക്കുന്നു. അത എന്തെന്നാൽ മേൽ പറഞ്ഞ പല പ്രദേശങ്ങളിൽ ഓരോന്നിൽ ജനങ്ങൾ തങ്ങളിൽ നിന്ന തന്നെ അധികാരികളെ നിശ്ചയിച്ച ആക്കി അവരെകൊണ്ട തന്നെ ആതാത പ്രദേശങ്ങളിലെ കാര്യങ്ങളെ നടത്തിച്ച വരുന്നു. എന്നാൽ സ്വിർത്ത്സർല്ലാണ്ട എന്ന ദേശം എല്ലാ രക്ഷിപ്പാനായിട്ടും എല്ലാം പ്രദേശങ്ങളിലുമുള്ളവർക്ക ഒരുപോലെ വേണ്ടുന്ന ചില കാര്യങ്ങളെ നടത്തിപ്പാനായിട്ടും ഓരോരൊ പ്രദേശത്തിൽ ആളിനെ നിശ്ചയിക്കയും ആ നിശ്ചയിക്കപ്പെട്ട ആളുകളെ കൊണ്ട പൊതുവിലുള്ള കാര്യങ്ങളെ നടത്തിക്കുകയും ചെയ്തവരുന്നു. ആ ആലോചന സഭയ്ക്ക ഡൈയെട്ട എന്ന പേർ പറഞ്ഞുവരുന്നു.

സ്വിർത്ത്സർല്ലാണ്ടിൽ അവലാണ്സ ഉണ്ട. അത എന്തെന്നാൽ മലകളുടെ മേൽ കിടക്കുന്ന ഹിമം ചിലപ്പോൾ വലിയ കൂട്ടങ്ങളായിട്ട താഴത്തേക്ക് ഉരുണ്ടു വീഴും ഉരുണ്ട വരുന്തോറും പിണ്ഡഭാഷയായിട്ട തീർന്ന ചുററും കിടക്കുന്ന ഹിമവും ഉറച്ച നീരും കൂടടെകൂടീട്ട വലുതായി വലുതായി ഭവിക്കയും ചെയ്തിട്ട മനുഷ്യരെയും മൃഗാദികളെയും ചിലപ്പോൾ വലിയ ഗ്രാമങ്ങളെയും മൂടി നശിപ്പിക്കയും ചെയ്യും. സ്വിർത്ത്സർല്ലാണ്ടകാർ ധൈര്യത്തിന്നും പരമാർത്ഥത്തിന്നും തങ്ങളുടെ ദേശത്തെ കുറിച്ചുള്ള സ്നേഹത്തിന്നുമായിട്ട കീർത്തിപ്പെട്ടവരാകുന്നു.'

കേരളത്തിലെത്തിയ കാലംമുതൽ ഹെർമൻ ഗുണ്ടർട്ടു ദേശചരിത്രത്തിൽ സജീവതാല്പര്യം പുലർത്തിയിരുന്നു. അതിന്റെ ഭാഗമായി അദ്ദേഹം ശേഖരിച്ച വിവരങ്ങൾ പാഠപുസ്തക രൂപത്തിൽ അവതരിപ്പിച്ചതാണ് *മലയാള രാജ്യം-ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം*. 1869-ൽ മംഗലാപുരത്ത് അച്ചടിച്ച പകർപ്പാണ് ഇതെഴുതുന്നയാൾ കണ്ടിട്ടുള്ളത്. ബാസൽ മിഷൻ റിപ്പോർട്ടിൽ കാണുന്നതനുസരിച്ച് *(Report of the Basel Evangelical Missionary Society for 1869, Mangalore 1870 : 27)* ഇതാണ് ആദ്യപതിപ്പ്. അന്ന് 3000 കോപ്പി അച്ചടിച്ചതായി കാണുന്നതിനാൽ ഇതു പാഠപുസ്തകമായി ഉപയോഗിച്ചിരുന്നു എന്നു കരുതണം. പാഠപദ്ധതിക്കു പാശ്ചാത്യ രീതിയിലുള്ള ശാസ്ത്രീയത നൽകണം എന്ന ഉദ്ദേശത്തോടുകൂടി തയ്യാറാക്കിയതാണ് *മലയാള രാജ്യം* എന്ന എ.ഡി.ഹരിശർമ്മ സാക്ഷ്യപ്പെടുത്തുകയും (കെ. പി. വറീദ്. *ഡോ. ഹെർമൻ ഗുണ്ടർട്ട് 1973: 127)* ചെയ്യുന്നു. മദിരാശിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറായിരുന്ന ആർബത്നോട്ടിനു ഗുണ്ടർട്ട് എഴുതിയ കത്തിൽ ഭൂമിശാസ്ത്രത്തെ കുറിച്ചു പരാമർശമുണ്ട്: *ലൊകചരിത്ര സംക്ഷെപവും ഭൂമിശാസ്ത്രവും* ഇനിയൊരു ആലോചനയും കൂടാതെ ചെയ്യാവുന്നതാണ്. (*ഡോ. ഹെർമൻ ഗുണ്ടർട്ട്*, ഡിസിബി 1991:136) ഇവിടെ സൂചിപ്പിക്കുന്ന *ഭൂമിശാസ്ത്രത്തിന്റെ* വികസിത രൂപമായിരിക്കില്ലേ *മലയാള രാജ്യം?* മംഗലാപുരത്തു നിന്നും *ഭൂമിശാസ്ത്രം* എന്ന പേരിൽ പല പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചതായി അക്കാലത്തെ റിപ്പോർട്ടുകളിൽ കാണാം. *മലയാള രാജ്യം* പ്രസിദ്ധീകരിച്ച 1869-ൽ *ഭൂമിശാസ്ത്രം* എന്ന ശീർഷകത്തിൽ 136 പുറമുള്ള

MALABAR
und die
Nilagiri od. blaue Berge,
nach den Angaben von
Miss. Dr. Gundert.
Verjüngung = 1:1,10000
Kannanur
Talatscheri
Mahe
Kolikodu
Wadagara
Hardanhalli
Tarkanundi
INDISCHER OCEAN

മററൊരു ഗ്രന്ഥം കൂടി പ്രകാശിതമായി. *Clifts Geography in Malayalam* എന്ന ഇംഗ്ലീഷ് ശീർഷകം അതിനുണ്ട്. അതിൽ ശബ്ദാവലി പ്രത്യേകം ചേർത്തിരിക്കുന്നു. മലയാള പള്ളിക്കൂടങ്ങളുടെ പ്രയോജനത്തിന്ന എന്നു പുറം ചട്ടയിൽ കാണാം.

ചരിത്രവും ഭൂമിശാസ്ത്രവും ഗുണ്ടർട്ടിനു ചെറുപ്പംമുതൽ താല്പര്യമുള്ള വിഷയങ്ങളായിരുന്നു. മൗൾബ്രോണിലെ സ്കൂളിലും ട്യൂബിങ്ങൻ സർവകലാശാലയിലും അദ്ദേഹം ഈ വിഷയങ്ങൾ പഠിച്ചു. ഇങ്ങനെ ലഭിച്ച സാങ്കേതിക പരിശീലനം അദ്ദേഹത്തിന് കേരളത്തിൽ പ്രയോജനപ്പെട്ടു. ഭൂപടം വരച്ചുണ്ടാക്കുന്നതിൽ സമർത്ഥനായിരുന്നു ഗുണ്ടർട്ട്. അദ്ദേഹത്തിൻെറ കത്തുകളിലും ഡയറിയിലും പെട്ടെന്നു വരച്ച ഭൂപടങ്ങൾ കാണാം. കർണ്ണാടകത്തിലെ ഉഡുപ്പി ജില്ലയുടെയും മലബാറിൻെറയും വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അദ്ദേഹം വരച്ച ഭൂപടങ്ങൾ ശ്രദ്ധേയങ്ങളാണ്.

മലയാള രാജ്യം ഇവിടെ പൂർണ്ണരൂപത്തിൽ ചേർക്കുന്നു. ഇങ്ങനെ തീരുമാനിക്കാൻ പല കാരണങ്ങളുണ്ട്. ഒന്നാമത് കേരളത്തിൽ അത്യന്ത വിരളമാണ് ഇതിൻെറ പകർപ്പുകൾ. ഉള്ളൂരിൻെറ *കേരള സാഹിത്യ ചരിത്രത്തിൽ* പോലും ഇതേക്കുറിച്ചു പരാമർശമില്ല. 1869-ലെ പകർപ്പ് മദിരാശി ആർക്കൈവ്സിലും 1877 ലെ പകർപ്പ് കേരള സാഹിത്യ അക്കാദമിയിലെ കൃഷ്ണ കല്യാണി ഗ്രന്ഥശേഖരത്തിലും ഉള്ളതായി മലയാള ഗ്രന്ഥസൂചിയിൽ കാണുന്നു. 1887-ൽ ഇതിനു മററൊരു പതിപ്പുണ്ടായി.

ഒതുക്കമുള്ള കേരള ചരിത്രമാണ് *മലയാള രാജ്യത്തിലുള്ളത്.* ദേശചരിത്രം മാത്രമല്ല അന്നത്തെ കേരളത്തിൽ, വിശിഷ്യ മലബാറിലുണ്ടായിരുന്ന പട്ടണങ്ങൾ, അങ്ങാടികൾ, വിഭവങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുള്ള റഫറൻസ് ഗ്രന്ഥം കൂടിയാണ് *മലയാള രാജ്യം*. ജനതയുടെ ചരിത്രം തേടുന്നവർക്കും *മലയാള രാജ്യം* പ്രയോജനപ്പെടും. ഗുണ്ടർട്ടു നൽകുന്ന വിവരങ്ങൾ എത്രത്തോളം ശാസ്ത്രീയവും കൃത്യവുമായിട്ടുണ്ട് എന്നു ഭാവി ഗവേഷകർ തീരുമാനിക്കട്ടെ. പെട്ടെന്നുള്ള മൂല്യനിർണയനത്തിനു വഴങ്ങുന്ന തരത്തിലല്ല ഗ്രന്ഥത്തിൻെറ പരിപ്രേക്ഷ്യം.

സമൂഹഭാവനയും ചിന്താരീതിയും പ്രതിഫലിപ്പിക്കുന്ന *പഴഞ്ചൊല്ലുകൾ* സമാഹരിച്ച് ഉപയോഗിക്കാൻ ഗുണ്ടർട്ടു നടത്തിയ ശ്രമങ്ങൾ വിശദമായ പരിഗണന അർഹിക്കുന്നു. ക്രിസ്തുമത പ്രചാരണത്തിനു മലയാള പഴഞ്ചൊല്ലുകൾ ഉപയോഗിക്കാനുള്ള ശ്രമമാണ് 1845-ൽ തലശ്ശേരിയിൽ അച്ചടിച്ച *പഴഞ്ചൊൽമാലയിൽ* കാണുന്നത്. പഴഞ്ചൊൽമാല പൂർണ്ണരൂപത്തിൽ, ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ *വജ്രസൂചി* (1992) എന്ന വാല്യത്തിൽ ചേർത്തിട്ടുണ്ട്. 1846-ൽ *അറുനൂറു പഴഞ്ചൊൽ* തലശ്ശേരിയിൽ അച്ചടിച്ചു. ഇതിൻെറ പകർപ്പു കണ്ടിട്ടില്ല. 1850ൽ തലശ്ശേരിയിലെ 'ഛാപിത'ത്തിൽ നിന്നു *ഒര ആയിരം പഴഞ്ചൊൽ* അച്ചടിച്ചിറക്കി. 1868-ൽ മംഗലാപുരത്തുനിന്ന് ഒരു *ആയിരം പഴഞ്ചൊൽ* പ്രസിദ്ധീകരിച്ചു. തലശ്ശേരിയിലും മംഗലാപുരത്തും അച്ചടിച്ച പതിപ്പുകളിൽ തൊള്ളായിരത്തി തൊണ്ണൂറു പഴഞ്ചൊൽ വീതമേ ഉള്ളൂ. തലശ്ശേരിയിൽ അച്ചടിച്ച പുസ്തകത്തിൽ 678 കഴിഞ്ഞു 689 വരെയുള്ള പത്തു നമ്പറുകൾ വിട്ടുപോയി. മംഗലാപുരംപതിപ്പിൽ ഈ പിഴ

ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എങ്കിലും ഗ്രന്ഥനാമത്തിൽ മാററം വരുത്തിയില്ല. മലയാളം അച്ചടി, ലിപിപരിണാമം എന്നിവയെക്കുറിച്ചെല്ലാം വിശദമായി പഠിക്കുന്നവർക്കു പ്രയോജനപ്പെടുന്നവയാണ് പഴഞ്ചൊല്ലിൻെറ തലശ്ശേരി-മംഗലാപുരംപതിപ്പുകൾ. വിശദവിവരങ്ങൾക്കും താരതമ്യപഠനത്തിനും ചർച്ചയും പൂരണവും 1989 : 469 -472 കാണുക. പിൽക്കാലത്തു കൂടുതൽ പഴഞ്ചൊല്ലുകൾ കൂട്ടിച്ചേർത്ത് മംഗലാപുരത്തു നിന്ന് *ആയിരത്തിരുന്നൂറ് പഴഞ്ചൊൽ* പ്രസിദ്ധീകരിച്ചു. പുസ്തകത്തിൻെറ ഒന്നാം ഭാഗത്തു അകാരാദി ക്രമത്തിൽ *ഒര ആയിരം പഴഞ്ചൊല്ലി*ലെ തൊള്ളായിരത്തി തൊണ്ണൂറു പഴഞ്ചൊല്ലുകൾ ചേർത്തിരിക്കുന്നു; തുടർന്നു പുതുതായി ചേർത്ത ഇരുന്നൂററിപ്പത്തു പഴഞ്ചൊല്ലുകളും. പുതിയതായി ചേർത്തു കാണുന്ന പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നതിൽ ഗുണ്ടർട്ടിനു എന്തെങ്കിലും പങ്കുണ്ടായിരുന്നോ എന്നു നിർണ്ണയിക്കാനാവുന്നില്ല. ഏതായാലും ഈ സമാഹാരത്തിൽ ആയിരത്തിരുന്നൂറു പഴഞ്ചൊൽ ചേർത്തിരിക്കുന്നു.

പഴഞ്ചൊല്ലുകൾ ക്രോഡീകരിക്കുക മാത്രമല്ല അർഥം മുൻനിർത്തിയും ഭാഷാപരമായ സവിശേഷതകൾ പരിഗണിച്ചും വിശദമായി അപഗ്രഥിക്കാൻ ഗുണ്ടർട്ട് ഒരുമ്പെട്ടു. സമാനാർത്ഥകങ്ങളായ പഴഞ്ചൊല്ലുകൾ *ഒര ആയിരം പഴഞ്ചൊല്ലിൽ* ബ്രായ്ക്കററിൽ കൊടുത്തിരിക്കുന്ന ക്രമസംഖ്യകൾ കൊണ്ടു കണ്ടെത്താം. പഴഞ്ചൊല്ലുകൾ അക്ഷരമാല ക്രമത്തിൽ അടുക്കുന്നതോടെ ജോലി തീർന്നു എന്നു കരുതുന്നവരാണ് പിൽക്കാലത്തെ സമ്പാദകർ. ആശയ സമാനത, പരസ്പര പൂരകത്വം എന്നിവ പരിഗണിച്ചു പഴഞ്ചൊല്ലുകൾ വർഗീകരിക്കാനും വ്യാഖ്യാനിക്കാനുമാണ് *പഴഞ്ചൊൽ മാല*യിൽ ശ്രമിച്ചിരിക്കുന്നത്. ഇപ്പോൾ ലഭ്യമായ അയ്യായിരത്തോളം പഴഞ്ചൊല്ലുകൾ ഇത്രത്തോളമെങ്കിലും അപഗ്രഥിച്ചു പഠിക്കാൻ ഇന്നു നമുക്കു കഴിഞ്ഞിട്ടില്ല! പഴഞ്ചൊല്ലുകളുടെ വാചികഘടന, ആശയഘടന എന്നിവ മുൻനിറുത്തി മലയാളിയുടെ സാമൂഹിക മനസ്സിൻെറ ആഴങ്ങളിലേക്കു കടക്കുന്ന കാര്യം നാം ചിന്തിച്ചിട്ടുപോലുമില്ല. ആര്, ആരോട്, എപ്പോൾ, എങ്ങനെ പഴഞ്ചൊല്ലു പറയുന്നു എന്നതും വിശദമായ പഠനം അർഹിക്കുന്നുണ്ട്. പഴഞ്ചൊല്ലുകളെ മുൻനിറുത്തി നടത്തുന്ന ഇത്തരം പഠനങ്ങൾക്കു വിവിധ സാമൂഹിക ശാസ്ത്രങ്ങളിലും മാനവിക വിജ്ഞാനീയങ്ങളിലും പ്രസക്തിയുണ്ടെന്നു നമ്മുടെ പണ്ഡിതന്മാർ ഇനിയും മനസ്സിലാക്കിയിട്ടില്ല. പഴഞ്ചൊല്ലുകളിലെ സാമ്യ കല്പനകളിലൂടെ കടന്നു ചെന്നാൽ സാഹിത്യ രസികനും ശൈലീ പണ്ഡിതനും സാഹിത്യത്തിൻെറ ഉറവക്കണ്ണുകൾ കണ്ടെത്താൻ കഴിഞ്ഞേക്കും. കൂടുതൽ വിവരങ്ങൾക്ക് Claus, Peter Jetal. Indian Folklore, Central Institute of Indian Languages, Mysore Part I and II കാണുക. പഴമൊഴികളിലും ജനകീയ പാരമ്പര്യങ്ങളിലും മറഞ്ഞുകിടക്കുന്ന വിജ്ഞാനശകലങ്ങൾ തേടിപ്പിടിച്ചു മനുഷ്യനന്മയ്ക്കു വിനിയോഗിക്കാൻ ഇന്നു ഊർജിത ശ്രമങ്ങൾ നടക്കുന്നുണ്ട്. G.E.R. Lloyad: Science Folklore and Ideology, Cambridge University Press 1983 എന്ന ഗ്രന്ഥത്തിൽ പുരാതന ഗ്രീസിലെ ജീവശാസ്ത്ര സിദ്ധാന്തങ്ങൾ നാടോടിപ്പാരമ്പര്യങ്ങളിൽ നിന്ന് എങ്ങനെ കണ്ടെത്താം എന്നു പ്രതിപാദിച്ചിരിക്കുന്നു! നാടോടിപ്പാരമ്പര്യങ്ങളുടെ

പ്രാധാന്യം മലയാളിക്കു ബോധ്യപ്പെടുത്തി തന്ന ഗുണ്ടർട്ടിന്റെ മഹിമ കാലം ചെല്ലുംതോറും വർധിക്കയാണ്. ഗുണ്ടർട്ടിന്റെ സമാഹാരത്തിലെ പഴഞ്ചൊല്ലുകളിൽ കാണുന്ന പല വാക്കുകളും ഇന്നു വായനക്കാരനെക്കൊണ്ടു നിഘണ്ടു എടുപ്പിക്കുന്നു! അതും ഗുണ്ടർട്ടു നിഘണ്ടുതന്നെ വേണം. മലയാള ഭാഷയിലെ അനേകം പ്രാചീന പദങ്ങൾ അദ്ദേഹം സമാഹരിച്ച പഴഞ്ചൊല്ലുകളിലൂടെ ഇന്നു മലയാളിക്കു ലഭ്യമായിരിക്കുന്നു. അവയിൽ ദേശ്യപദങ്ങളും ഉണ്ടാകാം. അതും പഴഞ്ചൊൽ സമാഹാരങ്ങളുടെ പ്രാധാന്യം വർധിപ്പിക്കുന്നു.

മലയാള ഭാഷയിലെ പാഠപുസ്തകങ്ങളുടെ കഥ പറയുന്ന പല പണ്ഡിതന്മാരും 1868-ൽ നിന്നു തുടങ്ങുന്നു. ആ വർഷമാണ് കേരളവർമയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു പാഠപുസ്തക സമിതി പ്രവർത്തിച്ചു തുടങ്ങിയത്. കേരളവർമ വലിയകോയിത്തമ്പുരാൻ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പുരോഗതിക്കു വിലപ്പെട്ട സേവനങ്ങൾ നൽകിയിട്ടുണ്ട്. പാഠപുസ്തക സമിതി അധ്യക്ഷൻ എന്ന നിലയിൽ തിരുവിതാംകൂറിലെ പാഠ്യപദ്ധതി നവീകരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ നവീന പാഠപുസ്തകങ്ങൾ അദ്ദേഹത്തിന്റെ കാലത്താണ് ഉണ്ടായതു എന്ന ധാരണ തിരുത്തിയേ തീരു. അതിനു മുമ്പ് മംഗലാപുരത്തും തലശ്ശേരിയിലും കോട്ടയത്തും അച്ചടിച്ച ബഹുവിഷയകവും ശാസ്ത്രീയവുമായ പാഠപുസ്തകങ്ങൾ കണ്ടിട്ടുള്ളവർക്ക് ഇതംഗീകരിക്കാൻ നിവൃത്തിയില്ല. പാഠപുസ്തകരംഗത്തേക്കു തിരുവിതാംകൂർ സർക്കാർ ശ്രദ്ധ തിരിച്ചത് ഇക്കാലത്താണെന്നു കണക്കാക്കുക. സർക്കാർ കടന്നുവരുമ്പോൾ മാത്രമാണ് ഏതു മണ്ഡലത്തിലും ചരിത്രം തുടങ്ങുക എന്ന സങ്കല്പം വികലമാണല്ലോ. മിഷണറിമാരും വ്യക്തികളും നടത്തിയ അനൗദ്യോഗിക ശ്രമങ്ങൾ അവഗണിക്കാവുന്ന തോതിലും തരത്തിലുമായിരുന്നില്ല. പഴയ ചരിത്രങ്ങളെല്ലാം രാജചരിത്രങ്ങളായിപ്പോയി എന്നും ജനകീയ സംരംഭങ്ങളൊന്നും അവയിൽ നിഴലിക്കുന്നില്ലെന്നും ആക്ഷേപിക്കുന്ന നവീനർ പോലും ഉപാദാനങ്ങൾ ശേഖരിക്കാനുള്ള വൈമനസ്യം നിമിത്തമായിരിക്കാം പാഠപുസ്തക രംഗത്തുണ്ടായ അനൗദ്യോഗിക പരിശ്രമങ്ങളെ അവഗണിക്കുന്നു. മാതൃഭാഷയിലൂടെയുള്ള ശാസ്ത്രപഠനം ആദ്യമായി സാധ്യമാക്കിയതു ടെക്സ് ബുക്ക് കമ്മററിക്കാരുടെ പരിശ്രമങ്ങളാണ് എന്ന കെ.എൻ. ഗണേഷിന്റെ പ്രസ്താവം (കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 1990 : 285) ഒരു ഉദാഹരണം മാത്രം! ടെക്സ്ററ് ബുക്ക് കമ്മററിയുടെ കാലത്തിനു മുമ്പ് മലയാള നാട്ടിൽ പ്രചാരത്തിലിരുന്ന ഒന്നാംതരം പാഠപുസ്തകങ്ങൾ നമ്മുടെ പണ്ഡിതർ കണ്ടിരിക്കയില്ല! മലബാറിലും തിരുവിതാംകൂറിലും 1868 നു മുമ്പു പ്രചാരത്തിലിരുന്ന മികച്ച പാഠപുസ്തകങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ചർച്ചയും പൂരണവും 1989 എന്ന പ്രബന്ധത്തിൽ നൽകിയിട്ടുണ്ട്. അതിവിടെ ആവർത്തിക്കുന്നില്ല. മലയാള

പാഠപുസ്തക രചനയിൽ ഗുണ്ടർട്ടു നൽകിയ മാർഗദർശനം അല്പമൊന്നു വിവരിക്കേണ്ടിയിരിക്കുന്നു. 1845-ൽ അതായത് കേരളവർമ്മ ജനിക്കുന്നതിനു രണ്ടു വർഷം മുമ്പ്—തലശ്ശേരിയിലെ കല്ലച്ചിൽ മുദ്രണം ചെയ്തു ഗുണ്ടർട്ടിന്റെ *പാഠാരംഭം* പ്രസിദ്ധീകരിച്ചു. നവീന സമ്പ്രദായത്തിലുള്ള ആദ്യത്തെ മലയാള പാഠപുസ്തകം ഇതായിരിക്കണം. 1851-ൽ തലശ്ശേരിയിൽ അച്ചടിച്ച പാഠാരംഭം ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറിയിലുണ്ട്. അത് ഇവിടെ ഫോട്ടോ പകർപ്പായി അച്ചടിച്ചു ചേർത്തിരിക്കുന്നു. അക്ഷരമാലയിൽ തുടങ്ങി മഹാഭാരതം കിളിപ്പാട്ടോളം എത്തുന്ന ഈ പാഠപുസ്തകത്തിന്റെ സമഗ്രതയും ദർശനവും, കേരളീയതയും ഭാരതീയതയും ഗുണ്ടർട്ടെന്ന മഹാപ്രതിഭയ്ക്കു മലയാള പാഠപുസ്തക ചരിത്രത്തിൽ അഗ്രിമ സ്ഥാനം കല്പിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഈ സ്ഥാനത്തുനിന്നു അദ്ദേഹത്തെ ഒഴിവാക്കണമെങ്കിൽ മലബാർ പ്രദേശം കേരളത്തിന്റെ ഭാഗമല്ലെന്നു തെളിയിക്കേണ്ടി വരും! *പാഠാരംഭ*ത്തിന്റെ വികസിത രൂപമാണ് *വലിയ പാഠാരംഭം*. മംഗലാപുരം പ്രസ്സിൽ അച്ചടിച്ച 1871-ലെ പതിനൊന്നാം പതിപ്പും ട്യൂബിങ്ങൻ ലൈബ്രറിയിലും 1882-ലെ പതിമൂന്നാം പതിപ്പ് സ്വിററ്സർലണ്ടിലെ ബാസൽമിഷൻ ഗ്രന്ഥശേഖരത്തിലും ഈ ലേഖകൻ കണ്ടു. 1896-ൽ മംഗലാപുരത്തു പ്രസിദ്ധീകരിച്ച ഗുണ്ടർത്തു പണ്ഡിതരുടെ *ജീവചരിത്ര*ത്തിന്റെ പുറംചട്ടയിൽ, അദ്ദേഹത്തിന്റെ കൃതികളുടെ പട്ടികയിൽ, Malayalam Spelling and Reading Book, *വലിയ പാഠാരംഭം*, 39 പുറം, വില 2 അണ എന്നു കാണുന്നു. *വലിയ പാഠാരംഭ*ത്തിന്റെ ശാസ്ത്രീയത ബോധ്യപ്പെടുത്താൻ അതിലെ ആദ്യത്തെ ഏതാനും പുറങ്ങൾ ഇവിടെ ചേർക്കാം. അധ്യാപകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണിത്.

പേജ് 53/60 കാണുക)

അവതാരിക.

സംസ്കൃതസ്വരങ്ങളാമാദ്യമാമെഴുത്തുകൾ ।
സംസ്കൃതവൎഗ്ഗങ്ങളാം വ്യഞ്ജനങ്ങളും പിന്നെ ॥
സ്വരത്തിൽ കുറവാകും ദ്രാവിഡക്കൂട്ടങ്ങളും ।
സ്വരസംയുക്തമായ വൎഗ്ഗങ്ങൾ പിമ്പുണ്ടിതിൽ ॥

അന്തത്തിൽ ചേൎന്നീടുന്ന വൎഗ്ഗങ്ങളമ്പോടു ഞാൻ ।
അനുസ്വാരം കൂടുന്ന വൎഗ്ഗവുമുരച്ചിതു ॥
അന്തമാധമസ്ഥങ്ങൾ തന്നാലെ ഭവിക്കുന്നു ।
അക്ഷരസംയുക്തത്താൽ ഭേദങ്ങളനുക്രമാൽ ॥

അൎദ്ധാക്ഷരങ്ങളെല്ലാമൎദ്ധദേഹങ്ങളത്രെ ।
അൎത്ഥത്തെ കുറിപ്പിപ്പാനുണ്ടു സംഖ്യാവൎണ്ണവും ॥
രണ്ടാമംശത്തിൽ പിന്നെ കൂട്ടുവായനാപദം ।
ഉണ്ടലാം യത്നമേറെയില്ലാതെ കിടാക്കൾക്കും ॥

ഏകാക്ഷരികളാകും വാക്കുകളുടെ ശേഷം ।
ഏകസ്വരത്തിനോടു ചേരുമൎദ്ധാക്ഷരങ്ങൾ ॥
ഏകുന്നേൻ അമ്പോടിന്നു ബുദ്ധിയിൽ ദൃഢം ചെയ്യാൻ ।
ഏകദേശമെന്നല്ല ചാലവെ സമസ്തവും ॥

ത്വരിതം ബാലന്മാരിൽ ബുദ്ധിവൎദ്ധനത്തിന്നു ।
ദ്വിത്വാക്ഷരികളോടുമൎദ്ധാക്ഷരങ്ങൾ ചേൎന്നും ॥
വിഘ്നം കൂടാതെ തന്നെ കാണുന്നു ത്ര്യക്ഷരികൾ ।
ദ്വിഗുണിതങ്ങളാകും ബഹ്വക്ഷരികൾ താനും ॥

മൂന്നാമതാകും പങ്കിൽ വായനയാരംഭിച്ചു ।
മൂന്നും ഗുണമായുള്ള വാക്യം കഥിച്ചിട്ടഹോ ॥
പിന്നീടിൽ ബുദ്ധിവാക്കാം പഴഞ്ചൊൽ കാണ്ക ഭവാൻ ।
നിന്ദകളിക്കൂടാതെ നോക്കേണം നാലാം കഥ ॥

അനുതുല്യമായുള്ള ഏക ഉപമ കാണ്മിൻ ।
അനുതാപകഥയും കഥിച്ചതുമോൎക്കുമ്പോൾ ॥

വലിയ പാഠാരംഭം

By Courtesy of Basel Mission Archive Switzerland

അനുതാപം പൂണ്ടുടൻ ദൈവത്തെ തേടീടുവിൻ।
അനുരാഗഭാവേന ശബരീവാക്യം കേൾപ്പിൻ॥

മഹാഭാരതമാകും കൎണ്ണപൎവ്വത്തിൽനിന്നും।
സാഹസമുള്ള ബാലന്മാൎക്കു ബോധം വരുവാൻ॥
സഹദേവന്റെ വാക്യശ്ലോകങ്ങളുവസാനം।
സഹായം പഠിക്കുവാൻ സത്യദൈവമെന്നറി॥

മുഖവുര.

ഈ പാഠാരംഭത്തെ ഏറിയ കൊല്ലമായി ഗുരുക്കന്മാരുടെയും കുട്ടികളുടെയും ഉതവിക്കായിട്ടു തീൎത്തിരിക്കുന്നു. എന്നാൽ ഈ ചെറു പുസ്തകം കൊണ്ടു കുട്ടികൾക്കു വേണ്ടുന്ന ഉപകാരം വരേണ്ടതിന്നു ഗുരുക്കന്മാരുടെ സഹായം ആവശ്യം എന്നു സമ്മതം ഉണ്ടാകുമല്ലോ. ഓരോ ഗുരുക്കന്മാൎക്ക അവരുടെ പഠിപ്പുക്രമങ്ങൾ ഉണ്ടെങ്കിലും അവരവൎക്ക സലാം ചെയ്തു, നന്നായി എന്നു തോന്നുന്ന ചില ക്രമങ്ങളെ പറവാൻ തുനിയുന്നു. ബുദ്ധിമാന്മാർ സാരമായതു എടുത്താൽ മതി.

൧. അറിയാതവനെ പഠിപ്പിപ്പാൻ വളരെ വരുത്തം ഉണ്ടാകകൊണ്ടു ചില ഗുരുക്കന്മാർ ആ വക മുഷിച്ചൽ ശങ്കിച്ചു, ഓരോ ചെറിയ കുട്ടികളെ ഓരോ വലിയ കുട്ടികളുടെ കൈയിൽ അധികമായിട്ടു കൊടുത്തു വരുന്നു. അതിനാൽ പല തിന്മകൾ ഉണ്ടാകുന്നു. കുട്ടികൾ വെടിപ്പായിട്ടു പഠിക്കാതെ, ഏറിയ സമയം ആദ്യപാഠങ്ങളിൽ കഴിച്ചു വരുന്നു; കുട്ടികൾക്കും ഗുരുക്കൾക്കും തമ്മിൽ സ്നേഹവും സന്തോഷവും ഉണ്ടാകുന്നതുമില്ല. ആകയാൽ ബലവും അറിവും കുറഞ്ഞ കുട്ടികളെ ഗുരുക്കൾ താൻ നന്നായി ആദരിച്ചു നോക്കി, സന്തോഷത്തോടും അവരിൽ പ്രയത്നം ചെയ്താൽ കൊള്ളാം.

☞ ഈ പുസ്തകത്തിന്റെ ഒടുക്കത്തിൽ പഠിപ്പിക്കുന്ന ക്രമത്തെക്കൊണ്ടു ചില ന്യായങ്ങളെ കാണാം.

By Courtesy of Basel Mission Archive Switzerland

൨. എല്ലാ കുട്ടികൾക്കും ഒരു പോലെ ബുദ്ധിയും ഉത്സാഹവു മില്ലായ്കയാൽ, എഴുത്തച്ഛൻ ഓരോ കുട്ടിയുടെ പ്രാപ്തിക്കു തക്ക വാറു ഇന്നിന്ന പാഠം ഇന്നിന്ന സമയംകൊണ്ടു പഠിച്ചു തീരേണം എന്നു നിശ്ചയിച്ചു, കുട്ടിയെ അതിൻവണ്ണം നടത്തുകയും വേണ്ടതു. അപ്രകാരം ചെയ്യാഞ്ഞാൽ കുട്ടികളും ഗുരുക്കന്മാരും മടുത്തു പോകും. രണ്ടു കൊല്ലം പഠിച്ചിട്ടും വായന തെളിയാത്ത കുട്ടികളെ കാണ്കകൊണ്ടു, പറയുന്ന നമ്മുടെ അഭിപ്രായം ആവിതു: ഒരു മാസംകൊണ്ടു സകല എഴുത്തുകളും, രണ്ടാം മാസത്തിൽ സ്വരയുക്തവൎഗ്ഗങ്ങളും, മൂന്നാമതിൽ കൂട്ടവായനയോളവും ൪, ൫, ൬-ാം മാസങ്ങളിൽ കൂട്ടവായനയും പ്രയാസം കൂടാതെ ഏതുകുട്ടിയും പഠിക്കേണ്ടതിന്നു ഗുരുക്കന്മാർ ഉത്സാഹിക്കേണമെ.

൩. ദ്രാവിഡ എഴുത്തുകളെ ഉച്ചരിപ്പാൻ മലയാളികൾ ആകുന്ന നമുക്കു പ്രയാസം ഇല്ലെങ്കിലും, സംസ്കൃത ഉയിരുകളും മെയ്യുകളും ക്രമമായി ചൊല്ലുവാൻ നന്നെ അദ്ധ്വാനം ഉണ്ടാകും. അതു കൂടാതെ, മിക്ക കുട്ടികൾക്കു ഓരോ പടുശബ്ദങ്ങൾ ഉണ്ടു; സാധുകളും താണനിലക്കാരും ആയാൽ, ഏറും താന്നും; ചിലപ്പോൾ ഒരു കുട്ടിക്കു വിക്കലോ അല്ല, പിറവി തൊട്ടു വേറെ നാത്തടങ്ങലോ ഉണ്ടായാൽ, അമാന്തം തന്നേ. ഇതിനെ എല്ലാം ഗുരുക്കൾ കണ്ടു അമ്പരന്നു പോകാതെയും, ദുഷ്പക്ഷമായി വിചാരിയാതെയും "ആഴെ മുങ്ങിയാൽ കുളിർ മാറും" എന്നതു നിനെച്ചു, പൂൎണ്ണ മനസ്സോടും ഉണ്മയോടും ഈ വക മാററുവാൻ പ്രയാസപ്പെട്ടാൽ, തൻെറ പ്രയത്നത്തിൻെറ ഫലം വേഗം കണ്ടു സന്തോഷിക്കും. ഴകാരം ശകാരമായും, ഩകാരം റകാരമായും, ൻകാരം നകാരമായും ങ്ങകാരം ഞകാരമായും, ക, ഖ, ഗ, ഘ കാരങ്ങൾ കകാരമായും മററും ഉച്ചരിപ്പാൻ ഒരിക്കലും സമ്മതിക്കുന്നതു ന്യായമല്ലല്ലോ. ഈ കുട്ടി താണ ജാതിക്കാരനല്ലോ; അവൻെറ നെല്ലും പണവും മുണ്ടും മററും ഇനിക്കു കിട്ടിയാൽ മതി; ഒരു പ്രകാരത്തിൽ ചൊല്ലിക്കൊടുത്താൽ പോരും എന്നും മററും നിനെക്കുന്ന ഗുരുക്കൾ തൻെറ നിലയെ അപമാനിച്ചു സത്യത്തെ വിട്ടു, നടക്കുന്നവൻ നിശ്ചയം.

൪. ചെറിയ കുട്ടികളും നമ്മെ പോലെ ബുദ്ധിയുള്ള മനുഷ്യർ

By Courtesy of Basel Mission Archive Switzerland

തന്നേ. വലിയവരോളം വളൎച്ച ഇല്ലാത്തതു പോലെ ബുദ്ധിയും വലിയവരോളം ഇല്ല. കുട്ടികളുടെ ഈ ബുദ്ധിയെ ഉന്നതിനി, നാൾക്കുനാൾ വളൎത്തി രക്ഷചെയ്വാൻ ഗുരുക്കൾ തന്നേ ആൾ ആകകൊണ്ടു, തത്ത പോലെ ഓരോന്നു പഠിപ്പാൻ വിടാതെ, അവരുടെ ബുദ്ധിയെ തുറന്നുകൊടുപ്പാൻ എഴുത്തുപള്ളിയിൽ കയറിയ നാൾ തൊട്ടു പ്രയാസപ്പെടേണം. എഴുത്തു വശമാക്കി കൊടുക്കേണ്ടുന്ന ചില ചട്ടങ്ങളെ താഴെ വിസ്തരിച്ചു പറയുന്നു. പിന്നെ വായന തുടങ്ങിയ ശേഷം അറിയാത്ത വാക്കിന്റെ പൊരുളും വാക്യത്തിന്റെ അൎത്ഥവും പറയേണം; അപ്രകാരം പാട്ടിലും ശ്ലോകത്തിലും ആം.

൭. ഗദ്യം എന്ന വെച്ചുനടയും, പദ്യമെന്ന പാട്ടുനടയും ഇങ്ങിനെയുള്ള രണ്ടു ഭേദങ്ങൾ ഉണ്ടാകയാൽ, സംസാരിക്കുമ്പോലെ ചൊല്ലുത്തിലും എടുപ്പും വെപ്പും ആവശ്യം. അൎത്ഥം അറിഞ്ഞിട്ടു വേണം രസത്തോടെ വായിപ്പാൻ. അതതിന്റെ രീതിയിലും ക്രമത്തിലും അല്ലാത്ത പാട്ടും ചിതകേടത്രെ.

൮. ഒരു ഗ്രന്ഥത്തിൽനിന്നു പകൽ മുഴുവനും ഇടവിടാതെ പാടുവാൻ ഒരു വിദ്വാനും കൂട വരുത്തം തോന്നിയാൽ, ചെറു കുട്ടികൾക്കു ചില അക്ഷരങ്ങളെ ദിവസം മുഴുവനും ആവൎത്തിച്ചു നിലത്തു എഴുതുകയോ മറ്റോ ചെയ്വാൻ എത്ര പ്രയാസം തോന്നേണം? ആയതു കൊണ്ടു നിലത്തു എഴുതിച്ചിട്ടും, കണക്ക ചൊല്ലിച്ചിട്ടും, കൽപലകയിൽ കൽക്കോൽകൊണ്ടു എഴുതിച്ചിട്ടും കുട്ടികൾക്കു ആയാസം കൊടുത്തു, അവർ നേരവു ഏറ അറിയാതെ ഓരോ നാളുകളെ കഴിപ്പിപ്പാൻ നോക്കേണം.

൯. ഒരു എഴുത്തുപള്ളിയിലെ പത്തുമുപ്പതു കുട്ടികളിൽ ഓരോരുത്തൎക്കു വെവ്വേറെ പാഠം ഉണ്ടാകയാൽ, ഗുരുക്കന്മാൎക്കു എത്തികഴിവാൻ എത്രയും വിഷമം ഉള്ള പ്രകാരം സമ്മതിക്കുന്നു. അതു ഗുരുക്കന്മാൎക്കും കുട്ടികൾക്കും നാട്ടിന്നും നഷ്ടം എന്നേ വേണ്ടു. ആയതിനെ മാറ്റുവാൻ വഴി ആവിതു: കൊല്ലത്തിൽ ഒന്നോ രണ്ടോ സമയത്തു ഗുരുക്കന്മാർ കുട്ടികളെ ചേൎത്തു തരങ്ങളെ ഉണ്ടാക്കി, ഓരോ തരത്തിലുള്ള കുട്ടികളെ ഒരുമിച്ചു പഠിപ്പിച്ചു നടത്തുവാൻ

By Courtesy of Basel Mission Archive Switzerland

നോക്കേണം. അതിനാൽ കുട്ടികൾ തമ്മിൽ വാശിപിടിച്ചു ഓരോരുത്തൎക്കു മുല്പുകുവാൻ ഉത്സാഹവും പഠിപ്പും ഏറുകയും ഗുരുക്കളുടെ പ്രയാസം കുറകയും ആം. ശേഷം യഥാ രാജാ തഥാ പ്രജാ എന്ന ചൊൽ ഓൎത്തു, സത്യദൈവത്തെ നോക്കി വിളിച്ചു വേലയെ ചെയ്തു, തിരു കയ്യിലെ അനുഗ്രഹം വാങ്ങുവാൻ പാത്രവാന്മാരായിത്തീരേണം എന്നു ആശിക്കുന്നു.

എഴുത്തുകളെ കുറിച്ചുള്ള ന്യായങ്ങൾ ആവിതു:

1. ഉയിർ കൂടിയ മെയ്കൾ ഉള്ള ഒരു പട്ടിക കാണുന്നുവല്ലോ? അതിൽനിന്നു ഉയിരുകളുടെ മാററം ഒരു കണ്ണേറുകൊണ്ടു വിളങ്ങും, അവയാവിതു:

൧. മാറാത്ത സ്വരങ്ങൾ രണ്ടത്രെ.

അ കാരവും ൟ കാരവും മെയ്യുടെ അടുക്കെ വലത്തു എഴുതുക. ദൃ: കഅ, ഗൟ ഇത്യാദികൾ.

൨. എപ്പോഴും ഒരു പ്രകാരത്തിൽ മാറുന്ന സ്വരങ്ങൾ ഇവ.

a. ഈ അഞ്ചു സ്വരം മെയ്യുടെ അടുക്കെ വലത്തു എഴുതുക.

ആകാരം = ാ ദീൎഘം ദൃ: കാ, ചാ, ടാ, താ.
ഇകാരം = ി വള്ളി ദൃ: ഖി, ഛി, ഠി.
ഈകാരം = ീ ചുറെച്ച വീച്ചൽ ദൃ: ഗീ, ജീ, ഡീ.
അംകാരം = ം ഒരു കുത്തു (അനുസ്വാരം) ദൃ: ഘം, ഝം, ഢം.
അഃകാരം = ഃ രണ്ടു കുത്തു (വിസൎഗ്ഗം) ദൃ: ദഃ, ഭഃ, ഷഃ.

b. ഈ മൂന്നു സ്വരം മെയ്യുടെ മുമ്പോട്ടു എഴുതുക.

എകാരം = െ പുള്ളി ദൃ: മെ, ഷെ, ളെ.
ഏകാരം = േ ചുറെച്ചപുള്ളി ദൃ: പേ, സേ, ഹേ.
ഐകാരം = ൈ ഇരട്ടപ്പുള്ളി ദൃ: തൈ, മൈ.

ദൃ: എന്നതു ദൃഷ്ടാന്തമായിട്ടു എന്നും, = എന്നതു സമം എന്നും കുറിക്കുന്നു.

By Courtesy of Basel Mission Archive Switzerland

c. ഈ മൂന്നു സ്വരം മെയ്യുടെ ഇരുപുറത്തു എഴുതപ്പെടുന്നതിൽ പുള്ളി ഇടത്തും ദീർഘം വലത്തും വരും കൊാരം=ൊ ഒരു പുള്ളിയും ദീർഘവും. ദ: പൊ, റൊ.

ഓകാരം=ോ ഒരു ചുറെച്ച പുള്ളിയും ദീർഘവും. ദ: നോ, ഗോ.

ഔകാരം=ൌ ഒരു പുള്ളിയും ഇരട്ടദീർഘവും. ദ: നൌ, രൌ.

d. രണ്ടു സ്വരം മെയ്യുടെ അകത്തു കൂട്ടേണം.

ഋകാരം=ൃ അകത്തു കൂട്ടേണം ദ: കൃ, ഭൃ.

ൠകാരം=ൄ അകത്തു കൂട്ടി കുനിക്കേണം ദ: കൄ, ഭൄ.

ൻ. കുറെ പ്രയാസം ഉ ഊ കാരമാററങ്ങളിൽ അത്രെ; അവ മൂന്നു പ്രകാരത്തിൽ ആകുന്നു.

ഉകാരങ്ങൾ ആവിതു:

ഉ= ു എന്ന കുനിപ്പു കുകാരം രുകാരം എന്നവററിൽ മാത്രം കാണ്മു.

ഉ= ു എന്ന വലിപ്പു ഗു, ച്ചു, ജു, തു, ഭു, ശു, ഹുകാരങ്ങളിൽ അത്രെ.

ഉ=ം ഒന്നുകിൽ ണു, നു കാരങ്ങളിൽ അകത്തു കൂട്ടേണം, അല്ല ഖുകാരാദികളിൽ ചുവട്ടിൽ കൂട്ടേണം.

ഊകാരമാററങ്ങൾ ഉകാരമാററങ്ങളെ അനുസരിച്ചകാണുന്നു.

ഊ=ൂ കുനിച്ചു മേല്പെട്ടു വലിക്കുക. ഗൂ, ജൂ, ഭൂ, തൂ, ശൂ. ഹൂ കാരങ്ങളിൽ മാത്രം ഉണ്ടു.

ഊ=ൂ കുനിച്ചു കീഴ്പെട്ടു വലിക്കുക. കൂ, ച്ചൂ, ത്തൂ കാരങ്ങളിൽ തന്നേ.

ഊ=ൂ ഒന്നുകിൽ ണൂ നൂകാരങ്ങളിൽ പോലെ അകത്തു കെട്ടിക്കൂട്ടേണം, അല്ല ഖൂകാരാദികളിൽ ചുവട്ടിൽ കെട്ടിക്കൂട്ടേണ്ടതു.

മേല്പറഞ്ഞ സ്വരമാററങ്ങളെ കുട്ടികളെ നന്നായി ഗ്രഹിപ്പിച്ചാൽ, ക കാക്കൂട്ടം വേഗം മനസ്സിൽ ആകും. ഉ ഊകാരങ്ങളിൽ മാത്രം പൊറുത്തു പ്രയാസപ്പെടേണം.

2. യ, റ, ല, വ, ര എന്ന ഇടയിനങ്ങൾ മെയ്യുളോടു ചേൎന്നുണ്ടാകുന്ന മാററങ്ങൾ എഴുതുവാൻ ഒട്ടു വേലേ ഉള്ളൂ.

വലിയ പാഠാരംഭം

By Courtesy of Basel Mission Archive Switzerland

യ = ്യ	കീഴ്പ്പെട്ടുവള്ളി (വീച്ചൽ)	ദ:	ക	+	യ =	ക്യ.
റ = ്ര	മേല്പെട്ടു വലിക്ക	ദ:	ക	+	റ =	ക്ര.
ല = ്ല	ചുവട്ടിൽ കൂട്ടുക	ദ:	മ	+	ല =	മ്ല.
വ = ്വ	കോണിച്ച ചേൎക്ക	ദ:	ശ	+	വ =	ശ്വ.
ര = ൎ	മേല്പെട്ടു കുത്തുക	ദ:	ക	+	ര =	ൎക.

3. അനുസ്വാരം കൂടിയ മെയ്യുളിൽ ം എന്ന അനുസ്വാരം ചേൎത്തു കാണുന്നതു കൂടാതെ, ങ ഞ ണ ൻ മ എന്ന അനുനാസികങ്ങളുടെ ശബ്ദവും കാണും.

ങ്ക = ം ക ദ: മരം കൊണ്ടു = മരങ്കൊണ്ടു.

ഞ്ച = ഞ + ച = ൻ & ച ദ: പൂൻ ചിരി = പുഞ്ചിരി.

ണ്ട = ൺ + ട ദ: ഉൺട്ടു = ഉണ്ടു.

ന്ത = ൻ + ത = ം & ത ദ: വരും തോറും = വരുന്തോറും.

മ്പ = ം + പ ദ: പെരും പാമ്പു പെരുമ്പാമ്പു.

4. കൂട്ടക്ഷരമാററങ്ങളിൽ.

ക്ത = ക + ത

ഗ്ജ = ഗ + ജ

ഗ്ദ = ഗ + ദ ആകുന്നു എന്നും മററും ഗുരുക്കന്മാർ വെടിപ്പായി പറഞ്ഞു കൊടുക്കേണ്ടതു.

5. കുട്ടിയെ വിക്കിപ്പറവാൻ സമ്മതിക്കേണ്ടതല്ല. വിക്കിന്റെ അപ്പൻ അറിയായ്മയാകയാൽ, കുട്ടിയെ കൊണ്ടു ഓരോ വാക്കിന്റെ എഴുത്തു പറയിക്കേണം. ആ ക്രമം ആവിതു:

കോ-ൺ	=	കോൺ.
അ-സ്ഥി	=	അസ്ഥി.
മീ-ത്ത-ൽ	=	മീത്തൽ.
രൌ-ദ്രം	=	രൌദ്രം.
അ-രി-ഷ്ടം	=	അരിഷ്ടം.
തി-രി-ച്ച-ൽ	=	തിരിച്ചൽ.
അ-നു-ഗ്ര-ഹം	=	അനുഗ്രഹം.
അ-ഹം-ഭാ-വം	=	അഹംഭാവം.
യൌ-വ-നാ-വ-സ്ഥ	=	യൌവനാവസ്ഥ.

+ എന്നതു കൂട്ടിയാൽ അല്ല, കകാരവും യകാരവും കൂട്ടീട്ടു ക്യകാരം ഉണ്ടാകുന്നു.

By Courtesy of Basel Mission Archive Switzerland

6. ഈ പുസ്തകത്തിൽ പെരുമാറുന്ന കുറികളുടെ പൊരുൾ ആവിതു:

. പൊട്ടു (നിൎത്തൽ) എന്നതു ഒരു വാക്യം തീൎന്നുകൊണ്ടു നിൎത്തേണം എന്നു കാണിക്കുന്നു.

: ചൊട്ടു എന്നതു മൂന്നു വക നിൎത്തൽ സൂചിപ്പിക്കുന്നു.
ഒന്നുകിൽ ഒരു വാക്യത്തിന്റെ പാതി ആയിട്ടുള്ളു എന്നും,
അല്ലായ്കിൽ ഒരാൾ പറഞ്ഞ വാക്കു പറവാൻ പോകുന്നു എന്നും,
അല്ല പുസ്തകക്കാരൻ ഒരു ചട്ടമോ മറ്റോ പറവാൻ പോകുന്നു എന്നും കുറിക്കും.

; അരച്ചൊട്ടു എന്നതു ഒരു വാക്യത്തിൽ ചേൎത്തിട്ടുള്ള ന്യായം മറ്റവറ്റോടു ചാൎന്നിട്ടുള്ളു എന്നു ഓൎമ്മപ്പെടുത്തുന്നു.

, ചുട്ടി എന്നതു ഒരു വാക്യത്തിലുള്ള ന്യായങ്ങൾ ഉറ്റുകോൎത്തിരിക്കുന്നു എന്നു കുറിക്കുന്നു.

? കേൾവിക്കുറി എന്നതു ചോദിക്കേണം എന്നു ചൂണ്ടിക്കാണിക്കുന്നു.

! വിളിക്കുറി എന്നതു ഒരാളെ വിളിച്ചിരിക്കുന്നു (സംബോധന) എന്നും ഒരാശ്ചൎയ്യം ഉണ്ടെന്നും കുറിക്കും.

( ) [ ] കൊളുത്തു കുറി എന്നതു വാക്യത്തോടു ചേരാതെ അതിലുള്ള ഒരു വാക്കോ മറ്റോ തെളിയിക്കുന്നു എന്നും കാണിക്കുന്നു.

By Courtesy of Basel Mission Archive Switzerland

മലയാള പാഠപുസ്തക നിർമ്മാണത്തിനു ഗുണ്ടർട്ടു നൽകിയ മറെറാരു കനപ്പെട്ട സംഭാവനയാണ് *സ്കൂൾ പഞ്ചതന്ത്രം*. ഇന്ത്യയിലെത്തിയ പാശ്ചാത്യർക്കു മൊത്തത്തിൽ പ്രിയങ്കരങ്ങളായിരുന്നു പഞ്ചതന്ത്ര കഥകൾ. തിയൊഡൊർ ബെൻഫെയുടെ *പഞ്ചതന്ത്ര പഠന* (ജർമ്മൻ, 1859)ത്തിൽ നൽകുന്ന വിവരങ്ങളനുസരിച്ചാണെങ്കിൽ പ്രശസ്തമായ ഗ്രിം കഥകളിൽ പോലും പഞ്ചതന്ത്ര സ്വാധീനമുണ്ട്. ഭാരതത്തിൽ നിന്നു മററു ഭൂഖണ്ഡങ്ങളിലേക്കു കുടിയേറിയവയാണ് പഞ്ചതന്ത്രകഥകൾ. അവയുടെ സാർവലൗകികതയായിരിക്കാം പാശ്ചാത്യരെ പെട്ടെന്ന് ആകർഷിച്ചത്. മൂല്യനിഷ്ഠമെങ്കിലും മതേതരമായ ഉള്ളടക്കമുള്ള *പഞ്ചതന്ത്രം* നിർബാധം പാഠപുസ്തകമായി ഉപയോഗിക്കാം എന്നു പാശ്ചാത്യർ തീരുമാനിച്ചു. 1847-ൽ കോട്ടയത്തു ഹിതോപദേശം അച്ചടിച്ചു—സംസ്കൃത മൂലം മലയാള ലിപിയിൽ.

'പഞ്ചതന്ത്രപ്രഭൃതി നീതിശാസ്ത്രോ ദ്ധൃതഃ
മിത്രലാഭ-സഗൃഹത്ഭേദ-
വിഗ്രഹ-സന്ധ്യവയവാന്വിതഃ
ഹിതോപദേശഃ
വിഷ്ണുശർമ്മണാ സംഗൃഹീതഃ
ഛാത്രാണാം ഹിതാർത്ഥം
ഇംഗ്ലണ്ഡീയ വങ്ഗയകതിപയപണ്ഡിതൈഃ ശോധിതഃ
കൊട്ടയ നാമ്നിനഗരേ മിശൻയന്ത്രാലയേ മുദ്രാങ്കിതശ്ച

എന്നു കവർ പേജിൽ കാണുന്നു.

പാഠപുസ്തകരംഗത്തു ശ്രദ്ധയൂന്നിയ ഗുണ്ടർട്ട് പ്രാദേശിക സാഹിത്യത്തിൻെറ മേന്മയിലും പ്രാധാന്യത്തിലുമാണ് വിശ്വസിച്ചിരുന്നത്. അതിനാൽ കേരളത്തിൽ അന്നു പ്രചാരം നേടിയിരുന്ന *പഞ്ചതന്ത്രം കിളിപ്പാട്ട്* അദ്ദേഹം വിദഗ്ദ്ധമായി പരിശോധിച്ചു. 1850-51-ൽ 133 പുറമുള്ള *പഞ്ചതന്ത്രം* തലശ്ശേരിയിൽ നിന്ന് അച്ചടിച്ചിറക്കി. പാഠപുസ്തക ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഗുണ്ടർട്ടിൻെറ *പഞ്ചതന്ത്രം*. ഇതിന്നു 1857-ൽ തലശ്ശേരിയിൽ നിന്നു മറെറാരു പതിപ്പുണ്ടായി. തുടർന്നുള്ള ഏതാനും ദശകങ്ങളിൽ *പഞ്ചതന്ത്രം* മലയാള പാഠപദ്ധതിയുടെ അനുപേക്ഷണീയഭാഗമായി പല രൂപത്തിൽ തുടർന്നു.

പരസ്പരോപകാരസ്തുമൈത്രീസംബന്ധകസ്തഥാ |
ഉപഹാരശ്ചവിജ്ഞേയാശ്ചത്വാരശ്ചൈവസന്ധയഃ ||
ഏകഏവോപഹാരസ്തുസന്ധിരേവമതോമമ |
ഉപഹാരവിഭേദാസ്തുസൎവ്വേമൈത്രവിവൎജ്ജിതാഃ ||
അഭിയോക്താബലീയസ്ത്വാദലബ്ധ്വാനനിവൎത്തതേ |
ഉപഹാരാദൃതേതസ്മാൽസന്ധിരന്യോനവിദ്യതേ ||

ചക്രവാകഉവാച |

അയംനിജഃപരോവേതിഗണനാലഘുചേതസാം |
ഉദാരചരിതാനാന്തുവസുധൈവകുടുംബകം ||

അപരഞ്ച | മാതൃവൽപരദാരേഷുപരദ്രവ്യേഷുലോഷ്ടവൽ |
ആത്മവൽസൎവ്വഭൂതേഷുയഃപശ്യതിസപണ്ഡിതഃ ||

രാജാഹഭവന്തോമഹാന്തഃ പണ്ഡിതാശ്ചതദത്രാസ്മാകംയഥാകാൎയ്യമുപദിശ്യതാം | മന്ത്രീബ്രൂതേആഃകിമേവമുച്യതേ |

ആധിവ്യാധിപരീതാപാൽഅദ്യശ്വോവാവിനാശിനേ |
കോഹിനാമശരീരായധൎമ്മാപേതംസമാചരേൽ ||
ജലാന്തശ്ചന്ദ്രചപലംജീവിതംഖലുദേഹിനാം |
തഥാവിധമിതിജ്ഞാത്വാശശ്വൽകല്യാണമാചരേൽ ||
മൃഗതൃഷ്ണാസമംവീക്ഷ്യസംസാരംക്ഷണഭംഗുരം |
സജ്ജനൈഃസംഗമംകുൎയ്യാൽധൎമ്മായചസുഖായച ||

തന്മമസമ്മതേനതദേവക്രിയതാം |

യതഃ | അശ്വമേധസഹസ്രാണിസത്യഞ്ചതുലയാധൃതം |
അശ്വമേധസഹസ്രേഭ്യഃസത്യമേവാതിരിച്യതേ ||

അതഃസത്യാഭിധാനദിവ്യപുരഃസരയോരപ്യനയോൎഭൂപാലയോഃകാഞ്ചനാഭിധാനസ്സന്ധിൎവ്വിധീയതാം | സൎവ്വജ്ഞോബ്രൂതേ ഏവമസ്തുതതോരാജഹംസേനരാജ്ഞാവസ്ത്രാലംകാരോപഹാരൈഃ സമന്ത്രീദൂരദൎശീപൂജിതഃ പ്രഹൃഷ്ടമനാശ്ചക്രവാകംഗൃഹീത്വാരാജ്ഞോമയൂരസ്യസന്നിധാനംഗതഃ | തത്രചിത്രവൎണ്ണേനരാജ്ഞാസൎവ്വജ്ഞോഗൃദ്ധ്രവചനാൽബഹുമാനദാനപുരസ്സരംസംഭാഷിതഃ തഥാവിധംസന്ധിംസ്വീകൃത്യരാജഹംസസമീപംപ്രസ്ഥാപിതശ്ച | ദൂരദൎശീബ്രൂതേ,ദേവസിദ്ധംനഃസമീഹിതമിദാനീംസ്വസ്ഥാനമേവവിന്ധ്യാചലംവ്യാവൃത്യപ്രതിഗമ്യതാം| അഥസൎവ്വേസ്വസ്ഥാനം പ്രാപ്യമനോഭിലഷിതംഫലംപ്രാപ്നുവന്നിതി| വിഷ്ണുശൎമ്മണോക്തംഅപരംകിംകഥയാമികഥ്യതാം ? രാജപുത്രാ ഊചുഃതവപ്രസാദാൽരാജ്യവ്യവഹാരാംഗംജ്ഞാതം | തതഃസുഖിനോഭൂതാവയം | വിഷ്ണുശൎമ്മോവാചയദ്യപ്യേവംതഥാപിഅപരമപീദമസ്തു |

സന്ധിഃസൎവ്വമഹീഭുജാംവിനയിനാമസ്തുപ്രമോദഃസദാ,
സന്തഃസന്തുനിരാപദഃസുകൃതിനാംകീൎത്തിശ്ചിരംവൎദ്ധതാം |
നീതിൎവ്വാരവിലാസിനീവസതതംവക്ഷഃസ്ഥലേസംസ്ഥിതാ,
വക്ത്രംചുംബതുമന്ത്രിണാമഹരഹോഭൂയാന്മഹാനുത്സവഃ ||

ഇതിഹിതോപദേശേസന്ധിൎന്നാമചതുൎത്ഥകഥാസംഗ്രഹഃസമാപ്തഃ ||

COTTAYAM:—Printed at the Church Mission Press. 1847.

1847-ൽ കോട്ടയം CMS പ്രസിൽ അച്ചടിച്ച ഹിതോപദേശം

By Courtesy of Tübingen University Library



൧൬൩

നാരായണൻ-മംഗലാകാരങ്ങളിവാലശെഖരൻ നിങ്ങൾക്കതിന്ന
ശാസ്ത്രത്തെ ഗ്രഹിപ്പിച്ചു നില്ല ജ്ഞാനമുണ്ടാകയാൻ നമ്മൊട്ടു കല്പി
ച്ചതെല്ലാം വെസാധിച്ചു ചൊറ്റും വികല്പമില്ലെന്നും സ്വവെക്കമെക്കാ
ന്ത്യം-ഇനക്കതടെനികടഭൂവിക്കനി വിനൊദുചെന്നടൻ ഓതസ
ന്തൊഷിംവണ്ണങ്ങളിൻ ബാലരെ-പഞ്ചതന്ത്രംപഠിപ്പിച്ചിട്ടും ഇനങ്ങ
ളെനെങ്ങകത്തെററം വിവെകമുണ്ടായ്പുതം-സന്ധിഭാനങ്ങംഗ്ര
ഹഭൂത്യാന്ത്യ സന്ധിഭവനം ഭിന്നപാത്രമായംഭ്ദവം-സംസ
ത്തമികിവചനരഘനകരമെച്ചുടൻ സൊമശക്തായുന്മത്തിനുത
ഗ്രസമൻപാടലീപുത്രാധിനാഥൻ തന്റെ മക്കൾക്കയാടവ ഗ്രന്ഥ
മുണ്ടാക്കിയെല്ലാവെ ക്ഷീണമാരാംക്ഷമാരകമാരെ രാഷ്ട്ര ഷക്ഷി
ണ വരഞ്ഞ ഗമിച്ചു നന്മംഗലം*——

ഇതിശ്രീമൽപഞ്ചതന്ത്രപ്രകരണെനം സംപ്രെക്ഷ്യകാ
രിതം നാമ പഞ്ചമതന്ത്രം സമാപ്തം

പ്രകാരകഥാനിതം നൃകതയുക്തംശ്രീവിഷ്ണുശർമ്മാഖ്യപണ്ഡിതശാസ്ത്രം

---

*സംസ്കൃതത്തിൽ ഉള്ള നായികാക്കിയാകാരിതം എന്ന പഞ്ചമ
തന്ത്രത്തിൽ പറയുന്നു കഥകൾ തുടങ്ങിയിരിക്കുന്നു-

Tellicherry
Printed at the German Evang. Mission Press.
D. Kanyankadu Printer

1857-ൽ തലശ്ശേരിയിൽ അച്ചടിച്ച പഞ്ചതന്ത്രം. അവസാനപുറം

By Courtesy of Tübingen University Library

ഗുണ്ടർട്ടിന്റെ ഏററവും പ്രശസ്തമായ മലയാള പാഠപുസ്തകം 1860-ൽ മദിരാശി സർക്കാർ പ്രസിദ്ധീകരിച്ച *പാഠമാല* എന്ന ഗദ്യപദ്യ സമാഹാരമാണ്. ആദ്യത്തെ ലക്ഷണയുക്തമായ മലയാള പാഠാവലി എന്ന് ഇതിനെ വിശേഷിപ്പിക്കാറുണ്ട്. മുന്നൂറോളം പുറമുള്ള ഈ ഗ്രന്ഥത്തിൽ സിംഹഭാഗവും കേരളത്തിൽ പ്രചാരത്തിലിരുന്ന കൃതികളിൽ നിന്ന് തെരഞ്ഞെടുത്തു ചേർത്തതാണ്. *രാമചരിതം, ഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, മുദ്രാരാക്ഷസം കിളിപ്പാട്ട്, പഞ്ചതന്ത്രം കിളിപ്പാട്ട്, ഉത്തര രാമായണം, ശ്രീകൃഷ്ണചരിതം, കേരളവർമ്മരാമായണം, വൈരാഗ്യ ചന്ദ്രോദയം, ജ്ഞാനപ്പാന* തുടങ്ങിയവയിൽനിന്നെല്ലാമുള്ള ഭാഗങ്ങൾ *പാഠമാല*യിലുണ്ടായിരുന്നു. വൈജ്ഞാനിക സാഹിത്യത്തിനുപോലും *പാഠമാല*യിൽ മാന്യമായ സ്ഥാനം ലഭിച്ചു. ഭാഷയുടെ ശൈലീ വൈവിധ്യവും വിവിധ ആഖ്യാനമാതൃകകളും വിദ്യാർത്ഥികൾക്കു പരിചയപ്പെടാൻ അവസരം നൽകുന്ന തരത്തിലായിരുന്നു ഗ്രന്ഥ സംവിധാനം. *പാഠമാല*യിലെ മൂന്നു പാഠങ്ങൾ ഇവിടെ ഉദ്ധരിക്കാം.

24. വൈദ്യശാസ്ത്രത്തിലെ നിദാനം

രാജയക്ഷ്മാവണയുമ്പോൾ മൂക്കു വാല്ക ചുമെക്കയും-തലനൊന്തീടു മന്നത്തിൽ രുചിയില്ലായ്കയും വരും സ്വരസാദവുമെന്നെല്ലാം പലദണ്ഡങ്ങളും വരും-രാജയക്ഷ്മാവുവർദ്ധിച്ചാൽ ചുമച്ചീട്ടുള്ള തുപ്പലു ചുവന്നിട്ടും കറുത്തിട്ടും ചലംപോലെയിരിക്കിലും ബലക്ഷയംപനി ചുമമെല്ലെന്നൊച്ചയടക്കിലും അവൻ ജീവിക്കയില്ലെന്നു നിർണ്ണയിക്ക ഭിഷക്കുകൾ* നന്നായി ചോറും ചെന്നീടും ശോഷിക്കും ദേഹമേററവും അങ്ങിനെയുള്ള യക്ഷ്മാവുംശമിപ്പാൻ ദണ്ഡമായ്വരും-വികാരങ്ങൾ കുറഞ്ഞിട്ട ബലദേഹക്ഷയങ്ങളും വ്യാധിപീഡസഹിപ്പാ നൊട്ടെളുതല്ലാതെ യാകിലും മരുന്നു സേവിപ്പാൻ ദണ്ഡമെന്നാ ലതു മസാദ്ധ്യമാം-പ്രാണന്റെ ബലമുണ്ടായി ദോഷം കോപിച്ചിരിക്കിലൊ രാജയക്ഷ്മാവിനീവണ്ണം ചെയ്തീടേണം ചികിത്സകൾ-സ്നേഹസ്വേദങ്ങൾ ചെയ്യേണം കർശനങ്ങളെയെന്നിയെ പ്രയോഗിച്ചിട്ടു ചെയ്യിപ്പുവമനംമലശോധനം സ്നേഹസ്വേദങ്ങളാകുന്ന തെണ്ണതെക്കവിയർക്കയും.

മസൂരി മുമ്പിലുണ്ടാകും പനിയും വാവരൾച്ചയും മേൽനോം കഴപ്പുസന്ധുക്കൾ തളരുംതലനോകയും കോൾമയിർ കൊൾകയരുചി മൂക്കുവാലുകയുംപുനഃ കണ്ണിനും ദണ്ണമുണ്ടാകും പിന്നെ മെല്ലെപുറപ്പെടും-ഉഷ്ണം വിറയലും നോവു മതിസാരഞ്ചദാഹവും ഇക്കിളുംകാസ' മരുചി മോഹവും കൂടിയുള്ളതു പുറത്തുകാണ്മാൻ കുറയും അകത്തോട്ടു മുഖങ്ങളാം അങ്ങിനെയുള്ളതൊട്ടേറെ കാലംചെല്ലുന്നതായ്വരും-മസൂരിയുള്ളെടത്തൊക്കെ ധിക്കരിച്ചുനടക്കിലും അക്കാലത്തു നടുക്കംതാൻ ഭയംതാൻ സംഭവിക്കിലും ഉണ്ടാമാഗന്തുകവ്യാധി യതിന്റെ വരവിങ്കലെ ലക്ഷണം കണ്ടറിഞ്ഞിട്ടു ചികിത്സിക്കേണമിങ്ങിനെ-ഉപവാസം നടെപിന്നെ വമനഞ്ചവിരേചനം ഉഷ്ണംവർദ്ധിച്ചുവരികിൽ ചോരനീക്കേണമഞ്ജസാ...

*വൈദ്യർ

പിന്നെഗുണപാഠത്തിൽ നിന്നു

വെള്ളം കൂടാതെ കണ്ടാർക്കും പൊറുക്കാവല്ലൊരിക്കലും-അതുകൊണ്ടിത്ര നന്നായിട്ടില്ല മററൊന്നും ഭൂമിയിൽ-ദാഹമുഷ്ണം വിഷം ഭ്രാന്തി മോഹാലസ്യാദിനാശനം ത്രിദോഷശമനം രക്തപ്രസാദത്തിനുമുത്തമം.

കൊതമ്പേററം തണുത്തുള്ളു വൃഷ്യംഹിമധുരംരസം-ബലത്തെയേററമുണ്ടാക്കും പ്രാണങ്ങൾക്കും വപുസ്സിനും[2]

വ്യവഹാരമാലയിൽ നിന്നു

വിവാദത്തിൽ വിളിച്ചേവം ചോദിക്കേണം നൃപാജ്ഞയാ-ചിന്തിച്ച കാര്യം എന്തെന്നും-എന്തുചൊല്ലി വിവാദവും അന്തർഗ്ഗതങ്ങൾ എല്ലാമെ ഹന്തസത്യേനചൊല്ലുവിൻ-വൃത്താന്തം അറിയിക്കുമ്പോൾ വാക്കിൻെറ ഗതിഭേദവും-സ്ഥിതിയും ഭാവവും തദ്വൽ[3] ദൃഷ്ടിചേഷ്ടയുമോർക്കണം-സത്യമായ വചസ്സെങ്കിൽ യുക്തിചേർന്നു യഥാക്രമം-മുഖപ്രസാദവും കാണാം പ്രകൃതിസ്ഥിതിയും തഥാ-സത്യം കൈവിട്ടവാക്കെന്ന ചിത്തെ ബോധിച്ചു കൊള്ളുവാൻ-ശിരസ്സിൽ ചൊറിയും പിന്നെ സ്വരത്തിൽ ഭേദമായ്‌വരും നിടില[4]ത്തിൽവിയർത്തീടും നെടുവീർപ്പുളവായ്‌വരും കായംആകവിറെച്ചീടും വായിൽനീരുവറണ്ടുപോം അധരത്തെഭുജിച്ചീടും അധൊദൃഷ്ടികളായ്‌വരും— ഇടനെഞ്ചു വിറെച്ചിട്ടങ്ങിടറീടുന്നവാക്യവും-സ്വല്പനേരം പറഞ്ഞിട്ടു നിർജ്ജനെ ചെന്നു നില്ക്കയും-പൃച്ഛകന്മാർ[5] വിളിക്കുമ്പോൾ ക്രുദ്ധഭാവംനടിക്കയും മദ്ധ്യെ മദ്ധ്യെവരും പിന്നെ സത്വരം നീങ്ങിനില്ക്കയും സ്ഥിതിക്കിളക്കം മാറീടാവാടീടും മുഖശോഭയും ഇത്ഥംപ്രകൃതി കൈവിട്ടങ്ങപ്പോൾ വികൃതിയും തഥാ ഉഭയോർ[6] ഭാവവാക്യങ്ങൾ ഓർത്തുവേറെ വിളിച്ചഥ-രണ്ടോന്നാകിൽ അതൊന്നിച്ചെ സമക്ഷം പറയാവിതു.

അവസ്ത കേട്ടിട്ടു വിചാരകാര്യം ചോദിച്ചുപിന്നെ വൃഥഗേവപിമ്പാൽ-മഹീപതീടെ മനവുംധരിച്ചാൽ വിധിച്ചകാര്യം പറയാം സമക്ഷെ.

പൃഥ്വീപദീശൻ[7] അതിർനീക്കി അടക്കിവർ,ം പത്തായിരംകഴികിലും ഖരഭാഗധേയാൽ ദൃഷ്ടംതദാകരണം എങ്കിൽ അഹോതദാനീ[8] ഭൂക്തിക്കുമുക്തി അപരം പ്രബലൈവരേഖാ.

ജ്യോതിഷ ശാസ്ത്രത്തിൽ നിന്നു

ഭൂമിക്കു നേരെ നടുവെ ദക്ഷിണോത്തരമായൊരു രേഖ കല്പിച്ചുകൊള്ളെണം സമരേഖയതായതു

ലങ്കാവാത്സ്യപുരാവന്തി സ്ഥാനേശ്വരന്നുരാല
യാൽ അവഗാഹിച്ചു നില്പൊന്നു സമരേഖയ്ക്കുമദ്ധ്യ
മെ-ഇച്ചൊന്ന സമരേഖെക്കു കിഴക്കുള്ളോർക്കതൊക്ക
വെ ആദിത്യസ്യോദയം മുമ്പിൽ പശ്ചിമെ പിന്നെ
യായിടും.

(ഭദ്രദീപ.-1, 31, 33 ഈ സമരേഖക്കു സൂക്ഷ്മപ്രകാരം മദ്ധ്യാഹ്നരേഖ എന്നുള്ള പേർ കൊള്ളും-ലങ്കതുടങ്ങി സ്ഥാനേശ്വരവരെയുള്ള രേഖയൊ വ്യത്യാസംകൂടാതെ തെക്കു വടക്കുള്ളത എന്നു ചൊല്ലുക്കൂടാ).

---

1 ചുമ 2. ശരീരത്തിന്നു. 3. അതുപോലെ. 4. നെററി. 5 ചോദിക്കുന്നവർ 6 ഇരിവരും 7 ദേശവാഴി 8. അപ്പോഴെ



പയ്യന്നൂർ പാട്ടിലെ രണ്ടു പാട്ടുകൾ (54, 55) ഓലപ്പകർപ്പ്

By Courtesy of Tübingen University Library

ഖമദ്ധ്യമെ നില്പിതു ഭൂമിതൻെറ കക്ഷ്യാന്തരെ ധാരണകൊണ്ടുരെച്ചു-ഉരുണ്ടുടനാരങ്ങവദാ കൃതിം പൂണ്ടീശാനാടീ യോജനതുല്യമദ്ധ്യാഃ-ഭദ്രദീപ. 2, 1)

പാഠമാലയിലെ ഗദ്യപാഠങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. അവയിലെ കഥകളും മററും ഗുണ്ടർട്ടിൻെറ സ്വന്തം രചനകളാണ്. ഗദ്യപാഠങ്ങൾ ഈ സമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ ഓരോ വാല്യത്തിനുമുള്ള ആമുഖപഠനത്തിൽ കൃതികളുടെ വിശദമായ അപഗ്രഥനത്തിനോ മൂല്യനിർണ്ണയനത്തിനോ എഡിററർമാർ ഒരുമ്പെടുന്നില്ല. അതിനുള്ള പ്രാപ്തി ഞങ്ങൾക്കില്ലതാനും. സമാഹാരത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത കൃതികൾ പരിചയപ്പെടുത്തുക, ഗുണ്ടർട്ടു ഗ്രന്ഥശേഖരത്തിൻെറ ഭാഗമായി യൂറോപ്പിലെ രേഖാലയങ്ങളിലും ലൈബ്രറികളിലും കാണുന്ന കൗതുകകരമായ രചനകൾ ചൂണ്ടിക്കാണിക്കുക, ഗുണ്ടർട്ടിൻെറ വ്യക്തിത്വവുമായി കൃതികൾക്കുള്ള ബന്ധം വിശദീകരിക്കുക എന്നീ പരിമിത ലക്ഷ്യങ്ങളേ ആമുഖ പഠനത്തിനുള്ളൂ.

ഏപ്രിൽ 14, വിഷു 1992

By Courtesy of Tübingen University Library

THE

Malayalam Country

ITS GEOGRAPHY AND HISTORY

മലയാളരാജ്യം

ചരിത്രത്തോടു കൂടിയ ഭൂമിശാസ്ത്രം

(1869)

യും മ്യ
രാജ്യം
പറയു
ത്തിം
ക്കുകളി
ള്ള സ
നാട്ടിലെ
ച്ചാൽ,
മാത്രം

രളത്തി
ലയാള
കാണു
ംവെട്ടു
വരെ
യ) ത്തു
3000
7000
ദേശങ്ങ
ആ ത
മലയാ
സം ഭ

തെക്കേ
മലപ്ര

1.
താഴ്‌വ
സാധാ
ടിഞ്ഞാ
ചരിങ്ങ
കരം പ

* [illegible]
ത്തുന്നവർ

മലയാള രാജ്യം

പൂർവ്വകാലങ്ങളിൽ സമുദ്രം പർവ്വതങ്ങാംവരെ എല്ലാററിനേയും മൂടിയിരുന്ന ശേഷം, പരശുരാമനാൽ കേരളം എന്ന പറയുന്ന രാജ്യം ആഴത്തിൽനിന്ന പൊങ്ങിക്കപ്പെട്ടു എന്ന കോംക്കുന്നു. ഈ പറയുന്ന കഥയേയും, ഉാംപ്രദേശങ്ങളിലും കുന്നിൻ മുകളിലും ഉത്തിാം മുതലായവററെ കാണുന്നതിനെയും, ആലപ്പുഴ ഇത്യാദി ദിക്കുകളിൽ കടൽ അല്പാല്പം അകന്ന പോകയും കണ്ണന്നൂർ തുടങ്ങിയുള്ള സ്ഥലങ്ങളിൽ കടൽ അടുത്തു വരികയും ചെയ്യുന്നതിനെയും, ഈ നാട്ടിൻെറ സാധാരണ ദേശസ്സ്വഭാവത്തെയും നോക്കി വിചാരിച്ചാൽ, കേരളം പക്ഷേ ആര്യർ ഹിന്തുരാജ്യത്തിൽ കുടിയിരുന്ന ശേഷം മാത്രം സമുദ്രത്തിൽനിന്ന പൊങ്ങി വന്നു എന്നു ഊഹിച്ചു പറയാം.

ഗോകർണ്ണം തുടങ്ങി കന്യാകുമാരിവരെ, നീണ്ടിരിക്കുന്ന കേരളത്തിൻെറ* തെക്കെ അംശത്തിന്ന ഇപ്പോാം സാധാരണമായി മലയാളം എന്ന പേർ നടന്നു വരുന്നു. അതിൻ കാരണമൊ കിഴക്കിൽ കാണുന്ന മലകാംകൊണ്ടത്രെ. ഈ മലകാം വെവ്വേറെ ദേശങ്ങളിൽ വെവ്വേറെ പേരുകളെ ധരിച്ചു തപതീനദി തുടങ്ങി കന്യാകുമാരി വരെ ചെല്ലുന്ന (ഇങ്ക്ലീഷഭാഷയിൽ Western Ghauts എന്ന പേരായ) തുടർമ്മലകളുടെ ഒരംശമാകുന്നു. അവ സാധാരണമായി 2000—3000 കാലടി ഉയരമുള്ളവ എങ്കിലും ചില ശിഖരങ്ങാം 6000—7000 കാലടിയോളം എത്തും. പാലക്കാട്, കൊയമ്പത്തൂർ എന്ന ദേശങ്ങളിൽ 20—30 മയിത്സ വിസ്താരമുള്ള ഒഴിവുണ്ടാകകൊണ്ടും ആ താഴ്വരയുടെ ഉയരം 400—500 കാലടിമാത്രം ഉണ്ടാകകൊണ്ടും മലയാളത്തിൽനിന്ന മദ്രാസ്കരയിലേക്ക പോക്കുവരവിന്ന പ്രയാസം അധികമില്ല.

ദേശസ്സ്വഭാവം നോക്കിയാൽ, മലയാളരാജ്യം വടക്കനിന്ന തെക്കോളം നീളെ രണ്ടംശമായി വിഭാഗിച്ചിരിക്കുന്നു. 1 കിഴക്കെ മലപ്രദേശങ്ങളും 2 കടലോടു സംബന്ധിച്ചിട്ടുള്ള താണ ഭൂമിയും.

1. മേല്പറഞ്ഞ മലകളുടെ മീതെ സമഭൂമി എന്നല്ല, അവിടെ താഴ്വരകളും മലകളും ഇടകലൎന്നിരിക്കുന്നു. ഉയരമുള്ള ശിഖരങ്ങാം സാധാരണമായി പടിഞ്ഞാറഭാഗത്താകയാലും കിഴക്ക ഭാഗത്ത പടിഞ്ഞാറ എന്ന പോലെ ഭൂമി പെട്ടെന്നു താണിട്ടല്ല ക്രമേണ മാത്രം ചരിഞ്ഞു പരക്കുകയാലും ചുരത്തിൻെറ മീതെ ഉത്ഭവിക്കുന്ന പുഴകാം എല്ലാം കിഴക്കോട്ടു ഒഴുകി ബങ്കാാം ഉാംക്കടലിൽ ചേരുന്ന

---

* കേരളം എന്നതിൻെറ അൎത്ഥം തെങ്ങുള്ള രാജ്യം. കടൽവഴിയായി വരുന്നവർക്ക് ഈ പേർ വരുവാൻ ഹേതു സ്പഷ്ടമായി കാണാം.

കാവേരി മുതലായ നദികളിൽ കൂടുന്നു. പല താഴ്വരകൾ നേൽകൃഷികൾക്ക തക്കതാകുന്നത കൂടാതെ കുറുച്ചിയർ മുതലായ ജാതികൾ വെവ്വേറെ കൊല്ലങ്ങളിൽ വെവ്വേറെ സ്ഥലങ്ങളിൽ ചെറുകാട വെട്ടി ചുട്ടു വെണ്ണീർ വളമായിപിടിച്ച ഭൂമിയിൽ നെൽ, മുത്താറി മുതലായ കൃഷികളെ ചെയ്യു വരുന്നു. കുറയ മുമ്പെ ആ ദേശങ്ങൾ പല വിധമായ വലിയത്തും വിശേഷവും ആയ മരങ്ങൾ ഉള്ള വങ്കാടുകൾ കൊണ്ടു നിറഞ്ഞിരുന്നു. അപ്പോൾ കാട്ടാന, നരി, കാട്ടപോത്ത മുതലായ ദുഷ്ടമൃഗങ്ങൾ അസംഖ്യമായി അവിടെ പാൎത്തി (ട്ടുണ്ടായി)രുന്നു. പല ദിക്കുകളിലും കാടു വെട്ടി കപ്പിത്തോട്ടങ്ങളെയും നിരത്തുകളെയും ഉണ്ടാക്കിയ ശേഷം, ആ കാട്ടുസ്വഭാവം അല്പാല്പം മാറിവരുന്നു. താണ ഭൂമിയിൽ എന്ന പോലെ (അത്ര) ഉഷ്ണമില്ലായ്കകൊണ്ടു മലപ്പനിയില്ലെങ്കിൽ അവിടെ പാൎപ്പാൻ നല്ല സുഖം ഉണ്ടാകുമായിരുന്നു.

2. മലകളുടെയും കടലിന്റെയും നടുവിൽ ഉള്ള താണ ഭൂമി സാധാരണമായി 20—30 മയിത്സ വിസ്താരമുള്ളതായി അനേക ചെറിയ കുന്നുകളും താഴ്വരകളും കൊണ്ടു നിറഞ്ഞിരിക്കുന്നു. അടിയിൽ കടലിലും കരയിലും വെവ്വേറെ സ്ഥലങ്ങളിൽ കാണായ്വരുന്ന കരിങ്കല്ല തന്നെ. അതിന്റെ മീതെ സാധാരണമായി ഇരിമ്പിനാൽ ചുകന്ന നിറമുള്ള ചെമ്മണ്ണു കിടക്കുന്നു. പല ദിക്കുകളിലും അതിന്നു അധികം ഉറപ്പുണ്ടു. അപ്പോൾ ചെങ്കല്ല എന്നു പേർ വരും. വെയിൽകൊണ്ടാൽ കറുത്ത നിറവും അധികം കടുപ്പവും ഉണ്ടാകും. ഈ ചെങ്കല്ലകൊണ്ടുള്ള കുന്നുകളുടെ മുകളിൽനിന്നു മഴ മണ്ണിനെ അരിച്ചു കൊണ്ടുപോയ സംഗതിയാൽ, മിക്കവാറും കുന്നുകളുടെ മേൽഭാഗങ്ങൾ പാഴാസ്സിടുന്നു. ചരുക്കളിൽ പറമ്പുകളെ കൊത്തിയുണ്ടാക്കി താഴ്വരകളിൽ നെൽകൃഷികൾക്ക തക്ക നിലങ്ങളെ കാണുന്നു. അവ എല്ലാം ഒരു പോലെ ഉയരമുള്ളതല്ലായ്കകൊണ്ടു, വെള്ളം ഒലിച്ചു വളത്തെ കൊണ്ടുപോകാതിരിക്കേണ്ടതിന്നു വരമ്പുകളാൽ അവയെ കണ്ടം കണ്ടമായി വിഭാഗിച്ചിരിക്കുന്നു. കടലിന്റെ സമീപം ഏകദേശം ഒരു നാഴിക വിസ്താരത്തിൽ പൂഴിപ്രദേശങ്ങൾ ഉണ്ടാകകൊണ്ടു ഉൾപ്രദേശങ്ങളിൽ എന്ന പോലെ ഫലപുഷ്ടികാണുകയില്ല. എന്നാലും കടലിൽനിന്നു നോക്കിയാൽ രാജ്യം മുഴുവനും ഒരു വലിയ തെങ്ങിൻ തോട്ടം പോലെ തോന്നും. ഉൾപ്രദേശങ്ങളിൽ മനുഷ്യൎക്ക് അധികം ഉപകാരം വരാതെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും കാടുകളും ഇനിയും ഉണ്ടു.

മലകൾ കടലിന്റെ സമീപമാകകൊണ്ടു (മലയാളത്തിലെ) പുഴകൾ അനേകമുണ്ടു എങ്കിലും ചെറിയവ ആകുന്നു. വൎഷകാലത്തിൽ അവയിൽ വെള്ളം വേണ്ടുവോളം ഉണ്ടായാലും വെനല്ക്കാലത്ത് അല്പമെ കാണുന്നുള്ളു. അപ്പോൾ, കടൽവെള്ളം കയറുന്നേടത്തോളമെ തോണികൾക്ക് സാധാരണമായി പോയി കൂടും. കടലിൽ ചേരുന്ന സ്ഥലത്തെ പുഴകൾ മിക്കവാറും വിസ്താരമുള്ളതായാലും ചി

ലവയിൽ മാത്രം കപ്പലുകൾ പ്രവേശിപ്പാൻ തക്ക ആഴമുണ്ടു. പല പുഴകൾ തോട്ടകളാലും കൈത്തോട്ടകളാലും ചേർന്നിരിക്കകൊണ്ടു പ്രത്യേകം വർഷകാലത്തിൽ കടൽവഴിയായി പോവാൻ കഴിയാത്ത സമയം കച്ചവടത്തിന്നും പോക്കവരവിന്നും എത്രയും ഉപകാരം ഉണ്ടു. ഈ അനേക പുഴകളാൽ മലയാളം പെരുത്ത അംശങ്ങളായി വിഭാഗിച്ചിരുന്നാലും നിരത്തുള്ള ദിക്കകളിൽ ഇപ്പോൾ പാലങ്ങൾ കെട്ടിയുണ്ടാക്കിയ്തുകൊണ്ടു വണ്ടികൾ പോകുന്നതിന്നു വിരോധമില്ല.

പടിഞ്ഞാറെ അതിർ ആകുന്ന കടൽ ഇല്ലാഞ്ഞാൽ മലയാളത്തിൻെറ ചരിത്രവും അവസ്ഥയും ദേശസ്സ്വഭാവവും മുഴുവനും വേറെ ഉണ്ടാകുമായിരുന്നു. അത കൊണ്ടു നാം അതിനെ കുറിച്ചു ഒരല്പം വിവരിച്ചു പറയേണ്ടതു്. ഈ കാണുന്ന കടലിന്നു ഭൂമിശാസ്ത്രത്തിൽ അറാബ്യക്കടൽ എന്നു പേരുണ്ടു. അത ഇന്ത്യയുടെ തെക്കിൽ ബെങ്കാൾ ഉൾക്കടലോടു ചേർന്നു ഇന്ത്യാ സമുദ്രത്തിൻെറ ഒരംശമാകുന്നു. കടലിൻെറ അടിയിൽ കരയിൽ എന്ന പോലെ മലകളും താഴ്വരകളും ഉണ്ടാക കൊണ്ടു അതിൻെറ ആഴം എല്ലാ ദിക്കിലും ഒരു പോലെ അല്ല. ചിലേടത്ത മലകൾ വെള്ളത്തിൻ മീതെ പൊങ്ങി വന്നിട്ട ദ്വീപുകളായി കാണാകുന്നു. കടലിൻെറ നിറം കരയുടെ സമീപം മൺചളി മുതലായവയോടു ചേർന്നിരിക്കകൊണ്ടു അവിടെ പലപ്പോഴും ചേർ നിറമുള്ളതായും തെളിഞ്ഞെങ്കിൽ പച്ച നിറമായും ഇരിക്കും; കരയിൽനിന്ന ദൂരത്തിൽ പോയാൽ, അതിൻെറ നിറം ശുദ്ധ നീലവും അത്യാഴമുള്ള സ്ഥലത്തു് കറുപ്പുമായി കാണാം. കടലിൻെറ വെള്ളം ഇളകി പോയാൽ, രാത്രിയിൽ എത്രയും ശോഭയും ആശ്ചര്യവും ഉള്ള കാഴ്ച കാണ്മാനുണ്ടു .അതായ്തു ഇളകുന്ന വെള്ളത്തിൽ ആയിരമായിരം മിന്നാമിനുങ്ങ പോലെയുള്ള പ്രകാശം വിളങ്ങി വരുന്നു. അതിൻെറ സംഗതി ഉപ്പു വെള്ളത്തിൽ എങ്ങും പരന്നിരിക്കുന്ന ഏററവും ചെറിയ ജന്തുക്കൾ അത്രെ എന്നു തോന്നുന്നു. മുക്കവർ അതിന്നു തുയി എന്നു പറഞ്ഞിട്ടു് അതിനാൽ മീൻ ഉള്ള സ്ഥലം കണ്ടറിയുന്നു.

കടൽവെള്ളം കെട്ടു നാററം പിടിക്കാതിരിക്കേണ്ടതിന്ന അതിൽ ഉപ്പു ചേൎന്നത കൂടാതെ, അതിന്നു മൂന്നു വിധമുള്ള ഇളക്കങ്ങളുമുണ്ടു.

1. ഏററവും ഇറക്കവും എന്ന പറയുന്ന ഇളക്കത്താൽ, കടൽവെള്ളം എങ്ങും അടിയോളം ഇളകി മാറി വരുന്നു. അതു് ചന്ദ്രൻെറയും സൂര്യൻെറയും ആകർഷണശക്തിയാൽ, ഉത്ഭവിക്കകൊണ്ടു ഏകദേശം 25 മണിക്കൂറിൽ രണ്ടു പ്രാവശ്യം ഭൂമിയെ ചുററി തിരിഞ്ഞു വന്നു വെളുത്ത വാവിലും കറുത്ത വാവിലും വർദ്ധിക്കയും അർദ്ധചന്ദ്രനിൽ അല്പം കുറകയും ചെയ്യുന്നു. മലയാളകരയിൽ അതിനാൽ വെള്ളം സാധാരണമായി 3—5 കാലടിയോളം പൊങ്ങി താഴുന്നു. ഇങ്ക്ളാന്തിൻെറ പടിഞ്ഞാറെ കരയിൽ വെള്ളം ചില സ്ഥലങ്ങളിൽ 40—60 കാലടിയോളം പൊന്തും.

2. തിരകൾ കാററു വീശുന്നതിനാൽ ഉണ്ടായ്‌വരികകൊണ്ടു മീതെയുള്ള വെള്ളങ്ങളെ മാത്രം ഇളക്കുന്നു. 90 കാലടി ആഴത്തിൽ കിഴിഞ്ഞ ആളുകൾ മീതെ വലിയ കൊടുങ്കാററും തിരകളും ഉള്ള സമയം താഴെ ഒരിളക്കവും കണ്ടില്ല.

3. കടലിലെ നീരോട്ടങ്ങൾ പല വിധമായി വെവ്വേറെ സംഗതികളാൽ ജനിച്ചുണ്ടാകുന്നു. ആ സംഗതികളിൽ ഒന്നാകുന്ന കാററ കൊണ്ടു അറാബ്യ ഉൾക്കടലിലെ നീരോട്ടം ഉത്ഭവിക്കയാൽ, അത് കൊല്ലന്തോറും വീശുന്ന കാററൊടു കൂടെ മാറി വരുന്നു. വെനൽക്കാലത്ത് കാററ് വടക്കു കിഴക്കിൽനിന്നു അടിക്കയാൽ, വെള്ളം തെക്കു പടിഞ്ഞാറോട്ടു പോയി, നമ്മുടെ കരയിൽ പ്രത്യേകമായി രാവിലെ കടൽക്കാററ് വരുംമുമ്പെ, സമുദ്രം ശാന്തതയോടെ ഇരിക്കും. നീരോട്ടം ഇങ്ങിനെ വടക്കു കിഴക്കിൽനിന്നു തെക്കു പടിഞ്ഞാറോട്ടു ചെല്ലുന്ന സമയം മദ്രാസകരയിൽനിന്നു മലയാളത്തിൽ വരുവാൻ ഭാവിച്ച കപ്പലുകൾ ചിലപ്പോൾ ആ നീരോട്ടത്താൽ കന്യാകുമാരിയിൽനിന്നു മാല ദ്വീപുകളിലേക്കു കൊണ്ടുപോകപ്പെടുന്നു. വർഷകാലത്തു കാററ് തിരിഞ്ഞു വടക്കുകിഴക്കോട്ടു അടിച്ചുകൊണ്ടിരിക്കുമ്പോൾ, കടലിന്റെ വെള്ളം ശക്തിയോടെ തെക്കു പടിഞ്ഞാറിൽനിന്നു വന്നു നമ്മുടെ കരയിലേക്കു അടിക്കുന്നു. അപ്പോൾ കടൽ കോപിക്കുന്നു എന്നു പറഞ്ഞു ഉരുക്കൾക്കു യാത്ര ചെയ്യ കൂടാ.

കാററ ഇങ്ങിനെ ഒക്തോബർ മാസം തുടങ്ങി എപ്രീൽ മാസം വരെ വടക്കു കിഴക്കിൽനിന്നും ശിഷ്ടം മാസങ്ങളിൽ തെക്കു പടിഞ്ഞാറിൽനിന്നും മാറി അടിക്കുന്നതിൽ എത്രയും നിശ്ചയമുള്ള ക്രമമുണ്ടു എന്നു കണ്ടിട്ടു വിദ്വാന്മാർ അതെന്തുകൊണ്ടിങ്ങിനെ ആകുന്നു എന്നു വിചാരിച്ചു അന്വേഷിച്ചു കണ്ട സംഗതികളാവിത്: ഉഷ്ണത്താൽ കാററ മിക്കവാറും സാധനങ്ങളെപ്പോലെ വീങ്ങി വണ്ണം വെക്കയും, വണ്ണം വെച്ചതിനാൽ മുമ്പെ ഒരു സ്ഥലത്തിൽ അടങ്ങിയ കാററ പിന്നെ എല്ലാം അതിൽ കൊള്ളാതെ കാററ ഘനം കുറഞ്ഞു പോകയും, ഘനം കുറഞ്ഞത ഘനമുള്ളതിന്റെ മീതെ കയറുകയും ചെയ്കകൊണ്ടു സൂര്യൻ തെക്കിൽ ഇരിക്കുന്ന സമയം അവിടെയുള്ള കാററ ഇപ്പോൾ പറഞ്ഞ സംഗതികളാൽ കയറിപോകുമ്പോൾ, വടക്കിലെ ശീതക്കാററ തെക്കോട്ടു വീശി വരുന്നു. എങ്കിലും ഭൂഗോളം സ്വന്ത അച്ചിനെ ചുററി പോകുന്നതിൽ മുനമ്പിന്നു അടുത്ത വൃത്തങ്ങൾ മദ്ധ്യരേഖയോടു ചേർന്നവയേക്കാൾ ചെറിയതാകകൊണ്ടു വടക്കിൽനിന്നു വരുന്ന കാററ നേരെ തെക്കു പോകാതെ ഭൂമി പടിഞ്ഞാറിൽനിന്നു കിഴക്കോട്ടു ചുററി തിരിയുന്നതിനാൽ പടിഞ്ഞാറിലേക്കു പിൻവാങ്ങി വടക്കു കിഴക്കൻ കാററായി തീരുന്നു. സൂര്യൻ എല്ലായ്പോഴും തെക്കിൽ ഇരുന്നു എങ്കിൽ ഈ കാററ കൊല്ലം മുഴവനും വീശുമായിരുന്നു. എങ്കിലും, എപ്രീൽ തുടങ്ങിയ മാസങ്ങളിൽ നമ്മുടെ ഉച്ചയെ കടന്നു വടക്കിൽ പോകുന്നു. അപ്പോൾ അവിടെ ഭൂമി ഉഷ്ണിച്ച കാററ മീത്തലേക്ക് കയറുന്നു. എന്നാൽ തെക്കിലെ സമുദ്രം

വടക്കിലെ ഭൂമിയേക്കാൾ അധികം തണുപ്പുണ്ടായി തെക്കിലെ തണുപ്പുള്ള കാററ വടക്കോട്ട പോകുന്നു. നമ്മുടെ കിഴക്കിലും ചൂടേറിയ ഭൂമിയുണ്ടാകകൊണ്ട ആ കാററ തെക്ക പടിഞ്ഞാറിൽനിന്ന വീശുന്ന വർഷക്കാററായി തീരുന്നു.

വടക്ക കിഴക്കൻ കാററ ഊതുന്ന സമയം ഉച്ചക്ക് കടൽക്കാററ കാണുന്ന കാരണം സൂര്യൻ ഉദിച്ച ശേഷം കര കടലിനേക്കാൾ ചൂടായി പോയി; അവിടെയുള്ള കാററ ഇങ്ങോട്ട വരുന്നതത്രെ. രാത്രിയിൽ കടൽ ഭൂമിയെ പോലെ (അത്ര) വേഗം തണുത്തു പോകായ്കകൊണ്ട, കരക്കാററ കടലിലേക്ക പോകുന്നു. ഈ കരക്കാററ വടക്ക കിഴക്കൻ കാററിനോട്ട ചേരുന്ന സംഗതിയാൽ, അത തെക്കെ ഇന്ത്യായിൽ ഏകദേശം കിഴക്കിൽനിന്ന ഊതുന്നു. ഈ കാററ ഇവിടെ വരും മുമ്പെ വെള്ളത്തെ അല്പ ഉണങ്ങിയ ഭൂമിയെ അത്രെ കടന്ന വരുന്നതുകൊണ്ടും സൂര്യൻ ഉദിച്ച ശേഷം ഭൂമി ഉഷ്ണിച്ചു പോകകൊണ്ടും അതു് ഉണക്കവും പകൽസമയത്ത ഉഷ്ണമുള്ളതും ആകുന്നു, അപ്പോൾ മഴയില്ല. തെക്കപടിഞ്ഞാറെ കാററ വിസ്താരമുള്ള അറബിക്കടലിനെ കടന്നു അവിടെ പൊങ്ങുന്ന നീരാവികളെ മേഘങ്ങളായിട്ടു് കൊണ്ടുവരുന്നതിനാൽ, അതു് വീശുന്ന സമയം നമുക്കു് വർഷകാലം ഉണ്ടാകും.

നാട്ടുകാർ കൊല്ലത്തെ വേനൽക്കാലവും വർഷകാലവും എന്നീ രണ്ടംശമായി വിഭാഗിക്കുന്നു. സാധാരണമായി പറഞ്ഞാൽ അതു് ശരി എങ്കിലും സൂക്ഷ്മമായി നോക്കിയാൽ ആ കാലങ്ങളിലും അല്പമല്ലാത്ത ഭേദങ്ങളെ കാണും. തുലാവർഷം തീൎന്നതിന്റെ ശേഷം ഏകദേശം മൂന്നു മാസത്തോളം രാവിലെ നല്ല തണുപ്പുണ്ടാകയാൽ, ആ സമയത്തിന്നു പലപ്പോഴും ശീതകാലം എന്നു പേർ പറയുന്നു. ഉച്ച സമയത്ത ഉഷ്ണം ഉണ്ടായാലും ആ മാസങ്ങളിൽ കൊല്ലത്തിലെ അധികം സൌഖ്യവും സന്തോഷവും ഉള്ള കാലം എന്നു പറയാം. അപ്പോൾ മദ്രാസ്കരയിലെ വൎഷകാലത്തിൽനിന്നു ചിലപ്പോൾ, ഒരു മേഘം മലകളെ കടന്നുവന്നു വൈകുന്നേരത്ത ഒരല്പം മഴ പെയ്യുകൊണ്ടും രാത്രിയിൽ നല്ല മഞ്ഞ ഉണ്ടാകകൊണ്ടും ഭൂമി അധികം വറണ്ടു കാണാഞ്ഞാലും വർഷകാലത്തിൽ എന്ന പോലെ കുന്നുകളിലും വേറെ സ്ഥലങ്ങളിലും അധികം പുല്ലു് ഇല്ലായ്കയാൽ, രാജ്യത്തിന്റെ ശോഭ കുറഞ്ഞു പോവാൻ തുടങ്ങുന്നു. ആകാശം എത്രയും ശുദ്ധമാകകൊണ്ട മലകളെ ദൂരത്തിൽനിന്നു സമീപം എന്ന പോലെ കാണും. ജനുവരി മാസത്തിൽ കിഴക്കൻ കാററ (അധികം) ശക്തിയോടെ വീശുന്നതിനാൽ, രാവിലെ ശീതമുണ്ടായി ഉച്ച സമയത്ത വറൾച്ച കൊണ്ട മരസാധനങ്ങൾ ഞെരുങ്ങി വളകയും മേല്പുരകളിലെ പുത്തൻ മുളകൾ മുതലായത ഒച്ചയോടെ ചീന്തിപോകയും മനുഷ്യൎക്ക ശരീരം വറണ്ടു മുളിപിടിക്കയും ചെയ്യുന്നു. അന്നു കടൽകാററ ഉച്ച തുടങ്ങി 3—4 മണി വരെ നില്ക്കുയുള്ളു. ഉൾപ്രദേശങ്ങളിൽ തണുപ്പുള്ള കടക്കാററു് എത്തായ്കകൊണ്ട, കരപ്രദേ

ശത്തേക്കാരം അധികം സങ്കടമുണ്ടാകും. ഫിബ്രുവരി മാസത്തിൽ ഉഷ്ണം വൎദ്ധിപ്പാൻ തുടങ്ങിയ ശേഷം മാൎച്ച് എപ്രീൽ മെയി മാസങ്ങളിൽ ഉഷ്ണകാലം തന്നെ. അപ്പോരം പകലിൽ ഉഷ്ണജ്വാല തിളങ്ങനെ മേല്പെട്ടു കയറുകയും ഭൂമി വറണ്ടിരിക്കയും കിണറുകളിൽ വെള്ളം വററിപോകയും ചെയ്യും. ആകാശം തടിച്ച നീരാവികരം കൊണ്ടു നിറഞ്ഞിരിക്കയാൽ, മലകളെ കരയിൽനിന്നു കാണാതെ, സൂൎയ്യൻ രശ്മി കൂടാതെ പഴുപ്പിച്ച ഇരിമ്പകണക്കെ ശോഭയോടെ അസ്തമിച്ചു പോകുന്നു. രാത്രിയിൽ അല്പം കരക്കാററുണ്ടായാലും, ഉഷ്ണം ശമിക്കാതെ മഞ്ഞ് വീഴുകയില്ല. പകൽ പത്ത് മണി തുടങ്ങി കടൽക്കാററ അടിക്കകൊണ്ടു കരയുടെ സമീപം ഉരംപ്രദേശങ്ങളിൽ എന്ന പോലെ ഉഷ്ണത്തെ അത്ര അറിയുന്നില്ല. എപ്രീൽ മാസം തുടങ്ങി ചിലപ്പോരം, വൈകുന്നേരത്ത മഴ പെയ്യുന്നതിനാൽ അത്യുഷ്ണം കുറയ സമയത്തേക്ക് മാറുന്നതല്ലാതെ ചില കൊല്ലങ്ങളിൽ കോളുണ്ടായിട്ടു ഉരുക്കരംക്ക് നാശം പററും. മേയിമാസത്തിൽ വൎഷകാലം സമീപിച്ചിരിക്കുന്നു എന്നു പല ലക്ഷണങ്ങളാൽ കണ്ട ശേഷം, സാധാരണമായി ജൂൻമാസത്തിന്റെ ആരംഭത്തിങ്കൽ തെക്കപടിഞ്ഞാറ കാററുകൊണ്ടു വരുന്ന വൎഷം നല്ലവണ്ണം തുടങ്ങുന്നു. അഗസ്തമാസത്തിന്റെ അവസാനത്തിലും സെപ്തെമ്പ്രമാസത്തിലും കുറയ ചോൎച്ചയുണ്ടായി, കടലിന്റെ കോപം ശമിച്ചു അതിന്റെ ചേർ ഇളക്കി കടൽ കെട്ടു നാറി മീനുകരം ചത്തു പോകുന്നു. ഒക്തോബർമാസത്തിൽ തുലാവൎഷം കോളോടൊന്നിച്ചു ഉണ്ടാകും. ഈ മഴ ക്രമപ്രകാരം പെയ്യാഞ്ഞാൽ, പിന്നെത്തതിൽ വൃക്ഷ സസ്യാദികരംക്കും കുടിക്കുന്ന വെള്ളത്തിന്നും കുറവുണ്ടാകും.

ചില സ്ഥലങ്ങളിൽ ഒരു ഒററ കൊയ്ത്ത മാത്രം ഉണ്ടായാലും സാധാരണമായി രണ്ടും ചില ദിക്കുകളിൽ മൂന്നും കാണും. അവക്ക കന്നിവിളയും മകരവിളയും പുഞ്ചവിളയും എന്നു പേർ. നെല്ലുകരം ദ്രാൽ അധികം മാതിരി ഉണ്ടാകകൊണ്ടു അവ പററും പോലെ വെവ്വേറെ സമയങ്ങളിലും സ്ഥലങ്ങളിലും രാജ്യങ്ങളിലും നടത്തി പോരുന്നു. ചില തരങ്ങളിൽ മേനി അധികമുണ്ടാകയാലും, സാധാരണമായി കാണുന്നത് 10—25 തന്നെ. ഈ പല വിധമുള്ള നെല്ലുകരം കൂടാതെ, വേറെ ചില ധാന്യങ്ങരം മലയാളത്തിൽ ഉണ്ടാകുന്നു എങ്കിലും, അവയെ മററെ രാജ്യങ്ങളിൽ എന്ന പോലെ അത്ര പ്രയോഗിച്ചു വരുന്നില്ല. ആയവ: മുത്താറി, ചാമ, ചോളം, കാക്കച്ചോളം, തിന, വരി, കമ്പ്, എള്ളു മുതലായവ.

കന്നിവിള തീൎന്ന ശേഷം, പല വയലുകളിൽ മുതിര, ഉഴുന്ന്, ചെറുപയറ, അരിപ്പയറ (അവര, തൊവര) എററ പയറുകളും പല വിധമുള്ള ചേമ്പുകളും, വത്തക്ക, വെള്ളരിക്ക, കുമ്പളങ്ങ, കപ്പൽമുളക, പുകയില ഇത്യാദികളും നട്ടു വരുന്നു.

ചക്കരക്കിഴങ്ങ, കണ്ടിക്കിഴങ്ങ, പൊടിക്കിഴങ്ങ, മുക്കിഴങ്ങ, നീണ്ടിക്കിഴങ്ങ, ചീൎപ്പക്കിഴങ്ങ, വെള്ളക്കണ്ടി, ചോരക്കണ്ടി

മുതലായവ പറമ്പുകളിൽ ഉണ്ടാക്കുന്നതല്ലാതെ, കാട്ടുകളിൽ പലവിധമുള്ള കിഴങ്ങുകളുമുണ്ടു. നട്ടുണ്ടാക്കാത്ത കിഴങ്ങുകളിൽ കൂവ മുഖ്യമായത. അതിൻെറ പൊടികൊണ്ടു വളരെ പ്രയോജനമുണ്ടു.

വഴുതിനിങ്ങ, വെണ്ടക്ക, പടോലങ്ങ, കൈപ്പക്ക, മുല്ലങ്കി പീച്ചങ്ങ, മുരിങ്ങവാം, ചേന, ചീര മുതലായ പച്ചക്കറികൾ കൂടാതെ, ചില സായ്പന്മാരുടെ തോട്ടങ്ങളിൽ ഗോബി, സള്ളാദ്, ബീൻസ, പട്ടാണി എന്നീ സസ്യങ്ങളെ നടത്തി വരുന്നത എത്രയും പ്രയാസത്തോടു കൂടിയതാകകൊണ്ടു നാട്ടുകാർ അതിനെ ഉണ്ടാക്കാറില്ല.

മസ്സാലകളിൽ മുഖ്യമായത കുരുമുളക തന്നെ. അത വേറെ ഒരു രാജ്യത്തിലും മലയാളത്തിൽ എന്ന പോലെ നന്നായി വരായ്കയാൽ, പ്രത്യേകമായി ഇവിടെ നിന്നു കൊണ്ടു പോകുന്നു. നാട്ടുകറുപ്പത്തോൽ അത്ര വിശേഷമല്ലായ്കകൊണ്ടു ഇപ്പോൾ അതിനെ അധികം വാങ്ങിക്കൊണ്ടുപോകുന്നില്ലെങ്കിലും, ചില ദിക്കുകളിൽ ലങ്കാദ്വീപിൽനിന്നു തൈകളെ വരുത്തി ആ നല്ലതിനെ നട്ടുണ്ടാക്കുന്നു. കപ്പൽമുളക പൊൎത്തുഗീസർ അമെരിക്കയിൽനിന്നു കൊണ്ടുവന്നതെങ്കിലും ഇപ്പോൾ ഈ നാട്ടിൽ സ്വദേശത്തിൽ എന്നപോലെ വളൎന്നു പെരുത്ത് ഉപകരിക്കുന്നു. ഇഞ്ചി, മഞ്ഞൾ, ഏലത്തരി എന്നിവയെ ഇവിടെ പ്രയോഗിക്കുന്നത കൂടാതെ, വിലാത്തിയിലേക്കും അയപ്പാൻ ഉണ്ടാകും. ജാതിക്കയും കറാമ്പും ദുൎല്ലഭമായിട്ടത്രെ കാണുന്നുള്ളു. ഇവയും ചുക്ക, ഏലത്തരി മുതലായവയും ഔഷധങ്ങളായും വരുന്നതല്ലാതെ, കാട്ടിലും നാട്ടിലും പച്ച മരുന്നുകളെ അനവധി കാണും.

ഫലവൃക്ഷങ്ങളിൽ തെങ്ങ മുഖ്യമായത. ഈ അതിശ്രേഷ്ഠമായിരിക്കുന്ന മരം കരപ്രദേശത്തിൽ മാത്രം നന്നായി വരികയാൽ, പാലക്കാട്ടു താഴ്വരയിൽ ഇതിന്നു പകരം പനയെ കണ്ടെത്തും. എഴുത്തോല, പിരിയോല, കണ്ണി എന്ന പനകളുടെ കായി അധികം പ്രയോഗിക്കുന്നില്ലെങ്കിലും അവയെ കൊണ്ടു വേറെ ഉപകാരമുണ്ടു. കഴുങ്ങ മരങ്ങളിൽ വെച്ചു നേൎത്തതും ശോഭയുള്ളതും ആകുന്നതല്ലാതെ, അതിൻെറ അടക്ക നാട്ടുകാർ വെററിലയോടു കൂട ചവക്കുകയും അതിൻെറ പാള, മരം മററും ഉപകരിക്കയും ചെയ്യുന്നു. നാട്ടുമാങ്ങ പെരുത്ത പുളിപ്പാകകൊണ്ടു ഗോവ ബൊമ്പായി മുതലായ ദിക്കുകളിൽനിന്ന നല്ല മാവിൻെറ കൊമ്പുകളെ വരുത്തി സായ്പന്മാരുടെ തോട്ടങ്ങളിൽ വെച്ചു കാണുന്നപ്രകാരം നാട്ടുകാരും ചെയ്താൽകൊള്ളായിരുന്നു. പൃത്തിക്കമൊങ്ങ തെക്കെ അമെരിക്കയിൽനിന്നു കൊണ്ടുവന്നതെങ്കിലും, ഇപ്പോൾ സാധാരണമായി കാണും. പിലാവിൻെറ മരം പണിക്കോപ്പുകൾക്ക എത്രയും വിശേഷമായി വില ഏറിയതാകയാലും അതിൻെറ ചക്കയും ചപ്പും ഉപകാരമുള്ളതാകയാലും ഈ നാട്ടിലെ മുഖ്യമായ ഫലവൃക്ഷങ്ങളിൽ ഒന്നാകുന്നു എന്നുപറയേണം. മഹാശാന്ത സമുദ്രദ്വീപുകളിൽ ആളുകൾ പ്രത്യേകമായി വിലാത്തിച്ചക്കകൊണ്ടു ഉപജീവിക്കയാൽ അത ഏററവും വിശേഷമായ മരങ്ങളിൽ ഒന്നാകുന്നു

എന്നു വിചാരിക്കേണം; എങ്കിലും ഈ രാജ്യത്തിൽ ഇന്ന്വരെ അധികം പരന്നു വന്നിട്ടില്ല. ഈ പറഞ്ഞ ഫലവൃക്ഷങ്ങൾ കൂടാതെ പുളി, ചെറുനാരകം, മധുരനാരകം, മാതളനാരകം, വടകപ്പുളിനാരകം, വിലിമ്പി മുതലായവയേയും കാണും.

വാഴ മരങ്ങളിൽ ചേരുന്നില്ലെങ്കിലും മിക്കവാറും മരങ്ങളേക്കാൾ അധികം ഉപകാരമുള്ളതാകുന്നു. അതിൽ പല വിധമുണ്ടു. മുഖ്യമായവ: പൂവൻ, മൈസൂർ, നീന്ത്രു, മണ്ണൻ, കദളി, തെഴുതാണി ഇത്യാദികളത്രെ. കൈതച്ചക്ക തെക്കെ അമെരിക്കയിൽനിന്നു കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഇപ്പോൾ അതിനെ സാധാരണമായി കാണും.

പണിക്കോപ്പുകൾക്ക കൊള്ളുന്ന മരങ്ങൾ പലതുണ്ടു, അവയിൽ പ്രധാനമായവ: ജാതി, വീട്ടി, കരിമരം, പിലാവു, ആയിനി, അകിൽ, ഇരുൾ, മരുത്, ഓടപ്പുന്ന, (കപ്പൽ കൊമ്പിന്നു) വെൺതേക്ക, ഉരിപ്പു, ബീമ്പ, മാവ, കുളിർമാവ കാഞ്ഞിരം മുതലായവ തന്നെ. ചന്ദനം ഈ നാട്ടിൽ ഉണ്ടെങ്കിലും അത് മൈസൂരിൽ ഉള്ളതിനെ പോലെ അത്ര നന്നാകയില്ല.

ആൽ, അരയാൽ എന്നവയെ ക്ഷേത്രങ്ങളുടെ സമീപവും തണലിന്നായി നിരത്തരികെയും കാണും. അലസി വിലാത്തിയലസി, നീർമാതളം, എരിഞ്ഞി, മഞ്ഞച്ചമ്പകം, ചമ്പകം, അശോകം, ചവൊക് മുതലായ മരങ്ങളെയും വേറെ പല പൂച്ചെടികളെയും ശോഭക്കായിട്ടു പറമ്പുകളിൽ വെക്കുന്നെങ്കിലും സായ്പന്മാരുടെ വീടുകളിൽ മാത്രം നല്ല പൂത്തോട്ടങ്ങളെ കാണുന്നുള്ളു. നാട്ടുകാർക്ക ഇതവരെ അതിൽ രസം പിടിക്കാത്തത ഒരു കുറവുതന്നെ. ചില കുളങ്ങളിൽ ചെല്ലൊണ്ട വെള്ളത്താമരയും ചെന്താമരയും കാണുന്നത കൂടാതെ മിക്കവാറും കുളങ്ങളിലും പല വയലുകളിലും പൂത്താളി തുടങ്ങിയ നീർപൂക്കളും ഉണ്ടാകും. കടലിന്റെ അടിയിൽ വളരുന്ന വെവ്വേറെ വള്ളികളുടെ കായികൾ തിരകളാൽ ചിലപ്പോൾ, കരയിൽ അടിച്ചു വരുന്നു. പാറകളിലെ പൂക്കളും സസ്യങ്ങളും ചിലപ്പോൾ വിഷമുള്ളതാകയാൽ, പ്രത്യേകമായി തുലാം വൃശ്ചികമാസങ്ങളിൽ അവററെ തിന്നുന്ന ഞണ്ടു മുതലായ നീർവാസികൾക്ക വിഷമുണ്ടാകും.

കല്ല്കൊണ്ടുള്ള പൂപ്പോലെ കാണുന്ന പവിഴപ്പററ എത്രയും ചെറുതായ ജന്തുക്കൾ തങ്ങൾക്കുണ്ടാക്കുന്ന കൂടാകുന്നു. അവ കടലിന്റെ അടി തുടങ്ങി പെരുത്തുറപ്പുള്ള അസംഖ്യക്കൊമ്പുകളെ കെട്ടിവെള്ളത്തിന്റെ നിലയോളം എത്തിച്ചു പരത്തി വന്നു കടലിന്റെ ചവറും ചളിയും അതിന്മേൽ വീണുനിറഞ്ഞു കാലക്രമേണ ദ്വീപുകളായി തീരുന്നത കൂടാതെ, ചില ദ്വീപുകളെ അടുപ്പാൻ കഴിയാതവണ്ണം ചുററി നില്ക്കുന്നത് ലക്ഷദ്വീപുകളിലും കാണുന്നു.

മുരു, എളമ്പക്ക, ഓരിക്ക മുതലായവ പുഴകളിലും കല്ലുമ്മക്കായി, നൊയിച്ചി, കവടി, ശംഖ, ചൊറി, കടപ്പൂച്ച മുതലായ അനേക ജന്തുക്കൾ കടലിലും ഉണ്ടെങ്കിലും അവയെ കുറിച്ചു ഇവിടെ വിവരിച്ചു പറയുന്നില്ല. മത്തി, കുറച്ചി, ഐല, ഏട്ട, ആകോലി,

നങ്ക, നൈമീൻ, കടപ്പന്നി, കുളവൻ, ചെളാക്കോര, പലവിധമുള്ള സ്രാവ, വാമീൻ, പൂമീൻ, ഇരിമീൻ മുതലായ അനേക മത്സ്യങ്ങളെ തിന്നുന്നതല്ലാതെ, ഉപകരിക്കാത്ത മത്സ്യങ്ങളുമുണ്ടു. തിമിംഗലം, തിരണ്ടി കൊമ്പൻ സ്രാവ, മൂത്രസ്രാവ എന്ന വലിയ മീനുകൾ കരക്കടുത്തു വരുന്നത ദുർല്ലഭം ആയാലും വലിയ സ്രാവിനാൽ പലക്കും ആപത്ത വന്നു.

ഞണ്ടു, തവള, ആമ, നീർനായി, മണ്ണൻ, ചീങ്കണ്ണി, മുതല തുടങ്ങിയ ജന്തുക്കൾ വെള്ളത്തിലും കരയിലും പാക്കൊണ്ടു അവക്ക ഉഭയജന്തുക്കൾ എന്നുപേർ. ഈ തരത്തിൽ അടങ്ങിയ ഉടുമ്പുകൾ ആശ്ചര്യവും ഉപകാരവും ഉള്ളതാകുന്നു. അതിൽ പൊന്നുടുമ്പു, മണ്ണുടുമ്പു എന്നീ രണ്ടു വകയുണ്ടു. പല്ലി, അരണ, ഓന്ത്, എന്നിവററിന്നു എത്രയും ചെറിയ ഉടുമ്പിന്റെ രൂപം ഉണ്ടായാലും, അവ വെള്ളത്തിൽ പോയിപാക്കയില്ല.

പുഴുക്കൾ അനേക വിധമുണ്ടു. അവയിൽ ചിലവ വിരൂപവും അതിശയവും ഉള്ളതാകുന്നു. മിന്നാമിനുങ്ങ രാത്രിയിൽ അസംഖ്യമായി ഒക്കത്തെക്ക കൂടി മിന്നുന്നത് ശോഭയുള്ള ഒരു കാഴ്ച തന്നെ. ചില പുഴുക്കൾ തൊട്ടാലൊട്ടി, വെററിലപ്പാമ്പ, കരിഞ്ഞാണി, ചെലന്തി, ഊറുളി, തേള ഇത്യാദികളെപ്പോലെ വിഷമുള്ളതാകുന്നു. പുരാണത്തിലെന്നപോലെ ഇപ്പോൾ മലയാളത്തിൽ അത്ര പാമ്പുകളെ കാണുന്നില്ലെങ്കിലും വേന്തിരൻ, സർപ്പം, രുധിരമണ്ഡലി, എഴുത്താണി മൂക്കൻ, പുല്ലാഞ്ഞിമൂക്കൻ, കൈതമൂക്കൻ, അണലി, കരിങ്കുറിഞ്ഞി മുതലായ വിഷമുള്ള പാമ്പുകൾ അനേകമുണ്ടാകും. ചേര, തേയ്യാൻ, നീർക്കോലി, മലമ്പാമ്പ ഇത്യാദികൾക്ക വിഷമില്ലാഞ്ഞാലും പ്രത്യേകമായി മലമ്പാമ്പുകളെകൊണ്ടു ചിലപ്പോൾ ഉപദ്രവമുണ്ടാകും. അതിന്റെ നൈ കുഷ്ഠത്തിന്നു നന്നു എന്നു പറയുന്നു.

ഇറുമ്പുകളിൽ പല തരങ്ങളുണ്ടു. അവ ചീഞ്ഞു കാററിന്നു അശുദ്ധി വരുത്തുന്നതിനെ തിന്നുകകൊണ്ടു പെരുത്തു ഉപകാരമുള്ളവ. ചിതൽ ആശ്ചര്യമുള്ള പുററുണ്ടാക്കി പലപ്പോഴും വീടുകൾക്കും മരസാമാനങ്ങൾക്കും ഛേദം വരുത്തുന്നു. മഴപ്പാററ എന്നത് ചിറക് വെച്ച ചിതൽ തന്നെ. പാററ, തുമ്പി, പലനിറമുള്ള പാപ്പാത്തി, തുള്ളൻ, വണ്ടു, ഈച്ച ഇത്യാദികളിൽ അസംഖ്യ വിധങ്ങളെ കാണുന്നു. അവയിൽ തേനീച്ചകൾ* അധികം ഉപകാരമുള്ളവയും ചെറിയ കൊതു ഉപദ്രവമുള്ളതും ആകുന്നു.

പറജാതികളിൽ കാട്ടപ്രദേശത്ത് മുഖ്യമായി കാണുന്നതു്: മയിൽ, കാട്ടുകോഴി, കാട്ടപ്രാവ്, മാടപ്രാവ്, പഞ്ചവർണ്ണക്കിളി, മഞ്ഞക്കിളി, മൈന, വെവ്വേറെ തത്തകൾ മുതലായവ തന്നെ. കൊക്ക്, എരണ്ടു, മീങ്കള്ളത്തി, കണ്ടുപ്പൻ, നാര, കുളക്കോഴി, പണ്ടാര

---

*മലയാളത്തിൽ പെരുന്തേൻ, കൊത്തേൻ, ചെറുതേൻ എന്നിങ്ങിനെ മൂന്നുവക തേനീച്ചകളുണ്ടു.

ക്കോഴി തുടങ്ങിയവ നദീതീരങ്ങളിലും വെള്ളമുള്ള വയലുകളിലും; കഴ, വേഴാമ്പൽ, കുമൻ, നത്ത്, ചെമ്പോത്ത്, ഒയത്തി, മരക്കൊത്തൻ, ചവേലാടിച്ചി, കാരാടഞ്ചാത്തൻ ഇത്യാദികൾ ദേശത്തിലെങ്ങും; കാക്ക, പരന്ത, പ്രത്യേകമായി കരപ്രദേശങ്ങളിലും അസംഖ്യം കാണും. കടക്കാക്ക, കോഴിപ്പുള്ള, പുള്ള, സ്നെപ് എന്നിവ കടലിലെ പാറകളിൽ വസിക്കുന്നു. കുരിയാററപ്പക്ഷി അതിശയമുള്ള കൂടിനെ കെട്ടുകയും വീട്ടുപക്ഷി വീടുകളിൽ പാക്കുകയും ചെയ്യുന്നു. കോഴികളെ മിക്കവൊറും നാട്ടുക്കാരുടെ അടുക്കലും ആതി (താറാവ) ഗ്രൂസ വാത്ത, ചീനക്കോഴി എന്നിവയെ വിലാത്തിക്കാരുള്ള ദിക്കുകളിലും പ്രത്യേകമായി കൊച്ചിയിലും രക്ഷിച്ചു വരുന്നു.

മലയാളത്തിലെ കാളകളും പശുക്കളും ആടുകളും ചെറിയതും അധികം സാരമില്ലാത്തതുമാകകൊണ്ടു മൈസൂർ, കച്ചി മുതലായ ദിക്കുകളിൽനിന്നു നല്ലവയെ വരുത്തി കാണുന്നു. വെള്ളത്തിൽ കിടപ്പാൻ ഇഷ്ടമുള്ള പോത്ത്, എരിമകളെകൊണ്ടു കാള, പശുക്കളെപ്പോലെ ഉപകാരമുള്ളതാകുന്നു.[1] നാട്ടുകാർ ഗൊമാംസത്തെയും യഹൂദന്മാരും മുസല്മാന്മാരും പന്നി ഇറച്ചിയെയും തിന്നുന്നില്ല, കഴുതകളെ ഈ നാട്ടിൽ വേറെ രാജ്യങ്ങളിൽ എന്ന പോലെ കയറിപ്പോവാനല്ല, ചുമടുകളെ വഹിപ്പാൻ അത്രെ ഉപകരിക്കുന്നു. കുതിരകളെ നാട്ടുകാർ പോററുകയും അധികം പ്രയോഗിക്കയും ചെയ്യുന്നില്ല. ജടയാടുകളെ അറുക്കുവാൻ മാത്രം മൈസൂർ കോയമ്പത്തൂർ എന്ന ദേശങ്ങളിൽനിന്നു വരുത്തുന്നു. നാട്ടുനായിക്കളും പൂച്ചകളും അധികം സാരമുള്ളവയല്ല. ഇണക്കിയ ആനയെക്കൊണ്ടു മരങ്ങളെ വലിപ്പിക്കയും ഭാരങ്ങളെ എടുപ്പിക്കയും ഉത്സവങ്ങളിൽ പട്ടം കെട്ടി ദേവനെ എഴുന്നെള്ളിപ്പിക്കയും ചെയ്യുന്നു. പൂർവ്വത്തിൽ അതിനെ യുദ്ധത്തിനു അഭ്യസിപ്പിച്ചിട്ടുണ്ടായിരുന്നു,

കടുവ, ചീറുവാലൻ, നായ്പുലിടിയൻ, മുതലായ നരികളെയും കാട്ടാന, കാട്ടി, കാട്ടുപോത്ത, കരടി, ചെന്നായി, കാട്ടുപന്നി, കാട്ടാട, കൃഷ്ണമൃഗം, മാൻ, പുള്ളിമാൻ, കലമാൻ, വരിയൻ, കാട്ടുപൂച്ച, കല്ലുണ്ണി, മലയണ്ണാക്കൊട്ടൻ, മെരു, മുയൽ, ഹനുമാൻ, നീലൻ, കുരങ്ങ ഇത്യാദികളെയും കാടുകളിൽ കാണും. കുറുക്കൻ കാട്ടിലും നാട്ടിലും പാർത്തു രാത്രിയിൽ പട്ടണങ്ങളിലും വന്നു കഴിയുന്നതെല്ലാം കട്ടു, ശവങ്ങളെയും തിന്നുന്നതിനാൽ, ഉപകാരമുള്ളതാകുന്നു. ഒന്നു ഓരിയിടുമ്പോൾ, മറെറതല്ലാം തമ്മിൽ അടുത്തു മെലോട്ടു നോക്കി അസഹ്യമായ നിലവിളിയുണ്ടാക്കുന്നു. കീരി പാമ്പുകളുടെ വലിയ ശത്രു. അതിനെ ഇണക്കുവാൻ പ്രയാസമില്ല. അണ്ണാക്കൊട്ടൻ രണ്ടു വിധമുള്ളതാകുന്നു. മലയണ്ണാക്കൊട്ടൻ നാട്ടണ്ണാക്കൊട്ടനേക്കാൾ ശോഭയുള്ളതും വലിയതുമാകുന്നു. കടവാതിൽ ചെറിയതും വലിയതും ആയ പല മാതിരിയുണ്ടു. അവ പകൽസമയത്ത് തല കീഴായി തൂങ്ങി ഉറങ്ങുകയും രാത്രിയിൽ ഇരക്കായി പോകയും

1. വാക്യത്തിൽനിന്നു് എന്തോ വിട്ടുപോയിരിക്കണം — എഡിററർ.

ചെയ്യുന്നു. എലി, ചുണ്ടെലി, പെരുച്ചായി എന്നീ മൂന്നുവക എലികളിൽ മൂന്നാമതിന്നു അതിനെ പിടിക്കുന്ന മനുഷ്യന്റെ നേരെ ചീറി ചാടുവാൻ തക്ക ശക്തിയും ധൈര്യവും ഉണ്ടു.

നാലു വർണ്ണങ്ങളിൽ മേത്തരമായ ബ്രാഹ്മണർ പലതരങ്ങളായി വിഭാഗിച്ചിരിക്കുന്നു. അവരിൽ നമ്പൂരികൾ ശ്രേഷ്ഠന്മാർ. എമ്പ്രാന്മാരും കൊങ്കണിബ്രാഹ്മണരും വടക്കിൽനിന്നും, പട്ടന്മാർ തമിഴരാജ്യത്തിൽനിന്നും വന്നവരത്രെ. നമ്പൂരികൾ അധികമില്ലായ്കകൊണ്ടും ഉപജീവനത്തിന്നു യാതൊരു പ്രയാസമില്ലായ്കകൊണ്ടും അവർ പട്ടന്മാരെ പോലെ സൎക്കാർ ഉദ്യോഗങ്ങളെ അന്വേഷിക്കുന്നില്ല. പാലക്കാട്ടിൽ പട്ടന്മാർ അധികമുണ്ടാകയാൽ, അവിടെ പലരും കച്ചവടത്തെയും ചിലർ വണ്ടിപ്പണിയേയും എടുക്കേണ്ടി വരുന്നു. കൊങ്കണിബ്രാഹ്മണന്മാൎക്ക ഈനാട്ടിൽ അധികം ബഹുമാനമില്ല. ക്ഷത്രിയരും വൈശ്യരും മലയാളത്തിൽ എത്രയും ചുരുക്കമായിട്ടത്രെ കാണുന്നുള്ളു.

നായന്മാൎക്ക ശൂദ്രർ (ദാസന്മാർ) എന്നു പേരുണ്ടായാലും അവർ ബങ്കാളം മുതലായ രാജ്യങ്ങളിൽ കാണുന്ന പ്രകാരം ഹീനജാതിക്കാരല്ല, നായകന്മാരിൽ നിന്നു ഉത്ഭവിച്ചവരത്രെ. അവരിൽ അനേകതരങ്ങളുണ്ടെങ്കിലും അവരെ സാധാരണമായി പുറത്തു ചേൎന്നവരും അകത്തു ചേൎന്നവരും എന്നിങ്ങിനെ വിഭാഗിക്കുന്നു. അവരിൽ നമ്പിയാർ കുറുപ്പു അടിയോടി മുതലായ നായന്മാർ ശ്രേഷ്ഠന്മാർ. ക്ഷത്രിയർ മലയാളത്തിൽ അധികമില്ലായ്കകൊണ്ടു മുമ്പെ നായന്മാർ യുദ്ധങ്ങളെ നടത്തിയതു. ഇപ്പോൾ യുദ്ധത്തിന്നു ഇടയില്ലാഞ്ഞിട്ടു അവർ കൃഷിപ്പണി എടുപ്പിക്കയും സൎക്കാർ ഉദ്യോഗങ്ങളെ അന്വേഷിക്കയും ചെയ്യുന്നു.

തിയ്യർ സാധാരണമായി നായന്മാരെ ആശ്രയിച്ചു നില്ക്കുന്നു. അവർ തെങ്ങിനെയും ഈഴവർ പനയേയും ചെത്തി വരുന്നു. പട്ടണങ്ങളിൽ പലരും സൎക്കാർ ഉദ്യോഗങ്ങളെയും സായ്പന്മാരുടെ പണികളെയും എടുത്തു സ്വാതന്ത്ര്യമായി നടക്കുന്നു. കോരപ്പുഴയുടെ വടക്കിൽ തീയ്യൎക്ക എല്ലാ നായന്മാൎക്ക എന്നപോലെ മരുമക്കത്തായവും തെക്കിൽ മക്കത്തായവും സമ്പ്രദായം.

ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ എന്നവൎക്ക കമ്മാളർ എന്നു പേരുണ്ടായി, കൈത്തൊഴിലിനാൽ ഉപജീവനം കഴിക്കുന്നു.

ചാലിയർ മുൻപറഞ്ഞ ജാതികളെ പോലെ പറമ്പുകളിൽ അല്ല, തെരുക്കളിലത്രെ പാൎക്കുന്നതു. ഇങ്ക്ളാന്തിൽനിന്നു ഇപ്പോൾ മേത്തരമായ തുണികൾ സഹായമായി വരികകൊണ്ടു അവൎക്ക മുമ്പെപ്പോലെ അത്ര ലാഭവും പണിയുമില്ല.

മുക്കുവർ, മുകയർ എന്നവർ കടലിലും പുഴകളിലും മീൻപിടിച്ചു കടലിന്റെ സമീപം പാൎക്കുന്നു. അവരിൽനിന്നു രോമമതത്തെ അനുസരിച്ചവൎക്ക കൊല്ലക്കാർ എന്നു പേർ.

വടക്കിൽ കണിശർ എന്നും തെക്കിൽ പണിക്കർ എന്നും പറയുന്ന ജാതികൾ പ്രശ്നം വെക്കയും കുടകളെ കെട്ടുകയും കുട്ടികളെ പഠിപ്പിക്കയും ചെയ്യുന്നു.

പുളിയർ, കുറച്ചിയർ, കാടർ, ഒട്ടർ, വണ്ണാന്മാർ, വേട്ടുവർ, മലയർ, കുറവർ, കുറുമ്പർ, പണിയർ, പുലയർ, (ചെറുമക്കൾ) നായാടികൾ മുതലായ ജാതികളുടെ വിവരം പറവാൻ സ്ഥലം പോരാ.

മലയാളികൾ അല്ലാതെ കൊങ്കണി മുതലായ ചെട്ടികൾ കച്ചവടം നിമിത്തം വന്നു കുടിയിരിക്കുന്നതു കൂടാതെ ചില കച്ചിക്കാരും ഗുസരാത്തകാരും പട്ടണങ്ങളിൽ പാൎക്കുന്നുണ്ടു. തെളുങ്കരാജ്യത്തിൽനിന്നു വന്ന എരിമ്മക്കാരും ചിലേടത്തുണ്ടു. വിലാത്തിക്കാരെ ആശ്രയിച്ചുവരുന്ന പറയർ മുതലായ തമിഴജാതികൾ പ്രത്യേകമായി പട്ടണങ്ങളിൽ പാൎത്തുവരുന്നു.

ചില പട്ടണങ്ങളിൽ കാണുന്ന പാർസികൾ ഹിന്തുക്കളല്ല. അവർ മുസല്മാനരുടെ മുമ്പിൽനിന്നു ഓടി പാർസിരാജ്യത്തെ വിട്ടു ബൊമ്പായി മുതലായ ദിക്കുകളിൽ കുടിയിരുന്നവരുടെ സന്തതികളാകുന്നു.

അങ്ങാടികളിൽ അസംഖ്യമായി കാണുന്ന മാപ്പിള്ളമാർ ഒരു വക മുസല്മാനരാകുന്നു. എങ്കിലും അവരിൽ പലരും കുറാന്നു വിരോധമായി മരുമക്കത്തായം മുതലായ ആചാരങ്ങളെ കൈക്കൊണ്ടിരിക്കുന്നു. അരിക്കച്ചോടവും ചില്ലറക്കച്ചോടവും ഏകദേശം മുഴുവനും അവരുടെ കയിക്കൽ ആകുന്നു. സൎക്കാർ ഉദ്യോഗങ്ങളെ അവർ അധികം അന്വേഷിക്കാറില്ല.

പട്ടാണികൾ വടക്കെ ഇന്ത്യയിൽനിന്നു വന്ന മുസല്മാനരത്രെ. അവർ സാധാരണമായി സിപ്പായി, പൊലിസ പട്ടപ്പണികളെ എടുക്കുന്നു.

കൊടുങ്ങല്ലൂർ, കൊച്ചി മുതലായ ദിക്കുകളിൽ വെളുത്ത യഹൂദന്മാരെയും കറുത്ത യഹൂദന്മാരെയും കാണും. കറുത്ത യഹൂദന്മാർ ഫലസ്തീന മുതലായ രാജ്യങ്ങളിൽനിന്നു വന്നു കൊടുങ്ങല്ലൂരിൽ കുടിയിരുന്ന വെളുത്ത യഹൂദന്മാരെ ആശ്രയിച്ചു അവരുടെ മതത്തെ അനുസരിച്ച നാട്ടുകാരാകകൊണ്ടു അവൎക്കു ആ ശുദ്ധ യഹൂദന്മാരോളം ബഹുമാനമില്ല.

തരീസ്സാ എന്നും നസ്രാണികൾ എന്നും പറയുന്നവർ കച്ചവടത്തിന്നായി സുറിയയിൽനിന്നും പാർസിയിൽനിന്നും വന്ന ക്രിസ്ത്യാനികളത്രെ. അവൎക്കു മുമ്പെ പെരുത്ത മഹത്വമുണ്ടായി.

പൊൎത്തുഗീസർ, ലന്തർ, ഇങ്ക്ലിഷ്കാർ എന്നവൎക്കു നാട്ടുസ്ത്രീകളിൽനിന്നു ജനിച്ച സന്തതികളെ പ്രത്യേകമായി കരപ്രദേശത്തിലെ പട്ടണങ്ങളിൽ കാണുന്നു. അവർ നാട്ടുകാരുടെയും രാജ്യത്തിൽ ഭരിക്കുന്ന വിലാത്തിക്കാരുടെയും നടുവിൽ ഉള്ളവർ തന്നെ.

നാട്ടുകാർ ഹിന്തുമതത്തെ ആചരിക്കുന്നു എന്നു പറയുന്നു എങ്കിലും അതു ശുദ്ധത്രിമൂൎത്തിസേവ എന്നു പറവാൻ പാടില്ല. പലരും

മുത്തപ്പൻ ദൈവത്തെയും പിശാചു ദുർഭ്രുതപ്രേതങ്ങളെയും പൂജിക്കുന്നു. ശിവമതക്കാർ വിഷ്ണുമതത്തേയും, വിഷ്ണുമതക്കാർ ശിവമതത്തേയും ശപിച്ചു നിന്ദിക്കുന്നെങ്കിലും, മിക്കവാറും നാട്ടുകാർ രണ്ടിനെയും ആശ്രയിച്ചു വരുന്നു. ബിംബാരാധനയും കള്ളദേവന്മാരെ സേവിക്കുന്നതും ശരിയല്ല എന്നു പലൎക്കും ബോധം വന്നിട്ടും അവർ മാനുഷ്യഭയം നിമിത്തം പുറമെ അതിൽ ചേരുന്നു.[1] അവർ വേദാന്തികളൊ ക്രിസ്തീയമതത്തെ സമ്മതിക്കുന്നവരൊ ആകുന്നു.

ശങ്കരാചാര്യന്റെ കാലത്തിൽ ബൌദ്ധമതം മലയാളത്തിൽ പെരുത്ത പരന്നിരുന്നു. പരദേശത്ത നിന്നു ചിലപ്പോൾ വരുന്ന ജൈനർ അതിനോടു സംബന്ധിച്ചിരിക്കുന്നു.

പാർസികൾക്ക അഗ്നിസേവയുണ്ടു.

യഹൂദന്മാരുടെ മതം സത്യവേദത്തിലെ പഴയ നിയമത്തിലുള്ളതെങ്കിലും സത്യ മെശീഹയായ യേശുക്രിസ്തനെ തള്ളിക്കളഞ്ഞ ശേഷം, അവർ ദൈവാലയവും ആചാര്യനും ബലിയും കൂടാതെ എല്ലാ രാജ്യങ്ങളിൽ ചിതറി മാനുഷ്യസമ്പ്രദായങ്ങളായ തല്മൂദ പ്രമാണിച്ചു വരുന്നു....

പാരമ്പര്യ ന്യായങ്ങളാകുന്ന സുന്നാത്ത്കൊണ്ടും ഖലീപ്പ ആർ എന്നുള്ള തൎക്കംകൊണ്ടും മുസല്മാനർ പ്രത്യേകം രണ്ടംശമായി പിരിഞ്ഞു. മാപ്പിള്ളമാൎക്ക നേരെ അറബിയിൽനിന്നു കടൽ വഴിയായി മതം വന്നതകൊണ്ടു അവർ ശാഫിമാർ അത്രെ. വടക്കെ ഇന്ത്യയിൽനിന്നു വന്ന പട്ടാണികൾക്ക അങ്ങിനെ അല്ല. കരവഴിയായി മതം വന്ന സംഗതിയാൽ, അവർ ആനഫിമാരാകുന്നു.

ക്രിസ്ത്യാനർ യേശുക്രിസ്തനെ സത്യവേദത്തിൽ കാണുന്ന പ്രകാരം കൈക്കൊണ്ടവർ എങ്കിലും, കാലക്രമേണ അല്പമല്ലാത്ത ഭേദങ്ങൾ ഉത്ഭവിച്ചുവന്നു.

നസ്രാണികൾ അപ്പോസ്തലനായ തോമാസ ഇന്ത്യയിൽ വന്നു സുവിശേഷത്തെ പ്രസംഗിച്ചു ക്രിസ്തീയ സഭകളെ സ്ഥാപിച്ചു മയിലാപുരത്ത രക്തസാക്ഷിയായി മരിച്ചു എന്നു പറയുന്നു. അത പൂർണ്ണനിശ്ചയമല്ലാഞ്ഞാലും അവർ പുരാണസഭയാകുന്നതിന്ന യാതൊരു സംശയമില്ല. അവരുടെ മെത്രാൻ സാധാരണമായി സുറിയയിലെ അന്ത്യോക്യയിൽ നിന്നു അയക്കപ്പെട്ടു അവരുടെ പ്രാൎത്ഥനകളും തിരുവെഴുത്തുകളും സുറിയാണിഭാഷയിൽ അത്രെ നടക്കുന്നത. സത്യവേദത്തിന്റെ അറിവ അവരിൽ അധികമില്ലായ്കകൊണ്ടു ആത്മീകജീവൻ എത്രയും കുറഞ്ഞിരിക്കുന്നു. പലരും രോമസഭയോടു ചേരുന്നു.

1. മതപരമായ കാര്യങ്ങളെക്കുറിച്ചുള്ള ഗ്രന്ഥകർത്താവിന്റെ പരാമർശങ്ങളിൽ ചരിത്രബുദ്ധിയെക്കാൾ മതപ്രചാരകന്റെ ഇഷ്ടാനിഷ്ടങ്ങളാണ് പ്രകടമാകുന്നതെന്നു തോന്നുന്നു — എഡിററർ.

രോമക്കാർ സത്യവേദം കൂടാതെ, പാരമ്പര്യന്യായങ്ങളെ ആചരിക്കയും രോമയിലെ പാപ്പാവിനെ അനുസരിക്കയും വിശുദ്ധന്മാരെയും (പുണ്യവാളന്മാരെയും) ബിംബങ്ങളെയും വന്ദിക്കയും തങ്ങളുടെ സഭയിൽ ചേരാത്തവൎക്കു രക്ഷയില്ല എന്നു പറകയും ചെയ്യുന്നു. ഈ മതം പൊൎത്തുഗീസരാൽ, ഈ രാജ്യത്തിൽ പരന്നു വന്നു എങ്കിലും, അവരുടെ പാതിരിമാർ മലയാളം അധികം പഠിക്കായ്കകൊണ്ടു മലയാളം മാത്രം അറിയുന്ന കൊല്ലക്കാർ മുതലായവൎക്ക് വിശ്വാസത്തിന്റെ അറിവു എത്രയും ചുരുക്കം. അവരുടെ ആരാധന ലത്തീൻ ഭാഷയിൽ അത്രെ.

സാധാരണമായി വേദക്കാർ എന്നു പറയുന്ന പ്രൊടസ്ടന്തർ രോമക്കാരുടെ പാരമ്പര്യന്യായങ്ങളെയും പാപ്പാവിനെ അനുസരിക്കുന്നതിനെയും വിശുദ്ധന്മാരെയും ബിംബങ്ങളെയും വന്ദിക്കുന്നതിനെയും നിഷേധിച്ചു സത്യവേദത്തെ മാത്രം കാനൂൽ ആയി പ്രമാണിക്കുന്നു. അവർ രാജ്യങ്ങളുടെയും സഭാവാഴ്ചകളുടെയും ആചാരങ്ങളുടെയും ഉപദേശങ്ങളുടെയും ഭേദങ്ങളാൽ വെവ്വേറെ സഭകളായി വിഭാഗിച്ചിരിക്കുന്നു. മലയാളത്തിൽ മുഖ്യമായി കാണുന്നവ ഇങ്ക്ളീഷ ചൎച്ച്, ലൊണ്ടൻ മിശ്ശൻ, ജൎമ്മൻ മിശ്ശൻ എന്നീ മൂന്നു തന്നെ.

മലയാളത്തിൽ മേല്പറഞ്ഞപ്രകാരം പലവിധമുള്ള ജാതികൾ പാൎക്കകൊണ്ടു അവരുടെ മൎയ്യാദകളിലും സ്വഭാവങ്ങളിലും വലിയ ഭേദങ്ങൾ കാണ്മാനുണ്ടു. താണജാതികൾക്കു സാധാരണമായി താണ സ്വഭാവവും അശുദ്ധിയും, ഉയൎന്ന ജാതികൾക്കു മാനവും ശുദ്ധിയും ധൈൎയ്യവും ഉണ്ടെങ്കിലും അവർ പലപ്പോഴും ഡംഭികളായി താണവരെ ഉപദ്രവിക്കുന്നു. ഇങ്ക്ളീഷവാഴ്ച വന്നശേഷം, ജാതിഭേദം കൊണ്ടു ആരെയും പരസ്യമായി ഹിംസിപ്പാൻ പാടില്ലാഞ്ഞാലും ഉൾപ്രദേശങ്ങളിൽ പലരും അതിനെ കൂട്ടാക്കുന്നില്ല. മുമ്പെത്ത മൎയ്യാദപ്രകാരം നായന്മാൎക്കു ബ്രാഹ്മണരുടെ അടുക്കെ ചെല്ലാം എങ്കിലും, അവരെ തൊട്ടു കൂടാ. തിയ്യൻ 36 അടിയും, പുലയൻ 96 അടിയും ദൂരത്തിൽ തെററി നില്ക്കേണ്ടത്. പട്ടണങ്ങളിൽ ഈ വക സമ്പ്രദായങ്ങളെ ഇപ്പോൾ അധികം പ്രമാണിക്കുന്നില്ല എങ്കിലും ഉൾനാടുകളിൽ അവ ഇപ്പോഴും സാധാരണമായി നടക്കുന്നു. മുമ്പേത്ത കാലങ്ങളിൽ ഈ ജാതിഭേദംകൊണ്ടു ഉപകാരം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അത് വൎദ്ധനക്കു മുടക്കം വരുത്തി ഒരു വലിയ ശാപമായി തീൎന്നു. മരുമക്കത്തായം വേറെ ഒരു ശാപം തന്നെ. അതിന്റെ സംഗതി വിവാഹാവസ്ഥയിൽ വെടിപ്പില്ലായ്കകൊണ്ടത്രെ. തറവാട്ടു മുതൽ വിഭാഗിച്ചു പോകാതിരിക്കേണ്ടതിന്നു കുഡുംബങ്ങൾ പിരിഞ്ഞു പോകാതെ ഒരുമിച്ചു പാൎക്കുന്നത് നല്ലൊരു കാൎയ്യം എങ്കിലും നടത്തുന്നവൻ ആർ എന്നതിനെകൊണ്ടു പലപ്പോഴും തൎക്കവും അന്യായവും ജനിക്കും.

മലയാളഭാഷ തമിഴ്, തുളു, തെലുങ്ക, കൎണ്ണാടകം മുതലായ

ഭാഷകളോടു എത്രയും സംബന്ധിച്ചിരിക്കകൊണ്ടു ബ്രാഹ്മണർ കേരളോല്പത്തിയിൽ കേൾക്കുന്ന പ്രകാരം ആദ്യനിവാസികളല്ല എന്നറിയാം ആദ്യനിവാസികൾ ആരെന്ന ഇപ്പോൾ നിശ്ചയമായി പറഞ്ഞു കൂടാ. നായാടികൾ എല്ലാവരിലും ഹീനരാകയാൽ അത അവരായിരുന്നു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു * അവരെ പുലയരും, പുലയരെ കിഴക്കിൽനിന്ന വന്ന വേറെ ജാതികളും വെവ്വേറെ സമയങ്ങളിൽ ജയിച്ചടക്കി ഭ്രഷ്ടരാക്കുകയും ചെയ്തു എന്നു തോന്നുന്നു. ഈ ദ്രാവിഡരായിരിക്കുന്ന ജാതികൾ കുറയക്കാലംകുടിയിരുന്നശേഷം, ബ്രാഹ്മണരും വടക്കിൽ നിന്നു വന്നു അവരെ നല്ല മര്യാദകളെയും വിദ്യകളെയും പഠിപ്പിച്ചു. ഇവരുടെ ഭാഷ സംസ്കൃതമാകകൊണ്ടും മലയാളഭാഷയിൽ വിദ്യകൾക്ക തക്കവാക്കുകൾ ഇല്ലായ്കകൊണ്ടും ഉയൎന്ന ഭാഷയിൽ അനേക സംസ്കൃത ശബ്ദങ്ങളെ കണ്ടെത്തുന്നു.

മലയാളചരിത്രത്തെ രണ്ടംശമായി വിഭാഗിക്കാം:

1. പൊൎത്തുഗീസർ രാജ്യത്തിൽ വരും മുമ്പെയുള്ള ചരിത്രം

അതിൽ ഭേദമായി മൂന്ന കാലങ്ങൾ ഉണ്ടു. 1 ആദ്യകാലം. 2 ചേരമാൻ പെരുമാക്കന്മാരുടെ കാലം. 3 തമ്പുരാക്കന്മാരുടെ കാലം.

1. ആദ്യകാലത്തെകൊണ്ടു മേൽപറഞ്ഞപ്രകാരം നിശ്ചയമുള്ള അറിവ അല്പമെയുള്ളു എങ്കിലും ആദിയിൽ കടൽവരെ രാജ്യം മുഴവനും കാടകൊണ്ടു നിറഞ്ഞിട്ടു ആദ്യനിവാസികൾ കുറച്ചിയർ, മലയർ മുതലായ ജാതികൾ ഇപ്പോൾ ജീവിക്കുന്നപ്രകാരം നായാട്ടുകൊണ്ടും, കാട്ടുകായികളും കിഴങ്ങുകളും അല്പാല്പം കൃഷിയുംകൊണ്ടും, കരപ്രദേശത്തും പുഴവക്കത്തും പാൎത്തവർ മീൻപിടികൊണ്ടും ഉപജീവനം കഴിച്ചു എന്നുള്ളതിന്നു സംശയമില്ല. കടലിന്റെ സമീപമുള്ള മണൽപ്രദേശങ്ങൾ മിക്കവാറും അപ്പോൾ മാത്രമല്ല കുറയ വലിയ കപ്പലുകൾ ഉണ്ടാക്കുവാൻ അറിഞ്ഞ ശേഷവും കടൽകൊണ്ടു മൂടിയതിന്നു ആ മണൽപ്രദേശങ്ങളിൽ കണ്ടെത്തുന്ന പഴയ കപ്പലുകളുടെ ശേഷിപ്പുകൾ എതിർ പറവാൻ കഴിയാത്ത സാക്ഷികൾ. കേരളോല്പത്തിയിൽ പറയുന്ന കഥകളെ എല്ലാം വിശ്വസിപ്പാൻ കഴിയാഞ്ഞാലും ചിലത സത്യമായിരിക്കും. അവിടെ കേൾക്കുന്നപ്രകാരം

---

*നായാടികളിൽ പലക്കും ബ്രാഹ്മണരുടെ പേരുകൾ ഉണ്ടാകകൊണ്ടും അവർ തങ്ങളുടെ പൂൎവ്വന്മാർ വലിയ കുററം ഹേതുവായി ഭ്രഷ്ടരായ ബ്രാഹ്മണർ ആയിരുന്നു എന്നു പറകകൊണ്ടും ചിലർ അവർ ആദ്യനിവാസികൾ ആയിരുന്നില്ല എന്നു വിചാരിക്കുന്നു. എങ്കിലും അവർ മുമ്പെ ബ്രാഹ്മണർ ആയിരുന്നെങ്കിൽ അവരുടെ ഭാഷയിൽ സംസ്കൃതം ഒട്ടും ഇല്ലാത്തതിനെ എങ്ങിനെ ഗ്രഹിക്കും? അവർ പറയുന്ന കഥ മുമ്പെ തങ്ങൾക്ക വലിപ്പം ഉണ്ടായി എന്നുള്ള ഓൎമ്മയെ കാണിക്കുന്നു. അതിനെ കാണിക്കേണ്ടതിന്നു അവർ ബ്രാഹ്മണരുടെ പേരുകളെ കൈക്കൊണ്ടായിരിക്കും.

ബ്രാഹ്മണർ പരശുരാമൻെറ സഹായത്താൽ കേരളത്തിൽ പാൎത്തുവന്ന ശേഷം, സർപ്പങ്ങാം അധികമുണ്ടായിട്ട മിക്കവാറും പേർ നാട്ടിൽ നിന്ന പോയ്ക്കളഞ്ഞു എന്ന കണ്ടു അവൻ ആര്യപുരത്തിൽനിന്ന വേറെ ബ്രാഹ്മണരെ വരുത്തി. അവർ ഇനി പോയ്ക്കളയാതെ ഇരിക്കേണ്ടതിന്ന മുൻകുടുമ്മ വെപ്പാൻ കല്പിച്ചു. കന്യാകുമാരി മുതൽ ഗോകൎണ്ണപരിയന്തമുള്ള കേരളത്തെ അവൻ 64 അംശമാക്കി വിഭാഗിച്ചു അവരുടെ മേൽ 12 തങ്ങാളരെ നിശ്ചയിച്ചു. തങ്ങാളരുടെ ശേഷം നാലു നഗരങ്ങളിൽനിന്നും ക്ഷേത്രങ്ങളിൽനിന്നും നിയോഗിച്ച ആളുകളും പിന്നെ രക്ഷാപുരുഷന്മാരും രാജ്യഭാരം നടത്തി എന്ന കേംക്കുന്നു. കാലക്രമേണ കാഞ്ഞരക്കോട്ട പുഴയുടെ വടക്കിലും തെക്കിലും ഉള്ള അംശങ്ങാം വേർ പിരിഞ്ഞു. തെക്കെ അംശം നമ്മുടെ മലയാളം അത്രെ. വടക്കെ അംശം തുളുരാജ്യം ആകുന്ന കർണ്ണാടകജില്ല തന്നെ. രക്ഷാപുരുഷന്മാരുടെ ദുരാഗ്രഹവും അസൂയയുംകൊണ്ടു ബ്രാഹ്മണരുടെ പ്രജാവാഴ്ച ക്ഷയിച്ചു പോയിട്ട രാജാവ് അന്യജാതിക്കാരനായിരിക്കേണം എന്നുകണ്ടു ബ്രാഹ്മണർ പരദേശത്തിൽനിന്ന പന്ത്രണ്ടീത കൊല്ലം ഭരിക്കുന്ന നാടുവാഴികളെ കൊണ്ടുവന്നു എന്ന പറയുന്നു. ഈ നാടുവാഴികാം തമിഴ് രാജാക്കന്മാർ അടക്കിയ മലയാളത്തെ ഭരിപ്പാൻ വേണ്ടി അയച്ച ഉപരാജാക്കന്മാർ എന്നു തോന്നുന്നു. എങ്ങിനെ ആയാലും പാണ്ട്യ, ചോള, ചേര രാജാക്കന്മാർ മലയാളത്തിൽ വാണു എന്നതിന്നു സംശയമില്ല. യേശുക്രിസ്തൻെറ ഒരല്പം പിമ്പിൽ പാണ്ട്യരാജാക്കന്മാർ മലയാളത്തിൽവാണു എന്നു യവനന്മാരെകൊണ്ടു കേംക്കുന്നു. ചോളരാജാക്കന്മാർ വാണതിൻെറ ചില ദൃഷ്ടാന്തങ്ങളെ പന്ത്രണ്ടീത കൊല്ലം പൊന്നാണിക്ക സമീപമുള്ള മഹാമഖയിലും കുംഭകോണത്തിലും കൊണ്ടാടുന്ന ഉത്സവങ്ങളും മററും ഈ ദിവസം വരെ കാണുന്നു. ഏകദേശം 500 ക്രിസ്താബ്ദം ചേരരാജാവായ പുളകേശി ചോളരാജ്യത്തെയും കേരളത്തെയും അടക്കി എന്നു തമിഴ് ചരിത്രങ്ങളെ കൊണ്ടറിയുന്നു.

2. ചേരമാൻ പെരുമാക്കന്മാർ ആദ്യം തമിഴ് ചക്രവൎത്തികളുടെ ഉപരാജാക്കന്മാരായി വാണതിൻെറ ശേഷം അവരിൽ ഒരുത്തൻ ബ്രാഹ്മണരുടെയും നായന്മാരുടെയും സഹായത്താൽ യജമാനൻെറ നേരെ ദ്രോഹിച്ചു മലയാളത്തെ സ്വാതന്ത്ര്യമുള്ള രാജ്യമാക്കി തീൎത്തു എന്നു വിചാരിപ്പാൻ ഇടയുണ്ടു. പെരുമാം വാഴുന്ന സമയത്ത ബൌദ്ധന്മാർ പെരുത്തു വർദ്ധിക്കകൊണ്ടു മിക്കവാറും ബ്രാഹ്മണർ രാജ്യത്തെ വിട്ട ശേഷം, അവർ ദിവ്യസഹായത്താൽ മടങ്ങിവന്നു പരസ്യമായ വിവാദത്തിൽ ബൌദ്ധന്മാരെ ജയിച്ചു കരാർപ്രകാരം അവരുടെ നാവുകളെ മുറിച്ചെടുക്കുകയും അവരെ രാജ്യത്തിൽനിന്നു ഭ്രഷ്ടരാക്കുകയും ചെയ്തു. ഒരു തർക്കം ഹേതുവായി കമ്മാളർ രാജ്യത്തെ വിട്ട, (സിംഹളം)ഈഴദ്വീപിൽ പോയി മടങ്ങിവരുമ്പോാം, ദ്വീപർ എന്നൎത്ഥമാകുന്ന തിയ്യരെയും ഈഴവരെയും ആയവർ തെക്കിൽനിന്നുള്ള മരം എന്ന തെങ്ങിനെയും കൂടെ കൊണ്ടു

വന്നു. അവരോടൊന്നിച്ച മുകയർ, മുക്കവർ എന്നീ രണ്ടു ജാതികളും മലയാളത്തിൽ എത്തി. യഹൂദന്മാരും നസ്രാണികളും മാപ്പിള്ളമാരും കച്ചവടം നിമിത്തം കുടിയിരുന്നത ഇവിടെ വിവരിപ്പാൻ സ്ഥലം പോരാ, ഒരു പെരുമാൾ പൂർവ്വന്മാരുടെ മതത്തെ ഉപേക്ഷിച്ച എന്നു കേൾക്കുന്നു എങ്കിലും, നസ്രാണികൾ അവൻ തങ്ങളുടെ വേദം കൈക്കൊണ്ടു തപസ്സു ചെയ്തു മയിലാപുരത്ത മരിച്ചു എന്നും മാപ്പിള്ളമാർ അവൻ മക്കത്തെ പോയി മുഹമ്മദനബി ചെയ്ത അതിശയങ്ങളെ കണ്ടു ഈമാം ഉറപ്പിച്ച മാർഗ്ഗം ചെയ്തു എന്നും പറയുന്നതിൽ ഏത വിശ്വസിക്കേണം എന്നറിയുന്നില്ല. പെരുമാക്കന്മാർ ഏകദേശം 1000 ാം ക്രിസ്താബ്ദംവരെ വാണ ശേഷം, ഇടപ്രഭുക്കന്മാരുടെ ദ്രോഹത്താലും മൈസൂരിലെ വെള്ളാളരുടെ അതിക്രമങ്ങളാലും അവരുടെ ഏകവാഴ്ച ഒടുങ്ങി പോത്തുഗീസർ കണ്ടെത്തിയ തമ്പുരാക്കന്മാർ വാണു തുടങ്ങി.

3. തമ്പുരാക്കന്മാരുടെ കാലത്തിൽ 18 രാജാക്കന്മാരും 390 കർത്താക്കന്മാരും വാണതിൽ മുഖ്യമായവർ 1. ചിറക്കൽ പാർക്കുന്ന കോലതമ്പുരാൻ. 2. കോഴിക്കോട്ടിലെ താമൂതിരി 3. കൊച്ചിരാജാവ്. 4. വേണാട എന്നും തിരുവിതാംകോട എന്നും പേരായ തെക്കെ രാജ്യത്തിലെ പൊന്തമ്പുരാൻ.

കൊച്ചിരാജാവ് ക്ഷത്രിയനാകയാൽ, അവൻ ചേരമാൻ പെരുമാളിന്റെ അനന്തരവൻ എന്നു തോന്നുന്നു. എങ്കിലും തന്നെ അടക്കിയ താമൂതിരിയുടെ നേരെ പൊത്തുഗീസ്സരുടെ സഹായത്താൽ ദ്രോഹിച്ച സ്വാതന്ത്ര്യമായി വരും മുമ്പെ അവനെകൊണ്ടു അധികം കേട്ടിട്ടില്ല. വേണാട്ടുതമ്പുരാന്നു പലപ്പോഴും തമിഴ്‌രാജാക്കന്മാരോടു യുദ്ധം ഉണ്ടാകയാൽ അവന്നു വളരെ കീർത്തിവന്നു. പൊത്തുഗീസർ മലയാളത്തിൽ വരുമ്പോൾ, പാണ്ടിരാജ്യത്തിന്റെ തെക്കെ അംശം അവന്റെ സ്വാധീനത്തിലായി അവിടെ കായിൽ എന്ന പട്ടണത്തിൽ തമ്പുരാന്റെ വാസം ഉണ്ടു. അവന്റെ കീഴിൽ വില്ല പ്രയോഗിച്ച 300 സ്ത്രീകളും ചേകം ചെയ്തു.

ചിറക്കത്തമ്പുരാന്നു പൊന്തമ്പുരാനോടു പുലസംബന്ധമുണ്ടായിരുന്നു; അവൻ പലപ്പോഴും തുളുരാജാക്കന്മാരോടു യുദ്ധം ചെയ്യേണ്ടി വന്നു. കോലത്തിരിയുടെ മൂലസ്ഥാനം മാടായിലും പിന്നെ വളപട്ടണത്തിലും ഇപ്പോൾ ചിറക്കലിലും ഉണ്ടായിരിക്കുന്നു. അവനിൽ നിന്നു കോട്ടയത്തരാജാവിന്നും കടത്തനാടരാജാവിന്നും അറക്കൽരാജാവിന്നും വാഴ്ച കിട്ടിയപ്രകാരം വെവ്വേറെ വിധമായി പറകകൊണ്ടു അതെങ്ങിനെ എന്നു തീർച്ചയായി പറവാൻ പാടില്ല. എല്ലാവരിലും കീത്തിയുള്ള താമൂതിരി ഒന്നാമത് ഏറനാട്ടിൽ മാത്രം വാണു. എങ്കിലും ബ്രാഹ്മണരുടെ സഹായത്താലും പ്രഭുക്കന്മാൎക്ക കൈക്കൂലി കൊടുക്കുന്നതിനാലും സമുദ്രത്തോടു അടുത്ത പൊലനാട അവന്റെ കൈവശത്തിൽ വന്നശേഷം, അവൻ 1300 ാം ക്രിസ്താബ്ദം കോഴിക്കോട സ്ഥാപിക്കയും അറബിക്കച്ചവടക്കാർക്ക വലിയ ഉപകാരം

വരുത്തുകയും ചെയ്തു. ഈ കാരണത്താൽ മുമ്പെ കൊടുങ്ങല്ലൂരിലും പിന്നെ കൊല്ലത്തിലും *ഏഴിമലയുടെ സമീപമുള്ള മാടായിലും നടന്ന വങ്കച്ചവടം ക്രമത്താലെ കോഴിക്കോട്ടിലേക്ക വന്നു. അത് കൂടാതെ, മസ്സിയത്ത ദ്വീപിലെ രാജാവിന്റെ മകൻ കോഴിക്കോട്ടിലേക്ക കോയയായി വന്നു പാൎത്തു, താമൂതിരിക്ക വലിയ ഉപകാരത്തെ വരുത്തി. നായന്മാർ യുദ്ധത്തിന്നു പുറപ്പെട്ടു പോകുമ്പോൾ, കോയയും അവന്റെ മാപ്പിള്ളമാരും കപ്പലിൽ കയറി സമുദ്രത്തിൽനിന്നു അവൎക്ക കഴിയുന്നേടത്തോളം സഹായിച്ചു. മുമ്പെ എല്ലായ്പോഴും വള്ളുവനാട്ടിൽ വാഴുന്ന ആരങ്ങോട കുഡുംബത്തിന്റെ കൈവശത്തിലായ പുരാണ തിരുന്നാവഴിക്ഷേത്രവും മഹാമഖ എന്ന ഉത്സവവും ആ മാപ്പിള്ളമാരുടെ സഹായത്താൽ സ്വാധീനമായി വരുമ്പോൾ, താമൂതിരി മലയാളത്തിലെ ഒന്നാം രാജാവാകുന്നു എന്നു എല്ലാവരും സമ്മതിക്കേണ്ടി വന്നു. അറബികൾ കൂടാതെ മഹാചീനക്കാരും വലിയ കപ്പലുകളിൽ കയറി മലയാളത്തിൽ വരുമാറുണ്ടു. ചീനയിൽഉള്ള തറീസ്സാസഭക്കാർ പട്ട്, തുത്തനാഗം, ഈയം, കസ്തൂരി മുതലായ്ത ഇവിടെ കൊണ്ടുവന്നു വ്യാപാരം ചെയ്യും എങ്കിലും, ചോനകമാപ്പിള്ളമാരെ ആശ്രയിച്ചു താമൂതിരി അവൎക്ക അപ്രിയം കാട്ടിയപ്പോൾ, അവർ നല്ലൂരം എടുത്തു പോയി. കുറയക്കാലം കഴിഞ്ഞിട്ടു സന്നാഹങ്ങളോടെ വന്നു കോഴിക്കോട്ടിൽ വളരെ നാശം ചെയ്തു. അന്നു മുതൽ അവർ ഇങ്ങോട്ടു മടങ്ങി വന്നില്ല, ചോഴമണ്ഡലത്ത മൈലാപ്പുരിയോളം ഓടുകെയുള്ളു. ഇങ്ങിനെ മുളക മുതലായ മലയാളചീനച്ചരക്കുകളെ കൊണ്ടുള്ള കച്ചവടം എല്ലാം അറബികളുടെ കൈവശത്തിലായി വിലാത്തിയിൽ അവററിന്നു വലിയ വിലയുണ്ടാകകൊണ്ടു പൊൎത്തുഗീസർ മുതലായ ജാതികൾ കപ്പൽ വഴിയായി ഹിന്തുരാജ്യത്തിലേക്ക ഓടുവാൻ താല്പൎയ്യമായി അന്വേഷിച്ചു.

II. പൊൎത്തുഗീസർ മലയാളത്തിൽ വന്നതിന്റെ ശേഷമുള്ള ചരിത്രം

1. ക്രിസ്താബ്ദം 1498 മെയി മാസം 20 നു വസ്ക്കോദഗാമ നാലു ചെറിയ കപ്പലുകളോടു കൂടി കോഴിക്കോട്ടു തൂക്കിൽ എത്തിയപ്പോൾ, താമൂതിരി അവനെ ആദ്യം കൈക്കൊണ്ടെങ്കിലും മാപ്പിള്ളമാർ അസൂയകൊണ്ടു ഓരോരൊ കളവുകൾ പറയുന്ന സംഗതിയാൽ താമൂതിരി പറങ്കികൾക്ക അപ്രിയം കാണിച്ചിട്ടു ഗാമ കോപിച്ചു മലയാളത്തിൽനിന്നു പുറപ്പെട്ടു, യാത്രയിൽ വളരെ ക്ലേശിച്ചു 148 ജനങ്ങളിൽ 55 ശേഷിച്ചവരോടു കൂട പൊൎത്തുഗാലിൽ എത്തി മാനുവേൽ രാജാവ് അവൎക്ക വേണ്ടുന്ന സ്ഥാനമാനങ്ങളെ കല്പിക്കയും ചെയ്തു. 1500

---

* 824 ക്രിസ്താബ്ദം കൊല്ലത്തിൽ ഒരു കുളത്തെ കെട്ടിയത്കൊണ്ടു മലയാളികൾ ആ സമയം തൊട്ടു തങ്ങളുടെ വൎഷക്കണക്ക തുടങ്ങുന്നു. ചിലർ അത കൊല്ലത്തെ സ്ഥാപിച്ച സംവത്സരം എന്നു പറയുന്നു.

ക്രി. കബ്രാൽ കപ്പിത്താൻ 12 കപ്പലുകളോടും കൂടി പുറപ്പെട്ടതിൽ നിന്നു 6 മാത്രം മലയാളത്തിൽ എത്തി,* കോഴിക്കോടമാപ്പിള്ളമാരുടെ ചതികൊണ്ടു ഉത്ഭവിച്ച തക്കത്തിൽ 40 പറങ്കികൾ നശിക്കയും പലക്കും മുറിവേല്ക്കയും ചെയ്തശേഷം, കബ്രാൽ കോഴിക്കോട പട്ടണത്തെ വെടിവെച്ചു കണ്ണനൂരിലും കൊച്ചിയിലും പാണ്ടിശാലകളെ കെട്ടി ചില ആളുകളെ പാർപ്പിക്കയും ചെയ്തു. കോഴിക്കോട്ടിൽ സംഭവിച്ച ആപത്തു മാനുവേൽ രാജാവ കേട്ടപ്പോൾ, അവൻ മുമ്പെ വന്ന ഗാമാവിനെ 20 കപ്പലുകളോടു കൂടെ (1502) അയച്ചു താമൂതിരി പെരുത്ത ഭയപ്പെട്ടു ക്ഷമയും മമതയും ചോദിക്കുമ്പോൾ, പറങ്കികൾ അതിനെ സമ്മതിക്കാതെ, ഭയങ്കരമുള്ള പ്രതിക്രിയ ചെയ്തു. കൊച്ചിയിലേക്ക പോയി, പെരിമ്പടപ്പ അവിടെ പാർത്ത പറങ്കികളെ നല്ലവണ്ണം രക്ഷിച്ചത കേട്ടപ്പോൾ, അവനു കൊണ്ടുവന്ന പൊന്മുടി മുതലായ സമ്മാനങ്ങളെ കൊടുക്കയും കൊച്ചിയിൽ 30ത്തും കണ്ണനൂരിൽ 20ത്തും പറങ്കികളെ പാർപ്പിക്കയും അവരുടെ സഹായത്തിന്നു 6 കപ്പലുകളെ വിട്ടേച്ചു പോകയും ചെയ്തു. ഗാമ പോയ ഉടനെ താമൂതിരി കൊച്ചിരാജാവോടു പറങ്കികളെ ഭരമേല്പിക്കുന്നില്ലെങ്കിൽ യുദ്ധം ഉണ്ടാകും എന്നു പറഞ്ഞയച്ചു. പെരിമ്പടപ്പ വിശ്വാസവഞ്ചന കാണിക്കാതെ, ആ മഴക്കാലത്തിൽ പെരുത്തു കഷ്ടമനുഭവിച്ചു മുറിവേറ്റു വൈപ്പിൽ പറങ്കികളോടു കൂടെ പാർക്കേണ്ടി വന്നു എങ്കിലും, 1503 സെപ്തമ്പർ 2ാം നു അൽബുകെർക്ക 6 കപ്പലുകളുമായി കാണായി വരുമ്പോൾ, താമൂതിരിയുടെ നായന്മാർ പേടിച്ചു കൊച്ചിയിൽ നിന്നു പൊയ്ക്കളഞ്ഞു. ദ്രോഹിച്ച ഇടപ്രഭുക്കന്മാർക്ക ശിക്ഷയുണ്ടായി. പെരിമ്പടപ്പ സ്വാതന്ത്ര്യമായി വാണു. ഈ ചെയ്ത ഉപകാരത്താൽ പൊർത്തുഗീസർക്ക കൊച്ചിയിൽ ഒരു കോട്ടയെ കെട്ടുവാൻ അനുവാദം കിട്ടി. അൽബുകെർക്ക പുറപ്പെട്ട ശേഷം, താമൂതിരി പിന്നെയും 57000 നായന്മാരും 160 പത്തെമാരിയുമായി വരുമ്പോൾ, വീരനായ പശെകു കുറയ വെള്ളക്കാരോട കൂടി കമ്പള പള്ളുരുത്തിക്കടവുകളുടെ സമീപം എത്രയും ധൈര്യത്തോടെ അവരെ തടുത്തു തോല്പിച്ചു, പൊർത്തുഗാൽ ആയുധങ്ങൾക്ക വലിയ കീർത്തി വരുത്തി. 1505–1509 ഒന്നാം രാജാധികാരിയായ അല്മൈദയുടെയും പിന്നെ വാണ അൽഫൊൻസൊ അൽബുകെർക്കിന്റെയും ശേഷിയാൽ, മുസ്സല്മാന്മാരുടെ കച്ചവടത്തിന്നു മുടക്കം വന്നു. കണ്ണനൂർ കൊല്ലം മുതലായ ദിക്കുകളിൽ പൊർത്തുഗീസർ കോട്ടകളെ കെട്ടി യുദ്ധങ്ങളെ നടത്തിയ സംഗതിയാൽ, 1512 താമൂതിരി മുതലായ എല്ലാ വലിയ തമ്പുരാക്കന്മാർ പൊർത്തുഗീസരുടെ മേല്ക്കോയ്മ സമ്മതിച്ചു കപ്പം കൊടുക്കേണ്ടിവന്നു. എന്നാലും, താമൂതിരി രഹസ്യമായി പൊർത്തു

* വഴിയിൽ വെച്ചു ബ്രസീൽരാജ്യത്തെ കണ്ടെത്തുകകൊണ്ടു 2 കപ്പൽ മടങ്ങിപ്പോയി, 4 കപ്പൽ കൊടുങ്കാറ്റിനാൽ തകൎന്നു, ആ ബ്രസീൽ നാട്ടിൽനിന്നു പിന്നെത്തതിൽ പൃത്തിക്കമൊങ്ങ, കൈതച്ചക്ക, ആത്തച്ചക്ക, പേരക്ക, കപ്പമുളക മുതലായ സസ്യാദികളെ മലയാളത്തിലേക്ക കൊണ്ടുവന്നു.

ഗീസരെ പകെച്ചു പലപ്പോഴം പരസ്യമായി ദ്രോഹിച്ചു, അവരുടെ നേരെ യുദ്ധം നടത്തുകയും ചെയ്തു.

പൊത്തുഗീസർ രോമമതത്തെ പരത്തുവാൻ ആദ്യം തുടങ്ങി പെരുത്തു ശ്രമിച്ചു എങ്കിലും, പറങ്കികളുടെ ക്രൂരതകൊണ്ടു അധികം ആളുകരം ചേൎന്നു വന്നില്ല. തെക്കിലെ മുക്കുവരെ മുസല്മാനർ പെരുത്തു ഉപദ്രവിക്കകൊണ്ടു അവരിൽ പലരും പൊത്തുഗീസരെ ആശ്രയിച്ചു (1550). ഫ്രാൻസീസ ക്ഷവീർ മുതലായ പാതിരിമാർ അനേകായിരം പേരുകളെ സ്നാനപ്പെടുത്തി പേർപ്രകാരം ക്രിസ്തീയസഭയോടു ചേത്തു.

നസ്രാണികരം ആദ്യം പൊത്തുഗീസരെ സന്തോഷത്തോടെ കൈക്കൊണ്ടെങ്കിലും ക്രമത്താലെ അവക്ക അവരാൽ വലിയ സങ്കടം വന്നു. അതിന്റെ കാരണം രോമമതത്തെയും പാപ്പാവിനെയും മുഴുവനും അനുസരിക്കായ്കകൊണ്ടത്രെ. 1599 ഗോവയിലെ ആർച്ചബിശോപ്പായ അലെക്സീസ ദമെനെസസ് പാപ്പാവിന്റെ അധികാരത്തോടെ വന്നു ഉദിയമ്പാത്തൂരിൽ ഒരു സഭായോഗം കഴിച്ചു നസ്രാണികളെ രോമസഭക്കു കീഴടക്കി എങ്കിലും, പലർക്കും രോമനുകത്തെ വഹിപ്പാൻ പാടില്ല എന്നു വെച്ചു അതിനെ നീക്കിക്കളവാൻ നോക്കി, യേശുവിത്തർ 1577 കൊച്ചിയിൽ വെച്ചു മലയാളഭാഷയിൽ ക്രിസ്ത്യാനൊ വണക്കം മുതലായ പുസ്തകങ്ങളെ അച്ചടിപ്പാൻ തുടങ്ങിയ സമയത്തു തൃക്കണ്ടിയൂർ ക്ഷേത്രത്തിന്റെ സമീപം ജനിച്ചു പാർത്ത തുഞ്ചൻ രാമായണം, മഹാഭാരതം മുതലായ ഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്തു പാട്ടാക്കിയതിനാൽ സംസ്കൃതം അറിയാത്ത മലയാളികരംക്ക അറിവു വരുവാൻ സംഗതിയുണ്ടായി.

2 ലന്തർ പൊത്തുഗീസരോടു മുളക മുതലായ ചരക്കുകളെ വാങ്ങി, ആ കച്ചവടത്താൽ പെരുത്തു ലാഭമുണ്ടെന്നു കണ്ടു പൊത്തുഗാൽ തങ്ങളുടെ ശത്രുവായ രണ്ടാം ഫിലിപ്പിന്നു സ്വാധീനമായ ശേഷം, ഹിന്തുസമുദ്രത്തിലേക്ക കപ്പലുകളെ അയച്ച് സാദ്ധ്യത്തിന്നായി ഒരു കൊമ്പനി സ്ഥാപിച്ചു. ആദ്യം തെക്കകിഴക്കിലെ ദ്വീപുകളിലേക്കും പിന്നെ ഹിന്തുരാജ്യത്തിലേക്കും ഓടി, കച്ചവടം ചെയ്വാൻ തുടങ്ങി. പൊത്തുഗീസർ കഴിയുന്നെടത്തോളം അതിനെ വിരോധിച്ചു എങ്കിലും, ക്രമത്താലെ ലന്തരുടെ അധികാരം വദ്ധിച്ചു 1662—1663 കൊല്ലം, കൊടുങ്ങല്ലൂർ, കൊച്ചി, കണ്ണനൂർ മുതലായ പൊത്തുഗീസരുടെ കോട്ടകളെ കൈവശമാക്കി, അവരെ മലയാളത്തിൽനിന്നു ആട്ടിക്കളഞ്ഞു. അതിനാൽ നസ്രാണികരംക്കും യഹൂദന്മാർക്കും ഉപദ്രവം തീൎന്നു സ്വാതന്ത്ര്യം വന്നു. രോമാപാതിരിമാർ എല്ലായ്പോഴം പൊത്തുഗീസരുടെ പക്ഷത്തിൽനിന്നു ദ്രോഹത്തിൽ കൂടിയ്തകൊണ്ടു ലന്തർ അവരെ രാജ്യത്തിൽനിന്നു ആട്ടിയശേഷം, 1698 പൊത്തുഗീസരല്ലാത്ത 12 വിലാത്തിപ്പാതിരിമാർക്കും ഒരു ബിശോപ്പിന്നും മലയാളത്തിൽ പാർപ്പാനും രോമസഭകളെ രക്ഷിപ്പാനും അനുവാദം കിട്ടി. ലന്തർ കൊച്ചി പിടിച്ചതിന്റെ ശേഷം പൊത്തുഗീസർ മുമ്പെ

കെട്ടിയ കോട്ട ആവശ്യത്തിലധികം വലിയ്ത എന്നുവെച്ച അതിനെ ചുരുക്കി ഉറപ്പിച്ചു കൊച്ചി പടിഞ്ഞാറെ ഇന്ത്യയിലെ തലസ്ഥാനമാക്കി, കണ്ണനൂരിലെ കോട്ടയെ ഉറപ്പിച്ചു ബേക്കലം, പുതുക്കോട്ട മുതലായ സ്ഥലങ്ങളിൽ തങ്ങളുടെ അധികാരത്തെ സ്ഥിരപ്പെടുത്തേണ്ടതിന്നും കച്ചവടത്തെ രക്ഷിക്കേണ്ടതിന്നും കോട്ടകളെ കെട്ടുകയും പലേടത്ത പാണ്ടിശാലകളെ വെക്കുകയും മലയാളത്തിൽ ഒരു വക മേല്കോയ്മ നടത്തുകയും ചെയ്തു. ലന്തരുടെ അധികാരം ക്രമത്താലെ ക്ഷയിച്ചു അധികം ഉപകാരമില്ലാത്ത പുതുക്കോട്ട്, ബേക്കലം മുതലായ കോട്ടകളെ ഉപേക്ഷിക്കയും 1770 കണ്ണനൂർ കോട്ടയെ ഒരു ലക്ഷം രൂപ്പിക്കു അറക്കൽ രാജാവിന്നു വില്ക്കയും ചെയ്തു. കൊച്ചി 1795 വരെ ലന്തരുടെ കൈവശത്തിലായിരുന്നു.

ഇങ്ക്ലിഷ്കാർ 1600 കച്ചവടത്തിന്നായി ഒരു കൊമ്പനി സ്ഥാപിച്ചശേഷം, വേഗം മലയാളത്തിൽ വന്നു 1616 താമൂതിരി കൊടുങ്ങല്ലൂരെ വളഞ്ഞു പോർത്തുഗീസരോടു യുദ്ധം ചെയ്യുമ്പോൾ, മൂന്നു ഇംഗ്ലിഷകപ്പലുകൾ കോഴിക്കോട്ടിൽ വരുമ്പോൾ, താമൂതിരി സന്തോഷത്തോടെ അവരെ കൈക്കൊണ്ടു കൊടുങ്ങല്ലൂരിൽ പാണ്ടിശാല വെക്കുവാൻ സമ്മതം കൊടുക്കയും അവരുടെ സഹായത്താൽ പൊർത്തുഗീസരെ കൊച്ചിയിൽനിന്നു ആട്ടി അവിടെയുള്ള കോട്ട അവർക്കു ഏല്പിപ്പാൻ വാഗ്ദത്തം കൊടുക്കയും ചെയ്തു. എങ്കിലും ഇംഗ്ലിഷ്കാർക്കു അതിനാൽ അധികം ഉപകാരം വന്നില്ല. 1669 ചിറക്കൽ രാജാവിന്റെ സമ്മത പ്രകാരം വളപട്ടത്തിൽ പാണ്ടിശാല കെട്ടി കച്ചവടം ചെയ്യുന്നതിൽ അധികം സാദ്ധ്യം ഉണ്ടായിട്ടു 1683 തലശ്ശേരിയിലും 1694 അഞ്ചുതെങ്ങിലും മുളകുകച്ചവടത്തിന്നായി പാണ്ടിശാലകളെയും കോട്ടകളെയും കെട്ടുകയും ചെയ്തു. ഇങ്ക്ലിഷ്കാർ ആദ്യം രാജ്യഭാരത്തിലും യുദ്ധങ്ങളിലും കൂടാതെ, സമാധാനത്തോടെ കച്ചവടം നടത്തുന്നതിനാൽ, നാട്ടുകാർ അവരുടെ പക്ഷത്തിൽ നിന്നു ഓരോരൊ സഹായങ്ങളെ ചെയ്തു. എങ്കിലും ആ സമയങ്ങളിൽ നാട്ടുകാർ ഇപ്പോൾ എന്നപോലെ വിലാത്തിക്കാരോടു മമതയുള്ള സംസൎഗ്ഗം ചെയ്തു എന്നു വിചാരിക്കരുത്. നാട്ടുകാർ ഗോമാംസം തിന്നുന്ന മ്ലേച്ഛരന്മാരെ വെറുക്കയും വിലാത്തിക്കാർ ചതിവുള്ള കറുത്ത അജ്ഞാനികളെ ക്രൂരമായി ഉപദ്രവിക്കയും നിന്ദിക്കയും ചെയ്തു. കാലക്രമേണ മാത്രം ഈ അന്യോന്യമുള്ള നീരസവും അസൂയയും അല്പാല്പം കുറഞ്ഞു ഒരു വക ഇണക്കവും മമതയും ഉളവായി വന്നു.

3. പാലക്കാട്ട രാജാവ 1757 മൈസുരിലെ ഹൈദരാലിയുടെ സഹായം അന്വേഷിച്ച ശേഷം, കണ്ണനൂരിലെ ആലിരാജാവ് കോലത്തിരിയുടെ മേല്കോയ്മ നീക്കി കളവാൻ വേണ്ടി 1765 ഹൈദരിനെ ക്ഷണിച്ചിട്ട് അവൻ പിറെറ കൊല്ലത്തിൽ സൈന്യത്തോടുകൂടെ മുമ്പെ അടക്കിയ കർണ്ണാടകത്തിൽനിന്നു വന്നു, നീലെശ്വരത്തിന്റെ സമീപം അതിർകടന്നു മലയാളത്തിൽ പ്രവേശിച്ചു രാജ്യത്തെ അടക്കി നാട്ടുകാരെ ഉപദ്രവിച്ചതിനാൽ താമൂതിരി തന്നെത്താൻ

കോവിലകത്തോട കൂടെ ദഹിപ്പിച്ച പ്രഭുക്കന്മാരും നായന്മാരും കാടുകളിൽ ഓടി പാർക്കേണ്ടിവന്നു. 1778 ഇങ്ക്ളിഷക്കാർക്കും പ്രാഞ്ചിക്കാർക്കും* യുദ്ധമുണ്ടായപ്പോൾ, തലശ്ശേരിക്കോട്ട നാട്ടുകാർക്ക് സങ്കേതസ്ഥലമായി തുറന്നു പലരും അങ്ങോട്ടു പോയി (1780—1782) രണ്ടു കൊല്ലത്തോളം, ഹൈദരിന്റെ സൈന്യങ്ങളാൽ വളഞ്ഞശേഷം അബ്ബിങ്ങ്ററൻ സായ്പിന്റെ ധൈര്യമുള്ള പടപുറപ്പാടിനാൽ, ശത്രുക്കൾ പോകേണ്ടി വന്നു 1782 ദിസെമ്പർ 7ം ന ഹൈദർ മരിക്കുമ്പോൾ, ടിപ്പു പൊന്നാനിപ്പുഴയുടെ താഴ്വരയിൽ ഇങ്ക്ളിഷ്കാരെയും നായന്മാരെയും എതിർത്തെങ്കിലും, അച്ഛൻ ചിററൂരിൽവെച്ചു മരിച്ചു എന്നു കേട്ടപ്പോൾ, അവൻ രാജ്യഭാരത്തെ ഏല്ക്കേണ്ടതിന്നു വേഗം മലയാളത്തെ വിട്ടു കിഴക്കോട്ടു പോയി. 1784 മാർച്ചു മാസത്തിൽ മംഗലപുരത്തിൽ നിശ്ചയിച്ച സമാധാനത്തിൽ മലയാളം തിരികെ ടിപ്പുവിന്റെ സ്വാധീനത്തിൽ വന്നിട്ടും ഇങ്ക്ളിഷ്കാരെ ആശ്രയിച്ച ആളുകളെ ശിക്ഷിപ്പാൻ കഴിവുണ്ടായില്ല. ടിപ്പു ക്രൂരനും മതഭ്രാന്തനും ആകയാൽ, അവൻ 1789 താമ്രശ്ശേരിച്ചുരത്തിൽ കൂടി മലയാളത്തിലിറങ്ങി 8000 ക്ഷേത്രങ്ങളെ ചുടുകയും കണ്ടെത്തുന്ന നായന്മാരെ ബലാല്ക്കാരേണ ചേലാകൎമ്മം കഴിപ്പിക്കയും വേറെ അനേക ക്രൂരതകളെ പ്രവൃത്തിക്കയും ചെയ്കകൊണ്ടു മലയാളികൾ തങ്ങളുടെ 964ാം കൊല്ലത്തിൽ അനുഭവിച്ച ഭയങ്കര സങ്കടങ്ങളെ ഇനിയും നല്ലവണ്ണം ഓർക്കുന്നു. കൊച്ചിരാജാവ് ടിപ്പുവിന്റെ മേല്ക്കോയ്മ അനുസരിച്ചു. അനേകനായന്മാർ തിരുവിതാംകൊടരാജ്യത്തിൽ സങ്കേതം അന്വേഷിക്കയും പൊന്തമ്പുരാൻ ടിപ്പു മോഹിച്ച കൊടുങ്ങല്ലൂർ മുതലായ കോട്ടകളെ ലന്തരിൽനിന്നു മേടിക്കയും ചെയ്കകൊണ്ടു ടിപ്പു അവന്റെ രാജ്യത്തെ അതിക്രമിക്കുന്നതിൽ സാധിക്കാതെ പിന്തുടരുന്ന യുദ്ധത്തിൽ തോററു 1792ാമതിലെ സമാധാനത്തിൽ വടക്കെ മലയാളത്തെ ഇങ്ക്ളിഷ്കാൎക്ക ഭരമേല്പിക്കേണ്ടി വന്നതിന്റെ ശേഷം 1795 ഒക്തൊബർ മാസത്തിൽ ഇങ്ക്ളിഷ്കാർ ലന്തരിൽനിന്നു കൊച്ചിക്കോട്ടയെ പിടിച്ചെടുത്തു അതിനെ മലബാർ എന്നു പേരായ പ്രൊവിൻശ്യയോട ചേർക്കയും ചെയ്തു.

4. ടിപ്പു മലയാളത്തിൽ നാട്ടുകാരെ ഉപദ്രവിക്കുന്ന സമയം കോട്ടയത്ത മൂത്ത തമ്പുരാൻ തന്റെ വംശത്തോട കൂടി തിരുവിതാംകൊടരാജ്യത്തിൽ സങ്കേതം അന്വേഷിച്ചു രാജ്യത്തെ വിട്ടപ്പോൾ, പഴശ്ശിരാജാവായ മാളികത്താഴത്ത തമ്പുരാൻ നായന്മാരെ കൂട്ടി ടിപ്പുവിനെ വിരോധിക്കയും ഇങ്ക്ളിഷ്കാർക്ക സഹായിക്കയും ചെയ്തു. സമാധാനമായ ശേഷം, മൂത്ത തമ്പുരാൻ മടങ്ങി വന്നാറെ,

---

* പ്രാഞ്ചിക്കാർ 1772 മയ്യഴിയിൽ കുടിയിരുന്നത അവർ മദ്രാസകരയിൽ ഇങ്ക്ളിഷ്കാരോട വലിയ യുദ്ധം ചെയ്തു തോററുപോയ ശേഷം പലപ്പൊഴും അവരുടെ ശത്രുക്കളുടെ പക്ഷത്തിൽ നിന്നു അവർക്ക പലവിധമുള്ള സഹായങ്ങൾ ചെയ്തു.

ഇങ്ക്ളിഷ്കാർ അവന്നു രാജ്യഭാരം മടക്കി കൊടുക്കകൊണ്ടു മാളിക ത്താഴത്ത തമ്പുരാൻ കോപിച്ചു 1796 ഇങ്ക്ളിഷ്കാരുടെ നേരെ യുദ്ധം ചെയ്തു വരുമ്പോൾ, 1801 ജനവരി 1ാംനു— ഗവർണ്ണർജനരാളുടെ കല്പനപ്രകാരം മലയാളത്തെ ബൊമ്പായി സംസ്ഥാനത്തിൽനി ന്നു മദ്രാസസംസ്ഥാനത്തിലേക്ക ഏല്പിക്കപ്പെട്ടു. 1806 (981. ധ നമാസം 12ാം നു—) തമ്പുരാൻ വൈനാട്ടിൽ വെച്ചു മരിച്ചശേഷം, മലയാളം മുഴുവനും ഇങ്ക്ളിഷ്ലാരെ അനുസരിക്കേണ്ടി വന്നു. ആദ്യം രാജാക്കന്മാർക്ക രാജ്യഭാരം ഉണ്ടായിരുന്നു എങ്കിലും, അവർ തങ്ങ ളോടു നിശ്ചയിച്ച മൂന്നു കരാറുകളെ ലംഘിക്കകൊണ്ടും അവരുടെ വാഴ്ചയാൽ ജനങ്ങൾക്ക സുഖം ഇല്ല എന്നു കാണുകകൊണ്ടും അവ രിൽ നിന്നു രാജ്യഭാരം എടുത്തിട്ടു അല്പമല്ലാത്ത മാലിഖാൻ നിശ്ചയിക്കയും ചെയ്തു.

കൊച്ചിരാജാവിനോടു 1791 നിശ്ചയിച്ച കരാർ പ്രകാരം അവൻ മുമ്പെ ഠിപ്പുവിന്നു കൊടുത്തകപ്പം ഇനിമേലാൽ കുമ്പനിയാ ൎക്ക കൊടുക്കുകയും അവർ അവനെ ശത്രുക്കളിൽനിന്നു രക്ഷിക്കക യും വേണം 1808 ഉം 9 ഉം കൊച്ചിരാജാവിന്റെയും തിരുവിതാം കൊടരാജാവിന്റെയും മന്ത്രികൾ മത്സരിച്ചു രസിഡെന്ററ് സായ്പി നെ കൊല്ലുവാൻ നോക്കി എങ്കിലും, അവരുടെ ആലോചന അസാ ദ്ധ്യമായി സൎക്കാർ രണ്ടു രാജാക്കന്മാരോടും പുതിയ കരാറുകളെ നി ശ്ചയിച്ചു. അവരുടെയും നാട്ടുകാരായ മന്ത്രികളുടെയും രാജ്യഭാര ത്താൽ ഏറെ ഗുണം വരായ്കകൊണ്ടു അവർ ഇനി മേലാൽ തന്നിഷ്ട പ്രകാരമല്ല രസിഡെന്ററ് സായ്പിനോടു ആലോചിച്ചിട്ടത്രെ വാ ഴേണം എന്നു കല്പന ഉണ്ടായി.

തലശ്ശേരിയിൽ മലബാർ, കന്നട എന്ന പ്രൊവിൻശ്യകളി ലെ കോടതികളിൽനിന്നു അപ്പീൽ വിചാരണക്കായി മൂന്നു ജഡ്ജി സ്സായ്പന്മാരുള്ള ഒരു കോടതിയുണ്ടായ ശേഷം, അതിനാൽ അനാ വശ്യമുള്ള ചിലവുണ്ടു എന്നു വെച്ചു അപ്പീൽ കോടതിയെ നീക്കി തലശ്ശേരിയിലും കോഴിക്കോട്ടിൽ എന്ന പോലെ ഒരു ജില്ലാ കോട തിയെ മാത്രം സ്ഥാപിച്ചു. അപ്പീൽ വിചാരണ മദ്രാസിലെ ഹൈ ക്കോടതിയിൽ ഏല്പിച്ചു കൊടുത്തു. കവ്വായിപ്പുഴയുടെ വടക്കെ അം ശംകണ്ണാടക ജില്ലയോടു ചേൎത്തു ഏഴിമല തുടങ്ങി കൊച്ചി രാജ്യം വ രെയുള്ള നാടുകളെ രക്ഷിച്ചു നികുതി പിരിക്കേണ്ടതിന്നു കോഴി ക്കോട്ടിൽ ഒരു കലക്ടർ സായ്പിനെയും തലശ്ശേരിയിൽ ഒരു സബക ലക്ടർ സായ്പിനെയും പാലക്കാട്ടിൽ ഒരു അസിഷ്ടാണ്ട് കലക്ടർ സാ യ്പിനെയും നിശ്ചയിച്ചു. കണ്ണനൂരിൽ മലബാർ കന്നടയിലെ കൊ മ്മെണ്ടിങ്ങ് ജനറലും, വെളുത്ത കറുത്ത പട്ടാളങ്ങളും പാർക്കുന്നു. അവിടെനിന്നു മംഗലാപുരത്തേക്കും കോഴിക്കോട മലപ്പുറത്തേക്കും ആവശ്യം പോലെ പട്ടാളക്കാരെ അയക്കും. തിരുവിതാംകോട കൊ ച്ചി എന്ന രാജ്യങ്ങൾക്കുള്ള പട്ടാളങ്ങൾ കൊല്ലത്തു വസിക്കുന്നു. മാപ്പിള്ളമാർ കൂടക്കൂട ഭയങ്കരമുള്ള കലഹങ്ങളെ ഉണ്ടാക്കുകയും അവ

സാനം 1855 സെപ്തെമ്പർ 11ാം നു– കനൊലി കലക്ടർ സായ്വിനെ കൊല്ലുകയും ചെയ്തുകൊണ്ടു, അവർ മുമ്പെ ധരിച്ചു ആയുധക്കത്തി അവരിൽ നിന്നു എടുത്തു മാപ്പിള്ള അക്തകൊണ്ടു അവരെ അമത്തു വെക്കയും ചെയ്തു. 1857 വടക്കിൽ വലിയ ദ്രോഹമുള്ളപ്പോൾ, മലയാളികൾ അതിൽ ചേരാതെ, കീഴടങ്ങി പാത്തു. 1858 സെപ്തെമ്പർ 1ാംനു– മുതല്ക്കു ഈസ്റ്റിണ്ട്യകൊമ്പനിയാരുടെ അധികാരമൊക്കയും റാണിമഹാരാജാവ തന്നെ നടത്തും എന്നു നിശ്ചയിച്ചു. ഇങ്ക്ളിഷ്കാരുടെ വാഴ്ചയാൽ രാജ്യത്തിന്നു പെരുത്തു സുഖവും പുഷ്ടിയുംവന്നു എന്നതിന്നു യാതൊരു സംശയമില്ല. അതല്ലാതെ, ഓരൊപട്ടണങ്ങളിൽ സ്ഥാപിച്ചു സ്കൂളുകളെയും ഹാസ്പത്രികളെയും ധമ്മശാലകളെയുംകൊണ്ടു ജനങ്ങൾക്ക വളരെ ഉപകാരമുണ്ടു. എന്നാലും സത്യദൈവത്തെയും അവന്റെ പുത്രനും നമ്മുടെ രക്ഷിതാവും ആയ യേശുക്രിസ്തുനെയും അറിഞ്ഞു വിശ്വസിക്കുന്നതിനാൽ, മാത്രം മനുഷ്യന്നു ഭാഗ്യവും ആത്മരക്ഷയും വരുന്നതകൊണ്ടു വിലാത്തിക്കാർ മലയാളികൾക്കു സത്യവേദത്തെ കൊണ്ടുവന്നത എല്ലാ ഉപകാരങ്ങളിൽ വലിയതു എങ്കിലും, പലരും അതിനെ കൂട്ടാക്കുന്നില്ല.

വടക്കെ മലയാളം

വടക്കെ മലയാളത്തിന്റെ അതിരുകൾ: വടക്കിൽ ചന്ദ്രഗിരിപ്പുഴയുടെ അക്കരെയുള്ള തുളുരാജ്യവും, കിഴക്കിൽ കുടകും, മൈസൂരും നീലഗിരിയും കോയമ്പത്തൂരും, തെക്കിൽ കൊച്ചിരാജ്യവും, പടിഞ്ഞാറിൽ കടലും ആയി $12^{\circ}\ 28^{1}$ —— $10^{\circ}\ 12^{1}$ വടക്കെ അകലപ്പടിയിലും * $75^{\circ}\ 7^{1}$ –––$76^{\circ}\ 50^{1}$ കിഴക്കെ നീളപ്പടിയിലും * കിടക്കുന്നു.

മലകൾ: ഏകദേശം 1000 കാലടി ഉയരമുള്ള ഏഴിമല കിഴക്കിലെ മലകളോടു ചേരാതെ മുനമ്പായിട്ടു കടലിൽ നില്ക്കുന്നു. അതിന്റെ കിഴക്കിൽ ഉപ്പുവെള്ളംകൊണ്ടുള്ള തോടുണ്ടാകയാൽ അതൊരു ഉപദ്വീപു എന്നു പറയാം.

കടലിന്റെ സമീപം അനേകം കുന്നുകൾ ഉണ്ടെങ്കിലും, അവയെ പ്രത്യേകമായി കുറിക്കേണ്ട. കോവില്ക്കണ്ടിത്തൂക്കിൽ കടലിലെ വെള്ളിയങ്കല്ലിന്നു അധികം ഉയരമില്ലാഞ്ഞാലും അതിനെ പെരുത്ത ദൂരത്തിൽനിന്നു കാണാം.

കിഴക്കിലെ തുടമ്മലകളുടെ വടക്കെ അംശത്തിന്നു കുടകമലകൾ എന്നു പേർ പറയുന്നു അവയുടെ മുഖ്യമായ ശിഖരങ്ങൾ മലയാളത്തിലില്ലെങ്കിലും, താററിയോട്ടമല മുതലായ ചില കൊമ്പുകൾ മലയാളത്തിൽ നീണ്ടു വരുന്നു. അവയുടെ തെക്ക വയനാട്ടമലകൾ തന്നെ. തലശ്ശേരിയുടെ കിഴക്കിൽ അവയുടെ ചില ഉയരമുള്ള കൊമ്പുകൾ പത്ത കല്ലോളം കടലിന്നു അടുത്തു വരുന്നു. ഏകദേശം

* വടക്കെ അകലപ്പടിക്ക് പകരം വ. അ. എന്നും കിഴക്കെ നീളപ്പടിക്ക് പകരം കി. നീ. എന്നും ചുരുക്കത്തിന്നും വേണ്ടി എഴുതിയിരിക്കുന്നു.

7000[1] ഉയരമുള്ള വാണാസുരൻ മലയാളത്തിലെ ശിഖരങ്ങളിൽ ഏറ്റവും വലിയ്ത. വാണാസുരൻെറ തെക്കിൽ വൈത്തിരിയോളം തിരിയൊട്ട മല കിടക്കുന്നു. വൈത്തിരിയുടെ കുറയ തെക്ക മലകൾ കിഴക്കോട്ട നീണ്ടുപോയി നീലഗിരിയുടെ സമീപം സുല്ത്താൻ ബത്തേരി എന്നു പേർ എടുക്കുന്നു. നീലഗിരിയിൽനിന്നു മലയാളത്തിൽ നീണ്ടുവരുന്ന കൊമ്പുകളിൽ എറനാട, വള്ളുവനാട എന്നിവയുടെ നടുവിൽ ഉള്ള ചിച്ചിപ്പാറ തന്നെ. അതിൻെറ തെക്കകിഴക്ക കൊണ്ടു, കീഴകൊണ്ടു, മെൽക്കൊണ്ടു മലകളും ഉണ്ടു. നീലഗിരിയിൽ നിന്നു പാലക്കാട്ടോളം നീളുന്ന മലകൾക്ക വടമല എന്നു പേർ. അതിൻെറ പടിഞ്ഞാറെ അതിർ കല്ലടിക്കൊടൻ. പാലക്കാട്ടിൻെറ തെക്കിൽ കിഴക്ക പടിഞ്ഞാറോട്ട കിടക്കുന്ന മലകൾക്ക തെമ്മല എന്നു പേർ.

പുഴകൾ: 1. ചന്ദ്രഗിരിപ്പുഴ. അത കുടകമലകളിൽനിന്നുത്ഭവിച്ചു ചന്ദ്രഗിരിക്കോട്ടയുടെ വടക്കിൽ കടലോടു ചേരുന്നു. 2. കവ്വായിപ്പുഴ. അത ഏഴിമലയുടെ വടക്കിൽ സമുദ്രത്തിൽ വീഴുന്നു. 3. വളവടപ്പുഴ (നൈതര) അത തെക്കെ കുടകമലകളിൽനിന്നുത്ഭവിച്ചു വൈനാട്ടിൽനിന്നു വരുന്ന കയ്വികളെ ചേർത്തു തളിപ്പറമ്പിൻെറ വടക്കിൽനിന്ന വരുന്ന വേറെ ഒരു പുഴയോടുകൂടി വളവടപട്ടണത്തിൻെറ അരികെ കടലിലേക്ക ഒഴുകുന്നു. മുമ്പെ അവിടെ ഒരു നല്ല തുറമുഖമുണ്ടായിരുന്നു എങ്കിലും, ഠിപ്പു അതിനെ നശിപ്പിച്ചശേഷം, കപ്പലുകൾക്ക അതിൽ പ്രവേശിപ്പാൻ പാടില്ല. 4. അഞ്ചരക്കണ്ടിപ്പുഴ. അത പെരിയചുരത്തിൻെറ സമീപം ഉത്ഭവിച്ചു കടലിൽ വീഴും മുമ്പെ ധർമ്മപട്ടണദ്വീപിൻെറ വടക്കിലും തെക്കിലും ഒഴുകുന്ന രണ്ടു കൈയ്യായി വിഭാഗിച്ചിരിക്കുന്നു. വടക്കെ കൈക്ക കൂടക്കടവ എന്നും തെക്കെ കൈക്ക ധൎമ്മടപ്പുഴ എന്നും പേർ. 5. എരിഞ്ഞോളി എന്നും കൊടുവള്ളി എന്നും പറയുന്ന പുഴ ധൎമ്മടപ്പുഴയോടു ഒന്നിച്ചു കടലിൽ വീഴുന്നു. അത് ചെറിയ്ത എങ്കിലും അതിൻെറ വക്കത്തുള്ള തലശ്ശേരിപ്പട്ടണത്തിന്നു അതിനെ കൊണ്ടു ഉപകാരമുണ്ടു. 6, മയ്യഴിപ്പുഴ, അത് കുററിയാടിച്ചുരത്തിൻെറ വടക്കിൽ ഉത്ഭവിച്ചു മയ്യഴിപട്ടണത്തിൽ കടലോടു കൂടുന്നു. 7. കോട്ടപ്പുഴ. അത് വാണാസുരൻെറ തെക്കിൽ ഉത്ഭവിച്ചു വടകരയുടെ തെക്കിൽ കടലിൽ വീഴുന്നു. കുററിയാടി വരെ തോണികൾക്ക പോവാൻ കഴിവുണ്ടാകകൊണ്ടു അതിനാൽ വലിയ ഉപകാരമുണ്ടു. 8. എലത്തൂർപ്പുഴ അതിനോടു സമുദ്രത്തിൽ ചേരും മുമ്പെ വടക്കനിന്നു വരുന്ന പുഴയും തോടുകളും കൂടുകകൊണ്ടു വടകരയിൽനിന്ന കോഴിക്കോട്ടോളം തോണിവഴിയായി പോവാൻ സംഗതിയുണ്ടു. 9. കല്ലായിപ്പുഴ കോഴിക്കോട്ടിൻെറ തെക്കിൽ സമുദ്രത്തോടു ചേരുന്നു. അത് എത്രയും നീളം കുറഞ്ഞതെങ്കിലും അതിൻെറ ഒരു കൈ ബേപ്പൂർപുഴയോടു ചേൎന്നിരിക്കയാൽ മുള മരം മുതലായ കച്ചവടത്തിന്നു പെരുത്തുപകാരമുണ്ടു. 10. ബേപ്പൂർ പുഴ അത തെക്കെ വയനാടമലകളിൽനിന്നു ഉത്ഭവിച്ചു ബേപ്പൂരി

ന്റെ സമീപം കടലിൽ ചേരുന്നു. അത മററെ നദികളേക്കാൾ കുറെ അധികം ആഴമുണ്ടാകകൊണ്ട അവിടെ ഒരു തുറമുഖം ഉണ്ടാക്കുവാൻ വിചാരിച്ചു തീവണ്ടി അതുവരെ എത്തിച്ചു എങ്കിലും, പുഴ അതിന്നു തക്കതല്ല എന്നു ഇപ്പോൾ കാണുന്നു. 11. കടൽമണ്ടിപ്പുഴ. അതകൊണ്ട മലകളുടെ സമീപം ഉത്ഭവിച്ചു ബേപ്പൂർപുഴയുടെ അല്പം തെക്ക കടലിലേക്ക ഒഴുകുന്ന സ്ഥലത്ത അധികം വിസ്താരമാകയാൽ, മഴക്കാലത്തിന്റെ പെരുവെള്ളംകൊണ്ട തീവണ്ടിക്കടെവിന്നു ചില പ്പോൾ നാശം പററിയിരിക്കുന്നു. 12. പൊന്നാനിപ്പുഴ* അത പാലക്കാട്ടിന്റെ വടക്ക കിഴക്കനിന്നു ഉത്ഭവിച്ചു പൊന്നാനിയുടെ സമീപം കടലിൽ ചേരുന്നു, അതിന്റെ അഴിക്ക ആഴമില്ലായ്കകൊണ്ട കപ്പലുകൾക്ക അതിൽ പ്രവേശിപ്പാൻ പാടില്ലാഞ്ഞാലും അത് മരം മുതലായ കച്ചവടത്തിന്നു എത്രയും ഉപകാരമുള്ളതാകുന്നു. 13. കബാനി അത മുൻപറഞ്ഞ പുഴകളെ പോലെ പടിഞ്ഞാറോട്ടുപോയി അറബിക്കടലിൽ ചേരുന്നില്ല. അത പെരിയ ചുരത്തിന്റെഅപ്പുറം ഉത്ഭവിച്ചു മാനന്തവാടി കടന്നു കുടകിൽനിന്നു വരുന്ന കാവേരിപ്പുഴയോട ചേരുന്നു. 14. ഭവാനി, ഇത വള്ളുവനാട്ടിൽനിന്നു പുറപ്പെട്ടു നീലഗിരിയുടെ തെക്കിൽ കടന്നു കാവേരിയിൽ വീഴുന്നു.

ഈ പുഴകൾ കൂടാതെ (ഇങ്ക്ളിഷ്കാർ back-water എന്നു പറയുന്ന) പുഴത്തോടുകൾ പ്രത്യേകമായി വർഷകാലത്തിൽ പോക്കുവരവിന്നു എത്രയും ഉപകാരമുള്ളത. അവയാവിത: 1. വളവടപട്ടണത്തിൽ നിന്നു പുതുക്കോട്ടവരെ. 2. വടകരയിൽനിന്നു പയ്യോളി ചീപ്പു കടന്ന് പുതിയങ്ങാടിക്കും കോഴിക്കോട്ടേക്കും ഉള്ളത്. 3. തിരൂരിൽ നിന്നു കൊച്ചിയിലേക്ക.

നിരത്തുകളിൽ മുഖ്യമായവ: 1. വളവടപട്ടണത്തിൽനിന്നു കടലിന്റെ സമീപത്തിൽ കൂടി തെക്കെ അതിരോളം പോകുന്നത. വളവടപ്പുഴയുടെ വടക്കേ ഭാഗത്ത് വണ്ടികൾക്ക പോവാൻ തക്ക നിരത്തുകൾ അധികമില്ല. എങ്കിലും തളിപ്പറമ്പിലേക്ക ഒന്നിനെ തീർത്തിരിക്കുന്നു. 2. കണ്ണനൂരിൽനിന്നു പെരിമ്പാടിച്ചുരത്തിൽകൂടി കുടകിലേക്കും മൈസൂരിലേക്കും പോകുന്നത. 3. തലശ്ശേരിയിൽനിന്നു പെരിയ ചുരത്തിൽ കൂടി മാനന്തവാടിയിലേക്ക ഈ പറഞ്ഞ രണ്ടും കൂത്തപറമ്പത്തനിന്നു ചാവശ്ശേരിയോളം ചെല്ലുന്ന നിരത്തിനാൽ തമ്മിൽ ചേർന്നിരിക്കുന്നു. 4. വടകരയിൽനിന്നു കുററിയാടിച്ചുരത്തിൽകൂടി മാനന്തവാടിയിലേക്ക. 5. കോഴിക്കോട്ടിൽനിന്നു താമ്രശ്ശേരിച്ചുരത്തിൽ കൂടി വൈത്തിരിയിലേക്കും തെക്കെ വയനാട്ടിലേക്കും. 6. പൊന്നാനിയിൽനിന്നു തിരൂരിലും മലപ്പുറത്തിലും മഞ്ചേരിയിലും കാന്തൂർചുരത്തിലും കൂടി തെക്ക കിഴക്കേ വയനാട്ടിലേക്ക. 7. കോഴിക്കോട്ടിൽനിന്ന ചിച്ചിപ്പാറച്ചുരത്തിൽ കൂടി നീലഗിരിയിലേക്ക. തീവണ്ടി പോവാൻ തുടങ്ങിയശേഷം, ഈ വഴി

---

* പൊന്നാനിപ്പുഴക്ക പലപ്പോഴും ഭാരതപ്പുഴ എന്നും പറയും.

യിൽ കൂടി അധികം പോവാറില്ല. വണ്ടികൾക്ക അതിൽ പോയി കൂടാ. 8. കോഴിക്കോട്ടിൽനിന്ന മലപ്പുറത്തിലും അങ്ങാടിപ്പുറത്തിലും കൂടി പാലക്കാട്ടിലേക്ക. 9. പൊന്നാനിയിൽനിന്ന തൃത്താല, പാലക്കാട്ട, കോയമ്പത്തൂരിലേക്ക. 10. ബേപ്പൂരിൽനിന്ന പൊന്നാനിത്താഴ്വരയിൽ കൂടി മദ്രാസിലേക്ക പോകുന്ന തീവണ്ടിനിരത്ത. ഈ നിരത്തുകൾ കൂടാതെ വേറെ പല ചെറുവഴികളും ഉണ്ട.

ചന്ദ്രഗിരി തുടങ്ങി കവ്വായിപ്പുഴവരെയുള്ള രാജ്യങ്ങൾ മലയാളപ്രൊവിൻശ്യയോടല്ല, കൎണ്ണാടകപ്രവിൻശ്യയോട ചേൎന്നിരിക്കകൊണ്ട മലയാളരാജ്യം കവ്വായിപ്പുഴവരെ ചെല്ലുന്നുള്ളു എന്ന പലരും വിചാരിക്കുന്നു. എങ്കിലും, അത ശരിയല്ല, മലയാളഭാഷ ചന്ദ്രഗിരിപ്പുഴയോളം എത്തുന്നത കൂടാതെ, ചിറക്കൽ തമ്പുരാൻ മുമ്പെ ചന്ദ്രഗിരിവരെ രാജ്യഭാരം നടത്തീട്ട അവന്റെ ക്ഷേത്രങ്ങളും ജന്മഭൂമികളും അവിടെ വരെ വ്യാപിച്ചു കിടക്കുന്നു. തുളുഭാഷയും രാജ്യവും ചന്ദ്രഗിരിപ്പുഴയുടെ വടക്കതീരത്ത മാത്രം തുടങ്ങുന്നു. ചന്ദ്രഗിരിപ്പുഴയുടെയും കവ്വായിപ്പുഴയുടെയും നടുവിൽ ഉള്ള രാജ്യത്തിന്ന ബേക്കലം താലൂക്ക് എന്നു പേർ. അതിലെ മുഖ്യമായ സ്ഥലങ്ങൾ:

ചന്ദ്രഗിരി, വ. അ. 12° 28' കി. നി. 75° 7' ഇത മംഗലപുരത്തിൽനിന്ന 30 മയിത്സ ദൂരമായിരിക്കുന്നു. ഇവിടെ ഒരു വലിയ ചതുൎശ്ശ്രക്കോട്ടയുണ്ട എങ്കിലും അതിനെകൊണ്ട ഇപ്പോൾ പ്രയോജനമില്ല. ചൊല്ലൊണ്ട കീഴൂർക്ഷേത്രം സമീപം തന്നെ.

ബേക്കലം. വ. അ. 12° 23' കി. നി. 75° 8' ഇവിടെയും ഒരു ഉറപ്പുള്ള കോട്ടയുണ്ട. അത കണ്ണനൂർകോട്ടയെ പോലെ ഒരു മുനമ്പിന്മേൽ കിടക്കുന്നു. ലന്തർ കെട്ടിയ ഇപ്പോൾ പാഴായ ഈ കോട്ടയുടെ വടക്കിൽ അത്രെ ഊർ ഉള്ളത്. അതിൽ പ്രത്യേകമായി മാപ്പിള്ളമാരും മുക്കുവരും ചില കൊങ്കണികളും തിയ്യരും പാൎക്കുന്നു. പ്രസിദ്ധിയുള്ള തൃക്കണ്ണിയാൽക്ഷേത്രം അരികെയുണ്ട.

പുതുക്കോട്ട, വ. അ. 12° 20' കി. നി. 75° 15' എന്നതിന്ന കൎണ്ണാടകത്തിൽ ഹൊസ്സദുൎഗ്ഗ എന്ന പറയും. ഇക്കെരിരാജാവ* ഒരു മൺകോട്ടയെ കെട്ടുകയും സ്ഥാപിച്ച ക്ഷേത്രത്തെ പരിപാലിപ്പാൻവേണ്ടി ചില ബ്രാഹ്മണരെ അവിടെ പാൎപ്പിക്കയും ചെയ്തു. ഇപ്പോൾ അവിടെ പാഴായി കാണുന്ന കോട്ടയെ ലന്തർ പണിയിച്ചതാകുന്നു ഇവിടെനിന്നു തോണിവഴിയായി തെക്കോട്ടുപോകാം.

നീലേശ്വരം. വ. അ. 12° 16' കി. നി. 75° 12' ഇവിടെ പുരാണത്തിൽ കീൎത്തിയുള്ള ഒരു ശിവക്ഷേത്രവും കോട്ടപ്പുറം എന്ന ചൊല്ലൊണ്ട സ്ഥാനവും ഉണ്ട. മേൽപറഞ്ഞ സ്ഥലങ്ങൾ എല്ലാം കടലിന്റെ സമീപം ആകുന്നു. ഉൾനാട്ടുകളുടെ വിവരം പറവാൻ ആവശ്യമില്ല.

* ഇക്കെരി എന്നത മൈസൂരിലെ ഒരു പട്ടണമത്രെ. അവിടെ പാൎത്ത രാജാക്കന്മാർ മുമ്പെ തുളുരാജ്യത്തെയും മലയാളത്തിന്റെ വടക്കെ അംശത്തെയും അടക്കി ഇരുന്നു. ഇക്കെരി ബ്രാഹ്മനെ ഇപ്പോഴും ദുൎല്ലഭമായി കാണും.

മലബാർ പ്രൊവിൻസ

മലബാർ പ്രൊവിൻസ കവ്വായിപ്പുഴ തുടങ്ങി പൊന്നാനിപ്പുഴ വരെ നീണ്ടു കിടക്കുന്നു. എങ്കിലും, കരപ്രദേശത്തിലും പാലക്കാട്ടി ൻെറ സമീപവും അത അധികം തെക്കോട്ടു വ്യാപിച്ചിരിക്കുന്നു. അതിൻെറ നീളം വടക്കിൽനിന്നു തെക്കോളം 140 മയിത്സ, അതി ൻെറ വിസ്താരം കിഴക്ക പടിഞ്ഞാറോട്ടു 30—40 മയിത്സ തന്നെ. പ്രൊവിൻസ എന്നതിന്നു മലയാളത്തിൽ പലപ്പോഴം ജില്ല എന്നു പറയുന്നു. എങ്കിലും മലബാർ ഒരു പ്രൊവിൻസ ആയാലും അതിനെ വടക്കിലെ തലശ്ശേരി ജില്ലയും തെക്കിലെ കോഴിക്കോട്ടു ജില്ലയും ആയി വിഭാഗിച്ചിരിക്കുന്നു. മുമ്പെ പതിനാറു താലൂക്ക ഉണ്ടായ തിൽ ചെറിയ ഈ രണ്ടും മുമ്മൂന്നും താലൂക്ക ഒന്നാക്കി ചേർത്തതകൊ ണ്ടു ഇപ്പോഠം ഒമ്പതെയുള്ളു. അവ: 1. ചിറക്കൽ. 2. കോട്ടയം 3. കുറു മ്പ്രനാട. 4. വയനാട ഇവ തലശ്ശേരിജില്ലയോടു ചേർന്നിരിക്കുന്നു. 5. കോഴിക്കോട. 6. ഏൎന്നാട. 7. പൊന്നാനി. 8. വള്ളുവനാട. 9. പാലക്കാട ഇവയും കൊച്ചിപട്ടണവും തിരുവിതാംകൊടരാജ്യ ത്തിലെ തങ്കച്ചേരി, അഞ്ചുതെങ്ങും കോഴിക്കോടജില്ലയിൽ ഉഠപ്പെ ട്ടിരിക്കുന്നു.

1. ചിറക്കത്താലൂക്ക

ഈ താലൂക്ക മുമ്പെ കവ്വായി, ചിറക്കൽ എന്നിങ്ങിനെ രണ്ടായിരുന്നു. അത കവ്വായിപ്പുഴ തുടങ്ങി അഞ്ചരക്കണ്ടിപ്പുഴയുടെ കയ്യായ കുടക്കടവ വരെ എത്തുന്നു; അതിൻെറ അതിരുകഠ: വടക്ക കൎണ്ണാടകജില്ലയോടു ചേൎന്ന ബേക്കലം താലൂക്കം, കിഴക്ക കുടകം, തെക്ക കോട്ടയം താലൂക്കം, പടിഞ്ഞാറ കടലുമത്രെ. നിവാസികഠ ഏറക്കുറയ 215000. അംശങ്ങഠ 42.

മുഖ്യമായ സ്ഥലങ്ങഠ

കവ്വായി, വ. അ. 12° 6′ കി. നീ. 75° 17′ ഇവിടെ പ്രത്യേ കമായി മാപ്പിള്ളമാർ പാർക്കുന്നു. ഇങ്ക്ലിഷ്കാൎക്ക 1749 അവിടെ ഒരു പാണ്ടികശാല ഉണ്ടായിരുന്നു. അതിൻെറ കിഴക്ക പയ്യന്നൂർ എ ന്ന കീൎത്തിയുള്ള നാടും ക്ഷേത്രവും ഉണ്ടു.

കുഞ്ഞിമംഗലം എന്ന നാട്ടിൽ നല്ല ഓട്ടുപാത്രങ്ങളെ വാർത്തു ണ്ടാക്കുന്നു.

മാടായി, വ. 12° 2′ കി. നീ. 75° 21′ ഇവിടെ പുരാണ ത്തിൽ വലിയ കച്ചവടം ഉണ്ടായി. കേരളോല്പത്തിയിൽ പറയുന്ന പ്രകാരം മക്കത്തെ പോയ ഒടുക്കത്തെ പെരുമാളിൻെറ മക്കളിൽ ഒരുവ നായ അബ്ദുറഹമാൻകാദി മാടായിൽ കുടിയിരുന്ന പാൎത്തു. ഇതി ൻെറ സമീപമുള്ള പുഴ വളവടപ്പുഴയോടൊന്നിച്ചു കടലിൽ വീഴുന്നു. ഏഴിമല അതിൻെറ പടിഞ്ഞാറഭാഗത്ത തന്നെ.

തളിപ്പറമ്പ, വ. അ. 12° 31 കി. നീ. 75° 25′ മുമ്പെ കവ്വായിത്താലൂക്ക കച്ചേരി ഇവിടെ ഉണ്ടായിരുന്നു; ഇപ്പോഠ മുൻസീഫ് കോടതി മാത്രമെയുള്ളു. അതിന്റെ സമീപം രണ്ടു കീത്തിയുള്ളക്ഷേത്രങ്ങളുണ്ടു. അവിടത്തെ ബിംബങ്ങളെ ടിപ്പു പൊട്ടിച്ചിരുന്നു. എന്നാലും, ആ നുറുങ്ങിയ കല്ലുകളെ വന്ദിപ്പാൻവേണ്ടി കൊല്ലം തോറും അനേകായിരം ജനങ്ങഠ അവിടെ കൂടുന്നു.

പയ്യാവൂരിൽ മുഖ്യമായ ഒരു ശിവക്ഷേത്രമുണ്ടു. അത് താററിയോട്ട മലയുടെ തെക്കെ അടിവാരത്തിൽ കിടക്കുന്നു.

ചേറുകുന്ന, ഇവിടെ ഒരു വലിയ ക്ഷേത്രവും ചിറക്കൽ രാജാവിന്റെ കോവിലകവും ഉണ്ടു.

വളവടപട്ടണം, വ. അ. 11° 561 കി. നീ. 75° 25′ അവിടെ ഒരു നല്ല അങ്ങാടിയുണ്ടു. ഇങ്ക്ളിഷ്കാൎക്ക 1669 മുളകകച്ചവടത്തിന്നായി ഒരു പാണ്ടികശാല ഉണ്ടായി. എങ്കിലും ഇപ്പോഠ മരവും, നെല്ലുംകൊണ്ടുള്ള കച്ചവടം പ്രധാനം.

ചിറക്കലിൽ കോലത്തിരിയുടെ ഇപ്പോഴത്തെ മുഖ്യസ്ഥലമുണ്ടു. മുമ്പെ അത് മാടായിലും വളവടപട്ടണത്തിലും ആയിരുന്നു. അവിടെ സമീപം ചാലിയത്തെരുക്കളുണ്ടു. ചിറക്കത്താലൂക്ക കച്ചേരിയുള്ള ഉദയങ്കുന്നിന്റെയും കണ്ണനൂരിന്റെയും നടുവിൽ വടക്കെ മലയാളത്തിന്നായി ഒരു വലിയ ജെൽ സ്ഥാപിച്ചിരിക്കുന്നു.

കണ്ണനൂർ, വ. അ. 11° 521 കി. നീ. 75° 271 എന്നത തുറമുഖവും കച്ചവടപട്ടണവും ആകുന്നു. എങ്കിലും, അതിന്റെ മുഖ്യമായ ലക്ഷണം കർണ്ണാടകം മലബാർ എന്ന ജില്ലകഠക്കായിട്ട അവിടെ പാർപ്പിച്ച പട്ടാളക്കാരത്രെ. അവർ (cantonment)കണ്ടർമണ്ടി എന്നു പറയുന്ന അംശത്തിൽ പാർക്കുന്നു. അവിടെ സായ്പന്മാരുടെ അനേകം ബങ്കളാവുകളും വെള്ളക്കാരുടെ ബറാക്സും സിപ്പായികളുടെ ലൈൻസും ഹാസ്പത്രികളും ഇങ്ക്ളിഷ്, ജർമ്മൻ, രോമപ്പള്ളികളും ഗവൎമ്മെണ്ടു മുതലായ സ്കൂളുകളും, ടപ്പാൽ, കമ്പി, അപ്പീസുകളും വർണ്ണശ്ശേരി, മൂന്നാം പീടിക, പാളയം, കാംബജാർ എന്ന അങ്ങാടികളും ഉറപ്പുള്ളൊരു കോട്ടയുമുണ്ടു. കോട്ടയുടെ തെക്കെ കിഴക്കഭാഗത്ത കടൽ ഉള്ളിൽ പ്രവേശിച്ചിരിക്കുന്നു; കരമേൽ കണ്ടർമണ്ടിയിൽ ചേരാത്ത പഴയ കണ്ണനൂർ കിടക്കുന്നു. അവിടെ അറക്കൽ രാജാവിന്റെ വാസസ്ഥലവും മാപ്പിള്ളമാരുടെ വലിയ പള്ളിയും പാണ്ടികശാലകളും അങ്ങാടിയും ചുങ്കവും, തുറമുഖത്തിൽ പല ഉരുക്കളും കാണും. പൊൎത്തുഗീസർ 1505 അവിടെ ഒരു കോട്ടയുണ്ടാക്കിയ ശേഷം, ല ന്തർ അതിനെ 1663 അവരിൽനിന്ന എടുത്ത പുതിയ കോട്ട കെട്ടി. കച്ചവടത്തിൽ അധികം ലാഭം ഇല്ല എന്നു കണ്ടു, 1770 ബീബിക്ക വിററു. 1792 അത് ഇങ്ക്ളിഷ്കാരുടെ കൈവശത്തിലായ്വന്നു.

അഞ്ചരക്കണ്ടി, വ. അ. 11° 52′ കി. നീ. 75° 33′ ചിറക്കൽ തമ്പുരാൻ കൊമ്പനിയാൎക്ക കടത്തിന്നു ജാമ്യമായി കൊടുത്ത രണ്ടു തറയുടെ ഒരു അംശമത്രെ. അവിടെ കൊമ്പനിയാർ കറുപ്പത്തോൽ

കുരുമുളക മുതലായ ചരക്കുകളെ സമ്പാദിക്കേണ്ടതിന്നു ഒരു വക തോട്ടം ഉണ്ടാക്കിയിരുന്നു. അതിനാൽ വിചാരിച്ച ലാഭം വരുന്നില്ല എന്നു കണ്ടു അതിനെ ബ്രൌൺസായ്പിന്നു വിററു. അവിടെയുള്ള ചെറിയ അങ്ങാടിക്കു തട്ടാരി എന്നു പേർ.

എടക്കാട എന്നത കണ്ണന്നൂരിൻെറയും തലശ്ശേരിയുടെയും നടുവിൽ അത്രെ. അവിടെ എടക്കാട്ടമ്പലം, ഊർപ്പയച്ചികാവ എന്ന ക്ഷേത്രങ്ങളും ചെറിയ അങ്ങാടിയും ഉണ്ടു.

2. കോട്ടയം താലൂക്ക

കോട്ടയം താലൂക്ക കുടക്കടെവിൻെറയും മയ്യഴിപ്പുഴയുടെയും മദ്ധ്യത്തിൽ അത്രെ. അതിൻെറ വടക്കെ അതിർ കുടക്കടെവെയും അഞ്ചരക്കണ്ടിപ്പുഴയെയും അനുസരിച്ച ശേഷം, കുടാളിയുടെ പടിഞ്ഞാറെ ഭാഗത്ത കടന്നു ഇരിക്കൂറിൻെറ പടിഞ്ഞാറിൽ വളവടപ്പുഴയെ ചേർന്നു കുടകോളം ചെല്ലുന്നു. അതിൻെറ വടക്ക ചിറക്കത്താലൂക്ക തന്നെ. കിഴക്കെ അതിർ കുടകവയനാടമലകളും, തെക്ക മയ്യഴിപ്പുഴയും, കുറുമ്പ്രനാട താലൂക്കും, പരന്ത്രീസരാജ്യവും തന്നെ. നിവാസികൾ ഏകദേശം 125000 അംശങ്ങൾ 28.

മുഖ്യമായ സ്ഥലങ്ങൾ

കുടാളി, ഇവിടെ ഒരു ചെറിയ അങ്ങാടിയും ചാലിയരുടെ ഒരു തെരുവും ഉണ്ടു. ചുററുമുള്ള നാടുകളും കാടുകളും മിക്കതും അവിടത്തെ യജമാനൻെറ കൈവശത്തിലാകുന്നു.

ചാവശ്ശേരി കുടാളിയെ പോലെ കുടകിൽ പോകുന്ന നിരത്തരികിൽ കിടക്കുന്നു. അവിടെയുള്ള അങ്ങാടിയിൽ കുരുമുളക പ്രധാനം. അവിടത്തെ കോവിലകങ്ങളിൽ കോട്ടയത്ത മൂത്ത രാജാവിൻെറ ശേഷക്കാർ പാർക്കുന്നു; അവക്കു കിഴക്കെ കോവിലകം പടിഞ്ഞാറെ കോവിലകം എന്നു പേർ പറഞ്ഞു വരുന്നു.

പഴശ്ശി, തലശ്ശേരിയിൽനിന്നു കുടകിലേക്കുള്ള വഴിയിൽ ആകുന്നു. മാളികത്താഴത്ത രാജാവിന്നു * അവിടെ കൊവിലകമുണ്ടാക കൊണ്ടു അവന്നു പഴശ്ശി രാജാവെന്നു പേർ ഉണ്ടായിരുന്നു.

ശിവപുരം, പെരളിമലയുടെ പടിഞ്ഞാറെ താഴ്വരയിൽ കിടക്കുന്നു. അവിടത്തെ അങ്ങാടിയിൽ മാപ്പിള്ളമാരെ പാക്കുന്നുള്ളു.

തൃച്ചെറുക്കുന്ന എന്നു ചൊല്ലുന്നുണ്ടു ക്ഷേത്രം പെരിയ ചുരത്തിൽ നിന്നു വരുന്ന വാവലിപ്പുഴയുടെ കിഴക്ക കൊട്ടൂര എന്ന ദേശത്താകുന്നു. അവിടെക്കു കൊല്ലത്തിൽ നാലാഴ്ചയെ ചെല്ലാവു. അതിന്നു കിഴക്കോട്ടു പോകുക എന്നു പറയും. ജനങ്ങൾക്കു അതിനെകൊണ്ടു

* അദ്ദേഹം അഭ്യാസത്തിലും യുദ്ധശീലത്തിലും മിടുക്കനായത കൂടാതെ അനേകം വിശേഷമായ കഥകളിപ്പാട്ടുകളെയും എഴുതി ഉണ്ടാക്കിയിരിക്കുന്നു.

പെരുത്ത ഭയമുണ്ടാകയാൽ, നെയ്യും ഇളന്നീരും കൊണ്ടു പോകുന്നവർ അതിന്നു മുമ്പെ 28 ദിവസം സൂക്ഷ്മമായ വ്രതത്തോടെ ഇരിക്കെണം.

നെടുമ്പുറംചാൽ, പെരിയ ചുരത്തിന്റെ താഴെയായി പനിയുള്ള ദിക്കത്രെ. അവിടെ ഒരു മുസ്സാവരി ബങ്കളാവും ചെറിയ അങ്ങാടിയുമുണ്ടു. ചുററുമുള്ള കാടുകളിൽ കുറുച്ചിയർ മുതലായ ജാതികൾ പാൎക്കുന്നു.

കണ്ണോത്ത, അതും മാനന്തവാടിക്ക പോകുന്ന നിരത്തരികെ തന്നെ. അവിടെ ഒരു നല്ല ബങ്കളാവും ഒരു ചെറിയ അങ്ങാടിയും ഉണ്ടു.

കുത്ത്പറമ്പ എന്നത് തലശ്ശേരിയുടെ കിഴക്കവടക്കിൽ 8 മയിത്സ ദൂരമായി അവിടെ ഒരു മുൻസീഫകോടതിയും പൊലീസ ഷ്ടേഷനും സ്ക്കൂളും ചെറിയ അങ്ങാടിയും എരിമ്മക്കാരുടെ ഗ്രാമവും ഉണ്ടു. അതിന്റെ കുറെ വടക്ക തലശ്ശേരിയിൽനിന്നു കുടകിന്നും മാനന്തവാടിക്കും ഉള്ള നിരത്തുകൾ പിരിഞ്ഞു പോകുന്നു.

തലശ്ശേരി, വ. അ. 11° 45′ കി. നീ. 75° 32′ ഇത തുറമുഖവും വലിയ കച്ചവടവും ഉള്ള ഒരു നഗരമത്രെ. ഇവിടെ ജില്ല, സ്മോൾകൊസ, പ്രിൻസപൽസദ്രാമീൻ, മുൻസീഫ് കോടതികളും സബകലക്ടർ താലൂക്കച്ചേരികളും* വടക്കെ മലബാരിന്റെ പോലീസ അപ്പീസ്സും തടവുകാർ പാൎക്കുന്ന കോട്ടയും ഇങ്ക്ളിഷ, രോമ, ജൎമ്മൻമിശ്യൻ പള്ളികളും, ഹാസ്പത്രിയും, സ്ക്കൂളുകളും, മാപ്പിള്ളമാരുടെ ചില വലിയ പള്ളികളും നാട്ടുകാരുടെ ക്ഷേത്രങ്ങളും അങ്ങാടികളും കപ്പിചേറുന്ന സ്ഥലങ്ങളും പാണ്ടികശാലകളും ബങ്കളാവുകളും ഉണ്ടു. നഗരത്തിന്റെ മുഖ്യമായ അംശങ്ങൾ: പഴയതലശ്ശേരി, കോട്ടക്കകം, പൈസ്സവാതിൽ, ചാൽ, തലായി, തിരുവങ്ങാട, വാടിക്കകം മുതലായവ തന്നെ. 1683 ഇങ്ക്ളിഷ്ഷാർ തലശ്ശേരിയിൽ ഒരു പാണ്ടികശാല സ്ഥാപിച്ച ശേഷം, ലന്തർ മുമ്പെ കെട്ടിയ കോട്ടയെ അവൎക്ക 1708 കോലത്തിരിയിൽനിന്നു ലഭിച്ചിട്ടു, അവർ തലശ്ശേരി മലയാളത്തിലെ മുഖ്യമായ സ്ഥലമാക്കി. 1780 – 1782 ഹൈദരിന്റെ സൈന്യങ്ങൾ കോട്ടയെ വളഞ്ഞു. എങ്കിലും, അബ്ബിങ്ങ്ററൻ സായ്പ അവരെ തോല്പിച്ചു, മലയാളം ഇങ്ക്ളിഷ്ഷാരുടെ കൈവശത്തിലായ ശേഷം, തലശ്ശേരിയിൽ വലിയ അപ്പീൽകോടതിയും പട്ടാളവും ഉണ്ടായി. അവററെ നീക്കിയതിന്റെ ശേഷം, തലശ്ശേരിയുടെ മഹത്വം കുറഞ്ഞു എങ്കിലും, കച്ചവടത്താൽ പുതുതായി പുഷ്ടി വന്നു തുടങ്ങി. തലശ്ശേരിയുടെ തുറമുഖത്തിന്റെ വടക്കഭാഗത്ത കടലിൽ അനേകം പാറകളുണ്ടു; കര മുമ്പെ അവിടത്തോളം ആയിരുന്നു എന്നു നാട്ടുകാർ പറയുന്നു.

ധൎമ്മടം, അഞ്ചരക്കണ്ടിപ്പുഴയുടെ രണ്ടു കയികളുടെ നടുവിൽ ഉള്ള ഒരു ദ്വീപത്രെ. അത് ഏകദേശം 2 മയിത്സ തലശ്ശേരിയുടെ വ

* താലൂക്കച്ചേരി ഇതുവരെ തലശ്ശേരിയിൽനിന്ന 4 മയിത്സ ദൂരമുള്ള കതിരൂരിൽ ഉണ്ടായത്.

ടക്ക ആകുന്നു. മുമ്പെ അവിടെ ഒരു രോമപ്പള്ളിയും മാഗ്ഗക്കാരുടെ ചെറിയ പട്ടണവും സായ്പന്മാരുടെ ചില ബങ്കളാവുകളും ഉണ്ടായിരുന്നു. ഇപ്പോഠ ചെറിയ അങ്ങാടിയും പറമ്പുകളും പള്ളിയുടെയും ബങ്കളാവുകളുടെയും പൊളിഞ്ഞ ചുമരുകളുമ്മാത്രമെ കാണ്മാനുള്ളു. അവിടത്തെ കുന്നിൻമുകളിൽ പുരാണക്കോട്ടയുടെ ശേഷിപ്പുകളുണ്ടു. അവ ചേരമാൻ പെരുമാളിന്റെ കോട്ടയായിരുന്നു എന്നു കേഠക്കുന്നു.

പാനൂർ, തലശ്ശേരിയിൽനിന്നു 4 മയിത്സ കിഴക്ക അവിടെ ഒരു ചെറിയ അങ്ങാടിയുണ്ടു. മുമ്പെ അവിടെ മുൻസീഫകോടതിയുണ്ടായിരുന്നു.

മയ്യഴി, വ. അ. 11°42′ കി. നീ. 75° 35′ എന്നത് ഒരു ചെറിയ പട്ടണവും തുറമുഖവും അത്രെ. കപ്പലുകളിൽ കൊണ്ടുവരുന്ന ചരക്കുകളിൽ ബ്രാണ്ടി, വീഞ്ഞ മുതലായവ മുഖ്യം. അവിടെ ചുങ്കം കൊടുപ്പാൻ ഇല്ലായ്കകൊണ്ടു തലശ്ശേരിയിൽ പാർക്കുന്ന ചില കച്ചവടക്കാർ ചരക്കുകളെ അവിടെവെച്ചു ആവശ്യംപോലെ വരുത്തുന്നു. രോമക്കാർക്ക കൊല്ലന്തോറും ഒക്ടൊബർ 15ാംനു അവിടത്തെ പള്ളിയിൽ ഒരു പെരുന്നാളുണ്ടായിട്ടു അവർ സമീപത്തിൽനിന്നു മാത്രമല്ല, ദൂരരാജ്യങ്ങളിൽനിന്നും വന്നു കൂടുന്നു. ഫ്രാഞ്ചിക്കാർ 1722 മുതൽ മയ്യഴിയിൽ കുടിയിരുന്നു, ഉറപ്പുള്ള കോട്ടയെ കെട്ടിയ ശേഷം, ഇങ്ക്ളിഷ്കാർ 1761 അതിനെ അവരിൽനിന്നു എടുത്ത സമയം, അവിടെ 319 വലിയ തോക്കുകളുണ്ടായി എന്നു കേഠക്കുന്നു. 1763 ഫ്രാഞ്ചിക്കാർക്ക മടക്കി കിട്ടിയ പിന്നെ 1793 ഇങ്ക്ളിഷ്കാർ മയ്യഴിയെ രണ്ടാമത പിടിച്ചു തലശ്ശേരിയിൽനിന്നു മയ്യഴിയിലേക്ക പോയി പാർത്തു എങ്കിലും, 1817 ഫ്രാഞ്ചിക്കാർക്ക അതിനെ തിരികെ കൊടുത്തു, അവർക്ക ഇപ്പോഠ ഉള്ള രാജ്യം 2 ചതുരശ്രമയിത്സിൽ അല്പം അധികം വലുതായി അതിന്റെ വലിയ അംശം പുഴയുടെ വടക്കഭാഗത്ത കിടക്കുന്നു. എങ്കിലും, പട്ടണം തെക്കെ വക്കത്രെ. രാജ്യഭാരം നടത്തുന്നത് നാട്ടുകാർ മൂപ്പൻ സായ്പ എന്നു പറയുന്ന ഗവൎണ്ണർ തന്നെ. അപ്പീൽ ചെയ്വാനുണ്ടെങ്കിൽ പുതുശ്ശേരിയിലേക്ക പോകേണം.

ഫ്രാഞ്ചിക്കാർക്ക കോഴിക്കോട്ടിലും ഒരു ചെറിയ സ്ഥലമുണ്ടു.

3. കുറുമ്പ്രനാടതാലൂക്ക

ഈ താലൂക്ക മുമ്പെ കടത്തനാട, കുറുമ്പ്രനാട എന്നിങ്ങനെ രണ്ടായി വിഭാഗിച്ചിരുന്നു. കടത്തനാട മയ്യഴിപ്പുഴയുടെയും കോട്ടപ്പുഴയുടെയും, കുറുമ്പ്രനാട കോട്ടപ്പുഴയുടെയും കോരപ്പുഴയുടെയും നടുവിൽ അത്രെ. കുറുമ്പ്രനാടതാലൂക്കിന്റെ അതിർ: വടക്ക കോട്ടയം താലൂക്കും, കിഴക്ക വയനാടും, തെക്ക കോഴിക്കോടും, പടിഞ്ഞാറ കടലും തന്നെ; നിവാസികഠ 204000. അംശങ്ങഠ 63.

മുഖ്യമായ സ്ഥലങ്ങൾ

ചോമ്പാൽ മയ്യഴിയിൽനിന്നു മൂന്നു കല്ല തെക്ക, അവിടെ ജൎമ്മൻ മിശ്യൻപള്ളിയും ബങ്കളാവും സഭയും ഉണ്ടു.

വടകര, വ. അ. 11° 36' കി. നീ. 75°38' ഇതു് ഒരു ചെറിയ പട്ടണവും തുറമുഖവും കച്ചവടസ്ഥലവും തന്നെ. ഇവിടെ താലൂക്കകച്ചേരിയും മുൻസിഫ് കോടതിയും സ്കൂളും മുസാവരിബങ്കളാവും പാഴായി കിടക്കുന്ന ഒരു കോട്ടയും ഉണ്ടു. അതിനെ കടത്തനാട്ട അമ്മത്തമ്പുരാട്ടി കെട്ടിച്ചു എന്നു കേൾക്കുന്നു. അവിടത്തെ വലിയ അങ്ങാടിയിൽ കൊപ്പര, കുരുമുളക, കപ്പി, വെററില ഇത്യാദികളെക്കൊണ്ടുള്ള കച്ചവടം പെരുത്ത നടക്കുന്നു. ഇവിടെനിന്നു കുററിയാടിക്കും കോഴിക്കോട്ടേക്കും പോകുന്ന തോണികൾ താമസിക്കുന്നു.

കുററിപ്പുറം വടകരയിൽനിന്നു മാനന്തവാടിക്ക പോകുന്ന നിരത്തിൽ കൂടി 8 മയിത്സ ദൂരം പോയാൽ കടത്തനാട രാജാവ് വസിക്കുന്ന കുററിപ്പുറത്ത എത്തും. അതിന്റെ കുറെ തെക്കപടിഞ്ഞാറുള്ള പുറമെരിയിലും കോവിലകം ഉണ്ടു.

നാദാപുരം എന്നത് കുററിപ്പുറത്തിന്റെ 2 മയിത്സ വടക്കപടിഞ്ഞാറ, അവിടെ ഒരു വലിയ അങ്ങാടിയും മാപ്പിള്ളമാരുടെ പള്ളിയുമുണ്ടു. അങ്ങാടിയിൽ മുളകകച്ചവടം മുഖ്യം.

കുററിയാടി വാണാസുരന്റെ അടിവാരത്തിലായി അതിന്റെ വടക്കിലെ ചുരത്തിന്നു പേർ കൊടുക്കുന്ന കാട്ടുപ്രദേശം അത്രെ. അവിടെ നല്ല മരങ്ങളും തേനും മെഴുകും കിട്ടും. ഒരു മുസ്സാവരി ബങ്കളാവും ഉണ്ടു.

കീഴൂർ, ഇവിടെ ഒരു ക്ഷേത്രവും കൊല്ലം തോറും ഒരു വലിയ ഉത്സവവും ചന്തയും ഉണ്ടു. കാളകളും പശുക്കളും ചന്തയിൽ പ്രധാനം.

പയ്യോളി, ഇവിടെ അങ്ങാടിയും ചന്തയും സ്കൂളും സമീപം കൈത്തോട്ടിന്റെ ചീപ്പും ഉണ്ടു.

നടുവന്നൂർ, എന്നതിൽ ഒരു ചെറിയ അങ്ങാടിയും ശനിയാഴ്ചതോറും ചന്തയും ഉണ്ടു. മുമ്പെ അവിടെ കുറുമ്പ്രനാടതാലൂക്കകച്ചേരി ഉണ്ടായിരുന്നു.

താമരശ്ശേരി, ഇവിടെ ഒരു ചെറിയ അങ്ങാടിയും ബങ്കളാവും ഉണ്ടു. അവിടത്തെ ചുരം വൈത്തിരിയിലേക്ക പോകുന്നു. അതിന്നു താമരശ്ശേരിച്ചുരം എന്നും ലക്കടിച്ചുരം എന്നും പേർ.

കോവില്ലണ്ടി, വ. അ. 11°26' കി. നീ. 75°45' ഇവിടെ ഒരു ചെറിയ തുറമുഖവും മജിസ്ത്രേട്ട്കച്ചേരിയും മുൻസീഫകോടതിയും അങ്ങാടിയും സ്കൂളും ടപ്പാൽ അപ്പീസ്സുമുണ്ടു. അതിന്റെ കുറെ വടക്ക ഒരു വലിയ കുളവും മഠവും വിഷാരിക്കൽ എന്ന ക്ഷേത്രവും, ചെറിയ ജർമ്മൻ മിശ്യൻ സഭയും കാണും.

4. വയനാടതാലൂക്ക

ഈ താലൂക്ക കുടകിൻെറയും നീലഗിരിയുടെയും നടുവിലുള്ള മലപ്രദേശമത്രെ. അതിനെ പലപ്പോഴം വടക്കെ വയനാട, തെക്കെ വയനാട, തെക്കകിഴക്കെ വയനാട എന്നിങ്ങിനെ മൂന്ന അംശമായി വിഭാഗിക്കുന്നു. വടക്കിൽ തെക്കിൽ എന്ന പോലെ ഭൂമിക്ക സാധാരണമായി അത്ര ഫലപുഷ്ടിയില്ല. വയനാടതാലൂക്കിൻെറ അതിരുകൾ: വടക്ക കുടകം മൈസൂരും, കിഴക്ക മൈസൂരും നീലഗിരിയും, തെക്ക വള്ളുവനാട്ടം ഏർന്നാട്ടം, പടിഞ്ഞാറ കൊഴിക്കോട്ടം കുറുമ്പ്രനാട്ടം കോട്ടയംതാലൂക്കും. നിവാസികൾ 57000. അംശങ്ങൾ 16.

മുഖ്യമായ സ്ഥലങ്ങൾ

മാനന്തവാടി, വ. അ. 11° 48′ കി. നീ. 76° 4′ ഇത് വയനാട്ടിലെ മുഖ്യമായ സ്ഥലം. അവിടെ താലൂക്കകച്ചേരിയും, ടപ്പാൽ അപ്പീസും സ്കൂളും, രോമപ്പള്ളിയും, അങ്ങാടിയും, ബങ്കളാവുകളും. ക്ലുബ് എന്നു പറയുന്ന മേശവീട്ടം ചുററിൽ കപ്പിത്തോട്ടങ്ങളും ഉണ്ടു. തലശ്ശേരിയിലെ സ്മൊൾകൊസ് കോടതി കൊല്ലത്തിൽ രണ്ടു മാസം ഇങ്ങോട്ട മാറി വരുന്നു. സമീപമുള്ള വള്ളൂർ കാവിൽ കൊല്ലംതോറും 14 ദിവസം ഉത്സവമുണ്ടു. അപ്പോൾ പല രാജ്യങ്ങളിൽനിന്നും അനേകം ജനങ്ങൾ അവിടെ കൂടി കാവിലേക്കും ഭഗവതിയുടെ മത്സ്യങ്ങൾക്കും നേർച്ച കൊടുക്കും.

തിരുനെല്ലി എന്ന പുണ്യസ്ഥലത്തിൽ ഒരു ക്ഷേത്രമുണ്ടു, മലയാളികൾ മരിച്ചവൎക്ക പിണ്ഡം വെപ്പാനായി അങ്ങോട്ടു പോകുന്നു.

കൊറോത്ത് എന്നത വാണാസുരൻെറ വടക്കിൽ കുററിയാടി ച്ചുരത്തിൻെറ അപ്പുറമുള്ള അങ്ങാടിയത്രെ. അവിടെ കപ്പി, ഏലം, നെല്ല ഇത്യാദികളെ വില്ക്കുന്നു.

വൈത്തിരി, വ. അ. 11° 2′ കി. നീ. 76° 5′ എന്നത തെക്കെ വയനാട്ടിലെ മുഖ്യമായ സ്ഥലം; അവിടെ അങ്ങാടിയും, കച്ചേരിയും, ടപ്പാൽഅപ്പീസും, മെശവീട്ടം സായ്പന്മാരുടെ കപ്പിത്തോട്ടങ്ങളുംബങ്കളാവുകളും ഉണ്ടു.

ഗണപതിവട്ടം, സുല്ത്താൻ ബത്തരി എന്ന സ്ഥലങ്ങളിൽ ചെറിയ അങ്ങാടികളും സമീപം ബങ്കളാവും, പൊളിഞ്ഞ കോട്ടയുമുണ്ടു. ഠിപ്പുസ്സുല്ത്താൻ അതിനെ കെട്ടിയിരുന്നു എന്നു കേൾക്കുന്നു.

നെല്ലിയാളം, ഇവിടെ ഒരു ചെറിയ അങ്ങാടിയും ബങ്കളാവും ഉണ്ടു.

ഗൂഡലൂർ എന്നത് നീലഗിരിയിലേക്കുള്ള നെടിപ്പെട്ട ചുരത്തിൻെറ താഴെയായി അവിടെ ചെറിയ അങ്ങാടിയും മജ്ജിസ്ത്രേട്ട കച്ചേരിയും, ബങ്കളാവും, കപ്പിത്തോട്ടങ്ങളും ഉണ്ടു.

5. കോഴിക്കോടതാലൂക്ക

ഈ താലൂക്ക കോരപ്പുഴയുടെ അല്പം വടക്ക തുടങ്ങി ബേപ്പൂർപുഴ വരെ ചെല്ലുന്നു. അതിരുകരം: വടക്ക കുറുമ്പ്രനാട, കിഴക്ക വയനാട്ടും ഏറനാട്ടും, തെക്ക ഏറനാട്ടും, പടിഞ്ഞാറ കടലും തന്നെ. നിവാസികരം 160,000. അംശങ്ങരം 35.

മുഖ്യമായ സ്ഥലങ്ങരം

എലത്തൂർ, കോരപ്പുഴയുടെ തെക്കെ വക്കത്ത കിടക്കുന്നു. ചെറിയ അങ്ങാടിയും പാലവും ഉണ്ട.

പുതിയങ്ങാടി, കോഴിക്കോട്ടിൽനിന്നു 4 മയിത്സ വടക്ക, അവിടെ അങ്ങാടിയും തോണികരം നില്ക്കുന്ന സ്ഥലവുമുണ്ട. കുറെ തെക്ക വരക്കൽക്ഷേത്രവും കുളവും കാണുന്നു.

കോഴിക്കോട, വ. അ. 11° 15′ കി. നീ. 75° 50. ഇത മലയാളപ്രൊവിൻശ്യയുടെ തലസ്ഥാനവും വലിയ കച്ചവടപട്ടണവും തുറമുഖവും ആകുന്നു. അവിടെ ജില്ല പ്രിൻസിപൽസദ്രാമിൻ, മുൻസീഫ് കോടതികളും കലക്ടർ മുതലായ കച്ചേരികളും പൊലീസ, ടപ്പാൽ, കമ്പി മുതലായ അപ്പീസുകളും വലിയ ജേലും ഹാസ്പത്രികളും പ്രൊവിൻശ്യാൽ ഇത്യാദി സ്കൂളുകളും, ഇങ്ക്ളിഷ, ജൎമ്മൻമിശ്യൻ രോമപ്പള്ളികളും മാപ്പിള്ളമാരുടെ പള്ളികളും താമൂതിരിയുടെ കോവിലകവും ക്ഷേത്രങ്ങളും, (light-house എന്ന) കോടിമരമായ ഗോപുരവും പാണ്ടികശാലകളും കപ്പിചേറുന്ന സ്ഥലങ്ങളും മാനാഞ്ചിറതുടങ്ങിയ കുളങ്ങളും പെരുത്ത വലിയ അങ്ങാടികളും ബങ്കളാവുകളും മലമേൽ പാർക്കുന്ന ചെറിയ പട്ടാളവും മററും ഉണ്ട. വടക്കെ അംശത്തിന്നു കച്ചേരി അംശമെന്നും തെക്കെതിന്നു കസവംശം എന്നും പേർ. മുഖ്യമായ പകുപ്പുകരം വിലാത്തിക്കുളങ്ങര, വെള്ളെൽ, മൂന്നാലിങ്ങൽ, പരന്ത്രീസ്സറ, വലിയങ്ങാടി, പാളയം, തളി, കൊക്കൊഴിക്കൊട, കല്ലായി, കുണ്ടുങ്ങൽ മുതലായവ തന്നെ.

1498 വസ്കൊദഗാമ നാലു കപ്പലുകളുമായി കോഴിക്കോട്ടിൽ എത്തുമ്പോരം, അത എത്രയും വലിയ ഒരു കച്ചവടപട്ടണമായിരുന്നു. 1509 പൊൎത്തുഗീസരുടെ സേനാപതിയായ പെന്നെസ് കതിഞ്ഞൊ 3000 പട്ടാളക്കാരോടൊരുമിച്ച കോഴിക്കോട കൈവശമാക്കേണ്ടതിന്നു അതിക്രമിക്കുമ്പോരം, താൻ പട്ട സൈന്യത്തിന്നും വലിയ അപജയം വന്നു. 1766 ഹൈദരാലി മലയാളത്തിൽ വന്നു. പട്ടണത്തെയും കോട്ടയെയും പിടിച്ച സമയം, താമൂതിരി കോവിലകത്തിന്നു തീ കൊടുത്തു താനും അനുഗാമികളുമായി മരിച്ചു കളഞ്ഞു. 1789 ററിപ്പു 60000 പടയാളികളോട കൂടെ കോഴിക്കോട്ടിൻെറ നേരെ വന്നു പട്ടണത്തെയും കോട്ടയെയും നിലത്തിന്നു സമമാക്കി നിവാസികളെ മൈസൂരിലേക്ക് കൊണ്ടു പോയി അതിന്നു ഫെറുകബാദ് എന്നു പേർ വിളിച്ചു. 15 മാസം കഴി

ഞ്ഞിട്ട ഇങ്ക്ളിഷ്കാർ മലയാളത്തിൽ വന്ന ഠിപ്പുവിനെ ജയിച്ച പ്പോഠം, ആളുകഠം കോഴിക്കോട്ടിൽ മടങ്ങി വന്ന പട്ടണത്തെ പുതു തായീ കെട്ടി അത് ക്രമത്താലെ വളരുകയും ചെയ്തു.

ചെവ്വയ്യൂർ എന്നത് കോഴിക്കോട്ടിൻെറ 4 മയിൽസ കിഴക്കത്രെ; അവിടെ കോഴിക്കോട താലൂക്കകച്ചേരിയുണ്ടു.

ചാത്തമംഗലം എന്ന ദേശത്തിൽ പെരുത്തു വീടുകളും ഒരു ചെ റിയ സ്കൂളുമുണ്ടു.

ബേപ്പൂർ എന്നത് കോഴിക്കോട്ടിൻെറ 6 മയിത്സ തെക്ക അ വിടെ ഒരു അങ്ങാടിയുണ്ടു. പുഴയുടെ തെക്കഭാഗത്തോളം തീവണ്ടി വരികയാൽ ബേപ്പൂർ ചൊല്ലേണ്ടത്. അതിൻെറ കിഴക്കിൽ കോ വിലകവും ഇരിമ്പ ഉരുക്കി എടുക്കുന്ന സ്ഥലവുമുണ്ടു. എങ്കിലും അ വിടെയുള്ള ഇരിമ്പ കല്ലിനെ ഉരുക്കി ശുദ്ധമാക്കുവാൻ ബഹു പ്ര യാസമുണ്ടാകകൊണ്ടു ആ പണി നല്ലവണ്ണം നടക്കുന്നില്ല.

6. ഏൎന്നാടതാലൂക്ക

ഏർന്നാട താലൂക്കിൽ ഇപ്പോഠം ചേൎന്നാടും കൂടിയിരിക്കുന്നു. അതിൻെറ അതിർ: വടക്ക കോഴിക്കോട താലൂക്കും, വയനാടും, കി ഴക്ക വയനാടും വള്ളുവനാടും തെക്ക വള്ളുവനാടും പൊന്നാനി താലൂ ക്കും, പടിഞ്ഞാർ കടലും തന്നെ. നിവാസികഠം 240000. അംശ ങ്ങഠം 52.

മുഖ്യമായ സ്ഥലങ്ങഠം

പെരിഞ്ചന്നൂർ, അത് ബേപ്പൂർപ്പുഴയുടെ തെക്കെ വക്കത്താ യി തീവണ്ടി നില്ക്കുന്ന സ്ഥലമത്രെ. അതിന്നു സാധാരണമായി ബെപ്പൂർഷ്ടേഷൻ എന്നു പറയും. അവിടെ വലിയ അപ്പീസുകളും തീവണ്ടിവെക്കുന്ന ശാലകളും വിറക, കരി ഇത്യാദികളെ വെക്കുന്ന സ്ഥലങ്ങളുമുണ്ടു.

പരപ്പനങ്ങാടി എന്നത കടലുമണ്ടിപ്പുഴയുടെ 5 മയിത്സ തെക്കത്രെ. അവിടെ ഒരു അങ്ങാടിയും മജ്ജിസ്ത്രേട്ട കച്ചേരിയും തീവണ്ടി അപ്പീസും ഉണ്ടു.

തിരുവങ്ങാടി, ഇവിടെ മുമ്പെ ചേൎന്നാട താലൂക്ക കച്ചേരി ഉണ്ടായിരുന്നു.

മലപ്പുറം ഇവിടെ ഒരു അങ്ങാടിയും ചന്തയും ഉണ്ടു. ചുററുമുള്ള മാപ്പിള്ളമാർ കലഹം ഉണ്ടാക്കിയതകൊണ്ടു ഇവിടെ സൊറംജരന്മാ രെ പാർപ്പിച്ചു.

മഞ്ചേരി, ഇവിടെ ഒരു അങ്ങാടിയും ചന്തയും താലൂക്കകച്ചേരി യും മുൻസീഫ്കോടതിയും സ്കൂളും ചെറിയ ബങ്കളാവും ഉണ്ടു. അ വിടത്തെ ക്ഷേത്രത്തെ മാപ്പിള്ളമാർ കലഹിച്ചു നശിപ്പിച്ചു.

വണ്ടൂർ എന്ന ദേശത്തിൽ ചന്തയും അഞ്ചാടിയും ബങ്കളാവും ഉണ്ടു. അവിടെനിന്നു നീലഗിരിയെ സമീപമായി കാണാം.

എടവണ്ണ, ഇവിടെ ഒരു ചെറിയ അഞ്ചാടിയുണ്ടു. മുമ്പെ ഒരു ബങ്കളാവും ഉണ്ടായിരുന്നു.

അരീക്കൊട, ബെപ്പൂർപ്പുഴയുടെ വക്കത്തായി അവിടെവരെ തോണികൾ പോകുന്നു. തീവണ്ടി വരും മുമ്പെ ആളുകൾ പലപ്പോഴും ഈ വഴിയായി വണ്ടൂർ ചിച്ചിപ്പാറ ചുരത്തിൽ കൂടി നീലഗിരിയിലേക്ക പോയി, അപ്പോൾ ഒരു ബങ്കളാവുണ്ടായിരുന്നു. ഇപ്പോൾ ചെറിയ അഞ്ചാടിയെ ഉള്ളു.

കുണ്ടുവെട്ടി എന്നത് മാപ്പിള്ളമാരുടെ മുഖ്യമായ സ്ഥലങ്ങളിൽ ഒന്ന ഇവിടെ ഒരു അഞ്ചാടിയും പ്രധാനപ്പള്ളിയും മുസ്സാവരി ബങ്കളാവും ഉണ്ടു.

നിലമ്പൂർ എന്നത് മരക്കച്ചവടത്തിന്നു മുഖ്യമായ സ്ഥലം; അവിടെ സൎക്കാർ വക ജാതിമരത്തോട്ടവും പുഴയിൽ പൊന്നും രത്നങ്ങളും ഉണ്ടു.

7. പൊന്നാനിതാലൂക്ക

ഈ താലൂക്ക മുമ്പെ വെട്ടത്തനാട കൂററനാട ചാവക്കാട എന്നിങ്ങിനെ മൂന്നായിരുന്നു. അതിന്റെ അതിരുകൾ വടക്ക ഏൎന്നാടും കിഴക്ക വള്ളുവനാടും കൊച്ചി രാജ്യവും, തെക്ക കൊച്ചി പടിഞ്ഞാറ കടലും നിവാസികൾ 312,000 അംശങ്ങൾ 74.

മുഖ്യമായ സ്ഥലങ്ങൾ

താനൂർ, വ. അ. 10° 58' കി. നീ. 78° 56' എന്ന നഗരം ചെറിയ തുറമുഖവും കച്ചവടസ്ഥലവും അത്രെ. മുമ്പെ മുഖ്യമായ പട്ടണങ്ങളിൽ ഒന്നായിരുന്നു, ഇപ്പോൾ അതിന്റെ മഹത്വം കുറഞ്ഞു പോയി; അവിടെ ഒരു പുകവണ്ടി അപ്പീസുണ്ടു.

പുതിയങ്ങാടി, ഇവിടെ വലിയ അഞ്ചാടിയും മജ്ജിസ്ത്രേട്ടകച്ചേരിയും മുൻസീഫ് കോടതിയും സ്കൂളും ഉണ്ടു. സമീപമുള്ള തീവണ്ടി അപ്പീസിന്നു തിരൂർ എന്നു പേർ.

കൊടക്കൽ, പുതിയങ്ങാടിയിൽനിന്നു 3 മയിത്സതെക്കത്രെ. അവിടെ ഒരു ജർമ്മൻമിശ്യൻ സഭയും പള്ളിയും ബങ്കളാവും ഉണ്ടു.

തിരുന്നാവായി ക്ഷേത്രവും, താമൂതിരികോവിലകവും പൊന്നാനിപ്പുഴയുടെ വടക്കതീരത്തായി കൊടക്കല്ലിൽനിന്നു 3 മയിത്സ കിഴക്കത്രെ.

പൊന്നാനി, വ. അ. 10° 47' കി. നീ. 76° ഇത പൊന്നാനിപ്പുഴയുടെ തെക്കെവക്കത്തുള്ള തുറമുഖവും കച്ചോടനഗരവും ആകുന്നു. ഇവിടെ താലൂക്കകച്ചേരിയും മുൻസീഫ്കോടതിയും മാപ്പിള്ളമാരുടെ അനേകപള്ളികളും ഉണ്ടു. മുമ്പെ ഇവിടെ പ്രാഞ്ചിക്കാൎക്കും

ഇങ്ക്ളിഷ്ഷാക്കും ഒരു പാണ്ടികശാലയുണ്ടായി. അവിടത്തെ തങ്കാളൻ മുഹമ്മദനബിയുടെ മകളായ പാത്തുമ്മയുടെ സന്തതിയിലുള്ളവൻ എന്നു പറയുന്നു എങ്കിലും, അവർ മരുമക്കത്തായം പ്രമാണിക്കുന്നു.

തൃത്താല, ഇവിടെ ഒരു അഞ്ചാടിയും ബങ്കളാവും സമീപം ചൊല്ലേണ്ടുന്ന കടലും ഉണ്ടു. അതിന്റെ കുറെ താഴെ മങ്കര എന്ന ഉപനദി പൊന്നാനിപ്പുഴയോടു ചേരുന്നു.

കുററനാട, ഇവിടെ ഒരു അഞ്ചാടിയുണ്ടു. മുമ്പെ കുററനാട താലൂക്കകച്ചേരി ഉണ്ടായിരുന്നു.

ചാവക്കാട, വ. അ. 10° 33′ കി. നീ. 76° 6′ ഇവിടെ മജിസ്ത്രേട്ടു കച്ചേരിയും മുൻസീഫ് കോടതിയും സ്കൂളും ഉണ്ടു. അതിന്റെ സമീപം ഗുരുവായൂർ എന്ന ശ്രുതിപ്പെട്ടക്ഷേത്രവും* മാങ്ങളും കാണുന്നു. അവിടെ കൊല്ലംതോറും വലിയ ഉത്സവം കൊണ്ടാടുന്നു.

ചേററവായി എന്നത് ചാവക്കാടിന്റെ കുറെ തെക്കിലായി 27 മയിത്സ നീളവും 5 മയിത്സ വിസ്താരവും ഉള്ള ഒരുവക ദ്വീപിന്മേലത്രെ. ലന്തക്ക മുമ്പെ അവിടെ ഒരു കോട്ടയുണ്ടായിരുന്നു എങ്കിലും, ഹൈദരാലി അവരെ അവിടെനിന്നു 1776ൽ ആട്ടിക്കളഞ്ഞു.

8. വള്ളുവനാട താലൂക്ക

ഈ താലൂക്ക കടൽമണ്ടിപ്പുഴയുടെയും പൊന്നാനിപ്പുഴയുടെയും മദ്ധ്യെ തന്നെ. ഇപ്പോഠ അതിൽ മങ്കരപ്പുഴയുടെയും പൊന്നാനിപ്പുഴയുടെയും നടുവിലുള്ള നെടുങ്ങനാടും അടങ്ങിയിരിക്കുന്നു. അതിന്റെ അതിരുകഠ: വടക്ക ഏറ്നാടും വയനാടും, കിഴക്ക നീലഗിരിയും കൊയമ്പത്തൂരും, തെക്ക പാലക്കാടും കൊച്ചി രാജ്യവും, പടിഞ്ഞാറ പൊന്നാനി താലൂക്കും ഏറ്നാടും. നിവാസികഠ 247000. അംശങ്ങഠ 64.

മുഖ്യമായ സ്ഥലങ്ങഠ

അങ്ങാടിപ്പുറം, ഇവിടെ താലൂക്കകച്ചേരിയും അങ്ങാടിയും വലിയ ക്ഷേത്രവും കോവിലകവും സ്കൂളും ഉണ്ടു. അതിന്റെ കുറെ വടക്ക നെന്മണി എന്ന മലയെ കാണും.

മണ്ണാർക്കാട, ഇത കാട്ടിലെ കച്ചവടസ്ഥലമത്രെ. അതിന്റെ കിഴക്കിൽ പാലക്കാട വടമലയുണ്ടു.

കരിമ്പുഴ, ഇവിടെ ഏറാംപാടരാജാവിന്റെ കോവിലകവും ചെട്ടികളുടെ തെരുവും ഉണ്ടു. അതിന്റെ 4 മയിത്സ തെക്ക വയിലാം

---

* നാരായണ ഭട്ടത്തിരി എന്ന ശാസ്ത്രി അവിടെവെച്ചു തുഞ്ചൻ മീൻ തൊട്ടുകൂട്ടുക എന്നു പറഞ്ഞ വാക്കിന്മേൽ നാരായണീയം സ്തോത്രം ഉണ്ടാക്കിയ പ്രകാരം കേഠക്കുന്നു.

കുന്നംശത്തിൽ രാമായണം മഹാഭാരതം മുതലായ ശാസ്ത്രങ്ങളെ മലയാളഭാഷയിൽ ആക്കിയ തുഞ്ചനെഴുത്തച്ഛൻ പാൎത്ത വീടുണ്ടു.*

ചെറുപ്പുള്ളശ്ശേരി, വ. അ. $10^{\circ}\ 53^{1}$ കി. നീ. $75^{\circ}\ 23'$ ഇവിടെ മുമ്പെ നെടുങ്ങനാടതാലൂക്കകച്ചേരി ഉണ്ടായിരുന്നു. ഇപ്പോഠ മജിസ്ത്രേട്ടകച്ചേരിയും സ്കൂളും ബങ്കളാവും മഹാക്ഷേത്രവും വലിയ ചന്തയും ഉണ്ടു.

പട്ടാമ്പി, ഇവിടെ ഒരു മുൻസീഫകോടതിയും ഒരു പുകവണ്ടി അപ്പീസും അവിടെനിന്നു ചെറുപ്പുള്ളശ്ശേരിയിലേക്ക നിരത്ത വഴിയുമുണ്ടു.

ശൊറന്നൂർ, ഇവിടെ ഒരു പുകവണ്ടി അപ്പീസും വിലാത്തിയിൽനിന്നു കൊണ്ടുവന്ന നല്ല ഇരിമ്പു പാലവുമുണ്ടു.

വാണിയങ്കുളം, ഇവിടെ ഒരു വലിയ ചന്തയുണ്ടു. മുമ്പെ ഒരു ബങ്കളാവുണ്ടായിരുന്നു. തീവണ്ടി ഇപ്പോഠ, കടന്നു പോകകൊണ്ടു അത പൊളിഞ്ഞുകിടക്കുന്നു.

ഒററപ്പാലം, ഇവിടെ ഒരു ചന്തയും മുൻസീഫകോടതിയും പുകവണ്ടി അപ്പീസുമുണ്ടു.

ലക്കടി എന്നത 4 വഴികഠ കൂടുന്ന സ്ഥലമത്രെ. ഇവിടെ ഒരു ചന്തയും പുകവണ്ടി അപ്പീസുമുണ്ടു.

9. പാലക്കാട താലൂക്ക

ഇതിൽ ഇപ്പോഠ തെമ്മലപ്പുറവും അടങ്ങിയിരിക്കുന്നു. അതിന്റെ അതിർ: വടക്ക വള്ളുവനാടും കോയമ്പത്തൂരും, കിഴക്ക കോയമ്പത്തൂരും ചിററൂരോടു സംബന്ധിച്ച കൊച്ചിരാജ്യവും, തെക്ക കൊച്ചിരാജ്യവും, പടിഞ്ഞാറ കൊച്ചിരാജ്യവും, വള്ളുവനാടും. നിവാസികഠ 280000. അംശങ്ങഠ 57.

മുഖ്യമായ സ്ഥലങ്ങഠ

പറളി എന്നത് നാലു വഴികഠ കൂടുന്ന സ്ഥലമത്രെ. അവിടെ ഒരു ചെറിയ അങ്ങാടിയും പുകവണ്ടി അപ്പീസും ഉണ്ടു.

മുണ്ടൂർ, ഇവിടെ ഒരു വലിയ ഗ്രാമമുണ്ടു.

കൊങ്ങാട, ഇവിടെ ഒരു വലിയ ചന്തയുണ്ടു. അതിൽ പോത്തുകഠ പ്രധാനം.

പാലക്കാട, വ.അ.$10^{\circ}\ 45'$ കി.നീ.$76^{\circ}\ 43'$ എന്നത് ഉഠനാടുകളിലെ നഗരങ്ങളിൽ മുഖ്യമായത്. അവിടെ വലിയ അങ്ങാടിയും ഗ്രാമങ്ങളും താലൂക്കകച്ചേരിയും മുൻസീഫകോടതിയും പോലീസ,

* തുഞ്ചൻ ജീവിച്ചത ഇപ്പോഠ ഏകദേശം 300 കൊല്ലമായി അവനെയും മകളെയുംകൊണ്ടു നാട്ടുകാർ പല കഥകളിൽ സ്തുതിച്ചു പറയുന്നു. അവരുടെ സ്വന്ത കൈയക്ഷരത്തിലുള്ള ഗ്രന്ഥങ്ങഠ ഇനിയും കാണ്മാനുണ്ടു.

ടപ്പാൽ മുതലായ അപ്പീസുകളും ഉറപ്പുള്ള കോട്ടയും ഇങ്ക്ളിഷ, രോമ, ജൎമ്മൻമിശ്യൻ പള്ളികളും, ബങ്കളാവുകളും വലിയ സ്കൂളുമുണ്ടു. അതിനോടു സംബന്ധിച്ച പുകവണ്ടി ഒലകക്കോട്ടിലത്രെ. അവിടെയും അഞ്ചാടിയുണ്ടു. പാലക്കാട്ടിന്റെ മുഖ്യമായ അംശങ്ങൾ: കല്പാത്തിഗ്രാമം, നൂറുണ്ണിഗ്രാമം, വലിയങ്ങാടി, സുല്ത്താൻപേട്ട, കോട്ട, കൊപ്പം, ശില്പവാപാളയം, മടപ്പള്ളി, ചീരക്കാട. താമൂതിരി പാലക്കാടരാജാവിനെ പലപ്പോഴും ഉപദ്രവിക്കകൊണ്ടു അവൻ 1764 ഹൈദരാലിയെ മലയാളത്തിൽ ക്ഷണിച്ചപ്പോൾ, ഹൈദർ സന്തോഷത്തോടെ വന്നു മലയാളത്തെ അടക്കിയത് ചരിത്രത്തിൽ പറയുന്നു. പാലക്കാടതാഴ്വര പോക്കുവരവിന്നായി മുഖ്യമായതാകകൊണ്ടു, അവൻ പാലക്കാട്ടിൽവെച്ചു പരന്ത്രീസഅപ്പീസൎമ്മാരെകൊണ്ടു ഒരു ഉറപ്പുള്ള കോട്ടയെ കെട്ടിച്ചു വിശിഷ്ടന്മാരായ പട്ടാളക്കാരെ പാൎപ്പിച്ചു. എല്ലാ ഭാഗങ്ങളിലേക്ക ഇപ്പോഴും ഉപകാരമുള്ള നിരത്തുകളെ തീൎക്കയും ചെയ്തു. ഇങ്ക്ളിഷ്ക്കാർ രണ്ടു പ്രാവശ്യം ആ കോട്ടയെ ബലാല്ക്കാരേണ പിടിച്ചശേഷം, അവൎക്ക 1792—ാമതിൽ സമാധാനമായപ്പോൾ, മലയാളത്തോടു കൂടി അത് കേവലം കൈവശമായി വന്നു. ഇപ്പോൾ, അതിനെ ഉപകരിക്കുന്നില്ല.

കൊല്ലങ്കോട, ഇവിടെ അഞ്ചാടിയും പട്ടന്മാരുടെ ഗ്രാമവും കോവിലകവും മജിസ്ത്രേട്ടകച്ചേരിയും സ്കൂളുമുണ്ടു.

പാലത്തുള്ളി, ഇവിടെ ഒരു വലിയ അഞ്ചാടിയും ചന്തയും ഉണ്ടു. അതിൽ കാള പ്രധാനം.

ആലത്തൂർ, ഇവിടെ ചുററിൽ പല ഗ്രാമങ്ങളും, ചന്തയും മുൻസീഫകോടതിയും മജിസ്ത്രേട്ടകച്ചേരിയും സ്കൂളുമുണ്ടു. മുമ്പെ തെമ്മലപ്പുറം താലൂക്കകച്ചേരിയും ഉണ്ടായിരുന്നു.

വടക്കഞ്ചേരി, ഇവിടെ ഒരു അഞ്ചാടിയും ചന്തയും പട്ടന്മാരുടെ ഗ്രാമവും രോമക്കാരുടെ പള്ളിയും ഉണ്ടു.

കൊച്ചിബന്തർ

കൊച്ചി, വ. അ. 9° 58′ കി. നീ. 76° 18′ എന്നത് മലയാളത്തിലെ തുറമുഖങ്ങളിൽ മുഖ്യമായത്. അവിടത്തെ പുഴക്ക ആഴമുണ്ടാകയാൽ, കപ്പലുകൾക്കു പട്ടണത്തിന്റെ സമീപം വരാം; കപ്പല്പണിസ്ഥലമാകുന്ന ഗൊതികളും ഉണ്ടു. ലന്തരുടെ കാലത്തിൽ കൊച്ചി ഹിന്തുരാജ്യത്തിലെ അവരുടെ പ്രധാന പട്ടണമായിരുന്നു എങ്കിലും, കഴിഞ്ഞ നൂററാണ്ടിലും ഈ നൂററാണ്ടിന്റെ ആരംഭത്തിലും അതിന്റെ മഹത്വം കുറഞ്ഞുപോയശേഷം ഇപ്പോൾ തിരികെ വൎദ്ധിപ്പാൻ തുടങ്ങിയിരിക്കുന്നു. അവിടെ വിലാത്തിക്കാൎക്കും, ചൎച്ചമിശ്യൻസഭക്കും രോമക്കാൎക്കും, യഹൂദന്മാൎക്കും, മാപ്പിള്ളമാൎക്കും അനേകം പള്ളികളും കൊങ്കണികളുടെയും മററും പല ക്ഷേത്രങ്ങളും സ്കൂളുകളും ഹാസ്പത്രികളും കച്ചേരികളും എത്രയും വലിയ അങ്ങാടികളും പാണ്ടികശാലകളും

അച്ചുകൂട്ടങ്ങളും സായ്പന്മാർ പാൎക്കുന്ന ശോഭിതമായ വീഥികളും മററും ഉണ്ടു. മുഖ്യമായ പകുപ്പുകൾ: കോട്ടക്കകം, കൽവത്തി, മട്ടാഞ്ചേരി, യൂദഭാഗം, അമരാവതി, ചെള്ളായി, തലക്കൊച്ചി. രാജാവ് പുഴയുടെ അക്കരയുള്ള തൃപ്പൂണ്ണുരയിൽ പാൎക്കുന്നു എങ്കിലും, ആസ്ഥാനങ്ങളുള്ള എരണാകുളം കൊച്ചിപ്പട്ടണത്തോടു അടുത്തിരിക്കുന്നു. മേൽപറഞ്ഞ പകുപ്പുകളിൽ ചിലത് കൊച്ചിരാജാവിന്റെ സ്വാധീനത്തിലിരിക്കുന്നു. ഇങ്ക്ളിഷകൊച്ചിയിൽ ഏകദേശം 60000 നിവാസികളുണ്ടു. അവിടത്തെ വെള്ളംകൊണ്ടു പലൎക്കും പെരിക്കാൽ ഉണ്ടാകയാൽ, സൎക്കാർ ആല്വായിൽനിന്നു ശുദ്ധ വെള്ളത്തെ വരുത്തുന്നു.

കിഴക്കെ മലകളിൽനിന്നു ഒഴുകിവരുന്ന വെള്ളങ്ങൾ മുമ്പെ കൊടുങ്ങല്ലൂരിന്റെ അരികെ കടലിൽ ചേൎന്നശേഷം, 1341 അവിടത്തെ അഴിമുഖം പൂഴികൊണ്ടു നികന്നിട്ടു കൊച്ചിയുടെ സമീപത്തുള്ള മണൽ പ്രദേശം നീങ്ങി കച്ചവടത്തിന്നു എത്രയും തക്ക പുഴ അവിടെ ഉണ്ടായി വന്ന സംഗതിയാൽ കൊടുങ്ങല്ലൂരിന്റെ കച്ചവടം ക്രമത്താലെ കൊച്ചിയിലേക്ക മാറിവന്നു. എങ്കിലും കോഴിക്കോട്ടിലെ താമൂതിരി കൊച്ചിരാജാവെ വിരോധിക്കകൊണ്ടു, പൊൎത്തുഗീസർ വരുമ്മുമ്പെ കൊച്ചിപട്ടണത്തിലെ കച്ചവടം അധികം വൎദ്ധിച്ചില്ല. പൊൎത്തുഗീസർ 1500 ദിസെമ്പർ 24ാംനു- കൊച്ചിയിൽ വന്നു. 1503 ഹിന്തുരാജ്യത്തിലെ അവരുടെ ഒന്നാം കോട്ടയെ അവിടെ കെട്ടിയ ശേഷം, കൊച്ചി അവരുടെ മുഖ്യമായ സ്ഥലങ്ങളിൽ ഒന്നായിരുന്നു. 1663 ജനുവരി 6ാംനു- ലന്തർ കോട്ടയെ ബലാല്ക്കാരേണ കൈവശമാക്കി, പട്ടണത്തിലും കോട്ടയിലും അല്പമല്ലാത്ത മാററങ്ങൾ വരുത്തി, കൊച്ചി ഹിന്തു ഖണ്ഡത്തിലെ അവരുടെ തലസ്ഥാനമാകകൊണ്ടു അവൎക്ക സമാധാനത്തിൽ 4000വും യുദ്ധകാലത്തിൽ 15000വും പട്ടാളക്കാർ പാൎപ്പാൻ തക്ക സ്ഥലങ്ങൾ അവിടെ ഉണ്ടായിരുന്നു എന്നു കേൾക്കുന്നു. ലന്തരുടെ അധികാരം ക്രമത്താലെ ക്ഷയിച്ചശേഷം, ഇങ്ക്ളിഷ്കാർ 1795 ഒക്തോബർ 20ാംനു- കോട്ടയെ പിടിച്ചു കൊച്ചി മലയാളപ്രൊവിൻശ്യയോടു ചേൎത്തു, കോട്ടയെക്കൊണ്ടു ആവശ്യമില്ലെന്നു വിചാരിച്ചു ഇങ്ക്ളിഷ്കാർ അതിനെ 1814ൽ പൊളിച്ചിരിക്കുന്നു.

തങ്കച്ചേരി, വ. അ. $8^\circ 45'$ കി. നീ. $76^\circ 37'$ എന്നത മുമ്പെ ലന്തരുടെതായിരുന്നു. അവിടത്തെ കോട്ട കടലിൽ നീണ്ടു കിടക്കുന്ന മുനമ്പിൽ കെട്ടിയിരുന്നു. അതിന്റെ മതിലുകളുടെയും പൊൎത്തുഗീസർ പണിയിച്ച ഗോപുരത്തിന്റെയും ചില ശേഷിപ്പുകൾ ഇനിയും കാൺമാനുണ്ടു. നിവാസികൾ 1700. അവർ മിക്കവാറും രോമക്കാരത്രെ.

അഞ്ചിങ്കൽ വ. അ. $8^\circ 39'$ കി. നീ. $76^\circ 48'$ എന്നത് കൊല്ലത്തിൽനിന്നു ഏകദേശം 20 മയിത്സ തെക്കായി മുമ്പെ മുളകു കച്ചവടത്തിന്നു മുഖ്യ സ്ഥലമായിരുന്നു. ഇങ്ക്ളിഷകൊമ്പന്ന്യാൎക്ക അവിടെ 1694–1815 വരെ പാണ്ടികശാലകളും ഒരു കോട്ടയും

ഉണ്ടായിരുന്നു. ഇങ്ക്ളിഷ്ലാർ നീങ്ങിയശേഷം, അഞ്ചുതെങ്ങ് വളരെ ക്ഷയിച്ചിരിക്കുന്നു; 2000ത്തിൽ അധികമുള്ള നിവാസികളിൽ മിക്കവാറും പേർ രോമക്കാരാകുന്നു.

തെക്കെ മലയാളം

തെക്കെ മലയാളം പൊന്നാനിപ്പുഴയുടെയും കന്യാകുമാരിയുടെയും (വ. അ. 10° 45′ 8° 4′) കടലിന്റെയും സഹ്യമലകളുടെയും (കി. നീ. 76° 77° 40) നടുവിൽ അത്രെ. അതിന്റെ സാധാരണ ദേശസ്വഭാവം വടക്കിലുള്ളതിനോടു ഏകദേശം ഒക്കുന്നു. ചാവക്കാട തുടങ്ങി തിരുവനന്തപുരം വരെ നീണ്ടു കിടക്കുന്ന കായലുകൾ* ചിലേടത്ത അധികം വിസ്താരമായിരിക്കുന്നു. എങ്കിലും മിക്കവാറും സ്ഥലങ്ങളിൽ ആഴം എത്രയും കുറയും. അവിടെയുള്ള ചളിപ്രദേശങ്ങൾ നേൽവിളച്ചലിന്നു ഏററവും യോഗ്യമാകുന്നു. നാട്ടുകാർ മിക്കവാറും വടക്കെ മലയാളത്തിൽ എന്ന പോലെ ചിതറികിടക്കുന്ന കുന്നുകളിൽ തെങ്ങ്, മാവ, പിലാവ മുതലായ ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പുകളിൽ പുര കെട്ടി വസിക്കുന്നു. കൊച്ചി, തിരുവിതാംകോട രാജ്യങ്ങളിലെ നിവാസികളുടെ സംഖ്യ ഏകദേശം 1600000. അതിൽ നാലിൽ ഓരോഹരി ക്രിസ്ത്യാനികളായിരിക്കുന്നു. യഹൂദന്മാർ 5000–6000 പേർ ആയിരിക്കും. മുസല്മാനരുടെ വാഴ്ച തെക്കെ രാജ്യങ്ങളോളം എത്തായ്കകൊണ്ടു അവരുടെ സംഖ്യ വടക്കിൽ എന്നപോലെ അത്ര വലിയതല്ല, ഏകദേശം 70000 ആയിരിക്കും.

കിഴക്കെ അംശം മുഴവനും മലഭൂമി തന്നെ. അത വടക്ക മുതൽ തെക്കെ അതിരോളം പല ശിഖരങ്ങളോടും ചെറു താഴ്വര ചുരങ്ങളോടും കൂടെ വ്യാപിച്ചു; ആന, പുലി, കഴുതപ്പുലി, പോത്ത, കരടി, ചെന്നായി, പന്നി, മാൻ, മുള്ളൻ, പലമാതിരി കുരങ്ങ മുതലായ കാട്ടുമൃഗങ്ങൾക്ക വാസസ്ഥലമായി കപ്പല്പണി ഇത്യാദികൾക്ക എത്രയും വിശേഷമായ മരങ്ങൾ നിറഞ്ഞ കാടത്രെ. ചില സ്ഥലങ്ങളിൽ കപ്പിത്തോട്ടങ്ങളെ നട്ടുണ്ടാക്കി വരുന്നു. അവിടെ പാർക്കുന്ന കാട്ടാളർ പല വിധമായിരിക്കുന്നു. സഹ്യപർവ്വതത്തിന്റെ പ്രധാന കൊടുമുടികൾ: ആനമല, ചൂളമല, തിരുത്തണ്ട, പെരിയമല, ചെങ്ങമനാടു, പീരുമേടു, മാർദ്ദവമല, കുടയത്തൂരമല, അമൃതമല, പാപനാശനമല, നെടുമ്പാറമല, കല്പനാടമല, മഹേന്ദ്രഗിരി, അഗസ്ത്യകൂടം.

പുഴകളിൽ മുഖ്യമായത പെരിയാറും, അതിന്റെ ഉറവു തിണ്ടിക്കൽ, തിരുനെൽവേലി, തിരുവിതാംകൊട സംസ്ഥാനം ചേരുന്ന സ്ഥലത്തിന്റെ സമീപം സഹ്യപർവ്വതത്തിന്റെ ഏററവും ഉയർന്ന ഭാഗങ്ങളിൽ കിടക്കുന്നു. അതിന്റെ ഓട്ടം ഒന്നാമത വടക്ക

* കൊല്ലത്തിന്റെയും തിരുവനന്തപുരത്തിന്റെയും നടുവിൽ ഉയരമുള്ളതാകുന്നു. തെക്കിലും വടക്കിലുമുള്ള കായലുകളെ വേർ തിരിക്കുന്നു. അവിടെ 6 മയിത്സ കരവഴിയായി പോകേണം. ശിഷ്ടം 2000 മയിത്സ തോണിയിൽ പോകാം.

പടിഞ്ഞാറോട്ടും പിന്നെ പടിഞ്ഞാറോട്ടും തന്നെ. നീളം 142 മയിത്സ, ആല്വായുടെ സമീപം അത രണ്ട കയ്യായി പിരിഞ്ഞു പോകുന്നു. വടക്കുള്ളത കൊടുങ്ങല്ലൂരിന്റെയും, തെക്കുള്ളത വരാപ്പുഴയുടെയും അരികെയുള്ള കായലുകളിൽ ചേരുന്നു. പെരിയാറ കൂടാതെ വേറെ പല നദികളുമുണ്ട. അവയിൽ മുഖ്യമായവ: മൂവാററുപുഴ, മീനച്ചൽ, പമ്പാനദി, കുളക്കടയാറു, കല്ലടയാറു, ഇങ്കികരയാറു, ഭവാനിപുരം, കരമനയാറു, നെയ്യാറു, താമ്രവണ്ണി, പറയാറു.

കൊച്ചിരാജാവിന്റെ സ്വാധീനത്തിലായ രാജ്യങ്ങൾ മുമ്പെ അധികം തെക്കോട്ട വ്യാപിച്ചിരുന്നു. എങ്കിലും കഴിഞ്ഞ നൂററാണ്ടിൽ തിരുവിതാംകോടരാജാവ് കൊടുങ്ങല്ലൂർ വരെ മിക്കവാറും രാജ്യങ്ങളെ തന്റെ കൈവശത്തിലാക്കിയ ശേഷം, കൊച്ചിരാജാവിന്നു അല്പമെ ശേഷിച്ചുള്ളു.

കൊച്ചിശ്ശീമ.

കൊച്ചിരാജ്യം ഒന്നായി ചേർന്നിരിക്കുന്നു എന്നല്ല, അത ചില അംശങ്ങളായി വേർ പിരിഞ്ഞിരിക്കുന്നു. മുഖ്യമായത: പാലക്കാടതാലൂക്കിന്റെ പടിഞ്ഞാറിലും തെക്കിലും ചിററൂരോട്ട ചേർന്നത, പാലക്കാട്ടിന്റെ കിഴക്കിലും വേറെ ചിലവ തിരുവിതാംകോടസംസ്ഥാനത്തിന്റെ നടുവിലും വ്യാപിച്ചു കിടക്കുന്നു. കൊച്ചിശ്ശീമയുടെ അതിരുകൾ വടക്കു മലബാർ പ്രൊവിൻസ, കിഴക്കു പാലക്കാട താലൂക്കും കൊയമ്പത്തൂരും തെക്ക് തിരുവിതാംകോട, പടിഞ്ഞാറ മലബാർപ്രൊവിൻസിനോട്ട ചേന്ന പൊന്നാനി താലൂക്ക. അളവു 2000 ചതുരശ്ര മൈത്സിൽ അല്പം കുറയും. നിവാസികൾ ഏറക്കുറയ 350000. തിരുവിതാംകോടരാജാവിന്നു സ്വാധീനമായ കൊടുങ്ങല്ലൂർ കൂടാതെ ആറു മണ്ടപത്തുംവാതിലുകൾ ഉണ്ട. അവ 1. കുനിയന്നൂർ, 2. കൊച്ചി, 3. മുകുന്ദപുരം, 4. തലപ്പള്ളി, 5. തൃശ്ശൂർ, 6. ചിററൂർ എന്നിവ തന്നെ.

മുഖ്യമായ സ്ഥലങ്ങൾ.

കൊച്ചി, ഈ പട്ടണം മുമ്പെ പറഞ്ഞപ്രകാരം ഇങ്ക്ലിഷ്കാരുടെ കൈവശത്തിലായിരിക്കുന്നു എങ്കിലും, അതിന്റെ ചില അംശങ്ങൾ കൊച്ചിരാജാവിന്നുള്ളവ തന്നെ.

എരണാകുളം എന്നത് കൊച്ചിപ്പുഴയുടെ കിഴക്കെ വക്കത്തെത്രെ. അവിടെ ഹജ്ജൂർ കച്ചേരിയും കോടതികളും രാജാവിന്റെ സ്കൂളും മററുമുണ്ട.

തൃപ്പൂണ്ണുരയിൽ കൊച്ചിരാജാവിന്റെ രാജധാനിയുണ്ട. അത കൊച്ചിബന്തരിന്റെ കുറെ കിഴക്കത്രെ.

തൃശ്ശൂർ എന്നും തൃശ്ശിവപേരൂർ എന്നും പറയുന്ന സ്ഥലത്തിൽ കോടതികളും സ്കൂളും മഹാക്ഷേത്രവും മഠങ്ങളും ഉണ്ട. അത ബ്രാഹ്മ

ണർ സുഖിച്ചു വസിക്കുന്ന സ്ഥലം തന്നെ. ഇങ്ക്ളിഷ ചൎച്ച്മിശ്യൻ ഷ്ടേഷൻ അവിടെയുണ്ടു.

ചിററൂർ എന്നത് പാലക്കാട്ടിൻെറ തെക്കു കിഴക്കായി അവിടെ മുൻസീഫകോടതിയും തഹശ്ശീൽദാർ കച്ചേരിയും നഗരവും ഗ്രാമവും സ്കൂളും ഉണ്ടു. സമീപത്തിൽ പാർക്കുന്ന നായന്മാർ മിക്കവാറും പേർ ദ്രവ്യസ്ഥന്മാരത്രെ.

കൊടുങ്ങല്ലൂർ, പണ്ടു വലിയ കച്ചവടസ്ഥലമായിരുന്നു. യഹൂദന്മാർ പുരാണത്തിൽ അവിടെ കുടിയിരുന്നത, ഭാസ്കരരവിവർമ്മാവു എന്ന പെരുമാറം അവരിൽ വളരെ പ്രസാദിച്ചു അവരുടെ ശ്രേഷ്ഠനായ യുസുഫ് ഇറവാനന്നും അവൻ സന്തതിക്കും അഞ്ചുവണ്ണം എന്ന ദേശവും നാടുവാഴിസ്ഥാനവും കൊടുത്തു, വെവ്വേറെ പ്രഭുക്കന്മാരെ സാക്ഷികളാക്കി ചെമ്പോലയിൽ എഴുതുകയും ചെയ്തു. 200–300 ക്രിസ്താബ്ദം അവൎക്ക ഇപ്രകാരം പെരുമാക്കന്മാരുടെ കാലത്ത മാനവും സമ്പത്തും ഏറി വൎദ്ധിച്ചതകൊണ്ടു കൂടക്കൂട പുതിയ ആളുകൾ വന്നിട്ടു അവരുടെ സംഖ്യയും പെരുകി കച്ചവടത്തിൽ വളരെ കാലം അത്യന്തം ലാഭവും അതിനാൽ ഓരൊ സുഖഭോഗങ്ങളും അനുഭവമായി വന്നു. 1341 അവിടത്തെ അഴിമുഖം പൂഴികൊണ്ടു ഏതാനും മൂടിയ സംഗതിയാൽ, അവരുടെ മഹത്വം അല്പം കുറഞ്ഞു പോവാൻ തുടങ്ങിയ ശേഷം, പൊൎത്തുഗീസർ വന്നിട്ടു അവൎക്ക പെരുത്തു ഉപദ്രവമുണ്ടായി 1565 അവർ കൊടുങ്ങല്ലൂർ വിട്ടു കൊച്ചി രാജാവിന്നെ ആശ്രയിച്ചു. 1615 ഇങ്ക്ളിഷ്കാർ ഒന്നാമത കൊടുങ്ങല്ലൂരിൽ വെച്ചു മലയാളത്തിലിറങ്ങി താമൂതിരിയോടു നിത്യകരാർ നിശ്ചയിച്ചു എങ്കിലും, അതിനാൽ അധികം ഫലം ഉണ്ടായ്വന്നില്ല. 1660 ഹൊല്ലന്തർ കൊടുങ്ങല്ലൂർ കോട്ടയെ പൊൎത്തുഗീസരിൽനിന്നു എടുത്തു അനേക കൊല്ലങ്ങൾ അവിടെ പാൎത്തു. 1780 ഹൈദരാലി കൊടുങ്ങല്ലൂർ അവരിൽനിന്നു അപഹരിച്ചു എങ്കിലും, പിന്നെത്തെ യുദ്ധത്തിൽ ഹൊല്ലന്തൎക്ക അത തിരികെ കിട്ടി. 1789 ടിപ്പു വലിയ സൈന്യത്തെ കൂട്ടിയതിനാൽ, ഹൊല്ലന്തർ പേടിച്ചു കൊടുങ്ങല്ലൂർ കോട്ടയേയും പുഴയുടെ അക്കരെയുള്ള അയ്യ്കോട്ടയേയും തിരുവിതാംകോടരാജാവിന്നു വില്ക്കകൊണ്ടു, ടിപ്പു കോപിച്ചു ഇങ്ക്ളിഷ്കാരുടെ സഖിയായ വേണാട്ടതമ്പുരാൻെറ രാജ്യത്തെ അതിക്രമിച്ചഹേതുവാൽ വലിയ യുദ്ധമുണ്ടായി ടിപ്പു തോററു വടക്കെ മലയാളത്തെയും വേറെ ചില രാജ്യങ്ങളെയും ഇങ്ക്ളിഷ്കാൎക്ക വിട്ടു കൊടുക്കേണ്ടി വന്നു.

തിരുവിതാംകോടസംസ്ഥാനം.

തിരുവിതാംകോടസംസ്ഥാനം കൊടുങ്ങല്ലൂർ തുടങ്ങി കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്നു. അതിൻെറ അതിരുകൾ: വടക്കു കൊച്ചിരാജ്യവും കോയമ്പത്തൂരും, കിഴക്കു മധുരയോടു ചേൎന്ന തിണ്ടിക്കല്ലും തിരുനെൽവേലിയും, തെക്കും പടിഞ്ഞാറും കടലും തന്നെ. അതിൻെറ അളവ 6730 ചതുരശ്രമയിത്സ അത്രെ.

തിരുവിതാംകൊടസംസ്ഥാനത്തെ 5 ജില്ലകളായും 32 മണ്ടപത്തും വാതിലുകളായും വിഭാഗിച്ചിരിക്കുന്നു. മണ്ടപത്തും വാതിലുകൾ ഇവ:

1. പറവൂര.
2. ആലങ്ങാട.
3. കുന്നത്തുനാട.
4. തൊടുപുഴ.
5. മൂവാററുപുഴ.
6. മീനച്ചൽ.
7. ചങ്ങനാശ്ശേരി.
8. കോട്ടയം.
9 ഏററുമാനൂർ.
10. വൈക്കം.
11. ചെത്തല.
12. അമ്പലപ്പുഴ.
13. തിരുവല്ലാ.
14. ചെങ്ങന്നൂര.
15. മാവെലിക്കര.
16. കാൎത്തികപ്പള്ളി.
17. കരുനാഗപ്പള്ളി.
18. കുന്നത്തൂര.
19. കൊല്ലം.
20. ചെങ്കോട്ട.
21. പത്തനാപുരം.
22. കൊട്ടാരക്കര.
23. ചിറയിൻകീഴ.
24. നെടുമങ്ങാട.
25. തിരുവനന്തപുരം. വടക്ക.
26. തിരുവനന്തപുരം. കിഴക്ക.
27. നെയ്യാററുംകര.
28. വിളവംകോട.
29. കല്ക്കുളം.
30. ഇരണിയൽ.
31. അഗസ്തീശ്വരം.
32. തൊവാള.

മുഖ്യമായ സ്ഥലങ്ങൾ.

വരാപ്പുഴ എന്നതിൽ നാട്ടിൽ ചിതറി കിടക്കുന്ന രോമസഭക്കാരെ* ഭരിച്ചു പാതിരികളെ വളൎത്തി ഓരോ സ്ഥലങ്ങളിൽ അയച്ചു, രോമമതാചാരങ്ങളെ നടത്തിച്ചു കൊണ്ടിരിക്കുന്ന അദ്ധ്യക്ഷൻ പാൎക്കുന്നു. അവിടെയുള്ള സന്യാസിമഠം 1673ൽ സ്ഥാപിക്കപ്പെട്ടു. 1790 ഠിപ്പുവരാപ്പുഴവരെ വന്നു എങ്കിലും, അതിന്റെ അപ്പുറം പോവാൻ കഴിഞ്ഞില്ല.

ആലുവായി എന്നത കൊച്ചിയുടെ 15 മയിത്സ വടക്ക കിഴക്കത്രെ. അവിടത്തെ പുഴയിലെ വെള്ളം എത്രയും വിശേഷമായിരിക്കകൊണ്ടു കൊച്ചിയിലെ നിവാസികൾ പ്രത്യേകമായി ഉഷ്ണകാലത്തിൽ കുളിപ്പാനും സുഖിപ്പാനും അങ്ങോട്ടു പോകുമാറുണ്ടു.

ഉദയം പെരൂർ എന്നത കൊച്ചിയിൽനിന്നു 17 മയിത്സ തെക്ക കിഴക്ക തന്നെ. 1599 നസ്രാണികളെ രോമപാപ്പാവിന്റെ സ്വാധീനത്തിൽ ചേൎക്കേണ്ടതിന്നു അവിടെ ഒരു കീൎത്തിയുള്ള സഭായോഗം ഉണ്ടായിരുന്നു.

കോട്ടയം, ഇത നസ്രാണികളുടെ തലസ്ഥാനമായി അവരുടെ മേലധികാരിയായ മെത്രാപൊലീത്ത് അവിടെ പാൎക്കുന്നു. നസ്രാണികളുടെ നടുവിൽ സത്യവേദത്തിന്റെ അറിവ് വൎദ്ധിപ്പിപ്പാനായിട്ടു ഇങ്ക്ളിഷ, ചൎച്ചപാതിരിമാർ ഏറെക്കാലം വളരെ അദ്ധ്വാനിച്ചു വിദ്യാലയം അച്ചുക്കൂട്ടം മുതലായവ ഉണ്ടാക്കി അഭ്യസി

---

* രോമക്കാർരണ്ടായി വിഭാഗിച്ചിരിക്കുന്നു. ഒന്നു ഗോവയിലെ ആൎച്ചബീഷൊപ്പിന്റെയും മറെറത നേരെ രോമയിലെ പാപ്പാവിന്റെയും അധികാരത്തിൻ കീഴുള്ളവരത്രെ.

പ്പിച്ചു അവക്ക വളരെ ഉപകാരം ചെയ്യെങ്കിലും വേണ്ടുന്ന ഫലം കാണ്മാനില്ല.

ആലപ്പുഴ എന്നത് തിരുവിതാംകോടസംസ്ഥാനത്തിലെ ഇപ്പോഴത്തെ തുറമുഖങ്ങളിൽ മുഖ്യമായത. 50 കൊല്ലം മുമ്പെ അവിടെ കച്ചവടം അധികം നടന്നില്ലെങ്കിലും ക്രമത്താലെ അത വദ്ധിച്ചു വന്നു. അതിന്റെ കിഴക്കിലുള്ള കായലിൽ കൂടി ഉൾനാട്ടുകളിൽനിന്നു ജാതിമരം മുളക, ഏലം മുതലായ ചരക്കുകളെ കൊണ്ടു വരുന്നു. ഒരു ചച്ചമിശ്യൻ സഭ അവിടെയുണ്ടു.

പൊക്കാട്ട, മുമ്പെ ഇവിടെ ഉണ്ടായിരുന്ന കച്ചവടം ക്രമത്താലെ ആലപ്പുഴയിലേക്ക് മാറിപ്പോയതു കൊണ്ടു അതിന്റെ കച്ചവടം ക്ഷയിച്ചു പോയിരിക്കുന്നു. കൊങ്കണികളുടെ വലിയ ക്ഷേത്രവും രോമ നസ്രാണികളുടെ പള്ളികളും കോവിലകവും മററും ഉണ്ടു. പോക്കാട്ടുരാജാവ് മുമ്പെ പൊത്തുഗീസരുടെയും പിന്നെ ലന്തരുടെയും സഖിയായിരുന്നു. 1741 തിരുവിതാംകോടരാജാവ് അവനെ ജയിച്ചു നഗരത്തെയും നാട്ടിനെയും കൈവശമാക്കി. ഇറക്കമുള്ളപ്പോൾ, പൊത്തുഗീസർ കെട്ടിയ കോട്ടയുടെ ശേഷിപ്പുകളെ അവിടെ കടലിൽ കാണാം.

അമ്പലപ്പുഴ, തിരുവല്ല, അരിപ്പാട എന്ന സ്ഥലങ്ങളിൽ എത്രയും കീത്തിയുള്ള ക്ഷേത്രങ്ങളുണ്ടു.

കൊല്ലം, പൂവ്വകാലത്തിൽ സുറിയാണികൾക്ക എത്രയും വലിയ കച്ചവടസ്ഥലമായിരുന്നു. 1809–1830 വരെ ഇവിടെ ഇങ്ക്ളിഷപട്ടാളക്കാർ പാത്തിരുന്നു. ഇപ്പോൾ, സിപ്പായികളെയുള്ളു. 1829 വരെ ഹജ്ജൂർ കച്ചേരിയും അപ്പീൽ കോടതിയും കൊല്ലത്തുണ്ടായിരുന്നു; അവ തിരുവനന്തപുരത്തിലേക്ക മാറി പോയശേഷം, ഇപ്പോൾ തഹശ്ശിൽദാർകച്ചേരിമാത്രമെ ശേഷിക്കുന്നുള്ളു. മലയാളികളുടെ വഷ്ക്കണക്ക കൊല്ലത്തിൽ ഒരു കുളം കെട്ടിയ സമയം കൊണ്ടു തുടങ്ങുന്നു. ചിലർ അത കൊല്ലത്തെ സ്ഥാപിച്ച വഷമായിരുന്നു എന്നും പറയുന്നു. തങ്കച്ചേരി കൊല്ലത്തിന്റെ കുറെ വടക്ക പടിഞ്ഞാറത്രെ.

തിരുവനന്തപുരം എന്നത ഇപ്പോഴത്തെ രാജധാനിയാകുന്നു. അവിടെ ഹജ്ജൂർ കച്ചേരിയും അപ്പീൽ കോടതിയും നക്ഷത്രബങ്കളാവും ധർമ്മപ്പള്ളിക്കൂടവും അച്ചുകൂട്ടവും ഏററവും കീത്തിയുള്ള ക്ഷേത്രവും മുതലായ വിശേഷങ്ങളുണ്ടു. അഞ്ചുതെങ്ങ് തിരുവനന്തപുരത്തിൽനിന്നു 20 മയിത്സ വടക്കപടിഞ്ഞാറത്രെ.

തിരുവിതാംകോട മുമ്പെത്ത രാജധാനിയായിരുന്നു.

നാഗരുകോവിൽ മുമ്പെ രാജധാനിയായിരുന്നു. അത തിരുവിതാംകോടസംസ്ഥാനത്തുള്ള ലൊണ്ടൻ മിശ്യന്റെ പ്രധാനസ്ഥലമത്രെ. അതിന്റെ കുറെ വടക്കപടിഞ്ഞാറ കൊട്ടാർ എന്ന വലിയ ചന്തസ്ഥലവും കുറെ തെക്കകിഴക്ക കന്യാകുമാരി എന്ന തീത്ഥസ്നാനസ്ഥലവും ഉണ്ടു.

Kerala-Parama

OR

History of Malabar

FROM

A. D. 1498–1631

കേരളപഴമ

(1868)

1.

ന–]
പിടി
ക്കിത്
പ്പോ
ളരെ
കണക
ല്ലാം
എന്ന
രിൽ
പോലേ
പ്രത്യേ
ടങ്ങളേ
പ്പോ
ന്നിരി
ച്ചറി
രം ക
വരും
അറിയു
കടത്തി
യും ക
രേററു,
ത്താൻ
കി: ഞ
യും അ
ഈ നാ
ണം എ
യിച്ചാ
ചെന്ന
വാക്കു
ഒരാളെ
നോട്ട
കും എ

*

കേരളപ്പഴമ

1. പറങ്കികൾ മലയാളത്തിൽ വന്ന പ്രകാരം പറയുന്നു

കൊല്ലം 673 ഇടവമാസം 9ാം തിയ്യതി [1498 മെയി 20ാം നു–] ഞായറാഴ്ചയിൽ തന്നെ കോഴിക്കോട്ടുനിന്നു തെക്കോട്ടു മീൻ പിടിപ്പാൻ പോയ ചില മുക്കുവർ നാലു കപ്പൽ പടിഞ്ഞാറെ ദിക്കിൽ നിന്നു വന്നു നങ്കൂരം ഇടുന്നത കണ്ടു, മീൻ വില്പാൻ അടുത്തപ്പോൾ, ഒരിക്കലും കാണാത്ത വേഷവും ഭാഷയും വിചാരിച്ചു വളരെ അതിശയിച്ചു. കപ്പല്ക്കു ഒരു മാലുമി ഉണ്ടു; അവൻ ഗുജരാത്തി കണക്കൻ തന്നെ; മഴക്കാലം സമീപിച്ചല്ലൊ അറവിക്കപ്പൽ എല്ലാം പോയി എന്തിന്നു ഇപ്പോൾ വരുന്നു, എവിടെ നിന്നു വരുന്നു എന്നു ചോദിച്ചതിന്നു കാപ്പിരികൾ വസിക്കുന്ന മെലിന്ത ബന്തരിൽ ഞാൻ ഈ വെള്ളക്കാർ വരുന്നതു കണ്ടു ഹിന്തുരാജ്യത്തിൽ പോകേണ്ടിയിരിക്കുന്നവർ എന്നും, വഴി അറിഞ്ഞു കൂടാ എന്നും, പ്രത്യേകം ചൊല്ലീട്ടു കോഴിക്കോട്ടിലേക്കു ചെന്നു കച്ചവടം തുടങ്ങേണം എന്നും കേട്ടിട്ടു വഴി നടത്തിയിരിക്കുന്നു. ഇന്നു ചുരം കണ്ടപ്പോൾ അവർ പടച്ചവനെ സ്തുതിച്ചു പാടി എനിക്കു നല്ല ഇനാം തന്നിരിക്കുന്നു എന്നു പറഞ്ഞു, കോഴിക്കോടു എവിടെ എന്നു ചോദിച്ചറിഞ്ഞു, ഇരിമ്പെടുത്തു ഓടി ബന്തരിൽ വരികയും ചെയ്തു. അനന്തരം കപ്പിത്താൻ മാലുമിയേയും ഒരു പറങ്കിയേയും കരക്കയച്ചു; ഇരുവരും പോയി ഏറിയ ആളുകളെ കടപ്പുറത്തു കണ്ടു എങ്കിലും, ഭാഷ അറിയുന്നവൻ ആരും ഇല്ല. മാപ്പിളമാർ അവരെ അങ്ങാടികളിൽ കടത്തി, പരദേശികത്താക്കന്മാരുടെ മാളികകളെയും പീടികകളെയും കാട്ടുമ്പോൾ, മുമ്പെ വിലാത്തിക്കു പോയ ഒരു തുർക്കൻ എതിരേറ്റു, വേഷം കണ്ടറിഞ്ഞു, പൊർത്തുഗൽ ഭാഷയിൽ എന്തൊരു ശൈത്താൻ നിങ്ങളെ ഇവിടെ കൊണ്ടുവന്നു എന്നു ചോദിച്ചപ്പോൾ, പറങ്കി: ഞങ്ങളുടെ രാജാവു മുളകു മുതലായ മലയാള ചീന ചരക്കുകളെയും അന്വേഷിപ്പാൻ അയച്ചിരിക്കുന്നു; അതല്ലാതെ നസ്രാണികൾ ഈ നാട്ടിലും ഉണ്ടു എന്നു കേട്ടു ക്രിസ്തു മാർഗ്ഗം നിമിത്തം ചേർച്ച വേണം എന്നു നിശ്ചയിച്ചു, അതിനായി വന്നിരിക്കുന്നതു എന്നു അറിയിച്ചാറെ, തുർക്കൻ അപ്പവും തേനും കൊടുത്തു സല്ക്കരിച്ചു, കൂടി ചെന്നു കപ്പലിൽ കയറി എല്ലാവർക്കും ''ബൊയവന്തൂർ'' എന്ന വാക്കു വിളിച്ചു സലാം ചെയ്തപ്പോൾ, പറങ്കികൾ ഭാഷ അറിയുന്ന ഒരാളെ കിട്ടി എന്നു് സന്തോഷിച്ചു കരഞ്ഞു. തുർക്കനും കപ്പിത്താനോടു സംസാരിച്ചു കാര്യം സാധിപ്പാൻ ദുബാശിയായി* സേവിക്കും എന്നു സത്യവും ചെയ്തു. താമൂതിരി സാധുവാകുന്നു പ്രാപ്തി മാത്രം

---

* ദ്വിഭാഷി.

പോരാ; കോവിലകത്തു ബ്രാഹ്മണർക്ക പ്രാധാന്യം; പട്ടണത്തിലും ബന്തരിലും മുസൽമാനരാകുന്ന മാപ്പിളമാർക്കും; അറവി, പാർസി, തുർക്കർ മുതലായ പരദേശികൾക്കും ആധിക്യം ഉണ്ടു. ചീനത്തോടും മക്കത്തോടും അളവില്ലാത്ത കച്ചവടം നടക്കുന്നു. മഴക്കാലം തീരുമ്പോൾ ദിവസേന പത്തു നൂറ കപ്പലും പടകും എത്തും. ചുങ്കം തന്നെ രാജാവിൻെറ വരവിൽ പ്രധാനം; അതുകൊണ്ടു നിങ്ങൾ വന്നു വ്യാപാരം ചെയ്യുന്നതിൽ താമൂതിരിക്ക് രസം തോന്നും. മാപ്പിളമാർക്ക അസൂയ ഉണ്ടായാലൊ രാജാവും നിങ്ങളെ വിരോധിക്കും. അവനിപ്പോൾ പൊന്നാനിയിൽ ഇരിക്കുന്നു; വേഗം ആളെ അയക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെ എല്ലാം കേട്ടാറെ, കപ്പിത്താൻ രണ്ടു പറങ്കികളെ അയച്ചു, മാനുവെൻ എന്ന പൊർത്തുഗൽ രാജാവ് നിങ്ങളുടെ കീർത്തി കേട്ടു തിരുമുമ്പിൽ എത്തുവാൻ കല്പിച്ചു, കത്തുകളെയും എഴുതി തന്നു; എപ്പൊൾ വന്നു കാണാം? എന്നു അന്വേഷിച്ചാറെ, താമൂതിരി വൎത്തമാനം അറിഞ്ഞു, മഴക്കാലത്തിന്നു മുമ്പിൽ കപ്പൽ പന്തലായിനി കൊല്ലത്ത് ആക്കെണം എന്നും, കോഴിക്കോട്ടു വന്നാൽ കാണാം എന്നും, ഉത്തരം അയച്ചു. അപ്രകാരം തന്നെ ഗാമ കപ്പിത്താൻ അനുസരിച്ചു പന്തലായിനി മുഖത്തു നങ്കൂരം ഇടുകയും ചെയ്തു.

2, താമൂതിരിയെക്കണ്ട പ്രകാരം

ഇടവം 17 ാംനു തിങ്കളാഴ്ച കൊത്തുവാളും 200 നായന്മാരും പന്തലായിനിക്ക് വന്നപ്പോൾ, ഗാമ കപ്പിത്താൻ പറങ്കി മൂപ്പന്മാരുമായി വിചാരിച്ചു: ''ഞാൻ പോയി രാജാവെ കാണും; ആപത്തുണ്ടായാൽ നിങ്ങൾ ഒട്ടും പാൎക്കരുത്; ഉടനെ നങ്കൂരം എടുത്തു പൊത്തുഗലിൽ ഓടി മലയാളത്തിലെ വഴി അന്വെഷിച്ചു കണ്ട പ്രകാരം എല്ലാം അറിയിക്കെണം'' എന്നു കല്പിച്ചു വസ്ത്രാലങ്കാരങ്ങളെ ധരിച്ചു വെടി വെച്ചു കൊടി പറപ്പിച്ചു 12 പറങ്കികളൊടും കരക്കു ഇറങ്ങി. അനന്തരം നായന്മാർ എതിരേററു വണങ്ങി തണ്ടിൽ കരേററി എല്ലാവരും ഘോഷിച്ചു നടയായി പുറപ്പെട്ടു, കാപ്പുകാട്ട് എത്തി, സല്ക്കാരം വാങ്ങി അനുഭവിച്ചതിൻെറ ശേഷം, ചങ്ങാടത്തിൽ കയറി പുഴവഴിയായി ചെല്ലുമ്പൊൾ, രണ്ടു പുറവും അനെകം വലിയ പടവുകൾ കരക്ക് വലിച്ചു ഓല മേഞ്ഞു നില്ക്കുന്നതു കണ്ടു കിഴിഞ്ഞു മററു തണ്ടുകളിൽ കയറി മഹാപുരുഷാരമദ്ധ്യത്തൂടെ ചെന്നു ഒരു മതിലകത്ത് എത്തുകയും ചെയ്തു. അതിൽ വലുതായിട്ടുള്ള ഒരു ചെമ്പുരുണ്ടും അതിന്മീതെ ചെമ്പു കൊഴിയും പ്രവേശത്തിൽ 7 മണികളും തൂങ്ങുന്നതും കണ്ടു. ബ്രാഹ്മണർ എതിരേററു കപ്പിത്താൻ മുതലായവരുടെ മെൽ വെള്ളം തളിച്ചു തീൎത്ഥവും പ്രസാദവും കൊടുത്തു. കപ്പിത്താൻ ഇതു പള്ളിമര്യാദ എന്നു വിചാരിച്ചു. നെററിമേൽ തൊട്ടു; പിന്നെ കൈമെൽ തേപ്പാൻ വസ്ത്രും നിമിത്തം സമ്മതിച്ചതും ഇല്ല.

ക്ഷേത്രത്തിൽ പോയി കൊത്തുവാൾ സാഷ്ടാംഗം വീണപ്പോൾ, അവരും മുട്ടുകുത്തി നമസ്കരിച്ചു. നാലു കൈകളും ദീർഘപല്ലും മററും ബീഭത്സരൂപങ്ങളായ ബിംബങ്ങളെ കണ്ടാറെ, ഒരു പറങ്കി ''ഇതു ദൈവം അല്ല പിശാച രൂപമായിരിക്കും എന്റെ നമസ്കാരം സത്യദൈവത്തിന്നായിട്ടത്രെ'' എന്നു സ്വഭാഷയിൽ പറഞ്ഞത് കേട്ടു, കപ്പിത്താൻ ചിരിച്ചു എഴുനീററു. അവിടെ നിന്ന് പുറപ്പെട്ടു, രാജധാനിയിൽ എത്തിയപ്പോൾ, മറെറാരു അമ്പലത്തിൽ പ്രവേശിച്ചു ഭഗവതിയെ കന്യാമറിയ എന്നു വിചാരിച്ചു വന്ദിച്ചു, കാഹളം നടവെടി മുതലായ ഘോഷത്തോടും കൂടെ മതിലകത്തു ചെന്നു; അതിന്നു നന്നാലു കന്മതിലുകളും ഓരൊ ഗോപുരങ്ങളിൽ പത്തുപ്പത്തു കാവൽക്കാരും ഉണ്ടു. കമ്മന്മാർ, പണിക്കന്മാർ, മേനൊക്കി മുതലായ സ്ഥാനികൾ അനവധി നില്ക്കും; കാവൽക്കാർ പുരുഷാരത്തെ നീക്കുമ്പോൾ, തിക്കും തിരക്കും കൊണ്ടു ചിലർ മരിച്ചു. നാലാം പടിവാതില്ക്കൽ ഭട്ടതിരിപ്പാട എതിരേററു കപ്പിത്താനെ ആശ്ലേഷിച്ചു, വലങ്കൈ പിടിച്ചു ആസ്ഥാനമണ്ഡപത്തിൽ തിരക്കകെത്തു പ്രവേശിപ്പിച്ചു. അതിൽ പച്ചപ്പടം വിരിച്ചതും പല ദിവ്യാംബരങ്ങൾ വിതാനിച്ചതും ചുററുമുള്ള ഇരുത്തിപ്പലകമേൽ മന്ത്രികൾ ഇരിക്കുന്നതും നടുവിൽ കട്ടിലിന്മേൽ കുന്നലക്കോനാതിരി രാജാവ് കിടക്കുന്നതും കണ്ടു. അവൻ വൃദ്ധൻ വലങ്കൈയിൽ 14 രത്നമയ വീരചങ്ങല ഇട്ടതിനാൽ ഒരാൾ തൃക്കൈ താങ്ങേണ്ടതായിരുന്നു. കേശബന്ധത്തിന്മീതെ മുടി അണിഞ്ഞതും കാതു സ്വർണ്ണാലങ്കാരം കൊണ്ടു ചുമലോളം തൂങ്ങുന്നതും അരയിൽ സൂര്യദീപ്തികലർന്ന ഉടഞ്ഞാൺ ധരിച്ചതും കണ്ടു. രണ്ടു ഭാഗത്തും വെററിലത്തളികയും പൊൻകോളാമ്പിയും പൊൻകിണ്ടിയും വെച്ചിരുന്നു. മന്ത്രികൾ എഴുനീററു വായി പൊത്തിനില്ക്കുമ്പോൾ, കപ്പിത്താൻ തിരുമുമ്പിൽ ചെന്നു മൂന്നുവട്ടം തൊഴുതു രാജാവ് ആയാസം നിമിത്തംഅവരെ ഇരുത്തി ചില സൌജന്യവാക്കുകൾ കല്പിച്ചശേഷം, പനസവും വരുത്തി കൊടുത്താറെ, അവര ഭക്ഷിക്കുന്നത കണ്ടപ്പൊൾ, ചിരിച്ചു അവർ അണ്ണാന്നു വെള്ളം കുടിച്ചാറെ, വെള്ളം തരുമൂക്കിൽ പോയതിനാൽ, രാജാവ് അധികം ചിരിച്ചു. അനന്തരം വർത്തമാനം അന്വേഷിച്ചപ്പൊൾ പൊർത്തുഗൽ രാജ്യം ഇവിടെനിന്നു പടിഞ്ഞാറവടക്കായി യുരൊപ രാജ്യങ്ങളുടെ ഒടുവിൽ തന്നെ ഇരിക്കുന്നു. മുസല്മാനർ മിസ്രവഴിയായികൊണ്ടുപോകുന്ന മുളകും ചീനച്ചരക്കുകളും ഞങ്ങൾ വളരെ വിലക്ക വാങ്ങി വരുന്നതാകകൊണ്ടു ഞങ്ങളുടെ രാജാവ് അപ്രീകഖണ്ഡത്തിന്റെ ചുററിലും ഓടി മലയാളത്തിൽ പോയി കച്ചവടം ചെയ്തു വരാമൊ എന്നു ഭാവിച്ചു, പലപ്പോഴും കപ്പല്ക്കാരെ നിയോഗിച്ചിരിക്കുന്നു. ഒടുക്കം 10 മാസത്തിന്ന് മുമ്പെ എന്നെ അയച്ചപ്പോൾ, ദൈവകടാക്ഷത്താൽ ഈ വിഷമയാത്ര സാധിച്ചിരിക്കുന്നു. രാജാവ് തങ്ങൾക്ക് അറവിഭാഷയിൽ എഴുതിയ കത്ത് ഇതാ എന്ന് പറഞ്ഞു കൊടുത്താറെ, രാജാവ് വാങ്ങിയില്ല ''ഇപ്പോൾ സമയമില്ല വന്നത് സന്തോഷം

തന്നെ. മുസൽമാനരുടെ വീട്ടിൽ പാർക്ക'' എന്നു കല്പിച്ചാറെ, ''വേദം നിമിത്തം ഇടച്ചലിന്നു സംഗതി ആകകൊണ്ടും വാക്ക് അറിഞ്ഞുകൂടായ്കകൊണ്ടും, ഒരുമിച്ചു പാർക്കുന്നത് നന്നല്ല, വേറെ പാർക്കാമല്ലൊ'' എന്നറിയിച്ചപ്പൊൾ, താമൂതിരി സമ്മതിച്ചു; അവർ രാത്രിയിൽ പെരുമാരിയിൽ തന്നെ പട്ടണത്തിൽ എത്തി, നല്ലൊരു വീട്ടിൽ കരേറി പാർക്കയും ചെയ്തു. അനന്തരം തുർക്കൻ: ''ഇവിടെ സമ്മാനം സകലത്തിലും പ്രധാനമല്ലൊ എന്തു വെക്കാതിരുന്നു'' എന്നു ചോദിച്ചാറെ, കപ്പിത്താൻ തിരുമുല്കാഴ്ചക്കായി ചില ചരക്കുകളെ അയച്ചു ''സ്വരാജ്യം വിട്ടുപോകുമ്പൊൾ, ഇവിടെ എത്തും എന്ന് അറിഞ്ഞില്ലായിരുന്നു. അതുകൊണ്ടു യോഗ്യമായ കാഴ്ചക്കു സംഗതി വന്നില്ല'' എന്നു എഴുതിച്ചു മന്ത്രികൾക്കും ചിലതു അയച്ചു കൊടുപ്പിക്കയും ചെയ്തു.

3. മാപ്പിളമാരുടെ വിരോധവും വർഷകാലത്തിലെ താമസവും

ഈ ഉണ്ടായതെല്ലാം മുസല്മാന്നർ കരുതിക്കൊണ്ടു ''പറങ്കികൾ വന്നതു നമ്മുടെ കച്ചോടത്തിന്നു നാശം തന്നെ; നല്ലവണ്ണം നോക്കെണം'' എന്നു വിചാരിച്ചു കൊത്തുവാൾ മുതലായവർക്കും വളരെ കൈക്കൂലികൊടുത്തു വശീകരിച്ചു ''പറങ്കികൾ വ്യാപാരികൾ അല്ല കടല്പിടിക്കാരത്രെ; അവരുടെ രാജാവ് ഇവിടെ അയച്ചിരിക്കുന്നു എങ്കിൽ, ഇത്ര നിസ്സാര സാധനങ്ങളെ തിരുമുല്കാഴ്ച വെക്കയില്ലയായിരുന്നു. വഴിയിൽവെച്ചു ചില ദിക്കിൽനിന്നു മുസല്മാനരുമായി കലഹിച്ചു നാശം ചെയ്തിരിക്കുന്നു എന്നു മാലുമി അറിയിച്ചിരിക്കുന്നു. ഇസ്ലാമുറ അവരുമായിട്ടു എപ്പോഴും ഘോരയുദ്ധം ഉണ്ടായിട്ടുണ്ടല്ലൊ. നമ്മുടെ മുതലിയാരും പറങ്കികൾ വന്നു സകലവും നശിപ്പിക്കുമെന്നും കഴിഞ്ഞ കൊല്ലത്തിൽ തന്നെ ശകുനം പറഞ്ഞിരിക്കുന്നു. അതുകൊണ്ടു പുതുസ്നേഹം രാജാവവർകൾക്ക് വേണം എങ്കിൽ പഴയ കെട്ടു അററു പോകും ഇവരെ ചേർത്തു കൊണ്ടാൽ ഞങ്ങൾ ഒരുമിച്ചു തന്നെ വിട്ടു പോകും. എന്നാൽ ഈ രാജ്യമഹാത്മ്യം എല്ലാം ക്ഷയിക്കും; ഇനി തിരുമനസ്സിൽ തോന്നുന്ന പ്രകാരം ചെയ്യെട്ടെ എന്നുണർത്തിച്ചു.'' ഇത കേട്ടിട്ടു താമൂതിരി 19ാന്തിയ്യതി കപ്പിത്താനെ വരുത്തി: ''നിങ്ങൾ ആരാകുന്നു? നേർ പറഞ്ഞാൽ ഞാൻ ശിക്ഷിക്കയില്ല. എന്തിന്നു വന്നു? ഈ നാട്ടുകാർ മനുഷ്യരല്ല കല്ലെന്നു വിചാരിച്ചിട്ടൊ ഈ വക കാഴ്ച വെച്ചതു്?'' എന്നിങ്ങിനെ ഓരോന്നു കല്പിച്ചപ്പോൾ, കപ്പിത്താൻ പറഞ്ഞു: ''ഞങ്ങളുടെ കാര്യം നിങ്ങൾക്ക് ഇപ്പോൾ ബോധിക്കയില്ല. ക്രമത്താലെ ബോധിക്കും ഞങ്ങളുടെ രാജാവ് ലോകരക്ഷിതാവായ യേശുക്രിസ്തനെ സർവ്വരാജ്യങ്ങളിലും അറിയിച്ചു വാഴിക്കേണം എന്നു വെച്ചു എവിടെയും കപ്പലുകളെ അയച്ചു ജാതി

കളിൽ ഐക്യം വരുത്തുന്നുണ്ടു. നിങ്ങളുടെ അമ്പലങ്ങളിലും ബിംബങ്ങളിലും ത്രിമൂൎത്തി തമ്പ്രാട്ടി മുതലായ ഭാവനകളിലും ഞങ്ങളുടെ മതത്തോടു ഒരു സംബന്ധം കാണുന്നുണ്ടു. അന്യജാതികളെ പോലെ നിങ്ങളും ഈ പുതിയ വൎത്തമാനത്തെ അംഗീകരിച്ചാൽ ഈ രാജ്യമഹാത്മ്യം ഇടവിടാതെ വൎദ്ധിച്ചു വരും. ഞങ്ങൾക്ക് സകല ജാതികളോടും സ്നേഹം ഉണ്ടു; ഇസ്ലാം വകക്കാരൊടു മാത്രം ഇല്ല. അവർ നിത്യം ഞങ്ങളെ ചതിപ്പാൻ നോക്കുന്നു. നിങ്ങളെയും ചതിക്കുന്നു, ആകയാൽ ഞങ്ങളുടെ രാജാവ് അപ്രിക്കയിൽ വെച്ചു അവരെ ജയിച്ചു ശിക്ഷിച്ചു വരുന്നു; ''ഞാനും വഴിയിൽ വെച്ചു അവരുടെ ദ്രോഹത്തിൽ അകപ്പെട്ടു. ദൈവകടാക്ഷത്താൽ, പണിപ്പെട്ടു വിട്ടു ഉടനെ ഭീരങ്കിയുണ്ടകളാൽ* അവൎക്കു അല്പം ബുദ്ധി, വരുത്തി ഇരിക്കുന്നു. സത്യം എങ്കിലും ഈ മാപ്പിള്ളമാർ നിങ്ങളോടു പറയുന്നതെല്ലാം വിശ്വസിക്കരുതെ; അവരുടെ പക നിമിത്തം നീരസം തോന്നാതെ ഞങ്ങളെ രക്ഷിച്ചു കൊള്ളേണം; അവരെ അനുസരിച്ചിട്ടു ഞങ്ങളെ കൊന്നാലും ഞങ്ങളെ രാജാവ് വിടാതെ അന്വെഷിച്ചു, കാൎയ്യം അറിഞ്ഞു നിങ്ങളിൽ പ്രതിക്രിയ ചെയ്യും. പൊൎത്തുഗൽ ജയം കൊള്ളാതെ കണ്ടു ഈ രാജ്യം വിട്ടു പോകയും ഇല്ല.'' എന്ന് താമൂതിരി കേട്ടാറെ, കപ്പിത്താൻെറ മാറിൽ തൂങ്ങിയിരിക്കുന്ന കന്യാമറിയുടെ ചിത്രം കണ്ടു ''ആയത് എങ്കിലും അഴിച്ചു തരേണം'' എന്നു കല്പിച്ചാറെ, ''ഇതു പൊന്നല്ല, പൊൻ പൂശിയ മരമത്രെ; പൊന്നായാലും തരികയില്ല; കടലിൽ വെച്ചു രക്ഷിച്ചതു സാക്ഷാൽ ഇവൾ തന്നെ ആകുന്നു'' എന്നു തിണ്ണംപറഞ്ഞു തൻെറ രാജാവ് അയച്ച അറവിക്കത്തും കൊടുത്തു. ആയത് താമൂതിരി വായിപ്പിച്ചു ചരക്കുകളുടെ വിവരം ചോദിച്ചു ''നല്ലതു; നിങ്ങൾ അങ്ങാടിയിൽ വസിച്ചാൽ കലശൽ ഉണ്ടാകും, കപ്പലിലേക്ക് പോയി അവിടെ പാൎത്തു കച്ചോടം ചെയ്ക; പിന്നെ കല്പന അയക്കാം'' എന്നരുളി അയക്കുകയും ചെയ്തു.

അനന്തരം ഗാമ കൊത്തുവാളോടുകൂടെ പുറപ്പെട്ടു കാപ്പുകാട്ടിൽ എത്തിയപ്പോൾ മാപ്പിള്ളമാരുടെ വിരോധത്താൽ തോണി ഒന്നും കിട്ടാതെ രാത്രിയിൽ കരമേൽ തന്നെ പാൎത്തപ്പോൾ അധികാരികളും വന്നു കൂടി മുട്ടിച്ചു: ''നിങ്ങൾ കപ്പൽ കരക്ക് അടുപ്പിച്ചു ചരക്കും പായും ചുക്കാനും എടുത്തു ജാമ്യമാക്കി വെച്ചു സുഖേന ഇരിക്കാമല്ലൊ, അതിന്നായി കപ്പലിലേക്ക് കല്പന അയക്കേണം'' എന്നും മററും കൌശലം പറഞ്ഞാറെയും കപ്പിത്താൻ പുറമെ ഭയം കാട്ടാതെ അല്പം ചില ചരക്കുകളെ മാത്രം വരുത്തി ചിലരെ കരക്ക് പാൎപ്പിച്ചു താൻ കപ്പൽ കരേറി: ''ഇനി ഞാൻ വിചാരിച്ചു കൊള്ളും'' എന്നറിയിക്കയും ചെയ്തു. മാപ്പിള്ളമാർ അത്യന്തം കോപിച്ചു എങ്കിലും വിരോധം ഒന്നും ചെയ്വാൻ സംഗതി വരാതെ, പൊൎത്തുഗൽ ചരക്കുക.

* പീരങ്കി

ളെ കാണുന്തോറും ദുഷിച്ചു ചീത്തയാക്കും; ഒരു ക്രിസ്ത്യാനനെ കാണുമ്പോൾ ‘‘ചീ’’ ‘‘പറങ്കി’’ എന്നു ചൊല്ലി തുപ്പും. താമൂതിരി അന്നു ചുങ്കം ചോദിച്ചില്ല: കാവലിന്നു ഒരു നായരെ കല്പിച്ചയച്ചു ചരക്കുകളെ പതുക്കെ വില്പിച്ചു; ഗാമ മാത്രം കരക്കിറങ്ങാതെ ദിവസേന ഓരോരുത്തരെ ഇറക്കി അങ്ങാടി കാണിച്ചും കണ്ടസാധനങ്ങളെ മാതിരി കാട്ടുവാൻ വാങ്ങിച്ചും മീനും പഴവും വില്പാൻ കൊണ്ടുവരുന്ന നാട്ടുകാരെ സല്കരിച്ചും മമത വരുത്തി വർഷകാലം കഴിക്കയും ചെയ്തു.

4. ഗാമ യുരോപ്പയിൽ മടങ്ങി ചെന്നത്

പറങ്കികൾ ചിങ്ങമാസത്തോളം പാർത്തശേഷം, മക്കത്തുന്നിന്ന് വലിയ കപ്പലുകൾ വരുവാൻ കാലം അടുത്തിരിക്കുന്നു എന്നും കടല്പട ഉണ്ടാവാൻ സംഗതി ഉണ്ടു എന്നും കേട്ടാറെ, കപ്പിത്താൻ താമൂതിരിക്ക് കാഴ്ച അയച്ചു: ‘‘ചരക്കുകൾ വില്ക്കേണ്ടതിന്നു ഒരാൾ കോഴിക്കോട്ട പാർക്കട്ടെ, ചരക്കുകളുടെ വിലയോളം മുളക മുതലായത് തരേണം’’ എന്നും മററും അപേക്ഷിച്ചപ്പോൾ, രാജാവ് വളരെ നീരസം കാട്ടി നാലുദിവസം താമസിപ്പിച്ചു ‘‘ചുങ്കത്തിന്നും, ബന്തരിന്നും, ഇവിടെക്ക് ക്ഷണത്തിൽ 600വരാഹൻ തരേണം’’ എന്നു കല്പിച്ചു ദൂതനെ തടവിൽ പാർപ്പിച്ചു മക്കക്കപ്പൽ വന്നാൽ ഉടനെ മാപ്പിള്ളമാരുടെ കൌശലപ്രകാരം പറങ്കികളെ ഒടുക്കേണം എന്നു നിശ്ചയിക്കയും ചെയ്തു. ഗാമ ഭയം എല്ലാം മറെച്ചു കപ്പൽ കാണ്മാൻ വരുന്ന നാട്ടുകാരെ നന്നായി ബഹുമാനിച്ചു പാർക്കുമ്പോൾ, ഒരു ദിവസം നല്ല വേഷക്കാരായി പ്രാപ്തിയുള്ള ചിലർ വന്നാറെ ‘‘ഇവർ ജാമ്യത്തിന്നു മതി!’’ എന്നു വെച്ചു നങ്കൂരം എടുത്തു പായി കൊളുത്തി ഓടുവാൻ തുടങ്ങി. കോഴിക്കോട്ടുകാർ അതു കണ്ടപ്പോൾ, തോണിക്കാരെ അയച്ചു: ‘‘രാജാവ് കരക്കുള്ള രണ്ടു പറങ്കികളെ ക്ഷണത്തിൽ വിട്ടയക്കും’’ എന്ന് ബോധിപ്പിച്ചാറെ: ‘‘അവരെ കൂടാതെ ഇനി ഒരു തോണിയും വരുത്; വന്നാൽ വെടി ഉണ്ടാകും’’ എന്നു പേടിപ്പിച്ചപ്പോൾ, ഞായറാഴ്ച, 26 ആഗസ്റ്റ (ചിങ്ങം 12) ഏഴു വള്ളം വന്നു താമൂതിരിയുടെ എഴുത്തോടും കൂടെ രണ്ടു പറങ്കികളെയും കൊണ്ടുവന്നു കയററി, കരക്കുള്ള ചരക്കുകൾ കയററി അയക്കായ്കകൊണ്ടു അവററെ വെറുതെ അയച്ചു. പിറെറ ദിവസം പൊർത്തുഗൽ ഭാഷ അറികയാൽ ഒററുകാരൻ എന്ന ശ്രുതിപ്പെട്ട ആ മുസല്മാനും വന്നു: ‘‘എന്റെ ദ്രവ്യം എല്ലാം രാജാവ് എടുത്തു മാപ്പിള്ളമാർ പാരുഷ്യവാക്കും പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ജീവരക്ഷക്ക് വേണ്ടി ഞാൻ യുരോപയിൽ പോകട്ടെ’’ എന്നു ഗാമയോടു പറഞ്ഞു പാർത്തപ്പോൾ, ചില തോണിക്കാർ വന്നു ചരക്കുകൾ ഇതാ കൊണ്ടു വന്നിരിക്കുന്നു എന്നു കാണിച്ചിട്ടും ഗാമ ‘‘നിങ്ങൾ വ്യാപ്തിക്കാർ ഇനി നിങ്ങളോടു ഒരു വാക്കും ഇല്ല’’ എന്നു ചൊല്ലി വെടിവെച്ചു പേടിപ്പിച്ചു 14 കോഴിക്കോടരോടും കൂടെ

വടക്കോട്ടു ഓടി ''നിങ്ങളുടെ പ്രജകളെ ഞാൻ മാനത്തോടും കൂടെ തിരിച്ചു അയക്കും കച്ചോടം ചെയ്‌വാൻ വേറെ പൊൎത്തു ഗൽ കപ്പൽ വേഗം വരുമല്ലൊ'' എന്നു രാജാവിന്നു എഴുതി അവരിൽ ഒരാളെ ഏഴിമല സമീപത്തുനിന്നു വിട്ടയച്ചു താൻ ഗോകൎണ്ണത്തിന്നടുത്ത അഞ്ചു ദ്വീപിൽ പോയി കപ്പൽ നന്നാക്കിച്ചു ഗോവയിൽനിന്നുള്ള കടൽ പിടിക്കാരെ വെടിവെച്ചകററി, അവരിൽ ഒരു ഒററുകാരനായ യഹൂദനെ പല ഭാഷാപരിചയം നിമിത്തം പാൎപ്പിച്ചു. തുലാവം പടിഞ്ഞാറോട്ടു ഓടുകയും ചെയ്തു. യാത്രയിൽ വളരെ ക്ലേശിച്ചു 148 ജനങ്ങളിൽ ശേഷിച്ച അമ്പത്തഞ്ചു പേരൊടു കൂടെ 674 കൎക്കിടകം പൊൎത്തുഗൽ രാജ്യത്തിൽ എത്തുകയും ചെയ്തു.

5. കബ്രാൽ കപ്പിത്താൻ കോഴിക്കോട്ടു എത്തിയത

പൊൎത്തുഗൽ രാജാവായ മാനുവെൽ ഗാമ മുതലായവൎക്കു വളരെ സ്ഥാനമാനങ്ങളെ കല്പിച്ചു: ''നീ സൌഖ്യമായിരിക്ക; വേഗം മറെറാരുവനെ അയക്കും'' എന്നു പറഞ്ഞതും അല്ലാതെ അനേകം പറങ്കികൾ ഈ പുതിയ ലോകം കാണേണം എന്നു കിനാവിലും വിചാരിച്ചു ഹിന്തുകച്ചവടത്തിന്നു വട്ടം കൂട്ടുകയും ചെയ്തു. അവരൊടൊന്നിച്ചു രാജാവും ഉത്സാഹിച്ചു 12 കപ്പലുകളിൽ ചരക്കുകളെ കയററി കബ്രാൽ കപ്പിത്താന്നു മൂപ്പു കല്പിച്ചു: ''നീ ആയിരത്തഞ്ഞൂറു (1500) ആളുകളൊടും എട്ടു (8) പാതിരിമാരൊടും പോയി കോഴിക്കൊട്ട് ഇറങ്ങി കച്ചവടം തുടങ്ങി ക്രിസ്തുവേദവും പരത്തണം എന്നും താമൂതിരി ചതിച്ചാൽ പട വെട്ടേണം, വിശേഷാൽ മക്കക്കാരെ ശിക്ഷിക്കേണം'' എന്നും നിയോഗിച്ചു രോമസഭയുടെ അനുഗ്രഹത്തോടും കൂടെ 1500 മാൎച്ച 8 [കൊല്ലം 675] അയക്കുകയും ചെയ്തു. അവൻ തെക്കോട്ടു ഓടുമ്പൊഴെക്കു കിഴക്കൻ കാററിന്റെ ഊക്കു കൊണ്ടു ബ്രസീൽ ദെശത്തിന്റെ കരയോളം വന്നു പുതിയ നാട്ടിന്റെ വൎത്തമാനം അറിയിപ്പാൻ ഒരു കപ്പൽ പൊൎത്തുഗലിൽ തിരികെ അയച്ചു. ആ ബ്രസീൽ നാട്ടിൽനിന്നു തന്നെ പൊൎത്തുകിമാങ്ങ, കൈതച്ചക്ക, ആത്തച്ചക്ക, പെരക്ക, കപ്പമുളക മുതലായ സസ്യാദികൾ പിന്നത്തേതിൽ മലയാളത്തിൽ വിളവാൻ സംഗതി ഉണ്ടായത. കെപ്പിന്റെ മുക്കിൽ വെച്ചു പെരിങ്കാററുണ്ടായി നാലു കപ്പൽ തകൎന്ന ശേഷം കബ്രാൽ 675 ചിങ്ങമാസം മുമ്പെ അഞ്ചു ദ്വീപിലും പിന്നെ കോഴിക്കോട്ടും ആറു കപ്പലുമായി എത്തുകയും ചെയ്തു. ഉടനെ ഗാമ കൂട്ടിക്കൊണ്ടുപോയ മലയാളികൾ പറങ്കി വേഷവും ആയുധങ്ങളും ധരിച്ചു കരക്കിറങ്ങി ജാതിക്കാരെ കണ്ടു ഞങ്ങളെ വളരെ മാനിച്ചിരിക്കുന്നു എന്നറിയിച്ചു വിലാത്തി വൎത്തമാനങ്ങളെ പറഞ്ഞു നാട്ടുകാൎക്ക വളരെ സന്തോഷം ഉണ്ടാക്കുകയും ചെയ്തു. അവർ തീണ്ടിക്കുളിക്കാരാകകൊണ്ടു തിരുമുമ്പിൽ ചെന്നു കാണ്മാൻ സംഗതി വന്നതും ഇല്ല. കബ്രാൽ ആ ഗോവക്കാരനായ

യഹൂദനെ അയച്ചു താമൂതിരിയോടു കണ്ടുപറയെണം: ''ചതി വിചാരിക്കരുത, ജാമ്യത്തിന്നു കൊത്തുവാൾ അരചു മേനോക്കി മുതലായ സ്ഥാനികളെ കപ്പലിൽ അയച്ചിരുത്തെണം'' എന്നുണൎത്തിച്ചപ്പൊൾ രാജാവ് ഒഴിവു പറഞ്ഞു എങ്കിലും ഭയം വൎദ്ധിച്ചാറെ, ആറു ബ്രാഹ്മണരെ ജാമ്യം ആക്കി കരേററി, കപ്പിത്താനും വളരെ ഘോഷത്തോടും കൂടെ രാജാവെ കടപ്പുറത്തു സ്രാമ്പിയിൽ ചെന്നു കണ്ടു നല്ല സമ്മാനങ്ങളെ വെച്ചു, താമൂതിരി പ്രസാദിച്ചു: ''നിങ്ങൾ ഇവിടെ പാൎത്തു വ്യാപാരം ചെയ്തു കൊള്ളാം; ജാമ്യത്തിന്ന അയച്ചവർ കപ്പലിൽ വെച്ചു ഉണ്മാൻ വഹിയായ്കകൊണ്ടു ദിവസെന ആളുകളെ മാററി അയക്കേണ്ടു'' എന്നു പറഞ്ഞു വിടവഴങ്ങി. ജാമ്യക്കാർ കപ്പലിൽ പാൎപ്പാൻ വളരെ പേടിച്ചതും അല്ലാതെ, ചിലർ കടലിൽ ചാടി കരക്കു നീന്തുവാൻ ഭാവിച്ചാറെ, കപ്പൽക്കാർ അവരെ പിടിച്ചു മുറിയിൽ അടച്ചു. ഒരു കിഴവൻ 3 ദിവസം പട്ടിണി ഇട്ടപ്പൊൾ അയ്യൊ! പാപം! എന്നു തൊന്നി ജാമ്യക്കാരെ കരക്കു ഇറക്കുകയും ചെയ്തു.

അനന്തരം രാജകല്പനപ്രകാരം കച്ചവടം തുടങ്ങി; മുസല്മാനരുടെ ചതി നിമിത്തം ഫലം ഒന്നും ഉണ്ടായില്ല. അന്നു കോഴിക്കോട്ടു മുസല്മാനർ രണ്ടു കൂട്ടം ഉണ്ടു. ഒന്നു മക്കെക്കാർ, മിസ്രക്കാർ മുതലായ പരദേശികൾ, അവൎക്കു കടൽ കച്ചവടം പ്രധാനം. അവൎക്കു തലവനായ കൊജ ശംസദ്ദീൻ എന്നൊരു ഡംഭി പറങ്കികൾക്ക് എത്രയും പ്രതികൂലൻ. നാട്ടിലെ മാപ്പിള്ളമാൎക്കു അന്നു ഗൌരവം ചുരുക്കമത്രെ. കരക്കച്ചവടമെ ഉള്ളു. അവൎക്ക് കൊയപക്കി പ്രമാണി ആകുന്നു. ആക്കോയപക്കി മറെറവനിൽ അസൂയ ഭാവിച്ചു, പറങ്കികൾക്ക് മമത കാണിച്ചു കടപ്പുറത്തുള്ള പാണ്ടികശാലയെ പൊൎത്തുഗൽ രാജാവിന്നു വിററു, വെള്ളിയോലയിൽ എഴുതി കൊടുത്തു. അവിടെ പറങ്കികൾ വസിച്ചു പൊൎത്തുഗൽ കൊടി പാറിപ്പിച്ചു ചരക്കുകളെ വിററും മേടിച്ചും കൊണ്ടിരുന്നു. പാതിരിമാരും മലയായ്മ അല്പം വശമാക്കി തുടങ്ങി.

6. താമൂതിരി പറങ്കികളുടെ വീൎയ്യം പരീക്ഷിച്ചതു

ഒരു ദിവസം കൊച്ചിയിൽനിന്നു ഗുജരാത്തിക്ക് ഓടുന്ന ഒരു വലിയ കപ്പൽ കോഴിക്കോട്ടു തൂക്കിൽ വന്നപ്പോൾ, ശംസദ്ദീൻകോയ വസ്തുത അറിഞ്ഞു താമൂതിരിയോടു ബോധിപ്പിച്ചു കൌശലം പറഞ്ഞാറെ, രാജാവ് അവനെ കബ്രാൽ അടുക്കെ അയച്ചു: ''ഇതു മക്കെക്കാൎക്കുള്ള കപ്പൽ; അതിൽ ചില ആനകളോടും കൂടെ ഒന്നാന്തരമായ ഒരു പടയാനയും ഉണ്ടു. അതു വാങ്ങുവാൻ ഞാൻ വളരെ വില പറഞ്ഞിട്ടും മാപ്പിള്ള തരുന്നില്ല. ആയതു എന്റെ മാനത്തിന്നു പോരായ്കകൊണ്ടു നിങ്ങൾ ഈ കപ്പൽ എനിക്കായി പിടിച്ചു തരേണം'' എന്നു അപേക്ഷിച്ചു. കബ്രാൽ അല്പം വിരോധിച്ചിട്ടും

രാജാവ്: ''ഇതിൻെറഅനുഭവം എല്ലാം എന്തലമേൽ വരട്ടെ''എന്നു മുട്ടിച്ചു അതിലുള്ള കുറപ്പ മുതലായ ചരക്കുകൾ പറങ്കികൾക്ക് കൂലി പറഞ്ഞുകൊടുത്തപ്പോൾ കബ്രാൽ ഒരു ചെറിയ കപ്പലിൽ പശകു തുടങ്ങിയുള്ള 60 വീരന്മാരെ കരയേററി നിയോഗിച്ചു, അവരും രാത്രി മുഴുവൻ ഓടി രാവിലെ കണ്ടു ''ഇങ്ങു അടങ്ങി വരേണം'' എന്നു കല്പിച്ചപ്പൊൾ അതിലുള്ള 300 ചില്വാനം മാപ്പിള്ളമാർ ശരപ്രയോഗം തുടങ്ങി, പശകു വെടി വെച്ചു കൊണ്ടു കണ്ണന്നൂർ തുറമുഖത്തോളം ഓടിയപ്പോൾ ആ വലിയ കപ്പൽ ശേഷം കപ്പലുകളുടെ നടുവിൽ ഒളിച്ചു. പശകു അവററിലും ഉണ്ട പൊഴിച്ചു കണ്ണന്നൂക്കാരെ അത്യന്തം പേടിപ്പിച്ചു. പിറെറ ദിവസവും പട കൂടി കപ്പൽ പിടിക്കയും ചെയ്തു. അതിൽ 7 ആനയുണ്ടു, ഒന്നു വെടി കൊണ്ടു മരിച്ചതു പറങ്കികൾ വേറെ ഇറച്ചി കിട്ടായ്കയാൽ സന്തോഷത്തോടെ തിന്നു, ശേഷം താമൂതിരിക്കു കൊടുത്തപ്പൊൾ, അവൻ വളരെ സമ്മാനം കൊടുത്തു ഉപഹാരവാക്കും പറഞ്ഞു. യുദ്ധവിവരം കേട്ടാറെ, അവൻെറ അന്തർഗ്ഗതം വേറെ ഇപ്രകാരമുള്ള അതിഥികൾ വരേണ്ടതല്ലയായിരുന്നു; അവരെ വല്ലപ്പോഴും വിട്ടയക്കേണ്ടി വന്നാൽ നീക്കുവാൻ പ്രയാസം നന്നെ ഉണ്ടാകും എന്നത്രെ. കബ്രാൽ കപ്പലിൽ കുറപ്പ മുതലായതു കാണാഞ്ഞു കപ്പലിൻെറ ഉടയവൻ മമ്മാലിമരക്കാൻ തന്നെ എന്നറിഞ്ഞ ഉടനെ അവനെ വിളിച്ചു വസ്തുത എല്ലാം ഗ്രഹിച്ചപ്പൊൾ ''ഇതു ശംസദ്ദീൻെറ ഒരു കൌശലമത്രെ അവൻ ചതിച്ചിരിക്കുന്നു, നിങ്ങൾ എന്നോടു ക്ഷമിക്കേണം'' എന്നു പറഞ്ഞു കപ്പൽ വിട്ടയക്കയും ചെയ്തു.

7. പറങ്കികൾ കോഴിക്കോട്ടുവെച്ചു പടകൂടിയതു

അനന്തരം മാപ്പിള്ളമാർ താമൂതിരിയെ ചെന്നു കണ്ടു: ''ഞങ്ങൾക്കു നെഞ്ഞിന്നുറപ്പില്ല എന്നു വെച്ചൊ തമ്പുരാൻ പറങ്കികളെക്കൊണ്ടു ആ കപ്പൽ പിടിപ്പിച്ചത്, അവരെ വിശ്വസിക്കുന്നത് അനുഭവത്തിന്നു മതിയാകുമൊ? അവർ എത്ര ചെലവിടുന്നു, കച്ചവടത്തിൻെറ ലാഭത്താൽ അതു ഒരുനാളും വരികയില്ലല്ലൊ എന്തിന്നു വെറുതെ കാത്തിരിക്കുന്നു. അവർ രാജ്യം സ്വാധീനമാക്കുവാൻ നോക്കും, അസൂയകൊണ്ടല്ല ഞങ്ങൾ ഇതു പറയുന്നത്. ദിവസവൃത്തിക്കായി ഞങ്ങൾ മററു വല്ല പട്ടണത്തിൽ പോയി വ്യാപാരം ചെയ്യാം എങ്കിലും തമ്പുരാൻെറ രാജ്യത്തിന്നു ഛേദം വരും എന്നു ശങ്കിച്ചത്രെ ഞങ്ങൾ ഇപ്രകാരം ബോധിപ്പിക്കുന്നത്'' എന്നും മററും പറഞ്ഞത് കേട്ടാറെ, രാജാവ് ''ഈ കപ്പലിൻെറ കാര്യം ഒരു പരീക്ഷയത്രെ: നിങ്ങൾ സുഖേന ഇരിപ്പിൻ! പണ്ടു പണ്ടെ നിങ്ങളിലുള്ള മമതക്കു ഭേദം വരികയില്ല'' എന്നു കല്പിച്ചു മനസ്സിന്നു സന്തോഷം വരുത്തി. അവർ മുളകു എല്ലാം വാങ്ങിക്കളകകൊണ്ടു കപ്പിത്താന്നു രണ്ടു കപ്പൽ മാത്രം ചരക്കു കരേററുവാൻ 3 മാസം വേണ്ടി വന്നു.

പൊൎത്തുഗൽ ചരക്ക ആരും മേടിച്ചതും ഇല്ല. അപ്പോൾ കപ്പിത്താൻ രാജാവോടു: ''ഞങ്ങൾ 20 ദിവസത്തിന്നകം ചരക്ക വാങ്ങി പോകേണ്ടതിന്നു തിരുകല്പന ആയെല്ലൊ? ഇപ്പോൾ രണ്ടു കപ്പലിലേക്ക് മുളക കിട്ടിയുള്ളു; മാപ്പിള്ളമാർ എല്ലാടവും വിഘ്നം വരുത്തി'' എന്നു ബോധിപ്പിച്ചപ്പോൾ, താമൂതിരി പറഞ്ഞു.'' ''യാതൊരു കപ്പല്ക്കാർ എങ്കിലും മുളക കേററുന്നു എങ്കിൽ നിങ്ങൾ ആ കപ്പൽ ശോധന ചെയ്തു ചരക്ക അങ്ങാടിവിലെക്ക് എടുത്തുകൊൾവിൻ''. എന്നാറെ ശംസദ്ദീൻ ഒരു ദിവസം പാണ്ടിശാലയിൽ വന്നു ഒരു കപ്പൽ കാണിച്ചു ''ഇതിൽ രാത്രികാലത്തു തന്നെ മുളക കേററിവരുന്നു; നാളെ മക്കത്തെക്ക പോകും'' എന്ന സ്വകാൎയ്യം അറിയിച്ചപ്പോൾ, പാണ്ടിശാലക്കാരൻ കപ്പിത്താന്നു എഴുതി ആ കപ്പൽ ശോധന കഴിക്കേണം എന്ന് ചോദിച്ചു; കബ്രാൽ അന്നു പനി പിടിച്ച സംഗതിയാൽ നന്നെ വിചാരിയാതെ വിശ്വസിച്ചു [5 ശ. 16] ''ആ കപ്പലിൽ കയറി അന്വേഷണം കഴിക്കെണം'' എന്നു കല്പിച്ചു. അങ്ങിനെ ചെയ്യുമ്പോൾ, മാപ്പിള്ളമാർ തോണികളിൽ ചാടി കരക്ക് എത്തി നിലവിളിച്ചും കൊണ്ടു സങ്കടം ബോധിപ്പിച്ചു. മുസല്മാനരും ആൎത്തു ആയുധങ്ങളെ ധരിച്ചു തെരുവിൽ കണ്ട പറങ്കികളെ കൊല്ലുവാൻ തുടങ്ങി. ചിലർ പാണ്ടിശാലക്ക് ഓടി കൊടികളെ കാണിച്ചു പ്രാണസങ്കടം ഉണ്ടെന്നു കപ്പിത്താനെ അറിയിച്ചു മതിന്മെൽ നിന്നുകൊണ്ടു പല മാപ്പിള്ളമാരെയും കൊന്നു. പിന്നെ നായന്മാർ സഹായിക്കകൊണ്ടു പലരും മരിച്ചു. ഊരാളരും വന്നു മതിൽ ഇടിച്ചതിനാൽ നാട്ടുകാർ പാണ്ടിശാലയിൽ പുക്ക 40 ആളുകളെ കൊന്നു, ചിലരെ ജീവനോടെ പിടിച്ചു കൊണ്ടു പോയി കണ്ടതെല്ലാം കവൎന്നു എടുക്കയും ചെയ്തു. അനന്തരം തക്കം കിട്ടിയപ്പോൾ 5 പാതിരിമാരും 20 പറങ്കികളും മുറിഏററു എങ്കിലും കടല്പുറത്തോളം പാഞ്ഞു കപ്പൽക്കാർ അയച്ച തോണികളിൽ കയറി കപ്പലിലേക്ക് പോകയും ചെയ്തു. കപ്പിത്താൻ ഒരു ദിവസം ക്ഷമിച്ചു വെറുതെ പാൎത്തു. പിന്നെയും 10 മക്കക്കപ്പൽ പിടിച്ചു. ചരക്കുകളെ എടുത്തും 3 ആനകളെ കൊന്നു ഉപ്പിട്ടു ഉരുക്കളെ ചുടുകയും ചെയ്തു. പുലരുമ്പോൾ കപ്പൽ എല്ലാം പട്ടണത്തിന്നു നേരെ അണഞ്ഞു വൈകുന്നേരത്തോളം വെടിവെച്ചു വളരെ നാശങ്ങളെ ചെയ്തുകൊണ്ടിരുന്നു. പിറെറ ദിവസം കബ്രാൽ അല്പം ആശ്വസിച്ചു എല്ലാ കപ്പലുകളോടും കൂടെ പായി വിരിച്ചു കൊച്ചിക്ക് ഓടുകയും ചെയ്തു.

8. കബ്രാൽ കൊച്ചിക്ക് വന്നപ്രകാരം

കോഴിക്കോടു വിട്ടുപോയ ശേഷം, 1500 ദിശമ്പ്ര 24ാം‌നു പറങ്കികൾ കൊച്ചിയിൽ എത്തിനങ്കൂരം ഇട്ടു. കപ്പിത്താൻ മുമ്പെ ഒരു കൊച്ചിക്കപ്പൽ വെടിവെച്ചു പിടിച്ചതു കൊണ്ടു വെള്ളക്കാരെ ഇറക്കുവാൻ കുറയ ശങ്കിച്ചു മിഖയെൽ എന്ന യോഗിയെ വിളിച്ചു; ആ

യവൻ കോഴിക്കോട്ട തന്നെ തീൎത്ഥയാത്രയിൽ എത്തിയപ്പോറം, പാതിരികളെ കണ്ടു പൊൎത്തുഗാലെ കാണേണം എന്നപേക്ഷിച്ചപ്പോറം, സ്നാനം ചെയ്യാതെകണ്ടു പൊൎത്തുഗലിൽ പോയിക്കൂടാ എന്നു കേട്ടു സ്നാനം ഏററു തൊപ്പി ഇട്ടു കപ്പലിൽ പാൎത്തിരുന്നു. കപ്പിത്താൻ നിയോഗിച്ചപ്രകാരം മിഖയെൽ കരക്കിറങ്ങി ഉണ്ണിരാമകോയിൽ തിരുമുല്പാടു എന്ന കൊച്ചി രാജാവെ ചെന്നു കണ്ടു കോഴിക്കോട്ടിലെ വൎത്തമാനം അറിയിച്ചു "ഇവിടെ 4 കപ്പൽ ചരക്കു കയററുവാൻ സമ്മതിക്കുമൊ" എന്നു ചോദിച്ചു. ആയതിന്നു രാജാവു് സന്തോഷത്തോടെ അനുവാദം കൊടുത്തു. "ഈ വന്നവരുടെ വീര്യം എല്ലാം ഞങ്ങളും കേട്ടിരിക്കുന്നു. അവരുടെ ഉണ്ടകറം ഒന്നു താമൂതിരിയുടെ കോയിലകത്തു തട്ടി ഒരു നായരെ കൊന്നു. രാജാവിൻ കാല്ക്കൽ വീണതിനാൽ രാജാവു് താൻ ബദ്ധപ്പെട്ടു അരമനയെ വിട്ടു കുറയ ദൂരെ പോയിരിക്കുന്നു" എന്നും മററും ചൊല്ലി പറങ്കികളുടെ ശൂരതയെ സ്തുതിച്ചു. അതിൻെറ കാരണം: അന്നു പെരിമ്പടപ്പസ്വരൂപം താമൂതിരിയുടെ മേൽക്കോയ്മക്കു അടങ്ങി പാൎത്തു. അതുകൊണ്ടു കൊച്ചിയിൽ കച്ചവടം ഒടുങ്ങിപ്പോയി. മുളകു മുതലായതു് വില്പാൻ കോഴിക്കോട്ടു അയക്കേണം എന്ന കല്പന ഉണ്ടു, കപ്പലോട്ടം ഇനി നസ്രാണികറംക്കല്ല ചോനകമാപ്പിള്ളമാർക്കെ ചെയ്തു നടക്കാവു; കൊച്ചീത്തമ്പുരാൻ വൃദ്ധനാകയാൽ മുനിവൃത്തി ആശ്രയിച്ചു മതിലകത്തു പാൎത്തു മരിക്കേണം. പുതിയവൻെറ അഭിഷേകത്തിന്നു താമൂതിരിയുടെ കല്പന ആവശ്യം. താമൂതിരി നാടു വലം വെക്കുമ്പോറം, കൊച്ചിയിൽ ചെന്നു പെരിമ്പടപ്പിലെ നായന്മാരെ കണ്ടു നിരൂപിച്ചു പടകൂട്ടിക്കൊണ്ടു പോകും. തിരുമനസ്സിൽ തോന്നിയാൽ തമ്പുരാനെ മാററുകയും ചെയ്യും. ഈ വകക്കു നീക്കം വരുത്തുവാൻ ഇതു തന്നെ സമയം എന്നു വെച്ചു പെരിമ്പടപ്പു പറങ്കികളോടും മമത പറയിച്ചു അവരെ ആസ്ഥാനമണ്ഡപത്തിൽ വരുത്തി ദ്രവ്യം ഒട്ടും ഇല്ലായ്കയാൽ അവർ കാഴ്ചവെച്ചു: പവിഴം വെള്ളി സാധനങ്ങറം മുതലായതു് വളരെ സ്തുതിച്ചു സന്തോഷിച്ചു വാങ്ങി "നിങ്ങറംക്കു ഹിതമായാൽ കൊച്ചിയിൽ നിത്യം പാൎത്തു കച്ചവടം ചെയ്തു പോരാം" എന്നു പറഞ്ഞു ചരക്കുകളെ വരുത്തി വളരെ ഉത്സാഹിക്കയാൽ അവിടെയും കൊടുങ്ങലൂരിലും 20 ദിവസത്തിനകം കപ്പലുകറം പിടിപ്പതു കയററി തീൎത്തിരിക്കുന്നു.

9. 2 നസ്രാണികളോടു കൂട കബ്രാൽ പൊർത്തുഗലിൽ പോയതു്

കൊടുങ്ങലൂരിൽതന്നെ പാർക്കുമ്പോറം, യോസേഫ, മത്ഥായി ഇങ്ങിനെ 2 നസ്രാണികറം വന്നു കപ്പിത്താനെ കണ്ടു: "ഞങ്ങറം തന്നെ ക്രിസ്തവിശ്വാസികറം, നിങ്ങളുടെ കപ്പലിൽ കയറി യുരോപ, രോമ മുതലായ ദേശങ്ങളെ കണ്ടു ഒർശ്ലെമിൽ (യരുശലേ

മിൽ) യാത്രയാവാൻ മനസ്സുണ്ടെ''ന്നു പറഞ്ഞു. കപ്പിത്താൻ വിവരം ചോദിച്ചപ്പോൾ അവർ തങ്ങളുടെ പഴമ എല്ലാം പറഞ്ഞു: ''തോമാശ്ലീഹാ ഈ രാജ്യത്തിൽ വന്നു പള്ളികളെ ഉണ്ടാക്കി എന്നു കേട്ടിരിക്കുന്നു പള്ളിയിൽ ഞങ്ങൾക്കു ബിംബം ഇല്ല; ക്രൂശെ ഉള്ളു, ഇപ്പോൾ നമുക്കു മെത്രാന്മാരെ അയക്കുന്നതു സുറിയയിൽ കതൊലിക്കോസ്സു തന്നെ. പട്ടക്കാർക്കു കുടുമ തന്നെ പട്ടം ആകുന്നു. കുട്ടികളെ സ്നാനം ചെയ്യുന്നതിന്നു 40ാം നാൾ വേണം, മരിച്ചാൽ 8ാം ദിവസത്തിൽ പുല നീക്കും; നോമ്പു വളരെ ഉണ്ടു. ഒന്നാം ജൂലായിൽ തോമാവിൻ ഉത്സവം പ്രധാനം. വേദ പുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെ ഉണ്ടു; ഞങ്ങളുടെ വിദ്വാന്മാർ അതു നോക്കി കുട്ടികളെയും പഠിപ്പിക്കുന്നു; ഈ കൊടുങ്ങല്ലൂരിൽ തന്നെ ഞങ്ങൾ പണ്ടു കുടിയേറി ഇരിക്കുന്നു. യഹൂദരും, മിസ്ര, പാർസി അറവി മുതലായ കച്ചവടക്കാരും ഉണ്ടു. ഞങ്ങൾക്കും കച്ചവടം തന്നെ വൃത്തി ആകുന്നതു: അതിന്നു കൊടുങ്ങല്ലൂരിൽ രാജാവിന്നു കപ്പം കൊടുക്കുന്നു'' എന്നിങ്ങിനെ ഉള്ള പുതുമകൾ എല്ലാം കേട്ടാറെ, കബ്രാൽ സന്തോഷിച്ചു, അവരെ കൂട്ടി കൊണ്ടു പോവാൻ നിശ്ചയിക്കയും ചെയ്തു.

10. നോവ കപ്പിത്താൻ കോഴിക്കോട്ടും കൊച്ചിയിലും വ്യാപരിച്ചതു.

കബ്രാൽ * കണ്ണൂരിൽ ചരക്കു കരേററി പൊർത്തുഗലിൽ എത്തി, 2 മാസം കഴിഞ്ഞാറെ, നൊവക്കപ്പിത്താൻ 4 കപ്പലോടു കൂടെ കണ്ണനൂരിൽ എത്തിയപ്പോൾ കോയപക്കി ഒളിപ്പിച്ച ഒരു പറങ്കി കോഴിക്കോട്ടുനിന്നു വന്നു വസ്തുത പറഞ്ഞാറെ, നൊവ ഉടനെ തെക്കോട്ടു ഓടി കോഴിക്കോട്ടിൽ കണ്ട കപ്പൽ വെടി വെച്ചു തകർത്തു പെരിമ്പടപ്പെ കാണുകയും ചെയ്തു. ''കബ്രാൽ എന്റെ നായന്മാരെ കല്പന കൂടാതെ കൂട്ടികൊണ്ടുപോയതു നന്നല്ല'' എന്നു തമ്പുരാൻ ശാസിച്ചു പറഞ്ഞിട്ടും പൊർത്തുഗലിൽ വാടാത്ത സ്നേഹം കാണിച്ചു. മാപ്പിള്ളമാർ ആ 7 പറങ്കികൾ പാർക്കുന്ന വീട്ടിന്നു

* അവൻ കൂട്ടികൊണ്ടു പോയ നസ്രാണികളിൽ ഒരുവൻ ലിസ്ബൊൻ നഗരത്തിൽ വെച്ചു മരിച്ചു. മറെറവൻ യുരോപയിൽ പാർത്തു, പല ദിക്കിലും സഞ്ചരിച്ചു രോമപുരിയെയും കണ്ടു, ഹിന്തു വർത്തമാനങ്ങളെ അറിയിപ്പാൻ ഒരു ചെറിയ പുസ്തകം തീർത്തു. അതിൽ പറഞ്ഞ വിശേഷങ്ങളിൽ ഒന്നിതു: പണ്ടു മഹാ ചീനത്തിൽനിന്നു കപ്പൽ മലയാളത്തിൽ നിത്യം വരാറുണ്ടു, അപ്പോൾ ചീനത്തിൽ ഉള്ള തരീസാ സഭക്കാർ പട്ടു, തുത്ഥനാകം, ഈയം, കസ്തൂരി മുതലായതു കൊണ്ടുവന്നു ഇവിടെ ഇറക്കി വ്യാപാരം ചെയ്യും; എങ്കിലും താമൂതിരി ചോനകമാപ്പിള്ളമാരെ ആശ്രയിച്ചു അവർക്കു അപ്രിയം കാട്ടിയപ്പോൾ, അവർ നങ്കൂരം എടുത്തുപോയി, കുറയക്കാലം കഴിഞ്ഞാറെ, പിന്നെയും സന്നാഹങ്ങളോടു കൂടെ വന്നു കോഴിക്കോട്ടിൽ വളരെ നാശം ചെയ്തു; അന്നു മുതൽ അവർ ഇങ്ങോട്ടു മടങ്ങി വന്നില്ല; ചോഴമണ്ഡലത്തു മൈലാപ്പുരിയോളമെ ചീനക്കപ്പൽ ഓടുകയുള്ളു.

തീക്കൊടുത്തപ്പോൾ രാജാവ്: ''ഇവർ കോവിലകത്തു കിടന്നുറങ്ങെണം പകല്ക്കാലത്തു നായന്മാർ ചങ്ങാതം നടക്കേണം'' എന്നു കല്പിച്ചു അതിഥിസല്ക്കാരം നന്നെ ചെയ്തു. നൊവക്ക് പണം പോരായ്കകൊണ്ടും വിലാത്തിച്ചരക്കുകൾ മാപ്പിള്ളമാർ ആരും മേടിക്കായ്ക കൊണ്ടും കോലത്തിരി മുളകിന്ന് കൈയ്യേററു കപ്പൽ നിറച്ചു 3 പറങ്കികളെ കണ്ണനൂർ കച്ചവടത്തിന്നായി പാർപ്പിക്കയും ചെയ്തു. ഈ സഹായത്താൽ നൊവ പണി എല്ലാം വേഗം തീൎത്തു; കോഴിക്കോട്ടു കപ്പലുമായി അല്പം പട വെട്ടി പൊർത്തുഗലിലെക്ക് മടങ്ങി പോകയും ചെയ്തു. വഴിയിൽവെച്ചു അവർ ഹെലെന ദ്വീപു കണ്ടു വെള്ളം കയററിശേഷം ഹിന്തുകപ്പല്ക്കാരും അന്നുമുതൽ യാത്രയിൽ ആശ്വസിക്കേണ്ടതിന്നു ആ ദ്വീപിൽ തന്നെ ഇറങ്ങിക്കൊള്ളുന്ന മര്യാദ ഉണ്ടായി.

11. ഗാമ രണ്ടാമത് മലയാളത്തിൽ വന്നപ്രകാരം

ഈ വൎത്തമാനങ്ങളെ എല്ലാം മാനുവെൽ രാജാവും മന്ത്രികളും വിചാരിച്ചു, കോഴിക്കോട്ടു രാജാവെ ശിക്ഷിക്കേണം; കപ്പൽ ചിലതിന്നു യാത്രയാൽ ചേതം വന്നു എങ്കിലും ഇസ്ലാമിന്നു കടൽ വാഴ്ച ഇരിക്കരുത്, സത്യവേദം നടത്തേണം, മുളകു എല്ലാം ഇവിടെനിന്നു വിററാൽ ലാഭം അത്യന്തം വർദ്ധിക്കും എന്നുവെച്ചു ഗാമ കപ്പിത്താന്നു 20 കപ്പലും ''ഹിന്തുസമുദ്രപതി'' എന്ന സ്ഥാനവും കൊടുത്തു. 1502 ൽ മലയാളത്തിലേക്ക് നിയോഗിച്ചു വിടുകയും ചെയ്തു. അവൻ ഏഴിമലക്കു സമീപിച്ചാറെ, കപ്പൽ എല്ലാം തമ്മിൽ കാണുന്നേടത്തോളം അകലെ ഓടിച്ചു വലകൊണ്ടു എന്ന പോലെ കണ്ണനൂർ പടകുകളെ വിട്ടു, കോഴിക്കോട്ടിൽ നിന്നുള്ളവ പിടിപ്പാൻ കല്പിച്ചു. അല്പം കുറയ ഓടിയാറെ, മക്കത്തനിന്ന് വരുന്ന വലിയ കപ്പൽ കണ്ടു. അതിൽ 300 ചില്വാനം ഹജ്ജികൾ ഉണ്ടു. ആയവർ ആവതില്ല എന്നു കണ്ടപ്പോൾ, ജീവരക്ഷക്ക് വേണ്ടി പൊന്നും കപ്പലും മററും പറഞ്ഞു കൊടുത്തു, എന്നതു കേട്ടാറെയും ഗാമ പോരാ എന്നു കല്പിച്ചപ്പോൾ എല്ലാ മാപ്പിള്ളമാരിലും ധനം ഏറിയ ജൊവാർ പക്കി: ''ഞാൻ മിസ്രസുൽത്താൻ കോഴിക്കോട്ടയച്ച ദൂതനാകുന്നു. ഇപ്പൊൾ ക്ഷമിച്ചാൽ ഞാൻ 20 ദിവസത്തിനകം 20 കപ്പൽ കൊള്ളുന്ന ചരക്ക എല്ലാം വരുത്തി കുറവു കൂടാതെ കയററിക്കൊടുക്കാം; താമൂതിരിയോട് ഇണക്കവും വരുത്താം'' എന്നു ചൊന്നതും വ്യൎത്ഥമായി. ഗാമ കപ്പലിലുള്ള പൊന്നും ആയുധങ്ങളും ചുക്കാനും എടുത്തു പിന്നെ നേർച്ച പ്രകാരം 20 മാപ്പിള്ളകുട്ടികളെ ലിസ്ബൊൻ പള്ളിയിൽ സന്യാസികളാക്കി വളർത്തേണ്ടതിന്നു തെരിഞ്ഞെടുത്തു; ഹജ്ജികളെ കപ്പലിൻെറ ഉള്ളിൽ അടച്ചു തീക്കൊടുക്കയും ചെയ്തു. പ്രാണഭയത്താൽ അവർ പിന്നെയും കയറി വന്നു കപ്പലിൻെറ അടിയിലുള്ള കല്ലുകളെ എറിഞ്ഞു തട്ടത്തുംകൊണ്ടുതീക്കൊടുത്തപ്പോൾ, സ്ത്രീകൾ കരഞ്ഞു നിലവിളിച്ചു പൊന്നും രത്നങ്ങളും കുഞ്ഞികുട്ടികളെയും പൊന്തി

ച്ച കാട്ടി ക്ഷമ അപേക്ഷിച്ചതു ക്രൂര സമുദ്രപതി ചെവിക്കൊണ്ടില്ല. ഇരുട്ടായാറെ, പൊൎത്തുഗൽ കപ്പലുകൾ 20ം ആ ഹജ്ജികപ്പലെ വളഞ്ഞുകൊണ്ടു രാത്രിമുഴുവനും അള്ള മുഹമ്മത എന്ന വിളി കേട്ടുകൊണ്ടു കപ്പല്ക്കാർ പലരും കരുണ കാട്ടേണം എന്ന് വിചാരിച്ചും കൊണ്ടിരുന്നു വെളുക്കുമ്പോൾ 1502 അക്ത. 3. തിങ്ക. പട തുടങ്ങി 3 രാവും പകലും വിടാതെ നടന്നു. ഒടുവിൽ തീക്കൊളുത്തിയാറെ, ശേഷിച്ചുള്ളവർ ചാടി നീന്തി തോണികളെ ആക്രമിച്ചു ഒരുത്തനും തെററാതെ പൊരുതു മരിക്കയും ചെയ്തു.

ഈ അസുരകർമ്മം കേട്ടാറെ, മലയാളികൾ പറങ്കിനാമവും ക്രിസ്തുവേദത്തെയും ഒരുപോലെ നിരസിച്ചു പകപ്പാൻ തുടങ്ങി. എങ്കിലും ഭയം ഏറെ വർദ്ധിച്ചു. കോലത്തിരി ഗാമയൊടു സംഭാഷണം ചെയ്വാൻ 400 നായന്മാരൊടു കൂടെ കടപ്പുറത്തു വന്നു. ഗാമ: ''ഞാൻ കോഴിക്കോട്ടു പക വീളും മുമ്പെ കരക്കിറങ്ങുകയില്ല'' എന്നു പറഞ്ഞാറെ, രാജാവ് ഒരു പാലം ഉണ്ടാക്കി വിതാനിപ്പിച്ചു സമുദ്രപതിക്ക കൈകൊടുത്തു. (19ാം അക്തൊമ്പ്ര) അവൻ ലിസ്ബൊനിൽ നിന്നു മടങ്ങിവന്ന കണ്ണനൂർ ദൂതനെ വിളിച്ചു രാജാവിന്നു മടക്കി കൊടുത്തു കച്ചവടകാര്യവും വിലയും എല്ലാം ക്ഷണത്തിൽ തീൎത്തു പറയേണം എന്നു ചോദിച്ചു. കോലത്തിരി താമസം വിചാരിച്ചാറെ, ഗാമ ക്രുദ്ധിച്ചു വായിഷ്ഠാനം തുടങ്ങി. ''ഇവിടുത്തെ മാപ്പിള്ളമാർ ചതിച്ചാൽ ഞാൻ നിങ്ങളോടു ചോദിക്കും'' എന്നും മററും പറഞ്ഞു വിട്ടു പിരിഞ്ഞു. രാജാവ് വളരെ വിഷാദിച്ചാറെ, കണ്ണനൂരിലുള്ള പറങ്കികൾ ആശ്വാസം പറഞ്ഞു ''എന്തു സങ്കടം വന്നാലും പൊൎത്തുഗൽ രാജാവിന്നു എഴുതി അറിയിക്കും'' എന്ന ഒരു ലേഖനത്തിൽ ഗാമയെ ഉണൎത്തിപ്പാൻ ബുദ്ധി പറഞ്ഞു, അപ്രകാരം ചെയ്താറെ, ഗാമ കോപത്തെ അല്പം കുറച്ചു തെക്കോട്ടു ഓടുകയും ചെയ്തു.

12. ഗാമ കോഴിക്കോട്ടു തൂക്കിൽ പക വീളിയതു

ചോമ്പാലിലും പന്തലായിനിയിലും 2 തോണിക്കാരും താമൂതിരി എഴുതിച്ച 2 കത്തുകളെയും കൊണ്ടുവന്നു ഗാമയുടെ കയ്യിൽ കൊടുത്തശേഷം അവൻ മാപ്പിള്ളമാർ ഇരുവരെയും തൂക്കിക്കൊല്ലിച്ചു: ഓടി കോഴിക്കോട്ടു തൂക്കിൽ നങ്കൂരം ഇടുകയും ചെയ്തു. (അക്ത 29.) അനന്തരം ഒരു തോണി കരയിൽ നിന്നു വന്നു അതിൽ ഒരു പാതിരി ഉണ്ടെന്നു തോന്നി അടുത്തപ്പൊൾ മാപ്പിള്ള എന്നു കണ്ടു. അവൻ ഭയം ഹേതുവായിട്ടു മുമ്പെ കലഹത്തിൽ പട്ടുപോയ പാതിരിയുടെ വേഷം ധരിച്ചിട്ടു അടുത്തുവരുവാൻ കല്പന ചോദിച്ചാറെ, ''താമൂതിരിക്ക് മമത തന്നെ വെണം. അന്നു കൊന്നുപോയ പറങ്കികൾക്ക വെണ്ടുവൊളം പകരം ചെയ്തുവന്നുവല്ലൊ, ഇനി കച്ചവടത്തിന്നു യാതൊരു തടത്തവും വരികയില്ല, പണ്ടു കഴിഞ്ഞതും പടയിൽ പട്ടതും എണ്ണേണ്ടാ' എന്നും മററും പറഞ്ഞാറെ, ഗാമ: ''മമതെക്ക്

ഒരു വഴിയെ ഉള്ളു, മുസല്മാനരെ കോഴിക്കോട്ട് നിന്ന ആട്ടിക്കളെയണം എന്നത്രെ'', ആയത് കേട്ടാറെ, താമൂതിരി ''നമ്മുടെ പൂൎവ്വന്മാർ വളരെ മാനിച്ചു പോന്നവരും നമ്മുടെ പടകൾക്ക് നിത്യം പണം കൊടുത്തു വരുന്നവരും ആകയാൽ 5000 കുടികച്ചവടക്കാരെ വെറുതെ ആട്ടിയാൽ വലിയ അപമാനമെല്ലൊ, ഇതല്ലാതെ ഞാൻ എന്തെങ്കിലും ചെയ്യാം'' എന്നുത്തരം പറയിച്ചു. ഗാമയുടെ കോപത്തെ ശമിപ്പിപ്പാൻ പ്രയത്നം കഴിക്കയും ചെയ്തു. അപ്രകാരം 3 ദിവസം കൊണ്ടു ഓല വന്നു പോവാറായ ശേഷം ഗാമ ക്രോധപരവശനായി 50 ചിലപാനം മീൻ പിടിക്കാരെ തൊണികളൊടു കൂടെ പിടിപ്പിച്ചു വരുത്തി അടപ്പിച്ചു; ആ ദൂതനെ ഒരു മണൽ കുപ്പിയെ കാണിച്ചു ''നാളെനട്ടുച്ച ആകുമ്പൊൾ ഈ കഥ തീരും അതിന്നു മുമ്പെ താമൂതിരി കവൎന്നപോയതിന്നു മതിയായ പൊന്നയച്ചാൽ ക്ഷമിക്കാം, വേഗം പൊ'' എന്നു കല്പിച്ചു. കപ്പൽ എല്ലാം രാത്രിയിൽ കരക്കടുപ്പിക്കയും ചെയ്തു. നാട്ടുകാർ രാത്രി മുഴുവനും പണിപ്പെട്ടു കിളച്ചു രണ്ടു മൂന്നു ഇരിമ്പുതോക്കുകളെ വരുത്തുകയും ചെയ്തു. ഉച്ചയായാറെ, ഗാമ ഒരു വെടിവെച്ചു ആ മീമ്പിടിക്കാരെ കപ്പലുകളിൽ തൂക്കിച്ചു കരയിലുള്ളവർ ഓടി വന്നു മുറവിളി തുടങ്ങിയപ്പൊൾ, ആ ശവങ്ങളുടെ കയ്യും കാലും അറുത്തു ഒരു കത്തിൽ ഇതു ഗാമ താമൂതിരിക്കു വെക്കുന്ന തിരുമുൽക്കാഴ്ച, പ്രതികൊണ്ടു ഉപകാരം ഉണ്ടാകയില്ല; ഒന്നിന്നു നൂറു ചോദിക്കുന്നത് പൊൎത്തുഗൽ ധൎമ്മം തന്നെ; ഇനി ഞങ്ങൾ ചെലവാക്കെണ്ടുന്ന മരുന്നിന്റെ വിലയും കവൎന്ന പൊന്നും തീരെ തന്നു ബൊധിച്ചാലെ നല്ല മമത ഉണ്ടാകും'' എന്നു എഴുതിച്ചു എല്ലാം ഒരു തോണിയിൽ ആക്കി ഏറ്റം കൊണ്ടു കരക്കയെച്ചു വിട്ട ശെഷം, ശവങ്ങളെ കടലിൽ ചാടിക്കളകയും ചെയ്തു. പിന്നെ കടല്പുറത്തുള്ള ചെറ്റപ്പുരകളെയും കച്ചവടക്കാരുടെ അങ്ങാടി പാണ്ടിശാലകൾ മുതലായതിനെയും വെടിവെച്ചിടിപ്പിച്ചും കൊണ്ടിരുന്നു. (2ാം നവമ്പ്ര) നാട്ടുകാരുടെ തോക്കിലെ ഒന്നു രണ്ടുണ്ട മാത്രം കപ്പലിൽ കൊണ്ടു ഉടനെ തൊക്കു നിറക്കെണ്ടുന്ന മാപ്പിള്ളമാർ ചിലർ ഉണ്ടമഴയാൽ പട്ടുപോയി, ചിലർ ഭ്രമിച്ചു ഓടിപോകയും ചെയ്തു. പറങ്കി ഉണ്ട എത്തുന്നെടത്തോളം ഒരു വീടും നില്ക്കാതെ പോയപ്പൊൾ ഗാമ (3 നവമ്പ്ര) 6 കപ്പലുകളെ പാർപ്പിച്ചു, ''നഗരത്തിൽ ചരക്കു ഒന്നും വരുവാനും പോവാനും സമ്മതിക്കരുത് എന്നാൽ അരിക്കു മുട്ടുണ്ടായിട്ടു മലയാളിബുദ്ധി നേരെ ആകും'' എന്നു സൊദ്രയൊടു കല്പിച്ചു. ആയവൻ മീൻ പിടിപ്പാൻ പൊകുന്ന തോണികളെയും കൂട മുടക്കി താമൂതിരിരാജ്യത്തിൽ മഹാക്ഷാമം വരുത്തി, ഗാമ ശേഷം കപ്പലൊടും കൂട കൊച്ചിക്ക് ഓടി 8ാം നവമ്പ്ര മാസത്ത എത്തുകയും ചെയ്തു.

13. ഗാമ കൊച്ചിയിൽ വെച്ചു ചെയ്തത്

ഗാമ കൊച്ചിയിൽ പാൎത്തു വരുന്ന പറങ്കികളെ ചെന്നു കണ്ടാറെ, ''പെരിമ്പടപ്പു ഞങ്ങളെ നല്ലവണ്ണം പോററി മാപ്പിള്ളമാരുടെ കയ്യിൽനിന്നു രക്ഷിച്ചിരിക്കുന്നു'' എന്നകേട്ടപ്പോൾ രാജാവെയും കണ്ടു പാണ്ടിശാലയും മുളകുവിലയും മററും ചോദിച്ചാറെ, ''അതു വിചാരിച്ചു പറയാം'' എന്നു രാജാവു കല്പിച്ചു. ഉടനെ ഗാമ ചൊടിച്ചു ''താമസം എന്തിന്നു'' എന്നു ചൊല്ലി പുറപ്പെട്ടു കപ്പലിൽ മടങ്ങി ചെല്ലേണ്ടതിന്നു ഓടത്തിൽ കരേറി രാജാവും വഴിയെ ചെന്നു മറെറാരു തോണിയിൽ കയറി തണ്ടു വലിപ്പിച്ചു. ഗാമയോടു എത്തി അവന്റെ ഓടത്തിൽ കയറി ''നിങ്ങൾക്കു വേഗതയും ഞങ്ങൾക്ക് മന്ദതയും ഉണ്ടു സംശയം വേണ്ട താനും; ഞങ്ങൾ ഇപ്പോൾ തങ്ങടെ വശമായല്ലൊ'' എന്നു പറഞ്ഞാറെ, ഗാമ ശാന്തനായി തനിക്ക് വേണ്ടുന്നതു ഒർ ഓലയിൽ എഴുതിച്ചു വാങ്ങി രാജാവിന്നു പൊൎത്തുഗലിൽനിന്നു കൊണ്ടു വന്ന പൊന്മുടി മുതലായ സമ്മാനങ്ങളെയും കൊടുത്തു. പെരിമ്പടപ്പും ഗാമക്ക് തോൾവള വീരചങ്ങല ദിവ്യൌഷധങ്ങളും കൊടുത്തു, വളരെ മാനിച്ചു, കപ്പലുകൾക്ക് പിടിക്കും ചരക്കുകളെ വേഗം എത്തിക്കയും ചെയ്തു. കോലത്തിരിയും ''നാം കൊച്ചിവിലെക്ക് ചരക്കുകളെ തരാം, പൊൎത്തുഗൽ സ്നേഹം സൎവ്വപ്രമാണം, വിക്രയത്തിൽ ഛേദം വന്നാലും ഛേദം ഇല്ല'' എന്നെഴുതി. മാപ്പിള്ളമാർ പശുമാംസം വില്പാൻ വന്നത് രാജാവ് അറിഞ്ഞു ''അവരെ ഏല്പിക്കേണം'' എന്നു ചോദിച്ചു ഉടനെ ഗാമ: ''ഗോമാംസം ഒന്നും കപ്പലുകളിൽ വാങ്ങരുത'' എന്നും കല്പിച്ചു പരസ്യമാക്കി. മൂന്നു മാപ്പിള്ളമാർ പിന്നെയും ഒരു പശുവിനെ കൊണ്ടുവന്നപ്പോൾ ഗാമ അവരെ കെട്ടിച്ചു കോവിലകത്തിൽ ഏല്പിച്ചു. പെരിമ്പടപ്പു: ''അവരെ തൽക്ഷണം കഴുമ്മേൽ ഏററെണം'' എന്നു വിധിക്കയും ചെയ്തു. നസ്രാണികൾ കൊടുങ്ങല്ലൂരിൽനിന്നും കോഴികളും പഴങ്ങളും കൊണ്ടുവന്നു സമ്മാനം വെച്ചു. ''ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവുകൊണ്ടു വളരെ സന്തോഷിച്ചിരിക്കുന്നു. പണ്ടു ഈ രാജ്യത്തു ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാൻ ഉണ്ടായിരുന്നു, അവന്നു പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും ഇതാ! നിങ്ങൾക്ക തരുന്നു, 30000 പേരോളം ഞങ്ങൾ എല്ലാവരും ഒത്തിരിക്കുന്നു. ഇനി പൊൎത്തുഗൽരാജാവിന്നു ഞങ്ങളിൽ മേല്ക്കോയ്മ ഉണ്ടായിരിക്ക, അവന്റെ നാമം ചൊല്ലി അല്ലാതെ ഇനി യാതൊരു കുററക്കാരനെയും ഞങ്ങൾ വിധിക്കയില്ല'' എന്നു പറഞ്ഞു ആധാരവും ആ ദണ്ഡും കൊടുത്തു. അതു ചുവന്നും 2 വെള്ളിവളകളും ഒരു വളയിൽ 3 വെള്ളിമണികളും ഉള്ളതും ആകുന്നു. തോമശ്ലീഹാനം സിംഹളദ്വീപ മുതലായ യാത്രാസ്ഥലങ്ങളെ കുറിച്ചു അവർ വളരെ വിശേഷങ്ങളെ അറിയിച്ചു. ''ഞങ്ങളുടെ അരികിൽ ഒരു കോട്ടയെ എടുപ്പിച്ചാൽ, ഹിന്തു രാജ്യം മുഴുവനും കരസ്ഥ

മാകുവാൻ സംഗതിവരും'' എന്നു പറഞ്ഞു, ഗാമയും വളരെ പ്രസാദിച്ചു, ''നിങ്ങളെ സകല ശത്രുക്കളുടെ കയ്യിൽനിന്നും വിശേഷാൽ മുസല്മാന്മാരുടെ കയ്യിൽനിന്നും അതിക്രമത്തിൽ നിന്നും ഉദ്ധരിക്കേണ്ടതിന്നു ദൈവം മേലാൽ സംഗതി വരുത്തും; നിങ്ങൾ അല്പവും ഭയപ്പെടരുത'' എന്നരുളി സമ്മാനങ്ങളെ കൊടുത്തു വിട്ടയക്കയും ചെയ്തു.

14. ഗാമ കോഴിക്കോട്ടു വഴിയായി മടങ്ങി പോയതു

അനന്തരം ഒരു ബ്രാഹ്മണൻ രണ്ടു ഉണ്ണികളുമായി വന്നു നല്ല വിശ്വാസം കാട്ടി ''നിങ്ങൾക്ക് വിദ്യയും പ്രാപ്തിയും ശുദ്ധിയും എത്രയും അധികമായി കാണുന്നു, ഈ എന്റെ മകനെയും മരുമകനെയും പൊത്തുഗലിൽ ആക്കി വളൎത്തിയാൽ എന്റെ ജന്മം സഫലമാകും'' എന്ന മുഖസ്തുതി പറഞ്ഞു. പിന്നെ മൂവായിരം വരാഹൻ വിലയുള്ള രത്നങ്ങളെ കാണിച്ചു: ''ഇതു വഴിച്ചെലവിന്നു മതിയൊ സമ്മതമായാൽ ഞാനും കൂടെ പോരാം, പക്ഷെ ഇതുകൊണ്ടു കറുപ്പത്തോൽ വാങ്ങി വിലാത്തിയിൽ വിററാൽ ലാഭം ആകും'' എന്നിങ്ങിനെ എല്ലാം പറഞ്ഞാറെ, ഗാമ സമ്മതിച്ചു ചരക്കു വാങ്ങിക്കയെറെറണ്ടതിന്നു അനുവാദം കൊടുത്തു. പിന്നെ ബ്രാഹ്മണൻ നെഞ്ഞു തുറന്നു പറഞ്ഞു ''ഞാൻ താമൂതിരിയുടെ ഗുരുവാകുന്നു നിങ്ങൾ ചോദിക്കുന്നത എല്ലാം പാതി പണം കൊണ്ടും പാതി ചരക്കു കൊണ്ടും തീൎത്തു തരാം എന്നത്രെ രാജാവിന്റെ മനസ്സു; ഘോഷം കൂടാതെ വന്നു കണ്ടാൽ കാര്യം ഒക്കെയും വേഗം തീരും'' എന്നു കേട്ടാറെ, ഗാമ ഒരു ചെറിയ കപ്പലിൽ കൂടി കോഴിക്കോട്ടു തുക്കിലെക്ക് ഓടി അവനെ കരക്കു ഇറക്കി രാജാവെകണ്ടു ആലൊചന ചെയ്യുമാറാക്കി. അന്നു രാത്രിയിൽ തന്നെ 34 പടവുകൾ കപ്പലിന്റെ ചുററും വന്നു വളഞ്ഞു വെടി വെച്ചു തീയ്യും കൊടുത്തു പറങ്കികൾ നങ്കൂരചങ്ങല ഉടനെ അഴിച്ചു ദുഃഖെന തെററിപോകയും ചെയ്തു. അനന്തരം ഉണ്ണികളെ കണ്ടില്ല. ബ്രാഹ്മണനെ തൂക്കി ശവത്തെ താമൂതിരിക്കയെച്ചു സൊദ്രയുടെ കപ്പലുകൾ തുണക്കു വന്നപ്പൊൾ വളരെ നാശങ്ങളെയും ചെയ്തു.

ഗാമ കപ്പലുകളൊടു കൂടെ വിലാത്തിക്കു പുറപ്പെടുമാറായപ്പൊൾ പെരിമ്പടപ്പിനൊടു 30 പറങ്കികളെ പാൎപ്പിച്ചു വിടവാങ്ങിയപ്പൊൾ രാജാവ് ''നിങ്ങൾ എന്നെക്കുറിച്ചു സംശയിച്ചതാകകൊണ്ടു ഞാൻ ഉണ്ടായിട്ടുള്ളത ഒക്കെയും പറഞ്ഞില്ല, ഇപ്പൊൾ പറയെണ്ടി വന്നു; താമൂതിരി ഓരൊരൊ ബ്രാഹ്മണരെ അയച്ചു പറങ്കികൾ ചതിയന്മാരാകകൊണ്ടു അവരെ നിഗ്രഹിക്കണം എന്നുപദേശം പറയിച്ചു ഞാൻ വഴങ്ങായ്കയാൽ താമൂതിരി സ്നേഹമൊ പൊത്തുഗൽ സ്നേഹമൊ എന്തു വേണ്ടു എന്ന ചോദിച്ചതിന്നു നയം കൊണ്ടു ചെയ്യാത്തതു ഞാൻ ഭയം കൊണ്ടു ചെയ്കയില്ല എന്ന് ഉത്തരം അയച്ചിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ യാത്രയായതിന്റെ ശേഷം താമൂതിരി

പടയോടും കൂടെ വന്നതിക്രമിക്കും ഞങ്ങളെ.നായർ മാപ്പിള്ളമാരൊട കൈക്കൂലി വാങ്ങി അങ്ങെ പക്ഷം നില്ക്കും എന്ന തോന്നുന്നു. ഭയം കൊണ്ടല്ല ഞാൻ ഇതിനെ പറയുന്നു; നിങ്ങളുടെ ആളുകളെ രക്ഷിക്കേണ്ടതിന്നു എന്നാൽ ആവതെല്ലാം ചെയ്യാം; രാജ്യഭ്രംശത്താലും എനിക്ക് വേദന ഇല്ല'' എന്ന പറഞ്ഞപ്പൊറ, ഗാമ ''സങ്കടപ്പെടരുതെ; ഞാൻ സൊദ്രയെ 6 കപ്പലോട കൂട ഇവിടെ പാർപ്പിക്കും,കോഴിക്കോട്ടിന്നു വേഗം താഴ്ചവരും'' എന്നു ചൊല്ലി പുറപ്പെട്ടു, ഓടി പന്തലായിനി ത്തുക്കിൽ കോഴിക്കോട്ടു കപ്പലുകളെ തകർത്തു അതിമൂല്യമായ ഒരു സ്വർണ്ണബിംബത്തെ കൈക്കലാക്കി കണ്ണന്നൂർ പാണ്ടിശാലയിൽ 20 പറങ്കികളെ പാർപ്പിച്ച കോലത്തിരിയും പെരിമ്പടപ്പും ഒത്തിരിക്കേണ്ടതിന്നു സത്യം ചെയ്യിച്ചു (1502) യുരോപ്പിലേക്ക് ഓടുകയും ചെയ്തു.

15. താമൂതിരിയും പെരിമ്പടപ്പുമായി പടകൂടിയത

ഗാമ പോയ ഉടനെ താമൂതിരി പൊന്നാനി അരികിൽ 50,000 നായന്മാരെ ചേർത്തു ''പറങ്കികളെ ഏല്പിച്ചില്ല എങ്കിൽ കഠോരയുദ്ധമുണ്ടാകും'' എന്നു കൊച്ചിയിൽ അറിയിച്ചപ്പോറ, കൊച്ചിക്കാർ മിക്കവാറും ''ഇതു നമുക്ക് ധർമ്മമല്ലൊ പറങ്കികറ അന്യന്മാരും ഡംഭികളും ആകുന്നു; അവരെ കെട്ടി താമൂതിരി കൈക്കൽ ഏല്പിക്കേണം'' എന്ന പറഞ്ഞത രാജാവ് സമ്മതിച്ചില്ല എങ്കിലും കൊച്ചിയിൽ ഉള്ള പറങ്കികറ പേടിച്ചു സൊദ്രയൊട ''നീ കപ്പലോടും കൂട ഞങ്ങറക്ക് തുണപ്പാൻ നില്ക്കേണമെ'' എന്നു അപേക്ഷിച്ചിട്ടു അവൻ മക്കക്കപ്പലുകളെ പിടിക്കേണം എന്നുവെച്ചു പുറപ്പെട്ടു, ചെങ്കടലിൽ ഓടി വളരെ കൊള്ളയിട്ടു, അറവി കരക്ക എത്തിയപ്പൊറ കൊടുങ്കാററിനാൽ താനും കപ്പലും ആളും ഒട്ടൊഴിയാതെ നശിച്ചുപോകയും ചെയ്തു. അതുകൊണ്ടു പറങ്കികറക്ക പെരിമ്പടപ്പിന്റെ ഗുണമനസ്സല്ലാതെ ഒരു തുണയും ശേഷിക്കാതെ ഇരിക്കുമ്പൊറ, കൊച്ചിയിലെ കൈമ്മന്മാരും മാപ്പിള്ളദ്രവ്യം വാങ്ങി രാജാവെ ദ്രോഹിച്ചു, താമൂതിരിയുടെ പക്ഷംതിരിഞ്ഞു. ആയവൻ തന്റെ നായന്മാരോട ''മാപ്പിള്ളമാർ വന്നു കുടിയേറി വ്യാപാരം ചെയ്കതിനാൽ കോഴിക്കോട്ടു ഭാരതഖണ്ഡത്തിലെ മികച്ച നഗരമായി വർദ്ധിച്ചിരിക്കുന്നുവെല്ലൊ. ഈ പറങ്കികറ ഞങ്ങളെ ഒടുക്കുവാൻ വന്ന നാറ മുതൽ പെരിമ്പടപ്പു നമ്മുടെ മേല്കോയ്മയെ വെറുത്തു; അവരോട മമത ചെയ്തു ചേർന്നിരിക്കുന്നു; അവനെ ശിക്ഷിപ്പാൻ പുറപ്പെടുന്നു'' എന്നു കല്പിച്ചത് എല്ലാവക്കും സമ്മതമായി. അവന്റെ മരുമകനായ നമ്പിയാതിരി മാത്രം ''നമുക്കു മാപ്പിള്ളമാരെ വിശ്വസിപ്പാൻ പാടില്ല; അവർ പട വേണം എന്നു മുട്ടിച്ചു വിളിക്കുന്നു; പടയുണ്ടായാലൊ മണ്ടിപ്പോകുന്നു. പെരിമ്പടപ്പു മാത്രമല്ല കോലത്തിരിയും വേണാടടികളും ആ പറങ്കികളെ ചേർത്തുകൊണ്ടിരി

കുന്നു; ഇപ്പൊാം കൊച്ചിയുടെ നേരെ പുറപ്പെട്ടാൽ കോലത്തിരിയൊളം അതിന്നു ശേഷിപോരാഞ്ഞിട്ടാകുന്നു എന്നു ലോകാപവാദം വരും നിശ്ചയം. പെരിമ്പടപ്പു ആണ്ടു തോറും കപ്പം അയച്ചു പോരുന്നുവല്ലൊ, എന്തിന്നു അവരെ ഉപദ്രവിക്കുന്നു. അവിടെ ഉള്ള പത്തിൽ ചിലവാനം പറങ്കികളെ കൊന്നാലും കടല്ക്കപ്പുറം ഉള്ളവരെ കൊല്ലുവാൻ കഴിയുമോ? അതുകൊണ്ടു പട വേണ്ടാ എന്ന എന്റെ പക്ഷം'' എന്നു് പറഞ്ഞു. മററുള്ളവർ പറഞ്ഞു: ''അമ്പതിനായിരം ആളെ ചേൎത്തശേഷം, വെറുതെ മടങ്ങിചെന്നാൽ വലിയ അപമാനമല്ലൊ?'' എന്നതുകൊണ്ടു അവർ പുറപ്പെട്ടു ഇടപ്പള്ളിയിൽ വന്നു ചെറുവെപ്പി, കമ്പളം, ഇടപ്പള്ളി മുതലായ കൈമ്മന്മാർ ഉടനെ താമൂതിരിയെ ചേൎന്നു, കൊച്ചിനായന്മാരും ദിവസേന ചിലർ അങ്ങെ പക്ഷം തിരികയും ചെയ്തു. അനന്തരം പെരിമ്പടപ്പു വിഷാദിച്ചപ്പൊാം പൊൎത്തുഗീസർ ''ഞങ്ങളെ കണ്ണനൂരിലേക്കു് അയച്ചാൽ കൊള്ളാം, ഞങ്ങാം നിമിത്തം തോററു പോകരുതെ''! എന്നു അപേക്ഷിച്ചാറെയും ''വിശ്വാസഭംഗത്തെക്കാളും രാജ്യഛേദം നല്ലൂ. നിങ്ങാംക്ക മാത്രം അപായം വരരുതു'' എന്നു കല്പിച്ചു നായന്മാരെ കാവൽ വെച്ചു 5,500 പടയാളികളൊടും കൂടെ തന്റെ മരുമകനായ നാരായണനെ മറുതലയെക്കൊള്ളെ നിയോഗിക്കയും ചെയ്തു.

16. പെരിമ്പടപ്പു തോററതു

പെരിമ്പടപ്പു വഴിപ്പെടാഞ്ഞു ചേററുവാക്കടവിനെ രക്ഷിപ്പാൻ നാരായണൻ എന്ന പ്രസിദ്ധവീരനെ ആക്കിയതു കൊണ്ടു താമൂതിരി ദെഷ്യപ്പെട്ടു (1503. എപ്രെൽ 2) കടവു കടപ്പാനായിക്കൊണ്ടു പൊരുതുടങ്ങി, പലരും മരിച്ചാറെ, ആവതില്ല എന്നു കണ്ടു മററെ ദിക്കിൽ നാശങ്ങളെ ചെയ്യിച്ചു, നാരായണനെ ഇളക്കിയതുമില്ല. അപ്പൊാം ഒരു ബ്രാഹ്മണൻ കൊച്ചിക്കു് വന്നു പെരിമ്പടപ്പിന്റെ ചെകവൎക്ക ചെലവു കൊടുക്കുന്നൊരു മേനവനെ കണ്ടു കൈക്കൂലി കൊടുത്തു, അവനും ദീനമുണ്ടു എന്ന വ്യാജം പറഞ്ഞു നെല്ലും യാവനയും അയക്കായ്കകൊണ്ടു നായന്മാർ വിശപ്പു സഹിയാഞ്ഞു, പാതി അംശം നാരായണനെ ചെന്നു കണ്ടു ''ഞങ്ങാംക്കു് തെക്ക പോയി മേനവനോടു വൃത്തി ചോദിക്കേണ്ടതിന്നു ഒരു രാത്രി കല്പന തരേണം'' എന്നു യാചിച്ചു പുറപ്പെട്ടു. മേനവൻ കൌശലം കൊണ്ടു അവരെ നട്ടുച്ചയൊളം താമസിപ്പിക്കയും ചെയ്തു. അന്നു താമൂതിരി കരവഴിയായും കടൽവഴിയായും എതിരിട്ടു കടവു കടന്നു. നാരായണൻ രണ്ടു് മരുമക്കളോടും കൂടെ അമ്പുമാരിയാൽ പട്ടുപോകയും ചെയ്തു.

ആയതു പെരിമ്പടപ്പു കേട്ടപ്പോാം, മോഹാലസ്യമായി വീണു; ബോധം വന്ന ഉടനെ ''ഇതു കൎമ്മഫലമത്രെ. ഇന്നു ഇനിക്കും പിന്നെ താമൂതിരിക്കും പററും. പൊൎത്തുഗീസരെ ഒരു ചേതം വരാതെ വൈപ്പിൽ തന്നെ പാൎപ്പിക്കേണം എന്നു കല്പിച്ചു. ആ വൈപ്പിൽ

കോട്ടയും സങ്കേതവും ഉണ്ട, അതിലെ കൈമ്മൾ സകല ഇടപ്രഭുക്കൻമാരിലും പെരിമ്പടപ്പിന്നു വിശ്വാസം ഉള്ളവൻ തന്നെ. പെരിമ്പടപ്പസ്വരൂപക്കാർ മുതലായവർ പൊത്തുഗീസരുമായി അവിടെ വാങ്ങി പാർത്തപ്പോൾ, താമൂതിരിരാജ്യം പാഴാക്കി കൊണ്ട കൊച്ചിയെ കൊള്ളെ ചെന്നു. നാട്ടുകാർ പലരും സ്വാമിദ്രോഹികളായി പട്ടണത്തുനിന്ന പാഞ്ഞു പോയപ്പോൾ, ഇതല്യർ ഇരുവരും താമൂതിരിക്ക് ആളയച്ചു "ഞങ്ങൾ പറങ്കികളുടെ കപ്പലാൽ വന്നവർ എങ്കിലും പൊത്തുഗീസ വംശക്കാരല്ല; ഞങ്ങൾക്ക വൃത്തിക്ക് കൊടുത്താൽ നിങ്ങളുടെ നിഴൽ ആശ്രയിച്ച തോക്ക വാത്തുണ്ടാക്കുന്ന പണിയെ പഠിപ്പിച്ച തരാം, എങ്കിലെ വെള്ളക്കാരോട എതൃത്തു നില്ക്കാവു" എന്ന് ഉണത്തിച്ച താമൂതിരിയുടെ അഭയവാക്കവാങ്ങി രാത്രികാലത്തുവിട്ടോടി കോഴിക്കോട്ടു വന്നു. മാററാന്മാർ കൊച്ചിമതിലിന്ന സമീപിച്ച എത്തിയപ്പോൾ, പിന്നെയും പടയുണ്ടായി, താമൂതിരി ജയിച്ച പട്ടണത്തിൽ കയറി തീകൊടുക്കയും ചെയ്തു. പെരിമ്പടപ്പ താൻ മുറിയേററു പണിപ്പെട്ടൊഴിഞ്ഞു വൈപ്പിൽ വന്ന ധൈര്യത്തോടെ എതിർ പൊരുതു തുരുത്തിയെ രക്ഷിക്കയും ചെയ്തു.

17. പൊർത്തുഗീസർ പ്രതിക്രിയ ചെയ്തത്

അപ്പോൾ, ഇടവമാസത്തിലെ മഴ വന്നു, താമൂതിരിയും കൊച്ചിക്കോട്ടയിൽ നായന്മാരെ പാർപ്പിച്ച ഓണം കഴിഞ്ഞാൽ പിന്നെയും വരാം എന്ന കല്പിച്ച കൊടുങ്ങല്ലൂരെക്ക വാങ്ങി പോകയും ചെയ്തു. മാപ്പിള്ളമാരും ബ്രാഹ്മണരും ജയസന്തോഷത്താൽ ആ വർഷകാലത്ത എത്ര നേർച്ചകളും തിറകളും ഘോഷിച്ച സദ്യകളും നടത്തി എന്ന പറഞ്ഞു കൂടാ; മറിയ അന്തോണി എന്ന ആ ഇതല്യർ ഇരുവരും തൊപ്പി ഇട്ട മാപ്പിള്ളച്ചികളെ കെട്ടി വസിച്ചു; അനേകം തോക്കുകളെ വാർത്തുണ്ടാക്കി വെടിവെക്കുന്നതിൽ അഭ്യാസം കഴിപ്പിക്കയും ചെയ്തു. ഇനി കേരളം മുഴുവനും അണഞ്ഞനാടുകളും താമൂതിരിക്ക് അധീനമാകും എന്ന ജ്യോതിഷക്കാർ ലക്ഷണം പറകയും ചെയ്തു.

1503 ചിങ്ങമാസത്തിൽ തന്നെ അൾബുകെൎക്ക് എന്ന വീരൻ 6 കപ്പലുകളോടും കൂടെ കണ്ണനൂരിൽ എത്തി, സോദ്രയും കപ്പലും മുടിഞ്ഞതും പെരിമ്പടപ്പ തോററതും എല്ലാം കോലത്തിരി മുഖേന കേട്ട കാലം വൈകാതെ കൊച്ചിക്ക് ഓടി (സെപ്ത.2.) ശനിയാഴ്ച രാത്രിയിൽ എത്തിയപ്പോൾ, വൈപ്പിൽ ഉള്ളവർ എല്ലാവരും രാത്രി മുഴുവൻ വാദ്യഘോഷം പ്രയോഗിച്ച സന്തോഷിക്കുന്നതിന്നിടയിൽ താമൂതിരിയുടെ ആയുധക്കാർ ഭയപ്പെട്ട കൊച്ചിക്കോട്ടയെ വിട്ടു ഓടുകയും ചെയ്തു. ഞായറാഴ്ച, രാവിലെ കപ്പൽ ആറും പുഴക്കകത്തു കൊണ്ട വെച്ചു, തിങ്കളാഴ്ച, കപ്പിത്താൻ കരക്കിറങ്ങി പുഴവക്കത്തു വെച്ച പെരിമ്പടപ്പുമായി കണ്ട സംഭാഷണം കഴിക്കയും ചെയ്തു. പൊത്തു

ഗൽ പൊൎത്തുഗാൽ എന്നും കൊച്ചി കൊച്ചി എന്നും ആരവാരങ്ങൾ ഉണ്ടായതിന്നിടയിൽ രാജാവ് അജ്ഞാനാചാരമെല്ലാം വെടിഞ്ഞു, കണ്ണീർ വാൎത്തു കപ്പിത്താനെ ആശ്ലേഷിച്ചു. ഇനി കൊച്ചിക്കാർ ''ഞങ്ങൾ വെറുതെ അല്ല ദുഃഖിച്ചത എന്നു കാണ്മാൻ സംഗതി വന്നു'' എന്നു പറഞ്ഞു സന്തോഷിച്ചു. കപ്പിത്താൻ രാജാവിന്റെ ദാരിദ്ര്യം വിചാരിച്ചു ഉടനെ 10000 വരാഹൻ കൊടുക്കയും ചെയ്തു. രാജാവും അൾബുകെൎക്കും കൊച്ചിയിൽ പ്രവേശിച്ചു ഉടനെ പറങ്കികൾ സ്വാമിദ്രോഹികളായ ഇടവകക്കാരെ ശിക്ഷിപ്പാൻ ഓടങ്ങളിൽ പുറപ്പെട്ടു ചെറുവൈപ്പിലെ നായന്മാർ അമ്പും ചവളവും വളരെ പ്രയോഗിച്ചിട്ടും കരക്കിറങ്ങി പൊരുതു ജയിച്ചു കമ്മളുടെ മാടത്തെ വളഞ്ഞു അവനെയും വെട്ടിക്കൊന്നു മാടം ഭസ്മമാക്കുകയും ചെയ്തു. ഇടപ്പള്ളിയിൽ വെച്ചു തകൎത്ത പോർ ഉണ്ടായി 500 വില്ലാളികളും കടവിൽ കാത്തുനിന്നു എങ്കിലും അവിടെയും പൊൎത്തുഗീസർ പ്രവേശിച്ചു ഊർ പിടിച്ചു കൊച്ചിനായന്മാർ അതിനെ കൊള്ളയിടുകയും ചെയ്തു.

18. അൾബുകെൎക്ക കൊച്ചിയിൽ കോട്ടകെട്ടിച്ചതു

അനന്തരം പെരിമ്പടപ്പു ''നിങ്ങൾ എന്നെ രക്ഷിച്ചു പ്രതിക്രിയ ചെയ്തും ഇരിക്കുന്നു; ഞാൻ പ്രത്യുപകാരം എന്തു ചെയ്യേണ്ടു?'' എന്നു ചോദിച്ചാറെ, ''പാണ്ടിശാലയുടെ രക്ഷക്കായി ഒരു കോട്ട എടുപ്പിപ്പാൻ സ്ഥലം തരേണം'' എന്നുണൎത്തിച്ചാറെ, രാജാവ് പുഴവായിൽ തന്നെ ഒരു കുന്നും പണിക്കു വേണ്ടുന്ന മരങ്ങളും കൊടുത്തു. അൾബുകെൎക്ക ഉടനെ സകല പൊൎത്തുഗീസരെ കൊണ്ടു പണി എടുപ്പിച്ചു, തെങ്ങു മുതലായ മരങ്ങളെ ഇരുമ്പുപട്ടകളെ ചേൎത്തു ചുവരാക്കി നടുവിൽ കല്ലും മണ്ണും ഇട്ടു നികത്തി കോട്ടയാക്കി ക്ഷണത്തിൽ തീൎക്കയും ചെയ്തു. (കന്നി 1503ാം) ആ വേല കാണ്മാൻ രാജാവു താൻ ചിലപ്പോൾ വന്നു ''ഇവർ അന്യന്മാർ എങ്കിലും മഴയും വെയിലും സഹിച്ചു അദ്ധ്വാനിക്കുന്ന കഷ്ടം! എന്തു കൂലിക്കാരെക്കൊണ്ടു ചെയ്യിക്കാതു?'' എന്നു ചൊല്ലി അതിശയിച്ചു നോക്കിനിന്നു. പറങ്കികൾ കോട്ടയെ തീൎത്തപ്പോൾ ''മാനുവെൽ കോട്ട എന്നു പേരും ഇട്ടു'' വലിയ ക്രൂശെ പെരിങ്കുടക്കീഴിൽ എഴുന്നെള്ളിച്ചു പ്രദക്ഷിണം കഴിച്ചു, കോട്ടയുടെ നടുവിൽ ഉള്ള ബൎത്തൊലൊമായ എന്ന മരപ്പള്ളിയിൽ പ്രവേശിച്ചപ്പോൾ, ഗാസ്പൊൻ എന്ന പ്രഞ്ചിസ്കാനപാതിരി ''ഇന്നല്ലൊ നമ്മുടെ ദൈവത്തിന്നു ഹിന്തുരാജ്യത്തിൽ വരുവാൻ ഒരു വാതിൽ തുറന്നു; അതിന്നു നിത്യം സ്തുതിച്ചു അറിവില്ലാത്ത ജാതികളോടു യേശുവെ അറിയിക്കേണം; ഇത്രോളം തുണ നിന്ന് പെരിമ്പടപ്പിന്റെ ഗുണവൃദ്ധിക്കായിട്ടും ഇവിടെ വെച്ചു നിത്യം പ്രാൎത്ഥിക്കേണം'' എന്നു പ്രസംഗിച്ചു. ആയത് എല്ലാം പെരിമ്പടപ്പു കണ്ടും കേട്ടും അൎത്ഥം ചോദിച്ചറിഞ്ഞും സന്തോഷിച്ചു; ''ഇതു ഒക്കയും നല്ലതു തന്നെ'' എന്നു കല്പിക്കയും ചെയ്തു.

അതിൻെറ ശേഷം മത്സരിച്ച നായന്മാരുമായി ഓരൊ ചെറുയുദ്ധങ്ങൾ ഉണ്ടായപ്പൊൾ, താമൂതിരി ഈ പറങ്കികൾക്ക് ഒരുവട്ടം മാത്രം മുളകുചരക്ക കൊടുക്കാതെ വിട്ടയച്ചാൽ, പിന്നെ ഇങ്ങോട്ടു വരികയില്ല എന്ന വെച്ചു കൊച്ചിക്ക് ചുററുമുള്ള എല്ലാ ദേശങ്ങളിൽനിന്നും മുളകു താൻ വാങ്ങിയും മററവക്ക വില്ക്കാതെ ആക്കിയും പോന്നതും അല്ലാതെ, കൊച്ചിക്കച്ചവടക്കാരെയും വശത്താക്കി അവരും പറങ്കികളൊടു ''അയ്യൊ! നിങ്ങളുടെ തീരാത യുദ്ധം നിമിത്തം മുളകു ഒട്ടും വരുന്നില്ല, ഞങ്ങൾ എന്തു ചെയ്യെണ്ടു'' എന്ന വ്യാജമായി ദുഃഖിച്ചു പറഞ്ഞാറെ, സേനാപതി പശെക എന്ന വീരനെ തൊണികളൊടു കൂടെ പുഴവഴിയായയച്ചു. ആയവൻ പല ദിക്കിലും ശൂരത കാട്ടി കമ്പളം എന്ന ദേശത്തിൽ ഇറങ്ങിയാറെ, നായന്മാർ കൂവിട്ടു കൊണ്ടു എവിടെനിന്നും വന്നു കൂടി ചെറുത്തു നിന്നിട്ടും ശത്രു മദ്ധ്യത്തൂടെ കടന്നു നാടു പാഴാക്കി ഓരോരൊ ചരക്കുകളെ കൈക്കലാക്കി എങ്കിലും ഒരു കപ്പൽ നിറപ്പാൻ മാത്രം ഉണ്ടായിവന്നില്ല. അതുകൊണ്ടു അൾബുകെക്ക കൊല്ലനഗരത്തിലേക്ക് ഓടി ഇറങ്ങി ചരക്ക അന്വേഷിപ്പാൻ സംഗതി വന്നു.

കണ്ണനൂർ, കൊച്ചി ഈ രണ്ടു സ്ഥലങ്ങളെക്കാളും കൊല്ലത്തു കച്ചവടം അധികം ശുഭമായി വന്നു; ചോഴമണ്ഡലം, സിംഹളം, വങ്കാളം, മലാക്ക മുതലായ തീരങ്ങളിൽനിന്നു കപ്പലും പടകും നിത്യം വരുമാറുണ്ടു; അന്നു ഗോവദ്ധന രാജാവ് വേണാടു വാണു കൊണ്ടിരുന്നു. പാണ്ടിരാജ്യത്തിൻെറ തെക്കെ അംശം അവൻെറ സ്വാധീനത്തിൽ ആയി. അവിടെ കായൽ എന്ന പട്ടണത്തിൽ തമ്പുരാൻെറ വാസം ഉണ്ടു; രാജാവിൻെറ കീഴിൽ വില്ലു പ്രയോഗിക്കുന്ന 300 സ്ത്രീകൾ ചേകം ചെയ്തിരിക്കുന്നു എന്നും കേൾക്കുന്നു.

19. അൽബുക്കെർക്ക കൊല്ലത്തിൽ വ്യാപരിച്ചത

അന്നു കൊല്ലനഗരത്തിൽ വേണാട്ടടികളുടെ കാര്യക്കാരനായ നമ്പിയാതിരി പറങ്കിക്കപ്പൽ വന്നു എന്നു കേട്ടു ഉടനെ ചെന്നു എതിരേററു മാനത്തോടെ കൈക്കൊണ്ടു രാജാവെ ഉണർത്തിപ്പാൻ ആൾ അയക്കയും ചെയ്തു. കൊല്ലംമുതൽ കന്യാകുമാരിപര്യന്തം 24 കാതം വേണാടും പാണ്ടിക്കര 30 കാതത്തിൽ അധികവും അവൻെറ കൈവശമാകകൊണ്ടും ഈഴത്തുനിന്നും കപ്പം കിട്ടുകകൊണ്ടും ആനഗുണ്ടി നരസിംഹരായരൊടു പട കൂടുവാൻ ഒട്ടും മടുക്കാത്തവൻ ആകകൊണ്ടും അൾബുകെക്ക വിനയത്തോടെ കാര്യാദികളെ ബോധിപ്പിച്ചു പ്രസാദം വരുത്തി. രാജാവും താമൂതിരിയുടെ മന്ത്രണത്തിന്നു ചെവി കൊടുക്കാതെ വിചാരിച്ചു, പറങ്കികൾ വന്നു പാണ്ടിശാല എടുപ്പിച്ചു പാർത്തു കച്ചവടം ചെയ്യുന്നതിന്നു വിരോധം ഏതും ഇല്ല എന്നുത്തരം കല്പിക്കയും ചെയ്തു. തല്ക്കാലത്തിൽ ആവശ്യമായ മുളകിനെ മന്ത്രികൾ താമസം കൂടാതെ കൊടുപ്പാൻ നിശ്ചയിച്ചതുമല്ലാതെ,

നസ്രാണിവ്യാപാരികൾ അതിന്നായി നന്നെ ഉത്സാഹിച്ചു, വേണ്ടുന്നത ഒക്കെയും എത്തിക്കയും ചെയ്തു. അതുകൊണ്ടു അംബ്രുക്കെക്ക് വേണാടു മന്ത്രികളോട സമയവും സത്യവും ചെയ്തു. ദസാ എന്ന മേധാവിയെ കൊണ്ടു കൊല്ലത്തു പാണ്ടിശാലയെ എടുപ്പിച്ചു, ഇവിടെ അറവികൾ ഇല്ല; ചില ചോനകന്മാരല്ലാതെ മുസല്മാനരും ഒട്ടും ഇല്ലല്ലൊ, ക്രിസ്ത്യാനർ 6000 കുടി ഉണ്ടെന്നു കേൾക്കുന്നു, അതു നമുക്ക എത്രയും അനുകൂലം, ഇവരുമായി കലശൽ ഒന്നും സംഭവിക്കാതെ കണ്ടു, ഐക്യപ്പെട്ടു കാര്യം എല്ലാം അവരൊടു ഒന്നിച്ചു വിചാരിച്ചു നടത്തെണം എന്നും ഉപദേശം പറഞ്ഞു. നസ്രാണികൾക്ക ദിവസേന വിശ്വാസം വർദ്ധിച്ചപ്പൊൾ, നായന്മാരാൽ തങ്ങൾക്ക സംഭവിച്ച ന്യായക്കേടു പലവിധം അവർ ബോധിപ്പിച്ചു; അംബ്രുകെക്ക് അവൎക്കവേണ്ടി അപേക്ഷിച്ചതിനാൽ, അവർക്ക മുമ്പെത്ത ക്രമപ്രകാരം സ്വജാതിക്കാർ മാത്രം ന്യായം വിസ്തരിക്കേണ്ടിയവർ എന്നു വ്യവസ്ഥ വരുത്തി മററു ചില സങ്കടങ്ങളെ ശമിപ്പിക്കയും ചെയ്തു. ആകയാൽ നസ്രാണികൾ സന്തോഷിച്ചു പറങ്കികൾക്ക് പള്ളിയെ കാട്ടി ഇത് തോമാശ്ലീഹാ കെട്ടിയത തന്നെ എന്നും പുണ്യവാളർ ഇരുവരും ഇവിടെ മണ്മറഞ്ഞു കിടക്കയാൽ എത്രെയും പുണ്യമായ സ്ഥാനം എന്നും ചൊല്ലി ഏല്പിച്ചു കൊടുക്കയും ചെയ്തു. അംബ്രുക്കെർക്ക് ദസാ എന്ന മൂപ്പനൊടു കൂടെ 20 ആളുകളെ പാണ്ടിശാലയിൽ പാപ്പിച്ചതിൽ ഒരു ദോമിനിക്ക് സന്യാസിയും ഉണ്ടു; അവന്നു റൊദ്രീഗ് എന്ന പേർ ഉണ്ടു; ആയവൻ ആ പള്ളിയെ പുതുതാക്കി പ്രാൎത്ഥിച്ചും പ്രസംഗിച്ചും ഓരൊരൊ നാട്ടുകാരെ സ്നാനത്താൽ സഭയോടു ചേർക്കയും ചെയ്തു. മൂപ്പതും നാല്പതും വയസ്സുള്ളവർ അനേകർ അതിനെ കേട്ടാറെ, റൊദ്രീഗിനെ ചെന്നു കണ്ടു "ഞങ്ങൾ നസ്രാണികൾതന്നെ; ചെറുപ്പത്തിൽ സ്നാനം ഉണ്ടായൊ എന്നറിയുന്നില്ല; വളരെ കാലം ഇവിടെ മൂപ്പന്മാർ ഇല്ലാഞ്ഞു ഞങ്ങൾ നാട്ടുകാരെ പോലെ ആയിപോയി കഷ്ടം! നിങ്ങളുടെ വരവിനാൽ രാജോപദ്രവവും അജ്ഞാനവും മറഞ്ഞുപോയി, ദൈവത്തിന്നു സ്തോത്രം" എന്നു സന്തോഷിച്ചു പറഞ്ഞു. സ്നാനമേററു പറങ്കികളുടെ ഘോഷമുള്ള പ്രാൎത്ഥനകളിൽ കൂടുകയും ചെയ്തു. ഇങ്ങിനെ പൊൎത്തുഗസെക്ക കൊല്ലത്തും നല്ല പ്രവേശനം വന്നതിന്റെ ശേഷം അംബ്രുകെർക്ക (1504 ജന.12) ചരക്ക നിറഞ്ഞ കപ്പലോടും കൂടെ പുറപ്പെട്ടു കൊച്ചിയിൽ എത്തുകയും ചെയ്തു.

20. പൊർത്തുഗലും താമൂതിരിയും അല്പം സന്ധിച്ചതു

കണ്ണനൂർ, കൊച്ചി, കൊല്ലം ഇങ്ങിനെ മൂന്നു സ്ഥലത്തും പറങ്കികൾക്ക കച്ചവടം നടക്കുന്നു എന്നും കോഴിക്കോട്ടു മാത്രം നിത്യകലഹവും അനവധിനാശവും ദുർഭിക്ഷവും വന്നു പററി ഇരിക്കുന്നു

എന്നു വിചാരിച്ചു താമൂതിരി അനുജനെ അനുസരിച്ചു അറംബുകെക്കി ന്നു ആളയച്ചു ''നമുക്കു സ്നേഹം വേണം, ഇനി ഒരുനാളും വിരോധം അരുത്, അതിന്ന എന്തു വേണ്ടിയത?''എന്നു ചോദിച്ചപ്പോൾ ''1) കവർന്നു പോയതിന്ന പകരമായി താമൂതിരി 900 കണ്ടി മുളക ഇ ങ്ങോട്ടു തന്നെക്കണം 2.) കോഴിക്കോട്ടുള്ള ചോനകന്മാർക്ക മക്കമി സ്രകളോടുള്ള കച്ചവടം ഇനി അരുത. 3) പെരിമ്പടപ്പും താമൂതി രിയും നിത്യം ഇണങ്ങിക്കൊണ്ടിരിക്കണം. 4.) കൊച്ചിയിൽ നി ന്നു അങ്ങോട്ടു ഓടി ആശ്രയിച്ചു പോയ രണ്ടു വെള്ളക്കാരെ ഇങ്ങു ഏ ല്പിച്ചു തരെണം'' എന്നിങ്ങനെ അറംബുകെർക്ക കല്പിച്ച സന്ധി വിവരം ''ആശ്രിതന്മാരെ ഒരു നാളും കൈവിട്ടു കളവാൻ കഴികയി ല്ല; ശേഷം എല്ലാം ചെയ്യാം, ഇതു മാത്രം എനിക്ക എത്രയും മാനക്കു റവാകുന്നു'' എന്ന താമൂതിരി ഉത്തരം പറഞ്ഞതിൽ പിന്നെ അറംബു ക്കെർക്ക് ''വേണ്ടതില്ല, വെള്ളക്കാർ ഇരുവരും കോഴിക്കോട്ട് സു ഖിച്ചു പാർക്കട്ടെ'' എന്നു സമ്മതിച്ചാറെ, ഇരുപക്ഷക്കാരും നിരപ്പാ കയും ചെയ്തു. അതിനാൽ മുസല്മാനർക്കുണ്ടായ ദ്വേഷ്യം ആർക്കും പറഞ്ഞു കൂടുമൊ? ചിലർ ഉടനെ കുഞ്ഞികുട്ടികളെ ചേർത്തുകൊണ്ടു കോഴിക്കോട്ട നിന്ന പുറപ്പെട്ടു പോയി. നമ്പിയാതിരി താമസം കൂടാതെ, കൊടുങ്ങല്ലൂരിൽവന്നു അവിടെയുള്ള ചേകവരെ നാട്ടിലെ ക്ക് വിട്ടയച്ചു, താൻ വാഗ്ദത്തപ്രകാരം മുളകു വെച്ചു കൊടുപ്പാൻ തുടങ്ങുകയും ചെയ്തു.

അപ്പൊൾ കച്ചവടത്തിന്നും ക്രിസ്തമാൎഗ്ഗത്തെ അറിയിക്കുന്നതി ന്നും നല്ല പാങ്ങുണ്ടായതു നിമിത്തം പൊർത്തുഗീസർ പലരും സ ന്തോഷിക്കുമ്പൊൾ തന്നെ എല്ലാം അബദ്ധമായി പോയി. ഒരു രാ ത്രിയിൽ മുളകു കയററിയ ഒരു തൊണി പൊർത്തുഗൽ പടകിനോടു സമീപിച്ചപ്പൊൾ, ഇങ്ങു വരുവിൻ മുളകു എല്ലാം ഇങ്ങു വേണം എന്ന വിളിച്ചതിന്ന് മലയാളികൾ അങ്ങിനെയല്ല ഇതു കൊടുങ്ങ ല്ലൂരിലെക്ക് എത്തിക്കേണ്ടുന്ന ചരക്കാകുന്നു എന്നുത്തരം പറഞ്ഞു തണ്ടുവലിച്ചോടിയാറെ, പൊർത്തുഗീസർ ഇതു കളവു എന്ന നിരൂ പിച്ചു കലശൽ തുടൎന്നു തോണി പിടിച്ചു ഒരാളെ കൊല്ലുകയും ചെയ്തു.

പലർക്കും മുറി ഏററിരിക്കുന്നു എന്നും ആറാൾ മരിച്ചു എന്നും ചില പറങ്കി ഗ്രന്ഥങ്ങളിൽ കാണുന്നു. അതിന്ന താമൂതിരി ഉത്തരം ചോദിച്ചപ്പൊൾ പറങ്കികൾ നാണത്തെ മറച്ചു അഹങ്കരിച്ചു; നമ്പി യാതിരി സ്നേഹരക്ഷക്കായി എത്ര ഉത്സാഹിച്ചിട്ടും താമൂതിരി ''ഈ പറങ്കികളെ വിശ്വസിച്ചു കൂടാ'' എന്ന് വെച്ചു പടക്ക് പിന്നെയും വട്ടം കൂട്ടുകയും ചെയ്തു.

21. പശെകു പെരിമ്പടപ്പിന്റെ രാജ്യം രക്ഷിച്ചു തുടങ്ങിയത

അറംബുകെക്ക മലയാളത്തിൽനിന്ന വിട്ടുപോകും മുമ്പെ പൊത്തുഗലിൽ ചങ്ങാതിയായ കോയപക്കി കോഴിക്കോട്ടുനിന്ന വൎത്തമാനം അറിയിപ്പാൻ ചൊല്ലി വിട്ടതിപ്രകാരം: ''ആപത്തു വരുമാറായി ഈയാണ്ടെ മഴക്കാലം പെരുമാരിയായി തീരും. നമ്പിയാതിരി സമാധാനരക്ഷക്കായി അദ്ധ്വാനിക്കുന്നു എങ്കിലും താമൂതിരിയും മാപ്പിള്ളമാരും ശേഷം മഹാലോകരും വെള്ളക്കാരെ ഒടുക്കിക്കളെവാൻ നിശ്ചയിച്ചിരിക്കുന്നു. കോലത്തിരിയും വേണാടടികളും തക്കം നോക്കി സഹായിക്കും; സൂക്ഷിച്ചു നോക്കുവിൻ!'' എന്നതു കേട്ടാറെ, അറംബുകെക്ക പൊർത്തുഗീസ സ്ഥാനികളോടു മന്ത്രിച്ചാറെ, കരയിൽ പാർപ്പാൻ ആക്കും മനസ്സായില്ല; വിലാത്തിക്ക് പോകേണം എന്നു എല്ലാവർക്കും അത്യാഗ്രഹം ജനിച്ചു. പശെകു മാത്രം കൊച്ചിക്കോട്ടയെ രക്ഷിപ്പാൻ സന്തോഷത്തോടെ ഭരം ഏററപ്പോറം, അറംബുകെക്ക രോഗികളും മററും ആകെ 150 വെള്ളക്കാരെ കോട്ടയിലും രണ്ടു പടവിലും പാർപ്പിച്ചു കപ്പലുകളിൽ ചരക്കു മുഴുവൻ ആകാഞ്ഞതകൊണ്ടു (1504. ജനവരി 31) കൊച്ചിയിൽ നിന്ന് ഓടി കണ്ണനൂരിൽനിന്ന അല്പം ഇഞ്ചിവാങ്ങി കരേററി ''അയ്യൊ ദൈവമെ! പശെകിലും കൂട്ടരിലും കനിഞ്ഞു കടാക്ഷിക്കേണമെ'' എന്നു പലരും പ്രാൎത്ഥിച്ചുകൊണ്ടിരിക്കെ, വിഷാദത്തോടും കൂടെ യുരൊപക്കായി മടങ്ങി ഓടുകയും ചെയ്തു. പശെകു കണ്ണനൂരിൽനിന്ന അരിയും മററും വാങ്ങി കൊച്ചിക്ക് വന്ന എത്തിയപ്പോറം, പെരിമ്പടപ്പു നൈരാശ്യം പൂണ്ടു വലയുന്നു എന്നു കേട്ടു വളരെ ഘോഷത്തോടെ കൂടിക്കാഴ്ചെക്കു ചെന്നാറെ, എന്തു പറഞ്ഞിട്ടും രാജാവിന്നു പ്രസാദം വരുത്തുവാൻ വഹിയാതെ ആയി, ഒടുവിൽ രാജാവ് പറഞ്ഞു: ''പടയുണ്ടായാൽ, നിങ്ങറക്കു കൊല്ലത്തൊ കണ്ണനൂരിലൊ എവിടെ വാങ്ങി പാർപ്പാൻ മനസ്സാകുന്നു? എന്നെ ചതിക്കരുതെ സത്യമെ പറയാവു'' എന്നു കണ്ണീർ ഓലൊല വാർത്തു പറഞ്ഞത് കേട്ടപ്പൊറം, പശെകു ക്രോധം നടിച്ചു ''ഇത് ഒക്കെ മാപ്പിള്ളമാരുടെ ചതിവാക്കു സംശയം എന്തിന്നു? താമൂതിരി വരട്ടെ 150 പൊർത്തുഗീസരും ഏകനായ ക്രിസ്തനും ഒരു ഭാഗത്തു തന്നെ നിന്നാൽ ഏതു മാററാനയും തടുപ്പാൻ മതിയാകും'' എന്നു പറഞ്ഞു കൊച്ചിയെ രക്ഷിപ്പാൻ വട്ടംകൂട്ടുകയും ചെയ്തു. അന്നു താമൂതിരി പക്ഷത്തിൽ നില്ക്കുന്ന ഒരു വലിയ കച്ചവടക്കാരൻ ഉണ്ടു ഇസ്മാലിമരക്കാർ എന്നു പേർ; അവൻ അരി വരുത്തിനെ മുടക്കി ഓരോരൊ ഭയവൎത്തമാനം പറഞ്ഞു നടത്തി പട്ടണക്കാർക്ക് ഓടിപോവാൻ സംഗതി വരുത്തിയപ്പോറം, പശെകു കച്ചവടക്കാർ എല്ലാവരെയും വിളിപ്പിച്ചു ''താമൂതിരി കടവ കടക്കാതെ ഇരിക്കേണ്ടതിന്നു ഞാൻ തന്നെ നേരിടും, അതുകൊണ്ടു നിങ്ങറം സ്വസ്ഥരായിരിക്കേണം, പോവാൻ വിചാരിക്കുന്നവനെ

ഞാൻ ത്തുക്കം''; എന്നിങ്ങിനെ കണ്ണു ചുവപ്പിച്ചു കല്പിച്ചാറെ, എല്ലാവരും ശങ്കിച്ചടങ്ങി. പശെക രാപ്പകൽ പട്ടണത്തിൽ ചുററി കാത്തുകൊണ്ടു ഇടപ്പള്ളി മുതലായ ദേശങ്ങളിലും പോയി തീക്കൊടുത്തു പശുക്കളെയും തോണികളെയും കൈക്കൽ ആക്കി പോരുമ്പോൾ, മാപ്പിള്ളമാർ ഇവൻ ഒരു മാതിരി പിശാചാകുന്നു എന്നു നിരൂപിച്ചു വെറുതെ പാർക്കയും ചെയ്തു.

22. താമൂതിരിയുടെ വമ്പട

1504 മാർച്ചു 16ാംനു- താമൂതിരി സന്നാഹങ്ങളോടു കൂട ഇടപ്പള്ളിയിൽ എത്തി എന്നു കേട്ടപ്പോൾ പശെക 60 ചില്വാനം പറങ്കികളെ കോട്ടയിൽ പാർപ്പിച്ചു ശേഷമുള്ളവരോടു കൂട താൻ പള്ളിയിൽ ചെന്നു ആരാധന കഴിഞ്ഞ ഉടനെ തോണികളിൽ കരേറി കോയിലകം മുമ്പാകെ എത്തുകയും ചെയ്തു. അന്നു പെരുമ്പടപ്പിന്നു 5000 നായന്മാരുള്ളതിൽ 500 പേരെ തെരിഞ്ഞെടുത്തു പശെകിന്റെ വശത്ത് ഏല്പിച്ചു. ഇവരെ നടത്തേണ്ടുന്നവർ കണ്ടകോരു എന്നും പെരിങ്കോരു എന്നും ഉള്ള കോയിലധികാരികളും പള്ളുരുത്തി കൈമളും അടവിൽ പണിക്കരും അത്രെ. രാജാവു കരഞ്ഞു അവരെ യുദ്ധത്തിന്നു വിട്ടയച്ചപ്പോൾ പശെകിനോടു ''നിങ്ങളുടെ ജീവരക്ഷക്കായിട്ടു നോക്കുവിൻ'' എന്നു പറഞ്ഞാറെ, ആയവൻ ചിരിച്ചു ''നിങ്ങൾ എണ്ണം വിചാരിച്ചു ഭയപ്പെടുന്നു, ഞങ്ങളുടെ ദൈവം കല്ലല്ലല്ലൊ'' എന്നു പറഞ്ഞു പുറപ്പെട്ടു ശനിയാഴ്ച രാവിലെ കമ്പലം കടവിൽ എത്തി. താമൂതിരിയുടെ ആൾ ചുരുക്കമൊകകൊണ്ടു വേഗം കയറി അനേകം പശുക്കളെ അറുപ്പാനായി കൊണ്ടുപോകയും ചെയ്തു. അതിനാൽ കൊച്ചിനായന്മാർ വളരെ ദുഃഖിച്ചു പോരുമ്പോൾ, പടനാൾ കുറിക്കേണ്ടതിന്നായി ഒരു പട്ടർ വന്നു താമൂതിരിയുടെ കല്പനയാൽ ''നാളെ പടയുണ്ടാകുമെന്നും നിന്നെ കൊല്ലും'' എന്നും അറിയിച്ചു; അതിന്നു പശെക ''നിങ്ങളുടെ ജ്യോതിഷാരികൾക്ക് കണക്കു തെററിപ്പോയി നാളയല്ലൊ ഞങ്ങളുടെ മഹൊത്സവത്തിലെ ഒന്നാം ഞായറാഴ്ച'' എന്നു പറഞ്ഞു ആയുധക്കാരെ അറിയിച്ചു, അവരും രാത്രി മുഴവനും അഹങ്കരിച്ചും കളിച്ചും രാവിലെ സ്വർഗ്ഗരാജ്ഞിയെ വിളിച്ചും പ്രാത്ഥിച്ചും പടക്കായി ഒരുമ്പെടുകയും ചെയ്തു.

അപ്പോൾ താമൂതിരിയുടെ മഹാസൈന്യം കടവിങ്കൽ എത്തുന്നതു കണ്ടു മുമ്പെ ഓടിപ്പോയ ഇതല്യക്കാർ താമൂതിരിയുടെ കല്പന പ്രകാരം വാൎത്തുണ്ടാക്കിയ 5 വലിയ തോക്കു വലിച്ചു കൊണ്ടുവരുന്നത ആദിയിൽ കണ്ടു, പിന്നെ നാലു രാജാക്കന്മാർ 10 ഇടപ്രഭുക്കന്മാരും നായന്മാരുമായി വരുന്നതും കണ്ടു: അത ആർ എന്നാൽ 1, താന്നൂരരാജാവായ വെട്ടത്തുമന്നൻ 4000 നായന്മാർ; 2, ചുരത്തോളം രക്ഷിച്ചു പോരുന്ന കക്കാട്ടനമ്പിടി 12000 നായന്മാർ; അവന്റെ പേർ

കണ്ടന്നമ്പിടി എന്നും കക്കടരാജാവെന്നും പൊർത്തുഗീസ്സ പുസ്തകങ്ങളിൽ എഴുതി കാണുന്നുണ്ട. ആർ എന്ന നിശ്ചയം ഇല്ല. 3, കോട്ടയകത്തു രാജാവ് 18000 നായർ (പുറനാട്ടുകരതമ്പുരാൻ) 4, പൊന്നാനിക്കും കൊടുങ്ങല്ലൂരിന്നും നടുവിലെ നാടുവാഴുന്ന കുറിവക്കോയിൽ 3000 നായർ ഈ പേരിന്നും നിശ്ചയം പോരാ; കുടിവ ഗുരുവായി എന്നും മററും ശബ്ദങ്ങൾ കൊള്ളുമായിരിക്കും ഇങ്ങിനെ നാലു രാജാക്കന്മാർ നാലു കൊടികളിൻ കീഴിൽ 37,000 ആയുധ പാണികളായ നായന്മാരെ ചേർത്തുകൊണ്ടു നേരിട്ടു വന്ന ശേഷം 10 ഇടപ്രഭുക്കന്മാരുടെ പേർ കാണുന്നതിപ്രകാരം:

കൊടുങ്ങല്ലൂർ വാഴുന്ന പടിഞ്ഞാറെ എടത്തു കോയിൽ.
ഇടപ്പള്ളി ഇളങ്കോയിൽ നമ്പിയാതിരി.
ചാലിയത്ത വാഴുന്ന പാപ്പുകോയിൽ.
വെങ്ങനാട നമ്പിയാതിരി.
വന്നലച്ചേരി നമ്പിടി.
വേപ്പൂര വാഴുന്ന പാറപ്പുകോയിൽ.
പരപ്പനങ്ങാടി പാപ്പുകോയിൽ.
മങ്ങാട്ടു നാട്ടുകൈമൾ.

ഇങ്ങിനെ ഉള്ള 20000 ചില്വാനം നായരും മാപ്പിള്ളമാരും അറവികളും കോഴിക്കോട്ട നമ്പിയാതിരിയുടെ കുടക്കീഴിൽ യുദ്ധത്തിന്നായുടുത്തു വന്നു. അതു കൂടാതെ 160 പടകും ഉണ്ടു. അതിൽ കരേറിവരുന്നവർ 12000 ആളോളം ആകുന്നു ഇതല്യക്കാർ ഓരോന്നിന്നു ഈ രണ്ടു തോക്കുണ്ടാക്കി പടവിൽ വെച്ചുറപ്പിച്ചു രക്ഷക്കായി പരുത്തി നിറച്ച ചാക്കുകളെ ചുററും കെട്ടിച്ചു 20 പടകുകളെ ചങ്ങല കൊണ്ടു തങ്ങളിൽ ചേർത്തു പൊർത്തുഗൽ പടകു അതിക്രമിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു അന്നു പടകുകളിൽനിന്നും വെടിവെപ്പാൻ തുടങ്ങു മ്പോൾ തന്നെ കൊച്ചിനായന്മാർ മടങ്ങിപ്പോയി; കണ്ടകോരും പെരിങ്കോരും മാത്രം അഭിമാന്യം വിചാരിച്ചു പശെകിൻെറ അരികിൽ നിന്ന് കൊണ്ടാറെ, അവരെ തൻെറ പടവിൽനിന്ന് യുദ്ധം എല്ലാം കാണിക്കയും ചെയ്തു. അങ്ങെ പക്ഷക്കാർ ക്രമം കൂടാതെ നേരിട്ടപ്പോൾ എണ്ണം നിമിത്തം പൊത്തുഗൽ ഉണ്ടകളെ കൊണ്ടു ആയിരം ചില്വാനം നായന്മാർ മരിച്ചു. പൊർത്തുഗീസർ ആരും മുറിവുകളാൽ മരിച്ചതും ഇല്ല. അസ്തമിച്ചാറെ, കോഴിക്കോട്ടുകാർ ആവതില്ല എന്നു കണ്ടു മടങ്ങി പോയി പൊർത്തുഗീസക്ക് ആശ്വസിപ്പാൻ സംഗതി വരികയും ചെയ്തു. കണ്ടകോരു രാത്രിയിൽ തന്നെ കൊച്ചിക്ക പോയി രാജാവെ അറിയിച്ചു വിസ്മയം ജനിപ്പിക്കയും ചെയ്തു. അനന്തരം പെരിമ്പടപ്പു താൻ കമ്പലത്തിൽ കടവിൽ വന്നു പശെകിനെ അത്യന്തം മാനിക്കയും ചെയ്തു.

താമൂതിരി ബ്രാഹ്മണരോടു ചൊടിച്ചു തോല്വിയുടെ കാരണം ചോദിച്ചപ്പോൾ ഭഗവതിക്ക അസാരം "പ്രസാദക്കേടായിരുന്നു

ഞങ്ങരം ചെയ്ത കമ്മങ്ങളാൽ അത എല്ലാം മാറി ഞായറാഴ്ച ജയത്തിന്ന ശുഭദിവസം ആകുന്ന നിശ്ചയം'' എന്ന അവർ ബോധിപ്പിച്ചു. ഇതു പെസഹപെരുനാളാകകൊണ്ട പൊർത്തുഗീസരും നല്ലനാരം എന്ന വിചാരിച്ചു പാൎത്തു. ആ ഞായറാഴ്ചയിൽ തന്നെ (മാർച്ച 25) തകൎത്ത പട ഉണ്ടായി പുഴ എല്ലാം രക്തമായി തീൎന്ന കടവു കടപ്പാൻ കഴിവു വന്നതും ഇല്ല. പാതി പടകുകരം കൊച്ചിക്കോട്ടയെ പിടിക്കേണ്ടതിന്ന രാത്രികാലത്ത തേക്കോട്ട തിരിഞ്ഞ ഓടിയാറെ, പശെകു ഉപായമറിഞ്ഞു ഉടനെ വഴിയെ ചെന്നു കൊച്ചിക്കോട്ട അരികിൽ അവരോട എത്തി വെടിവെച്ചു ഛിന്നഭിന്നമാക്കുകയും ചെയ്തു.

ചൊവ്വാഴ്ചയിൽ മൂന്നാമതും വലിയ പോർ ഉണ്ടായാറെ, ഇതല്യക്കാർ ഇരുവരും ഓരോരൊ കൌശലം പ്രയോഗിച്ചിട്ടും ജയം വന്നില്ല. ഉച്ചതിരിഞ്ഞിട്ട 2 നാഴികയായാറെ, താമൂതിരി ആവതില്ല എന്ന കണ്ട ''നായന്മാർ മടങ്ങിവരേണം എന്ന കല്പിച്ചു'' ആയവർ ''ബ്രാഹ്മണരുടെ കമ്മവും ജ്യോതിഷവും എല്ലാം മായ'' എന്ന ദൂഷിച്ചും ശപിച്ചും പറഞ്ഞു പിൻവാങ്ങി നില്ക്കയും ചെയ്തു. കൊച്ചിക്കാർ മൂന്ന ജയങ്ങരം നിമിത്തം വളരെ പ്രസാദിച്ചു രാജാവും ഓരൊരൊ ഉത്സവം ഘോഷിപ്പിക്കയാൽ മാപ്പിള്ളമാർ ഏററവും ക്രുദ്ധിച്ചു കൊല്ലത്തും കണ്ണനൂരിലും ഉള്ളവൎക്ക എഴുത്തയച്ചു ''പൊർത്തുഗീസർ അശേഷം തൊററും പട്ടും പോയി; താമൂതിരി വരുവാറായി'' എന്ന അറിയിച്ചു. അതുകൊണ്ട ആ രണ്ട സ്ഥലങ്ങളിലും ചോനകർ മത്സരിച്ചു, കാണുന്ന വെള്ളക്കാരെ കൊല്ലുവാൻ തുടങ്ങിയാറെ, ചെട്ടികരംക്ക് വന്ന എഴുത്തിനാൽ താമൂതിരി തോററു എന്ന എല്ലാടവും പ്രസിദ്ധമായി മാപ്പിള്ളമാർ നാണിച്ചു ഒതുങ്ങി പാർത്തു. പൊൎത്തുഗീസരിൽ ഒരുവന്നു മാത്രം കൊല്ലത്തങ്ങാടിയിൽ തന്നെ അപായം വന്നതെ ഉള്ളു. പെരിമ്പടപ്പിന്റെ അയൽവക്കത്തുള്ള ഇടവകക്കാരും കമ്മന്മാരും ഈ അവസ്ഥ ഒക്കെയും വിചാരിച്ചാറെ താമൂതിരി പ്രമാണം അല്ല എന്ന തോന്നി. അവരിൽ മങ്ങാട്ടുമൂത്തകൈമ്മരം ഉണ്ട. അവൻ വൈപ്പിൽ വെച്ചു ഉദാസീനനായി പാൎത്തവൻ തന്നെ. അവൻ ഉടനെ രാജാവെ ചെന്നു കണ്ട ''അല്പം ക്ഷാമം വന്നപ്രകാരവും കേട്ടിരിക്കുന്നു എന്നാൽ കഴിയുന്നെടത്തോളം ഞാൻ കൊണ്ടുവന്നിരിക്കുന്നു'' എന്നു പറഞ്ഞു നെല്ലും മററും പല സാധനങ്ങളെയും തിരുമുമ്പിൽ കൊണ്ട വെക്കുകയും ചെയ്തു. നമ്പിയാതിരി ''ഇപ്പോരം സന്ധിച്ചു മഴക്കാലത്തിന്മുമ്പെ മടങ്ങി പൊകേണം'' എന്ന താമൂതിരിയൊട്ട മന്ത്രിച്ചു മററും പല സ്നേഹിതന്മാരും ''യുദ്ധം സമർപ്പിക്കേണം'' എന്ന നയം പറഞ്ഞു ഇടപ്പള്ളി പ്രഭുവൊ വിരോധിച്ചു മാപ്പിള്ളമാരും ''ഇനി ചിലത് പരീക്ഷിക്കേണം'' എന്ന ചൊല്ലി സമ്മതം വരുത്തി.

23. പള്ളുതുരുത്തി കടവത്തെപട

കമ്പളത്തിൽ കടവിൽ വെച്ചു ഒരാവത്തും ഇല്ല എന്നു കണ്ടു താമൂതിരി വെള്ളം കുറഞ്ഞ വളഞ്ഞാറക്കടവു നല്ലത എന്നു വെച്ചു എത്രയും വേഗത്തിൽ ചിലരെ അതിലെ കടത്തി അവരും അടവിൽ ദേശത്ത കരേറി സന്തോഷിച്ചു മരങ്ങളെ വെട്ടുവാൻ തുടങ്ങി. അന്നു മുതൽ പശെകു പടകുകളുമായി വള്ളുരുത്തി, വളഞ്ഞാറു ഇങ്ങിനെ രണ്ടു കടവുകളെ രക്ഷിപ്പാൻ വളരെ കഷ്ടിച്ചു വേലിയേറുന്തോറും വള്ളുരുത്തിയിൽ ഓടി പാൎത്തു. ഇറക്കമൊകുമ്പൊൾ തോണികളിൽ കരേറി വളഞ്ഞാറിൽ തടുത്തു നിന്നു കൊള്ളും. പല യുദ്ധങ്ങളുണ്ടായിട്ടും പശെകിനെ തോല്പിപ്പാൻ സംഗതി വന്നില്ല. ചില ദിവസം മഴ പെയ്തു നിമിത്തം കോഴിക്കോട്ടു നായന്മാരിൽ നടപ്പുദീനം ഉണ്ടായപ്പൊൾ പൊൎത്തുഗീസക്ക് പടകിൻ കേടു തീൎപ്പാനും കടവിന്റെ ചളിയിൽ കുന്തക്കുററി മുതലായത തറപ്പാനും അവസരം ലഭിച്ചു. പിന്നെ ബ്രാഹ്മണർ അനേകം കൎമ്മങ്ങളെ കഴിച്ചു. മയ്യി 7ാം നു— വ്യാഴാഴ്ചയെ കുറിച്ചപ്പൊൾ, പശെകു ബദ്ധപ്പെട്ടു പെരിമ്പടപ്പിൽ അറിയിപ്പാൻ ആളയച്ചു എങ്കിലും ദൂതൻ ചതിച്ചു ഒളിച്ചു മങ്ങാട്ടക്കൈമൾ മുതലായ കൊച്ചിനായന്മാർ ദ്രൊഹിച്ച് ഓടി പോയി പൊൎത്തുഗീസക്ക് ഒരു തുണയും ഇല്ലാതാകയും ചെയ്തു. അന്നു പശെകു നന്നെ ക്ലേശിച്ചു ഏററം വരുവാനായി വളരെ പ്രാൎത്ഥിച്ചശേഷം വേലി ഉണ്ടായി വന്നു പടകിനെ വളഞ്ഞു പൊരുതു് കോഴിക്കൊട്ടുകാർ പിൻവാങ്ങി പോകയും ചെയ്തു. രാജാവ് സഹായത്തിന്നായി വരായ്ക കൊണ്ടു പശെകു കോപിച്ചു അധിക്ഷേപിച്ചപ്പൊൾ പെരിമ്പടപ്പു കരഞ്ഞു: ‘‘എനിക്ക് ഒരു വൎത്തമാനം വന്നിട്ടില്ല’’ എന്നു ദൈവത്തെ ആണയിട്ടു പറഞ്ഞു പശെകിനെ ആശ്ലേഷിച്ചു സ്തുതിക്കയും ചെയ്തു. പിന്നെ താമൂതിരി പൊൎത്തുഗീസരുടെ വെള്ളത്തിൽ വിഷം കലക്കുവാനും പടകിൽ പാമ്പുകളെ കടത്തുവാനും ഇറക്കത്തിങ്കൽ ആനകളെ കൊണ്ടു പടകിനെ മറിപ്പാനും മററും പരീക്ഷിച്ചത ഒന്നും ഫലിച്ചില്ല.

നായന്മാർ ഒരു ദിക്കിൽ കൂടി കടവു കടന്ന ശേഷം അവിടെ കൃഷിനടത്തുന്ന ഹീനജാതികൾ എതിരിട്ടു കൈക്കൊട്ടുകളെ കൊണ്ടടിച്ചു ചിലരെ കൊന്നു. തീണ്ടൽ ഭയത്താൽ മറെറവരെ ഓടിച്ചപ്പൊൾ പശെകു അവരെ വരുത്തി മാനിച്ചു കണ്ടകോരുമന്ത്രി നാണിച്ചു നില്ക്കുമ്പൊൾ തന്നെ ‘‘ഇവർ ഇപ്പൊൾ നായന്മാരായി പൊയി’’ എന്നു പറഞ്ഞു. ‘‘അതിന്നു മന്ത്രി അതാകയില്ല നായന്മാരാകുവാൻ രാജാവിന്നും കഴികയില്ല’’ എന്നു ചൊന്നാറെ പശെകു ക്രുദ്ധിച്ചു ‘‘നായന്മാരെല്ലാവരും കള്ളന്മാരായി ഓടി പോകുന്ന ദിക്കിൽ ചെറുമരെ തന്നെ നായന്മാരാക്കിയാൽ കൊള്ളായിരുന്നു. ഹെ വീരന്മാരെ വരുവിൻ! നിങ്ങളുടെ പേർ പറവിൻ’’ എന്നു വിളിച്ചു ചൊദിച്ചു പേരുകളെ എഴുതി വെക്കയും ചെയ്തു. മന്ത്രിയൊടല്ലാതെ

രാജാവോടും തക്കം ഉണ്ടായപ്പൊൾ ''മററ ഏത്തു ഹിന്ദു രാജാവ എങ്കിലും ഹീനന്മാൎക്ക ആഭിജാത്യം വരുത്തിയാൽ ഞാനും അപ്ര കാരം ചെയ്യാം; ഞാൻ തനിയെ ''ചെയ്താലൊ നായന്മാർ എന്നെ കൊല്ലും'' എന്നു കേട്ടശേഷം പശെക ''ഇതെന്തൊരു നിസ്സാരമൎയ്യാ ദ? എങ്ങിനെ ആയാലും അവരെ സമ്മാനിക്കേണം'' എന്നു മുട്ടി ച്ചു ചോദിച്ചപ്പൊൾ പെരിമ്പടപ്പു ആ വകക്കാൎക്ക ആയുധങ്ങളെ എ ടുപ്പാനും തലപ്പണം കൊടുക്കാതിരിപ്പാനും നായന്മാർ സഞ്ചരിക്കു ന്ന വഴികളിൽ കൂടി നടപ്പാനും കല്പന കൊടുത്തു.

24. പശെകിൻെറ യുദ്ധസമർപ്പണം

''ബലത്താൽ കഴിയാഞ്ഞത കൌശലത്താൽ വരുത്തെണം'' എന്നു മാപ്പിള്ളമാർ വിചാരിച്ചു നോക്കുമ്പൊൾ കൊച്ചിയിൽ ഇ സ്മാലിമരക്കാർ പൊൎത്തുഗീസനെ കൊല്ലുവാൻ ഒരു വഴി നിരൂപി ച്ചു കൊണ്ടിരുന്നു. പശെക അതറിഞ്ഞു ഉപായത്താലെ അവനെ പ ടകിൽ വരുത്തി മുഖരോമങ്ങൾ എല്ലാം പറിച്ചപ്പൊൾ മാപ്പിള്ള മാർ ഭയപ്പെട്ടടങ്ങി. അപ്പൊൾ ഇടപ്പള്ളിയിൽ കൊജആലി എന്ന ബുദ്ധിമാൻ ഉണ്ടു. ആയവൻ കണ്ണനൂർ, ധൎമ്മപട്ടണം മുതലായ ദി ക്കുകളിൽനിന്നു പല വില്ലാളികളും പടകു വന്നത വിചാരിച്ചു ച ങ്ങാടമദ്ധ്യത്തിൽ ഓരൊരൊ മാളികകളെ കെട്ടി മുറുക്കി പടകുകളെ വളഞ്ഞു വില്ലാളികളുടെ അമ്പുമാരി കൊണ്ടു പൊൎത്തുഗീസരെ ഒട്ട ക്കേണ്ടതിന്നു വഴി കാണിച്ചു. അതിനെ തടുപ്പാൻ പശെക പാമര ങ്ങളെ ഇരിമ്പു പട്ടയിട്ടു ചേൎത്തു പടകുകളെ ഉറപ്പിച്ചിരുന്നു എങ്കിലും ആ ദിവസത്തിൽ സങ്കടം നന്നെ വൎദ്ധിച്ചു പശെക ''അയ്യൊ കൎത്താ വെ ഇന്നു മാത്രം എൻെറ പാപങ്ങളെ ഓൎക്കരുതെ'' എന്നു വിളി ച്ചു പൊരുതു വലിയ തോക്കുകളെ കൊണ്ടു മാളികകളെ തകൎക്കയും ചെയ്തു.

അപ്പൊൾ മഴക്കാലം ആകകൊണ്ടു താമൂതിരിയുടെ ആൾ വളരെ മരിക്കയാൽ രാജാവ നാണിച്ചു മടങ്ങിപൊയി. ഇതു നേൎച്ച മുത ലായ സല്ലൎമ്മങ്ങളുടെ ''കുറവു നിമിത്തം''എന്നു ബ്രാഹ്മണർ പറ കയാൽ താമൂതിരി ദുഃഖിച്ചു ദൈവകോപം തീരുവോളം രാജത്വം ത നിക്കരുത എന്നു വെച്ചു ഒരു ക്ഷേത്രത്തിൽ പോയി ഭജിച്ചു പാൎത്തു. പിന്നെ അമ്മ ചെന്നു കണ്ടു ''ഇതു ഭക്തിയല്ല നിൻെറ ഭീരുത്വം തന്നെ എന്നും ചെങ്കോൽ നടത്തുക നിൻെറ ധൎമ്മം'' എന്നും നിർബന്ധിക്ക യാൽ അവൻ അമ്പലത്തെ വിട്ടു സിംഹാസനത്തിൽ ഇരിക്കയും ചെയ്തു. ഇടവകക്കാരൊ അവൻെറ കല്പന അനുസരിയാതെ ''യു ദ്ധം അരുത'' എന്നു വെച്ചു അടങ്ങി പാൎത്തു.

പെരിമ്പടപ്പോടു ദ്രോഹിച്ചു ഇടപ്രഭുക്കൾ ശരണം പ്രാപിച്ചു നിരപ്പു വരുത്തി പശെക താൻ (1504 ജൂല. 3നു—)3!! മാസത്തിലെ പണികളെ തീൎത്തു ജയഘോഷത്തോടും കൂട കൊച്ചിക്ക് മടങ്ങി

ചെന്നു. കൊല്ലത്തിലെ വൎത്തമാനം കേട്ടാറെ, കടലിന്റെ മോത വിചാരിയാതെ കൎക്കടകമാസത്തിൽ തന്നെ കൊല്ലത്തേക്ക് ഓടി മാപ്പിള്ളമാരുടെ മത്സരങ്ങളെ അടക്കി, പൊൎത്തുഗലിൽനിന്ന വരേണ്ടുന്ന കപ്പലിന്നായി ചരക്കുകളെ സമ്പാദിച്ചു, ചില കോഴിക്കോട്ട പടകുകളെ പിടിച്ചു കടപ്പുറത്ത് ഒക്കെയും തന്റെ കല്പന നടത്തുകയും ചെയ്തു. കൊല്ലത്തെ കലഹത്തിൽ ഒരു പറങ്കി മരിച്ചതല്ലാതെ കൊച്ചിയിലെ വമ്പടയിൽ എത്ര മുറി ഏററിട്ടും പറങ്കികൾ ആരും മരിക്കാതെ ഇരുന്നത് വിചാരിച്ചു എല്ലാവൎക്കും വലിയ ആശ്ചൎയ്യം ഉണ്ടായി. പശെക "മഹാ ക്ഷുദ്രക്കാരൻ" എന്നും "അവനോടു മാനുഷന്മാൎക്ക ഒരുപാടില്ല" എന്നും ഉള്ള ശ്രുതി എങ്ങും പരക്കയും ചെയ്തു.

25. സുവറസ് കപ്പിത്താന്റെ വരവു

1504 മഴക്കാലം തീൎന്നപ്പോൾ, സുവറസ് കപ്പിത്താൻ 12 കപ്പലോടും കൂട പൊൎത്തുഗലിൽനിന്നു വന്നു (സപ്തമ്പർ 1 നു) കണ്ണനൂർ കരക്ക ഇറങ്ങുകയും ചെയ്തു. ഉടനെ കോലത്തിരി 3 ആനയോടും 5000 നായന്മാരോടും കൂട സ്രാമ്പിലെക്ക് എഴുന്നെള്ളി കപ്പിത്താനെ കണ്ടു സമ്മാനങ്ങളെ വാങ്ങികൊടുക്കയും ചെയ്തു. അതല്ലാതെ, കോഴിക്കോട്ടിലുള്ള പൊൎത്തുഗീസർ ഒരു കത്തെഴുതി ഒരു ബാല്യക്കാരന്റെ കൈക്കൽ കൊടുത്തയച്ചതു വന്നെത്തി "താമൂതിരിക്ക് ഞങ്ങളെ വിട്ടുവിച്ചു കൊടുപ്പാൻ മനസ്സായിരിക്കുന്നു, നിങ്ങൾ പടസമൎപ്പിച്ചു സന്ധി ചെയ്താൽ ഞങ്ങളെ ഉടനെ വിട്ടയക്കും" എന്നത വായിച്ചപ്പോൾ സുവറസ് കപ്പലേറി (7ാം നു) ശനിയാഴ്ച കോഴിക്കോട്ടു തൂക്കിൽ ചെന്നെത്തി. അധികാരികൾ ഭയപ്പെട്ടു പഴം മുതലായ കാഴ്ചകൾ അയച്ചതു വാങ്ങാതെ, വെള്ളക്കാരെ എല്ലാം തനിക്ക് അയച്ചു തരേണം എന്നു ചോദിച്ചു. അനന്തരം കോയപ്പക്കി രണ്ടു പറങ്കികളോടു കൂട കപ്പലിൽ വന്നു കപ്പിത്താനെ കണ്ടു താമൂതിരിക്ക ഇണക്കം ചെയ്‌വാൻ നല്ല മനസ്സുള്ള പ്രകാരം നിശ്ചയം വരുത്തി; അപ്പോൾ സുവറസ് ഗൎവ്വിച്ചു "പറങ്കികളെ ഏല്പിച്ചാൽ പോരാ ദ്രോഹികളായ രണ്ടു ഇതല്യക്കാരെയും കൂടെ ഏല്പിക്കേണം" എന്നു ചോദിച്ചു. താമൂതിരി അതു മാനക്കുറവല്ലി എന്ന് വെച്ചു സമ്മതിക്കാതെ പറങ്കികൾ ആരും ഓടി പൊകരുത എന്നു കല്പിച്ചു എല്ലാവരെയും തടവിൽ ആക്കിച്ചു. സുവറസ് അവരുടെ സൌഖ്യം വിചാരിയാതെ പിന്നെയും ഒന്നു രണ്ടു ദിവസം പട്ടണത്തിന്നു നേരെ വെടിവെച്ചു നാശങ്ങളെ ചെയ്തു പുറപ്പെട്ടു ഓടി (14 സപ്ത.) കൊച്ചിയിൽ ഇറങ്ങുകയും ചെയ്തു. ആയതു കേട്ടാറെ, പെരിമ്പടപ്പു താമസം കൂടാതെ എഴുന്നെള്ളി കപ്പിത്താനെ കണ്ടു ആശ്ലേഷിച്ചു പശെക ചെയ്ത സുകൃതങ്ങൾ എല്ലാം അറിയിച്ചു പൊൎത്തുഗൽ രാജാവിന്റെ സമ്മാനങ്ങളെ വാങ്ങി കണ്ണീർവാൎത്തു സ്തുതിക്കയും ചെയ്തു.

അക്തൊബർ മാസത്തിൽ പശെക കൊല്ലത്തു നിന്ന മടങ്ങി

വന്ന രാജാവും പറങ്കികളും ഒരുമിച്ച കൊടുങ്ങല്ലൂർ എന്ന മഹാ ദേവർപട്ടണത്തെ ആക്രമിപ്പാൻ നിശ്ചയിച്ചു. അവിടെ പടിഞ്ഞാറെ ടം എന്ന ക്ഷത്രിയസ്വരൂപം വാഴുന്നു, അന്നുള്ളവർ താമൂതിരിയുടെ മെൽകോയ്മ അനുസരിച്ചു പാർത്തവർ ആയിരുന്നു. നഗരം മുമ്പെ പെരുമാളുടെ രാജധാനിയാകകൊണ്ടു എത്രയും വലുതും ദ്രവ്യസമ്പൂർണ്ണവും പ്രസിദ്ധി ഏറിയതുമായിരുന്നു. പണ്ടുതന്നെ യഹൂദന്മാർ അവിടെ വന്നു കുടിയേറി യോസെഫ റപ്പാൻ എന്ന അവരുടെ തലവന്നു അഞ്ചുവണ്ണം എന്ന ദേശവും ജന്മിഭോഗവും ചുങ്കം വിട്ടുള്ള വ്യാപാരവും പെരുമാൾ കല്പനയാൽ കിട്ടുകയും ചെയ്തു. അപ്രകാരംതന്നെ നസ്രാണികളാകുന്ന സുറിയാണികളും പാർസിക്രിസ്ത്യാനവകക്കാരായ മണിഗ്രാമക്കാരും മുസല്മാനരും മററും നിറഞ്ഞു വന്നപ്പൊൾ, വിലാത്തിയിലെ കച്ചവടസ്ഥലങ്ങളിൽ നടക്കുന്നതു പോലെ കൊടുങ്ങല്ലൂരിലും സ്വതന്ത്രവ്യവസ്ഥ ഉണ്ടായിവന്നു. അത എങ്ങിനെ എന്നാൽ: വെവ്വെറു വകക്കാർ താന്താങ്ങൾക്ക ബോധിച്ച പ്രകാരം അവരോധികളെ തെരിഞ്ഞെടുത്തു ആയവർ കൂടി വിചാരിച്ചു ചെട്ടികൾ, യെഹൂദർ, ക്രിസ്ത്യാനർ, മുസല്മാനർ ഇങ്ങിനെ കുടി ചേൎന്ന ചെരികൾ നാലിൽനിന്നും 4 അധികാരികളെ കണ്ടു നിശ്ചയിച്ച കാര്യാദികളെ നടത്തിക്കയും ചെയ്യും; കോഴിക്കോട്ടു ചോനകരുടെ സഹായത്താൽ, കച്ചവടത്തിനു മികച്ച സ്ഥാനമായി വന്നശേഷം കൊടുങ്ങല്ലൂരിൻെറ മഹത്വം മാഞ്ഞുപോയി; തിരുവഞ്ചിക്കുളത്ത് അഴിമുഖം ക്രമത്താലെ നേണ്ണ ആഴം കുറകയും ചെയ്തു.

അന്നു താമൂതിരിയുടെ കപ്പൽപ്രമാണിയായ മയിമാനി 80 പടകുകളോടുകൂട കൊടുങ്ങല്ലൂർ പുഴയിൽ പാർത്തു നമ്പിയാതിരിസൈന്യങ്ങളോടുകൂടെ പള്ളിപ്പുറത്തു കടവു കടപ്പാൻ ഒരുങ്ങി ഇരുന്നു. അതുകൊണ്ടു സുവറസും പശെകും പറങ്കികളെ അനേകം പടകുകളിൽ ആക്കി രാത്രികാലത്തു പതുക്കെ ഓടി പള്ളിപ്പുറം വഴിയായി കൊടുങ്ങല്ലൂരിലേക്ക് ചെന്നു ആരും വിചാരിയാതെ നേരത്തു പട തുടങ്ങുകയും ചെയ്തു. കപ്പൽ പ്രമാണി ശൂരന്മാരായ രണ്ടു പുത്രന്മാരോടുകൂടെ പൊരുതു മരിച്ചു, പടകുകൾ ചിതറിപോകാത്തത ഒക്കയും ചുട്ടുപോയി. നായന്മാർ വീടുകളിൽ കയറി വേലും അമ്പും പ്രയോഗിച്ചു ചെറുത്തു നില്ക്കകൊണ്ടു പൊത്തുഗീസർ അങ്ങാടിക്കും തീ കൊടുത്തു. അന്നു രാത്രിയിൽ ഉണ്ടായ സങ്കടം പറഞ്ഞുകൂടാ. നസ്രാണികൾ വീടുകളിൽനിന്ന് ഓടിവന്നു ''ഈശൊ മശീഹ നാമത്തെ വിളിച്ചു പ്രാണങ്ങളെയും കുഞ്ഞികുട്ടികളെയും പള്ളികളെയും രക്ഷിക്കേണമെ! കബ്രാലും ഗാമയും ഞങ്ങൾക്ക് അഭയം തന്നുവല്ലൊ'' എന്നിങ്ങിനെ വളരെ മുറയിട്ടപ്പോൾ പറങ്കികൾ നായന്മാരെ പട്ടണത്തിൽനിന്നു ഓടിച്ചു ഉടനെ സുറിയാണികളുടെ അങ്ങാടിയെയും പള്ളികളെയും തീകെടുത്തു രക്ഷിപ്പാൻ നോക്കി മാപ്പിള്ളമാൎക്കും യഹൂദന്മാർക്കമുള്ള വസ്തുക്കളെ ഒക്കയും കത്തി കവർന്നു എടുത്തു മഹാഘോഷത്തോടും കൂടെ കൊച്ചിയിൽ മടങ്ങിപോകയും ചെയ്തു. അന്നുമുതൽ

യഹൂദന്മാർ തങ്ങളുടെ ജന്മഭൂമിയെ വിട്ടു അടുക്കെയുള്ള ഊരുകളിൽ പോയി പാർത്തു യരുശലേം നഗരനാശം പോലെ ഈ കലാപം എന്നു് മുറയിട്ടു വല്ലവർ കൊടുങ്ങല്ലൂരിൽ വന്നു കുലിപ്പണി ചെയ്താലും അവിടെനിന്നു ഊൺ കഴിക്കാതെ പുഴയുടെ അക്കര പോയി തന്നെ ഉണ്ണും; മരിച്ചാൽ അഞ്ചുവണ്ണം എന്ന ജന്മഭൂമിയിൽനിന്നു ഒരു പിടി മണ്ണു എങ്കിലും കുഴിയിൽ ഇട്ടു വേണം മൂടുവാൻ എന്നു കേട്ടിരിക്കുന്നു.

താമൂതിരിയുടെ കപ്പലിന്നും പടക്കും അപജയം വന്നതു കേട്ടു ഉടനെ താന്നൂരിലെ വെട്ടത്തുകോയിൽ തക്കം വിചാരിച്ചു ‘‘നാടും ആളും കച്ചവടവും ഒക്കെയും കോഴിക്കോട്ടു താമൂതിരിയുടെ കൈവശത്തിൽ ആയിപ്പോയി, കഷ്ടം, ഇപ്പൊൾ പൊന്നാനി അഴിമുഖത്തെയും സ്വാധീനത്തിൽ ആക്കി എന്നെ പിഴുക്കുവാൻ നോക്കുന്നു എന്നു നിനച്ചു സങ്കടപ്പെട്ടു കൊടുങ്ങല്ലൂരിൽനിന്നു് ഒഴിച്ചു പോകുന്ന നായന്മാരെ വിരോധിച്ചു പട വെട്ടി ജയിച്ചു പറങ്കികളൊടു തുണയാകുവാൻ അപേക്ഷിക്കയും ചെയ്തു. അതിന്നായി റഫയെൽ എന്ന കപ്പിത്താൻ 40 ആളോടും കൂട അവനെ സഹായിപ്പാൻ താന്നൂരിൽ വന്നു. രാജാവിന്നു സഹായം കിട്ടിയ ദിവസത്തു് എത്തുകയാൽ ‘‘വന്നതു നല്ലതു തന്നെ എങ്കിലും ഇപ്പൊൾ പോക, താമൂതിരിയെ ജയിപ്പാൻ ഞാൻ തന്നെ മതി’’ എന്നു ഗർവ്വിച്ചു വിട്ടയക്കുകയും ചെയ്തു. പിന്നെ യുദ്ധഭയം അധികമായപ്പൊൾ അവൻ പറങ്കികൾക്ക കാഴ്ചയും കപ്പവും അയച്ചു ക്ഷമ ചോദിക്കയും ചെയ്തു.

26. സുവറസും പശെകും മടങ്ങി പോയതു

പറങ്കികൾ പശെകു ചേൎത്ത ചരക്കുകളെ ഒക്കയും കയററിയതിൻെറ ശേഷം പട്ടണരക്ഷക്കു മതിയായ ബലത്തെ പാർപ്പിച്ചു പിന്നെ യാത്രക്കു് ഒരുമ്പെട്ടു; പശെകു പെരിമ്പടപ്പെ ചെന്നു കണ്ടപ്പൊൾ, രാജാവിൻെറ ഭാവം പകന്നു ‘‘നിങ്ങൾക്ക ഞാൻ എന്തു തരെണം എൻെറ ദാരിദ്ര്യം അറിയുന്നവല്ലൊ ഞാൻ പൊർത്തുഗലിൻെറ ചോറു തന്നെ ഉണ്ണുന്നു, മനസ്സിൽ ഒർ ആഗ്രഹമെ ഉള്ളു. നിങ്ങൾ ഇവിടെ പാൎക്കെണം എന്നതന്നെ; എങ്കിലും കപ്പിത്താൻെറ ഗാംഭീര്യം നിമിത്തം ചോദിപ്പാൻ മടിക്കുന്നു’’ എന്നു കേട്ടാറെ, പശെകു മന്ദഹാസം പൂണ്ടു വിചാരം അരുതെ നിങ്ങളുടെ സ്നേഹം എനിക്കു മതി, ഞാൻ മടങ്ങി വരും അപ്പൊൾ നിങ്ങൾക്ക ഐശ്വര്യം വർദ്ധിച്ച പ്രകാരം കാണുമല്ലൊ’’ എന്നു ചൊല്ലി ആശ്വാസവും ബുദ്ധിയും ഏകി പോവാറായപ്പൊൾ തമ്പുരാൻ പൊർത്തുഗൽ രാജാവിന്നു പശെകിൻെറ വൃത്തികളെല്ലാം വിസ്തരിച്ചെഴുതിയ കത്തും കൊടുത്തു; അതു കൂടാതെ, ഒരു ചെമ്പലിശയും എഴുത്തും നല്കി. അതിൻെറ വിവരം ആവിത: കേരള ഉണ്ണിരാമൻ ‘‘കോയിൽ തിരുമുമ്പാടു കൊച്ചി

രാജാവ വൈപ്പിൽ അടവിൽ ചെറുവൈപ്പിൽ നടുങ്ങനാടും വാഴ ന്നോർ അരുളിച്ചെയ്കയാൽ 679 ാം ആണ്ടു മീനമാസത്തിൽ കുന്നല കോനാതിരി രാജാവു പട തുടങ്ങിയപ്പോൾ പശെക നിത്യം ചെറുത്തു ജയം കൊണ്ടു നമ്മുടെ രാജ്യം രക്ഷിച്ചിരിക്കുന്നു. അതിനാൽ അ വനും സന്തതിക്കും ഈ ചെമ്പലിശയും പലിശ മേൽ അവൻ തോല്പി ച്ച അഞ്ചു രാജാക്കന്മാരുടെ 5 പൊന്മുടികളും താമൂതിരിയോടുണ്ടായ ഏഴു യുദ്ധങ്ങളുടെ കുറിയുള്ള ആയുധചിത്രങ്ങളും എഴുതി കൊടുത്തി രിക്കുന്നു എന്നു ചിറികണ്ഢന്റെ എഴുത്തു." (1504 ക്രിസ്ത്വാബ്ദം) അ തിന്റെ ശേഷം സുവറസ കപ്പിത്താൻ കോഴിക്കോട്ടു പട്ടന്മാർ ചി ലർ അറിയിച്ച ഒററു വിചാരിക്കുമ്പോൾ പന്തലാനി കൊല്ലത്തു അ നേകം അറവി, തുൎക്ക, മിസ്രക്കാരും കൂടി വ്യാപാരനാശം നിമിത്തം കേരളം വിട്ടു മക്കം മുതലായ രാജ്യങ്ങളിലേക്കു മടങ്ങി പോവാൻ വ ട്ടം കൂട്ടുന്നുണ്ടു എന്നതു കേട്ടു സുവറസ കൊച്ചിയെ വിട്ടു പന്തലാനി യിൽ കണ്ടു കപ്പലുകളെ ചുട്ടു (ദശ. 31നു) പൊത്തുഗലിൽ ഓടി എ ത്തി രാജാവെ ജയവൎത്തമാനത്താൽ സന്തോഷിപ്പിക്കയും ചെയ്തു.

27. മാനുവേൽ രാജാവ

അൾമൈദ എന്ന ഒന്നാം രാജ്യാധികാരിയെ കേരളത്തിലേക്ക് നിയോഗിച്ചതു

പശെക സുവറസ മുതലായവർ മടങ്ങി വന്നു കേരളവൎത്തമാ നം അറിയിച്ചു കാര്യബോധം വരുത്തിയപ്പോൾ, മാനുവെൽ രാജാ വ് വിചാരിച്ചു കോഴിക്കോടു മൂലസ്ഥാനമായിട്ടു നടക്കുന്ന വങ്കച്ച വടത്തിന്നു മൂന്നു ആശ്രയസ്ഥാനങ്ങൾ ഉണ്ടു എന്നു കണ്ടു മൂന്നിനെയും പിടിച്ചടക്കി മുസല്മാൻ കപ്പലോട്ടം ഹിന്തുക്കടലിൽ മുടക്കേണം എന്നു നിശ്ചയിച്ചു ആ മൂന്നു ഏതെന്നാൽ: കോഴിക്കോട്ടുനിന്നു പടി ഞ്ഞാറോട്ടു പോകുന്ന ചരക്കുകൾക്കു രണ്ടു തുറമുഖം, ഒന്നു അറവി തെക്കെ മുനയിലുള്ള അദൻ പാറ മറെറതു പാർസികടൽവായിലുള്ള ഹൊൎമ്മൂജ് തുരുത്തി. യുരോപയിൽ വരുന്ന സകല ഹിന്തു ചീന ചരക്കുകളും ആ രണ്ടു വഴിയായിട്ടു തന്നെ. ചിലതു അദനെ വിട്ടു ചെ ങ്കടലൂടെ അലക്ഷന്ത്ര്യ നഗരത്തോളവും ചിലത ഹൊർമ്മുജ ബസറ യിലും കൂടി ബെരുത്തോളവും മുസല്മാനർ കൊണ്ടുപോന്നു വെച്ചു, ആ രണ്ടു സ്ഥലങ്ങളിൽ വന്നുകൂടുന്ന വെനെത്യ മുതലായ ഇതല്യകപ്പ ല്ലുകാൎക്കു തന്നെ വിററുകൊടുക്കും; ശേഷം കച്ചവടവഴി കോഴിക്കോടി നെ വിട്ടു ഈഴത്തിൽ വഴിയായി മലാക്കിൽ ചെല്ലുക; മലാക്കിൽ വരുന്ന ചീനക്കാരോടു ചരക്കുകളെ വാങ്ങി ചോഴമണ്ഡലം, സിംഹ ളം, കേരളം, മുതലായ ദേശങ്ങൾക്കും കൊണ്ടുപോക. അതു കൊണ്ടു കോഴിക്കോട്ടിന്നു പടിഞ്ഞാറെ അദൻ പട്ടണവും വടക്കു ഹൊർമ്മുജും കിഴക്കു മലാക്കയും താമസം കൂടാതെ, കൈക്കലാക്കിയാൽ, മുസല്മാ നരുടെ വങ്കച്ചവടത്തിന്നു കലാപം വന്നു കൂടും എന്നു രാജസഭയിൽ

തന്നെ തോന്നി. തങ്ങളുടെ ലാഭങ്ങൾക്ക നഷ്ടം വന്നു പോകും എന്നു
കണ്ടാറെ, അറവികൾ മിസ്രയിൽ വാഴുന്ന സുല്ത്താൻ ഖാൻഹസ്സ
നെ ചെന്നു കണ്ടു ''താമൂതിരി നിങ്ങൾക്ക പണം വേണ്ടുവോളം അയ
ച്ചേക്കും നിങ്ങൾ തോക്കും പടജനവും അയച്ചു തന്നുമക്കത്തിന്നുള്ള ക
ച്ചവടം രക്ഷിച്ചു പറങ്കികളെ നീക്കേണമെ! നിങ്ങൾ അല്ലൊ കാബ
ത്തെ കാക്കുന്നവർ'' എന്നു യാചിച്ചപ്പൊൾ, സുല്ത്താൽ യുദ്ധത്തി
ന്നായൊരുമ്പെട്ടു പറങ്കികൾ ‹‹മക്കയാത്രക്ക മുടക്കം വരുത്തുന്നുവല്ലൊ
നാമൊ യരുശലേം യാത്രക്ക മുടക്കം വരുത്താം, പറങ്കികൾ വിരോധം
തീരുന്നില്ല എങ്കിൽ നാം യരുശലെമിലുള്ള ക്രൂശപള്ളിയെ നില
ത്തോടു സമമാക്കി ഈ നാടുകളിലെ സകല നസ്രാണികളെയും
നിർബ്ബന്ധിച്ചു ഇസ്ലാമിൽ ചേക്കും'' എന്നു ഭയപ്പെടുത്തി പാപ്പാ
സന്നിധാനത്തിൽ അറിയിച്ചു. അതുകൊണ്ടു പാപ്പാ മാനുവെൽ രാ
ജാവിനോടു ചോദിച്ചതല്ലാതെ വെനെത്യക്കാർ തങ്ങളുടെ വ്യാപാര
ത്തിന്നുള്ള ചേതം വിചാരിച്ചു മാപ്പിള്ളമാക്ക ഗൂഢമായി സഹായം
അയച്ചു. ശേഷം വെള്ളക്കാരും പൊർത്തുഗീസരുടെ ശ്രീത്വം നിമി
ത്തം അസൂയ്യ ഭാവിക്കയും ചെയ്തു.

അതു കൊണ്ടു മാനുവെൽ രാജാവ് മുസല്മാനരൊടു പോർ
തുടരെണ്ടതിന്നു രണ്ടു കൂട്ടം കപ്പലുകളിൽ ഒന്നു ചെങ്കടലിലേക്കും ഒന്നു
കേരളത്തെക്കും ആകെ 22 കപ്പലുകളെ അയച്ചു. ഇവരെ നടത്തുവാൻ
ഒരു കപ്പിത്താനും പോരാ എന്നു കണ്ടു, കേരളത്തിലെ പറങ്കികൾക്ക
ഒന്നാം രാജ്യാധികാരിയായി പ്രാഞ്ചീസ് അല്മൈദ എന്ന വീരനെ
നിയോഗിച്ചു (1505 മാർച്ച 25) ''ഓരൊരൊ തുറമുഖങ്ങളെ കൈക്ക
ലാക്കി കോട്ടകളെ എടുപ്പിച്ചു പറങ്കിനാമത്തിൻെറ കീൎത്തിയും ക്രി
സ്തുസത്യവും പരത്തേണം'' എന്നു കല്പിച്ചു വിട്ടയക്കയും ചെയ്തു.

അല്മൈദ (സപ്ത 13 ാം നു-) അഞ്ചുദ്വീപിൽ എത്തിയ ഉടനെ
രാജകല്പനപ്രകാരം കോട്ട കെട്ടുവാൻ തുടങ്ങി കണ്ണനൂർ, കൊച്ചി,
കൊല്ലം ഇങ്ങിനെ അഞ്ചുദ്വീപോടു കൂടെ 4 കോട്ടകളെ കെട്ടിയ
തിൻെറ ശേഷം അത്രെ പിസൊരയി (രാജസ്ഥാനത്തുള്ളവൻ)
എന്ന പേർ ധരിപ്പാൻ അനുവാദം ഉണ്ടായിരുന്നു; അഞ്ചുദ്വീ
പിൽ മണ്ണു കിളക്കുമ്പൊൾ, ക്രൂശടയാളമുള്ള കല്ലുകൾ കണ്ടു കിട്ടിയ
തിനാൽ, പണ്ടു ഇവിടെയും ക്രിസ്തുവിശ്വാസികൾ ഉണ്ടായിരുന്നു
എന്നു പറങ്കികൾക്ക തൊന്നി. പിന്നെ അല്മൈദ കൊങ്കണതീര
ത്തുള്ള മുസല്മാൻ കപ്പലുകളെ ഓടിച്ചും പിടിച്ചും കൊണ്ടിരിക്കു
മ്പൊൾ, അടുക്കെ ഉള്ള രാജാക്കന്മാർ ഭയപ്പെട്ടു, വളരെ സ്നേഹവും ബഹു
മാനവും കാട്ടികൊണ്ടിരുന്നു. അഞ്ചുദ്വീപിൻെറ എതിരെ ഹള്ളിഗം
ഗയുടെ അഴിമുഖം ഉണ്ടു. ആ നദി തന്നെ മുസല്മാനരുടെ ദക്ഷിണ
രാജ്യത്തിന്നും ആനഗുന്തിരായരുടെ ഭൂമിക്കും അതിരായിരുന്നു. അഴി
മുഖത്തു തന്നെ ചിന്താക്കോല (ചിന്താകൊട, ചിന്താപൂർ) കുന്നും
കോട്ടയും ഉണ്ടു. ആയതിനെ ഗോവയിൽ വാഴുന്ന സബായി വളരെ
ഉറപ്പിച്ചപ്പോൾ, നരസിംഹരായരുടെ ഇടവാഴ്ചക്കാരനായ മേൽരാവും

കടല്പിടിക്കാർ പ്രമാണിയായ തിമ്മോയ്യയും അതിനെ പിടിപ്പാൻ ഭാവിച്ച മുസല്മാനരോട്ട ആവതില്ല എന്നു കണ്ടു ഉടനെ അൾമൈദയെ അഭയം പ്രാപിച്ച "കാലത്താലെ 4000 ബ്രാഹൻ കപ്പം തരാം, നിങ്ങൾ അത്രെ ഇങ്ങെ അതിരിനെ രക്ഷിക്കേണം എന്ന അപേക്ഷിച്ചു. അതുകൊണ്ടു അൾമൈദ ഹൊന്നാവര വാഴിയായ മേൽരാവിന്നായി ചാതിക്കാരം പിടിച്ചു സമാധാനം വരുത്തുകയും ചെയ്തു.

28. അൽമൈദ കണ്ണനൂർ കോട്ടയെ പണിയിച്ചതു

അൾമൈദ അഞ്ചു ദ്വീപിനെ വിട്ട തെക്കോട്ട ഓടുവാൻ ഒരുമ്പെടുമ്പോൾ അവന്റെ ചില വീരന്മാർ പാർസിയിൽനിന്നു വരുന്ന ഒരു കപ്പൽ പൊരുതു പിടിച്ചു, അതിലുള്ള കുതിരകളെ കരക്കിറക്കി പാർപ്പിച്ചു. പിറെറ ദിവസം നോക്കുമ്പോൾ കുതിരകളെ കണ്ടില്ല. മേൽരാവു ചതിച്ചു അവറെറ മോഷ്ടിപ്പിച്ചു എന്നു കേൾക്കയും ചെയ്തു. അതുകൊണ്ടു അൾമൈദ അവനെ ശിക്ഷിപ്പാൻ ഹൊന്നാവര നഗരത്തെക്ക ഓടി തിമ്മൊയ്യ രാവൊജി മുതലായ കടൽ പിടിക്കാരുടെ പടകുകളെ ചുട്ട അങ്ങാടികൾ തീക്കൊടുത്തു ഭയം നീളെ പരത്തുകയും ചെയ്തു. (അക്ഷ. 16) പിറെറ ദിവസം മെൽരാവു തിമ്മൊയ്യയെ അയച്ചു അൾമൈദയോട ക്ഷമ ചോദിച്ചു, ഒഴിച്ചൽ പറഞ്ഞു പൊത്തുഗൽ കൊടിയെ തന്റെ കൊടിമരത്തിന്മേൽ ഇട്ടു പറപ്പിപ്പാൻ സമ്മതം വാങ്ങുകയും ചെയ്തു.

അനന്തരം അൾമൈദ താൻ കണ്ണനൂരിലെക്ക ഓടുമ്പോൾ ഹൊമൻ കപ്പിത്താനെ കൊച്ചിയിലും കൊല്ലത്തും ചെന്നു വൎത്തമാനം അറിയിച്ചു ചരക്കുകളെ വാങ്ങി തൂക്കി ഇടുവിക്കേണ്ടതിന്നു മുമ്പിൽ അയച്ചു. ആയവൻ കൊല്ലത്തുള്ള പറങ്കിമൂപ്പനായ ദസാവെ കണ്ടാറെ "ചരക്കു കിട്ടുമൊ എന്നു നിശ്ചയം ഇല്ല" നമുക്കു മുമ്പെ മുളക കൊടുപ്പാൻ രാജാവുമായി കരാർ ചെയ്തിട്ടുണ്ടല്ലൊ. ഇപ്പോഴൊ 34 അറവി പടകുണ്ടു കൈക്കൂലി കൊടുത്തു ചരക്കുകളെ വൈകാതെ കരേററുവാൻ സംഗതിവരും" എന്നു കേട്ട ഉടനെ ഹൊമൻ ചില ശൂരന്മാരെ അയച്ചു എല്ലാ അറവി പടകുകളിൽ നിന്നും പായും ചുക്കാനും വാങ്ങിച്ചു പൊത്തുഗീസ പാണ്ടിശാലയിൽ വെപ്പിക്കയും ചെയ്തു. പിന്നെ താൻ സന്തോഷിച്ചു മടങ്ങി പോരുമ്പോൾ, രണ്ടു അറവിക്കപ്പൽ രഹദാരി കൂടാതെ വരുന്നതു കണ്ടാറെ, അവറെറ പിടിച്ചു ആളുകളെ കീഴിൽ ആക്കി അടെച്ചു ഓരൊന്നിൽ ചില പറങ്കികളെ കരേററി കണ്ണനൂർ തൂക്കിൽ എത്തിയാറെ, ഒരു കപ്പലിലെ ആളുകൾ കലഹിച്ചു പറങ്കികളെ കൊന്നു കടലിൽ ചാടി അൾമൈദയും, ഹൊമനും കാൺകെ പായികൊടുത്ത് ഓടി പോകയും ചെയ്തു. അതു പിടിക്കാൻ കൂടാതെ ആയപ്പോൾ, അൾമൈദ ഹൊമനൊടു കോപിച്ചു സ്ഥാനത്തിൽ നിന്നു താഴ്ത്തിവെക്കയും ചെയ്തു.

അാംമൈദ കണ്ണനൂർ ത്തുക്കിൽ എത്തിയ (അക്ത. ബ്ര.22) ബു ധനാഴ്ച തന്നെ പാണ്ടികശാലക്കാരനായ ബർബൊസ വന്നു വർ ത്തമാനം അറിയിച്ചു മാപ്പിള്ളമാരുടെ ധനപ്രാപ്തിനിമിത്തം കോ ലത്തിരിക്കു ഒരാവതും ഇല്ല. അവർ ഞങ്ങളെ കൊല്ലുവാൻ പല പ്പൊഴും പറഞ്ഞു. അതിന്നായി അവർ ഒരുമ്പെട്ടാൽ, തമ്പുരാൻ ര ക്ഷിക്കയുമില്ല. അതുകൊണ്ടു നമ്മുടെ സൌഖ്യത്തിന്നായും ഇഞ്ചിക്ക ച്ചവടത്തിന്നായും ഇവിടെ ഒരു കോട്ട വേണം, അതിന്നായി ഞാൻ ദേശത്തിന്റെ മൂലയായിരിക്കുന്ന ഈ മുക്കാൽ തുരുത്തിയെ നല്ലത എന്നു കണ്ടു രാജകല്പന വാങ്ങി ഒരു വലിയ പാണ്ടികശാലക്കു് അടിസ്ഥാനക്കല്ലിടുവാൻ തുടങ്ങിയിരിക്കുന്നു. ആയത ഇനി കോട്ട യാക്കി വളൎത്തിയാൽ കുറവില്ല'' എന്നു കേട്ടാറെ, ''താമസം കൂടാ തെ ഈ പണി തുടങ്ങും'' എന്ന അാംമൈദ കല്പിച്ചു.

കരക്കിറങ്ങും മുമ്പെ അാംമൈദ നരസിംഹരായരുടെ മന്ത്രിയെ കണ്ടു പിന്നെ കോലത്തിരിയെ കടപ്പുറത്തുള്ള പാലത്തിന്മീതെ വെ ള്ളയും പട്ടും വിരിച്ച വഴിക്കൽ തന്നെ കണ്ടു കാഴ്ചവെച്ചു കോട്ട കെട്ടു വാൻ സമ്മതം ചോദിച്ചു മാപ്പിള്ളമാരെ അടക്കുവാൻ ഇതുതന്നെ വഴി എന്നു ബോധം വരുത്തി അന്നു തന്നെ (അക്ത. 23.) പണി തുടങ്ങുകയും ചെയ്തു. അതിന്നു രാജാവു് പണിക്കാരെ കൊടുത്തു, അാം മൈദയും ഒരു വീരനെയും വിടാതെ എല്ലാവരെ കൊണ്ടും പണി എ ടുപ്പിച്ചും എടുത്തും 5 ദിവസത്തിനകം ശത്രുവെ തടുക്കേണ്ടതിന്നു പാ ൎപ്പാൻ മാത്രം തക്ക കോട്ടയെ ഏകദേശം തീൎത്തു ''സന്തു് അഞ്ചെലൊ'' എന്ന പേരും വിളിച്ചു. ലൊരഞ്ചു ബ്രീതൊ എന്ന വീരനെ 150 പറ ങ്കികളോടും യുദ്ധസാധനങ്ങളോടും കൂടെ അവിടെ പാൎപ്പിക്കയും ചെ യ്തു. അാംമൈദ (27 അക്തബ്ര) അവിടെ നിന്ന ഓടി (31) കൊച്ചി ക്ക എത്തുകയും ചെയ്തു.

29. നരസിംഹരായരുടെ മന്ത്രി

അാംമൈദ കണ്ണനൂർ ത്തുക്കിൽ എത്തിയന്നെ നരസിംഹരായ രുടെ മന്ത്രിയും അവനെ കപ്പലിൽ കയറി വന്നു കണ്ടു എന്നു പറഞ്ഞി ട്ടുണ്ടല്ലൊ; ആയ്തു എങ്ങിനെ എന്നാൽ: പറങ്കികളുടെ ജയമാഹാത്മ്യം കേട്ടറിഞ്ഞപ്പൊൾ, രായർ മന്ത്രിയെ ആനഗുന്തിയിൽനിന്നു കണ്ണനൂ രിൽ അയച്ചു. മാനുവെൽ രാജാവോടു സഖ്യത ചെയ്‌വാൻ രായൎക്ക മനസ്സുണ്ടെന്നും, രാജപുത്രന്നു തന്റെ മകളെ ഭാര്യയാക്കി കൊടുക്ക യുമാം എന്നും ഈ കൊണ്ടുവന്ന രത്നമാലകളെ വാങ്ങുവാൻ നീര സം തോന്നരുതെ എന്നും ബോധിപ്പിക്കയും ചെയ്തു. അതുകൊണ്ടും രായരുടെ രാജ്യശ്രീത്വം കേൾക്കകൊണ്ടും പറങ്കികൾക്കു് വളരെ സ ന്തോഷം ഉണ്ടായി; കാരണം രായര മുസല്മാനരോടു കുടിപ്പക ഭാവി ച്ചു, അവരെ അകററി, നിത്യം തടുത്തുകൊണ്ടിരുന്നു. മുമ്പെ എത്ര ആൾ ചെറുത്തു മരിച്ചിട്ടും പട്ടാണികളോടു വിടാതെ തോററപ്പൊൾ,

ഇങ്ങും കുതിരപ്പട വേണം എന്നു കണ്ടു രായർ തുളുനാടു പിടിച്ചടക്കി, ഹൊന്നാവര, ഭട്ടക്കള, ബാക്കനൂർ, മംഗലപുരം മുതലായ അഴിമുഖങ്ങളിൽ ആവശ്യപ്രകാരം കുതിരകളെ വരുത്തി പാർപ്പിച്ചു കൊണ്ടിരുന്നു. കുതിരക്കാർ എവിടെ നിന്നും വന്നു സേവിച്ചാൽ വളരെ മാസപ്പടി ഉണ്ടു, ഏതു മതം എന്നു ചോദ്യവും ഇല്ല. കോഴിക്കോട്ടിലെ അവസ്ഥ വിചാരിച്ചപ്പൊൾ മുസല്മാനരോടു പൊരുവാൻ പറങ്കിമതം നല്ലത എന്നു രായർ പക്ഷമായി കേൾക്കുന്ന വാക്കു, നല്ലവണ്ണം പോരാടുന്നവർക്കു രായർ താൻ കന്യകമാരെയും മററും കൊടുക്കും, വീരന്മാരിൽ അല്പം ഒരു കലശൽ ഉണ്ടായാൽ, വാൾ എടുത്തു രാജമുഖേന പൊരുതു തീൎച്ചവരുത്തും, തട്ടാന്മാരും മററും വല്ല സംഗതിക്കായി വാശി പിടിച്ചാൽ ആയതിന്നും അങ്കം കുറച്ചു തീൎക്കുകയത്രെ ന്യായം. അതുകൊണ്ടു യുദ്ധഭാവം എല്ലാവരിലും ഉറച്ചു. മരണഭയത്തിൽ വളരെ അപമാനം സ്ത്രീകളും വല്ല അഭിമാനവും വിചാരിച്ചു, വിഷം കുടിച്ചു മരിക്കും. രാജാവ് മരിച്ചാൽ എഴുനൂറോളം ഭാൎയ്യമാരും കന്യകമാരും ഉടന്തടി ഏറി മരിക്കും; പുരുഷന്മാരും അപ്രകാരം വെട്ടിമരിച്ചു സ്വാമിയെ അനുഗമിക്കും. അതുകൊണ്ടു എല്ലാവൎക്കും യുദ്ധാഭ്യാസത്തിന്ന് വളരെ ഉത്സാഹമുണ്ടു മുസല്മാനരോടുള്ള പടക്കു ചിലപ്പൊൾ നാലും അഞ്ചും ലക്ഷം പുരുഷാരം ചേരും.

രാജ്യം അഞ്ചുനാടായിട്ടുള്ളതു: പടിഞ്ഞാറു തുളുനാടു, പിന്നെ സഹ്യപൎവ്വതത്തിന്നു കിഴക്ക് ദക്ഷിണവും കൎണ്ണാടകവും പൂൎവ്വസമുദ്രതീരത്തു തെലുങ്കും ചോഴമണ്ഡലവും എന്നിവയത്രെ. രാജധാനിയായ വിജയനഗരം തുംഗഭദ്രാതീരത്തു തന്നെ; മറുകരയിൽ ആനഗുന്തിയുണ്ടു. വിരൂപാക്ഷീശ്വരം മല്ലികാൎജ്ജുനം മുതലായ മഹാ ക്ഷേത്രങ്ങളും കിഷ്കിന്ധാദി അഞ്ചു കുന്നുകളും രാജഗൃഹങ്ങളും ശോഭനമായി കാണുന്നു. നഗരത്തിലെ ചുങ്കം നാൾ തോറും 12,000 വരാഹൻ പിരിവു. 400 ആനക്ക് നില്പാൻ കരിങ്കൽ പന്തിയുണ്ടു. കുതിരകൾ അന്നു ഏകദേശം 40,000, അതിൽ ഓരോന്നിന്നു 400റും 800റും വരാഹൻ വിലയും ഉണ്ടു. പട്ടണത്തിന്റെ ഉല്പത്തി ഏകദേശം കൊല്ലം 500 (ക്രി. 1324.) ഒന്നാം രാജാവ് കുറുമ്പ ജാതിക്കാരനായ ബൊക്ക, (ബുഖ) രായർ അവന്റെ പുത്രൻ ഹരിഹരരായർ; പിന്നെ ദൈവരായർ കേരളാദി രാജാക്കന്മാരെ ജയിച്ചു കപ്പം വാങ്ങി. പിന്നെ ധളവായ്നാമങ്ങളെ അധികം കേൾക്കുന്നു; രായരുടെ അധികാരത്തിന്നു താഴ്ച പററി; ശേഷം മല്ലികാൎജ്ജുനരായർ, വിരൂപാക്ഷിരായർ, സദാശിവമഹാരായർ, ഇമ്മദിതിമ്മരായർ. പിന്നെ തുളുജാതിയിലുത്ഭവിച്ച നരസിംഹവീരൻ സിംഹാസനം ഏറി പല ദിക്കിലും ജയിച്ചു, രാജപരമേശ്വരരായമഹാരായർ എന്ന പേർ കൊണ്ടു കീൎത്തിതനായി. അവന്റെ പുത്രന്മാരിൽ ഒന്നാമൻ വീരനരസിംഹരായർ തന്നെ. അവൻ (1487, 1508. ക്രി.) രാജ്യം രക്ഷിച്ചു പറങ്കികളോടു മമത ചെയ്വാൻ തുടങ്ങി. പിന്നെ അനുജനായ കൃഷ്ണരായർ അപ്പജി മന്ത്രിയുടെ കൌശലത്താൽ ജ്യേഷ്ഠനെ പിഴക്കി

(1508, 1531)വാണു. പല രാജാക്കന്മാരെയും താഴ്ത്തി മുസ ല്മാൻ പട്ടാളങ്ങളെ എവിടെനിന്നും നീക്കി, മഹാ ക്ഷേത്രങ്ങളിൽ ഷോഡശ ദാനങ്ങളെ ശിലാശാസനങ്ങളോടു കൂട കൊടുത്തു; ക്രിസ്ത്യാ നരിലും പ്രസാദം കാട്ടി വാഴുകയും ചെയ്തു.

30. കൊല്ലത്ത ദസാമുതലായവരുടെ ആപത്തിന്നു പകവീളിയതു

അറമൈദ കൊല്ലത്തേക്ക് നിയോഗിച്ച ഹൊമൻ കപ്പി ത്താൻ അറവി പടകുകളുടെ പായും ചുക്കാനും എല്ലാം വാങ്ങിച്ചു പാണ്ടിശാലയിൽ വെച്ച് ഓടി പോയപ്രകാരം പറഞ്ഞുവല്ലൊ. ആ അപമാനം മാപ്പിള്ളമാർ സഹിയാഞ്ഞു അങ്ങാടിയിലും പള്ളിയി ലും ജനങ്ങളെ ഇളക്കിച്ചപ്പോഠം, രാജാവിന്റെ മന്ത്രികളെ ചെന്നു കണ്ടു, “ഇതു ഞങ്ങഠക്കല്ല കുറവാകുന്നതു വേണാട്ടടികഠക്ക് പരദേശികളെ രക്ഷിപ്പാൻ മനസ്സും പ്രാപ്തിയുമില്ലാതെ വന്നു പോയ പ്രകാരം ലോകർ പറയുമല്ലൊ.എന്നാൽ ഇനി ഇവിടെ കച്ചവടം ചെ യ്‌വാൻ ആർ തുനിയും” എന്നും മററും മുറയിട്ടു സങ്കടം ബോധിപ്പി ച്ചു. അതുകൊണ്ട് ഒരു മന്ത്രി പാണ്ടിശാലയിൽ ചെന്നു ദസാവെ കണ്ടു “കപ്പിത്താൻ എടുപ്പിച്ചത് ഉടനെ ഏല്പിക്കേണം” എന്ന് രാജാവിൻ കല്പന അറിയിച്ചു. ദസാ മുമ്പെ വിനയമുള്ളവൻ എങ്കി ലും അറമൈദയുടെ വരവ് വിചാരിച്ചു ഞെളിഞ്ഞു വായിഷ്ഠാണം തുടങ്ങി മന്ത്രിയോടു പിണങ്ങി അടിയും കൂടിയപ്പൊഠം, ചോനകരും നായന്മാരും വാഠ ഊരി വെട്ടാൻ ഒരുമ്പെട്ടു; ഉടനെ ദസാ 12 പറ ങ്കികളോടും കൂട ആയുധങ്ങളെ എടുത്തു ഭഗവതിക്ഷേത്രത്തിലേക്ക് മണ്ടി കയറി കുറയ നേരം തടുത്തു നിന്ന ശേഷം കൊല്ലക്കാർ വിറകു ചുററും കുന്നിച്ചു തീ കൊളുത്തുകയാൽ, 14 പൊർത്തുഗീസരും ദഹിച്ചു മരിക്കയും ചെയ്തു. അന്നു തുറമുഖത്ത ഒരു ചെറിയ പറങ്കിക്കപ്പൽ ഉണ്ടു. അതിലുള്ള കപ്പിത്താൻ വൎത്തമാനം അറിഞ്ഞപ്പോഠം, ചില പടകുകളെ തീ കൊടുത്തു നശിപ്പിച്ചു മടിയാതെ കൊച്ചിക്ക് ഓടുക യും ചെയ്തു. (1505. അക്ത. 31) ആ തുക്കിൽ എത്തിയ നേരം തന്നെ കണ്ണന്നൂരിൽനിന്ന് അറമൈദയും കപ്പൽ ബലത്തോടും കൂട വന്നു ചേ ൎന്നു. ആയവൻ കൊല്ലത്തെ വൃത്താന്തം കേട്ടാറെ, താമസം കൂടാതെ പുത്രനായ ലൊരഞ്ചെ നിയോഗിച്ചയച്ചു. അവൻ കൊല്ലത്തിന്റെ നേരെ വന്നു, അവിടെ കണ്ട 27 പടകുകളെ വെടിവെച്ചു ഭസ്മമാ ക്കി മുഴുകിക്കയും ചെയ്തു. അതിന്റെ ശേഷം, ലോരഞ്ചെ അറദൈമാ ലിലെ ദ്വീപുകളോളം ഓടി അറവികപ്പലുകളെ പിടിപ്പാൻ നോക്കു മ്പോഠം വെള്ളത്തിന്റെ വേഗതയാൽ, സിംഹളദ്വീപിന്ന് അണ ഞ്ഞു. അതിനെ മലയാളികഠ (സീഹള ഈഴനാട്) എന്ന് പറയുന്നു. നല്ല കറുപ്പ് പണ്ടെ തന്നെ മുളച്ചുണ്ടാകുന്ന ഭൂമി പറങ്കികഠ വന്ന കാ ലം 6 രാജാക്കന്മാരും, രാജധാനികളും ഉണ്ടെന്നു കേട്ടു. കൊളമ്പിലെ

രാജാവെ കണ്ടപ്പോൾ, അവൻ സന്തോഷിച്ചു. ''ചോനകരുടെ കപ്പലോട്ടത്തിന്നു ഭംഗം വരുത്തിയാൽ കൊള്ളാം'' എന്നു പറഞ്ഞു പൊർത്തുഗലെ തനിക്കു നിഴലാക്കുവാൻ ആഗ്രഹിച്ചു ''ആണ്ടു തോറും 5000 കണ്ടി കുറുപ്പു കപ്പം തരാം'' എന്നു കയ്യേററു സത്യം ചെയ്തു. അനന്തരം ലൊരഞ്ചു ആ ശീതകാലം മുഴുവനും റൊന്തയായി കടൽ സഞ്ചരിച്ചു കൊല്ലത്തിലെ കലഹത്തിൽ കൂടിയ ചോനകർ പിരിഞ്ചുരത്തിൽ ഉണ്ടെന്നു കേട്ടു ആ ഊരെ ഭസ്മമാക്കി കന്യാകുമാരി മുതൽ കണ്ണനൂർ വരെ മലയാളത്തിലെ മാപ്പിള്ളമാൎക്കു കടൽകച്ചവടത്തെ മുടക്കി കൊണ്ടിരുന്നു.

31. അൽമൈദ പെരിമ്പടപ്പു സ്വരൂപത്തിൽ അനന്ത്ര സമ്പ്രദായത്തെ മാററി വെച്ചതു

അൾമൈദ കൊച്ചിക്കു വന്നപ്പോൾ, (1505 നവെമ്പ്ര 1) പെരിമ്പടപ്പു സ്വരൂപത്തിൽ ഒരു കഠിന വാദം ഉണ്ടായ പ്രകാരം കേട്ടു. അതിന്റെ കാരണം കബ്രാൽ വരുന്ന സമയം വാണു പോരുന്ന ഉണ്ണിക്കോതവർമ്മർ വാർദ്ധക്യം നിമിത്തം പ്രപഞ്ചം വെറുത്തു ക്ഷേത്രവാസം ചെയ്തു. നേരെ അനന്ത്രവന്മാർ രണ്ടാളുണ്ടു മടത്തിൽ പടികോയില്പാർ തന്നെ. ആയവർ 3 വർഷത്തിന്മുമ്പെ ഉണ്ടായ യുദ്ധത്തിൽ പറങ്കിപക്ഷത്തെ തള്ളി താമൂതിരിയെ ആശ്രയിച്ചു, പോയിരുന്നു. അതുകൊണ്ടു മൂത്തരാജാവു അവരെ ദ്രോഹികൾ എന്നു നിരസിച്ചു മൂന്നാമനായ ഇളയിടത്തിൽ പടിമാത്തിങ്കൽ കോയിലെ വാഴിക്കയും ചെയ്തു. തള്ളിയ മരുമക്കൾ അവകാശത്തെ വിടാതെ ചോദിച്ചതും അല്ലാതെ അവർ ആശ്രയിച്ചു പാൎക്കുന്ന മൊരിഞ്ഞൂർ (മൊടിക്കുറു മൊറിഞ്ഞൂടു) ഇടപ്രഭുവിന്റെ സഹായത്താലും ബ്രാഹ്മണപ്രസാദത്താലും പെരിമ്പടപ്പിന്നു വളരെ ശങ്ക ജനിപ്പിക്കയും ചെയ്തു. അതുകൊണ്ടു രാജാവു അൾമൈദയോടു സങ്കടപ്പെട്ടപ്പോൾ ആയവൻ ''പൊർത്തുഗലിൽ മമതയും നിഴലും എന്നേക്കും നിങ്ങൾക്കു തന്നെ ഇരിക്ക. പുരാണസമ്പ്രദായമല്ല പൊർത്തുഗൽ രാജാവിന്റെ കടാക്ഷമത്രെ പ്രമാണം'' എന്നു കല്പിച്ചു പട്ടാഭിഷേകം വളരെ ഘോഷത്തോടെ കഴിപ്പിച്ചു, ഉണ്ണിരാമക്കോയിൽ എന്ന നാമധേയം ധരിപ്പിച്ചു മുമ്പെ പെരിമ്പടപ്പിന്നു ധർമ്മമല്ലാത്ത പൊങ്കമ്മട്ടം മുതലായവററെ കല്പിപ്പൂതും ചെയ്തു. അന്നു പെരിമ്പടപ്പു ''ഞാൻ എന്നേക്കും പൊർത്തുഗലിന്റെ കുടക്കീഴിൽ വസിക്കാം'' എന്നു സത്യം ചെയ്തു. അൾമൈദ വളരെ സമ്മാനങ്ങൾ കൊടുത്തതും ഒഴികെ പണ്ടു പറങ്കിയുദ്ധത്തിൽ പൊരുതു മരിച്ച മരുമക്കളുടെ ഓർമ്മക്കായിട്ടും കോട്ട എടുപ്പിച്ച സ്ഥലത്തിന്റെ ജന്മഭോഗമായിട്ടും പൊർത്തുഗൽ ആണ്ടുതോറും ഒരു വെള്ളക്കാരന്റെ നാണിഭമുള്ള സ്വൎണ്ണം മുതലായ കാഴ്ചകളെ സിംഹാസനത്തിങ്കൽ വെക്കേണം എന്നു വ്യവസ്ഥ

വരുത്തി. ആ ഓടിപോയ അനന്ത്രവന്മാരോടു പട തുടരുകയും ചെയ്തു. അതിനാൽ ലോകക്ക് സന്തോഷം വളരെ തോന്നി മരം കൊണ്ടുള്ള കോട്ട നന്നല്ല അഴിമുഖത്തു തന്നെ ശോഭയുള്ള കോട്ട കെട്ടേണം; ദേശം തരാം എന്ന് സർവ്വസമ്മതമാകയും ചെയ്തു.

1506. ഫെബ്രുവരി അൾമൈദ 12 കപ്പലിൽ ചരക്ക കയററി സ്വരാജ്യത്തേക്ക അയച്ചപ്പോൾ, രാജാവിന്നും കാഴ്ചയായി ഒർ ആന യെ യുരൊപയിലേക്ക് അയച്ചു. അതവിടെ കപ്പൽ വഴിയായി എത്തിയ ആനകളിൽ ഒന്നാമത തന്നെ.

32. ബോലൊഞ്ഞക്കാരനായ ലുദവിഗ് താമൂതിരിയുടെ ഒറററിഞ്ഞു ബോധിപ്പിച്ചതു

താമൂതിരി മിസ്രസുല്ത്താന്റെ സഹായത്തിന്നായി വളരെ കാലം നോക്കികൊണ്ടിരുന്ന ശേഷം, കപ്പലുകൾ വരാഞ്ഞപ്പോൾ മാപ്പിള്ളമാരും അറവികളും ധാരാളമായി കൊടുക്കുന്ന ദ്രവ്യം വാങ്ങി എല്ലാത്തുറമുഖങ്ങളിലും വലിയ പടകുകളെ ചമപ്പാൻ കല്പിച്ചു. പറങ്കികളിൽനിന്നു ഓടിപ്പോയ ചില ആശാരികളെയും പണിക്കാ ക്കി യുദ്ധകപ്പലുകളുടെ മാതിരിയെ ഗ്രഹിപ്പിച്ചും രണ്ടു ഇതല്യരെ ക്കൊണ്ടും വലിയ തോക്കു വാർപ്പിച്ചുണ്ടാക്കിച്ചു; ലാക്കിന്നു വെടി വെക്കുന്ന വിദ്യയെ വശമാക്കി കൊടുപ്പിച്ചും കൊണ്ട് അൾമൈദ ഈ വസ്തുത അറിയാതെ, ഇരിക്കേണ്ടതിന്നു കടൽക്കരെ എങ്ങും കാവ ല്ക്കാരെ നിറുത്തി, സന്നാഹങ്ങൾക്ക എത്രയും രഹസ്യമായിട്ട തന്നെ തികവ് വരുത്തുകയും ചെയ്തു.

ആ കാലത്തു മിസ്ര, അറവി, ഹിന്തു, മലാക്ക മുതലായ രാജ്യ ങ്ങളിൽ വളരെക്കാലം പ്രയാണം ചെയ്തു, വിശേഷങ്ങളെ അറിഞ്ഞു കൊണ്ട് ഒരു ധൂർത്തൻ കൊല്ലത്തനിന്ന് കോഴിക്കോട്ടേക്ക വന്നു. അതു ലുദവിഗ് സായ്പ തന്നെ. അവിടെ അവൻ ആ രണ്ടു ഇത ല്യരെയും യദൃഛ്ശയാ കണ്ടു സ്വദേശക്കാരാകകൊണ്ടു സന്തോ ഷിച്ചു കരഞ്ഞും ചുമ്മിച്ചും കൊണ്ടു അവരുടെ വീട്ടിൽ കൂടിചെ ന്നു രാത്രി പാർത്തു. ആയവർ കൊച്ചിയിൽനിന്നു ഓടിയ പിന്നെ കോഴിക്കോട്ട വന്നു സുഖിച്ചപ്രകാരവും രാജപ്രസാദത്തോടും കൂട ചെ യ്യുന്ന പണികളും അറിയിച്ചാറെ, ഇതല്യെക്കു പോവാൻ മനസ്സില്ല യൊ എന്നു ലുദവിഗ് ചോദിച്ചു ''ഞാൻ അൾമൈദ സായ്പവി നോടു നിങ്ങൾക്കു വേണ്ടി ക്ഷമ അപേക്ഷിക്കാം'' എന്നും മററും പറ ഞ്ഞപ്പോൾ പേതർ അന്തോണി വളരെ കരഞ്ഞു. ''ഞങ്ങൾ 400ൽ പ രം തോക്കു ക്രിസ്തുമതക്കാരെ നിഗ്രഹിപ്പാൻ ഉണ്ടാക്കിയതു കഷ്ടമത്രെ, ഇതല്യയിൽ വെച്ചു ഭിക്ഷക്കാരനായി പാർത്താലും കൊള്ളായിരു ന്നു'' എന്നു കണ്ണുനീരോടും പറഞ്ഞു. ജുവാൻ മറിയ എന്ന മററവൻ

''ഇവിടെയൊ രോമയിലൊ എവിടെയൊ മരിച്ചാലും വേണ്ടതില്ല; പക്ഷെ ഇവിടെ നിന്ന കഴിഞ്ഞു പോവാൻ എനിക്ക് വിധിയത്രെ'' എന്നു വെറുതെ പറഞ്ഞു.

പുലരുമ്പോൾ ലുദ്വിഗ് തന്റെ കൂട്ട യാത്രക്കാരെ കാണ്മാൻ പോയി ''നിങ്ങൾ എവിടെ പാൎത്തു'' എന്നു ചോദിച്ചതിന്നു ''ഞാൻ ഒരു പള്ളിയിൽ പാൎത്തു, അള്ളാവിന്നും വെദാമ്പരിന്നും സ്തോത്രം ചൊല്ലി'' എന്നു പറഞ്ഞതല്ലാതെ, പകീറാവാനുള്ള ഭാവം നടിച്ചു, പകൽ കാലത്ത ഇറച്ചിയും മററും തിന്നാതെ, പള്ളിയിൽ പാൎത്തു രാത്രികാലത്തു ഗൂഢമായി ഇതല്യരെ ചെന്നുകണ്ടു 4 കോഴിയെയും തിന്നു സുഖിച്ചിരുന്നു. ''പറങ്കിക്കപ്പല്ക്കാർ കണ്ണനൂരിൽ എത്തി കോട്ട എടുപ്പിക്കുന്നു'' എന്ന് പറഞ്ഞു കേട്ടാറെ, അവൻ തുപ്പി ''അള്ളാ ആ കാഫീറെ വേഗത്തിൽ സുന്നത്ത് കഴിപ്പാൻ സംഗതി വരുത്തേണമെ'' എന്നു ചൊല്ലി എത്രയും അള്ളാഭക്തൻ എന്ന ശ്രുതിയെ പരത്തി അള്ളാവെ തുണയാക്കി ചികിത്സയും കൂടെ ചെയ്വാൻ തുനിഞ്ഞു എല്ലാ അറവി തുൎക്ക പാൎസിമാരിലും പ്രസാദം വരുത്തി കൊണ്ടിരുന്നു.

അനന്തരം താമൂതിരിയുടെ കപ്പലും പടയും തോക്കും ഈ വക എല്ലാം സൂക്ഷ്മമായറിഞ്ഞു കൊണ്ടശേഷം (1056 ഫെബ്രു.) ലുദ്വിഗ് ചില പാൎസിക്കച്ചവടക്കാർ കള്ള ചരക്കു കയററിയ തോണിയിൽ ഒളിച്ചു കയറി കാവൽക്കാരിൽനിന്നു തെററി ഓടി പറങ്കികളെ ചെന്നു കണ്ടു ലോരഞ്ച അൾമൈദയോടു കോഴിക്കോട്ട വൃത്താന്തം എല്ലാം ബോധിപ്പിക്കയും ചെയ്തു. വെളുത്ത പക്കീറെ പറങ്കികൾ പിടിച്ചു കൊണ്ടുപോയി എന്നു കേട്ടാറെ, കണ്ണനൂരിൽ മാപ്പിള്ളമാർ ആയുധം പിടിച്ചു കയൎത്തു എങ്കിലും കോട്ടയിലുള്ളവർ തോക്കു നിറക്കുന്നത കണ്ടപ്പോൾ, അടങ്ങി പാൎത്തു; ലൊരഞ്ച പ്രസാദിച്ചു ലുദ്വിഗെ പറങ്കിവേഷം ധരിപ്പിച്ചു കൊച്ചിയിലയച്ചപ്പൊൾ അവൻ മഹാകപ്പിത്താനൊടും വസ്തുത ബോധിപ്പിച്ചു 2 ഇതല്യൎക്ക് വേണ്ടി ക്ഷമ അപേക്ഷിച്ചു.

ആയതു സാധിച്ച ഉടനെ ലുദ്വിഗ് ഒരു നായരെക്കൊണ്ടു ആ രണ്ടു ദ്രോഹികൾക്ക് കത്തയപ്പിച്ചു ''നിങ്ങൾ കെട്ടിയ ഉമ്മാരെ പോലും അറിയിക്കാതെ പുറപ്പെട്ടു പോയി സ്വൎണ്ണ രത്നങ്ങളെ അല്ലാതെ ഒന്നും എടുത്തുകൊണ്ടു വരികയും അരുത്'' എന്ന് എഴുതിയത് അവർ വിചാരിയാതെ കുഞ്ഞികുട്ടികളെയും കൂട്ടിക്കൊണ്ടു പോവാൻ ഭാവിച്ചപ്പൊൾ, അവരുടെ പണിക്കാരൻ യാത്രാവട്ടങ്ങളെ അറിഞ്ഞു കോയിലകത്തു ബോധിപ്പിച്ചു. ആയത് രാജാവ് പ്രമാണിക്കാതെ ചില നായന്മാരെ കാൎയ്യം ഗ്രഹിപ്പാൻ നിയോഗിച്ചപ്പൊൾ, രാജാവ് ക്ഷമിക്കും എന്നു കണ്ടു ഭൃത്യൻ കാദിയാരെ ചെന്നു അറിയിച്ചു ലുദ്വിഗ് ആ ഭവനത്തിൽ പാൎത്തതും ഒറററിഞ്ഞതും വെളിച്ചത്താക്കി. കാദിയാർ ഉടനെ കച്ചവടക്കാരെ വരുത്തി

സമ്മതിപ്പിച്ചു 100 വരാഹൻ തിരുമുല്ക്കാഴ്ച വെപ്പിച്ചു, യോഗിയായ രാജാവോടു വെള്ളക്കാരെ കൊല്ലുവാൻ കല്പന വാങ്ങിക്കയും ചെയ്തു. എന്നാറെ, ഇരുനൂറാം ശംഖ് വിളിച്ചു വെള്ളക്കാരുടെ ഭവനത്തെ വളഞ്ഞപ്പോൾ, ഇരുവരും "ഇതു ഭിക്ഷയാചിപ്പാനല്ല" എന്നും കാരണവും ഊഹിച്ചു വെടിവെപ്പാൻ തുടങ്ങി, ആറു ആളെ കൊന്നു 40 മുറികളേല്പിച്ചതിന്റെ ശേഷം ചില വിദഗ്ദ്ധന്മാർ ക്ഷുത്ത്ചക്രം എറിഞ്ഞു ജുവാന്റെ അരയും അന്തോണിയുടെ കാലും മുറിച്ചു വീഴിച്ചു ചങ്കറുത്തു ചോര കുടിച്ചു ഭവനത്തെ നാനാവിധമാക്കുകയും ചെയ്തു. ജുവാന്റെ കെട്ടിയവൾ മകനോടും കൂടെ കണ്ണനൂരിൽ ഓടി കുട്ടിയെ 8 ബ്രാഹന്നായി ലുദവിഗിന്നു വിററു ആയവൻ സ്നാനം കഴിപ്പിച്ചു ലൊരഞ്ച എന്ന നാമം കൊടുത്തശേഷം കുട്ടി ഉഷ്ണപ്പുണ്ണിനാൽ മരിച്ചു, ആയതു 17 വർഷം മാത്രം ഉണ്ടായിട്ടുള്ള ദീനം എന്ന് അന്നു പ്രസിദ്ധം. അതുകൊണ്ടു പറങ്കികൾ വരുത്തിയിരിക്കുന്നു എന്ന് ഊഹിച്ചു നാട്ടുകാർ പറങ്കിപ്പുണ്ണെന്ന പേർ വിളിച്ചിരിക്കുന്നു. എങ്കിലും വിലാത്തിയിൽ 1494 വർഷത്തിൽ മാത്രം ആ പുണ്ണിന്റെ ഉത്ഭവം കണ്ടിരിക്കുന്നു; അതിനെ മലയാളത്തിൽ വരുത്തിയതു മിസ്ര തുൎക്കരും ആകുന്നു എന്ന് തോന്നുന്നു.

33. കണ്ണൂരിലെ കടല്പടയിൽ ലൊരഞ്ച അൽമൈദ ജയിച്ചതു

1506 മാർച്ച 15ാം നു– ആ രണ്ടു ഇതല്യരുടെ മരണ വൎത്തമാനം കണ്ണനൂരിൽ എത്തിയപ്പോൾ, ലോരഞ്ച അഞ്ചുദ്വീപു മുതലായ ദിക്കുകളിൽനിന്നു വിളിപ്പിച്ച കപ്പലുകളും തക്കത്തിൽ എത്തി താമൂതിരിയുടെ പടകു 210 പൊന്നാനി കോഴിക്കോട്ടു കാപ്പുകാട് പന്തലായിനി ധൎമ്മപട്ടണം ഈ തുറമുഖങ്ങളിൽനിന്നു അന്നു പുറപ്പെട്ടു ഒന്നിച്ചു കൂടി പായ്മരങ്ങളുള്ളൊരു കാടായി കണ്ണനൂൎക്കു നേരെ വന്നു ലൊരഞ്ച 11 കപ്പലുകളിൽ 800 പറങ്കികളോടും കൂടെ അവരെ കാത്തിരുന്നു. "നിങ്ങൾ ക്രൂശിൽ തറച്ചു മരിച്ച രക്ഷിതാവിനെയോൎത്തു അവന്റെ ഈ വൈരികളോടു ഭയം കൂടാതെ ഏല്ക്കേണം, ദൈവത്തിന്നായി പോരാടിയാൽ പാപമോചനം നിശ്ചയമല്ലോ, അവന്റെ തുണയാലെ ഈ ദുഷ്ടന്മാരെ വേഗത്തിൽ നിഗ്രഹിക്കാം" എന്നു പറഞ്ഞതല്ലാതെ ഒരു പാതിരി അമരത്ത് നിന്നു ക്രൂശുയൎത്തി "അനുതാപമുള്ള എല്ലാവൎക്കും പാപക്ഷമ വരും" എന്നു വിളിച്ചുത്സാഹിപ്പിച്ചപ്പോൾ, എല്ലാവരും പ്രമാണിച്ചു കരഞ്ഞു ക്രിസ്തനുവേണ്ടി മരിപ്പാനാഗ്രഹിച്ചു. 16 ാംനു- ശത്രുക്കൾ അടുത്തപ്പോൾ ലൊരഞ്ച മറിയക്ക് ഒരു പള്ളി എടുപ്പിപ്പാൻ നേൎന്നു ചുവന്ന തുണിയുടുത്ത തുൎക്കച്ചേകവർ നിറഞ്ഞ 2 വലിയ കപ്പൽ കണ്ടു താനായിട്ടു അവററിന്റെ നടുവിൽ ഓടി അവരുടെ ഉണ്ടകളുടെ വീൎയ്യം അറിഞ്ഞു താനും വെടിവെച്ചു പല നാശങ്ങളെയും വരുത്തിയപ്പോൾ, അവർ കാററില്ലായ്കകൊണ്ടു ധൎമ്മപട്ടണത്തോളം മടങ്ങിപ്പോയി 18 ാംനു- അവർ പിന്നെയും

അടുത്തു ''യുദ്ധം വേണ്ട വടക്കോട്ടു ഓടുവാൻ സമ്മതിക്കേണം'' എന്നു ചോദിച്ചപ്പോൾ ലൊരഞ്ചു സമ്മതിക്കാതെ ഇരുന്നു ''നിങ്ങൾ മുമ്പെ കൊന്നവർക്കല്ലാതെ ആ ഇരുവരുടെ മരണത്തിന്നും കൂടെ പക വീളേണം'' എന്നു പറഞ്ഞാറെ, ''എന്നാൽ അള്ളയും വെദാമ്പരും തുണ'' എന്നു മാപ്പിള്ളമാർ ചൊല്ലി യുദ്ധത്തിന്നു ആരംഭിച്ചു. അവർ ദൂരെ ആകകൊണ്ടു ലൊരഞ്ചു മുമ്പെ പടയാളികളോടു ഉച്ചക്കതീൻ തീർപ്പാൻ കല്പിച്ചു; കോലത്തിരിയെയും യുദ്ധം കാണ്മാനായി വിളിച്ചു. അടുക്കെ നിൎത്തി കാഹളം മുഴപ്പിക്കയും ചെയ്തു. ഉടനെ മാപ്പിള്ളമാരും എല്ലാ കപ്പലുകളിൽ നിന്നും വാദ്യങ്ങളെ ഘോഷിപ്പിച്ചും ആൎത്തും കൊണ്ടിരുന്നപ്പോൾ, ലൊരഞ്ചു മുൽപുക്ക അവരുടെ തലക്കപ്പലൊടു ഇരുമ്പ ചേൎത്തു കയറി അറുനൂറോളം (600) മാപ്പിള്ളമാരെ അറുത്തും കടലിൽ ചാടിച്ചുംകൊണ്ടു പട തുടങ്ങി, ഇരുട്ടു വരുവോളം യുദ്ധം കഴിച്ചു സമർപ്പിച്ചില്ല താനും. തുൎക്കരുടെ ശൂരതയും പഞ്ഞി നിറച്ച വസ്ത്രങ്ങളുടെ ക്ഷേമവും മാപ്പിള്ളമാരുടെ നീന്തവിശേഷവും കണ്ടു പറങ്കികൾക്ക് അതിശയം തോന്നി പൊൎത്തുഗീസർ ഇപ്രകാരം വീര്യം പ്രവൃത്തിച്ചു, 6 ആൾ മാത്രം നശിച്ചു ജയം കൊണ്ടതു് കോലത്തിരിക്ക് ഏറ്റവും അതിശയമായി ഭവിച്ചു. മുസല്മാനർ 3000 ത്തോളം അവിടെ പട്ടുപോയി എന്ന് കേൾക്കുന്നു. ശേഷിച്ച പടകു എല്ലാം ഓടി ചിതറി പുഴകളിൽ പോയി ഒളിച്ചുപാൎത്തു അതുകൊണ്ടു ലൊരഞ്ചു തന്റെ അച്ഛന്റെ ഭയം തീർപ്പാനായി താൻ തന്നെ കൊച്ചിക്ക് ഓടി ജയവൎത്തമാനം അറിയിച്ചു അച്ഛന്നും പെരിമ്പടപ്പിന്നും വളരെ സന്തോഷം ജനിപ്പിക്കയും ചെയ്തു.

അച്ഛൻ അപ്പോൾ തന്നെ കൊച്ചിയിൽവെച്ചു വലിയ കോട്ട എടുപ്പിച്ചു, താനും പൊർത്തുഗൽ പ്രഭുക്കന്മാർ മുതൽ പണിക്കാർ വരേയുള്ള എല്ലാവരും ഒരു തുള്ളി മദ്യം സേവിക്കാതെ, ചോറും കഞ്ഞിയും മാത്രം ഭുജിച്ചുകൊണ്ടു അദ്ധ്വാനപ്പെട്ടു ആ കോട്ടയെ പണിയിച്ചു തീൎത്തു. അരിക്കും കൂടെ ക്ഷാമം പററി കൊച്ചി ദേശത്തുനിന്നു വരവ എത്രയും ചുരുക്കം. അക്കാലം ഒരു നായർ വന്നു താമൂതിരിയുടെ നേരെ അന്യായപ്പെട്ടു ബ്രാഹ്മണ്യം നിരസിച്ചു, സ്നാനം ഏററു ഒരു മാൎഗ്ഗക്കാരത്തിയെ കെട്ടിയപ്പോൾ, സംശയം ജനിച്ചിട്ടു അൾമൈദ അവനെ വരുത്തി ഭയപ്പെടുത്തി ''സകലവും ഏററു പറഞ്ഞാൽ പ്രാണഛേദം ഇല്ല'' എന്നു കല്പിച്ചു ''നിങ്ങളെ കൊല്ലുവാനും കപ്പലുകളെ ഭസ്മമാക്കുവാനും ഞാൻ കയ്യേററു വന്നു'' എന്നു പറഞ്ഞാറെ, അൾമൈദ അവന്റെ കണ്ണുകളെ ചൂന്നെടുപ്പിച്ചു താമൂതിരിക്ക് മടക്കി അയച്ചു, അപമാനവാക്കു പറയിക്കയും ചെയ്തു.

34. കോലനാട്ടിലെ പുതുരാജാവ് പറങ്കികൾക്കു ശത്രുവായി ചമഞ്ഞത

1506 മാൎച്ച മാസത്തിൽ ഉണ്ടായ കപ്പൽജയം മുതൽക്കൊണ്ടു പൊർത്തുഗൽ കപ്പലിന്നു ഹിന്തുസമുദ്രത്തിൽ എതിരില്ല എന്നു വന്നു.

[മിസ്രക്കപ്പലുകൾ 1508ാമതിൽ വന്നു 1509 തോററപ്രകാരം പിന്നെ പറയാം] എങ്കിലും ...ൾമൈദ അഞ്ചുദ്വീപിൽ നിന്ന സഹായം വരുത്തിയപ്പോൾ, ഗോവയിൽ വാഴുന്ന സബായിത്തുരുത്തിയെ കാപ്പാൻ ആൾ പോരാ എന്നു നിരൂപിച്ചു കോട്ട പിടിപ്പാൻ തുക്കരെ അയച്ചു; അവരിൽ പ്രമാണി ഒരു പറങ്കി ആശാരി തന്നെ. അവൻ മുമ്പെ ചങ്ങലക്കാരനായി പിന്നെ പൊർത്തുഗല്ക്കപ്പലിൽ നിന്ന ഓടി ഒളിച്ചു അബ്ദുള്ള എന്ന നാമവും തൊപ്പിയും ധരിച്ചവൻ തന്നെ; അവൻ കൌശലത്തോടെ തുടങ്ങിയ സഹായത്തിന്നു സാദ്ധ്യം വന്നില്ല താനും. പൊർത്തുഗീസർ ചുരുക്കം എങ്കിലും തടുത്തു പാർത്തു മഴ തീൎന്നതിൽ പിന്നെ ലോരഞ്ചു അഞ്ചു ദ്വീപിലേക്കു ഓടി ഈ പടിഞ്ഞാറെ കടപ്പുറം മുഴുവനും ഭയപ്പെടുത്തി, അമൎച്ചയും ചെയ്തു. എങ്കിലും ബലങ്ങളെ അധികം ചിതറിച്ചു പാർപ്പിച്ചാൽ വർഷകാലം നിമിത്തം നന്നല്ല; കൊച്ചിയിലും കണ്ണനൂരിലും ഉള്ള കോട്ടകൾ വ്യാപാരരക്ഷക്കു ആശ്രയസ്ഥാനമായി മതി എന്നും തോന്നുകയാൽ, അഞ്ചുദ്വീപിൽ എടുപ്പിച്ച കോട്ടയെ താൻ ഇടിപ്പിച്ചു കളഞ്ഞു (1506 സപ്ത.)

എന്നാറെ, ആ 683ാം കൊല്ലത്തിൽ ആദിയിൽ എത്രയും വിശേഷമായ സൂൎയ്യഗ്രഹണം ഉണ്ടായിട്ടു പകൽ കാലത്തും വാനമീനുകൾ നന്നായി കാണായി വന്നതു കോഴിക്കോട്ടു ജ്യോതിഷക്കാർ വിചാരിച്ചു ഈ കൊല്ലത്തിൽ തന്നെ പൊർത്തുഗലിന്നു ഗ്രാസം പിടിക്കും എന്നു ലക്ഷണം പറഞ്ഞു മലയാളത്തിൽ എങ്ങും ശ്രുതിപ്പെടുത്തുകയും ചെയ്തു. അതുകൂടാതെ മാനുവെൽ രാജാവുമായി സഖ്യത കഴിച്ച കോലത്തിരി തീപ്പെട്ടപ്പോൾ, അനന്ത്രവന്മാരിൽ ഉണ്ടായ വാദത്തെ താമൂതിരി ബ്രാഹ്മണരെ നിയോഗിച്ചും ദ്രവ്യം കൊടുത്തുംകൊണ്ടു തീൎത്തു തനിക്കു ബോധിച്ചവനെ വാഴിക്കയും ചെയ്തു. ആകയാൽ കോലത്തിരി കുന്നലകോനാതിരിയുടെ പക്ഷം അത്രെ എന്നു ലോകമുഖേന കേട്ടപ്പോൾ ''സമുദ്രതീരത്തെ വേണ്ടുംവണ്ണം കാക്കേണം കോലനാട്ടിലും അധികം വിശ്വസിക്കേണ്ടാ; രാപ്പകൽ സൂക്ഷിക്കേണം'' എന്നു പൊർത്തുഗൽ കപ്പല്ക്ക ഒക്കെക്കും കല്പനയായി. എങ്കിലും കോലത്തിരിയല്ല പറങ്കികൾ തന്നെ അതിക്രമിച്ചു സമാധാനത്തെ തള്ളിക്കളഞ്ഞ പ്രകാരമാവിതു: മുമ്പെത്ത കോലത്തിരിയുടെ മന്ത്രിയായ ചേണിച്ചേരികുറുപ്പു മാനുവെൽ രാജാവോടു അറവിഭാഷയിൽ ഹജ്ജി എഴുതി അപേക്ഷിച്ചതു (ഹജ്ജത്ത 909 മുഹറം 6 നു) ''നിങ്ങളുടെ കപ്പിത്താന്മാർ നമ്മുടെ ചെറിയ ദ്വീപുകളുടെ നേരെ ഉപദ്രവം ചെയ്യരുതെ പിന്നെ കാലത്താലെ നാട്ടുപടകു 10 എങ്കിലും കണ്ണനൂരിൽനിന്ന ഹൊർമ്മുജിലെ കുതിരകളെ വാങ്ങുവാനായി ആ ദ്വീപിലൊ ഗുജരാത്തിലെക്കൊ ചെല്ലേണ്ടതിന്നു കല്പനയാകെണം എന്നത്രെ'' ആയതിന്നു രാജാവു അനുജ്ഞ കൊടുത്താറെയും കപ്പിത്താന്മാർ പല വിധേന നാട്ടുകാരുടെ കപ്പലോട്ടത്തെ മുടക്കികൊണ്ടു കോലത്തിരിക്കും ചുങ്കം കുറച്ചു

വെച്ചിരുന്നു. അതിന്നു ഓരോരൊ സംഗതികൾ ഉണ്ടായി. കോഴിക്കോട്ടകാർ പലരും കണ്ണനൂരിൽ വന്നു കോലത്തിരിയുടെ ആൾ എന്നു നടിച്ചു, പറങ്കികളെ ചതിച്ചു വ്യാപാരം നടത്തുകയാൽ, മാപ്പിള്ളമാരെ കാണുന്തോറും ഇവർ താമൂതിരിയുടെ പ്രജകൾ അത്രെ എന്നൊരു സിദ്ധാന്തം പറങ്കികളിൽ ഉണ്ടായി. അതുകൊണ്ടു കണ്ണനൂരിൽ മേല്ക്കപ്പിത്താനായ ബ്രീതൊവൊട ചീട്ടു വാങ്ങിയല്ലാതെ, ഒരു പടകും പുറപ്പെടുവാൻ തുനിഞ്ഞില്ല. കോഴിക്കോട്ടുകാരുടെ വ്യാജം തടുപ്പാനായി അംമൈദ മേല്പറഞ്ഞ ലുദവിഗെ മലയായ്മ അറികയാൽ വ്യാപാരത്തിന്ന് പ്രമാണി ആക്കി കണ്ണനൂരിൽ പാർപ്പിച്ചു. അവനും ബ്രീതൊവും നന്ന ആലോചിച്ചിട്ടത്രെ പടകുകാൎക്ക ചീട്ടെഴുതി കൊടുക്കും.

പറങ്കികൾ സമുദ്രം എങ്ങും പരന്നു മുസല്മാൻ കപ്പലെ തടുക്കുന്നേരം ഗോവസ് കപ്പിത്താൻ കണ്ണനൂർ സമീപത്തു ഒരു പടകിനെ എതിരിട്ടു നിറുത്തി ബ്രീതൊവിന്റെ ചീട്ടു കണ്ടാറെയും, "ഈ ഒപ്പു കൃത്രിമം" എന്നു നിരൂപിച്ചു ചൊടിച്ചു പട തുടങ്ങി ജയം കൊണ്ടു പടകിൽ കണ്ടവരെ പായിൽ പൊതിഞ്ഞു കെട്ടി കടലിൽ ചാടി. പായി പൊട്ടി ശവങ്ങൾ കരക്ക വന്നടിഞ്ഞു പറങ്കിയുടെ ആസുരക്രിയ പ്രസിദ്ധമാകയും ചെയ്തു. പിണങ്ങളിൽ ഒന്നു മമ്മാലി മരക്കാരുടെ മരുമകൻ എന്നു കണ്ടപ്പോൾ കച്ചവടക്കാരിൽ പ്രധാനനായ അവന്റെ കാക്ക കോട്ടയിൽ വന്നു "ബ്രീതൊ ചതിച്ചുവല്ലൊ" എന്നു ക്രുദ്ധിച്ചു പറഞ്ഞു. ബ്രീതൊവിന്റെ ആണയും മറ്റും അനുസരിയാതെ കുഞ്ഞികുട്ടികളോടും കൂടെ വളൎഭട്ടത്തെ കൊയിലകത്തെക്ക് ഓടി അഭയം വീണും കരഞ്ഞും തൊഴിച്ചും കൊണ്ടു സങ്കടം ബോധിപ്പിക്കയും ചെയ്തു. നാട്ടുകാർ എല്ലാവരും കോപം സഹിയാതെ പൊൎത്തുഗൽ നാമത്തെക്കുറിച്ചു പ്രാവി ദുഷിച്ചു. ആയുധം എടുപ്പാൻ കല്പന അപേക്ഷിച്ചാറെ, രാജാവ് അനുവാദം മൂളി അനേകം ആയുധപാണികൾ അന്നു തന്നെ കോട്ടക്ക് പുറമെ ഉള്ള കിണറ്റിൻ കരെക്ക് പാഞ്ഞു ചെന്നു വെള്ളം എടുക്കുന്നവരൊടു വക്കാണം തുടങ്ങി പറങ്കികൾ ബദ്ധപ്പെട്ടു കോട്ടയിൽ മടങ്ങി പായേണ്ടി വരികയും ചെയ്തു. [1507 എപ്രിൽ 27 നു] അന്നു മുതൽ നേരെ 4 മാസം വരെ കോട്ടയിലുള്ളവൎക്ക വിഷമമുള്ള പട നടന്നു.

35. കണ്ണനൂർ കോട്ടയുടെ നിരോധം

ബ്രീതൊ ഉടനെ ഒരു പടക കൊച്ചിക്കയച്ചു അംമൈദയെ അറിയിച്ചപ്പോൾ അവൻ ചില ചെകവരെയും പദാൎത്ഥങ്ങളെയും സഹായത്തിന്നു കല്പിച്ചയച്ചു, ദുഷ്ടനായ ഗൊവസെ സ്ഥാനത്തിൽ നിന്നു പിഴുക്കുകയും ചെയ്തു. ആകയാൽ ബ്രീതൊ ഇണക്കത്തിന്നായി ശ്രമിച്ചാറെ, കോലത്തിരിയും യുദ്ധത്തിന്നു കുറയ താമസം വരുത്തി മന്ത്രികളെ അയച്ചു പറങ്കികളെ മയക്കുവാൻ നോക്കുന്ന

തിന്നിടയിൽ മമ്മാലിയെ കൊണ്ടു താമൂതിരിയെ അറിയിച്ചു 24 വലിയ തോക്കു കോഴിക്കോട്ടുനിന്നു വരുത്തുകയും ചെയ്തു. അതല്ലാതെ അവൻ കോട്ടയും നഗരവും വേർപിരിക്കേണ്ടതിന്നു ഒരു വാടിയെ കിളപ്പിച്ചു നായന്മാരെ 40,000 ത്തോളം ചേൎക്കയും ചെയ്തു. അവന്റെ മരുമകൻ സ്വകാര്യമായി പൊൎത്തുഗലെ ആശ്രയിച്ചുകൊണ്ടു ബ്രീതൊവെ ബോധിപ്പിക്കയാൽ അവൻ രാജാവിന്റെ അന്തൎഗ്ഗതമെല്ലാം അറിഞ്ഞു രാപ്പകൽ വിടാതെ കോട്ടയെ ഉറപ്പിക്കയും ചെയ്തു. അപ്പോൾ ഒരു ദിവസം രാവിലെ നായന്മാർ വാദ്യഘോഷത്തോടും ബാണം പൂവെടി മുതലായതു മുന്നിട്ടു 12 നിരയായും നിരതോറും 2000 ആളായും നടന്നുകൊണ്ടു പട വെട്ടി തുടങ്ങി. ചാട്ടത്തിന്നും മറിച്ചലിന്നും ഒട്ടും കുറവില്ല, മതിലിന്മേൽ കയറുവാൻ സംഗതി വന്നില്ല താനും. പറങ്കിവെടി കൊണ്ടു പലരും മരിച്ചു; മലയാളതോക്കുകൾക്കു ശീലവും അനുഭവവും കണ്ടതും ഇല്ല. കോട്ടയിലുള്ളവർ 200 ആൾ. മഴക്കാലത്തേക്കു അരിയും തേങ്ങയും ചക്കരയും ഉണ്ടു; വെള്ളത്തിന്നായിട്ടു ആഴ്ചവട്ടം തോറും രണ്ടുകുറി പുറപ്പെട്ടു ഒരു അമ്പേറു ദൂരത്തു ചെന്നു കിണറ്റിൽനിന്നു വെള്ളം കോരെണ്ടി വന്നു. ആ ദിവസങ്ങളിൽ വാൾ കൊണ്ടത്രെ വഴിയെ സാദ്ധ്യമാക്കും; പലരും മുറി ഏറ്റാറെ ഫെൎന്നന്ത എന്ന ശില്പി കോട്ടയിൽനിന്നു കുഴിച്ചു തുരന്നു ഓകു പടച്ചു കിണറ്റിന്റെ വെള്ളത്തെ കോട്ടയുടെ അകത്തു വരുത്തി. ശത്രുക്കൾ അതു കാണാതെ ഇരിപ്പാൻ പറങ്കികൾ പൊരുതു ചെന്നു കിണറ്റിനെ മണ്ണിട്ടു തൂൎക്കയും ചെയ്തു. പിന്നെ താമൂതിരി 20,000 നായന്മാരെ തുണെക്കയച്ചപ്പോൾ കോട്ടയിൽ നിന്നു പുറപ്പെടുവാൻ തന്നെ പരാധീനമായി. അതിന്റെ സൂക്ഷ്മം അറിയേണ്ടതിന്നു പറങ്കികൾ താമൂതിരിയുടെ ഒരു പണിക്കാരെ കണിവെച്ചു പിടിച്ചു വസ്തുതഗ്രഹിക്കയും ചെയ്തു. പിന്നെ ഉണ്ട കൊള്ളരുതെന്നു വെച്ചു മാപ്പിള്ളമാർ വലിയ പരുത്തികെട്ടു കൊണ്ടുവന്നു മറയാക്കി പോരാടുമ്പൊൾ നടപ്പുള്ള തോക്കിന്നു ഫലം പോരാതെ വന്നു. അതുകൊണ്ടു എത്രയും വലിയത ഒന്നു വരുത്തി മതിലിന്മെൽ നിറുത്തി വെടി വെച്ചപ്പൊൾ പരുത്തി എല്ലാം പാറി 22 മാപ്പിള്ളമാർ ഒർ ഉണ്ട കൊണ്ടു മരിക്കയും ചെയ്തു.

അനന്തരം മലയാളികൾ പട കൂടാതെ കോട്ടയെ വളഞ്ഞു പോരുമ്പോൾ ക്ഷാമം നന്നെ വൎദ്ധിച്ചു, പാണ്ടിശാലക്ക് തീ പിടിച്ചതിനാൽ ശേഷിപ്പുള്ള അരിയും ഭസ്മമായി. അപ്പോൾ എലി, പല്ലി, പൂച്ച മുതലായത് തിന്നേണ്ടിവന്നു. വ്യാധികളും ഉണ്ടായി; ആയതു നാട്ടുകാരറിഞ്ഞു ഒരിക്കൽ 2 പശുക്കളെ കോട്ടവാതിലോളം തെളിച്ചു പറങ്കികൾ പുറപ്പെട്ടപ്പോൾ രണ്ടിനെയും ആട്ടി അവരെ ഒരു പതിയിരിപ്പിൽ അകപ്പെടുത്തുവാൻ നോക്കി, വിശപ്പിനാൽ വീര്യം ഏറിവന്നിട്ടു പറങ്കികൾ പശുക്കളെ പിടിച്ചു താനും. ഇപ്രകാരം ദുഃഖേന കഴിക്കുമ്പോൾ അവർ നാൾതോറും കന്യാമറിയയോടു

സഹായത്തിന്നായി പ്രാൎത്ഥിച്ചു, അംമൈദ നേൎച്ചയെ ഒപ്പിച്ചു അവൾക്ക പണിയിച്ചിട്ടുള്ള പള്ളിയിൽ കൎമ്മം ചെയ്തു നടന്നു. എന്നാറെ, കന്യകപെരുന്നാളായ അഗ്ഗസ്ത 15 ാം നു— കടലിൽനിന്ന ഞണ്ടും കൊഞ്ചനും മററും ഒരിക്കലും കാണാതവണ്ണം കടപ്പുറത്തു അടിഞ്ഞു വന്നതിനാൽ തിന്മാൻ വളരെ ഉണ്ടായി, ദീനക്കാരും ''ഇതു സ്വൎഗ്ഗരാജ്ഞിയുടെ കാൎയ്യമല്ലൊ'' എന്നു വെച്ചു ഭക്ഷിച്ചപ്പോൾ പലൎക്കും വിശ്വാസം നിമിത്തം ഭേദം വന്നു എന്നു പൊൎത്തുഗീസ കവിയടക്കം. പിന്നെ താമൂതിരി ഉപദേശിക്കയാൽ ഓണത്തിന്ന മുമ്പെ 50,000 നായന്മാരും കൂടി പോരാടുവാൻ ഭാവിച്ചപ്പോൾ, കോലത്തിരിയുടെ മരുമകൻ ബ്രീതൊവിന്നു ഭോജ്യങ്ങളെ അയച്ചു ''നാളെ കരയും കടലും പട കാണും സൂക്ഷിക്കേണം'' എന്നറിയിച്ചപ്പോൾ മുറിഞ്ഞവരും ദീനക്കാരും പടക്ക ഒരുമ്പെട്ടു പുലൎച്ചക്ക കോട്ടയുടെ നേരെ വരുന്ന മാപ്പിള്ളമാരുടെ മഞ്ചു ചങ്ങാടം മുതലായതിനെ തകൎത്തു ചിതറിച്ചു, കരപ്പുറത്തു നായന്മാരോട തടുത്തു നില്ക്കയും ചെയ്തു. ആ ഭാഗത്തു വളരെ ഞെരിക്കം ഉണ്ടായി; ചിലനായന്മാർ മതിലിൻ മുകളിൽ എത്തി മരിച്ചു; പറങ്കികൾ മിക്കവാറും മുറിയേററപ്പോൾ ബ്രീതൊ തളൎച്ചയെ മറക്കേണ്ടതിന്ന ചക്കതോക്ക കൊണ്ടു കണ്ണനൂരെ കൊള്ളെ വെടിവെച്ചു. വെള്ളിയാഴ്ച നിമിത്തം ആൾ അധികം കൂടി നില്ക്കുന്ന മുസല്മാൻ പള്ളിയെ ഉണ്ടകളാലിടിക്കയും ചെയ്തു. പറങ്കികളാരും മരിക്കാത്തതു ''ക്ഷുദ്രകൎമ്മങ്ങളുടെ വൈഭവം ഹേതുവായിട്ടത്രെ'' എന്നു വെച്ചു പലനാട്ടുകാരും മടുത്തപ്പോൾ (ആഗ്ഗസ്ത. 27) അക്കുഞ്ഞ കപ്പിത്താൻ 11 കപ്പലോടും കൂട വിലാത്തിയിൽനിന്നു വന്നു നിരോധത്തെ തീൎക്കയും ചെയ്തു.

36. താമൂതിരിക്ക പൊന്നാനിയിൽ വെച്ചുണ്ടായ തോൽവി

അക്കുഞ്ഞ കണ്ണനൂരിൽ നങ്കൂരം ഇട്ടു 300 വീരന്മാരെ ഇറക്കി കണ്ണനൂർ അങ്ങാടിക്ക് തീക്കൊടുത്തപ്പോൾ ബ്രീതൊ താൻ കോലത്തിരിയെ ഭയപ്പെടുത്തിയതു മതി എന്നു വെച്ചു സാമവാക്ക ചൊല്ലി തീകെടുത്താറെ, മാഫ് ചോദിക്കുന്ന മമ്മാലിമരക്കാരെ കൊച്ചിക്ക അയക്കയും ചെയ്തു. അവിടെ അവൻ അംമൈദയുമായി വിചാരിച്ചു നാം ഈ ഇടച്ചിൽ എല്ലാം മറക്കേണം എന്നു തോന്നി പൊൎത്തുഗലും കോലനാടും തമ്മിൽ നിരന്നു വരികയും ചെയ്തു.

ആകയാൽ കണ്ണനൂരിലും കൊച്ചിയിലും ചരക്ക വേണ്ടുവോളം വാങ്ങി കപ്പലുകളിൽ നിറച്ചപ്പോൾ അക്കുഞ്ഞ പോകുന്നതിൻ മുമ്പെ ''താമൂതിരിയെ ഇനിയും ഒന്നു ശിക്ഷിക്കേണം'' എന്നു നിശ്ചയിച്ചു. അന്നു കപ്പലാളിയായ കുട്ടിയാലി എന്ന വീരൻ 7000 പടച്ചെകവരോടും കൂടെ പൊന്നാനിയിലുള്ള പടകുകളെ രക്ഷിച്ചു കൊണ്ടിരുന്നു. ആ അഴിമുഖത്തിലെ വെള്ളത്തിന്നു ആഴം ഇല്ല, മാററാനെ

തടുപ്പാൻ തെക്കും വടക്കും 2 കോട്ടയും ഉണ്ടു. അറംമൈദ സകല പറങ്കികളേയും കൂട്ടി കൊണ്ടു (1507 നവമ്പ്ര 23ാം) കപ്പലുകളിൽ കരേററി പൊന്നാനിവരെ ഓടി നങ്കൂരം ഇട്ടപ്പോറം രാത്രിയിൽ പലമാപ്പിള്ളമാരും സെഹ്ദായി മരിപ്പാൻ നേൎന്നു പള്ളിയിൽ കൂടി വന്നു തലചിരച്ചും ഉറക്കം ഇളച്ചും പാക്കയും ചെയ്തു. പറങ്കികറം 600 ആളെ ഉള്ളു; കൊച്ചിനായന്മാർ ചിലരും കൂടി പോന്നു, അവരോട അറംമൈദ (നവമ്പ്ര 24ാംനു-) പുലരുമ്പോറം പറഞ്ഞു ''ഇതെല്ലൊ മാപ്പിള്ളമാരുടെ മുഖ്യദേശം ഇവിടെ തന്നെ ശിക്ഷ കഴിക്കേണം എല്ലാവരും ഒരുങ്ങിയൊ'' എന്നതല്ലാതെ ''വിശ്വാസശത്രുക്കളോടും പൊരുതു മരിക്കുന്നതിനേക്കാറം പാപമോചനത്തിന്നും സ്വൎഗ്ഗപ്രാപ്തിക്കും എളുപ്പമുള്ള മറെറാരു വഴിയും ഇല്ല'' എന്നു രോമപ്പാതിരിയും വിളിച്ചു പറഞ്ഞു; അപ്പോറം പറങ്കികറം ഒക്കയും കണ്ണീർ വാൎത്തു ബദ്ധപ്പെട്ടു ഇറങ്ങി തോണികളിൽ കയറി ഉണ്ടമാരിയിൽ കൂടി തണ്ടു വലിച്ചു കടന്നു കരക്കണഞ്ഞു. അന്നുണ്ടായ യുദ്ധം പറഞ്ഞു കൂടാ; ലൊരഞ്ചു എല്ലാവരിലും പരാക്രമം അധികം കാട്ടി, മുറിഏററിട്ടും 6 മാപ്പിള്ളമാരെ താൻ വെട്ടിക്കൊന്നു. നായന്മാർ മണ്ടിപ്പോവാൻ തുടങ്ങിയ ശേഷവും അറവികറം വാങ്ങാതെ നിന്നു പൊരുതു ഓരൊരൊ വിധേന പട്ടുപോയി. പറങ്കികറം കോട്ടയിൽ കയറി തീകൊടുത്തു 40 തോക്കും പിടിച്ചു തോണികളിൽ കരേററിയപ്പോറം, പുഴയിൽ അറെററക്കം വെച്ചതല്ലാതെ അങ്ങാടിയിൽ കൊള്ളയിട്ടാൽ തോററുപോവാൻ സംഗതി ഉണ്ടാകും എന്നു വിചാരിച്ചു പാണ്ടിശാലകളെയും മററും ഭസ്മമാക്കിയ ഉടനെ എല്ലാവരും കടപ്പുറത്തു കൂടി വരേണം എന്ന കാഹളം ഊതി അറിയിച്ചു. അനന്തരം അറംമൈദ ദൈവത്തേയും വീരന്മാരെയും വാഴ്ത്തി അക്കുഞ്ഞയുടെ മകനും ലുദവിഗ്ഗും മററും ചിലർ പടയിൽ കാട്ടിയ വൈഭവം നിമിത്തം പല വീരുതും നായ്മസ്ഥാനവും കല്പിച്ചു കൊടുത്തു; 18 പറങ്കികറം പട്ടുപോയവരെ കുഴിച്ചിട്ടു കപ്പലുകളിൽ കയറി കണ്ണനൂരിലേക്ക് ഓടുകയും ചെയ്തു. അവിടെ നിന്നു (ദി ശമ്പ്ര. 6ാംനു-) അക്കുഞ്ഞ ചരക്കിന്റെ ശിഷ്ടവും കയററി ലുദവിഗേയും കൂട്ടി കൊണ്ടു പൊർത്തുഗലിലേക്ക് മടങ്ങി ഓടുകയും ചെയ്തു.

37. ലൊരഞ്ചു അൽമൈദ മിസ്ര കപ്പലുമായി പൊരുതു മരിച്ചതു

പറങ്കികളുടെ കടൽ വാഴ്ചയാൽ ഖാൻഹസ്സൻ എന്ന മിസ്രവാഴിക്ക് അനവധി ചേതം വന്നപ്പോറം കോഴിക്കോടു ഗുജരത്ത് വെനെത്യ മുതലായ രാജ്യങ്ങളിൽനിന്നും മന്ത്രിദൂതും സഹായവും വാങ്ങി മുസല്മാനരുടെ വങ്കച്ചവടത്തെ രക്ഷിപ്പാൻ നിശ്ചയിച്ച പ്രകാരം 25ാം അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ, മിസ്രക്കാർ വല്ല സഹായവും തുടങ്ങിയാൽ മുടക്കേണ്ടതിന്നും അദൻ ഹൊർമ്മുജ എന്ന തുറമുഖങ്ങളെ അടക്കേണ്ടതിന്നും മാനുവെൽ രാജാവ് അക്കുഞ്ഞ

അറബുകെക്ക് ഈ രണ്ടു കപ്പിത്താന്മാരെ ചെങ്കടലിലേക്ക് നിയോഗിച്ചയച്ചിരുന്നു. അവിടെനിന്ന് യുദ്ധവിശേഷങ്ങൾ പലതും ഉണ്ടു; കാൎയ്യസാദ്ധ്യം ഉടനെ ഉണ്ടായതും ഇല്ല. മലയാളത്തിൽനിന്നു മരവും പടകം എത്തായ്കയാൽ ഖാൻഹസ്സൻ ലിബനോനിൽനിന്നും മററും മരം വെട്ടിച്ചിറക്കി നീല നദിയോളം തിരപ്പം കെട്ടി കൊണ്ടുവന്നു. പിന്നെ ഒട്ടകപ്പുറത്തു കയററി ഒരു മരവും പച്ചപ്പുല്ലും ഇല്ലാത്ത സുവെസിലേക്ക് കടത്തി വെക്കയും ചെയ്തു. സുവെസ്സ ആകട്ടെ, ചെങ്കടലിന്റെ വടക്കെ അററം തന്നെ. അവിടെ തന്നെ വെനെത്യയിൽ നിന്നുള്ള ആശാരിമേസ്ത്രിമാർ ചെന്നു 11 വലിയ കപ്പൽ തീൎത്തപ്പോൾ, മീർഹുസെൻ എന്ന പാർസി പ്രമാണി 1500 മമലൂക്കന്മാരെ അതിൽ കരേററി. മമലൂക്കർ ആർ എന്നാൽ: സകല ക്രിസ്തീയരാജ്യങ്ങളിൽ നിന്നും കട്ടുകൊണ്ടുപോയി, ചേലാവിൽ കൂട്ടി ആയുധാഭ്യാസതികവു വന്ന ചേകവർ തന്നെ. അവരോടു കൂട താമൂതിരിയുടെ ദൂതനായ മയിമാമ മരക്കാരും വന്നു കപ്പലേറി ഹിന്തുരാജ്യത്തേക്ക് മടങ്ങിപ്പോവാൻ നിശ്ചയിച്ചു, അവൻ എല്ലാ മുസല്മാന്മാരിലും അധികം പറങ്കികൾക്കു വിരോധിയും കാഫീർ നാശത്തിന്നായി നിത്യം കൊത്തുവ ഓതി ദുവ ഇരക്കുന്നവനും സകല രാജാക്കന്മാരെയും പറങ്കികളെ കൊള്ളെ ഇളക്കിക്കുന്നവനുമായി പ്രസിദ്ധി വന്നവൻ. ഒരിക്കൽ കൊച്ചിപ്പടക ചിലതു ദാബൂലിൽ കണ്ടപ്പോൾ, അവൻ ഊക്കാരെ സമ്മതിപ്പിച്ചു വെറുതെ ഭസ്മമാക്കുവാൻ സംഗതി വരുത്തിയിരുന്നു. ഇങ്ങിനെ 12 കപ്പൽ മിസ്രയിൽനിന്നു ഗുജരാത്തിലെ ദ്വീപിൽ വന്നു ആ തുരുത്തിയിൽ കടൽപിടിക്കാരായി വാഴുന്ന ശ്രമികളെ ചേൎത്തുകൊണ്ടു ഒക്കത്തക്ക കൊങ്കണതീരത്തിന്നായി ഓടി ചവുൽ തുറമുഖത്തു പൊൎത്തുഗൽ കപ്പലുകളോടു എത്തുകയും ചെയ്തു.

ആയതു എങ്ങിനെ എന്നാൽ: ലൊരഞ്ച അൾമൈദ (1508) സിംഹളത്തിൽനിന്നു മലയാളത്തിലും കൊങ്കണത്തിലും ഓടി ചവുലിൽ വ്യാപാരം ചെയ്യുന്ന കൊച്ചിപ്പടകുകളെ രക്ഷിക്കുമ്പോൾ ''മിസ്രക്കപ്പൽ ബലം വരുവാറുണ്ടു സൂക്ഷിക്കേണം'' എന്നു തിമ്മൊയ്യ ഗ്രഹിപ്പിക്കയാൽ വിസ്മയിച്ചു, അല്പം വിചാരിച്ചു ഇതു ഒരു നാളും വരാത്ത കാൎയ്യം സുവെസിൽ ഒരു കപ്പലിന്നും പോരുന്ന മരവും ഇല്ലല്ലൊ, പക്ഷെ മക്കത്തുനിന്നു ചില ഉരുക്കളായിരിക്കും എന്നു ചൊല്ലി കരക്കിറങ്ങി ആയുധാഭ്യാസവിനോദത്താൽ നേരം പോക്കി കൊള്ളുമ്പോൾ, പായ്മരമുകളിൽ ഉള്ളവർ ദൂരത്തുനിന്നു 12 കപ്പൽ വരുന്നത് കണ്ടു അറിയിച്ചു, അൾബുകെക്ക് തന്നെ ആകും എന്നു തോന്നിയശേഷം കപ്പൽ അടുത്തു വന്നു ചുവപ്പും വെളുപ്പും കലൎന്ന കൊടികളിൽ കറുത്ത അൎദ്ധചന്ദ്രനെ കാണായി വരികയും ചെയ്തു. പൊൎത്തുഗീസർ ഭ്രമിച്ചു ബദ്ധപ്പെട്ടു കരയിൽനിന്നു പാഞ്ഞു തണ്ടു വലിച്ചു താന്താങ്ങടെ കപ്പലുകളിൽ കയറി യുദ്ധത്തിന്നു ഒരുമ്പെട്ടപ്പോൾ, മീർഹുസെൻ രണ്ടു മൂന്നു വെടിവെച്ചു കടന്നു പുഴയുടെ അകത്തു നങ്കൂരം ഇടുകയും ചെയ്തു.

പിറെറന്നാളുണ്ടായ പടയിൽ മയിമാമ പാമരത്തട്ടിൽനിന്നു നമസ്കാരം ചെയ്യുന്നേരം ഒർ ഉണ്ടകൊണ്ടു മരിച്ചു; അവന്നു പിന്നെ ത്തെതിൽ കവറും നിത്യവിളക്കും സ്ഥാപിച്ചിരിക്കുന്നു. വൈകുന്നേരത്തു ദ്വീപിൽനിന്നുള്ള ശ്രുമിക്കപ്പലും മിസ്രക്കാരുടെ തുണക്കായി വന്നു കൂടി. അപ്പോൾ, അൾമൈദയും കൂട ''ഇവരുടെ നേരെ നില്പാൻ കഴികയില്ല'' എന്നു കണ്ടു രാത്രിയിൽ പുറപ്പെട്ടു പോയനേരം കപ്പൽ മീൻപിടിക്കാർ പുഴയിൽ തറച്ച കുററികളിൽ തടഞ്ഞു കുറയകാലം ചെന്നപ്പോൾ മണലിൽ ഉറച്ചുപോയി. അവനു കവുൽ ചെയ്‌വാനൊ തോണിയിൽ കയറി മണ്ടിപ്പോവാനൊ മനസ്സില്ലായ്കയാൽ, ശ്രുമികളുടെ ഉണ്ടമാരി കൊണ്ടു കപ്പല്ക്കാരോടു കൂട അന്തരിച്ചു. ശേഷം പറങ്കിക്കപ്പൽ ഇറക്കം നിമിത്തം സഹായിപ്പാൻ പ്രാപ്തിയില്ലാതെ അഴിമുഖത്തുനിന്നു സങ്കട വർത്തമാനത്തെ കണ്ടശേഷം കൊച്ചിക്കഓടി അച്ഛനെ അറിയിക്കയും ചെയ്തു. ഇനി പൊർത്തുഗലെ ഹിന്തു കടലിൽനിന്നു നീക്കുവാൻ സമയം ആയി എന്നുള്ള ശ്രുതി സകല തീരങ്ങളിലും പരന്നു മയിമാമ, മീർഹുസെൻ ശ്രുമിമലക്കയാജ് എന്ന 3 പേർക്കും കവിപ്രസിദ്ധി വരികയും ചെയ്തു.

38. അൽമൈദ പക വീളുവാൻ വട്ടം കൂട്ടിയതു

1508 നവമ്പ്ര അൾമൈദ കൊച്ചിക്ക് വന്നു വേണാട്ടു മന്ത്രികളെ കണ്ടു ''കൊല്ലത്തിലെ പാണ്ടിശാലക്ക് നാശം വന്നതു വേണാട്ടടികൾക്ക് സങ്കടം തന്നെ. ഇനി പടവേണ്ടാ; ഞങ്ങൾ 300 ബഹാർ മുളകു തന്നെച്ചാൽ, നിരന്നു വരികയില്ലയൊ എന്നവർ ബോധിപ്പിച്ചത് കേട്ടാറെ, പോരാ പൊന്തമ്പുരാന 2 ചൊല്ലൊണ്ട മാണിക്യം ഉണ്ടല്ലൊ, അവ ഞാൻ മടങ്ങിപ്പോയാൽ മാനുവെൽ രാജാവിന്നു തിരുമുല്ക്കാഴ്ച വെക്കട്ടെ'' എന്നു പറഞ്ഞപ്പൊൾ, അവർ ''കല്പനയില്ല'' എന്നു ചൊല്ലി പുറപ്പെട്ടുപോയി ഉടനെ മകന്റെ മരണവൃത്താന്തം അറിയിക്കുന്ന ദൂതനും വന്നു. അൾമൈദ അതു കേട്ടാറെ, മുറിയെ പൂട്ടി 3 ദിവസം ആരെയും കാണാതെ ദുഃഖിച്ചു പാൎത്തു പിന്നെ ചങ്ങാതിയുടെ ചൊൽ കേട്ടു തന്റെ അതിഖേദത്തെ മറച്ചു പരിഭവം വീളുവാൻ ശ്രമിക്കയും ചെയ്തു. പിന്നെ പെരിമ്പടപ്പും വന്നു അവനെ കണ്ടു ''പുത്രൻ പോയതിനെ കൊണ്ടു ദുഃഖിക്കേണ്ട, നാം എല്ലാവരും അവന്നൊത്തവണ്ണം മാനം രക്ഷിച്ചു കൊൾകെ വേണ്ടു'' എന്ന ആശ്വാസവാക്ക പറഞ്ഞു നായന്മാരിൽ ഉത്തമന്മാർ 400 പേരെ തെരിഞ്ഞു കടൽ യുദ്ധത്തിന്നായി അൾമൈദെക്ക് ഏല്പിച്ചു കൊടുക്കയും ചെയ്തു. അവരെ കൂടാതെ 1300 വെള്ളക്കാരെ ചേർത്തു പടകുകളിൽ കരേററി (നവെമ്പ്ര. 25ാംനു) കണ്ണനൂരിൽ ഓടി ബ്രീതൊവോടു കാര്യവിചാരം തുടങ്ങുകയും ചെയ്തു. പിന്നെ ദിശമ്പ്ര. 5 നു ''അതാശ്രുമി വരുന്നു'' എന്ന കേൾവി പരന്ന

പ്പൊൾ അൾമൈദ പടക്ക് ഒരുങ്ങി പായി വിരിച്ചു ഏഴു മലയോളം ചില കപ്പലൊടു എത്തി ഒരു വെടി വെച്ചശേഷം ഇതു പൊൎത്തുഗൽ കപ്പൽ അല്ലൊ അൾബുകെക്ക് എന്ന മഹാ കപ്പിത്താനത്രെ എന്നു കേട്ടു അവരോട് ഒക്കത്തക്ക കണ്ണനൂരിൽ ഓടി കരക്ക ഇറങ്ങുകയും ചെയ്തു. ഘോഷം ഒന്നും ഇല്ലായ്കയാൽ അൾബുകെക്ക വിഷാദിച്ചു ''നിങ്ങൾ രാജ്യാധികാരിയെ ഇവ്വണ്ണം തന്നെ കൈക്കൊള്ളുന്നുവൊ'' എന്നു ചോദിച്ചാറെ, ''വെണ്ടതില്ല, ഇപ്പൊൾ ഭക്ഷണത്തിന്നിരിക്കാവു'' എന്നു അൾമൈദ പറഞ്ഞു രാജ്യാധികാരികൾ ഇരുവരും ബ്രീതൊവിന്റെ വീട്ടിൽചെന്നു അത്താഴം കഴിക്കയും ചെയ്തു. രാജകല്പന പ്രകാരം നിങ്ങൾക്ക സൎവ്വാധികാരത്തെ എന്നിൽ സമൎപ്പിപ്പാൻ നല്ല ദിവസം ഏതു എന്നു ചോദിച്ചതിന്നു അൾമൈദ നീരസപ്പെട്ടു ''ഇന്ന ദിവസം എന്നു പറവാനില്ല, ഈ വൎഷം തന്നെ നല്ലതു താമൂതിരിയുടെ തുണക്കായി മിസ്രീരൂമികളും വരുവാറുണ്ടു ഇപ്പൊൾ രാജ്യരക്ഷക്ക ശീലമുള്ള വീരനെ കൊണ്ടു തന്നെ ആവശ്യം'' എന്നു കേട്ടാറെ, ''എങ്കിലൊ രാജകല്പനകൊണ്ടു എന്തു'' എന്നു അൾബുകെക്കും ''ആയ്തു ഇപ്പൊൾ പററുന്നില്ല എന്നു അൾമൈദയും ചൊല്ലി'' വാദിച്ചു. അതിന്റെ കാരണം പറയാം: അൾബുകെക്കിൽ അസൂയ ഭവിച്ചു ദ്രോഹം വിചാരിച്ച പല കപ്പിത്താന്മാരും ഉണ്ടു; അവർ വാക്കിനാലും കത്തിനാലും ഏഷണിയറിയിച്ചു ''അവൻ ഭ്രാന്തൻ അവനെ വിശ്വസിക്കരുത വകതിരിയാതെ എന്തെങ്കിലും ചെയ്വാൻ തുനിയും'' എന്നുള്ള ദുഷ്കീൎത്തിയെ പരത്തി അൾമൈദയെയും ബ്രീതൊവെയും വിശേഷാൽ വശീകരിച്ചുകൊണ്ടിരുന്നു. അനന്തരം അൾബുകെക്ക് ''ഞാൻ എങ്ങിനെ എങ്കിലും കൂടി ചെന്നു പടയുടെ ഒരു ഭാഗത്തെ നടത്തട്ടെ'' എന്നു പറഞ്ഞാറെ, ''വേണ്ടാ നിങ്ങൾ വളരെ പ്രയത്നം കഴിച്ചു കഷ്ടിച്ചുവല്ലൊ, ഇപ്പൊൾ തളൎച്ച്മാറുവാൻ കൊച്ചിയിൽ സ്വസ്ഥനായി പാൎക്ക'' എന്നു അൾമൈദ കല്പിച്ചു അൾബുകെക്കിന്റെ കപ്പലുകളെയും സ്വന്തത്തോടു ചേൎത്തുകൊണ്ടു മറെറാന്നും കൂട്ടാക്കാതെ, ശത്രുക്കളെ അന്വെഷിപ്പാൻ കണ്ണനൂരിൽനിന്നു ഓടുകയും ചെയ്തു. (1508 ദിശമ്പ്ര. 12ൻ-)

39. അൽമൈദ ദ്വീപിൻ തൂക്കിൽ നിന്നു മിസ്രരൂമിബലങ്ങളെ നിഗ്രഹിച്ചത

''ഹൊന്നാവരിലെ തിമ്മൊയ ഭട്ടക്കള രാജാവുമായി പട കൂട്ടുന്നു'' എന്നു കേട്ടിട്ടു അൾമൈദ മുമ്പിൽ ഭട്ടക്കളയെ അടക്കുവാൻ വിചാരിച്ചു പിന്നെ ഇരുവരും നിരന്നപ്രകാരം കേട്ടു ഹൊന്നാവരിൽ ഓടി അതിൽ കണ്ട കോഴിക്കോട്ടുപടവുകളെ ചുട്ടു അഞ്ചു ദ്വീപിൽ നിന്നും നല്ല വെള്ളം കരേററി ഗോവയിൽ വാഴുന്ന സബായെ മുമ്പെ ശിക്ഷിപ്പാൻ നിശ്ചയിച്ചു. ദാബൂൽ ഊർ സബായുടെ സ്വാധീനത്തിൽ ആകകൊണ്ടു ''ഗോവയുടെ നേരെ തന്നെ അല്ല, ദാബൂലെ കൊള്ളെ പോകെണം'' എന്നു വെച്ചു ഓടി 6000 ചെകവരുള്ള കോട്ട

യിൽ പൊരുതു കയറി, പെണ്ണുങ്ങളെയും ശിശുക്കളെയും രക്ഷിക്കാതെ, കണ്ടവരെ കൊല്ലിച്ചു പട്ടണത്തെ ഭസ്മമാക്കുകയും ചെയ്തു. ''ദാബൂലിന്നു തട്ടിയ പ്രകാരം പറങ്കി ദ്വേഷ്യം നിന്റെ മേൽ'' എന്നുള്ള ശാപവാക്കു അന്നു മുതൽ പഴഞ്ചൊല്ലായി നടന്നു.

1509ാം ഫെബ്രു. 3ാം നു- അല്മെദ ദ്വീപിൽ എത്തി മാററാന്റെ കപ്പലും താമൂതിരി അയച്ച 80 പടകും കരയിൽ എടുപ്പിച്ച വലിയ തോക്കിൻ നിരകളെയും കണ്ടു സന്തോഷിച്ചു. സ്ഥലവിശേഷം അറിഞ്ഞ ഉടനെ തുറമുഖത്തിലെക്ക ഓടി ശത്രു ബലത്തോട ഏല്ക്കയും ചെയ്തു. ''പറങ്കി വാൾ പ്രമാണം'' എന്നു കേട്ടാറെ, ഹുസ്സെൻ ഭയപ്പെട്ടു കരക്ക ഓടി ദ്വീപുവാഴിയെയും വിശ്വസിക്കാതെ, കുതിരപ്പുറത്തേറി രാപ്പകൽ പാഞ്ഞു ഗുജരാത്തി രാജാവെ ചെന്നുകണ്ടു അഭയം ചോദിക്കയും ചെയ്തു. കോഴിക്കോട്ടുകാർ വളരെ ചേതപ്പെട്ടപ്പൊൾ കല്പുകളുടെ ഒരു വഴിയെകണ്ടു മിക്കവാറും തണ്ടു വലിച്ചു തെററി പോയി. മമ്മൂക്കാർ ഏകദേശം എല്ലാം പട്ടുപോയി; പല മിസ്രക്കാരെയും ജീവനോടെ പിടിച്ചു കവർച്ചയും വളരെ ഉണ്ടായി. അതിൽ വിശേഷാൽ ഇതല്യ, സ്ലാവ, പ്രാഞ്ചി, സ്പാന്യ, ഗൎമ്മന്യ മുതലായ ഭാഷകളിലും, എഴുതിയ പുസ്തകങ്ങൾ കണ്ടതിശയിച്ചു. ശത്രുക്കൾ 3000വും പറങ്കികൾ 32ം മരിച്ചു എന്നു കേൾക്കുന്നു. മുറിയേററവർ 300ൽ അധികം അവൎക്ക മുറി കെട്ടുവാൻ അല്മെദ തനിക്കു ശേഷിപ്പുള്ള ഒരു കമീസും കൊടുത്തു കൊള്ളയിട്ടത് ഒന്നും തൊടാതെ ചേകവൎക്ക് നൽകി, താൻ ക്ഷൌരം ചെയ്തു കുളിച്ചു പകവീണ്ടതിനാൽ ആശ്വസിക്കയും ചെയ്തു.

അന്നു മുതൽ മിസ്രരാജ്യത്തിന്നു ശ്രീത്വം കെട്ടുപോയി. 1517 രൂമിസുല്ത്താൻ വന്നു അതിനെ പിടിച്ചടക്കുകയും ചെയ്തു. ദ്വീപുവാഴിയായ മല്ക്കയാജ ക്ഷമ അപേക്ഷിച്ചു, കപ്പവും കൊടുത്തു; അപ്രകാരം ചവൂലിൽ വാഴുന്ന നിജാംശാം മാനുവെൽ രാജാവിന്നു സമ്മാനം അയച്ചു. ഹൊന്നാവരിലേക്ക് വന്നപ്പോൾ അല്മെദ തിമ്മൊയയെ കണ്ടില്ല. ''അവൻ രായരെ പേടിച്ചു മണ്ടിപ്പോയി എന്നും രായർ ഗോകൎണ്ണത്തിൽ വന്നു തുലാഭാരകൎമ്മം കഴിച്ചു തന്റെ മെയ്ക്കു തുല്യമായി പൊന്നു ബ്രാഹ്മണൎക്ക് കൊടുത്തു'' എന്നും കേട്ടു പുറപ്പെട്ടു ഭട്കളെയിൽ വന്നാറെ, രാജാവ് കടപ്പുറത്തേക്ക വന്നു ജയം നിമിത്തം വാഴ്ത്തി കാഴ്ച വെക്കയും ചെയ്തു. പിന്നെ കണ്ണനൂർ തൂക്കിൽ എത്തിയപ്പൊൾ അല്മെദ ''മാപ്പിള്ളമാരുടെ വമ്പു താഴ്ത്തുവാൻ എത്രു നല്ലു'' എന്നു വിചാരിച്ചു സുല്ത്താന്റെ ആളുകളെ ചങ്ങല ഇട്ടു പാർപ്പിച്ചവരെ പായ്മരങ്ങളിൽ തൂക്കി വിട്ടും തോക്കിന്റെ മുഖത്ത് കെട്ടി വെടിവെച്ചും അസ്ഥികളെ അറക്കല്ക്കു നേരെ പാററിച്ചും കൊണ്ടു തന്റെ ജയത്തെയും മനസ്സിന്റെ മ്ലേച്ഛതയെയും പ്രസിദ്ധമാക്കി സന്തുഷ്ടിയോടെ കൊച്ചിയിൽ എത്തുകയും ചെയ്തു. (മാർച്ച 8ാം നു-.)

40. അൽബുകെർക്ക പറങ്കികളുടെ തലവനായിവന്നത

അൾമൈദ ജയഘോഷത്തോടും കൂടെ കൊച്ചിക്ക (1509 മാൎച്ച
8.) മടങ്ങി വന്നപ്പോൾ, അൾബുകെക്ക് "സൎവ്വാധികാരത്തെ രാ
ജാജ്ഞയാലെ എന്നിൽ ഏല്പിക്കേണ്ടതല്ലൊ" എന്നു പിന്നയും
പിന്നയും ചോദിക്കയാൽ, വളരെ വൈരം ഉണ്ടായി. അതിന്റെ
കാരണം മഹാന്മാരെ ഇരുവരെയും ഭേദിപ്പിക്കേണ്ടതിന്നു വെവ്വെറെ
ആളുകൾ ശ്രമിക്കയാൽ, അൾമൈദ നിശ്ചയിച്ചത് എന്തെന്നാൽ:
"ഈ മറെറവന്നു കാൎയ്യവിചാരണ സാധിച്ചു വന്നാൽ പൊൎത്തുഗ
ലിന്നു അപമാനമെ വരും; അവൻ കൊടുങ്ങല്ലൂരിലെ യഹൂദന്മാ
രൊടു സ്നേഹിച്ചിരിക്കുന്നു; നിത്യം കത്തഎഴുതി അയക്കയും വാങ്ങു
കയും ചെയ്യുന്നു ഇതു എന്തു രഹസ്യം പക്ഷെ അവൻ രാജദ്രോഹമൊ
മതദ്രോഹമൊ എന്തു വിചാരിക്കുന്നു" എന്നിങ്ങിനെ ഓരൊന്നു നി
നച്ചു കൊള്ളുമ്പൊൾ പെരിമ്പടപ്പിന്റെ നിയൊഗത്താൽ അഞ്ചി
ങ്കല്ല നായർ വന്നു ബോധിപ്പിച്ചതു "നമ്മുടെ തമ്പുരാൻ മാനുവെൽ
രാജാവിൽ ആശ്രയിക്ക കൊണ്ടു നിങ്ങൾക്കല്ല അൾബുകെക്കിന്റെ
കയ്യിൽ അത്രെ മുളകു മുതലായ ചരക്കുകളെ ഭരമേല്പിക്കും; അവൻ
സാക്ഷാൽ പിസൊരായി സ്ഥാനത്തിൽ ആകുന്നു, മാനുവെൽ രാജാ
വിന്റെ കൈയ്യെഴുത്തിലും അപ്രകാരം കാണുന്നു; താമസം എന്തി
ന്ന്, രാജാവിന്റെ കല്പന പ്രമാണമല്ലാതെ പോയിട്ടുണ്ടൊ" എന്നി
ങ്ങിനെ കേട്ട നേരത്തു അൾമൈദ കയൎത്തു അൾബുകെക്ക "ഭവ
നത്തിൽ തന്നെ തടവുകാരനായി പാൎക്ക" എന്നു കല്പിച്ചു. "ഇനി
കൊച്ചിരാജാവിന്റെ വല്ല നായന്മാരുമായി ന്യായം പറയുന്ന പ്രകാ
രം കണ്ടുവെങ്കിൽ ശിക്ഷിക്കാതിരിക്കയും ഇല്ല." എന്നു ഖണ്ഡിച്ചു
പറഞ്ഞു.

അങ്ങിനെ ഇരിക്കും കാലം മാനുവെൽ രാജാവ് മിസ്രയുദ്ധ
പട്ടത്തിന്റെ ശ്രുതി കേട്ടിട്ടു ഫെൎന്നന്തകുതിഞ്ഞൊ എന്ന ധളവായി
യെ 15 കപ്പലുകളോടും 1600ൽ പരം ചേകവരോടും കൂടെ പൊൎത്തു
ഗലിൽ നിന്നു നിയൊഗിച്ചയച്ചു. (1509 മാൎച്ച 12.) "താനും അൾ
ബുകെക്കും ഒന്നിച്ചു പടയെ നടത്തി കോഴിക്കോട സംഹരിച്ചു വൻ
കച്ചവടത്തെ കുറവു കൂടാതെ വൎദ്ധിപ്പിച്ചു നടത്തേണം" എന്നും മററും
കല്പിക്കയും ചെയ്തു. അവൻ ഈ രാജ്യത്തിൽ എത്തും മുമ്പെ അൾ
മൈദ അധികം കോപിച്ചു. "അൾബുകെക്ക അടങ്ങുന്നില്ലല്ലൊ;
അവൻ കൊച്ചിയിൽ പാൎത്താൽ നാശം വരും. ആകയാൽ, തെററെ
ന്നു അവനെ കപ്പലിൽ കരേററി കണ്ണനൂരിൽ ഓടി പാൎക്കേണം"
എന്നു കല്പിച്ചു ബ്രീതൊവെ അറിയിക്കയും ചെയ്തു. അതുകൊണ്ടു
അൾബുകെക്ക് വേവുന്ന മനസ്സോടെ കണ്ണനൂരിൽ ഇറങ്ങി വന്നാ
റെ, ബ്രീതൊ അവനെ ഒരു പൊട്ടനെയൊ കള്ളനെയൊ എന്ന
പോലെ ഭാവിച്ചു അപമാനിച്ചു പാർപ്പിച്ചു. (അഗുസ്തു.) ആ മാസ

ത്തിൽ തന്നെ മറെറാരു കപ്പിത്താനെ കപ്പലോടെ അച്ചി, മലാക്ക രാജ്യങ്ങളിലെക്കയച്ച്ച കിഴക്കെദ്വീപുകളിലും പൊൎത്തുഗൽ നാമത്തെ പരത്തുകയും ചെയ്തു.

ഇങ്ങിനെ അം്മൈദ തൻെറടക്കാരനായി നടക്കുമ്പൊൾ (1509 അക്തമ്പ്ര 16 നു—) കുതിഞ്ഞൊ കണ്ണനൂരിൽ തന്നെ എത്തി നങ്കൂരം ഇട്ട ഉടനെ ബ്രീതൊ വസ്തുത അറിഞ്ഞു, ആരോടും ഒന്നും കല്പിക്കാതെ ഒരു മഞ്ചിയിൽ കയറി കൊച്ചിക്ക ഓടുകയും ചെയ്തു. കുതിഞ്ഞൊ കോട്ടയിൽ വന്നപ്പോൾ തന്നെ അൾബുകെൎക്ക എന്ന ബന്ധുവെ വരുത്തി രാജാവിൻ ചൊല്പാൽ സഹനായകൻ എന്ന മാനിക്കയും ഒന്നൊത്തു കാര്യവിചാരം തുടങ്ങുകയുംചെയ്തു. പിന്നെ ഇരുവരും ഘോഷത്തോടെ പുറപ്പെട്ടു കൊച്ചിയിൽ എത്തിയാറെ, (അക്ത. 29.) അം്മൈദ കാര്യാദികളെ എല്ലാം ഭരമേല്പിച്ച താനും ഉററ ചങ്ങാതികളുമായി കേരളത്തെ വിട്ടു വിലാത്തിയിലേക്ക് ഓടി പോകയും ചെയ്തു. (ദിശമ്പ്ര) അവന്നു നല്ല യാത്ര സാധിച്ചില്ലതാനും. കെപ്പിൽ എത്തിയപ്പൊൾ കപ്പലിൽ വെള്ളം കയററുവാൻ കരക്കിറങ്ങി പീപ്പകളെ നിറക്കുമ്പൊൾ തന്നെ കാപ്പിരികൾ പാഞ്ഞു വന്നു വിലക്കി കുന്തം ചാടി തുടങ്ങി, അന്നു മുറി ഏററിട്ടു അവനും സഖിയായ ബ്രീതൊവും മയങ്ങി നിസ്സാരമായ കാട്ടാള ശണ്ഠയാൽ പട്ടുപോകയും ചെയ്തു. (1510 മാൎച്ച 1നു—) 4 വൎഷം പറങ്കികൾക്ക് ജയശ്രീതവമുള്ള മൂപ്പനായി പാൎത്ത അം്മൈദയുടെ അവസാനം ഇപ്പ്രണ്ണമത്രെ സംഭവിച്ചതു. അവൻ കഠിനഹൃദയമുള്ളവൻ എങ്കിലും കാമലൊഭങ്ങളെ വെറുക്കയാൽ, മിതമായുള്ള കീൎത്തിയെ ശേഷിപ്പിച്ചിരിക്കുന്നു.

41. കുതിഞ്ഞൊവും അൾബുകെൎക്കും കോഴിക്കോടു ജയിപ്പാൻ പുറപ്പെട്ടതു

മാനുവെൽ രാജാവ് കോഴിക്കോടിനെ സംഹരിക്കെണം എന്നു കല്പിച്ചതു കോലത്തിരിയും പെരിമ്പടപ്പും മന്ത്രിച്ച പ്രകാരം ഉണ്ടായി. ആ തമ്പ്രാക്കന്മാർ ഇരുവരും പൊൎത്തുഗലും താമൂതിരിയുമായി നിത്യയുദ്ധം ഉണ്ടെങ്കിൽ ഇങ്ങെ തുറമുഖങ്ങളിൽ കച്ചവടലാഭം അധികം ഉണ്ടാകും എന്നു അസൂയ്യഹേതുവായിട്ടു നിശ്ചയിച്ച, അതല്ലാതെ പട നിമിത്തം കോഴിക്കോട്ട ക്ഷാമം ഉണ്ടാകുന്തോറും കരവഴിയായി ധാന്യങ്ങളെ അയച്ച സഹായിക്കയാൽ അനവധി ധനം കൈക്കലാക്കും.

അനന്തരം പറങ്കികൾ കൊച്ചിയിൽനിന്നു ചില പട്ടന്മാരെ അയച്ചു താമൂതിരിയുടെ ഒററ് അറിഞ്ഞു ചങ്ങാതിയായ കോയപ്പക്കിയെ കോഴിക്കോട്ടനിന്ന വരുത്തിയശേഷം, നായന്മാർ മിക്കവാറും താമൂതിരിതാനും ചേററുവായരികിലും ചുരത്തിനടിയിലും പടക്കു പോയി എന്നു കേട്ടാറെ, കുതിഞ്ഞൊ 30 കപ്പലുകളിൽ 2000 പറങ്കികളെയും 600 നായന്മാരെയും കരേററി കണ്ണനൂർ കോട്ടയുടെ

മൂപ്പനായ റബെല്ലവെയും പുറക്കാട്ടടികളെയും തുണെപ്പാൻ വിളിച്ചു. ഇങ്ങിനെ എല്ലാം ഏറിയ ബലങ്ങളോടും കൂട പുറപ്പെട്ട ഓടി കോഴി ക്കോട്ടിൻ തൂക്കിൽ നങ്കൂരം ഇടുകയും ചെയ്തു. (1510 ജന. 4 നു–) കുതിഞ്ഞൊ കരക്കിറങ്ങി പട തുടങ്ങിയപ്പോൾ അലുബുകെർക്ക ഇടത്തെ അണിയിൽ പോരാടി, സ്ഥലവിശേഷങ്ങളെ അറിഞ്ഞവനാകയാൽ അതിവേഗത്തിൽ തുറമുഖക്കോട്ടയെ വളഞ്ഞു കോണിയിട്ട മതിലിന്മേൽ കയറുകയും ചെയ്തു. ആയത കുതിഞ്ഞൊ കണ്ടു അഭിമാനം ഭാവിച്ചു ''എനിക്കല്ലൊ യുദ്ധത്തിലെ മുമ്പു സമർപ്പിച്ചു തന്നത്; നിങ്ങൾ മുല്ലുക്കു ജയിച്ചത് എന്തുകൊണ്ടു'' എന്ന ഉഷ്ണിച്ചു പറയിച്ചു ശത്രുക്കൾ ഓടി പോയതു കണ്ടു താനും വലിയത ഒന്ന സാധിപ്പിക്കേണം എന്നു വെച്ചു ദ്വിഭാഷിയായ ഗസ്പരെ വരുത്തി ''താമൂതിരിയുടെ കോവിലകം എവിടെ, വഴിയെ കാണിച്ചു തരേണം'' എന്നു ചൊല്ലി. ചൂടുനിമിത്തം ശിരൊരക്ഷയും ചൂടാതെ 800 പറങ്കികളുമായി ഒന്നര നാഴിക ദൂരത്തോളം നാട്ടകത്തു ചെല്ലുവാൻ തുടങ്ങി. ഇതു തിങ്ങിയ മരങ്ങളാലും തിണ്ടുകളുടെ ഉയരം നിമിത്തവും ഭയമുള്ള കാര്യം തന്നെ. എന്നു അലുബുകെർക്ക് പറയിച്ചതു അവൻ കരുതാതെ വിരഞ്ഞു ചെന്നപ്പോൾ അലുബുകെർക്ക് പട്ടണത്തെയും പെണ്ടികളും പിള്ളരും നിറഞ്ഞ സ്രാമ്പിയെയും ഭസ്മമാക്കി കളഞ്ഞു. 600 ചേകവരെ കൂട്ടിക്കൊണ്ടു വയസ്സേറിയ ബന്ധുവിന്റെ പിന്നാലെ പതുക്കെ ചെല്ലുകയും ചെയ്തു.

ഉച്ചക്കു മുമ്പെ തന്നെ കുതിഞ്ഞൊ കോവിലകത്തെത്തി അതിൽ കണ്ട 3 കയ്യന്മാരെ പൊരുതു നീക്കി അകം പുക്ക ഉടനെ പറങ്കികൾ മുറിതോറും പാഞ്ഞു കയറി പുരാണനിധികളേയും രത്നമയമായ ബിംബങ്ങളെയും രാജചിഹ്നങ്ങളെയും കവൎന്നു നാനാവിധമാക്കി കളയുമ്പോൾ, താൻ തളർച്ച നിമിത്തം വലിയ ശാലയിൽ കിടക്ക വിരിച്ചു 5 നാഴികവരെ ആശ്വസിച്ചു കിടക്കുകയും ചെയ്തു. നായന്മാരുടെ കൂക്കൽ അതിക്രമിച്ചു കേട്ട നേരം അവൻ എഴുനീറ്റു പുറത്തു ആൾ അധികം വരുന്നുണ്ടെന്നു കണ്ടു ചേകവരെ വിളിച്ചു നിരയാക്കുവാൻ തുടങ്ങി, നായന്മാർ അതിന്നു ഇട കൊടാതെ നാലു പുറത്തുനിന്നും ചാടി അമ്പുകളെ പൊഴിച്ചു സ്ഥലപരിചയമില്ലാത്ത പറങ്കികളെ ചിതറിനിന്നു കണ്ടെടത്ത ഒടുക്കുകയും ചെയ്തു. അതിന്റെ ഒച്ച കേട്ടു അലുബുകെർക്ക് ബദ്ധപ്പെട്ടു എത്തിയപ്പോൾ, കുതിഞ്ഞൊ മുതലായ 80 പറങ്കികൾ പട്ടുപോയ പ്രകാരം അറിഞ്ഞു കോവിലകം തീക്കിരയായും കണ്ടു. ശത്രുകൈവശമായി പോയ 2 തോക്കുകളെ പിടിപ്പാൻ ഉത്സാഹിച്ചിട്ടും ആവതില്ല എന്നു കണ്ടു സൂക്ഷ്മത്തോടെ മടങ്ങി പോവാൻ തുടങ്ങി, തിണ്ടുകളുടെ ചെല്ലുമ്പോൾ മിക്കവാറും മുറിഏറ്റു അലുബുകെർക്ക താനും ഒരുണ്ടകൊണ്ടിടറി ദേവമാതാവിന്നു ഒന്നു നേൎന്നു മയങ്ങാതെ നടന്നു; പിന്നെ കല്ലേറുകൊണ്ടു മോഹിച്ചു വീണു പോയാറെ, ചങ്ങാതികൾ അവനെ പലിശമേൽ കിടത്തി കൊണ്ടുപോയി. കടപ്പുറത്ത എത്തിയപ്പോൾ റബെല്ലു

കപ്പിത്താൻ വലിയ വെടികളെ പ്രയോഗിച്ചു നായന്മാരെ അകററി, പറങ്കികൾ 100 കുറയ ശേഷിച്ചവർ എല്ലാവരും കപ്പലേറി, കൊച്ചിക്കു ഓടി പോകയും ചെയ്തു. നാലാം നാൾ താമൂതിരി ചുരത്തിന്റെ ചുവട്ടിൽ നിന്നു മടങ്ങി വന്നപ്പോൾ, നാശങ്ങൾ എല്ലാം കണ്ടു കൊത്തുവാളും കമ്മന്മാർ ഇരുവരും മരിച്ച പ്രകാരം കേട്ടു കണ്ണീർ വാർത്തു മാപ്പിള്ളമാർ പോരിൽ പരാക്രമം ഒന്നും കാട്ടായ്കയാൽ വളരെ കോപിച്ചു പേ പറഞ്ഞു കുതിഞ്ഞൊവെ തോല്പിച്ച നായന്മാർക്കു സ്ഥാനമാനങ്ങളെ കല്പിക്കയും ചെയ്തു.

42. അൽബുകെർക്ക ഗോവാ നഗരത്തെ അടക്കിയതു

കുതിഞ്ഞൊ മരിച്ചതിനാൽ അൾബുകെൎക്ക ഏകാധിപതിയായി ശേഷിച്ചിരിക്കെ "പൊൎത്തുഗലിൽ ഉള്ള പകയർ എന്തെല്ലാം പറയും" എന്നു വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ, കത്ത എഴുതി അവൎക്കു നാണം വരുത്തിയാൽ പോരാ; ക്രിയകളുടെ വൈഭവം തന്നെസാരം ആവൂ എന്നു വെച്ചു മുറികൾക്കു ഭേദം വന്നപ്പൊൾ ഹൊർമ്മുജിലെ പരിഭവം വീളി, മുസല്മാനരുടെ ബന്തരെ അടക്കെണം എന്നു കണ്ടു 21 കപ്പലുകളെ ചേൎത്തു മതിയാവോളം പടജ്ജനങ്ങളെയും കരേററി ഓരോരൊ രാജാക്കന്മാർ നിയോഗിച്ചു വന്ന മന്ത്രികളെ കണ്ടു കുശലവാക്കുകളെ കേട്ടു മാനിച്ചു പറഞ്ഞയച്ചശേഷം കൊച്ചിയിൽനിന്നു പുറപ്പെട്ടു വടക്കോട്ടു ഓടുകയും ചെയ്തു. (ജന. 1510) പിന്നെ കന്നടി നാട്ടിലെ മെജ്ജു തുറമുഖത്തെത്തിയപ്പൊൾ, ഹൊനാവരിൽനിന്നു തിമ്മൊയ പ്രഭു വന്നു കണ്ടു "കച്ചവടവും കപ്പലോട്ടവും ഇവിടെ നല്ലവണ്ണം നടക്കുന്നുവൊ" എന്നു ചോദ്യം ചെയ്താറെ "ഗോവയിലെ മുസല്മാനരുടെ നിത്യവിരോധം ഹേതുവായിട്ടു ഇവിടെ സൌഖ്യമുള്ള സ്ഥലം ഒന്നും എനിക്കു ഇല്ല, നിങ്ങൾക്കൊ മംഗലം" എന്നു ചൊല്ലിയതിന്നു അൾബുകെൎക്ക പറഞ്ഞു "നാം ഹൊർമ്മുജിന്റെ നേരെ തന്നെ ചെല്ലുന്നു" എന്നു ചൊന്നപ്പോൾ, തിമ്മൊയ മന്ദഹാസത്തോടെ പറഞ്ഞു. "അരികത്തു തന്നെ കിട്ടുവാനുള്ളതു ദൂരമെ തിരിഞ്ഞാൽ സാരമൊ, ഞാൻ ചൊല്ലുന്നതു കേട്ടാലും: ഹൊർമ്മുജ നല്ല ദ്വീപു തന്നെ; ഗോവാ ദ്വീപൊ അവിടെ ദേശവിശേഷം അധികം ഉണ്ടു, ദാബൂലെ നിങ്ങൾ ഭസ്മമാക്കിയതിന്നു സബായി ഏററവും ചീറി കപ്പലും പടയും ഒരുക്കുവാൻ ഉത്സാഹിച്ചതിന്നിടയിൽ പനി പിടിച്ചു മരിച്ചിരിക്കുന്നു. അവൻ വരുത്തിയ തുൎക്ക വെള്ളക്കാർ പലരും ഉണ്ടു, അധികം വരേണ്ടതും ആകുന്നു. അവന്റെ മകനായതു അദിൽഖാൻ എന്നവൻ, ഇവന്റെ വാഴ്ച്ചക്കു ഇന്നേവരെ നല്ല ഉറപ്പുവന്നിട്ടില്ല; ലിംഗവന്തരുള്ള നാട്ടിൽ മത്സരങ്ങൾ ജനിച്ചു തങ്ങളിലും ഓരൊ ഛിദ്രങ്ങൾ ഉണ്ടു എന്നു കേൾക്കുന്നു. അതുകൊണ്ടു വൈകാതെ ചെന്നു നേരിട്ടാൽ ജയിക്കാം എന്നു തോന്നുന്നു."

ഈ വക പലതും കേട്ടാറെ, അാംബുകെക്ക് സംശയമെല്ലാം വിട്ടു "ഇതു തന്നെ വേണ്ടതാകുന്നു" എന്നു ചൊല്ലി കാര്യത്തെ നിശ്ചയിച്ചപ്പൊറം, തിമ്മൊയ അവനോടു കൂടെ പുറപ്പെട്ടു അടുക്കെ ചിന്താക്കോടി എന്ന അതിർക്കോട്ടയെ വളഞ്ഞു പൊരുതു പിടിച്ചു, ഉടനെ ഗോവയുടെ ഉൾക്കിലും എത്തിയാറെ, അദിൽഖാൻ അന്നു ബിറംഗാമിൽ ചെന്നിരിക്കയാൽ, തലവനില്ലാത്ത നഗരക്കാർ അല്പ മാത്രം എതൃത്തു നിന്നു കുറയ ജനം പട്ടുപോയ ശേഷം, ഭയം വീണ വശരായി വരികയും ചെയ്തു. അാംബുകെക്ക് കരക്കിറങ്ങി പറങ്കികളെ നിരനിരയായി നിറുത്തി ഒരു വലിയ ക്രൂശിനെ പ്രദക്ഷിണ സംപ്രദായ പ്രകാരം മുന്നിട്ടു നടത്തി, നഗരപ്രവേശം കഴിക്കയും ചെയ്തു. [1510 ഫെബ്രുവരി 25.]

ആ തുരുത്തിക്കു മുമ്പെ തീസ്വാദി (മുപ്പതു പറമ്പ) എന്നു പേരുണ്ടായിരുന്നു; നരസിംഹരായരുടെ വാഴ്ചകാലം ഹൊനാവരിൽ ഉള്ള മാപ്പിള്ളമാർ ഒരിക്കൽ മത്സരിച്ചിട്ടു അവിടെയുള്ളവരെ ഒട്ടൊഴിയാതെ കൊല്ലേണം എന്നു കല്പനയായി. (1479) പലരും മരിച്ച ശേഷം ഒരു കൂട്ടം തെററിപ്പോയി, ആ ഗോവത്തുരുത്തിയിൽ തന്നെ വാങ്ങി പാർത്തു, കോട്ട എടുപ്പിച്ചു സബായി മുതലായ വെള്ള മുസല്മാനരെയും നാനാജാതികളിലെ വീരരേയും ധൂർത്തരെയും ചേർത്തു കൊണ്ടു, കടൽപിടി നടത്തി വേണ്ടുവോളം വർദ്ധിച്ചിരുന്നു. തുറമുഖം വലിയ കപ്പലുകൾക്കു മഴക്കാലത്തും എത്രയും വിശേഷം. ബൊംബായല്ലാതെ അത്ര ആഴമുള്ള അഴിമുഖം ഈ പടിഞ്ഞാറെ കടപ്പുറത്തു എങ്ങും കാണ്മാനില്ല. അതുകൊണ്ടു അാംബുകെക്ക് പ്രവേശിച്ച സമയം കൊള്ള പെരികെ ഉണ്ടായി. രായക്കും മററും വില്ക്കേണ്ടുന്ന കുതിരകളെ അധികം കണ്ടു; ഇനി പറങ്കികൾക്കു ഇതു തന്നെ മൂലസ്ഥാനമാകേണം എന്നു അാംബുകെക്ക് നിശ്ചയിച്ചു ഉറപ്പിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു.

43. കൃഷ്ണരായർക്കു ദൂതയച്ചു ഗോവയിൽ നിന്നു വാങ്ങിപ്പോയതു

ആനഗുന്തിയിൽ അക്കാലം വാഴുന്നവൻ നരസിംഹരായരുടെ അനുജനായ വീരകൃഷ്ണദേവരായർ തന്നെ. മററ എല്ലാ രായരിലും ശ്രീത്വം ഏറിയവൻ തന്നെ; ഇവനോടു മമതയാകിൽ ഇസ്ലാമിന്നു ദക്ഷിണ ഖണ്ഡത്തിൽ വാഴ്ചയില്ലാതാകുവാൻ വിഷമമില്ല എന്നു അാംബുകെക്ക് കണ്ടു. ലുയിസ്സ് പാതിരിയെ തന്റെ ദൂതനാക്കി തുംഗഭദ്രാതീരത്തുള്ള നഗരത്തിലേക്കു അയച്ചു; അവനോടു കൂടെ ദ്വിഭാഷിയായ ഗസ്പാരെയും കാഴ്ചക്കു വേഗതയുള്ള കുതിരകളെയും അയച്ചു ഉണ്ടായ വർത്തമാനങ്ങളെ എല്ലാം രായരെ അറിയിച്ചു ക്രിസ്തുവേദത്തിന്റെ സാരാംശവും അറിയിച്ചു, "രായരെ ഇങ്ങെ പക്ഷത്തിന്നു അനുകൂലനാക്കി ചമക്കേണം, മലയാളത്തിങ്കന്നു മാപ്പിള്ളമാരെ

നീക്കേണ്ടതിന്നു പട ചെന്നു നോക്കുകയില്ലയൊ? നിങ്ങൾ ചുരത്തിൻ വഴിയായി ഇറങ്ങി വന്നു ആക്രമിച്ചാൽ നാം കടൽ വഴിയായി ചെന്നു പീഡിപ്പിക്കാം. എന്നാൽ കുതിരക്കച്ചവടത്തിന്നു വൈകല്യം ഒന്നും വരികയില്ല. വിശേഷിച്ചു മംഗലപുരം താൻ ഭട്കലു താൻ നമുക്കു നല്ല സ്ഥാനമായി വരുന്ന പ്രകാരം തോന്നുന്നു. അവിടെ കോട്ട എടുപ്പിപ്പാൻ അനുവാദം തരുന്നു എങ്കിൽ നിങ്ങൾക്കല്ലാതെ, മററ ഒരുത്തക്കും കുതിരകൾ വരാതിരിക്കേണ്ടതിന്നു ഞങ്ങൾ കടലിനെ അടച്ചു വെക്കാം'' എന്നിങ്ങിനെ പല പ്രകാരം കാര്യവിചാരം തുടങ്ങുവാൻ പാതിരിയെ നിയോഗിച്ചു വിടുകയും ചെയ്തു.

എങ്കിലും ഗോവയിൽ 3 മാസം അല്ല; സൌഖ്യത്തോടെ, നിന്നു പാൎത്തത, അദിൽഖാൻ ചുരത്തിന്മേൽനിന്നു ഇറങ്ങി വന്നപ്പോൾ കൊററു നഗരത്തിന്നകത്തു ഒട്ടും വരാതിരിക്കുമാറാക്കി; വഴികളെയും അടച്ചു വെച്ചു. [മെയി 11] പിന്നെ നഗരക്കാരും കലഹിച്ചു തുടങ്ങിയപ്പോൾ അൾബുകെൎക്ക് നഗരത്തെ വിട്ടു റാബന്തരിൽ വാങ്ങി പാൎക്കേണ്ടി വന്നു; അവിടെ ക്ലേശിച്ചു വസിച്ചു. ശത്രുക്കളോടും വിശപ്പോടും പൊരുതു കൊണ്ടു മഴക്കാലം കഴിച്ചു; പല പറങ്കികളും ദീനപ്പെട്ടു മരിച്ചു, മറേറവർ വയറു നിറപ്പാൻ മറുപക്ഷം തിരിഞ്ഞു തൊപ്പിയിട്ട ശേഷം അൾബുകെൎക്ക് മഴയില്ലാത്ത ദിവസം വന്നപ്പോൾ ശേഷിച്ചവരോടു കൂടെ കപ്പലേറി അഞ്ചുദ്വീപിൽ ചെന്നിറങ്ങി തല്ക്കാലം ആശ്വസിച്ചു കൊൾകയും ചെയ്തു. (1510 ആഗസ്ത.)

44. അൽബുകെൎക്ക് ഉണ്ണിരാമകൊയിലൎക്കു വാഴ്ച ഉറപ്പിച്ചതു

അഞ്ചു ദ്വീപിലും ഹൊന്നാവരിലും എത്തിയപ്പോൾ ''പിന്നെയും ഗോവയെ കൊള്ളെ ചെല്ലേണ്ടി വരുമെല്ലൊ'' എന്നു വെച്ചു അൾബുകെൎക്ക് പടക്ക പല പ്രകാരത്തിലും കോപ്പിട്ടു മലയാളത്തിൽ നിന്നും സഹായം പ്രാപിക്കേണ്ടതിന്നു തെക്കോട്ടു ഓടുകയും ചെയ്തു. [1510 സപ്ത. 15] കണ്ണനൂരിൽ അണഞ്ഞു കോലത്തിരിയോടു കൂടികാഴ്ചയായി കോട്ടയുടെ മുമ്പിൽ ഒരു കൂടാരത്തിൽ ചെന്നു കണ്ടു. അവിടെ രാജാവും മമ്മാലിമരക്കാരും കണ്ണനൂർ ദശീരായ ചേണിച്ചേരി കുറുപ്പു മുതലായ മഹാലോകരുമായി കണ്ട് അന്യോന്യം കുശലവാക്കുകൾ പറകയും ചെയ്തു.

അവിടുന്നു കൊച്ചിമൂപ്പന്റെ കത്തുകളെ വായിച്ചു മടിയാതെ പുറപ്പെട്ടു കൊച്ചിയിൽ എത്തിയാറെ, മൂത്തരാജാവ് മരിച്ചതിനാൽ കോയിലകത്തു കലശൽ പല വിധേന വൎദ്ധിച്ചപ്രകാരം കേട്ടു. അതിന്റെ ഹേതു (31 ാമദ്ധ്യായം) മീത്തൽ ഉദ്ദേശിച്ചു പറഞ്ഞുവല്ലൊ. മുമ്പേത്തെ സമ്പ്രദായം എന്തെന്നാൽ: മൂത്തരാജാവ് സന്യാസം ദീക്ഷിച്ചു ക്ഷേത്രവാസിയായി തീൎപ്പെട്ടാൽ വാഴുന്ന രാജാവ് രാജ്യഭാരം നേരെ അനന്ത്രവങ്കൽ ഏല്പിച്ചു മൂത്തവനെ അനുഗമിച്ചു

സന്യാസം തുടങ്ങേണം എന്നത്രെ. അതു കൊണ്ടു ഉണ്ണികൊതവർമ്മർ തീപ്പെട്ട പ്രകാരം കേട്ടാറെ, മുമ്പെ ദ്രോഹിച്ചു പോയ അനന്ത്രവൻ താമൂതിരിയുടെ പടജ്ജനങ്ങളുമായി വൈപ്പിയോളം വന്നു ഉണ്ണിരാമക്കൊയില്ക്കു ചൊല്ലി വിട്ടതിപ്രകാരം: ''നിങ്ങൾ പറങ്കിയുടെ ചൊൽ കേട്ടു എന്റെ അവകാശം തള്ളി നാലു ചില്വാനം വർഷം വാണുകൊണ്ടതിനാൽ എനിക്ക് വേദന ഇല്ല. ഇപ്പോൾ നിങ്ങൾ ബോധം ഉണ്ടായിട്ടു രാജ്യം എങ്കൽ ഏല്പിച്ചു ക്ഷേത്രവാസം തുടങ്ങിയാൽ എല്ലാം പൊറുക്കാം, പൂർവ്വമര്യാദ അറിയാമല്ലൊ മറന്നു എങ്കിൽ ബ്രാഹ്മണരോടു ചോദിച്ചറികയും ചെയ്യാം'' എന്നിങ്ങിനെ എല്ലാം കേട്ടാറെ, പെരിമ്പടപ്പു പറങ്കിമൂപ്പരുമായി നിരൂപിച്ചു ''രാജ്യം വിട്ടു കൊടുക്കയില്ല'' എന്നു നിശ്ചയിച്ചു. പിന്നെ താമൂതിരിയുടെ പട വൎദ്ധിച്ചതിക്രമിച്ചപ്പോൾ ബ്രാഹ്മണരും വന്നു പല പ്രകാരം മുട്ടിച്ചു മുറയിട്ടു പെണ്ണുങ്ങളും മന്ത്രിച്ചു തുടങ്ങിയ ശേഷം രാജാവ് തന്നെ ക്ലേശിച്ചു ''എനിക്ക് ന്യായം ഇല്ലല്ലൊ'' എന്നു മനസ്സിൽ കുത്തുണ്ടായിട്ടു മൂത്തരാജാവിൻ കോവിലകം വിട്ടു വേറെ പാർക്കയും ചെയ്തു. ആയതു പറങ്കികൾ കേട്ടാറെ, കോട്ടയിൽ മൂപ്പനായ നൂനകസ്തൽ ബ്രകു ഉടനെ ചെന്നു രാജാവെ കണ്ടു കാരണം ചോദിച്ചറിഞ്ഞാറെ, സമ്പ്രദായ നിഷ്ഠ നിമിത്തം ഹിന്തു രാജാക്കന്മാരും അകപ്പെട്ട ദാസ്യത്തെ കുറിച്ചു വളരെ വിസ്മയിച്ചു ചിരിപ്പാൻ തുടങ്ങുകയും ചെയ്തു. പിന്നെ രാജാവിന്റെ കണ്ണുനീർ കണ്ടു ക്ഷമ ചോദിച്ചു മനം തെളിയിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു. അന്നു മുളന്തുരുത്തി രാജാവ് കൊച്ചിയിൽ വന്നു പറങ്കികളുടെ ഭാവം ഗ്രഹിച്ചു പെരിമ്പടപ്പോടും കോട്ടമൂപ്പനോടും മുഖസ്തുതി പറവാൻ തുടങ്ങി: ''ഞാൻ ഇന്നു തൊട്ടു ചന്ദ്രാദിത്യർ ഉള്ളളവും നിന്തിരുവടി കുടക്കീഴെ ഇടവാഴ്ച നടത്തുകയുമാം'' എന്നു കയ്യേററു അപ്രകാരം പ്രമാണം എഴുതിച്ചു ഒപ്പിടുകയും ചെയ്തു. അതിനാൽ രാജാവിൻ മനം കുറയ തെളിഞ്ഞതല്ലാതെ, ശേഷം ചില മാടമ്പികളും ഇടപ്രഭുക്കന്മാരും ബ്രാഹ്മണർ വിധിച്ചത് വഴിപ്പെടേണമൊ എന്നു ശങ്കിച്ചു. നൂനൊ മൂപ്പൻ താമസം കൂടാതെ വടക്കെ അതിരിൽ ഓടി പുഴക്കടവുകളെയും കാത്തു പാർക്കയും ചെയ്തു.

44. അൽബുകെർക്ക ഉണ്ണിരാമകൊയില്ക്കു വാഴ്ച ഉറപ്പിച്ചതു (തീർച്ച)

ചില ദിവസം കഴിഞ്ഞാറെ ദൂരത്തു ഒരു തോണിയിൽ പെരിങ്കുട കണ്ടു ഇതു പക്ഷെ അനന്ത്രവൻ എന്നു വിചാരിച്ചു പടവുകളെ നിയോഗിച്ചു പിന്തുടൎന്നു എത്തി പിടികൂടിയപ്പോൾ, അനന്ത്രവൻ അല്ല പള്ളിപുറത്തു പ്രഭു എന്നു കണ്ടു അവനോടു ചോദിച്ചാറെ, പെരിമ്പടപ്പു അനന്ത്രവൻ മങ്ങാട്ടു കൈമ്മളും പറവൂർ നമ്പിയാരുമായി ഇപ്പോൾ വൈപ്പിക്ഷേത്രത്തിൽ തന്നെ ഉണ്ടെന്നും ആ നമ്പിയാർ ഉണ്ണിരാമകോയിലെ കണ്ടു പറവാൻ വളരെ ആഗ്രഹിക്കുന്നു

എന്നും കേട്ടു മൂപ്പൻ തടുത്തു ''നിങ്ങരം ആരും കൊച്ചിക്ക പോകരുത ബ്രാഹ്മണരുടെ കൌശലം വേണ്ടുവോളം അറിയാം'' എന്നു കടുകട ചൊല്ലി, പുഴകളിൽ ആരെയും കടത്താതെ ഇരിപ്പാൻ പടയാളികളോടു വളരെ കല്പിക്കയും ചെയ്തു. നമ്പിയാർ കാണ്മാൻ വരുന്നപ്രകാരം പെരിമ്പടപ്പു കേട്ടപ്പൊരം വളരെ വലഞ്ഞു കണ്ടക്കോരു മന്ത്രിയെ മൂപ്പന്നരികിലേക്ക് അയച്ചു നമ്പിയാരിൽ ഞങ്ങരംക്ക വളരെ മമതയുണ്ടു താമസം വിനാ കടത്തി അയക്കേണ്ടതിന്നു വളരെ അപേക്ഷിക്കുന്നു എന്നു ചൊല്ലിവിട്ടു. അതു കേട്ടു (നൂനൊ) പറഞ്ഞു ''നിങ്ങളുടെ ഇഷ്ടംപോലെ ആകട്ടെ എങ്കിലും രാജ്യത്യാഗം ചെയ്‌വാൻ പെരിമ്പടപ്പിന്നു കൂടെ തോന്നിയാലും നമ്മുടെ രാജ്യാധികാരിയെ അറിയിക്കും മുമ്പെ ചെയ്യരുത, അവരെ നിർബ്ബന്ധിച്ചു രാജ്യഭാരം ചെയ്യിപ്പാൻ തന്നെ ഇദ്ദേഹവും മതി'' എന്നു കേട്ടാറെയും നമ്പിയാരെ കൊച്ചിക്ക അയക്കേണം എന്ന കണ്ടക്കോരു പിന്നെയും മുട്ടിച്ചുപോന്നു. അതുകൊണ്ടു നൂനൊ അവനെ ജാമ്യമാക്കി പാർപ്പിച്ചു നമ്പിയാരെ ഘോഷത്തോടല്ല അല്പം കുറയ ചങ്ങാതത്തോടും കൂട നഗരത്തിലേക്കയച്ചു അരംബുകെർക്കെ വരുത്തുവാൻ കണ്ണനൂരിലേക്ക് എഴുതി പുഴയുദ്ധം തുടന്നു അതിർ രക്ഷിക്കയും ചെയ്തു. മാററാനോടു കരമെൽ ഏല്പാൻ അന്നു പറങ്കിക്ക് ആരം പോരാഞ്ഞതെ ഉള്ളൂ.

അരംബുകെക്ക് കൊച്ചിയിൽ എത്തിയപ്പൊരം, പെരിമ്പടപ്പു വന്നു അഭയം ചോദിച്ചു. അരംബുകെക്ക് മന്ദഹാസത്തോടെ അവനൊടു ആശ്വാസം പറഞ്ഞു മനസ്സുറപ്പിച്ചു, പിന്നെ [സപ്ത.22] വൈപ്പിലെക്ക് ഓടി താമൂതിരിയുടെ പടയെ ജയിച്ചു നീക്കി മടങ്ങി വന്നനാരം പെരിമ്പടപ്പു കരഞ്ഞു, ''ബ്രാഹ്മണർ ഒക്കത്തക്ക വന്നു എനിക്ക ജയം ലഭിച്ചാലും അവകാശന്യായം ഒട്ടും ഇല്ല എന്നുണത്തിക്കയാൽ വിഷാദം മുഴുത്തു വന്നു എന്നു കേരംപ്പിച്ചു, ഈ ഭാരതത്തിൽ ബ്രാഹ്മണ മൊഴിക്കല്ല അന്യരുടെ കയ്യൂക്കിന്നു തന്നെ ഇനി വാഴുവാൻ അവകാശം; പൊത്തുഗൽ രാജാവിൻ തിരുമനസ്സിൽ ആശ്രയിച്ചു കൊരംക അവർ കൈ വിടുകയില്ല'' എന്നു ചൊല്ലി മനഃപ്രസാദം വരുത്തുകയും ചെയ്തു.

45. അൽബുകെർക്ക വീണ്ടും ഗോവായുദ്ധത്തെ ഒരുക്കിയതു

1510 സപ്തമ്പ്ര മാസം പറങ്കിമൂപ്പന്മാർ എല്ലാവരും കൊച്ചിയിൽ കൂടി നിരൂപിക്കുമ്പൊരം അരംബുകെർക്ക ''ഇനി ഗോവയെ പിടിക്കേണം'' എന്നു പറഞ്ഞത് എല്ലാവർക്കും നീരസമായി തോന്നി. മലയാളത്തിൽ കൊച്ചി തന്നെ പ്രധാനനഗരം ആയിരിക്കട്ടെ ''വടക്കെ മുസല്മാനരെ തടുക്കേണ്ടതിന്നു ഗോവയോളം നല്ലൊരു ദേശം കാണ്മാനില്ല. അവിടെ അദിൽഖാൻ ഗുജരാത്തിനിജാം

ഇവർ ഒഴികെ മിസ്രീസുല്ത്താനോടും എത്തുക്കേണ്ടതിന്ന വേണ്ടുന്ന കോപ്പുകളും തുറമുഖവും കോട്ടയും ഉണ്ടു'' എന്നു പലപ്രകാരം കാണിച്ചിട്ടും അവൎക്ക ബോധിച്ചില്ല. എങ്കിലും രാജ്യാധികാരി വളരെ നിഷ്കൎഷയോടെ ചോദിച്ചു പോരുകയാൽ, അവർ മിണ്ടാതെ ഇരുന്നു; അറംബുകെൎക്ക അപ്പൊഴുള്ള 24 കപ്പലോടു പൊൎത്തുഗലിൽ നിന്നു പുതുതായി വന്ന 10 കപ്പലും ചേൎത്തു 1500 വെള്ളക്കാരാകുന്ന പട്ടാളം കരേററി കണ്ണനൂരിൽ ഓടി എത്തുകയും ചെയ്തു. അവിടെ കുറയക്കാലം പാൎത്താറെ, ''ഗോവയിൽ തുറക്കർ 9000 ത്തോളം ചേൎന്നു വന്നു'' എന്നുള്ള വാൎത്ത കേട്ടാറെ, പറങ്കികൾ ചിലർ മത്സരിച്ചു മററവരെയും കലഹിപ്പിച്ചു ''ഞങ്ങൾ കൊങ്കണത്തിൽ പോകയില്ല'' എന്ന ആണ ഇടുവിക്കയും ചെയ്തു. ആയത താമൂതിരിയും അറിഞ്ഞു പെരിമ്പടപ്പിൽ അവകാശിയായവനെ പടയോടും കൂടെ അയച്ചു കോലത്തിരിയെയും വശീകരിപ്പാൻ നോക്കി. എങ്കിലും അറംബുകെൎക്ക പ്രത്യുല്പന്ന മനസ്സു വേണ്ടുവോളം കാട്ടി നയംകൊണ്ടും ഭയംകൊണ്ടും പറങ്കികളെ അമൎത്തു വീൎയ്യപ്രഭാവത്താൽ മഹാലോകരെയും വശീകരിച്ചു, കോലത്തിരിയുടെ മന്ത്രിയായ ചേണിച്ചേരികുറുപ്പോടു സ്നേഹം ഉറപ്പിച്ചു അവനും 300നായരുമായി കൊങ്കണത്തിൽ ഓടുവാൻ ഒരുങ്ങി പറങ്കികൾക്ക ധൈൎയ്യം വരുത്തുകയും ചെയ്തു.

കൊച്ചിയിൽ നൂനൊ മൂപ്പൻ രാപ്പകൽ അതിർ കാത്തു കൊണ്ടിരിക്കുമ്പൊൾ മൂത്ത അവകാശി ഒരിക്കൽ തോണിയിൽ കയറി കൊച്ചിക്ക് പത്തുക്കെ ചെല്ലുവാൻ മനസ്സായപ്രകാരം ഗ്രഹിച്ചു സൂക്ഷിച്ചുപാൎത്തു. ഒരു നാൾ രാത്രിയിൽ 4 ഓടം എത്രയും വേഗത്തിൽ തണ്ടു വലിച്ചു വിരഞ്ഞു ചെല്ലുന്നത ഒററുകാർ അറിയിച്ചാറെ, നൂനൊ താൻ പിന്തുടൎന്നു എത്തി, പൊരുതു ഓടങ്ങളെ പിടിച്ചു കയറുകയും ചെയ്തു. അകത്തു നോക്കിയപ്പൊൾ, അവകാശി ഇല്ല അവൻ ഒരു ചെറു തോണിയിൽ കയറി കയ്യാൽ തുഴന്നു തെററി പോയിരുന്നു. വെങ്കൊററക്കുട ആനക്കൊമ്പാൽ കാഹളം പെരിമ്പറ പൊൻപുടവ മുതലായ രാജവിരുതുകൾ പലതും ഓടങ്ങളിൽ കിട്ടിയതു നൂനൊ പെരിമ്പടപ്പിന്നയച്ചു, കാഴ്ച വെപ്പിച്ചപ്പൊൾ അവൻ വളരെ പ്രസാദിച്ചു ഇനി ശങ്കയൊന്നും ഇല്ല എന്നുറച്ചു സുഖിച്ചു വാണു. കേരളത്തിൽ തമ്പ്രാക്കന്മാർ വയസ്സു ചെന്നാൽ ക്ഷേത്രം പുക്ക സന്യാസം ദീക്ഷിക്കുന്ന മൎയ്യാദ അന്നു മുതൽ ക്രമത്താലെ ക്ഷയിച്ചുപോയി എന്നു തോന്നുന്നു. അവകാശിയൊ ആശാഭംഗനായി മടങ്ങി താമൂതിരിയെ കണ്ടു വിധിബലം ഉണൎത്തിച്ചു മരണ പൎയ്യന്തം ഏറനാട്ടിൽ ചെകം എടുത്തു പാൎക്കയും ചെയ്തു. ''ഈ ഭാഗത്തു ഇനി പടയില്ല'' എന്നു കണ്ടാറെ, നൂനൊ താനും മററും പല വീരന്മാരും ബദ്ധപ്പെട്ടു കണ്ണനൂരിലേക്ക് യാത്രയായി കൊങ്കണയുദ്ധത്തിന്നായി അറംബുകെൎക്ക അനുസരിച്ചു പുറപ്പെടുകയും ചെയ്തു. (ഒക്തൊമ്പ്ര.)

46. ഗോവാ നഗരത്തെ പിന്നെയും പിടിച്ചതു

അനന്തരം അൾബുകെൎക്ക ബലങ്ങളോടു കൂട പുറപ്പെട്ടു ഹൊന്നാവരിൽ എത്തിയാറെ, തിമ്മൊയ അന്നു തന്നെ ഗെൎസ്സോപ്പ രാജ്ഞിയുടെ പുത്രിയെ വേൾക്കുന്നത് കണ്ടു ''ഗോവയുടെ നേരെ വരുമൊ'' എന്നു ചോദിച്ചു ''കല്യാണം കഴിഞ്ഞ ഉടനെ വരാം'' എന്നു പ്രബു പറഞ്ഞു, 3 കപ്പലും മാധവരാവ് എന്ന വീരനെയും കൂട അയച്ചു; താൻ പിൻ ചെൽവാൻ കയ്യേററു; ''അദിൽഖാൻ ഗോവയിൽ തന്നെയൊ'' എന്നു ചോദിച്ചതിന്നു അല്ല കൃഷ്ണരായർ തരക്കോലെ കൊള്ളെ പട കൂടിയത് തടുപ്പാനായി അദിൽഖാൻ പുറപ്പെട്ടിരിക്കുന്നു എന്നു കേട്ടാറെ, അൾബുകെൎക്ക സന്തോഷിച്ചു അവൻ മടങ്ങിവരും മുമ്പെ ഗോവയെ പിടിക്കേണം എന്നു കണ്ടു താമസം കൂടാതെ അതിന്റെ നേരെ ഓടി 1510 25 നവമ്പ്ര 6 മണിനേരം യുദ്ധം ചെയ്തു കയറി ജയിച്ചു, പുതിയ കോട്ടയെ അടക്കുകയും ചെയ്തു. ഇതു പുണ്യവതീ കഥരീനയുടെ ദിവസം, പറങ്കികൾക്ക അന്നു മുതൽ എത്രയും ശ്രീത്വമുള്ള നാൾ, യുദ്ധം സമൎപ്പിച്ചതിന്റെ ശേഷമത്രെ തിമൊയ്യ എത്തിയതു; അൾബുകെൎക്കിന്നു സന്തോഷമായി തോന്നി, ക്രിസ്ത്യാനരുടെ വീര്യത്താലെ ജയം വന്നെതെ ഉള്ളു എന്നു തെളിഞ്ഞു വരികയും ചെയ്തു. പട്ടണം പിടിച്ചശേഷം കൃഷ്ണരായരുടെ മന്ത്രികൾ വന്നു ബ്രാഹ്മണരെ രക്ഷിച്ചു വെക്കേണ്ടതിന്നു വളരെ പറഞ്ഞപ്പോൾ, അൾബുകെൎക്ക രായരെ മാനിച്ചു ബ്രാഹ്മണർ മുതലായ ചതുൎവ്വൎണ്ണക്കാരെ ഭേദം കൂടാതെ പരിപാലിച്ചു മാപ്പിള്ളമാരെ മാത്രം പട്ടണത്തിൽനിന്നു നീക്കുവാൻ നിശ്ചയിച്ചു. അവരും വേഗത്തിൽ ഓടി പോയാറെ, അൾബുകെൎക്ക പടയാളികളെ വഴിയെ അയച്ചു ''മാപ്പിള്ളമാരുടെ കന്യകമാരെ പിടിച്ചു കൊണ്ടുവരേണ്ടതിന്നു'' നിയോഗിച്ചു. അവർ 150തോളം പെങ്കുട്ടികളെ ചേൎത്തു കൊണ്ടു വന്നപ്പൊൾ, അൾബുകെൎക്ക അവരെ തന്റെ പുത്രിമാരെന്നു വിളിച്ചു സ്നാനം കല്പിച്ചു വീരന്മാരെ കൊണ്ടു വേൾപ്പിച്ചു; അവൎക്ക ജന്മങ്ങളെ വിഭാഗിച്ചു കൊടുത്തു. ''നികുതി കൊടുക്കേണ്ടതു ഹിന്തുക്കൾ മാത്രം ആജന്മികളായ പറങ്കികൾ പടച്ചെകത്തിന്നു ഒരുങ്ങിയിരിക്കേണം''.ശേഷം മാപ്പിള്ളമാരുടെ ധനം എല്ലാം ജപ്തിചെയ്കയാൽ കോട്ട ഉറപ്പിപ്പാനും പള്ളികളെ കെട്ടി പട്ടണത്തെ അലങ്കരിച്ചു വൎദ്ധിപ്പിപ്പാനും കോപ്പു വേണ്ടുവോളം കിട്ടി, മതിലിന്നായി കുഴിക്കുമ്പോൾ ചെമ്പാലുള്ള ഒരു ക്രൂശ കാണായി വന്നു എന്നു കേൾക്കുന്നു. ആയത് ഈ ദേശത്തും പണ്ടു ക്രിസ്തുമാൎഗ്ഗം പരന്നിരുന്നു എന്നുള്ളതിന്നു ദൃഷ്ടാന്തമാകയാൽ, പറങ്കികൾക്ക് വളരെ സന്തോഷമുണ്ടായി. അവർ അതിനെ പുതിയ പള്ളിയിൽ സ്ഥാപിച്ചതിന്റെ ശേഷം പൊൎത്തുഗൽ രാജാവിന്നും അവൻ ലെയൊ പാപ്പാവിന്നും കാഴ്ചയായി അയക്കയും ചെയ്തു. അന്നു മുതൽ പറങ്കികൾക്ക് മലയാളത്തിൽ അല്പ

ഗോവയിൽ തന്നെ പ്രധാന സ്ഥാനമായത്തു. അത്തു കേരളത്തിന്നു വടക്കെ ദേശം ആകയാൽ അതിന്റെ വിവരം ചുരുക്കി പറഞ്ഞതെ ഉള്ളു. മേലാൽ വർത്തമാനത്തിൽനിന്നും കേരളത്തെ തൊട്ടുള്ള അംശങ്ങളെ മാത്രം എടുത്തു പറയും. ഇങ്ങിനെ പറങ്കികൾ കേരളത്തിൽ വന്നു വ്യാപരിച്ചിട്ടു 12ാം ആണ്ടിൽ അവൎക്കു സ്ഥിരമുള്ള വാസം കിട്ടിയത്തു അൾബുകെൎക്കിന്റെ ബുദ്ധിവിശേഷത്താൽ സംഭവിച്ചിരിക്കുന്നു. അൾമൈദ മുതലായവർ മുളകു തുടങ്ങിയ കച്ചോടങ്ങളിലെ ലാഭങ്ങളെ കരുതിക്കൊണ്ടിരിക്കെ അൾബുകെൎക്ക കണ്ടു നിശ്ചയിച്ചത്തു ''ഇവിടെ പറങ്കികൾ കുടിയേറി പാൎക്കേണം, കപ്പൽ ബലം കൊണ്ടു സമുദ്രം വാഴുന്നത്തു പോരാ; യുദ്ധങ്ങളുണ്ടായാൽ മതിയാകുന്ന പട്ടാളം ഇക്കരയിൽ തന്നെ ചേർപ്പാൻ സംഗതി വരേണം, അതിന്നായി പടജ്ജനങ്ങൾ നാട്ടുകാരത്തികളെ വിവാഹം ചെയ്തു. പുത്രസമ്പത്തുണ്ടാക്കി ക്രിസ്ത്യാന സമൂഹത്തെ വൎദ്ധിപ്പിച്ചു പോരേണ്ടതാകുന്നു'' എന്നിങ്ങിനെ ആലോചിച്ചത്തു പലരും വിരോധിച്ചിട്ടും അവൻ ബുദ്ധിയോടും സ്ഥിരതയോടും നടത്തുകയാൽ, ഈ ഖണ്ഡത്തിലുള്ള പൊർത്തുഗൽ അധികാരത്തിന്നു കാരണഭൂതനായി ചമഞ്ഞു. അങ്ങിനെ എല്ലാം ഉത്സാഹിച്ചു പോരുമ്പോൾ, കൊച്ചി രാജാവ് മുതൽ കേരളത്തിൽ ചങ്ങാതികളായി പാൎക്കുന്നവരിൽ ഗോവനിമിത്തം വളരെ അസൂയ തോന്നി; ''കൊച്ചി തന്നെ മൂലസ്ഥാനമാകേണം, കപ്പൽ എല്ലാം അവിടെ എത്തേണം'' എന്നു പെരിമ്പടപ്പിന്റെ ചിന്തയല്ലൊ ആയത്തു. തൊപ്പിക്കാർ പലരും ഈ പരിചയിച്ചത എല്ലാം മാറി പോകേണ്ടതല്ലൊ എന്നു വെച്ചു വിഷാദിച്ചു. മത്സരക്കാർ പലരും തങ്ങളുടെ ദോഷങ്ങളെ കുറക്കേണ്ടതിന്നു അൾബുകെൎക്കിന്റെ മാഹാത്മ്യം മറച്ചു വെച്ചു, ഇവൻ രാജ്യത്തെ നശിപ്പിക്കുന്നു എന്നുള്ള ശ്രുതിയെ പൊങ്ങുമാറാക്കയും ചെയ്തു.

47. ഗോവാനഗരം പിടിച്ചതിന്റെ ഫലം

ഗോവ പിടിച്ചുപോയി എന്നു രാജാക്കന്മാർ കേട്ടാറെ, ഇനി പറങ്കികൾ വിട്ടുപോകയില്ലല്ലൊ എന്നു നിനച്ചു ഇണക്കത്തിന്നു പ്രയത്നം കഴിച്ചു. പെരിമ്പടപ്പു അതു കേട്ടാറെ, വളരെ വന്ദിച്ചു മലയാള വ്യാപാരികളിൽ മികച്ചവരായ മമ്മാലിമരക്കാരും ചീറിനമരക്കാരും ആ വൎത്തമാനം പട്ടാങ്ങു തന്നെയൊ എന്നു ചോദിച്ചതിന്നു സംശയം ഇല്ല എന്നു കേട്ടപ്പോൾ വിരൽ മൂക്കിന്മേൽവെച്ചു, അയ്യൊ ഇപ്പോൾ ഹിന്തുസ്ഥാന്റെ താക്കോൽ പൊർത്തുഗലിൻ കൈവശമായി എന്നു വിസ്മയത്തോടെ പറഞ്ഞു. താമൂതിരിയും ഉടനെ 2 മന്ത്രികളെ ഗോവക്കു നിയോഗിച്ചു, ''തമ്മിൽ സഖ്യത വേണം ചാലിയത്തു ഒരു കോട്ട എടുപ്പാൻ തോന്നുന്നു എങ്കിൽ ദേശം തരാം, ഇനി നമ്മുടെ കപ്പലോട്ടത്തെ മുടക്കരുതെ'' എന്നും പറയിച്ചു. ആയത പിസൊറെയ്യു പോരാതെ വന്നപ്പോൾ ''കോഴിക്കോട്ടിൽ മാത്രം ഒരു പറങ്കിക്കോട്ട

എടുപ്പാൻ അനുവദിക്ക ഇല്ല'' എന്നു താമൂതിരി ഖണ്ഡിച്ചു പറകയാൽ, അംബുകെക്ക് കോഴിക്കോട്ടു കച്ചവടത്തെ ഇല്ലാതാക്കുവാൻ അധികം ശ്രമിച്ചശേഷം അറവി, തുൎക്കും ആ നഗരം വിട്ടു പോകയുംചെയ്തു. അക്കാലം കോഴിക്കോട്ടു നൂറ പണത്തിന്നു മുളകു വാങ്ങിയാൽ(മിസ്ര) ജിദ്ദയിൽ തന്നെ 12,000ത്തിന്നു വില്ക്കും; കോഴിക്കോട്ടുള്ള കൊയപ്പക്കിയെ അംബുകെക്ക് ഗോവയിലേക്ക് വിളിച്ചു ചുങ്കത്തിരുത്തി മാനിച്ചു. അവൻ ഒരു വൎഷം അവിടെ പാൎത്തു; പട്ടണത്തോടു പടക്കായി വരുന്നവരെ തടുത്തു പൊരുതു ഒരുനാൾ പുരദ്വാരത്തിങ്കൽ പട്ടുപോകയും ചെയ്തു. കൃഷ്ണരായർ സമ്മാനം അയച്ചതല്ലാതെ ഭട്ടക്കളയിലെ രാജാവ് ഏറിയകാലം മറന്നിട്ടുള്ള കപ്പം അയപ്പാൻ ഓൎത്തു ക്ഷമ അപേക്ഷിച്ചു ഹൊന്നാവര, വെംഗപുര, ചാവൂൽദ്വീപു ഈ നഗരങ്ങളിൽ സ്വാമികളായവരും ഒക്കെയും വെവ്വെറെ മന്ത്രികളെ അയച്ചു കാഴ്ചകളെ വെപ്പിക്കയും ചെയ്തു. ഇങ്ങിനെ വരുന്നവരോടു എല്ലാം അംബുകെക്ക് താൻ കാര്യം പറഞ്ഞു താൻ എടുപ്പിക്കുന്ന മതിൽ, കൊത്തളം, കൊതിക്കാല,പള്ളികൾ മുതലായതും കാണിച്ചു കീൎത്തി അത്യന്തം പരത്തുകയും ചെയ്തു. ഒരവകാശസംഗതിക്കായി ഇടച്ചിൽ ഉണ്ടായിട്ടു മേലരാവ് ഗോവയിൽ വന്നു അഭയം വീണാറെ, അംബുകെൎക്ക അവനെ കൊണ്ടു പുരാണ ജന്മികളെ വിളിപ്പിച്ചു മാപ്പിള്ളമാർ അതിക്രമിച്ചു നടന്ന ഭൂമികളെ ഒഴിപ്പിച്ചു ജന്മികൾക്ക് മടക്കി കൊടുത്തു. ഇങ്ങിനെ ഗോവാനാട്ടിന്റെ ചുററും അടക്കിയ സകല ദേശത്തിന്നും മേലരാവെ നാടുവാഴിയാക്കി വെക്കയും ചെയ്തു. ഇങ്ങിനെ അംബുകെൎക്ക ഗോവാപട്ടണത്തെ ഉറപ്പിച്ചു. പൊൻതുഗൽ നാണ്യം അടിപ്പിച്ചു രാജദ്രവ്യം വൎദ്ധിപ്പിച്ചു കള്ളരെ പക്ഷഭേദം കൂടാതെ, ശിക്ഷിച്ചും കൊണ്ടു പ്രധാന പറങ്കികളിലും അനേകരെ തന്റെ സത്യത്താൽ ശത്രുക്കളാക്കിയ ശേഷം പുതിയത ഒന്നു വിചാരിച്ചു. കൊച്ചിയിൽ വന്നു ഇനി ഞാൻ മലാക്കയെ കാണേണം എന്നു പെരിമ്പടപ്പോടു ഉണൎത്തിക്കയും ചെയ്തു. ''അയ്യൊ അവിടെ വൈഷമ്യം നന്നെ ഉണ്ടാകും. ഗോവയും കൂടെ കൈക്ക നന്നായടങ്ങി വന്നിട്ടില്ലല്ലൊ, താമൂതിരിയും പുതിയ ദ്രോഹം വിചാരിക്കും'' എന്നു പറഞ്ഞു വിരോധിച്ചതു ആ മരക്കാരുടെ ഉപദേശത്താൽ തന്നെ ആയതു. അംബുകെക്കൊ ''ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു'' എന്നു ചൊല്ലി മാപ്പിള്ളമാരുടെ കച്ചവടം അധികം ഊന്നിയിരുന്ന സ്ഥലത്തെ കൈക്കലാക്കുവാൻ തക്കം എന്നു കണ്ടു വലിയ കപ്പൽ ബലത്തോടുകൂട കിഴക്കോട്ടേക്ക് പുറപ്പെടുകയും ചെയ്തു.

48. മലാക്കാദി യുദ്ധസമൎപ്പണം

ഈഴത്തെ കടന്നാൽ അച്ചി, യവ തുടങ്ങിയുള്ള ദ്വീപുകൾ കാണും; ജാതിക്കാ, കറാമ്പു, സകുഅരി മുതലായ കായ്കനികളും അവിടെ നിന്നുണ്ടാകുന്നു. അതിന്നും ചീനക്കച്ചവടത്തിന്നും അന്നു മൂലസ്ഥാനമായതു മലാക്ക തന്നെ. മാപ്പിള്ളമാരും ചെട്ടികളും വളരെ

ഉണ്ടു. ചെമ്പും വെള്ളീയവും അവിടെ കിട്ടുന്ന വിലക്ക മററൊരിടത്തും കിട്ടുകയില്ല; അതുകൊണ്ടു കോട്ടയിൽ 3000 വലിയ തോക്കു തന്നെ വെച്ചിട്ടുണ്ടായിരുന്നു; യുദ്ധവിവരം എന്തിന്നു പറയുന്നു. അറംബുകെർക്ക കോട്ടയെ പിടിച്ചാറെ, മലായികളെ അനുസരിപ്പിച്ച ശേഷമുള്ള മാപ്പിള്ള കപ്പലോട്ടത്തെയും വാണിഭശ്രീത്വത്തെയും വേരറുക്കയും ചെയ്തു. (1511 ജൂലായി) മററ ഓരൊരൊ ദ്വീപുകറം അന്നു മുതൽ പൊത്തുഗൽ കോയ്മക്കടങ്ങി കൊണ്ടിരിക്കുന്നു.

"(1512)" കേരളത്തിൽ പിന്നെയും കലക്കം ഉണ്ടെന്നും ഗോവയുടെ ചുററും പട കലശലായി എന്നും കേട്ടപ്പൊറം, അറംബുകെക്ക മടങ്ങി പൊരുതുവാൻ നിശ്ചയിച്ചു പുറപ്പെട്ട ശേഷം കപ്പൽ ചേതപ്പെടുകയാൽ താൻ നീന്തി ജീവനോടെ തെററി. വസ്തുവകകറം എല്ലാം ആണ്ടു പോയി; അതിനെ ചൊല്ലി ദുഃഖിച്ചില്ല എങ്കിലും ഒരു തോറംവളയും അതിൽ പതിച്ച രത്നവും ഉണ്ടു; ആയത മുറിവായൊട അണച്ചാൽ ചോരയുടെ ഒലിപ്പു ഉടനെ നിന്നു പോകും. ഈ ഒന്നു കാണാതെ പോയതിനാൽ സങ്കടം തോന്നി എന്നു കേറംക്കുന്നു. 1512 ഫെബ്രു. കൊച്ചിയിൽ എത്തിയാറെ, വളരെ സന്തോഷം ഉണ്ടായി "നിങ്ങറം മരിച്ചപ്രകാരം വർത്തമാനം എത്തി എന്നു മരക്കാർ എല്ലാവരും ശ്രുതി പൊങ്ങിച്ചിരുന്നു. താമൂതിരി പുതിയ പടവുകളെ ഉണ്ടാക്കിച്ചു പല ദിക്കിലും ആളെ അയച്ചു കലക്കത്തിന്നു വട്ടം കൂട്ടിയിരുന്നു" എന്നു കേട്ടത ഒഴികെ പറങ്കികറം മാപ്പിള്ളമാരും നാട്ടുകാരുമായികൂടി പാക്കയാൽ കളവു വ്യഭിചാരാദിദോഷങ്ങറം അതിക്രമിച്ചതു കണ്ടു ദുഃഖിച്ചു കോട്ടക്കും നഗരത്തിന്നും അതിർ ഇട്ടു "ക്രിസ്ത്യാനർ അല്ലാത്തവർ ആരും അതിർ കടന്നാൽ മരിക്കേണം" എന്നു വ്യവസ്ഥ വരുത്തി അതുകൊണ്ടു 400ററിൽ പരം കൊച്ചിക്കാരും ചില നായന്മാരും രണ്ടു മൂന്നു പണിക്കന്മൊരും സ്നാനം ഏററു കോട്ടയുടെ അകത്തു പാപ്പാൻ അനുവാദം വാങ്ങുകയും ചെയ്തു. [മഴക്കാലത്തു കൊച്ചിയിൽ പല ബാല്യക്കാരും ക്രിസ്തീയ മാർഗ്ഗത്തെ അവലംബിക്കകൊണ്ടു അറംബുകെർക്ക ഓരൊ എഴുത്തുപള്ളി ഉണ്ടാക്കി വായനയും സഭാപ്രമാണം മുതലായതും അഭ്യസിപ്പിക്കയും ചെയ്തു.]

പിന്നെ മാലിലെ രാജാവയച്ച ദൂതൻ കൊച്ചിയിൽ വന്നു അറംബുകെർക്കെ കണ്ടു "ഞങ്ങളും മാനുവെൽ രാജാവെ ആശ്രയിക്കെ ഉള്ളു; കാലത്താലെ കയറ മുതലായ കാഴ്ച വെക്കാം; നമ്മുടെ സങ്കടത്തെ മാറേറണം, മമ്മാലി മരക്കാർ നമ്മുടെ ദ്വീപുകളിൽ വന്നു അതിക്രമിച്ചു പത്തിൽ ചിലവാനം എടുത്തിരിക്കുന്നു; ആയവ ഇങ്ങൊട്ടു കൊടുപ്പിക്കയും വേണം" എന്നു യാചിച്ചപ്പൊറം, അറംബുകെർക്ക വിസ്തരിച്ചു വാസ്തവം കണ്ടു നല്ല ഉത്തരം പറഞ്ഞു വിടകൊടുക്കയും ചെയ്തു. പിന്നെ കണ്ണനൂരിൽ വന്നാറെ, മമ്മാലി വളരെ സങ്കടപ്പെട്ടു "ദ്വീപുകറം നമ്മുടെത" എന്നു വാദിച്ചിട്ടും അറംബുകെർക്ക വിധിച്ചതിന്നു ഇളക്കം വന്നില്ല. ആയവൻ അത ഒഴിപ്പിച്ചു

പ്പൊ൦ പറങ്കികൾ ചിലർ മരക്കാരോട കൈക്കൂലി വാങ്ങി എന്നും, മററു ചിലർ വ്യാപാരത്തിൽ മാപ്പിള്ളമാരെ തോല്പിച്ചു എന്നും കേട്ട പ്പൊ൦ വളരെ കയൎത്തു ക്രിസ്ത്യാനർ നിമിത്തം ക്രിസ്തു നാമത്തിന്നു വരുന്ന ദൂഷണം ചൊല്ലി ദുഃഖിച്ചു, അവരവർ അന്യായമായി എടു ത്തതെല്ലാം ഉടയവർക്ക മടക്കി കൊടുപ്പിച്ചു;ഇതിനാൽ തന്റെ സ്ഥാ നികളിൽ അധികം പേരെ ശത്രുക്കളാക്കുകയും ചെയ്തു.

49. പറങ്കി യുദ്ധസമർപ്പണം

അല്ബുകെൎക്ക മലയാളം വിട്ടു (1512 സപ്ത.) ഗോവയിൽ എത്തിയാറെ, അതിലുള്ള യുദ്ധശേഷവും സമർപ്പിച്ചു, മേലരാവജ്യേ ഷ്ഠന്റെ അപായത്താൽ മെജ്ജുവിൽ ഇടപ്രഭുവായതു കേട്ടു സന്തോ ഷിച്ചു അവനെ പൊൎത്തുഗൽ കോയ്മയിൽ ആശ്രയിപ്പിച്ചു. പി ന്നെ അദിൽഖാനും സന്ധി യാചിക്കയാൽ അവനോടും നിരന്നു. ഹബെശിൽനിന്നു ദൂതന്മാർ വന്നു ''ഞങ്ങളുടെ വകക്കാർ എല്ലാം ക്രി സ്ത്യാനർ തന്നെ; നിങ്ങൾ വന്നു സഹായിച്ചു ഞങ്ങളിലും മേല്ക്കോയ്മ നടത്തേണം'' എന്നുണൎത്തിക്കയും ചെയ്തു. ശേഷം എല്ലാവരും അനുസ രിച്ചിരിക്കെ കൃഷ്ണരായർ മാത്രം കാഴ്ചകളും സാന്ത്വനവാക്കും അയച്ച തല്ലാതെ ഭട്ടക്കളയിൽ കോട്ട എടുപ്പിപ്പാൻ ചോദിച്ചതിന്നു അനുവ ദിച്ചില്ല. താമൂതിരിയൊടു ഇണങ്ങി വരേണം എന്നു അല്ബുകെ ൎക്കിന്റെ ആന്തരം തന്നെ. കോലത്തിരിയും പെരിമ്പടപ്പും ആയതു സമ്മതിച്ചില്ല.കോഴിക്കോട്ടു നഗരത്തെനശിപ്പിച്ചല്ലാതെ രാജ്യങ്ങൾ ക്കു ''സ്വസ്ഥത വരികയില്ല'' എന്നവർ മന്ത്രിച്ചു പോന്നു. പിന്നെ നെരൊഞ്ഞ കപ്പിത്താൻ തെക്കോട്ടു ഓടുന്ന സമയം കോഴിക്കോട്ടു തുക്കിൽ എത്തിയാറെ, ഇളയ രാജാവായ നമ്പിയാതിരി ദൂതയച്ചു സന്ധിക്ക അപേക്ഷിച്ചു. ''ഉണ്ടായത എല്ലാം അബദ്ധമത്രെ; നി ങ്ങൾ ഇപ്പൊ൦ വന്നു കോട്ട എടുപ്പിച്ചു സ്നേഹത്തോടെ പാൎത്താൽ ചുങ്കത്തിന്റെ പാതി പൊർത്തുഗൽ ഭണ്ഡാരത്തിൽ ഏല്പിക്കാം'' എന്നു ബോധിപ്പിക്കയും ചെയ്തു. ആയതു ചൊല്ലി ഇരുവരും കൊടു ങ്ങല്ലൂരിൽ ചെന്നു തമ്മിൽ കണ്ടു കാര്യം പറഞ്ഞശേഷം ഇന്ന സ്ഥല ത്തു കോട്ട വേണം എന്നു തെളിഞ്ഞില്ല എങ്കിലും അല്ബുകെ ൎക്കോടു സകലവും അറിയിച്ച ശേഷം അവൻ (1513) നൊറൊന എന്നവനെ കോഴിക്കോട്ടിലയച്ചു ''ഇനി നിങ്ങളുടെ കച്ചവടത്തി ന്നും കപ്പലോട്ടത്തിന്നും തടവു ഒന്നും ഉണ്ടാകയില്ല കോട്ട എടുപ്പി പ്പാനൊ ഒരു സ്ഥലമെ നല്ലു ഞാൻ മുമ്പിൽ ഭസ്മമാക്കിയ കോ യിലകത്തിന്റെ നിലം എല്ലാം അതിന്നു വേണം'' എന്നു പറയി ച്ചാറെ, മാപ്പിള്ളമാർ വളരെ സന്തോഷിച്ചു മുളകു കയററിയ കപ്പ ലുകളെ ചെങ്കടലിലെക്കയച്ചു. താമൂതിരിയൊ പലതും ചൊല്ലി കോട്ടപ്പണിക്ക താമസം വരുത്തി പോന്നു.

അതിന്റെ കാരണം അല്ബുകെൎക്ക അദൻകോട്ടയെ പിടി പ്പാൻ പുറപ്പെടുകയാൽ, (1513 ഫെബ്രു.) തമ്പുരാനെ പേടിപ്പി

പ്പാൻ കപ്പൽ പോരാഞ്ഞപ്പൊൾ ''പറങ്കികൾക്ക് ദേശം കൊടുക്ക ന്നതിനാൽ മാനഹാനിവരും'' എന്ന തോന്നി. അതുകൂടാതെ, കണ്ണ നൂരിൽ ഉള്ള പറങ്കികൾ ഈ മേലധികാരി പൊയതു സന്തോഷം തന്നെ ''ഇനി ഒരു വർഷം ചെന്നാൽ അവനെ പണിയിൽനിന്ന നീക്കും, രാജാവ മറെറാരുവനെ അയക്കയും ചെയ്യും'' എന്നൊരു ശ്രു തിയെ പരത്തി. ആയതു കേട്ടാറെ, മമ്മാലി ഞെളിഞ്ഞു തുടങ്ങി മാലിദ്വീപുകളുടെ രാജാവ് എന്ന പേർ എടുത്തു പൊകയും ചെയ്തു. പിന്നെ കണ്ണനൂർ കോട്ടയിൽ ഭണ്ഡാര വിചാരക്കാരൻ കച്ചവട ക്കാരെ ഞെരുക്കി തനിക്ക് വരവു വദ്ധിപ്പിച്ചു പോരുമ്പോൾ ഒരു നാൾ പൊക്കരഹസ്സൻ എന്ന വ്യാപാരിയെ ഒരു കടം നിമിത്തം പിടിച്ചു തടവിലാക്കുവാൻ ഭാവിച്ചു. മാപ്പിള്ളമാർ അതു കണ്ടു ആ യുധം എടുത്തു കലഹിക്കയാൽ പറങ്കികൾ ചില ദിവസം തന്നെ ക്ലേശിച്ചു കോട്ടയുടെ അകത്ത അടങ്ങി പാർത്തു. അതിനാൽ പറ ങ്കിനാമത്തിന്ന ഗൌരവം ചുരുങ്ങി പോയി, സന്ധിക്ക് ഉത്സാഹി പ്പാൻ താമൂതിരിക്കു സംഗതി വന്നതും ഇല്ല. അതു കൂടാതെ പെ രിമ്പടപ്പു സ്വരൂപത്തിൽ ഓരോരോ പറങ്കികൾ ഓരോന്നുണത്തി ക്കയാൽ രാജാവ് ഒരു നാളും ഇണക്കം വരികയില്ല. എന്നു വിചാ രിച്ചു താമൂതിരിയുടെ ഇടവകക്കാരിൽ ഒരുത്തന്ന സഹായിച്ചു മ ത്സരം ചെയ്യിപ്പിച്ചു കോഴിക്കോട്ടിന്റെ നേരെ പട അയച്ചു പറങ്കി കളൊടു ''നിങ്ങൾ മുമ്പെത്തെ കരാറിൽ എഴുതികിടക്കുന്ന പ്രകാരം കോഴിക്കോടുമായുള്ള സ്ഥലയുദ്ധങ്ങളിലും ഇങ്ങു തുണ നില്ക്കേണ്ട തെല്ലൊ'' എന്നു നിർബ്ബന്ധിച്ചു തുണ ചോദിക്കയും ചെയ്തു.

ഈ വിവരം ഒന്നും അൾബുകെക്ക് അറിയാതെ അറവിതീ രത്തു യുദ്ധം ചെയ്യുമ്പോൾ താമൂതിരി പിന്നെയും ചതിച്ചു കോട്ടക്ക് സ്ഥലം തരുന്നില്ല എന്ന വർത്തമാനം കേട്ടു ചെങ്കടലിൽ പ്രവേശി പ്പാനുള്ള കോഴിക്കോട്ടു പടവുകളെ എല്ലാം പിടിച്ചു ചരക്കു കൈക്ക ലാക്കി പാത്തു. പിന്നെ അദൻ തുറമുഖത്തെ അടക്കുവാൻ ആവതുണ്ടാ യില്ല. അതുകൊണ്ടു മഴക്കാലം തീരുവാറാകുമ്പോൾ, അൾബുകെക്ക് വിഷാദിച്ചു ഗോവക്ക് മടങ്ങിവന്നു (1513 ആഗുസ്തു) അവിടെ സൂ ക്ഷ്മവർത്തമാനം എത്തിയ ഉടനെ അവൻ പിന്നെയും ദൂതരെ കോഴി ക്കോട്ടിൽ അയച്ചു. അവരും താമൂതിരി കഴിഞ്ഞു നമ്പിയാതിരിക്ക് ഇപ്പോൾ വാഴുവാൻ അവകാശം എന്നു കണ്ടു സന്ധികാര്യത്തെ വേ ഗത്തിൽ ഭാഷയാക്കി തീർക്കയും ചെയ്തു.

50. കോഴിക്കോട്ടിൽ പറങ്കി കോട്ട എടുപ്പിച്ചത്

നൊരൊഞ്ഞ കൊച്ചിയിൽ എത്തിയാറെ, പെരിമ്പടപ്പിന്ന കോഴിക്കോട്ടിണക്കം വളരെ അനിഷ്ടം എന്നു തന്നെ അല്ല, ഞങ്ങളും കോലത്തിരിയും നിങ്ങൾക്ക് പണം അയച്ചു പറങ്കിപ്പടയെ

വിടാതെ നടത്തേണ്ടതിന്നു ഗൂഢമായി സഹായിക്കും എന്നീവണ്ണം താമൂതിരിക്ക് ദൂതയച്ചു പ്രകാരം എല്ലാം അറിഞ്ഞു ക്ലേശിച്ചു പോരുമ്പോൾ ജൂവാൻഫെൎന്നന്തസ് എന്ന വലിയ പാതിരി മുതലായ പറങ്കി മൂപ്പന്മാരും കൈക്കൂലിവാങ്ങി രാജഭണ്ഡാരത്തിൽനിന്നു പല വിധത്തിലും വൎഗ്ഗിച്ചു വരുന്നതിന്നു മാററം വരുമെന്നും പേടിച്ചു ഒന്നിച്ചു കൂടി പെരിമ്പടപ്പെ ബോദ്ധ്യം വരുത്തി, ഒക്കത്തക്ക മാനുവേൽ രാജാവെ ഉണർത്തിച്ചതിപ്രകാരം: ‘‘അൾബുകെർക്ക് ചെയ്യുന്നത് എല്ലാം അബദ്ധമത്രെ; ഗോവയിൽ വെള്ളക്കാർക്ക് പാർപ്പാൻ നല്ല സൌഖ്യമില്ല, കൊച്ചിത്തുറമുഖത്തിന്നു അതിനാൽ താഴ്ചയും നാശവും വരും. ആകയാൽ മേധാവികൾ എല്ലാവരും കൂടി ഗോവയെ ഉപേക്ഷിക്കേണ്ടയൊ എന്നുള്ളതു വിചാരിച്ചു നിരൂപിച്ചു കൊൾവാനായിട്ടു രാജാവവർകൾ കല്പിപ്പാൻ തിരുവുള്ളത്തിലേറാവു. അങ്ങിനെ ചെയ്തു എങ്കിൽ കാര്യങ്ങൾ ക്രമത്താലെ തെളിഞ്ഞു വരും’’ എന്നിപ്രകാരം എല്ലാം എഴുതി അൾബുകെർക്കിന്നു വേണ്ടുവോളം മാനഹാനി വരുത്തുകയും ചെയ്തു.

ആയത് നൊരൊഞ്ഞ അറിഞ്ഞു ഗോവയിൽ ബോധിപ്പിച്ചു ഉടനെ അൾബുകെർക്ക് മലയാളത്തിൽ വന്നു കണ്ണനൂരിലെ കലക്കത്തെ ശമിപ്പിച്ചു. കോലത്തിരിയുടെ മന്ത്രിയെ മാററി പിന്നെ കൊച്ചിയിൽ എല്ലാവരെയും വരുത്തി വിചാരിച്ചു സങ്കടങ്ങളെ തീൎത്തു ദ്രോഹികളെ പേടിപ്പിച്ചു സർപ്പശീലമുള്ള പാതിരിയെ പൊർത്തുഗലിലേക്ക് അയച്ചു ഗോവ തന്നെ രാജ്യത്തിന്നു മൂലസ്ഥാനമായി വേണം എന്നും അതിന്നു കാരണങ്ങൾ ഇന്നവ എന്നും എഴുതിച്ചു സകല കപ്പിത്താന്മാരെ കൊണ്ടും ഒപ്പിടുവിച്ചതും മാനുവേൽ രാജാവിന്നു അയക്കയും ചെയ്തു.

പിന്നെ പൊക്കരെഹസ്സൻ താമൂതിരിയോടു സന്ധികാര്യം വിചാരിക്കുമ്പോൾ ഇടർച്ചകളെല്ലാം ക്രമത്താലെ നീക്കുവാൻ സംഗതി വന്നു. താമൂതിരി അൾബുകെൎക്കിന്റെ വാക്കു ബഹുമാനിച്ചു തന്റെ അമ്മയേയും പെങ്ങളെയും കോഴിക്കോട്ടു കോയയേയും നഗരത്തിൽനിന്നു ദൂരത്താക്കി യുദ്ധം മന്ത്രിക്കുന്ന വിശ്വസ്തരെയും മിണ്ടാതാക്കിയ ശേഷം, അൾബുകെൎക്ക് താൻ കോഴിക്കോട്ടിൽ വന്നിറങ്ങി രാജാവെ കണ്ടു സഖ്യവും സമയവും ചെയ്തതിപ്രകാരം: ‘‘പൊൎത്തുഗീസർ ബോധിച്ച സ്ഥലത്തു കോട്ട എടുപ്പിച്ചു അവിടുന്നു കച്ചവടം ചെയ്തു പോരുക. മുളകിന്നു ശേഷമുള്ളവർ പണം മാത്രം കൊടുക്കേ പറങ്കികൾ ചരക്കുകളെ കൊടുത്തു മേടിച്ചാൽമതി. കൊല്ലംതോറും 15000 ഭാരം മുളകു കൊച്ചിയിൽ, നടക്കുന്ന വിലക്കുതന്നെ ബന്തരിൽ വെക്കുക. ആണ്ടിലെ ചുങ്കത്താൽ പാതി മാനുവേൽ രാജാവിന്നു കപ്പമായി ഏല്പിക്ക. കബ്രാലിന്റെ സമയത്ത് പാണ്ടിശാലക്കും മററും ചേതം വന്നതെല്ലാം താമൂതിരി ഭണ്ഡാരത്തിൽനിന്നു ഒപ്പിക്ക’’ എന്നിപ്രകാരം സന്ധിച്ച നാൾ മുതൽ ഇടപ്പള്ളിത്തമ്പുരാൻ മുതലായവൎക്ക് പടക്കായി കൊടുക്കുന്ന സഹായം മുടങ്ങിപ്പോയി. പറങ്കികൾക്ക്

ചെലവ കുറഞ്ഞു വരവു വൎദ്ധിക്കയും ചെയ്തു. അന്നു കോലത്തിരിയും വിചാരിച്ചു എങ്ങിനെ എങ്കിലും ഇനി മാപ്പിള്ളമാരെ പേടിപ്പാൻ സംഗതിയില്ല; മുസല്മാനരുടെ അതിക്രമത്തിന്നു തടവു വന്നുപോയി എന്നു വിചാരിച്ചു സന്തോഷിച്ചു പെരുമ്പടപ്പിന്നു ബോധം വരുത്തുവാൻ എഴുതുകയും ചെയ്തു.

അനന്തരം കോഴിക്കോട്ടിൽ തെക്കെ അററത്തു പുഴവക്കത്തു തന്നെ കോട്ട എടുപ്പിപ്പാൻ തുടങ്ങി. കണ്ണനൂർ മുതലായ കോട്ടപ്പണി ചെയ്തു തീൎത്ത തൊമാ ഫെൎന്നന്തസ് തന്നെ. ആ കോട്ടയേയും നിൎമ്മിച്ചു നൊഗെര കപ്പിത്താൻ പട്ടാളത്തെ നടത്തുകയും ചെയ്തു. കോട്ട ചതുരശ്രത്തിൽ തന്നെ തീൎത്തതു കടല്ക്കു നേരെ രണ്ടു ഗോപുരവും അതിന്റെ ഇടയിൽ വെള്ളത്തിൻ നടുവിൽ നീണ്ട കേമമുള്ള നടയും ഉണ്ടു. കല്ലും കുമ്മായവും പണിക്കാരും വേണ്ടുവോളം കിട്ടേണ്ടതിന്നു താമൂതിരി താൻ നിത്യം പ്രയത്നം കഴിച്ചുപോന്നു. പാൎസി, സുല്ത്താൻ, ശൈഖ്, ഇസ്മാലി ആ വൎഷത്തിൽ തന്നെ ഒരു മന്ത്രിയെ അയച്ചപ്പോൾ, അൾബുകെൎക്ക് അവനെ കോട്ടപ്പണി എല്ലാം കാണിച്ചു വിസ്മയം വരുത്തുകയും ചെയ്തു. പിന്നെ താമൂതിരി മാനുവേൽ രാജാവിന്നു താൻ ഒരു കത്തെഴുതി ''എന്നേക്കും മിത്രത വേണം എന്നും കോഴിക്കോട്ടേക്ക് തന്നെ കപ്പലും ചരക്കും നിയോഗിക്കേണം എന്നും മിസ്ര സുല്ത്താനും മക്കത്ത് കച്ചവടക്കാരും ആയി ഞങ്ങൾ ഇപ്പോൾ ഇടഞ്ഞുപോയല്ലൊ അതുകൊണ്ടു ഈ നഗരത്തിന്നു മുമ്പത്തേശ്രീത്വം വരേണ്ടതിന്നു നിങ്ങളുടെ കടാക്ഷം തന്നെ പ്രമാണം എന്നും എന്റെ പുഴവക്കത്തു കപ്പൽ ഉണ്ടാക്കേണ്ടതിന്നു തോന്നിയാൽ ജാതിമരം മുതലായ സംഭാരങ്ങൾ എല്ലാം ആവോളം എത്തിക്കാം എന്നും ചൊല്ലി അൾബുകെൎക്കയും നന്ന സ്തുതിച്ചു തന്റെ പ്രധാനന്മാരെ കൊണ്ടു ഒപ്പിടുവിച്ചു താനും പൊന്മുദ്രയിട്ടു നവരത്നം തുടങ്ങിയുള്ള സമ്മാനങ്ങളോടുകൂടെ അയക്കയും ചെയ്തു.'' അന്നു നിയോഗിച്ച 2 മന്ത്രികളിൽ ഒരുവൻ പൊൎത്തുഗലിൽ എത്തിയപ്പോൾ സ്നാനം ഏററു ക്രൂശ് എന്ന നാമം ധരിച്ചു പിന്നെത്തേതിൽ മലയാളത്തിൽ വന്നു വ്യാപാരം ചെയ്തു ക്രിസ്തനാമ വ്യാപനത്തിന്നായി പ്രയത്നം കഴിക്കയും ചെയ്തു. ആ താമൂതിരിയുടെ ജീവപൎയ്യന്തം പറങ്കികളോടു മമത ഉണ്ടായതെ ഉള്ളു. ആ കോട്ടയൊ 12 വൎഷം കഴിഞ്ഞ ഉടനെ പറങ്കികൾ തങ്ങൾ തന്നെ ഇടിച്ചു കളയേണ്ടി വന്നിരിക്കുന്നു.

51. അൽബുകെർക്കിന്റെ മഹത്വവും ശത്രുക്കളുടെ അതിക്രമവും

കോഴിക്കോട്ടു അടങ്ങിയ നാൾ മുതൽ അൾബുകെൎക്കിന്റെ കീൎത്തി ആസ്യയിലും യുരോപയിലും എങ്ങും പരന്നു: അവനും പറങ്കികളുടെ വാഴ്ചക്ക് ഉറപ്പു വരുത്തുവാൻ ആവോളം പ്രയത്നം കഴിച്ചു ദിവസേന വൎദ്ധിക്കുന്ന വരവു മിക്കതും ഈ ദേശത്തിലെ കോട്ടകൾ

ക്കായി തന്നെ മററും ചെലവഴിച്ചു. യുരോപയിൽ വിശേഷമായ കാഴ്ചകളെ അയച്ചു വിട്ടു താനും. മുമ്പെ പറങ്കികൾ കാണാത്ത ഗണ്ഡകം എന്ന വാൾ പുലിയേയും പല ആനകളെയും ലിസ്ബൊനിൽ അയച്ചാറെ, രാജാവ് ജനവിനോദത്തിന്നായി ആനയെ വാൾ പുലിയോടു പോർ ചെയ്യിച്ചു ആന പട്ടു പോകയും ചെയ്തു. പിന്നെ പത്താം ലെയൊ പാപ്പ വാഴുവാൻ തുടങ്ങിയാറെ, (1513) മാനുവേൽ രാജാവ് അവനു സമ്മാനം അയച്ചിതു: ചില സ്വർണ്ണ പ്രതിമകളും, ഒരു വാൾ പുലിയും ഒരു പാർസിക്കുതിരപ്പുറത്തിരിക്കും ചെറിയ നായാട്ടുപുലിയും മററും പാവാനോടു കൂട ഒരു വലിയ ആന രോമനഗരത്തിൽ പ്രവേശിച്ച നാൾ പാപ്പാവിന്മുമ്പിൽ എത്തിയ ഉടനെ (1514 മാർച്ച് 12.) ആ ആന മൂന്നു വട്ടം ദണ്ഡനമസ്കാരം ചെയ്തു. പാപ്പാ വളരെ അതിശയിക്കയും ചെയ്തു. ''ഇനി വേഗത്തിൽ ആസിയേയും അമെരിക്കയും പാപ്പാവിൻ കൈവശമാകും'' എന്നു അപ്പോൾ രോമയിൽ ജനശ്രുതി ഉണ്ടായി. യുരോപയിൽ അടുക്കെ തന്നെ ലുഥർ മൂലമായി വരേണ്ടുന്ന സഭാഛിദ്രം അന്നു രോമയിൽ ഊഹിച്ചതും ഇല്ല.

ഇവ്വണ്ണം ഒക്കെയും അല്‌ബുകെൎക്ക് നാമം ചൊൽക്കൊണ്ടു പോരുകയാൽ ശത്രുക്കളുടെ അസൂയയും വൎദ്ധിച്ചു, ഇവൻ ഏകദേശം രാജാവോളം വൎദ്ധിച്ചുവല്ലൊ എന്നു പലരും മാനുവേൽ രാജാവെ ഉണർത്തിച്ചു ശങ്ക ജനിപ്പിച്ചു ഭേദപ്രയോഗം തുടങ്ങുകയും ചെയ്തു. ആ 1513 ആണ്ടു അല്‌ബുകെൎക്ക കണ്ണനൂരിൽ തന്നെ പാർക്കുമ്പൊൾ, ലീമ, റെയാൽ മുതലായ കപ്പിത്താന്മാർ ഗൂഢമായി കൂടി നിരൂപിച്ചു. അക്ഷരം അറിയായ്കയാൽ പെറെര എന്നവനെ കൊണ്ടു മാനുവെൽ രാജാവിന്നു കത്തുകൾ എഴുതിച്ചതും എഴുതിക്കുന്നതും കേട്ടപ്പൊൾ പെറെരയെ വിളിച്ചു മാഫ് കൊടുത്തു കത്തുകളുടെ പകർപ്പു വാങ്ങുകയും ചെയ്തു. അതിന്റെ വിവരം: ''വിസൊറെയി ഭാഗ്യം ഏറെയുള്ള ചതിയനത്രെ അവൻ മലയാളരാജാക്കന്മാരെ വഞ്ചിച്ചു പറങ്കികൾക്കുള്ള കൊള്ളയെ താൻ എടുത്തുകൊണ്ടും മാപ്പിള്ളമാരോടു ഒരു പെട്ടി നിറയ പൊന്നു വാങ്ങി കടൽ പിടിക്കാരനായി ഓരൊന്നു മോഷ്ടിച്ചുംകൊണ്ടു ദ്രവ്യം അത്യന്തം വൎദ്ധിപ്പിക്കുന്നു. പിന്നെ തനിക്കു വേണ്ടപ്പെട്ടവർക്ക് സമ്പത്ത് വളരെ കൊടുത്തു രാജാവിന്റെ ആളുകളെ തന്റെ സ്വാധീനത്തിലാക്കുവാൻ നോക്കുന്നു. ചില യഹൂദന്മാരെ അവൻ സ്ഥാനം ഏല്പിച്ചു തന്റെ ദ്വിഭാഷികളാക്കി രാജ്യകാൎയ്യം എല്ലാം അവരിൽ സമർപ്പിച്ചിരിക്കുന്നു. അവന്റെ വഴിയെ വാഴുവാൻ ഇവർക്കൊ അവകാശം എന്നറിയുന്നില്ല; അവന്റെ ശൌൎയ്യം പറവാനും ഇല്ല. നഗ്നരായ കറുത്ത ജനങ്ങളെ ലക്ഷം കൊല്ലുകയിൽ എന്തൊരു വിശേഷം? താൻ ഇരിമ്പുകി ഉടുത്തു വഴിയെ നില്ക്കെയുള്ള പട തീൎന്നാൽ ഉടനെ ആവശ്യമില്ലാത്ത സ്ഥലത്തും കോട്ടകളെ എടുപ്പിക്കുന്നു. കച്ചവടത്തിന്നു ഒട്ടും വിചാരമില്ല; യുദ്ധത്താൽ കവച്ചയിലും അഭിമാനത്തിലും അത്രെ കാംക്ഷ, ചരക്കു അധികം കിട്ടുന്ന കൊച്ചിക്കു അവൻ നാശം വരുത്തുവാൻ തുടങ്ങി,

കപ്പൽ വന്നു പോകുമാറുണ്ടു സത്യം ;അതിൽ ചരക്കു മിക്കതും അവന്റെ പെൺകുട്ടികൾ തന്നെ, അത അവൻ തനിക്കായി വാങ്ങിയ ദാസി കളത്രെ. അവരെ പിന്നെ ഇഷ്ടന്മാർക്കുംകൊടുക്കും, ചിലക്ക് പണ ത്തിന്നു വില്ക്കും, അതിന്നു വിവാഹം എന്നു പേർ വിളിച്ചു പോരുന്നു. അവന്നുള്ളതിൽ അധികം മുഹമ്മദിന്നും സ്ത്രീകൾ ഉണ്ടായിട്ടും ഇല്ല. പള്ളിക്കാര്യം ഒട്ടും നോക്കുമാറില്ല; അജ്ഞാനികളോടും യഹൂദന്മാരോ ടും സ്നേഹം ഒരു പോലെ തന്നെ. നമ്മുടെ മികച്ച പാതിരിയെ അവൻ അപമാനം വരുത്തി പൊർത്തുഗലിൽ അയച്ചുവല്ലൊ അതു വേശ്യാ ദോഷം മുതലായത ആരോപിച്ചു ചെയ്തപ്രകാരം ചൊല്ലിയതു മുഴുവ നും വ്യാജം അത്രെ; അദ്ദേഹം ഏററവും നല്ലവനായിരുന്നു, ഇപ്പൊൾ അവൻ ഒരു മദ്യപായിയെ പ്രധാന പാതിരിയാക്കിയിരിക്കുന്നു. ആ യവൻ കുമ്പസാരത്തിൽ കേൾക്കായി വരുന്ന വിശേഷങ്ങൾ ഒക്കെ യും തന്നോട് അറിയിക്കേണം എന്നു നിർണ്ണയം, അതുകൊണ്ടു അ ജ്ഞാനികൾ ആരും ഇപ്പൊൾ വന്നു ചേരുന്നതുമില്ല. മാപ്പിള്ളമാരുടെ കൂട്ടത്തിൽ ചേരുകെ ഉള്ളു. ഇത് എല്ലാം ആരാഞ്ഞു നോക്കേണം വിസൊരയി കൊല്ലം തോറും കണക്ക് ഒപ്പിക്കുമാറ ഒരു വ്യവസ്ഥ വരുത്തേണം. ഈ എഴുതിയത് ഒക്കെയും ശുദ്ധപട്ടാങ്ങല്ല എന്നു വ രികിൽ എഴുത്തുകാരനോടു ചോദിക്കട്ടെ, കളവു എന്നു കണ്ടാൽ തലയറുക്കാവു''

ആയത് ഒക്കെയും അൾബുകെൎക്ക എത്രയും ശാന്തമനസ്സോടെ വായിച്ചു കേട്ടു കപ്പിത്താന്മാരെയും കേൾപ്പിച്ചു. ''ഞാൻ രാജാവെ സേവിപ്പാൻ കാട്ടുന്ന ഉത്സാഹത്തിന്റെ ഫലം ഇതത്രെ'' എന്നു ചൊല്ലി അതിശയിച്ചിരുന്നു. പിന്നെ താൻ വ്യാഖ്യാനം ഒന്നും ചേ ൎക്കാതെ, കത്തുകളെ ഒരു മാറാപ്പാക്കി രാജസന്നിധിയിങ്കലേക്ക് അയച്ചു. സ്ഥാനികൾ മിക്കവാറും അതു കണ്ടാറെ, ''ഇതു പോരാ'' എന്നു ചൊല്ലി കൂടി വിചാരിച്ചു. അൾബുകെൎക്കിന്റെ സ്തുതിക്കാ യി ഒരു കത്ത് എഴുതി കൂടെ അയപ്പാൻ നിബ്ബന്ധിച്ചു. അതിന്നു അവൻ പറഞ്ഞു ''ഇതരുത; ഞാൻ നിങ്ങളെക്കൊണ്ടു എന്റെ ഗു ണത്തിന്നായി എഴുതിച്ച പ്രകാരം തോന്നും അല്ലൊ? ഇനി ദൈവ ത്തിൻ ഇഷ്ടം പോലെ ആകട്ടെ.''

എന്നതിന്റെ ശേഷം അവൻ കൊച്ചിക്ക് പോയി പെരി മ്പടപ്പെ കണ്ടു താമൂതിരിയോട് ഇണങ്ങിയതിന്റെ ഹേതുക്കളെ വിസ്തരിച്ചു പറഞ്ഞു ''കുടിപ്പക നമുക്കു മുസല്മാനരോടെ ഉള്ളു. കൊല്ല ത്തെ രാജാവ് നിരപ്പിന്നു യാചിച്ചാൽ അവനോടും സന്ധിക്കേ വേണ്ടു, ദൈവം നിങ്ങളുടെ അജ്ഞാനം മാറേറണമെ എന്റെ മരണ ത്തിന്നു മുമ്പെ മക്കത്തുപോയി ആ കള്ള നെബിയുടെ അസ്ഥികളെ കുഴിയിൽനിന്നു എടുത്തു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു'' ഇവ്വണ്ണം പലതും ചൊല്ലി രാജാവിന്നു സമ്മതം വരുത്തി കേരളത്തിലെ അവ സ്ഥകൾ ഒക്കെയും യഥാസ്ഥാനത്തിലാക്കി കണ്ടശേഷം പടകേറി

അന്ത്യയുദ്ധപ്രയാണത്തിന്നായിക്കൊണ്ടു ഗോവെക്കു മടങ്ങി പോകയും ചെയ്തു.

52. അൽബുകെർക്കിന്റെ മരണം

1515 ഫെബ്രുവരിമാസം അംബുകെക്ക് കപ്പലുകളെ ഒക്കെയും ചേൎത്തു 1500 പറങ്കികളെയും 600 മലയാളികളെയും കരേററി പാർസികച്ചവടത്തിന്റെ മൂലസ്ഥാനമാകുന്ന ഹൊർമ്മുജെ പിടിപ്പാൻ രണ്ടാമത പുറപ്പെട്ടു. അവിടുത്തെ രാജാവ് പറങ്കികളുടെ മിത്രമെങ്കിലും കാര്യക്കാർ രാജാധികാരത്തെ ചുരുക്കി പൊൎത്തുഗീസരിൽ ശങ്ക കാണിച്ചു തന്നിഷ്ടം പ്രവൃത്തിച്ചുപോന്നു. പട കൂടാതെ കൌശലംകൊണ്ടു പട്ടണപ്രവേശം ചെയ്തപ്പോൾ, അംബുകെക്ക കാര്യക്കാരനെ കൊല്ലിച്ചു, രാജാവ് മാനുവേലിന്റെ മേൽകൊയ്മയെ ആശ്രയിപ്പിച്ചു കോട്ടയിൽ പറങ്കികളെ പാർപ്പിച്ചു. പാർസി, ശാഹായ, ഇസ്മാലി, അതു കേട്ടാറെ, അംബുകെർക്കിന്റെ ശ്രീത്വം നിമിത്തം അതിശയിച്ചു, സമ്മാനങ്ങളെ അയച്ചു മമത ഉറപ്പിക്കയും ചെയ്തു.

അതിന്നിടയിൽ മാനുവേൽ രാജാവ് ആ മേൽപറഞ്ഞ വൈരികളുടെ കത്ത് എല്ലാം കണ്ടും അസൂയക്കാരുടെ മന്ത്രണം കേട്ടുംകൊണ്ടു വിചാരിച്ചു ലോപൊ സുവാരസ് എന്ന കപ്പിത്താനെ പിസൊരെയാക്കി മലയാളത്തിലേക്ക് 10 കപ്പലുമായി നിയോഗിച്ചയച്ചു. (1515 എപ്രീൽ) ആയവൻ സപ്തമ്പ്ര. 2ാംനു- ഗോവയിൽ എത്തിയാറെ, ''അംബുകെർക്കിന്റെ അധികാരം തീൎന്നു എന്നറിയിച്ചു'' സാധാരണമായ ദുഃഖം ഉണ്ടാക്കി ഉടനെ അംബുകെർക്കിന്റെ വിശ്വസ്തരെ മാററി, പിന്നെ കണ്ണനൂരിൽ ഓടി കോലത്തിരിയെ കണ്ടു, മാനുവേലിന്റെ കാഴ്ചയായി ചിലതു സമ്മാനിച്ചു കൊച്ചിക്ക് പോയി ആണ്ടത്തെ ചരക്കു കരയേററി അയപ്പിക്കയും ചെയ്തു. അപ്പോൾ പെരിമ്പടപ്പും അവനെ കണ്ടു ''ഹൊ ഇവൻ ഒട്ടും പരിപാകം ഇല്ലാത്തവൻ അല്ലൊ അംബുകെർക്കിൽ നാമും കുററം ആരോപിച്ചത് കഷ്ടം കഷ്ടംതന്നെ'' എന്നു പറഞ്ഞു. പിന്നെ പൊൎത്തുഗീസരിൽ ഉത്തമന്മാർ ''അംമൈദ അംബുകെർക്ക എന്നവരുടെ ശുഭകാലം കഴിഞ്ഞുവല്ലൊ'' എന്നുവെച്ചു രാജസേവ വെറുത്തു, കപ്പലേറി വിലാത്തിക്കു മടങ്ങിപ്പോകയും ചെയ്തു.

ഹൊർമ്മുജിൽനിന്നു ഓടി വരുമ്പോൾ, തന്നെ അംബുകെർക്കിന്നു ഒരു പടക എതിരേല്പാൻ ചെന്നു വൎത്തമാനം എല്ലാം അറിയിച്ചു ഉടനെ, അവൻ ദുഃഖിച്ചു ''വിശുദ്ധ യേശുവെ! ഇതിൽനിന്നു തെററുവാൻ ഒരു വഴിയും കാണാ; രാജസേവ നിമിത്തം ആളുകൾ വിരോധം ആളുകളുടെ സേവ നിമിത്തം രാജാവ് വിരോധം, അതു മതി. പോവാൻ കാലമായി കിഴവനെ ഉപേക്ഷിക്കൊല്ലാ! എന്നു അണ്ണാന്നു നോക്കി പറഞ്ഞു'' പിന്നെ അതിസാരം പിടിച്ചപ്പൊൾ മരണം അടുത്തു എന്നു കണ്ടു ''രാജാവ് എനിക്ക് അനന്തരവനെ അയച്ചു

ത് തക്കത്തിൽ ആയല്ലൊ. ഇങ്ങിനെ ദൈവഹിതം എല്ലാം ശുഭമ ത്രെ'' എന്നു ചൊല്ലി രാജാവിന്നു ഒരു കത്ത എഴുതി ''രാജ്യകാര്യം തൊട്ടു എന്തിന്നു ചൊല്ലുന്നു കാലം ചെന്നാൽ അതിന്റെ അവസ്ഥ താനെ അറിയും എനിക്ക് ഒരു മകനെ ഉള്ളു അവനെ നോക്കുവാൻ രാജാവിന്നു ഇഷ്ടം തോന്നാവു ധനം ചേർപ്പാൻ സംഗതി വന്നില്ല ല്ലൊ'' എന്നു എഴുതി തീർത്തതിൽ പിന്നെ യോഹനാൻ സുവിശേ ഷത്തിൽനിന്നു യേശുവിന്റെ നിര്യാണ വിവരം എല്ലാം വായിപ്പി ച്ചു കേട്ടു ''ക്രൂശിലല്ലൊ എനിക്ക് ശരണമെ ഉള്ളു'' എന്നു ചൊല്ലുകയും ചെയ്തു. ദിശമ്പ്ര 15 ൽ ഗോവയിൽ എത്തിയാറെ. അവൻ തോണി അയച്ചു ഒരു പാതിരിയെ കപ്പലിലേക്ക് വരുത്തി പാപങ്ങളുടെ ക്ഷ മക്കായി വളരെ പ്രാൎത്ഥിച്ചു കൊണ്ടു രാത്രി കഴിച്ചപ്പൊൾ, 17 ാംനു- ആത്മാവെ ദൈവത്തിൽ ഭരമേല്പിക്കയും ചെയ്തു. അവന്നു അ പ്പൊൾ 63 വയസ്സ, അതിൽ 10 വർഷം വിസൊരയി സ്ഥാനം ഉ ണ്ടായിരുന്നു; ശവത്തെ കരക്കിറക്കി സുഗന്ധ ദ്രവ്യങ്ങളെ ഇട്ടു ചില ദിവസം വരുന്നവർക്കു കാട്ടി കൊടുത്ത ശേഷം ഘോഷത്തോടെ സം സ്കരിക്കുമ്പൊൾ, നാട്ടുകാരുടെ കരച്ചൽ നിമിത്തം പാതിരികളു ടെ പാട്ടു ഒന്നും കേൾപ്പാറായില്ല.

അവൻ നേരും ന്യായവും സൂക്ഷിച്ചു നോക്കിയവൻ തന്നെ. വ്യാജം കേട്ടാൽ ഉടനെ കോപിക്കും; പിന്നെ ഓരൊ നർമ്മങ്ങളെ ചൊല്ലി തന്നെ താൻ ശാസിക്കും; തന്നെ അപമാനിക്കുന്നവരോടു വേഗം ക്ഷമിക്കും; യേശു നാമത്തിൽ വളരെ ശങ്കയും താല്പര്യവു മുണ്ടു, വേദത്തിൽ കൂട കൂട വായിക്കും. ദൈവഭക്തി നിമിത്തം ഒരു നാളും ആണയിട്ടമാറില്ല; ദരിദ്ര്യന്മാൎക്കു വളരെ കൊടുക്കും, ഒരിക്കൽ തനിക്കും പൈസ്സ ഇല്ലാത്തപ്പോൾ ഒരു കിലാസി വന്നു 3 വരാ ഹൻ വായിപ്പയായി ചോദിച്ചു ഇപ്പോൾ ഏതും ഇല്ല എങ്കിലും ഈ മൂന്നു രോമം പണയം വെച്ചു വല്ല പീടികക്കാരനോടു ചോദി ക്ക; അവൻ തരും നിശ്ചയം'' എന്നു ചൊല്ലി താടിമേൽനിന്നു 3 രോമങ്ങളെ പറിച്ചു കൊടുത്തയക്കയും ചെയ്തു. ഒടുക്കം അവനെ പോ ലെ പിന്നെത്തേതിൽ പൊത്തുഗീസരിൽ വീരന്മാർ ആരും ഉണ്ടാ യില്ല. അവന്റെ ശവം സ്ഥാപിച്ച മറിയപ്പള്ളിയിൽ പിന്നെ തറ കെട്ടിയപ്പോൾ, നാട്ടുകാരും മുസല്മാനരും മഹത്തുക്കളാൽ സങ്കടം അ കപ്പെടുന്തോറും തറക്കുവന്നു കാഴ്ചകളെ വെച്ചു വിളക്കു കത്തിച്ചും കൊ ണ്ടു നീതിക്കായി യാചിച്ചു പോരും. ഗോവ, മലക്ക, ഹൊർമ്മുജ ഈ മൂന്നിന്റെ ജയം നിമിത്തം ദൂരസ്ഥന്മാരും എല്ലാവരും അവനെ മാനിക്കും; പൊർത്തുഗീസക്ക് തൽക്ഷണം കാര്യമുടക്കവും താഴ്ചയും വരാത്തത് അൾബുകെർക്ക് എന്ന നാമത്തിന്റെ ഓർമ്മയാൽ അ ത്രെ സംഭവിച്ചു എന്ന് ഊഹിപ്പാൻ അവകാശം ഉണ്ടു.

53. സുവാരസ വാഴ്ചയുടെ ആരംഭം

സുവാരസ് 11 വർഷത്തിന്മുമ്പിൽ പന്തലായിനി തുക്കിൽ വെച്ച ജയം കൊണ്ടതല്ലാതെ [26 ആമത നോക്കുക] അപ്രസിദ്ധന ത്രെ. അതുകൊണ്ട പല ദിക്കിൽനിന്നും നീരസ ഭാവങ്ങളെ കണ്ടാറെ താൻ പ്രാപ്തിയുള്ളവൻ എന്നു കാണിക്കേണ്ടതിന്നു മുമ്പെ കൊല്ല ത്തോട വൈരം സമൎപ്പിച്ച് ഇണക്കം വരുത്തട്ടെ എന്നു വെച്ചു കൊ ച്ചിയിൽനിന്ന് സമൎത്ഥ ദൂതരെ അയച്ചു യുദ്ധനിവൃത്തി വരുത്തുകയും ചെയ്തു. അന്നു കൊല്ലത്തെ രാജാവ് ബാലനത്രെ, അവന്റെ ജ്യേഷ്ഠ ത്തിയായ ആഴിപണ്ടാരി രാജ്ഞി എന്ന പേരുള്ളവൾ ആററിങ്കൽ തമ്പുരാട്ടിയായിരിക്കും. ആയവൾ അവനുവേണ്ടി രാജ്യകാര്യം നോ ക്കുമ്പോൾ, പൊർത്തുഗീസരിൽ മമത ഭാവിച്ചു അവർ ഉപദേശിച്ച വഴിയിൽ ഇണങ്ങിവരികയും ചെയ്തു. അന്നെത്തെ നിയമപ്രകാരം ആവിതു: "10 വർഷത്തിന്മുമ്പിൽ [30] ദസാ മുതലായ പറങ്കികളെ കൊന്നു വസ്തുക്കൾ നാനാവിധമാക്കിയതിന്നു രാജ്ഞി 500 ഭാരം മുളകു വെക്കേണ്ടതു അന്നു ചുട്ടുപോയ തൊമാപ്പള്ളിയെ രാജ്ഞി താൻ പുതു തായി കെട്ടുക. പള്ളിവക ഒക്കയും യഥാസ്ഥാനമാക്കുകയും ചെയ്ക. (19) ഇനി മുളകു വിററാൽ പൊർത്തുഗലിന്നു മുമ്പെകാട്ടി കൊച്ചി വിലക്കു കൊടുക്കുക, മാപ്പിള്ളമാരുടെ വമ്പു താഴ്ത്തി രക്ഷിച്ചു കൊൾക." എന്നിങ്ങിനെ മന്ത്രിമാരായ പിള്ളമാർ ഒപ്പിട്ടു മേൽ പ റഞ്ഞ മുളകു ഏല്പിച്ചു തുടങ്ങുകയും ചെയ്തു. ഇവ്വണ്ണം കാര്യസിദ്ധി ഉ ണ്ടാകയാൽ സുവാരസ് ഗൎവ്വിച്ചു കോഴിക്കോട്ടിൽ എത്തിയാറെ, താമൂതിരി അൾബുകെൎക്കിന്റെ മരണത്താൽ ഖേദിച്ച പ്രകാരം കേട്ടു ഇഷ്ടക്കേട ഭാവിച്ചു "കൂടിക്കാഴ്ചക്കു രാജാവ് കോട്ടയിൽ വരുമല്ലൊ" എന്നു ചോദിപ്പിച്ചു "ഇതു മാനക്കുറവായി തോന്നും, കോട്ടയുടെ പു റത്തു ഏതുസ്ഥലമെങ്കിലും മതി" എന്ന് ഉത്തരം കേട്ടാറെ സുവാരസ് ക്രുദ്ധിച്ചു വെറും വാദത്താൽ 12 ദിവസം കഴിച്ചു പടകു കോപ്പിട്ടു പോയശേഷം, കപ്പിത്താന്മാർ ഒക്കത്തക്ക സന്നിധാനത്തിങ്കൽചെന്നു "നിങ്ങൾ കല്പിച്ചാലും ഞങ്ങൾ ഇങ്ങിനെ നിസ്സാര കാര്യംചൊല്ലി വാൾ ഊരുകയില്ല സത്യം". എന്നുണൎത്തിച്ചതു കേട്ടപ്പോൾ കുറയ അടങ്ങി കോട്ടയുടെ വാതുക്കൽ വെച്ചു താമൂതിരിയെ കണ്ടു സംഭാഷി ക്കയും ചെയ്തു. അന്നു വാഴുന്ന രാജാവ് എത്രയും സന്ധിപ്രിയൻ ആക കൊണ്ടത്രെ പടകൂടുവാൻ സംഗതി വരാഞ്ഞതു. പിന്നെ അൾബു കെർക്കിന്റെ മരണം കേട്ടാറെ, ഭട്ടക്കളയിലെ മാപ്പിള്ളമാർ കലഹി ച്ചു പറങ്കികൾ വിചാരിയാത്ത സമയം ആയുധം എടുത്തു, 24 വെള്ള ക്കാരെ കൊല്ലുകയും ചെയ്തു. അതുകൊണ്ട സുവാരസ് ഭട്ടക്കളയിൽ ഓടി വിസ്താരം കഴിക്കുമ്പോൾ, മാപ്പിള്ളമാർ മുഖസ്തുതി പറഞ്ഞു കൊണ്ട വശീകരിച്ചു കുററക്കാർക്ക് ആൎക്കും ദണ്ഡം വിധിച്ചതും ഇല്ല. അതിനാൽ കൎണ്ണാടകത്തിൽ ചോനകർ ഞെളിഞ്ഞു ഭയം എന്നിയെ കടല്പിടിക്കു പിന്നെയും തുനികയും ചെയ്തു.

അനന്തരം ഗോവയിൽ എത്തിയാറെ, അറംബ്യകെർക്കിൻെറ പണി എല്ലാം വളരെ അതിശയമായി തോന്നുകകൊണ്ടു ''ഈ ഗോവയിൽ തന്നെ നമ്മുടെ കോട്ടയുള്ളതു നല്ലതൊ അല്ലയൊ താമൂതിരിയോടും പടയില്ല. മലയാളത്തിൽ സുഖേന പാൎത്തു വ്യാപാരം ചെയ്യാമല്ലൊ'' എന്നു കപ്പിത്താന്മാരോടു നിരൂപിച്ചു തുടങ്ങി. നാട്ടുകാരത്തികളെ വിവാഹം ചെയ്തു കുടിയിരുന്നവർ അതു കേട്ടാറെ, വളരെ വ്യസനപ്പെട്ടു: ''എങ്ങിനെ എങ്കിലും കോട്ടയെ പൊളിക്കരുതെ, ഞങ്ങളെ ഇവിടെ പാർപ്പിച്ചാൽ ഞങ്ങൾ പൊൎത്തുഗൽ സഹായം കൂടാതെ പൊരുതു കുഞ്ഞികുട്ടികളെ രക്ഷിച്ചു കൊള്ളാം'' എന്നു ബോധിപ്പിച്ചതല്ലാതെ, കപ്പിത്താന്മാർ മിക്കവാറും സഭയിങ്കൽനിന്നു ആ പക്ഷം തന്നെ എടുത്തു ചൊല്ലുകയാൽ ''ഗോവ പിന്നെയും മൂലസ്ഥാനമായിരിക്ക'' എന്ന കല്പനയായി സുവാരസ് മഴക്കാലം കഴിപ്പാൻ കൊച്ചിക്ക് മടങ്ങിപ്പോകയും ചെയ്തു. (1516) അവിടെനിന്നു ചില പറങ്കികൾ നായാടുവാൻ കാട്ടിൽ പോയപ്പോൾ ചില മയിലുകളെ കണ്ടു വെടിവെച്ചു തുടങ്ങിയാറെ, പലനായന്മാരും ഒരു കയ്മളും വന്നു ''ഇതു ദേവരുടെ മയിലത്രെ'' എന്നു വിരോധിച്ചു. ആയത് അവർ കൂട്ടാക്കാതെ പരിഹസിച്ചു വെടിവെച്ചാറെ, കലശൽ ഉണ്ടായതിൽ നാലു വെള്ളക്കാർ കഴിഞ്ഞു. ''ഇനി ഇപ്രകാരം ചെയ്യരുതെന്നു'' കൊച്ചിയിൽ കല്പനയാകയും ചെയ്തു.

മുമ്പെ 1508 ആമതിൽ മിസ്രസുല്ത്താൻ ഖാൻ ഹസ്സൻ പറങ്കികളെ നീക്കുവാൻ കപ്പൽ അയച്ചപ്പോൾ, അൽമൈദ തോല്പിച്ച പ്രകാരം പറഞ്ഞുവല്ലൊ. അവിടുന്നു പിന്നെയും വളരെ കപ്പൽ ഗോവയുടെ നേരെ പോകും എന്നു കേട്ടു മാനുവേൽ രാജാവ് ക്ലേശിച്ചു മലയാളത്തിൽ കല്പന അയച്ചതിപ്രകാരം: ''മിസ്രികളും അറവികളും വരുന്നത് പാൎത്തിരിക്കരുത്; ചെങ്കടലിലേക്ക് എതിരെ ഓടേണം അതിന്നു സുവാരസല്ല അടുക്കെയാകുന്നു എങ്കിൽ അറംബ്യകെക്ക് തന്നെ സേനാധിപതിയും രാജക്കയ്യുമായിരുന്നു. കാര്യം നടത്തേണം എന്നു തന്നെ.'' അറംബ്യകെക്ക് മരിച്ചു ഒരാണ്ടു കഴിഞ്ഞിട്ടു ഈ കല്പന എത്തിയാറെ, സുവാരസ് കപ്പലുകളെ ഒരുക്കി 3000 പറങ്കികളെയും 500 കൊച്ചിനായകന്മാരെയും കരയേററി ജിദ്ദയുടെ നേരെ ഓടി പടയാലും കാററിനാലും വളരെ നാശം അനുഭവിക്കയും ചെയ്തു. എങ്കിലും രൂമി സുല്ത്താനായ സെലിം ആ വർഷം തന്നെ മിസ്രയെ സ്വാധീനമാക്കികൊണ്ടു മുസല്മാൻ കപ്പൽ ചെങ്കടൽ വിട്ടു മലയാളത്തിൽ വരുവാൻ സംഗതി വന്നില്ല.

54. കൊല്ലത്തിൽ പാണ്ടിശാല കെട്ടിയതു

സുവാരസ് കൊല്ലത്തോടു നിരന്ന പ്രകാരം പറഞ്ഞിട്ടുണ്ടല്ലൊ (53) അവൻ ചെങ്കടലിൽ ഓടും മുമ്പെ കൊല്ലത്തിൽ നിയോഗിച്ച കപ്പിത്താൻ ഹെക്തോർ രൊദ്രീഗസ് എന്നവൻ തന്നെ. ആയവൻ

1517 ഫെബ്രു. 1നു- അവിടെ എത്തിയാറെ, റാണി, മന്ത്രികൾ മുതലായവൎക്കു കാഴ്ച വെച്ചു മുളകിന്റെ ശിഷ്ടം ചോദിച്ചപ്പോൾ, ''തരാം'' എന്നു പറഞ്ഞിട്ടും താമസം വളരെ ഉണ്ടായി. റാണി അവനെ വേറെ വിളിച്ചു പറഞ്ഞിതു: ''നമ്മുടെ അയല്പക്കത്തു തിരുവിതാങ്കോട്ടു രാജാവോടു പടയെടുക്കേണ്ടതാകുന്നു; നാളെ നാം എഴുന്നെള്ളേണ്ടത; അതു കൊണ്ടു പണത്തിന്നു അല്പം ഞെരിക്കം ഉണ്ടു വിശേഷാൽ, പള്ളിവക ഇപ്പോൾ ചോദിക്കരുത് പിള്ളമാരും നായന്മാരും അത അടക്കി കൊണ്ടു വരായ്കയാൽ നാം ജയിച്ചു വരുമ്പോൾ, എന്റെ സന്നിധാനത്തിങ്കൽനിന്നു തീൎക്കേണ്ടുന്ന കാൎയ്യം ആകുന്നു. ആയതു കൊണ്ടു ഞാൻ ഇങ്ങു പോരുവോളം ആ വക ഒന്നും മിണ്ടരുതെ'' എന്നും മറ്റും യാചിച്ചതിനാൽ, കപ്പിത്താൻ അവളുടെ ഗുണമനസ്സും മന്ത്രിസ്വാധീനതയും അറിഞ്ഞു ''സ്വസ്ഥയായിരിക്കാം എങ്കിലും ഞങ്ങൾക്ക് രാത്രി പാൎപ്പാൻ സ്ഥലം തരേണ്ടതു, അതിന്നു ഭവനം ഇല്ലെങ്കിൽ ഒന്നു എടുപ്പിപ്പാൻ അനുവാദം ഉണ്ടാകേണം'' എന്നു അപേക്ഷിപ്പാൻ തുടങ്ങി. ഇതു കൌശലത്താലെ ചോദിച്ചതാകുന്നു; സുവാരസ് മടങ്ങിവന്നാൽ പിന്നെ ഒരു കോട്ട എടുപ്പിക്കേണം എന്നും അതിന്റെ മുമ്പെ ഒരു നല്ല സ്ഥലം തിരഞ്ഞു കൊള്ളേണം എന്നും കല്പിച്ചിട്ടുണ്ടായിരുന്നു. റാണി കുറയ ക്ലേശിച്ചു പോയി എങ്കിലും പിറ്റെന്നാൾ ഒരു സ്ഥലം കുറിച്ചു കൊടുത്തു യാത്രയാകയും ചെയ്തു.

ആയതു കേട്ടപ്പോൾ, ചോനകർ കോപിച്ചു ''ഇതു പാണ്ടിശാലക്കല്ല കോട്ടക്കായി വിചാരിച്ചതത്രെ'' എന്നു മുറയിട്ടു റാണിയോടു ബോധിപ്പിച്ചതല്ലാതെ, കുമാരിരാജ്ഞിയാകുന്ന മറ്റെ തമ്പുരാട്ടിയെ വശീകരിച്ചു പറങ്കിനിരൂപണം ഇല്ലാതാക്കുവാൻ പ്രയത്നം കഴിച്ചു പോന്നു. എങ്കിലും കപ്പിത്താനും ശ്രമിച്ചു കൊണ്ടു മന്ത്രികളെ വശത്താക്കി കരക്കടുക്കെ നല്ല വെള്ളത്തോടുള്ള ഒരു സ്ഥലം സമ്പാദിച്ചു ഉടനെ പാണ്ടിശാലയെ എടുപ്പിച്ചു ഓല മേയുകയും ചെയ്തു. മഴക്കാലം വന്നപ്പൊൾ മാപ്പിള്ളമാർ ഓരൊരൊ വൎത്തമാനങ്ങളെ പരത്തി പുരുഷാരത്തെ കലഹിപ്പിച്ചു നടന്നു. ''രൂമികളോടു തോറ്റു സുവാരസ് കഴിഞ്ഞു പോയെന്നു, അതിൽഖാൻ കൃഷ്ണരായരുമായി നിരന്നു ഗോവയെ പിടിപ്പാൻ പുറപ്പെട്ടു എന്നും പലെടത്തും പറങ്കികൾ പട്ടു നശിച്ചു'' എന്നും കേട്ടാറെ, കപ്പിത്താൻ വിശ്വസിക്കാത്തവൻ എങ്കിലും ''പറങ്കികൾ ആരും പുറത്തു പോകരുത് കലശലിന്നു ഒട്ടും ഇടം കൊടുക്കരുത'' എന്നു കല്പിച്ചു അകത്തുനിന്നുറപ്പു വരുത്തി രാജ്ഞി പടയിൽനിന്ന് മടങ്ങി വരുന്നതിനെ കാത്തുകൊണ്ടു അധികാരികളെ അനുകൂലമാക്കി വസിച്ച ശേഷം, സുവാരസ് ഹൊൎമ്മുജിൽനിന്നു തിരികെ വന്നു എന്നും ''ഗോവയോടും മുസല്മാനർ പടയേറ്റതു നിഷ്ഫലം'' എന്നും അറിഞ്ഞു സന്തോഷിച്ചു ബുദ്ധിവിശേഷത്താൽ ജനരഞ്ജന ഉണ്ടാക്കുകയും ചെയ്തു. രാജ്ഞിയും പറങ്കികളിൽ പ്രസാദിച്ചു, ''ശത്രുക്കൾ എന്തു പറഞ്ഞാലും ഞാൻ അറി

ഞ്ഞിരിക്കുന്നത് മതിയാകുന്നു. കൊച്ചിയുടെ തഴെപ്പം കോഴിക്കോട്ടിൻെറ താഴ്ചയും രണ്ടും ലോകപ്രസിദ്ധമല്ലൊ ആയതു നിങ്ങളുടെ സ്നേഹമെ ഇങ്ങു തന്നെ വേണ്ടതു'' എന്നു കൂടക്കൂട പറകയും ചെയ്തു.

55. സുവാരസ് ദ്വീപുകളിൽ നടത്തിയത

മാലിലെ സങ്കടങ്ങളെ അല്ബുകെൎക്ക തീൎത്ത പ്രകാരം മീത്തൽ പറഞ്ഞുവല്ലൊ (48) അവൻെറ മരണത്തിൽ പിന്നെ ഓരോ പറങ്കിക്കപ്പിത്താന്മാർ ബോധിച്ചപോലെ അതിക്രമങ്ങളെ ചെയ്കയാൽ, ബങ്കാളരാജാവും മാലിൽ തമ്പുരാനും പറങ്കികളെ ആട്ടേണ്ടിവന്നു. അതു കൊണ്ടു ആ ദ്വീപുകളോടു കച്ചവടം അററു ഒടുങ്ങിയപ്പോൾ സുവാരസ് വിചാരിച്ചു സിലെൊർ കപ്പിത്താനെ നിയോഗിച്ചു, ആയവൻ 4 കപ്പലുമായി ഓടി (1518 ഫെബ്രു.) മാലിൽ എത്തിയാറെ, രാജാവു കടപ്പുറത്തു എതിരെ വന്നു വളരെ മാനിച്ചു ദ്വീപുകൾ എല്ലാം പറങ്കികളിൽ ഭരമേല്പിച്ചു ''ഞങ്ങൾ മാനുവേലിൻെറ നിഴലാശ്രയിച്ചത്രെ വാഴുകയുള്ളു'' എന്നു ചൊല്ലി സഖ്യം കഴിക്കയും ചെയ്തു. ''ഇനി അമ്പരും കയറും വില്പാനുള്ളതു എല്ലാം പൊൎത്തുഗലിന്നു കൊടുപ്പാൻ തക്കവണ്ണം'' നിശ്ചയിച്ചപ്പോൾ, അവിടെയും പാണ്ടിശാല എടുപ്പിച്ചു വ്യാപാരി മൂപ്പരെ പാൎപ്പിക്കയും ചെയ്തു. അക്കാലം ദ്വീപുകാർ മിക്കവാറും വിഗ്രഹാരാധനക്കാരത്രെ. മാലിലും കന്തയൂസിലും മാത്രം ചോനകരെ അധികം കണ്ടിരിക്കുന്നു. പടക്ക ഒട്ടും ബെലമില്ല ആയുധങ്ങളും ഇല്ല ഒടിയും മാരണവും വളരെ നടപ്പാകുന്നു എന്നു കേട്ടിരിക്കുന്നു. അനന്തരം സിലെൊർ ബങ്കാളത്തും ഓടി അതിലെ രാജാവിൻ ഇണക്കം വരുത്തുവാൻ കഴിഞ്ഞില്ല താനും.

പിന്നെ ഈഴത്തോടും ഇടപാട ഉണ്ടാക്കേണം എന്നു വെച്ചു സുവാരസ് (1518 സെപ്ത.) താൻ കളമ്പു തുറമുഖത്തിൽ ഓടി രാജാവെ ചെന്നു കണ്ടാറെ, രാജാവ് വളരെ മാനിച്ചു ''നിങ്ങൾ കൊച്ചിയിൽ ചെയ്ത പ്രകാരം എല്ലാം ഇവിടെയും ചെയ്തു എങ്കിൽ കൊള്ളാം'' എന്നു പറഞ്ഞു. എന്നാൽ ''നിങ്ങളുടെ രക്ഷക്കായി ഇവിടെ കോട്ട കെട്ടി വ്യാപാരം നടത്താം'' എന്നു പറഞ്ഞപ്പോൾ, രാജാവ് സമ്മതിച്ചു അടിസ്ഥാനം ഇട്ടു തുടങ്ങിയാറെ, കോഴിക്കോട്ടു മാപ്പിള്ളമാർ ചെന്നു ''ഇതു തന്നെ നിങ്ങൾക്ക് നാശമായി തീരും'' എന്നും മററും ഉണൎത്തിക്കയാൽ, രാജാവിൻെറ മനസ്സു ഭേദിച്ചു അവൻ ചോനകരോടു വലിയ ഇരുമ്പു തോക്കുകളെ മേടിക്കയും ചെയ്തു. അതിനാൽ പട ഉണ്ടായാറെ, പറങ്കി ജയിച്ചു രാജാവ് അഭയം ചോദിക്കയും ചെയ്തു. ''ഇനി കാലത്താലെ 6 ആനയും 300 ഭാരം കറുപ്പയും 12 രത്ന മോതിരവും കപ്പമായി വെക്കാവു'' എന്നിണങ്ങിയ ശേഷം പറങ്കികൾ ഒരു കോട്ട തീൎത്തു സിലെൊർ കപ്പിത്താൻ അതിൽ കാൎയ്യക്കാരനായി പാൎക്കയും ചെയ്തു. ശേഷം സുവാരസിന്നു കല്പിച്ചിട്ടുള്ള

മൂവാണ്ട കഴിഞ്ഞപ്പോറം, ലൊപെസ്, സികെ൦ര അവൻെറ അന ന്തുവനായി ഗോവയിൽ എത്തി സുവാരസ് കൊച്ചിയിൽനിന്നു പൊത്തുഗലിലേക്ക് യാത്രയാകയും ചെയ്തു. (1518 ദിശമ്പ്ര.)

56. സികെ൦ര കാലത്തിൽ മാലിലെ വിപത്തു

സികെ൦ര 9 വർഷത്തിന്മുമ്പെ മലാക്കയോളം കപ്പൽ നടത്തു കയാൽ കീൎത്തി ലഭിച്ചവൻ തന്നെ. തൻെറ അധികാരത്തിന്നു കുറ വുവരുത്ത് എന്നു വെച്ചു അവൻ ഭട്ടക്കള ചോനകരുടെ അഹമ്മതിയെ താഴ്ത്തി (53) രാജാവെക്കൊണ്ടു കപ്പം വെപ്പിക്കയും ചെയ്തു. അ വൻ കണ്ണനൂർ, കോഴിക്കോട്ട മുതലായ രാജാക്കന്മാരെ കണ്ടു സഖ്യം ഉറപ്പിപ്പാൻ ശ്രമിക്കയും ചെയ്തു. (ജന. 1519) മാലിലെ വൎത്തമാനം എല്ലാം കേട്ടശേഷം (55) അവൻ ഗോമസ കപ്പിത്താനെ കണ്ടു അതി ലേക്ക് നിയോഗിച്ചു. ആയവൻ ദ്വീപിൽ എത്തിയ ഉടനെ രാജാ വോടു കല്പന വാങ്ങി കല്ല കിട്ടായ്കയാൽ മരവും മണ്ണും കൊ ണ്ടു ഒരു കോട്ട എടുപ്പിപ്പാൻ തുടങ്ങി. അനന്തരം അവൻ ഞെളി ഞ്ഞു, രാജാവെ തുച്ഛീകരിച്ചു കണ്ടവരോടു തൻേറടം പ്രവൃത്തിച്ചു പോയി. രാജാവ് അത എല്ലാം സഹിച്ചു മിണ്ടാതെ പാൎത്തു. പ്രജ കറംക്കും ആയുധപ്രയോഗം കിനാവിൽ പോലും ഇല്ലാഞ്ഞു. ഗുജരാ ത്തിൽനിന്ന് കച്ചവടത്തിന്നു വന്ന മുസല്മാനരൊ വർത്തമാനം അ റിഞ്ഞാറെ, ''ഈ കപ്പിത്താനു 15 ആളെ ഉള്ളു'' എന്നു കണ്ടു ഒക്കത്ത ക്ക കലഹിച്ചു കോട്ടയെ വളഞ്ഞു പൊരുതു കയറി, 15 പറങ്കികളെ യും കൊന്നു, വസ്തു കവൎന്നു കോട്ടയെ ചുട്ടു കപ്പലേറി പോകയും ചെ യ്തു. അതിന്നു സികെ൦ര കണക്ക ചോദിച്ചപ്പോറം, രാജാവ് വൃത്താ ന്തം എല്ലാം അറിയിച്ചു മുസല്മാനർ ഇന്ന ദേശസ്ഥർ എന്നു നല്ല തുമ്പു വരായ്കയാൽ, പ്രതിക്രിയക്ക് സംഗതി ഉണ്ടായില്ല താനും. അന്നു മുതൽ ദ്വീപുകളിൽ പറങ്കികറം പാൎപ്പാറില്ല മുസല്മാനരു ടെ കച്ചവടം അവിടെ വർദ്ധിച്ചു നടന്നു ദ്വീപുകാർ ക്രമത്താലെ ഇ സ്ലാമിൽ ചേൎന്നു പോകയും ചെയ്തു.

57. കൊല്ലത്ത പാണ്ടിശാലയെ കോട്ടയാക്കിയതു

''കൊല്ലത്തിൽ പാണ്ടിശാല ഇരുന്നാൽ പോരാ കോട്ട തന്നെ വേണം'' എന്നു സുവാരസ് നിശ്ചയിച്ച ശേഷം സികെ൦ര അ തിനെ സാധിപ്പിപ്പാൻ ''രാജ്ഞിക്കും അവളുടെ വിശ്വസ്ത മന്ത്രി യായ ചാണൈപിള്ളക്കും 4000 കൊച്ചിപ്പണത്തോളം സമ്മാനം കൊടുക്കാം എന്നു റൊഡ്രീഗസ്സിന്നു കല്പന അയച്ചു ആയത ഉണർ ത്തിച്ചപ്പൊറം, രാജ്ഞിയും മന്ത്രിയും സന്തോഷിച്ചു പണം പാതി വാങ്ങിയ ശേഷം ഇനി സൂക്ഷിച്ചു നോക്കെണം കുമാരിരാജ്ഞിക്ക ഈ പണി ഇഷ്ടമായി വരിക ഇല്ല, അതു കൊണ്ടു ഒർ ഉപായം പ റയാം കുമാരിരാജ്ഞിയുടെ വീരന്മാരിൽ മൂന്നു പേൎക്ക പ്രാധാന്യം

ഉണ്ടു. അത ആരെല്ലാം? ഉണ്ണെരിപിള്ള, ബാലപ്പിള്ള, കുറുപ്പ, കൊല്ലക്കുറുപ്പു ഇവർക്ക ഓരൊരുത്തന്ന 600 നായന്മാർ ചെകവത്തിന്നിരിക്കുന്നു. ഇവരെ വശത്താക്കുവാൻ അല്പം പ്രയത്നം വേണം'' എന്നിങ്ങിനെ അറിയിച്ചാറെ, റൊദ്രീഗസ്സ് പ്രധാനികൾ മൂവരെയും സാമദാനങ്ങളെ പ്രയോഗിച്ചു വശീകരിച്ചപ്പൊൾ, ''പാണ്ടിശാലയെ കുറയ വിസ്താരം ആക്കേണം'' എന്നു ശ്രുതി പരത്തി കോട്ടപ്പണി തുടങ്ങുകയും ചെയ്തു. അതിനാൽ മാപ്പിള്ളമാർ മാത്രമല്ല കുമാരരാജാവും പെങ്ങളും കോപിച്ചു ആയുധം എടുത്തു തടുപ്പാൻ നോക്കിയപ്പോൾ രാജ്ഞിയും ചാണ്ണെപ്പിള്ളയും വന്നു ബുദ്ധി പറഞ്ഞു വിരോധത്തെ അമർക്കയും ചെയ്തു. എന്നിട്ടും കുമാരി രാജ്ഞിക്ക് ഉൾപ്പക മാറിയില്ല. റൊദ്രീഗസ്സ് 27 പറങ്കികളോടു കൂട അടിസ്ഥാനം വെക്കുന്ന ദിവസത്തിൽ 2000 നായന്മാർ വന്നു കയൎത്തു വായിഷ്ഠാണം ചെയ്തു എങ്കിലും ആയുധം പ്രയോഗിച്ചില്ല. അത ഒന്നും കൂട്ടാക്കരുത എന്നു വെച്ചു റൊദ്രീഗസ്സ് പണിയെ നടത്തി ഒരു കൊത്തളം ഉറപ്പിച്ചു തീൎത്തു ''നാളെ പട ഉണ്ടാകും'' എന്നും കേട്ടാറെ, രാത്രിയിൽ തന്നെ വലിയ തോക്കുകളെ അതിൽ കരേററി നിറപ്പിച്ചു പുലർച്ചക്ക് അതു കണ്ടാറെ, നായന്മാർ വാങ്ങി പോയി. മാപ്പിള്ളമാരും ധൈര്യം കെട്ടു അനങ്ങാതെ പാൎത്തു. മഴക്കാലത്തും ഇടവിടാതെ വേല ചെയ്തു പൊരുകയാൽ ആ കോട്ട (1519 സെപ്ത.) മുഴുവനും തീൎന്നു വന്നു. രാജ്ഞിയും പിള്ളമാരും അതു കണ്ടു പ്രജകളുടെ അപ്രിയം വിചാരിയാതെ, തൊമാപ്പള്ളിയെ കെട്ടുവാൻ കപ്പിത്താനെ ഉദ്യൊഗിപ്പിച്ചു തങ്ങളും വേണ്ടുന്ന സഹായം എല്ലാം ചെയ്തു. അതുകൊണ്ടു ''കാലത്താലെ തരെണ്ടും മുളകിന്നു ചോദിക്കുന്നത ഇപ്പൊൾ തക്കമെല്ല'' എന്നു കപ്പിത്താൻ നിനച്ചു മുളകിന്നു മുട്ടുണ്ടായപ്പൊൾ, ചുരം വഴിയായി 3000 കാളപ്പുറത്തു അരി വരുത്തി കായംകുളത്തു നിന്നു മുളകു കൊണ്ടു പോകുന്ന കച്ചവടക്കാരുടെ വൃത്താന്തം കേട്ടാറെ, കപ്പിത്താൻ ''മുളകു എല്ലാം ഞങ്ങളിൽ ഏല്പിക്കേണ്ടതല്ലൊ'' എന്നു രാജ്ഞിയെ ബോധിപ്പിച്ചു. ''ഇതു നിറുത്തിക്കൂടാ; ആ മുളകു ബ്രഹ്മസ്വമാകുന്നു'' എന്നും മററും ഉത്തരം കേട്ടാറെ, റൊദ്രീഗസ്സ് 500 നായന്മാർക്ക കൂലി കൊടുപ്പിച്ചു ''നിങ്ങൾ ആ കാളക്കാരൊടു കയ്യേററം ചെയ്തു മുളകു കൊണ്ടു വരേണം ഒരു തലയെ വെട്ടിക്കൊണ്ടു വെച്ചാൽ, 50 രുപ്പിക തരാം'' എന്നു എല്ലാം പറയിച്ചപ്പൊൾ, നായന്മാർ കാളകളെ പിടിച്ചു അഞ്ചാളെ കൊന്നു മുളകു കൊണ്ടുവെക്കയും ചെയ്തു. അതുകൊണ്ടു കച്ചവടക്കാർക്ക പേടി മുഴുത്തു ചുരത്തൂടെ മുളകു കൊണ്ടുപോകുന്ന വഴിയും അടച്ചു പോയി.

58. കൊച്ചിക്കരികിൽ നായന്മാരുടെ പട

ആ 1519 അതിൽ ഇടവം പാതി കഴിയും മുമ്പെ സിക്കെര കൊച്ചിയിൽ എത്തി മഴക്കാലം അവിടെ കഴിപ്പാൻ നിശ്ചയിച്ചാറെ, 2 നാഴിക ദൂരത്തിൽ തന്നെ ഒരു പട വെട്ടുവാൻ ഉണ്ടു അതു

കണ്ടാൽ നല്ല നേരം പോക്കായി തീരും എന്നു കേട്ടു 500ററിൽ അധികം പറങ്കികളൊടു കൂട തോണി വഴിയായി പുറപ്പെട്ടു, പട കാണേണ്ടുന്ന സ്ഥലത്തു എത്തുകയും ചെയ്തു. ആ പട ആരുമായി എന്നാൽ പെരിമ്പടപ്പു താമൂതിരി ഇവരെ ആശ്രയിച്ചുള്ള രണ്ടു കയ്മന്മാർ തമ്മിൽ ഇടഞ്ഞു ''ന്യായം തീർപ്പാൻ ഈ വഴിയെ ശേഷിപ്പു'' എന്നു കല്പിച്ചു 4000 നായന്മാരൊളം ചേർത്തു കൊണ്ടു പോർ തുടങ്ങുകയും ചെയ്തു. പട അല്പം ചെന്നാറെ, ഒരു വെള്ളക്കാരൻ കൊച്ചിക്കമ്മളെ ഓടിക്കേണ്ടു ''ഞാനും വാളുമായി ഇങ്ങെ പക്ഷം ചേരട്ടെ'' എന്നപേക്ഷിച്ചതു മറുതല കണ്ടു ഉടനെ അനേകം വില്ലാളികളെ പറങ്കിക്കൂട്ടത്തിൽ എയ്വാൻ കല്പിച്ചു. അതുകൊണ്ടു അഞ്ചാറു ഉടനെ മരിച്ചു. പലരും മുറിയേററു സീക്വെര തുടങ്ങിയുള്ളവർ നിരായുധക്കാരാകയാൽ, ബദ്ധപ്പെട്ടു തോണികളിൽ കരേറി ഓടിപ്പോകയും ചെയ്തു.

മഴക്കാലം തീൎന്നാറെ, സിക്വെര കൊല്ലത്തിൽ നടക്കുന്ന കോട്ടപ്പണി താനും ചെന്നു കണ്ടു ചില മാസം പാൎത്തു, പണി എല്ലാം തികഞ്ഞപ്പൊറ, ''തോമാക്കോട്ട'' എന്ന പേർ ഇടുകയും ചെയ്തു. ആ കോട്ട തുറമുഖത്തിൻ പ്രവേശത്തിൽ തന്നെ 5 ഗോപുരങ്ങളോടും ചതുരശ്രമായി എടുപ്പിച്ചത തന്നെ; അനന്തരം സിക്വെര അനേകം പടയാളികളെയും കൂലിചെകവരെയും കൊച്ചിയിൽനിന്നു ചേൎത്തു ജിദ്ദ പടക്കായി പുറപ്പെട്ടു, (2520 ജനുവരി) ഹബശിലെ ക്രിസ്ത്യാനരെയും കണ്ടു, മുസല്മാനരെ തടുപ്പാൻ മമത പറഞ്ഞും പാപ്പാവെ അനുസരിപ്പാൻ ഉപദേശിച്ചും കൊണ്ടു സംസാരിച്ചു എങ്കിലും ഏറെ ഫലം കാണാതെ, ചെങ്കടലിൽ പാൎത്തു കാലം കഴിക്കയും ചെയ്തു.

59. കൊല്ലത്തിൽ പുതിയ പട തുടങ്ങിയതു

കോട്ട തീരാത്ത കാലം കൊല്ലത്തു റാണിയൊടു മുളകുഭാരം എല്ലാം ഒപ്പിപ്പാൻ രൊദ്രീഗസ് കപ്പിത്താൻ ചോദിപ്പാറില്ല. പംനി തീൎന്ന ഉടനെ ''നമ്മുടെ കണക്കിൽ 280 ഭാരം വെപ്പാനുണ്ടു; റാണി അവർകറ ദയ വിചാരിച്ചു കാര്യത്തെ ഭാഷയിൽ ആക്കിയാൽ, കൊള്ളാം'' എന്നു ഉണൎത്തിച്ചാറെ, റാണി വിസ്മയിച്ചു ''ഇത എന്തിന്നു ചോദിക്കുന്നു? കോട്ടയെ കെട്ടുവാൻ അനുവാദം തന്നുവല്ലൊ ഇനി മുളകു കപ്പം വെക്കേണ്ടി വരും എന്നു ഞങ്ങറ ഒരു നാളും വിചാരിച്ചില്ലല്ലൊ'' എന്നിങ്ങിനെ എല്ലാം പറഞ്ഞാറെയും, കപ്പിത്താൻ മുട്ടിച്ചു പോരുമ്പൊറ, ''പട വേണം'' എന്നു കൊട്ടാരത്തു നിന്നു നിനപ്പാൻ തുടങ്ങി. അവറ കുമാരിരാജ്ഞിയെ ബോദ്ധ്യം വരുത്തി കോട്ടക്ക പോകുന്ന കല്ക്കൊൎത്തികളെ മാപ്പിള്ളമാരെ കൊണ്ടു പേടിപ്പിച്ചു ആട്ടിച്ചതല്ലാതെ, കുമാരിരാജ്ഞിയുടെ പുത്രരിൽ മാൎത്താണ്ഡതിരുവടി എന്നവൻ ഓരൊരൊ വിരോധങ്ങറ ചെയ്തു തുടങ്ങി, കപ്പിത്താൻ രണ്ടു റാണിമാരോടും സങ്കടം ബോധിപ്പി

ച്ചിട്ടം വ്യാജം എന്നിയെ ഉത്തരം ചൊല്ലി അയച്ചതും ഇല്ല. അതു കൊണ്ടു മാപ്പിള്ളമാർ പടകിൽ ഗൂഢമായി മുളക കയററുന്നു എന്നു കപ്പിത്താൻ കേട്ടാറെ, ആളയച്ചു 7 തോണികളെ ചരക്കുമായി കൈക്കലാക്കി; അതിന്നായി പിറെറ ദിവസം വിസ്താരം തുടങ്ങിയപ്പൊറം, പറങ്കി മേനോനെ കൊല്ലുവാൻ ചിലർ ഭാവിച്ചു. അവനും മണ്ടിക്കളഞ്ഞാറെ, കൊല്ലക്കാർ പലരും മാർത്താണ്ഡനെ ഭയപ്പെട്ടു കോട്ടയിൽ ഓടി ക്രിസ്തു നാമം ചൊല്ലി തങ്ങളെ ചേർത്തുകൊള്ളേണം എന്നപേക്ഷിച്ചു. ആയത കപ്പിത്താൻ കൊച്ചിയിൽ അറിയിപ്പാൻ അയച്ചു സഹായം ചോദിച്ചാറെയും പണം എങ്കിലും വലിയ തോക്കകാരെ എങ്കിലും തുണക്കയപ്പാൻ തോന്നീട്ടില്ല. ''ശൌര്യത്താലെ കോട്ടയെ പിടിപ്പാൻ കഴികയില്ല എന്നു റാണിമാർ നിശ്ചയിക്കയാൽ, ആ കുറുപ്പന്മാർ മൂവരെ കൊണ്ടു ദ്രോഹം നടത്തുവാൻ വിചാരിച്ചതിപ്രകാരം: ''അവർ കൂടക്കൂടെ രാത്രിയിൽ കോട്ടയുടെ വാതില്ക്കൽ ചെന്നു റാണിമാരും വിശേഷാൽ മാർത്താണ്ഡൻെറ അനുജനായ രാമന്തിരുവടിയും ഞങ്ങളിൽ അപ്രിയം ഭാവിച്ചു ഹിംസിപ്പാനും തുടങ്ങുന്നു; ഉപജീവനത്തിന്നു മാത്രം കിട്ടിയാൽ ഞങ്ങളും നമ്മളുടെ നായന്മാർ അറുന്നൂററവരും പൊത്തുഗലിൻ കീഴ് ചേകം ചെയ്തു കൊള്ളാം'' എന്ന് ഓരൊ വിധേന പറഞ്ഞു പോരുമ്പൊറം, രൊദ്രീഗസ് വിശ്വസിച്ചു മൂവക്കും കൂലി നിശ്ചയിക്കയും ചെയ്തു. അനന്തരം ഇന്ന ദിവസം തൊമാപ്പള്ളിയിൽ വെച്ചു 2 പക്ഷക്കാരും രാത്രിയിൽ കൂടിക്കാഴ്ചയും സത്യവും ചെയ്യാവു എന്നു അവധി പറഞ്ഞു കൊല്വാൻ വിചാരിച്ചപ്പൊറം, രൊദ്രീഗസ് എന്നെ ഒരു കൊല്ലത്തിൽ അധികം ഒരിക്കലും കോട്ടയുടെ പുറത്തു കണ്ടില്ലല്ലൊ ഞാൻ ഇപ്പൊഴം വിടുകയില്ല എന്നു ഖണ്ഡിച്ചു ചൊന്നാറെ, വേറെ പ്രധാനികറം ചെല്ലേണം എന്നു തോന്നി അതിന്നു ഒരു രോഗസംഗതിയാൽ കഴിവു വന്നില്ല. പിന്നെ ചെല്ലേണ്ടിയ ദിവസം നായന്മാർക്ക ശകുനം നന്നായി വന്നില്ല. ഒടുക്കം 2 പക്ഷക്കാർക്കും സംശയം ജനിച്ചു കുറുപ്പന്മാർ മൂവരും റാണിയെ ചെന്നു കണ്ടു ''ചതിപ്പാൻ കഴികയില്ല, ഇനി ദണ്ഡപ്രയോഗം വേണം'' എന്നുണർത്തിച്ചു. 15000 നായന്മാരൊടു കൂടെ കോട്ടയുടെ നേരെ പൊരുതു പോകയും ചെയ്തു.

60. കൊല്ലപ്പടയുടെ നടപ്പു

കൊല്ലക്കോട്ടയെ പിടിപ്പാൻ മുമ്പിനാൽ ചെന്നതു ബാലപ്പിള്ളക്കുറുപ്പു തന്നെ; അവൻ കോട്ടയുടെ ചുററും നില്ക്കുന്ന തെങ്ങുകളെ പറങ്കികറം മുറിക്കുന്നത കണ്ടു കലശൽ തുടങ്ങിയ ഉടനെ 15000 നായന്മാരും ഓടി അടുത്തു വന്ന പിന്നെ കോട്ടയുടെ പുറത്തു പാക്കുന്ന നസ്രാണികറം കുഞ്ഞികുട്ടികളുമായി കോട്ടയിൽ പാഞ്ഞു കയറുമ്പോറം പറങ്കികറം വലിയ തോക്കുകളാൽ ഉണ്ടമാരിയെ തൂക്കി ശത്രുക്കളുടെ ഓട്ടത്തെ താമസിപ്പിച്ചു ശേഷം ക്രിസ്ത്യാനർ എല്ലാം അകത്തു വന്നതിൽ പിന്നെ നായന്മാർ അവരുടെ പുരകളിൽ കവന്നു തീ

കൊടുത്തതല്ലാതെ, കണ്ട ക്രിസ്ത്യാനികളെയും കോട്ടപ്പണി മുമ്പെ എടുത്തുപോന്ന ആശാരികൾ പരവന്മാർ മുതലായവരെയും നിഗ്രഹിക്കയും ചെയ്തു. അന്നു മുതൽ ഓരൊ തകർത്ത യുദ്ധം ഉണ്ടായി. മാപ്പിള്ളമാർ പടകുകളിൽ കൊണ്ടു വന്ന തോക്കുകളാൽ ചേതം അധികം വന്നില്ല താനും. പിന്നെ ഒരിക്കൽ രാത്രികാലത്തു കിണററിൽ വിഷം ഇട്ടു പറങ്കികളെ ഒക്കെ കൊല്ലുവാൻ വിചാരിച്ചാറെ, വെളുക്കുമ്പോൾ കിണററിലെ മത്സ്യമെല്ലാം ചത്തു നീന്തുന്നതു കാണ്മായ്‌വന്നതിനാൽ ആ വെള്ളം കുടിപ്പാൻ സംഗതി വന്നില്ല എങ്കിലും കോട്ടയിലുള്ള 30 വെള്ളക്കാരിൽ വ്യാധികൾ അതിക്രമിച്ചു അരിയല്ലാതെ തിന്മാനൊന്നും ഇല്ലായ്കയാൽ ചിലപ്പോൾ എലികളെ പിടിച്ചു കഞ്ഞിക്കു മാംസരുചിയെ വരുത്തി ഇരിക്കുന്നു. അതു കൊണ്ടു ക്ലേശിച്ചു പോരുന്ന സമയത്തിൽ ഒരു ചെട്ടി പറങ്കികളുടെ മമത വിചാരിച്ചു കൊച്ചിക്കുപോയി വർത്തമാനം എല്ലാം അറിയിച്ചാറെ, അവിടെനിന്നു ഗോവർണ്ണർ മഴക്കാലത്തിലെങ്കിലും ഒരു പടകും അതിൽ കരേററിയ 20 വീരരെയും ഇറച്ചി, അപ്പം, മരുന്നു മുതലായതിനെയും മരുമകനെ ഏല്പിച്ചു കൊല്ലത്തേക്കു അയച്ചു. ആയതു സുഖേന എത്തിയപ്പോൾ, കോട്ടയിൽ വളരെ സന്തോഷം ഉണ്ടായി; പടകും ഒർ ആളും മുറിപ്പെടാതെ മടങ്ങിപ്പോകയും ചെയ്തു. അന്നു മുതൽ പടക്കു ഞെരുക്കം ഉണ്ടായില്ല. മാർത്താണ്ഡതിരുവടിക്കു ഓരോ തോല്വി സംഭവിച്ചു കോട്ടയിൽനിന്നു പുറപ്പെട്ടും തോറും തെങ്ങുകളെ മുറിപ്പാനും സംഗതി വന്നു. അതു മലയാളികൾക്കു എത്രയും സങ്കടമുള്ള ശിക്ഷയായി ചമഞ്ഞു. ആയതുകൊണ്ടു ആഗുസ്തമാസത്തിൽ റാണിമാർ ഇരുവരും ദുഃഖത്തോടെ വിചാരിപ്പാൻ തുടങ്ങി. കൊല്ലത്ത റാണി കൊച്ചിയിൽ വാഴുന്ന മെനസസ്സ സായ്വിന്നു ഒരു പത്രിക എഴുതി ക്ഷമ ചോദിച്ചപ്പോൾ, അവൻ ചെറിനമരക്കാരെയും പാത്തുമരക്കാരെയും നിയോഗിച്ചു സന്ധി വരുത്തുവാൻ കല്പിച്ചു. ആഗുസ്തു എട്ടാന്തിയ്യതി കുമാരിരാജ്ഞിയും കൊല്ലക്കോട്ടക്കു ഒരാളെ അയച്ചു അതു ആർ എന്നാൽ കൊച്ചിക്കാളി എന്ന പേരോടെ പ്രസിദ്ധിയുള്ളോരു ക്രിസ്ത്യാനിച്ചി തന്നെ. ആയവൾ റാണിയുടെ കല്പനയാലെ രൊദ്രീഗസ്സിൻ കാൽ പിടിച്ചു അഭയം ചോദിച്ചു ''കൊല്ലത്ത റാണിക്കു ഇങ്ങിനെ നടത്തുവാൻ തോന്നീട്ടുള്ളു എനിക്കു അതു സങ്കടം തന്നെ ഇനി കൊററു മുതലായതു വേണം എങ്കിൽ ഞാൻ ഉടനെ തരാം; സകലവും നിങ്ങളുടെ ഇഷ്ടംപോലെ'' എന്നുണർത്തിച്ചപ്പോൾ ''ഞാൻ പിള്ളമാരിൽ ഒരു പ്രധാനിയെ കണ്ടല്ലാതെ പ്രമാണിക്കയില്ല'' എന്നു കപ്പിത്താൻ ഉത്തരം പറഞ്ഞു, അതുകൊണ്ടു പിറെറ ദിവസം രാത്രിയിൽ ചാണ്ണെപ്പിള്ള കോട്ടയിൽ വന്നു വളരെ കൊററും കാഴ്ചയും കൊണ്ടുകൊടുത്തു ''ഞങ്ങൾക്കു നിങ്ങളെ വാക്കു തന്നെ പ്രമാണം; കൊല്ലത്തു രാജ്ഞിയൊ നിങ്ങളെ ദ്വേഷിച്ചു നിരപ്പു വരുത്തുവാൻ കൊച്ചിക്കു എഴുതി അയച്ചിരിക്കുന്നു.

അവളെ വിചാരിക്കുന്നത എന്തിന്നു'' എന്നിങ്ങനെ വളരെ മുഖസ്തുതി പറഞ്ഞാറെ, രൊദ്രീഗസ്സ് അവനുമായി സന്ധിച്ചു കുമാരിറാണിയുടെ അടിമകളായ പടജ്ജനം എല്ലാം യാത്ര ആകയും ചെയ്തു. ശേഷം റാണിയുടെ കല്പനയാലെ അവിടത്തെ മുക്കവർ പുലർച്ച തോറും മീൻ പിടിച്ചു സമ്മാനമായി കോട്ടക്ക് കൊണ്ടുപോകയും ചെയ്തു. ആയത എല്ലാം കണ്ടു വിചാരിച്ചു കൊല്ലത്തു റാണിയും പാളയത്തെ പിൻവാങ്ങിച്ചു പടയെല്ലാം നിറുത്തുകയും ചെയ്തു.

61. പട തീർന്ന വിധം

കൊച്ചിഗോവർന്നരുടെ കല്പനയാലെ ചോനക മരക്കാർ ഇരുവരും പെരെറ എന്ന മന്ത്രിയോടു കൂട വന്നപ്പോൾ രൊദ്രീഗസ് വളരെ വിഷാദിച്ചു ''ഈ ചോനകരോടു നമുക്കു കുടിപ്പകയുണ്ടല്ലൊ, അവരെ മന്ത്രികളെപ്പോലെ നിരപ്പു വരുത്തുവാൻ അയക്കാമൊ'' എന്നു സംശയം പറഞ്ഞു. പിന്നെ യുദ്ധസമർപ്പണത്തിന്നു ഈ ആറു എണ്ണം തന്നെ വേണം എന്നു കല്പിച്ചു. ''1. കൊല്ലം തോറും വെക്കേണ്ടുന്ന മുളകല്ലാതെ ദ്രുക്കത്തിൽ കറപടി കണ്ടു 72 ഭാരം കൂടെ റാണിയവർകൾ ഇങ്ങോട്ടു തരേണം. 2. പറങ്കികളിൽനിന്നും നസ്രാണികളിൽനിന്നും കവർന്നിട്ടുള്ളത എല്ലാം മടക്കി തന്നു കോട്ടയുടെ മതിൽ ഇടി തീർത്തു നന്നാക്കേണം 3. തോമാപ്പള്ളിയുടെ വരവു എല്ലാം ചോനകരുടെ മുതലിയാർ എടുത്തിരിക്കകൊണ്ടു മാപ്പിള്ളപ്പള്ളിയുടെ വകയും മുതലും എല്ലാം ചന്ദ്രാദിത്യർ ഉള്ളളവും തോമാപ്പള്ളിക്ക് എഴുതിക്കൊടുക്കേണം. കൊച്ചി കണ്ണനൂർ മുതലായ ദിക്കുകളിൽ നിന്നു വന്നു പടക്കുത്സാഹിച്ച ചോനകരെ പിന്നെ എന്നും കൊല്ലത്തിൽ ചേർത്തു കൊള്ളരുത. 4. ബഃലപ്പിള്ളക്കുറുപ്പും അവൻെറ ഉടപ്പിറന്നവരും ദ്രോഹം വിചാരിച്ചതുകകൊണ്ടു കോട്ടയുടെ ഒരു കാതം അകലെ പാർക്കേണ്ടിവരും അവരൊ ശങ്കച്ചേരിക്കാരൊ കോട്ടയുടെ അരികിൽ കാണായി! വരികിൽ ആരെങ്കിലും കൊന്നാൽ ദോഷമായി വരികയില്ല. 5. ദ്രോഹത്തിൻെറ പരിഹാരമായി റാണിമാർ ഇരുവരും 100 ഭാരം മുളകു വെക്കുന്നതല്ലാതെ, ആണ്ടു തോറും 2000 ഭാരം മുളകു കൊച്ചിവിലക്കു തരേണം. 6. എന്നിവ സമ്മതിക്കാഞ്ഞാൽ കൊല്ലരാജ്യത്തിൽ കപ്പലും പടകും എല്ലാം പിടിച്ചടക്കേണം'' ഇവ്വണ്ണം എല്ലാം പെരെറ റാണിയോടു സംഭാഷിച്ചു കൊണ്ടാറെ, മരക്കാർ ഇരുവരും വിഘ്നം വരുത്തി ''സമ്മതിക്കരുത'' എന്നു ബോധിപ്പിച്ചു. അതുകൊണ്ടു വളരെ താമസം വന്നതല്ലാതെ മരക്കാരോടു കോപിച്ചു കൊച്ചിക്ക് പോവാൻ കല്പിച്ചു; ഒടുക്കം സന്ധിനിർണ്ണയത്തിന്നു ആരും ഒപ്പിടാതെ കണ്ടു, രണ്ടു പക്ഷക്കാരും വാങ്ങി നിന്നു. സ്നേഹവും ദ്വേഷവും ഇല്ലാതെ സ്വസ്ഥരായി പാർക്കയും ചെയ്തു. എങ്കിലും രണ്ടാമതിലും അഞ്ചാമതിലും നിർണ്ണയിച്ചത എല്ലാം റാണിമാർ ശിക്ഷക്കു ഭയപ്പെട്ടു തങ്ങളിൽ ആകുംവണ്ണം ഒപ്പിച്ചു കൊടുത്തിരിക്കുന്നു.

62. സിക്വെര നീങ്ങി പോയതു

സിക്വെര ചെങ്കടലിലും മററും പട കൂടിയതിനാൽ ഫലം ഏറെ വന്നില്ല; (58) കൃഷ്ണരായർ ആ കാലത്തു ആദിൽഖാനോടു പൊരുതു രാച്ചൊൽ ബില്ഗാം മുതലായ പട്ടണങ്ങളെ പിടിച്ചപ്പോൾ, കുതിരക്കച്ചവടത്തെ നന്നെ വദ്ധിപ്പിക്കേണ്ടതിന്നു ആ ദേശങ്ങളെ ഗോവയിലുള്ള പറങ്കികൾക്കു സമ്മാനം കൊടുത്തു. സിക്വെര താൻ ഗുജരാത്തിൽ ദീപു കോട്ടയെ പിടിപ്പാൻ പുറപ്പെട്ടു ആവതൊന്നും കണ്ടതും ഇല്ല. അവൻ കാര്യസിദ്ധി വരുത്തുവാൻ സാമർത്ഥ്യം പോരാത്തവൻ എങ്കിലും സാധുക്കളോടു കൂട അഹങ്കരിക്കയിൽ ഒരു കുറവുണ്ടായില്ല. അതിന്റെ ദൃഷ്ടാന്തം പറയാം; കോഴിക്കോട്ടു താമൂതിരിയോടു സന്ധി ഉണ്ടെങ്കിലും പെരിമ്പടപ്പു അടങ്ങാതെ പുരാണപരിഭവം വീളുവാൻ ഭാവിച്ചു ''നമ്മുടെ സ്വരൂപക്കാർ ഇരുവരും കടവിൽ പൊരുതു മരിക്കയാൽ, നെടീരിപ്പു രാജപുത്രർ മരിച്ചെ മതിയാവു; കൊച്ചിനാശം പോലെ കോഴിക്കോട്ടിലും നടത്തി കുന്നലക്കോനാതിരിയുടെ ചിറയിൽ കുളിക്കയും വേണം'' എന്നിങ്ങിനെ രാജധർമ്മം അറിയിച്ചു 50,000 നായന്മാരുമായി പട തുടങ്ങിയാറെ, താമൂതിരി 2 ലക്ഷത്തോടും കൂട ചെന്നു ജയിച്ചു. വെള്ളക്കാരുടെ സഹായം വേണം എന്നപേക്ഷിച്ചാറെ, സന്ധിനിർണ്ണയം വിചാരിയാതെ ഗൊവന്നർ 36 തോക്കകാരെ തുണപ്പാൻ നിയോഗിച്ചു അവരാൽ കൊച്ചി രാജാവിന്നു ഓരൊ ജയങ്ങൾ വരികയും ചെയ്തു. പിന്നെ ബ്രാഹ്മണർ നീരസപ്പെട്ടു ''ഈ പറങ്കികൾ ഉള്ളെടം ദേവരുടെ കടാക്ഷം ഇല്ല'' എന്നു പറഞ്ഞു നീക്കിച്ചാറെ, താമൂതിരി പണിപ്പെടാതെ പെരിമ്പടപ്പിൻ ചേകവരെ വാങ്ങിച്ചു കൊച്ചിയോളം തള്ളിക്കളകയും ചെയ്തു.

ഇങ്ങിനെ കരമേൽ അതിക്രമിച്ചതല്ലാതെ പറങ്കികൾ കടൽവഴിയായി കാണിച്ച സാഹസം എങ്ങിനെ പറവതു. പട തീൎന്ന ശേഷം പറങ്കിക്കപ്പലുകളിൽ മാത്രം ആയുധം വെച്ചില്ല. ചോനകരുടെ പടവിൽ ഒരായുധം കണ്ടാൽ ഉടനെ പടകും ചരക്കും പിടിച്ചു പറിക്കെ ഉള്ളു. പൊത്തുഗൽ ചുങ്കസ്ഥാനങ്ങളിൽനിന്നു ഒപ്പിട്ട എഴുത്തു എല്ലാ കപ്പക്കാൎക്കും വേണം. അതു കണ്ടാറെയും, ഇഷ്ടം പോലെ ചുങ്കവും കപ്പവും സമ്മാനവും മേടിക്കും. മനസ്സോടെ കൊടുക്കാത്തതു ഹേമിച്ചു എടുക്കയും ചെയ്യും. അതിനാൽ കണ്ണനൂരിൽ പ്രത്യേകം വളരെ അസഹ്യം തോന്നി കോലത്തിരി ഈ സംഗതിക്കായി മാനുവേൽ രാജാവിന്നു എഴുതി അയച്ച അറവിക്കത്തുകൾ ഇപ്പോഴും ഉണ്ടു. ചേണിച്ചേരി കുറുപ്പു വളരെ സങ്കടപ്പെട്ടാറെ, ഗർസീയ കപ്പിത്താൻ ശംസദ്ദീൻ എന്ന ഒരു പ്രമാണിയെ ഒശീരാക്കി മാനിക്കയും ചെയ്തു. അതാർ എന്നാൽ മുമ്പെ കമ്പായ നവാവായ അസ്സദഖാൻ എന്നവന്റെ പണ്ടാരക്കാരൻ തന്നെ. ആ ഖാൻ മരിച്ചാറെ, പറങ്കികൾ കൌശലം പ്രയോഗിച്ചു പണ്ടാരത്തിൽ ചെലവം എല്ലാം കൈക്കലാ

ക്കവാൻ നോക്കിയാറെ, ശംസദ്ദീൻ ഒന്നും വെക്കാതെ, പറങ്കിക്ക പ്പിത്താനിൽ ഏല്പിച്ചു, താൻ കണ്ണനൂരിൽ മണ്ടിപ്പോകയും ചെയ്തു. അവിടെ ഒശീർസ്ഥാനം വന്നപ്പോൾ അറവി, റൂമി, പാർസി മുതലായ അഴിമുഖങ്ങളിൽനിന്നു കണ്ണനൂർക്കാൎക്ക് പൊൎത്തുഗൽ മമത നിമിത്തം വളരെ വിരോധവും ഞെരിക്കവും ഉണ്ടായി. അതുകൊണ്ടു ദൂരെ ഓടി പോകാതെ അടുക്കെ ദേശങ്ങളോളമെ പടകു അയച്ചാറെ, പറങ്കിക്കപ്പൽ അതിൽ ചിലതു പിടിച്ചു ശംസദ്ദീന്റെ ഒപ്പം എഴുത്തും കണ്ടാറെയും പരിഹസിച്ചു ഗോവക്ക് കൊണ്ടുപോയി. അതുകൊണ്ടു അവൻ മാനുവേൽ രാജാവിന്നു എഴുതി: ''ഈ നാടു നിങ്ങളുടെ നാടു, നമ്മുടെ സൌഖ്യം നിങ്ങൾക്കും സൌഖ്യം തന്നെ എങ്കിലും നമ്മുടെ ആളുകളെ പൊൎത്തുഗൽ ജനങ്ങളുടെ അതിക്രമങ്ങളിൽനിന്നു രക്ഷിപ്പാൻ കഴിവില്ല എന്നു തോന്നുന്നു; നമ്മുടെ ശത്രുക്കൾ എല്ലാം ചിരിച്ചു ഞെളിഞ്ഞു ഇത് മാനുവേൽ സ്നേഹത്തിന്റെ ഫലം കണ്ടുവൊ? എന്നു നാണം കെടുത്തു പറയുന്നു. നിങ്ങളുടെ മറുപടി വരും വരെ ഞാൻ മിണ്ടാതെ ഇരിക്കും. നമ്മെ പരിപാലിക്കുന്നില്ല എങ്കിൽ സമാധാനത്തെ രക്ഷിച്ചു കൂടാ. കലഹത്തിന്നു മുതിൎന്നു പോകുന്നവർ അനേകർ ഉണ്ടു'' എന്നിങ്ങിനെ എല്ലാം സങ്കടം ബോധിപ്പിച്ചപ്പോൾ, മാനുവേൽ രാജാവ് വളരെ ക്രുദ്ധിച്ചു സിക്വേരയെ നിസ്സാരനാക്കി ദുയൎത്ത മെനെസസ്സ് എന്ന ഒരു ശാന്തനെ വിസൊരെ എന്നു കല്പിച്ചു നിയോഗിക്കയും ചെയ്തു. (1521)

63. മാനുവേൽ രാജാവിന്റെ മരണം

അനന്തരം മാനുവേൽ രാജാവ് 26 ആണ്ടു വാണു കൊണ്ടു ശേഷം മരിച്ചു ജുവാൻ എന്ന മകൻ രാജാവാകയും ചെയ്തു. ആയവൻ അച്ഛനെ പോലെ പരാക്രമമുള്ളവനല്ല, ''യുദ്ധങ്ങൾ വേണ്ടാ ക്രിസ്തുമാൎഗ്ഗം തന്നെ നടത്തുവാൻ നോക്കേണം'' എന്നും മററും ഉള്ള കല്പനകളെ കൊച്ചിക്കും ഗോവക്കും അയച്ചു പോന്നു. സിക്വേര താൻ കാൎയ്യാദികളെ മെനെസസ്സിൽ ഭരമേല്പിച്ചു, (1521 ദിശമ്പ്ര.) വിലാത്തിക്ക് പോകയും ചെയ്തു.

ആ വൎഷം ഉണ്ടായ ഒരു വിശേഷം ഇവിടെ പറയാം: അൾബുകെൎക്കിന്റെ ചങ്ങാതികളിൽ മഗല്യാൻ എന്നൊരുത്തൻ പൊൎത്തുഗൽ സേവ വിട്ടു സ്പാന്യ രാജാവോടു കപ്പൽ ചോദിച്ചു വാങ്ങി 1519 ആമതിൽ യുരോപയിൽനിന്നു പുറപ്പെട്ടു, പടിഞ്ഞാറോട്ടു ഓടി ഓടി ചീനസമുദ്രത്തോളം ചെന്നു ഒരു ദ്വീപിൽ ഇറങ്ങി, പൊരുതു മരിക്കയും ചെയ്തു. അവന്റെ ശേഷം കപ്പല്ക്കാർ പടിഞ്ഞാറെ ഓട്ടം തുടൎന്നു കൊണ്ടു 1521 ആമതിൽ സ്പാന്യയിൽ തന്നെ എത്തുകയും ചെയ്തു. ''ഇവ്വണ്ണം ഭൂചക്രത്തെ ചുററിപോകയാൽ ഭൂമിയുടെ രൂപം നാരങ്ങ പോലെ വട്ടമുള്ളത'' എന്നു സംശയം തീരുമാറു

സ്പഷ്ടമായി വന്നു. മാനുവേൽ രാജാവിന്റെ കാലത്തിൽ ഇങ്ങി
നെ കപ്പലോട്ടത്തിന്നും കച്ചവടത്തിന്നും വന്ന മാററങ്ങളാലും ഭൂമി
ശാസ്ത്രം നാനാദേശജാതികളുടെ പരിചയം മുതലായതിൽ കണ്ട പു
തുമകളാലും ലോകർക്ക് എല്ലാവർക്കും വളരെ വിസ്മയം ഉണ്ടായി,
പൊർത്തുഗൽ രാജാക്കന്മാരിൽ വെച്ച മാനുവേൽ തന്നെ ചൊൽ പൊ
ങ്ങിയവൻ എന്നു സമ്മതമാകയും ചെയ്തു.

64. കോഴിക്കോട്ടിൽ പുതിയ യുദ്ധവട്ടങ്ങൾ

1523 (ജനുവരി) മെനെസസ്സ് മലയാളത്തിൽ എത്തിയ
പ്പോൾ, എവിടത്തും പടകൾ കോപ്പിടുന്നതു കണ്ടും കടൽപിടിക്കാ
രുടെ അതിക്രമം കേട്ടും കൊണ്ടു അതിശയിച്ചു വിചാരിച്ചപ്പോൾ, പ
റങ്കികൾ കടൽ വഴിയായി ഏറിയ ഉപദ്രവങ്ങൾ ചെയ്കയാൽ, ചോ
നകർക്ക് പൊറുപ്പാൻ ആവതല്ലാഞ്ഞു യുദ്ധഭാവം മുഴുത്തുവന്നു എന്നറി
ഞ്ഞു, വിസൊറയി കോഴിക്കോട്ടിൽ ഇറങ്ങിയ നേരം താമൂതിരി
മരിച്ചിരിക്കുന്നു എന്നും അനന്ത്രവൻ വാഴ്ച തുടങ്ങിയന്നു തന്നെ പ്ര
ജകളുടെ സങ്കടങ്ങളെ വിചാരിച്ചു പറങ്കികളുടെ ഡംഭത്തിന്നും പ്ര
തിക്രിയ ചെയ്യും എന്നുള്ള പ്രകാരം കല്പിച്ചു എന്നും കേട്ടു വിഷാദി
ക്കയും ചെയ്തു. വിസൊറയുടെ മന്ത്രികളിൽ കസ്ത്രു എന്നവൻ ഒരു
നാൾ കോട്ടയെ വിട്ടു, കോഴിക്കോട്ടങ്ങാടിയെ കാണ്മാൻ പോയ
പ്പോൾ, ചില പീടികക്കാരും മററും ശകാരിച്ചു തുടങ്ങി, അവൻ
പിൻവാങ്ങി പോകുമ്പോൾ, കല്ലെറിഞ്ഞു ചില പണിക്കാരെ മുറി
ഏല്പിച്ചും പലിശക്ക് അടിച്ചും കുന്തങ്ങൾ ഏന്തികൊണ്ടും പിന്തു
ടർന്നു കോട്ടയോളം ചാടി വരികയും ചെയ്തു. എങ്ങിനെ എങ്കിലും
പട അരുതു എന്നു വിസൊറയി വിചാരിച്ചു. ഒന്നും കൂട്ടാക്കാതെ സ
കല കപ്പലോടും കൂട കൊച്ചിക്ക് ഓടി സുഖേന പാർക്കയും ചെയ്തു.
അപ്പോൾ മാപ്പിള്ളമാർ ധൈര്യം മുഴുത്തു കൊച്ചിപ്പുഴയിൽ കൂട പ്ര
വേശിച്ചു പടകുകളെ ആട്ടിക്കവെർന്നും കണ്ട പറങ്കികളെ കൊന്നും
കൊണ്ടു ഓടിക്കളെകയും ചെയ്തു. അതിനെയും മെനെസസ്സ് കരുതാ
തെ മിക്കവാറും കപ്പലുകളെ കൂട്ടിക്കൊണ്ടും ഹൊർമ്മുജിൽ ഓടി മല
യാള തീരത്തിലെ വിചാരണയെ സഹോദരനിൽ ഏല്പിച്ചു വി
ടുകയും ചെയ്തു. അന്നു കോഴിക്കോട്ടകോട്ടയിൽ ജൂവാൻ ലീമ എന്നൊ
രു ശൂരൻ പ്രധാനിയാകുന്നു; ആയവൻ മാപ്പിള്ളമാർ പുഴതോറും പ
ടക്ക് വട്ടം കൂട്ടി പടകുകൾ ഒരുങ്ങുന്നതല്ലാതെ, മക്കത്തേക്ക് എട്ടു പ
ടക മുളക കയററി അയച്ചു പോകുന്നുണ്ടെന്നു കേട്ടു മെനെസസ്സെ ബോ
ധിപ്പിച്ചപ്പോൾ, ആയവൻ തടുത്തില്ല ലീമക്ക് തുണയയച്ചതുമില്ല
(1524) ചിങ്ങമാസത്തിൽ താനൂരിലെ കുട്ടിയാലി 200ഓളം പട
കുകളെ ഒരുക്കി തീൎത്തു, നാല്പത് ആ എട്ടിന്നു ചങ്ങാതമായിട്ട്
അറവിലേക്ക് അയച്ച ശേഷം, 160 പടകോട് കൂടെ കോഴിക്കോട്ട്
കോട്ടയുടെ തൂക്കിൽ വന്നു വെടിവെപ്പാൻ തുടങ്ങുകയും ചെയ്തു. അവ
നെ ചേതപ്പെടുത്തി നീക്കിയപ്പൊൾ, ലീമ താമൂതിരിയോടു ''ഇത്

എന്തൊരു നേർ ഈ വക ചതിപ്പട യോഗ്യമൊ'' എന്നു ചോദിച്ചപ്പോൾ, നല്ല ഉത്തരം ഒന്നും ഉണ്ടായില്ല. ഒരു നായർ വന്നു ലീമയെ കുത്തി കൊല്ലുവാൻ ഭാവിച്ചതു വെറുതെയായപ്പോൾ, പരപ്പനങ്ങാടിയിൽ 12 പറങ്കികളെയും താമൂതിരിക്കയച്ച രണ്ടു ദൂതന്മാരെയും മാപ്പിള്ളമാർ ചതിച്ചു കൊന്നു. ആയതിനെയും വിഴുങ്ങുവാൻ ലീമക്ക് വിസൊറയിൻ കല്പന നിമിത്തം ഏകദേശം മനസ്സായനേരം ചില ചോനകർ, ക്രിസ്ത്യാനസ്ത്രീകളെ അപഹരിച്ചു പോകുന്ന സംഗതിയാൽ അവരുടെ രക്ഷക്കായി പട്ടാളം അയക്കേണ്ടി വന്നു. അതിനാൽ പട്ടണം അശേഷം കലങ്ങി, ചോനകർ കലഹിച്ചു കോട്ട അതിക്രമിച്ചു പോയപ്പോൾ, താമൂതിരി ചില ദിവസം താമസിച്ചാറെയും, അവന്റെ ഭാര്യയുടെ ആങ്ങളയായ പൂണച്ചൻ പട ഉണ്ടാകും ''എന്നു സ്വകാര്യം അറിയിച്ചു, ചങ്കത്തിൽ സേവിച്ച നായന്മാർ ലീമയെ കാണ്മാൻ വന്നു മുട്ടുകുത്തി ക്ഷമ ചോദിച്ചു, രാജാജ്ഞയാൽ പറങ്കിച്ചേകത്തിൽനിന്നു ഒഴിഞ്ഞു നില്ക്കയും ചെയ്തു. കോട്ടയുടെ നേരെ പടയന്നുണ്ടായില്ല; താനും. ചോനകർ മുമ്പെ തന്നെ കൊടുങ്ങല്ലൂരിലെ നസ്രാണികളെ നിഗ്രഹിപ്പാൻ ഒരുപായം വിചാരിച്ചു കൊണ്ടു യുദ്ധഭാവം മറച്ചു പാൎത്തു. ആയത് എന്തെന്നാൽ; മാപ്പിള്ളമാർ മുമ്പെ മുളക വില്ക്കുമ്പോൾ, നല്ലവണ്ണം ഉണക്കാതെ കണ്ടും മണൽ കൂട്ടി വെച്ചും കൊടുക്കയാൽ, ഗവൎണ്ണർ അവരെ നീക്കി കച്ചവടവിചാരണ ഒക്കെയും സുറിയാണികളിൽ ഏല്പിച്ചിരുന്നു, അതുകൊണ്ടത്രെ അവരിൽ വൈരം ഭാവിച്ചത്.

65. ഗാമ മൂന്നാമതും മലയാളത്തിൽ വന്നത.

ഇങ്ങിനെയിരിക്കുമ്പൊൾ, വൃദ്ധനായ ഗാമ തന്നെ വിസൊറയി സ്ഥാനം ഏറ്റു (1524) സെപ്തമ്പ്ര ഗോവെക്കു വന്നു കടൽ പിടിക്കാരെ എവിടത്തും ഒടുക്കുവാനും കാര്യക്രമം വരുത്തുവാനും പര്യാപ്തന്മാരെ (പ്രാപ്തന്മാരെ) നിയോഗിച്ചു കണ്ണനൂൎക്ക ഓടി കോലത്തിരിയെ കണ്ടു നിങ്ങൾ ബാലഹസ്സൻ എന്ന കള്ളനെ ഉടനെ ഏല്പിക്കേണം എന്നു ചോദിച്ചു ഭയം വരുത്തി അനുസരിപ്പിച്ചു ആ കള്ളർമൂപ്പനെ കണ്ണനൂർ കോട്ടയിൽ അടച്ചു വെച്ചു പോയി (അക്തമ്പ്ര.) കൊച്ചിയിൽ എത്തുകയും ചെയ്തു. പറങ്കി വീരരിൽ മുമ്പൻ തന്നെ വന്ന പ്രകാരം കേട്ടാറെ നാടുതോറും അതിഭയം ഉണ്ടായി എങ്കിലും പറങ്കികൾക്കു കൂടെ ആ വൃദ്ധവീരനിൽ പ്രസാദം കുറഞ്ഞിരുന്നു. അവൻ ദയ അറിയാത്ത കഠിനഭാവമുള്ളവൻ എന്നു പ്രസിദ്ധം തന്നെ. ഗോവയിൽ ഒരു ആസ്പത്രിയെ കെട്ടീട്ടുണ്ടായിരുന്നു ''ഈ വക ഒന്നും വേണ്ടാ ആസ്പത്രിയുണ്ടെങ്കിലെ ചേകവൎക്ക നിത്യം വ്യാധി ഉണ്ടാവു'' എന്നു ഗാമയുടെ പക്ഷം; അതുകൊണ്ടു പറങ്കികൾ പലരും ഇവിടെ രക്ഷയില്ല വയറു നിറപ്പാനും പണിയത്രെ എന്നു വെച്ചു കോട്ടകളിൽനിന്നു ഓടി ചോഴമണ്ഡലത്തും മറ്റും വാങ്ങി ചിലർ ചേലാവിൽ കൂടി പോകയും ചെയ്തു. ഗാമ എത്തുമ്പൊൾ തന്നെ രോഗിയാ

യാറെയും കോഴിക്കോട്ടെക്ക് സൂസയെ 300 ആളമായി തുണപ്പാൻ അയച്ചു അവനെക്കൊണ്ടു കുട്ടിയാലിയെ ജയിപ്പിച്ചു. കാപ്പകാട്ടു നിന്നു സൂസ അവനോട് ഏററു പന്തലാനി കൊല്ലത്തോളം നീക്കിയ ശേഷം പിറെറ ദിവസം കണ്ണനൂർ വരെ ആട്ടിയപ്പൊരം ചോനകർ അവിടെ കരക്കണഞ്ഞു പടക എല്ലാം വിട്ടു പോകയും ചെയ്തു. ആയതു കണ്ടാറെ, കണ്ണനൂർ മാപ്പിള്ളമാരും അടങ്ങി കോലത്തിരി യുദ്ധ വിചാരം ഉപേക്ഷിച്ചു കോട്ടയിലുള്ള പറങ്കികരംക്ക് സമ്മാനവും കുശലവാക്കും അയപ്പിച്ചു കൊടുത്തു ഗോവയുടെ തുക്കിൽ ജൊൎജ്ജ് തെലു എന്ന ഒരു യുവാവു ചിന്നകുട്ടിയാലിയോടു ഏററു ജയിക്കയും ചെയ്തു. അതുകൊണ്ടു കോഴിക്കോട്ടു കോട്ടയരികിൽ പോർ ഒന്നും ഉണ്ടായില്ല. മെനെസസ്സ് ഹൊർമ്മുജെ വിട്ടു ദിശമ്പ്രിൽ കൊച്ചിയിൽ എത്തിയാറെ, ഗാമയുടെ രൊഗം കണ്ടു കാര്യവിചാരം അവനിൽ ഏല്പിപ്പാൻ മനസ്സില്ലാഞ്ഞിട്ടും ഗാമ അവനെ നിർബ്ബന്ധിച്ചു അനുസരിപ്പിച്ചു ഞാൻ ''മരിച്ചാൽ രാജമുദ്രയുള്ള പത്രം അഴിച്ചു വായിച്ചു നടത്തേണം'' എന്നു സമ്പായു കപ്പിത്താനോടു കല്പിച്ചു പള്ളി മര്യാദപ്രകാരം അന്ത്യാഭിഷേകം വാങ്ങി (1524) ദിശമ്പ്ര. 24) മരിക്കയും ചെയ്തു. കൊച്ചി വലിയ പള്ളിയിൽ അവന്റെ ശവം സ്ഥാപിച്ചശേഷം മകനും മെനെനസ്സും തമ്മിൽ വൈരം ഭാവിച്ചു പറങ്കികളിൽ 2 കൂറുണ്ടാക്കി അങ്കം കുറപ്പാൻ ഭാവിച്ചപ്പൊരം, സമ്പായു രാപ്പകൽ പ്രയത്നം ചെയ്തു, രണ്ടു വകക്കാരെ വേറെ പാർപ്പിച്ചു സമാധാനം രക്ഷിച്ചു രാജപത്രം തുറന്നു നോക്കിയാറെ, ''ഗാമക്കു അപായം വരികിൽ മെനെസസ്സ കുംഡുബത്തിൽ ഹെന്ദ്രി എന്നവൻ തന്നെ വിസൊറായി ആക എന്നു കണ്ടപ്പൊരം, എദ്വൎത്തമെനെസസ്സ് (1525 ജനവരി 20) പൊത്തുഗലിന്നാമ്മാറു പുറപ്പെട്ടു പോയി കൊച്ചിയിലുള്ള പറങ്കികരംക്ക് അന്തഃഛിദ്രം ഇളക്കയും ചെയ്തു.''

66· മെനെസസ്സ കണ്ണനൂരിൽ വ്യാപരിച്ചത

ഹെന്ദ്രീ മെനെസസ്സ് ഗോവയിൽനിന്ന പുറപ്പെട്ടു ഭട്ടക്കളത്തുക്കിൽ കോഴിക്കോട്ടുകാരുടെ പടക ചിലതു മുക്കി കണ്ണനൂരിൽ ഇറങ്ങിയാറെ, കേട്ട വൎത്തമാനം ആവിതു: ''കപ്പൽ പിടിക്കാരുടെ പ്രമാണിയായ ബാലഹസ്സൻ കോലത്തിരി ഗാമാവിന്നു ഏല്പിച്ചനാരം മുതൽ ഈ കോട്ടയുടെ തുറുങ്കിൽ തന്നെ ഉണ്ടു മമ്മാലി വകക്കാരോടു സംബന്ധം ഉണ്ടാകയാൽ ശിക്ഷിച്ചു കൂടാ മാപ്പിള്ളമാർ അവനെ വീണ്ടെടുപ്പാൻ അററമില്ലാത്ത ദ്രവ്യം കൊടുപ്പാൻ പറഞ്ഞത കൊണ്ടു കോലത്തിരി അവനെ താൻ ശിക്ഷിക്കേണം എന്നു കല്പിച്ചു അങ്ങോട്ടു ഏല്പിക്കേണ്ടതിന്നു വളരെ മുട്ടിച്ചുപോരുന്നു. അതുകൊണ്ടു എന്തു വേണം എന്നറിയുന്നില്ല'' ആയതു കേട്ടപ്പൊരം താമസിയാതെ അവനെ തുക്കിച്ചു. ഭക്ഷണത്തിന്നിരുന്നപ്പൊരം രാജദൂതൻ വന്നു ''നാളെ കോലത്തിരികൂടിക്കാഴ്ചക്ക് വരും'' എന്നറിയിച്ചു എങ്കിലും മരണവാൎത്തയെ ഉണൎത്തിച്ചാറെ, ചോനകഭയം ഉണ്ടാ

യിട്ടു രാജാവ് കോട്ടയിൽ ചെല്ലാതെ പാൎത്തു. അതുകൊണ്ടു മെനെസസ്സ് അല്പം ശാസിച്ചു ''ഈ അപേക്ഷയെ സാധിപ്പിപ്പാൻ കഴിയാതെ പോയതല്ല, പിന്നെ ഒന്നു ചോദിച്ചാൽ ഞാൻ തരാതെ ഇരിക്കയില്ല'' എന്നു കല്പിച്ചശേഷം രാജാവ് ഉള്ള കൊണ്ടു മാനിച്ചു ''ഇനി കൈക്കൂലികൊണ്ടു യാതൊരു സാദ്ധ്യവും ഇല്ല എന്നു മാപ്പിള്ളമാർ മലനാട എങ്ങും അറിയിച്ചു വിസ്മയം വരുത്തുകയും ചെയ്തു. ബാലഹസ്സന്റെ ശേഷക്കാർ ഒക്കത്തക്ക ധൎമ്മടത്തിൽ പോയി വേറെ കടൽ പിടിക്കാരുമായി നിരൂപിച്ചു ഇനി പറങ്കിയോടു പൊരുതു പരിഭവം വീളെണം'' എന്നു കല്പിക്ക ഒഴികെ ''കോലത്തിരിയുടെ നിഴൽ നമുക്ക ഇല്ലായ്കയാൽ, അവരുടെ കൊയ്മയും വേണ്ടാ'' എന്നു നിശ്ചയിച്ചു. അതുകൊണ്ടു രാജാവ് മെനെസസ്സെ പരീക്ഷിച്ചു ''ഇങ്ങിനെ ഒരു അപേക്ഷ ഉണ്ടു നമ്മുടെ തെക്കെ അതിരിൽ വെച്ചു ചോനകർ മത്സരഭാവം കാണിച്ചിരിക്കുന്നു; അവരെ കപ്പൽ അയച്ചു ശിക്ഷിക്കുമൊ'' എന്നു ചോദിച്ചപ്പൊൾ വിസൊറയി ഉടനെ സിലെവര കപ്പിത്താനെ നിയോഗിച്ചു അവനും ധൎമ്മപട്ടണത്തേക്ക് ഓടി ഉണ്ടകൾ പൊഴിയുന്നതിന്നിടയിൽ കരക്കിറങ്ങി ജയിച്ചു ഊരിന്നും പടകിന്നും (മയ്യഴി അങ്ങാടിക്കും) തീക്കൊടുത്തു ശിക്ഷകഴിക്കയും ചെയ്തു. (ജനവരി 1525.)

67. കോഴിക്കോട്ടിൽ പട തുടങ്ങിയതു

മെനെസസ്സ് കോഴിക്കോട്ടിൽ എത്തുമ്പൊൾ, താമൂതിരി ചില നാൾ പുലരും തോറും കുറുമ്പിയാതിരിയെയും തിനയഞ്ചെരി ഇളയതിനെയും നിയോഗിച്ചു. 15000 നായന്മാരെക്കൊണ്ടു പോർ കഴിപ്പിച്ചപ്രകാരവും ആവതൊന്നും കാണായ്കയാൽ, രാജാവിന്നു പശ്ചാത്താപം വെച്ചു തുടങ്ങി, പൂണച്ചണയും മററും അയച്ചു ലീമ കപ്പിത്താനോടു സന്ധിപ്പാൻ പറയിച്ച പ്രകാരവും ''കൊച്ചീക്കാരനും മഹാ ദ്രോഹിയുമായ പാത്തുമരക്കാരെ ഏല്പിച്ചു വെക്കയല്ലാതെ, സന്ധിക്കയില്ല'' എന്നു ലീമ മറുപടി അയച്ച പ്രകാരവും കേട്ടു എല്ലാം സമ്മതിച്ചു ''പടച്ചെലവ് ഒക്കെയും താമൂതിരിഭണ്ഡാരത്തിൽനിന്നു തന്നാൽ നിരന്നുകൊള്ളാം'' എന്നു കല്പിച്ചു രാത്രിയും പാൎക്കാതെ ഓടി (1525 ഫെബ്രു.) കൊച്ചിയിൽ ഇറങ്ങുകയും ചെയ്തു. അവിടെനിന്നു അവൻ ഉടനെ പൊൎത്തുഗൽ മാനത്തെ രക്ഷിപ്പാൻ ഉത്സാഹിച്ചു കോപ്പിട്ടു പോരുമ്പൊൾ താമൂതിരി ദൂതയച്ചു ''നിങ്ങളൊടു ഇണങ്ങുവാനെ മനസ്സുള്ളു; പൊന്നാനിയിൽ ഉള്ള പടക എല്ലാം ഏല്പിക്കാം'' എന്നും മററും ബോധിപ്പിച്ചത കേട്ടാറെ, ''ഇതു മഴക്കാലത്തോളം ഞങ്ങളെ വൈകിപ്പാൻ വിചാരിക്കുന്ന ഉപായം അത്രെ'' എന്നു കണ്ടു പെരിമ്പടപ്പൊടു തുണ ചോദിച്ചു പറക്കാട്ടികളെ 19 പടകുമായി ചേൎത്തു കൊണ്ടു 50 പായോടും കൂട പൊന്നാനിയുടെ നേരെ ഓടി ''ഇവിടെ താമൂതിരിയുടെ പടകുള്ളതു എല്ലാം ഏല്പിക്കേണം അവരുടെ ഓല കാണ്മാൻ ഉണ്ടു

ല്ലൊ" എന്നു പടനായകനോടു കല്പിച്ചാറെ, സ്പഷ്ടമായ ഉത്തരം വന്നില്ല. ആകയാൽ പറങ്കികൾ വെള്ളം കോരുവാനായി ഇറങ്ങുവാൻ തുനിഞ്ഞു മാപ്പിള്ളമാർ ചെറുക്കയും ചെയ്തു. കോട്ടക്ക പുതുതായി ഉറപ്പു വരുത്തിയതകൊണ്ടു ഇന്നു നേരം പോരാ എന്നു കണ്ടു പിസൊറെയി അന്നടങ്ങി പിറെറന്നാൾ (ഫെബ്രു. 26നു-രാവിലെ) ഇറങ്ങി പൊന്നാനിയിൽ വെച്ചു പൊരുതു കയറിയ തെക്കെ നായന്മാരെ കൊണ്ടു കവർച്ച കഴിപ്പിച്ചു, തീക്കൊടുക്കയും ചെയ്തു. അന്നു ചിന്നക്കുട്ടിയാലിയുടെ 38 പടകും വെന്തുപോയി. ചോനകരുടെ പക്ഷംനിന്നു തോക്കു വെപ്പിച്ചു പട നടത്തിയ ഒരു പറങ്കിചതിയനും മുറിഞ്ഞു ചത്തു.

അനന്തരം കോഴിക്കോട്ടിന്റെ എതിരെ വന്നു, ചില നാശങ്ങളെ ചെയ്ത ശേഷം "പന്തലാനികൊല്ലത്തെയും ഭസ്മമാക്കേണം" എന്നു നിശ്ചയിച്ചു. അതു പൊന്നാനിയോടു താമൂതിരിയുടെ മുഖ്യതുറമുഖവും അക്കാലത്തു മക്കെച്ചെവടത്തിന്നു മൂലസ്ഥാനവും തന്നെ. ഊരുടെ രക്ഷക്ക കടുന്തൂക്കമുള്ള കുന്നിന്മുകളിൽ 3 കൊത്തളവും വളരെ തോക്കും ഉണ്ടു; സമുദ്രത്തിൽനിന്നു പുഴയോളം ഒരു തോടു കുഴിച്ചു അതിൽ ചരക്കിടുന്ന പടകുകൾ സുഖേന അണഞ്ഞും ഇരിക്കുന്നു. നായന്മാരും ചോനകരും 20000 ആളോളം തടുപ്പാൻ വട്ടം കൂട്ടുന്നു എന്നു ഇങ്ങിനെ ഒററുകാർ അറിയിച്ചു; അതിന്റെ തൂക്കിൽ എത്തിയപ്പൊൾ അസ്തമിപ്പാറായി. അന്നു രണ്ടു പുറവും രാത്രിയിൽ ഉറക്കം ഉണ്ടായില്ല. വാദ്യഘോഷങ്ങളും ആർപ്പും കളിവാക്കും അത്രെ ഉള്ളു. രാവിലെ മൂന്നണിയായി പട തുടങ്ങിയാറെ, പറങ്കികൾ വേഗം കരക്കിറങ്ങി മറുതലയൊട ഏല്ക്കുമ്പൊൾ, പുറക്കാട്ടടികൾ യുദ്ധത്തിൽ ചേരാതെ കവർച്ചക്ക തക്കം പാൎത്തു കൈത്താളം പൂട്ടികൊണ്ടു തന്റെ പടകിൽ ഇരിക്കുന്നത പിസൊരെയി കണ്ടു ചൊടിച്ചു, "ആമടിയനെ ലാക്കാക്കെണം" എന്നു തോക്കകൊരനോടു കല്പിച്ചു അവൻ വെടി വെച്ചതിനാൽ അടികളുടെ കാൽ പറിഞ്ഞു പാറിപ്പോയി. ശേഷം പറങ്കികളും കൊച്ചിക്കാരും നല്ല ജയം കൊണ്ടു 250 വലിയ തോക്കും ഉണ്ട മരുന്നുമായി കൈക്കലാക്കി ചരക്കിട്ട പടകും ഊരും അങ്ങാടിയും ഭസ്മീകരിച്ചു 40 പടകു കൂട്ടി കൊണ്ടു പോകയും ചെയ്തു. ഇങ്ങിനെ പരാക്രമം കാട്ടിയതു നിമിത്തം പറങ്കി നാമത്തിന്നു മുമ്പെപ്പോലെ ബഹുമാനവും യശസ്സും സംഭവിച്ചു. പുറക്കാട്ടടികളൊ തല്ക്കാലത്തു അരിശം വിഴുങ്ങി എങ്കിലും പറങ്കികളിൽ ഉൾവൈരം ഭാവിച്ചു പ്രതിക്രിയക്ക അവസരം പാൎത്തു കൊണ്ടിരുന്നു; മെനെസസ്സ് അവിടെ നിന്നു ഓടി കണ്ണനൂരിൽ ഇറങ്ങുകയും ചെയ്തു. (1525 മാൎച്ച 11 നു.)

68. മെനെസസ്സ് കണ്ണനൂരിൽ വെച്ചു ദ്വീപുകളെ ചൊല്ലി വ്യാപരിച്ചതു

കൊല്ലത്തു ജയം കൊണ്ട ശേഷം പിശൊറെയി (1525 മാർച്ച) കണ്ണനൂരിൽ എത്തി മാപ്പിള്ളമാരുടെ വിനയവും വിറയലും കണ്ടു സന്തോഷിച്ചതല്ലാതെ രാജാവെയും കാണ്മാനാഗ്രഹിച്ചാറെ, കോലത്തിരി ഉടനെ കോട്ടയിലെക്ക എഴുന്നെള്ളി വളരെ കുശലം പറഞ്ഞു സമ്മാനങ്ങളെയും കൊടുത്തു ''വെണ്ടാ'' എന്നു ചൊല്ലിയതിനാൽ വിസ്മയിച്ചു മുട്ടിച്ചാറെ, പിസൊറെയി വാങ്ങി ഉടനെ കണ്ണനൂരിലുള്ള രോഗിശാലക്ക കൊടുക്കയും ചെയ്തു. പിന്നെ ''നമ്മുടെ പടകും തോക്കും എല്ലാം നിങ്ങൾക്ക തരാം'' എന്നു പറഞ്ഞപ്പൊൾ പിസൊറെയി പൊത്തുഗൽ രാജസേവക്കായിട്ടു വാങ്ങി ഉപചാരം പറഞ്ഞ ശേഷം പൊത്തുഗലിൽ നിന്നു വന്ന പത്രികയെ കാട്ടി, അതിൽ ചൊല്ലിയതു എന്തെന്നാൽ: ''ആണ്ടു തോറും ഇങ്ങു വേണ്ടുന്ന കയറ എല്ലാം കോലത്തിരി സഹായ വിലക്ക എത്തിപ്പാൻ കയ്യെററാൽ 18 ദ്വീപുകളെ അവരിൽ കല്പിച്ചു കൊടുത്തിരിക്കുന്നു''. എന്നതിൽ പിന്നെ കാലത്താലെ 1000 ഭാരം കയറു വേണ്ടി വരും എന്നു കേട്ടപ്പൊൾ ''അങ്ങിനെ ആയാൽ ദ്വീപുകൾ എനിക്ക വേണ്ട'' എന്നു കോലത്തിരി തീൎത്തു പറഞ്ഞു പിസൊറെയി ഉള്ളു കൊണ്ടു സന്തോഷിച്ചു ദ്വീപുകളിൽ അരി ചുങ്കം കല്പിച്ചു 40 പോരാളികളെയും പാർപ്പിച്ചു ചുങ്കപ്പിരിവു തന്നെ സകല ചെലവിന്നും 1000 ഭാരം കയറു മേടിക്കുന്നതിന്നും മതി എന്നു കാണുകയും ചെയ്തു. കണ്ണനൂരിൽ വസിക്കുമ്പൊൾ ഹൊർമ്മുജിൽനിന്നു ഒരു ദൂതൻ വന്നു അവിടെയുള്ള പറങ്കി പ്രമാണി അതിക്രമം ചെയ്തു പ്രകാരം സങ്കടം ബോധിപ്പിച്ചാറെ, മെനെസസ്സ് സത്യപ്രകാരം വിസ്തരിച്ചു പറങ്കിക്ക ശിക്ഷ കല്പിച്ചതിനാൽ പക്ഷപാതം ഇല്ലാത്തവൻ എന്നുള്ള ശ്രുതി പരത്തി. അനന്തരം കോഴിക്കോട്ടിൽ ക്ഷാമം വരുത്തുവാൻ കടപ്പുര എങ്ങും കാവൽ വെച്ചു കപ്പലോട്ടം വിലക്കുന്നതിൽ 4 കപ്പൽ മങ്ങലൂർ തൂക്കിൽ പാൎത്തു അകത്തുള്ള പടകുകളെ സൂക്ഷിച്ചു പോരും കാലം പോർ പടകുകൾ 70 തെക്കിൽ നിന്നു വന്നു ഏല്ക്കയാൽ ആ പറങ്കി കപ്പല്ക്കു നില്പാൻ പാടില്ലാതെ വന്നു അരി കരേററിയ പടകും അഴിമുഖം വിട്ടു തെററി ഓടുകയും ചെയ്തു. അന്നു പിസൊറെയി കൊച്ചിക്ക ഓടി ബന്ധുവായ സീമൊനെ കോട്ടകളിലെക്ക് വേണ്ടുന്ന കൊററു ഭട്കളെയിൽ നിന്നു വരുത്തുവാൻ നിയൊഗിച്ചിരുന്നു. അവൻ ഏഴിമലക്കരികിൽ ആ എഴുപതിനൊടു എത്തി പട തുടങ്ങി ചിലതിനെ ഒടുക്കി മററവററെ ചിതറിച്ച ശേഷം പലവും മാടായി പുഴയിൽ ഓടി ഒളിച്ചു പോയി സീമൊൻ തൊണികളിൽ ആളെ കരേററി പോർ തുടൎന്നു കൊണ്ടിരുന്നു അന്നു 6 പറങ്കികൾ ഉള്ള തോണി മണലിൽ ഉറച്ചു പോയാറെ, ഊക്കാർ അവരെ പിടിച്ചു കൊന്നു. ആയതു കോലത്തിരി അറിഞ്ഞു ഉടനെ അവരുടെ ശവങ്ങളെ തിര

യിച്ചു കൊട്ടയിലുള്ളവൎക്ക സംസ്കരിപ്പാൻ അയച്ചതല്ലാതെ നല്ലവണ്ണം വിസ്തരിച്ചു ചില നായന്മാരെയും ചൊനകരെയും കൊല്ലിക്കയും ചെയ്തു.

69. കോഴിക്കോട്ട് കോട്ടയുടെ നിരോധം തുടങ്ങിയതു

കോഴിക്കോട്ടിൽ അരിക്ക് ഞെരിക്കം ഏറി വരികയാൽ ദുഃഖവും കോപവും വൎദ്ധിച്ചുണ്ടായി. കോട്ടയിലുള്ളവൎക്ക സീമൊൻ കൊററു കൊണ്ടു വന്നാറെ, ഈ മഴക്കാലത്തു ഇവിടെ പട അല്ലാതെ ശേഷം സൌഖ്യം എല്ലാം കുറഞ്ഞിരിക്കും എന്നു പറകയാൻ കപ്പല്ക്കാൎക്കും നായന്മാൎക്കും കോട്ടയിൽ പാർപ്പാൻ മനസ്സായില്ല. സീമൊൻ നിർബന്ധിച്ചിട്ടത്രെ 120 ജനങ്ങൾ കോട്ടയിലുള്ള ബലത്തൊടു ചേൎന്നു വസിക്കയും ചെയ്തു. ശേഷമുള്ളവർ കൊച്ചിക്ക് പോയി വെറുതെ ഇരുന്നു. അവിടെ പിസൊറെയെ കണ്ടു സന്ധി കാര്യം പറവാൻ താമൂതിരിയുടെ ദൂതനായ ഒരു ധൂൎത്തൻ വന്നു (മെയി മാസം) മുഖസ്തുതി പറകയാൽ പടവിചാരം എല്ലാം അകററിയാറെ, പിസൊറെയി കല്പിച്ചിതു: ''പോർ പടക എല്ലാം താമൂതിരി ഏല്പിക്ക, കൊടുങ്ങല്ലൂരിൽ തൊമാപ്പള്ളിയെ ചുട്ടു ചില പറങ്കികളെ വധിച്ചുള്ള ചോനകരെയും സമർപ്പിച്ചു കൊടുക്ക; പള്ളിപ്പണിക്ക മതിയായ ദ്രവ്യം വെക്ക; പെരിമ്പടപ്പിൽ തുണയായ കല്ലുരുത്തികണാരനോടു വൈരം വെടിഞ്ഞു നിരന്നു വരിക എന്നിങ്ങിനെ സമ്മതിക്കിലെ സന്ധിയാവു.'' എന്നു കേട്ടു ദൂതൻ പുറപ്പെട്ടു താമൂതിരിയുടെ അടുക്കെ എത്തി പിസൊറെക്കു ഉത്തരം ഒന്നും വന്നതുമില്ല. ഇപ്രകാരം കാത്തിരിക്കുമ്പോൾ പെട്ടെന്നു മഴ പെയ്തു തുടങ്ങി. ചുരക്കത്താവായ കുറുമ്പിയാതിരിയും, തിനയഞ്ചേരി ഇളയതും ഉടനെ 12000 നായന്മാരുമായി വന്നു കോട്ടയെ വളഞ്ഞു പാർത്തു. അതിൽ അന്നു 300 പടജ്ജനങ്ങളൊട കൂട ലീമ കപ്പിത്താൻ എന്ന ഒരു ശൂരൻ ഉണ്ടു, മാപ്പിള്ളമാൎക്ക തലവനായതു സിക്കിലിയ്യയിൽ ജനിച്ചു 1522 ആമതിൽ രൊദ യുദ്ധത്തിൽ കുടുങ്ങി റൂമിപക്ഷം ചേൎന്നു ചേലാവിൽ കൂടിയ ഒരു യന്ത്രക്കാരൻ തന്നെ. അവൻ കോട്ടയുടെ തെക്കെ ഭാഗത്ത വണ്ണത്താൻ പറമ്പിലും ചീനക്കൊട്ടയുടെ തെരുവത്തും കിടങ്ങു കിളച്ചുറപ്പിച്ചു തോക്കു സ്ഥാപിക്കുമ്പൊൾ, രാവും പകലും യുദ്ധം ഉണ്ടായി പറങ്കികൾ പാണ്ടിശാലകളിൽ നിന്നു ചരക്കും ഉണ്ടയും കിഴിച്ചു കോട്ടയിൽ ആക്കി പുറത്തുള്ള തങ്ങളുടെ ഭവനങ്ങൾ എല്ലാം ഭസ്മമാക്കി കോട്ടയെ അടക്കയും ചെയ്തു. രാജാവു ൩ാൻ നഗരത്തിൽ വന്നു മാപ്പിള്ളമാർ ഒഴികെ 90,000 നായന്മാർ കൂടി വന്നു ആയുധം വഴങ്ങുന്നത കണ്ടു ശേഷം കോട്ടയെ വലം വെച്ചു ''ഇത്ര ചെറിയ കോട്ടയെ പിടിപ്പാൻ ചില നാൾ മതി'' എന്ന പറഞ്ഞാറെ, ''ഒർ ആണ്ടു കൊണ്ടു കടപ്പാൻ വിഷമമത്രെ'' എന്നു ഇളയതു ഉണൎത്തിച്ച ശേഷം ''രൊദയിൽ ചെയ്ത പ്രകാരം എല്ലാം പ്രയോഗിക്കെണം'' എന്നു യന്ത്രക്കാരനൊടു കല്പിച്ചു ഏറിയ സമ്മാനം പറഞ്ഞു കൊടുക്കയും ചെയ്തു.

ലീമ ഒരാണ്ടേക്ക് വെള്ളവും അരിയും ഒരു മാസത്തേക്ക കറിയും എണ്ണയും ഉണ്ടെന്ന കണ്ടു വിഷഭയം നിമിത്തം താക്കോൽ കൈവിടാതെ പിടിച്ചു കൊണ്ടു ഓരൊരൊ വാക്കുകളെ പറഞ്ഞു പറങ്കികൾക്ക ധൈര്യം കൊളുത്തി മാററാനോടു എതൃർത്തു നില്ക്കയും ചെയ്തു.

70. കോഴിക്കോട്ടു കോട്ടക്ക തുണ അയച്ചത

1525 ജൂൻ 13നു- താമൂതിരി കോട്ടയെ കൊള്ളെ പടയെ വരുത്തി കൊടിയ യുദ്ധം നടത്തുമ്പോൾ തന്നെ ലീമക്കപ്പിത്താൻ ഒരു ദൂതനെ തോണി കയറി കൊച്ചിക്ക് ഓടുവാൻ നിയോഗിച്ചു; ആയവൻ മഴക്കാലത്തിൽ എങ്കിലും ധൈര്യത്തോടെ പുറപ്പെട്ടു കാററിനാലും ഓളത്താലും വളരെ പണിപ്പെട്ടു (ജൂലായി 10) ദുഃഖേന കൊച്ചിയിൽ എത്തിയ ശേഷം ഹെന്ദ്രീ ''മനസ്സുള്ളവരെ കോഴിക്കോട്ടിൽ തുണപ്പാനയക്കാം'' എന്നു പരസ്യമാക്കി. 140 ആൾ കൂടി വന്നു ജൂസത്തയെ ആശ്രയിച്ചു, 2 പടകിൽ കയറി പുറപ്പെട്ടു 25 ദിവസം കടലിൽ ആടി പോയതിൽ പിന്നെ കോഴിക്കോട്ടു തൂക്കിൽ എത്തി ഇപ്പോൾ കരക്കു ഇറങ്ങുവാൻ നല്ലതക്കമില്ല എന്നു ലീമ അടയാളങ്ങളെ കൊണ്ടും അറിയിച്ചാറെയും ജൂസത്ത 35 പടയാളികളുമായി ഒരു പടകിൽനിന്നു കിഴിഞ്ഞു കരയിൽ എത്തി ലീമ സഹായിച്ചതിനാൽ മാററാന്മാരിൽ കൂടി തെററി കോട്ടയിൽ എത്തുകയും ചെയ്തു. അന്നു നാലാൾ പട്ടുപോയി അനേകർ മുറിയേററു കിടന്നു. അതു കൊണ്ടു അഞ്ഞൂറു പടയാളികളിൽ കുറയുന്നു എങ്കിൽ കരക്കണയേണ്ടതല്ല; വിശേഷാൽ കൊററും മരുന്നും അയക്കേണ്ടതിന്നു അപേക്ഷിക്കുന്നു'' എന്നെഴുതി പത്രികയെ അമ്പോടു കെട്ടി എയ്തു മററെ പടകിൽ എത്തിക്കയും ചെയ്തു. അതുകൊണ്ടു രണ്ടാമത പടകു തിരികെ കൊച്ചിക്ക് ഓടി താമൂതിരിയും ''വേറെ പിന്തുണ വരും മുമ്പെ കോട്ടയെ പിടിക്കെണം'' എന്നു വെച്ചു അത്യന്തം ഉത്സാഹിച്ചു. മരുന്നുള്ള ഗോപുരം ചുവർ പിളൎന്നു വീഴുവാനടുത്തപ്പോൾ വെടിമരുന്നെല്ലാം വേറെ സ്ഥലത്തിൽ കൊണ്ടുപോകേണ്ടി വന്നു. സിക്യല്യക്കാരൻ തുരന്നു കന്നം വെച്ചു ഒരു വഴിയെ പരീക്ഷിച്ചാറെ, മാപ്പിള്ളയായിപോയ ഒരു പറങ്കി കോട്ടക്കരികെ ചെന്നു ഒരു പാട്ടു പാടും പോലെ വൎത്തമാനത്തെ സ്വനാട്ടുകാരോടു അറിയിച്ചു അവരും കന്നം വെക്കുന്ന ദിക്കിന്നു നേരെ തുരന്നു മലയാളികളെ നീക്കുകയും ചെയ്തു. പുതിയ യന്ത്രങ്ങളാലും ആവതു ഒന്നും കണ്ടിട്ടും ഇല്ല എന്നിട്ടു പറങ്കികൾ ഉറക്ക ഇളച്ചു തടുത്തു നില്ക്കും കാലം ഉപ്പില്ലാത്ത ചോറും കഞ്ഞിയും വെയിച്ചു കൊണ്ടു ദിവസം കഴിച്ചു. മഹാരോഗം ഒഴിച്ചിരിപ്പാൻ കോട്ടയുടെ ചുററും പട്ടുപോകുന്നവരെ കൊണ്ടു പോകുന്നതു ഒരു നാളും വിരോധിക്കുമാറില്ല. ഔഗുസ്ത മാസത്തിന്റെ ഒടുവിൽ കാററു അധികം കോപിച്ചോരു രാത്രിയിൽ ചില പടകും അടുത്തു വന്നു കോട്ടയിലുള്ളവക്ക് മരുന്നും അപ്പം ഉപ്പിറച്ചി മുതലായ കൊററും കൊണ്ടു കൊടുക്കയും ചെയ്തു പുലരുമ്പോൾ, ലീമ മതിലിൽനിന്നു ചില കെട്ടു പച്ച വെററിലയും

മററും ശത്രുക്കൾക്ക് ചാടി എല്ലാവരും കാൺകെ അപ്പവും ഇറച്ചിയും തിന്നുകയും ചെയ്തു. എന്നിട്ടും താമൂതിരി പോരിനെ ഒഴിപ്പിച്ചില്ല. അക്തൊമ്പ്ര. 15 നു— ഹെന്ദ്രീ താൻ 20 കപ്പലോടും കോഴിക്കോട്ടിന്റെ നേരെ വന്നു കോട്ടയിലുള്ളവൎക്ക് തുണയയച്ചശേഷം (31 നു-) എല്ലാപടയുമായി വാദ്യഘോഷത്തോടുംകൂടെ കരക്കണെഞ്ഞു പട തുടങ്ങിയാറെ, മലയാളികൾ വേഗം ഓടി തുടങ്ങി സികില്യക്കാരനൊടും 2000ത്തിലധികം ചത്തു പോകയും ചെയ്തു. ജയം തികഞ്ഞു വന്നതു കണ്ടാറെ, ''പട്ടണത്തിൽ കടക്കരുതു'' എന്നു ഹെന്ദ്രീ കല്പിച്ചു, കോട്ടക്കരികിൽ പാളയം ഇറങ്ങുകയും ചെയ്തു.

71. പറങ്കികൾ കോഴിക്കോടിനെ തീരെ ഒഴിച്ചു വിട്ടത

അനന്തരം താമൂതിരി ഭയപ്പെട്ടു, കൊയപ്പക്കിയെ വിളിച്ചു പടയെ നിറുത്തേണ്ടതിന്നു പറങ്കികളെ ചെന്നു അപേക്ഷിപ്പാൻ കല്പിച്ചാറെ, ആയവൻ വയസ്സു നിമിത്തം കഴിവില്ല എന്നു പറഞ്ഞാറെ, അവന്റെ പുത്രനെ നിയോഗിച്ചു ''4 ദിവസം വരെ പടയില്ല'' എന്നു ഉത്തരം വാങ്ങി അവനെ മന്ത്രിയും കോഴിക്കോട്ടു ബന്തരുടെ പ്രമാണിയുമാക്കി. ''ഇണങ്ങിയാൽ, എന്റെ പടകും തോക്കും യുദ്ധച്ചെലവും ഞാൻ വെച്ചു തരാം'' എന്നു രാജാവ് ബോധിപ്പിച്ചാറെ, ഹെന്ദ്രീ കോട്ടയെ ഒഴിപ്പാൻ, ഒരു വഴിയെ വിചാരിക്കയാൽ, സമ്മതിയാതെ, ഇണക്കത്തിന്നു തടവു വരുത്തി അതിന്റെ കാരണം തുൎക്കർ മിസ്രയെ അടക്കിയ ശേഷം പിറെറ ആണ്ടിൽ ഹിന്തുസമുദ്രത്തിലെക്ക് അനേകം പടക്കപ്പൽ അയക്കും എന്നു കേൾക്കയാൽ, ഇവരോടു ചെറുപ്പാൻ തക്കവണ്ണം പറങ്കികൾ ചിതറിയല്ല ഒന്നിച്ചു കൂടി നില്ക്കേണ്ടതാകും; അതു കൊണ്ടു കോഴിക്കോട്ടിനെ തീരെ വിടുകെയാവു എന്നു മനസ്സിൽ നിരൂപിച്ചു ''പുറക്കാട്ടടികളെ നമ്മുടെ കയ്യിൽ ഏല്പിക്കെണം'' എന്നു ചോദിച്ചു ആയവൻ പടകും കൊല്ലത്തെപ്പടയിൽ പറങ്കിവെടിയാൽ കാൽ അററതിനെ മറക്കാതെ (67 അദ്ധ്യ) താമൂതിരിയുടെ പക്ഷം ചേർന്നുപോയ കാരണത്താൽ പറങ്കികൾക്ക ദ്രോഹിയും തൂക്കുവാൻ യൊഗ്യനും എന്നു തോന്നി. താമൂതിരിയൊ അതു കേട്ടു ഉടനെ ''മിത്ര ദ്രോഹത്തിന്നു എന്നാൽ കഴികയില്ല'' എന്നു ഉത്തരം അയച്ചു അതുകൊണ്ടു ഹെന്ദ്രീ കപ്പിത്താന്മാരെ കൂട്ടികൊണ്ടു നിരൂപിച്ചു. ജൂവാൻ രാജാവിന്നു ഗാമാവിന്നും ഇങ്ങിനെ തോന്നിയിരിക്കുന്നു എന്നു പറഞ്ഞു കോട്ടയെ ഇടിക്കേണ്ടതിന്നു ബുദ്ധി ഉപദേശിച്ചു. ചിലരും വിശേഷാൽ ലീമയും അഭിമാനം നിമിത്തം വളരെ വിരോധിച്ചു ലീമ ''ഞാനും കുഡുംബവും ഈ കോട്ടയെ രക്ഷിപ്പാൻ മതി; ഞങ്ങളിൽ ഏല്പിക്കുമൊ'' എന്നു ചോദിച്ചതും പഴതെയായി മിക്കപേരും സമ്മതിക്കയാൽ, ഹെന്ദ്രീ വസ്തുക്കൾ ഒക്കയും കപ്പലിലാക്കുവാൻ കല്പിച്ചു. പിന്നെ പട്ടാ

ളങ്ങളെയും കരേററി കോട്ടയുടെ കീഴിൽ തുരക് വെച്ച മരുന്നും മൂടി വിട്ടും ഒട്ടക്കത്തെവരെ കൊണ്ടു കത്തിക്കയും ചെയ്തു. നായന്മാർ പലരും ബദ്ധപ്പെട്ടു കയറി കോട്ടയിൽ നിറയുമ്പോൾ തന്നെ, മതിലും അതിന്മേലുള്ളവരും എല്ലാം പെട്ടന്ന പൊട്ടി പാറി പോയതിനാൽ വളരെ നാശം ഉണ്ടായി. എങ്കിലും വലിയ ഗോപുരം വീണിട്ടില്ല. താമൂതിരി കോപിച്ച കോയപ്പക്കിയെ അടികളുടെ വാൎത്തയെ പ്രകാശിപ്പിച്ചനിമിത്തം ശിക്ഷിച്ച അവന്റെ മക്കളും പ്രാണഭയത്താൽ മണ്ടി കണ്ണന്നൂരിൽ വാങ്ങി പറങ്കികളെ ആശ്രയിച്ചു പാൎക്കയും ചെയ്തു. അടികൾ പുറക്കാട്ടിൽ പോയി കടൽപിടിക്കാരിൽ മൂപ്പനായി ചമഞ്ഞു. താമൂതിരി കോട്ടയെ ഇടി തീൎത്തു കെട്ടുവാൻ കല്പിച്ചു. അൾബുകെൎക്ക 12 വൎഷത്തിന്ന മുമ്പെ തുടങ്ങിയതിന്ന ഇങ്ങിനെ അറുതി വന്നുവല്ലൊ (5൦ അദ്ധ്യായം) എന്ന ഡംഭിച്ചു പോയി അദിൽശാഃ മുതലായ രാജാക്കന്മാൎക്ക ദൂത അയച്ചു നിങ്ങളും ''പറങ്കികളെ പേടിപ്പിച്ചു നീക്കുവാൻ സംഗതി വരേണമെ'' എന്നറിയിക്കയും ചെയ്തു.

എന്നതുകൊണ്ടു മുസല്മാനർ ഈ കഥ പറയുന്ന വിധം വേറെ അവരുടെ വാക്കാവിതു: ''പറങ്കികൾ കോഴിക്കോട്ടിൽ കോട്ട വെട്ടിയ ശേഷം നബിയുടെ ആളുകളെ വളരെ ഹിംസിച്ചു പോയി വിശേഷാൽ കാലത്താൽ 4 പടകു മുളകും ഇഞ്ചിയും മക്കത്തേക്കയപ്പാൻ കല്പന ആയെങ്കിലും മാപ്പിള്ളകച്ചവടത്തെ അവർ എല്ലാവിധത്തിലും വിരോധിച്ചു നടന്നു കൊടുങ്ങല്ലൂരിലെ യഹൂദന്മാരും താമൂതിരിക്ക ബലം ഇല്ല എന്നു കണ്ടു വളരെ മാപ്പിള്ളമാരെ കലഹിച്ചു കൊന്നു. അതുകൊണ്ടു താമൂതിരി നാണിച്ചു പട കൂടി കൊടുങ്ങല്ലൂരെ കൊള്ളെ പുറപ്പെട്ടു ജയിച്ചു യഹൂദരെ അശേഷം രാജ്യത്തിൽ നിന്നു നീക്കി മുടക്കയും ചെയ്തു. അനന്തരം നമ്മുടെ സ്വരൂപമല്ലൊ ചോനകൎക്ക ആശ്രയം എന്നു ചൊല്ലി എവിടെനിന്നും മുസല്മാനരെ വിളിച്ചു ചേൎത്തു പറങ്കികളോടു പട കൂടി അവരുടെ കോട്ടയെ പിടിച്ചടക്കയും ചെയ്തു. അന്നു മുതൽ കാലത്താലെ നാലു പടകും മക്കെച്ചവടത്തിന്നായി ഓടിച്ചു പോന്നു ഇരിക്കുന്നു'' എന്നിങ്ങിനെ ഫെരിഷ്ട എഴുതി വെച്ച വൎത്തമാനം കൊടുങ്ങല്ലൂരിൽ അന്നുണ്ടായതിന്റെ വിവരം നിശ്ചയിപ്പാൻ പാടില്ല. 69, അദ്ധ്യായത്തിൽ ചിലതു സൂചിപ്പിച്ചിരിക്കുന്നു. യരുശലേമിൻ നാശം പോലെ അവർ അക്കാലം അനുഭവിച്ചു എന്നും കച്ചവടത്തിന്റെ ആധിക്യം ഉള്ള അഞ്ചുവണ്ണം എന്ന ഗൃഹം മുറിഞ്ഞു പോയി എന്നും ചില യെഹൂദന്മാർ പറയുന്നു.

72. ഹെന്രീ മെനെസസിന്റെ ശേഷം വസ്സുദ സമ്പായു വാണു കൊണ്ടതു

കോഴിക്കോട്ട കോട്ടയെ ഒഴിച്ചു കൊടുത്തതിൽ പിന്നെ ഹെന്റ്രീ കൊച്ചിക്ക ഓടി ചിലനാൾ പാൎത്തപ്പോൾ, ജോൎജ്ജ അൾബുകെൎക്ക

മലാക്കയിൽനിന്നു മടങ്ങി വന്ന പുറക്കാട്ടിന്റെ തൂക്കിൽ ഉണ്ടായ പടയെ അറിയിച്ചു. അവിടെ പുറക്കാടടികൾ 25 മഞ്ചുകളുമായി അവന്റെ കപ്പലെ ചുററിക്കൊണ്ടു കാററില്ലാത്ത സമയം പട തുടങ്ങി വളരെ ഞെരിക്കം വരുത്തിയ ശേഷം കാററു വീശിയതിനാൽ മാത്രം തെററുവാൻ സംഗതി വന്നു. താമൂതിരിയും തന്റെ പടകുകളെ പാത്തു മരക്കാരിൽ ഏല്പിച്ചു കടല്പിടിക്കായി നിയോഗിച്ച പ്രകാരം ശ്രുതി വന്നു. അവരെ ശിക്ഷിപ്പാൻ ഹെന്ത്രീ ഗോവ മുതൽ പോന്നാറെ നിവരയും ശത്രുക്കളെ തിരഞ്ഞു പോന്നു. നാട്ടുകാർ പറങ്കിക്കപ്പലെ കാണുന്നേരം വലിയ തീക്കത്തിച്ചു വൎത്തമാനത്തെ മുമ്പിൽ കൂട്ടി ദൂരത്തോളം അറിയിക്കയാൽ പടകുകൾ ഒക്കയും പുഴകളിൽ ഓടി ഒളിച്ചു പാൎപ്പാൻ കഴിവു സംഭവിച്ചു. ചാലിയത്തു മാത്രം കരപ്പുറത്തു ചില പടകും വീടും ഭസ്മമാക്കി അന്നു ഹെന്ത്രീ താൻ കാല്മേൽ മുറി ഏററു. പിന്നെ മയ്യഴിക്കു എതിരെ ചില ശത്രുപടകു കണ്ടു അടങ്ങിനില്പാൻ കഴിയാതെ പോർ തുടങ്ങി നന്നെ ഉത്സാഹിച്ചപ്പോൾ, ജ്വരം വൎദ്ധിച്ചു ചങ്ങാതികൾ ഭയപ്പെട്ടു അവനെ കണ്ണനൂരിൽ ഇറങ്ങി വസിപ്പാൻ നിൎബ്ബന്ധിച്ചു (1527 ജനവരി) അവിടെ ചികിത്സ ചെയ്യുമ്പോൾ, വടക്കുനിന്നു ഒരു വൎത്തമാനം വന്നു. തുളുനാട്ടിലെ പാക്കനൂർപുഴയിൽ 150 കോഴിക്കോട്ടപടകു മുളകും കയററി തക്കം പാൎത്തിരിക്കുന്നതു തേല്യ കപ്പിത്താൻ അറിഞ്ഞു പട തുടങ്ങി വളരെ ചേതം വരുത്തിയാറെ, കൃഷ്ണരായരുടെ പടജ്ജനം 5000 കാലാൾ വന്നു കരക്കരികിൽ നിങ്ങൾക്കു പോരാടുവാൻ സമ്മതമില്ല എന്നു കല്പിച്ചു പടനിറുത്തി തേല്യ വാങ്ങികൊണ്ടു ആഴിക്കൽ തന്നെ വസിച്ചു നില്ക്കയും ചെയ്തു. ആയതു കേട്ടിട്ടു ഹെന്ത്രീ ഓരൊന്നു ആദേശിക്കുമ്പോൾ, പനി കലശലായി അവൻ (1526 ഫെബ്രു. 2 നു) മരിക്കയും ചെയ്തു. കണ്ണനൂർ പള്ളിയിൽ അവന്റെ ശവം കുഴിച്ചിട്ടിരിക്കുന്നു. ദ്രവ്യം ഒട്ടും അവന്റെ പക്കൽ വെച്ചുകാണാത്തതു എത്രയും വലിയ അതിശയമായി തോന്നി.

ഉപരാജാവു മരിച്ചാൽ മുദ്രയിട്ട രാജപത്രത്തെ തുറന്നു വായിച്ചു അതിൽ കുറിച്ച ആളെ വാഴിക്കേണം എന്നുള്ളതു് പൊൎത്തുഗലിൽ ഒരു സമ്പ്രദായം അപ്രകാരം തന്നെ കപ്പിത്താന്മാരും മററും (ഫെബ്രു 3 നു) കണ്ണനൂർ പള്ളിയിൽ കൂടി രാജപത്രത്തെ തുറന്നാറെ ''വിസൊറസ്സു് അപായം വന്നാൽ മസ്കരഞ്ഞാ വാഴക'' എന്നുള്ള ആജ്ഞയെ കണ്ടു. ഇവൻ മലാക്ക യിൽ ഉള്ളവനാകയാൽ തുൎക്ക്യുദ്ധം നിമിത്തം അടുക്കെ ഉള്ളവനെ തന്നെ വേണ്ടു എന്നു നിശ്ചയിച്ചു മഹാജനങ്ങൾ രണ്ടാമതു രാജപത്രത്തെ തുറന്നു 'മസ്കരഞ്ഞാ മരിച്ചു എങ്കിൽ ലൊപവസ്സു് ദസമ്പായു വാഴക'' എന്നു വായിച്ചു അവനെ അറിയിപ്പാൻ കൊച്ചിക്കു് വൎത്തമാനം അയക്കയും ചെയ്തു. വസ്സു് ഉടനെ കൊച്ചിയെ വിട്ടു കണ്ണനൂരിൽനിന്നു് കണ്ടവരെ കൂട്ടിക്കൊണ്ടു പാക്കനൂർ തൂക്കിൽ എത്തിയാറെ, ''കുട്ടിയാലിമരക്കാർ 70 പടകുമായി പുഴയിൽ സുഖേന പാൎക്കുന്നു, ആരും ആക്രമിക്കാതെ ഇരിപ്പാൻ

അവർ തെങ്ങുകളെ തറപ്പിച്ചും ആലാസ്സ കെട്ടിക്കൊണ്ടും പുഴയെ അടച്ചിരിക്കുന്നു'' എന്നു കേട്ടാറെ, രാത്രിയിൽ തന്നെ തോണികളെ അയച്ചു ആലാസ്സ മുറിപ്പിച്ചു പിന്നെ പുലരുമ്പോൾ പട തുടങ്ങിയ ഉടനെ രായരുടെ പടജ്ജനം ചെറുത്തു എങ്കിലും കപ്പിത്താന്മാർ ചിലർ ഇതു ബന്ധുരാജ്യമാകയാൽ ആക്രമിച്ചു കൂടാത്തത് ''എന്നു സംശയിച്ചു നിന്നു എങ്കിലും വസ്സ് പോർ തുടൎന്നു ജയിച്ചു ഊരും നാടും ചേതം വരുത്താതെ എഴുപത് പടകും എരിച്ചു വളരെ തോക്കും പിടിച്ചടക്കുകയും ചെയ്തു. പിന്നെ വസ്സ് ഗോവയിൽ ഓടി കടൽ പിടിക്കാരെ അമർത്തു കൊള്ളുമ്പോൾ മക്കത്തുനിന്നു് വരുന്ന പടകിനെ പിടിച്ചു സമാചാരം ചോദിച്ചാറെ,'' തുക്കർ മിസ്രയിൽനിന്നു നിയോഗിച്ച കപ്പൽബലം ഇപ്പോൾ വരുമാറുണ്ടു ''എന്നു കേട്ടു കണ്ണനൂർ കോട്ടയെ അധികം ഉറപ്പിച്ചു പുറത്തുള്ള കിണറുവരെയും മതിലെ നീട്ടി കേമമാക്കി കൊച്ചിയിൽ പോയി യുദ്ധസന്നാഹങ്ങളെ കൂട്ടി പടിഞ്ഞാറെ, ഭാഗത്തും കൊത്തളങ്ങളെ പണികയും ചെയ്തു. ഇങ്ങിനെ പ്രയത്നം കഴിക്കുമ്പോൾ മസ്സരഞ്ഞാ വേഗം വരുമെന്നു കേട്ടു പൊർത്തുഗലിൽനിന്നു മസ്സരഞ്ഞാവെ നീക്കിയ പ്രകാരം ഒരു ശ്രുതിയും കേട്ടു വിചാരിക്കുമ്പോൾ കൊച്ചിയിൽ പറങ്കികൾ എല്ലാവരും തങ്ങളിൽ ഇടഞ്ഞു ഹാരൊ എന്ന ദോമിനിക്യ പാതിരി (1527 ജനു. 1) പള്ളിപ്രാൎത്ഥനയിൽ തന്നെ ''വസ്സ് അത്രെ പ്രമാണം എന്നു് പരസ്യമാക്കി മസ്സരഞ്ഞാവിൻ പക്ഷം എടുക്കുന്നവർ മഹാപാപികളും നരകയോഗ്യരും'' എന്നും അറിയിച്ചാറെ, വസ്സ് മനസ്സ് ഉറപ്പിച്ചു അന്യപക്ഷക്കാരെ നാട്ടിൽ നിന്നു് കളവൂതും ചെയ്തു. അതുകൊണ്ടു ഇടച്ചൽ മുഴുത്തു വന്നാറെ, തുക്കരുടെ നേരെ ഓടുവാൻ കപ്പല്ക്കു് ആൾ പോരാതെ വന്നു എങ്കിലും പറങ്കികൾക്കു് സംഭവിച്ച പോലെ തുക്കർക്കും കൂടെ തങ്ങളിൽ അസൂയാ മത്സരങ്ങൾ അകപ്പെട്ടതിനാൽ അവൎക്കു് അദൻകോട്ടയെ പിടിപ്പാൻ കഴിയാതെ യുദ്ധം എല്ലാം അബദ്ധമായി പോകയും ചെയ്തു. അതുകൊണ്ടു പറങ്കികൾ സന്തോഷിച്ചു രാജാവെ അറിയിപ്പാൻ വേഗതവേണമെന്നു നിശ്ചയിച്ചു ഒരുത്തൻ ഹൊൎമ്മുജിൽ നിന്നു യാത്രയായി റൂമിരാജ്യത്തിൽ കൂടി കടന്നു, 3 മാസത്തിലകം പൊർത്തുഗലിൽ എത്തി വർത്തമാനം ബോധിപ്പിക്കയും ചെയ്തു. ആ യാത്ര അന്നു വലിയ അതിശയമായി തോന്നി. ഇപ്പോൾ തീക്കപ്പൽവഴിയായി പോകുവാൻ ഒരുമാസമെ പോരും.

73. വസ്സ് മസ്കരഞ്ഞാവെ പിഴുക്കിയതു

അനന്തരം മസ്സരഞ്ഞാ കിഴക്കെ ദ്വീപുകളിൽ ജയങ്ങളെ സമർപ്പിച്ചു പുറപ്പെട്ടു മുമ്പെ കൊല്ലത്തിൽ എത്തിയപ്പോൾ പറങ്കികൾ അവനെ ഉപരാജാവ് ''എന്നു് കൈക്കൊണ്ടു പിന്നെ കൊച്ചിത്തുക്കിൽ എത്തിയാറെ, (1527 ഫെബ്രു. 28) ഭണ്ഡാരപ്രമാണിയായ മെശിയ പടജ്ജനത്തെ അയച്ചു കടപ്പുറത്തിരുത്തി.'' ഞാൻ ആരാധി

പ്പാൻ മാത്രം പള്ളി പ്രവേശിക്കട്ടെ എന്നു മസ്കരഞ്ഞാ അപേക്ഷിച്ചു നിരായുധനായി തോണിയിൽ വന്നണഞ്ഞാറെ, മെശിയ അവനെ ഒന്നു വെട്ടിച്ചു അവനും മുറിപ്പെട്ടു കപ്പൽ ഏറി ഗോവയിലേക്കു് ഓടി. അവിടെനിന്നു് വസ്സു് അവനെ കാണാതെ, കണ്ണനൂൎക്കു് ഓടുവാൻ കല്പിച്ചു. അവൻ വിരോധം പറഞ്ഞാറെ, ചങ്ങല ഇടുവിച്ചു കപ്പലേററി കണ്ണനൂർ തുറുങ്കിൽ ആക്കി വെപ്പിക്കയും ചെയ്തു. അവിടെ ഇടച്ചൽ പരന്നു മുഴത്തപ്പോൾ പ്രഞ്ച്സിസ്കാനരുടെ മൂപ്പൻ പള്ളിയിൽനിന്നു തന്നെ വസ്സിന്റെ പക്ഷത്തെ ഉറപ്പിച്ചു മറുപക്ഷത്തെ ശപിക്കയും ചെയ്തു. എന്നാറെ, പലൎക്കും ഇതു അസഹ്യം എന്നു തോന്നി. വസ്സു് നടക്കുന്നതു് എല്ലാം സാഹസം അത്രെ എന്നു വെച്ചു മുമ്പെ കണ്ണനൂർ തലവന്മാർ എല്ലാം മസ്കരഞ്ഞാവെ തടവിൽനിന്നു വരുത്തി ഉപരാജാവെന്നു മാനിച്ചു പള്ളിയിലും കൂടി അവനോടു സത്യവും സമയവും ചെയ്തു. കോലത്തിരി കൂടിക്കാഴ്ചക്കായി വരികയും ചെയ്തു. (ജൂലായി) ഒടുക്കം കലശലും ദൂഷണവും നാടെങ്ങും മാനഹാനിയും അധികം പെരുകി വന്നാറെ, മഹാജനങ്ങൾ ഇരുവരും 13 മദ്ധ്യസ്ഥരെ കൊണ്ടു നടു പറയിക്കേണം എന്നുവെച്ചു കൊച്ചിയിൽ കൂടി ഇരുപുറവും പലർ പടകു കോപ്പിട്ടും തോക്കുകളെ നിറച്ചും പോൎവിളി കേൾപ്പിച്ചും പോരുന്ന കാലം മദ്ധ്യസ്ഥർ പള്ളിയിൽ കൂടി മിക്കവരും കൊച്ചിക്കാരെ ഭയപ്പെട്ടു ''വസ്സിന്നു തന്നെ വാഴ്വാൻ അവകാശം'' എന്നു വിധിക്കയും ചെയ്തു. ഇവ്വണ്ണം തീൎച്ചയാകുമെന്നു മസ്കരഞ്ഞാ മുമ്പിൽക്കൂട്ടി ഊഹിച്ചു തന്റെ സാമാനം എല്ലാം ഒരു കപ്പലിൽ അടക്കി പാത്തു വിധിയെ കേട്ടു ഉടനെ പൊത്തുഗലിന്നാമ്മാറു യാത്രയാകയും ചെയ്തു. (ദിശ. 21 നു —.)

ഇങ്ങിനെ ഉണ്ടായതെല്ലാം താമൂതിരി അറിഞ്ഞു പറങ്കികൾ അന്യോന്യം കൊന്നു അറുതി വരുത്തും എന്നു വിചാരിച്ചു വേണാട്ടിലും കോലനാട്ടിലും പട്ടരെ നിയോഗിച്ചു കൊല്ലവും കണ്ണനൂരും പിടിച്ചടക്കുവാൻ ഇതു സമയം എന്നു ബൊദ്ധ്യം വരുത്തുവാൻ ശ്രമിച്ചു കണ്ണനൂരിലെ ചോനകരും മടിയാതെ, താമൂതിരിക്കു തുണയാവാൻ നോക്കി. അതുകൊണ്ടു ദസാകപ്പിത്താൻ മംഗലൂരോളം ഓടി അവിടെ ചില നാശങ്ങളെ ചെയ്തു. കോഴിക്കോട്ടു പടകുകളെ കണ്ടെടുത്തു ചുടുകയും ചെയ്തു. ചിന്നക്കുട്ടിയാലി 60 പടകുമായി എതിൎത്താറെ, ദസാ താൻ അവന്റെ ഉരുവിൽ ഏറി അവനെ മുറി ഏല്പിച്ചു അവനും കടലിൽ ചാടിയാറെ വലിച്ചെടുപ്പിച്ചു ശേഷം പടകുകളെ മിക്കതും പിടിച്ചടക്കി (1528 മാൎച്ചു) കുട്ടിയാലിയെ വിടുവിപ്പാൻ 500 പൊൻപത്താക്കും മററും കണ്ണനൂർ മാപ്പിള്ളമാർ കൊടുക്കേണ്ടി വന്നു. അവനും കുറാനെതൊട്ടു ''ഇനി പറങ്കികളോടു പട വെട്ടുകയില്ല'' എന്നു സത്യം ചെയ്തു. ചോനകർ അരിശം ഏറി ധൎമ്മപട്ടണക്കാരനായ ഹജ്ജിക്കുട്ടിയാലിയെ ആശ്രയിച്ചു മഴക്കാലം കൊണ്ടു 130 പടകോളം ചേൎത്തുകൊൾകയാൽ വസ്സ്തന്നെ പുറപ്പെട്ടു (അക്ത. 28നു—) ഏഴിമലക്കു നേരെ മാററാനെ കണ്ടു കാററു ശമിച്ചു

ഉടനെ ആ പടകും തണ്ടു വലിച്ചു കപ്പലുകളെ ചുററിക്കൊണ്ടു കൊടിയ പട വെട്ടി വസ്സ് കപ്പിത്താന്മാരുടെ ഉപേക്ഷയാൽ, ചിലപ്പൊറം പണിപ്പെട്ടു ശത്രുവെ മടക്കി ഒട്ടകം 22 പടകിനെ പിടിച്ചു ചിലതിനെ മുക്കി ശേഷിച്ചവററെ ഓടിച്ചു. അന്നു കണ്ണനൂർ ചോനകരിലും ചിലർ പട്ടുപോയതിനാൽ വടക്കെ മലയാളത്തിൽ യുദ്ധഭാവങ്ങറം ശമിച്ചു പോയി.

74. പുറക്കാട്ടടികളെ ശിക്ഷിച്ചതു

ഏഴിമലയരികിൽ ജയിച്ച ശേഷം വസ്സ് തെക്കോട്ടു ഓടി ചേററുവായിൽ കുറെ മുമ്പെ ഉണ്ടായ അതിക്രമത്തിന്നുത്തരം ചെയ്തുകൊണ്ടു അവിടെ ചില കപ്പിത്താന്മാർ അഴിമുഖത്തെ സൂക്ഷിച്ചു താമൂതിരിയുടെ പടകുകാരെ പേടിപ്പിച്ചു പോരുമ്പൊറം, (1528 സെപ്ത.) അസംഗതിയായിട്ടു കിഴക്കൻ കാററു കേമമായടിച്ചു ചില പടകും മുറിഞ്ഞു മുങ്ങി ചില ലത കരക്കണഞ്ഞു പോയാറെ, അതിൽ കണ്ട പറങ്കികളെ ഒക്കയും നാട്ടുകാർ കൊന്നു കളഞ്ഞു; അതു കൊണ്ടു വസ്സ് ചേററുവായിൽ കരക്കിറങ്ങി ഊരെ ഭസ്മമാക്കി. പിന്നെ പെരിമ്പടപ്പു കൊടുങ്ങല്ലൂരെ അടക്കുവാൻ പ്രയാസപ്പെടുന്നതിനോടു താമൂതിരി ചെറുത്തു വലിയ പടയെ ചേർക്കയാൽ, വസ്സും കൂടെ അവിടെ ഓടി ശത്രുക്കളെ തടുപ്പാൻ ഓരോന്നിനെ ഉപദേശിച്ചു താൻ പുറക്കാട്ടിലേക്ക് യാത്രയാകയും ചെയ്തു. അവിടെ വാഴുന്ന അടികറം പറങ്കികറംക്കു വൈരിയായി ചമഞ്ഞപ്രകാരം മീത്തൽ പറഞ്ഞുവല്ലൊ. (66,71) ദ്രോഹിയെ ശിക്ഷിപ്പാൻ നല്ല തഞ്ചം വന്നത വസ്സ് അറിഞ്ഞു അടികളും നായന്മാരും ഒരു പടക്കായി കിഴക്കോട്ടു പുറപ്പെട്ട ശേഷം പട്ടാളത്തെ കരക്കിറക്കി നഗരത്തിന്നു വെള്ളവും ചളിയും നല്ല ഉറപ്പും വരുത്തി എങ്കിലും പറങ്കികറം കടന്നു കയറി കൊട്ടാരത്തെ വളഞ്ഞു ആ കടൽപിടിക്കാർ കവർന്നു ചരതിച്ചു പൊന്നും വെള്ളിയും തോക്കും മററും ഭണ്ഡാരങ്ങളെ ഒക്കെയും കൈക്കലാക്കി അടികളുടെ ദാരങ്ങളെയും പെങ്ങളെയും പിടിച്ചു കൊണ്ടുപോകയും ചെയ്തു. (1528 അക്ത. 15) അന്നു പോരാടിയ 1000 വെള്ളക്കാരിൽ ഓരോരുവന്നു 800 പൊൻപത്താക്കു കൊള്ളയുടെ അംശമായി കിട്ടി മൂപ്പന്നു ഒരു ലക്ഷത്തോളം സാധിച്ചു എന്നു കേറംക്കുന്നു. നഗരത്തിന്നു തീക്കൊടുത്തു തെങ്ങും മുറിച്ചതിൽ പിന്നെ പറങ്കികറം കപ്പലേറി കണ്ണനൂക്കു ഓടുകയും ചെയ്തു. അവിടെ നിന്നു വസ്സ് തൻെറ മരുമകനായ മെല്യു എന്നവനെ നിയോഗിച്ചു മാടായിയേഴിയിൽ 12 പടക താമൂതിരിക്കുള്ളതിനെ അടക്കിച്ചു ഏഴിക്കരികിലും പടകുകളെ നായാടിച്ചു ആളുകളെ നിഗ്രഹിച്ചു മാടായി എന്ന ഊരെ ദഹിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ മലയാളതീരത്തെ പോരാടുമ്പൊറം വസ്സ് കച്ചവടത്തെ മറക്കാതെ വിശേഷാൽ കുതിരകളെ ഗോവയിൽ കടത്തിച്ചു അവിടുന്നു മുസല്മാൻ രാജാക്കന്മാർക്കും രായക്കും വിററു വളരെ ദ്രവ്യം സമ്പാദിച്ചു കോട്ടകളെയും മററും

കേമമായുറപ്പിച്ചു പോരുമ്പോൾ, (1529) നുഞ്ഞുദാകുഞ്ഞാ പൊത്തുഗലിൽ നിന്നു കണ്ണനൂരിൽ എത്തി (നവമ്പ്ര. 18 നു-) കോട്ടയിൽ വരാതെ മൂപ്പസ്ഥാനം തനിക്കുള്ളപ്രകാരം വസ്സിനെഅറിയിച്ചാറെ, അവൻ ഉടനെ തോണിയിൽ കയറി കുശലം ചോദിപ്പാൻ കപ്പലിൽ ചെന്നു; കുഞ്ഞാ 22 വർഷത്തിന്നു മുമ്പെ തന്റെ അച്ഛനൊടു കൂടെ കണ്ണനൂരിലും പൊന്നാനിയിലും ഉണ്ടായ പടകളിൽ ചേർന്നു യശസ്സുണ്ടാക്കിയവൻ തന്നെ; ആയവൻ വസ്സിന്റെ ചില കുറവുകളെ അറിഞ്ഞു രാജകല്പനപ്രകാരം വിസ്തരിച്ചു ഒടുക്കം അവനെ തടവിലാക്കുകയും ചെയ്തു. മസ്കരഞ്ഞാവെ പിഴക്കി തുറുങ്കിലാക്കിയതിന്നു ഈ വണ്ണം ശിക്ഷ സംഭവിച്ചു (1530 ജനുവരി) അവനെ പൊത്തുഗലിലേക്കയച്ചു. അവിടെയും വിസ്താരം കഴിച്ച ശേഷം മൂന്നു വർഷത്തെക്ക മൂപ്പന്നുള്ള മാസപ്പടി ഒക്കെയും മസ്കരഞ്ഞാവിന്നു കൊടുക്കേണമെന്നു വിധിയുണ്ടായി. അന്നു മൂപ്പന്റെ ശമ്പളം ഒരാണ്ടെക്ക 10000 വരാഹൻ അത്രെ പുറക്കാട്ടിൽനിന്നു സാധിച്ചു കൊള്ളയാൽ ആ പണം കൊടുക്കുന്നതിന്നൊട്ടും വിഷമം ഉണ്ടായില്ലതാനും. അനന്തരം പുറക്കാട്ടടികൾ കുഞ്ഞാവോടു ക്ഷമയപേക്ഷിച്ചു വളരെ ദ്രവ്യം കൊടുത്തു ദാരങ്ങളെയും പെങ്ങളെയും വീണ്ടുകൊണ്ടു അന്നു മുതൻ ഭേദം വരാതെ പൊത്തുഗലിന്നു മിത്രമായി പാത്തു. 1302 വർഷത്തിൽ പിന്നെ ഹൊല്ലന്തർ കൊച്ചിയെ പിടിച്ചു (1663 ജനുവരി 6ാം നു-) മലയാളത്തിൽ പൊത്തുഗൽ വാഴ്ചയെ മുടിക്കും കാലത്തിലും പുറക്കാട്ടുകാർ പറങ്കികൾക്കു പിന്തുണയായി പോരാടിയ പ്രകാരം ഓരോ വൃത്താന്തങ്ങൾ ഉണ്ടു.

Keralolpatti
(The Origin of Malabar)

കേരളോല്പത്തി

1868

ല്ലം അ
ശേഷ
കളവ
പണ്ട
ന്ന ശേ
മ്മം
വരുണ
ഷ്ഠ, ഭ്ര
മലയ
തിഷ്ഠ
ഷം ശ്ര
ദിക്കി
റച്ചിരു
തിന്റെ
പോയ
ല്ലാഞ്ഞ
ച്ച്, എ
ശ്രീ പ
ആര്യ
ഹിച
ത്തി
അവി
വന്ന ന
എന്ന
ആക്കി

എപ്പ്
ചി റ, ഇ
ച്ചെല
ങ്ങൊട്ട
പ്പ്, ശങ്ക
ട്ടി കമ
ങ്ങിനെ

കേരളോല്പത്തി

1 പരശുരാമന്റെ കാലം

കൃത, ത്രേതാ, ദ്വാപര, കലി എന്നിങ്ങിനെ നാലു യുഗത്തിങ്കലും അനേകം രാജാക്കന്മാർ ഭൂമി വഴിപോലെ വാണു രക്ഷിച്ചതിന്റെ ശേഷം, ക്ഷത്രിയ കുലത്തിങ്കൽ ദുഷ്ടരാജാക്കന്മാരുണ്ടായവരെ മുടിച്ചുകളവാനായിക്കൊണ്ടു ശ്രീപരശുരാമൻ അവതരിച്ചു. എങ്കിലൊ പണ്ടു ശ്രീപരശുരാമൻ ഇരുപത്തൊന്നു വട്ടം മുടി ക്ഷത്രിയരെ കൊന്ന ശേഷം വീരഹത്യാ ദോഷം പോക്കെണം എന്നു കല്പിച്ചു, കർമ്മം ചെയ്'വാന്തക്കവണ്ണം ഗോകർണ്ണം പുക്കു, കന്മലയിൽ ഇരുന്നു, വരുണനെ സേവിച്ചു തപസ്സു ചെയ്തു, വാരാന്നിധിയെ നീക്കം ചെയ്തു, ഭൂമി ദേവിയെ വന്ദിച്ചു, നൂററുപത്തു കാതം ഭൂമിയെ ഉണ്ടാക്കി, മലയാളഭൂമിക്ക് രക്ഷവേണം എന്നു കല്പിച്ചു, 108 ഈശ്വരപ്രതിഷ്ഠ ചെയ്തു. എന്നിട്ടും ഭൂമിക്കിളക്കം മാറിയില്ല എന്നു കണ്ടശേഷം ശ്രീപരശുരാമൻ നിരൂപിച്ചു ബ്രാഹ്മണരെ ഉണ്ടാക്കി, പല ദിക്കിൽനിന്നും കൊണ്ടുവന്നു കേരളത്തിൽ വെച്ചു, അവർ ആരും ഉറച്ചിരുന്നില്ല; അവർ ഒക്ക താന്താന്റെ ദിക്കിൽ പോയ്ക്കളഞ്ഞു. അതിന്റെ ഹേതു കേരളത്തിൽ സർപ്പങ്ങൾ വന്നു നീങ്ങാതെ ആയി പോയി; അവരുടെ പീഡകൊണ്ടു ആർക്കും ഉറച്ചു നില്പാൻ വശമല്ലാഞ്ഞതിന്റെ ശേഷം നാഗത്താന്മാർ കുറയ കാലം കേരളം രക്ഷിച്ചു, എന്റെ പ്രയത്നം നിഷ്ഫലം എന്ന് വരരുത് എന്നു കല്പിച്ചു, ശ്രീ പരശുരാമൻ ഉത്തര ഭൂമിയിങ്കൽ ചെന്നു, ആര്യപുരത്തിൽനിന്നു, ആര്യബ്രാഹ്മണരെ കൊണ്ടുപോന്നു. ആര്യബ്രാഹ്മണർ നടെ അഹിഛത്രം ആകുന്നദിക്കിന്നു പുറപ്പെട്ടു സാമന്തപഞ്ചകം ആകുന്ന ക്ഷേത്രത്തിൽ ഇരുന്നു, ആ ക്ഷേത്രത്തിന്നു കുരുക്ഷേത്രം എന്ന പേരുണ്ടു; അവിടെ നിന്നു പരശുരാമൻ 64 ഗ്രാമത്തെയും പുറപ്പെടീച്ചു കൊണ്ടുവന്നു നിരൂപിച്ചു, പരദേശത്ത് ഓരോരൊ അഗ്രഹാരങ്ങൾ ഗ്രാമം എന്നു ചൊല്ലിയ ഞായം അത്തു വേണ്ട എന്നു കല്പിച്ചു; 64 ഗ്രാമം ആക്കി കല്പിച്ചു 64ലിന്നും പേരുമിട്ടു.

അതാകുന്നത്: ഗോകർണ്ണം, ഗൊമകുടം, കാരവള്ളി, മല്ലൂർ, എപ്പന്നൂർ, ചെപ്പന്നൂർ, കാടല്ലൂർ, കല്ലന്നൂർ, കാര്യച്ചിറ, പൈയൻചിറ, ഇങ്ങിനെ ഗ്രാമം പത്തും തൃക്കണി, തൃക്കട്ടു, തൃക്കൺപാല, തൃച്ചൊല, കൊല്ലൂർ, കൊമലം, വെള്ളാര, വെങ്ങാടു, വെൺകടം, ചെങ്ങൊടു, ഇങ്ങിനെ ഗ്രാമം പത്തും; കൊടീശ്വരം, മഞ്ചീശ്വരം, ഉടുപ്പു, ശങ്കരനാരായണം, കൊട്ടം, ശിവവെള്ളി, മൊറ, പഞ്ച, വിട്ടൽ കുമാരമംഗലം, അനന്തപുരം, കണ്ണപുരം ഇങ്ങിനെ 12 ഗ്രാമം ഇങ്ങിനെ 32 ഗ്രാമം എന്നു കല്പിച്ചു; പൈയന്നൂർ, പെരിഞ്ചെല്ലൂർ

കരിക്കാട, ഈശാനമംഗലം, ആലത്തൂർ, കരിന്തൊളം, തൃശ്ശിവ പേരൂർ, പന്നിയൂർ, ചൊവരം, ശിവപുരം ഇങ്ങിനെ പത്തും; പറപ്പൂർ, ഐരാണിക്കുളം, മൂഷികക്കുളം, ഇരിങ്ങാടിക്കോട്ട, അടപ്പൂർ, ചെങ്ങനോട്ട, ഉളിയനൂർ, കഴതനാട്ട, കഴച്ചൂർ, ഇളിഭ്യം, ചമുണ്ഡ, ആവടിപുത്തൂർ ഇങ്ങിനെ പന്ത്രണ്ടും; കാട്ടകറുക, കിടങ്ങൂർ, കാരനല്ലൂർ, കവിയൂർ, എററുളനിയൂർ, നില്പണ്ണ, ആണ്മണി, ആണ്മളം, തിരുവല്ലായി, ചെങ്ങനിയൂർ ഇങ്ങിനെ 64 ഗ്രാമം എന്നു കല്പിച്ചു.

അവരെ ഗോകർണ്ണത്തിൽ വെച്ചു, തലമുടി ചിരച്ചു മുമ്പിൽ കുടുമ വെപ്പിച്ചു ''പൂർവ്വശിഖ പരദേശത്തു നിഷിദ്ധം എന്നു ചൊല്ലി, മുമ്പിൽ കുടുമ വെച്ചാൽ പിന്നെ അങ്ങു ചെന്നാൽ സ്വജാതികരം അംഗീകരിക്ക ഇല്ല'' എന്നിട്ടത്രെ മുമ്പിൽ കുടുമ വെച്ചത, അതിൻെറ ശേഷം ആറുപത്തുനാലിന്നും പൂവും നീരും കൂട ''ബ്രഹ്മക്ഷത്രമായി നിങ്ങരം അനുഭവിച്ചു കൊരംക'' എന്നു പറഞ്ഞു കൊടുക്കയും ചെയ്തു. ആ കൊടുത്തതു ഏകോദകം.

അതിൻെറ ശേഷം ഭൂമി രക്ഷിക്കേണം എന്ന് കല്പിച്ചു ''നിങ്ങരംക്ക് ആയുധപ്രയോഗം വേണമെല്ലൊ അതിന്നു എന്നോട് ആയുധം വാങ്ങി കൊരംക'' എന്നു 64ലിലുള്ളവരോട് ശ്രീ പരശുരാമൻ അരുളി ചെയ്താറെ, എല്ലാവരും കൂടി നിരൂപിച്ചു കല്പിച്ചു, ''ആയുധം വാങ്ങിയാൽ രാജാംശമായ്വരും തപസ്സിൻ കുറില്ലാതെ പൊം; വേദോച്ചാരണത്തിന്നു യോഗ്യമില്ല, ബ്രാഹ്മണരാകയും അനേകം കർമ്മങ്ങരംക്കൊക്കയും വൈകല്യവുമുണ്ടു എന്നു കല്പിച്ചു, 64ലിൽ പെരിഞ്ചെല്ലൂർ 3000, പൈയന്നൂർ 2000, പന്നിയൂർ 4000, പറപ്പൂർ 5000, ചെങ്ങന്നിയൂർ 5000, ആലത്തൂർ 1000, ഉളിയന്നൂർ 5000, ചെങ്ങനോട്ട 5000, ഐരാണിക്കുളം 4000, മൂഷികക്കുളം 1000, കഴതനാട്ട 1000, ഇങ്ങിനെ പത്തര ഗ്രാമത്തിൽ 14 ഗോത്രത്തിൽ ചിലരെ അവരോധിച്ചു 36000 ബ്രാഹ്മണരെ കല്പിച്ചു; 36000 ബ്രാഹ്മണരും കൂട ചെന്നു, 64 ഗ്രാമത്തിൻെറ കുറവു തീർത്തു, അവരുടെ സംവാദത്താൽ ശ്രീപരശുരാമനോട് ആയുധം വാങ്ങി, അവൻ ആയുധ പ്രയോഗങ്ങളും ഗ്രഹിപ്പിച്ചു കൊടുത്തു. കന്യാകുമാരി ഗോകർണ്ണപര്യന്തം കേരളം 160 കാതം ഭൂമി വാണു രക്ഷിച്ചു കൊരംക'' എന്നു പറഞ്ഞു, വാളിന്മേൽ നീർ പകന്നു കൊടുക്കയും ചെയ്തു. അവർ 3 വട്ടം കൈനീട്ടി നീർ വാങ്ങുകയും ചെയ്തു. ഭരദ്വാജഗോത്രത്തിലുള്ളവർ ശ്രീ പരശുരാമനോട ''ശസ്ത്രഭിക്ഷയെ ദാനം ചെയ്ക'' എന്നു ആയുധം വാങ്ങി എല്ലാവരുടെ സമ്മതത്താൽ കൈ കാട്ടി വാങ്ങിയ്തു, ശ്രീ പരശുരാമൻെറ അരുളപ്പാടാൽ വാളും ഭൂമിയും വാങ്ങുക ഹേതുവായിട്ട വാഴവർ എന്നവരെ പേരും ഇട്ടു; അവർ ഒരുത്തരെ കൊല്ലുവാനും ഒരുത്തരെ സമ്മതിപ്പിക്കേണ്ടു.

(മുമ്പിനാൽ ആയുധം വാങ്ങിയതു: 1 ഇടപ്പള്ളി നമ്പിയാതിരി, പിന്നെ 2. വെങ്ങനാട്ട നമ്പിയാതിരി, 3 കനിത്തലപ്പണ്ടാല, 4. പുത്തുമനക്കാട്ടു നമ്പിയാതിരി, 5. ഇളമ്പയിലിണ്ടാല, 6. പുന്നാ

ത്തുർ നമ്പിടി, 7. തലയൂർ മൂസ്സതു, 8. പിലാന്തോളി മൂസ്സതു, 9 ചൊഴത്ത ഇളയതു, 10. കഴിമണ്ണു മൂസ്സതു, 11. കല്ലുക്കാട്ട, ഇളയതു, 12. പൊന്നിനിലത്തു മുമ്പിൽ ഇങ്ങിനെ പന്ത്രണ്ടാം മുമ്പാക്കി കല്പിച്ചു) ''തങ്ങാം'' എന്നു പറവാൻ കാരണം തപശ്ശക്തി എന്നു ചിലർ നിരൂപിച്ചിരിക്കുന്നു. അതങ്ങിനെ അല്ല ശസ്ത്രഭിക്ഷയെ തങ്ങളുടെ ഗോത്രം വാങ്ങുകയാൽ ''വാം നമ്പി'' ആയ കാരണം വാം തങ്ങളുടെയ കൈയിലുണ്ടെന്ന സിദ്ധാന്തം ഇങ്ങിനെ ഭൂമി രക്ഷിപ്പാൻ 36000 ബ്രാഹ്മണരെ ആയുധപാണികളാക്കി കല്പിച്ചു.

അനന്തരം 64 ഗ്രാമത്തെയും കൂടെ വരുത്തി ''നടെ നടെ പീഡിപ്പിച്ച സർപ്പങ്ങൾക്ക് എല്ലാടവും ഓരൊ ഓഹരി ബ്രഹ്മസ്വത്താൽ കൊടുത്തു. നിങ്ങൾക്ക് അവർ സ്ഥാന ദൈവവും പരദേവതയുമായിരുന്നു രക്ഷിക്കേണം എന്നു കല്പിച്ചു, അവർക്ക് ബ്രഹ്മസ്വത്താൽ ഓരൊ ഓഹരി കൊടുത്തു, പ്രസാദത്തെയും വരുത്തി, അവക്ക് ബലിപൂജാകർമ്മങ്ങളെ ചെയ്തു പരിപാലിച്ചു കൊൾക എന്നരുളി ചെയ്തു. അവരെ സ്ഥാന ദൈവമാക്കി വെച്ചു, കേരളത്തിൽ സർപ്പപീഡയും പോയി. അതിന്റെ ശേഷം ആയുധപാണികൾക്ക് കേരളത്തിൽ 1008 നാല്പത്തീരടി സ്ഥാനം ഉണ്ടാക്കി, അനേകം കളരിപ്പരദേവതമാരെയും സങ്കല്പിച്ചു, അവിടെ വിളക്കും പൂജയും കഴിപ്പിച്ചു, സമുദ്രതീരത്തു ദുർഗ്ഗാദേവിയേയും പ്രതിഷ്ഠിച്ചു, മലയരികെ ശാസ്താവിനെ പ്രതിഷ്ഠിച്ചു, നാഗവും ഭൂതവും പ്രതിഷ്ഠിച്ചു, ഭൂമിയിൽ കനകചൂർണ്ണം വിതറി, അമത്തു കനകനീർ സ്ഥാപിച്ചു, രാശിപ്പണം അടിപ്പിച്ചു നിധിയും വെച്ചു, അങ്ങിനെ ഭൂമിക്കുള്ള ഇളക്കം തീർത്തു മാററി ഇരിക്കുന്നു.

അതിന്റെ ശേഷം ''ആര്യബ്രാഹ്മണർ മലയാളത്തിൽ ഉറച്ചിരുന്നു പോൽ'' എന്നു കേട്ടു മുമ്പിൽ സർപ്പഭീതി ഉണ്ടായിട്ടു പോയ പരിഷയും പൊന്നു വന്നു, അവർ ഒക്കെയും പഴന്തുളവർ ആയിപ്പോയി. അവരെ തുളുനാട്ടിൽ തുളുനമ്പിമാർ എന്നു പറയുന്നു; അവർ 64ലിൽ കൂടിയവരല്ല.

അതിന്റെ ശേഷം ശ്രീ പരശുരാമൻ 64 ഗ്രാമത്തെയും വരുത്തി, വെള്ളപ്പനാട്ടിൽ കൊണ്ടുവന്നു വെച്ചു. 64 ഗ്രാമത്തിന്നും 64 മഠവും തീർത്തു, 64 ദേശവും തിരിച്ചു കല്പിച്ചു. ഓരൊരൊ ഗ്രാമത്തിന്നു അനുഭവിപ്പാൻ വെവ്വെറെ ദേശവും വസ്തുവും തിരിച്ചുകൊടുത്തു. ഒരു ഗ്രാമത്തിന്നും വെള്ളപ്പനാട്ടിൽ വസ്തുവും തറവാടും കൂടാതെ കണ്ടില്ല. അവിടെ എല്ലാവർക്കും സ്ഥലവുമുണ്ടു, 64 ഗ്രാമത്തിന്നും വെള്ളപ്പനാട പ്രധാനം എന്നു കല്പിച്ചു.

പെരുമനഗ്രാമത്തിന്നു ചിലർക്കു പുരാണവൃത്തി കൽപ്പിച്ചു കൊടുത്തു; രണ്ടാമത വന്ന പരിഷയിൽ ചിലക്ക് തന്ത്രപ്രവൃത്തി കൊടുത്തു, 64 ഗ്രാമത്തിന്നും തന്ത്രപ്രവൃത്തി കൽപ്പിച്ചിട്ടില്ല; 64 ഗ്രാമത്തിലുള്ള ഇരിങ്ങാടിക്കുട, തരണനല്ലൂർ, കൈവട്ടക എടുത്തു തുടങ്ങി വട്ടകം വൃത്തി നാലു ആറു ഗ്രാമത്തിന്നു കല്പിച്ചിരിക്കുന്നു. പയ്യന്നൂർ

ഗ്രാമത്തിന്നു നമ്പിക്കുറു എല്ലാടവും കൽപ്പിച്ചു കൊടുത്തു. അനന്തരം 64 ലിലുള്ളവരോടരുളിച്ചെയ്തു ''ഇനി കേരളത്തിങ്കൽ ദേവതകറം പോന്നുവന്നു മനുഷ്യരെ പീഡിപ്പിച്ചു ദേവതഉപദ്രവം വർദ്ധിച്ചാൽ അപമൃത്യു അനുഭവിക്കും; അതു വരരുത'' എന്നു കല്പിച്ചിട്ടു് 64 ലിൽ ആറു ഗ്രാമത്തിൽ 12 ആളും കൽപ്പിച്ചു, 12 ആറംക്കു് മന്ത്രോപദേശവും ചെയ്തു. അതാകുന്നതു: മുമ്പിനാൽ പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ ''അടികച്ചെരി'' ''കാളകാട്ടു'' അങ്ങിനെ രണ്ടാറം കൽപ്പിച്ചു, മലയിൽനിന്നു വരുന്ന ദുർദ്ദേവതകളെ തടുപ്പാൻ ദുർമ്മന്ത്രം സേവിച്ചു തടുത്തുനിർത്തുക എന്നും ആപല്ക്കാലത്തിങ്കൽ ഭദ്രനെ സേവിച്ചു ആപത്തുകളെ നീക്കുക എന്നും അരുളിച്ചെയ്തു. ബ്രാഹ്മണരുടെ കർമ്മങ്ങറംക്കു് വൈകല്യമുണ്ടെന്നുകണ്ടു രണ്ടാമത കാളക്കാട്ടിന്നു കൽപ്പിച്ചിതു: സമുദ്രതീരത്തിങ്കന്നു വരും ജലദേവതകളെ തടുത്തു നിർത്തുവാൻ സന്മന്ത്രങ്ങളെ സേവിച്ചു സൽകർമ്മമൂർത്തിയെ പ്രസാദിപ്പിച്ചു ആപല്ക്കാലത്തിങ്കൽ ദുർഗ്ഗയെ സേവിച്ചാൽ ആപത്തു നീങ്ങും എന്നമരുളിച്ചെയ്തു. പിന്നെ കരികാട്ടു ഗ്രാമത്തിൽ ''കാണിയൊട കാട്ടുമാടം ഇങ്ങിനെ രണ്ടാറംക്കും ദുർമ്മന്ത്രവും സന്മന്ത്രവും'' കൽപ്പിച്ചു കൊടുത്തു. പിന്നെ ആലത്തൂർ ഗ്രാമത്തിൽ ''കക്കാട്ടു, കുഴിമന'' ഇങ്ങിനെ രണ്ടാളോടും ദുർമ്മന്ത്രം കൊണ്ടും സന്മന്ത്രം കൊണ്ടും ജയിച്ചോളുക എന്നു കൽപ്പിച്ചു. പിന്നെ ചൊവരത്തിൽ പുതുക്കൊട്ടു, പുതുമന എന്നവരെയും പെരുമന ഗ്രാമത്തിൽ ''കല്ലകാട്ടു, കക്കാട്ടുകൊളം'' എന്നിരുവരെയും ഇരിങ്ങാടിക്കുടെ ഗ്രാമത്തിങ്കൽ ''ചുണ്ടക്കാട്ടു, മൂത്തെമന'' ഇങ്ങിനെ രണ്ടാളെയും കൽപ്പിച്ചു. മലയിൽനിന്നു വരുന്ന ദുർദ്ദേവതകളെ തടുത്തു നിവർത്തുാൻ ആറാളെ ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും സമുദ്രത്തിങ്കന്നു വരുന്ന ദേവതകളെ തടുത്തുനിർത്തുവാൻ ആറാളെ സന്മന്ത്രമൂർത്തിയെ സേവിപ്പാനും ആക്കി ഇങ്ങിനെ ഉത്തമത്തിലും മദ്ധ്യമത്തിലും പന്ത്രണ്ടാളുകളെ കേരളത്തിൽ സമ്പ്രദായികറം എന്നു കൽപ്പിച്ചു. അതിന്റെശേഷം ശ്രീ പരശുരാമൻ അരുളിച്ചെയ്തു. ''എന്റെ വീരഹത്യാദോഷം ആർ കൈ ഏല്ക്കുന്നു'' എന്നതു കേട്ടു, ഭരദ്വാജഗോത്രത്തിൽ ചിലർ വീരഹത്യാദോഷം കൈ ഏല്പൂതുഞ്ചെയ്തു. അവർ രാവണനാട്ടുകരെ ഗ്രാമത്തിലുള്ളവർ ഈരിലെ പരിഷ എന്നു പേരുമിട്ടു ''നിങ്ങറംക്കു് ഒരീശ്വരൻ പ്രധാനമായ്‌വരെണമല്ലൊ അതിന്നു സുബ്രഹ്മണ്യനെ സേവിച്ചു കൊറംക എന്നാൽ നിങ്ങറംക്കുണ്ടാകുന്ന അല്ലലും മഹാവ്യാധിയും നീങ്ങി, ഐശ്വര്യവും വംശവും വളരെ വർദ്ധിച്ചിരിക്കും.വാളിന്നു നമ്പിയായവരെ വിശേഷിച്ചും സേവിച്ചു കൊറംക'' എന്നരുളി ചെയ്തു വളരെ വസ്തുവും കൊടുത്തു. ഇക്കേരളത്തിൽ എല്ലാവരും മാതൃപാരമ്പര്യം അനുസരിക്കേണം എനിക്കും മാതൃപ്രീതി ഉള്ള എന്നു് 64 ലിലുള്ളവരോടു് കല്പിച്ചപ്പോറം, എല്ലാവക്കും മനഃപീഡ വളരെ ഉണ്ടായി എന്നാറെ, പൈയന്നൂർ ഗ്രാമത്തിലുള്ളവർ നിരൂപ്പിച്ചു, പരശുരാമൻ അരുളിച്ചെയ്തു പോലെ അനുസരിക്കേണം എന്നു നിശ്ചയിച്ചു, മാതൃപാരമ്പര്യം

അനുസരിക്കയും ചെയ്തു. ചില ഗ്രാമത്തിങ്കന്നു കൂട അനുസരിക്കേണം എന്നു കല്പിച്ചു അവിന്റെ ശേഷം ആരും അനുസരിച്ചില്ല. പിന്നെ പരദേശത്തുനിന്നു പല വകയിലുള്ള ശൂദ്രരെ വരുത്തി, അവരെക്കൊണ്ടു മാതൃപാരമ്പര്യം വഴിപോലെ അനുസരിപ്പിച്ചു, അവർ 64 ഗ്രാമത്തിന്നും അകമ്പടി നടക്കേണം. എന്നും അവക്ക് രക്ഷ ബ്രാഹ്മണർ തന്നെ എന്നും കല്പിച്ചു.

ഇങ്ങിനെ ശ്രീ പരശുരാമൻ കർമ്മഭൂമി മലയാളം ഉണ്ടാക്കി, 64 ഗ്രാമത്തിൽ ബ്രാഹ്മണക്ക് ഉദകദാനം ചെയ്തു. മുമ്പിൽ 64 ഗ്രാമത്തിന്നും ഒരുമിച്ചു പൂവും നീരും കൊടുത്തതു അനുഭവിപ്പാൻ ജന്മം എന്നു പറയുന്നു. ആ കൊടുത്തതു ഓരൊ ഗ്രാമത്തിലുള്ള തറവാട്ടുകാരക്ക് ഒരുമിച്ചു കൊടുത്ത ഏകോദകം പിന്നെ ആറു പത്തു ഗ്രാമത്തിൽ 14 ഗോത്രത്തിൽ 36000 ബ്രാഹ്മണക്കു വാളിന്മേൽ നീർ പകർന്നു കൊടുത്തതു രാജാശം അവക്ക് എന്റെ ജന്മം എന്നു ചൊല്ലി വിരൽ മുക്കാം; മറെറവക്കും ''എന്റെ ജന്മം'' എന്നു വിരൽ മുക്കരുത്; അവക്കു അനുഭവത്തിന്നെ മുക്കുള്ളു ആവരന്യോന്യം മുക്കുമ്പോൾ ''എനിക്കനുഭവം'' എന്നു ചൊല്ലി വിരൽ മുക്കേണം ഇതറിയാതെ ജന്മത്തിന്നു വിരൽ മുക്കിയാൽ വിരൽ നേരെ വരികയില്ല; മുപ്പത്താറായിരത്തിലുള്ളവക്ക് കൊടുത്തതു ഏകോദകമല്ല; ഭൂമിയെ രക്ഷിപ്പാൻ അവരെ ആയുധപാണികളാക്കി കല്പിച്ചു.

ഇക്കേരളത്തിങ്കൽ വാഴുന്ന മനുഷ്യർ സ്വർഗ്ഗവാസികളോട് ഒക്കും ദേവലോകത്തിന്നു തുല്യമായ്‌വരേണം എന്നും സ്വർഗ്ഗാനുഭൂതി അനുഭവിക്കേണം എന്നു വെച്ചു ശ്രീ പരശുരാമൻ ദേവേന്ദ്രനെ ഭരം ഏല്പിച്ചു. തപസ്സിന്നാമാറു എഴുന്നെള്ളുകയും ചെയ്തു. ആറു മാസം വർഷം വേണം രാജ്യത്തിങ്കൽ അനേകം അനേകം സസ്യാദികൾ ഉണ്ടാകെണം, അന്നവും പൂവും നീരും പുല്ലും വഴിപോലെ വേണം; ദാനധർമ്മം വർദ്ധിച്ചു, ഐശ്വര്യം ഉണ്ടായിരിക്കേണം, ഐശ്വര്യം ഉണ്ടായിട്ടു ഈശ്വരസേവ വഴിപോലെ കഴിക്കേണം, ദേവപൂജയും പിതൃപൂജയും കഴിക്കേണം, അതിന്നു പശുക്കൾ വളരെ ഉണ്ടാകേണം അവററിന്നു പുല്ലും തണ്ണീരും വഴിക്കെ ഉണ്ടായ്‌വരേണം, എന്നിട്ടു ദേവേന്ദ്രനെ ഭരം ഏല്പിച്ചിരിക്കുന്നു. അതുകൊണ്ടു വേനിൽ കാലത്ത് ആറു മാസംവർഷം ആകുന്നതു. ദേവാലയങ്ങളും ദൈവത്തിൻ കാവുകളും ഐയപ്പൻ കാവുകളും ഭദ്രകാളിവട്ടത്തും ഗണപതികാവിലും മററും പല ഈശ്വരന്മാരെ കുടിവെച്ച കാവല്പാടുകളിലും സ്ഥാനങ്ങളിലും, ഊട്ടും പാട്ടും കഴിപ്പാനും ഉത്സവം, വേല, വിളക്ക, തീയാട്ടം, ഭരണിവേല, ആറാട്ടു, കളിയാട്ടം, പൂരവേല, ദൈവാട്ടം, തെയ്യാട്ടു, ദൈവമാററു, തണ്ണീരമൃതം, താലപ്പൊലി, പൈയാവിശാഖം, മാഹാമഖ, മാമാങ്ങവേല എന്നിങ്ങിനെ ഉള്ള വേലകൾ കഴിപ്പാനായ്ക്കൊണ്ടു, ആറു മാസം വേനിൽ വെളിച്ചവും കല്പിച്ചിരിക്കുന്നു.

ഇങ്ങിനെ ശ്രീ പരശുരാമൻ പടെക്കപ്പെട്ടൊരു കർമ്മഭൂമിയായി

ങ്കൽ ഭൂദേവന്മാർ പുലർകാലെ കുളിച്ചു നന്നായിരുന്നു കൊണ്ടു തങ്ങൾക്കുള്ള നിയമാദി ക്രിയകൾ ഒക്കയും കഴിച്ചു മററും മഹാ ലോകർക്കും വരുന്ന അല്പലും മാഹാ വ്യാധികളും ഒഴിപ്പാൻ ചെയ്യേണ്ടും ഈശ്വരസേവകൾ. ഹോമവും ധ്യാനവും ഭഗവതി സേവ, പുഷ്പാഞ്ജലി, അന്ത്യനമസ്കാരം, ത്രികാലപൂജ, ഗണപതിഹോമം, മൃത്യുഞ്ജയം, മൂന്നു ലക്ഷം സഹസ്രനാമം, ധാന്വന്തരം, ഗ്രഹശാന്തി, സഹസ്രഭോജനം എന്നിങ്ങിനെ അനേകം ഈശ്വരസേവകൾ കഴിച്ചു സുകൃതം വദ്ധിപ്പിക്ക എന്നു ശ്രീപരശുരാമൻ വേദബ്രാഹ്മണരോട അരുളിച്ചെയ്തു. ''ഈവണ്ണം'' എന്നു വേദബ്രാഹ്മണരും കൈഏല്ക്കുകയും ചെയ്തു. അങ്ങിനെ ഇരിക്കുമ്പോൾ, കേരളത്തിങ്കൽ വാഴുന്ന മനുഷ്യർ സ്വർഗ്ഗവാസികൾക്ക തുല്യം പോൽ എന്നു കേട്ടു, പല ദിക്കിൽനിന്നും പല പരിഷയിലുള്ള ബ്രാഹ്മണരും കേരളത്തിൽ പോന്നു വന്നതിൻെറ ശേഷം, ശ്രീ പരശുരാമൻ അവരെ പല ദിക്കിലും കല്പിച്ചിരുത്തി, പല ദേശത്തും പല സ്ഥാനങ്ങളും കല്പിച്ചു കൊടുത്തു. വേദബ്രാഹ്മണർ അദ്ധ്ബ്രാഹ്മണരെ കൊണ്ടു ഭൂമിദാനം വാങ്ങി, അവരുടെ പേക്ക് ഓരോ ദേശമാക്കി ദേശത്തിൽ ഓരോരു ക്ഷേത്രം ചമച്ചു, പ്രതിഷ്ഠ കഴിച്ചു, ബിംബത്തിങ്കൽ പൂജയും ശിവവേലിയും കഴിച്ചു, നിറമാലയും ചാത്തി, തങ്ങൾക്ക് ഗ്രാമത്തിൽ സ്ഥാനദൈവത്തേയും സ്ഥലപരദേവതമാരെയും കുടിവെച്ചു, ഊർപ്പള്ളിദൈവത്തെ കുടിവെച്ചു. അവിടവിടെ ചെയ്യിപ്പിക്കേണ്ടും വേലയും വിളക്കും ഊട്ടും തിറയും കൊടുപ്പിച്ചു, പല ദിക്കിൽനിന്നും ശൂദ്രരെ വരുത്തി ഇരുത്തി, അവക്ക് പല മര്യാദയും കല്പിച്ചു കൊടുത്തു; ദേശത്ത അടിമയും കുടിമയും ഉണ്ടാക്കി, അടിയാരെയും കുടിയാരെയും രക്ഷിച്ചു, തറയും സങ്കേതവും ഉറപ്പിച്ചു, തറയകത്ത് നായന്മാരെ കല്പിച്ചു, അവരെ കൊണ്ടു ഓരൊ കണ്ണും കൈയും കല്പനയും കല്പിച്ചു, അവകാശത്തിന്നു താഴ്ചയും വീഴ്ചയും വരാതെ പരിപാലിച്ചു, കുടിയാക്ക് കീഴായ്ക്കുറും തങ്ങൾക്ക് മേലായ്ക്കുറും മേലാഴിയും കുടിയാക്ക് കാണവും തങ്ങൾക്ക് ജന്മവും കല്പിച്ചു, കാണജന്മമര്യാദയും നടത്തി, ബ്രാഹ്മണാചാരവും ശൂദ്രമര്യാദയും കല്പിച്ചു, ഊരിൽ ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരുടെ ഇല്ലവും തീർപ്പിച്ചു, തങ്ങൾക്കുള്ള ദേവപൂജയും പിതൃപൂജയും കല്പിച്ചു, നേരും ന്യായവും നടത്തി, 64 ഗ്രാമത്തിലുള്ള വേദബ്രാഹ്മണരെ ആനന്ദിപ്പിച്ചു, ദാനധമ്മങ്ങളും ചെയ്തു, അങ്ങിനെ ഇരിപ്പു മുപ്പത്താറായിരത്തിലുള്ളവർ അദ്ധ്ബ്രാഹ്മണർ ഭൂമിദാനം വാങ്ങുകകൊണ്ടും വീരഹത്യാദോഷത്തെ പരിഗ്രഹിക്കകൊണ്ടും പാതി ബ്രാഹ്മണത്വം കുറഞ്ഞുപോയിരിക്കുന്നു. അദ്ധ്ബ്രാഹ്മണർ ആയുധപാണികളായി പാടു നടക്കയും പട കൂട്ടുകയും അകമ്പടി നടക്കുകയും ചെയ്യും; അതുകൊണ്ടു വാൾ നമ്പിയായതു. പട്ടിണി നമ്പിക്ക് ശംഖും കുടയും അല്ലാതെ, മററൊരായുധമില്ല; അവന്നു ഒരു സങ്കടം ഉണ്ടായാൽ കുളക്കടവിൽ ചെന്നു കൊഞ്ഞനം

കാട്ടിയാലും കൊന്നാലും ശംഖും വിളിച്ചു പട്ടിണി വെച്ചു പാർക്കെ ഉള്ളു; വാരനമ്പിയെ കൂടെ സമീപത്തിൽ നിറുത്തുകയും ചെയ്യും.

ഇനി മേലിൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോരൊ കൂറു ചൊല്ലിയും സ്ഥാനം ചൊല്ലിയും വിവാദിച്ചു, കർമ്മവൈകല്യം വരുത്തി, കർമ്മഭൂമി ക്ഷയിച്ചു പോകരുത എന്നു കല്പിച്ചു. 64ലിനെയും പെരിഞ്ചെല്ലൂരിൽനിന്നുള്ള മൂവ്വായിരം തൊട്ടു 36000ത്തിലുള്ളവരെയും പല ദിക്കിൽനിന്നും പല പരിഷയിൽ പോന്നുവന്ന ബ്രാഹ്മണരെയും ഒരു നിലയിൽ കൂട്ടി, അവരോടരുളിച്ചെയ്തു. ''ഇനി സ്വല്പകാലം ചെല്ലുമ്പോൾ, അന്യോന്യം പിണങ്ങും അതു വരരുത'' എന്നു കല്പിച്ചു, 64 ഗ്രാമത്തിൻെറ കുറവും തീർത്തു നടപ്പാൻ നാലു കഴകത്തെ കല്പിച്ചു. അതാകുന്നതു: മുമ്പിനാൽ പെരിഞ്ചെല്ലൂർ, പിന്നെ പൈയന്നൂർ പിന്നെ പറപ്പൂർ, പിന്നെ ചെങ്ങനിയൂർ, മുപ്പത്താറായിരത്തിലുള്ളവർ വളരെ കാലം രാജ്യം രക്ഷിച്ചതിൻെറ ശേഷം ഓരോരൊ കൂറു ചൊല്ലിയും ദേശം ചൊല്ലിയും തങ്ങളിൽ വിവാദിച്ചു, നാട്ടിൽ ശിക്ഷാരക്ഷ കുറഞ്ഞു കാൺക ഹേതുവായിട്ടു, ബ്രാഹ്മണർ എല്ലാവരും കൂടി നിരൂപിച്ചു കല്പിച്ചു, നാലു കഴകത്ത് ഓരൊരുത്തർ രക്ഷാപുരുഷരായിട്ടു മൂവ്വാണ്ടേക്ക് മൂവ്വാണ്ടേക്ക് അവരോധിപ്പാൻ ഈ നാലു കഴകവും കൂടിയാൽ മതി എന്ന വ്യവസ്ഥ വരുത്തി, നാലു കഴകവും അകലത്താകകൊണ്ടു കാര്യത്തിന്നു കാലവിളംബനമുണ്ടെന്നേറിക; നാലു കഴകത്തിൻെറ കുറവു തീർത്തു നടപ്പാൻ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ 4 ദേശത്ത നാലാറ തന്നെ കല്പിച്ചു. ഈ നാലിൽ ചെങ്ങനിയൂർ 64 ഗ്രാമത്തിൽ കൂടാ എന്നു ചിലർ പറയുന്നു. ആ പറയുന്ന ജനം വഴിപോലെ അറിഞ്ഞതുമില്ല. ഇതു പറവാൻ കാരണം: ചെങ്ങനിയൂർ കഴകത്തിലുള്ളവർ ഒക്കെത്തക്ക ഒരു കല്പന ഉണ്ടായാൽ 64 ലിന്നും കൂട ക്ഷേത്രസംബന്ധം കൊടുത്തു. അവിടെ ചില തമിഴർ വന്നു നിറഞ്ഞു. ആ വന്ന തമിഴരും അവിടെയുള്ള ബ്രാഹ്മണരും തമ്മിൽ ഒരു ശവം ദഹിപ്പിക്കകൊണ്ടു തങ്ങളിൽ ഇടഞ്ഞു, തമിഴക്ക് സംസ്കരിക്കായതുമില്ല. അതിൻെറ ശേഷം തമിഴർ ഒക്കെത്തക്ക നിരൂപിച്ചു അവിടെ ഉള്ള ജനത്തേയും അറുപത്തുനാലിൽ ക്ഷേത്രസംബന്ധം കൊടുത്തിട്ടുള്ളവരെയും കൂട്ടികൊണ്ടുപോയി, ശവം പുഴയിൽ വലിച്ചിട്ടു കളകയും ചെയ്തു. അതുകൊണ്ടു ചെങ്ങനിയൂർ കഴകത്തിലുള്ളവരെ 64 കൂട്ടുക ഇല്ല എന്നു ചിലർ പറയുന്നു; തമിഴരായതു എങ്ങിനെ എന്നും അവർക്ക് ബ്രഹ്മഹത്യാ ഉണ്ടായ്തു എങ്ങിനെ എന്നും ഈശ്വരന്നു അറിഞ്ഞു കൂടും.

വിശേഷിച്ച് ഈ കല്പിച്ച നാലു കഴകത്തിലും ഓരൊരുത്തൻ മൂവാണ്ടേക്ക് മൂവാണ്ടേക്ക് രക്ഷാപുരുഷനായിട്ട് രക്ഷിപ്പാനാകുമ്പോൾ രക്ഷാപുരുഷന്നും അവനോട കൂട നടക്കുന്നവർക്കും അനുഭവത്തിന്നായി കൊണ്ടു എല്ലാവരുടെ വസ്തുവിന്മേൽ ഷൾഭാഗത്തെ ഉണ്ടാക്കി കൊടുക്കയും ചെയ്തു. അങ്ങിനെ വളര കാലം കഴിഞ്ഞ

ശേഷം അന്നന്ന അവരോധിച്ച നടക്കുന്നവർ അവരോധനമ്പി എന്ന ചൊല്ലുന്നു. അവരോധനമ്പിയാകുന്നതു: കാഞ്ഞൂർ കിണാങ്ങാട്ട കരിങ്ങംവള്ളി എന്നിങ്ങിനെ തെക്കു വടക്കു വസ്തുവുള്ള പരിഷ പലരുമുണ്ട. അതല്ലാതെ തെക്കും വടക്കും തങ്ങളുടെ സ്വന്തങ്ങൾ കൊണ്ടുണ്ടാക്കീട്ടുമുണ്ട.

ഇങ്ങിനെ അവരോധിച്ച നടക്കും കാലങ്ങളിൽ ''തനിക്ക് തനിക്ക് മൂവ്വാണ്ടേക്കല്ലൊ ഉള്ളു; അതിന്നിടെക്ക് വസ്തു ഉണ്ടാക്കുക അത്രെ വേണ്ടുവത'' എന്ന് കല്പിച്ച നാട്ടിലുള്ള പ്രജകളെ ഉപദ്രവിച്ച തുടങ്ങി, കോഴ കൊണ്ടു അൎത്ഥം തടിപ്പിക്കയും നിധി സൂക്ഷിക്കയും ചെയ്തു മുഴുത്തു. ഇങ്ങിനെ സ്വല്പകാലം ചെല്ലുമ്പോൾ ''ഈ അവരോധിച്ച പരിഷെക്കായ്പോകും തെക്കുവടക്കുള്ള വസ്തു ഒക്കെയും അതു വരുത എന്നു കല്പിച്ച ഐകമത്യപ്പെട്ടു, നാം ഓരോരൊ രാജാവിനെ ഉണ്ടാക്കുമാറു എന്നു കല്പിച്ച. ഈ അവരോധിച്ച നമ്പികൾക്ക് ജന്മത്തിന്നു ജന്മം ചൊല്ലി, വിരൽ മുക്കേണം എന്നു വരികിൽ അവൎക്ക് ജന്മത്തിന്നു കഴിവില്ല; മററെയവൎക്ക് മുക്കിയാൽ അതു കണ്ടു നടക്കെ ഉള്ളു.

[ബ്രാഹ്മണർ തിരുനാവായി മണപ്പുറത്തു കൂടി ഒരു സഭയായി നിരൂപിച്ച, ഇനിമേലിൽ പത്തര ഗ്രാമത്തിൽ ഓരൊരുത്തർ പന്തീരാണ്ടു പന്തീരാണ്ടു നാട്ട പരിപാലിക്ക എന്നു നിശ്ചയിച്ച, തൃക്കാരിയൂർ തൃക്കൊട്ടിന്നും രക്ഷാപുരുഷന്മാരായി വാൾ എടുപ്പാൻ അവരോധിച്ച കല്പിച്ചപ്പോൾ, ഞാൻ എന്നും ഞാൻ എന്നും തമ്മിൽ വിവാദിച്ചതിന്റെ ശേഷം എല്ലാവരും കൂടി നിരൂപിച്ച, ഇനിമേൽ ബ്രാഹ്മണർ നാട്ട പരിപാലിച്ചാൽ നാട്ടിൽ ശിക്ഷാരക്ഷ ഉണ്ടാകയില്ല. ഇനി നാട്ട പരിപാലിപ്പാൻ ഒരു രാജാവു വേണം എന്നു നിശ്ചയിച്ച, രാജാവിനെ ഉണ്ടാക്കുവാൻ 64 ഗ്രാമത്തിന്റെ കുറവു തീൎത്തു; പന്നിയൂർ, പറപ്പൂർ, പെരിഞ്ചെല്ലൂർ, ചെങ്ങനിയൂർ ഈ നാലു കഴകം കൂടിയാൽ മതി എന്ന വ്യവസ്ഥ വരുത്തി, 4 കഴകവും ഒരു സഭയായിരുന്നു നിരൂപിച്ച പുറപ്പെട്ടു, പരദേശത്തു ചെന്നു, കെയാപുരത്തിങ്കൽനിന്നു കെയപെരുമാളെ കൂട്ടിക്കൊണ്ടു പോന്നു, കേരളം എന്ന പ്രദേശത്തുവെച്ച വാഴിച്ച.]

2 പെരുമാക്കൻമാരുടെ കാലം

1. ആദ്യ പെരുമാക്കന്മാർ

അനന്തരം രാജാവിനെ ഉണ്ടാക്കുവാൻ അവർ ഒക്കത്തക്ക പരദേശത്തു ചെന്നു, ഒരു ക്ഷത്രിയനേയും ക്ഷത്രിയ സ്ത്രീയെയും കൂട്ടിക്കൊണ്ടു പോന്നു. ക്ഷത്രിയസ്ത്രീയെ ബ്രാഹ്മണർ വിവാഹം ചെയ്തിരിപ്പു. അതിലുണ്ടാകുന്ന സന്തതി ക്ഷത്രിയരത്രെ ആകുന്നത എന്നൊരു മിച്ച സമയം ചെയ്തു. ആ പരപ്പ കുറഞ്ഞൊന്നു പറവാനുണ്ടു: അതു

വേണ്ടാ വിശേഷിച്ചു അന്നു കൊണ്ടുവന്ന ക്ഷത്രിയന്നു ചേരമാൻ—കേരളൻ പെരുമാൾ എന്ന പേരാകുന്നതു. ഇത് മലനാട്ടിലെ രാജാവ്. ചോഴമണ്ഡലത്തിലെ രാജാവു ചോഴപ്പെരുമാൾ, പാണ്ടിമണ്ഡലത്തിലെ രാജാവ് പാണ്ടിപ്പെരുമാൾ എന്നും കുലശേഖരപ്പെരുമാൾ എന്നും ചൊല്ലുന്നു ഇങ്ങിനെ പെരുമാക്കന്മാരാകുന്നതു മലനാടു കൊണ്ടു 4 ഖണ്ഡം, ഗോകർണ്ണത്തിൽനിന്നു തുളുനാട്ടിൽ പെരുമ്പുഴയൊളം തുളുരാജ്യം. പെരുമ്പുഴെക്കൽ നിന്നു പുതുപട്ടണത്തോളം കൂവരാജ്യം. *പുതുപട്ടണത്തിൽനിന്നു കന്നെററിയോളം കേരളരാജ്യം. കന്നെററിയിൽ നിന്നു കന്യാകുമാരിയോളം മൂഷികരാജ്യം ഇങ്ങിനെ 4 ഖണ്ഡത്തിന്റെയും പേർ. കേരളത്തിൽ 11 അനാചാരം, പരദേശത്തു 22 അനാചാരം.

മുമ്പിനാൽ രാജാവിനെ കൊണ്ടുവന്നു വെക്കുമ്പോൾ, ബ്രാഹ്മണർ കൈ പിടിച്ചു സമയം ചെയ്തു ഇപ്രകാരം ‘‘ഞങ്ങളാൽ സാദ്ധ്യമല്ലാത്തതിനെ സാധിപ്പിച്ചു രക്ഷിച്ചു വെപ്പൂ. ഞങ്ങൾ അന്യായപ്പെട്ടാലൊ ആപത്തുകൾ ഉണ്ടായാലൊ അന്നു ഞങ്ങൾ രാജ്യകാര്യങ്ങൾ തന്നെ വ്യാപരിക്കും പൊൾ, അത് എന്ത് നിങ്ങൾ എന്നെ കല്പിച്ചതിന്റെ ശേഷം നിങ്ങൾ തന്നെ വ്യാപരിക്കുന്നു എന്നു രാജാ പറക മാത്രം ഉണ്ടു. ബ്രാഹ്മണരോട് ചോദ്യം വേണ്ട’’ എന്നിട്ട് ഇന്നും ഓരൊ അപരാധങ്ങൾ ഉണ്ടായാൽ ‘‘നിങ്ങൾ തങ്ങൾ തന്നെ വ്യവഹരിക്കുന്നു എന്തു നിങ്ങൾ നമ്മോട് അന്യായപ്പെടാഞ്ഞു’’ എന്നു പറക മാത്രം ഉണ്ടു. അതു നടയത്തെ സമയകാരണം മററുള്ള രാജ്യത്തിങ്കൽ രാജാവെ അന്വേഷിച്ചു പോകേണ്ടു; കേരളത്തിൽ ഇതൊക്കയും ഉദ്ധരിച്ചിട്ട് എല്ലാവരും രാജാവിന്നു അനുഭവിപ്പാൻ വസ്തു കൊടുക്ക ചെയ്തു. അഹിഛത്രത്തിലിരുന്നു 14 ഗോത്രത്തിങ്കലെ ബ്രാഹ്മണർ കൂടി നെൽവീഴ്ത്തി (നീർ വീഴ്ത്തി നല്ല വൃത്തി കൊടുത്തു; അത് ഇന്നും വിരുത്തി വൃത്തി എന്നു ചൊല്ലുന്നു. രാജഭോഗം ചില ദിക്കിൽ കൊടുത്തതു ചില ദിക്കിൽ ബ്രാഹ്മണർ തങ്ങൾക്ക് തന്നെ എന്നു കല്പിച്ചു, ചില ദിക്കിൽ ക്ഷേത്രം പ്രധാനമായി രാജാവിന്നു അനുഭവം. രാജാവിന്നു അരയിരിക്കസ്ഥാനവും കൊടുത്തു; അല്ലൂർ കൊടുങ്ങല്ലൂർ പെരുങ്കോവിലകം എന്നു കല്പിച്ചു.

കേയപേരുമാളും ബ്രാഹ്മണരുമായി അന്യോന്യം കൈ പിടിച്ചു പല സമയവും സത്യവും ചെയ്തിട്ടത്രെ മലനാടു വാഴുവാൻ കൽപ്പിച്ചതു. പിന്നെ മലനാട്ടിൽ അപ്പെരുമാൾക്ക് രാജഭോഗം വിരുത്തിയും കൽപ്പിച്ചു കൊടുത്തു. പെരുമാൾക്ക് എഴുന്നെള്ളി ഇരിപ്പാൻ തളിപ്പറമ്പിന്നു വടക്ക് തലയൂർ എന്ന പ്രദേശത്ത് ഒരു കോവിലകം തീർത്തു, പരശുരാമൻ ഭൂമി കേരളം വഴിപോലെ പരിപാലിക്കേണം എന്നു കൽപ്പിച്ചു. പന്തീരാണ്ടു വാഴുവാൻ കേയപ്പേരുമാളെ കൈപി

* മൂഷികരാജ്യം എന്നും ചൊല്ലുന്നു.

ടിച്ചിരുത്തി, ഭൂമൌ ഭൂപോയം പ്രാപ്യ എന്ന കലി. *4941 കലി, 216 ക്രിസ്താബ്ദം. ആ പെരുമാൾ 8 സംവത്സരം 4 മാസവും നാട്ട പരിപാലിച്ചശേഷം ആ പെരുമാളുടെ സ്വൎഗ്ഗാരോഹണം പന്തീരാണ്ട കഴിഞ്ഞശേഷം അപ്പെരുമാളും ബ്രാഹ്മണരുമായി അടിയന്തരം കല്പിച്ചു. ഇങ്ങിനെ കേയപ്പെരുമാളുടെ വാഴ്ച കഴിഞ്ഞു; സ്വൎഗ്ഗത്തിന്ന എഴുന്നെള്ളിയ ശേഷം ചൊഴമണ്ഡലത്തിങ്കൽ നിന്ന ചൊഴപ്പെരുമാളെ കൂട്ടി കൊണ്ട പോന്ന, കേരളത്തിങ്കൽ 12 ആണ്ട വാണ പരിപാലിപ്പാൻ കല്പിച്ച വാഴ്ച കഴിച്ചു, പെരുമാൾ എഴുന്നെള്ളി ഇരിപ്പാൻ ചൊഴക്കര എന്നൊരു കോവിലകവും തീൎത്തു) 10 സംവത്സരവും 2 മാസവും വാണതിന്റെ ശേഷം ചോഴമണ്ഡലത്തിങ്കലെക്ക് എഴുന്നെള്ളുകയും ചെയ്തു, അതിന്റെ ശേഷം പാണ്ടിമണ്ഡലത്തിങ്കന്ന പാണ്ടിപ്പെരുമാളെ കൂട്ടി കൊണ്ട പോന്ന പാണ്ടിവമ്പന എന്ന പ്രദേശത്ത് കൈ പിടിച്ചിരുത്തി വാഴ്ച കഴിച്ചു. ആ പെരുമാൾ ആകട്ടെ അവിടെ ഒരു കോട്ടപ്പടിയും തീൎത്തു. 9 സംവത്സരം നാട്ട വാണശേഷം, പാണ്ടിമണ്ഡലം രക്ഷിപ്പാനാളില്ല'' എന്ന കല്പിച്ചു പാണ്ഡിമണ്ഡലത്തിൽ നിന്ന ആൾ പോന്ന വന്നതിന്റെ ശേഷം ആ പെരുമാൾ പാണ്ടിമണ്ഡലത്തിന്ന് എഴുന്നെള്ളുകയും ചെയ്തു.

മുമ്പിൽ ഭൂതരായ പാണ്ഡ്യപ്പെരുമാൾ എന്ന ഒരാൾ കേരളം വാണിരുന്ന, അയ്യാളുടെ ശരീരരക്ഷസ്സും ഭൃത്യപ്രവൃത്തിക്കും രണ്ട ഭൂതങ്ങൾ ഉണ്ടായിരുന്നു; ഈ പെരുമാൾ രാജ്യഭാരം ചെയ്തു പോരുന്ന കാലത്ത് ബ്രാഹ്മണൎക്ക് ഇദ്ദേഹത്തോട്ട വൈരം വൎദ്ധിച്ച വശമായി, ഇദ്ദേഹത്തെ ഏതുപ്രകാരം എങ്കിലും കുല ചെയ്യേണം എന്ന വിചാരിച്ചു, അവർ ആഭിചാരം ചെയ്തു നോക്കിയതിൽ, ഈ ഭൂതങ്ങളുടെ സഹായം ഉണ്ടായിരിക്കുമ്പോൾ ആ പെരുമാളെ കൊന്നുകൊൾവാൻ പ്രയാസം തന്നെ എന്ന കണ്ട, ആ ഭൂതങ്ങളെ അകററേണ്ടതിന്ന ഒരു ചതി പ്രയോഗം ചെയ്യേണം എന്ന നിശ്ചയിച്ചു. ഒരു ഭട്ടത്തിരി ഞാൻ ചെന്ന ഭൂതങ്ങളെ അകററി കൊന്നേച്ച വരാം എന്ന ശപഥം ചെയ്തു പുറപ്പെട്ടു, പെരുമാളുടെ അടുക്കെ ചെന്ന, ചതുരംഗം വെച്ചു, പെരുമാളെ തോല്പിച്ചു, ഓരൊരുവാതു വെച്ച ജയിച്ചു തുടങ്ങി. ഇങ്ങിനെ ഒരു വരെക്ക് ഈ ഭൂതങ്ങൾ രണ്ടും ഇദ്ദേഹത്തിന്റെ ദാസ്യ പ്രവൃത്തി ചെയ്യുത്തക്കവണ്ണം അടിമയായി എടുത്തു, ആ ഭൂതങ്ങളോട്ട ''നിങ്ങൾ ചെന്ന സമുദ്രത്തിൽ എത്ര തിര വരുന്നുണ്ട എന്ന നോക്കി കണക്ക കൊണ്ട വരുവിൻ'' എന്ന പറഞ്ഞയക്കയും ചെയ്തു. ഭൂതങ്ങൾ സമുദ്രകരയിൽ ചെന്ന തിര എണ്ണി ഒടുക്കം കാണാതെ അവിടെ തന്നെ നിന്നുപോയി, പിന്നോക്കി വന്നതുമില്ല. അന്ന വൈകുന്നേരം പെരുമാളെ കുല ചെയ്യേണം എന്ന ശേഷം ബ്രാഹ്മണരെ അറിയിച്ചാറെ, ബ്രാഹ്മണർ 10 ഗ്രാമക്കാരും തികഞ്ഞ ആയുധപാണികളായി കോവിലകത്ത് ചെന്നതിന്റെ ശേഷം ഈ ഭട്ടത്തിരി വധി

* 1111454.

ക്കയും ചെയ്തു. പിന്നെ ''ഹിംസചെയ്ത ദോഷം ഉണ്ടല്ലൊ'' എന്നു വിചാരിച്ചു നാം പടിമേലിരുന്നു കൊള്ളാം എന്നു പറഞ്ഞു വേറെ ഒരു പടിമേൽ കുത്തിയിരുന്നു; അന്നു തുടങ്ങി നമ്പിടി എന്നു പേരാകയും ചെയ്തു. ആയതത്രെ കക്കാട്ടുകാരണപ്പാട്ട എന്നു നമ്പിടി ആകുന്നത്).

ഭൂതരായർ എന്ന പേർ വരുവാൻ സംഗതി കേരളമാഹാത്മ്യം അദ്ധ്യ. 90 പറഞ്ഞിരിക്കുന്നു. പാണ്ഡ്യ ഭൂപസ്സമാഗത്യ സൈനാഭിർ ഭൂതസങ്കുലെ ഇത്യാദി. ആ പാണ്ഡ്യൻ മലയാളത്തെ ഭൂതസൈന്യങ്ങളോട് വന്നാക്രമിച്ച് ഭൂതനാഥൻ എന്ന അമ്പലത്തേയും അങ്ങാടിയേയും നിർമ്മിച്ചുണ്ടാക്കുമ്പോൾ, പരശുരാമൻ അവനോട്ട, യുഷ്മാകഞ്ചത്തു മൽഭൂമാവേവം ആഗമനം വൃഥാ എന്നും ആദിത്യായമയാദത്താ. ഞാൻ അദിത്യവർമ്മൻ എന്ന തെക്കെ രാജാവിന്നു കൊടുത്തിരിക്കുന്നു എന്നും കോപിച്ചു പറഞ്ഞ ശേഷം യുദ്ധം ഉണ്ടായിട്ടു ഭൂതങ്ങൾ തോററു ഭൂതപാണ്ടി എന്ന സ്ഥലം നാടതിരായ്യുമാകയും ചെയ്തു.

കലിയുഗത്തിൻെറ ആരംഭം തുടങ്ങി ദുഷ്ടന്മാർ വന്നതിക്രമിക്കയാൽ, 64 ഗ്രാമത്തിലുള്ളവർ ഓരൊരൊ രാജാവിനെ കല്പിക്കേണം എന്നു ശ്രീ പരശുരാമനോട് ഉണർത്തിച്ചാറെ, ശ്രീ നാവാക്ഷേത്രത്തിങ്കൽ തിരുനാവായി ഭഗവാൻെറ ഉത്സവത്തിന്നായ്ക്കൊണ്ടു ഗംഗാദേവി എഴുന്നെള്ളും ദിവസം സ്നാനം ചെയ്തു. ഭൂമിക്ക് ഷൾഭാഗവും കൂടാതെ നിങ്ങൾക്ക് തെളിഞ്ഞ ആളെ രാജാവാക്കി, പെരാററിലെ വെള്ളം കൊണ്ടഭിഷേകവും ചെയ്തുകൊള്ളുക എന്നരുളിച്ചെയ്തു. ശേഷം ശത്രുസംഹാരത്തിന്നും ക്ഷേത്രരക്ഷയ്ക്കും പരശുരാമൻ ഭദ്രകാളിയുടെ വാൾ വാങ്ങി, ബ്രാഹ്മണരുടെ പക്കൽ കൊടുപ്പൂതും ചെയ്തു. അവർ എല്ലാവരും കൂടി ചോഴമണ്ഡലമാകുന്ന രാജ്യത്തിങ്കൽ ചെന്നു കേരളൻ എന്ന പേരായിരിക്കുന്ന തുളുനാട്ടിൽ പറയുന്ന വൃത്താന്തം ഭൂതാളപാണ്ടി എന്നൊരു ധനവാൻ ഭൂതസഹായം കൊണ്ടു തുളുനാട്ടിൽ കപ്പൽ വഴിയായി പോയി വന്നു, പെറക്കൂരിൽ രാജാവായ ശേഷം. ജൈനരിൽ 12 കന്യകമാരെ പരിഗ്രഹിച്ചു, അവരുടെ മക്കൾക്ക് തുളുരാജ്യം വിഭാഗിച്ചു കൊടുത്തു; മരുമക്കത്തായം എന്ന അനാചാരത്തെ കല്പിക്കയും ചെയ്തു.

രാജാവിനെ കൂട്ടിക്കൊണ്ടു വന്നു കർക്കടകവ്യാഴം മാഘമാകുന്ന കുംഭമാസത്തിൽ പൂയത്തുനാൾ പേരാററിൽ സ്നാനം ചെയ്തു, അഗസ്ത്യമഹർഷിയുടെ ഹോമകുണ്ഡത്തിൽനിന്നു തീർത്ഥം ഒഴകി, സമുദ്രത്തിൽ കൂടിയിരിപ്പൊരു പുണ്യ നദിയാകുന്ന പേരാററിങ്കര നാവാക്ഷേത്രത്തിൽ ഇരുന്നു. പാകയൂർ ആസ്ഥാനമണ്ഡപത്തിന്മേൽ ഇരുത്തി, ശ്രീ പരശുരാമൻ ദാനം ചെയ്ത ഭൂമിക്ക് രാജാവാക്കി അഭിഷേകവും ചെയ്തു. അങ്കവും, ചുങ്കവും, വഴിപിഴയും, അമ്പവാരിയും, ഐമ്മുലമുമ്മുല, ചെങ്കൊന്പുകടകൻ, പുള്ളിനരിവാൽ, കിണററിൽ

പന്നി, ആററുതിരുത്തുക, കടൽവാങ്ങിയ നിലം, തലപ്പംകടൽ ചുങ്കവും ഇക്കേരളത്തിൽ ഉണ്ടാകുന്നതിൽ ശിലവും മുളവും ഈ വകകരം എപ്പേർപ്പെട്ടതും പരശുരാമൻ ക്ഷേത്രത്തിങ്കൽ സാക്ഷിപ്പെട്ടരുളിയ ഭദ്രകാളി തങ്ങളുടെ പക്കൽ തന്ന വാളും കൊടുത്തു. തങ്ങളുടെ ദാസന്മാരെ കൊണ്ടു ചെകവും ചെകിപ്പിച്ചു. തൃക്കടമതിലകത്ത രാജധാനി ഉണ്ടാക്കി. അവിടെ ഇരുന്ന കേരളവും വഴിപോലെ 12 ആണ്ടു രക്ഷിച്ചു, തന്റെ രാജ്യത്തിലേക്കു പോകയും ചെയ്തു. ആ രാജാവിന്റെ ഗുണാധിക്യം കൊണ്ടു കേരളം എന്ന പേരുണ്ടായി. പിന്നെ ബ്രാഹ്മണർ പാണ്ടിരാജ്യത്തിങ്കൽ ചെന്നു പാണ്ടിയൻ എന്ന ചെങ്ങർ ആകുന്ന രാജാവിനെ കൂട്ടികൊണ്ടുവന്നു, മുമ്പിലത്തെ പോലെ അഭിഷേകവും ചെയ്തു. ആ രാജാവ് 12 ആണ്ടു രക്ഷിച്ചുകഴിഞ്ഞതിന്റെ ശേഷം, കണക്കുപറയിച്ചു വാളും വെപ്പിച്ചു, രാജാവിനെ പാണ്ടിരാജ്യത്തിങ്കൽ കൊണ്ടാക്കി. ചോഴമണ്ഡലത്തിൽ ചെന്നു ചൊഴിയൻ എന്ന പേരാകും രാജാവിനെ കൂട്ടിക്കൊണ്ടു വന്നു, ആ രാജാവ് 12 ആണ്ടു കാലം കേരളം രക്ഷിച്ചു. പിന്നെ പാണ്ഡ്യരാജ്യത്തിങ്കൽ കുലശേഖരനെന്നു പേരുണ്ടായ പെരുമാൾ.

ഇങ്ങിനെ മലനാടു രക്ഷിപ്പാൻ കല്പിച്ചു അനന്തരം രാജാവു സ്വല്പകാലം ചെല്ലുമ്പോൾ ആക്രമിച്ചു പോകും അതു വരാതെ ഇരിപ്പാൻ കേരളത്തിൽ 160 കാതം നോക്കി കണ്ടു. 160 കാതംകൊണ്ടു 17 നാടാക്കി, അതുകൊണ്ടു രാജകാര്യങ്ങൾ കൂടി നിരൂപിച്ചെ ഉള്ളു. താൻ തന്നെ വ്യാപരിക്കരുത് എന്നു കല്പിച്ചു, നിത്യ കാര്യങ്ങൾ രാജാവോട് കൂടി പ്രവൃത്തിച്ചു, കോവിലകത്തിൻ സമീപത്തുതന്നെ, 4 കഴകത്തിന്നു കല്പിച്ചു പരിഷെക്കു ഇരിപ്പാൻ 4 തളിയും തീർത്തു. മേത്തളി, കീഴ്ത്തളി, നെടിയത്തളി, ചിങ്ങപുരത്തളി ഇത്തളിയിൽ ഇരുന്നു രക്ഷിക്കുന്നത് തളിയാതിരിമാർ എന്നു പേരുള്ളവർ; കീഴ്ത്തളി, ഐരാണിക്കുടത്തിന്നു, ചിങ്ങപുരം, ഇടിങ്ങാടിക്കുടത്തിന്നു നെടിയത്തളി, പറവൂർ, മേല്ത്തളി, മൂഷികക്കുളം ഇങ്ങിനെ 4 തളി ആകുന്നു. പന്നിയൂർ, പെരിഞ്ചെല്ലൂർ, ചെങ്ങനിയൂർ. ഇവ ഒക്ക തങ്ങളിൽ അകലത്താകയാൽ, പറവൂരുടെ സമീപത്തുള്ള ഐരാണിക്കുടത്തും മൂഷികക്കുളത്തും ഇരിങ്ങാണിക്കുടത്തും പറവൂരൊട് കൂടി 4 കഴകം എന്നു പേരുണ്ടായി. ഇത് നാലും പെരുമാക്കന്മാർ രക്ഷിക്കും കാലത്തു കല്പിച്ചതു മററെ കഴകം പരശുരാമന്റെ കാലത്തുണ്ടായ്തു. തളിയാതിരിമാർ കാലത്ത് തീട്ട് എഴുതേണ്ടുംപൊൾ തളിയാതിരിത്തീട്ട് എന്നു എപ്പോഴും എഴുതേണ്ടു. തളിയാതിരി അവരോധവുംപുക്കു തോന്നിപ്പോയതു: കരിങ്ങമ്പുള്ളിസ്വരൂപവും കാര്യമുക്കിൽ സ്വരൂപവും കാരിമുക്ക ഇളമ്പര കോട്ടസ്വരൂപവും. ഇച്ചൊല്ലിയ സ്വരൂപങ്ങളിൽ ഇളമയായിരിക്കുന്നവർ തളിയാതിരിമാരായ കാരണം: രാജാവിന്നു മലനാട്ടിൽ ഷൾഭാഗം കൊടുത്തിട്ടില്ല, വൃത്തിയെ കൊടുത്തിട്ടുള്ളു: എല്ലാവരുടെ വസ്തുവിന്മേലും ഷൾഭാഗം രക്ഷാപുരുഷന്മാർ അനുഭവിച്ചു; രണ്ടാമത് തളിയാതിരിമാർ അനുഭവിച്ചു.

പിന്നെ ചാത്തിരക്ക്ായി കല്പിച്ചു വെക്കയാൽ ഇന്നും ചാത്തിര
ക്ക്* ആയതുണ്ടു.

ഇങ്ങിനെ രാജാവും തളിയാതിരിമാരുമായി രക്ഷിച്ചു സ്വൽ
പ്പകാലം കഴിഞ്ഞ ശേഷം, പയസ്വിനി പെരുമ്പുഴെക്ക് വടക്ക് 32
ഗ്രാമവും, അതിന്റെ തെക്ക് 32 ഗ്രാമവും തങ്ങളിൽ കൊള്ളക്കൊടു
ക്കയും മുറിച്ചു. തെക്ക് 32 ആകുന്നത്: കരുമാൻ പുഴക്കു വടക്ക ഗ്രാമം
10. അതിന്നു വിവരം 1. പയ്യന്നൂർ, 2. പെരിഞ്ചെല്ലൂർ, 3. കരി
ക്കാട്ടു, 4. ഈശാനിമംഗലം, 5. ആലത്തൂർ, 6. കരിന്തൊളം,**
7. തൃശ്ശിവപേരൂർ, തൃച്ചമ്പേരൂർ, 8. പെരുമാനം, 9. പന്നിയൂർ,
10. ചൊവ്വരം, കരുമാൻ പുഴക്ക്തെക്ക് പുണ്യാററിന്നു വടക്ക്ഗ്രാമം
12. അതാകുന്നത്: 1. പറവൂർ, 2. ഐരാണിക്കുളം, 3. മൂഷികക്കു
ളം, 4. ഇരിങ്ങാണിക്കുടം, 5. അടവൂർ, 6. ചെങ്ങനാടു, 7. ഉളിയ
ന്നൂർ, 8. കഴുത്തുനാടും, 9. കുഴയൂർ 10. ഇളിഭ്യം, 11. ചാമുണ്ട, 12
ആവട്ടിപ്പുത്തൂർ ഇങ്ങിനെ ഗ്രാമം 12. പുണ്യാററിന്നു തെക്ക് കന്യാ
കുമാരിക്ക് വടക്ക് ഗ്രാമം 10: 1. കിടങ്ങൂർ, 2. കാട്ടുകറുക, 3. കാ
രനെല്ലൂർ 4. കവിയൂർ, 5. എററുമാന്നൂർ, 6. നിമ്മണ്ണു, 7. ആണ്മണി,
8. ആണ്മലം, അമ്മളം, മംഗലം, 9. ചെങ്ങനിയൂർ, 10. തിരുവി
ലപായി ഇങ്ങിനെ ഗ്രാമം 10. ആകെ 32. ശേഷിച്ച 32 ഗ്രാമം പഞ്ച
ദ്രാവിഡന്മാരിൽ പോയിക്കളഞ്ഞ് വന്ന പഴന്തുളുവർ എന്നും തുളു ന
മ്പികൾ എന്നും പേരുള്ളവർ അവരും അതിൽ കൂടി ചേൎന്നവരും പ
ണി ചെയ്തു "ഞാൻ മുപ്പത്തു രണ്ടിൽ കൂടും" എന്നിട്ടു പരദേശത്താ
ചാരങ്ങളെ നടത്തി, അവരുമായി കൊള്ളക്കൊടുക്കയും തുടങ്ങി, പ
രദേശത്തെ രാജാക്കന്മാരെ അടക്കി, അവരുടെ കോയ്മ നടന്നു പോ
യി, ഓരൊ ഗ്രാമമാക്കി കല്പിച്ചിട്ടുമുണ്ടു, പല പല ഗ്രാമങ്ങളിൽ
നിന്നു വന്ന ഓരൊ പേരുമിട്ടു: ഇങ്ങിനെ ഗ്രാമം എന്നു വേണ്ട;
ബഹു വിധമായുണ്ടു സത്യം ഇങ്ങിനെ ആകുന്നതു.

2. ബൌദ്ധനായ പെരുമാൾ

അനന്തരം കലിയുഗം സ്വല്പം മുഴുത്തകാലം ബ്രാഹ്മണർ
പരദേശത്തു ചെന്നു, ബാണപുരത്തിൽനിന്നു ബാണപ്പെരുമാളെ കൂട്ടി
കൊണ്ടു പോന്നു. അല്ലൂർ പെരുങ്കൊയിലകത്തു കൈ പിടിച്ചിരുത്തി.
ആ പെരുമാൾ വാഴുന്ന (കാലത്തു) ബൌദ്ധന്മാർ വന്നു പെരുമാളെ
കണ്ടു. ബൌദ്ധശാസ്ത്രത്തിന്റെ പ്രാമാണ്യം ആക കേൾപ്പിച്ചതിന്റെ
ശേഷം "ഇതത്രെ നേരാകുന്നത" എന്ന് പെരുമാൾക്ക് ബോധിച്ചു,
അന്നേത്തെ പെരുമാൾ ബൌദ്ധമാൎഗ്ഗം ചേരുകയും ചെയ്തു. ആ പെ
രുമാൾ ബ്രാഹ്മണരെ വരുത്തി ബ്രാഹ്മണരോട് ചോദ്യം തുടങ്ങി,
ഈ മലനാട്ടിലേക്ക് എല്ലാവരും ഈ മാർഗ്ഗം അനുഷ്ഠിക്കേണം എന്നു

---

* ചത്തിരക്കു, ശസ്ത്രി, ശാസ്ത്രി.

** കാരന്തല.

കല്പിച്ച ശേഷം, എല്ലാവരും ബുദ്ധികെട്ട്* തൃക്കാരിയൂക്ക് വാങ്ങുകയും ചെയ്തു. ഒരുമിച്ച തൃക്കാരിയൂർ ഇരുന്ന ഗ്രാമങ്ങളിൽ വലിയ പരിഷകരം എല്ലാവരെയും ഭരിപ്പിക്കും കാലം പലരെയും സേവിച്ചിട്ട് നിത്യവൃത്തി കഴിക്കുമ്പോരം ശുദ്ധാശുദ്ധി വർജ്ജിച്ചുകൊരംവാനം വശമല്ലാഞ്ഞു, മനഃപീഡ പാരം ഉണ്ടായതിൻെറ ശേഷം ഈശ്വരാനുഗ്രഹം കൊണ്ട് ഒരു മഹഷി അവിടേക്കെഴുന്നെള്ളി, ജംഗമൻ എന്ന പേരാകുന്നതു. ആ മഹർഷിയോട് അവിടെയുള്ള ബ്രാഹ്മണർ എല്ലാവരും കൂടി ഒക്കത്തക്ക ചെന്നു, സങ്കടം ഉണർത്തിച്ചതിൻെറ ശേഷം, മഹർഷി അരുളിച്ചെയ്തു ''ഈ വെച്ചൂട്ടുന്നെടത്തുണ്ടാകുന്ന അശുദ്ധിദോഷം പോവാൻ ഞാൻ ഒരു പ്രായശ്ചിത്തം നിങ്ങരംക്ക് ഗ്രഹിപ്പിച്ചു തരാം; അതാകുന്നതു: അസ്തമിച്ചാൽ ഒരു വിളക്കു വെച്ചു ബ്രാഹ്മണർ ദീപപ്രദക്ഷിണം ചെയ്തു കൊരംവു'' ദീപപ്രദക്ഷണം ചെയ്വാൻ മഹർഷി ഒരു ഗാനവും ഉപദേശിച്ചു കൊടുത്തു: ബ്രഹ്മസ്തുതിയാകുന്നതിഗ്ഗാനം ''ഇതിന്നു നിങ്ങരംക്ക് ഒരു ദേവൻ പ്രധാനമായി ഗാനം ചെയ്തു കൊരംവാൻ തൃക്കാരിയൂരപ്പൻ തന്നെ പരദേവത'' എന്നുമരുളിച്ചെയ്തു. നിത്യം ഇതു ഗാനം ചെയ്തുകൊണ്ടാൽ നിങ്ങളുടെ സങ്കടങ്ങരം ഒക്കവെപോവാൻ കഴിവു വരും എന്നിങ്ങിനെ അരുളിച്ചെയ്തു മഹർഷി എഴുന്നെള്ളുകയും ചെയ്തു. അനന്തരം ബ്രാഹ്മണർ അസ്തമിച്ചാൽ ഒരു വിളക്കും വെച്ചു, ദീപപ്രദക്ഷിണം ചെയ്തു തുടങ്ങുമ്പോരം, പരദേശത്തു നിന്ന് ആറു ശാസ്ത്രികരം വന്നു, ഒന്നു ഭാട്ടാചാര്യൻ ഒന്നു ഭാട്ടബാണൻ, ഒന്നു ഭാട്ടവിജയൻ, ഒന്നു ഭാട്ടമയൂരൻ, ഒന്നു ഭാട്ടഗോപാലൻ, ഒന്നു ഭാട്ടനാരായണൻ. ഇങ്ങിനെ 6 ശാസ്ത്രികരം വന്നപ്പോരം, അവിടെ ഉള്ള ബ്രാഹ്മണരോട പറഞ്ഞു, ''നിങ്ങരംക്ക് ബൌദ്ധന്മാരെ കൊണ്ടുള്ള സങ്കടങ്ങരം ഞങ്ങരം പോക്കുന്നുണ്ടു, നിങ്ങരം ഏതും ക്ലേശിക്കേണ്ട'' എന്ന് പറഞ്ഞപ്പോരം, ബ്രാഹ്മണർ പ്രസാദിച്ചു, ശാസ്ത്രികളുമായി ഒക്കത്തക്ക ചെന്നു, മാർഗ്ഗം പുക്ക പെരുമാളെ കണ്ടു ശാസ്ത്രികരം പറഞ്ഞു ''അല്ലയൊ പെരുമാരം എന്തീയബദ്ധം കാട്ടിയതു'' എന്നു പറഞ്ഞു, പല വഴിയും പെരുമാളോട കല്പിച്ചതിൻെറ ശേഷം ''ഇതത്രെ നേരാകുന്നത'' എന്നു പറഞ്ഞാറെ, ശാസ്ത്രികരം കല്പിച്ചു ''എന്നാൽ ബൌദ്ധന്മാർ ഞാങ്ങളും കൂടി ഈ ശാസ്ത്രം കൊണ്ടു വിവാദിച്ചാൽ, ഞാങ്ങരം തോററുവെന്നു വരികിൽ ഞാങ്ങളെ നാവു മുറിച്ചു നാട്ടിൽനിന്നു കളവൂ. എന്നിയെ ബൌദ്ധന്മാർ തോററുവെന്നു വരികിൽ, അവരുടെ നാവു മുറിച്ചു അവരെ നാട്ടുന്നു ആട്ടിക്കളവൂ'' എന്നു കേട്ടാറെ ''അങ്ങിനെ തന്നെ'' എന്നു പെരുമാരം സമ്മതിച്ചു. ശാസ്ത്രികളും ബൌദ്ധന്മാരുമായി വാദം ചെയ്തു, ബൌദ്ധന്മാരുടെ ഉക്തി വീണു, അവർ തോല്ക്കുകയും ചെയ്തു. പെരുമാരം അവരുടെ നാവു മുറിച്ചു ശേഷമുള്ളവരെ നാട്ടിൽനിന്നു കളവൂതും ചെയ്തു ''ഇനിമേലിൽ ബൌദ്ധന്മാർ വന്നു

---

* തൃക്കരിയൂർ

വിവാദിക്കുമ്പോരം, വാദിച്ചുകൊണ്ടാലും എന്നെ രാജാവു പറയാവു, പിന്നെ വേദാന്തിയോട് അവരെ ശിക്ഷിച്ചു കളയാവു എന്നെ'' പിന്നെ വാണ പെരുമാളെക്കൊണ്ടു സമയം ചെയ്യിപ്പിച്ചു, മാഗ്ഗം പുക്ക പെരുമാരംക്ക് വസ്തുവും തിരിച്ചു കൊടുത്തു, വേറെ ആക്കുകയും ചെയ്തു. ''ബൌദ്ധശാസ്ത്രം ഞാൻ അനുസരിക്കകൊണ്ടു എനിക്ക് മറെറാന്നിങ്കലും നിവൃത്തി ഇല്ല എന്നു കല്പിച്ചു, അപ്പെരുമാരം ആസ്ഥാനത്തെ മറെറാരുത്തരെ വാഴിച്ചു, ഇങ്ങിനെ നാലു സംവത്സരം നാടു പരിപാലിച്ചു, മക്കത്തിന്നു തന്നെ പോകയും ചെയ്തു. ബൌദ്ധന്മാർ ചേരമാൻ പെരുമാള മക്കത്തിന്നത്രെ പോയി, സ്വർഗ്ഗത്തിന്നല്ല എന്നു പറയുന്നു. അതു ചേരമാൻ പെരുമാളല്ല: പള്ളിബാണപെരുമാളത്രെ; കേരളരാജാവു ചേരമാൻ പെരുമാരം സ്വഗ്ഗത്തിന്നത്രെ പോയതു. ശേഷം നാലു പെരുമാക്കരം വാഴ്ച കഴിഞ്ഞ് അഞ്ചാമത് വാണ പെരുമാരം ചേരമാൻ പെരുമാരം.

3. കുലശേഖരനോളം വാണ പെരുമാക്കന്മാർ

ബ്രാഹ്മണർ പരദേശത്തു ചെന്നു ഉത്തരഭൂമിയിങ്കൽനിന്നു തുളഭൻ പെരുമാളെ കൂട്ടിക്കൊണ്ടു പോന്നു, ആ പെരുമാരം ഗോകർണ്ണത്തിൽനിന്നു തുടങ്ങി പെരുമ്പുഴയോളമുള്ള നാടു കണ്ടപ്പോരം, ഈ രാജ്യം തന്നെ നല്ല എന്നു വിചാരിച്ചു. കൊടീശ്വരം എന്ന പ്രദേശത്തു എഴുന്നെള്ളി, ആ ഗ്രാമത്തിലുള്ള ബ്രാഹ്മണരോടിരിക്കയും ചെയ്തു. അവിടെ വാഴുക കൊണ്ടു തുളുനാടു എന്നു പറവാൻ കാരണം, 6 സംവത്സരം പരിപാലിച്ചതിന്റെ ശേഷം, ആ പെരുമാളുടെ സ്വഗ്ഗാരോഹണം. പിന്നെ ഇന്ദ്രപെരുമാളെ കൂട്ടിക്കൊണ്ടു പോന്നു വാഴ്ച കഴിച്ചു, അല്ലൂർ പെരിങ്കോവിലകം എന്നു കല്പിച്ചു, അവിടെ സമീപത്തു 4 കഴകത്തിന്നും നാലു തളിയും തീൎത്തു, ആ പരപ്പുമ്പെ 1 എഴുതിയതു: തളിയാതിരിമാർ പെരുമാളുമായികൂടി പല തളിയിലും അടിയന്തരമായിരുന്നു, പന്തീരാണ്ടു നാടു പരിപാലിച്ചതിന്റെ ശേഷം ഇന്ദ്രൻ ആസ്ഥാനത്തു മറെറാരുത്തരെ വാഴിപ്പാൻ കല്പിച്ചു, പരദേശത്ത് എഴുന്നെള്ളുകയും ചെയ്തു. പിന്നെ ആര്യപുരത്തിങ്കൽനിന്നു ആര്യപ്പെരുമാളെ കൂട്ടിക്കൊണ്ടു വന്നു വാഴ്ച കഴിച്ചു, ആര്യപ്പെരുമാരം കേരളരാജ്യം 160 കാതം നാടു നടന്നു നോക്കി കണ്ടെടുത്തു. ഗോകണ്ണം തുടങ്ങി തുളുനാട്ടിൽ പെരുമ്പുഴയോളം തുളുരാജ്യം എന്നു കല്പിച്ചു. പെരുമ്പുഴയിൽനിന്നു തുടങ്ങി പുതുപട്ടണത്തഴിയോളം കേരളരാജ്യം എന്നു കല്പിച്ചു, പുതുപട്ടണം തുടങ്ങി കന്നെററിയോളം മൂഷികരാജ്യം എന്നു കല്പിച്ചു. കന്നെററി തുടങ്ങി കന്യാകുമാരിയോളം കൂവളരാജ്യം എന്നു കല്പിച്ചു, ഇങ്ങിനെ ആ നാടു കൊണ്ടു 4 ഖണ്ഡം ആക്കി, അതു കൊണ്ടു 17 നാടാക്കി, 17 നാടുകൊണ്ടു 18 കണ്ടം ആക്കി, ഓരൊരൊ ദേശത്തിന്ന് ഒരൊ പേരുമിട്ട്, ഓരോരൊ ദേശത്ത് ദാനവും ധമ്മവും കല്പിച്ചു, ബ്രാഹ്മണരെ ആനന്ദിപ്പിച്ചു, നാലു കഴകത്തു 4 തളി തീൎത്തു, 4 തളിയാതിരിമാ

രുമായി അടിയന്തരം ഇരുന്നു; നാടു പരിപാലിച്ചശേഷം, 5 ആണ്ടു ചെല്ലുമ്പോാം, സ്വർഗ്ഗത്തിങ്കൽനിന്നു ദേവകരം വിമാനം താഴ്ത്തി, പെരുമാരം സ്വഗ്ഗത്തിങ്കൽ എഴുന്നെള്ളുകയും ചെയ്തു. ബ്രാഹ്മണക്കു മനഃപീഡ വളരെ ഉണ്ടായതിൻെറ ശേഷം, ബ്രാഹ്മണർ പരദേശത്തു ചെന്നു കുന്ദൻ പെരുമാളെ കൂട്ടി കൊണ്ടുപോന്നു വാഴ്ച കഴിച്ചു. അപ്പെരുമാരം കന്നെററി സമീപത്തിങ്കൽ വന്ദിവാകക്കൊവിലകം തീർത്തു. 4 ആണ്ടു വാണശേഷം പരദേശത്തു തന്നെ എഴുന്നെള്ളുകയും ചെയ്തു. പിന്നെ കൊട്ടി പെരുമാളെ കൂട്ടി കൊണ്ടു പോന്നു വാഴ്ച കഴിച്ചു, ആ പ്രദേശം കൊട്ടിക്കൊല്ലം എന്ന പേരുണ്ടായി, ഒരു സംവത്സരം നാടു പരിപാലിച്ചു സ്വഗ്ഗാരോഹണമായതിൻെറ ശേഷം.

മാട പെരുമാളെ കൂട്ടി കൊണ്ടു പോന്നതിൻെറ ശേഷം 11 സംവത്സരം വാഴുമ്പോാം, അവിടെ ഒരു കോട്ടപ്പടി തീർക്കേണം എന്നു കല്പിച്ചു, തൻെറ അനുജൻ എഴിപ്പെരുമാളെ വരുത്തി പരദേശത്ത് എഴുന്നെള്ളിയ ശേഷം, എഴിപ്പെരുമാരം അവിടെ ഒരു കോട്ടപ്പടി തീർത്തു മാടയെഴികോട്ട എന്നും പേരിട്ടു. 12 ആണ്ടു വാണ ശേഷം ആ പെരുമാളുടെ സ്വഗ്ഗാരോഹണം പരദേശത്തു തന്നെ എഴുന്നെള്ളുകയും ചെയ്തു.

കൊമ്പൻ പെരുമാളെ കൂട്ടി കൊണ്ടു പോന്നു വാഴ്ച കഴിച്ചു, ആ പെരുമാരം നെയ്യുര എന്ന പുഴയുടെ കരക്കൽ 3 സംവത്സരവും 6 മാസവും കൂടാരം കെട്ടി വാണു. പിന്നെ വിജയൻ പെരുമാരം വിജയൻ കൊല്ലത്തു കോട്ടയെ തീർത്തു, പാണ്ഡവന്മാരിൽ അർജ്ജുനൻ വളരെ കാലം ആ പ്രദേശത്തു ഇരുന്നിരിക്ക കൊണ്ടു അതു സത്യഭൂമി എന്നു കല്പിച്ചു. 12 സംവത്സരം വാണശേഷം മറെറാരുത്തരെ വാഴിപ്പാൻ കല്പിച്ചു, വിജയൻ പരദേശത്തെഴുന്നെള്ളുകയും ചെയ്തു.

ബ്രാഹ്മണർ പരദേശത്ത് ചെന്നു വളഭൻപെരുമാളെ കേരളാധിപതിയാക്കി വാഴ്ച കഴിച്ചു. ആ പെരുമാരം നെയ്യുര എന്ന പുഴയുടെ കരമേൽ ശിവശൃംഗൻ എന്ന പേരുടയ മഹർഷി പ്രതിഷ്ഠിച്ച ശിവപ്രതിഷ്ഠയും കണ്ടു, മററും പല ഈശ്വരത്വവും കണ്ടു, ക്ഷേത്രവും പണ്ണി തീത്തു, മററും ചില പരദേവതമാരെയും സങ്കല്പിച്ചു, അവിടെ ഒരു കോട്ടപ്പടിയും തീത്തു സിംഹമുഖം എന്ന പേരുമിട്ട്, ക്ഷേത്രത്തിന്നു ശിവേശ്വരം എന്ന പേരുമിട്ട്. വളഭൻപെരുമാരം കല്പിച്ചു തീത്ത കോട്ട വളഭട്ടത്തുകോട്ട എന്നു പേരുണ്ടായി. ഇനിമേൽ കേരളത്തിങ്കൽ വാഴുന്നവക്ക് കുലരാജധാനി ഇതെന്നു കല്പിച്ചു, അവിടെ പല അടക്കം ആചാരവും കല്പിക്കേണം എന്ന് നിശ്ചയിച്ചു, 11 സംവത്സരം വാണ ശേഷം ആ പെരുമാളുടെ സ്വഗ്ഗാരോഹണം.

അതിൻെറ ശേഷം കൊണ്ടു വന്ന ഹരിശ്ചന്ദ്രൻപെരുമാരം പുരളിമലയുടെ മുകളിൽ ഹരിശ്ചന്ദ്രകോട്ടയെ തീത്തപ്പോാം വനദേവതമാരുടെ സഞ്ചാരം ആ കോട്ടയ്ക്കകത്തു വളര കാൺകകൊണ്ടു ശേഷം മനുഷ്യക്ക് ആ കോട്ടയിൽ ചെന്നു പെരുമാളെ കണ്ടു ഗുണദോഷം വിചാരിച്ചു പോരുവാനും വശമല്ലാതെ, ആയതിൻെറ ശേഷം ഇതിൽ

മനുഷ്യസഞ്ചാരമില്ല എന്നു കണ്ടു, ഒക്കയും ഈശ്വരമയം എന്നു തിരുമനസ്സിൽ നിശ്ചയിച്ചു കുറയകാലം വാണതിന്റെ ശേഷം പെരുമാളെ ആരും കണ്ടതുമില്ല. കാണാഞ്ഞതിന്റെ ശേഷം ബ്രാഹ്മണർ മല്ലൻ പെരുമാളെ കൂട്ടികൊണ്ടു പോന്നപ്പോൾ, ആ പെരുമാൾ മൂഷികരാജ്യത്തിങ്കൽ മല്ലൂരുമല്ലൻ കോട്ട എന്ന കോട്ടപ്പടി തീർത്തു, 12 ആണ്ടു വാണു പരദേശത്തെഴുന്നെള്ളുകയും ചെയ്തു.

അനന്തരം വാണപെരുമാൾ പാണ്ഡ്യരാജ്യത്തിങ്കൽ കുലശേഖരപ്പെരുമാൾ. അവനെ കൂട്ടി കൊണ്ടു പോരുമ്പോൾ മഹാ ഭാരതഭട്ടത്തിരിയും വാസുദേവഭട്ടത്തിരിയും പെരുമാളെ കണ്ടു ബഹുമാനിച്ചു പെരുമാൾക്ക് അനുഗ്രഹവും കൊടുത്തു; ആ പെരുമാൾ മൂഷികരാജ്യത്തിങ്കൽ ചിത്രകൂടം തീർത്തു, അവിടെ എഴുന്നെള്ളി ഇരിക്കയും ചെയ്തു. ആ പെരുമാൾ വ്യാപരിച്ച അവസ്ഥകൾ: നല്ല ക്ഷത്രിയർ വേണം എന്നു വെച്ചു, പല ദിക്കിൽനിന്നും ക്ഷത്രിയരെയും സാമന്തരെയും വരുത്തി, അവൎക്ക് ഐങ്കാതം ഐങ്കാതം ഖണ്ഡം നാടു ഖണ്ഡിച്ചു കൊടുത്തു, അതു 5 വഴി ക്ഷത്രിയരും 8 വഴി സാമന്തന്മാരും ആകുന്നതു അതിനു കാരണം: ഇനി ഒരിക്കൽ ബൌദ്ധന്മാരുടെ പരിഷ വന്നു രാജാവിനെ ഭ്രമിപ്പിച്ചു സമയം പുലമ്പിച്ചു എന്നു വരികിൽ ബ്രാഹ്മണർ പരദേശത്തു പൊകേണ്ടിവരും. അത് വരരുത് എന്നു കല്പിച്ചു എല്ലാവൎക്കും ഐങ്കാതം വെച്ചു തിരിച്ചുകൊടുത്തു; ഒരുത്തന്നു നേരുകേടുണ്ടെങ്കിൽ അയൽവക്കത്ത് തന്നെ മറ്റൊരിടത്തു വാങ്ങി ഇരിക്കുമാറാക്കെണം. ഈ കർമ്മഭൂമി ക്ഷയിച്ചു പോകും പുറപ്പെട്ടു പോകാതിരിക്കേണം എന്നു കാരണം. ശേഷം കുലശേഖരപ്പെരുമാൾ വ്യാപരിച്ച അവസ്ഥ: വന്ന ശാസ്ത്രികളിൽ ഭട്ടാചാര്യരെയും ഭട്ടബാണനെയും അഴിവിന്നു കൊടുത്തിരുത്തി, മലയാളത്തിലുള്ള ബ്രാഹ്മണൎക്ക് ശാസ്ത്രം അഭ്യസിപ്പാൻ, മുമ്പിനാൽ ശാസ്ത്രാഭ്യാസമില്ലായ്കകൊണ്ടു, അന്നു പരദേശത്തുനിന്നു ഒരു ആചാര്യൻ ഭട്ടാചാര്യനോട് കൂടവന്നു വായിച്ചു. അതു പ്രഭാകരഗുരുക്കൾ, പ്രഭാകരശാസ്ത്രംഉണ്ടാക്കിയതു. മററുള്ള ആചാര്യന്മാർ പഠിച്ചു പോയ ശേഷം ഈ ശാസ്ത്രം അഭ്യസിക്കുന്ന പരിഷെക്ക് പ്രയോജനം വേണം എന്നിട്ടു കുലശേഖരപ്പെരുമാൾ ഒരു സ്ഥലം തീർത്തു, ഈ വന്ന ശാസ്ത്രികൾക്കു കൊടുത്തു. അവിടെ അവരെ നിറുത്തി, മലയാളത്തിലുള്ള ബ്രാഹ്മണരും ശാസ്ത്രം അഭ്യസിക്കയും ചെയ്തു. ശാസ്ത്രികളുടെ സ്ഥലമാകകൊണ്ടു ഭാട്ടം എന്നു ചൊല്ലുന്നു. 64 ഗ്രാമത്തിലുള്ള ബ്രാഹ്മണരിൽ ശ്രേഷ്ഠന്നു ഈ സ്ഥലം എന്ന വ്യവസ്ഥയും ഉണ്ടു. ഭട്ടാചാര്യരുടെ ശിഷ്യനായ പ്രഭാകരഗുരുക്കളുടെ മെതിയടി അവിടെ ഉണ്ടെന്നു പ്രസിദ്ധമായി പറയുന്നു. കുലശേഖരപ്പെരുമാളോട് 7000 കലം വസ്തുവും ഉദയതുംഗൻ എന്ന ചെട്ടിയോടു 5000 കലം വസ്തുവും പൂവും നീരും വാങ്ങി ഇപ്പന്തീരായിരം വാങ്ങിയതു ഭട്ടാചാര്യരല്ല; പ്രഭാകരഗുരുക്കൾ അതിനെ വാങ്ങുക കൊണ്ടു ഭാട്ടപ്രഭാകരവ്യാകരണത്തിന്നു കിഴിഉള്ളു. ശാസ്ത്രികൾ ബ്രഹ്മസ്വം പകുക്കുമ്പോൾ വേദാന്തശാസ്ത്ര

ത്തിന്നു പകുപ്പില്ല എന്നു കല്പിച്ചു) 12000 കലത്തിന്നു ഓഹരി വേദാന്തികൾക്ക് ഇല്ല. പ്രഭാകരഗുരുക്കൾ വേദാന്തികൾക്ക് കൊട്ടത്തില്ലായ്ക കൊണ്ടു, തൃക്കണ്ണാപുരത്തു ഭാട്ടപ്രഭാകരവ്യാകരണത്തിന്നു കിഴിഉള്ളു. വേദാന്തികൾ വേദാന്തം വായിച്ചാലും ഭാട്ടപ്രഭാകരവ്യാകരണം മൂന്നാലൊന്നിൽ വേണം. തൃക്കണ്ണാപുരത്ത് കിഴിയിടയിൽ രണ്ടാമത് പലരും ഉണ്ടാക്കീട്ടും ഉണ്ടു. ശാസ്ത്രത്തിന്നു, അതിൽ വേദാന്തിക്ക് കൂട ഉണ്ടു താനും. പ്രഭാകരഗുരുക്കൾ വാങ്ങിയതു ബ്രഹ്മസ്വത്തിൽ ഇല്ല. കുലശേഖരപ്പെരുമാൾ 18 സംവത്സരം വാണത്തിന്റെ ശേഷം ഉടലോടു സ്വർഗ്ഗം പുക്കു. അന്നേത്തെ കലി പുരുധി സമാശ്രയം എന്ന പേർ. തിരുവഞ്ചിക്കളം മുക്കാൽ വട്ടം ഉണ്ടായതും കലിമേലെഴുതിയതു തന്നെ ആകലി 333 ക്രിസ്താബ്ദം.

4. രക്ഷാപുരുഷന്മാരും ബ്രാഹ്മണരും വാഴുന്ന പ്രകാരം

ശേഷം പെരുമാൾ സ്വർഗ്ഗത്തിന്നു പോയപ്പോൾ ''രക്ഷിച്ചു കൊൾവാൻ ദണ്ഡമത്രെ, ബ്രാഹ്മണർക്ക് ബ്രാഹ്മണർ തങ്ങളുടെ കൈയിൽ ഉറപ്പുണ്ടായെ മതിയാവു'' എന്നു കല്പിച്ചു രക്ഷയ്ക്കായ്ക്കൊണ്ടു 64 ഗ്രാമത്തിൽ ഉള്ള ബ്രാഹ്മണരും ഐകമത്യപ്പെട്ടു 10 ॥ ഗ്രാമത്തെ അവരോധിപ്പിച്ചു. വാൾ എടുപ്പാൻ ആ 10 ॥ ഗ്രാമം പെരുമനം, ഇരിങ്ങാടിക്കൊട, ചൊവര, ആലത്തൂർ, കരിക്കാട്ടു, പയ്യന്നൂർ, തിരുവില്വായി, ത്രിശ്ശിവപേരൂർ, ഐരാണിക്കളം, മൂഷികക്കളം, കഴതനാടു പാതിയും. ഇങ്ങിനെ തൃക്കാരിയൂർ തൃക്കൊട്ടിലിങ്കൽനിന്നു 64 ഗ്രാമവും ഒരു നിഴലായി കൂടി യോഗം തികഞ്ഞു അവരോധനം കഴിച്ചശേഷം അവർ രക്ഷാപുരുഷന്മാരായി ശാസ്ത്രികൾ എന്ന പേർ.

വാൾ തൊടുവാൻ ആകെ 4 മണ്ഡലത്തിലകമെ കുറിച്ചു. ഒരു മണ്ഡലത്തിൽ ഒരുങ്ങിക്കൽ എത്തി, ആയുധം എടുക്കയും ചെയ്തു. 8 ॥ ഗ്രാമം ഒരുമിച്ചു എടുത്തതെ ഉള്ളു. ആവട്ടിപുത്തൂരും എററുമാന്തൂരും അവരോധത്തിന്നു കൂടി മദിച്ചു. രണ്ടാമത് മേടിച്ചു എല്ലാവരും എടുത്താറെ, തങ്ങളും എടുത്തുകൊണ്ടു, വിശേഷിച്ചു 64 ഗ്രാമവും സമയം ചെയ്യുന്നപ്പോൾ ''ഈ ആയുധം തൊട്ടവർ കർമ്മത്തെ ചെയ്യിപ്പിച്ചു ധർമ്മത്തെ രക്ഷിച്ചിരിപ്പു. ആയുധം എടുക്കകൊണ്ടു ഒഴിച്ചു കൊൾവാൻ കൂടി ഊണും പുണ്യാഹവും ജാതി കാര്യവും ചെയ്തിരിപ്പു'' എന്ന സമയം ഈ 10 ॥ ഗ്രാമത്തിലുള്ളവരെ ഒക്കയും ആയുധപാണികളാക്കി, അവരോധിച്ചു കിടക്കുന്നു. ഈ പത്തു ഗ്രാമത്തെ ചാത്തിരർ എന്നു ചൊല്ലുന്നു. ശാസ്ത്രത്തിൽ ചൊല്ലിയ കർമ്മത്തെ ദാനം ചെയ്ക കൊണ്ടു ശാസ്ത്രർ. രക്ഷിപ്പാൻ വാൾ കൈയിലുണ്ടു, ഇതിൽ ആ ഗ്രാമങ്ങൾ ഒഴിഞ്ഞു, 3 ഗ്രാമങ്ങളിൽ ആയുധക്കാർ എന്നു നടക്കുന്നവർ ഒക്കയും നിരായുധവർ കൂടി ശാസ്ത്രത്തിൽ പണ്ടെന്നതു ഗ്രാമത്തിൽ ഉള്ളവരിൽ ആയുധക്കാരെ നിരായുധവർ ഒന്നിച്ചുകൂടി സംഗസംഘം

ഈ അവരോധിച്ച നേരം ക്ഷത്രിയൻ ആയിരുന്നതു ഐരുരാം കോവിലകത്ത് സാക്ഷ ചാത്രരായത് എട്ടു ഗ്രാമവും ഈ ആയുധം എടുപ്പാൻ അവരോധിച്ചതിൽ ആയുധം എടുത്തവരും അവരോധിക്കപ്പെട്ടിരിക്കുന്നു. ആയുധം എടാതെ ശൌര്യം *പൊഴിരതിക്കും പുറപ്പെടാതെ ഇരിക്കുന്ന പരിഷ നിരായുധവരുടെ സ്ഥാനത്തിരിക്കുന്നു, ഏതാനും ചിലർ പുറപ്പെടാതെ ഇരിക്കുന്നു, യാഗാദി കർമ്മങ്ങളെ ഉപേക്ഷിയാതെ ഇരിപ്പാൻ എടുത്തവർ ചെയ്യിപ്പിപ്പാൻ ചെയ്യുഫലം അവക്കുണ്ടു താനും. ഇരിക്കുന്നവർ ഒന്നിച്ചു പുണ്യാഹകലം പിടിക്കയും വേണം ഒഴിഞ്ഞുള്ള ഗ്രാമങ്ങളും 10 ഗ്രാമത്തിലുള്ളവരും ഒരുമിച്ചു കൈപിടിച്ചു കിടക്കുന്നു. ആയുധം എടുത്തവർ കർമ്മം ഇടവിടും, ശൌചം ഇടവിടും; ഉണ്ടാകുന്ന അവസ്ഥകളിൽ ഒക്കയും രക്ഷിതാവു മേൽകോയ്മയായിജ്ജനം തന്നെ. അതിങ്കൽ രക്ഷിച്ചു കൂടാ എന്ന് വരുമ്പോഠം പ്രാണത്യാഗം ചെയ്യുമാറു ബുദ്ധിപൂർവ്വമായി മരിച്ചു, എന്നിട്ടു രക്ഷിച്ചു, എന്നിട്ടു മന്ത്രസംസ്കാരം ചെയ്യാതെ ഇരിക്കരുതു; ചെയ്യേണം; നിരായുധാക്കരം ഇപ്രകാരം അരുതു. തൃക്കണ്ണാകഴകത്തിങ്കൽ 72 ആഢ്യന്മാർ മരിച്ചു. ഇരിങ്ങാണിക്കുടെ കഴകത്തിങ്കൽ പുഷ്പരപ്പാടു, മാത്തെടത്ത വനത്തിന്നു വെള്ളികട മരിച്ചതിൽ കൂടും. ചിങ്ങമാസത്തിൽ പുണർതത്തിന്നാഠം മരിച്ചു, അന്നു ഗ്രാമത്തോടെ ശ്രാദ്ധം ഉണ്ടു. അന്നു അവരെ മന്ത്രസംസ്കാരം ചെയ്തു. പത്തരയിൽ ചിലർ മരിക്ക ഹേതു അത് ഇന്നും തൃക്കണ്ണാപുരത്ത 72 ഒഴിഞ്ഞു എന്നും പറയുന്നതു, ഈ ആയുധം എടുത്ത് ഗ്രാമത്തിൽ അംശം പൊക്കിക്കും പുറപ്പെടാതെ ഗൃഹത്തിൽ ഇരിക്കുന്ന പരിഷ, ഇനി നാമും പടുമാറു എന്നു കല്പിച്ച് എന്നു വരികിൽ നടെ പുറപ്പെടാത പരിഷ പുറപ്പെടുംപോഠം ഈവണ്ണം യോഗം വന്നു ഇന്നെടത്തു പുറപ്പെടേണ്ടു എന്നുണ്ടു. അവർ നടാനടെ പുറപ്പെടുമ്പോഠം ഒത്തവണ്ണമരുത്; അതായുധം എടുത്തു നടക്കുന്നതു; മററുള്ള നിരായുധക്കാരിൽ ഒന്നു ഏ,ന്നെ ഉള്ളു. ശേഷം സർവ്വം നടക്കയാൽ ഒന്നെ ഉള്ളു. അശസ്ത്രങ്ങളുടെ കൈക്കാരെ തറവാട്ടുപേർ ശാസ്ത്രർക്കും പേരായി. ശാസ്ത്രികഠംക്ക് അനുഭവം പ്രഭാകരഗുരുക്കഠം വാങ്ങിയതു. ചാത്തിരക്ക് നടെ കേരളരക്ഷയ്ക്ക് രക്ഷാപുരുഷന്മാർ അനുഭവിപ്പാൻ 64 ഗ്രാമവും കൂടി കൊടുത്ത ഷഠംഭാഗം തന്നെ അനുഭവം. അതിൽ മുമ്പായ മങ്ങാട്ടുകൂററിലെ പ്രഭാകരന്മാർ: പനച്ചിക്കാട്ടും കാരമംഗലവും, പുതുവായും, മനയും മങ്ങാട്ടുകൂററിൽ ഭട്ടന്മാർ: ഔവനിക്കടെ, വെണ്മണിയച്ചി, യാമനം, വ്യാകരണം, പുതുവാ, നെടുന്തിരുത്തി, പാലെക്കെട്ടു, വെള്ളാങ്ങല്ലൂർ കൂററിൽ പ്രഭാകരന്മാർ: വെണ്മമണി, വെടിയൂർ, അതിലെ ഭാട്ടം: പുതുവാ, പാലെക്കാട്ടു, കാരമംഗലം അതിലെ വെള്ളല്ലൂർ, കാരമംഗലത്ത് കരഭാഗത്തു, ഭാട്ടവ്യാകരണം അടിയ, മനച്ചൊക്കാട്ടു. താഴപ്പള്ളി ഇതിലെ വടക്കന്മങ്ങാട്ടു കൂററിലെ പ്രഭാകരൻ വാരവക്കത്ത ഭാട്ടം: നെന്മണി, നിതാ

* പ്രവൃത്തിക്കും.

മരം ചൊവ്വരം, പുല്ല കണ്ട പുളിവ്യാകരണം മററും വളരെ പറവാനുണ്ട.

രക്ഷാപുരുഷന്മാൎക്ക 4 വസ്തു പ്രധാനം: കണം, കളിക്കൂട്ടം, സംഘലക്ഷണം, അതു 3 മുമ്പെ ഉണ്ട. തിരുനാവായെ കൊടിനാട്ടുക നാലാമതുണ്ടായി, കളിക്കൂട്ടം നാലു വൎണ്ണവും കൂടി വേണ്ട, കളിക്കൂട്ടം കിടാക്കരം പ്രദക്ഷിണം ചെയ്യുമ്പൊരം, ഒരു ബ്രാഹ്മണൻ ചേർമങ്ങലം പിടിച്ചു പ്രദക്ഷിണം ചെയ്യേണ്ട, തളിയാതിരിമാർ 3 വൎണ്ണത്തോടും സമയം ചെയ്യുംപോരം, അവർ ചെയ്യുംകൎമ്മം കൂട ചെയ്യുമാറു എന്നു സമയം ചെയ്തു. ശേഷം രക്ഷാപുരുഷന്മാർ സമയം ചെയ്തപ്പോരം ബ്രാഹ്മണർ ചെയ്യുന്ന കൎമ്മത്തിങ്കൽ മററ 3 വൎണ്ണവും ചെയ്യാം, എന്നു 2 വട്ടം ഉണ്ടെന്നും 3 വൎണ്ണത്തോടും സമയം ചെയ്തു; 2 കൂടിയെ തികയും. പറവു വൈശ്യകഴകം അവിടെ വൈശ്യനോടും ക്ഷത്രിയകഴകമാകുന്ന മൂഷികക്കളത്ത് ക്ഷത്രിയനോടും, യാഗത്തിന്നുള്ള ഇരിങ്ങാണിക്കൂടയിൽ ബ്രാഹ്മണനോടും ശൂദ്രകഴകമാകുന്ന ഐരാണിക്കളത്ത് ശൂദ്രനോടും, സമയം ചെയ്യും. അതിന്നാധാരമാകുന്ന ശൂദ്രൻ ബ്രാഹ്മണന്റെ ബലിക്കൂററിൽ കൂട ബലി ഇടേണം. എന്നിട്ടു രക്ഷാപുരുഷന്മാർ തിരുനാവായെക്കെഴുന്നെള്ളി, വിളിച്ചു ചൊല്ലിയപ്രകാരം, തട്ടു കയറി കൊടി നാട്ടി കൊടിക്കൽ പാട്ടു പാടി, തട്ടിന്മേൽ നിന്നു വൈലാൽ ശുദ്ധമായ പ്രകാരം വിളിച്ചു ചൊല്ലി കൊടിക്കൽ പാട്ടാകുന്നതു, ''സഭ്യാഃശ്രാവത പണ്ഡിതാഃ കവികളെ, മാന്യാഃമഹാലോകരെ, വിപ്രാഃസജ്ജനസംഘരെ, ശപതയാഃ പ്രൌഢാശ്ച ഭൂപാലരെ, ചൊല്ലുന്നെങ്ങളെ ഗുരുപൂരടെതെന്ന എന്നിങ്ങിനെ എല്ലാവരും ചെവി തന്നു കേരംക്കനിതരാം, എല്ലാർക്കും എപ്പൊഞ്ജലിഃ'' ഈ കൊടിക്കൽ പാട്ടു ബഹുളധൂളി എന്ന രാഗത്തിൽ പാടേണ്ട, രക്ഷാപുരുഷന്മാർ പുറപ്പെടുമ്പോരം, പൂണനൂൽ ഇറക്കെണം ആയുധമെടുക്കുമ്പോരം, ശേഷം കണം ഇരിക്കും പ്രകാരം പറയുന്നു. കണമിരിപ്പാൻ മറെറാരു സമ്പത്തിന്നും കൂടി സ്വാതന്ത്ര്യമുള്ള ക്ഷേത്രത്തിന്നരുതു. 6 സംഘത്തിൽ ഒന്നു കണമിരുന്നു എന്നു കേട്ടു അന്യസംഘം ക്ഷണിപ്പാൻ ഭാവിക്കുമാറില്ല; കണമിരിപ്പാൻ തുടങ്ങുംപോരം രക്ഷാപുരുഷന്മാരോട് കൂടി അരങ്ങും അടുക്കളയും സംശയമുള്ളവർ കൂടെ ഇരിക്കുമാറില്ല. കണമിരിപ്പാൻ പുറപ്പെടുമ്പോരം തന്റെ തന്റെ കണപ്പുറത്ത കണത്തിന്ന് അധികാരികളായവരെ ഓരെടത്തു യോഗം വരുത്തി, തന്റെ യജമാനന്മാരെയും കൂററുകാരെയും പ്രഭുക്കളെയും അറിയിച്ചു, അവരുടെ സമ്മതത്താൽ കണപ്പുറത്തുള്ളവർ ഒക്ക വേണം. അരങ്ങടുക്കള സംശയമുള്ള ആളുകളെ ഒഴിച്ചുള്ള ആളുകരം ഇന്ന ദിവസം ഇന്ന ക്ഷേത്രത്തിൽ കണമിരിക്കുന്നു എന്ന വ്യവസ്ഥ വരുത്തിയാൽ മറെറാരിടത്തു തലനാളെ രാവു വന്നു സംഘമുടയ യജമാനൻ വിളക്കു വെച്ചു ഓരോരുത്തനെ വേറെ ഇരുത്തി വരിച്ചു കൈപിടിച്ചു ഒക്കത്തക്ക കുളിച്ചുണ്ട ചന്ദനവും തേച്ചു കച്ചയും തലയിൽ കെട്ടും കെട്ടി, വാദ്യങ്ങളും അടിപ്പിച്ചു, വിളക്കു

പിടിപ്പിച്ചു, കണമിരിക്കും ക്ഷേത്രത്തിങ്കൽ പോകെണം. പോകുന്ന
വഴിയിൽ പിടിച്ചുകളി പടക്കളി ഇത്യാദികളും വേണം. ക്ഷേത്ര
ത്തിന്നു 3 പ്രദക്ഷിണം പിന്നെ അകത്തുട്ടു ചെന്നു ആയുധവും വെച്ചു,
ദേവനെ തൊഴുതു ദിവസം രാവെ അമ്പലത്തിന്നു എഴുനീററു കളിച്ചു
ത്തു അകത്തുട്ടു ചെന്നു പൂജകൾ തുടങ്ങിപ്പു; ശീവേലി മുമ്പെ ഇല്ല
എന്നു വരികിൽ, അന്നാളിൽ വേണം. ശ്രീഭൂതവെലി കൂടി വേണം
എന്നാകുന്നു; പൂജകൾ ഇവ്വണ്ണം കഴിച്ചെ ഇരിക്കാവു. ചാത്തിരം തല
നാളെ തുടങ്ങി ദേഹശുദ്ധിയോടു കൂടി ഇരിക്കയും വേണം. വെററില
തിന്നാം ചന്ദനം തേക്കാം ഇരുന്ന കണം കഴിവോളം ക്ഷൌരമരുത;
സ്ത്രീ സംഗവുമരുത; തററുടുക്കെണം, നിർമ്മാല്യം പകലത്തേത്
എന്നിവ വർജ്ജിക്കേണം. പൂജകഴിഞ്ഞിട്ടു, അമ്പലത്തിൽ ഒരു നില
വിളക്കും ഗണപതിയും വെച്ചു നെൽപറയും അരിപറയും വെച്ചു, വി
ളക്കിന്നു ചുററും വട്ടത്തിലിരുന്നു, അന്നേരം രക്ഷാശിക്ഷാ എന്നും
ധ്യാനിച്ചു രക്ഷിപ്പാനുള്ള ഐകമത്യവും വിശേഷങ്ങളും ഒരിടത്തിരു
ന്നു ചോദിച്ചറികയും, രണ്ടാമത് പൊക്കിയപ്രകാരവും ബ്രാഹ്മണ
രുടെ കർമ്മങ്ങൾ വിഘ്നം വരാതെ ഇരിപ്പാനുള്ള കഴിവും ഒരിട
ത്ത് ഒരു ദോഷം ഉണ്ടെന്നു വരികിൽ ആ ശങ്ക ഉണ്ടായതു പരിഹസി
ക്കയും ഇത് എല്ലാം ഐകമത്യം ഒരിടത്തിരുന്നു ചിന്തിക്ക, ചൊല്
ക, അതിന്നായിട്ടിരിക്ക. വെച്ച വിളക്കു കണം കഴിവോളം കെട്ടു
പോകരുത; സംബന്ധമുള്ള ജനം തപ്പും ചേർമങ്ങലവും കൂടി വിളക്ക
ത്ത് വെച്ചിരിക്കാവു, താനും അവിടെനിന്നു ഒക്കത്തക്ക അനുവാദം
മൂളി എഴുനീററു നില്പു എന്നു കച്ചയും തലയിൽ കെട്ടും കെട്ടി ചന്ദ
നവും തേച്ചു, ഊത്ത് കൈയിലും പിടിച്ചു, ദ്വാരത്തിങ്കൽ ചോരെ
ക്ക് നന്നായിരിക്ക എന്നിവ നില്പോളം നില്ക്കയും വേണം. ദീക്ഷ
ധരിക്കരുത; അമ്പലവാസിസ്പർശനം അരുത; ഉണ്മാൻ ഇരിക്കു
മ്പോൾ, ക്ഷത്രിയന്ന് ഒരു വിളക്കു വേറെ വെച്ചു ഇലവാട്ടി വെച്ചു
സമ്മാനിച്ചു വിളമ്പുകയുള്ളു. വേറെ വെച്ചു കൊള്ളുകയും വേണം.
വിളമ്പുമ്പോൾ, പന്തിയിൽ ഒരില വെപ്പാൻ ഒഴിച്ചു അമ്പലത്തിന്നു
പുറത്ത് ഒരു ശാല കെട്ടിക്ക. സദ്യക്കു അതു സ്ഥലം പോര എന്നു
വരികിൽ പുറത്ത് ഒരു പുര കെട്ടി നിത്യാഭ്യാസം അഭ്യസിപ്പു, ആയു
ധം എടുത്തു പിടിക്കയും യോഗ്യ സംഗീതം കളിക്കൊട്ടിവ അഭ്യസി
ക്കാം പ്രബന്ധം നോക്കാം. ദേവിക്കൊട്ടും വേശിയാട്ടും അരുത; മഹാ
രായർ പൂണനൂൽ ഇറക്കാതെ ചെയ്യാം. പൂണനൂൽ ഇറക്കി ഒന്നും വ്യാ
പരിക്കരുത; ദീപപ്രദക്ഷിണം സർവ്വപ്രായശ്ചിത്തം. സന്യാസിയുടെ
ചാതുർമ്മാസ്യം തന്നെ ദിവസത്തിൻെറ സംഖ്യ. ചാതുർമ്മാസ്യം തു
ടങ്ങുന്ന ദിവസം തുടങ്ങേണ്ടു; ബുദ്ധി പൂർവ്വമായി ശൂദ്രനെ സ്പർശിക്കരു
ത; അടിച്ചു തളിക്കാരും മാരയാരും അല്ലാതെ ഉള്ള ശൂദ്രർ ക്ഷേത്രത്തി
ങ്കൽ കടക്കരുത: ബ്രാഹ്മണക്ഷേത്രത്തിൽ കണമുള്ളു, പുലയിൽ ക
ണമരുത; കണത്തിന്നു തെക്കും, വടക്കും, വിശേഷമില്ല; സമയം
ചെയ്തു നിരായുധക്കാരിൽ ആയുധക്കാർ കുറയും.

അതിൻെറ ശേഷം ഗ്രാമങ്ങളുടെ വകഭേദങ്ങളെ തിരിച്ചു കല്പിച്ചു, മലയാളക്ഷേത്രങ്ങളിൽ ഗോകർണ്ണം, തൃശ്ശിവപേരൂർ, തിരുനാവായി, തൃക്കാരിയൂർ, തൃക്കണ്ണാപുരത്തു, തിരുവഞ്ചിക്കുളത്തു, ഇരിങ്ങാണിക്കുട, ഐരാണിക്കുളത്ത, വെള്ളപ്പനാട്ടിൽ, മണ്ഡലത്തിൽ, അങ്ങിനെ ഇങ്ങിനെ 10 സ്ഥാനത്തിന്നകത്തു, സമയം സോമാഹൂതി 11 ഗ്രാമത്തിന്നുണ്ടു ചോവരം, പെരുമാനം, ഇരിങ്ങാണിക്കുട, ആലത്തൂർ, മൂഷികക്കുളം, ഉളിയന്നൂർ, ചെങ്ങനോടു, പെരിഞ്ചെല്ലൂർ, കരിക്കാട്ടു, പൈയന്നൂർ: ഇവൎക്കു സോമാഹൂതി ഉള്ളു. ഇതിൽ സോമാഹൂതിക്കു മുമ്പു: പെരിഞ്ചെ, കരിക്ക, ആല, പെരുമ, ചൊവ, ഇരിങ്ങ, ഇതു ആറും ഒരുപോലെ സമ്മതം. മററെ വക ഭേദങ്ങളിൽ ഊരിലെ പരിഷെക്കു മുഖ്യത, ദേശത്തിലുള്ളവൎക്കു യജനം അദ്ധ്യാപനവും ഓത്തും, ഭിക്ഷയും, ദാനവും, പ്രതിഗ്രഹവും എന്ന ഷൾകർമ്മങ്ങളെ കല്പിച്ചു. ഇതുള്ള ആളുകൾക്കു 6 ആചാര്യസ്ഥാനമുണ്ടു. അവൎക്കു അമ്പല സംബന്ധവും കേരളത്തിൽ പിതൃകർമ്മത്തിന്നു മുമ്പും ദേശികൻ എന്ന പേരും കല്പിച്ചു കൊടുത്തു. പിന്നെ സഭയിലുള്ളവൎക്കു കന്യാകുമാരി ഗോകർണ്ണത്തിൻെറ ഇടയിൽ പ്രധാന ക്ഷേത്രങ്ങളിൽ പാട്ടവും, സമുദായവും, *ശാന്തിയും, അരങ്ങും, അടുക്കളയും, അമ്പലപ്പടി, ഊരായ്മയും ഇതു ആറു പ്രാധാന്യം (പെരിയ നമ്പി സ്ഥാനവും കല്പിച്ചു കൊടുത്തു). അറുപത്തുനാലിൻെറ വിധികൎത്തൃത്വത്തിന്നു 2 ആളെ കല്പിച്ചു. പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ പുളിയംപടപ്പുഗൃഹത്തിങ്കൽ ഒരാളെ 64ലിന്നും പ്രഭുവെന്നും നായക എന്നും പേരും ഇട്ടു, 64ലിലും അടക്കവും ഒട്ടക്കവും കല്പിച്ചു കൊടുത്തു. പിന്നെ 64ലിന്നും കല്പിച്ചു നിലെക്കും നിഷ്ഠക്കും തങ്ങളിൽ വിവാദം ഉണ്ടായാൽ വിവാദം തീൎത്തു നടത്തുവാൻ ആലത്തൂർ ഗ്രാമത്തിങ്കൽ ഒരാളെ കല്പിച്ചു, ആഴവാഞ്ചെരി സാമ്രാജ്യം കല്പിച്ചു, സാമ്പ്രാക്കൾ എന്ന പേരുമിട്ടു, ബ്രാഹ്മണൎക്കു വിധികൎത്താവെന്നും കല്പിച്ചു. ഇവർ ഇരുവരും കേരളത്തിങ്കൽ ബ്രാഹ്മണശ്രേഷ്ഠന്മാർ. ശേഷം അവരവർ അവിടവിടെ വിശേഷിച്ചു പറയുന്നു, ഒന്നു പോലെ നടപ്പില്ല. മഹാക്ഷേത്രങ്ങളിൽ കുറുമ്പനാട്ടു 6 ഗ്രാമത്തിലും എറ്റവാണെന്നു 6 ദേശത്തുള്ളവൎക്കു എറ്റ ആകുന്നതു, കുറുമ്പനാട്ടു 6 ഗ്രാമവും 4 ദേശവും കൂടി ഒന്നായി, കുളമ്പടിയും, രാമനല്ലൂർ, കാരുശ്ശേരി, ചാത്തമങ്ങലം, ഇതു ഒന്നായി, ഒഴിയടി, ഉഴുതമണ്ണൂർ, തലപ്പെരുമൺ, ഇതു ഒന്നു, കുഴക്കോട്ടു, നെല്ലിക്കാട്ടു, ചാലപ്പുറം, ചാത്തനെല്ലൂർ, ചെറുമണ്ണൂർ, പറപ്പൂർ, ചെറുമാം, മണപ്പുറം, ഇതു ഒന്നായി.

5. കൃഷ്ണരായരുടെയും ചേരമാൻ പെരുമാളുടെയും കഥ

ഇങ്ങിനെ 64 ഗ്രാമത്തിൽ ബ്രാഹ്മണരും പെരുമാക്കളും കൂടി സ്വല്പകാലം രക്ഷിച്ചു വന്നതിൻെറ ശേഷം 64 ഗ്രാമവും കൂടി

---

* മേൽശാന്തിസ്ഥാനം

യോഗം തികഞ്ഞു, തൃക്കാരിയൂർ ക്ഷേത്രത്തിൽ തിരുനാവായി മണപ്പുറത്തക്കൂടി തല തികഞ്ഞു അടിയന്തരസഭയിങ്കന്നു നിരൂപിച്ചു ''ഈവണ്ണം കല്പിച്ചാൽ മതി അല്ല; നാട്ടിൽ ശിക്ഷാ രക്ഷ ഇല്ലാതെ പോം. ബ്രാഹ്മണർ നാടു പുറപ്പെട്ടു പോകേണ്ടിവരും; ഒരു രാജാവു വേണം'' എന്നു കല്പിച്ചു ഐകമത്യപ്പെട്ടു പരദേശത്തു ചെന്ന് (ആനകുണ്ടി കൃഷ്ണരായരുമായി കണ്ടു, പന്തീരാണ്ടു 12 ആണ്ടു കേരളം പരിപാലിപ്പാൻ ഒരുത്തരെ അയക്കണം എന്നു അവധി പറഞ്ഞു, പല സമയവും സത്യവും ചെയ്തു) ഒരു പന്തീരാണ്ടു വാഴ്‌വാൻ ആദി രാജാ പെരുമാളെയും; പിന്നെ പാണ്ടിപ്പെരുമാളെയും കല്പിച്ചു അയക്കയും ചെയ്തു. അവരുടെ വാഴ്ച കഴിഞ്ഞ ശേഷം ക്ഷത്രിയനായ ചേരമാൻ പെരുമാളെ കല്പിച്ചു നിശ്ചയിച്ചു. അങ്ങിനെ ചേരമാൻ പെരുമാളെ കൂട്ടികൊണ്ടുപോരുമ്പോൾ, വാസുദേവമഹാഭട്ടതിരിയെ ശകുനം കണ്ടു, നടക്കൂടി കൊണ്ടു പോന്നു തൃക്കാരിയൂർ പൊന്മാടത്തിങ്കീഴ് അടിയന്തരം ഇരുന്നു. 64 ഗ്രാമത്തിൽ ബ്രാഹ്മണർ കേരളരാജ്യം 160 കാതം അടക്കി, വാഴ്‌വാന്തക്കവണ്ണം ആനായതീട്ടു കൊടുത്തു, ഏകഛത്രാധിപതിയായി അവരോധിച്ചു കൊൾവാന്തക്കവണ്ണം പൂവും നീരും കൊടുത്തു, ചേരമാൻ പെരുമാൾ കേരളരാജ്യം 160 കാതം നീർ വാങ്ങുകയും ചെയ്തു. അന്നു കലി, സ്വർഗ്ഗസന്ദേഹപ്രാപ്യം. ക്രിസ്ത്വാബ്ദം 428.

അതിന്റെ ശേഷം ചേരമാൻ പെരുമാൾ ആകട്ടെ 160 കാതം നാടു നടന്നു നോക്കി കണ്ടെടുത്തു തൃക്കാരിയൂരും തിരുനാവായി മണപ്പുറവും വളർഭട്ടത്തു കോട്ടയും ഈ മൂന്നു ദേശവും സത്യഭൂമി എന്നു കല്പിച്ചു, വളർഭട്ടത്തു കോട്ടയുടെ വലത്തു ഭാഗത്തു ചേരമാൻ കോട്ടയും തീർത്തു, പിന്നെ 18 അഴിമുഖവും നോക്കി കണ്ടെടുത്ത് തിരുവഞ്ചാഴിമുഖം പ്രധാനം എന്നു കണ്ടു, തിരുവഞ്ചക്കളം എന്ന ക്ഷേത്രവും തീർത്തു, പല പെരുമാക്കന്മാരും അടിയന്തരമായിരുന്ന മഹാ ക്ഷേത്രങ്ങളിൽ ചേരമാൻ പെരുമാളും ബ്രാഹ്മണരുമായി അടിയന്തരം ഇരുന്നു. ഇങ്ങിനെ 12 ആണ്ടു വഴിപോലെ പരിപാലിച്ച ശേഷം പെരുമാളുടെ ഗുണാധിക്യം വളര കാൺക കൊണ്ടു, 12 ആണ്ടു വാഴ്‌വാന്തക്കവണ്ണം അവധി പറഞ്ഞിട്ടല്ലൊ കൃഷ്ണരായർ ചേരമാൻ പെരുമാളെ കല്പിച്ചതു പ്രമാണം അല്ല'' എന്നു ബ്രാഹ്മണർ കല്പിച്ചു, പിന്നെയും 12 ആണ്ടു നാടു പരിപാലിപ്പാൻ ചേരമാൻ പെരുമാളെ തന്നെ കല്പിക്കയും ചെയ്തു. ചേരമാൻ കോട്ടയിൽ രാജലക്ഷ്മിയും വീര്യലക്ഷ്മിയും ഏറ്റ പ്രകാശിക്കുന്നു എന്നു കണ്ടു, അവിടെ തന്നെ എഴുന്നെള്ളി, ഒരു കട്ടിലയും നാട്ടി, ചേരമാൻ കട്ടിലെക്കകത്തു പല അടുക്കും ആചാരവും കല്പിച്ചു, പരദേശത്തുനിന്നു കൊണ്ടുപോന്ന രാജസ്ത്രീയെ ബ്രാഹ്മണനെകൊണ്ടു വിവാഹം കഴിപ്പിച്ചു, അതിലുണ്ടാകുന്ന സന്തതി ക്ഷത്രിയൻ എന്നും കല്പിച്ചു. ഈ കേരളത്തിൽ നല്ല സൂര്യക്ഷത്രിയരെ വേണം എന്നു ബ്രാഹ്മണരും വെച്ചു, വസ്ത്ര തിരിച്ചു കൊടുക്കയും ചെയ്തു. അങ്ങിനെ ആ ക്ഷത്രിയസ്ത്രീയെ മൂഷികരാജ്യത്തിങ്കൽ കുലശേഖരപ്പെരുമാൾ വാണ ചിത്രക്കൂടത്തിന്റെ

സമീപത്ത് ഒരു കോയിലകം തീൎത്തു, അവിടെ തന്നെ ഇരുത്തി, അതിൽ 2 പുരുഷന്മാരുണ്ടായി, ജ്യേഷ്ഠനെ ചിത്രകൂടത്തിങ്കലും അനുജനെ തുളുനാട്ടിലും കല്പിക്കയും ചെയ്തു. ചേരമാൻപെരുമാറം ചേരമാൻ കോട്ടയിൽ വാഴുന്ന കാലത്തു ഉത്തര ഭൂമിയിങ്കൽ മാലിനി എന്ന ഒരു നദീതീരത്തിൽ ഇരുവർ വെള്ളാളസ്ത്രീകളും ഒരു രാജസ്ത്രീയും കൂടി നീരാട്ടത്തിന്നു വന്നതിന്റെ ശേഷം, പുഷ്പത്തിൻ സുഗന്ധം കേട്ടു, പുഷ്പം പറിപ്പാൻ മൂവരും തോണിയിൽ കയറീട്ടു, തോണിയുടെ തല തെററി, സമുദ്രത്തിങ്കലകപ്പെട്ടു്, ഏഴിമലയുടെ താഴ വന്നടുക്കയും ചെയ്തു. അവർ മൂവരും തോണിയിൽ നിന്നിറങ്ങി, മലയുടെ മുകളിൽ കരയേറി നില്ക്കയും ചെയ്തു. ആ വൎത്തമാനം ചേരമാൻ പെരുമാറം അറിഞ്ഞപ്പോറം, അവരെ കൂട്ടിക്കൊണ്ടുവരുവാൻ അരുളിച്ചെയ്തു, പരവതാനിക്കൊട്ടിൽ ഒരു വിളക്കും പലകയും വെച്ചു, പൊന്നിന്തളികയിൽ അരിയുമിട്ടു നില്ക്കുംപോറം, മൂവരും ചേരമാൻ കോട്ടയുടെ അകത്തു കടന്നു, അതിൽ ഒരു സ്ത്രീ ആസ്ഥാന മണ്ഡപത്തിന്നു നേരിട്ടു ചെന്നു, ഒരു കാൽ എടുത്തു വെപ്പാൻ ഭാവിച്ചു, പരവതാനിക്കൊട്ടിൽ കരേറാതെ, തമ്പുരാൻ എഴുന്നെള്ളിയതിന്റെ വലത്തു ഭാഗത്ത് നില്ക്കയും ചെയ്തു. മററെ സ്ത്രീ തമ്പുരാൻ എഴുന്നെള്ളിനിന്നതിന്നു നേർപെടാതെ ചുഴന്നു തമ്പുരാന്റെടത്തു ഭാഗത്തു ചെന്നു നിന്നു. മൂന്നാമതു രാജസ്ത്രീ തമ്പുരാന്റെ നേരെ വന്നു, ആസ്ഥാനമണ്ഡപത്തിൽ കരേറി, വഴിപോലെ വന്ദിച്ചിരിക്കയും ചെയ്തു. അതു കണ്ടു പെരുമാറം പൊന്തളികയിൽ അരിവാരി മൂന്നു വട്ടം തൃക്കൈ കൊണ്ടു ചാൎത്തി ഇവളിലുണ്ടാകുന്ന സന്തതി ഏഴിഭൂപൻ എന്നരുളിച്ചെയ്തു, അവൎക്കീ രാജ്യത്തിന്നവകാശം എന്നും കല്പിച്ചു, തമ്പുരാട്ടിക്ക് എഴുന്നെള്ളി ഇരിപ്പാൻ ഏഴിമലയുടെ താഴെ എഴോത്ത കോയിലകവും പണി തീൎത്തു. നേരിട്ടു വന്നതു നെർപ്പട്ടസ്വരൂപം ചുഴന്നതു ചുഴലിസ്വരൂപം പിന്നെ മലയാളത്തിൽ 18 അഴിമുഖത്തുനിന്നും കച്ചോടം ചെയ്യേണം എന്നു കല്പിച്ചു, പല വൎത്തകന്മാരേയും ചോനകരെയും വരുത്തി ഇരുത്തി പെരുമാറം ജനിച്ചുണ്ടായ ഭൂമി ആര്യപുരത്തെ വേളാപുരം എന്ന നഗരത്തിങ്കന്നു ഒരു ചോനകനെയും ചോനകസ്ത്രീയെയും വരുത്തി, ആര്യപ്പടിക്കൽ ഇരുത്തി, ഇവരെ ഇരുത്തേണ്ടും നല്ല പ്രദേശം നാട്ടിന്നു ഒരു കണ്ണാക കൊണ്ടു കണ്ണന്നൂർ എന്നും വേളാപുരം എന്നും പേരുമിട്ടു. ചോനകനെ അഴിരാജാവെന്നും സ്ത്രീയെ ഉമ്മ എന്നും കല്പിച്ചു. അരിയും ഇട്ടിരുത്തുകയും ചെയ്തു. ശേഷം പെരുമാളുടെ ഗുണാധിക്യം ഏറ കാൺകകൊണ്ടു ബ്രാഹ്മണൎക്ക് ചേരമാൻ പെരുമാളെ പിരിഞ്ഞു കൂടാ എന്നു കല്പിച്ചു.

അങ്ങിനെ ചേരമാൻ എന്ന രാജാവു 36 കാലം വാണതിന്റെ ശേഷം ബ്രാഹ്മണർ പരദേശത്തു ചെന്നതുമില്ല. ചേരമാൻ പെരുമാളെ കണ്ടതുമില്ല എന്നു കല്പിച്ചു, കൃഷ്ണരായർ മലയാളം അടക്കുവാൻ തക്കവണ്ണം പട കൂട്ടുകെയല്ലൊ ചെയ്തതു.

ശേഷം ബ്രാഹ്മണർ ചോഴമണ്ഡലത്തിങ്കൽ ചെന്നു,

ചേരമാൻ എന്ന രാജാവിനെ കൂട്ടിക്കൊണ്ടു വന്ന പട്ടാഭിഷേകം ചെയ്തു, 12 ആണ്ടു നാടു രക്ഷിച്ച ശേഷം. കലിയുഗത്തിന്റെ ആരംഭം വർദ്ധിക്ക കൊണ്ടു ബ്രാഹ്മണരും അവിടെ പെട്ട പ്രജകളും രണ്ടു പക്ഷമായി വിവാദിച്ചു, ചേരമാൻ പെരുമാളുടെ ഗുണങ്ങൾ കൊണ്ടു ശ്രീ പരശുരാമൻ അരുളിചെയ്ത മര്യാദയെ ഉപേക്ഷിച്ചു, പിന്നെയും ചേരമാൻ പെരുമാൾ തന്നെ കേരളം രക്ഷിപ്പാന്തക്കവണ്ണം അനുവദിക്കയും ചെയ്തു. പരശുരാമമര്യാദയെ ഉപേക്ഷിക്ക കൊണ്ട് 64 ഗ്രാമവും ഒന്നിച്ചു കൂടാതെ പോകയും ചെയ്തു. അങ്ങിനെ ചേരമാൻ പെരുമാൾ രക്ഷിക്കും കാലം പാണ്ടിരാജാവായിരിക്കും രായർ ഒപ്പം രക്ഷിക്കേണ്ടുന്ന മലയാളം ചോഴമണ്ഡലരാജാവ് അടക്കുക എന്നും വെച്ചാൽ കേരളം പാതി ഇങ്ങടക്കേണം എന്നും കല്പിച്ചു. ആനമല കയറി കാനത്തിൽ കിഴിഞ്ഞു, കോട്ട ഇട്ടുറപ്പിക്കയും ചെയ്തു. അപ്രകാരം ചേരമാൻ പെരുമാൾ കേട്ട ശേഷം കേരളത്തിലുള്ള തന്റെ ചേകവന്മാരെ എല്ലാവരെയും അതിൽ പ്രധാനപ്പെട്ട പടനായകന്മാരെയും തൃക്കടമതിലകത്ത് വരുത്തി യോഗം തികച്ചു തരവൂർ നാട്ടിൽ എഴുന്നെള്ളി, രായരുടെ കോട്ട കളയേണം എന്നു കല്പിച്ചു, പല പ്രകാരം പ്രയത്നം ചെയ്തിട്ടും രായരുടെ കോട്ട കളവാൻ സംഗതി വന്നതുമില്ല; ചേരമാൻ പെരുമാൾ ക്ലേശിപ്പൂതും ചെയ്തു.

അനന്തരം ബ്രാഹ്മണരും പെരുമാളും തൃക്കാരിയൂർ പൊന്മാടത്തിങ്കീഴിൽ ശ്രീനാവാക്ഷേത്രത്തിൽ അടിയന്തരസഭയിന്ന് നിരൂപിച്ച് 14 നാട്ടിലുള്ള പുരുഷാരത്തെ എത്തിച്ചു, പടയിൽ ജയിപ്പാന്തക്കവണ്ണമുള്ള ഈശ്വരസേവകളും ചെയ്യിപ്പിച്ചു കൊണ്ടു ദിഗ്വിജയം ഉണ്ടായിട്ടാരുള്ള എന്നു അന്വേഷിച്ച ശേഷം, ക്ഷത്രിയസ്ത്രീയുടെ മകനായ കരിപ്പത്തു കോവിലകത്ത് ഉദയവർമ്മൻ എന്ന തമ്പുരാന്നു ദിഗ്ജയം ഉണ്ടെന്നു കണ്ടു പൂന്തുറയിൽ മാനിച്ചൻ എന്നും *വിക്കിരൻ എന്നും **ഇരിവർ എറാടിമാർ അവരെ കൂട്ടി കൊണ്ടു പോന്നാൽ പട ജയിക്കും എന്നു കണ്ടു, കൂട്ടി കൊണ്ടു പോരുവാൻ ആര്യ ബ്രാഹ്മണരുടെ കൈയിൽ അടയാളം എഴുതി അയക്കയും ചെയ്തു. അവർ പൂന്തുറയിൽ ചെന്നു അന്വേഷിച്ചാറെ, എഴുത്തു പള്ളിയിൽ എന്നു കേട്ടു. അവിടെ ചെന്നു കണ്ടു, ഇരിവർ എറാടിമാരെയും എഴുതിക്കും എഴുത്തച്ഛൻ തൊടുവക്കളത്ത ഉണ്ണിക്കുമാരനമ്പിയാരെയും കണ്ടു എഴുതി വിട്ട അടയാളവും കൊടുത്തു അവസ്ഥയും പറഞ്ഞു. അത് എല്ലാവരും കൂടി പോരുമ്പോൾ വെഞ്ചാലപ്പറമ്പത്ത് പെരാലനടക്കാവിൽ കാഞ്ഞിരത്തിൻ ചുവട്ടിൽ കുടയും മലർത്തി വെച്ചു, കിഴക്കോട്ട് തിരിഞ്ഞിരിക്കുന്ന ഭട്ടഴവാഞ്ചേരി തമ്പ്രാക്കളും അവിടത്തെ ദിശവാര നമ്പൂതിരിയും കണ്ടു നമസ്കരിച്ചാറെ, അവരോട് ചോദിച്ചു, തമ്പ്രാക്കൾ ''നിങ്ങൾ എവിടെ പോകുന്നു''

---

* വിക്രമൻ.

** രണ്ടു ഏറാടി കിടാങ്ങൾ.

എന്നു കേട്ടവാറെ, എഴുത്തച്ഛൻ ''അടിയങ്ങൾ തൃക്കാരിയൂർ അടിയന്തരസഭയിന്നു അയച്ച ആര്യബ്രാഹ്മണരോടു കൂടി അവിടെക്ക് വിട കൊള്ളുന്നു'' എന്നതു കേട്ടു തമ്പ്രാക്കളും ''ഞങ്ങളും അവിടെക്ക് തന്നെ പുറപ്പെട്ടു'' എന്നു പറഞ്ഞു ദണ്ഡനമസ്കാരം ചെയ്തപ്പോൾ പ്രസാദിച്ചു ''നിങ്ങൾക്ക് മേലാൽ നന്മ വരുവൂതാക! നിങ്ങൾ പോകുന്ന കാര്യം സാധിപ്പിച്ചു തരുന്നുണ്ടു എന്നു സമയം ചെയ്തു. അവിടെ നിന്നു പുറപ്പെട്ടു പോകുന്ന വഴിക്ക് 7 പശുക്കൾ ചത്തു കിടക്കുന്നു അതിൽ ഒരു പശുവിന്റെ അണയത്തു 14 കഴുക്കൾ ഇരുന്നിരുന്നു. മറെറാന്നിനെയും തൊട്ടതില്ല. തമ്പ്രാക്കൾ ആയതു കണ്ടാറെ ''ഹെ കഴുകളെ! 7 പശു ചത്തുകിടക്കുന്നതിൽ ആറിനെയും നിങ്ങൾ തൊടാതെ ഇരിപ്പാൻ എന്തൊരു സംഗതി ആകുന്നു'' എന്നു ചോദിച്ചാറെ, ഒരു മുടകാലൻ പൂവൻ കഴുവ് ചിറകു തട്ടിക്കുടഞ്ഞ് ഒരു തൂവൽ കൊത്തി എടുത്തു കൊടുത്തു, അതു കൈയിൽ എടുത്തു ഈ പശുക്കളെ നോക്കിയാറെ, അവററിൽ ഒന്നിനെ മാത്രമെ പശുജന്മം പിറന്നിട്ടുള്ളു; മറെറല്ലാം ഓരൊ മൃഗങ്ങളെ ജന്മമായി കണ്ടു, ഇരിവർ എറാടിമാരെയും നമ്പിയാരെയും മനുഷ്യജന്മമായുണ്ടു. ആ തൂവൽ തമ്പ്രാക്കൾ നമ്പ്യാരുടെ കയ്യിൽ കൊടുത്തു. അതിന്റെ ഉപദേശവും തിരിച്ചു കൊടുത്തു. എറാടിമാരും നമ്പിയാരും തമ്പ്രാക്കളുടെ കാക്കൽ നമസ്കരിച്ചു, അനുഗ്രഹവും വാങ്ങി. അതു ഹേതുവായിട്ട് ഇന്നും ആഴവാഞ്ചെരി തമ്പ്രാക്കളെ കണ്ടാൽ കുന്നലകോനാതിരി രാജാവു തൃക്കൈ കൂപ്പെണം. അവിടനിന്നു പുറപ്പെട്ടു, തൃക്കാരിയൂർ അടിയന്തരസഭയിൽ ചെന്നു വന്ദിച്ചു. ''ഞങ്ങളെ ചൊല്ലിവിട്ടകാര്യം എന്ത്'' എന്നു ബ്രാഹ്മണരോടും ചേരമാൻ പെരുമാളൊടും ചോദിച്ചാറെ'' ആനകുണ്ടി കൃഷ്ണരായർ മലയാളം അടക്കുവാൻ സന്നാഹത്തോടും കൂടി പടെക്ക് വന്നിരിക്കുന്നു. അതിന്നു 17 നാട്ടിലുള്ള പുരുഷാരത്തേയും എത്തിച്ചു പാപ്പിച്ചിരിക്കുന്നു; അവരുമായി ഒക്കത്തക്ക ചെന്നു പട ജയിച്ചു പോരേണം എന്നരുളിച്ചെയ്തപ്പോൾ, അങ്ങിനെ തന്നെ എന്നു സമ്മതിച്ചു സഭയും വന്ദിച്ചു പോന്നു. ചേരമാൻ പെരുമാൾ ഭഗവാനെ സേവിച്ചിരിക്കും കാലം അക്വംശത്തിങ്കൽ ജനിച്ച സാമന്തരിൽ പൂന്തുറ എന്നഭിമാനവീരന്മാരായ സാമന്തർ ഇരിവരും കൂടി രാമേശ്വരത്ത് ചെന്നു സേതുസ്നാനവും ചെയ്തു, കാശിക്ക് പോകുന്ന വഴിയിൽ ശ്രീ നാവാക്ഷേത്രത്തിങ്കൽ ചെന്നു.അവിടെ ഇരിക്കുമ്പോൾ തോലൻ എന്ന് പ്രസിദ്ധനായി പെരുമാളുടെ ഇഷ്ടമന്ത്രിയായിരിക്കുന്നബ്രാഹ്മണർ വഴിപോക്കരായി വന്ന സാമന്തരോടു ഓരൊ വിശേഷങ്ങൾ പറഞ്ഞിരിക്കുന്നതിന്റെ ഇടയിൽ. രായർ മലയാളം അടക്കുവാൻ കോട്ടയിട്ട പ്രകാരവും ചേരമാൻ പെരുമാൾ യുദ്ധത്തിൽ മടങ്ങിയ പ്രകാരവും പറഞ്ഞപ്പോൾ, മാനവിക്രമന്റെ സത്യം കൊണ്ടും ശീലതം കൊണ്ടും വളരെ പ്രസാദിച്ചു. പിന്നെ ബ്രാഹ്മണരും പെരുമാളും വെള്ളത്തിൽ എറിയതിന്റെ ശേഷം രായരോട് ജയിപ്പാൻ പോകുന്ന പ്രകാരം കല്പിക്കകൊണ്ട് അവരോടു പറഞ്ഞാറെ, സാമ

ന്തർ ഇരിവരും കൂടി നിരൂപിച്ചു ഞങ്ങളെ കൂടെ അയച്ചാൽ യുദ്ധം ചെയ്തു രായരുടെ കോട്ട ഇളക്കാം എന്ന് ബ്രാഹ്മണരോട് പറകയും ചെയ്തു. അപ്രകാരം പെരുമാളെയും ഉണർത്തിച്ചതിന്റെ ശേഷം ഇരിവരെയും കൂട്ടിക്കൊണ്ടു വന്നു ബഹുമാനിച്ചിരുത്തി, പല ദിവസവും അന്യോന്യവിശ്വാസത്തിന്നായ്ക്കൊണ്ടും ബുദ്ധിശക്തികളും പരാക്രമങ്ങളും പരീക്ഷിച്ചേടത്ത് സാമന്തർ യുദ്ധകൌശലത്തിങ്കൽ ശക്തന്മാർ എന്നറിഞ്ഞിട്ടു കാലതാമസം കൂടാതെ പുരുഷാരത്തെ വരുത്തി യോഗം തികച്ചു കൂട്ടി, പെരുമാളും തന്റെ പടനായകന്മാർ 122 പേരും അവരോട് കൂടി ഒമ്പതു നൂറായിരം ചേകവരും കാരായ്മയായിരിക്കുന്ന ഈ ശരീരം അനിത്യം എന്നുറച്ചു, സാമന്തരോടും കൂടി കണക്ക് എഴുതുവാൻ തക്കവണ്ണം കീഴൂർ ഉണ്ണിക്കുമാരമേനോനെയും പരക്കൽ ഉറവിങ്കൽ പാറചങ്കരനമ്പിയെയും കല്പിച്ചയക്കയും ചെയ്തു. പടെക്ക് പോകുന്ന വഴിക്കൽ രാത്രിയിൽ പടയാളികൾ ഉറങ്ങുന്നിടത്തു സാമന്തർ ചെന്നു, പുരുഷാരം 3 പ്രദക്ഷിണം വെച്ചു, കഴവിന്റെ തുവൽ കൈയിൽ വെച്ചു മനുഷ്യജന്മം പിറന്നിട്ടുള്ളവൎക്കും വെള്ളികൊണ്ടു ഓരൊ അടയാളമിട്ടു നോക്കിയാറെ, 10000 നായർ മനുഷ്യജന്മം പിറന്നവരുണ്ടായിരുന്നു. 30000 ദേവജന്മം പിറന്നിട്ടും ശേഷമുള്ള പുരുഷാരം അസുരജന്മമായ്ക്കണ്ടു. 10000 നായൎക്ക് മോതിരം ഇടുവിച്ചു പോരികയും ചെയ്തു. ഉറക്കത്ത് ശൂരന്മാരായിരിക്കുന്നവരെ ലക്ഷണങ്ങൾകൊണ്ടേറിഞ്ഞ് അവരുടെ ആയുധങ്ങളിൽ ഗോപി കൊണ്ടും ചന്ദനം കൊണ്ടും അടയാളം ഇട്ടു, ആരും ഗ്രഹിയാതെ കണ്ടു യഥാസ്ഥാനമായിരിപ്പൂതും ചെയ്തു. ഈ 10000 നായരും നമ്പിയാരും കൂടി വലത്തെ കോണിൽ പട ഏററു, പെരുമാളുടെ കാര്യക്കാരിൽ പടമലനായർ ഒഴികെ ഉള്ള കാര്യക്കാരന്മാർ 11 പേരും കൂടി ഇടത്ത് കോണിൽ പട ഏററു, എടത്ത കോൺ പട ഒഴിച്ചു പോന്നു, വലത്തെ കോണിന്നു പട നടന്നു മലയാളം വിട്ടു, പരദേശത്തു ചെന്നു പോർക്കളം ഉറപ്പിച്ചു, മാററാനെ മടക്കി പൊരുതു ജയിച്ചു പോന്നിരിക്കുന്നു. സാമന്തർ വില്ലും ശരങ്ങളും കൈക്കൊണ്ടിരിക്കുന്ന 30000 നായരെ മുമ്പിൽ നടത്തി, അവരുടെ പിന്നിൽ 18 ആയുധങ്ങളിലും അഭ്യസിച്ചു മേൽ കിരിയത്തിൽ ഒരുമയും ശൂരതയും നായ്മസ്ഥാനവും ഏറി ഇരിക്കുന്ന 10000 നായരെയും നടത്തിച്ചു, 32 പടനായകന്മാരോടും കൂട ചെന്നു രായരുടെ കോട്ടെക്ക് പുറത്ത് ചെന്നു വെച്ചിരിക്കുന്ന പാളയത്തിൽ കടന്നു, അന്നു പകൽ മുഴവൻ യുദ്ധം ചെയ്തു, വളര ആനകൾക്കും കുതിരകൾക്കും കാലാൾക്കും തട്ടുകേടും വരുത്തി, പാളയം ഒഴിപ്പിച്ചു കോട്ടയുടെ ഉള്ളിൽ ആക്കുകയും ചെയ്തു. രാത്രിയിൽ മാനച്ചനും വിക്രമനും കൂടി വിചാരിച്ചു, കോട്ടയുടെ വടക്കെ വാതില്ക്കൽ 10000 നായരെ പാതിയാക്കി നിൎത്തി, ശേഷമുള്ളവരെ 4 ഭാഗത്തും നിൎത്തി ഉറപ്പിച്ചു, 3 ദിവസം രാപ്പകൽ യുദ്ധം ചെയ്തു രായരെ ഒഴിപ്പിച്ചു, കോട്ട പിടിക്കയും ചെയ്തു. അന്നു പെരുമാൾ എല്ലാവർക്കും വേണ്ടുന്ന

സമ്മാനങ്ങളെ കൊടുത്തു, പുരുഷാരത്തേയും പിരിച്ചു, സാമന്തരിൽ ജ്യേഷ്ഠനെ തിരുമടിയിൽ ഇരുത്തി, വീരശൃംഖല വലത്തെ കൈക്കും വലത്തെ കാല്ക്കും ഇടീപ്പൂതും ചെയ്തു. 10000 നായക്ക് കേരളത്തിൽ അത്യന്തം തെളിഞ്ഞ നാട്ടിൽ ഇരിപ്പാന്തക്കവണ്ണം കല്പിച്ചു, പൊലനാട്ടിൽ ഇരിക്കേണം എന്ന് മന്ത്രികരം പറഞ്ഞിട്ട് അവിടെ ഉള്ള പ്രജകളെ അവിടുന്നു വാങ്ങിച്ചു നാട്ടിലുള്ള നഗരങ്ങളെ ഒഴിപ്പിച്ചു അവർ കെട്ടുന്നതും മാററി ഒരു കൂട്ടത്തെ എടക്കഴി നാട്ടുതറയിൽ ഇരുത്തി, അട്ടത്തിൽ ഉള്ള നായരെ ഇരിങ്ങാടിക്കോട്ടും തെരിഞ്ഞ നായരിൽ പ്രധാനന്മാരെ കോഴിക്കോട്ടു ദേശത്തും ആക്കി ഇരുത്തിയപ്രകാരവും മന്ത്രികരം പെരുമാളെ ഉണർത്തിക്കയും ചെയ്തു. മാനവിക്രമന്മാരെ തിരുമുമ്പിൽ വരുത്തി, നിങ്ങരം ഇരിവരെയും അനന്തരവരാക്കി വാഴ്ച ഇവിടെ തന്നെ ഇരുത്തേണം എന്നു കല്പിച്ചിരിക്കുന്നു എന്നരുളിച്ചെയ്താറെ ഞങ്ങരം കാശിക്ക് പോയി ഗംഗാസ്നാനവും ചെയ്തു കാവടിയും കൊണ്ടു രാമേശ്വരത്തു ചെന്നു ഇരിവരും ഇങ്ങു വന്നാൽ ചെയ്യും വണ്ണം ചെയ്തു കൊള്ളുന്നതുമുണ്ടു. ഇതുവണ്ണം ഉണർത്തിച്ചു കാശിക്ക് പോവൂതും ചെയ്തു.

6. ശങ്കരാചാര്യർ കല്പിച്ച കുല ക്രമ വിവരം.

പടജയിച്ചിരിക്കുംകാലം ശ്രീമഹാദേവന്റെ* പുത്രനായി എത്രയും പ്രസിദ്ധനായിട്ടു ഒരു ദിവ്യനുണ്ടായി, അതാർ പിന്നെ ശങ്കരാചാര്യർ ആയതു. അതുണ്ടായതു ഏതുപ്രകാരം എന്നു കേട്ടുകൊരംക ഒരു ബ്രാഹ്മണസ്ത്രീക്ക് വൈധവ്യം ഭവിച്ചശേഷം അടുക്കളദോഷം ശങ്കിച്ചു നില്ക്കുംകാലം അവളെ പുറന്നീക്കിവെച്ചു ശ്രീ മഹാദേവൻ വന്നുല്പാദിക്കയും ചെയ്തു. ഭഗവാന്റെ കാരുണ്യത്താൽ അവരംക്ക് പുത്രനായി വന്നവതരിച്ചു. ശൃംഗേരി ശങ്കരാചാര്യർ അവൻ വിദ്യ കറഞ്ഞൊന്നു പഠിച്ചകാലം തന്റെ അമ്മ മരിച്ചവാറെ, ആ ഊഴത്തിൽ ക്രിയകരംക്ക് ബ്രാഹ്മണർ എത്തായ്കകൊണ്ടു തന്റെ ഗൃഹത്തിങ്കൽ ഹോമകുണ്ഡം ചമച്ചു മേലേരി കൂട്ടി അഗ്നിയെ ജ്വലിപ്പിച്ചു ശവം ഛേദിച്ചു ഹോമിച്ചു ദഹിപ്പിച്ചിരിക്കുന്നു. അനന്തരവൻ ചെയ്യേണ്ടും ക്രിയകരം ശൂദ്രനെ കൊണ്ടു ബ്രാഹ്മണക്കുട്ടത്തവനെകൊണ്ടു ചെയ്യിപ്പിച്ചു. അങ്ങിനെ താൻ ദഹിപ്പിക്കകൊണ്ടു ബ്രാഹ്മണൻ കൂടാതെ ശൂദ്രനും ഒരു ക്രിയയില്ല; ശൂദ്രൻ കൂടാതെ ബ്രാഹ്മണനും ഒരു ക്രിയയില്ല എന്നു കല്പിച്ചു, ശങ്കരാചാര്യക്കു വിദ്യ അനേകം ഉണ്ടായവാറെ അവന്നു ശരി മററാരുമില്ല, ബ്രാഹ്മണരും നില്ക്കാതെ ആയി. സകല വിദ്യകളും ഗ്രഹിച്ചു പ്രസിദ്ധനായി സർവ്വജ്ഞ പീഠം ഏറി ഇരിക്കുംകാലം ഗോവിന്ദസന്യാസിയുടെ നിയോഗത്താൽ കേരളഭൂമിയിങ്കലെ അവസ്ഥാ 24000 ഗ്രന്ഥമാക്കി ചമച്ചു. 64 ഗ്രാമത്തെയും വരുത്തി അടുക്കും ആചാരവും നീതിയും നിലയും കുലഭേദങ്ങളും

---

* അംശമായി

മര്യാദയും യഥാക്രമവും എച്ചിലും വീഴ്പ്പും തീണ്ടലും കുളിയും കഴിവരഞ്ഞ് നീർ കോരുവാനും കലം വരഞ്ഞ് വെച്ചുണ്മാനും അവരവൎക്കു ഓരോരൊ പ്രവൃത്തികളും ആചാരങ്ങളും ഭാഷകളും അതാത് കുലത്തിന്നു തക്കവണ്ണം കല്പിക്കയും ചെയ്തു. നാലു വൎണ്ണംകൊണ്ടു 18 കുലം ആക്കി അതുകൊണ്ടു 68 കുലവൎണ്ണം എന്നും 72 കുലം എന്നും കല്പിച്ചു.

അപ്പറയുന്ന കുലപ്പേരുകൾ വെവ്വേറെ കേട്ടുകൊൾക; ബ്രാഹ്മണാദി നാലു വൎണ്ണമുള്ളത തന്നെ അനേകം പേരുണ്ടു ബ്രാഹ്മണരിൽ തന്നെ അനേകംപേരുണ്ടു. ഓത്തന്മാർ, മന്ത്രവാദികൾ, സ്മാൎത്തന്മാർ ശാസ്ത്രാംഗക്കാർ, പിതൃകൎമ്മക്കാർ ഗ്രന്ഥികൾ, ജ്യോതിഷക്കാർ, ഷാരികൾ, വ്യാകരണക്കാർ, ശാന്തിക്കാർ ശാസ്ത്രികൾ, വേദാന്തികൾ, വൈദികന്മാർ, ഗൃഹസ്ഥന്മാർ, സന്ന്യാസികൾ. ബ്രാഹ്മണ സ്ത്രീകൾ അകത്തു നിന്നു പുറപ്പെടാതെ ഇരിക്കുന്നവരാകകൊണ്ടു അന്തൎജ്ജനങ്ങൾ എന്നും അകത്തമ്മമാർ എന്നും പേരായി. ബ്രാഹ്മണരുടെ ബാലന്മാർ ഉണ്ണി എന്നും ബാലമാർ തങ്ങപ്പിള്ളമാർ എന്നും പറയുന്നു, ആൎയ്യാവൎത്തത്തിങ്കൽ നിന്നു വന്ന ബ്രാഹ്മണർ നമ്പൂതിരിമാർ നമ്പൂരിപ്പാടു എമ്പ്രാന്മാർ എമ്പ്രാന്തിരി എന്നും അവരിൽ പ്രമാണികളെ * തിരുമുൽപാടന്മാര എന്നും ഭട്ടത്തിരിപ്പാടെന്നും വന്ദനാൎത്ഥം പറയുന്നു. ഓരൊ യാഗാദികൎമ്മങ്ങളെ ചെയ്കകൊണ്ടു, സോമാതിരിമാർ അഗ്നിഹോത്രികൾ എന്നിങ്ങിനെ ചൊല്ലുന്നു. പരദേശ ബ്രാഹ്മണർ ഭട്ടന്മാർ പട്ടർ തന്നെ. ഇവർ വൈദികന്മാർ നമ്പിടിക്കു ഓത്തില്ലായ്കകൊണ്ടു മുക്കാൽ ബ്രാഹ്മണൻ അതിൽ പ്രമാണികക്കാട്ട് കാരണപ്പാടു എന്ന നമ്പിടി ആയുധം എടുത്ത അകമ്പടി ചെയ്ക പിതൃ പൂജെക്ക് ദൎഭയും സ്രുവവും ചമതക്കോലും. വരുത്തിയ വെങ്ങനാട്ടിൽ നമ്പിടി ബ്രാഹ്മണ സഭയിൽ ഒന്നിച്ച ആവണപ്പലക ഇട്ടിരിക്കുന്ന പ്രഭു, ഇതിൽ താണതു കറുകനമ്പിടി നമ്പിടിക്ക് മരുമക്കത്തായം ഉണ്ടു. പിന്നെ അന്തരാളത്തിൽ ഉള്ളവർ, അമ്പലവാസികൾ ശൂദ്രങ്കൽനിന്നു കരേറിയവർ ബ്രാഹ്മണങ്കൽ നിന്നു കിഴിഞ്ഞവർ. അതിൽ പൊതുവാന്മാർ രണ്ടു വകക്കാർ: അകപ്പൊതുവാൾ ശിവബലിക്ക് തിടമ്പു എഴുന്നെള്ളിക്ക, ദേവസ്വം ക്ഷേത്രം ദേവനേയും പരിപാലിച്ചു സൂക്ഷിക്ക. സോമാനം കഴക പുറപ്പൊതുവാൾ വഴിപാടു വാങ്ങി കൊടുക്ക, ഇല വിറകു പാൽ തേൻ നെയ്യിത്യാദി ഒരുക്കുക. ഭഗവതി സേവയിൽ ശക്തിപൂജ ചെയ്യുന്നവൎക്കു പിടാരന്മാർ പിഷാരകന്മാർ എന്നും അടിയാന്മാര അടികൾ എന്നും ഓരൊ പേരുണ്ടു. പുഷ്പകൻ നമ്പിയച്ചനും ദേവന്നു പൂകൊടുക്ക, മാല കെട്ടുക, ക്ഷേത്രപ്രവൃത്തി ചെയ്തു കൊള്ളുക, അവന്റെ ഭാൎയ്യക്ക് ബ്രാഹ്മിണി എന്നു പേർ. ഗൃഹത്തെ പൂമഠം എന്നും പാദോദകം എന്നും അവനെ പൂനമ്പി എന്നും ചൊല്ലുന്നു. ബ്രാഹ്മിണിക്ക് വെളിച്ചടങ്ങു

* തിരുമുമ്പു

പാട്ടുക തന്നെ ജീവിതം. പിഷാരോടിക്ക് സന്യാസിയുടെ ആചാരവും ക്ഷേത്രത്തിങ്കൽ അടിച്ചു തളിയും മാലകെട്ടും കല്പിച്ചു, കൈലാസവാസിയെ ക്ഷേത്രപ്രവൃത്തിക്കു കല്പിച്ചു, അവന്റെ പക്കലൊക്കിയ സ്ത്രീകൾ അടിച്ചു തളി പ്രധാനമാക്കി വാരിയത്തി എന്നു പേരും വാരിജാതിക്കു ക്ഷത്രിയരുടെ പുലയും പുണ്യാഹവും പുഷ്പകന്റെ പ്രവൃത്തിയും കല്പിച്ചു. ഇതിൽ പെററും പിറന്നും ഉണ്ടായവർ ഒക്കയും ആഴവാഞ്ചേരിതമ്പ്രാക്കളുടെത് എന്നു പറയുന്നു. ശ്ലാഘ്യാരിൽ പുരുഷന്നു ചാക്യാർ എന്നും സ്ത്രീകൾ നങ്ങ്യാർ എന്നും പേർ. ഈശ്വരകഥകളെ പ്രകടിച്ചു പറക, വ്യാകരണം നാടകപുരാണങ്ങളും വായിക്ക, കൂത്താടുക കൂത്തു പറയിക്ക, അവർക്ക് പല കർമ്മങ്ങൾക്കായിട്ടും ചാന്നവർ എന്ന ഒരു കൂട്ടത്തെ കല്പിച്ചു; അവർ നമ്പിയാർ, അതിൽ ഇളയതു ശൂദ്രർക്കു ശ്രാദ്ധത്തിന്നു ചോറു വെപ്പിച്ചു വാങ്ങുക. മൂസ്സതു ഊരിലെ പരിഷതങ്ങന്മാർ പരശുരാമദോഷം ഏല്ക്കകൊണ്ടു ബ്രാഹ്മണകർമ്മം ഒന്നും ഇല്ല. ഇവരോടു കൂടുന്ന ചെലമ്പാണ്ടികൾ തിരുവനന്തപുരത്ത് ഭഗവാന്റെ അടിയാർ, ശാസ്താവിങ്കൽ കൂത്താടുവാൻ തീയാടിനമ്പി എന്നൊരു പരിഷയും കല്പിച്ചു, തെയമ്പാടി എന്നൊരു ചാന്ന പരിഷയും ഉണ്ടു. അവർ കളം എഴുതി ദൈവം പാടുന്നവർ; ഭദ്രക്കാളി അടിയാന്മാരുടെ പൂജ ഉള്ളേടത്ത് കഴകപ്പൊഴുതിക്കായിട്ടു ചാന്നവർ എന്ന മാനാരി പുത്തില്ലം അങ്ങിനെ രണ്ടു കൂട്ടത്തെ കല്പിച്ചു. ഇവരും ഉണ്ണിത്തിരിമാരും അമ്പലവാസികളിൽ കൂടിയവർ, മാരയാർ അമ്പലവാസികളിൽ കൂടുക ഇല്ല; അവർ വാദ്യപ്രയോഗക്കാർ കൊട്ടുമാരയാർ അസ്ഥികുറച്ചി, അസ്ഥിവാരി, ശവസംസ്കാരത്തിൽ പരിചാരം ചെയ്തുകൊണ്ടു പരിയരത്തവരിൽ ആകുന്നു. ഇവർ ഒക്ക നാലു വർണ്ണത്തിൻ ഇടയിൽ പെട്ട അന്തരജാതികൾ.

ക്ഷത്രിയരിൽ സൂര്യവംശവും സോമവംശവും രണ്ടു വകയിൽ മൂഷികക്ഷത്രിയനും മുടിക്ഷത്രിയനും സാമന്തരും ഉണ്ടു. എറാടിയും നെടുങ്ങാടിയും വള്ളൊടിയും അവരിൽ താണ പരിഷ എന്നും അടിയോടികൾ എന്നും പറയുന്നു. മയൂരവർമ്മൻ മലയാളം തൌളവം വാണതിൽ പിന്നെ ഉണ്ടായ രാജാക്കന്മാരുടെ നാമധേയാന്ത്യത്തിങ്കൽ ഒക്കയും വർമ്മൻ ശർമ്മൻ എന്നുള്ള പേർ കൂടുന്നു.

വൈശ്യന്മാർ മലയാളത്തിലുണ്ടു എന്നും ഇല്ല എന്നും പറയുന്നു; വയനാട്ടിലുണ്ടു.

ബ്രാഹ്മണർക്ക് വേദശാസ്ത്രങ്ങളും യാഗാദികർമ്മങ്ങളും ജപഹോമാദിശാന്തികളും. ക്ഷത്രിയർക്ക് രാജത്വം രക്ഷാശിക്ഷ പ്രജാപരിപാലനവും. വൈശ്യന്നു കൃഷി ഗോരക്ഷ വാണിഭവും. ശൂദ്രന്നു പട നായാട്ടു മൂന്നാഴിപ്പാടു കാവൽ ചങ്ങാതം അതിൽ കിഴിഞ്ഞവർക്ക് താളിപിഴിഞ്ഞു കുളിപ്പിക്ക, തണ്ടെടുക്ക, ചുമടുകെട്ടുക, എള്ളിടുക, പൂഞ്ചേല മുക്കുക, മററും കൂലി ചേകവും ഉണ്ടു.

ശൂദ്രജാതികൾ പലപ്രകാരവും പറയുന്നു. അതിൽ വെള്ളാള

സ്വരൂപത്തിൽ പേരുകൾ തങ്ങൾ എന്നും കമ്മൾ എന്നും കുറുപ്പെന്നും പണിക്കർ എന്നും നായ്കൻ നായർ എന്നും അടിയോടി നമ്പിയാർ ചെല്ലട്ടന്മാർ തലച്ചെണ്ണോർ തലപ്പെണ്ണോർ മേനോക്കി മേനൊൻ അപ്പൻ എന്നും അമ്മൊന്മാർ അമ്മാവൻ എന്നും ഓരൊ സ്വരൂപത്തിങ്കൽ ഒരൊ പേർ പറയുന്നു. ഈ തറവാട്ടുകാർ ഒക്കയും 11* കിരിയത്തിൽ ഉളവായുള്ളവരാകുന്നു 1. മുത്തുക്കിരിയം, 2. ഇളങ്കിരിയം, 3. അടുങ്കുടിക്കിരിയം, 4. അമയങ്ങലത്തുകിരിയം, 5. എടത്തു കുടികി, 6. നെല്ലുളികി, 7. നീലഞ്ചേരികി, 8. ഇടിമകി, 9. മമ്പാട്ടുകി, 10. തിരുമങ്ങലത്തുകി, 11. പുത്തൂർകി ഇതിൽ കിഴിഞ്ഞു പോയ പരിഷകൾ ചാന്ന പരിഷകൾ നാലുവർണ്ണത്തിൽ ചാന്നവർ ഉണ്ടു: സാമന്തൎക്കും ചാന്നവരുണ്ടു എന്നു പറകകൊണ്ടു 5 എന്നും നാലെന്നും പറയുന്നു. അകത്തു ചാന്നവർ, പുറത്തുചാന്നവർ, പരപ്പുവർ, പ്രഭുസേവകർ പള്ളിച്ചേകവർ, പള്ളിച്ചാന്മാർ, മടവർ എന്നിങ്ങിനെ ഉള്ളവർ ക്ഷേത്രത്തിലും എടത്തിലും മടത്തിലും മാടത്തിലും കൊയിലകത്തും നിന്നു വേല ചെയ്യേണ്ടും പരിഷകൾ അവർ ഉള്ളാളർ, ഉള്ളാട്ടിൽനായർ, ഉള്ളകത്തു നായന്മാർ എറനാട്ടിലും മററും കുലിച്ചേകവർ, പള്ളിച്ചാന്മാർ പണ്ടെ തളിയാതിരിമാരുടെ പള്ളി തണ്ടു എടുത്തവർ.

അതിൽ കീഴപെട്ടുള്ള ജാതികൾ വെളുത്തേടൻ, ഈരങ്കൊല്ലി, വണ്ണത്താൻ അലക്കി പിഴിഞ്ഞു കൊടുക്ക തിരുപുടാടഞെറിക വിളക്കത്തറവൻ വളിഞ്ചിയൻ, ക്ഷൌരം കഴിക്ക, പിതൃകർമ്മം. കുശവൻ കുലാലൻ, കൊയപ്പൻ, ആന്ത്യൻ. മൺകലം നിർമ്മിക്ക. ഊരാളി കല്ലെരിനായർ മനയാളികൾ എരുമാൻ മതിൽ മാട്ടുക, മച്ചു പട്ടുക്ക, കന്നിടിക്ക, കുഴിതുൿക്ക, കുളങ്കിണറു കുഴിക്ക, കുലിക്കു കുത്തുക. വട്ടക്കാട്ടവൻ (വാണിയൻ പതിയാരും ചക്കാല വാണിയനും എൾ ആട്ടി പിഴിക) എന്നിങ്ങിനെ 5 ജാതിയും. പിന്നെ കുടുമ്പർ കട്ടപ്പട്ടർ ചുമടു കെട്ടുക ഉപ്പും മീനും വില്ക്കു. കച്ചേരിനായർ പീടിക കെട്ടി വാണിഭം അവനും വട്ടക്കാട്ടവനും ഒന്നു തന്നെ നായികന്മാർ കൊട്ടി കൂട്ടം കുറിക്ക കൂട്ടാൻനായർ, കണ്ടത്തിൽ നായർ ക്ഷേത്രത്തിൽ അരികുത്തുക, പാത്രം തേക്ക, ഗോപുരം കാക്കുക ഇവർ ചാന്നപരിഷയിൽ നിന്നു കിഴിഞ്ഞവർ. അകത്തുട്ടപരിഷ കച്ചേരിചെട്ടിയാൻ ഒഴികെ 3 കച്ചോടക്കാർ: രാവാരി യാവാരി വ്യാപാരി കപ്പലോട്ടം പാണ്ടിശാല കെട്ടിവാണിഭം, ചരക്കുകൾ ഓട്ടക്കാർക്ക് കൊടുത്തുംകൊണ്ടും കച്ചോടം ചെട്ടി പൊൻവാണിഭം, കമ്മട്ടത്തിൽ പണം അടിപ്പിച്ചാൽ പൊൻ മാറുക, തുറമരക്കാരെ മക്കത്തെ കപ്പൽ വെപ്പിക്ക, ഓട്ടവൊഴക്കവും കച്ചോടം കണക്കെഴുത്തും ചോനകർ ബൌദ്ധന്മാർ അസുര വംശത്തിങ്കലുണ്ടായവർ. കച്ചോടം കപ്പലോട്ടം പിന്നെ ചീനർ, കുഞ്ചാരത്തിക്കാർ, പൌരവർ ഇവർ ഓരൊരു ദ്വീപിങ്കൽനിന്നു

* ഗൃഹത്തിൽ

കപ്പലിൽ കൂടി വന്നു മലയാളത്തിൽ ഇരിപ്പുണ്ടു. ഇതിൽ കൊങ്ങിനിയർ, ചെരിപ്പുകുത്തി, നസ്രാണി, ഒത്താമ്പാർ, പൌരൻ ഇത്യാദി 18 വംശം ഉണ്ടു. പറങ്കി, ലാന്താ, പരിന്തിരീസ്സ്, ഇങ്കിരിസ്സ് എന്നിങ്ങിനെ നാലു വട്ടത്തൊപ്പിക്കാർ അതാത് ദ്വീപുകളിൽ കടന്നിരുന്നു കോട്ടയിട്ടുറപ്പിച്ചു, കച്ചോടം തുടങ്ങി ഇരിക്കുന്നു. ചാലിയാർ പരദേശത്തു നിന്നു വന്നു, തെരു കെട്ടി നെയ്ത്തു തുടങ്ങിയവർ ചെട്ടിയാർ, ചെടർ, ഈഴവരും * തീയ്യരു * * ഈഴം എന്ന ദ്വീപിങ്കന്നു വന്നവർ മരം കയററും ഈർച്ച മൂർച്ചയും കാച്ചും വാണിഭവും അവരിൽ തണ്ടായ്മസ്ഥാനമുണ്ടു. കാവുതിയൻ ക്ഷുരകൻ അവരോട് കൂട മുകവർ മുകയർ പുഴയിൽ മീൻ പിടിക്ക. മുക്കുവരും കടവർ വലകെട്ടി മീൻ പിടിക്ക, തോണി കടത്തുക, കെട്ടെടുക്ക ഈഴെത്ത നിന്നു വന്നവർ എന്നു പറയുന്നു. കമ്മാളർ കർമ്മാളർ ഐവർ ഐങ്കുടി എന്നും നാല്‌വർ എന്നും പറയുന്നു. അതിൽ ബ്രാഹ്മണൻ ആചാരി ആശാരി മരം വെട്ടി കുറെക്ക. ക്ഷത്രിയൻ തട്ടാൻ പെരുന്തട്ടാൻ ആഭരണവും വിഗ്രഹവും ഉണ്ടാക്കുക. ചൊഴിതട്ടാൻ കമ്മട്ടം പുക്ക പണമടിക്ക, പൊൻവാണി ചക്രകുത്തിയാർക്കു കുത്തുപണി. വൈശ്യൻ മൂചാരി മൂശാരി ഓട്ടു പണി, പൂജാപാത്രങ്ങൾ മററും വാർത്തുണ്ടാക്കുക. ശൂദ്രൻ കൊല്ലൻ പെരുങ്കൊല്ലൻ ഇരിമ്പുപണി. ചെമ്പുകൊട്ടി ചെമ്പൊട്ടി ചെമ്പുപണി. കമ്മാളരിൽനിന്നു പിരിഞ്ഞു കഴിഞ്ഞു പൊയവർ നാലു കൊല്ലർ, അതിൽ തീകൊല്ലൻ കരുവാൻ, അമ്പുകെട്ടിക്കൊല്ലൻ പടക്കുറുപ്പു, വില്ലുഴിക, അമ്പുകെട്ടുക, പയററിക്ക. പലിശക്കൊല്ലൻ കിടാരൻ പലിശ എടുത്തു കൊടുക്ക, തോലുപണി. വാൾക്കൊല്ലൻ (കടച്ചകൊല്ലൻ) ആയുധം വെളുപ്പിക്ക, എടുത്തുകൊടുക്ക. കുലിച്ചേകം ഇല്ലാത്ത നാലു കുറുപ്പും ഉണ്ടു: വടികുറുപ്പു കുന്തവടി തീർക്ക. പരകുറുപ്പു കുമ്മായം ഉണ്ടാക്കുക. പരവൻ കാട്ടുക്കുറുപ്പു, വേലക്കുറുപ്പു. വേലൻ, പേററി, ചികിത്സ, ഈററെടുക്ക, ശസ്ത്രപ്രയോഗവും സൂതികാകർമ്മവും, പാണർ മുന്നൂററൻ, അഞ്ഞൂററൻ, വേലൻ, പരവൻ, മരം ഏറുക, കളം മനിയുക, കെട്ടിയാട്ടം, കുളി അടക്കുക, ഒടിതീർക്ക, മന്ത്രവാദം. കമ്മാളർക്ക് അടിമയായി നിൽക്കുന്നു അതിൽ 4 വക മൺകുത്തി, മരം കയറി, കൊടഞ്ചി, കൊട്ടമുട്ടി ഇവർ ഒന്നു തന്നെ. വണ്ണാൻ മണ്ണാൻ, പെരുവണ്ണാൻ. ഏററും മാററും കെട്ടിയാട്ടം ചാഴിയും പുഴുവും വിലക്കുക മന്ത്രവാദം കുത്തുപണി. പിന്നെ കണിശൻ കണിയാൻ ജ്യോതിശ്ശാസ്ത്രം, മന്ത്രവാദം. നാല്പത്തീരടിസ്ഥാനത്തിൽ ആയുധം എടുത്തു കൊടുക്ക, കളരിയിൽ ആചാര്യസ്ഥാനം, കൂട്ടം ബാധതിരിക്ക. വേട്ടുവക്ക് ഉപ്പു വിളെക്കുക, മൺപണി. പുള്ളുവന്നും (ഔഷധക്കാരൻ) വള്ളുവന്നും കുലിപ്പണി. പിന്നെ കുന്നുവാഴികൾ 16 വംശം എന്നു പറയുന്നു. പുളിയർ (ഇവക്ക് കുറുമ്പിയാതിരി കുന്നിൻകൂർ വാഴ്ച വെട്ടിയടക്കം, കെട്ടിപാച്ചൽ നായാട്ടു, പട,

* ദ്വീപർ

** സിംഹളം ചിങ്ങളം

ക്കുലിച്ചേകം, ഈ അവകാശങ്ങരം കൊടുത്തു. മലയിൽ പണിയ
ന്മാർ (പയററുക) പണിയര, കാടർ, കാട്ടുവർ, കുറിച്ചിയപണി
ക്കർ, മാവിലവർ, കരിമ്പാലർ, തുളുവർ, കുളുവർ കാട്ടുവാഴ്ച, നായാ
ട്ടു, വല്ലിപ്പൊഴത്തി. ഇറയവൻ, ഏറവാളൻ, തേൻ കുറുമ്പർ, മലയർ,
കള്ളാടിമാർ (ഏറവക്കളി കെട്ടിയാട്ടം ക്കുളിയടക്കം) ആളർ പെരാ
ളർ, ഉള്ളാളർ, ഉള്ളവർ മലയാളർ, കുറുമ്പർ, പല വിത്തുകളും എടു
ക്ക. മൂത്തൊരൻ (നായാട്ടു വലകെട്ടുക ഉറിമിടക) കുറവൻ വിഷംകി
ഴിക്ക, പാമ്പാട്ടം. ചപ്പിടിക്കളി, കൈനോക്കുക, കാക്കമൊംസം ഭ
ക്ഷിക്ക, പുല്ലായിടുക. പറയൻ (പറയിപെററ പന്തീരുകുലം വായി
ല്ലാകുന്നിലപ്പൻ പരദേവത, കുടയും മുറവുംകെട്ടുക, ഒടിക്ക, മാട്ടുക,
പശുമാംസം ഭക്ഷിക്ക. ചെറുമരിൽ കയറിയവർ ഇരുളർ, എരളൻ,
കണക്കരും, ഒടുക്കം പുലയരും പായുണ്ടാക്കുക നായാടികളും നായടി
ച്ചു തിന്നുക.

ഇങ്ങിനെ 72 കുലത്തിന്നും ചിലർ തമ്മിൽ തമ്മിൽ തൊട്ടുകുളി
തീണ്ടിക്കുളി എന്നുള്ള ക്രമങ്ങരം അടക്കം, ആചാരം, നീതിയും, നി
ലയും, തളിയും, കുളിയും, പുലയും, പുണ്യാഹവും, ഏററം, മാററം,
ദിനവും, മാസവും എന്നിങ്ങിനെ ഉള്ളത് എല്ലാം ശങ്കരാചാര്യർ 64
ഗ്രാമം ബ്രാഹ്മണരെയും മററു ഊരും ഗ്രാമവും സ്വരൂപവുംനാനാവർ
ണ്ണങ്ങളും നിറയപ്പെട്ടിരിപ്പൊരു സമയം കക്കടെവ്യാഴം പുക്കു വരുന്ന
കുംഭമാസത്തിൽ വന്ന മഹാ മഖത്തിൽ പിറെറ നാരം തിരുന്നവാ
യെ പേരാററിൽ മണല്പുറത്തനിന്ന മഹാരാജാവായി മലയാള
ത്തിൽ 17 നാടു മടക്കി വാഴും പെരുമാളെയും നമ്പിമാടമ്പിസ്സാത്തൻ
മററും പല പ്രഭുക്കന്മൊരെയും വരുത്തി ബോധിപ്പിച്ചു, സവ്വജ്ഞരാ
യിരിപ്പോരു ശങ്കരാചാര്യർ എന്നറിക. ഈശ്വരന്ന ആരിലും ഒരു
കുലഭേദവുമില്ല. പരദേശികരം ഒരു ജാതിക്കും തീണ്ടിക്കുളിയുമില്ല;
ഏകവണ്ണിച്ചിരിക്കുമത്രെ; അതു പോര ഈ കമ്മഭൂമിയിൽ ഭൂമിക്ക്
കർമ്മം കൊണ്ടു ശുദ്ധി വരുത്തുകെ ഉള്ളു. ജ്ഞാനഭൂമിയാകുന്ന രാജ്യ
ങ്ങളിൽ ഒന്നിച്ചു നടക്കാം. കർമ്മഭൂമിയിങ്കൽ കർമ്മം കൊണ്ടു ഗതി
വരുത്തി കൂട്ടം അതു കൊണ്ടീവണ്ണം കല്പിച്ചുറപ്പിച്ചിരിക്കുന്നു. അ
തിന്നു വിഘ്നം വരുത്തുന്നവർക്ക് ദാരിദ്ര്യവും മഹാവ്യാധിയും അല്ല
ലും മനോദുഃഖവും ഒരിക്കലും തീരുകയില്ല. അതുകൊണ്ടു അതിന്നു
നീക്കം വരുത്തിക്കൂടാ എന്നു 64 ഗ്രാമവും ശങ്കരാചാര്യരും രാജാക്ക
ന്മാരും പല ദിവ്യജനങ്ങളും മഹാലോകരും കൂടിയ സഭയിങ്കൽനിന്നു
കല്പിച്ചു.

7. ചേരമാൻ പെരുമാരം കേരളത്തെ വിഭാഗിച്ചു കൊടുത്തതു

ചേരമാൻ പെരുമാരം ഇങ്ങിനെ സ്വൈരമായി വാഴും കാല
ത്ത് തിരുമനസ്സുകൊണ്ടു നിരൂപിച്ചു കല്പിച്ചു. ഈ ഭൂമിയെ ബ്രാ
ഹ്മണർക്കല്ലൊ പരശുരാമൻ ഉദകദാനം ചെയ്തതു, വളരെ കാലം

ഞാൻ അനുഭവിച്ചതിന്റെ ശേഷം പരിഹാരത്തിന്ന് എന്തു കഴിവു ള്ള എന്നു നിരൂപിച്ചതിന്റെ ശേഷം, പല ശാസ്ത്രികളും ആറു ശാസ്ത്രത്തിങ്കലും 3 വേദത്തിങ്കലും ഒരു *പ്രായശ്ചിത്തം കാണ്മാനില്ല; നാലാം വേദത്തിങ്കൽ തന്നെ അതിന്നു നിവൃത്തി ഉള്ളു എന്നുണർത്തിച്ചു. അക്കാലം ചേരമാൻ പെരുമാൾ അകമ്പടിക്കാര്യക്കാരനായ പടമലനായരെ പിടിച്ചു ശിക്ഷിക്കെ ഉള്ളു ''എന്ന പെൺചൊൽ'' കേട്ടു നിശ്ചയിച്ചു. അതിന്റെ കാരണം പെരുമാളുടെ ഭാര്യ ആ മന്ത്രിയെ മോഹിച്ചു കാമവാക്കുകൾ പറഞ്ഞിട്ടും സമ്മതിപ്പിച്ചതുമില്ല. അതുകൊണ്ടു കോപിച്ചു നിന്നെ തപ്പുതൈലത്തിൽ പാകം ചെയ്യേ ഉള്ളു എന്നാണയിട്ടു കൌശലത്താൽ പെരുമാളെ വശമാക്കുകയും ചെയ്തു. അഴിയാറ എന്ന പുഴയിൽ കൊണ്ടു നിറുത്തി ശിക്ഷിപ്പാന്തുടങ്ങുമ്പോൾ എന്റെ ജീവിതം തന്നെ എന്നെ കൊല്ലാവു, എന്നു പടമലനായർ പറഞ്ഞു, അവന്റെ ജീവിതം അടക്കി കൊടുക്ക എന്ന് ചേരമാൻ പെരുമാൾ അരുളിച്ചെയ്തു. പടമലനായരുടെ മുണ്ടിന്മൂടരിഞ്ഞു പുഴയിൽ കാട്ടി, മടിപിടിച്ചു നാളും കോളും തീർത്തു ജീവിതം അടക്കി കൊടുത്തു. അരിയളവും കഴിച്ചു, അന്നഴിയാറെന്ന പുഴെക്ക അരിയാറെന്ന പേരുണ്ടായി. ശിക്ഷിപ്പാന്തുടങ്ങുമ്പോൾ, സ്വർഗ്ഗലോകത്തിൽനിന്നു വിമാനം താഴ്ത്തി ''വിമാനത്തിന്മേൽ കയറികൊൾക'' എന്നു ദേവകൾ പറഞ്ഞു ''എന്റെ അകമ്പടിസ്ഥാനം നടത്തികൊൾക'' എന്നു പടമലനായർ പതിനായിരത്തോടും പറഞ്ഞു വിമാനത്തിന്മേൽ കരേറി പോകുമ്പോൾ ''എനിക്ക് എന്തു ഗതി'' എന്നു പെരുമാൾ അപേക്ഷിച്ചതിന്റെ ശേഷം ''അശ്രുവിങ്കൽ ഹജ്ജ് ചതുരപുറത്തു വേദ ആഴിയാർ എന്ന ഒരു ചോനകൻ ഉണ്ടു, അവനെ ചെന്നു കണ്ടാൽ നാലാം വേദമുറപ്പിച്ചു അടയാളം കാട്ടി തരും. അതിന്നീവേദക്കാരരെ ഒലമാരികപ്പൽ വെപ്പിച്ചു തിരുവഞ്ചാഴിമുഖത്ത് കരെക്കെത്തിച്ചു മാർഗ്ഗം വിശ്വസിച്ചു അവരുമായി അശ്രുവിന്നു പോയികൊണ്ടാൽ പാതി മോക്ഷം കിട്ടും എന്നു പറഞ്ഞു, പടമലനായർ സ്വർഗ്ഗംപുക്കു. അതിന്റെ ശേഷം ബ്രാഹ്മണരും പെരുമാളും കൂടി മഹാ മഖത്തിന്നാളത്തെ മഹാ തീർത്ഥമാടും കാലം വേദിയരാൽ വേദം കൊണ്ടിടഞ്ഞു, ബൌദ്ധന്മാരുമായി അശ്രുവിന്നു പോകെണം എന്നുറച്ചു ചേരമാൻ പെരുമാൾ എന്ന തമ്പുരാൻ വാർദ്ധക്യമായതിന്റെ ശേഷം തന്റെ രാജ്യം തനിക്ക് വേണ്ടപ്പെട്ട ജനങ്ങൾക്ക് പകുത്തു കൊടുക്കെണം എന്നു കല്പിച്ചു. കന്യാകുമാരി ഗോകർണ്ണത്തിന്റെ ഇടയിൽ കന്നെററി പുതുപട്ടണത്തിന്റെ നടുവിൽ തെക്കെ ചങ്ങല പുരത്തഴിയും വടക്കെ പുതുപട്ടണത്തഴിയും കിഴക്കെ 18 ചുരത്തിൻ കണ്ടിവാതിലും പടിഞ്ഞാറെ, കടലു, 18 അഴിമുഖവും, വടക്ക പടിഞ്ഞാറ് മൂല അഗ്നികോണ്, വടക്കകിഴക്ക മൂല ഈശാനകോണ്, തെക്കകിഴക്ക, മൂല വടപുറായി മൂല, തെക്കപെടി

---

* പരിഹാരം

ഞ്ഞാറെ, മൂല ചെമ്പുറായി മൂല, ഇതിന്നിടയിൽ ചേരമാൻ നാടു, പരശുരാമഭൂമി, 160 കാതം വഴിനാടും 4448 ദേവപ്രതിഷ്ഠയും, 108 ദുർഗ്ഗാലയവും, 360 ഭൂതപ്രതിഷ്ഠയും, 1008 നാല്പത്തീരടിയും, 64 ഗ്രാമവും, 96 നഗരവും. 18 കോട്ടപ്പടിയും, 17 നാടും, തുളുനാടു, കോലത്തുനാടു, പൊലനാടു, കുറുമ്പനാടു, പുറവഴിനാടു, ഏറനാടു, പറപ്പനാടു, വള്ളുവന, രാവണനാടു, വെട്ടത്തുനാടു, തിരുമാനശ്ശേരിന, പെരിപടപ്പന, നെടുങ്ങനാടു, വെങ്ങന, മുറിങ്ങന, ഓണന, വേണനാടു, അണഞ്ഞ 5 നാടു: പാണ്ടി, കൊങ്ങു, തുളു, വയനാടു, പുന്നാടും എന്നു പറയുന്നു. കേരളവും, കൊങ്കണവും, കൊടകും കൂടാതെ 56 രാജ്യമുണ്ടെന്നു കേൾപ്പുണ്ടു.

ഇങ്ങിനെ ഉള്ള ചേരമാന്നാട്ടിൽ ഉദയവർമ്മൻ കോലത്തിരി വടക്കപെരുമാൾ കിരീടപതിയും, കേരളാധിപതിയും, എന്നു കല്പിച്ചു. തൊള്ളായിരത്തനാല്പത്തുനാല ഇല്ലത്തിൽ 350000 നായർ വളർഭട്ടത്ത് കോട്ടയുടെ വലത്തു ഭാഗത്ത മുതുകുനിവിന്നു ചുരികകെട്ടി, ചെകിച്ചു സേവിച്ചു കാണ്മാന്തക്കവണ്ണം കല്പിച്ചു, പെരുമാളുടെ കട്ടാരവും കൊടുത്തു, വെന്ത്യക്കോവിലപ്പന്റെ അംശം മേല്പെട്ടക്കേണം എന്ന് കല്പിച്ചു, പെരിഞ്ചെല്ലൂർ പുളിയപ്പടമ്പ് ഗൃഹത്തിൽ നായകനമ്പൂതിരിപ്പാട്ടിലെ വരുത്തി. ദേവന്റെ അംശം നടത്തുവാനാക്കി, ദേവന്റെ അരിയും ചാത്തി രാജ്യാഭിഷേകം കഴിപ്പിച്ചു. കോലസ്വരൂപത്തിന്റെ മാടമ്പികളായ ചുഴന്നകമ്മൾ ചുഴലി എന്നും നേർവെട്ടകമ്മൾ എന്നും രണ്ടു നമ്പിയാർക്ക് 12 കാതം വഴി നാട്ടിൽ ഇടവാഴ്ചസ്ഥാനവും ആയിരത്തിരുനൂറീത് നായരെയും കൊടുത്തു. ഉദയവർമ്മനെ അനുഗ്രഹിച്ചു "വരുവിൽ ഇളങ്കൂറു വരായ്കിൽ ചേരമാൻ പട്ടം മേൽകോയ്മ സ്ഥാനവും" എന്നരുളിച്ചെയ്തു "ഇങ്ങിനെ മേല്പെട്ടു 100 കൊല്ലം വാഴ്ച, വണോളുക പിന്നെ വമ്പന്നു വാഴുവാനവകാശം" എന്നും കല്പിച്ചു. തെക്കു കുലശേഖരന്റെ സ്വരൂപമായ വെണ്ണാടടികൾക്ക് 350000 നായരെ കല്ലുളത്തുകോട്ടയുടെ വലത്തുഭാഗത്തു ഓമന പുതിയകോവിലകത്ത് ചുരിക കെട്ടി, ചെകിപ്പാന്തക്കവണ്ണം നാടുകോയ്മസ്ഥാനവും ഒണനാടും വെണനാടോട് ചേർത്തും കല്പിച്ചുകൊടുത്തു. കോലസ്വരൂപത്തിൽ നീത്തുണയായി നിന്നു അർത്ഥം ചിലവിട്ടുകൊൾക എന്നരുളിച്ചെയ്തു കുവളരാജ്യത്തിങ്കൽ വാഴുവാൻ കല്പിക്കയും ചെയ്തു. രണ്ടു സ്വരൂപത്തിന്നും ഇന്നും തമ്മിൽ പുലസംബന്ധമുണ്ടു. വളരെ വസ്തുവും കൊടുത്തു ചിത്രകൂടം രക്ഷിപ്പാനും കല്പിച്ചു. പിന്നെ സൂര്യക്ഷത്രിയനു 52 കാതം നാടും വളരെ പുരുഷാരവും 18 മാടമ്പികളും 42 കാര്യക്കാരെയും കല്പിച്ചുകൊടുത്തു, പെരിമ്പടപ്പ എന്ന പേരും വിളിച്ചു. കാര്യക്കാരിൽ ബാലൃത്തച്ചൻ മുമ്പൻ എന്നറിക; അവർ യുദ്ധത്തിന്ന് ഒട്ടും കുറക ഇല്ല.

അവന്റെ അനുജനായ കവിസിംഹമരെറ തമ്പുരാനെ തുളുനാടു രക്ഷിപ്പാൻ കല്പിച്ചു, പെരിമ്പുഴെക്ക് വടക്ക് ശ്രമല്ലോയ്മസ്ഥാ

നവും കൊടുത്തു. പരമ്പർ നന്ദവാരിലെ ബംഗർ, അജലർ, സവിട്ടർ, മൂഡുബിദ്രിയിലെ ചൌടർ, സാമന്തരെറു മുളക്കിയിലെ സാമന്തർ എന്നിങ്ങിനെ 4 പ്രഭുക്കന്മാരും കവിസിംഹമരെറക്കു തുണ എന്നും കല്പിച്ചു. മികച്ച നാടാകുന്ന പൊലനാടും മനുഷ്യജന്മം പിറന്നനായർ 10000വും അതിൽ 3 കൂട്ടവും 72 തറയും അഞ്ചുകമ്പടിയും എന്നിങ്ങിനെ മുക്കാതം നാടു പൊറളാതിരിരാജാവിന്നു കൊടുത്തു. മല്ലൂർകോയിലകത്ത് എഴുന്നെള്ളി 18 ആചാരവും നടത്തുവാൻ കല്പിച്ചു. അതാകുന്നതു: തോലും, കാലും, കുണയും, കരിമ്പടവും, അങ്കവും, വിരുത്തിയും, ചുങ്കവും, എഴയും, കൊഴയും, ആനയും, വാളും, വീരചങ്ങലയും, വിരുത്തും, വാദ്യം, നിയമവെടി, നെററിപ്പട്ടം പടപീഠം, പടവീടു, പറക്കം, കുത്തു, മുന്നിൽ തളി, ചിരുതവിളി എന്നിങ്ങിനെ 18 പൊലനാട്ടാചാരം. ശേഷം കുറുമ്പറാതിരി രാജാവിന്നു 36 കാതം നാടും ദേവജന്മം പിറന്ന നായർ 30000വും അവൎക്ക് 1200 തറയും കൊടുത്തു. പിന്നെ കൊല്ലം മുക്കാതം നാടുവാഴുവാൻ കൊല്ലത്തു രാജാവിന്നും. വെണനാടും ഒണനാടും കൂടിയ നടുവിൽ ഐങ്കാതം വഴിനാടു പന്തളം രാജാവിന്നും കൊടുത്തു. പറപ്പൂസ്വരൂപം, വെട്ടത്തസ്വരൂപം കായങ്കുളത്ത ചെറായി സ്വരൂപവും മററും കല്പിച്ചു. ഒടുക്കം മഹാമഖവേല ആചരിച്ചു നടത്തുവാൻ വള്ളുവകൊനാതിരി രാജാവിന്നു തിരുനാവായി മണൽ പുറവും നാടും 10000 നായരും കല്പിച്ചു കൊടുത്തു. ആറങ്ങാട്ടു ആർങ്ങൊട്ടൂർ സ്വരൂപം എന്നരുളിച്ചെയ്തു, സ്വരൂപം രക്ഷിപ്പാൻ ചൊവ്വരക്കൂററിൽ തിരുമാനാംകുന്നത്തു ഭഗവതിയെ സ്ഥാനപരദേവതയാക്കി കല്പിക്കയും ചെയ്തു. ഇങ്ങിനെ 17 നാടും 18 രാജാക്കന്മാൎക്ക് കൊടുത്തു, 18 ആചാരവും കല്പിച്ചു. പന്നിയൂരും ചോവരവും 2 കൂറും പരവുക്കൂറും ഇങ്ങിനെ മൂന്നു ഭാട്ട പ്രഭാകര വ്യാകരണം ഈ മൂന്നു കൂററിൽ ആറാറു 18 സംഘവും അവൎക്ക് കല്പിച്ചു, അതിന്റെ പേരുകൾ ഭാട്ടക്കൂററിൽ, നെന്മിനി, ചോവരം, ആട്ടിചുണ്ട, നാട്ടി ഇങ്ങിനെ ആറും പ്രഭാകരക്കൂററിൽ പാലവാക്ക, വിതി, വെള്ളം, തിട്ടുചാഴി ഇതാറും വ്യാകരണക്കൂററിൽ തത്തവെഴവും, വല്ലുകണ്ട, ഇതാറും ഇങ്ങിനെ 18 സംഘം ഓരൊരുത്തനെ ഓരോരു നാട്ടിൽ വാഴ്ച ചെയ്തു ചേരമാൻ പെരുമാൾ എന്ന രാജാവ്.

പെരുമാൾ രാജ്യം അംശിച്ചു കൊടുത്തു കഴിഞ്ഞു എന്നും മക്കത്ത് അശ്ശുവിന്നു പുറപ്പാടായെന്നും കേട്ടു പൂന്തുറക്കോനും (ഇരിവർ ഏറാടിമാരും) മാനിച്ചൻ കൃഷ്ണരായരോട് പട ഏററു മരിച്ചു എന്നു കേട്ടിരിക്കുന്നു. മങ്ങാട്ടുണ്ണിക്കുമാരമേനോനും (തൃക്കാരിയൂർ ചിത്രകൂടത്തിൽ) ചെന്നു പെരുമാളെ കാണും പോഴെക്ക്, രാജ്യം വേണ്ടപ്പെട്ട ജനങ്ങൾക്ക് പകുത്തു കൊടുത്തു പോയല്ലൊ ഇനി എന്തു വേണ്ടതു എന്നു വിചാരിച്ചു, ഇനി കോഴി കൂക്കുന്ന ദേശവും ചുള്ളിക്കാടും ഉണ്ടു, അതു നിങ്ങൾക്ക് തരാം (നിങ്ങൾ കുറഞ്ഞൊന്നു മുമ്പെ വന്നില്ലല്ലൊ) എന്നു പെരുമാൾ അരുളിച്ചെയ്താറെ, അതു മതി എന്നു

നിശ്ചയിച്ചതിൻെറ ശേഷം ചേരമാൻ പെരുമാൾ വള്ളുവ കോനാതിരിയെ ക്കൂട നിൎത്തി പൊൻ ശംഖിൽ വെള്ളം പകൎന്ന ശേഷിപ്പുണ്ടായിരുന്ന കോഴിക്കോട്ടും ചുള്ളിക്കാട്ടും ആനക്കോലാൽ മുക്കോൽ വഴിയും (കാതിയാർ മുതലായ ജോനകരേയും മക്കത്തെ കപ്പൽ ഓടിപ്പാനും മാമാങ്ങവേല പാലിപ്പാനും വാളും വാളിൻ (മുന)മേൽ നീരും പകൎന്ന കൊടുത്തു ''നിങ്ങൾ ചത്തും കൊന്നും അടക്കി കൊൾക''എന്നാജ്ഞയും ''ഈ മനനാട്ടിൽ മുഴുവനും ഞാനിയായിട്ടു മേൽകോയ്മ സ്ഥാനം നടത്തി കൊൾക'' എന്നനുജ്ഞയും കൊടുത്തശേഷം, കൈനിറയ വാങ്ങി പൂന്തുറകോനാതിരിരാജാവു വഴിഞ്ഞ നീർ മുമ്പിനാൽ കുടിച്ചു കൊണ്ടാൻ. തൊടുവിക്കളത്ത് ഉണ്ണിക്കുമാരനമ്പിയാർ, അന്നേരം പെരുമാൾ തിരുനാവാൽ മങ്ങാട്ടരയരച്ചൻമേനോൻ എന്നും കുന്നലകോനാതിരിക്ക ഇളങ്കൂറുനമ്പിയാതിരി തിരുമുല്പാടെന്നും അരുളിച്ചെയ്തു. അന്നു പരമധാനിയും പതാനി പള്ളിമാറടിയും വെങ്കൊററകുടപിടിപ്പിക്ക, വെള്ളിക്കോളം വിളിപ്പിക്ക, ആലവട്ടം വെഞ്ചാമരം വീശിക്ക, കള്ളരേയും ദുഷ്ടരേയും ശിക്ഷിക്ക, പശുക്കളേയും ബ്രാഹ്മണരേയും ആനന്ദിപ്പിക്ക, പെണ്ണുംപിള്ളയും രക്ഷിക്ക, നാട്ടടക്കവും 18 ആചാരവും കുത്തുവിളക്കു, പന്തക്കിഴയും, മുത്തുക്കുടയും, പച്ചത്തഴയും, അനുപമക്കൊടി, നടവെടി ഇങ്ങിനെ ഉള്ള രാജഭോഗങ്ങളും കൊടുത്തു ''അറയും തുറയും തളയും ആമവും കഴുവും തീൎത്തു തളിയും സങ്കേതവും രക്ഷിച്ചു രാജ്യാലങ്കാരത്തോടും ക്കൂടി ഏകഛത്രാധിപതിയായി ആഴിചൂഴും ഊഴിയിങ്കൽ കുമാരി ഗോകൎണ്ണം പര്യന്തം അടക്കി വാണുകൊൾക'' എന്നരുളിച്ചെയ്തു. നരപതിയംശത്തോടു ക്കൂടി ആറെട്ടു വട്ടം കെട്ടി വാഴവാന്തക്കവെണ്ണും മാനിച്ചന്നു വാളും വിക്രമന്നു നീരും കൊടുത്തു. അതു കണ്ടപ്പോൾ വള്ളുവകോനാതിരി ചേരമാൻ പെരുമാളോടുണൎത്തിച്ചു ''വെട്ടി ജയിച്ചുകൊൾക എന്നിട്ടല്ലൊ വാൾ കൊടുത്തതു. ഇനി എനിക്കൊരു രക്ഷ കല്പിക്കേണം'' എന്നാറെ, പെരുമാൾ ആകട്ടെ ''തടുത്തുനിന്നുകൊൾക'' എന്നു കല്പിച്ചു. വള്ളുവകോനാതിരിക്കു പലിശയും കൊടുത്തു, പലിശക്കു മൂന്നു വെട്ടും കൊടുത്തു, ജയിപ്പാനായിട്ടു വാളും തടുത്തു രക്ഷിപ്പാനായി പലിശയും കൊടുത്തു പോകകൊണ്ടു ഇന്നും വള്ളുവകോനാതിരിയോടു പടക്കൂടിക്കൂടാ. വേണാടടികളും കോലത്തിരിയും ഇവർ ഒഴികെ ഉള്ള രാജാക്കന്മാരോടു ഏശ്ശുപെട്ടു കൊൾക എന്നും അരുളിച്ചെയ്തു (നെടിയിരിപ്പു) നിടിവിരിപ്പിൻ സ്വരൂപം എന്നും കല്പിക്കയും ചെയ്തു. ഇങ്ങിനെ എറനാട്ടിലും 18 രാജാക്കന്മാരെ കല്പിച്ചിരിക്കുന്നു. എറപ്പള്ളിനമ്പടി, നമ്പൂരി, നമ്പിയാതിരി എന്നിങ്ങിനെ ഉള്ളവൎക്കു ഓരൊ ദേശം കൊടുത്തു. അവർ ഓരോ സ്വരൂപത്തിങ്കൽനിന്നു മാടമ്പിയായി കല്പിച്ചു. വെള്ളാളൎക്കും പല നാട്ടിലും ഇടവാഴ്ചസ്ഥാനവും വാഴും വാഴുന്നോർ കൎത്താ, കമ്പമ്മികികൾ, നായർ, മേനോൻ, പിള്ള, പണിക്കർ എന്നിങ്ങിനെ ഉള്ള പേരുകളും കല്പിച്ചു. 17 നാട്ടിലും കല്പിച്ച നീതിക്കും നിലെക്കും

വാട്ടം വരാതെ നടത്തേണം എന്നും മര്യാദയും ആചാരവും പട്ടോലപ്പെടുക്കേണം എന്നും 4 ആളോടു കല്പിച്ചു. 1 വെണനാട്ടു തൃപ്പാസ്വരൂപത്തിങ്കൽ കല്ലുളത്ത് ഓമന പുതിയ കോവില്ക്കൽ പണ്ടാരപ്പിള്ള, 2 പെരിമ്പടപ്പിൽ വാലിയത്തു മേനോൻ. 3 ഏറനാട്ടു, നെടിവിരിപ്പിൽ മങ്ങാട്ടരയരച്ചമേനോൻ, 4 കോലത്തിരി സ്വരൂപത്തിൽ പുതിശ്ശേരി നമ്പിയാർ, നാട്ടധികാരി, കണക്കപിള്ള. മങ്ങാട്ടച്ചന്നു പ്രഭുത്വം കൂട കല്പിക്കകൊണ്ടു ശേഷം 3 ആളും മേനോന്നു വഴക്കം ചെയ്യേണം. കർക്കടെ വ്യാഴം മകരമാസത്തിൽ വരുന്ന സൽപ്പൂയത്തിന്നാൾ തിരുനാവായി മണല്പുറത്ത് ഈ നാലു പട്ടോലക്കാരരും ഒരു നിലയിൽ കൂടി ഇരുന്നു. 4 പട്ടോലയും നിവിന്നു കന്യാകുമാരി ഗോകർണ്ണത്തിന്നകത്ത് അഴിയുന്ന മര്യാദയും അടക്കം ആചാരവും മേല്പെട്ടുത്തു, ബ്രാഹ്മണരേയും മാടമ്പികളേയും പ്രജകളേയും പ്രഭുക്കന്മൊരെയും ബോധിപ്പിച്ചും വള്ളുവകോനിൽ തൃക്കൈക്കുടെക്ക വേലയായി 17 നാട്ടിലെ പ്രജകൾക്ക് ഒക്കെയും അലങ്കാരമായ ഒരു മഹാ മഖ വേല നടത്തേണം എന്നു കല്പിച്ചു. പതിനേഴ നാട്ടിലുള്ള മാടമ്പികളും നാടടക്കി, വളർഭട്ടത്തകോട്ടയിൽ പുരുഷാന്തരത്തിങ്കൽ രാജ്യാഭിഷേകത്തിന്നു കെട്ടും കിഴിയും ഒപ്പിച്ചേപ്പൂ എന്നും കോലത്തിരി വടക്കപെരുമാളുടെ തൃക്കാലു കണ്ടു വഴക്കം ചെയ്വൂ എന്നും അരുളിച്ചെയ്തു.

ഇങ്ങിനെ എല്ലാം കല്പിച്ചു തിരുനാവായി മണല്പുറത്തുനിന്നു തിരുപഞ്ചക്കളത്തിന്നു വേദക്കാരരെ കപ്പലിൽനിന്നു കരെക്കെത്തിച്ചു, അശ്രുവിന്നു എഴുന്നെള്ളുവാൻ കൊടുങ്ങല്ലൂര കോയിൽ എഴുന്നെള്ളുകയും ചെയ്തു. വേദക്കാരുമായി ഒക്കത്തക്ക കപ്പലിൽ കരേറി ചേരമാൻ പെരുമാൾ മക്കത്തിന്നു എഴുന്നെള്ളുകയും ചെയ്തു. ചേരമാൻ ദേശപ്രാപ്യഃ എന്ന കലി ക്രിസ്താബ്ദം 355.

മാപ്പിള്ളമാർ പറയുന്ന പഴമ കേട്ടാലും: ചേരമാൻ പെരുമാൾ കൊടുങ്ങല്ലൂർ തുറമുഖത്തുനിന്നു കപ്പലിൽ ഗൂഢമായി കയറി കൊയിലാണ്ടി കൊല്ലത്തിൻെറ തുക്കിൽ ഒരു ദിവസം പാർത്തു, പിററെ ദിവസം ധർമ്മപട്ടണത്ത് എത്തി 3 ദിവസം പാൎത്തു, ധർമ്മപട്ടണത്തു കോവിലകം രക്ഷിപ്പാൻ താമൂതിരിയെ ഏല്പിച്ചു, കപ്പലിൽ കയറി പോയതിൻെറ ശേഷം, കൊടുങ്ങല്ലൂർ നിന്നു കപ്പക്കാരും മററും പോയി പെരുമാൾ കയറിയ കപ്പക്കാരുമായി വളരെ യുദ്ധമുണ്ടായി പിടികൂടാതെ സെഹർമുക്കല്ഹ എന്ന വന്തരിൽ ചെന്നിറങ്ങുകയും ചെയ്തു. അപ്പോൾ മഹമ്മതനെബി വിജിദ്ധ എന്ന നാട്ടിൽ പാർത്തുവരുന്നു; അവിടെ ചെന്നു തങ്ങളിൽ കണ്ടു മാർഗ്ഗം വിശ്വസിച്ചു, താജുദ്ദീൻ എന്ന പേരുമായി. മാലിക്ക ഹബിബദീനാറെന്ന അറവിൽ രാജാവിൻെറ പെങ്ങളായ റജിയത്ത എന്നവളെ കെട്ടി, 5 വർഷം പാൎത്തതിൻെറ ശേഷം, മേൽ പറഞ്ഞ രാജാവും മക്കൾ പതിനഞ്ചും പെരുമാളും കൂടി സെഹർ മുക്കല്ഹ എന്ന നാട്ടിൽ വന്നു വിശാലമായ വീടും പള്ളിയും ഉണ്ടാക്കി, സുഖേന പാൎത്തുവരുമ്പോൾ

മലയാളത്തിൽ വന്ന ദീൻ നടത്തേണ്ടതിന്ന യാത്ര ഭാവിച്ച ഒരുങ്ങി ഇരിക്കുമ്പോൾ, ശീതപ്പനി പിടിച്ച വലഞ്ഞതിന്റെ അനന്തരം, മലയാളത്തിലെ രാജാക്കന്മാൎക്ക് കത്തുകളോടും കൂടി പറഞ്ഞ രാജാവെ പുത്രരോടും കൂട പുറപ്പെടീച്ചതിന്റെ ശേഷം, താജ്ജുദ്ദീൻ കഴിഞ്ഞു താനുണ്ടാക്കിയ പള്ളിയിൽ തന്നെ മറ ചെയ്കയും ചെയ്തു. ആ രാജാവു പെരുമാളുടെ മുദ്രയും എഴുത്തുകളും എടുത്തു, ഭാൎയ്യാപുത്രാദികളോടും കൂടി 2 കപ്പലിലായി കയറി ഓടിയപ്പോൾ, ഒരു കപ്പൽ മധുരയുടെ തുക്കിലെത്തി, നാലാംമകനായ തകയുദ്ദീനും മററും ഇറങ്ങി പള്ളിയും മററും എടുത്തു പാൎക്കയും ചെയ്തു. മററെ കപ്പൽ കൊടുങ്ങല്ലൂരിൽ എത്തി, രാജസമ്മതത്താലെ അവിടെ ഒരു പള്ളി ഉണ്ടാക്കിച്ച, മുഹമ്മത കാദിയായ്പാൎത്തു. 3 ആമത കൊയിലാണ്ടിക്ക് സമീപം കൊല്ലത്തു പള്ളി അസൻകാദി, 4 മാടായി പള്ളി അബിദുരഹമാൻ കാദി, 5 വാക്കന്നൂർപള്ളി, ഇബ്രാഹീം കാദി, 6 മൈക്കളത്ത പള്ളി മൂസ്സക്കാദി, 7 കാഞ്ഞരോട്ട മാലിക്കകാദി, 8 ശിറവുപട്ടണത്തു പള്ളി ശിഹാബുദ്ദീൻകാദി, 9 ധൎമ്മപട്ടണത്തുപള്ളി ഉസൈൻകാദി, 10 പന്തലാനിയിൽപള്ളി സൈദുദ്ദീൻകാദി, 11 ചാലിയത്തു സൈനുദ്ദീൻകാദി ഇങ്ങിനെ അറവിൽ നിന്ന കൊണ്ടുവന്ന കരിങ്കല്ല് ഓരൊന്നിട്ട് 11 പള്ളികളെ എടുത്തു രാജാവും മററും വന്ന മലയാളത്തിൽ എല്ലാടവും ദീൻനടത്തിച്ച സുഖമായിരിക്കുമ്പോൾ, ദീനം പിടിച്ച കഴിഞ്ഞു. കൊടുങ്ങല്ലൂർ പള്ളിയിൽ തന്നെ മറ ചെയ്കയും ചെയ്തു. പെരുമാളുമായി കാണുമ്പോൾ നെവിക്ക് 57 വയസ്സാകുന്നു.

3. തമ്പുരാക്കന്മാരുടെ കാലം

1. താമൂതിരി പൊലനാടടക്കിയതു

മലയാളഭൂപതിമാരിൽ വിശേഷം പ്രതി കുന്നല കോനാതിരി രാജാവ് കുന്നിന്നും ആലുക്കും അധിപതി എന്നു മല വഴിയും കടൽ വഴിയും വരുന്ന ശത്രുക്കളെ നിൎത്തുകകൊണ്ടത്രെ പറയുന്നതു. കുന്നല കോനാതിരി പൊലനാട്ട് ലോകരെയും തനിക്കാക്കി കൊൾവാൻ എന്ത് ഒരുപായം എന്നു നിരൂപിച്ച, പന്നിയങ്കര വാതിൽ മാടത്തിൽ ഇരുന്നു, ചരവക്കൂററിലും പുതുക്കോട്ട കൂററിലും ഉള്ള ഇടപ്രഭുക്കന്മാരെ എഴുതി അയച്ച വരുത്തി, നിങ്ങൾ ഞങ്ങൾക്ക് ബന്ധുവായിരിക്കേണം (തുണയായി നില്ക്കയും വേണം) എന്നാൽ അങ്ങിനെ തന്നെ എന്നു കൈ പിടിച്ച സമയം ചെയ്തു, ചരവക്കൂററിൽ മല്പട്ട വെട്ട മുടയ കോവിൽ പാട്ടിന്നു (5000 നായൎക്ക് പ്രഭു) പയ്യനാട്ട നമ്പിടിക്ക് 5000 നായർ, മങ്ങാട്ട് നമ്പിടിക്ക് 12 നായർ, മുക്കടക്കാട്ട് 3 താവഴിയിലും കൂടി 500 നായർ (5000), പെരിയാണ്ട മുക്കിൽ കിഴക്കെ നമ്പിടിക്ക് 1000 നായർ ഇത് ഒക്കയും കൂട്ടക്കടവിന്നു പടിഞ്ഞാറെ ചറവക്കൂറായിട്ടുള്ളത്. ഇനി പുതുക്കോട്ട കൂററിൽ

കാരണപ്പെട്ട തിരുമലശ്ശേരി നമ്പൂതിരി പാട്ടിന്നു 3000 നായർ, മാണിയൂർനമ്പിടിക്കു് 100, കൊഴിക്കൊല്ലി നായക്കു് 300, പെരിയാണ്ടമുക്കിൽ പടിഞ്ഞാറെ നമ്പിടിക്കു് 500, കൊട്ടുമ്മൽ പടനായകൻ 300, ഇരിക്കാലിക്കൽ അധികാരൻ 300, ഇതൊക്കയും കൂട്ടക്കടവിന്നു പടിഞ്ഞാറെ പുതുക്കോട്ടക്കൂററിലുള്ളതു. നെടുങ്ങനാടു മീത്തൽ തെക്കും കൂററിൽ കൎത്താവു 100 നായർ, കാരക്കാട്ടു മൂത്തനായർ 1000, വീട്ടിയക്കാട്ടു പടനായർ 300, വീട്ടിക്കാട്ടു തെക്കനായർ 100, ഇതു തെക്കും കൂറു കൂട്ടക്കടവിന്നു കിഴക്കെ നെടുങ്ങനാട്ടിന്നു മീത്തൽ വടക്കൻ കൂററിൽ കൎത്താവു 100, കരിമ്പുഴ ഇളമ്പിലാശ്ശേരി നായർ 300, കണ്ണന്നൂർ പടനായർ 500, നെടുങ്ങനാടു പടനായർ 300, തെക്കുങ്കൂററിൽ വടക്കനായർ 300, മുരിയലാട്ടു നായർ 300, ചെരങ്ങാട്ടു കളപ്പള്ളിനായർ 300, മുളഞ്ഞ പടനായർ 300, മങ്കര 500. വെണ്മണ്ണൂർ വെള്ളൊട്ടു അനികാരൻ 100, കുഴൽകുന്നത്തു പുളിയക്കോട്ടു മൂത്തനായർ 500, കൊങ്ങശ്ശേരി നായർ 100, ആലിപ്പറമ്പിൽ മേനൊൻ 100, മേലെതലപാർക്കും കെളനല്ലൂർ തലപാക്കും കൂടി 500, അതുവും കൂടി കുതിരപട്ടത്തനായർ 5000, വെങ്ങനാട്ടു നമ്പിടി 1000, മാച്ചററിരാമൻ ഉള്ളാടർ 1000, വടകരെ കൂററിൽ പിലാശ്ശേരിനായർ 50 ഇങ്ങിനെ ഉള്ള ഇടപ്രഭുക്കന്മാരും മാടമ്പികളും പുരുഷാരവും അന്നു കൂടി ചരവകൂറായുള്ളവർ താമൂതിരി തൃക്കൈക്കുടക്കീഴു്, വേലയാക്കി, പുതുക്കോട്ടകൂററിൽ ഉള്ളവർ (എറനാട്ടു) ഇളങ്കൂറുനമ്പിയാതിരി തിരുമുല്പാട്ടിലെ തൃക്കൈക്കുടക്കീഴു് വേലയാക്കി, പുരുഷാരവും അടപ്പിപ്പൂതും ചെയ്തു. പന്നിയങ്കര ഇരുന്നരുളി നാലു പന്തീരാണ്ടു കാലം പൊരളാതിരി രാജാവോടു് കുന്നലകോനാതിരി പട കൂടുകയല്ലൊ ചെയ്തതു. പൊലനാടു മുക്കാതം വഴി നാടു 72 തറയും 10000 നായരും അതിൽ 3 കൂട്ടവും 32 തറവാട്ടുകാരും 5 അകമ്പടിജനവും (ഒരമ്മ പെററ മക്കൾ, ഒരു കുളിച്ചേകം, ഒരു ചെമ്പിലെ ചോറു്, ഒരു കുടക്കീഴിൽ വേല) ഇങ്ങിനെ അത്രെ പൊരളാതിരി രാജാവിന്നാകുന്നതു.

അവരോടു് കുന്നലകോനാതിരി പട വെട്ടി ആവതില്ലാഞ്ഞു് ഒഴിച്ചുപോയതിൻെറ ശേഷം, ശ്രീപോർക്കൊല്ലിക്കു് എഴുന്നെള്ളി, 6 മാസം ഭഗവതിയെ സേവിച്ചു പ്രത്യക്ഷമായാറെ, ഞാൻ ചെല്ലുന്ന ദിക്കു് ഒക്കെ ജയിപ്പാന്തക്കവണ്ണം നിന്തിരുവടി കൂടി എൻെറ രാജ്യത്തേക്കു് എഴുന്നെള്ളുകയും വേണം എന്നുണത്തിച്ചാറെ, അപ്രകാരം തന്നെ എന്ന വരവും കൊടുത്തു, വാതിലിന്മേൽ മറഞ്ഞിരുന്നതു കണ്ടിട്ടു് ഭഗവതിയുടെ നിത്യ സാന്നിദ്ധ്യം വാതിലിന്മേൽ തന്നെ ഉണ്ടു എന്നു നിശ്ചയിച്ചു, വാതിൽ കൂടെ കൊണ്ടു പോരുവൂതും ചെയ്തു. ഇങ്ങു വന്നു മാനവിക്രമന്മാരും വെട്ടമുടയ കോവിലും കൂട വിചാരിച്ചിട്ടു്, അകമ്പടിജനം പതിനായിരത്തേയും സ്വാധീനമാക്കെണം എന്നു കല്പിച്ചു, ഉണ്ണിക്കുമാരമേനവനേയും പാറചങ്കരനമ്പിയെയും അകമ്പടി ജനവുമായി കണ്ടു പറവാന്തക്കവണ്ണം

പറഞ്ഞയച്ചാറെ, അവർ ഇരുവരും കൂടി ചെന്ന പ്രധാനന്മാരുമായി
കണ്ടു പറഞ്ഞു, ഗണപതിയുടെ നിത്യ സാന്നിദ്ധ്യമുള്ള പെരിമ്പിലാ
ക്കൽ എന്നു കുറിച്ചു അയക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞിട്ടു മാനവി
ക്രമന്മാരും ബ്രാഹ്മണരും വേരൻ ചിലാക്കലേക്ക് ചെന്നപ്പോൾ,
അകമ്പടി ജനത്തിൽ പ്രധാനമായിരിക്കുന്നവരെ കണ്ടു സന്തോഷി
ച്ചു, അന്യോന്യം കീഴിൽ കഴിഞ്ഞ വൃത്താന്തങ്ങൾ എപ്പേർപ്പെട്ടതും
പറഞ്ഞു, പൊറളാതിരിയെ ഒഴിപ്പിപ്പാൻ പ്രയത്നം ചെയ്യുന്നതിന്ന്
ഞങ്ങൾ വിപരീതമായ്‌വരിക ഇല്ല എന്നും പറഞ്ഞാറെ, നമ്മുടെ
സ്ഥാനവും നിങ്ങളെ സ്ഥാനവും ഒരുപോലെ ആക്കി വെച്ചേക്കുന്നുണ്ടു
എന്നു സമയം ചെയ്തു. പിന്നെ പൊറളാതിരിക്ക് ഇഷ്ടനായി കാര്യ
ക്കാരനായിരിക്കുന്ന മേനോക്കിയെ കൂട്ടിക്കൊണ്ടു വിചാരിച്ചു യുദ്ധം
ചെയ്യാതെ, പൊറളാതിരിയെ പിഴക്കി അന്നാടു കടത്തിയാക്കി,
പൊലനാടു സ്വാധീനമാക്കി തന്നാൽ ഞങ്ങൾക്ക് ഈ രാജ്യം ഉള്ളെ
ന്നും ഏറക്കുറവില്ലാതെ സ്ഥാനങ്ങൾ കൂട്ടി തരുന്നതിനെ സമയം
ചെയ്താൽ ഒഴിപ്പിക്കേണ്ടുന്ന പ്രകാരവും പറഞ്ഞാറെ, മേനോക്കിയോ
ടു ഇളമയാക്കിയേക്കുന്നുണ്ടു് 2 കൂറായെറ നാട വാഴ്ച്ചയായി, പാതി
കോയ്മസ്ഥാനവും നാടും ലോകരെയും തന്നേക്കുന്നുണ്ടു എന്നു സമ
യം ചെയ്തു. നാലർ കാര്യക്കാർ (1 അച്ചനും 2 ഇളയത്തും 3 പണിക്ക
രും 4 പാറനമ്പിയും) കൂടി നിരൂപിച്ചു, (നായികിയായിരിക്കുന്ന
ചാലപ്പുറത്തമ്മ) നാലകത്തൂട്ടമ്മയെ കണ്ടു (ഇങ്ങു ബന്ധുവായി നിന്നു
കൊണ്ടു) കോട്ട പിടിപ്പാന്തക്കവണ്ണം ഒരുപായം ഉണ്ടാക്കി, (ഒരു ഉപ
ദേശം) തരെണം എന്നാൽ 4 ആനയും 40000 പണവും തന്നേക്കുന്നു
ണ്ടു; അതു തന്നെയല്ല, കോട്ടവാതിൽ തുറന്നു തന്നു എന്നുവരികിൽ
4 വീട്ടിൽ അമ്മസ്ഥാനവും തന്നു, നാലാം കൂറാക്കി വാഴിച്ചേക്കുന്ന
തുമുണ്ടു എന്നു സമയം ചെയ്തു. സമ്മതിച്ചു ചെന്നതിൻെറ ശേഷം,
പൊറളാതിരി ജ്യേഷ്ഠനെ കാണ്മാൻ അനന്തവരായിട്ടുള്ള തമ്പുരാക്ക
ന്മാരെയും തമ്പുരാട്ടിമാരെയും കോലത്തുനാട്ടിലേക്ക് എഴുന്നെള്ളിച്ചു,
താൻ പോലൂരെ കോട്ടയിൽ ഇരിപ്പൂതും ചെയ്തു. അപ്രകാരം കോഴി
ക്കോട്ടേക്ക് എഴുതി അയച്ചാറെ, മാനവിക്രമന്മാരും മററും എല്ലാവ
രും ശ്രമിച്ചു പുലർകാലെ പൊറളാതിരി ഉലപ്പെണ്ണചാത്തി, മറക്കുള
ങ്ങരെക്ക് എഴുന്നെള്ളിയ നേരം കോട്ട വാതിൽ തുറന്നു കൊടുത്തു,
നെടിയിരിപ്പു കോട്ടെക്കകെത്തു കടന്നിരുന്നു മൂന്നു കുററി വെടിയും
വെപ്പിച്ചു. വെടി കേട്ടാറെ, ചതിച്ചിതൊ എന്നൊന്നു പൊറളാതി
രി രാജാവരുളിച്ചെയ്തു, നീരാട്ടുകുളി കഴിയാതെ കണ്ടു കൊലടി കോ
ലോടി കോവിലേക്ക് എഴുന്നെള്ളുകയും ചെയ്തു. അവിടുന്നു നീരാട്ടു
കുളി കഴിഞ്ഞു കായക്കഞ്ഞി അമറേത്തും അമൃതം കഴിഞ്ഞു് കീഴലൂ
രും കുരുമ്പട്ടൂരും ഉള്ള ലോകരെ വരുത്തി അരുളിച്ചെയ്തു. ''പോലൂരും
ചെറുപററയും ആൺ പെറാതെ (പിറക്കാതെ) ഇരിക്കട്ടെ ആൺ പി
റന്നു എങ്കിലും ഉചിതം നടത്താതെ ഇരിക്കട്ടെ. നമ്മുടെ നാട്ടിൽ
പുരമേല്‌പുരയും പിരിയൻ വളയും വീരാളിപട്ടുടുക്കയും പോത്തു കൂട്ടി

ഉഴകയും കറക്കയും അരുത്. നിങ്ങരം എനിക്ക് തുണയായി നില്ക്കയും വേണം (തുണയായിരിക്കട്ടെ) നാട്ടിൽ ശിക്ഷാരക്ഷയ്ക്കു ചൈതന്യത്തിന്നു ഏറക്കുറവു കൂടാതെ (വന്നു പോകാതെ) ഇരിക്ക എന്നാൽ നിങ്ങരംക്ക് ഒരു താഴ്ചയും വീഴ്ചയും വരാതെ കണ്ണിന്നും കൈക്കും മുമ്പു മുൻകൈസ്ഥാനവും അവകാശം നാട്ടിൽ നിങ്ങരംക്കായി ഇരിക്കട്ടെ'' എന്നു പൊറളാതിരി രാജാവ് അനുഗ്രഹിച്ചരുളിച്ചെയ്തു. അങ്ങിനെ തന്നെ ഉണർത്തിപ്പൂതും ചെയ്തു. അകമ്പടി നടന്നു തുറശ്ശേരി കടത്തി വിട്ടു വണങ്ങി പോന്നു കീഴല്ലൂർ നായന്മാർ എന്നു കേട്ടിരിക്കുന്നു. തുറശ്ശേരി കടന്നെഴുന്നെള്ളുകയും ചെയ്തു. നീരാട്ടുകുളിക്ക് എഴുന്നെള്ളുംപോരം, ആയിരം നായർ കോട്ട വളഞ്ഞ പ്രകാരം അറിഞ്ഞിട്ട് വേഗേന കോട്ടക്കുള്ളിൽ എഴുന്നെള്ളി, മേനോക്കിയെയും ചാലപ്പുറത്ത് നായകിയെയും, തിരുമുമ്പിൽ വരുത്തി, നിങ്ങരം ഇരുവരും മുമ്പിനാൽ പറഞ്ഞത സത്യം തന്നെ എന്നു നമുക്ക് വഴിപോലെ ബോധിക്കയും ചെയ്തു. മരിക്കയൊ രാജ്യം ഒഴിഞ്ഞു പോകയൊ വേണ്ടു എന്നു നിങ്ങരം വിചാരിച്ചു പറയെണം എന്നരുളിച്ചെയ്താറെ, യുദ്ധം ചെയ്തു രാജാവ് മരിക്കുമ്പോരം, ഞങ്ങരം കൂട മരിക്കേണ്ടിവരും എന്നു കല്പിച്ചു, മാനവിക്രമന്മാരോട് യുദ്ധം ചെയ്തു ജയിപ്പാൻ പണിയാകുന്നു; അതുകൊണ്ടു രാജ്യം ഒഴിഞ്ഞു പോകുന്നത് നല്ലതാകുന്നു എന്നുണർത്തിച്ചാറെ, നമ്മുടെ ലോകരെ കൂട്ടിവരുത്തി, യുദ്ധം ചെയ്യിച്ചു നില്ക്കുകയും വേണം. അപ്പോരം ഞാൻ വേഷം മാറി പൊയ്ക്കൊള്ളുന്നതുമുണ്ടു. അപ്രകാരം ചെയ്തു. പൊറളാതിരി കോട്ട ഒഴിഞ്ഞു പോകയും ചെയ്തു.

പൊറളാതിരി രാജ്യഭ്രഷ്ടനായി യുദ്ധത്തിൽ തോററു പുറപ്പെട്ടു ചെന്നു, ആ സ്വരൂപത്തിങ്കൽ വിശ്വസിച്ചിട്ടുള്ള കോലത്തിരിയെ കണ്ടാറെ, മുഖ്യസ്ഥാനത്തിന്നു മുക്കാതം നാട്ടും 3000 നായരെയും കൊടുത്തു, നാട്ടടി എന്ന (അടിയൊടി) പേർ കൊടുത്തിരുത്തുകയും ചെയ്തു. ആ വംശമത്രെ കടുത്തനാട്ടു തമ്പുരാനാകുന്നതു. കുറുമ്പിയാതിരി രാജാവുടെ സംവാദത്താൽ കോലത്തിരി കൊടുത്തിരിക്കുന്നു; പൊറളാതിരി രാജാവിന്നു കടുത്തനാടു മുക്കാതം വഴിനാട്ടും പുതിയ കോയിലകത്തു വാഴുന്നോലും ഇളങ്കുളം കുറുപ്പും തോട്ടത്തിൽ നമ്പിയാരും, നാരങ്ങോളി നമ്പിയാരും, പോക്കാട്ടുശ്ശേരി നമ്പിയാരും, ചെമ്പററകുറുപ്പും 3000 നായരും, കാവിൽ ഭഗവതിയും, ഇങ്ങിനെ കവിയടക്കം.

അങ്ങിനെ അടക്കം ചെയ്തതിൻെറ ശേഷം താമൂതിരിപ്പാട്ടിലെ വലിയ തമ്പുരാൻ മേനോക്കി എറനാട്ടു വാഴ്ചയാക്കി പാതി കോയ്മയും 5000 നായരേയും കല്പിച്ചു, ''പൊറളാതിരിയുടെ കോയ്മ നടത്തി കൊരംക വേണ്ടും'' എന്നു പ്രഭാകരക്കുററിൽ കിഴിന്നിയാറെ (കീഴന്നീർ മേനോക്കിയെ?) കൈ പിടിച്ചു ''ഒള്ളൂർ, പൊല്യർ, തലകൊല്ലത്തുർ, ചേളന്നൂർ എന്നിങ്ങിനെ 4 മുക്കാല്വട്ടം ക്ഷേത്രത്തിങ്കൽ ദേവനേയും ദേവസ്വവും രക്ഷിച്ചു കിഴിന്നിയാക്ക് സംബ

സ്ഥമുള്ള ഇല്ലങ്ങളും, ഭവനങ്ങളും പരിപാലിച്ചു, ശേഷം ഒന്നിന്നു പാതിഓളം ഇടവാഴ്ച്ചക്കൂറായി നടത്തി കൊള്ളു'' എന്നു കല്പിച്ചു ''എറനാട്ടു മേനോനെന്നു'' തിരുനാവൊഴിഞ്ഞുമിരിക്കുന്നു. കുന്നല കോനാതിരി രാജാവു, നായികയാക്ക് വാഴ്ച്ചസ്ഥാനങ്ങളും ''കോഴിക്കോട്ട് തലച്ചെന്നോർ'' എന്നു പേരും കല്പിച്ചു, വാളും പുടവയും കൊടുക്കയും ചെയ്തു. ശേഷം വടക്കം പുറത്ത് ലോകർ ഇണക്കം ചെയ്യാതെ പോർ തിരിഞ്ഞുനിന്നു, നാട്ടിൽ ഈ കോയ്മ നടത്തി എങ്കിൽ നമ്മുടെ പെണ്ണുംപിള്ളകൾ അടക്കം ആചാരവും നീതിയിൻ നിലയും ഏറക്കുറവു വന്നുവൊ'' എന്നു ചൊല്ലിയ നേരം ''നാട്ടിൽ വഴിപിഴവന്നു പോകാതെ കോയ്മ നടത്തുവാൻ തളിയിൽ ദേവൻ എന്നു കല്പിച്ചു, ദേവനെ സമക്ഷത്തിറക്കി കോവിൽ ഇരുത്തു''തലച്ചെന്നോർ എന്ന് കല്പിച്ചു ''നാട്ടിൽ വഴിപിഴെക്ക് വരും മുതൽ തളിയിൽദേവന്നു നെയ്യമൃതം മുട്ടാതെ കഴിച്ചു കൊള്ളു'' എന്നു കല്പിച്ചു; ലോകരേയും ബോധിപ്പിച്ചു, കാരണരെ കല്പിക്കയും ചെയ്തു. ശേഷം 10000 വും രാജാവും തമ്മിൽ വഴക്കം ചെയ്തു. അവക്ക് ഓരോരു സ്ഥാനവും മേനിയും അവകാശവും കല്പിച്ചു. തന്റെ ചേകവരാക്കി ചേകവും കല്പിച്ചു, അച്ചന്നും ഇളയതിന്റെയും കുടക്കീഴ് വേലയാക്കി വേരൻ പിലാക്കീഴ് യോഗം ഒരുമിച്ചു കൂട്ടം ഇരുത്തി, അച്ചനും ഇളയതും നിഴൽ തലക്കൽ ചെന്നു നിഴൽ ഭണ്ഡാരവും വെച്ചു, തിരുവളയനാട്ടു ഭഗവതിയെ നിഴൽ പരദേവതയാക്കി രാജാവിന്റെയും ലോകരുടെയും സ്ഥാനവും മേനിയും പറഞ്ഞു, കോട്ടനായന്മാരെ വരുത്തി, കൂട്ടവും കൊട്ടി കുറിച്ചു പാറനമ്പിയെ കൊണ്ടു പള്ളിപ്പലക വെപ്പിച്ചു ലോകൎക്കു ശിലവിന്നും നാളും കോലും കൊടുപ്പാന്തക്കവണ്ണം കല്പിച്ചു. മേല്മൎയ്യാദയും കീഴ്മര്യാദയും അറിവാൻ മങ്ങാട്ടച്ചൻ പട്ടോലയാക്കി എഴുതിവെച്ചു, ലോകൎക്ക് പഴയിട പറവാനും എഴുതി വെച്ചു. അങ്ങിനെ ലോകരും വാഴ്ച്ചയും കൂടി ചേൎന്നു 10000വും 3000വും 30000വും അകത്തുട്ടു പരിഷയും പൈയ്യനാട്ടിങ്കര ലോകരും കൂടി നാടു പരിപാലിച്ചിരിക്കും കാലം ഇടവാഴ്ച്ചയും നാടുവാഴ്ച്ചയും തമ്മിൽ ഇടഞ്ഞു. ഇടവാഴ്ച്ചക്കൂററിൽ പക്ഷം തിരിഞ്ഞ വടക്കം പുറത്തെ ലോകരും നാട്ടുവാഴ്ച്ചക്കൂററിലെ പക്ഷംതിരിഞ്ഞ കിഴക്ക് പുറത്തെ ലോകരും തമ്മിൽ വെട്ടിക്കൊല്ലിപ്പാന്തക്കവണ്ണം കച്ചിലയും കെട്ടി, ചന്ദനവും തേച്ചു, ആയുധം ധരിച്ചു, വടക്കമ്പുറത്ത് ലോകർ താമൂരികോയിലകത്ത് കടന്നു മരിപ്പാൻ വരുമ്പോൾ, കിഴക്കമ്പുറത്ത് ലോകരും ആയുധം ധരിച്ചു, കോയിലകത്തിൻ പടിക്കലും പാൎത്തു. അതുകണ്ടു മങ്ങാട്ടച്ചൻ ''ഇവർ തമ്മിൽ വെട്ടിമരിച്ചു, സ്വരൂപവും മുടിക്കും'' എന്നു കണ്ടു അവരുടെ മുമ്പിൽ ചെന്നു, കാര്യബോധം വരുത്തി, ഇടച്ചുയും തെളിയിച്ചു, ലോകർ തമ്മിൽ കൈ പിടിപ്പിച്ചു ''തൊഴുതു വാങ്ങിപ്പോയി കൊൾവിൻ എന്നാൽ നിങ്ങൾക്ക് എന്നേക്കും കുലിച്ചേകമര്യാദയായി നില്ക്കും'' എന്നു മങ്ങാട്ടച്ചൻ പറഞ്ഞു, രാജാവിൻതിരുമുമ്പിൽനിന്നു ലോകരെ

ക്കൊണ്ടു അവ്വണ്ണം വേലയും ചെയ്യിപ്പിച്ചു. പിന്നെ ലോകരുമായിട്ട് പല നിലത്തും കളിയും ഒലെരി പാച്ചിൽ ഇങ്ങിനെയും നടത്തി തുടങ്ങി. ശേഷം ആയമ്പാടി കോവിലകത്ത് തമ്പുരാട്ടിയായിരിക്കുന്ന അമ്മയെ വാഴ്ച കഴിച്ചു, 5 കൂറു വാഴ്ചയും 5 കോയിലകവും ചമച്ചു. പരദേവതമാരെയും കുടിവെച്ചു. അവ്വണ്ണം തന്നെ ഇടവാഴ്ചക്കൂറ്റിലേക്ക് ''5 കൂറു വാഴ്ചയായി നടത്തിക്കൊള്ളു'' എന്നു വാളും പുടവയും കൊടുത്തു ''തണ്ടും പള്ളിച്ചാനെയും പെണ്ടികളേയും മുന്നിത്തളിയും ചിരുത വിളിയും അകമ്പടി സ്ഥാനവും ചെയ്തു കൊള്ളൂ'' എന്നു കല്പ്പിച്ചു കൊടുത്തിരിക്കുന്നു കുന്നിന്നു കോനാതിരി.

2. കോഴിക്കോട്ട് നഗരം കെട്ടിയതു

അതിന്റെ ശേഷം കോഴിക്കോട്ട് വേളാപുറത്തുകോട്ടയും പണിതീര്ത്തു, അറയും തുറയും അടക്കി, ആലവട്ടവും വെഞ്ചാമരവും വീശിപ്പൂതും ചെയ്തു. കിഴക്കെ സമുദ്രതീരത്തിങ്കൽ ഇരുന്നൊരു ചെട്ടി, കപ്പൽ കയറി മക്കത്തേക്ക് ഓടി, കച്ചവടം ചെയ്തു, വളരെ പൊന്നുകൊണ്ടു് കപ്പൽ പിടിപ്പതല്ലാതെ കയററുക കൊണ്ടു കപ്പൽ മുങ്ങുമാറായി, കോഴിക്കോട് തുറക്ക് നേരെ വന്നതിന്റെ ശേഷം കരെക്കണെച്ചു, ഒരു പെട്ടിയിൽ പൊന്നെടുത്തു കൊണ്ടു താമൂതിരി തിരുമുമ്പിൽ തിരുമുല്ക്കാഴ്ച വെച്ചു, വൃത്താന്തം ഉണര്ത്തിപ്പൂതുഞ്ചെയ്തു. അതു കേട്ടു രാജാവ് നീ തന്നെ പൊന്നു ഇവിടെ സൂക്ഷിച്ചു കൊൾവൂ എന്നരുളിച്ചെയ്തവാറെ, ആ ചെട്ടി താമൂതിരി കോയിലകത്തു ഒരു കരിങ്കല്ല് പണിചെയ്തവാറെ, സമ്മാനങ്ങൾ വളരെ കൊടുത്തു, അറയും കൈയേററു, കപ്പൽ പിടിപ്പതുകണ്ടു നിര്ത്തി, ശേഷം പൊന്നുകൾ ഒക്കയും കൊണ്ടുവന്നു തിരുമുമ്പിൽ വെച്ചു സംഖ്യയും ബോധിപ്പിച്ചു് നല്ലൊരു പൊഴതിൽ ആ ധനം കല്ലറയിൽ വെച്ചടച്ചു യാത്ര ഉണര്ത്തിച്ചു, കപ്പൽ കയറി പോകയും ചെയ്തു. അങ്ങിനെ കാലം സ്വല്പം ചെന്നവാറെ, അവൻ സൂക്ഷിച്ച ദ്രവ്യംകൊണ്ടു പോവാന്തക്കവണ്ണം വന്നു തിരുമുൽകാഴ്ച വെച്ച് അവസ്ഥ ഉണര്ത്തിച്ചശേഷം. കല്ലറ തുറന്നു വെച്ച ദ്രവ്യം എടുത്തു തിരുമുമ്പിൽ കാൺകെ സംഖ്യ ബോധിപ്പിച്ചു രണ്ടാക്കി പകുത്തു ഒരേടം രാജാവിന്നും ഒരേടം തനിക്കും എന്നു പറഞ്ഞപ്പോൾ, ''നിന്റെ ദ്രവ്യം നീ തന്നെ കൊണ്ടു പോയി കൊൾക'' എന്നരുളിച്ചെയ്തതു കേട്ടാറെ, ''ഇത്രനേരുള്ള രാജാവും സ്വരൂപവും ഉണ്ടായീല'' എന്നവന്നു ബോധിച്ചു, ''ഈ തുറയിൽനിന്നു കച്ചോടം ചെയ്‌വാന്തക്കവണ്ണം എനിക്ക് ഏല്കി തരികയും വേണം എന്നു മങ്ങാട്ടച്ചനോട് കേൾപ്പിച്ചപ്പോൾ അപ്രകാരം ഉണര്ത്തിച്ചു തിരുമനസ്സിൽ ബോധിച്ച്, അങ്ങിനെ തന്നെ എന്നു രാജാവും അരുളിച്ചെയ്തു. പിന്നെ തക്ഷന്മാരെ വരുത്തി, കടപ്പുറത്തു നഗരം കെട്ടുവാൻ കോവിലകത്തു നിന്നു മറി തീര്ത്തു, നൂൽ പിടിച്ചു അളന്നു സ്ഥാനം നോക്കി കുററി തറച്ചു, നല്ലൊരു പൊഴതിൽ കല്ലിട്ട് കെട്ടി, തൂൺനാട്ടി തെരു കെട്ടുകയും ചെയ്തു. ചെട്ടി അവിടെ

ഇരുന്നു ദാനധർമ്മങ്ങളെ ചെയ്തു, ഓട്ടവൊഴക്കവും കച്ചോടങ്ങളും തുടങ്ങി, അംബരേശൻ എന്നവന്നു പേർ. അവൻ കൊയിലകത്തു പണിചെയ്തതു അംബരേശൻ കെട്ട് എന്ന് ഇന്നും പറയുന്നു. നഗരം കെട്ടി തുടങ്ങിയ ഇടം ചെട്ടിത്തെരു. പലരും തെരുകെട്ടി വാണിഭം തുടങ്ങി, തുറമറക്കാരും മക്കത്തെ കപ്പൽ വെപ്പിക്കയും ഓട്ടവൊഴക്കവും കണക്കെഴുത്തും വരവും ശിലവും വഴിയും പിഴയും കച്ചോടലാഭങ്ങളും ഇതുപോലെ മറ്റൊരു നാടും നഗരവും കോയ്മയും ലോകത്തില്ല എന്നു പലരും പറയുന്നു. നഗരപ്പണിക്ക് ഊരാളികൾ പ്രധാനം. മുമ്പെ തൃച്ചമ്മരത്തു ഭഗവാനു കാലി കെട്ടിക്കറന്നു പാലും നെയ്യും കൊടുത്തു, ഗോപാലന്മാർ എന്ന ഞായം. കോലത്തിരി രാജാവ് അവരെ ദ്വേഷിക്കകൊണ്ട് അവിടെ ഇരിക്കരുതാഞ്ഞു നാട്ടിൽനിന്നു വാങ്ങിപ്പോന്നു, പറപ്പു കോയിൽ അകത്തു വന്നു രാജാവെ കണ്ടിരുന്നു ദിവസവൃത്തികഴിപ്പാൻ ഓരൊ പ്രവൃത്തികൾ തുടങ്ങി ഇരിക്കും കാലത്തു, കോഴിക്കോട്ടു നഗരപ്പണി തുടങ്ങി, അന്നു കടപ്പുറത്ത് ചുള്ളിക്കാടു വെട്ടി കോരുവാൻ ഇവരെ വരുത്തി, ഇങ്ങിനെ നീളെ നടന്നു പണി എടുക്കും കാലത്തു കുന്നലകോനാതിരിയുടെ നിയോഗത്താൽ മങ്ങാട്ടച്ചൻ അവരെകൊണ്ടു, തളിയിൽ ഊരാളരായിരുന്ന 60 നമ്പിമാരെ വെട്ടിക്കൊല്ലിച്ചു വലിച്ചു നീക്കിക്കളയിച്ചു. അതിന്നു അവരുടെ ജന്മവും തറവാടും തളിയിൽ ഊരായ്മയും അവർക്കു കൊടുക്കയും ചെയ്തു. രാജാവ് പതിനായിരത്തിൽ കുലിച്ചെകവും നടത്തി ഇരിക്കുന്നു.

3. വള്ളുവകോനാതിരിയെ ജയിച്ചതു

കൊല്ലൂന്നത്തു ശിവാങ്ങൾ (ശിവയോഗികൾ ശിവമയൻ) എന്ന സന്യാസിയുടെ അരുളപ്പാടാൽ തളിയിൽ കർമ്മദാനങ്ങൾ ചെയ്തു, ബ്രാഹ്മണരുടെ അനുഗ്രഹത്തോടും കൂടി, തളിയും സങ്കേതവും രക്ഷിച്ചു, മക്കത്ത് കപ്പൽ വെപ്പിച്ചു, തിരുനാവായി മണല്പ്പുറത്ത് നിന്ന് മഹാ മകവേല രക്ഷിച്ചു നടത്തുവാൻ കല്പിച്ചു (ആറങ്ങൊട്ടു സ്വരൂപത്തെ വെട്ടി ജയിച്ചു നെടിയിരിപ്പിൽ സ്വരൂപം അടക്കി നടത്തി) വള്ളുവകോനാതിരി രാജാവിനെ നീക്കം ചെയ്തു, നേരും ന്യായവും നടത്തി, 17 നാടും അടക്കി, 18 കോട്ടപ്പടിയും അടപ്പിച്ചു, അങ്ങിനെ ഇരിക്കുന്നു നെടുവിരിപ്പിൽ സ്വരൂപം.

മസ്കിയത്ത ദ്വീപിങ്കൽ ഇരുവർ പുത്രന്മാർ ജനിച്ചുണ്ടായി, ഒരു ബാപ്പെയ്ക്ക് പിറന്നവൻ ഇടഞ്ഞപ്പോഴെ അവരുടെ ബാപ്പാ മൂത്തവനോട് പറഞ്ഞു ''നിങ്ങൾ തമ്മിൽ മത്സരിച്ചു മറ്റെയവൻ നിന്നെ വധിക്കും; എന്റെ ശേഷത്തിങ്കൽ അതുകൊണ്ട് നിങ്ങൾ ഇരുവരും ഇവിടെ ഇരിക്കേണ്ടാ. നീ വല്ല ദ്വീപാന്തരത്തിങ്കൽ പോയി, നിന്റേടം കഴിക്ക അത്രെ നിണക്ക് നല്ലതു. അതിന്നു നിണക്ക് പൊറുപ്പാൻ മാത്രം പൊന്നു തരുന്നുണ്ടു എന്നു പറഞ്ഞു, ഒരു കപ്പലിൽ

പിടിപ്പതു ദ്രവ്യം കൊടുത്തു അവനെ അയച്ചു. അവൻ അനേകം രാജ്യങ്ങളിൽ ചെന്നു. അവിടവിടെ വാഴും രാജാക്കന്മാരെ കണ്ടു, തിരുമുല്ക്കാഴ്ച വെച്ചാൻ. അതൊ, എന്തെല്ലാം കാഴ്ചവെച്ചു, അച്ചാറു പൂശി പെട്ടിയിൽ പൊന്നും വെച്ചടച്ചു, അച്ചാറെന്നു പറഞ്ഞ് വെക്കും. അങ്ങിനെ വെപ്പാൻ കാരണം: അവരവരുടെ നേരും നേരുകേടും തിരിച്ചറിഞ്ഞ് വിശ്വസിപ്പാനായിട്ട് (നേരുള്ളിടത്തു തനിക്കിരിപ്പാൻ) അവരവരെ പരീക്ഷിപ്പാൻ തന്നെ ഇങ്ങിനെ വെച്ചു കണ്ടതു. രാജാക്കൾ ആരും അതിന്റെ നേർ പറഞ്ഞില്ല. പിന്നെ പൂന്തുറക്കോനെ കണ്ടു വെച്ചവാറെ, പറഞ്ഞു, ഇതാ ഇതു നിന്നോട് പകന്നു പോയി ഇതച്ചാറല്ല, സ്വൎണ്ണം (ആകുന്നു) എന്നു പറഞ്ഞവാറെ, വിശ്വസിപ്പാൻ നന്നു’’ എന്നു വന്നു ബോധിക്കയും ചെയ്തു. ഇങ്ങിനെ കോഴിക്കോട്ട കോയ (കൊശ) വന്ന പ്രകാരം. ഒരു നാൾ വില്വമംഗലത്തു ശിവാങ്ങൾ (ശിവമയന്മാർ) വടക്ക് നിന്നു രാമേശ്വരത്തിന്നാമാറ് എഴുന്നെള്ളുമ്പോൾ, കോഴിക്കോട്ട് തളിയിൽ പൂന്തുറക്കോൻ തന്റെ വൎത്തമാനം കേൾപ്പിച്ച നേരം ശിവാങ്ങൾ അരുളിച്ചെയ്തു. ‘‘ഈ സ്ഥലത്തിന്നും ഈ സ്വരൂപത്തിന്നും വരുന്നോരനൎത്ഥം പോവാനായ്ക്കൊണ്ട് ദാനധൎമ്മാദികളും ഈശ്വരസേവകളും ചെയ്യിപ്പിക്കയും വേണം’’ എന്നാറെ, ‘‘അതൊ എങ്ങിനെ’’ എന്നും ‘‘എന്തെല്ലാം വേണ്ടുവത്’’ എന്നും ഉണൎത്തിച്ചവാറെ, ശിവാങ്ങൾ അരുളിച്ചെയ്തു: ‘‘ദാനമാകുന്നതു ഈ ക്ഷേത്രത്തിങ്കൽ ആണ്ടോന്നിന്നു തുലാമാസത്തിൽ രേവതി തുടങ്ങി 7 ദിവസം എത്തിയ ജനത്തിന്നു (സദ്യ) ഭക്ഷണവും കൊടുത്തു, നൂറെറൊന്നു സ്മാൎത്തന്മാൎക്ക് 101 പണം കെട്ടി ദാനം ചെയ്തു, തുലാഭാരം, ഹിരണ്യഗൎഭം, മഹാ മൃത്യുഞ്ജയം, പറക്കും കൂത്തു, കൂടിയാട്ടം, ഭാരതം വായിപ്പിക്ക എന്നിങ്ങിനെ രാജാക്കന്മാൎക്കായിട്ടുള്ള ക്രിയകളും വലുതായ ഗണപതി ഹോമവും ഭഗവതി സേവയും ഇവ ഒക്കയും കഴിപ്പിച്ചു. താന്താൻ പരിപാലിക്കേണ്ടുന്നതും ഇങ്ങും അടക്കിയതും കുതം ഇല്ലാഞ്ഞ കൂടം വീഴുന്നതും അടക്കി രക്ഷിച്ചു. അവിടവിടെ പൂജാനിവേദ്യാദികളും വഴിപോലെ കഴിപ്പിച്ചു കൊണ്ടാൽ, ഈ സ്വരൂപം വൎദ്ധിക്കും’’ എന്നരുളിച്ചെയ്തു. അപ്പോൾ, അങ്ങോട്ടുണൎത്തിച്ചു, അതിന്നു ദ്രവ്യം ഇല്ല’’ എന്ന് കേട്ടവാറെ, അതിന്നേതും വേണ്ടതില്ല, കടം വാങ്ങിച്ചെയ്തു കൊള്ളുമ്പോൾ നിനയാത്ത (നേരം) മുതൽ തനിക്കുണ്ടായ്‌വരും; പിന്നെ കണക്ക് എഴുതി ചിലവിട്ടു കൊൾക. നിത്യദാനവും വയറുവഴികയും സ്വൎണ്ണലേപനവും ചെയ്തിരിക്ക എന്നാൽ ശ്രീ നില്ക്കും. ശ്രീ മദം ഏറിവരികിൽ ശ്രീ വിളിപ്പിക്കാം ‘‘മുന്നിൽ തളിപ്പിക്കാം എച്ചിൽ പാത്രത്തിൽ’’ എന്നിങ്ങിനെ സ്വരൂപമൎയ്യാദകളും കല്പിച്ചു, അനുഗ്രഹിച്ചു മഹാസന്യാസി. അക്കാലം വിശ്വാസത്തോട് അങ്ങിനെ ചെയ്തു തുടങ്ങി. അന്നീവന്നവൻ (ചോനകൻ) വളരെ പൊന്നും കൊടുത്തു ഈ സ്വരൂപത്തിങ്കൽ വിശ്വാസത്തോട് വീടെടുത്തു. അവിടെ ഇരിക്കും കാലം, കൎക്കടകവ്യാഴം കുംഭമാസത്തിൽ ഉണ്ടല്ലൊ

മഹാമകം; അന്നാം തിരുനാവായി പെരാററിൽ തീൎത്ഥം; അവിടെ ഈ കേരളത്തിങ്കൽ ചൊവരക്കൂററിലുള്ള രാജാക്കന്മൊൎക്ക് നിലപാടും സ്ഥാനമാനങ്ങളുമുണ്ടല്ലൊ. അതിനെ കാണ്മാൻ കോയ പുറപ്പെട്ടു, രാജാവിനെ കേൾപ്പിച്ചു, മഹാ മകവും കണ്ടു വരികയും ചെയ്തു. ''എണ്ടിനെ'' എന്നവാറെ, ''ഈ മഹാ മകത്തിന്നു ദിവ്യതീൎത്ഥം ഒഴുകുക എന്നിയെ മറെറന്തെല്ലാം അലങ്കാരം ഉള്ളൂ'' എന്നരുളിച്ചെയ്തവാറെ, ''അവിടെ ഉള്ള അലങ്കാരാദികൾ ഒക്കവെ അറിയിച്ചു എന്നല്ല; ഈ സ്ഥലങ്ങൾ ഒക്കവെ നമ്മുടെ സ്വരൂപത്തിങ്കൽ അത്രെ വിധി ആകുന്നത്'' എന്നുണൎത്തിച്ചവാറെ അരുളിച്ചെയ്തു മഹാ രാജാവ്. ''അതിന്നു നമ്മാൽ കൎത്തവ്യമില്ല'' എന്നു കേട്ടവാറെ, പറഞ്ഞു; ഈ സ്ഥാനം ഇങ്ങു വേണം എന്നു വരികിൽ അടിയെൻ പിടിച്ചടക്കി തരുന്നുണ്ടു എന്നു കേട്ടവാറെ, പൂന്തുറക്കൊൻ. ''എങ്കിൽ നിന്നെ വലത്തു ഭാഗത്തു നിൎത്തീടുന്നുണ്ടു എന്നു കേട്ടപ്പോൾ, അവൻ കടലൂടെയും മററുള്ളവർ കരയൂടെയും തെക്കോട്ടെക്ക് പട കൂടി ജയിച്ചു ഓരൊരൊ നാടും നഗരങ്ങളും ഗ്രാമങ്ങളും ക്ഷേത്രങ്ങളും അടക്കിക്കൊണ്ടു വ്യാഴവട്ടം തികയും പോഴെക്ക് തിരുനാവായിൽ എത്തി ഇരിക്കുന്നു (ആ സ്ഥാനങ്ങളും അടക്കി,) അവനന്നു മികവിനാലെ കമ്പവെടിയും കല്പലയും (കപ്പലോട്ടവും? തീൎത്തു, പണ്ടാരും കണ്ടിട്ടില്ലാത്ത വിശേഷം എന്നെക്കും കുറവു വരാതെ ഇരിപ്പാൻ മുതലും വെച്ചു, ''അങ്ങു കോഴിക്കോട്ട് കോയ'' എന്നു പേരും വിളിച്ചു, അനേകം സ്ഥാനങ്ങളും കൊടുത്തു, വലഭാഗത്തു നിൎത്തുകയും ചെയ്തു. അതുപോലെ പ്രതിയോഗി ഇല്ല എന്നു ശംഖും കുടയും പിടിച്ചു ശാന്തസ്സ്വാമിയെ അരികെ നിൎത്തിക്കുന്നു. അന്നു ചോവരക്കൂററിൽ ഉള്ള സ്ഥാനം പന്നിയൂർ കൂററിലെ അടങ്ങി ഇരിക്കുന്നു. ആ പരിഭവത്തിന്നു അന്ന് തുടങ്ങി, തിരുമാനംകുന്നത്ത് ഭഗവതിയുടെ ആജ്ഞയാലെ ഇന്നും (അങ്കപ്പോരുണ്ടായി) മരിക്കുന്നു ആൎങ്ങൊട്ടുർ (ആറങ്ങൊട്ടു) സ്വരൂപത്തിലുള്ള ചേകവർ എന്നറിക. അന്നു പത്തു കുറയ 400 തണ്ടും, 1200 (നെടിയ) കുടയും കൊടുത്തിട്ടുണ്ടു ആൎങ്ങൊട്ടുർ സ്വരൂപത്തിലെ മേല്ക്കോയ്മ വിട്ടു, നേടിയിരിപ്പു സ്വരൂപത്തിലെ കടങ്ങി ഇരിക്കുന്നു. അന്നു തുടങ്ങി അവൎക്ക് രാത്തെണ്ടലും മറെറയവൎക്ക് പകൽ തെണ്ടലും ആയ്വന്നു. ഓരൊരൊ നാടും നഗരവും പിടിച്ചടക്കിത്തുടങ്ങി. അന്നീ സ്വരൂപത്തിങ്കൽ ഏല്ക്കും മാററാനില്ലാതെ ആയി.

വെള്ളപ്പനാട്ടുകരെ പ്രവൃത്തിക്കായ്ക്കൊണ്ട് തറക്കൽ ഇട്ടുണ്ണിരാമവാരി ചന്നക്കാട്ടു തലചെണ്ണൊരായി വാളും പുടവയും കൊടുത്തു. 1000 നായൎക്ക് യജമാനനായിട്ടു, പിന്നെ ചുള്ളിയിൽ ശങ്കരനമ്പിയെന്നൊരു തിരുവുള കാൎയ്യക്കാരൻ വള്ളുവകോനാതിരിപ്പാട്ടിലെ നാട്ടുമലപ്പുറം മുക്കാതം പിടിച്ചടക്കി, അതുകൊണ്ടു ആ സ്ഥാനത്തെക്ക് അവനായ്ക്കൊണ്ടു കണ്ണും മുകവും തിരിയും കൊടുത്തിരിക്കുന്നു. അതുകൊണ്ടു മലപ്പുറത്ത് പാറനമ്പി എന്നു പറവാൻ കാരണം.

4. കോഴിക്കോട്ട മഹത്വം

മലയാളത്തിൽ കുന്നലകോനാതിരി രാജാവ് മഹാരാജാവ് എന്നു സിദ്ധാന്തം, അന്നു തുടങ്ങി തെക്ക് വേണാടടികളും വടക്ക് കോലത്തിരിരാജാവും ഇവർ ഒഴികെ ഉള്ള രാജാക്കന്മാരോട് അന്നന്നു ചെന്നു ഏല്ക്കും; എടവപാതി കഴിവോളം ''എടവപാതി കഴിഞ്ഞാൽ വേരൻ പിലാക്കീഴ് കൂടി കൊട്ടിൽ കുറിച്ചു, ലോകക്ക് ശിലവിന്നും കൊടുത്തു, അച്ചനും ഇളയതും മുന്നടന്നു, പടക്കൂട്ടംപോരം, ചോവരക്കൂററിൽ എഴുതിയയച്ചെ ഏല്ക്കും. 'മങ്ങാട്ടച്ചനു ചതിപ്പടയില്ല'' എന്നതിൻെറ കാരണം കൂടിനിന്നുപോകിലും താഴ്ച ആകിലും കാണാം എന്നറിയിക്കും. ''നേരുകൊണ്ടു ജയിച്ചു വദ്ധിച്ചിരിക്കുന്നു'' നെടിയിരിപ്പുസ്വരൂപം എന്നറിക.

പരദേശങ്ങളിലുള്ള രാജാക്കന്മാർ പുന്നാടൻ, മയിസൂരാൻ, മയിലൊമ്പൻ, ചടക്കരൻ, മുകിളൻ, മുക്കപറിയൻ, ഇക്കെറിയാൻ, മുളക്കി, അമ്മാശി, കൊങ്ങൻ, പാണ്ടിയൻ, പാലെറിയാൻ, സേതുപതി. കാശിരാജാവു, പാർശാവു, ചോഴരാജാവു, പലിച്ചെയൻ, പരിന്തിരീസ്സു ഇങ്കിരീസ്സ് പറുങ്കി, ലന്താ, ദ്വീപാഴി, പുതുക്കരൊജാവാദിയായുള്ളവരും പടയും പണ്ടു കടലൂടെയും കരയൂടെയും വന്ന് എതിക്കും. ഈ ഭൂമി അടക്കുവാൻ അവരെയും മടക്കി, മാററാർ ഒരുത്തരും നേരെ നില്ലാതെയായി. ഈ ഭൂമിയിങ്കൽ 18 വൈപ്പുവങ്ങളും 96 നഗരങ്ങളും തികവായുണ്ടല്ലൊ. അതിൽ കേളിമികച്ചതു കോഴിക്കോട്ട ഒരു കാലം താഴ്ചയും ഇല്ല, ഒരു കാലം അനത്ഥവുമില്ല. ''അതിൻെറ കാരണം: ചെമ്മങ്ങാട്ട ഔവ്വായി (ചെങ്ങൊട്ട അവയൻ) എന്ന ഒരു ചോനകൻ ശ്രീഭഗവതിയെ സേവിച്ചു, അവനുമായി തമ്മിൽ സമയം ചെയ്തു, പിറെറ നാരം രാവിലെ കാന്തപറമ്പിൽ ആകട്ടെ എന്നു പറഞ്ഞു അവിടെ കണ്ടില്ലയാകിൽ, ഉച്ച തിരിഞ്ഞാൽ നഗരത്തിൽ ആകട്ടെ എന്നു പറഞ്ഞു, പിന്നെ അവിടെ കണ്ടില്ല എന്നുവരികിൽ, മൂവന്തിനേരം മുക്കാടിയിലാകട്ടെ എന്നുപറഞ്ഞു, അവിടെ കണ്ടില്ലാഎന്നുവരികിൽ, എന്നെ കാണ്മോളം ഈ മൂന്നു സ്ഥാനത്തും പാർപ്പു എന്നു പറഞ്ഞു സമയം ചെയ്തു. അവനന്നു മരിച്ചു കളകയും ചെയ്തു. അതുകൊണ്ടു ഭഗവതിക്ക് അവിടെ നിന്നു ഒരു കാലം വാങ്ങിപ്പോയി കൂടുകഇല്ല.'' അന്നു തുടങ്ങി വീരാടപുരം പോലെ വേണ്ടും പദാത്ഥങ്ങരം ഈ പുരത്തിങ്കൽ ഉണ്ടായ്‌വന്നു, അനേകം വസ്തുക്കരം വന്നു നിറഞ്ഞുതുടങ്ങി, പുരുഷാരവും നിറഞ്ഞുതുടങ്ങി ''എത്രയും തേജസ്സോടും കൂടിയ ഭഗവതിയെ ചോനകൻ കാണ്മാനുള്ള സംഗതി: ''ബൌദ്ധന്മാക്കത്രെ നെഞ്ഞിന്നുറപ്പുള്ളൂ'' എന്നിട്ട് ഈശ്വരൻ തന്നെ ഇപ്രകാരം കല്പിച്ചതു.

ശേഷം താമൂരിപ്പാട്ടുന്നു തീപ്പെട്ടാൽ തിരുവന്തളി കഴിവോളം ആ സ്ഥാനത്തേക്ക് മങ്ങാട്ടച്ചൻ ഉടയതായി തിരുവന്തളികഴിഞ്ഞാൽ വഴിമൂപ്പിൽ രാജാക്കന്മാരെ പട്ടം കെട്ടിപ്പാൻ തക്കവണ്ണം

ഊരിന്നും ഗ്രാമത്തിന്നും മററും പല പ്രഭുക്കന്മാരും എത്തി, തിരുവളയ
നാട്ടമ്മയെ എഴുന്നെള്ളിച്ചു, ''ബ്രഹ്മൻ വിഷ്ണു മഹെശ്വരൻ'' എന്നു
കല്പിച്ചു പൊൻവിളക്കും നിറപറയും വെച്ചു, നിലമണിച്ചു വിതാ
നിച്ചു പള്ളിമാറടി എഴുന്നെള്ളിച്ചു, ചേരമാൻ വാളും പിടിച്ചു സിം
ഹാസനത്തിന്മേൽ വെള്ളയും കരിമ്പാടവും വിരിച്ചു, വീരചങ്ങലയും
ധരിച്ചു തിരുമുടിവട്ടം കെട്ടി, അഴലൂർ (അയലൂർ) ശാക്രെ രണ്ടു വഴി
യിൽ മൂവാറു 18 സംഘവുംകൂടി എത്തി, ''ചേരമാന്നാടു 160 വഴി
നാട്ടിലും കോയ്മസ്ഥാനം നടത്തി, പശുബ്രാഹ്മണരേയും ദേവന്മാ
രെയും രക്ഷിച്ചു, പെണ്ണുംപിള്ളയും ആനന്ദിപ്പിച്ചു വഴിപിഴ തീൎത്തു;
മഹാ രാജാവായിരുന്നു വാഴുക'' എന്നു കല്പിച്ചു, ബ്രാഹ്മണരും വെ
ട്ടത്തുകോവിലും തിനയഞ്ചേരി ഇളയതും ആഴവാഞ്ചേരിതമ്പ്രാക്കളും
കൂടി തിരുമുടി പഴയരി ചാൎത്തി, ധൎമ്മഗുണത്തുപണിക്കർ ഉടവാൾ
അണച്ചു, പണ്ഡാരഭൂമുഖത്തിരുന്നരുളി, 5000 നായർ പ്രഭുകൎത്താവു
തൊഴുതു ചേകിച്ചു. പിന്നെ 10000ത്തിൻെറ ചെകവുകഴിഞ്ഞു, നല്ല
നേരം കൊണ്ടു കോഴിക്കോട്ടേക്ക് എഴുന്നെള്ളുമ്പോൾ 18 വാദ്യവും അ
ടിപ്പിച്ചു, മുത്തുകുടയും (വെങ്കൊററക്കുട) രത്നത്തഴയും പിടിപ്പിച്ചു,
പള്ളിത്തണ്ടിന്മേൽ ഇരുന്നരുളി, വെള്ളിക്കാളാഞ്ചിയും പൊന്നിൻ
കാളാഞ്ചിയും പിടിപ്പിച്ചു പൊന്നും വെള്ളിയും കെട്ടിയ പലിശക്കാ
രെക്കൊണ്ടുഅകമ്പടിതട്ടുംതട്ടിച്ചുനടവെടിവെപ്പിച്ചു കൈത്തോക്കിൻ
പുരുഷാരത്തോടുംകൂടി പന്നിയങ്കര എഴുന്നെള്ളി, ദുൎഗ്ഗാദേവിതൃക്കൺ
പാൎത്തു, 5000 പ്രഭുകൎത്താവും കോഴിക്കൊട്ട് തലച്ചെന്നോരും കോശ
യും കാതിയാരും തണ്ടിന്മേൽ അകമ്പടി നടന്നു, 10000ത്തിൽ മുപ്പ
ത്തരണ്ടിലുള്ളവർ കച്ചയും തലയിൽ കെട്ടുംകെട്ടി, 10000 ലോകരും
കൂടി കല്പായ്ക്കൽ ചെന്നു ''മുമ്പിൽമാററാൻ'' എന്നു കല്പിച്ചു, മൂനാം ച
വട്ടിൽ കളിച്ചു വഴക്കം ചെയ്തു അകമ്പടിനടന്നു പൂവാട വിരിച്ചു കാൽ
നട എഴുന്നെള്ളി ആയമ്പാടി കോവിലകംപുക്കു, അമ്മ വന്ദിച്ചു തിരു
മുടി പഴയരിചാൎത്തി, അനുഗ്രഹവുംകൊണ്ടു തളിയിൽ ഭഗവാനെ
തൃക്കൺപാൎത്തു തിരുവളയനാട്ടും പരക്കലും എഴുന്നെള്ളി, ഓശവെടി
യും വെപ്പിച്ചു വേരൻപിലാക്കീഴ് 10000ത്തിൻെറ കൂട്ടം വിരുന്നു
സ്ഥാനവും മാനവും മേനിയും പറഞ്ഞു പഴമയും പറഞ്ഞു, സ്വരൂപ
ത്തിലെ പട്ടോലെക്കും പഴനടെക്കും പഴയ മുനിമാർ വചനത്തിന്നും
മറിവും പിഴയും വരാതെ കണ്ടു, അനുവാദം കൊടുപ്പിച്ചു, ശിലവിന്നു
(നാളും കോളും അതിന്നും പണയം പിടിപ്പാൻ അറയും തുറയും) ക
ല്പിച്ചു. പുരുഷാരപ്പാടും മുമ്പിൽ കല്പിച്ചു ഈശ്വരസേവകളും
കഴിപ്പിച്ചു, ഭട്ടത്തിരിമാൎക്ക് കിഴിവെച്ചു നമസ്കരിച്ചു അനുഗ്രഹ
വും വാങ്ങി നാടും നഗരവും തുറയും കച്ചോടവും തെളിയിപ്പിച്ചു വേ
ളാത്ത പെണ്ണിനെ വേൾവിച്ചു, ഉപനയിക്കാത്ത ഉണ്ണിയെ ഉപന
യിപ്പിച്ചു, ക്ഷേത്രങ്ങളും കാവുകളും ഓട്ടുപൊളിതീൎത്തു, കലശം കഴി
പ്പിച്ചു മുതലും വെച്ചുആളെയും കല്പിച്ചു, ബ്രാഹ്മണൎക്ക് കൎമ്മം കഴി
പ്പാൻ മുതലില്ലാത്തവൎക്ക് മുതലും ദാനംചെയ്തു. നാടുകളെ വഴിപോ

ലെ രക്ഷിപ്പാൻ അവിടവിടെ ആളുകളെയും കല്പിച്ചു മുതലും വെച്ചു. മങ്ങാട്ടച്ചൻ ഇളയതു പണിക്കരും തിരുവുള്ള കാര്യക്കാരും കൂടി സ്വരൂപകാര്യം വിചാരിച്ചിരിക്കുംകാലം മഹാമകം വന്നണഞ്ഞു, മഹാമകവേല കഴിപ്പാനായിക്കൊണ്ടു തിരുനാവായ്ക്കെഴുന്നെള്ളി ഇരിക്കുന്നു. മഹാ രാജാവായിരിക്കുന്ന കുന്നലകോനാതിരി. പിന്നെ 4 കാര്യക്കാർ എന്നു പറയുന്നതിൽ മുമ്പിൽ എഴുത്തച്ഛനായ മങ്ങാട്ടച്ചൻ, പിന്നെ നാടുവാഴിയെ വാഴിപ്പാൻ ദേശവാഴിയാക്കി കല്പിച്ചിട്ടുള്ള തിനയഞ്ചേരി ഇളയതു, ധർമ്മഗുണത്തുപണിക്കർ ഉടവാൾ അണച്ചു, തിരുമേനി വിയർപ്പിച്ചുഴിവാനായ്ക്കൊണ്ട് രാജാസ്ഥാനവും സമ്പ്രദായവും കല്പിച്ചു, സ്വരൂപകാര്യക്കാരനായി, ശേഷം പാററമ്പിയെ പള്ളിയറപ്രവൃത്തിക്കകൊണ്ടു വെച്ചു അറപലകയും കിഴിയും കൊടുത്തിരിക്കുന്നു.

5. പറങ്കി വന്നിട്ട് കുറുമ്പിയാതിരി ബന്ധുവായതു

അങ്ങിനെ ഇരിക്കുമ്പോൾ, പറങ്കി വന്നിണങ്ങി കോഴിക്കോട്ട കോട്ടയിട്ടുറപ്പിച്ചു കച്ചോടംചെയ്യിരിക്കും കാലം, (പാണ്ടിപരദേശിയായ ഒരു വട്ടത്തൊപ്പിക്കാരൻ അറയിൽ കുറിയൻ എന്നൊരു കപ്പിത്താൻ അവനോട് യുദ്ധം ചെയ്തു) കോഴിക്കോട്ട് പിടിച്ചടക്കി, കരപററിൽ ചില നാശങ്ങളും തുടങ്ങി, അന്നു തിനയഞ്ചേരി ഇളയതു ഒഴികെ ഉള്ളവർ തെക്കോട്ടേക്ക് പടെക്ക പോയിരുന്നു, ആ അവസരത്തിങ്കൽ അടക്കിക്കൊണ്ടു, അവൻ അന്നു കുറുമ്പിയാതിരി സ്വരൂപത്തിങ്കലേക്ക് എഴുതിഅയച്ചു, അവരെ വരുത്തി (വേട്ടക്കരുമകൻ നിയോഗത്താൽ) അവനെ വെട്ടി ഒഴിപ്പിച്ചു (നീക്കി) കോട്ടപിടിച്ചു കൊടുത്തിരിക്കുന്നു. അന്നു വളരെ മുതലും, പണ്ടവും, ചരക്കും, കാളന്തോക്കും, കിട്ടി എന്നു കേട്ടിരിക്കുന്നു. കിട്ടിയമുതല്ലും ചരക്കിന്നും, അററമില്ല എന്നു പറയുന്നു. വേട്ടക്കരുമകന്റെ വിലാസം കാൺകകൊണ്ടു അന്നുതുടങ്ങി ഈ സ്വരൂപത്തിങ്കൽ പരദേവതയാക്കി കുടിവെച്ചു, കോഴിക്കാവിലും വിലാത്തിക്കുളങ്ങരയും കോവിലകത്തും തളിയിലും തിരുവളയനാടും മററും അനേകം കാവൽപാടുകളിലും കുടിയിരുന്നു, തിരുവളയാട്ടമ്മ എന്നും വേട്ടക്കരുമകൻ എന്നും, 2 പരദേവതമാർ, അക്കാലം കുറുതില്ല എന്നു കല്പിച്ചു തളിപ്പറമ്പത്തുചെന്നു, ഭഗവാനെ ഭജിച്ചിരുന്നു. അന്നു കുറുമ്പിയാതിരിക്ക് ഭഗവാന്റെ ദർശനമുണ്ടായി ''രാജാവ് ഇനി ഒട്ടും വൈകാതെ പോകവേണ്ടും, നിടിയിരിപ്പോട് തട്ടത്തുനില്പാന്തക്കവണ്ണം ഇങ്ങുന്നു ഒരു ആളെ വരികയും ചെയ്യും. ആളെ മുന്നിത്തിനടത്തിക്കൊണ്ടാൽ മാററാനെ നൃത്തി, നാടും സ്വരൂപവും കാത്തുരക്ഷിച്ചുകൊള്ളും'' എന്ന ദർശനം കാട്ടി അയക്കയും ചെയ്തു, ഇങ്ങു വന്നു തിരുമൂപ്പു കിട്ടി വാഴ്ച കഴിഞ്ഞു (വലം വെച്ചു) അരി അളപ്പാന്തുടങ്ങുമ്പോൾ, ചേകവനായി ചെന്നു മടിപിടിച്ചു, അരിവാങ്ങി കാരാകൊറെനായരെ കൈ പിടിച്ചു മുമ്മൊഴി ചൊല്ലിച്ചു പാലച്ചേരിക്കോട്ടയിൽ കുടിയിരിക്കുന്ന

നാടും സ്വരൂപവും കാത്തുരക്ഷിച്ചു, മഹാലോകർക്ക് വരുന്ന അല്പലും മഹാവ്യാധിയും ഒഴിച്ചു, സംഘത്തെ പരിപാലിച്ചു വഴിപോക്കർക്ക് അന്നദാനവും ചെയ്തിരിക്കുന്ന ഒരു വേട്ടക്കരുമകൻ എന്നറിക.

പുഴവായിടവക മുക്കാതം വഴിനാടും 3000 നായരും മതിലാഞ്ചേരി സ്വരൂപത്തിൽ 10 അമ്മൊമ്മാരും, 42 ഇല്ലത്തിൽ മൂത്തൊൽ എഴവരും ചാത്തിമംഗലത്തപ്പനും മുച്ചന്തിക്കാളിയും അറയിൽ ഭഗവതിയും ഇരഞ്ഞൊൻ, വെള്ളവശ്ശേരി, 2 ഇല്ലം വാഴങ്കത്താക്കന്മൊരും തെക്കിടം വടക്കിടം 2 താവഴിയിൽ കത്താക്കന്മൊരും (പൂന്തുറയിൽ അമ്മവാഴ്വയും അടിപരത്തി ഇടവും) ഇങ്ങിനെ ഉള്ള പുഴവായിൽനിന്നു ചാലയിൽ ഭഗവതിക്ക് വിളക്കിന്നും ചിലവിന്നും മുതൽ വരേണ്ടുന്നതു വരായ്കകൊണ്ടു ''വിളക്കും ചിലവും മുട്ടിപാർത്തിരിക്കുന്നു'' എന്നു കല്പിച്ചു, കോയ്മയിൽനിന്നു ആളെ അയച്ചു. പുഴവായിടവകയിൽ മേൽകോയ്മ ചൊല്ലി (ഇടഞ്ഞപ്പോൾ) വിലക്കി നാശം ചെയ്കവാറെ, ചെന്നു മുടക്കി അവരെ വെട്ടിക്കൊന്നു അന്നു എരുമത്തടത്തിൽ ഉണ്ണിത്തിരിയും എതാനും ചേകവരും ''നാടടക്കി യോഗ്യം വേണം'' എന്നിട്ടു അവർ മദിച്ചു കൂടി. അന്നു 18 എടപ്പാട്ടിലും യോഗ്യായോഗ്യം കഴിച്ചു. അനന്തരം വടക്കും തലക്കാർ എത്തി പുരപ്പുല്ലിട്ടു (കാണ) കേൾക്കാകുന്നെടത്തോളം ചുട്ടു, അതു ഹേതുവായിട്ടുണ്ടായിരിക്കുന്നു; കണ്ടൻ പാലത്തുകണ്ടിയിൽ പട അന്നു ഇടവകയിൽ ലോകരും, കത്താക്കന്മൊരും ഒരുമിച്ചു നിരൂപിച്ചു 10000ത്തെ കണ്ടു ചേർന്നിരിക്കുന്നു. അന്നു വേരൻപിലാക്കന്നെ കൈപിടിച്ചു കൂട ഇരുത്തി, അതുകൊണ്ടു 10000ത്തിൽ മൂവ്വായിരമാകുന്നു. ആ 3000 വടക്കമ്പുറത്തെ ലോകരും തങ്ങൾക്ക് വിധേയമാക്കി കിഴക്കമ്പുറത്ത് ലോകരും മൂവ്വായിരത്തിൻെറ പക്ഷം തിരിഞ്ഞു പോർനിലത്തേക്കു ബന്ധുവായിരിക്കുന്നു. അതുകൊണ്ടു കണ്ടമ്പാലത്തു കണ്ടിയിൽ പടെക്ക് 2 പക്ഷവും നിന്നു വേല ചെയ്യുന്നു. 10000ത്തിലുള്ള ലോകർ എന്നറിക; (അങ്ങിനെ തന്നെ ഓരോരു നാടു പിടിച്ചവാറെ, ഇണങ്ങമർന്നു, അതുകൊണ്ടു 30000 ഉണ്ടായി.

താമരച്ചേരിരാജാവു എന്ന് പറവാൻ കാരണം, പുഴവായിടവകയും കുറുമ്പിയാതിരിയും കൂടി ഇടഞ്ഞു പല നാശങ്ങളും വന്നതിൻെറ ശേഷം പുഴവായി കമ്മന്മാരും 3000 നായരും മൂത്തൊൽ എഴവരും മറ്റും കൂടി ഒരുമിച്ചു കുതിരവട്ടത്ത് ഇല്ലത്തെ കണ്ടു, കോട്ടയകത്ത് രാജാവായ പുറവഴിയാകോവിലെ കൂട്ടികൊണ്ടുവന്നു താമരശ്ശേരി ഇടമരം എന്ന രണ്ടില്ലത്ത് നമ്പൂതിരിമാർ തങ്ങടെ ദേശം കൊടുത്തു, രാജാവിന്നു താമരശ്ശേരി രാജാവായി അരി ഇട്ടു വാഴ്ച കഴിച്ചു 500 നായക്ക് അരിയളന്നു ചേകവരായി കോട്ടയിൽ ഭഗവതിയും കന്നിക്കരുമകനും ഇവരെ നാട്ടു പരദേവതമാരായി കുടിവെച്ചു, പുഴവായ്ക്ക് രക്ഷയായി ഇങ്ങോട്ടും താമരച്ചേരിക്കു രക്ഷയായി അങ്ങോട്ടും തമ്മിൽ ഏകീകരിച്ചു സ്ഥാനങ്ങളും കല്പിച്ചു. 10000

ത്തിൽ ചിലർക്കും ഐയ്യായിരം പ്രഭുകർത്താവിന്നും ചങ്ങാതവും കല്പിച്ചു രക്ഷയായിട്ടിരിക്കുന്നു.

പിന്നെ പയ്യനാട്ട 6 കാതം നാട്ടും, 4 കൂട്ടം, (വെള്ളിയിന്നൂർ കൂട്ടം, തച്ചോളി കൂട്ടം, വീയ്യൂർ കൂട്ടം, മൂട്ടാടി കൂട്ടം) ഇങ്ങിനെ 4 കൂട്ടായ്മക്കാർ. 3 കുറുമ്പടി, (അകമ്പടിയും) 8000 (30000) നായരും കുറുമ്പർ നാടാകുന്നതു. ഇപ്പോൾ പൂന്തുറക്കൊൻ കുടക്കൽ വേലയുള്ളവർ അവരും വേരമ്പിലാക്കീഴവരി ഒപ്പിച്ചു നിഴലിൽ പലിശകമിഴ്ത്തി ഇരിക്കുന്നു. കോരപ്പുഴ കടന്നു തുറശ്ശേരിക്ക് ഇപ്പുറത്തെ നാട്ടുകോയ്മസ്ഥാനവും ലോകരും കുറുമ്പിയാതിരി കൊട്ടത്തിരിക്കുന്ന നെടിയിരിപ്പിൽ സ്വരൂപത്തിങ്കലേക്ക് പെൺവാഴ്ചയിൽ (പെൺവഴിയിൽ) ഹൊട്ടുത്തു കിട്ടി അടങ്ങിയ നാട്ടും ലോകരും എന്നു പറയുന്നു.

6. മററെ മൂന്നു സ്വരൂപങ്ങളുടെ അവസ്ഥ

1. പിന്നെ ഏറനാട്ടും പെരിമ്പടപ്പും തമ്മിൽ പണ്ടു പടയുണ്ടല്ലൊ എന്നാൽ പെരിമ്പടപ്പു സ്വരൂപത്തിൽ ചേകവരായിട്ടു വളരെ ആൾ ഉണ്ടു. 52 കാതം 18 മാടമ്പികൾ, 42 കാര്യക്കാരും അതിൽ ബാല്യത്തച്ചൻ മുമ്പൻ.

പറവൂർ എന്ന കോവിലും മാടത്തിങ്കൽ കോവിലും കൊച്ചിയിൽ മൂത്ത കോവിലും കൊച്ചിയിൽ ഇളയ കോവിലും അങ്ങിനെ ഇരിക്കും കാലത്ത് കൊച്ചിയിൽ നട്ടമുററത്ത് ഒരു ചെറു നാരകം ഉണ്ടു, നാരങ്ങകാച്ച് മൂത്താൽ ഇളയതാവഴിയും ആളുകളും കൂടി വന്നു പറിച്ചുകൊണ്ട് പോയ്ക്കളയും. അക്കാലം രേവതി പട്ടദാനം കഴിഞ്ഞ ഒരു പട്ടത്തിരി അവിടേക്കു എഴുന്നെള്ളി, രേവതി പട്ടദാനത്തിൻെറ ഊട്ടും സംഭാരവും ചോദിച്ചു, മൂത്ത താവഴിയിന്നു ഊട്ടും സംഭാരങ്ങളും പറഞ്ഞു നാരങ്ങക്കറിയുടെ യോഗങ്ങളും കേൾപ്പിച്ചു ''ഈ ചെറുനാരങ്ങ മൂപ്പിച്ചു എനിക്കു തരേണം'' എന്നരുളിച്ചെയ്തു ഭട്ടത്തിരി, നാരങ്ങ മൂത്താൽ ഇളയതാവഴിയും ആളുകളും കൂട വന്നു പറിച്ചു പോയിക്കളയും അതിന്നൊരുപദേശം ഉണ്ടെന്നരുളിച്ചെയ്തു ഭട്ടത്തിരി, ''താമൂതിരിയുടെ ആളെ പാർപ്പിച്ചാൽ നാരങ്ങ മൂത്തു കിട്ടും എന്നാൽ ഒരാളെ കൂട പാർപ്പിച്ചു പോകേണം'' എന്നരുളിച്ചെയ്തു മൂത്തതാവഴിയിന്നു എന്നാറെ തൻെറ വാല്യക്കാരനെ കൂടി നൃത്തി ''വെട്ടിക്കൊന്നു പോയാൽ ചോദ്യം എന്ത്'' എന്നു അവൻ ചോദിച്ചു, ''വെട്ടിക്കൊന്നുപോയാൽ താമൂതിരിയെകൊണ്ടു കൊച്ചിക്കോട്ടയുടെ ഓടു ചവിട്ടിച്ചേക്കുന്നുണ്ടു എന്നു ഭട്ടത്തിരി അരുളിച്ചെയ്തു അവനെ പാർപ്പിച്ചു എഴുന്നെള്ളി. എന്നാറെ നാരങ്ങ മൂക്കുകയും ചെയ്തു. ഇളയ താവഴിയും ആളുകളും വന്നു നാരങ്ങ പറിപ്പാന്തുടങ്ങിയപ്പോൾ, ''നാരങ്ങ പറിക്കരുത്'' എന്നവൻ പറഞ്ഞു. അതു കേളാതെ നാരങ്ങ പറിച്ചു തുടങ്ങി, എന്നാറെ നൊമ്പടെ തമ്പുരാൻെറ തൃക്കാലാണ ഇട്ടു ആണ കേളാതെ നാരങ്ങ പറിച്ചു; എന്നാറെ, പറിച്ചവൻെറ കൈയും വെട്ടി

അവനെയും കൊന്നു. അതുകേട്ടു ഭട്ടത്തിരി കൊച്ചിയിൽ എഴുന്നെള്ളി 3 ഓട് എടുത്തു തന്നുടെ ഇല്ലത്തു വന്നു വീരാളിപ്പട്ടിൽ പൊതിഞ്ഞു താമൂതിരികോവിലകത്ത് എഴുന്നെള്ളി നൊമ്പടെ തമ്പുരാൻ തിരുമുൽകാഴ്ചവെച്ചു ''ഇത് എന്ത്'' എന്നു അരുളിച്ചെയ്തു തമ്പുരാൻ ''ബ്രാഹ്മണക്ക് സത്യം പറകയാവു അസത്യം പറയരുത് താമൂതിരിയുടെ ആളെ കൊച്ചിക്കോട്ടയിന്നു കൊച്ചിയിൽ ഇളയതാവഴിയും ആളുകളും കൂടി വെട്ടിക്കൊന്നു അതിന്നു കൊച്ചിക്കോട്ടയുടെ ഓടാകുന്നിതു: തൃക്കാലടി എടുത്തു ചവിട്ടിക്കളകേ വേണ്ടു'' എന്നു ഭട്ടത്തിരി ഉണർത്തിച്ചു നൊമ്പടെ തമ്പുരാൻ തൃക്കൺ ചുവന്നു തിരുമേനി വിയത്തു തിരുവിൽചിറക്കലേക്കു എഴുന്നെള്ളി, 30000ത്തിന്നും 10000ത്തിന്നും പയ്യനാട്ടുലോകർക്കും തിരുവെഴുത്ത് എഴുതി വരുത്തി, ലോകർക്കു ചിലവിന്നും വെച്ചു, അച്ചനും ഇളയതും ഉണ്ടയും മരുന്നും കെട്ടിച്ചു, കൊച്ചിക്കോട്ടെക്കു നേരെ കുട്ടി കോട്ടയും തച്ചുതകർത്തു പോന്നിരിക്കുന്നു എന്നു മുമ്പിലുള്ളവർ പറഞ്ഞു കേട്ടിരിക്കുന്നു.

2. തെക്ക് വേണാട്ടടികളോടു കൂടി ജയിച്ചു കപ്പം വാങ്ങിച്ചേർത്തിരിക്കും കാലം എന്നെക്കും മാറിവരാതെ ഇരിപ്പാൻ കാഴ്ചയായി മഹാ മകത്തിന്നു ഒരു കൊടിയും കൊടുത്തു വിട്ടു, ആ കൊടി വേണാററിൻ കൊടി എന്നു പറയുന്ന ഞായം. പിന്നെ ചെങ്ങന്നിയൂർ മതിലകത്തുള്ളിൽ കോയ്മയും കൊടുത്തു, ആ സ്ഥാനത്തേക്ക് തിരുമനച്ചേരി നമ്പൂതിരിപ്പാട്ടിന്നു മാനുഷ്യമായി ഇന്നും നടക്കുന്നു.

വേണാടടികളുടെ കുലിച്ചേകക്കാരിൽ ഒരുത്തൻ കന്നെററിക്കടവിൽ നിന്നു ഒരു ബ്രാഹ്മണനെ കുളിയും ഊക്കയും മുടക്കി (മുട്ടിച്ചു) തടുത്തു പാർപ്പിച്ചിരിക്കുന്നു. അന്നു മൂന്നാം കൂറായ (പാടായ) തമ്പുരാൻ യഥായോഗം അവിടെക്കെഴുന്നെള്ളി, അവനെയും വെട്ടിക്കൊന്നു ബ്രാഹ്മണൻെറ കുളിയും ഊക്കയും കഴിപ്പിച്ചു എഴുന്നെള്ളി ഇരിക്കുന്നു. അതിന്നു വേണാടടികൾ പരിഭവിച്ചു പുരുഷാരത്തെ കല്പിച്ചു ''ചേററുവായിൽ തെക്കോട്ട് നൊമ്പടെ തമ്പുരാൻെറ മേൽകോയ്മ സ്ഥാനം നടക്കരുത്'' എന്നു കല്പിച്ചു അക്കാലം നൊമ്പടെ തമ്പുരാൻ തിരുവുള്ളത്തിൽ ഏറി യോഗം തികച്ചു ചേററുവായി കടന്നു കാഞ്ഞൂർ പുഴ കടന്നു വെപ്പിയുടെ കൊച്ചി അഴി കടന്നു കൊച്ചിയിൽ കൂട പുറപ്പെട്ടു, ചിരങ്ങനാട്ടു കരപ്പുറത്തു കൂടി പയററുക്കാട്ടു പാലം കടന്നു ആലപ്പുഴെക്ക് പുറപ്പെട്ടു തൃക്കുന്നത്തു പുഴെക്ക് കൂടി കാർത്തികപ്പള്ളി കടന്നു ഉടയനാട്ടു കരക്ക് എഴുന്നെള്ളുമ്പോൾ, വേണാടടികളും വന്നു നൊമ്പടെത് തൃക്കാല്ക്കൽ അഭയം ചൊല്ലി, നൊമ്പടെത അഴിഞ്ഞ അർത്ഥവും വടക്കോട്ട് തിരിച്ചു വെച്ചു, കാളും തോക്കും പിഴ പോക്കുവാനായിട്ട് ആനയും ഇരുത്തി. അന്നു ദിഗ്ജയം കൊണ്ടു വീരമദ്ദളം അടിപ്പിച്ച് ആനക്കഴുത്തിൽ ഏറി, വടക്കോട്ട് എഴുന്നെള്ളി തിരുവനന്തപുരത്തു ഭഗവാനു വായിത്തരം (വൈചിത്ര്യം, ഉത്തരം) കെട്ടിയ ദേശങ്ങളും കല്പിച്ചു, മഹാരാജാവു കന്ദല കൊനാതിരി എന്നു കേട്ടിരിക്കുന്നു. കൊല്ലം 802

കുംഭഞ്ഞായറു 30 തിയ്യതി ബുധനാഴ്ച തൃക്കാവിൽ കോവിലകത്ത് നിന്നു തിരുമുടിപ്പട്ടം കെട്ടി തിരുനാടു വാണു 4000 പ്രഭുക്കന്മാരും ചെകിച്ചു.

3. ശേഷം കോലത്തിരിയോട് കൂടി ജയിപ്പാൻ പടകൂടിയപ്പോൾ, നൊമ്പടെ തമ്പുരാന്റെ തിരുനെററിക്ക് നേരെ 352000 പ്രഭു കോലത്തിരിയും കല്പിച്ചിട്ടില്ല; അക്കാലം പെരിഞ്ചെല്ലൂർ ഗ്രാമക്കാരെ മുന്നിർത്തി തളിറപ്പമ്പത്ത് മതിലകത്തു കോലത്തിരികോയ്മയും കല്പിച്ചു കൊടുത്തു, മഹാ രാജാവു, അവിടെ ഇന്നും പന്നിയൂർ കൂറായി നടക്കുന്നു. തളിപ്പറമ്പത്തപ്പൻ എന്നു വെരുന്ത്യക്കോലപ്പന്നു വഴക്കം ചെയ്തു, അവന്റെ അംശം നടത്തി സ്ഥാനങ്ങളും കല്പിച്ചു കുന്നല കോനാതിരി.

കോലത്തിരി തമ്പുരാൻ വളർഭട്ടത്തു കോട്ടയിൽ മൂപ്പത്തൈവർ പരദേവതമാരെ പരിപാലിച്ചു, 350000 നായരെയും തല തികച്ചു ഒരു കോല്ലുടക്കി, അവരെ കൊണ്ടു ഒരൊരൊ വകഭേദങ്ങളും തിരിച്ചു, അകത്തു ചാന്നവക്കം പുറത്തു ചാന്നവക്കം അടക്കം ആചാരവും ഒരുപോലെ കല്പിച്ചു, തെക്കംകൂററിൽ മുരിക്കഞ്ചേരിക്കാരിഷത്തിന്നു മുമ്പെന്നല്ലൊ കല്പിച്ചതു, മുണ്ടയോടൻ കാരിഷത്തിന്നു പിമ്പെന്നും കല്പിച്ചു, 4 ഇല്ലത്തിലും ചെങ്ങനി മുരിക്കഞ്ചേരി അകത്തു അതിൽ ചെങ്ങനിക്ക് പിമ്പു, ചോമടവൻ മുണ്ടയോടൻ പുറത്ത് അതിൽ ചോമടവന്നു പിമ്പു, ഇന്നാൽ ഇല്ലത്തിന്നും കൂടി ഒരാചാരം തെക്കംകൂററിൽ കാരിഷം എന്നും അതിൽ ചെങ്ങനിക്കും മുരിക്കഞ്ചേരിക്കും മുമ്പും കൈയ്യും എന്നും ചൊമടവന്നു പിമ്പും കല്പനയും എന്നും കല്പിച്ചു. മാടായിക്കോട്ടയിൽ ശിക്ഷാരക്ഷ നടത്തുവാൻ വടക്കം കൂററിൽ കാരിഷവും അതിന്നു ചേണിച്ചേരിക്ക് വായും കൈയും മുമ്പും കല്പനയും അവകാശവും മാവില ഇല്ലത്തിന്നും കൂട ഒരാചാരവും കല്പിച്ചു കൊടുത്തു. തെക്കുന്നു വരുന്ന മാററാനെ തടപ്പാനായിട്ടു കുന്നിവാകക്കോയിലകത്തു ഇരയ വർമ്മനെ തെക്കിളങ്കൂറു തമ്പുരാൻ എന്നു കല്പിച്ചു, മുക്കാതം നാടും കൊടുത്തു. കാഞ്ഞിരോട്ടഴി സമീപത്തു വിജയകൊല്ലത്തു കോട്ടയിൽ കേളവർമ്മനെ വടക്കിളങ്കൂറു തമ്പുരാൻ എന്നു കല്പിച്ചു, കുടയനാടും ഐയർ പരദേവതമാരെയും കൊടുത്തു, ഇരുവരും രണ്ട് എതിർത്തലയും രക്ഷിച്ചു വന്നതിന്റെ ശേഷം, കരുവള്ളൂർ കോവിലകത്തു രാമവർമ്മനെ നാലാംകൂർത്തമ്പുരാൻ എന്നു കല്പിച്ചു സമീപത്തിരുത്തുകയും ചെയ്തു. ഏഴിമലയുടെ മുകളിൽനിന്നു എഴുന്നെള്ളിയ തമ്പുരാട്ടിയെ ഏഴൊത്ത കോയിലകത്തിരുത്തി വസ്തുവും വേറെ തിരിച്ചു കൊടുത്തു താൻ കരിപ്പത്തു കോയിലകത്ത് എഴുന്നെള്ളുകയും ചെയ്തു. അനന്തരം 18 ദ്വീപും അടക്കുവാന്തക്കവണ്ണം ഒരു ചോനകനെ കല്പിച്ചു, ദ്വീപികൽ ഒരു പട്ടവും കെട്ടി, ദ്വീപുരാജാവെന്നു കല്പിച്ചു, 18 ദ്വീപടക്കി 18000 പണം കാലത്താൽ വളർഭട്ടത്ത് കോട്ടയിൽ ഒപ്പിപ്പാന്തക്കവണ്ണം

കല്പിച്ചയക്കയും ചെയ്തു ഉദയവർമ്മൻ എന്ന കോലത്തിരി തമ്പുരാൻ.

നെടിയിരിപ്പു സ്വരൂപത്തിങ്കൽനിന്നു ഒരു രാജസ്ത്രീയെ കണ്ടു മോഹിച്ചു, ആരും ഗ്രഹിയാതെ രാത്രിയിൽ കൊണ്ടുപോയി കോലത്തിരി തമ്പുരാൻ ഭാര്യയായി വെച്ചു കൊണ്ടിരുന്നു. 'ആ സ്ത്രീയെ അങ്ങോട്ട് തന്നെ അയച്ചുകളയാം എന്നുവെച്ചാൽ നേടിയിരിപ്പു തമ്പുരാക്കന്മാർ സമ്മതിക്കുകയില്ല'' എന്നു വെച്ചു മക്കസ്ഥാനത്തിന്നു നീലേശ്വരം മുക്കാതം നാടും 3000 നായരേയും കല്പിച്ചു കൊടുത്തു. ആയതത്രെ നീലേശ്വര രാജവംശം ആകുന്നതു. ഇന്നും നീലേശ്വരത്തു രാജാക്കന്മാരും നെടിയിരിപ്പു രാജാക്കന്മാരും തമ്മിൽ ചത്താലും പെററാലും പുല ഉണ്ടു.

7. ശേഷം കേരളാവസ്ഥ ചുരുക്കി പറയുന്നു

ചേരമാന്നാട്ടിൽ 17 നാടും 18 രാജാക്കന്മാരും ഉണ്ടു. കോലത്തിരി, വേണാടു, പെരിമ്പടപ്പു, ഏറനാടു ഇങ്ങിനെ നാലു സ്വരൂപം ബൌദ്ധന്മാർ വന്നു ബലവീര്യം നടത്തി, കർമ്മഭൂമി ക്ഷയിച്ചു പോകാതെ ഇരിപ്പാൻ, വേണാട്ടുക്കരെ തൃപ്പാസ്വരൂപത്തിങ്കൽ ഐശ്വര്യവും, പെരിമ്പടപ്പിൽ യാഗാദികർമ്മവും, നെടിയിരിപ്പിൽ വാഠം പൂജയും, കോലസ്വരൂപത്തിങ്കൽ കീഴിൽ വാണ പെരുമാക്കന്മാരുടെ സേവയും കല്പിച്ചപ്രകാരം ചെയ്താൽ ഗുണം കാണാം. ചേരമാന്നാട്ടിൽ മൂവർ രാജാക്കന്മാർ തിരുപട്ടം കെട്ടി തണ്ടിൽ കയറി അരിഇട്ടു വാണിരിക്കുന്നു; അതിൽ ഗജപതി വേണാട്ടടികൾ 350000 നായർ, അശ്വപതി കോലത്തിരി 350000 നായർ, നരപതി നൊമ്പടെ തമ്പുരാൻ മഹാ രാജാവു, അകമ്പടി ജനം 10000 ചുരിക കെട്ടി ചേകം എന്നു കേട്ടിരിക്കുന്നു. അതിൽ കോലസ്വരൂപത്തിന്നു മുമ്പും കല്പനയും എന്നും ശേഷം നാടു ഒക്കെയും കോലത്തിന്നു അവയവങ്ങൾ എന്നും ചേരമാൻ പെരുമാളുടെ അരുളപ്പാടു. രാജാക്കന്മാരിൽ എണ്മർ സാമന്തർ. അഞ്ചുവകയിൽ കോവിൽ രാജാക്കന്മാർ 5 വഴി ''ക്ഷത്രിയർ അയലൂർ, ശാക്കരെ, പറപ്പൂർ, പടിഞ്ഞാറേടം, മാടത്തിങ്കീഴ്. നാലു (ആറു)വക വെള്ളാളർ ആകുന്നതു. പത്തു കുറയ നാന്നൂറ് പ്രഭുക്കന്മാരും ഉണ്ടു. അവരുടെ രാജധാനികൾ എടം, മടം, കോവിലകം, കോട്ട, കോട്ടാരം എന്നിങ്ങിനെ അതത് പേരുമുണ്ടു.

മികച്ചനാടു, പൊലനാടു, പൊലനാട്ടഴിഞ്ഞമര്യാദ ഇടനാട്ടിൽ നടത്തുന്നു; മുന്നാഴിപ്പാടു എല്ലാടവും നടപ്പാകുന്നു; അതിന്നു 18 ആചാരം ഉണ്ടു, നടുവർ കൂട്ടന്നേടം പലപ്രകാരം പറയുന്നു; പടക്കൂട്ടം, നടുക്കൂട്ടം, നായാട്ടുകൂട്ടം, നിഴൽക്കൂട്ടം, (യോഗ്യക്കൂട്ടം) ഇങ്ങിനെ 4 കൂട്ടമുണ്ടു. കൊള്ളക്കൊടുക്ക മര്യാദയും കാണജന്മമര്യാദയും 4 പാടും 4 തോലും ആറു നായാട്ടും നായാട്ടു പരദേവതമാരും എന്നിങ്ങിനെ ഉള്ളവ വളരെ പറവാൻ ഉണ്ടു.

ഗോകൎണ്ണം കന്യാകുമാരിക്കിടയിൽ 3 ക്ഷേത്രങ്ങൾ കാലും തലയും വയറും ഉണ്ടല്ലൊ; അതിൽ കാൽ പെരിഞ്ചെല്ലൂർ, തല ത്രിശ്ശിവപേരൂർ, വയറു തൃക്കളെയൂർ. പിന്നെ തിരുനാവായി, തൃപ്രങ്ങോട്ടു, തിരുവനന്തപുരം. തൃച്ചമ്രം, തിരുവില്വാമല, ഗുരുവായൂർ, തിരുപഞ്ചക്കുളം, ആലത്തൂർ, മണ്ണൂർ, പോലൂർ, പേരൂർ, പന്നിയൂർ, പറവൂർ, പെരുമനം, തളിയിലും, തളിപ്പറമ്പു, കുഴിയൂർ, നെല്ലൂർ, വൈരാണിക്കര, തിരു, മണ്ണൂർ, പെരുമണ്ണൂർ, പന്തലൂർ, പന്നിയങ്കര, മരുതൂർ, മണ്ണിയൂർ, കല്ലൂർ, തലക്കുളത്തൂർ, ചെളങ്ങൂർ, തൃക്കടെ, തൃക്കാരിയൂർ, കാഞ്ഞിരങ്ങാട്ടു, കരിങ്കട, കൊടീശ്വരം, ഉടപ്പു, ശങ്കരനാരായണം, ഗോകൎണ്ണം. പിന്നെ ഭദ്രകാളിവട്ടങ്ങൾ കുന്നത്തും, കോട്ടിക്കുന്നത്തും, പരക്കൽ, മഞ്ചെരി, വെട്ടത്തും, കോട്ടയകത്തും, കൊടുങ്ങല്ലൂർ, കുറുങ്ങല്ലൂർ, ഇന്തിയന്നൂർ, പോൎകോട്ടച്ചെരി, മാടായി, ചിറക്കൽ, നീലമ്പറ, നീലേശ്വരം, മടപ്പള്ളി, പുതുപട്ടണം, പുത്തൂർ, കുഴല്ക്കുന്നത്തു, ചെറുകുന്നത്തു, കടലുണ്ടി, തിരുവളയാട്ടു എന്നിങ്ങിനെ ഉള്ള കാവില്പാട്ടിൽ കേരളത്തിൽ വന്നു ഉലങ്കിഴിഞ്ഞൊരു ഭഗവതിയും തമ്പുരാട്ടിമാരും ദേവന്മാരും വാണരുളും കാലം കേരളത്തിൽ വസിക്കും മാനുഷർക്കു വരുന്ന അല്ലലും മഹാവ്യാധിയും ഒഴിച്ചു രക്ഷിച്ചുവരുന്നു. ഓരൊ ബന്ധേന ശ്രീമഹാദേവങ്കൽനിന്നുണ്ടായ മൂൎത്തികൾ: അയ്യപ്പൻ, ഉച്ചമഹാകാളൻ, മാളൻ, അന്തിമഹാകാളൻ, മുണ്ടിയൻ, ബ്രഹ്മരാക്ഷസൻ, കരുവില്ലി, പൊട്ടൻ, ഭ്രാന്തൻ, പുള്ളിപ്പുലിയൻ, കരുന്തിരുകണ്ടൻ, മലയുടവൻ, ദണ്ഡൻ, കയറൻ, ഗുളികൻ, കുട്ടിച്ചാത്തൻ, (ശാസ്താവ്) ക്ഷേത്രപാലൻ, ചാമുണ്ഡി ഇങ്ങിനെ ഉള്ള പരദേവതമാരും വനദേവതമാരും ഗണപന്മാരും ഭൂമിയിൽ നിറയപ്പെട്ടിരിക്കുന്ന പരശുരാമക്ഷേത്രത്തിങ്കൽ വസിക്കുകയും ചെയ്യുന്നു.

ഇങ്ങിനെ മഹാരാജാവാകുന്ന കുന്നലകോനാതിരി 10000, വള്ളുവകോനാതിരി 10000, പൊറളാതിരിരാജാവ്, കോലത്തിരിരാജാവ് 350000, കോട്ടയകത്തു പുറവഴിരാജാവു 72000 വെട്ടത്തുമന്നൻ 5000, തിരുമലശ്ശേരി 3000, പെരിമ്പടപ്പും, അയലൂർ, ശാൎക്കരെ, ചെറുക്കരെ പറപ്പൂർരാജാവു 3000, പടിഞ്ഞാറ്റിടം, മാടത്തിങ്കീഴ്, പേരോത്ത, നെടുങ്ങനാടു, തെക്കുങ്കൂറും, വടക്കുങ്കൂറും കക്കാടും, പുന്നത്തൂരും, ആയിനിക്കൂറും, മണക്കുളത്തും, വെങ്ങനാടും, ഒണനാടും, അമ്പലപ്പുഴ, ചെമ്പകച്ചെരി, പെരളൊത്തു, മുറിങ്ങനാടും, പൈയനാടും കോട്ടൂർ, ഇരിക്കാലിക്കൽ, കുതിരവട്ടത്തുനായരും, ഏറനാട്ടുമേനോൻ 5000, പുഴവായിമുത്തുക്കുറു മാണകമ്മൾ, പൂക്കളെയൂർനമ്പിയാർ, നാലാങ്കൂറുടയനായർ. മൂന്നാം കൂറുടയനായർ, അത്തിമണ്ണിലം പറിച്ചത്തും പൊററയും, പറച്ചാമ്പെററ. കുറിച്ചിയാത്തും, പണ്ഡലനായർ, കോഴിക്കോട്ടുകമ്മളും, ചെരങ്ങാടു തലച്ചെന്നനായർ, ഏറനാട്ടുനായർ, ആലിപ്പറമ്പിൽ മേനോൻ തിട്ടത്തിങ്കൽ അടിയോടി, മുരിക്കഞ്ചേരിനായർ, പെനാശ്ശോട്ടു തല

ച്ചെണ്ണനായർ, ഏറനാട്ടുക്കര എഴുമൂന്നും പതിനൊന്ന താവഴിയിൽ തിരുമുല്പ്പാടന്മാരും, മങ്ങാട്ടച്ചൻ, തിനയഞ്ചേരി ഇളയത്തു, തലയ്യൂരിൽ മൂസ്സത്തു, കോഴിക്കോട്ടു കോശയും, അഴിരാജാവാകുന്ന മമ്മാലിക്കടൊവും ഇങ്ങിനെ കോലംതുടങ്ങി വേണാട്ടോടിടയിലുള്ള രാജാക്കന്മൊരും ഇടപ്രഭുക്കന്മൊരും തങ്ങടെ തങ്ങടെ രാജധർമ്മാദികൾ രക്ഷിച്ചുപോന്നിരിക്കുന്നു. മററും പലപല പരപ്പും പരമാൎത്ഥവും പറവാൻ എത്രയും പണിയുണ്ടു,

ഇവ ഒക്കയും കലിയുഗത്തിങ്കൽ അല്പബുദ്ധികളായിരിക്കുന്ന മാനുഷൎക്കു വഴിപോലെ ഗ്രഹിപ്പാന്തക്കവണ്ണം തുഞ്ചത്തു രാമാനുജൻ ചൊന്ന കേരളനാടകം ഉപദേശമായി സംഗ്രഹിച്ചു, സാരന്മാർ അറിഞ്ഞു കൊൾകയും ചെയ്യു.

Twelve Hundred Malayalam Proverbs

ആയിരത്തിരുന്നൂറ്

പഴഞ്ചൊൽ

1904

(1850–ൽ തലശ്ശേരിയിൽ അച്ചടിച്ച ഒര ആയിരം പഴഞ്ചൊൽ എന്ന സമാഹാരവും പിന്നീട കൂട്ടിച്ചേർത്ത പഴഞ്ചൊല്ലുകളും അടങ്ങിയതു്)

ജ്ഞാനസൂചകം

ജ്ഞാനമായവൾ വിളിക്കുന്നില്ലയോ, ബുദ്ധി ശബ്ദിക്കുന്നവല്ലൊ! അവൾ നിരത്തുകളിലും തെരുവീഥികളിലും നിന്നു പടിവാതിലുകളിലും പട്ടണ പ്രവേശത്തും ഗോപുരദ്വാരത്തും വെച്ച് ആൎത്തു ചൊല്ലുന്നിതു്: മനുഷ്യരെ! നിങ്ങളോടു ഞാൻ മൊഴിയുന്നു, നരപുത്രരിലേക്ക് എന്റെ ശബ്ദം ആകുന്നു. മൂഢന്മാരെ വിവേകത്തെ തിരഞ്ഞു കൊൾവിൻ! പൊട്ടരെ, ബോധഹൃദയമുള്ളവരാകുവിൻ! കേൾപ്പിൻ ഞാൻ ശുഭമുള്ളവ ഭാഷിക്കും നേരുള്ളവറ്റിനായി എന്റെ അധരങ്ങളെ തുറക്കും എന്റെ വായി സത്യം ഉരെക്കും ദോഷമോ എൻ അധരങ്ങൾക്ക് വെറുപ്പു തന്നെ.

ആയിരത്തിരുനൂറ് പഴഞ്ചൊൽ

1 അകത്തിട്ടാൽ പുറത്തറിയാം.
2 അകത്തു കത്തിയും പുറത്തു പത്തിയും.
3 അകലേ പോന്നവനെ അരികെ വിളിച്ചാൽ അരക്കാത്തുട്ട ചേതം.
4 അകൌശലലക്ഷണം സാധനദൂഷ്യം.
5 അക്കരെ നിന്നോൻ തോണി ഉരുട്ടി.
(അക്കരെ നില്ക്കുന്ന പട്ടർ തോണിമുക്കി.)
6 അക്കരമാവിലോൻ കെണി വെച്ചിട്ടു എന്നോടൊ കൂരാ കണ്ണുമിഴിക്കുന്നു.
7 അങ്ങാടിത്തോലിയും അമ്മയോടൊ?
(അങ്ങാടീൽ തൊററാൽ അമ്മയുടെ നേരെ.)
8 അങ്ങില്ലാപ്പൊങ്ങിന്റെ വേർ കിളെക്കാമൊ.
9 അങ്ങുന്നൊങ്ങാൻ വെള്ളം ഒഴുകുന്നതിന്ന് ഇങ്ങുന്നു ചെരിപ്പഴിക്കാമൊ.
10 അച്ഛൻ ആനപ്പാവാൻ എന്നുവെച്ചു മകന്റെ ചന്തികളും തഴമ്പുണ്ടാമൊ?
11 അഞ്ച് എരുമ കറക്കുന്നത് അയൽ അറിയും;
കഞ്ഞി വാത്തുണ്ണുന്നത് നെഞ്ഞറിയും.
12 അടക്കയാകുമ്പോൾ മടിയിൽ വെക്കാം, കഴുങ്ങായാൽ വെച്ചു കൂടാ.
13 അടികൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ.
14 അടിയോളം നന്നല്ല അണ്ണന്തമ്പി.
15 അടിവഴുതിയാൽ ആനയും വീഴും.
16 അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാലൊ?
17 അട്ടെക്ക് പൊട്ടക്കുളം.
18 അട്ടെക്ക് കണ്ണുകൊടുത്താൽ ഉറിയിൽ കലം വെച്ചു കൂടാ.
19 അട്ടം പൊളിഞ്ഞാൽ അകത്തു; പാലം മുറിഞ്ഞാൽ ഒഴിവിലെ.
20 അണിയലം കെട്ടിയേ തേവരാവു.
21 അണ്ണാക്കിലെ തോൽ അശേഷം പോയാലും അംശത്തിൽ ഒട്ടും കുറകയില്ല.
22 അണ്ണാക്കൊട്ടൻ തന്നാൽ ആംവണ്ണം.
23 അണ്ണാടി കാണ്മാൻ കണ്ണാടിവേണ്ട.
24 അതിബുദ്ധിക്ക് അല്പായുസ്സ്.
25 അതിമോഹം ചക്രം ചുമക്കും (ചവിട്ടും).
26 അത്തഞ്ഞാററു തലയും അരചർ കോപവും പിത്തവ്യാധിയും പിതൃശാപവും ഒക്കവോളം തീരാ.

27 അത്യാശെക്കനൎത്ഥം.
28 അന്നത്തിൻെറ ബലവും ആയുസ്സിൻെറ ശക്തിയും ഉണ്ടെങ്കിൽ മന്നത്താലികൾ കാണാം.
29 അന്നന്നു വെട്ടുന്ന വാളിന്നു നെയ്യിടുക.
30 അന്നുതീരാത്ത പണികൊണ്ടു അന്തിയാക്കരുത്.
31 അൻപററാൽ തുമ്പററു.
32 അൻപോടു കൊടുത്താൽ അമൃത്.
33 അപ്പം തിന്നാൽ പോരെ കുഴി എണ്ണുന്നെന്തിന്നു.
(അപ്പം തിന്നാൽ മതി കുത്തെണ്ണേണ്ടാ.)
34 അഭ്യസിച്ചാൽ ആനയെ എടുക്കാം.
35 അമ്പലം വിഴുങ്ങിക്ക് വാതിൽപലക പപ്പടം.
36 അമ്പു കളഞ്ഞോൻ വില്ലൻ; ഓല കളഞ്ഞോൻ എഴുത്തൻ.
37 അമ്പു കുമ്പളത്തും വില്ലു ശേക്കളത്തും എയ്യുന്ന നായർ പനങ്ങാട്ടു പടിക്കൽ എത്തി.
38 അമ്മ പുലയാടിച്ചി എങ്കിൽ മകളും പുലയാടിച്ചി.
39 അമ്മ ഉറിമേലും പെങ്ങൾ കീഴിലും ഓൾ ഉരലിലും.
40 അമ്മയെ തച്ചാൽ അച്ഛൻ ചോദിക്കേണം; പെങ്ങളെ തച്ചാൽ അളിയൻ ചോദിക്കേണം.
41 അമ്മോച്ചന്നിൽക്കുന്നെടം അമ്മോച്ചനും പശു നില്ക്കുന്നെടം പശുവും നില്ക്കട്ടെ.
42 അംശത്തിലധികം എടുത്താൽ ആകാശം പൊളിഞ്ഞു തലയിൽ വീഴും.
43 അരചനെ കൊതിച്ചു പുരുഷനെ വെടിഞ്ഞവൾക്കു അരചനും ഇല്ല, പുരുഷനുമില്ല.
44 അരചൻ വീണാൽ പട ഉണ്ടൊ?
45 അരണ കടിച്ചാൽ ഉടനെ മരണം.
46 അരണെക്കു മറതി.
(അരണയുടെ ബുദ്ധിപോലെ.)
47 അരപ്പലം നൂലിൻെറ കുഴക്ക്.
48 അരികെ പോകുമ്പോൾ അരപ്പലം തേഞ്ഞു പോകും.
49 അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു പിന്നെയും നായിൻെറ പല്ലിന്നു മൊറു മൊറുപ്പു.
50 അരിയെറിഞ്ഞാൽ ആയിരം കാക്ക.
51 അരിശം വിഴുങ്ങിയാൽ അമൃത്; ആയുധം വിഴുങ്ങിയാൽ ആണല്ല.
52 അരുതാഞ്ഞാൽ ആചാരം ഇല്ല; ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല.
53 അരെച്ചതു കൊണ്ടു പോയിടിക്കരുതു.
54 അരെച്ചുതരുവാൻ പലരും ഉണ്ടു: കുടിപ്പാൻ താനെയുള്ളു.
55 അൎത്ഥം അനൎത്ഥം.

56 അൎത്ഥമില്ലാത്തവന്നു, (അൽപന്നു്) അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കു കുട പിടിപ്പിക്കും.
57 അൎദ്ധം താൻ അൎദ്ധം ദൈവം.
58 അറിയാത്തവന്നു ആന പടൽ.
59 അറിയുന്നോരോടു പറയേണ്ട; അറിയാത്തോരോടു പറയരുതു്.
60 അറുക്കാൻ 1000 കൊടുക്കുല്ലം പോററാൻ ഒന്നിനെ കൊടുക്കരുതോ
61 അറുത്തിട്ട കോഴി പിടെക്കുമ്പോലെ.
62 അലക്കുന്നോൻെറ കഴുത പോലെ.
63 അലന്നാൽ അമ്മെക്കപെരാധിക്കാമോ?
64 അല്ലലുള്ള പുലയിക്കു നുള്ളിയുള്ള കാടു പറയേണ്ടാ.
65 അവൻ പത്താറംക്കു് ഒരു മെത്ത.
66 അശ്വിനിദേവന്മാർ വന്നാൽ സാധിക്കും.
67 അഷ്ടാംഗഹൃദയഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ മഞ്ഞൾ എല്ലാം വയമ്പായി കർപ്പൂരം കൊടുവേരിയായി.
68 അള (ഏറ) കുത്തിയാൽ ചേരയും കടിക്കും. (അളമുട്ടിയാൽ ചേരയും തിരിഞ്ഞു.)
69 അഴകുള്ള ചക്കയിൽ ചുളയില്ല.
70 ആ കണ്ടയിൽ വാഴ കുലെക്കയില്ല.
71 ആച്ചു് നോക്കിയെ കൂച്ചു കെട്ടാവൂ.
72 ആടറിയുമോ അങ്ങാടിവാണിഭം?
73 ആടാചാക്യാൎക്കു് അണിയൽ പ്രധാനം.
74 ആടു മേഞ്ഞ കാടു പോലെ.
75 ആട്ടടാടും കാടാകാ; അരചൻ ഊടാടും നാടാകാ.
76 ആട്ടം മുട്ടിയാൽ (നിന്നാൽ) കൊട്ടത്തടത്തിൽ.
77 ആട്ടുന്നവനെ നെയ്യാൻ ആക്കിയാൽ കാൎയ്യമോ?
78 ആന കൊടുക്കുല്ലം ആശ കൊടുക്കരുതു്.
79 ആനക്കൊമ്പും വാഴക്കാമ്പും രണ്ടും ശരിയോ.
80 ആനനടത്തവും കുതിരപ്പാച്ചലും ശരി.
81 ആനയില്ലാതെ ആറാട്ടോ.
82 ആനയുടെ പുറത്തു് ആനക്കാരൻ ഇരിക്കുമ്പോറം നായി കുരെച്ചാൽ അവൻ എത്ര പേടിക്കും?
83 ആനയുടെ യുദ്ധം ഇറുമ്പിന്നു മരണം.
84 ആനെക്കു് കുതിര തെരിക.
85 ആനെക്കു് ചക്കര പന.
86 ആനെക്കു് മണികെട്ടേണ്ട.
87 ആമാടെക്കു് പുഴുത്തുള നോക്കുന്നവൻ.
88 ആയിരം ഉപദേശം കാതിലെ ചെന്നാലും അപ ശബ്ദം അല്ലാതെ പുറപ്പെടുകയില്ല.
89 ആയിരം കണ്ടികരപ്പാട്ടമുണ്ടു; അന്തിക്കരെപ്പാൻ തേങ്ങാപ്പിണ്ണാക്കു.

90 ആയിരം കണ്ണു പൊട്ടിച്ചേ അരവൈദ്യനാകും.
91 ആയിരം കാക്കെക്ക് പാഷാണം ഒന്നേ വേണ്ടു.
92 ആയിരം കാതം എട്ടത്ത് അരക്കാതം ഇഴെക്കൊല്ല.
93 ആയിരം കാര്യക്കാരെ കാണുന്നതിനെക്കാൾ ഒരു രാജാവെ കാണുന്നതു നല്ലു.
94 ആയിരം പഴഞ്ചൊൽ ആയുസ്സിന്നു കേടല്ല; ആയിരം പ്രാക്കൽ ആയുസ്സിന്നു കേടു.
95 ആയിരംപുത്തിക്കു നെഞ്ചിന്നു പാറ, നൂറുപുത്തിക്ക് ഈൎക്കിലും കൊക്കിലി, ഏക ബുദ്ധിക്ക് തിത്തികമമ്മാ.
96 ആയിരം വാക്ക് അരപ്പലം തൂങ്ങാ.
97 ആയെങ്കിൽ ആയിരം തേങ്ങ; പോയെങ്കിൽ ആയിരം തൊണ്ടു.
98 ആരാനെ ആറാണ്ടുപോററിയാലും ആരാൻ ആരാൻ തന്നെ.
99 ആരാൻെറ അപരാധം വാരിയൻെറ ഊരമേൽ.
100 ആരാൻെറ കുട്ടിയെ ആയിരംമുത്തിയാലും ഒന്നു പൊത്തിക്കൂടാ.
101 ആരാൻെറ പല്ലിനേക്കാൾ തൻെറ നൊണ്ണുനല്ലു.
102 ആരും ഇല്ലാഞ്ഞാൽപട്ടർ; ഏതും ഇല്ലാഞ്ഞാൽ താൾ.
103 ആറു നാട്ടിൽ നൂറു ഭാഷ.
104 ആററിൽ തൂകുവിലും അളന്നു തൂകേണം.
105 ആലി നാഗപ്പുരത്തു പോയ പോലെ.
(ആലിപ്പുഴത്തിന്നു അരണകാംപോലവെ, 46.)
106 ആലക്കൽനിന്നു പാൽ കുടിച്ചാൽ വീട്ടിൽ മോർ ഉണ്ടാകയില്ല.
107 ആലെക്ക് വരുന്നേരത്തു മോന്തെക്കടിക്കരുതു.
108 ആവല്ക്ക് ആവൽ വിരുന്നു വന്നാൽ അങ്ങെക്കൊമ്പിലും ഇങ്ങെക്കൊമ്പിലും (തൂങ്ങിക്കൊള്ളും).
109 ആവുംകാലം ചെയ്യുതു ചാവുംകാലം കാണും.
110 ആശ വലിയോൻ അതാവു പെട്ടു പോം.
111 ആശാരിയുടെ ചേൽ ആദിയും ഒടുവും കഷ്ടം.
112 ആസനം മുട്ടിയാൽ അമ്പലം വെൺപറമ്പു.
113 ആസനത്തിൽ പുൺ അങ്ങാടിയിൽ കാട്ടരുതു.
114 ആളുവില കല്ലുവില.
115 ആൾ ഏറ ചെല്ലുൽ താൻ ഏറ ചെല്ലുക.
116 ആൾക്കു സഹായം മരത്തിന്നു വേർ.
117 ആഴമുള്ള കുഴിക്ക് നീളമുള്ള വടി.
118 ആഴം (ആക) മുങ്ങിയാൽ കുളിരില്ല.
119 ഇക്കര നിന്നു നോക്കുമ്പോൾ അക്കര പച്ച.
120 ഇടല ചുടലെക്കാകാ; ശൂദ്രന് ഒട്ടും ആകാ.
121 ഇടി കേട്ട പാമ്പു പോലെ.
122 ഇടി വെട്ടിയ മരം പോലെ.

123 ഇണയില്ലാത്തവൻെറ തുണ കെട്ടൊല്ല.
124 ഇണയില്ലാത്തവനോട ഇണ കൂടിയാൽ ഇണ ഒമ്പതും പോകും പത്താമത്തു താനും പോകും.
125 ഇരന്നു മക്കളെ പോററിയാൽ ഇരപ്പത്തരം പോകയില്ല.
126 ഇര വിഴുങ്ങിയ പാമ്പു പോലെ.
127 ഇരിക്കുന്ന അമ്മമാരുടെ വാതിൽ പോലെ.
128 ഇരിക്കുമ്മുമ്പെ കാൽ നീട്ടൊല്ല.
129 ഇരിങ്ങപ്പാറ പൊന്നായാൽ പാതി ദേവക്കു.
130 ഇരിപ്പിടം കെട്ടിയേ പടിപ്പുര കെട്ടാവു.
131 ഇരിമ്പു കുടിച്ച വെള്ളം തേക്കുമൊ?
132 ഇരിമ്പുപാര വിഴുങ്ങി, ചുക്കുവെള്ളം കുടിച്ചാൽ ദഹനം വരുമൊ?
133 ഇരിമ്പുരസം കുതിര അറിയും; ചങ്ങല രുചി ആന അറിയും.
134 ഇരിമ്പും തൊഴിലും ഇരിക്കെ കെടും.
135 ഇരുതോണിയിൽ കാൽ വെച്ചാൽ നടുവിൽ കാണാം.
136 ഇരുത്തിയെ വെച്ചതു പോലെ.
137 ഇരുന്ന മരം മുറിച്ചാൽ താൻ അടിയിലും മരം മേലും.
138 ഇരുന്നുണ്ടവൻ രുചി അറിയാ, കിളെച്ചുണ്ടവൻ രുചി അറിയും.
139 ഇരുന്നെടത്തുനിന്നു എഴുനീററില്ല എങ്കിൽ രണ്ടും അറികയില്ല.
140 ഇറച്ചി ഇരിക്കേ തുവൽ പിടെക്കരുത്.
141 ഇറച്ചിക്ക് പോയോൻ വിറച്ചിട്ടും ചത്തു; കാത്തിട്ടിരുന്നോൻ നുണച്ചിട്ടു ചത്തു.
142 ഇറച്ചിതിന്മാറുണ്ടു എല്ലു കോത്തു കഴുത്തിൽ കെട്ടാറില്ല.
143 ഇല്ലത്തില്ലെങ്കിൽ കോലൊത്തും ഇല്ല.
144 ഇല്ലത്തു നല്ലതിരിക്കുവാൻ പോകയില്ല.
145 ഇല്ലത്തു പഴയരി എങ്കിൽ, ചെന്നേടത്തും പഴയരി.
146 ഇല്ലത്തു പെൺ പെററപോലെ ഇരിക്കുന്നത് എന്തു?
147 ഇല്ലത്തേക്ക് എഴുപത്തഞ്ചും കെട്ടും.
148 ഇല്ലത്തെ പുഷ്ടി ഉണ്ണിയുടെ ഊരകൊണ്ടറിയാം.
149 ഇല്ലത്തെ പൂച്ച പോലെ.
150 ഇല്ലാത്തവക്ക് ആമാടയും പൊന്നു.
151 ഇഷ്ടമല്ലാപ്പെണ്ണു തൊട്ടതെല്ലാം കുററം.
152 ഇഷ്ടം മുറിപ്പാൻ അത്ഥം മഴ.
153 ഇളന്തല കുഴിയാട്ടയാക്കരുത്.
154 ഇളമാൻ കടവറിയാ; മുതുമാൻ ഓട്ടം വല്ലാ.
155 ഇളമ്പക്കത്തോട്ടിൽ നായി കയറിയതു പോലെ.
156 ഇളിച്ചവായന് അപ്പം കിട്ടിയപോലെ.
157 ഈച്ചെക്ക് പുണ്ണു കാട്ടല്ല; പിള്ളെക്ക് നൊണ്ണു കാട്ടല്ല.
158 ഈത്തപ്പഴം പഴക്കുമ്പോഴം, കാക്കെക്ക് വായ്പുണ്ണു.
159 ഈർ എടുത്തെങ്കിൽ, പേൻ കുളിയോ?

160 ഈററ മായൻ നേടിയതു ചക്കരമായൻതിന്നു.
161 ഈററെറടുപ്പാൻ പോയ ആൾ ഇരട്ട പെററു.
162 ഈഴത്തെ കണ്ടവർ ഇല്ലം കാണുകയില്ല.
163 ഉക്കണ്ടം എനിക്കും തേങ്ങ മുല്ലപ്പള്ളിക്കും.
164 ഉക്കത്തു പുണ്ണുള്ളവൻ ഊതൽ കടക്കുമോ?
165 ഉടുപ്പാൻ ഇല്ലാത്തോൻ എങ്ങിനെ അയലിന്മേലിടും.
166 ഉണ്ട ഉണ്ണി ഓടികളിക്കും ഉണ്ണാത്ത ഉണ്ണി ഇരുന്നു കളിക്കും.
167 ഉണ്ട ചോററിൽ കല്ലിടരുത്.
168 ഉണ്ടവൻ അറികയില്ല; ഉണ്ണാത്തവന്റെ വിശപ്പു.
169 ഉണ്ടവന്നു പായികിട്ടാഞ്ഞിട്ടു; ഉണ്ണാത്തവന്നു ഇല കിട്ടാഞ്ഞിട്ടു.
170 ഉണ്ട വീട്ടിൽ കണ്ടു കെട്ടരുത്.
171 ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ചം അറിയാം.
172 ഉണ്ണുമ്പൊൾ ഓശാരവും ഉറക്കത്തിൽ ആചാരവും ഇല്ല.
173 ഉണ്മാൻ ഇല്ലാഞ്ഞാൽ വിത്തു കുത്തി ഉണ്ണാം; ഉടുപ്പാൻ ഇല്ലാഞ്ഞാൽ പട്ടുടുക്ക.
174 ഉണ്മോരെ ഭാഗ്യം ഉഴുതേടം കാണാം.
175 ഉത്സാഹം ഉണ്ടെങ്കിൽ അത്താഴം ഉണ്ണാം,
176 ഉന്തിക്കയററിയാൽ ഊരിപ്പോരും.
177 ഉപകാരം ഇല്ലാത്ത ഉലക്കെക്കു രണ്ടു തലക്കും ചുററു കെട്ടുന്നതിനേക്കാൾ തന്റെ കഴുത്തിൽ കല്ലുകെട്ടി കിണററിൽ ചാടി ചാകുന്നതു ഏറ നല്ല.
178 ഉപ്പിൽ ഇട്ടതു ഉപ്പിനേക്കാൾ പുളിക്കയില്ല.
179 ഉപ്പു തിന്നാൽ തണ്ണീർ കുടിക്കും.
180 ഉപ്പു പുളിക്കുലും മൊട്ട ചതിക്കും.
181 ഉമി കുത്തി പുക കൊണ്ടു.
182 ഉരലിന്നു മുറിച്ചാലേ തുടിക്കു കണക്കാവു.
183 ഉരല്ക്കീഴിൽ ഇരുന്നാൽ കുത്തുകൊള്ളും.
184 ഉരൽ ചെന്നു മദ്ദളത്തോടു അന്യായം.
185 ഉലക്കെക്കു മുറിച്ചു കുറുവടിയായി.
186 ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും.
187 ഉള്ളവന്റെ പൊൻ കപ്പാൻ ഇല്ലാത്തവന്റെ പാര വേണ്ടു.
188 ഉള്ളിൽ വജ്രം, പുറമെ പത്തി, (2)
189 ഊക്കറിയാതെ തുള്ളിയാൽ ഊര രണ്ടു മുറി.
190 ഊട്ടു കേട്ട പട്ടർ, ആട്ടു കേട്ട പന്നി.
191 ഊണിന്നും കുളിക്കും (ഉഗ്രാണത്തിന്നും) മുമ്പു; പടെക്കും കുടെക്കും ചളിക്കും നടു നല്ല.
192 ഊനങ്ങൾ വന്നാൽ ഉപായങ്ങൾ വേണം.
193 ഊന്നു കുലെക്കയില്ല.
194 ഊമരിൽ കൊഞ്ഞൻ സവ്വജ്ഞൻ.

195 ഊർ അറിഞ്ഞവനെ ഓല വായിക്കാവു.
196 ഊരാൾ ഇല്ലാത്ത മുക്കാൽവട്ടത്തു താറും വിട്ടു നിരങ്ങാം.
197 ഊരാളിക്ക് വഴിതിരിച്ചതു പോലെ.
198 ഊർ വിട്ട നായിനെ പോലെ.
199 എടുത്ത പേററിയെ മറക്കൊല്ലാ.
200 എടുത്തു ചാടിയ പൂച്ച എലിയെ പിടിക്കയില്ല.
201 എണ്ണി എണ്ണി കുറുകുന്നിതായുസ്സും; മണ്ടി മണ്ടി കരേറുന്നു മോഹവും.
202 എണ്ണിയ പയറ് അളക്കേണ്ടാ.
203 എണ്പത്തിരിക്കൊൽ പുരയുടെ കല്ലും മണ്ണും എല്ലാം തിന്നിട്ടു എനിക്ക് പിത്തം പിടിച്ചില്ല; ഇനി ഈ കൊട്ടടക്കയുടെ നുറുക്കു തിന്നാൽ പിടിക്കുമോ?
204 എമ്പ്രാന്റെ വിളക്കത്തു വാരിയന്റെ അത്താഴം പോലെ.
205 എരിച്ചോരു കോഴ പറിച്ചെന്നാക്കരുത്.
206 എരുമക്കിടാവിന്നു നീന്തം പഠിപ്പിക്കേണ്ടാ.
207 എറുമ്പിന്നു ഇറവെള്ളം സമുദ്രം.
208 എലി നിരങ്ങിയാൽ പിട്ടം തഴകയില്ല.
209 എലി, പന്നി, പെരിച്ചാഴി, പട്ടരും വാനരൻ തഥാ ഇവർ ഐവരും ഇല്ലെങ്കിൽ മലയാളം മഹോത്സവം.
210 എലിപ്പുലയാട്ടിന്നു മലപ്പുലയാട്ടു.
211 എലി പിടിക്കും പൂച്ച കലം ഉടെക്കും.
212 എലിയെ ചിററിച്ചു ഇല്ലം ചുട്ടാൽ എലി ചാടിയും പോം, ഇല്ലം വെന്തും പോം.
213 എല്ലാ ഗർഭവും പെററു ഇനി കഴിഞ്ഞ ഗർഭമേ പെറേണ്ടു.
214 എല്ലാ ഭഗവതിയും വെളിച്ചപ്പെട്ടു മുപ്പിരിച്ചിപ്പൊതിയെ ഉള്ളു വെളിച്ചപ്പെടാൻ.
215 (എല്ലാമാരയാനും തണ്ടിന്മേൽ ചങ്കരമാരയാൻ തൊണ്ടിന്മേൽ.) എല്ലാമാരയാന്നും പീശ്ശാങ്കത്തി, ചങ്കരമാരയാനു പൂച്ചക്കുട്ടി.
216 എല്ലാരും തേങ്ങ ഉടെക്കുമ്പോൾ, ഞാൻ ഒരു തൊണ്ട് എങ്കിലും ഉടെക്കേണം.
217 എല്ലു മുറിയ പണിതാൽ പല്ലു മുറിയ തിന്നാം.
218 എളിയോരെ കണ്ടാൽ എള്ളും തുള്ളും.
219 എള്ളു ചോരുന്നതു കാണും തേങ്ങാ തല്ലുന്നതറിയുന്നില്ല.
220 എള്ളോളം തിന്നാൽ എള്ളോളം നിറയും.
221 എഴുന്ന ഊക്കിന്നു തുള്ളിയാൽ ഊര രണ്ടു മുറി, (189.)
222 ഏകൽ ഇല്ലായ്കയാൽ ഏശിയില്ല.
223 ഏക്കം കൊടുത്തിട്ട് ഉമ്മട്ടം വാങ്ങുക.
224 ഏക്കററത്തിന്നു നാക്കണ്ടതു.
225 ഏങ്ങുന്ന അമ്മെക്ക് കുരെക്കുന്ന അച്ഛൻ.
226 ഏടെക്കും മോഴെക്കും ചുങ്കം ഇല്ല.

227 ഏട്ടിൽ കണ്ടാൽ പോരാ; കാട്ടിക്കാണേണം.
228 ഏതാനും ഉണ്ടെങ്കിൽ ആരാനും ഉണ്ടു.
229 ഏറ കിഴക്കോട്ട് പോയാൽ പനി പിടിക്കും.
230 ഏറ ചിത്രം ഓട്ടപ്പെട്ടും.
231 ഏറ പറയുന്നവന്റെ വായിൽ രണ്ടു പണം.
232 ഏറ വലിച്ചാൽ കോടിയും കീറും.
233 ഏറ വെളുത്താൽ പാണ്ടു.
234 ഏറി പോയാൽ കോരിക്കൂടാ.
235 ഏറിയതും കുറഞ്ഞതും ആകാ.
236 ഏറും മുഖവും ഒന്നൊത്തു വന്നു.
237 ഒട്ടും ഇല്ലാത്ത ഉപ്പാട്ടിക്ക് ഒരു കണ്ടം കൊണ്ടാലും പോരെ.
238 ഒത്തതു പറഞ്ഞാൽ ഉറിയും ചിരിക്കും, (186.)
239 ഒന്നുകിൽ കളരിക്ക് പുറത്തു; അല്ലെങ്കിൽ കുരിക്കളെ നെഞ്ഞത്തു.
240 ഒന്നു കൊടുത്താൽ ഇരട്ടിക്കും ഇക്കാലം.
241 ഒരു കൊമ്പു പിടിക്കുലും പുളിങ്കൊമ്പു പിടിക്കേണം.
242 ഒരു തൊഴുത്തിൽ മുളയുന്ന പശുക്കളെ കുത്തുന്നതും വടിക്കുന്നതും അയൽ അറിയാ.
243 ഒരുത്തനായാൽ ഒരുത്തി വേണം.
244 ഒരുത്തനും കരുത്തനും വണ്ണത്താനും വളിഞ്ചിയനും കൃഷിയരുത്.
245 ഒരുത്തനെ പിടിക്കുകിൽ കരുത്തനെ പിടിക്കേണം.
246 ഒരു ദിവസം തിന്ന ചോറും കുളിച്ച കുളവും മറക്കരുത്.
247 ഒരുമ ഉണ്ടെങ്കിൽ ഉലക്ക മേലും കിടക്കാം.
248 ഒരു ഓല എടുത്താൽ അകവും പുറവും വായിക്കേണം.
249 ഒരു വേനല്ക്ക് ഒരു മഴ.
250 ഒററ മരത്തിൽ കുരങ്ങു പോലെ.
251 ഒറെറക്ക് ഉലക്ക കാക്കാൻ പോയോൻ കൂക്കട്ടെ.
252 ഒലിപ്പിൽ കുഴിച്ചിട്ട തറി പോലെ.
253 ഒഴുകുന്ന തോണിക്ക് ഒർ ഉന്തു.
254 ഓടം മാടാസ്സു പോകുമ്പോൾ, ഓലക്കെട്ടു വേറെ പോകേണമൊ.
255 ഓടം വണ്ടിയിലും, വണ്ടി ഓടത്തിലും.
256 ഓടുന്നതിന്റെ കുട്ടി പറക്കും.
257 ഓട്ടക്കാരനു പാട്ടും ചേരുകയില്ല.
258 ഓണം അടുത്ത ചാലിയന്റെ ഓട്ടം. (കൂട്ട)
259 ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി.
260 ഓമനപ്പെണ്ണു പണിക്കാക.
261 ഓലക്കണ്ണിപ്പാമ്പു കൊണ്ടു പേടിപ്പിക്കേണ്ടാ.
262 ഓല കളയാത്തോൻ നാടു കളയും, (36.)

263 ഓലപ്പുരെക്കും ഓട്ടു പുരെക്കും സ്ഥാനം ഒന്നു.
264 ഓത്തവൻ ഒരാണ്ടു; പാത്തവൻ 12 ആണ്ടു, (227.)
265 കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം.
(കക്കുവാൻതുടങ്ങിയാൽ നില്ക്കാൻപഠിക്കേണം.)
266 കക്കാൻ പോകുമ്പോൾ ചിരിക്കല്ല.
267 കച്ചിട്ടിറക്കിയും കൂട, മധുരിച്ചിട്ടു തുപ്പിയും കൂട.
268 കടച്ചിച്ചാണകം വളത്തിനാക.
269 കടച്ചിയെ കെട്ടിയേടം പശു ചെല്ലും.
270 കടന്നക്കൂടിന്നു കല്ലെടുത്തു എറിയുമ്പോലെ.
271 കടപ്പുറം കിടക്കുമ്പോൾ കാല്ക്കുത്തൽ കിടക്കേണമോ.
272 കടം വാങ്ങി ഇടം ചെയ്യല്ല.
273 കടം വീടിയാൽ ധനം.
274 കടലിൽ കായം കലക്കിയതു പോലെ.
275 കടിക്കുന്നതു കരിമ്പു, പിടിക്കുന്നത് ഇരിമ്പു.
276 കടിഞ്ഞാണില്ലാത്ത കുതിര ഏതിലെയും പായും.
277 കട കീറി കാര്യം; ആന കൊണ്ടു ഓശാരം.
(കട കീറി കണക്ക് ആന കെട്ടി ഓശാരം.)
278 കട ചോരുന്നതു കാണും ആന ചോരുന്നതു കാണാ, (210.)
279 കടമ്പിരി കയർ അറുക്കും.
280 കട്ടതു ചുട്ടുപോകും.
281 കട്ടവനോടു കട്ടാൽ മൂന്നു മൂളൽ.
282 കട്ടി കൂട്ടിയാൽ കമ്പയും ചെല്ലും.
283 കട്ടിൽ ചെറുതെങ്കിലും കാൽ നാലു വേണം.
284 കട്ടെറുമ്പു പിടിച്ച് ആസനത്തിൻ കീഴിൽ വെക്കുന്നതു
പോലെ.
285 കട്ടോനെ കാണാഞ്ഞാൽ കണ്ടവനെ പിടിച്ചു കഴുവേററും.
(കട്ട പട്ടരെ കാണാഞ്ഞാൽ കണ്ട പട്ടരെ വിടാ.)
286 കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം.
287 കണ്ടം കൊണ്ടവനെ പിണ്ടം വെക്കും.
288 കണ്ട മീൻ എല്ലാം കറിക്കാകാ.
289 കണ്ടറിയാഞ്ഞാൽ കൊണ്ടറിയും.
290 കണ്ടാൽ അറിയാം കൊണ്ടാൽ കൊടുക്കുന്നതു.
291 കണ്ട്!മുഖത്തു മീൻ അടുത്ത പോലെ.
292 കണ്ടിയിരിക്കെ മതിൽ തുള്ളരുത്.
293 കണ്ണു ചിമ്മി ഇരുട്ടാക്കി.
294 കണ്ണു പോയാൽ അറിയാം കണ്ണിന്റെ കാഴ്ച.
295 കണ്ണെത്താക്കുളം, ചെന്നെത്താ വയൽ, നഞ്ഞും നായാട്ടും
മറു മരുന്നില്ലാത്ത ആന്തയും.
296 കണ്ണോടു കൊള്ളേണ്ടതു പുരിയത്തോടായ്പോയി.
297 കത്തിവാളോടു ചോദിച്ചിട്ടോ കാടു വയക്കുക.

298 കത്തുന്ന തീയിൽ നെയ്യി പകരുമ്പോലെ.

299 കമ്പത്തിൽ കസറി ആയിരം വിദ്യ കാട്ടിയാലും സമ്മാനം വാങ്ങുവാൻ താഴിൽ വരേണം.

300 കമ്പിളിക്കുണ്ടോ കറ?

301 കയ്യിലിന്നു തക്കം കണ.

302 കയ്യന്റെ കയ്യിൽ കത്തി ഇരുന്നാൽ കടവഴിക്കുററിക്കു നാശം.

303 കയ്യാടി എങ്കിലേ വായാട്ടം.

304 കയ്യിൽ കൊടുത്താൽ കള്ളനും കക്കാ.

305 കയ്യൂക്കുള്ളവൻ കാര്യക്കാരൻ.

306 കരണത്തിന്നു ചേൎന്നു കൈമുറി.

307 കരയടുക്കുമ്പോൾ തുഴയിട്ടുകളയല്ലെ!

308 കരയുന്ന കുട്ടിക്കെ പാൽ ഉള്ളു.

309 കരിക്കട്ട കഴുകുന്തോറും കറുക്കും.

310 കരിമ്പിൻ തോട്ടത്തിൽ ആന കടന്ന പോലെ.

311 കരിമ്പിന്നു കമ്പു ദോഷം.

312 കരിമ്പെന്നും ചൊല്ലി വേരോളം ചവെക്കല്ലെ.

313 കരുത്തിന്ന് ഊകാരം ഗുരുത്വം.

314 കൎക്കടെഞ്ഞാററിൽ പട്ടിണി കിടന്നതു പുത്തരികഴിച്ചാൽ മറക്കരുത്.

315 കറിക്ക് പോരാത്തതു കണ്ടം നുറുക്കല്ലെ.

316 കററയും തലയിൽ വെച്ച് കളം ചെത്തരുതു.

317 കറെറക്ക് താൾപിടി പണയമോ?

318 കലത്തിൽ നിന്നു പോയാൽ കഞ്ഞിക്കലത്തിൽ.

319 കല്പന തന്നേ പോരാ കലിവിൽ നിനവും വേണം.

320 കളിയും ചിരിയും ഒപ്പരം കഞ്ഞിക്ക് പോകുമ്പോൾ, വെവ്വേറെ.

321 കള്ളത്തി പശുവിന്നു ഒരു തട്ട (മുട്ടി) തുള്ളിച്ചി പെണ്ണിന്നു ഒരു കുട്ടി.

322 കള്ളിയിൽ കുത്തി കൈ എടുത്ത പോലെ.

323 കള്ളു കണ്ട ഈച്ച പോലെ.

324 കഴുത അറിയുമോ കുങ്കുമം.

325 കഴുതയെ തേച്ചാൽ കുതിരയാകുമോ?

326 കാകന്റെ കഴുത്തിൽ മണി കെട്ടിയ പോലെ.

327 കാക്കത്തൂവൽകൊണ്ടു അമ്പു കെട്ടിയാൽ കാഷ്ഠത്തിലെ കുത്തും.

328 കാക്ക നോക്കറിയും; കാട്ടി ആളറിയും.

329 കാക്കയും കുയിലും ഭേദമില്ലയോ?

330 കാക്കയുടെ ഒച്ചെക്ക് പേടിക്കുന്നവൾ അൎദ്ധരാത്രിയിൽ തന്നെ ആറു നീന്തും.

331 കാക്ക വായിലെ അട്ട ചാകും.

332 കാക്കെക്കു ചേക്കിടം കൊടുത്താൽ കാലത്താലെ നാശം.

333 കാക്കെക്കു തമ്പിള്ള പൊമ്പിള്ള.
334 കാച്ച വെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കണ്ടാലും പേടിക്കും.
335 കാഞ്ഞ ഓട്ടിൽ വെള്ളം പകന്ന പോലെ.
336 കാടിക്കഞ്ഞിയും മൂടി കുടിക്കേണം.
337 കാട്ട കളഞ്ഞവൻെറ കൈ കൊത്തുമാറുണ്ടോ?
338 കാട്ടിലെ മരം തേവരുടെ ആന എത്തിയവിടത്തററം വലിക്കട്ടെ, വലിക്കട്ടെ.
339 കാട്ടിലെ മുത്തച്ചിയുടെ പശുവിനെ പുലി പിടിച്ചാൽ പുലിക്കു നാട്ടിലും കാട്ടിലും ഇരുന്നൂടാ.
340 കാട്ട കോഴിക്കുണ്ടോ സങ്ക്രാന്തി?
341 കാട്ടുകോഴി വീട്ടുകോഴിയാമോ?
342 കാണം വിററും ഓണം ഉണ്ണേണം.
343 കാണാതെ കണ്ട കുശത്തി താലം എല്ലാം വാരി തുറുത്തി.
344 കാണ്മാൻ വന്നവൻ കഴവേറി, (285.)
345 കാതററ പന്നിക്ക് കാട്ടടെയും പായാം; കാതററ പെണ്ടിക്കു കാട്ടിലും നീളാം.
346 കാതററ സൂചിയും കൂടി വരാത്തു.
347 കാമം കാലൻ.
348 കാരണവൻ കാലം ഒരു കണ്ടി, ഞാങ്കാലം നാലു കണ്ടി.
349 കാര മുരട്ട ചീര മുളെക്കയില്ല; ചീര മുരട്ടുകാര മുളെക്കയില്ല.
350 കാരാടൻ ചാത്തൻ നട്ട പറഞ്ഞപോലെ.
351 കാൎത്തിക കഴിഞ്ഞാൽ മഴയില്ല; കൎണ്ണൻ പെട്ടാൽ പടയില്ല.
352 കാൎയ്യത്തിന്നു കഴതക്കാലും പിടിക്കേണം.
353 കാൎയ്യം പറയുമ്പോൾ കാലുഷ്യം പറയല്ലേ.
354 കാൎയ്യം വിട്ട കളിക്കല്ല.
355 കാറററിയാതെ തുപ്പിയാൽ ചെവിയറിയാതെ കിട്ടും.
356 കാററു നന്നെങ്കിൽ കല്ലും പറക്കും.
357 കാററു ശമിച്ചാൽ പറക്കുമോ പഞ്ഞികൾ?
358 കാലം നീളെ ചെന്നാൽ നേർ താനേ അറിയാം.
359 കാലത്തു തോണി കടവത്ത് എത്തും. (കാലേ തുഴെഞ്ഞാൽ കരെക്കണയും.)
360 കാലാലേ വന്നവൻ കാരണവൻ; വീട്ടിൽ പിറന്നവൻ പൂലുവൻ.
361 കാൽ മേൽ ചവിട്ടല്ല കോമച്ച! കളി കാണേണ്ട എങ്കിൽ കാണേണ്ടാ.
362 കാശില്ലാത്തവൻ കാശിക്ക് പോയാലും ഫലമില്ല.
363 കിടക്കുന്നതു കാവല്ചാള;സ്വപ്നംകാണുന്നതു മച്ചുംമാളികയും,
364 കിണററിൽ വീണ പന്നിക്ക് കല്ലും പാറയും തുണ.
365 കിണ്ണം വീണ ഓശയും കേട്ടു.

366 കിഴങ്ങു കണ്ട പണിയൻ ചിരിക്കുമ്പോലേ.
367 കീരിയും മൂർഖനും പോലെ സ്നേഹം.
368 കീരിയെ കണ്ട പാമ്പുപോലെ.
369 കുഞ്ഞന്റെ കണ്ണങ്ങമ്മിയുടെ ഉള്ളിലും.
370 കുഞ്ഞിയിൽ പഠിച്ചത് ഒഴിക്കയില്ല.
371 കുടകുമലയിന്നു പേറു കിഴിഞ്ഞ് കാണിയാക്കേണ്ടി എര
യിന്റെ തലയിലോ?
372 കുടത്തിൽ വെച്ച വിളക്കു പോലെ.
373 കുടം കമിഴ്ത്തി വെള്ളം പകർന്നതു പോലെ.
374 കുടൽ വലിയോന്നു ചക്ക.
375 കുട്ടമെക്ക് മീതേ മർമ്മം ഇല്ല; ആക മുങ്ങിയാൽ ശീതം ഒന്നു,
(118.)
376 കുടക്കടെങ്ങിയ വടിയായിരിക്കേണം.
377 കുട്ടിക്കരി കൂട്ടിവെക്കേണ്ട.
378 കുണ്ഡലം ഇല്ലാത്തവർ കാണാത നാടു.
379 കുതിരെക്ക് കൊമ്പു കൊടുത്താൽ മലനാട്ട് ഒരുത്തരും വെക്കു
കയില്ല.
380 കുത്തു കൊണ്ട പന്നി നെരങ്ങുംപോലെ.
381 കുത്തു കൊള്ളുമ്പുറം കുത്തു കൊള്ളാഞ്ഞാൽ പിത്തം കരേറി
ചത്തു പോം.
(കുത്തും തല്ലും ചെണ്ടെക്ക് അപ്പവും ചോറും മാരയാനു, 13.)
382 കുത്തുവാൻ വരുന്ന പോത്തോടു വേദം ഓതിയാൽ കാര്യമോ?
383 കുനിയൻ മദിച്ചാലും ഗോപുരം ഇടിക്കാ.
384 കുന്തം കൊടുത്തു കുത്തിക്കൊല്ലാ.
385 കുന്തം പോയാൽ കുടത്തിലും തപ്പേണം.
386 കുന്തം മുറിച്ച് ഇട്ടിആക്കരുത്.
387 കുന്നല കോനാതിരിയുടെ പദവിയും ഉള്ളാടൻ ചേനന്റെ
അവസ്ഥയും.
388 കുന്നിക്കുരു കുപ്പയിൽ ഇട്ടാലും മിന്നും.
389 കുന്നോളം പൊന്നു കൊടുത്താലും കുന്നിയോളം സ്ഥാനം
കിട്ടാ.
390 കുപ്പയില്ക്കിടന്നു മാളിക കിനാ കാണും, (363.)
391 കുപ്പയിൽ ഇരുന്നോൻ മാടം കിനാ കാണും.
392 കുപ്പ ചിനക്കിയാൽ ഓട്ടക്കലം
393 കുരങ്ങൻ ചത്ത കുറവനെ പോലെ.
394 കുരങ്ങിന്ന് ഏണി ചാരൊല്ല.
395 കുരങ്ങിന്റെ കൈയിൽ മാല കിട്ടിയതുപോലെ.
396 കുരാം എത്തും മുമ്പെ തളപ്പ് അററു.
397 കുരു ഇരന്ന മലയന്നു ചക്ക കൊടുത്താൽ ഏററമായി.
398 കുരുടന്മാർ ആനയെ കണ്ട പോലെ.

399 കുരു വറുത്ത ഓടല്ല; ചക്ക പുഴുങ്ങിയ കലമാകുന്നു.
400 കുരെക്കുന്ന നായി കടിക്കയില്ല.
401 കുരെക്കുന്ന നായിക്ക് ഒരു പൂള് തേങ്ങാ.
402 കുറിക്കു വെച്ചാൽ മതില്ലെങ്കിലും കൊള്ളേണം.
403 കുറിച്ചി വളൎന്നാൽ ആവോലിയോളം.
404 കുറുക്കന്നു ആമയെ കിട്ടിയതു പോലെ.
405 കുറുക്കൻ കരഞ്ഞാൽ നേരം പുലരുകയില്ല.
406 കുറുപ്പ് കണ്ടോത്ത കുറുപ്പ് ഉടുപ്പിൻെറ വിവരം ഞാൻ അറിയുല്ല.
407 കുറെച്ച് ഉള്ളതും കഞ്ഞിയോടു പോയി.
408 കുലം എളിയവന്നു മനം എളുതു.
409 കുലം കെട്ടോനെ ചങ്ങാതിയാക്കല്ലെ.
410 കുലമല്ലാത്തോൻെറ ചങ്ങായ്ത്തംകെട്ടി, ഊരും ഇല്ല, ഉടലും ഇല്ല.
411 കുലയാന തലവൻ ഇരിക്കവേ കുഴിയാന മദിക്കും കനക്കവേ.
412 കുലയാന മുമ്പിൽ കുഴിയാനയെ പോലെ.
413 കുളത്തിൽനിന്നു പോയാൽ വലയിൽ; വലയിൽനിന്നു പോയാൽ കുളത്തിൽ.
414 കുളത്തോടു കോപിച്ചിട്ടു ശൌചിക്കാഞ്ഞാൽ ഊര നാറുകെ ഉള്ളു.
415 കുളംകുഴിക്കുമ്പോൾ കുററിവേറെ പൊരിക്കേണ്ടാ.
416 കുഴിച്ചിട്ടതിന്നുറപ്പുണ്ടെങ്കിലെ കൊണ്ടച്ചാരിയതു നില്ക്കും.
417 കുഴിയാന മദിച്ചാൽ തലയാന ആകുമോ?
418 കുഴിയാനയുടെ ചേൽ പറയുന്തോറും വഴിയോട്ടു.
419 കൂഞ്ഞോളം ചെത്തിയാലും ചുള ഒന്നും ഇല്ല.
420 കൂട കിടന്നവനേ രാപ്പനി അറിഞ്ഞു കൂടു.
421 കൂടം കൊണ്ട് ഒന്നെങ്കിൽ കോട്ടി കൊണ്ടു രണ്ടു.
422 കൂട്ടത്തിൽ കൂടിയാൽ കൂക്കിരിയും വമ്പൻ.
423 കൂട്ടിൽ ഇട്ട മെരുവിനെ പോലെ.
424 കൂറ കപ്പലിൽ (മണപ്പാട്ടു) പോയ പോലെ.
425 കെട്ടിയ മരത്തിന്നു കുത്തരുത്.
426 കെട്ടിയിട്ട പട്ടിക്ക് കുപ്പയെല്ലാം ചോറു.
427 കെട്ടു പാടിന്നു കൊടുത്താൽ മുട്ടിന്നു കിട്ടും.
428 കേമത്തിന്നു കേടില്ല.
429 കേരളം ബ്രാഹ്മണൎക്ക് സ്വൎഗ്ഗം, ശേഷം ജാതികൾക്ക് നരകം.
430 കൈ നനയാതേ മീൻ പിടിക്കാമോ?
431 കൈപ്പത്തടത്തിൽ തവള നില്ക്കേണം.
432 കൈപ്പുണ്ണിന്നു കണ്ണാടി (കണ്ണുട) വേണ്ടാ.
433 കൈയിൽനിന്നു വീണാൽ എടുക്കാം വായിൽനിന്നു വീണാൽ എടുത്തുകൂടാ.

434 കൊങ്ങണം വളഞ്ഞത് എന്തു പറ.
435 കൊഞ്ചൻ കോത്തു കുളവൻ വററു.
436 കൊഞ്ചൻ തുള്ളിയാൽ മുട്ടോളം ഏററ തുള്ളിയാൽ ചട്ടിയിൽ.
437 കൊടാത്തവനോടു വിടാതിരിക്ക.
438 കൊടിലിന്നു കൊട്ട.
439 കൊടുത്ത കൈക്കാശയും കൊണ്ട കൈക്ക് ഭീതിയും.
(കൊടുക്കുന്നെടത്താശ; കൊല്ലുന്നെടത്തുപേടി).
440 കൊടുത്തു കൊള്ളേണം വിദ്യ; കോത്തു കെട്ടേണം കച്ച.
441 കൊണ്ടോൻ തിന്നോൻ വീട്ടട്ടെ.
442 കൊണ്ടവൻ കൊടുക്കും; കൊണ്ടവൻ അഞ്ചും.
443 കൊണ്ടാടിയാൽ കുരണ്ടിയും ദൈവം.
444 കൊണ്ടാൽ കൊണ്ട പരിച്.
445 കൊണ്ടെടത്തു കൊടുക്കാഞ്ഞാൽ രണ്ടെടത്തു കൊടുക്കേണം.
446 കൊതിച്ചതു വരാ; വിധിച്ചതേ വരൂ.
447 കൊതു പോകുന്നത് അറിയും ആന പോകുന്നത് അറിയുന്നില്ല, (278).
448 കൊത്തിക്കൊണ്ടുപറക്കാനും വെച്ചോണ്ടുതിന്മാനും പാടില്ല.
449 കൊത്തുന്ന കത്തി പണയത്തിലാക്കൊല്ല.
450 കൊന്നാൽ പാപം തിന്നാൽ തീരും.
451 കൊമ്പൻ എന്നും ചൊല്ലി, പിടിക്കുമ്പോഴെക്ക് ചെവിയൻ.
452 കൊമ്പൻ പോയതു മോഴെക്കും വഴി.
453 കൊമ്പന്റെ മുമ്പാകേ; വമ്പന്റെ പിമ്പാകേ.
454 കൊമ്പുതോറും നനെക്കേണ്ടാ, മുരട്ടു നനെച്ചാൽ മതി.
455 കൊല്ലപ്പെരുവഴി തള്ളെക്ക് സ്ത്രീധനമോ?
456 കൊല്ലുന്ന രാജാവിന്നു തിന്നുന്ന മന്ത്രി.
457 കോടി ഉടുത്തു കുളങ്ങര ചെന്നാൽ കൊണ്ടതിൽ പാതി വില.
458 കോടി, കോടി, കോടി കൊടുത്താൽ കാണി കൊടുത്ത ഫലം, കോടാതെ ഒരു കാണി കൊടുത്താൽ കോടി കൊടുത്ത ഫലം.
459 കോട്ടം പൊളിഞ്ഞാൽ ഭഗവതി പട്ടുവത്തു.
460 കോട്ടയിൽ ഉപദേശം അങ്ങാടിയിൽ പാട്ടു.
(കോട്ടയിൽ അകത്തു മന്ത്രണം. അ. പ.)
461 കോണം കൊടുത്തു പുതുപ്പു വാങ്ങി.
462 കോന്തല ഇല്ലെങ്കിൽ നാന്തല വേണം.
463 കോപത്തിന്നു കണ്ണില്ല.
464 കോപിക്കുക കുരണ.
465 കോരിക്കണ്ട വാഴ യാകാ; ദൂരക്കണ്ട നാരിയാകാ.
466 കോൽ ഇവിടെ ഉറെച്ചു; ആലയും ചക്കും ഇനി ഒക്കൊന്നുള്ളു.
467 കോളാമ്പിക്ക് തൂക്കിയ ഓടു പോലെ.

468 കോഴിക്ക് നെല്ലും വിത്തും ഒക്കും.
469 കോഴിയിറച്ചി തിന്നുമാറുണ്ടു; കോഴിപ്പൂ ചൂടുമാറുണ്ടോ?
470 കോഴിമുട്ട ഉടെക്കാൻ കുറു വടി വേണ്ട.
471 ക്ഷേത്രപാലന്നു പാത്രത്തോടെ.
472 ക്ഷൌരത്തിന്നു തേങ്ങാ കെട്ടത്തയക്കേണം.
473 ഗതി കെട്ടാൽ പുലി പുല്ലും തിന്നും.
474 ഗതി കെട്ടാൽ എന്തു ചെയ്യാം? ചാമ എങ്കിലും ചെമ്മൂര്യ.
475 ഗുരുക്കളെ നിനെച്ചു കുന്തവും വിഴുങ്ങേണം.
476 ഗുരുക്കൾക്ക് കൊടുക്കുന്നത് അപ്പം തിന്നാൽ, പലിശെക്ക് കൊള്ളുന്നതു പുറത്തു.
(ഗുരുക്കൾക്ക് വെച്ചതു ചക്ക കൊണ്ടാൽ പലിശക്കുള്ളതു പുറത്തു.)
477 ഗുരുവില്ലാത്ത വിദ്യയാകാ.
(ഘട ദീപം പോലെ, 372.)
478 ചക്കയാകുന്നു ചൂന്നു നോക്കുവാൻ.
479 ചക്കയോളം കൊത്തിയാലെ ഉലക്കയോളം കാതൽ കിട്ടും.
480 ചക്കര കൂട്ടിയാൽ കമ്പിളിയും തിന്നാം. (282.)
481 ചക്കര തിന്നുമ്പോൾ നക്കി, നക്കി; താരം കൊടുക്കുമ്പോൾ മിക്കി, മിക്കി.
482 ചക്കര തൊട്ട കൈ നക്കും.
(ചക്കരപ്പാടത്തിൽ കൈയിട്ടാൽ നക്കുകയോ ഇല്ലയോ?)
483 ചക്കരെക്ക് അകവും പുറവും ഒക്കും, (ഇല്ല.)
484 ചക്കിക്ക് ചങ്കരൻ; അട്ടെക്ക് പൊട്ടക്കുളം.
485 ചക്കിന്റെ മുരട്ടെ കുട്ടന്റെ ചേൽ.
486 ചക്കെക്ക് തേങ്ങാ കൊണ്ടിട്ടും കൂട്ടേണം.
487 ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.
488 ചട്ടിയിലെ പന്നിക്ക് നായാടേണ്ടാ.
489 ചണ്ഡാലൻ തീണ്ടിയ പിണ്ഡം പോലെ.
490 ചത്താൽ തല തെക്കു പോലും വടക്കു പോലും.
491 ചത്തു കിടക്കിലും ഒത്തു കിടക്കേണം.
492 ചത്തു പോയ ചിററപ്പനെ കാണിക്കാമോ?
493 ചത്തോന്റെ വീട്ടിൽ കൊന്നോന്റെ പാട്ടു.
494 ചന്തിയില്ലാത്തവൻ ഉന്തിനടക്കും; ചരതമില്ലാത്തവൻ പരതി നടക്കും.
495 ചന്ദനം ചാരിയാൽ മീന്നാററി മണക്കുല്ല.
496 ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല.
497 ചാകാത്തത് എല്ലാം തിന്നാം.
498 ചാക്യാരുടെ ആസനം പോലെ.
499 ചാക്യാരെ ചന്തി; വണ്ണത്താന്റെ മാററു.
500 ചാക്കില്ലാത്തനാൾ ആർ പിറന്നു?

501 ചാട്ടത്തിൽ പിഴെച്ച കുരങ്ങ് പോലെ.
502 ചാൺ വെട്ടിയാൽ മുളം നീളും.
503 ചാന്തും ചന്ദനവും ഒരുപോലെ.
504 ചാരിയാൽ ചാരിയതു മണക്കും.
505 ചാലിയൻെറ ഓടം പോലെ.
506 ചാലിയർ തിരുമുല്ക്കാഴ്ച വെച്ച പോലെ
507 ചിന്തയില്ലാത്തവന് ശീതമില്ല.
508 ചിരിച്ചോളം ദുഃഖം.
509 ചീങ്കണ്ണന്നു കോങ്കണ്ണി.
510 ചീഞ്ഞ ചോററിന്നു ഒടിഞ്ഞ ചട്ടുകം. (ചീരമുരട്ടു കാര പൊടി ക്കയില്ല, 349.)
511 ചുട്ടുതല്ലുമ്പോഠം കൊല്ലനും കൊല്ലത്തിയും ഒന്നു.
512 ചുണ്ടങ്ങ കൊടുത്തു വഴുതിനിങ്ങ വാങ്ങല്ല.
513 ചുമടൊഴിച്ചാൽ ചുങ്കം വീട്ടേണ്ടാ.
514 ചുമലിൽ ഇരുന്ന് ചെവി തിന്നരുത്.
515 ചുവർ ഉണ്ടെങ്കിലെ ചിത്രം എഴുതിക്കൂടു.
516 ചുളയില്ലാത്ത ചക്കയും കട്ടു; ചമ്പാടൻ വഴക്കുണ്ടായി.
517 ചൂട്ട കണ്ട മുയലിനെ പോലെ.
518 ചെക്കിപ്പൂവോടു ശൈത്താൻ ചുറഞ്ഞപോലെ.
519 ചെട്ടിക്ക് കള്ളപ്പണം വന്നാൽ കുഴിച്ചു മൂടുകയുള്ളു.
520 ചെട്ടിയാൻെറ കപ്പലിന്നു ദൈവം തുണ.
521 ചെപ്പിടിക്കാരൻ അമ്പലം വിഴുങ്ങുമ്പോലെ.
522 ചെമ്പിൽ അമ്പാഴങ്ങ പുഴുങ്ങി തിന്നിട്ടും ജീവിക്കേണം.
523 ചെമ്പെന്നും ചൊല്ലി ഇരുമ്പിന്നു ചോരകളഞ്ഞു (ഇരുമ്പിന്നു മൂഴക്ക് ചോര പോയി.)
524 ചെറിയോൻ പറഞ്ഞാൽ ചെവിട്ടിൽ പോകാ.
525 ചെറുതു കുറുതു പണിക്ക് നല്ല വിരുതൻ.
526 ചെറുവിരൽ വീങ്ങിയാൽ പെരുവിരലോളം.
527 ചെല്ലാത്ത പൊന്നിന്നു വട്ടം ഇല്ല.
528 ചേട്ടെക്ക് പിണക്കവും അട്ടെക്ക് കലക്കവും നല്ലിഷ്ടം.
529 ചേമ്പെന്നും ചൊല്ലി വെളിക്കൊ മണ്ണു കയററിയത്.
530 ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുത്തുണ്ടം തിന്നോളു.
531 ചേറു കണ്ടേടം ചവിട്ടിയാൽ വെള്ളം കണ്ടേടത്തുനിന്നു കഴുകേണം.
532 ചേററിൽ അടിച്ചാൽ നീളെ തെറിക്കും.
533 ചൊട്ട കൊണ്ടാലും മോതിരക്കൈകൊണ്ടു കൊള്ളേണം.
534 ചൊറിക്കററവില്ല.
535 ചോറങ്ങും കൂറിങ്ങും.
536 ചോറും കൊണ്ടതാ! കറി പോകുന്നു.
537 ചോറും വെച്ചു കൈ മുട്ടുമ്പോഠം കാക്കച്ചി വറോൻ (വരും.)

538 ചോറുണ്ടാകുമ്പോൾ ചാറില്ല, ചാറുണ്ടാകുമ്പോൾ ചോറില്ല; രണ്ടും ഉണ്ടാകുമ്പോൾ ഞാനില്ല.
539 ഛേദം വന്നാലും ചിതം വേണം.
540 ജലരേഖ പോലെ.
541 ഞെക്കി പഴപ്പിച്ച പഴം പോലെ.
542 ഡില്ലിയിൽ മീതേ ജഗഡില്ലി.
543 തകൃതിപ്പലിശ തടവിന്നാകാ.
544 തക്കം എങ്കിൽ തക്കം; അല്ലെങ്കിൽ വെക്കം.
545 തക്കവെക്ക് തക്കവെണ്ണം പറകൊല്ല.
546 തഞ്ചത്തിന്നു വളം വേണ്ട.
547 തട്ടാൻ തൊട്ടാൽ പത്തിന്നു എട്ടു (എട്ടാൽ ഒന്നു).
548 തല്ലാലവും സദൃശവും ഉപ്പു പോലെ.
549 തങ്കലം വറട്ടി ധൎമ്മം ചെയ്യരുത്.
550 തനിക്കല്ലാത്തതു തുടങ്ങരുത്.
551 തനിക്കിറങ്ങിയാൽ തനിക്കറിയാം.
552 തനിക്ക് ചുടുമ്പോൾ കുട്ടി അടിയിൽ.
553 തനിക്ക് താനും പുരെക്ക് തൂണും.
554 തനിക്ക് വിധിച്ചതെ പുരെക്ക് മീതെ.
555 തനിക്കു വേണ്ടുകിൽ എളിയതും ചെയ്യാം.
556 തനിക്കൊരു മുറം ഉണ്ടെങ്കിലേ തവിടിന്റെ ഗ്ഗുണം അറിയും.
557 തൻ കാണം തൻ കയ്യിൽ അല്ലാത്തോന്നു ചൊട്ട് ഒന്നു.
558 തന്നിൽ എളിയതു തനിക്കിര.
559 തന്നില്ലും പൊരിച്ച ധനം ഉണ്ടോ?
560 തന്നിഷ്ടത്തിന്നു മരുന്നില്ല.
561 തന്നെ കൊല്ലുവാൻ വന്ന പശുവിനെ കൊന്നാൽ ദോഷമില്ല.
562 തന്നെത്താൻ അറിയാഞ്ഞാൽ പിന്നെ താൻ അറിയും.
563 തന്മേൽ കാച്ചതു മുരട്ടിൽ വീഴും.
564 തന്റെ ഒരു മുറം വെച്ചിട്ട് ആരാന്റെ അര മുറം പറയരുത്.
565 തന്റെ കണ്ണിൽ ഒരു കോലിരിക്കെ അന്യന്റെ കണ്ണിലെ കരടു നോക്കരുത്.
566 തന്റെ കയ്യേ തലെക്ക് വെച്ചുട്ടു.
567 തന്റെ മീടാകാഞ്ഞിട്ടു ആരാന്റെകണ്ണാടിപൊളിക്കൊല്ലാ.
568 തല മറന്നു എണ്ണ തേക്കരുത്.
569 തലമുടിയുള്ളവക്ക് രണ്ടു പുറവും തിരിച്ചുകെട്ടാം.
570 തലയുള്ളന്നും മൂക്കിലേ വെള്ളം വറുകയില്ല.
571 തല വലിയവന്നു പൊത്തിൽ പോയിക്കൂടാ.
572 തല്ലു കൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ. (381.)
573 തവള പിടിച്ചു ഗണപതിക്ക് വെച്ചതുപോലെ.
574 തവിടു തിന്നുമ്പോൾ കുഴൽ വിളിക്കരുത്.
575 തവിടു തിന്നുലും തകൃതി കളയരുത്.

576 തളികയിൽ ഉണ്ടാലും തേക്കും.
577 തള്ളെക്കു് ചുടുമ്പോൾ കുട്ടിയെ ഇട്ടു ചവിട്ടും. (അച്ചിക്കു് പൊള്ളുന്നേരം കുട്ടിയെ പിടിച്ചു ചന്തിക്കു് വെക്കും.)
578 താങ്ങോർ ഉണ്ടെങ്കിൽ തളർച്ച ഉണ്ടു.
579 താണ കണ്ടത്തിൽ എഴുന്ന വിള.
580 താണ നിലത്തെ നീർ ഒഴുകും; അതിനെ ദൈവം തുണ ചെയ്യും. താണ പുറത്തെ വെള്ളം നിൽക്കും.
581 താൻ ആകാഞ്ഞാൽ കോണത്തിരിക്ക; പല്ലാകാഞ്ഞാൽ മെല്ലെ ചിരിക്ക.
582 താൻ ഇരിക്കുന്നേടത്തു താൻ ഇരിക്കാഞ്ഞാൽ അവിടെ പിന്നെ നായിരിക്ക.
583 താൻ ഉണ്ണാത്തേവർ വരം കൊടുക്കുമോ? (താൻ ഒട്ടെളുതായാൽ കോണത്തിരിക്കേണം, പല്ലൊട്ടെളുതായാൽ മെല്ലെ ചവക്കേണം, 581.)
584 താൻ ചത്തു മീൻ പിടിച്ചാൽ ആർക്കു കൂട്ടാൻ ആകുന്നു.
585 താൻ ചെന്നാൽ മോർ കിട്ടാത്തേടത്തു നിന്നോ ആളെ അയച്ചാൽ പാൽകിട്ടുന്നു.
586 താന്താൻ കുഴിച്ചതിൽ താന്താൻ.
587 താന്തോന്നിക്കും മേത്തോന്നിക്കും പ്രതിയില്ല.
588 താന്നേടാപൊന്നിന്റെ മാറററിയാ.
589 താൻ പാതി, ദൈവം പാതി, (57.)
590 താരം അഴിയാതെ പൂരം കൊള്ളാമോ?
591 താരം കൊണ്ടുരുട്ടിയാൽ ഓടം കൊണ്ടുരുട്ടും.
592 താററ മണി പോലേ.
593 താളിന്നുപ്പില്ല എന്നും താലിക്കു മുത്തില്ല എന്നും.
594 താഴിരിക്കേ പടിയോടു മുട്ടല്ല.
595 താഴത്തേ വീട്ടിൽ വന്ന വെള്ളിയാഴ്ച മേലേവീട്ടിലും.
596 താഴെ കൊയ്യുവൻ ഏറ ചുമക്കേണം.
597 തിണ്ടിന്മേൽ നിന്നു തെറി പറയരുതു.
598 തിന്ന വായും കൊന്ന കൈയും അടങ്ങുകയില്ല.
599 തിര നീക്കി കടലാടാൻ കഴിയുമോ?
(തിര അടങ്ങി കുളിക്കാമോ?)
600 തിരുവായ്ക്കെതിർ വായില്ല.
601 തീക്കട്ട കഴുകിയാൽ കരിക്കട്ട, (309.)
602 തീക്കനൽ അരിക്കുന്ന എറുമ്പു കരിക്കട്ട വെച്ചേക്കുമോ?
603 തീക്കൊള്ളിമേലെ മീറു കളിക്കുമ്പോലെ.
604 തീയിൽ മുളെച്ചതു് വെയിലത്തു ചാകാ.
605 തുടങ്ങല്ല മുമ്പെ അതാവതോളം; തുടങ്ങിയാൽ പിമ്പതു കൈവിടല്ല.
(അല്ലാത്തേടത്തിൽ ചെല്ലല്ല; ചെന്നാൽ പിന്നെ പോരല്ല.)

606 തുണയില്ലാത്തവൎക്ക് ദൈവം തുണ.
607 തുകുമ്പോൾ (ഉഴിഞ്ഞു ചാടുമ്പോൾ) പെറുക്കേണ്ടാ.
608 തെക്കോട്ടു പോയ കാറുപോലെ; വടക്കോട്ടു പോയ ആളെ പ്പോലെ.
609 തെങ്ങുള്ള വളപ്പിലെ തേങ്ങാ കൊണ്ടുപോയിക്കൂടേ?
610 തെളിച്ചതിലേ നടക്കാഞ്ഞാൽ നടന്നതിലേ തെളിക്ക.
611 തേങ്ങാ പത്തരച്ചാലും താളല്ലേ കറി?
612 തേങ്ങാപ്പിണ്ണാക്കിന്നു പ്രിയം വലിപ്പിക്കേണ്ടാ.
613 തേവർ ഇരിക്കേ വെലിക്കല്ലിനെ തൊഴേണ്ടാ.
614 തേവിയാൻ കടിച്ചാലും അന്തിക്കേത്തെ ചോറുമുട്ടും.
615 തേറിയോനെ മാറല്ല; മാറിയോനെ തേറല്ല.
616 തോട്ടംതോറും വാഴ, നാടുതോറും ഭാഷ.
617 തോണി മറിഞ്ഞാൽ പുറം നല്ല.
618 തോണിയിൽ കടന്നു പാഞ്ഞാൽ കരെക്കണെകയില്ല.
619 തോററ പുറത്തു പടയില്ല.
620 ദാനംചെയ്ത പശുവിന്റെ പല്ലു നോക്കരുത്.
621 ദുശ്ശം ആകിലും കൈക്കും; ദുഷ്ടർ നല്കിയാൽ.
622 ദുൎജ്ജനസമ്പൎക്കത്താൽ സജ്ജനം കെടും.
623 ദുൎബ്ബലന്നു രാജാ ബലം; ബാലൎക്കു കരച്ചൽബലം.
624 ദൂരത്തെ ബന്ധുവെക്കാൾ അരികത്തെ ശത്രുനല്ല.
625 ദൈവം ഉള്ളനാൾ മറക്കുമോ?
626 ധൎമ്മടം പിടിച്ചതു കോയ അറിഞ്ഞില്ല.
627 ധൎമ്മദൈവവും തലമുടിയും തനിക്ക് നാശം.
628 ധൂപം കാട്ടിയാലും പാപം പോകാ.
629 ധ്യാനമില്ലാഞ്ഞാലും മൌനം വേണം.
630 നക്കുന്ന നായിക്ക് സ്വയംഭൂവും പ്രതിഷ്ഠയും ഭേദം ഉണ്ടോ?
631 നഗരത്തിൽ ഇരുന്നാലും നരകഭയം വിടാ.
632 നഞ്ഞേററ മീൻ പോലെ.
633 നടന്ന കാൽ ഇടരും (ഇരുന്ന കാൽ ഇടരുന്നില്ല).
634 നടന്നു കെട്ട വൈദ്യനും; ഇരുന്നു കെട്ട വേശ്യയും ഇല്ല.
635 നനെച്ചിറങ്ങിയാൽ കുളിച്ചു കയറും.
636 നനെഞ്ഞ കിഴവി വന്നാൽ ഇരുന്ന വിറകിന്നു ചേതം.
637 നനെഞ്ഞവന്നു ഈറൻ ഇല്ല; തുനിഞ്ഞവന്നു ദുഃഖം ഇല്ല.
638 നമ്പി, തുമ്പി, പെരിച്ചാഴി, പട്ടരും, പൊതുവാൾ തഥാ!
ഇവർ ഐവരും ഉള്ളേടം ദൈവമില്ലെന്നു നിൎണ്ണയം, (209).
639 നമ്പൂതിരിക്കെന്തിന്നുണ്ടവല?
640 നമ്പോലന്റെ അമ്മ കിണററിൽ പോയപോലെ; (വെളുത്തേടനെ മുതല പിടിച്ചതുപോലെ.)
641 നയശാലിയായാൽ ജയശാലിയാകാം.
642 നരകത്തിൽ കരുണയില്ല, സ്വൎഗ്ഗത്തിൽ മരണം ഇല്ല.

643 നരിക്കുണ്ടോ പശുക്കല?
644 നരി നരെച്ചാലും കടിക്കും.
645 നരി പെററ മടയിൽ കുറുക്കൻ പെറുകയില്ല.
646 നരിയിൻ കയ്യിൽ കടച്ചിയെ പോററുവാൻ കൊടുത്തതു പോലെ.
647 നാടുവിട്ട രാജാവും ഊർവിട്ട പട്ടിയും ഒരുപോലെ.
648 നാടെനിക്ക് നഗരം എനിക്ക് പകൽ എനിക്ക് വെളിവില്ല.
649 നാട് ഓടുമ്പോൾ നടുവെ.
650 നാട്ടിലെ വലിയോർ പിടിച്ചാൽ അരുത് എന്ന് പാടുണ്ടോ?
651 നാണം കെട്ടവനെ ഢോലം കെട്ടും (ഭൂതം കെട്ടിക്കൂടും).
652 നാഥനില്ലാത്ത നിലത്തു പട ആകാ.
653 നായകം പറിച്ച പതക്കം പോലെ.
654 നായാട്ടുനായ്ക്കൾ തമ്മിൽ കടിച്ചാൽ പന്നി കുന്നു കയറും.
655 നായായി പിറക്കിലും തറവാട്ടില്പിറക്കേണം.
656 നായി നടുക്കടലിൽ ചെന്നാലും നക്കീട്ടെ കുടിക്കും.
657 നായിനെ കാണുമ്പോൾ കല്ലു കാണുന്നില്ല.
658 നായിൻെറ വാൽ ഓടക്കുഴലിലിട്ടു വലിച്ചാലു നേരെയാകയില്ല.
659 നായി പത്തു പെററിട്ടും ഫലമില്ല; പശു ഒന്നു പെററാലും മതി.
660 നാസ്തൂാഷ്ടത്തിന്നു ധൂപം കാട്ടൊല്ല.
661 നാസ്തൂാഷ്ടത്തിന്നു മേല്ക്കാട്ടം ഉണ്ടെങ്കിൽ നാസ്തൂഷ്ടവും വില പോകും.
662 നാററാൻ കൊടുത്താൽ നക്കരുത്.
663 നാലാം കരുന്തല നഷ്ടം.
664 നാലാൾ പറഞ്ഞാൽ നാടും വഴങ്ങണം.
665 നിടിയോൻെറ തലയിൽ വടി.
666 നിടുവാൾ പോയാൽ കോടുവാൾ നിടുവാൾ.
667 നിടുമ്പന പോയാൽ കുറുമ്പന നിടുമ്പന.
668 നിത്യാഭ്യാസി ആനയെ എടുക്കും, (34.)
669 നിന്ന കുന്ന് കുഴിക്കല്ലെ.
670 നിൻെറ കെട്ടും എൻെറ കൊത്തും സൂക്ഷിച്ചോ.
671 നിൻെറ വായി കണ്ടാൽ വെളുത്തേടൻെറ അറ തുറന്നതു പോലെ.
672 നിറക്കുടം തുളുമ്പുകയില്ല, അരക്കുടം തുളുമ്പും.
673 നിലത്തു വെച്ചേ മുഖത്തു നോക്കും.
674 നിലാവു കണ്ട നായി വെള്ളം കുടിക്കുമ്പോലെ.
675 നിലെക്കു നിന്നാൽ മലെക്കു സമം.
676 നിലെക്കു നിന്നാൽ വിലെക്ക് പോകും.

677 നിഴലിനെ കണ്ടിട്ടു മണ്ണിന്നടിച്ചാൽ കൈ വേദനപ്പെട്ടുക അല്ലാതെ ഫലം ഉണ്ടോ?
678 നീചരിൽ ചെയ്യുന്ന ഉപകാരം നീററിലെ വരപോലെ, (540) തോണിയുടെ നടുവിൽനിന്നു തുഴയുന്നതു പോലെ.
679 നീരൊലി കേട്ടു ചെരിപ്പഴിക്കേണമോ? (9.)
680 നീക്കോലിയും മതി അത്താഴം മുടക്കാൻ (614.)
681 നീർ നിന്നേടത്തോളം ചളി (ചേറു കെട്ടും).
682 നീറാലിയിൽ ആറു കാൽ ആകാ.
683 നീററിൽ അടിച്ചാൽ കോലെ മുറിയും നീർ എല്ലാം ഒന്നു തന്നെ.
684 നുണക്കാതെ ഇറക്കിക്കൂടാ; ഇണങ്ങാതെ പിണങ്ങിക്കൂടാ.
685 നുള്ളിക്കൊടു, ചൊല്ലിക്കൊടു, തല്ലിക്കൊടു, തള്ളിക്കളെ.
686 നെയികൂട്ടിയാൽ നെഞ്ഞറിയും; അകത്തിട്ടാൽ പുറത്തറിയാം.
687 നെയ്യപ്പം തിന്നാൽ രണ്ടുണ്ടു ലാഭം; മീടും മിനുക്കാം വയറും നിറയും.
688 നെല്ലോറിയനും മക്കൾ പിറന്നാൽ മക്കടെ മക്കളും നെല്ലോറിയർ.
689 നെൽപൊതിയിൽ പുക്ക മൂഷികൻ പോലെ.
690 നെല്ലിൽ തുരുമ്പില്ലെന്നും, പണത്തിൽ കള്ളൻ ഇല്ലെന്നും വരുമോ?
691 നെല്ലു പൊലുവിന്നു കൊട്ടത്തേടത്തുനിന്നു അരിവായ്പ വാങ്ങല്ല.
692 നെല്ലും മോരും കൂട്ടിയതു പോലെ.
693 നേടി ഉണ്മാൻ പോയ കുത്തിച്ചി കണ്ണാടി വിററു.
694 നേരെ വന്നാൽ ചുരിക; വളഞ്ഞു വന്നാൽ കട്ടത്തില.
695 നേർ പറഞ്ഞാൽ നേരത്തെ പോകാം.
696 നൊന്തവൻ അന്തം പറയും.
697 നോക്കി നടക്കുന്ന വള്ളി കാല്ക്കു് തടഞ്ഞു.
698 പകരാതെ നിറെഞ്ഞാൽ കോരാതെ ഒഴിയും.
699 പകൽ എല്ലാം തപസ്സു ചെയ്തു, രാത്രിയിൽ പശുവിൻ കണ്ണു തിന്നും.
700 പകൽ കക്കുന്ന കള്ളനെ രാത്രിയിൽ കണ്ടാൽ തൊഴേണം.
701 പകൽ കണ്ണുകാണാത്ത നത്തു പോലെ.
702 പകൽ വിളക്കു് എന്ന പോലെ.
703 പക്ഷിക്കാകാശം ബലം, മത്സ്യത്തിന്നു വെള്ളം ബലം.
704 പക്ഷിക്കു് കൂടു; മക്കൾക്കു് അമ്മ.
705 പട കണ്ട കുതിര പന്തിയിൽ അടങ്ങാതു.
706 പടയിൽ ഉണ്ടോ കുടയും വടിയും?
707 പടിക്കൽ കുടം ഇട്ടുടെക്കല്ലേ!
708 പടെക്കും അടെക്കും കുടെക്കും ചളിക്കും നടു നല്ലു. (191.)

709 പട്ടൎക്കുണ്ടോ പടയും വിനയും; പൊട്ടൎക്കുണ്ടോ വാക്കും പോക്കും?
710 പട്ടർ പാട്ട വന്ന പോലെ.
711 പട്ടാണി തൊട്ട ആന പോലെ.
712 പട്ടുനൂലും വാഴനാരും പോലെ.
713 പട്ടും വളയും പണിക്കൎക്ക് വെട്ടും കുത്തും പലിശെക്ക് (381.)
714 പണക്കാരൻ ഈററയൻ എന്നും; അഭ്യാസി കുടിലൻ എന്നും കരുതരുതു.
715 പണത്തിന്നു മീതെ പരുന്തും പറക്കയില്ല.
716 പണമരികേ ഞായം മലയരികേ ഉറവു.
717 പണമുള്ളവന്നെ മണം ഉള്ളു; (പണമില്ലാത്തവൻ പുല്ലുപോലെ.)
718 പണമേ ഗുണം.
719 പണം കട്ടിലിന്മേൽ കുലം കുപ്പയിൽ.
720 പണം നോക്കിന്ന് മുഖം നോക്കില്ല.
721 പണം, പണം എന്നു പറയുമ്പോൾ പിണവും വായി പിളൎക്കും.
722 പണിക്കർ വീണാലും അഭ്യാസം.
723 പണിക്കർ വീണാലും രണ്ടുരുളും.
724 പണ്ടു കഴിഞ്ഞതും പടയിൽ ചത്തതും പറയേണ്ടാ.
725 പണ്ടൊരാൾ പറഞ്ഞ പോലെ.
726 പന്നി മുറിച്ചാൽ പന്നിക്കുറക; വാതുണ്ണി മുറിച്ചാൽ ഉണ്ണിക്കുറക.
727 പന്നി മൂത്താൽ കുന്നണയും; ആളുമൂത്താൽ കുലം അണയും.
728 പന്നിയെ പായും; കടവു ശേഷിക്കും.
729 പതം ഉള്ളേടം പാതാളം.
730 പരപക്ഷം ചെയ്‌വോന്നു പരലോകം ഇല്ല.
731 പരുത്തിയോളമേ നൂൽ വെളുക്കും.
732 പറഞ്ഞാൽ കേൾക്കാത്തവന്നു വന്നാൽ ഖേദം ഇല്ല.
733 പല തുള്ളി പെരു വെള്ളം.
734 പലർ ഈമ്പും അണ്ടി തനിക്കെങ്കിൽ തന്റെ പെട്ടകത്താക്കേണം.
735 പലരും കൂടിയാൽ പാമ്പും ചാകാ.
736 പല്ലിടുക്കിൽ കുത്തി മണപ്പാൻ കൊടുക്കരുതു.
737 പശു കുത്തുമ്പോൾ പഞ്ചാക്ഷരം ഓതിയാൽ പോരാ, (382).
738 പശു കുത്തുമ്പോൾ മൎമ്മം നോക്കരുത്.
739 പശു ചത്തിട്ടും മോരിലെ പുളി പോയില്ല.
740 പശു ചത്തേടത്തു കഴു എത്തുമ്പോലെ.
741 പള്ളിച്ചാനെ കണ്ടുമ്പോൾ കാൽ കടഞ്ഞു.
742 പഴഞ്ചൊല്ലിൽ പതിർ ഉണ്ടെങ്കിൽ പശുവിൻ പാലും കൈക്കും [പഴഞ്ചൊൽ ഒക്കാതിരുന്നാൽ, പശുവിൻ പാലും കൈക്കും.]

743 പഴമ്പിലാവില വീഴമ്പോൾ പച്ചപ്പിലാവില ചിരിക്ക
വേണ്ടാ.
744 പഴക്കാൻ മൂത്താൽ പറിക്കേണം.
745 പാങ്ങൻ നന്നെങ്കിൽ പടിക്കൽ ഇരുന്നാലും മതി.
746 പാങ്ങർ ഒക്ക പടിക്കലോളം.
747 പാഞ്ഞവൻ തളരും.
748 പാണന്റെ നായി പോലെ.
749 പാപി ചെല്ലുന്നേടം പാതാളം.
750 പാമ്പിന്നു പാൽ വിഷം; പശുവിന്നു പുല്ലു പാൽ.
751 പാമ്പോടു വേറായ തോൽ പോലെ.
752 പാററി തുപ്പിയാൽ പള്ളിയറയിലും തുപ്പാം.
753 പാലം കടക്കുവോളം നാരായണ പാലം കടന്നാൽ പിന്നെ
കൂരായണ. (പാണ്ടി കടന്നാൽ ....കൂലി.)
754 പാലിന്നു പഞ്ചാര.
755 പാലു വിളമ്പിയേടത്തു പഞ്ചതാര; മോർ വിളെമ്പിയേട
ത്തുപ്പു.
(പാവിൽ പിഴെച്ചാൽ മാവ് തുണ.)
756 പാളയം പോയ നിരത്തു പോലെ.
757 പിടിച്ചതിനെ വിട്ടു പറക്കുന്നതിൻ വഴിയെ പായരുതു.
758 പിടിച്ചതു മറന്നിട്ടു മറന്നതു പിടിക്കുമ്മുമ്പെ വശമാക്കേണ്ട
തെല്ലാം വശമാക്കേണം.
759 പിടിച്ചപ്പോൾ ഞെക്കീടാഞ്ഞാൽ ഇളകുമ്പോൾ കടിക്കും.
760 പിടിച്ചു വലിച്ചു കുപ്പായം ഇട്ടാൽ പറിച്ചു കീറിപ്പോകും.
761 പിണം കണ്ട കഴു പോലെ.
762 പിണം ചുട്ടാലും ഋണം ചുടാ.
763 പിണ്ണാക്കും കുത്തും ഒപ്പം.
764 പിലാവിന്റെ കാതൽ പൂതലാകുമ്പോൾ തേക്കിന്റെ ഇളന്ത
ല പച്ച വിടും.
765 പിള്ളചിത്തം പീനാറും; നായിചിത്തം തുണികീറും.
766 പിള്ളപ്പണി തീപ്പണി; തള്ളെക്കു രണ്ടാം പണി.
767 പിള്ളരെ കൂട കളിച്ചാൽ വീറു കെടും.
768 പിള്ളരെ മോഹം പറഞ്ഞാൽ തീരും; മൂരിമോഹം മൂളിയാൽ
തീരും.
769 പുത്തൻപെണ്ണു പുരപ്പുറം അടിക്കും; പിന്നെ പെണ്ണു വെയി
ച്ചേടം അടിക്കയില്ല.
770 പുഞ്ച പുറത്തിട്ട് വേലി കെട്ടുക.
771 പുരയില്ലാത്തവനുണ്ടോ തീപ്പേടി?
772 പുരവലിപ്പാൻ പറഞ്ഞാൽ ഇറയെ വലിക്കാവു.
773 പുരെക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ തോണി.
774 പുരെക്കൊരു മുത്തി (തിത്തി) അരെക്കൊരു കത്തി.

775 പലന്ന കുറുക്കനെ പോലെ.
776 പുല്ലിട്ട തീയും; പുലയരെ ബാന്ധവവും.
777 പുല്ലിൽ തൂകിയ നെയി പോലെ.
778 പുല്ല തച്ച നെല്ലിന്നു കീറിയ പായി.
779 പൂച്ച വീണാൽ തഞ്ചത്തിൽ.
780 പൂച്ചെക്കു വിളയാട്ടം; എലിക്കു പ്രാണവേദന.
(എലിക്കു മുറുക്കം; ചേരെക്കു വിളയാട്ടം.)
781 പൂത്തതൊക്ക മാങ്ങയും അല്ല; പെററത് ഒക്ക മക്കളും അല്ല; നേടിയത് എല്ലാം പണവുമല്ല.
782 പൂവായത്തോട്ടത്തിൽ പേടില്ല.
783 പൂളംകൊണ്ടു പാലം ഇട്ടാൽ കാലംകൊണ്ടറിയും.
784 പൃഷ്ഠം നന്നെങ്കിൽ മുഖം ആകാ.
785 പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തു കൂടാ.
786 പെൺപട, പടയല്ല; മൺചിറം ചിറയല്ല.
787 പെൺപിള്ള എല്ലാവൎക്കും ഒക്കേ.
788 പെരിയോരോടു എളിയോൻ നടു പറയരുതു.
789 പെരുവഴി തുവെക്കരമില്ല.
790 പെററമ്മെക്ക് ചോറു കൊടുത്തോ മുത്താച്ചിക്കരിയളപ്പാൻ?
791 പെററവരും ഉണ്ണുന്നതു കണ്ടു മച്ചി കൊതിച്ചാൽ കാൎയ്യമോ?
(കണ്ടു വറടി കതം പറഞ്ഞാൽ എന്തു ഫലം?)
792 പേടിക്ക് കാടു ദേശംപോരാ.
793 പേട്ട മുട്ടെക്ക് പട്ടിണിയിടല്ല.
794 പൊട്ടൻ പറഞ്ഞതേ പട്ടേരിയും വിധിക്കും.
795 പൊൻ തൂക്കുന്നേടത്തു പൂച്ചെക്കെന്തു? (പൊന്നുരുക്കുന്നേടത്തു.)
796 പൊന്നാരം കുത്തിയിൽ അരി ഉണ്ടാകയില്ല.
797 പൊന്നു കാക്കുന്ന ഭൂതം പോലെ.
798 പൊന്നു വെക്കേണ്ടയിടത്തിൽ പൂവെങ്കിലും വെക്കേണം.
799 പൊന്നു ഒന്നു പണി പലതു.
800 പൊൻ സൂചികൊണ്ടു കുത്തിയാലും കണ്ണുപോം.
801 പൊരുത്തങ്ങളിൽ മനപ്പൊരുത്തം മതി.
802 പോകേണ്ടതു പോയാൽ ബുദ്ധിവെക്കും; വേവേണ്ടതു വെന്താൽ തീയും കത്തും.
803 പോക്കററാൽ പുലി പുല്ലും തിന്നും, (473.)
804 പോത്തിന്റെ ചെവിട്ടിൽ കിന്നരം വായിക്കുന്നതുപോലെ.
805 പോത്തിന്റെ മേൽ ഉണ്ണി കടിച്ചതുപോലെ.
806 പോത്തു കൂട വെള്ളം കുടിക്കാത്ത കാലം.
807 പോയാൽ പൊറുക്കുവാൻ പൊണ്ണാച്ചിയും മതി.
808 പോരുന്നോരെ പോരുമ്മ; പോരാത്താളുടെ ചന്തിമേൽ.

809 ബന്ധു ആറു കരയുന്നതിനെക്കാളും ഉടയവൻ ഒന്നു കരഞ്ഞാൽ മതി.
(പാക്കയി വെളുത്താൽ പരുത്തിയോളം, 731.)
810 ബാലർ പടെക്കാകാ; ഇളന്തേങ്ങാ കറിക്കാകാ.
811 ബാലശാപവും നാരീശാപവും ഇറക്കിക്കൂടാ.
812 ഭക്തിയാലെ മുക്തി; യുക്തിയാലെ ഉക്തി.
(ഭയത്താലെ ഭക്തി; നയത്താലെ യുക്തി.)
813 ഭണ്ഡാരത്തിൽ പണം ഇട്ടപോലെ.
(ഭിക്ഷെക്കു വന്നവൻ പെണ്ടിക്കുമാപ്പിള്ള.)
814 ഭോജനം ഇല്ലാഞ്ഞാൽ ഭാജനം വേണം.
815 മകം പിറന്ന മങ്ക; പൂരാടം പിറന്ന പുരുഷൻ.
816 മകരം (മേടം) വന്നാൽ മറിച്ചെണ്ണേണ്ട.
817 മക്കൾ ഉണ്ടെങ്കിൽ പടെക്കൽ കാണാം.
818 മക്കൾക്കു മടിയിലും മരുമക്കൾക്കു വളപ്പിലും ചവിട്ടരുതു.
819 മങ്ങലിക്കു പൂളുവെക്കുന്നതു പോലെ.
820 മച്ചിയറിയുമോ ഈററുനോവു; പെററവൾക്കറിയാം പിള്ളവരുത്തം.
821 മഞ്ഞച്ചേര മലൎന്നു കടിച്ചാൽ മലനാട്ടിൽ എങ്ങും മരുന്നില്ല.
822 മടിയിൽ അരി ഉണ്ടെങ്കിൽ പെങ്ങളെ വീടു ചോദിക്കേണമോ?
823 മണ്ണു തിന്നുന്ന മണ്ഡലിയെ പോലെ.
824 മത്തുത്ത പാലിന്നില്ലാത്തതോ പുളിച്ച മോററിന്നു.
825 മധുരത്തിൽ ഉത്തമം വായ്മധുരം.
826 മനകെട്ടി മലയാളൻ കെട്ടു.
827 മനസ്സിൽ ചക്കര മത്തുക്കയില്ല.
828 മനസ്സൊപ്പമായാൽ ഉലക്കമേലും കിടക്കാം (247.)
829 മനോരഞ്ജനരഞ്ജന എങ്കിൽ ചാണകക്കുന്തിയും സമ്മന്തി.
830 മരത്തിന്നു വേർ ബലം; മനുഷ്യന്നു ബന്ധു ബലം, (116.)
831 മരത്തിന്നു കായി ഘനമോ?
832 മരത്തോക്കിന്നു മണ്ണുണ്ട.
833 മരന്നോക്കി കൊടിയിടേണം.
(ആളെ നോക്കി പെണ്ണും മരന്നോക്കി കൊടിയും.)
834 മരുന്നും വിരുന്നും മൂന്നു നാൾ.
835 മറക്കലം, തുറക്കലം, പിന്നെ പനക്കലം, പിന്നെയതു പാല്ക്കലം.
836 മലയരികെ ഉറവു; പണമരികെ ഞായം, (716.)
837 മലയോടു കൊണ്ടക്കലം എറിയല്ല.
838 മലൎന്നു കിടന്നു തുപ്പിയാൽ മാറത്തു വീഴും.
839 മല്ലൻ പിടിച്ചേടം മൎമ്മം.
840 മഴയത്തുള്ള എരുമ പോലെ.

841 മാങ്ങ വീണാൽ മാക്കീഴ് പാടൊ?
842 മാടോടിയ തൊടിക; നാടോടിയ പെൺ.
843 മാണിക്കക്കല്ല് കൊണ്ടു, മാങ്ങ എറിയുന്നുവോ?
844 മാണിക്കക്കല്ല് പന്തീരാണ്ടു കുപ്പയിൽ കിടന്നാലും മാണിക്കക്കല്ലു തന്നെ.
845 മാറാത്ത വ്യാധിക്ക് എത്താത്ത മരുന്നു.
(മീത്തലെ കണ്ടത്തിൽ ഉറവുണ്ടായാൽ താഴെക്കണ്ടത്തിലും വരും, (595.)
846 മീൻ കണ്ടം വേണ്ടാത്ത പൂച്ച ഉണ്ടോ?
847 മുകന്തായം വളഞ്ഞാൽ (തേററിയാൽ) 64 വളയും. (തെററും.)
848 മുച്ചെവിട്ടു കേട്ടാൽ മൂലനാശം.
849 മുട്ടുണ്ടെങ്കിൽ ഇഷ്ടം പോകും.
850 മുട്ടുശാന്തിക്ക് ഏല്പിച്ചാൽ കാശിക്കു പോകാം.
851 മുത്തിന്നു കൊണ്ടു ഉപ്പിന്നു വില്ക്കുമോ?
852 മുത്തിന്നു മുങ്ങുന്നേരം അളിയൻ പിടിക്കേണം കയർ.
853 മുൻപിൻ പോയിട്ടേല്ക്കല്ല; പിന്നെപ്പാഴിൽ തോല്ക്കല്ല.
854 മുമ്പെ വന്നതൊ കൊമ്പോ ചെവിയോ?
855 മുൻവില, പൊൻവില.
856 മുയൽ ഇളകുമ്പോൾ നായ്ക്കു കാഷ്ഠിപ്പാൻ മുട്ടും.
857 മുറിപ്പാട്ടു കൊണ്ടങ്ങു ചെന്നാൽ മുഴവൻ പാട്ടു കേൾക്കാം, രണ്ടാട്ടും കേൾക്കാം.
858 മുറിവൈദ്യൻ ആളെ കൊല്ലും; മുറി ഹാജിദീൻകൊല്ലും.
859 മുററത്തു മുല്ലെക്ക് മണം ഇല്ല.
860 മുലക്കണ്ണു കടിക്കുമ്പോൾ കവിൾക്കു മിടിക്കേണം.
861 മുല വിട്ടു മുല പിടിക്കുന്നതിന്നു മുൻപിൽ, (758.)
862 മുള നാഴിക്ക് മുറിച്ചു പന്തിയിൽ.
863 മുളയാകുമ്പോൾ നഖം കൊണ്ടു നുള്ളാം പിന്നെ മഴുവിട്ടു മുറിച്ചാലും നീങ്ങാ.
864 മുളയിൽ അറിയാം വിള.
865 മുള്ളിന്മേൽ ഇല വീണാലും ഇലന്മേൽ മുള്ളു വീണാലും നാശം ഇലെക്ക്.
866 മുള്ളു പിടിക്കലും മുറുക്കനെ പിടിക്കേണം.
867 മുഴങ്ങാൻ നില്ക്കുന്ന നായിൻെറ തലയിൽ തേങ്ങാ പറിച്ചിട്ടാലൊ?
868 മൂക്കിന്മേൽ ഇരുന്നു, വായിൽ കാഷ്ഠിക്കരുത്.
869 മൂക്കില്ലാത്ത നാട്ടിൽ മുറിമൂക്കൻ മൂപ്പൻ (വമ്പൻ).
870 മൂക്കു തോടുവാൻ നാവു നീളം പോരാ.
871 മൂക്കു മുങ്ങിയാൽ മൂവാൾക്കോ, മുപ്പതിററാൾക്കൊ? (മൂക്കു നനെഞ്ഞാൽ മൂവാൾക്ക് പോലും മുപ്പതിററാൾക്ക് പോലും.)
872 മൂഢൻ 2 കൈയിലും 4 ചിരട്ട പിടിച്ചു പോം.

873 മൂത്തേടത്തോളമേ കാതൽ ഉണ്ടാകും.
874 മൂത്തോർ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കൈക്കും പിന്നെ മതൃക്കും.
875 മൂന്നൊന്നായാൽ മുക്കോല പെരുവഴി തുണ.
876 മൂരിയോടു ചോദിച്ചിട്ടു വേണമോ നുകം വെപ്പാൻ? (മൂർഖനെ തിന്നുന്ന നാട്ടിൽ ചെന്നാൽ മൂർഖനെ തിന്നേണം, (530.)
877 മൂലം മറന്നാൽ വിസ്മൃതി!
878 മൂവർ കൂടിയാൽ മുററം അടിക്കാ.
879 മൂളിയ വീട്ടിൽ തീക്കു പോകരുത്.
880 മെല്ലെ തിന്നാൽ മുള്ളും തിന്നാം.
881 മെല്ലനെ ഒഴുകും വെള്ളം കല്ലിനെ കുഴിയ ചെല്ലും.
882 മേടി നോക്കിയാൽ അറിയാം.
883 മേല്പട്ടു മിന്നൽ പോലെ പൊങ്ങി ദേഹിയും കീഴ്പെട്ടു ദാരു പോലെ വീണു ദേഹവും.
884 മോർ വില്ക്കുന്ന തായേ ഊരിലെ പ്രാവർത്യം (പാരപത്യം) എന്തിന്നു?
885 മോററിന്നു വന്നോർ പശുവില ചോദിക്കരുത്.
886 യഥാശക്തി മഹാഫലം.
887 യഥാ രാജാ തഥാ പ്രജാ.
888 രണ്ടു തലയും കത്തിച്ചു നടു പിടിക്കല്ല.
889 രാജാവാക്കു് പ്രത്യുത്തരമില്ല.
890 രാജാവിനോടും വെള്ളത്തോടും തീയോടും ആനയോടും കളിക്കരുതു.
891 രാജാവിൻെറ നായായിട്ടല്ലേ എറിഞ്ഞൂടാത്തതു.
892 രാജാവില്ലാത്ത നാട്ടിൽ കുടിയിരിപ്പാൻ ആകാ.
893 രാമായണം മുഴുവൻ വായിച്ചിട്ടും രാമനു സീത ആർ എന്നു ചോദിക്കും.
894 രാവു വീടാകാ; പകൽ കാടാകാ.
895 രാവു വീണ കുഴിയിൽ പകലും വീഴുമോ?
896 ലോകപ്പശുക്കളുടെ കുത്തു സഹിച്ചു കൂടുമോ?
897 ലോകം പാഴായാൽ നാകം പാഴാമോ?
(ലോകർ എല്ലാം ചത്താൽ ശോകം ചെയ്‌വാൻ ആർ?)
898 വക്കടന്ന കലത്തിന്നു കണ മുറിഞ്ഞ കയ്യിൽ.
899 വടി കുത്തിയും പട കാണേണം.
900 വണ്ണത്താൻ വീടും കളത്രവീടും തനിക്കൊത്തതു.
901 വണ്ണത്താൻ വീട്ടിൽ ഇല്ലെങ്കിൽ തുണിയുറുപ്പയിൽ വേണം.
902 വന്നറിയാഞ്ഞാൽ ചെന്നറിയേണം.
903 വന്നാൽ എന്തു വരാഞ്ഞാൽ; വരാഞ്ഞാൽ എന്തു വന്നാൽ?
904 വമ്പനോടു വഴുതു നല്ല.
905 വരെക്കാൻ വരെച്ചു, കരിച്ചതോ എങ്ങിനേ?

906 വറുത്താൽ കൊറിച്ച പോകും; കണ്ടാൽ പറഞ്ഞുപോകും.
907 വറേറാനും, വല വീതോനും, കട്ടോനും, കടം കൊണ്ടോനും, ആശവിടാ.
908 വലിയ ആനെക്ക് മണി കെട്ടേണമോ? (86.)
909 വലിയോൻെറ പൊൻ എടുക്കേണം എങ്കിൽ എളിയവൻെറ പാര വേണം.
910 വലിയവൻെറ വല്ലം തുറക്കുമ്പോഴെക്ക് എളിയവൻെറ വണ്ണ വലിക്കും.
911 വല്ലഭമുള്ളവന്നു പുല്ലും ആയുധം.
(വസ്തു പോയാലെ ബുദ്ധി തോന്നു. 802.)
912 വളഞ്ഞ കത്തിക്ക് തിരിഞ്ഞ ഉറ.
913 വളച്ച കെട്ടിയാൽ എത്തി നോക്കും.
914 വളപ്പിൽ കൊത്തുന്നതും കഴത്തിൽ കെട്ടുന്നതും ഒരുപോലെയോ?
915 വഴിമൊഴിയെങ്കിൽ മുരിക്കു ഉരുക്ക് ആം.
916 വാക്കിൽ തോററാൽ മൂപ്പിൽ താഴെണം.
917 വാക്കു കൊണ്ടു കോട്ട കെട്ടുക.
918 വാക്കു പോക്കക്കും, നെല്ല് കോയിലകത്തും.
(വാക്കു ചേക്കിൻെറ ചേൽ; ചേൽ ശൈത്താൻെറ ചേൽ.)
919 വാനം വീണാൽ മുട്ടിടാമോ?
920 വായറിയാതെ പറഞ്ഞാൽ ചെവിയറിയാതെ കൊള്ളും.
(കാററിയാതെ തുപ്പിയാൽ ചെള്ള അറിയാതെ കൊള്ളും.355)
921 വായി ചക്കര കൈ കൊക്കര.
922 വായി പോയ കത്തികൊണ്ടു ഏതിലെയും വെച്ച കൊത്താം.
923 വായിലെ നാവിന്നു നാണം ഇല്ലെങ്കിൽ തൊണ്ടെക്ക് ശ്രീ ഉണ്ടു. (വയറും നിറയും.)
924 വാം എടുക്കാത്തവൻ വാം എടുത്താൽ വാം എല്ലാം ചില മീൻ നാറും.
925 വിനാശ കാലേ വിപരീത ബുദ്ധി ആരാൻെറ കത്തി എന്നെ ഒന്നു കൊത്തി.
926 വിരൽ ചുട്ടു കവിം തുളെക്കരുത്.
927 വിശക്കാന്തക്കത്തുണ്ണേണം മറക്കാന്തക്കത്തു പറയേണം.
928 വിശപ്പിന്നു കറി വേണ്ടാ; ഉറക്കിന്നു പായി വേണ്ടാ.
929 വിശ്വസിച്ചോനെ ചതിക്കല്ല; ചതിച്ചോനെ വിശ്വസിക്കല്ല!
930 വിശ്വാസമില്ലാതവക്കു കഴത്തറുത്തു കാണിച്ചാലും കൺകെട്ടെന്നേ വരും.
931 വിഷഹാരിയെ കണ്ട പാമ്പു പോലെ.
932 വിളക്കോടു പാറിയാൽ ചിറകു കരിയും.
933 വിളമ്പുന്നോൻ അറിയാഞ്ഞാൽ വെയിക്കുന്നോൻ അറിയേണം!

934 വിളയും വിത്തു, മുളയിൽ അറിയാം, (864.)
935 വീട്ടിൽ ചെന്നാൽ മോർ തരാത്ത ആം ആലെക്കൽ നിന്നു പാൽ തരുമോ?
936 വീട്ടിൽ ചോറുണ്ടെങ്കിൽ വിരുന്നു ചോറുമുണ്ടു; (145.)
937 വീണ മരത്തിൽ ഓടിക്കയറും.
938 വീണാൽ ചിരിക്കാത്ത ചങ്ങാതിയില്ല.
(വീണാൽ ചിരിക്കാത്തതു ബന്ധുവല്ല.)
939 വീശിയ വലെക്ക് അറു കണ്ണു് ഉണ്ടാം.
940 വീഴുന്ന മൂരിക്ക് ഒരു മുണ്ടു കരി.
941 വീഴും മുമ്പെ നിലം നോക്കേണം.
942 വെച്ചാൽ കുടുമ, ചിരച്ചാൽ മൊട്ട.
943 വെടികൊണ്ട പന്നി പായും പോലെ.
944 വെട്ടാത നായക്ക് പൊരിയാത കുററി.
945 വെട്ടൊന്നെങ്കിൽ തുണ്ടം രണ്ടു.
946 വെണ്ണീററിൽ കിടന്ന പട്ടി പോലെ.
947 വെററിലെക്കടങ്ങാത അടക്കയില്ല; ആണിന്നടങ്ങാത പെണ്ണില്ല.
948 വെളുത്ത മാരയാൻ ഇഞ്ചി പൊരിച്ചതു മൂലം ഭാവന പൃക്കു.
949 വെളുത്തേടൻ അലക്കു മാററി, കാശിക്കു പോവാൻ കഴികയില്ല.
950 വെള്ളം ആകാഞ്ഞാൽ തോണ്ടിക്കുടിക്കേണം; നിലം ആകാഞ്ഞാൽ നീങ്ങി ഇരിക്കേണം.
951 വെള്ളം കണ്ട പോത്തു പോലെ.
952 വെള്ളം വററും പോഴെക്ക് പച്ചോലയിൽ കെട്ടിയകാക്കയും എത്തി.
953 വെള്ളേരിയിൽ കുറുക്കൻ കയറിയതു പോലെ.
954 വെളീലപ്പുറത്തു വീണ വെള്ളം പോലെ.
955 വേട്ടാളൻ പോററിയ പുഴുവേ പോലെ.
956 വേട്ടുവർ പോററിയ നായിനെ പോലെ.
957 വേണ്ടിക്കിൽ ചക്ക വേരിന്മേലും കായ്ക്കും; വേണ്ട എങ്കിൽ കൊമ്പത്തും ഇല്ല.
958 വേദം അറിഞ്ഞാലും വേദന വിടാ.
959 വേദനെക്കു വിനോദം (വെ. മൊനോതം ചേരാ.)
960 വേർ കിഴിഞ്ഞു തിരും ഇളക്കി.
961 വേററി ആകാഞ്ഞിട്ടു കുട്ടി പെണ്ണായി.
962 വേല ഒപ്പമല്ലെങ്കിലും വേയിൽ ഒപ്പം കൊണ്ടാൽ മതി.
963 വേലിക്കു പുറത്തേ പശുക്കളെ പോലെ.
964 വേലി പഞ്ച തിന്നു തുടങ്ങി.
(വേലി വിള തിന്നുമ്പോലെ.)
965 വേവുന്ന പുരെക്ക് ഊരുന്ന കഴുക്കോൽ ആദായം.

966 വേശി മൂത്താൽ കുരങ്ങ്.
967 വൈദ്യൻ കാട്ടിൽ കയറിയ പോലെ.
968 വൈരമുള്ളവനെ കൊണ്ടു ക്ഷൌരം ചെയ്യിക്കുമ്പോലെ.
969 വൈശ്രവണന്റെ ദ്രവ്യം പോലെ.
970 ശകുനം നന്നായാലും പുലരുവോളം കക്കരുതു.
(കക്കാൻ തരം എന്നു വെച്ചു പൃ. ക.)
971 ശവം ചുട്ടവൻ ചാവു കഴിക്കയില്ല.
972 ശിക്ഷയെ ചൊല്ലിലേ ശീലം നല്ലു.
973 ശീതം നീങ്ങിയവന്നു വാതംകൊണ്ടു ഭയം എന്തു?
974 ശ്ശൂരിമേൽ വാഴ വീണാലും വാഴമേൽ ശ്ശൂരി വീണാലും വാഴെക്ക് കേടു, (865.)
975 ശ്രീമാൻ സുഖിയൻ മുടിയൻ ഇരപ്പൻ.
(ശ്വാവിന്റെ വാൽ പന്തീരാണ്ടു കുഴലിൽ ഇട്ടാലും എടുക്കുമ്പോൾ വളഞ്ഞിരിക്കും, (658.)
976 സങ്കടകോഴിക്ക് പണം ഒന്നു!
977 സമുദ്രത്തിൽ മുക്കിയാലും പാത്രത്തിൽ പിടിപ്പതേ വരും.
978 സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തു കാലത്തു കായ്പത്തു തിന്നാം.
979 സാരം അറിയുന്നവൻ സൎവ്വജ്ഞൻ.
980 സാള വരുമ്പോൾ സ്വരം വരാ; സ്വരം വരുമ്പോൾ സാള വരാ; രണ്ടും കൂടിവരുമ്പോൾ അവസരവരാ.
981 സുഖദുഃഖാദികൾ വെള്ളത്തിൽ ഇട്ട ഉതളങ്ങ പോലെ.
(സുഖത്തിൽ പിന്നെ ദുഃഖം; ദുഃഖത്തിൽ പിന്നെ സുഖം.)
982 സുല്ത്താൻ പക്കീറായാലും പക്കീർ സുല്ത്താനായാലും തരം അറിയിക്കും.
983 സൂക്ഷിച്ചു നോക്കിയാൽ കാണാത്തതും കാണാം.
(കാണാത്തവനും കാണും.)
984 സൂചി പോയ വഴിക്കേ നൂലും പോകും.
985 സേതുവിങ്കൽ പോയാലും ശനിപ്പിഴ വിടാതു.
986 സേവ മുഴുത്തിട്ട് കണ്ടി ഇറങ്ങിക്കൂടാ.
(സ്ഥാനത്തെളിയോൻ കോണത്തിരിക്കേണം. 581)
987 സ്നേഹം ഒരു തോണിവണ്ടിപോലെ ആകേണം.
988 സ്വകാരം തിന്നാൽ സൂകരം.
989 സ്വാമിദ്രോഹി വീട്ടിന്നു പഞ്ച മഹാ പാതകങ്ങൾ വാതിൽ.
990 ഹിരണ്യ നാട്ടിൽ ചെന്നാൽ ഹിരണ്യമായ നമഃ

''യഹോവയെക്കുറിച്ചുള്ള ഭയം ജ്ഞാനത്തിന്റെ ആരംഭം ആകുന്നു''

പുതിയ പഴഞ്ചൊല്ലുകൾ

991 അച്ഛൻ ഇച്ഛിച്ചതും പാൽ; വൈദ്യർ ചൊന്നതും പാൽ.
992 അച്ഛൻ ചത്തു കട്ടിൽ ഏറാൻ കൊതിക്കല്ല.
993 അടികൊണ്ടുവളന്ന കുട്ടിയും അടെച്ചുവേവിച്ച കഷണവും ഒരുപോലെ.
994 അടികൊള്ളാ പുള്ള പഠിയാ.
(അടിയാക്കുട്ടി പഠിയാ.)
995 അതിധൃതി ബഹു താമസം.
996 അത്താഴം ഉണ്ടാൽ അരക്കാതം നടക്കേണം മുത്താഴമെങ്കിൽ മുള്ളിലും ശയിക്കേണം.
997 അന്നവിചാരം മുന്നവിചാരം പിന്നെവിചാരം കാര്യവിചാരം.
998 അന്നു വാഴുന്ന രാജാവു നന്നെങ്കിൽ കൃതയുഗത്തിലും നല്ലതു കലിയുഗം.
999 അമ്മയുടെ ഒന്നിച്ചു ഇരിക്കയും വേണം അച്ഛന്റെ കൂട പോകയും വേണം.
1000 അമ്മ പോററിയ മക്കളും ഉമ്മ പോററിയ കോഴിയും.
1001 അമ്മായി ഉടെച്ചതു മൺചട്ടി മരുമകൾ ഉടെച്ചതു പൊൻചട്ടി.
1002 അയക്ലേശത്തിന്നു മരുന്നില്ല.
1003 അരി എത്ര? പയർ അഞ്ഞാഴി.
1004 അരിക്കു നായർ മുമ്പു; പടക്കു നായർ പിമ്പു.
1005 അരി നീളുംമുമ്പെ ചിറിനീളൊല്ല.
1006 അരിമണി ഒന്നു കൊറിപ്പാനില്ല, തരിവളയിട്ടു കിലുപ്പാൻ മോഹം.
1007 അരിശമുള്ളവനേ പിരിശമുള്ളു.
1008 അവന്റെ വാക്കും പഴയ ചാക്കും.
1009 അളവു കടന്നാൽ അമൃതും നഞ്ചു്.
1010 അഴകിരുന്നു കരയും വിധിയിരുന്നു ചിരിക്കും.
1011 അഴകും ആയുസ്സും ഒത്തുവരുമോ?
1012 അങ്കവും കാണാം താളിയും ഒടിക്കാം.
1013 അണ്ടിയോടു അടുത്തെങ്കിലെ മാങ്ങയുടെ പുളി അറിയും.
1014 അന്തിവിരുന്നു കുരുന്നിനു കേടു.
1015 ആകാശം വീഴുമ്പോൾ മുട്ടു കൊടുക്കാറുണ്ടോ?
1016 ആടു കിടന്നിടത്തു പൂട കാണാതിരിക്കുമോ?
1017 ആട്ടിക്കൊണ്ടു പോകുമ്പോൾ പിണ്ണാക്കു കൊടുക്കാത്തവൻ വീട്ടിൽ ചെന്നാൽ എണ്ണ കൊടുക്കുമോ?
1018 ആണായാൽ ഒരു പെണ്ണു വേണ്ടേ?

1019 ആദ്യം നല്ല കാലും പിന്നെ പെരിക്കാലും.
1020 ആന ഒഴിക്കാം പിന്നെ തോട്ടി ഒഴിച്ചുകൂടേ?
1021 ആനയുടെ കയ്യിൽ വടി കൊടുക്കരുതു.
1022 ആയിരം ആൎത്തി ഒരു മൂൎത്തി.
1023 ആയിരം കുടത്തിന്റെ വായി കെട്ടാം ഒരാളിന്റെ വായി കെട്ടാൻ വഹിയാ.
1024 ആയിരം തെങ്ങുള്ള നായൎക്കു പല്ലുകുത്താൻ ഈൎക്കിലിയില്ല.
1025 ആയിരം മാഹാണി അറുപത്തുരണ്ടര.
1026 ആരാന്റെ കണ്ണുകൊണ്ടു നോക്കുന്നതിനെക്കാൾ തന്റെ പിരടികൊണ്ടു നോക്കുന്നതു നല്ലൂ.
1027 ആറു മുളത്തിൽ പാതിയല്ലേ മൂന്നു മുളം.
1028 ആൎക്കാനും കൊടുക്കുമ്പോൾ അരുതെന്നു വിലക്കരുതു.
1029 ആശാൻ അക്ഷരം ഒന്നു പിഴെച്ചാൽ ശിഷ്യന്നക്ഷരം അമ്പത്തൊന്നും.
1030 ആറു കൎണ്ണങ്ങൾ പുക്കാൽ മന്ത്രവും ഭേദിച്ചീടും.
1031 ഇന്നു ചിരിക്കുന്നവൻ നാളെ കരയും.
1032 ഇണങ്ങിയാൽ തുലുക്കൻ നക്കിക്കൊല്ലും; പിണങ്ങിയാൽ കുത്തിക്കൊല്ലും.
1033 ഇരപ്പാളിക്കിടം കൊടുത്താൽ ചിരകാലത്തിന്നകത്തു ശിരഃകമലത്തിൽ കയറി ഇരിപ്പാകും.
1034 ഇരിമ്പൂര കല്ലും തേയും.
1035 ഇരുട്ടുകൊണ്ടു ഓട്ട അടെച്ചാൽ വെട്ടം വീഴുമ്പോൾ തെളിവാം.
1036 ഇരുന്നുണ്ണുന്നവന്നു വിശപ്പില്ല; ഈൎന്നുണ്ണുന്നവന്നു വിശപ്പുണ്ടു.
1037 ഇല്ലത്തുണ്ടോ മത്തിത്തല.
1038 ഉത്സാഹം പുരുഷലക്ഷണം.
1039 ഉറങ്ങുന്ന സിംഹവക്ത്രത്തിൽ ഇറങ്ങുമോ വാരണം?
1040 ഉരത്ത പാമ്പിന്നു പരുത്ത വടി.
1041 ഉരുട്ടു പിരട്ടു ചിരട്ട.
1042 ഉള്ളതുകൊണ്ടു ഓണംപോലെ.
1043 ഉള്ള കഞ്ഞിയിലും കൂടെ പാററ വീണു.
1044 ഉറക്കത്തിൽ പണിക്കത്വമില്ല.
1045 ഊട്ടിന്നു മുമ്പും ചൂട്ടിന്നു പുറകും.
1046 ഊരുണ്ടെങ്കിൽ ഉപ്പു വിററും കഴിക്കാം.
1047 എനിക്കു ചാവും നിണക്കു മംഗലവും.
1048 എരുമക്കടുത്തതു അകത്തും പോത്തിന്നടുത്തതു പുറത്തും.
1049 എല്ലാവരും തണ്ടിൽ കയറിയാൽ എടുപ്പാൻ ആൾ വേണ്ടേ?
1050 എലിയുടെ കണ്ണു നിറെഞ്ഞാലും പൂച്ച കടി വിടുകയില്ല.
1051 എല്ലാം അറിഞ്ഞവനും ഇല്ല ഒന്നും അറിയാത്തവനുമില്ല.
1052 എള്ളിലെ വാരം മുതിരയിൽ തീരും.
1053 ഏട്ടിൽ അപ്പടി പയററിൽ ഇപ്പടി.

1054 ഏറെ പ്രിയം അപ്രിയം.
1055 ഏററത്തിന്നു ഒരു ഇറക്കമുണ്ടു.
1056 ഒന്നു വരാത്തവനുമില്ല; ഒമ്പതു വന്നവനുമില്ല.
1057 ഒന്നു പാലെന്നും ഒന്നു മോരെന്നും വെക്കരുതു.
1058 ഒരു വെടിക്കു രണ്ടു പക്ഷി.
1059 ഒലിപ്പിലെ കല്ലിന്നു പൂപ്പു ഇല്ല.
1060 ഒഴുക്കു നീററിൽ അഴുക്കില്ല.
1061 ഓണം ഉണ്ട വയറേ ചൂള പാടത്തുള്ളു.
1062 ഓമ്പും പിള്ള തേമ്പി തേമ്പി.
1063 കടിച്ചതുമില്ല പിടിച്ചതുമില്ലെന്നായി.
1064 കണക്കു പറഞ്ഞാൽ കഞ്ഞിക്കു പററില്ല.
1065 കണ്ടാൽ നല്ലതു, കാര്യത്തിന്നാകാ.
1066 കടം കാലൻ.
1067 കടിക്കുന്ന നായിനെ മുറുക്കി കേട്ടേണം.
1068 കണ്ടവൻ മീണ്ടുകയില്ല.
1069 കണ്ണു കാണാത്തവന്നു കണ്ണാടി കാട്ടുമ്പോലെ
1070 കനകമൂലം കാമിനിമൂലം കലഹം.
1071 കറുത്ത കോഴി വെളുത്ത മുട്ടയിട്ടു.
1072 കളവിന്നു കാലില്ല.
1073 കളിയിലും കള്ളം ആകാ.
1074 കളിയിൽ ബാപ്പ മകൻ.
1075 കള്ളൻ കട്ടു വെള്ളനെ കഴുവേററി.
(കട്ടതിന്നു കോമട്ടിയെ കഴുവേററി).
1076 കള്ളനെ വിശ്വസിച്ചാലും കുള്ളനെ വിശ്വസിച്ചു കൂടാ.
1077 കസ്തൂരിയും കാമവും ഒളിച്ചു വെച്ചു കൂടാ.
1078 കണ്ടപ്പോൾ കരിമ്പു, പിടിച്ചപ്പോൾ ഇരിമ്പു.
1079 കല്യാണമാല കനകമാല; കാണുന്നവനിമ്പമാല; കഴിക്കുന്ന വന്നു കണ്ണമാല.
1080 കാക്കയിൽ പൂവനില്ല.
1081 കാക്കോലവും മുക്കാച്ചമയവും.
1082 കാല്പണത്തിൻെറ പൂച്ച മുക്കാല്പണത്തിൻെറ നൈ കുടിച്ചതു പോലെ.
1083 കാററുള്ളപ്പോൾ തൂറേറണം.
1084 കാളപെററെന്നു കേട്ടു കയറെടുത്തു.
1085 കാളക്കു കാമവേദന; പശുവിന്നു പ്രസവ വേദന.
1086 കിഴക്കൻവെള്ളം ഇളകിവരുമ്പോൾ ചിറയിടാറുണ്ടോ?
1087 കിട്ടിയതു കാര്യം കിടെച്ചതു കല്യാണം.
1088 കിണററിൽ മുങ്ങിയാൽ കുളത്തിൽ പൊങ്ങും.
1089 കുട്ടിനര കുടി കെടുക്കും.
1090 കുതിരക്കു കൊമ്പില്ല.

1091 കുംഭമാസത്തിൽ മഴപെയ്താൽ കുപ്പയെല്ലാം ചോറു.
1092 കശവന്നു പലനാളേത്തെ വേല; വടിക്കാരന്നു ഒരു നാഴികത്തേ വേല.
1093 കുറിയവന്നു നെടിയ ബുദ്ധി.
1094 കുന്നിന്റെ പുറത്തു കുരു.
1095 കെട്ടി ഞാന്നു ചത്തവന്റെ വാലിൽ കടിച്ചു ഞാന്നു ചത്തവൻ.
1096 കൊച്ചികണ്ടവന്നു അച്ചിവേണ്ടാ; കൊല്ലം കണ്ടവന്നു ഇല്ലം വേണ്ടാ; അമ്പലപ്പുഴവേല കണ്ടവന്നു അമ്മയും വേണ്ടാ.
1097 കൊല്ലക്കുടിയിൽ സൂചിവില്പാൻ വരുന്നോ?
1098 ഗ്രന്ഥത്തിൽ കണ്ടപശു പുല്ലു തിന്നുകയില്ല.
1099 ചക്കെക്കു ചുക്കു തന്നെ പ്രതിവിധി.
1100 ചത്തപശുവിന്നു മുക്കുടം പാലു.
1101 ചാകയുമില്ല കട്ടിലൊഴികയുമില്ല.
1102 ചിരട്ടയിൽ വെള്ളം ഇറുമ്പിന്നു സമുദ്രം.
1103 ചിറിക്കു പുറത്തു പോയാൽ പടിക്കു പുറത്തു.
1104 ചുക്കു കൂടാതെ കഷായമില്ല.
1105 ചെത്തി ചെത്തി ചെങ്ങലം കണ്ടു.
1106 ചോററിക്കുത്തിയ കൈ ചോററുക്കുത്താം.
1107 ജാത്യാലുള്ളതു തൂത്താൽ പോകുമോ?
1108 തന്നാലെ താൻ കെട്ടാൽ അണ്ണാവി എന്തു ചെയ്യും.
1109 തന്നിഷ്ടം പൊന്നിഷ്ടം ആരാന്റെ ഇഷ്ടം വിമ്മിഷ്ടം.
1110 തമ്മേലുണ്ടെങ്കിലെ തമ്മൂട്ടിൽ വീഴൂ.
1111 തരം എന്നു വെച്ചു വെളുക്കുവോളം കക്കാറുണ്ടോ?
1112 തലയണ മന്ത്രം.
1113 തലയണമാററിയാൽ തലക്കേടു പൊറുക്കുമോ?
1114 തല്ലുന്ന കയ്യേ തഴുകത്തുള്ളൂ.
1115 തള്ള ചവിട്ടിയാൽ പിള്ളക്കു കേടില്ല.
1116 തള്ളേ നോക്കി പിള്ളേ വാങ്ങണം.
1117 തങ്കയ്യിൽ കാണം മറുകയ്യിൽ പോയാൽ അക്കാണം വക്കാണം
1118 താടികൊണ്ടു സ്ഥാനം കാണ്മാൻ എളുപ്പം.
1119 താന്നാഴി കറക്കയുമില്ല മോരിന്നു വരുന്നവരെ കുത്തുകയും ചെയ്യും.
1120 തീയും നുണയും കുറച്ചു മതി.
1121 തീയുണ്ടാകാതെ പുകയുണ്ടാകില്ല.
1122 തീക്കൊള്ളികൊണ്ടു അടികൊണ്ട പൂച്ച മിന്നാമിന്നി കാണുമ്പോഴും പേടിക്കും.
1123 തുലാവർഷം കണ്ടു ഓടിയവനുമില്ല കാലവർഷം കണ്ടു ഇരുന്നവനുമില്ല.

1124 തെക്കോട്ടു പോയ മഴയും വടക്കോട്ടു പോയ ബ്രാഹ്മണനും കിഴക്കോട്ടു പോയ പശുവും പടിഞ്ഞാറോട്ടു പോയ നായും തിരികെ വരികയില്ല.
1125 തൊട്ടിലിലെ ശീലം ചുടലക്കാടോളം.
1126 തൊട്ടാവാടി നട്ടുവളർത്തേണമോ?
1127 ദശമാതാ ഹരീതകീ.
1128 ദുഷ്ടരെ കണ്ടാൽ ദൂരേ ദൂരെ.
1129 ദൂരത്തെ വഴിക്കു നേരത്തേ പോകണം.
1130 ധനത്തിന്നു വേലി ധർമ്മം തന്നെ.
1131 നദി ഒഴികിയാൽ കടലിലോളവും.
1132 നനെച്ചിറങ്ങിയാൽ പിന്നെ തെരുത്തു കേററാറുണ്ടോ?
1133 നഞ്ചു് നാനാഴി വേണമോ?
1134 നാട്ടു കേളിയും വീട്ടു പട്ടിണിയും.
1135 നായിക്കോലം കെട്ടിയാൽ പിന്നെ കരക്കേല്ലുള്ളു.
1136 നാലു തല ചേരും നാലു മുല ചേരുകയില്ല.
1137 നാളെ നാളെ നീളെ നീളെ.
1138 നിലാവുദിക്കുവോളവും പന്നി നില്ക്കുമോ?
1139 നിഴൽ മറന്നു കളിക്കരുതു.
1140 നേരിന്നേ നേരം വെളുക്കയുള്ളു.
1141 നേരില്ലാത്തെടത്തു നിലയില്ല.
1142 നേരിൽ ചേന്ന കളവും മോരിൽ ചേന്ന വെള്ളവും.
1143 നോക്കാൻ കൊടുത്ത പണത്തിന്നു വെള്ളിയാഴ്ച കുററം.
1144 പകൽ കൈ കാണിച്ചാൽ വരാത്തതു രാത്രി കണ്ണു കാണിച്ചാൽ വരുമോ?
1145 പച്ച മാങ്ങ പാല്ക്കുഞ്ഞിക്കാകാ.
1146 പടപേടിച്ചു പന്തളത്തു ചെന്നപ്പോറം പന്തവും കൊളുത്തി പട.
1147 പടിക്കൽ പാറ പൊന്നു.
1148 പഠിക്കും മുമ്പെ പണിക്കരാകരുതു.
1149 പണം ഇല്ലാത്തവൻ പിണംപോലെ.
1150 പട്ടുമുളെക്കു വളം വേണ്ടാ.
1151 പത്തമ്മ ചമെഞ്ഞാലും പെററമ്മയാകുമോ?
1152 പല്ലും ചൊല്ലും മെല്ലെ മെല്ലെ.
1153 പഴയ മുറത്തിന്നു ചാണകവും വെള്ളവും പ്രധാനം.
1154 പണ്ടുണ്ടോ പാണൻ പോത്തു പൂട്ടീട്ടുള്ളു?
1155 പണ്ടേ മടിച്ചിക്കു ഒരു ഉണ്ണിയുമതുണ്ടായി.
1156 പാമ്പും ചേമ്പും ചെറുതു മതി.
1157 പാമ്പിൻെറ കുട്ടത്തിൽ വാലും മനഞ്ഞിലിൻെറ കുട്ടത്തിൽ തലയും.
1158 പിള്ള മനസ്സിൽ കള്ളമില്ല.
1159 പിള്ള കരയാതെ തള്ള മുലകൊടുക്കുമോ?

1160 പുത്തരിയിൽ കല്ല കടിച്ചു.
1161 പൂച്ചയില്ലാത്തിടത്തു എലി ഗന്ധർവ്വൻ.
1162 പൂച്ചെക്കു അരി വേറെ വെക്കേണമോ?
1163 പെൺചൊൽ കേൾക്കുന്നവൻ പെരുവഴി.
1164 പെണ്ണില്ലെന്നു വെച്ച പെങ്ങളെ കെട്ടാറുണ്ടോ?
1165 പെററമ്മ ചത്താൽ പെററപ്പൻ ചിററപ്പൻ.
1166 പോയ മുയൽ പെരിയ മുയൽ.
1167 പോയ ബുദ്ധി ആന വലിച്ചാൽ വരുമോ?
1168 ബ്രാഹ്മണനിൽ കറുത്തവനെയും പറയനിൽ വെളുത്തവനെയും വിശ്വസിച്ചുകൂടാ.
1169 മകരമാസത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞുപോകും.
1170 മടി കുടി കെടുത്തും.
1171 മയിലാടുമ്പോലെ ചെമ്പോത്താടുമോ?
1172 മധുതിഷ്ഠതിജിഹ്വാഗ്രേ ഹൃദയേതു ഹലാഹലം.
1173 മലയാംഭാഷക്കുതുപ്പായി (ദ്വിഭാഷി) വേണമോ?
1174 മിന്നുന്നതെല്ലാം പൊന്നല്ല.
1175 മിണ്ടാ പൂച്ച കലം ഉടെക്കും.
1176 മുഖം ആകാത്തതിന്നു കണ്ണാടി ഉടച്ചാലോ?
1177 മുതിരെക്കു മൂന്നു മഴ.
1178 മൂത്തതു നന്നെങ്കിൽ മൂന്നും നന്നു.
1179 മൂർച്ചയുള്ള നാവു ചേച്ചു അറിയാ.
1180 മൊട്ടത്തലയും കുടമ്മയും കൂടെ കൂട്ടികെട്ടുന്നവൻ.
1181 രണ്ടു പട്ടിക്കു ഒരു എല്ലു കിട്ടിയപോലെ.
1182 രണ്ടു കൈകൂട്ടി തല്ലിയെങ്കിലെ ഒച്ച കേൾക്കും.
1183 രാവിലെ കരഞ്ഞാൽ വയ്യിട്ട് ചിരിക്കും.
1184 ലക്ഷം ജനങ്ങൾ കൂടും സഭയിൽ ലക്ഷണമൊത്തവർ ഒന്നോ രണ്ടോ.
1185 വരവിന്നടുത്ത ശിലവു.
1186 വമ്പന്റെ പുറകേയും കൊമ്പന്റെ മുമ്പെയും പാടില്ല.
1187 വായികീറിയവൻ ഇര കല്പിക്കാതിരിക്കയില്ല.
1188 വായിൽ വരുന്നതു കോതെക്കു പാട്ടു.
1189 വാശിപിടിച്ചാൽ നാശം ചെയ്യും.
1190 വാളെടുത്തവനൊക്കെ വെളിച്ചപ്പാടോ?
1191 വിരൽ വെപ്പാൻ കൊടുത്താൽ ഉരൽ വെക്കും.
1192 വിളിക്കാതെ വന്നാൽ ഉണ്ണാതെപോകും.
1193 വെടിമരുന്നും തീയും ഒന്നിച്ചു വെച്ചാലോ?
1194 വൈദ്യന്റെ അമ്മ പുഴുത്തേചാകു.
1195 വൈദ്യന്നു വൈദ്യനെ കണ്ടു കൂടാ; മൊയിലിയാക്കു മൊയിലിയാരെ കണ്ടു കൂടാ; നായിക്കു നായിവഴി തെററുമോ?
1196 ശീലിച്ചതേ പാലിക്കും.

1197 സത്യത്തിന്നു കാലു നാലുണ്ടു.
(സത്യത്തിന്നു എന്നും പതിനാറു).
1198 സംസൎഗ്ഗാഗ്ഗുണം ഗ്ഗുണം.
1199 സൂചികൊണ്ടു എടുപ്പാനുള്ളതു തൂമ്പാകൊണ്ടു എടുക്കരുതു.
1200 ക്ഷീരംകൊണ്ടു നനെച്ചാലും വേപ്പിന്റെ കൈപ്പ് വിടുമോ?

പഴഞ്ചൊൽ ഉപകരിക്കുന്നെങ്കിലും അതിന്റെ ഫലം തല്ക്കാലികം. നിത്യഫലം ജനിപ്പിക്കുന്നത് ദൈവത്തിന്റെ വചനം തന്നെ. സല്ഗതി ആഗ്രഹിക്കുന്നവർ അതിനെ പാരായണം ചെയ്തുകൊൾവിൻ,

''ദൈവവചനം എൻ കാലിന്നു വിളക്കും, എൻ പാതയിൽ വെളിച്ചവും തന്നെ; ദുഷ്ടന്മാർ എനിക്ക് കണി വെച്ചു എങ്കിലും നിന്റെ നിയോഗങ്ങളെ ഞാൻ വിട്ടുഴന്നില്ല. നിന്റെ സാക്ഷ്യങ്ങൾ എൻ ഹൃദയത്തിന്നു ആനന്ദം ആകയാൽ ഞാൻ അവറ്റെ എന്നേക്കും എൻ അവകാശമായി അടക്കുന്നു''. സങ്കീൎത്തനം 119.

പാഠമാല

പാഠമാല

1. ഗദ്യപാഠങ്ങൾ

1. കഥകൾ

1

വെന്നഗരമെന്ന പേരായ ഒരു ഊരിൽ ഒരു കിഴവി ഉണ്ടായി
രുന്നു. അവളുടെ വീട്ടിൽ ഒരു തീകായുന്ന ചട്ടിയും ഒരു കോഴിയു
മുണ്ട. അതുകൊണ്ട ദിവസവുംവെളുക്കും കാലത്ത ആകോഴി കൂവു
മ്പോൾ ആഊരിൽ ഉള്ളവർ ഒക്കെയും എഴുന്നീററ ഈ കിഴവിയുടെ
വീട്ടിൽവന്ന തീമേടിച്ചുംകൊണ്ടുപോകും. ഇങ്ങനെ ഏറെകാലം ക
ഴിഞ്ഞപിന്നെ ഒരുദിവസം ആകിഴവി. എന്റെകോഴി കൂവുന്നതു
കൊണ്ട നേരംവെളുക്കുന്നു. എന്റെവീട്ടിൽ തിഇരിക്കുന്നതുകൊണ്ട
ഈഊരിൽ ഉള്ളവർഒക്കയും തീമെടിച്ചു കൊണ്ടുപോയി വെയ്പുക
ഴിച്ചു ഭോജനം ചെയ്യുന്നു. ഞാൻ ഈഊർവിട്ടുപോയാൽ ഇവിടെ എ
ങ്ങനെ നേരംവെളുക്കും ഈഊരിൽ ഉള്ളവർ എങ്ങനെ ഭോചനംകഴി
ക്കും ഇതറിയെണം എന്ന വിചാരിച്ചു ആരോടും പറയാതെ കോഴി
യെയും തീക്കായുന്ന ചട്ടിയെയും എടുത്തുകൊണ്ട ആഊരിൽനിന്ന
വളരെ ദൂരത്തിൽഉള്ള കാട്ടിലേക്കചെന്ന അവിടെഇരുന്നു. പിറെറ
ന്നാൾകാലത്ത ആ ഊരിൽ ഉള്ളവർഒക്കെയുംഎഴുനീററു ആകിഴവിയു
ടെവീട്ടിലെക്ക പതിവുപോലെ തീക്കായിട്ടചെന്നപ്പോൾ അവൾ
വീട്ടിൽ ഇല്ലായ്കകൊണ്ട. എങ്ങാനും പോയിരിക്കുംഎന്ന വിചാരിച്ചു
മറെറാര ഇടത്തിൽനിന്ന തീമേടിച്ചു കൊണ്ടപോയി അവരവരുടെ
വേലകളെ തീർത്തു. ഈകിഴവി കാട്ടിൽ അസ്തമിക്കയോളം പട്ടിണി
ആയിട്ട കുത്തിയിരുന്നു. ആഊരിൽനിന്ന ഒരുത്തൻ എങ്ങാണ്ട വേല
യായിട്ട ആമാർഗ്ഗത്തിൽ പൊയ്ക്കൊണ്ടിരിക്കുമ്പൊൾ അവനെ വിളി
ച്ചു നിങ്ങളുടെ ഊരിൽ ഇന്നുഞാൻ ഇല്ലല്ലൊ. അതുകൊണ്ട അവിടെ
നേരംവെളുത്തുവൊഎന്നും തീകിട്ടിയൊഎന്നും നിങ്ങൾഒക്കെയും
ഭോജനം കഴിച്ചുവൊഎന്നും ചോദിച്ചപ്പോൾ അവൻചിരിച്ചു. ഹേ
ഭ്രാന്തുപിടിച്ചവളെ നിന്റെ തീക്കായുന്ന ചട്ടികൊണ്ടും നിന്റെ കോ
ഴികൊണ്ടും തന്നെയൊ ഈപ്രപഞ്ചം ഒക്കെയുംഇരിക്കുന്നതു. നീഎന്ത
ഇവിടെ ഉപവാസമായിട്ട കുത്തിയിരിക്കുന്നു. എഴുനീററപോവുഎന്ന
പറഞ്ഞപ്പോൾ അവൾ ഏററവും നാണിച്ചുതിരിച്ചു ആഊരിലേക്ക
പോയി. അവിടെഉള്ളവർ ഒക്കയുംതന്നാൽ ജീവിച്ചിരിക്കുന്നു എ
ന്നുള്ള ദുരഭിമാനത്തെ വിട്ടുകളഞ്ഞ സുഖമായിട്ടിരുന്നു. അതുകൊണ്ട
എല്ലാജനങ്ങളെയും സംരക്ഷണ ചെയ്യുന്നഭാരം സൃഷ്ടികർത്താവ വഹി
ച്ചിരിക്കുമ്പോൾ ബുദ്ധിഹീനന്മാരായവർ അവരെക്കൊണ്ടതന്നെ

എല്ലാവരും സംരക്ഷിക്കപ്പെടുന്നുഎന്നും അവക്ക അവരെയല്ലാതെ വേറെ ഗതിയില്ല എന്നും വിചാരിച്ചിരിക്കുന്നു.

2

ഒരു ബ്രാഹ്മണൻ യാഗംചെയ്‌വാൻ ആട്ടിനെ മേടിച്ചുകൊണ്ടുപോകുമ്പോൾ വഴിയിൽവെച്ച കണ്ടൊറെ ദുഷ്ടന്മാർ പലരുംകൂടി ബ്രാഹ്മണൻ ആടിനെ വിട്ടേച്ചുപോകത്തക്കവണ്ണം ഒരു ഉപായം ചെയ്യണമെന്നു വിചാരിച്ചു നിശ്ചയിച്ചു. ഒരുത്തൻ അടുക്കൽചെന്നു നായെകഴുത്തിലെടുത്തും കൊണ്ടുപോകുന്നത എന്തിനാകുന്നു എന്നുചോദിച്ചു. ബ്രാഹ്മണൻ ഒന്നും പറയാതെപോയി. അവിടെനിന്നും കുറെദൂരെ പോയപ്പോൾ മറെറാരുത്തൻ ബ്രാഹ്മണാ അങ്ങുന്നു ഈപട്ടിയെ മേടിച്ചത എന്തിനാകുന്നു എന്നുചോദിച്ചു. അതുകൊണ്ടും ഒന്നും ഭാവിക്കാതെ കുറെദൂരെ പോയപ്പോൾ അവിടെ പലരുംകൂടി നിന്നുകൊണ്ടു ഉത്തമജാതിയായിട്ടുള്ള ബ്രാഹ്മണൻ ശ്വാവിനെ എടുത്തുകൊണ്ടു പോകുന്നതുകണ്ടാൽ ആശ്ചര്യമായിരിക്കുന്നു എന്നുപറഞ്ഞു. അതുകേട്ടപ്പോൾ ബ്രാഹ്മണൻ ഇനിക്കുകണ്ണു നല്ലവണ്ണം അറിഞ്ഞുകൂടായ്കകൊണ്ടു ഒരുവസ്തുമേടിച്ചതുനായെതന്നെ ആയിരിക്കും. എല്ലാവരുടെബുദ്ധിയിലും ഒന്നായിട്ടു തോന്നിയാൽ മര്യാദയായിട്ടു നടക്കുന്ന വിദ്വാന്മാർ അതുവിചാരിക്കെണം എന്നു പറഞ്ഞിട്ടുള്ളത വിചാരിച്ചു ആടിനെവിട്ടേച്ചു കുളിപ്പാൻപോയി. ദുഷ്ടന്മാർ ആടിനെ കൊന്നുതിന്നു. അതുകൊണ്ടത്രെ ദുഷ്ടന്മാർ ബുദ്ധികൊണ്ടു ചതിക്കുമെന്നു പറഞ്ഞതു.

3

ബ്രഹ്മചാരിയായിട്ടു ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അവനെഒരുത്തൻ ചാത്തത്തിന്നു ക്ഷണിച്ചുഊട്ടി മറെറാരുത്തൻ വറുത്ത അരിപ്പൊടി കൊടുത്തു. അതകുടത്തിലാക്കി തുണികൊണ്ടു മൂടികൊണ്ടു വരുന്നവഴിക്കു മനോരാജ്യം വിചാരിച്ചു പ്രകാരം. ഈ അരിപ്പൊടിവിററ ഒരു പെണ്ണാട്ടിനെ മേടിക്കെണം അത ഒരആണ്ടിൽ രണ്ടു കുട്ടിയെ പ്രസവിക്കും. അപ്രകാരം പ്രസവിച്ചു വളരെകൂട്ടം ഉണ്ടായാൽ അതിനെവിററ ഒരു പശുവിനെ മേടിക്കെണം ആപശു പെററു മുമ്പിലത്തെപോലെ പശുക്കളും കാളകളും വളരെ ഉണ്ടാകും. പിന്നെ കാളകളെ കൊണ്ടു കൃഷിചെയ്തു വളരെ നെല്ലുഉണ്ടാക്കെണം. അപ്പോൾ ഞാൻ പണക്കാരനാകുന്നു എന്നറിഞ്ഞാൽ വിവാഹം ചെയ്യെണ്ടതിന്നു വല്ലവരും പെണ്ണിനെതരും. അവളിൽ ഒരു മകനുണ്ടാകും അവനു സൊമശർമ്മാവു എന്നു പേരിടെണം. പശുക്കളെ തീററാൻ കൊണ്ടുപോയി കൊണ്ടുവരുമ്പോൾ ഭാര്യകിടാവിനെ നോക്കാതെ പശുവിനെ കറക്കാൻ പോയെങ്കിൽ ഞാൻ അവളെ വടികൊണ്ടു അടിക്കും എന്നു മനോരാജ്യം വിചാരിച്ചു കയ്യിലിരുന്ന വടി ചുററി വീശി. അപ്പോൾ അരിപ്പൊടി ഇട്ടിരുന്ന കുടം പൊട്ടി താഴത്തു

വീണു, അരിപ്പൊടിയും മെയ്യിലായപ്പോൾ സ്വപ്നം കണ്ടുണൎന്നവനെപ്പോലെ പിന്നെ ദുഃഖിച്ചു. അതുകൊണ്ടത്രെ വരാനുള്ള കാൎയ്യം മുമ്പിൽ വിചാരിക്കരുതെന്ന പറഞ്ഞതും.

4

അന്യായമെന്ന പേരായിട്ട ഒരു നഗരം ഉണ്ട്. ആ നഗൎത്തിൽ നിന്ന പയറുമേടിപ്പാനായിട്ട ഒരുത്തൻ അവിടെചെന്ന വിലപറഞ്ഞതിൻെറ ശേഷം ഇടങ്ങഴിയുടെ പുറംകൊണ്ട അളക്കണം എന്ന കച്ചോടക്കാരൻ പറഞ്ഞു. പുറംകൊണ്ട അളക്കുന്നത ഒരെടത്തും കണ്ടിട്ടില്ലാത്ത താകകൊണ്ട് മൎയ്യാദപോലെ അകംകൊണ്ട അളക്കണമെന്ന പയറുമേടിപ്പാൻ ചെന്നവനും പറഞ്ഞു. ഇങ്ങനെ രണ്ടാളും തമ്മിൽ തൎക്കിച്ചുകൊണ്ടിരിക്കുമ്പോൾ ആ പട്ടണത്തിൽ ഉള്ളവർ അവിടെ ചെന്ന വിചാരിച്ചു രണ്ടാളുടെ പക്ഷവും അനുസരിക്കാതെ മദ്ധ്യസ്ഥമായിട്ട ഇടങ്ങഴി ചരിച്ചുവെച്ചു അളക്കണമെന്ന വിധിച്ചു.

5

വലുതായിട്ടുള്ള വഴിക്കു സമീപത്തിൽ ഒരുത്തൻ വഴിയമ്പലം തീൎപ്പിച്ചു അതുസൂക്ഷിച്ചുംകൊണ്ട പാൎത്തുകൊള്ളുവാൻ ഒരു ബ്രാഹ്മണനെ പറഞ്ഞ ആക്കിയിരുന്നു. ആ ബ്രാഹ്മണനും അദ്ദേഹത്തിൻെറ സ്ത്രീയും അവിടെ പാൎത്തിരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം ഒരുചെട്ടി കല്യാണത്തിന്ന പോയിവരുമ്പോൾ അവിടെ വന്ന വിചാരിച്ചപ്പോൾ ബ്രാഹ്മണനവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ സ്ത്രീയോട പാൎക്കാൻ സ്ഥലമുണ്ടൊ എന്ന ചോദിച്ചപ്പോൾ ചെട്ടിയുടെ കയ്യിമെൽ രണ്ടിലും പൊന്നുകൊണ്ട കട്ടിയായിട്ട ഉണ്ടാക്കി യിട്ടിരുന്ന വളയും കാതിൽ മേത്തരം കല്ലുവെച്ച കടുക്കനും കഴുത്തിൽ മാലയും മറ്റും വേണ്ടുന്ന ആഭരണങ്ങളൊക്കയും ഇട്ടിരിക്കുന്നത കണ്ടിട്ട അകായിൽ കൂട്ടി കൊണ്ടുപോയി ബ്രാഹ്മണൻ കിടക്കുന്ന അകത്തു തന്നെ കിടക്കത്തക്കവണ്ണം പറഞ്ഞു അത്താഴത്തിന്ന നല്ലവണ്ണംകൂട്ടുവാനും മറ്റും ഉണ്ടാക്കി വിളമ്പികൊടുത്തു. ചെട്ടി ഊണുകഴിഞ്ഞ അകത്തു ചെന്ന ബ്രാഹ്മണൻെറ കട്ടിലിന്മെൽ കിടന്നു. അപ്പോൾ വേനൽക്കാലമാകകൊണ്ട അകത്ത ഉഷ്ണം നന്നെ ഉണ്ടായിരുന്നു. അതുകൊണ്ട ഉറക്കം വരാതെ കിടക്കുമ്പോൾ ആ ബ്രാഹ്മണ സ്ത്രീ രണ്ടു മൂന്നു പ്രാവശ്യം അകത്തുവന്ന ഉറങ്ങിയൊ എന്ന ചോദിച്ചേച്ചു പോയി. അതുകണ്ടാറെ ഇനി ഇവിടെ കിടന്നാൽ നന്നാകയില്ലെന്ന വിചാരിച്ചു പതുക്കെ എഴുനീറ്റു പുറത്തുപോയി കിടന്നു. ചെട്ടി പുറത്തുപോയി കിടന്നിട്ട അരനാഴിക ആകുന്നതിന്ന മുമ്പിൽ ബ്രാഹ്മണൻവന്ന വഴിനടന്ന ചടപ്പുകൊണ്ട കട്ടിലിന്മേൽ കിടന്നുറങ്ങി. അതു സ്ത്രീ അറിഞ്ഞില്ലാ രാത്രി പതിനഞ്ചനാഴികയായ

പ്പോൾ ചെന്ന വിളിച്ചപ്പോൾ ഒന്നും മിണ്ടാതെ ഇരുന്നതകണ്ടാറെ. കത്തി എടുത്തുകൊണ്ടവന്ന കഴുത്തറുത്ത ആഭരണങ്ങൾ എടുപ്പാനാ യിട്ട വിളക്ക കൊണ്ടുവന്ന നോക്കിയപ്പോൾ ചത്തതു തന്റെ ഭത്താ വാകുന്നു എന്ന അറിഞ്ഞാറെ. ഒരു ചെട്ടിവന്ന എന്റെ ഭത്താവിനെ കൊന്നേച്ചുപോയി എന്ന നിലവിളിച്ചു. ആ നിലവിളികേട്ട സമീ പത്തിലുള്ളവർ എല്ലാവരുംവന്ന നോക്കിയപ്പോൾ ബ്രാഹ്മണൻ ചത്തുകിടക്കുന്നതു കാണുകകൊണ്ട ചെട്ടിയെ പിടിച്ചുകെട്ടി പിറെറ ദിവസം കാര്യക്കാരുടെ അടുക്കൽ കൊണ്ട ചെന്നു. ആ കാര്യക്കാർ സമീപത്തിലുള്ളവരെ ഒക്കെയും വരുത്തി വിചാരിച്ചാറെ അന്ന ചെ ട്ടി അല്ലാതെ മററൊരുത്തരും അവിടെ വന്നിട്ടുണ്ടായിരുന്നില്ല. എന്ന എല്ലാവരും തികച്ചലായിട്ട പറക കൊണ്ട കൊന്നത ചെട്ടിതന്നെ എന്നനിശ്ചയിച്ചു. ഇതിവനെ കൊല്ലേണ്ടുവ പിഴയാകുന്ന എന്നു പറഞ്ഞു പിടിച്ചുകെട്ടി സർവ്വാധികാര്യക്കാരുടെ അടുക്കലെക്കു സൂക്ഷിച്ചുകൊണ്ട പോകത്തക്കവണ്ണം ആളുകളെയുംകൂട്ടി അയച്ചു. സർവ്വാധികാര്യക്കാർ ചെട്ടിയോട ചോദിച്ചപ്പോൾ ഞാൻ കൊന്നി ട്ടില്ലാത്തകാര്യമാകകൊണ്ട അങ്ങുന്നതന്നെ പരമാത്ഥത്തോളം വിചാ രിക്കെണമെന്നും അപരാധം ചെയ്യാതെഇരിക്കുന്നവരെ ശിക്ഷിച്ചാൽ അതു വലുതായിട്ടുള്ള ദോഷമാകുന്ന എന്ന അങ്ങുന്ന അറിഞ്ഞിട്ടുണ്ടെ ല്ലൊ എന്നും അതുകൊണ്ട വഴിപോലെ വിചാരിച്ചാൽ കൊന്നതു ഞാൻ തന്നെയെന്ന നിശ്ചയം വന്നു എങ്കിൽ എന്നെ കൊല്ലുന്നതുകൊ ണ്ട സങ്കടമില്ലെന്നും മററും വേണ്ടുംപ്രകാരം ഒക്കെയും തികച്ചലായിട്ട ചെട്ടി പറഞ്ഞു. അതുകേട്ടപ്പോൾ അതിന്റെ പരമാത്ഥം അറിയേണ്ട തിന്നായിട്ട സവ്വാധികാര്യക്കാർ ആവഴിയമ്പലത്തിൽ ചെന്നുപാ ത്തു. ചെട്ടിവഴിപോക്കനായിട്ട വന്നിരുന്നവനാകകൊണ്ട ബ്രാഹ്മ ണനോട ദ്വേഷ്യം ഉണ്ടാവാനുള്ള സംഗതി ഇല്ലായ്കകൊണ്ടും ബ്രാഹ്മ ണന ചട്ടിയും കലവുമല്ലാതെ മററൊന്നും ഇല്ലായ്കകൊണ്ട മുതലൊക്ക യും എടുത്തകൊണ്ട പോവാനായിട്ട കൊന്നു എന്ന വിചാരിപ്പാനും ഇട ഇല്ലായ്കകൊണ്ടും കൊന്നതു ചെട്ടിഅല്ലെന്ന മനസ്സുകൊണ്ട നിശ്ചയിച്ചു. വെട്ടിക്കൊല്ലുവാൻ ആയുധം കൂടാതെ കഴിയാത്ത താകകൊണ്ട ആയുധം ചെട്ടി കൊണ്ടുവന്നിട്ടുണ്ടായിരുന്നു എങ്കിൽ അത വിചാരിക്കെണമെന്ന വെച്ചു ബ്രാഹ്മണസ്ത്രീയോടും പിന്നെ അവിടെ ഉണ്ടായിരുന്നവരോടും ചോദിച്ചപ്പോൾ ആയുധം ഒന്നും കൊണ്ട വന്നില്ല എന്നുപറഞ്ഞാറെ. ആയുധത്തിന്റെതുമ്പഉണ്ടായാൽ ഇതിന്റെനിശ്ചയ മറിയാമെന്നു വെച്ചു സമീപത്തിൽ കുടിയിരു ന്നവരെ ഒക്കെയും വരുത്തി ശോധനചെയ്യാറെ. ചെട്ടിയെകൊന്ന ദിവസം സന്ധ്യയാകുമ്പോൾ ബ്രാഹ്മണസ്ത്രീ അവിടെ അടുക്കൽ കുടിയിരിക്കുന്ന തീയന്റെ വീട്ടിൽ ചെന്നു ചക്കവെട്ടേണ്ടതിന്നു നിന്റെചെത്തുന്നകത്തിതരണമെന്ന ചോദിച്ചു എന്നും. അവൻ ക ത്തി കൊടുത്തില്ല എന്നും പിന്നെ നാലുനാഴിക ചെന്നപ്പോൾ തീ യത്തിയോട നല്ലവാക്കുപറഞ്ഞ ഏററകത്തിമേടിച്ചു കൊണ്ട

പോയി എന്നും കോക്കകൊണ്ട. തീയനെയും തീയത്തിയെയും വ രുത്തിചോദിച്ചാറെ അതഉള്ളതുതന്നെ ആകുന്നു എന്ന അവർ അനു വദിച്ചു കൈച്ചീട്ടഎഴുതി വെച്ചതിൻെറ ശേഷം. ബ്രാഹ്മണസ്ത്രീ യെ വരുത്തി അവരെക്കൂടെനിറുത്തി ചോദിച്ചപ്പോാം ബ്രാഹ്മണ സ്ത്രീയും അനുസരിച്ചു. പിന്നെയും നിഷ്കർഷിച്ചു വേണ്ടും പ്രകാ രം ചോദിച്ചപ്പോാം ബ്രാഹ്മണനെ കൊന്നത അറിയാതെ വന്നു പോയതാകുന്നു എന്ന അനുവദിക്കകൊണ്ട ബ്രാഹ്മണസ്ത്രീക്ക ശിക്ഷ വിധിച്ചു ചെട്ടിയെപോകത്തക്കവണ്ണം പറഞ്ഞയക്കകയും ചെയ്തു.

2 കേരള ഉൽപത്തിയിൽ നിന്നുള്ള വിശേഷങ്ങൾ

ഞായവും നടുവും കലികാലത്ത ഉണ്ടായ്തു. ദ്വാപരയുഗത്തിങ്കൽ ഒരു ബ്രാഹ്മണൻ ഒരു കന്യകയെവിവാഹം ചെയ്തു. അന്നു സ്ത്രീധന ത്തിന്നായികൊണ്ട മറെറ ബ്രാഹ്മണൻ ഒരുഭൂമി ഉദകം ചെയ്തു. വേ ട്ടബ്രാഹ്മണന്ന അങ്ങനെകാലം സ്വല്പം ചെല്ലുമ്പോാം ആപറ മ്പിൽ ഒരു ഭവനംചമെപ്പാൻ തൂൺ കുഴിച്ചപ്പോാം ഒരു നിക്ഷേപം കണ്ട അതിൽവളരെ ദ്രവ്യം ഉണ്ടെന്നഅറിഞ്ഞു മുമ്പിൽകൊടുത്ത ബ്രാ ഹ്മണനോട ചെന്നുപറഞ്ഞു നമുക്കതാൻ തന്നപറമ്പിൽ ഒരു നിധി ഉണ്ട. അതഇങ്ങുകൊണ്ടപോരികയും വേണം ആദ്രവ്യംക്കൂടെ താൻ നമു ക്കഇങ്ങ തന്നതുംഅല്ല. ബ്രഹ്മസ്വം അറിയാതെതന്നത ഇങ്ങ പ രിഗ്രഹിച്ചുകൂടാ. എന്ന കേട്ടതിൻെറ ശേഷം അതിൽ പെട്ടതൊക്കെ യും ഞാൻനിണക്ക തന്നിരിക്കുന്നു അതു ഞാൻ പരിഗ്രഹിക്ക ഇല്ലെ ന്ന മറെറ ബ്രാഹ്മണൻ പറഞ്ഞതിൻെറശേഷം തമ്മിൽ വിവാ ദിച്ചു പോകയും ചെയ്തു. അങ്ങനെ കുറഞ്ഞകാലം ചെല്ലുമ്പോാം ഒരു രാത്രിയിൽ ഭൂമിയിങ്കൽ കലികടക്കയായ്തു. അന്നുരാത്രിയിൽ രണ്ട പരിഷക്കുംതോന്നി. ഭൂമിയോടെക്കൂടി തന്നമുതലുകാം ഒക്കയും ഇങ്ങു തന്നെവേണ്ടതാകുന്നു അതിൽപെട്ടതഒക്കയും ഇങ്ങുതന്നുകിടക്കുന്നു ഞാൻകൊടുക്കെണ്ടതല്ല എൻെറ ഭോഷത്വംഅത്രെ ഞാൻ അങ്ങോട്ട ചെന്ന പറഞ്ഞതഎന്ന വാങ്ങിയാാക്ക തോന്നി. മറെറ ബ്രാഹ്ണ ന്നുതോന്നി ഞാൻ ഭൂമിയും നീരും ജന്മവും കൊടുത്തിട്ടുള്ളു അതിലെ നിധി കൊടുത്തിട്ടില്ല. അത ഇങ്ങത്രെവേണ്ട എന്നു കല്പിച്ചു. പി റെറന്നാാം നിധിഎടുപ്പാൻ തക്കവണ്ണം രണ്ട പരിഷകളുംക്കൂടി ആ പറമ്പിൽ എത്തുകയുംചെയ്തു. നിധിഇങ്ങത്രെ വേണ്ടഎന്നും ഇങ്ങ ത്രെ വേണ്ടഎന്നും ഇങ്ങിനെ തങ്ങളിൽ വിവാദിച്ചു പലനാാക്കൂട്ടം കൂടി പലരും എത്തുകയുംചെയ്തു. അന്ന എല്ലാവരും കല്പിച്ചു ഈദ്ര വ്യം ബുദ്ധിപൂർവ്വം അറിഞ്ഞു കൊടുത്തതുമല്ല. അറിഞ്ഞു വാങ്ങിയതു മല്ല. അതുകൊണ്ട ഈദ്രവ്യം മൂന്നായിപകുത്തു ഒർഓഹരികൊടുത്ത ആാക്കും ഒർഓഹരി വാങ്ങിയ ആാക്കും ഒർഓഹരി ഇവിടെ എ ത്തിയ ഞങ്ങാക്കും എന്നനടുപറഞ്ഞു തിരിച്ചയക്കെയുംചെയ്തു. അന്നുതുടങ്ങിനടുപറകയും നടുക്കൂട്ടം കൂടുകയും ഞായംനടത്തുകയും ചെ യ്യുന്നതു.

2

കൊച്ചിയിൽ മൂത്തകോവിലും കൊച്ചിയിൽഇളയകോവിലും ഉണ്ട. അങ്ങനെ ഇരിക്കുംകാലത്തു കൊച്ചിയിൽ നടുമുററത്ത ഒരുചെറുനാരകംഉണ്ട. നാരങ്ങ കായ്ച്ചുമൂത്താൽ ഇളയതാവഴിയും ആളുകകളുംകൂടിവന്ന പറിച്ചുകൊണ്ടു പോയികളയും. അക്കാലം. രേവതി പട്ടദാനംകഴിഞ്ഞ ഒരുഭട്ടതിരി അവിടെക്ക എഴുന്നെള്ളി. രേവതി പട്ടദാനത്തിൻെറ ഊട്ടുംസംഭാരവും ചോദിച്ചു മൂത്തതാവഴിയിന്നു ഊട്ടും സംഭാരങ്ങളും പറഞ്ഞു നാരങ്ങകറിയുടെ യൊഗങ്ങളും കേൾപ്പിച്ചു. ഈചെറുനാരങ്ങ മൂപ്പിച്ചുഎനിക്ക തരണമെന്നരുളിചെയ്തു ഭട്ടതിരി. നാരങ്ങമൂത്താൽ ഇളയതാവഴിയും ആളുകളും കൂടവന്നു പറിച്ചു പോയികളയും അതിന്നൊരുപദേശം ഉണ്ടെന്നരുളി ചെയ്തു ഭട്ടതിരി. താമൂതിരിയുടെ ആളെ പാർപ്പിച്ചാൽ നാരങ്ങ മൂത്തുകിട്ടും എന്നാൽ ഒരാളെ കൂടപാർപ്പിച്ചു പോകെണം എന്നരുളിചെയ്തു മൂത്തതാവഴിയിന്നു. എന്നാറെ തൻെറ ബാല്യക്കാരനെ കൂടെനിറുത്തി, വെട്ടി കൊന്നുപോയാൽ ചോദ്യം എന്ത എന്ന അവൻ ചോദിച്ചു. വെട്ടി കൊന്നുപോയാൽ താമൂതിരിയെകൊണ്ട കൊച്ചികോട്ടയുടെ ഓടു ചവിട്ടിച്ചേക്കുന്നുണ്ടു എന്നു ഭട്ടതിരി അരുളിചെയ്തു അവനെ പാർപ്പിച്ചു എഴുന്നെള്ളി. എന്നാറെനാരങ്ങ മൂക്കയും ചെയ്തു. ഇളയതാവഴിയും ആളുകളുംവന്നു നാരങ്ങപറിപ്പാൻ തുടങ്ങിയപ്പോൾ നാരങ്ങ പറിക്കരുതെന്ന അവൻപറഞ്ഞു. അതുകേളാതെ നാരങ്ങ പറിച്ചുതുടങ്ങി. എന്നാറെ നൊമ്പടെതമ്പുരാൻെറ തൃക്കാലാണഇട്ടു. ആണകേളാതെ നാരങ്ങപറിച്ചു. എന്നാറെ പറിച്ചവൻെറ കൈയുംവെട്ടി അവനെയും കൊന്നു. അതുകേട്ടു ഭട്ടതിരി കൊച്ചിയിൽ എഴുന്നെള്ളി. മൂന്ന ഓടെ എടുത്തു തന്നുടെ ഇല്ലത്തുവന്നു വീരാളിപട്ടിൽ പൊതിഞ്ഞു താമൂതിരി കോവിലകത്ത എഴുന്നെള്ളി നൊമ്പടെതമ്പുരാനു തിരുമൽകാഴ്ച വെച്ചു. ഇത എന്ത എന്ന അരുളിചെയ്തു തമ്പുരാൻ ബ്രാഹ്മണർ സത്യം പറകയാവു അസത്യംപറയരുതു. താമൂതിരിയുടെ ആളെ കൊച്ചികോട്ടയിന്ന കൊച്ചിയിൽ ഇളയതാവഴിയും ആളുകളുംകൂടി വെട്ടികൊന്നു അതിന്നു കൊച്ചികോട്ടയുടെ ഓടാകുന്നിതു തൃക്കാലടി എടുത്തു ചവിട്ടികളകെവേണ്ടു എന്നു ഭട്ടതിരി ഉണർത്തിച്ചു. നമ്മുടെ തമ്പുരാൻ തൃക്കൺ ചുവന്നു തിരുമേനി വിയർത്തു തിരുവിൽ ചിറക്കലെക്ക എഴുന്നെള്ളി 30000—ത്തിന്നും 10000—ത്തിന്നും പയ്യനാട്ടുലോകർക്കും തിരുവെഴുത്ത എഴുതിവരുത്തി ലോകർക്കു ചെലവിന്നുംവെച്ചു അച്ചനും* ഇളയതും** ഉണ്ടയുംമരുന്നും കെട്ടിച്ചു, കൊച്ചികോട്ടെക്കു നേരെക്കൂട്ടി കോട്ടയും തച്ചുതകർത്തു പോന്നിരിക്കുന്നു എന്ന മുമ്പിൽ ഉള്ളവർ പറഞ്ഞുകേട്ടിരിക്കുന്നു. (ഇതു താമൂതിരിയുടെ കേരളോത്ഭവത്തിൽ നിന്ന എടുത്തതു.)

* മങ്ങാട്ടച്ചൻ എന്ന ഒന്നാം കാര്യക്കാരൻ.

** തിനയഞ്ചേരി ഇളയതഎന്ന രണ്ടാം കാര്യക്കാരൻ.

3

കോലം വേണാട്ടോടിടയിൽ ഉള്ള രാജാക്കന്മാരും ഇടപ്രഭുക്കന്മാരും
വാണിരിക്കുംകാലം കോഴികൊട്ടകോയവന്ന മൂലം പറയുന്നു.

മസ്ക്കിയത്തദ്വീപിങ്കൽ ഇരിവർ പുത്രന്മാർ ജനിച്ചുണ്ടായി
ഒരു ബാപ്പെക്ക പിന്നവർ. ബാലിസുഗ്രീവന്മാരെപോലെ ഇടഞ്ഞ
പ്പൊഴെ അവരുടെ ബാപ്പ മൂത്തവനോട്ട പറഞ്ഞു. നിങ്ങൾതമ്മിൽ
മത്സരിച്ച മറെറയവൻ നിന്നെവധിക്കും എന്റെറ ശേഷത്തിങ്കൽ.
അതുകൊണ്ട നിങ്ങൾ ഇരിവരും ഇവിടെ ഇരിക്കേണ്ടാ നീവല്ല ദ്വീ
പാന്തരത്തിങ്കൽ പോയി നിന്റെറടം കഴിക്കെഅത്ര നിണക്കുനല്ല
തു. അതിന്നു നിണക്കുപൊറുപ്പാൻ മാത്രം പൊന്നു ഞാൻ തരുന്നുണ്ട
എന്ന പറഞ്ഞു ഒരു കപ്പലിൽ പിടിപ്പതു ദ്രവ്യം കൊടുത്തു അവനെ
അയച്ചു. അവൻ ആ പൊന്നും കൊണ്ട അനേകരാജ്യങ്ങളിൽ ചെന്നു.
അവിടവിടെ വാഴും രാജാക്കന്മാരെക്കണ്ടു തിരിമുൽകാഴ്ചവെ
ച്ചാൻ. അതൊ എന്തെല്ലാം കാഴ്ചവെച്ചു അച്ചാർ പൃശ്ശുപെട്ടിയിൽ
പൊന്നുംവെച്ചടെച്ചു അച്ചാറെന്നു പറഞ്ഞു വെക്കും. അങ്ങനെ വേ
പ്പാൻ കാരണം അവരവരുടെ നേരും നേരുകേടും തിരിച്ചറിഞ്ഞ വി
ശ്വസിപ്പാനായിട്ട നേരുള്ളിടത്തു തനിക്കിരിപ്പാൻ അവരവരെ പരീ
ക്ഷിപ്പാൻ തന്നെ ഇങ്ങനെ വെച്ചുകണ്ടതു. അങ്ങനെ അനേകം രാജാ
ക്കന്മാരെ പരീക്ഷിച്ചു അവർ ആരും അതിന്റെറനേർ പറഞ്ഞില്ല.
പിന്നെ പൂന്തുറക്കോനെ കണ്ടുവെച്ചവാറെ പറഞ്ഞു. ഇതാ ഇതുനി
ന്നൊടപകന്നു പോയി ഇതച്ചാറല്ല സ്വർണ്ണം ആകുന്നു. എന്നു പറ
ഞ്ഞാറെ വിശ്വസിപ്പാൻ നന്നു എന്ന അവനുബോധിക്കയും ചെയ്തു.
ഇങ്ങനെ കോഴിക്കോട്ടകൊയ (കോജ) പന്ന പ്രകാരം.

4

ഒരു ദിവസം ചേരമാൻപെരുമാൾക്ക അലക്കുന്നവെളുത്തെ
ടൻ ഒരു ആചാരിസ്ത്രീയുടെ ചൊൽകേട്ടു പെരുമാളുടെ തുണിഅധി
കമായി വെളുപ്പിച്ചപ്പോൾ പെരുമാൾ പ്രസാദിച്ചു. അന്നു വെളുത്തെ
ടൻ എനിക്ക ആചാരിസ്ത്രീയെ വിവാഹം കഴിപ്പിച്ചു തരെണം എ
ന്ന അപേക്ഷിച്ചാറെ. അങ്ങനെതന്നെ എന്നപെരുമാൾ അരുളിചെ
യ്തു. തട്ടാൻ–ആശാരി മൂശാരി–കൊല്ലൻ ഈനാലുജാതിക്കാരെയും
വരുത്തി വെളുത്തെടത്തവന ആചാരികന്യകയെ കൊടുക്കെണം എ
ന്ന അരുളിചെയ്താറെ. ആയ്ത ഞായമല്ലാത്ത കാര്യമാകുന്നു എന്ന അ
വർ പറകയുംചെയ്തു. അതിന്റെറ ശേഷമായിട്ടും എത്രയും നിർബ്ബ
ന്ധിച്ചു പറഞ്ഞതുകേട്ടു. ഈ കാര്യം സമ്മതിച്ചില്ലാ എങ്കിൽ ചേ
രമാൻപെരുമാൾ ദന്ധിപ്പിക്കുമെന്നവെച്ചു ഭയപ്പെട്ടു ആചാരിസ്ത്രീ
യെ കൊടുക്കാം എന്നും ആയതിന്ന ഒരുനാളും നേരവും ആക്കി മുഹൂർ
ത്തം നിശ്ചയിച്ചു വെളുത്തെടത്തവനും അവന വേണ്ടത്തക്കവരും

കൂടി ആശാരി സ്ത്രീയുടെ പുരക്കൽ വരട്ടെ എന്നും ഉണർത്തിച്ചാറെ അ
ങ്ങിനെ തന്നെ എന്ന അരുളിചെയ്തതകേട്ട അവർ പോകയും ചെയ്തു.
അവർ ആശാരി സ്ത്രീയുടെ പുരക്കൽചെന്നു യന്ത്രപ്രയോഗമായി
ഒരു പന്തൽ തീർത്തു. ആ പന്തലിന്റെ തൂണതട്ടിയാൽ പന്തൽ വീഴ
മാറാക്കിവെച്ചു. അവിടെ നാളുംനേരവും നോക്കി വെളുത്തെടത്തവ
നും അവന്റെ കൂടയുള്ളവരുംവന്ന ഇരുന്നാറെ കമ്മാളർചെന്ന തൂണ
തട്ടിക്കളഞ്ഞു പന്തൽവീണ വെളുത്തെടത്തവനും അവന്റെ കൂടവന്ന
എല്ലാവരും മരിച്ചുപോകയും ചെയ്തു. അതിന്റെ ശേഷം ഇനി ഈ
നാട്ടിൽ കുടിയിരുന്നാൽ ചേരമാൻപെരുമാൾ മൂലഛേദം വരു
ത്തും എന്നഭയപ്പെട്ട അന്നുരാത്രിതന്നെ പെണ്ണും പിള്ളകളെയും കൂട്ടി
കൊണ്ടു എല്ലാവരും പുറപ്പെട്ടുപോകയും ചെയ്തു. അവർഈഴത്തുചെ
ന്ന ഈഴത്തുരാജാവിനെക്കണ്ടു വസ്തുതഉണർത്തിച്ചു അവിടെപാർത്തു.
മുക്കാലം കഴിഞ്ഞപ്പൊഴെക്ക മലയാളത്തിൽ ദേവാലയങ്ങളും ബ്ര
ഹ്മാലയങ്ങളും പണിചെയ്യേണ്ടുന്നതിന്നും കല്യാണംകഴിക്കുന്ന
സ്ത്രീകൾക്ക മംഗല്യസൂത്രം ഉണ്ടാക്കെണ്ടതിന്നും ആളില്ലാതെ വളരെ
കുഴങ്ങി ഇവരെതിരഞ്ഞ ആളെഅയച്ചാറെ ആയാൾ ഈഴത്തുചെന്ന
കമ്മാളരോടവസ്തുതപറഞ്ഞപ്പൊൾ ഞങ്ങൾ മലയാളത്തിൽവന്നാൽ
ചേരമാൻപെരുമാൾ ഞങ്ങളെകൊന്നുകളയും എന്നുവിചാരിച്ചു ഞ
ങ്ങൾ ആരും മലയാളത്തിലെക്ക ഇല്ലെന്ന പറഞ്ഞതു കേട്ട അവർക്ക
പല പ്രകാരത്തിലും സത്യംചെയ്തുകൊടുത്തു. അതുബോധിച്ചാറെ
ഈഴത്തരാജാവവർകളുടെ അരിയത്ത അവർചെന്നു ഞങ്ങൾ മലയാ
ളത്തിലെക്ക പുറപ്പെട്ടു എന്നയാത്രഉണർത്തിച്ചാറെ വഴിതുണയായിട്ട
ചിലഈഴക്കാരെയും ഒരു സേവകനെയും കൂട്ടി അയക്കുകയും ചെയ്തു.
ആയവർ എല്ലാവരും കൂടി മലയാളത്തിൽവന്നു ചേരമാൻ പെരുമാ
ളെ കണ്ടാറെ കമ്മാളർക്കും അവരോടുകൂടിവന്ന ഈഴവർക്കും സേവകനും
വേണ്ടുന്നബഹുമാനങ്ങൾ ഒക്കയും കൊടുത്തു വേണ്ടുംവണ്ണംആക്കി ഇ
രുത്തുകയും ചെയ്തു. അന്നുകൂടവന്നവർ അത്രെ ഈഴവർ. ആ സേവകൻ
വന്നവനത്രെ തണ്ടായ്മസ്ഥാനത്തോടും കൂടി ഇരിക്കുന്നവൻ. (ഇതു
കേരളനാടകം എന്ന ഗ്രന്ഥത്തിൽനിന്ന എടുത്തതു.)

5

ഈഴവർ ഈഴദ്വീപിങ്കൽ നിന്നുവന്ന പരിഷകൾ. (ഈഴം
എന്നതൊ സിംഹളം എന്നും സീഹളം എന്നും ചൊല്ലുന്ന ദ്വീപാകുന്നു)
കമ്മാളർ ചേരമാൻ പെരുമാൾക്ക അലക്കി പിഴിയുന്ന വെളുത്തേടൻ
ഞങ്ങൾക്കും അലക്കിപിഴിഞ്ഞതരെണം എന്ന അവനൊട പറഞ്ഞ
തിന്റെ ശേഷം അവൻ അനുസരിക്കാത്ത സംഗതിക്ക അവനെ വെ
ട്ടികൊന്നു നീരിലാഴ്ത്തികളകയും ചെയ്തു. അതുകേട്ട ചേരമാൻ
പെരുമാൾ അവരെ വരുത്തി അന്വെഷിച്ചപ്പോൾ. ഞങ്ങളെ പെ
ണ്ണിനെ അവനുകൊടുക്കെണം എന്നു പറഞ്ഞതിന്റെശേഷം അവ
നെ ഞങ്ങൾ കൊന്നത എന്ന രാജാവകേട്ടവാറെദ്വെഷിച്ചു നാട്ടുന്ന

കളഞ്ഞു. അവർ പേടിച്ചനാടുവിട്ട ഈഴത്തുപൊയി കുറഞ്ഞകാ
ലംചെന്നാറെ അവർ വരായ്കകൊണ്ടു ഇണ്ടുദണ്ഡം ഉണ്ടാകയുംചെ
യ്തു. പിഴപോക്കീട്ട എങ്കിലും ചെന്നിരിക്കെഉള്ളു എന്ന അവക്കും
തോന്നിരിക്കും കാലം സമത്ഥനായിട്ട ഒരു പാണൻ ഈഴനാട്ടിൽ ചെ
ന്ന അവൻ കമ്മാളരെക്കണ്ടാറെ—അവർ ചോദിച്ചു. മലയാളത്തിൽ
വത്തമാനങ്ങളും ശേഷം ഗ്രാമത്തിൽ തമ്പുരാന്മാരും രാജാവും എങ്കളെ
കൊണ്ടു ഏതാനും ചില വത്തമാനങ്ങൾ കല്പിക്കുന്നതു കേൾപ്പാനു
ണ്ടൊ എന്ന അവർ ചോദിച്ചതിന്റെ ശേഷം. പാണൻ പറഞ്ഞു നി
ങ്ങളെകൊണ്ടു ഏതും കേൾപാനില്ല. നിങ്ങൾ ചെയ്യേണ്ടുന്ന പ്രവൃ
ത്തിക്കും ഒരു ദണ്ഡം കാണ്മാനില്ല. എന്നിങ്ങനെ അവൻ പറഞ്ഞു
കേട്ടതിന്റെ ശേഷം ഞങ്ങളെ പിഴയുംതീത്തു ചേരമാൻ പെരുമാളു
ടെ തിരുവുള്ളക്കേടുംപോക്കി ഞങ്ങളെ പെരുമാൾ വാഴുന്ന കേരള
ത്തിൽ ഇരുത്തുമാറാക്കുമെങ്കിൽ നിന്നെയും ഞങ്ങളിൽ ഒന്നുപോലെ
വെച്ചുകൊള്ളുന്നതുണ്ടു. എന്നപറഞ്ഞ അവർ എല്ലാവരുംകൂടി നിരൂ
പിച്ചു ഇവനെ സമ്മാനിച്ചു അയക്കണം എന്നുകല്പിച്ചു, തങ്ങളുടെ
കാതിലും കഴുത്തിലും കിടക്കുന്ന പൊന്നെടുത്തഴിച്ചു ഒരു വളയും തീ
ത്തു സമ്മാനമായികൊടുക്കയും ചെയ്തു. ശേഷം അവൻ യാത്രയും വ
ഴിങ്ങിപ്പോന്ന ചേരമാൻ പെരുമാളെക്കണ്ടു തൊഴുത അടിയൻ കമ്മാ
ളരെ വിട്ടുകൊണ്ടിരിക്കും നേരത്തു വിടകൊണ്ടുപോയിരുന്നു. അവർ
അടിയത്തിന്ന ഒരു വളതന്നു ഈവള അങ്ങെ തൃക്കൈകൊണ്ടു വിള
യാടി അടയരതിന്നു നരികയും വേണം എന്നുണർത്തിച്ചു വള ഊരി
വെച്ചു കൊടുക്കയും ചെയ്തു. അപ്പോൾ ആ വള എടുത്തുനോക്കി പ
ണി കൌശലങ്ങളുംകണ്ടു അവന്നുകൊടുക്കയും അരുളിചെയ്തു. അവ
രുടെ വർത്തമാനങ്ങളൊക്കയും എങ്ങിനെ ഇരിപ്പു എന്നകേട്ടാറെ അ
ങ്ങൊട്ടുണത്തിച്ചു. അവക്ക എത്രയും സ്വൎഗ്ഗാനുഭവം എന്നെ വിടകൊ
ള്ളുണ്ടു. എന്നല്ല അവക്ക ഇണ്ടുവന്നിരിക്ക എന്നും ഇവിടത്ത വ
ത്തമാനങ്ങളും പ്രസംഗംപോലും അവക്ക ഒരുത്തക്കും ഇല്ലാതെ കാ
ണുന്നു എന്നാറെ അവരൊട അടിയൻ ഒന്നുവിടകൊണ്ടു ചോദിക്ക
യും ചെയ്തു. അടിയൻ നിങ്ങളെക്കൂട്ടികൊണ്ടു ചെല്ലുവാൻ തക്കവണ്ണം
അരുളിചെയ്തയച്ചിരിക്കുന്നു ആ തമ്പുരാനും യോഗത്തിൽ തമ്പുരാക്ക
ന്മാരും എന്നുകേട്ടാറെ. ഞങ്ങൾപോരെണം എന്നുവരികിൽ തമ്പുരാ
ന്റെ അലങ്കാരങ്ങൾഒക്കയും ഞങ്ങൾക്കലങ്കരിപ്പാൻ തക്കവണ്ണം സ
മ്മതിച്ചുതരുമെങ്കിൽ ഞങ്ങളും പൊരാം. അവ്വണ്ണം അലങ്കാരത്തോടു
കൂടെതന്നെ പൊരുന്നുണ്ടു എന്ന പറഞ്ഞകേട്ടപ്പോൾ അടിയനും വിട
കൊണ്ടു പറഞ്ഞു. വരാത്തകാര്യം നിങ്ങൾ മൊഹിക്കേണ്ടാ നി
ങ്ങൾ ചെല്ലായ്കകൊണ്ടു അങ്ങ ഒരു ദണ്ഡം ഇല്ല. എങ്കിൽ ഇണ്ടും ദ
ണ്ഡമില്ലാ എന്ന അവർ പറഞ്ഞാറെ അടിയൻ യാത്രയും വഴങ്ങി
എന്ന ചേരമാൻ പെരുമാളോടു പാണൻ ഉണത്തിച്ചു വാങ്ങിനി
ന്നതിന്റെശേഷം. അവരെ നിന്റെവാഗ്വൈഭവത്താൽ ഇണ്ടുവരു
ത്തി പിഴയും പോക്കിച്ചു അവരെ ഇങ്ങിരുത്തുമാറാകിൽ അവക്കും

നിണക്കും ചിലസ്ഥാനങ്ങൾ നൊംകല്പിച്ചുതരുന്നതും ഉണ്ട. ശേഷം അലങ്കാരത്തോടുകൂടി പോരുകയുംചെയ്യട്ടെ. എന്ന ചേരമാൻ പെരുമാൾ അരുളിച്ചെയ്തു കേട്ടതിന്റെ ശേഷം അവൻ യാത്ര ഉണൎത്തിച്ചു പോകയും ചെയ്തു. അങ്ങുചെന്ന കമ്മാളരുമായി കണ്ടു നിങ്ങൾ ഞാൻ പറഞ്ഞവണ്ണം കേൾക്കും എന്നുണ്ടെങ്കിൽ ഒട്ടുംവൈകാതെ പുറപ്പെടുകെ വേണ്ടു. കോലാഹലത്തൊടുംകൂടി പോകയുംവേണം നമുക്ക എന്ന എല്ലാവരും സന്തോഷിച്ചു പാണന്ന കടുത്തിലയും പലിശയുംകൊടുത്തു വീരവാളിപ്പട്ടും കച്ചയും തലയിൽകെട്ടിച്ചു മുമ്പിൽ അകമ്പടി നടത്തിച്ചു നടത്തംചൊല്ലി ഈഴവരെ ചങ്ങാതവും കൂട്ടി മുകവരെകൊണ്ടും മുക്കവെരെകൊണ്ടും കെട്ടുംഎടുപ്പിച്ചു അങ്ങനെവന്ന പെരുമാളെകണ്ടു പിഴയുംപോക്കിച്ചു ഈവണ്ണംനിങ്ങൾ എന്നും ആചരിച്ചുകൊൾക എന്നു ആജ്ഞയുംവാങ്ങി തങ്ങടെതങ്ങടെ ദിക്കിൽ പോയി എല്ലാവരും ഇരിക്കയുംചെയ്തു. അതുകൊണ്ട ഈഴവർ മുകയർ മുക്കവർ ഇവർ ഈഴത്തുനാട്ടിൽനിന്നുവന്നവർ എന്നുംപറയുന്ന. (ഈഴവൎക്ക തീയർ എന്നുപേരുണ്ടായതു ദ്വീപർ തീവർ എന്നതിൽ ഉത്ഭവിച്ചതത്രെ. അതുകൊണ്ടഅവർ സിംഹളദ്വീപിൽ നിന്നുവന്ന പരിഷ എന്നുള്ളപഴമ സത്യംതന്നെ ആയിരിക്കും. തെങ്ങു എന്ന നാമധേയത്തിന്നു തെക്കുനിന്നുള്ള മരംഎന്ന അൎത്ഥം ആകുന്നതുകൊണ്ടു ഈഴദ്വീപുകാർ വന്നു കുടിയിരിക്കുമ്പോൾ തേങ്ങയുംകൊണ്ടുവന്നു കേരളത്തിൽ നട്ടുതുടങ്ങി എന്ന ഊഹിപ്പാൻ സംഗതി ഉണ്ടു.)

3 വ്യവഹാരമാലയിൽനിന്ന എടുത്തഋണദാനം

ഇന്നവിധത്തിൽ കടംവാങ്ങിച്ചദ്രവ്യം കൊടുക്കാമെന്നും ഇന്നവിധത്തിൽ വാങ്ങിച്ചദ്രവ്യം കൊടുക്കെണ്ട എന്നും കടം കൊടുക്കുന്നതിന്ന ഇന്നവർ അധികാരി എന്നും ഇന്നസമയത്ത കൊടുക്കെണമെന്നും ഇന്നപ്രകാരമായിട്ട കൊടുക്കെണമെന്നും കടം വാങ്ങിച്ചവൻ ഇടത്തിൽഉള്ള അഞ്ചധൎമ്മങ്ങളെയും കടംകൊടുക്കേണ്ടും പ്രകാരത്തെയും വാങ്ങിക്കെണ്ടും പ്രകാരത്തെയും ചൊല്ലുന്നപദത്തിന്ന ഋണദാനമെന്നുപേർ. പണയംമുതലായ്തു വാങ്ങിയും കൊണ്ട കടംകൊടുക്കുന്നതിൽ മാസമൊന്നിന്ന നൂറിന്ന ഒന്നേകാൽപണം വീതം പലിശവെച്ചശീട്ട എഴുതി വാങ്ങിയുംകൊണ്ട കൊടുക്കെണം.

മാസം ഒന്നിന്ന ഒരു പണംവീതം പലിശവെച്ച എഴുതി വാങ്ങിച്ചുംകൊണ്ട കടംകൊടുക്കെണം. മാസംഒന്നിന്ന നൂറിന്ന ഒരു പണം പലിശയും വെച്ച കടംകൊടുക്കുന്നത എത്രയും സത്തുക്കളുടെ ധൎമ്മമായിട്ടുള്ളത. പിടിപ്പതു പൊൻവെള്ളി മുതലായ പണയം എങ്കിലും നിലംപുരയിടം തൊട്ടെങ്കിലും പിടിച്ച ജാമ്യംഎങ്കിലും സാക്ഷിയോടുംകൂടി എഴുതിവാങ്ങിച്ചുംകൊണ്ട കടംകൊടുക്കെണം.

സമ്മതിച്ചഎഴുതി വാങ്ങിച്ചപലിശക്ക അധികം സിദ്ധിക്കയില്ല. സമ്മതിച്ചഎഴുതിയ പലിശ മാസം ഒന്നിന്ന അഞ്ചപണം

വരെയും സിദ്ധിക്കും.സമ്മതിച്ചഎഴുതി വാങ്ങിച്ചതിൽ ശാസ്ത്രത്തിൽ ചൊല്ലിയിരിക്കുന്ന അഞ്ചപണത്തിന്ന അധികമായിട്ടുണ്ടെങ്കിൽ ആയ്തും സിദ്ധിക്കയില്ലാ. പലിശെക്ക എഴുതി കൊടുക്കാതെ ഉണ്ടാകു ന്നപലിശയെ ചൊല്ലുന്നു. കയിവായ്പവാങ്ങിച്ചവക്ക തന്നവൻ ചോദിക്കുമ്പോൾ കൊടുക്കാതെ മറെറാരുദിക്കിൽപോയാൽ മൂന്നുമാസംകഴിഞ്ഞാൽ പിന്നെ അതിൽ ആ ദ്രവ്യത്തിനു പലിശ ഉണ്ടായിവരും.

വിലനിശ്ചയിച്ചചരക്ക വാങ്ങിച്ചവിലകൊടുക്കാതെ ചരക്ക കൊണ്ടു അന്യദേശത്തേ പ്രാപിച്ചാൽ ആറുമാസംകഴിഞ്ഞാൽ പിന്നെത്തതിൽ ആ ദ്രവ്യത്തിന്നു പലിശ ഉണ്ടായിവരും. സ്നേഹംകൊണ്ടു കൊടുത്തവകകൾക്ക പലിശ ഒത്തിട്ടില്ലാ എങ്കിൽ ഒരു സംവത്സരം കഴിഞ്ഞാൽ പലിശ ഉണ്ടായിവരും. പ്രീതികൊണ്ടു ഇരവായിട്ടും വായ്പയായിട്ടും കൊടുത്തിരിക്കുന്ന വകക്ക തിരിയചോദിക്കുന്ന വരെയും പലിശവരികയില്ലാ. ചോദിക്കുമ്പോൾ കൊടുത്തില്ലെങ്കിൽ നൂററിന്ന അഞ്ചപണംവിതം മാസംഒന്നുക്ക പലിശ ഉണ്ടായിവരും.

പലിശമുടങ്ങി കിടന്നുപോയാൽ അതാത ദ്രവ്യത്തിന്നുള്ള പലിശയുടെ വിവരത്തെ ചൊല്ലുന്നു. രത്നങ്ങൾ മുത്തുപവിഴം പൊൻ വെള്ളി ഈവകകൾക്ക വെച്ചിരിക്കുന്നപലിശ മുടങ്ങിപോയാൽ മുതലിന്ന ഇരട്ടി കൂട്ടികൊടുപ്പിക്കെണം. ധാന്യങ്ങൾക്കും വൃക്ഷങ്ങളിൽ ഉണ്ടാകുന്ന പുഷ്പഫലങ്ങൾക്കും പരമധാനി ചാമരം മുതലായ്തിന്നും കുതിര–കാള_ഈവകകൾക്കും പലിശമുടങ്ങി കിടന്നുപോയാൽ തിരിയ കൊടുക്കുമ്പോൾ മുതലിന്ന അഞ്ചപങ്കോളം പലിശ സിദ്ധിക്കും. അതിലധികം കൂട്ടിയാൽ സിദ്ധിക്കയില്ലാ. പലിശ മുടങ്ങി കിടന്നുപോയ വിഷയത്തിങ്കൽ കീരമുതലായ ചെറുകറിവകകൾക്ക മുതലിൽ അഞ്ചപങ്കുവരെയും ചെറിയ വിത്തുവകകൾക്ക നൂറു പങ്കുവരെയും സിദ്ധിക്കും എല്ലാഎണ്ണകൾക്കും എല്ലാമദ്യങ്ങൾക്കും എല്ലാനെകൾക്കും ശക്കരകരിമ്പ മുതലായതിന്നും പലിശ മുടങ്ങിക്കിടന്നുപോയാൽ മുതലിന്ന എട്ടുപങ്കുവരെയും സിദ്ധിക്കും.

മൂന്നാമൻ ഏററ ദ്രവ്യത്തിന്നും അനുഭവിച്ചവന്ന പണയത്തിന്നും പണംവാങ്ങിച്ചവൻ പണംകൊണ്ടുവരുമ്പോൾ കടം വാങ്ങിച്ചവൻ പലിശയും മുതലും തിരിയകൊണ്ടുവന്നതരുമ്പോൾ കടംകൊടുത്തവൻ വാങ്ങിച്ചില്ലെങ്കിൽ ആയതിന്നും പിഴചൊല്ലിച്ച ദ്രവ്യത്തിന്നും ചുങ്കംതിന്ന പണത്തിന്നും പ്രതിജ്ഞചെയ്യപ്പെട്ട ദ്രവ്യത്തിന്നും പലിശവരികയില്ലാ. പലിശക്ക എഴുതികൊടുത്ത പണയം പരുമാററുതെന്ന പറഞ്ഞ സൂക്ഷിക്കെണം കൊടുത്തിരിക്കുന്ന പണയത്തിന്നു ഉടയവനെ ബോധിപ്പിക്കാതെ അനുഭവിച്ചഎങ്കിൽ എഴുതിയനാൾ മുതൽക്കുള്ള പലിശവരികയില്ല. പൊൻവെള്ളി വെങ്കലപാത്രം കാളകുതിര മുതലായ ഉപകാരമുള്ള പണയത്തിന്നു പലിശെക്ക സമ്മതിച്ചുകൊള്ളെണമെന്നും എഴുതികൊടുത്തിരിക്കുന്ന പണയത്തിനെ

പിന്നെത്തതിൽ പണയം ഉടയവന്ന അനുഭവിപ്പാൻ വല്ലാതെചേതം വരുത്തിയാൽ പലിശ ദ്രവ്യംകൊടുത്തവനും വരികയില്ലാ. പണയം വാങ്ങിച്ചവന്ന ചേതംവരുത്താതെ തിരിയകൊടുത്താൽ പലിശ സിദ്ധിക്കും. കാള—കുതിര മുതലായ പണയത്തിന്ന പണയം വാങ്ങിച്ചവൻ ഉപേക്ഷ മുതലായ ദോഷമില്ലാതെ സൂക്ഷിച്ചവരുമ്പോൾ പണയത്തിന്ന കൈകാൽമുടങ്ങി ഊനംവന്നുപോക എങ്കിലും ചെയ്താൽ വേറിട്ടപണയമെങ്കിലും വാങ്ങിച്ച ദ്രവ്യമെങ്കിലും കൊടുക്കെണം അല്ലെങ്കിൽ ഋണമോചനം വരികയില്ലാ. (ഇതു സംസ്കൃതത്തിൽനിന്ന ഭാഷയാക്കിയതു.)

4. കേരളപഴമ

താമൂതിരിയുടെവമ്പട പെരിമ്പടപ്പിനൊടും പറങ്കികളോടും തോററപ്രകാരംപറയുന്നു.

കൊല്ലം 679—ക്രിസ്താബ്ദം 1504—മാൎച്ച—16 താമൂതിരി സന്നാഹങ്ങളോടുകൂട ഇടപ്പള്ളിയിൽ എത്തി എന്നുകേട്ടപ്പോൾ പച്ചെകുകപ്പിത്താൻ 60 ചില്വാനം പറങ്കികളെ കൊച്ചികോട്ടയിൽ പാർപ്പിച്ച ശേഷമുള്ളവരോടുകൂട താൻ പള്ളിയിൽചെന്ന ആരാധനകഴിഞ്ഞ ഉടനെ തോണികളിൽ കരേറി കൊയിലകത്തിൻ മുമ്പാകെ എത്തുകയും ചെയ്തു. അന്ന പെരിമ്പടപ്പിന്ന 5000—നായന്മാർ ഉള്ളതിൽ 500—പേരെ തെരിഞ്ഞെടുത്തു പച്ചെകിന്റെ വശത്ത ഏല്പിച്ചു. ഇവരെ നടത്തെണ്ടുന്നവർ കണ്ടകൊരു എന്നും പെരിങ്കൊരു എന്നും ഉള്ളകൊയിലധികാരികളും വള്ളത്തുരുത്തികൈമളും അടവിൽ പണിക്കരും അത്രെ. രാജാവകരഞ്ഞുകൊണ്ട അവരെ യുദ്ധത്തിന്ന വിട്ടയച്ചപ്പോൾ പച്ചെകിനൊടു നിങ്ങളുടെ ജീവരക്ഷെക്കായിട്ട നോക്കുവിൻ എന്ന പറഞ്ഞാറെ. ആയവൻചിരിച്ചു നിങ്ങൾ എണ്ണംവിചാരിച്ചു ഭയപ്പെടുന്നു ഞങ്ങളുടെ ദൈവം കല്പുള്ളല്ലൊ എന്ന പറഞ്ഞു പുറപ്പെട്ടു ശനിയാഴ്ച രാവിലെ കമ്പലംകടവിൽ എത്തി താമൂതിരിയുടെ ആൾ ചുരുക്കമാകകൊണ്ടു വേഗംകയറി മാററാന്റെ അനേകം പശുക്കളെ അറുപ്പാനായി കൊണ്ടുപോകയും ചെയ്തു. അതിനാൽകൊച്ചിനായന്മാർ വളരെ ദുഃഖിച്ചു പോരുമ്പോൾ പടനാൾ കുറിക്കെണ്ടതിന്നായി ഒരു പട്ടർവന്നു കന്നലക്കോനാതിരിയുടെ കല്പനയാൽ നാള പടഉണ്ടാകും എന്നും നിന്നെകൊല്ലുംഎന്നും അറിയിച്ചു. അതിന്നുപച്ചെകു നിങ്ങടെ ജ്യോതിഷാരികൾക്ക കണക്കതെററിപോയി നാളയല്ലൊ ഞങ്ങളുടെ മഹോത്സവത്തിലെ ഒന്നാംഞായറാഴ്ച എന്ന പറഞ്ഞു ആയുധക്കാരെ അറിയിച്ചു അവരും രാത്രിമുഴവനും അഹങ്കരിച്ചും കളിച്ചുംകൊണ്ട ശേഷം രാവിലെ സ്വർഗ്ഗരാജ്ഞിയെ വിളിച്ചുപ്രാൎത്ഥിച്ചു പടെക്കായി ഒരുമ്പെടുകയുംചെയ്തു.

അപ്പോൾ താമൂതിരിയുടെ മഹാസൈന്യം കടവിങ്കൽ എത്തുന്നതു കണ്ടു. മുമ്പെതന്നെ പറങ്കിയെവിട്ട ഓടിപോയ ഇതല്യക്കാർ

ഇരിവരും താമൂതിരിയുടെ കല്പനപ്രകാരം വാൎത്തുണ്ടാക്കിയ 5 വലിയതോക്ക വലിച്ചുകൊണ്ടുവരുന്നത ആദിയിൽ കണ്ടു. പിന്നെ നാലുരാജാക്കന്മാരും 10 ഇടപ്രഭുക്കന്മാരോടുംകൂട നായന്മാർ വരുന്നതുംകണ്ടു. അത ആർ എന്നാൽ.

1) താനൂർരാജാവായ വെട്ടത്തുമന്നൻ 4000 നായന്മാർ.

2) ചുരത്തോളം രക്ഷിച്ചുപോരുന്ന കക്കാട്ടനമ്പടി 12000 നായന്മാർ. അവന്റെപേർ കണ്ടന്നമ്പടി എന്നും കുക്കടരാജാവെന്നും പൊൎത്തുഗീസ പുസ്തകങ്ങളിൽ എഴുതികാണുന്നുണ്ടു.

3) കോട്ടയകത്തരാജാവ 18000 നായന്മാർ. ഇവൻപുറനാട്ടുകര തമ്പുരാൻതന്നെ.

4) പൊന്നാനിക്കും കൊടുങ്ങല്ലൂരിന്നും നടുവിലെ നാട്ടുവാഴുന്ന കുറിവക്കോവിൽ 3000 നായർ. ഈപേരിന്നു നിശ്ചയം പോരാ. കുടിവൎഗ്ഗുരുവായിരിക്കും.

ഇങ്ങനെ നാലുരാജാക്കന്മാർ നാലുകൊടികളിൻ കീഴിൽ 37000 ആയുധപാണികളായ നായന്മാരെ ചേൎത്തുകൊണ്ടു നേരിട്ടുവന്നു. ശേഷം 10–ഇടപ്രഭുക്കന്മാരുടെപേർ കാണുന്നതിപ്രകാരം. കൊടുങ്ങല്ലൂർ വാഴുന്ന പടിഞ്ഞാറഎടത്തുകോവിൽ. ഇടപ്പള്ളിഇളംകോവിൽ നമ്പിയാതിരി. ചാലിയത്തവാഴുന്നപാപ്പുകോവിൽ. വേങ്ങനാട്ടുനമ്പിയാതിരി. വന്നലച്ചേരിനമ്പിടി. വേപ്പൂർവാഴുന്ന പാപ്പുകോവിൽ. പരപ്പനങ്ങാടിപാപ്പുകോവിൽ. മങ്ങാട്ടുനാട്ടുകൈമൾ. ഇങ്ങിനെഉള്ള 20000–ചില്വാനം നായരും മാപ്പിളമാരും അറവികളും കോഴിക്കോട്ടുനമ്പിയാതിരിയുടെ കുടക്കീഴിൽ യുദ്ധത്തിന്നായി അടുത്തുവന്നു. അതുകൂടാതെ 160–പടകുംഉണ്ടു അതിൽ കരേറിവരുന്നവർ 12000–ആളോളം ആകുന്നു. ഇതല്യക്കാർ ഓരോന്നിന്നു ഈരണ്ടു തോക്കുണ്ടാക്കി പടവിൽവെച്ചു ഉറപ്പിച്ചു ദേഹരക്ഷക്കായി വരുത്തി നിറെച്ചു ചാക്കുകളെ ചുററുംകെട്ടിച്ചു 20–പടകുകളെ ചങ്ങലകൊണ്ടു തങ്ങളിൽചേൎത്തു പൊർത്തുഗാൽ പടകിനെഅതിക്രമിപ്പാൻ വട്ടംകൂട്ടുകയുംചെയ്തു.

അന്നുപടകുകളിൽനിന്നു വെടിവെപ്പാൻ തുടങ്ങുമ്പോൾതന്നെ കൊച്ചിനായന്മാർ മടങ്ങിപ്പോയി കണ്ടക്കോരും പെരിങ്ങോരുംമാത്രം അഭിമാനംവിചാരിച്ചു പചെകിന്റെ അരികിൽ നിന്നുകൊണ്ടാറെ അവരെ തന്റെപടവിൽനിറുത്തി യുദ്ധവൈഭവം എല്ലാംകാണിച്ചു. അങ്ങേപക്ഷക്കാർ ക്രമംകൂടാതെ നേരിട്ടപ്പോൾ എണ്ണംനിമിത്തം പൊർത്തുഗാൽഉണ്ടകൾകൊണ്ടു ആയിരം ചില്വാനം നായന്മാർ മരിച്ചു പൊൎത്തുഗീസർ മുറി ഏററിട്ടും ആർ മരിച്ചതും ഇല്ല അസ്തമിച്ചാറെ കോഴിക്കോട്ടുകാർ ആവതില്ല എന്നു കണ്ടു മടങ്ങിപ്പോയി പൊൎത്തുഗീസക്ക് ആശ്വസിപ്പാൻ സംഗതി വരികയുംചെയ്തു. കണ്ടക്കോരു രാത്രിയിൽതന്നെ കൊച്ചിക്കുപോയി രാജാവെ ഉണൎത്തിച്ചു വിസ്മയംജനിപ്പിക്കയുംചെയ്തു. അനന്തരംപെരിമ്പടപ്പുതാൻ കമ്പലക്കടവിൽവന്നു പചെകിനെ അത്യന്തം മാനിക്കയുംചെയ്തു.

താമൂതിരി ബ്രാഹ്മണരോടുചൊടിച്ച തൊലചിയുടെകാരണം ചോദിച്ചപ്പോറം ഭഗവതിക്ക അസാരം പ്രസാദക്കേടായിരുന്നു ഞങ്ങറം ചെയ്ത കമ്മങ്ങളാൽ അതഎല്ലാംമാറി ഞായറാഴ്ചജയത്തിന്നു ശുഭദിവസംആകുന്നു നിശ്ചയംഎന്ന അവർ ബൊധിപ്പിച്ചു. ഇതു പെസഹപെരുനാറംആകകൊണ്ടു പൊർത്തുഗീസ നല്ലനാറംഎന്നു വിചാരിച്ചുപാർത്തു. ആ ഞായറാഴ്ചയിൽതന്നെ [മാർച്ച 25] തകത്തപട ഉണ്ടായി പുഴഎല്ലാം രക്തമയമായിതീന്ന കടവുകടപ്പാൻ കഴിവുവന്നതുമില്ല. പാതിപടകകറം കൊച്ചികോട്ടപിടിക്കേണ്ടതിന്നു രാത്രികാലത്തു തെക്കോട്ട തിരിഞ്ഞുഓടിയാറെ പചെക ഉപായം അറിഞ്ഞു ഉടനെ വഴിയെചെന്നു കൊച്ചികോട്ടയരികിൽ അവരോടഎത്തി വെടിവെച്ചു ഛിന്നഭിന്നമാക്കുകയും ചെയ്തു.

ചൊവ്വാഴ്ചയിൽ മൂന്നാമത്തും വലിയപോർ ഉണ്ടായാറെ ഇതല്യക്കാർ ഇരുവരും ഓരോരൊകൌശലം പ്രയോഗിച്ചിട്ടും ജയംവന്നില്ല. ഉച്ചതിരിഞ്ഞിട്ടു 2 നാഴികയായാറെ താമൂതിരി ആവതില്ല എന്നു കണ്ടു നായന്മാർ മടങ്ങി വരണം എന്നു കല്പിച്ചു. ആയവർ ബ്രാഹ്മണരുടെ കമ്മവും ജ്യോതിഷവുംഎല്ലാം മായം ദൂഷിച്ചുംശപിച്ചുംപറഞ്ഞു പിൻവാങ്ങിനില്ക്കയുംചെയ്തു. കൊച്ചിക്കാർ മൂന്നുജയങ്ങറംനിമിത്തം വളരെ പ്രസാദിച്ചു രാജാവും ഓരോരൊ ഉത്സവംഘോഷിപ്പിക്കയാൽ മാപ്പിളമാർ ഏററവും ക്രുദ്ധിച്ചുകൊല്ലത്തും കണ്ണനൂരിലും ഉള്ളവക്ക എഴുത്തയച്ചു പൊത്തുഗീസർ അശേഷം തോററുംപട്ടും പോയി താമൂതിരിവരുവാറുണ്ടു എന്നു അറിയിച്ചു. അതുകൊണ്ടു ആ രണ്ടുസ്ഥലങ്ങളിലും ചോനകർ മത്സരിച്ചുകാണുന്ന വളക്കാരെ കൊല്ലുവാൻ തുടങ്ങിയാറെ ചെട്ടികറംക്കവന്ന എഴുത്തിനാൽ താമൂതിരിതോററതിന്റെ പരമാത്ഥം എല്ലാടവും പ്രസിദ്ധമായി മാപിള്ളമാർനാണിച്ചു ഒതുങ്ങിപാത്തു. പൊത്തുഗീസരിൽ ഒരുവന്നുമാത്രം കൊല്ലത്തങ്ങാടിയിൽതന്നെ അപായംവന്നതെഉള്ളു. പെരിമ്പടപ്പിന്റെ അയൽവക്കത്തുള്ളഇടവകക്കാരും കമ്മന്മാരും ഈ അവസ്ഥ ഒക്കെയും വിചാരിച്ചാറെ താമൂതിരി പ്രമാണം അല്ല എന്നുതോന്നി. അവരിൽ മങ്ങാട്ടുമൂത്തകൈമറം ഉണ്ടു. അവൻ വൈപ്പിൽവെച്ചു ഉദാസീനായി പാത്തവൻതന്നെ. അവൻ ഉടനെ രാജാവെചെന്നുകണ്ടു അല്പംക്ഷാമം വന്ന പ്രകാരം കേട്ടിരിക്കുന്നു എന്നാൽ കഴിയുന്നെടത്തോളം കൊററിന്നു ഞാൻ കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു നെല്ലും മററും പല സാധനങ്ങളെയും തിരുമുമ്പിൽ വെക്കുകയും ചെയ്തു.

നമ്പിയാതിരി നാംഇപ്പോറംസന്ധിച്ചു മഴക്കാലത്തിൻ മുമ്പെ മടങ്ങിപോകെണം എന്നു താമൂതിരിയോടു മന്ത്രിച്ചു മററുംപലസ്നേഹിതന്മാരും യുദ്ധം സമർപ്പിക്കെണം എന്നു ബുദ്ധിപറഞ്ഞു. ഇടപ്പള്ളി പ്രഭുവൊ വിരോധിച്ചു മാപ്പിള്ളമാരും ഇനിചിലത പരീക്ഷിക്കെണമെന്നുചൊല്ലി സമ്മതം വരുത്തി പുതിയയുദ്ധത്തിന്നു കോപ്പിടുകയുംചെയ്തു. (ഇതുബറോസ മുതലായ പറങ്കിപുസ്തകങ്ങളിൽനിന്നു എടുത്തതു.)

5. സുറിയാണികൾ പറങ്കിപ്പാതിരികളുടെ വശത്തിലായ ശേഷം മത്സരിച്ചു സ്വാതന്ത്ര്യം പ്രാപിച്ച പ്രകാരം

കൎത്താവിനുടെ ആണ്ടു 1598–ൽ കൊല്ലം 573–ൽ അലെശ്രുപറങ്കി മെത്രാൻ ഗോവയിൽനിന്നുവന്നു കൊച്ചിയിൽ രാജാവിനെ സ്വാധീനമാക്കി വരാപ്പുഴെ വീടുവെച്ചു ദർശനമാക്കി 1599–തിൽ കൊല്ലം 774–ൽ ഉദിയമ്പേരുർ സുന്നൊദൊസു[1] കൂടി സുറിയാനിമര്യാദകൾ ഒക്കയുംനീക്കി പറങ്കിമര്യാദകൾ നടത്തുകയുംചെയ്തു. തിരുവിതാംകോട്ടുകാരും ചാട്ടുകുളങ്ങരക്കാരും കൂടിയില്ല. അന്നത്തെ കൂട്ടത്തിൽ പ്രമാണികൾ അല്ലേശ്രുമെത്രാനും ബുദ്ധിക്കാരൻ പ്രാൻസിസ്‌ക്കൊസപാതിരിയും വള്ളരിത്തിയിൽ യാക്കോബപാതിരിയും ബലത്താലെകൂടിയ ഗിവൎഗ്ഗീസ അൎക്ക്ദെയാക്കൊനും [2] മര്യാദകളും ക്രമങ്ങളും മാററിയതിന്റെശേഷം അവിടെകൂടിയതിൽ എതാനും കത്തങ്ങൾ [3] പാതകഞ്ചുകവും ഉടൽകവചവും വിപരീത ധാരണരായി വരികയും ചെയ്തു. ഇതിന്റെശേഷം 1604–ൽ കൊല്ലം 77നു–മാണ്ടു കർക്കടകമാസം 25നു–ഗീവർഗ്ഗീസ അർക്കദെയാക്കൊൻ കാലം ചെയ്തു [4] അംകമാലിക്കരെ ചെറിയ പള്ളിയിൽ അടങ്ങുകയും ചെയ്തു. ഉദിയംപേരുർക്കൂട്ടം കഴിഞ്ഞശേഷം 55–സംവത്സരം പറങ്കിമര്യാദ നടന്നുവരുമ്പോൾ മിശിഹാക്കാലം 1653–ൽ കൊല്ലം 823–മാണ്ടു മാർഗിനാത്യൊസ പത്രിയർക്കിസ [5] മലയാളത്തിൽ വരുവാനായിട്ടു മൈലാപ്പൂരവന്നാറെ ഈദേഹത്തെമലംകരെക്ക അയച്ചാൽ നടത്തിവരുന്നമര്യാദെക്ക ഭേദംവരുത്തുമെന്നുവെച്ചു അവിടെ പാർപ്പിച്ചിരിക്കുമ്പോഴത്രെ മാർത്തോമ്മാശ്ലീഹായുടെ കവറിങ്കൽ [6] കുമ്പിടുവാനായിട്ടു ചെങ്ങന്നൂർ ഇട്ടിചെമ്മാശ്രും കറവലങ്ങാട്ടു കിഴക്കെടത്തു കുര്യൻചെമ്മാശ്രും [7] ചെന്നിരുന്നതു. പാത്രിയർക്കിസിനെ അവർ കണ്ടു ഇവിടത്തെ കുഴപ്പുകൾ പറഞ്ഞതിനെകേട്ടു ആദേഹവും വളരെ ദുഃഖിച്ചു. ചെമ്മാശന്മാരും സങ്കടപ്പെട്ടതിനെ പ്രങ്കായക്കാർ അറിഞ്ഞ ഉടൻ ഇനി ഇവർ തമ്മിൽ കാണായ്‌വാൻ ഒരു മുറിയിലാക്കി കാലവും വെച്ചു സൂക്ഷിക്കകൊണ്ടു–ചതിക്കുമെന്നു നിശ്ചയിച്ചു രഹസ്യത്താലെ ചെമ്മാശന്മാരെ വിളിച്ചു അക്കാലത്തിൽ വാഴുന്ന തൊമ്മാ അർക്കദെയാക്കോനെ അപ്പിസ്‌ക്കൊപ്പായായിട്ടു വാഴിക്കത്തക്കവണ്ണം ഉടമ്പിടികൊടുത്തു യാത്രയാക്കിയതിന്റെ ശേഷം. അവർവന്നു വർത്തമാനങ്ങൾ ഒക്കയും ബോധിപ്പിച്ചു കടലാസുംവായിച്ചു കണ്ടുഉടൻ എല്ലാവരും കൂടത്തക്കവണ്ണം എഴുതിഅയച്ചു. എല്ലാവരും കൂടിയപ്പോൾ പാത്രിയർക്കിസിനെ പറങ്കികൾ കൊച്ചിയിൽ കൊണ്ടുവന്നു

1 സഭായോഗം.
2 ഒരുസഭാസ്ഥാനി.
3 കത്തനാർ എന്ന സുറിയാണിബോധകന്മാർ.
4 മരിച്ചു.
5 സകല സുറിയാണിപള്ളികൾക്കും പ്രധാനയായവൻ.
6 മയിലാപ്പൂരിലുള്ള പള്ളിയിലെ കല്ലറ.
7 ചെമ്മാശ–സഭാശുശ്രൂഷക്കാരൻ.

എന്നും കേരംക്കകൊണ്ട എല്ലാവരുംകൂടെ കൊച്ചിയിൽചെന്ന രാജാവിനെ കണ്ട ഞങ്ങരംക്കുള്ള ആളിനെ കോട്ടെക്കകത്തുനിന്നും വരുത്തിതരെണമെന്ന തിരുമനസ്സറിയിച്ചാറെ വരുത്തിതരാമെന്ന കല്പിച്ചതിൻെറശേഷം. പറങ്കികരം രാജാവിനെ സമ്മതിപ്പിച്ച ശുദ്ധമാകപ്പെട്ടവനെ കടലിൽ കെട്ടിതാഴ്ത്തി അപായം വരുത്തിയതിനാൽ—ആനാഴികയിൽതന്നെ മാളികയുടെ കോവണിമേൽവീണ തലകീറി രാജാവ തീപ്പെട്ടകയുംചെയ്തു. ഇതൊക്കെയും കണ്ടകേട്ട ഉടൻ എല്ലാവരും കൂടെ മട്ടാഞ്ചേരിപള്ളിയിൽകൂടി പ്രകായക്കാരൊട നാം ചേരരുതഎന്നും നമ്മുടെ അനന്തരവരുടെ കാലത്തിലും ഇവരെ കാണരുതെന്നും നിശ്ചയിച്ച പള്ളിക്കാർ ഒക്കയുംകൂടെ ഏകമനസ്സായിട്ട എഴുതിപിടിച്ച മേൽപറഞ്ഞ ആണ്ട മകരമാസം 3നു— വെള്ളിയാഴ്ചനാരം സത്യംചെയ്തു. അവിടെനിന്നും ആലങ്ങാട്ടുകൂടി പാത്രിയർക്കായുടെ കടലാസിലുള്ള പ്രമാണംപോലെ തൊമ്മാ അർക്കദ്യയാക്കൊനെ മെത്രാനായിട്ട വാഴിക്കയുംചെയ്തു. മെത്രാൻെറ അടക്കൽ വിചാരത്തിന്നഅന്നു കടവിൽചാണ്ടികത്തനാർ മുതലായ നാലുപേരെ കല്പിച്ചു. മൂവാണ്ടിൽകൂടി വിചാരമുണ്ടാകുമ്പോരം മാറികല്പിക്കുകയുംചെയ്തു. ഇങ്ങനെ നടന്നു.

6. നബാവ ഹൈതർ അലിഖാൻ ടിപ്പുസുൽത്താൻ എന്നവരുടെ കഥയിൽനിന്നു.

ക്രിസ്താബ്ദം. 1782—ദിസമ്പ്ര നബാവഹൈദർമരിച്ചപ്പോരം എല്ലാവരും ടിപ്പുസുൽത്താൻെറ കല്പന അനുസരിക്കയും വാപ്പ നടത്തിയതിനെക്കാണെ അധികമായിട്ട പടയും കാര്യാദികരം ഒക്കെയും നടക്കുകയും നടത്തുകയുംചെയ്തു. അവിടുന്നും കുറെ ദിവസംകഴിഞ്ഞാറെ നഗരരാജ്യത്തു [1] നിന്നും എഴുത്തുവന്ന ഇവിടെആക്കീട്ടുള്ള കി്ല്ലെദാർ [2] ഹയാത്തഖാൻ എന്നവൻ നിമക്കഹെറാമാക്കി [3] ഇങ്കിസ്സുകർണ്ണെറം മത്തെസ്സ എന്നകപ്പിത്താനുമായി ഒത്തമനസ്സായി കോട്ടയും നാടും ഒക്കെ ഒഴിച്ചുകൊടുത്തു തനിക്കവേണ്ടുന്ന മുതലുംഎടുത്ത കുഞ്ഞുകുട്ടികളെയും ഉരുവിൽ കയററി ബോമ്പായിക്ക പോകയുംചെയ്തു. ഹയാത്തഖാൻ ഇപ്പോരം ബോമ്പായിന്നും വരാതെ അവിടതന്നെപാക്കാനായി പോയതാകുന്നു എന്നും വത്തമാനം അക്കാട്ടുകേട്ടാറെ വലിയ ദ്വേഷമായി ഉടനെതന്നെ അവിടെ മീർമയിനന്തിൻഎന്ന ആളെയും പതുജമാൽഖാനെയും പരിന്ത്രിസ്സ മുസുബൂസിയേയും കല്പിച്ചാക്കി—സുൽത്താൻ ഏതാനും പാളയവും കൊണ്ട പുറപ്പെട്ട നഗർരാജ്യത്തവന്ന കോട്ടവളഞ്ഞു വെടിവെച്ച ഇങ്കിരിസ്സിൻെറ ആളെ ഒക്കെയുംകൊന്ന ശേഷം ആളെഒക്കെയും ചിറപിടിച്ച മാർഗ്ഗംചെയ്തു ഇസ്ലാമാക്കി മാസപ്പടിയും വെച്ചു തൻെറപാളയത്തിൽ ചേക്കയുംചെയ്തു. പിന്നെ നഗരരാജ്യ

1 ഇതഇക്കേരിക്കടുത്ത ബിദന്നൂർനഗരം.
2 കോട്ടമൂപ്പൻ.
3 ദ്രൊഹംചെയ്തു.

ത്തുള്ള കാപിരിനെ ഒക്കെയും പിടിച്ചുമാർഗ്ഗംചെയ്തു ഇസ്ലാമാക്കി. (1783 ക്രിസ്താബ്ദം.)

പിന്നെ മലയാളത്തിൽഉള്ള കാപിരിനെയും തമ്പുരാക്കന്മാരെയും മററും കാവിർആയിട്ടുള്ള എല്ലാവരെയും പിടിച്ചു ഇസ്ലാമാക്കെണമെന്നും അമ്പലവുംബുദ്ദും ഒക്കെയുംവെടിവെച്ചു ഉടച്ചുകളയെണമെന്നും കല്പിച്ചു. അപ്രകാരം പലജാതികളായ കാപിരിനെ ഒക്കെപിടിച്ചു അതിൽ തമ്പുരാക്കന്മാരെയും പലയജമാനന്മാരെയും ഒക്കെ ബലത്താലെ പിടിച്ചു. അപ്പോൾ ചിലർഒക്കെ പൊൻതമ്പുരാൻെറ അവിടയും പരദേശത്തുപോയി പാക്കയുംചെയ്തു. മാഗ്ഗക്കാർ മുതലായവരിൽ ചിലർ ഒളിച്ചുഉരുവിൽ കയറി ഗോവയിൽ പോകയുംചെയ്തു. പിന്നെ സുൽത്താൻ കൊടകു അരചൻെറ രാജ്യത്തുചെന്നു വളഞ്ഞു പടചെയ്തു നാടും അരചനെയും പിടിച്ചു അരചനു മാഗ്ഗം ചെയ്തു യാസീൻഖാൻ എന്ന അരചനപേരും വിളിച്ചു. ആനാട്ടിൽനിന്നും അമ്പതിനായിരം കൊടകുനാട്ടുകാരെയും പിടിച്ചു മാർഗ്ഗം ചെയ്തു ഇസ്ലാമാക്കി മാസപ്പടിക്കു തൻെറ പാളയത്തിൽ ചേക്കയും ചെയ്തു. അരചനിക്കു കുമ്മണ്ടരെസ്ഥാനവും മാസപ്പടിയും കല്പിച്ചു ഒന്നിച്ചു പട്ടണത്തേക്കു കൊണ്ടുപോകയുംചെയ്തു. ഇങ്ങിനെ രണ്ടു നൂറായിരം പലജാതിക്കാരയും പിടിച്ചു ഇസ്ലാമാക്കിയിരിക്കുന്നു. ഏറിയ അമ്പലവുംബുദ്ദും ഒക്കെതച്ചുടെച്ചു നിരത്തുകയും ചെയ്തു. ഇസ്ലാം മാർഗ്ഗവുംദീനും ശെറകം * ഞെറിയായി വരുമ്പോൾ 1660—തിൽ കൊല്ലം 825—ാമാണ്ടു റോമായിൽനിന്നു പാപ്പായുടെ പ്രമാണത്താലെ കമ്മലീത്താദർശനമെന്ന പേരുംവിളിച്ചു യൌസെപ്പമെത്രാൻ കൊച്ചിയിൽ വന്നാറെ കടുത്തുരുത്തിയിൽ വലിയപള്ളിക്കാരും കടവിൽ ചാണ്ടികത്തനാരും കൂടെ സത്യത്തോടമറുത്തു വടക്കുംകൂററിൽ സ്വരൂപത്തെവന്നകണ്ടു അവിടെനിന്നും കോട്ടയിൽബോധിപ്പിച്ചു മെത്രാനെ വരുത്തി വലിയപള്ളിയിൽ ഇരുത്തുകയും ചെയ്തു. ആയാളെ ഞങ്ങൾ അനുസരിച്ചില്ല. അതുകൊണ്ടു മാർതൊമ്മാമെത്രാൻ തറവാട്ടിൽ നിന്നു പനങ്കുഴ ചാണ്ടിക്കത്തനാരെ വരുത്തി അയാൾക്കു വേണ്ടുന്ന ദ്രവ്യം കൊടുത്തു. ബുദ്ധിസാതിപ്പിച്ചു യൊസെപ്പമെത്രാൻ 1663 കൊല്ലം 828—ൽ കുറവലങ്ങാട്ടു പള്ളിയിൽ വെച്ചു ചാണ്ടികത്തനാരെ മെത്രാനായിട്ടു വാഴിച്ചു. അവർ രണ്ടു പേരും കൂടെ ഉത്സാഹിച്ചു ഏതാനും ജനങ്ങളെ വശത്തിലാക്കി. അതിൽകൂടിയ ആളുകൾ പഴെക്കൂററുകാരെന്നും പേർതിരിഞ്ഞ ഞങ്ങൾ പുത്തൻകൂററുകാരെന്നും വിളിച്ചു. ഇങ്ങനെ കുറഞ്ഞൊരുകാലം ചെന്നപ്പോൾ അവർ രണ്ടുപേരും കഴിഞ്ഞശേഷം കമ്മലിത്താ എന്ന പേരും വിളിച്ചു താടി നീട്ടി ഒരു മെത്രാൻവന്നു ഞങ്ങൾ പറങ്കിയല്ലെന്നും ജനങ്ങളെ പറഞ്ഞു ബാധിപ്പിച്ചു വരാപ്പുഴെ മെത്രാനായിട്ടു അവിടെ പാത്തുവന്നു. 1662—ൽ കൊല്ലം 827—മാണ്ടു മെടമാസം 27നു- പറങ്കിപോയി ലന്ത

* സഭായോഗം.

കൊച്ചിയിൽ കോട്ടപിടിച്ച വാഴകയും ചെയ്തു. ഇങ്ങനെ സ്രാണി മാപ്പിള്ളമാരുടെ വൃത്താന്തം.

[ഹൊല്ലന്ത പടനായകനായ ഗ്ഗൻസ കൊച്ചി കോട്ടയെ പിടിച്ചതു ക്രീസ്താബ്ദം 1663—ജനവരി 6നു—തന്നെ—1662—തിൽ അവർ കൊടുങ്ങല്ലൂർ കോട്ടയെ പിടിച്ചടക്കിയ ശേഷം കൊച്ചിയെ വളഞ്ഞു ആക്രമിച്ച തുടങ്ങിയാറെയും മഴക്കാലത്തിന്നു മുമ്പെ പിടിച്ചുകൂടാ എന്നു കണ്ട മാച്ച്മാസത്തിൽ ഹൊല്ലന്ത പട്ടാളം വാങ്ങിനിന്നിരുന്നു.] നടത്തുകയുംചെയ്തു. പിന്നെ തന്റെമക്കരം പതഹ്ഹ ഹൈത്യ എന്നവരെയുംമററും കല്യാണം കഴിക്കയുംചെയ്തു.

അതിന്റെശേഷം ഇങ്കിരിസ്സും പരന്ത്രിസ്സും വിലാത്തിയിൽ നിന്നും ഇണക്കംകഴിഞ്ഞ സംഗതിയാൽ പരന്ത്രീസ്സിന്റെ മൂസൂബുസിക്കത്തങ്ങളിൽ ഇണക്കം കഴിഞ്ഞിരിക്കുന്നഎന്നും അതുകൊണ്ട ഇനിസുൽത്താന്റെ ഒന്നിച്ചനിന്ന ഇങ്കിരിസ്സോട പടചെയ്യേണ്ടഎന്നും കത്തവന്നാറെ ആവത്തമാനത്തിന്ന മൂസൂബുസിസുൽത്താന എഴുതിഅയച്ച ഞങ്ങളെ രാജാവും ഇങ്കിരിസ്സുമായി ഇണങ്ങിപ്പോകകൊണ്ട പടചെയ്യേണ്ടഎന്ന വത്തമാനംവന്നിരിക്കുന്നു എന്നുംമററും എഴുതിയകത്ത സുൽത്താൻകണ്ടാറെ നീ ഇണങ്ങിയിരിക്കുന്നു എങ്കിൽ നീപോയിക്കൊഎന്നും ഞാൻഇണങ്ങുകയില്ലന്നുംമററും മറുവടിഅയച്ചാറെ അവനും പാളയവും പോകയുംചെയ്തു. അപ്പോരം അവനവതലായിട്ട ആക്കാട്ടെക്കഖ്യൂതാനുംപാളയം സുൽത്താൻഅയക്കയുംചെയ്തു. പിന്നെനല്ലസുഖമായിട്ട ആക്കാട്ടെകോട്ട വന്തവസ്താക്കി ശീരങ്കപ്പട്ടണത്തെകോട്ട ഏററവുംകേമമായുംഎടുത്തുണ്ടാക്കയും അതിൽഏററിയ കൌതുകമായിട്ടും അപൂവ്വമായും ചില പണികളും മഹല്യം[1] മാളികയും വീടുകളുംമററുംതീക്കയും തനിക്കഇരിപ്പാൻ പൊന്നകൊണ്ടും നവരത്നംകൊണ്ടും ഏററിയ വിതമായിട്ടും ലെങ്കമായും ഒരുതകത്ത[2] നരിയുടെ കോലമായിട്ട ഉണ്ടാക്കയും കോട്ടയുടെപുറത്ത ലാൽവാകഎന്ന ഒരു പൂന്തോട്ടം ഉണ്ടാക്കി ആസ്ഥിൽഏററിയ അപൂർവ്വമായ കായികനികളും അനാജികളും മററും നട്ടുണ്ടാക്കി അതിൽ ഒരുപള്ളിയും മക്കാമും ഏററിയാ അപൂർവ്വമായും അതിശയമായുംഉണ്ടാക്കി അതിനൊക്കയും പൊൻതാഴികയും വെച്ച. ഇതപോലെ ഒത്ത എടുപ്പുകരം മററൊരുരാജ്യത്തുംഇല്ല. അതിന്റെശേഷം പാദിശാഹ്ഹ എന്ന പേരുംവിളിച്ച ദൌലത്തും[3] യജമാനതവും അധികമായ കേളിയും എല്ലാദിക്കിലും വളരെപരസ്യമാക്കയുംചെയ്തു. പിന്നെ മിലമര്യാദയും കാനൂലുംകെട്ടപട്ടളയും ഒക്കെശെറകവോട ചേർത്തുണ്ടാക്കയുംചെയ്തു.

പിന്നെ സുൽത്താന്റെ ഒരുമകനിക്ക ഹൈതറാബാദനവാവന ജാമലിഖാന്റെമകളെ പെങ്കെട്ടപറഞ്ഞു കത്തഎഴുതി ആളെ അയച്ചാറെ നജാമലിഖാൻ നവാവപണ്ടെ പൂർണ്ണമായിട്ട നവാവുംരാജാങ്കവും

1 കൊയിലകം.
2 സിംഹാസനം.
3 ഐശ്വര്യം.

ആയിരിക്കകൊണ്ട ഠിപ്പുസുൽത്താൻ പുരാണമില്ലാതെ പുതിയ
സുൽത്താനായ്തകൊണ്ടും തനിക്ക ദെഷ്യമായി വന്നിരിക്കുന്നു
എന്നുംമററും കളിയായിട്ട നിന്ദിച്ചുപറഞ്ഞ മറുവടി എഴുതി അയച്ചാ
റെ സുൽത്താനിക്ക വളരെ ദെഷ്യമായി ഉടനെതന്നെത്താൻ മറുവടി
എഴുതി അള്ളാഹ്ത ആലാഅർ വാഹിനെഒക്കെയും പടച്ചുകൂട്ടപെട്ടനാ
ളിൽ അവരവർക്ക പകുതിയായിവിധിക്കപ്പെട്ട സമയം എനെ
സുൽത്താനും നിന്നെ നവാവും ആക്കിയിരിക്കുന്നു എന്നും ആയ്തുകൊ
ണ്ട നീ എന്നെക്കാണെ പഴമഅല്ലഎന്നും സുൽത്താൻഎന്നും നവാവ
എന്നും പറയുന്നപേരകൊണ്ടും സ്ഥാനംകൊണ്ടും നിന്നെക്കാളുംഒട്ടേറ
വലിയതായിട്ടുള്ളത ഞാനാകുന്നുഎന്നും നീഒട്ടേറ തിരിയാത്തവൻ
ആകകൊണ്ടാകുന്നു. ഇപ്രകാരം ഇനിക്ക എഴുതിയ്തഎന്നും ഇനി
നിൻെറ പേര നജാമലിഖാൻ[1] അല്ലെന്നും അജാമലിഖാൻ[2] ആകു
ന്നുഎന്നും അതകൊണ്ട ഇനി നമ്മളിൽ പടതന്നെഎന്നും മററും മറുവ
ടിഎഴുതി അയക്കയുംചെയ്തു. ആയ്തു നവാവ നജാമലിഖാൻ കേട്ട
പ്പോൾ വലിയദ്വേഷ്യവും പകയും വെച്ചു പടെക്കവേണ്ടിമഹറാ
ട്ടൻെറ രാജാക്കന്മാരെയും ഏററിയപാളയം കുമ്മക്ക[3] കൂട്ടകയും അത
സുൽത്താൻ കേട്ടപ്പോൾ ഏററിയ പാളയത്തോടുകൂടെ പടയുംകൊണ്ട
പുറപ്പെട്ടു നജാമാലിഖാൻെറ അദൂനിഎന്ന പറയുന്ന വലുതായിട്ടുള്ള
നാടും കോട്ടയും ഏററിയ പാളയവും മുതലും കുഞ്ഞുകുട്ടികളും ഉള്ള
സ്ഥലത്ത് വളഞ്ഞിട്ട റസ്ഥ[4] മുട്ടിച്ചു ബുർദ കെട്ടി വലിയ
തോക്ക കയററി കോട്ടകൊള്ള വെടിവച്ചപ്പോൾ ആ കോട്ടയുടെ
അകത്ത നജാമാലിഖാൻെറ ജേഷ്ഠൻ നവാവ ബസലാജെങ്കഒസിർ ഏ
ററിയ പാളയക്കാരെക്കൊണ്ട കോട്ടയുടെ അകത്തനിന്നും വലിയതോ
ക്കിൻെറ വെടിവെക്കയും അങ്ങിനെ ഏററിയനാൾ പടവെട്ടി ഏററി
യആൾ ഇരിപുറവും വീണു. പിന്നെ സുൽത്താൻെറ വെടിയുടെ ഊ
ക്കകൊണ്ട കോട്ടഉടഞ്ഞ റസ്ത്തുംമുട്ടിയപ്പോൾ കോട്ടയുടെ അകത്തു
ള്ളവർ ഒക്കെയും രാമാനം ഒളിച്ചു ചാടിപ്പോകയുംചെയ്തു ഹൈതറാ
ബാത കൊള്ളതന്നെ പോയിപാത്തു. അതിൽനിന്നും എതാനും ആ
ളെ സുൽത്താൻ ചിറപിടിച്ചു കോട്ടയും പിടിച്ചുകവർന്നു സുൽ
ത്താൻെറ കൊടിയുംഇട്ടു വന്തവസ്താക്കി. അതകൂടാതെ നജാമലി
ഖാൻെറ ചിലനാടും കോട്ടയും വെട്ടിപ്പിടിച്ചു എന്നാറെനജാമലി
ഖാൻ പേടിച്ചു ഇങ്കിരീസ്സിനെയും മഹറാട്ടനെയും കുമ്മക്കുകൂട്ടി ഹൈ
തറാബാദഎന്നനാടും കോട്ടയും ഉറപ്പിച്ചുനിൽക്കയും എന്നാറെ സുൽ
ത്താൻ അവിടെ പോകേണ്ടതിന്ന ദൂരംവളരെ ഉണ്ടാകകൊണ്ടും
തൻെറ മകൻെറ കല്ല്യാണംകഴിക്കേണ്ടതിന്നും അത കഴിച്ചവഴിയെ
നോക്കികൊള്ളാമെന്നുംവെച്ചു സുൽത്താൻ മലയാളംകൊള്ളെപുറപ്പെട്ട

1 നാടുവാഴി.
2 മ്ലെച്ഛൻ.
3 തുണ.
4 നരത്തു.

പാളയത്തോടുകൂട പുറപ്പെട്ടു കണ്ണൂരിൽ ആലിരാജാവെന്ന സുൽത്താ
നെകണ്ടപ്പോൾ ഠീപ്പുസുൽത്താന അവരോട വളരെ ഇഷ്ടമായി സുൽ
ത്താനും തന്റെ അമീറന്മാരും യജമാനന്മാരും പൌസദാറന്മാരും* ഒ
ക്കെഒരുമിച്ചുസുവാരിപുറപ്പെട്ടു കണ്ണൂർ അറക്കൽ ചെന്നപ്പോൾ എള
യാവുംബീവിയും മഹലുംമാളികയും ഒക്കെവിതാനിച്ചുവിരുന്നാക്കി
ബഹുമാനിച്ചു. പിന്നെ വലിയഎളയാന്റെ മകളെമകൾ അബ്ദുറ
ഹമാൻഎളയാന്റെ മകൾആയും അബ്ദുൽക്കാതിർ എന്നരാജാവി
ന്റെ പെങ്ങളായും ഇരിക്കുന്ന പെണ്ണുങ്ങളെ സുൽത്താന്റെമകൻ അ
ബ്ദുൽഖാലിക്കഎന്നകുട്ടിക്ക അച്ചാരംവെച്ചു ഏറിയഓശാരവും
നാടും അങ്ങോട്ടും ഇങ്ങോട്ടും കൊടുക്കുകയും വാങ്ങുകയും ചെയ്തു. പെ
രിമ്പടപ്പുതമ്പുരാന്റെ നാട്ടിൽപോയി പടവെട്ടിനാടപിടിച്ചു മട
ക്കിന്നകല്യാണം കഴിക്കതെക്കവെണ്ണുവും മലയാളത്തിലെവാഴ്ചയും
കല്പനയും കാര്യവുംഒക്കെ കണ്ണൂരെക്ക ആക്കികൊടുക്കതെക്കവെണ്ണുവും
നിശ്ചയിച്ചു.

സുൽത്താനും പാളയവുംപുറപ്പെട്ടു ചാവക്കാട്ടു പോയിപാളയം
ഇട്ടു. ആവത്തമാനം തമ്പുരാൻ അറിഞ്ഞതിന്റെ ശേഷം പൊൻതമ്പു
രാനും പേടിച്ച് സുൽത്താനിക്ക ഹർജിഎഴുതിബോധിപ്പിച്ചു ഞ
ങ്ങൾ തങ്ങളെ കൈക്കൽനിൽക്കുന്ന ആളാകുന്നു അതുകൊണ്ടു തങ്ങൾ
ഞങ്ങളോട പടചെയ്യരുതെന്നും തങ്ങൾക്ക ഞങ്ങൾ മുതൽ തരേണ
മെങ്കിൽ തരാമെന്നുംമററ ഏറിയസങ്കടങ്ങൾ ബോധിപ്പിച്ചാറെ
നിങ്ങളെ മുതലിന്നും നാട്ടിന്നും ഇനിക്കആവിശ്യംഇല്ലെന്നും നിങ്ങൾ
ഒക്കേയും ഇസ്ലാമാകേണമെന്നും അതേ നിങ്ങളോട ഇനിക്ക ആ
വിശ്യം ഉള്ളൂഎന്നും മററും സുൽത്താൻ കല്പിക്കയുംചെയ്തു. ആ
സ്ലല്ലെങ്കിൽ ഞാൻ നിങ്ങളോട ഉടനെ പടചെയ്യുമെന്നുംകല്പിച്ചാ
റെ അവരെ കാവറിന്റെ മിടുക്കകൊണ്ടു അവക്ക സമ്മതം വന്നതും
ഇല്ല. എന്നാറെ സുൽത്താൻ പടഎടുത്തു പേട്ടകോട്ടയുടെ കൊന്തളം
ഒക്കെയും പിടിച്ചപ്പോൾ തമ്പുരാക്കന്മാർ മതിരാശിയിൽനിന്നും
ഇങ്കിരീസ്സിന്റെ പാളയം വരുത്തിഇരിക്കുന്നു. അവർ നല്ലകേമമാ
യ കോപ്പോടുകൂട നിന്നിരിക്കുന്നസമയത്ത അത്രെ സുൽത്താൻ അവി
ടെ ചെന്നിരിക്കുന്നത. ആകേമമാക്കിയ വത്തമാനംഒന്നുംതന്നെ
സുൽത്താൻ അറിഞ്ഞിട്ടില്ല. അപ്പോൾ പുഴയുടെ അക്കരെകടന്നു പട
നടത്തി കൊച്ചിയുംമററും പിടിക്കേണ്ടകാര്യംകൊണ്ടു ഏതപ്രകാരം
വേണമെന്ന തന്റെ കാര്യസ്ഥന്മാരായവരോടും അമീറന്മാരോടും പൌ
സദാരന്മാരോടുംമററും വിചാരിച്ചാറെ അതിൽ തലയാളുകളായവർ
കാവർകളായും റാവുളികളായും** ഉള്ളവരാകുന്നു. അതിൽ ഒന്നാമനായ
ദിവാൻ കൃഷ്ണരാവഎന്നവനാകുന്നു. രണ്ടാമൻ മീർസാതിക്കെന്നവനും
അവർക്കഒക്കെ സുൽത്താനോടവളരെ പകയുള്ളവരാകകൊണ്ടും സുൽ
ത്താനോട ഉള്ളകൊണ്ടു വളരെ പകത്തരംഉണ്ടു. അതിന്റെ ഹേതു

* സേനാധിപർ.

** മതഭ്രഷ്ടർ.

മുമ്പിനാൽ സുൽത്താൻകല്പിച്ചിരിക്കുന്നു. എന്റെകാര്യസ്ഥന്മാരെ കൂട്ടത്തിൽ ചിലർ കാഫറായിട്ടുള്ളവർക്ക ഒക്കെ മാർഗ്ഗം കഴിക്കേണമെന്നും ഇസ്ലാമാക്കേണമെന്നും റാവുളിയെഒക്കേയും സുന്നി ആക്കേണമെന്നും അമ്പലവും ബുദ്ദും പൂജയും പൂണൂലും കുറിയും കുടുമ്മയും വേണ്ടഎന്നും റാവുളിന്റെനടപ്പ യാഹൂറെസൻ കളിപോലെ ഉണ്ടാക്കിട്ടുള്ളത ഒന്നുംതന്നെവേണ്ടഎന്നും എന്നാറെഅവർ ഒക്കെയും പേടിച്ചപുറമെ അനുസരിച്ച ഉള്ളുകൊണ്ട പൊരും പകയും ചതിയുംവെച്ച സുൽത്താനെ എവിടവെച്ചിട്ടെങ്കിലും കുടുക്കികൊന്നു കളയെണംഎന്നു മനസ്സുകൊണ്ട ചതിയുംവിചാരിച്ച ഇരിക്കുന്ന സമയമത്രെ ആ ചതി വിചാരിച്ചതൊന്നും സുൽത്താൻ ഒട്ടും അറിഞ്ഞിട്ടില്ല ആയ്തുകൊണ്ട അവർഒക്കെയുംകൂടി ബോധിപ്പിച്ച നായന്മാർക്ക ഒട്ടുംതന്നെ പടവെട്ടാൻ നിശ്ചയമില്ലെന്നും അവർ കുറഞ്ഞ ആളെ ഉള്ളുഎന്നും ഞങ്ങൾ പടകയററിയാൽ അവര ഒക്കെകോട്ടയും നാടും ഒഴിച്ച പൊയികളെയുമെന്നും ഏറിയമുതലുംഖജാനയും ഞങ്ങൾക്ക കവർന്നഎടുക്കാമെന്നും ഇന്ന ഇന്ന പ്രകാരം ഒക്കേയും പടകയററെണം എന്നും മററും ഉള്ളിൽ ചതിവിചാരിച്ച പറഞ്ഞപ്പോൾ സുൽത്താനിക്ക നേരാകുന്നു എന്നബോധിച്ചു. കുറഞ്ഞോരു പാളയവും കൊണ്ട സുൽത്താൻ അക്കരെകടന്നു. ശേഷംപാളയം കടക്കുന്നതിന്ന മുൽപ്പെട്ട ഏറിയ നായന്മാരും ഇങ്കിരീസ്സിന്റെ പാളയംകൂടി നിനയാതെ പുറംവന്ന വളഞ്ഞു തങ്ങളിൽഏറിയ പടഉണ്ടായി സുൽത്താനും പാളയവും വഴിയോട്ടഓടി ഏതാനും ആളും വീണു കുറഞ്ഞോരുപാളയവുംതാനും അരിയുടെനീളം കൊണ്ട ഇക്കരെവരികയുംചെയ്തു. സുൽത്താന്റെ പല്ലക്കിയും മററചില സാമാനങ്ങളും അവരെകൈക്കൽ ആയിപ്പൊകയുംചെയ്തു. അതിന്റെശേഷം രണ്ടാംപ്രാവശ്യം സുൽത്താൻ പടെക്ക ഒരിക്കംകൂട്ടുമ്പോൾ വർഷകാലംവന്നു മഴതുടങ്ങിയപ്പോൾ പടക്കപൊടില്ലായ്കകൊണ്ടും ഇങ്കിരീസ്സും നജാമലിഖാനും മഹറാട്ടയുംകൂടി ഒരുമിച്ച പട്ടണംകൊള്ളെ പടഎടുപ്പാൻ വിചാരിച്ച പ്രകാരം കേൾക്കുകകൊണ്ടും വർഷകാലംകഴിഞ്ഞിട്ട പടഎടുക്കാമെന്നവെച്ച സുൽത്താനുംപാളയവും കോയമ്പത്തൂരിൽചെന്ന പാളയമിട്ടുപാർക്കയുംചെയ്തു. (ക്രിസ്താബ്ദം 1790–ജനപരി.)

(ഇത ഒരുചോനകമാപ്പിളയുടെ കൃതിയാകുന്നു.)

7. ആകാശനീന്തം

ഓരോരോദേഹത്തെ ഒഴുകുന്നസാധനങ്ങളിൽ ആക്കി നീന്തിക്കുന്നതിന്ന വലുതായിട്ടുള്ള വിദ്യവേണ്ടാ; വെള്ളത്തിൽ ആക്കിയാൽ കരുമരം മുതലായി ഘനമുള്ളതു ചിലത ഒഴികെ മരങ്ങൾ മിക്കവാറും ഒഴുകുന്നു. മരംവേണ്ടുവോളം വലുതായാൽ കല്ലുംമററും കയററിയാലും മരംവെള്ളത്തിൽ ആണുപോകയില്ല. അതുകൊണ്ടു മനുഷ്യർ മരംകൊണ്ടു തോണിയും കപ്പലും ഉണ്ടാക്കി ആളുംചരക്കും കയററി പുഴകളെ

യും വങ്കടലെയും കടന്നുപൊവാൻ ശീലിച്ചിരിക്കുന്നു. അതുകൂടാതെ ഇരിമ്പുകൊണ്ടു കപ്പൽഉണ്ടാക്കുകയും നടപ്പായ്‌വന്നു. ഇങ്ങിനെയുള്ള കപ്പലിന്നു മരക്കപ്പലിൻെറ ഘനത്തോളം തൂക്കം ഉണ്ടാകയും ഇല്ല. ഇരിമ്പുതകിടാക്കി തടികുറഞ്ഞതായി വന്നാൽ ആ കപ്പലിന്ന ആകാശം വളരെ കൊള്ളുകകൊണ്ടു ആണുപോകയില്ല. പിന്നെ കനാനിൽ ഒർ ഉപ്പുപൊയ്ക ഉണ്ടു അവിടുത്തെ വെള്ളം വെയിലിൻെറ ഊഷ്മാവിനാൽ അതിവേഗത്തിൽ വററിപോകുന്നതു കൊണ്ടു ഉപ്പു വളരെ കലൎന്നിരിക്കുന്ന പൊയ്കയുടെ പോയാലും മനുഷ്യന്നമുങ്ങുവാൻ കഴികയില്ല നീന്തുവാൻ ഒട്ടും പഠിച്ചില്ല എങ്കിലും പകുതിശരീരം മേല്പെട്ടഉന്തി പൊങ്ങികൊണ്ടിരിക്കും. പിന്നെ ഇരിമ്പിനെ അടിച്ചുപരത്താതെകണ്ടു നീന്തിക്കാം. രസംഎന്ന ഒർ ഒഴുകുന്ന ലോഹം ഉണ്ടല്ലൊ. രസത്തിൽ ഒർ ഉണ്ടയൊ ആണിയൊചാടിയാൽ അതുമരംപോലെ ഒഴുകും. അതിൻെറ കാരണം രസത്തിന്നു ഇരിമ്പിനെക്കാളും ആ ഉപ്പുവെള്ളത്തിന്നു മനുഷ്യദേഹത്തെക്കാളും ഘനം അധികം ഉണ്ടു. ഇപ്രകാരം തന്നെ വെള്ളത്തിൻെറ മീതെ എണ്ണയും ചില മദ്യങ്ങളും ഒഴുകും എന്നറിയാം.

നാം കരമേൽ നില്ക്കുന്നവർ എങ്കിലും വലുതായിട്ടുള്ള ഒരു സമുദ്രത്തിൻെറ അടിയിൽതന്നെ വസിക്കുന്നു. ആ സമുദ്രം എന്നത ആകാശംതന്നെ ആകുന്നു. ആകാശത്തിന്നു ഘനവും തടിയും ഉണ്ടെന്നും ആകാശം ഒഴുകുന്ന സാധനം ആകുന്നു എന്നും ചിലർ മാത്രം കേട്ടിട്ടുണ്ടായിരിക്കും എങ്കിലും ആശ്ചൎയ്യപൂൎണ്ണസത്യം തന്നെ. ഈ ആകാശത്തിൽ പക്ഷികൾ പറക്കുന്നതു കണ്ടാൽ അവറെറപോലെകയറുവാൻ സംഗതി വരുമൊ എന്ന മനുഷ്യർ കൂടക്കൂടെ വിചാരിച്ചു ഓരോരൊകൌശലം പരീക്ഷിച്ചിരിക്കുന്നു. അതിന്നു വൈഷമ്യം ഉണ്ടുതാനും. പക്ഷികളുദേഹം ആകാശത്തെക്കാളും ഘനമുള്ളത എങ്കിലും ഓരോരൊതൂവലിലും അസ്ഥികളിലും സഞ്ചികളെപ്പോലെ ഉള്ള നെഞ്ചിടങ്ങളിലും ആകാശം നന്നനിറഞ്ഞിരിക്കുന്നതു കൂടാതെ തണ്ടും തുഴയും എന്നപോലെ ചിറകുംവാലും എത്രയുംചിത്രമായിട്ട ശരീരത്തോടുചേൎന്ന ലഭിച്ചിരിക്കുന്നു. പടച്ചവൻപക്ഷിജാതികളുണ്ടാക്കിയപ്രകാരം എല്ലാം സൂക്ഷ്മമായി വിചാരിച്ചു ആരം പറക്കും യന്ത്രം ചമെപ്പാൻ എത്രവിദ്വാന്മാർ പ്രയത്നംചെയ്തിട്ടും അതഒരുനാളും സാധിച്ചില്ല. മീനെ നോക്കിട്ടു മനുഷ്യർ തോണിക്കു തണ്ടും തുഴയും സങ്കല്പിച്ചിരിക്കുന്നു പക്ഷിയെനോക്കുകയാൽമാത്രം അനുഭവംകാണ്മാൻ ഇല്ല. വിലാത്തിയിൽ ഒരുത്തൻ ഒരുയന്ത്രം ചമെച്ചുകെട്ടികൊണ്ടു ഉയൎന്നഗോപുരമുകളിൽനിന്നു ചാടിയപ്പോൾ പറപ്പാൻ കഴിഞ്ഞില്ല എങ്കിലും ചിറകുകളുടെ വായുബലത്താൽ പതുക്കെ ഇറങ്ങി ശരീരത്തിന്നു ഹാനിവന്നതുംഇല്ല. എങ്ക്ലാന്തിലെ മല്മസ്പുരിഎന്നൊരു വിദ്വാൻ ആവകപരീക്ഷിക്കയാൽ അവമൃത്യു അകപ്പെട്ടുതാനും.

നല്ലചിറകുണ്ടാക്കുവാൻ ഉപായംതോന്നായ്കയാൽ മറെറാന്നുവിചാരിപ്പാൻ സംഗതിവന്നു. ഒരു കുപ്പിയിലെ ആകാശം മിക്കതും

ഒഴിപ്പാൻ 200—വർഷത്തിൻമുമ്പെ ശെരിക്ക എന്നവിദ്വാൻ വളരെ പ്രയാസപ്പെട്ട ഒരു വായുയന്ത്രംചമെച്ചു. പക്ഷെ ആകാശം ഒട്ടുംഇല്ലാത്തഒരുപന്തൊ പാത്രമൊ ഉണ്ടാക്കുവാൻ കഴിഞ്ഞുഎങ്കിൽ അതുപൊങ്ങിപറക്കും എന്ന വിചാരിച്ചു ചിലർ ചെമ്പിൻെറ ലേശമായതകിടുകൊണ്ട അങ്ങിനെചമെച്ചിരിക്കുന്ന അകത്തെ ആകാശംപോയഉടനെ പുറത്തെ ആകാശത്തിൻെറ അമർപ്പകൊണ്ട ആപന്തുപരന്നുവന്നു വീണുപോയി. അനന്തരം ചിലർ ആകാശത്തിൽ പൊങ്ങുന്നതുപുകതന്നെഅല്ലൊ ഒരു പട്ടുപന്തുപശതേച്ചു പുകനിറച്ചാൽ പക്ഷെകയറുമൊഎന്നുപരീക്ഷിച്ചു അതുവും നന്നായിവന്നില്ല. എന്നാറെ ലഘുവായിട്ടുള്ള ഒർആകാശഭേദം കവണ്ടിശ എന്ന വിദ്വാനു കണ്ടുകിട്ടിയ്യതിനാൽ കാര്യസിദ്ധിവരുവാൻതുടങ്ങി.

ജലവായുഎന്ന ഒർ ആകാശംഉണ്ട. അതു തുക്കുവാന്തക്ക സകലസാധനങ്ങളിലും ഘനംകുറഞ്ഞതു. സാധാരണാകാശത്തിൻെറ ഘനം എന്തെന്നു ചോദിച്ചാൽ ഒരു കുപ്പിനിറയവെള്ളം 820—കുപ്പിയിലെ ആകാശത്തോടൊക്കുന്നു. പിന്നെആകാശം നിറഞ്ഞഒരുകുപ്പി 14—കുപ്പിജലവായുവോടു സമമായിനില്ക്കും. ഇങ്ങനെഉള്ള ജലവായു 80—വർഷത്തിന്നുമുമ്പെ രസവാദികൾക്ക കണ്ടുകിട്ടിയ്യതിൻെറ ശേഷം കുട്ടികൾ കടലാവണക്കിൻെറ ചാറുകൊണ്ടു പൊക്കുള ഊതിഉണ്ടാക്കുന്നതുപോലെ ഒരുത്തൻ ജലവായുവെഊതി പൊക്കുളയിൽനിറച്ചാൽ അതിവേഗത്തിൽ ആകാശത്തിൽ കയറിപോകും എന്നും കണ്ടിരിക്കുന്നു. അതിൻെറശേഷം പരിന്ത്രീസ്സായമൊംഗോൽഫ്യ തുണികൊണ്ട 100—മുളം ചുററളവുള്ള പന്തുണ്ടാക്കി കടലാസ്സുകൊണ്ടു പൊതിഞ്ഞവുൽ തീയ്യുടെപുകയും നിറച്ചടച്ചപ്പൊൾ പന്തുകെട്ടിയകയറു അറുത്തഉടനെ അത ആറായിരംഅടിഉയരത്തോളം കരേറിഎങ്കിലും തുണിയുടേപഴുതുകൾ സൂക്ഷ്മമായി അടഞ്ഞിട്ടില്ലായ്കകൊണ്ടു പുറമെഉള്ള ആകാശം ഉള്ളിൽകടന്നുനിറഞ്ഞപ്പോൾ അതുക്രമത്താലെ ഘനംകൂടിവീണുപോയി.

ആയ്ത എല്ലാരാജ്യക്കാരും അറിയേണ്ടതിന്നു വൎത്തമാനകടലാസ്സുകളിൽ വിവരമായിവർണ്ണിച്ചെഴുതിയതിൻെറശേഷം ശാർലസ എന്നപറീസിലെ ശാസ്ത്രി പട്ടുകൊണ്ട ഒരു ചെറിയ പന്തഉണ്ടാക്കി അരക്കുകഷായത്തിൽ ഗോന്തു ചേർത്തരച്ചു പുറമെതേച്ചു ഉള്ളിൽ ജലവായുവെനിറച്ചു പറീസ്സിൽനിന്നു പറപ്പിച്ചു (1783—ക്രിസ്താബ്ദം) ആയ്ത 4—വിനാഴികയകം 3000—അടിഉയരം ഉള്ള മേഘങ്ങളിൽ കരേറിമറഞ്ഞു ചിലനാഴികകഴിഞ്ഞശേഷം 4—കാതംദൂരത്തുചെന്നുവീണു. അതിനാൽ ശാസ്ത്രികൾക്ക അല്പം സന്തോഷം വന്നപ്പോൾ പഴുതുകൾഎല്ലാം എത്രയും സൂക്ഷിച്ചടയുന്ന ഒരുതേപ്പ അന്വെഷിച്ചു. അപ്രകാരം ഒരുത്തൻഉണ്ടാക്കി ഒരു ചെറിയപന്തിന്മേൽതേച്ചു ജലവായുവെ നിറച്ചടെച്ചപ്പോൾ പന്തു വീട്ടിൻെറ അകത്തുനിന്നുയൻ മച്ചോടുചെന്നുമുട്ടി 3—മാസം വീഴാതെപാർത്തു. എന്നാറെ പരീക്ഷക്കായിപന്തിനെ പുറത്തു കൊണ്ടുവന്നപ്പോൾ അതിനെകെട്ടി

യ കയറ അററപ്പോൾ പന്തമേല്പെട്ടേക്ക പറന്നുപൊയി മടങ്ങിവീണ്ണ കണ്ടതുംഇല്ല.

അതിന്നു മുമ്പിൽ ഒരുജീവിയും പന്തോടുകൂട ആകാശത്തിൽ കരേറിപോയില്ല. അപ്പോൾമൊംഗൊൽഫ്യ ഫ്രാഞ്ചിരാജാവിന്റെ സന്തോഷത്തിന്നായി ഒരു ദിവസം ഒരാടു കോഴി വാത്ത ഈമൂന്നി നെയും ഒരുകോട്ടയിൽ ആക്കി പന്തോടചേർത്തുകെട്ടി പറപ്പിച്ചു. അവമൂന്നുംപറീസപട്ടണത്തിന്ന ഒരുകാതം ദൂരവീണ്ണഹാനി ഒന്നുംകൂടാതെ വരികയുംചെയ്തു. വഴിയിൽവെച്ചു കണ്ടതും ഗ്രഹിച്ചതുംമാത്രം ഒന്നും അറിവാറായില്ല. അതുകൊണ്ടു റൊശ്യർ എന്ന വിദ്വാൻ ഘനം ചുരുങ്ങിയ ഒരു പാത്തിയെ പന്തോടുചേർത്തുകെട്ടി താൻ അതിൽ ഇരുന്നു മേല്പെട്ടുകയറുവാൻതുനിഞ്ഞു. എങ്കിലും 100—അടിഉയരത്തിൽ അധികം കയറിളക്കരുത എന്നു കല്പിക്കയാൽ കുറഞ്ഞൊരുനേരംപാർത്തു കയറുവലിപ്പിച്ചതിനാൽ ഇറങ്ങിവരികയുംചെയ്തു ഇതുവും പോരാഎന്നുവെച്ചുറൊശ്യരും ധൈര്യമുള്ളൊരുപ്രഭുവുംകൂടി പിന്നെയും പാത്തിയിൽകയറി ഇരുന്നു പന്തിനെ നിലത്തോടു ചേർത്തു കെട്ടാതെ മേല്പെട്ടു പറപ്പിച്ചപ്പോൾ അവർ ഒരുനാഴികെക്കള്ളിൽ ശീതംഅധികം ഉള്ളമാർഗ്ഗത്തോളംകരേറി കാററിനാൽകിഴക്കൊട്ടു 3—കാതം വഴിദൂരംഓടി സുഖേനഇറങ്ങി വരികയുംചെയ്തു. ഇതുസാധിച്ചതു 1783—ആമത നവമ്പ്ര 21 തിയ്യതിയിൽതന്നെ.

അനന്തരം ഓരോരൊവിദ്വാന്മാർ ശ്രമിച്ചു ആകാശപന്തിനെ കുറവില്ലാതെആക്കി തികവു വരുത്തുവാൻനോക്കി ധൂർത്തന്മാർ ഓരോരൊ വമ്പുചൊല്ലി പല രാജധാനികളിലും നഗരങ്ങളിലും ചെന്നു പന്തോടുംകൂടെ ആകാശത്തിൽകയറി വളരെ സമ്മാനം വാങ്ങുകയും ചെയ്തു. ഇവരിൽ ബ്ലഞ്ചത്തഎന്നവൻ എങ്ക്ളാന്തിൽപോയി ഈ അതിശയംകാട്ടി ധനം വളരെസമ്പാദിച്ചശേഷം ഇക്കരവിട്ടു ഫ്രാഞ്ചിയിലേക്ക പറപ്പാൻവിഷമം ഇല്ല എന്നപറഞ്ഞു തന്നെതാൻവാഴ്ത്തി അനവധിജനങ്ങൾ കൂടിനോക്കുമ്പോൾ ദോവർ കടപ്പുറത്തുനിന്നു പന്തിൽകരേറിപോയി (1785—ജനു—7) ബ്ലഞ്ചർത്തോടുകൂട ഒർഅമെരിക്കക്കാരൻ ഉണ്ടായിരുന്നു. നല്ലകാററുണ്ടാക കൊണ്ടു അവർവേഗത്തിൽ ഫ്രാഞ്ചിയുടെനേരെപറക്കുമ്പോൾ ഉടനെ ജലവായു പന്തിന്റെ ഒരുപഴുതിൽകൂടി പുറത്തുപോവാൻ തുടങ്ങി പന്തു ഏകദേശം സമുദ്രത്തോളം താഴുകയുംചെയ്തു. അപ്പോൾ അവർ ഭയപ്പെട്ടു ഭാരമുള്ളത ഒക്കെയും കുപ്പായം മുതലായതും സമുദ്രത്തിൽ ചാടിക്കളഞ്ഞിട്ടും വെള്ളം തൊടുമാറായപ്പൊൾ കാററഅധികം അടിച്ചതിനാൽ പിന്നെയും അല്പംകയറി കലെസപട്ടണത്തിൽ അരികിൽ ഒരു കാട്ടിൽ ഇറങ്ങുകയുംചെയ്തു. ഫ്രാഞ്ചിരാജാവ ആസ്ഥലത്ത ഓർമ്മെക്കായി ഒരസ്തംഭംനാട്ടി ബ്ലഞ്ചത്തിന്ന സമ്മാനവും മരണപര്യന്തം ആണ്ടുതോറും 500—റീതുറുപ്പികയും ചെലവിനു കൊടുത്തു പോരുകയും ചെയ്തു.

ഈ പ്രഗത്ഭന്ന സാധിച്ചത്ത വിദ്വാനായരോശ്യർ പരീക്ഷിച്ചപ്പൊാൾ താനംചങ്ങാതിയും നശിച്ചപോയി. അതിന്റെ കാരണം കാററിനെ വിരോദിക്കേണ്ടതിന്ന തണ്ട തുഴമുതലായ യന്ത്രങ്ങളെ ചേർപ്പാൻ വിചാരിച്ചത എല്ലാം നിഷ്ഫലമായി. എങ്കിലും ആകാശത്തിന്നകീഴിൽ തെക്കകൊററുള്ളപ്പൊാൾ അല്പം മുകളിൽ വടക്കകൊററുള്ളതും ആകാശത്തിന്റെ ഒഴുക്കം ഉയരത്തിന്നതക്കവണ്ണം പലവിധേന മാറുന്നതും കാൺകകൊണ്ട എതിർകാററു വീശുമ്പോൾ താഴുകയാലും ഉയരുകയാലും അനുകൂലമായ ആകാശം അന്വെഷിക്കാം എന്നകണ്ട ഉപായംവിചാരിച്ചത എന്തെന്നാൽ മുമ്പെപന്തിൽ ജലാവായുവെ നിറച്ചഉടനെ അടെച്ചകളയും പുതിയവായുവെ ചേപ്പാൻ തുനിയുകയില്ല. രൊശ്യരൊ വളരെ സൂക്ഷ്മതയോടെ ഒരുവിധമുള്ള റാക്കവിളക്കവെച്ച പന്തോട ഒരു കുഴൽ ചേത്ത്‌ അധികം ഉയരത്തിൽ കയറേണ്ടതിന്ന പന്തിലെ ആകാശത്തിന്ന അധികം ചൂടവരുത്തി പിന്നെ ആകുഴലിൽ ദ്വാരങ്ങളും സൂക്ഷ്മമായി അടയുന്ന ആണികളും യന്ത്രവില്ലകളും ഉണ്ട. ആവകതുറന്നാൽ ജലവായു പുറത്തുവരും പന്ത ആവിശ്യമുള്ളെടത്തോളം താഴുകയുംചെയ്യും. ഈവക ഇറക്കത്തിന്നും കയററത്തിന്നം പരീക്ഷിച്ചപ്പോൾ നല്ല അനുഭവംകണ്ട എങ്കിലും കാററിന്റെ തള്ളലാൽ റാക്കപകന്ന ജലവായുവെ കത്തിച്ച എങ്കിൽ വീഴ്ച നിശ്ചയം. ജലവായുമുതലായ ചിലവായുക്കളും കത്തുന്ന ആകാശഭേദങ്ങൾ ആകുന്നവെല്ലൊ. അതുകൊണ്ട രൊശ്യരും സഖിയും വളരെ സബ്രെക്ഷയോടുംകൂട പുതിയപന്തിനെ ഒരുക്കി കലെസിൽനന്നകരേറി എങ്ക്ളാന്തകരയുടെനേരെ ഓടി എങ്കിലും കാററു പിന്നെയും പിന്നെയും മാറുകകൊണ്ട നല്ലവണ്ണം നടന്നില്ല. പടിഞ്ഞാറെ കാററു ഫ്രാഞ്ചികരെക്ക ഓടിച്ചപ്പോൾ അവർ മേല്ലെട്ടുകരേറുവാനുള്ള ഉപായം പ്രയോഗിച്ചഎന്ന തോന്നുന്നു. എന്നാറെ എത്രയും ഉയരത്തിരിക്കുമ്പോൾതന്നെ പന്തു കത്തിവീണു തുടങ്ങി. ശേഷിപ്പുകൾ കടപ്പുറത്ത അതിവേഗത്തിൽ വീണെത്തിയപ്പോൾ ഇരുവരിലും മനുഷ്യരൂപം തിരിയുമാറായില്ല. (1785–ജൂൻ–14.)

അതിനാൽ ഭയംതോന്നി എങ്കിലും പലരും ആകാശനീന്തം അധികം ആദരിച്ചുവന്നു. അവരിൽ ക്രൊസ്സിഎന്നവൻ പന്തോട ഒരുവിധം തോണിയെ ചേത്തുകെട്ടി എങ്ക്ളാന്ത ഐരലന്തഎന്ന 2–ദ്വീവുകളെ ഒരുമിച്ചകാണെണ്ടതിന്ന ആ ഇടകടലിന്മീതെ പറന്നകൊണ്ടിരുന്നു. ആ സമയംവേനിൽ എങ്കിലും ഉയരംനിമിത്തം അവന്റെ മഷി ശിതത്താൽ ഉറച്ചപോയി ആകയാൽ ഇറങ്ങുവാൻ ഇച്ശിച്ച ജലവായുവെ അല്പംപുറത്തുവിട്ടപ്പോൾ വടക്കൻ കാററുപന്തിനെ പിടിച്ച മിന്നലും ഇടിയുംചേർന്ന ഒരു മേഘത്തിൽ ചാടിസമുദ്രത്തോളം താഴ്ത്തുകയും ചെയ്തു. തിരമാല അടിച്ചവെള്ളം തോണിയിൽവന്ന വീണു എങ്കിലും പന്തുതോണിയെ വലിച്ചകൊണ്ട പോയി ഒരു കപ്പൽക്കനേരെ ചെന്നതിനാൽ അതിൽ കയറി അപായം വരാതെ ഇരിപ്പാൻ സംഗതിവന്നു.

ഇതല്യപ്രഭുവായ ചമ്പക്കാരി ആകാശവീരന്മാരിൽ ഒരു വിശിഷ്ടനായി. അവൻ ഒരുനാഴം അധികം കയറിയിട്ടിനാൽ തന്റെ മൂന്നവിരലുകളും ശീതത്താൽ ദ്രവിച്ച ശേഷംഛേദിക്കേണ്ടിവന്നു. പിന്നെ അവൻ 2—സഖിമാരോടുകൂട അദ്രിയകടലിൽ വീണപ്പോൾ ഒരു മീൻപിടിക്കാരൻ തന്റെ തോണിയിൽകയററി അവരെ രക്ഷിച്ച പന്തിന്റെ കയറ അറുക്കയും ചെയ്തു. ആയ്തഉടനെ പിന്നെയുംകയറി ഒരു തുക്കകോട്ടയോളം പറന്ന ഗോപുരത്തോടുമുട്ടിപോയി. അരികിൽഉള്ള കില്ലദാർ ഇതുവാനിൽ നിന്നവന്ന ദേവക്കാഴ്ചഎന്നുവെച്ച എല്ലാം ഖണ്ഡംഖണ്ഡമാക്കി രക്ഷഎന്നപോലെ മാനിച്ചവണ്ടപ്പെട്ടവർക്കു വിഭാഗിച്ചുകൊടുക്കുകയും ചെയ്തു. ഒടുവിൽ ചമ്പക്കാരിയും മേൽപ്രകാരം കരേറി ഒരോരൊ പുതുമകളെ പരീക്ഷിച്ചശേഷം ബൊലോഞ്ഞയിൽ വീണുമരിക്കയും ചെയ്തു. (1812)

മേൽപ്രകാരം പലരും ഒരോരൊപന്തുകളിൽ കയറിപറന്ന വിശേഷങ്ങൾ അനേകംഉണ്ടു. കാര്യം ഇതുവരയും നല്ലക്രമത്തിൽ ആയി വന്നില്ല താനും. കാററോടുഎതിർപ്പാൻ ഒരു വഴിയും അറിയുന്നില്ല ഇറങ്ങുകയാലും കയറുകയാലും മീത്തലും കീഴിലും ഉള്ളകാററുകളെ പരീക്ഷിക്കുമാറെഉള്ളു. നല്ലകാററ എങ്കിൽ ഒരു നാഴികെക്കകം എട്ടും പത്തുംകാതം വഴി ദൂരെപറക്കും. പന്തു കയറുന്നത ഒരുമാത്രയിലകം 50—അടി ഉയരത്തോളം ചെല്ലുന്ന വേഗതയോടെതന്നെ. മേഘങ്ങളിൽ കയറിയാൽ അവ ഇങ്ങോട്ടുവീഴുന്ന പ്രകാരംതോന്നും. കയറുന്തോറും ശീതംഅധികംഉണ്ടാകും ആകാശവും സ്ഥൂലത കുറഞ്ഞു ശ്വാസം കഴിപ്പാൻപോലും ഏകദേശം പോരാതെആകും. നന്നഉയർന്നുപോയാൽ കൈകാലുകൾ അല്പം മാത്രംഇളകിയഉടനെ ശരീരംവിയക്കും. പുറത്തുള്ള ആകാശത്തിന്റെ അമച്ചകുറയുംതോറും ശരീരത്താൽ ഒഴുകുന്ന രക്തംപൊങ്ങിപൊങ്ങി കണ്ണു മൂക്കു വായി ചെവികളിൽ നിന്നും ഇററിററുപുറപ്പെടും. അതിനാൽ മുഖംപിർത്തും കരുവാളിച്ചും കാണും. വെടിവെച്ചാൽധ്വനി നല്ലവണ്ണം കേൾക്കാതെയും ചെവിക്കു അധികം വേദനയായിട്ടും കാണും. പ്രാവുമുതലായ പക്ഷികളെ മീത്തലേക്കുകൂടികൊണ്ടുപോയാൽ തത്രപ്പാടും മാന്ദ്യംപോലെയും കാണിക്കും. പുറത്തുചാടിയാൽ അവകൂട്ടംപറക്കാതെ വീണുവീണു ആകാശത്തിന്നു സ്ഥൂലത്വം മതിയാകുന്ന ദിക്കോളം താണുപോകും. മേൽപ്പെട്ടുനോക്കിയാൽ നക്ഷത്രങ്ങളെമഞ്ഞളിച്ചും ആകാശംനീലമായുംഅല്ല കണ്ണുനോവുമറുകറുപ്പേറിയ ആകാശത്തിൽനിന്നു വാനമീനുകൾ സൂര്യപ്രകാശംപോലെ വിളങ്ങി അണരുപേണകാണും. താഴോട്ടുനോക്കിയാൽ കാറില്ലാത്തസമയത്തും ഭൂമിയിലെമഞ്ഞും തടിച്ച ആകാശവും ഹേതുവായിട്ടു ഊരും നാടുംസ്പഷ്ടമായികാണുന്നില്ല.

പ്രാഞ്ചിവീരന്മാർ (1795) ഔസ്ത്രീയരോടുപട കൂടുന്നസമയം ചിലർ പോർക്കളത്തിൽനിന്ന ഒരു പന്തിനെ അല്പം കരേററി 40—കുതിരകളെ കെട്ടിഉറപ്പിച്ച ശത്രുപാളയത്തെ സുഖേന നോക്കി കുഴൽകൊണ്ടുകണ്ടതഎല്ലാം ചീട്ടുകളിൽ എഴുതി ഈയ്യത്തുണ്ടുകെട്ടി

ചീട്ടുകളെ പടനായകന്മാർക്ക ഇറക്കികൊടുക്കയുംചെയ്യു. പിന്നെ ഒരു പടനാളിൽ അപ്രകാരം ചെയ്യപ്പോൾ മാററാന്മാർ 17— വലിയതോക്ക അതിന്റെ നേരെനിരത്തി വെടിവെപ്പിച്ചിട്ടും ചേതംഒന്നും ഉണ്ടായില്ല. പന്തിനെ തുളെച്ചുഎങ്കിൽ എന്തുപായം എന്നാൽ നിവിത്താൻ 10— കോൽവിട്ടമുള്ള ഒരു വീഴ്ക്കുടയെ സങ്കല്പിച്ചിട്ടുണ്ടു. പന്തിനു ചേതംവന്നാൽ ആൾ ആ കുടയുടെ ഉള്ളിൽചാടിഎങ്കിൽ കുടമറിയാതെ ചുററിചുഴന്നുവീഴും. തലതിരിച്ചൽ ഇല്ലാതെ നട്ടുപിടിച്ചുകൊണ്ടവൎക്ക ആവീഴ്ക്കുടയുടെ ഉള്ളിൽ ഇരുന്നു 1000—അടിഉയരത്തിൽ നിന്നും സുഖേന ഇറങ്ങാം നിലത്തെതൊടുമ്പോൾ ആകുട രണ്ടുമൂന്നു തെറിച്ചുപൊങ്ങുകയാൽ ആനേരത്തുതന്നെ നാശം വരാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണ്ടതു.

ഇപ്പൊൾ പന്തിൽ ജലവായുവെ അല്ല കല്ക്കരകാച്ചി എടുത്ത അംഗാരകവായുവെ നിറെക്കും. ആയ്തിന്നു ഘനംകുറയഅധികം ഉണ്ടെങ്കിലുംവില എക്കാന്തിൽ ഏററവും ചുരുങ്ങിയതു കാരണം വിലാത്തിയിലെ വീടുകളിലും തെരുക്കളിലും എണ്ണകൊണ്ടല്ലാ ആകല്ക്കരി വായുവെകൊണ്ട രാത്രിയിൽ വിളക്കുകത്തിക്കുന്നു. അതിന്നു തിരിയും വേണ്ടാ. ആവായുവെ പലുതായിട്ടുള്ള ഗുഹകളിൽ അടച്ചു പിച്ചള കുഴലുകളവെച്ചു എല്ലാ വീഥികളിലും ഭവനങ്ങളിലും നടത്തുന്നതുന്യായം. കുഴലിന്റെ ആണിതിരിച്ചു ദ്വാരത്തോടുതീതൊടുവിച്ചാൽ വായു ഉടനെകത്തും. അതുകൊണ്ട ഒരു പന്തിനെനിറപ്പാൻ മതിയായ വായു വിലാത്തിയിൽ താമസംകൂടാതെ കിട്ടുമാറുണ്ടു.

ബങ്കാളനഗരമായ കലിക്കാതയിലും ബൊമ്പായിലും തിരുവനന്തപുരത്തിലും ഒരുവെള്ളക്കാരൻ പന്തുപറപ്പിച്ചു എന്നുകേൾക്കുന്നു. ഈ നാട്ടുകാർ വല്ലപ്പൊഴും അപ്രകാരംചെയ്യു പരീക്ഷിക്കുമൊ എന്നു ആൎക്കും അറിയാം.

8. ഗണിതശാസ്ത്രത്തിൽനിന്നു എടുത്തതു

തന്ത്രസംഗ്രഹത്തെ അനുസരിച്ചുനിന്നു ഗ്രഹഗതിയിങ്കൽ ഉപയോഗമുള്ള ഗണിതങ്ങളെ മുഴുവനെ ചൊല്ലുവാൻ തുടങ്ങുന്നേടത്തു നടേ സാമാന്യഗണിതങ്ങളായിരിക്കുന്ന സങ്കലിതാദി പരികൎമ്മങ്ങളെ ചൊല്ലുന്നു. അവിടെ ഗണിതമാകുന്നതു ചില സംഖ്യെയങ്ങളിലെ സംഖ്യാവിഷയമായിട്ടിരിക്കുന്ന പരാമർശശേഷം. സംഖ്യകൾ പിന്നെ ഒന്നുതുടങ്ങിപത്തോളമുള്ളവ പ്രകൃതികൾ എന്നപോലെയിരിക്കും. ഇവറെറപ്രത്യേകം പത്തിൽപെരുക്കി നൂറോളമുള്ള വളവററിന്റെ വികൃതികൾ എന്നപോലെയിരിക്കും. ഒന്നു തുടങ്ങിയുള്ള വററിന്റെ സ്ഥാനത്തിങ്കൽനിന്നു ഒരു സ്ഥാനം കരേററീട്ടുമിരിക്കും. ഇവറെറപത്തിൽ ഗുണിച്ചിരിക്കുന്നവററിന്റെ സ്ഥാനം പിന്നെ ഇവ വികൃതികൾ എന്നപോലെയിരുന്നിട്ടിവററിന്റെ സ്ഥാനത്തിങ്കൽ കഷ്വുമുണ്ടു. ഇങ്ങനെ ഇരിക്കുന്നവ പതിനെട്ടു സ്ഥാനത്തിങ്കലെ

അവററിന്നുള്ള സംജ്ഞകരം ഇവ എക—ദശ—ശത—സഹസ്രായുത—ലക്ഷ—പ്രയുത—കൊടയ ക്രമശഃഅബ്ബുദമബ്ജം ഖർവനിഖർവെ മഹാപത്മശംഖവതസ്മാൽ ജലധിശ്ചാന്ത്യന്മദ്ധ്യം പരാദ്ധമിതിദശ ഗുണോത്തരം സംജ്ഞാഃ സംഖ്യായാ. സ്ഥനാനാം വ്യപഹാരാത്ഥം കൃതാഃപൂവ്വൈഃ—ഇതി. ഇങ്ങനെ സംഖ്യക്കുഗുണനവും സ്ഥാനഭേദവും കല്പിയായ്കിൽ സംഖ്യെടെപേക്ഷം അവസാന മില്ലായ്കയാൽ സംഖ്യ കരം തങ്ങളെയും അവററിന്റെ ക്രമത്തെയുമറിഞ്ഞുകൂടാ. എന്നിട്ട വ്യപഹാരത്തിന്നായ്ക്കൊണ്ട ഇവണ്ണംകല്പിച്ച അവിടെ ഒന്നുതുടങ്ങി ഒമ്പതോളമുള്ള സംഖ്യകരംക്ക സ്ഥാനം നടേത്തേതു. പിന്നെ ഇവററെ എല്ലാററെയും പത്തിൽഗുണിച്ചിരിക്കുന്നവററിന്റെ സ്ഥാനം ഇട ത്തേതുകല്പിക്കുന്നു. ഇങ്ങനെ ഏകസ്ഥാനം ദശസ്ഥാനം എന്നിങ്ങി നെ തുടങ്ങിയവററിന്റെ പേരും സ്ഥാനവും.

അനന്തരം ഇവററെകൊണ്ടുള്ള ഗണിതഭേദങ്ങളെ കാട്ടുന്നു. അവി ടെ രണ്ടുപ്രകാരമുണ്ട ഗണിതം വൃദ്ധിരൂപമായിട്ടും ക്ഷയരൂപമായിട്ടും. അവിടെ വൃദ്ധിക്കുസ്ഥാനമാകുന്ന ഗണിതം യോഗം ഗുണം വർഗ്ഗം ഘനം എന്നിവ. പിന്നെ ക്ഷയത്തിന്നുസ്ഥാനമാകുന്നതു വിയോഗം ഹരണം വർഗ്ഗമൂലം ഘനമൂലം എന്നിവ. ഇവിടെയോഗത്തിന്നു ഗുണ ത്തിങ്കൽ ഉപയോഗമുണ്ട. ഗുണത്തിന്നുവർഗ്ഗത്തിങ്കൽ വർഗ്ഗത്തിന്നു ഘനത്തിങ്കൽ. അവ്വണ്ണംവിയോഗത്തിന്നു ഹരണത്തിങ്കൽ ഹരണ ത്തിന്നു മൂലത്തിങ്കൽ മൂലത്തിന്നു ഘനമൂലത്തിങ്കൽ ഇങ്ങിനെ മുമ്പി ലേവപിന്നെവററിങ്കൽ ഉപയോഗിക്കും.

മേല്പെട്ടും കീഴ്പെട്ടുംഉള്ള എണ്ണമറിയപ്പോമെങ്കിൽ യോഗവി യോഗങ്ങരം സിദ്ധിക്കും. ഈയോഗവിയോഗങ്ങളെ സ്സങ്കലിത വ്യപ കലിതങ്ങളെന്നു ചൊല്ലുന്നു.

അനന്തരംഗുണനം അതാകുന്നതു സങ്കലിതംതന്നെയത്രെ ഓക്ക മ്പോരം അവിടെ ഒന്നിനെഒന്നിനെകൊണ്ട ഗുണിക്കുമ്പോരം യാതൊ ന്നിനെഗുണിക്കുന്നു അതിന്നുഗുണ്യമെന്നപേരു. യാതൊന്നുകൊണ്ടുപി ന്നെഗുണിക്കുന്നു അതിന്നു ഗുണകാരമെന്നു പേർ. അവിടെഗുണ്യ ത്തിങ്കൽകൂട്ട ആഗുണ്യത്തെതന്നെകൂട്ടുന്നതും. എന്നുവിശേഷമായ്ത്തു അ വിടെ ഗുണകാരത്തിങ്കൽ എത്രസംഖ്യാവ്യക്തികരംഉള്ള അത്രആവൃ ത്തി ഗുണ്യത്തെക്കൂട്ടുന്നതും എന്നീ നിയമത്തോടുകൂടിയുള്ള യോഗം. ഗു ണനമാകുന്നതുഇതിനെക്കാട്ടുന്നു. അവിടെ ഗുണ്യത്തിന്റെ ഒടുക്കത്തെ സ്ഥാനത്തെ നടേഗുണിക്കേണ്ടു. എന്നാൽഗുണിച്ചസംഖ്യകളും ഗുണി യാത്തസംഖ്യകളും തങ്ങളിൽകൂടുകയില്ല എന്നൊരെളുപ്പമുണ്ട. അവിടെ ഗുണ്യത്തിന്റെ ഒടുക്കത്തെസ്ഥാനത്ത ഒരുസംഖ്യയുണ്ടെന്നിരിപ്പൂ. അ തിനെനൂറുകൊണ്ടു ഗുണിക്കേണ്ടു എന്നു കല്പിപ്പൂ. അപ്പോരം ആ ഒന്നിനെ നൂററിൽ ആവൎത്തിക്കെണം,അവിടെ അതിനെ പത്തിലാ വൎത്തിക്കുമ്പോരം ദശസ്ഥാനത്ത ഒന്നുകരേറുന്നെടത്തെ ന്യായംകൊണ്ടു പിന്നയുംഒരിക്കൽ ആ ഒന്നിനെപത്തിലാവൎത്തിക്കുമ്പൊരം ദശ സ്ഥാനത്ത രണ്ടുഉണ്ടാകും. ഇങ്ങനെ നൂറുവട്ടമാവൎത്തിക്കുമ്പോരം ശത

സ്ഥാനത്തൊന്നുണ്ടാകും. ആകയാൽ ഗുണകാരത്തിന്ന ശതസ്ഥാന
ത്തൊരുസംഖ്യയുണ്ടെങ്കിൽ ഗുണ്യത്തിന്റെ അന്ത്യസ്ഥാനത്തെ അവി
ടുന്ന ശതസ്ഥാനത്തവെയ്പ്പ എന്നാൽ അതിനെ നൂററിൽ ഗുണിച്ച
താകും, ഇപ്പോറം ഗുണ്യത്തിങ്കൽകീഴിൽ ചിലസ്ഥാനങ്ങളുണ്ടെന്നു ക
ല്പിക്കേണ്ട. അന്നേരത്തവറെറകൊണ്ടു ഉപയോഗമില്ല. അന്നേരത്തെ
ന്നിട്ടു ഇവ്വണ്ണമാകുമ്പോറം ഗുണ്യത്തിന്റെ അന്ത്യസ്ഥാനത്തിന്ന നേ
രെ ആദ്യസ്ഥാനംവരുമാറു ഗുണകാരത്തെ വെപ്പൂ. പിന്നെഗ്ഗുണ്യ
ത്തിന്റെ അന്ത്യസ്ഥാനത്ത് ഗുണകാരത്തിന്റെ അന്ത്യസ്ഥാന
ത്തിന്റെ നേരെ വെപ്പൂ. ഗുണകാരാന്ത്യസ്ഥാനത്തിങ്കൽ ഒരു സംഖ്യ
എങ്കിൽ അവിടെ രണ്ടുസംഖ്യ എങ്കിൽ ഗുണ്യാന്ത്യസ്ഥാനത്തെ ര
ണ്ടിലാവൎത്തിച്ചിട്ടുവെപ്പൂ. അപ്പോറം ഗുണകാരത്തിന്റെ അന്ത്യസ്ഥാ
നംകൊണ്ടു ഗുണിച്ചതായി. പിന്നെ അന്ത്യത്തിന്നടുത്ത കീഴേതിന്നു
ഉപാന്ത്യമെന്നുപേർ. ഇങ്ങനെ ഉപാന്ത്യസ്ഥാനത്തിങ്കൽ എത്രഗുണകാ
രത്തിന്നു സംഖ്യയുള്ള അസ്ഥാനത്ത അത്രയിലാവൎത്തിച്ചിട്ടു ഗുണ്യാ
ന്ത്യ സ്ഥാനത്തെ എന്നാൽ അതിനെകൊണ്ടു ഗുണിച്ചതായി ഇങ്ങ
നെ ഗുണകാരത്തിന്റെ ആദ്യസ്ഥാനത്തോളമുള്ളവറെറകൊണ്ടുഗുണി
ച്ച അതിന്റെ സ്ഥാനത്ത നേരെവെപ്പൂ ഗുണ്യാന്ത്യസ്ഥാനസംഖ്യയെ
എന്നാൽ ഗുണ്യത്തിന്റെ അന്ത്യസ്ഥാനത്തെ ഗുണകാരസ്ഥാനങ്ങറം
എല്ലാം കൊണ്ടും ഗുണിച്ചതായിട്ടുവരും. എവിടെ ഗുണകാരത്തിന്റെ
സംഖ്യയില്ലായ്കിൽ അവിടം ശൂന്യസ്ഥാനമാകുന്നു. അതിന്നുനേരെ ഗു
ണ്യത്തെവെക്കേണ്ടാ മറെറസ്ഥാനങ്ങളിലെ സംഖ്യകറം കരേറി ഉ
ണ്ടാകാമാലെ അവിടെ സംഖ്യകറം പിന്നെയും ഇവണ്ണം ഗുണ്യാദ്യ
സ്ഥാനത്തോളവും അപ്പോറം ഗുണ്യത്തെ മുഴവനെ ഗുണിച്ചതായി.
പിന്നെ ഇവണ്ണമാകിലുമാം ഗുണനപ്രകാരം ഗുണ്യത്തിന്റെ ഒരോ
സ്ഥാനങ്ങളിലെ സംഖ്യ വേറെ എടുത്തുകൊണ്ടു ഗുണകാരത്തെകൊ
ണ്ട ഇവണ്ണംഗുണിച്ച അതത സ്ഥാനമാദിയായിട്ടെ കൂട്ടിയൊരുമിച്ച
കൊള്ള എന്നാകിലുമാം. അവിടെ അന്ത്യസ്ഥാനം തുടങ്ങുഎന്നുള്ള
നിയമംവേണ്ടാ. സംഖ്യകറം ഇടകലരുകയില്ല അപ്പോറം എന്നിട്ട ഗു
ണ്യത്തെ എന്നവണ്ണം ഗുണകാരത്തെഖണ്ഡിച്ച ഗുണിക്കിലുമാം. അ
വിടെ ഗുണകാരത്തിന്ന മൂന്നുസ്ഥാനമെന്നിരിപ്പൂ. ഇരുന്നൂററമുപ്പത്ത
നാലെന്നിരിപ്പുസംഖ്യ. അതിനെ ഖണ്ഡിപ്പൂമൂന്നായിട്ട. അവിടെ ഒ
ന്നിരുന്നൂറ ഒന്നമുപ്പത ഒന്നനാല. ഇങ്ങിനെ മൂന്നുഗുണകാരമെന്നു ക
ല്പിപ്പൂ. പിന്നെ ഗുണ്യത്തെമുഴവനെ മൂന്നേടത്തവെച്ച ഇവ ഒരോന്നി
നെകൊണ്ടു ഗുണിപ്പൂ പിന്നെസ്ഥാനം പകരാതെ തങ്ങളിൽക്കൂട്ട. ഇ
തമുമ്പിലെപോലെ ഗുണിച്ചതായിട്ടുവരും. അവിടെ ഇരുന്നൂററിൽ
ആവൎത്തിച്ചത ഒന്നു. മുപ്പതിലാവൎത്തിച്ചതു മറെറഒന്നു. നാലിലാവ
ൎത്തിച്ചതോരോന്നു. പിന്നെ ഇവയൊക്കെക്കൂട്ടുമ്പോറം ഇരുന്നൂററമുപ്പ
ത്തനാലിൽ ഗുണിച്ചതായിട്ടുവരും. അനന്തരം സ്ഥാനനിയമം കൂടാ
തെ മറെറാരു പ്രകാരം സംഖ്യകളെകൊണ്ടു പെരുക്കിലുമാം. അ
വിടെഒന്നുനൂറെറാരുവതു ഒന്നുനൂററിരിവത്തനാല ഇങ്ങനെതാൻ

ഖണ്ഡിപ്പൂ.ഈ വണ്ണം ഗുണ്യത്തെയാകിലുമാം.ഇങ്ങിനെ രൂപവിഭാഗവും സ്ഥാനവിഭാഗവും എന്നു രണ്ടുപ്രകാരം ഖണ്ഡിക്കാം ഇങ്ങനെ ഗുണ പ്രകാരംകൊണ്ടു തന്നെ ഖണ്ഡ ഗുണനപ്രകാരവു ഉണ്ടാകും.

പിന്നെ ഇങ്ങനെ ഗുണിച്ചിരിക്കുന്ന സംഖ്യയെ ക്ഷേത്രമായിട്ടും കല്പിക്കാം. എന്നാലുണ്ടു ചില എളുപ്പം. അവിടെ ക്ഷേത്രമെന്നു സമതലമായി ചതുരശ്രമായിരിപ്പോന്നു. ഇതുനിണ്ടിരിക്കിലുമാം സമചതുരശ്രമായിട്ടിരിക്കിലുമാം. അവിടെ ഗുണ്യംവലുത. ഗുണകാരം ചെറുത എന്നിരിക്കുമ്പോരം കോൽ വിരല എന്നിവററിൽ ഏതാനമൊരുമാനങ്കൊണ്ടു ഗുണ്യത്തോളം നീളമായി ഗുണകാരസംഖ്യയോളമിടമായിരുന്നൊന്നു ഇക്ഷേത്രമാകുന്നത എന്നുകല്പിക്കേണ്ടുവതു. പിന്നെഇതിങ്കൽ കോൽമാനമാകുന്നതെങ്കിൽ ഒരിക്കോലൊ ഒരിക്കോലകലത്തിൽ നീളയും വിലങ്ങയും ചിലരേഖകരംഉണ്ടാക്കൂ. അപ്പോരം ഒരിക്കോൽപോന്നൊ ചിലചതുരശ്രഖണ്ഡങ്ങളെകൊണ്ടു നിറയപ്പെട്ടിരിക്കും ക്ഷേത്രം ഇഖണ്ഡങ്ങരം പക്തികളായിട്ടുമിരിക്കും. അവിടെ നീളത്തിലുള്ള ഓരൊ വരിയിൽ ഗുണ്യത്തിൻെറ സംഖ്യയോളം ഖണ്ഡങ്ങരം ഉളവഗുണകാരത്തോളം വരിയുമുള. പിന്നെ വിലങ്ങത്തിൽ വരിയാകുന്നു. എന്നുകല്പിക്കുന്നതാകിൽ വരിയിലോരോന്നിൽ ഗുണകാരത്തോളം ഖണ്ഡങ്ങരം ഗുണ്യസംഖ്യയോളം വരികരംഎന്നാകാലുമാം. ഇഖണ്ഡങ്ങരംക്ക ക്ഷേത്രഫലമെന്നുപേർ. ഇവ്വണ്ണംകല്പിക്കുമ്പോരം ക്ഷേത്രത്തിൻെറ ഇടവും നീളവും തങ്ങളിൽ ഗുണിച്ചാൽ ചതുരശ്രക്ഷേത്രഫലങ്ങളുണ്ടാം എന്നുവരും. പിന്നെ ഗുണ്യത്തെകൊണ്ടാവൎത്തിച്ചിരിക്കും ഗുണകാരമെന്നും ഗുണകാരത്തെകൊണ്ടാവൎത്തിച്ചിരിക്കും ഗുണ്യമെന്നും വ്യക്തമാകും ഗുണിതഫലത്തിങ്കൽ. ഇതുസമകൎണ്ണമായിരിപ്പോരം ക്ഷേത്രമിവിടെ പിന്നെച്ചതുരശ്രക്ഷേത്രത്തിൻെറ ഒരു കോണിൽ നിന്നുതുടങ്ങി ക്ഷേത്രാന്ത്യക്കൂടി മററെകോണിൽ സ്പൎശിക്കുന്നസൂത്രം കൎണ്ണമാകുന്നതു, ഇതിന്ന ഘാതക്ഷേത്രമെന്നുപേർ. ഘാതമെന്നും സംവൎഗ്ഗമെന്നും ഗുണത്തിന്നുപേർ. പിന്നെ വർഗത്തെയും ക്ഷേത്രരൂപേണ കല്പിക്കാം. അവിടെ വൎഗ്ഗക്ഷേത്രമെങ്കിൽ സമചതുരശ്രമായിട്ട ഇരിക്കുമെത്രയെന്നു നിയതം. ഇങ്ങനെ സാമാന്യ ഗുണനം.

ഇവിടെ ഗ്രഹങ്ങരംഎല്ലാം ഒരു വൃത്തമാൎഗ്ഗേണ ഗമിക്കുംദിവസത്തിൽ വൃത്തത്തിൻെറ ഇത്രഅംശം ഗമിക്കും എന്നു നിയതംതാനും. അവിടെ ദിവസത്തിൽ ഇത്രയോജന ഗമിക്കും എന്നുള്ള യോജനഗതി എല്ലാ ഗ്രഹത്തിന്നുംസമം. അവിടെ ചെറിയവൃത്തത്തിങ്കൽ ഗമിക്കുന്നവററിന്ന കുറഞ്ഞൊരുകാലംകൊണ്ടുവട്ടംകൂട. വലിയവൃത്തത്തിങ്കൽ ഗമിക്കുന്നവററിന്നു പെരികകാലം കൂടിയെ വട്ടം തികവൂ. എന്നിട്ടു ചന്ദ്രന്ന 28— ദിവസംകൊണ്ടു 12— രാശിയിങ്കലും ഗമിച്ചു കൂടും. മുപ്പതിററാണ്ടുകൂടിയെ ശനിനടന്നുകൂട. വൃത്തത്തിൻെറ വലിപ്പത്തിന്നു തക്കവണ്ണം കാലത്തിന്നുപെരുപ്പം. ചന്ദ്രനെ ഒരുനാരം ഒരു

നക്ഷത്രത്തോട കൂടികണ്ടാൽ പിറെറന്നാം അതിൻെറകിഴക്ക നക്ഷത്രത്തോടുകൂടികാണാം. ഇതിനെകൊണ്ട ഗതിഉണ്ടെന്നും കിഴക്കോട്ടരാശി ക്രമംഎന്നും കല്പിക്കുന്ന. ഈവൃത്തങ്ങൾക്ക എല്ലാററിന്നും കൂടി ഒരുപ്രദേശത്തെ ആദിഎന്ന കല്പിക്കുമാറുണ്ട. അവിടത്ത മേഷരാശിയുടെ ആദിഎന്നപേർ. ഇഗ്ഗോളത്തിൽ കല്പിക്കുന്ന വൃത്തങ്ങളെ എല്ലാറെറയും ഇരിവത്തോരായിരത്തറന്നൂറ ഖണ്ഡമായിവിഭജിക്കുമാറുണ്ട. ഇതിൽഒരൊഖണ്ഡം ഇലിആകുന്നതു. ഇവവലിയ വൃത്തത്തിങ്കൽ വലുതുചെറിയതിൽ ചെറുതു സംഖ്യഎല്ലാററിങ്കലും ഒക്കും. അതത ഗ്രഹം തൻെറ തൻെറ വൃത്തത്തിങ്കൽ ഇത്രഇലിഗമിക്കും. നിത്യവും ഒരൊ ദിവസം എന്നനിയതം.

നക്ഷത്ര ഗോളത്തിന്നടുവിൽ ആകാശത്തിങ്കൽ നേരെഉരുണ്ട തൻെറ ശക്തികൊണ്ടുതന്നെ മറെറാരാധാരംകൂടാതെ എല്ലാപ്പുറവും സ്ഥാപരജംഗമങ്ങളാകുന്ന എല്ലാവസ്തുക്കളെയും ഭരിച്ചു നില്പൊന്ന ഈ ഭൂമി. പിന്നെ ഈഭൂമിയുടെ എല്ലാപ്പുറത്തെ ആകാശത്തിങ്കന്നും കനത്തവസ്തുക്കൾ ഭൂമിയിങ്കൽ വീഴുമാറുസ്വഭാവം. എന്നിട്ട ആകാശത്തിന്നെല്ലാടത്തിന്നും കീഴ ഭൂമി. ഭൂമിയുടെ എല്ലാപ്പുറത്തിന്നുംമേലു ആകാശം. പിന്നെ ഭൂമിയുടെ തെക്കെപ്പാതിയിൽ വെള്ളമാകുന്ന പ്രദേശമേറും; വടക്കെപ്പാതിയിങ്കൽ ഭൂമിയാകുന്ന പ്രദേശമേറും വെള്ളമാകുന്ന പ്രദേശംകുറവു. ലങ്കഎന്നൊരുപുരിയുണ്ട അവിടുന്നകിഴക്ക പടിഞ്ഞാറുവൃത്താകാരേണ ഭൂമിയെ ചുററമാറ ഒരു രേഖകല്പിപ്പൂ. ആ വൃത്തമാർഗ്ഗത്തിങ്കൽ എല്ലാടത്തിന്നും ധ്രുവൻ എന്നൊരു നക്ഷത്രത്തെ ഭൂപാർശ്വത്തിങ്കൽ ഉദയാസ്തമയംകൂടാതെ എല്ലായ്പൊഴുംകാണാം.

തേജോരൂപമായുരുണ്ട പെരികവലിയൊന്നായിട്ടിരിപ്പൊന്ന ആദിത്യബിംബം, ഇതിനെക്കാൾ ചെറുതായിരുന്നൊന്നുഭൂബിംബം ഇതിന്ന അക്കാഭിമുഖമായിരിക്കുന്ന പാതിപ്രകാശമായിരിക്കും മറെറപ്പാതി തമസ്സായിരിക്കും. ഇതുഭൂച്ഛായ ആകുന്നതു.

9 കനകാനുസാരത്തിൽനിന്നു ത്രൈരാശികത്തിൻെറ ഉദാഹരണം ചൊല്ലുന്നു

ചന്ദനം എട്ടുപണത്തിന്ന പലം ഇരുവത്തഞ്ചുകിട്ടുമാകിൽ ഇഹ ഇപ്പോഴഞ്ചുപണത്തിന്ന എത്രപലം കിട്ടും. അതുവരുത്തുംപ്രകാരം എട്ടു—തള്ളയാകുന്ന 25—പലംപിള്ളതന്നെ, 5—പെറുവാൾ—ഇങ്ങനെ മൂന്നരാശിയാൽ പിള്ളതന്നെ നടുവിലേതു—ഇരുവത്തഞ്ചിനെ അഞ്ചുകൊണ്ട പെരുക്കിയാൽ 125. അതിനെ എട്ടിൽ കിഴിച്ചാൽ പതിനഞ്ചരെത്തരക്കാൽ ($15\frac{5}{8}$)

പിന്നെ ചിലവാനം കൂടിയവററിൻെറ വിശേഷമാവതു. അഞ്ചുപണത്തിന്ന ഏഴരപലം കർപ്പൂരംകിട്ടുമാകിൽ മുപ്പത്താറുപലത്തിന്ന എത്രപണം വേണ്ടിയിരിക്കും 24—പണംതന്നെ.

ഇനിപഞ്ചരാശികം സപ്തരാശികം നവരാശികം ഏകാദശരാശികം എന്നിവചൊല്ലുന്നു. ഇവററിൽ ഒക്കെയും പിള്ള ഒരുവകയായിരിക്കും. തള്ളെക്കുംപെറുവാൾക്കും നവരാശികത്തിൽ നന്നാലുകൂട്ടം ഉണ്ടു. അതു വരുത്തുംപ്രകാരം. പെറുവാളായവഎല്ലാം തങ്ങളിൽ എററീട്ടു പിള്ളയതിൽഎററി തള്ളകൾതങ്ങളിൽ എററീട്ടതിനാൽ കിഴിപഞ്ചരാശികാദികളിൽ 10—മാററിൽ 10⌊ തൂക്കം പൊന്നിന്നു 16⌊ ആകുമ്പോൾ 9 - മാററിൽ 50⌊ തൂക്കത്തിന്നു 7ധ2⌊ ഉണ്ടെന്നറിക

നവരാശികത്തിൻെറ ഉദാഹരണം ചൊല്ലുന്നു

9—മുളംനീളത്തിൽ 2—ഇടത്തിൽ 8—പട്ടു 1—കാതം വഴി ചുമന്നാൽ 20⌊ കൂലി 10—മുളംനീളത്തിൽ 4॥ ഇടത്തിൽ 5—പട്ടു 8—കാതംചുമന്നാൽ എത്രപണം കൂലി 251 l പണംതന്നെ.

പിന്നെ വ്യസ്തത്രൈരാശികം ഉണ്ടു. പെറുവാൾ ഏറുംതോറുംകുറയുന്നു ഫലമതെവിടെ അവിടെവരും വ്യസ്തത്രൈരാശികം. അഥപെറുവാൾകുറയ ഫലങ്ങൾഏറുകിലും വയസ്സുങ്ങേറുന്തോറും വിലകുറയവരും പ്രാണിനാംവൃദ്ധഭാവാൻഅപ്പോലെപൊന്നുമാറേററുകിൽ അതിന്നുപണത്തുക്കവുംപോയി ചുരുങ്ങും വ്യസ്തത്രൈരാശികംപോൽ ഇവ. ചെറിയപറകൊണ്ടു നെല്ലുഅളന്നാൽ അപ്പോൾനെല്ലുതന്നെ വലിയതിന്നും അളക്കെന്നേതും വ്യസ്തമല്ലൊ. അതു വരുത്തുംപ്രകാരം. തള്ളയിൽഎററുക പിള്ളയെ—അതു പെറുവാളിൽ കിഴിക്കിൽവന്നീടും—ഉദാഹരണമാവിതു. 2—പല്ലായകാളെക്കു 12⌊ ആകിലൊ 6—പല്ലായകാളെക്കു ⌊ എത്രകൊടുത്തീടാം. നാലുതന്നെ. 8—മാററുള്ളപൊന്നാൽ 50—തൂക്കംവാങ്ങിയതിന്നു ഒമ്പതുമാററുള്ളപൊന്നാൽ എത്രപണത്തൂക്കം കൊടുക്കെണം. 44⌊ 7—വീശത്തൂക്കത്തിൽപുറവും (=44 4/9)–8—ഇടങ്ങഴികൊള്ളുന്നപറെക്ക 80—നെൽ—അതു 10—ഇടങ്ങഴികൊള്ളുന്ന പറകൊണ്ടു എത്രയായിവരും. 64—തന്നെഉണ്ടാക്കാം മുതലുംപലിശയുംകണ്ടാൽ അതിൻ കാലം അപ്പോലെ 16⌊ ത്തിന്നു 5⌊ പലിശ ഉണ്ടാവാൻ കാലംഐയ്യാണ്ടു എന്നാൽ 80—പണത്തിന്നു 72—പലിശ ഉണ്ടാവാൻ എത്രകാലംവേണം. 160—തിനെപന്ത്രണ്ടിൽപെരുക്കി തിങ്ങളാക്കി ഹരിച്ചാൽനാലു. ശെഷം 320—തിനെ 30—തിൽപെരുക്കി ദിവസമാക്കി ഹരിച്ചാൽ 24.

എട്ടുപരികൎമ്മങ്ങളുണ്ടു—അവയാവിതു

കൂട്ടുക— (സങ്കലിതം)—കളക— (വ്യസങ്കലിതം)—ഗുണിക്ക— (ഗുണനം)—ഹരിക്ക—(ഹരണം)—വൎഗ്ഗിക്ക —മൂലിക്ക— ഘനിക്ക— ഘനമൂലിക്ക— ഇപ്പരികൎമ്മങ്ങളാകുന്ന എട്ടും ചില്ലാനങ്ങൾക്കും ഉണ്ടു.

10 സമാധിയോഗത്തിങ്കന്നു ചില ലക്ഷണങ്ങൾ

1. സത്യമാവതു—കളിയാകിലും പരിഹാസമാകിലും യാതൊന്നിനും അസത്യംചൊല്ലാതെ യിരിപ്പതു സത്യം.

2. അസ്തേയമാവതു—പരദ്രവ്യത്തിലും പരപീഡയിലും അല്പ മാത്രവും ആശചെല്ലാതെ ഇരിപ്പതു അസ്തേയം.

3 അവക്രതത്വമാവതു—എത്രമാത്രം തന്നുദരപൂർത്തിക്കുവേണം അതൊഴിഞ്ഞുപിന്നേക്കു അല്പവും വേണമെന്നു നിനയാത്തതു അവക്രതത്വം.

4. ഉൾശൌചമാവതു—ആത്മാവിൻ രാഗദ്വേഷാദികൾ വെടിഞ്ഞു നിർമ്മലാത്മാവായിരിപ്പതുഉൾശൌചം.

5. സന്തോഷമാവതു—അല്പം ലഭിച്ചാലും വളരെലഭിച്ചാലും സമ്മാനത്തിങ്കലും അസമ്മാനത്തിങ്കലും ഒന്നുപോലെ പ്രസാദിച്ചിരിപ്പതു സന്തോഷം.

6. ഈശ്വര ധ്യാനമാവതു—ഈശ്വരനെ കേശാദിപാദപര്യന്തം ഉള്ളിൽ ധ്യാനിച്ചു പരിശുദ്ധിയാക കണ്ടുകൊണ്ടിരിപ്പതും ധ്യാനമാവതും പൂജിപ്പതും ഈശ്വര ധ്യാനം.

7. ജ്ഞാനധാരണയാവതു—ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ പോയി മനോരാജ്യം ചെയ്യാതെ ജീവാത്മാ പരമാത്മാവോടു ചേർന്നിരിപ്പതു ജ്ഞാനധാരണ.

8. ശ്രവണനേത്രാദി വിഷയാനന്ദമെശാതെ ആത്മാനന്ദ സന്തോഷമായിരിപ്പതു ആശ്വാസനം.

9. മനോന്യാസമാവതു—മനസ്സിന്നു ദുഃഖം വന്നാലും അത്യന്തം സുഖം വന്നാലും കാററു ചുററി അടിച്ചാലും പർവ്വതം ഇളകാതെയിരിക്കുംപോലെ മനസ്സുറെച്ചിരിപ്പതു മനോന്യാസം.

10. മഹാലോകർ ബഹുമാനിച്ചാലും നിന്ദിച്ചാലും മോദഖേദം കൂടാതെ കർമ്മസിദ്ധിയെന്നുറപ്പതു ലോകവാസന—ശാസ്ത്രവിദ്യകളിൽ ബഹുബോധാത്മാവായിരുന്നാലും പരനിന്ദ കൂടാതെ അവരവക്കുള്ള പ്രാപ്തിയെന്നുറെച്ചു സന്തോഷിപ്പതു ശാസ്ത്രവാസന.

പാഠാരംഭം

മലയാള ഭാഷയുടെ ആദ്യത്തെ ലക്ഷണയുക്തമായ പാഠപുസ്തകം എന്നു വിശേഷിപ്പിക്കാവുന്ന പാഠാരംഭം 1851-ൽ തലശ്ശേരിയിലെ 'ഛാപിത'ത്തിൽ അച്ചടിച്ചതുപോലെ ഇവിടെ നേർപകർപ്പായി അവതരിപ്പിക്കുന്നു. ട്യൂബിങ്ങൻ സർവകലാശാലാ ലൈബ്രറിയിലെ കോപ്പിയാണ് ആധാരം.

എഡിറ്റർ

By courtesy of Tübingen University Library

Pâṭhârambham

പാഠാരംഭം

തലശ്ശെരിയിലെ ഛാപിതം.

൧൮൫൭

1857.

1.

B
U T

സ്വരങ്ങൾ

അ	ആ	ഇ	ഈ	ഉ	ഊ
a	â	i	î	u	û

ഋ	ൠ	എ	ഐ	ഒ	ഔ
r̥	r̥̄	e	ai	o	au

ഌ	ൡ	അം	അഃ
		á	a:

വർഗ്ഗങ്ങൾ

ക	ഖ	ഗ	ഘ	ങ
k	kh	g	gh	ṅ
ച	ഛ	ജ	ഝ	ഞ
c	ch	j	jh	ñ
ട	ഠ	ഡ	ഢ	ണ
ṭ	ṭh	ḍ	ḍh	ṇ
ത	ഥ	ദ	ധ	ന
t	th	d	dh	n
പ	ഫ	ബ	ഭ	മ
p	ph	b	bh	m
യ	ര	ല	വ	ശ
j	r	l	v	ç
ഷ	സ	ഹ	ള	ക്ഷ
ṣh	s	h	ḷ	kṣh

ദ്രാവിഡസ്വരങ്ങൾ

അ ആ ഇ ഈ ഉ ഊ

എ ഏ ഐ ഒ ഓ ഔ

ദ്രാവിഡവർണ്ണങ്ങൾ

ക ച ട ത പ റ

ങ ഞ ണ ന മ ൻ

യ ര ല വ ഴ ള

സ്വരയുക്തവർണ്ണങ്ങൾ

ക കാ കി കീ കു കൂ കൃ കൄ കെ കേ

കൈ കൊ കോ കൌ കം കഃ
Ke Kai Ko Kau

ഖ ഖാ ഖി ഖീ ഖു ഖൂ ഖൃ ഖൄ ഖെ

ഖേ ഖൈ ഖൊ ഖോ ഖൌ ഖം ഖഃ

ഗ ഗാ ഗി ഗീ ഗു ഗൂ ഗൃ ഗൄ ഗെ

ഗേ ഗൈ ഗൊ ഗോ ഗൌ ഗം ഗഃ

ഘ ഘാ ഘി ഘീ ഘു ഘൂ ഘൃ ഘൄ ഘൢ ഘൣ ഘെ

ഘേ ഘൈ ഘൊ ഘോ ഘൌ ഘം ഘഃ

ങ ങാ ങി ങീ ങു ങൂ ങൃ ങൄ ങൢ ങൣ ങെ

ങേ ങൈ ങൊ ങോ ങൌ ങം ങഃ

ച ചാ ചി ചീ ചു ചൂ ചൃ ചൄ ചൢ ചൣ ചെ

ചേ ചൈ ചൊ ചോ ചൌ ചം ചഃ

ഛ ഛാ ഛി ഛീ ഛു ഛൂ ഛൃ ഛൄ ഛൢ ഛൣ ഛെ

ഛേ ഛൈ ഛൊ ഛോ ഛൌ ഛം ഛഃ

ജ ജാ ജി ജീ ജു ജൂ ജൃ ജൄ ജൢ ജൣ ജെ

ജേ ജൈ ജൊ ജോ ജൌ ജം ജഃ

ഞ

ഝ ഝാ ഝി ഝീ ഝു ഝൂ ഝൃ ഝൄ

ഝെ ഝേ ഝൈ ഝൊ ഝോ ഝൌ ഝം ഝഃ

ഞ ഞാ ഞി ഞീ ഞു ഞൂ ഞൃ ഞൄ ഞെ

ഞേ ഞൈ ഞൊ ഞോ ഞൌ ഞം ഞഃ

ട ടാ ടി ടീ ടു ടൂ ടൃ ടൄ ടെ ടേ

ടൈ ടൊ ടോ ടൌ ടം ടഃ

ഠ ഠാ ഠി ഠീ ഠു ഠൂ ഠൃ ഠൄ ഠെ

ഠേ ഠൈ ഠൊ ഠോ ഠൌ ഠം ഠഃ

ഡ ഡാ ഡി ഡീ ഡു ഡൂ ഡൃ ഡൄ ഡെ

ഡേ ഡൈ ഡൊ ഡോ ഡൌ ഡം ഡഃ

ഢ ഢാ ഢി ഢീ ഢു ഢൂ ഢൃ ഢൄ ഢെ

ഢൡ ഢെ ഢൈ ഢൊ ഢൌ ഢം ഢഃ

ണ ണാ ണി ണീ ണു ണൂ ണൃ ണൄ ണഌ

ണൡ ണെ ണൈ ണൊ ണൌ ണം ണഃ

ത താ തി തീ തു തൂ തൃ തൄ തഌ

ta tâ ti tî tu tû tr̥ tr̥̄

തൡ തെ തൈ തൊ തൌ തം തഃ

tâ, ta:

ഥ ഥാ ഥി ഥീ ഥു ഥൂ ഥൃ ഥൄ ഥഌ

ഥൡ ഥെ ഥൈ ഥൊ ഥൌ ഥം ഥഃ

ദ ദാ ദി ദീ ദു ദൂ ദൃ ദൄ ദഌ

da dâ di dî du dû dr̥ dr̥̄

ദൡ ദെ ദൈ ദൊ ദൌ ദം ദഃ

ധ ധാ ധി ധീ ധു ധൂ ധൃ ധൄ ധഌ

ധൡ ധെ ധൈ ധൊ ധൌ ധം ധഃ

ന നാ നി നീ നു നൂ നൃ നൄ നഌ

നൡ നെ നൈ നൊ നൌ നം നഃ

പ പാ പി പീ പു പൂ പൃ പൄ പഌ പൡ

പെ പൈ പൊ പൌ പം പഃ

ഫ ഫാ ഫി ഫീ ഫു ഫൂ ഫൃ ഫൄ ഫഌ

ഫൡ ഫെ ഫൈ ഫൊ ഫൌ ഫം ഫഃ

ബ ബാ ബി ബീ ബു ബൂ ബൃ ബൄ ബഌ
ba

ബൡ ബെ ബൈ ബൊ ബൌ ബം ബഃ

ഭ ഭാ ഭി ഭീ ഭു ഭൂ ഭൃ ഭൄ ഭഌ

ഭൡ ഭെ ഭൈ ഭൊ ഭൌ ഭം ഭഃ

മ മാ മി മീ മു മൂ മൃ മൄ മഌ മൡ

മെ മൈ മൊ മൌ മം മഃ

യ യാ യി യീ യു യൂ യൃ യൄ

യൢ യൣ യെ യൈ യൊ യൌ യം യഃ

ര രാ രി രീ രു രൂ രൃ രൄ രൢ

രൣ രെ രൈ രൊ രൌ രം രഃ

ല ലാ ലി ലീ ലു ലൂ ലൃ ലൄ ലൢ

ലൣ ലെ ലൈ ലൊ ലൌ ലം ലഃ

വ വാ വി വീ വു വൂ വൃ വൄ വൢ

വൣ വെ വൈ വൊ വൌ വം വഃ

ശ ശാ ശി ശീ ശു ശൂ ശൃ ശൄ ശൢ

ശൣ ശെ ശൈ ശൊ ശൌ ശം ശഃ

ഷ ഷാ ഷി ഷീ ഷു ഷൂ ഷൃ ഷൄ ഷൢ ഷെ

ഷേ ഷൈ ഷൊ ഷോ ഷൌ ഷം ഷഃ

സ സാ സി സീ സു സൂ സൃ സൄ സൢ സെ

സേ സൈ സൊ സോ സൌ സം സഃ

ഹ ഹാ ഹി ഹീ ഹു ഹൂ ഹൃ ഹൄ ഹൢ ഹെ

ഹേ ഹൈ ഹൊ ഹോ ഹൌ ഹം ഹഃ

ള ളാ ളി ളീ ളു ളൂ ളൃ ളൄ ളൢ ളെ

ളേ ളൈ ളൊ ളോ ളൌ ളം ളഃ

ക്ഷ ക്ഷാ ക്ഷി ക്ഷീ ക്ഷു ക്ഷൂ ക്ഷൃ

ക്ഷൄ ക്ഷെ ക്ഷേ ക്ഷൈ ക്ഷൊ ക്ഷോ ക്ഷൌ ക്ഷം ക്ഷഃ

ശേഷം സമാപ്തം

ഗ്രന്ഥാക്ഷരങ്ങൾ

ക്യ	ക്ര	ക്ല	ക്വ	ക്ക
ഖ്യ	ഖ്ര	ഖ്ല	ഖ്വ	ക്ഖ
ഗ്യ	ഗ്ര	ഗ്ല	ഗ്വ	ഗ്ഗ
ഘ്യ	ഘ്ര	ഘ്ല	ഘ്വ	ഗ്ഘ
ങ്യ	ങ്ര	ങ്ല	ങ്വ	ങ്ങ
ഛ്യ	ഛ്ര	ഛ്ല	ഛ്വ	ച്ഛ
ജ്യ	ജ്ര	ജ്ല	ജ്വ	ജ്ജ
ഝ്യ	ഝ്ര	ഝ്ല	ഝ്വ	ജ്ഝ
ട്യ	ട്ര	ട്ല	ട്വ	ട്ട
ഠ്യ	ഠ്ര	ഠ്ല	ഠ്വ	ട്ഠ

ഡ്യ ഡ്ര ഡ്ല ഡു ഡ്ഡ

ഢ്യ ഢ്ര ഢ്ല ഢു ഢ്ഢ

ഞ്യ ഞ്ര ഞ്ല ഞു ഞ്ഞ

ത്യ ത്ര ത്ല തു ത്ത

ഥ്യ ഥ്ര ഥ്ല ഥു ഥ്ഥ

ദ്യ ദ്ര ദ്ല ദു ദ്ദ

ധ്യ ധ്ര ധ്ല ധു ധ്ധ

ന്യ ന്ര ന്ല നു ന്ന

പ്യ പ്ര പ്ല പു പ്പ

ഫ്യ ഫ്ര ഫ്ല ഫു ഫ്ഫ

ബ്യ ബ്ര ബ്ല ബു ബ്ബ

ഭൂ ഭൃ ഭ്ല ഭ്യ ഭ്ലൂ

മൂ മൃ മ്ല മ്യ മ്ലൂ

യൂ യൃ യ്ല യ്യ യ്ലൂ

ലൂ ലൃ ല്ല ല്യ ല്ലൂ

വൂ വൃ വ്ല വ്യ വ്ലൂ

ശൂ ശൃ ശ്ല ശ്യ ശ്ലൂ

ഷൂ ഷൃ ഷ്ല ഷ്യ ഷ്ലൂ

സൂ സൃ സ്ല സ്യ സ്ലൂ

ഹൂ ഹൃ ഹ്ല ഹ്യ ഹ്ലൂ

ളൂ ളൃ ള്ല ള്യ ള്ലൂ

ക്ഷൂ ക്ഷൃ ക്ഷ്ല ക്ഷ്യ ക്ഷ്ലൂ

അനുസ്വാരക്കൂട്ടക്ഷരങ്ങൾ

ങ്ക ഞ്ച ണ്ട ന്ത മ്പ ൻറ

സംയുക്താക്ഷരഭേദങ്ങൾ

ത്ര ഗ്ര ദ്ര ന്ര ധ്ര പ്ന ക്ഷ്മ

ങ്ക്ഷ ണ്ഡ്ര ഞ്ഞ ണ്ട്ര ണ്ട്ര ഞ്ഛ ത്ഥ

ന്ന ള്ള ജ്ജ ബ്ബ ബ്ല ന്ദ ന്ധ

ന്ന്ര പ്ന പ്ല ജ്ഞ ണ്ഡ്യ ണ്ഡ്വ ക്ഷ്ര

ക്ഷ്മ ക്ഷ്ണ ക്ഷ്യ ക്ഷ്വ ക്ഷ്യ ല്ക്ഷ ല്വ

ക്ഷ്വ്ര ശ്ച ശ്ന ശ്വ ശ്മ സ്ക്ഷ സ്ഥ്യ

സ്ത്യ സ്ത്ര സ്ഥ്യ സ്ത്വ സ്ഥ്വ സ്ന്യ ഷ്ട്യ

ന്ത്ര ന്ധ്യ ഷ്ക ഷ്ട ഷ്ട്ര ഷ്ഠ പ്ന

ഹ്മ ക്ത്ര ക്ഷ്ണ

[illegible]

[illegible]

അർദ്ധാക്ഷരങ്ങൾ

ൿ ൺ ൽ ൻ ർ ൾ

സംഖ്യാക്ഷരങ്ങൾ

൧ ൨ ൩ ൪ ൫ ൬ ൭

൮ ൯ ൰ — — — —

ഏകാക്ഷരം

കൈ കൊ ഗൊ [illegible] [illegible] ചൈ [illegible]

[illegible] [illegible] [illegible] നൈ പാ [illegible] [illegible]

പൊ പൈ പൊ [illegible] [illegible] [illegible] [illegible]

മൈ രാ വാ വെ [illegible] സൈ [illegible]

സാമ്യാക്ഷരം

[illegible]

[illegible]

[illegible]

കൊൺ കൊൻ കൊൽ കൊഴു ചാൺ ചിർ ചിഴു
ചൂൽ ചെം ചെൽ ചൊൽ ഞാൺ ഞാൻ ഞാർ
താൻ തായ് താർ താഴു തിൻ തുൺ തെൻ
തേൻ തൊഴു, തൊഴു നൽ നാം നായ് നാർ
നാൽ നാഴു നീർ നൂൽ നെയ് നെൽ നേർ
പൽ പാൽ പിൻ പുൺ പുൽ പെൺ പെൻ
പേർ പൊൻ പൊയ് പൊർ പൊഴു, മൺ മാൻ
മാർ മാൽ മിൻ മുൻ മുഴു മെൽ മേൻ
രാൽ വാൻ വായ് വാർ വാൾ വാഴു വിൺ
വിൽ വെൾ വെർ വെൽ

ദ്വിതാക്ഷരി

അകം അഖിലം അഗ്നി അംഗം അങ്ങു അച്ഛൻ അച്ചു
അഞ്ച അഞ്ചൽ അട അടി അടെ അണ അണി
അത് അതിർ അത്തി അന്തം അന്തി അന്ധൻ അന്നം
അന്യം അപ്പ അപ്പം അപ്പൻ അമർ അമ്പ് അമ്മ
അമ്മി അയൽ അര അരി അരു അരുവ് അർത്ഥം
അർക്കം അറ അറം അല അലം അലർ അല്ല
അല്ലി അശ്വം അസ്ത്രം അസ്ഥി അഹം അഴകൻ അഴി
ആക്കം ആട ആണ്ട ആണി ആണ്ടു ആതി ആന
ആമ്പൽ ആമ ആയം ആറ് ആല ആശ ആഴി
ആഴം ഇക്ക ഇട ഇടം ഇടി ഇണ ഇന്ന
ഇര ഇരുൾ ഇറ ഇല ഇല്ലം ഇഷ്ടം ഇഞ്ചി

ഊഴ	ഊഞ്ഞ	ഊന്നൽ	ഊന്ന്	ഊക്കം	ഊഷ്മം	ഊർദ്ധ്വം
ഊഷര	ഊട	ഊടത്ത്	ഊത്ത്	[illegible]	ഊരു	ഊരുത്ര
ഊക്കു	ഊമി	ഊമിൻ	ഊരൽ	ഊരു	ഊര	ഊഴി
[illegible]	ഊരി	[illegible]	ഊഴി	ഊറൽ	ഊറ്റ്	ഊനനം
ഊഷ്മം	ഋഷി	എഴുതിൽ	എട്ട്	എണ്ണ	എതിര	എലി
എരികം	ഏട	ഏതൊരു	ഏലം	ഏഴ	ഐശ്വര്യം	ഒക്ക
ഒരുമ	ഒട്ടി	ഒട്ട്	ഒന്ന്	ഒപ്പ്	ഒഴിവ്	ഒല്ലി
ഓരി	ഓക്ക	ഓട്	ഓടം	ഓണം	ഓലം	ഔഷധം
കഷ്ട	[illegible]	കടം	കടൽ	കടി	കട്ട	കട്ട
കട്ടിൽ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
കൃപ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
കെട്ട്	കെല്പ്	കെട്ട്	കേസരം	[illegible]	[illegible]	[illegible]
[illegible]	കൈക്കൂലി	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

കെഴുക്ക കൊഴുപ്പ് കൊഴു കോശം ക്രമം ക്രയം ക്രിയ
ക്രീഡ ക്രൂരം ക്രോധം ക്ലേശം ക്ഷണം ക്ഷമ ക്ഷയം
ക്ഷീണം ക്ഷേത്രം ക്ഷേമം ക്ഷൌരം ഖണ്ഡം ഖലൻ ഖേദം
ഗംഗ ഗണം ഗതി ഗന്ധം ഗർഭം ഗാഢം ഗീതം
ഗുണം ഗുരു ഗുഹ ഗൂഢം ഗൃഹം ഗോഷ്ഠി ഗ്രഹം
ഗ്രാമം ധ്യാനം ഘോഷം ഘ്രാണം ചക്കാ ചക്ക് ചട
ചതി ചത്തർ ചപ്പ് ചരൽ ചവർ ചാട്ടം ചാവു
ചാഴു ചിങ്ങം ചിത്രം ചിന്ത ചിപ്പി ചിരി ചിറ
ചില്ല് ചീട്ട ചീനം ചുക്ക ചുക്കം ചുണ്ട ചുര
ചുരുൾ ചുറ്റും ചുഴി ചൂട് ചൂത് ചൂർണ്ണം ചൂള
ചൂഴ ചെങ്ങ ചെമ്പ ചെറു ചെവി ചെക്കം ചേര
ചൊറി(?) ചൈതന്യം ചൊറ ചൊല ചോഴം ഛത്രം ഛിദ്രം
ജഡം ജന്മം ജയം ജര ജലം ജീർണ്ണം ജീവൻ
ജ്ഞാനം ജ്യോതിസ്സിൻ ജ്വരം ഝഷം ഞണ്ട ഞെട്ടൽ ഞെരുക്കം
ടക്കം ടിട്ടി ഡംഭം ഡമരു ഢക്കം തച്ചൻ താമ്പാളം
തട തടി തട്ട് തണ്ണീർ തണ്ട തന്ത്രം തമിഴ്
തരിൻ തരി തർക്കം തറ തല തള്ള് തവി
തിട്ട തിന്നർ താഴ താടി തൂക്കം തിങ്കൾ തിരക്കൾ
തിണ്ണ തിര തിറം തിങ്ങൽ തിരുൾ തുണ തുട
തുമ്പ തുറ തുല്യം തുള തുഴ തൂവലം തുപ്പ്
തുപ്പൽ തൂമ്പ തെക്ക തെരു തെറ്റ തെങ്ങ തെറ
തൈലം തൊണ്ട തൊഴുത്ത തൊഴിൽ തൊട് തോൽ തോലച

ദൊഷൻ ത്യാഗം ദ്രോണം ദണ്ഡം ദന്തം ദംഭം ദയ
ദാസി ദാഹം ദിക്ക ദിവ്യൻ ദിനം ദീപം ദീൎഘം
ദുഷ്ടൻ ദൂതൻ ദൂരം ദൂഷ്യം ദുൎഗ്ഗ ദേവൻ ദേശം
ദേഹം ദൈവം ദൊഷം ദ്രവ്യം ദ്രോഹം ദ്വാരം ദൈന്യം
ധനം ധന ധൎമ്മം ധാന്യം ധൂൎത്തൻ ധൈൎയ്യം ധ്യാനം
ധ്വജി നഖം നഗരൻ നന്നാ നട നട്ട നദി
നന്ദ് നമഃ നന്ദി നയം നര നരി നഷ്ടം
നാട് നാസി നാണം നാദം നാഴി നിത്യം നിദ്ര
നിര നിറ നിറം നില നിലാവ നിലാവ നിശ്ച
നിഷ്ഠ നിഴൽ നിശ്ചയം നിഷാദൻ നീട നീതം നീരം
നക്രം നണം നര നുറ നൃത്തം നെഞ്ചു നെയ്യ്
നെറ്റി നേരം നെല്ലു നെടി നൊമ്പ നൊട്ടം ന്യായം
പക പകൽ പക്ഷം പക്ഷി പങ്ക പച്ച പഞ്ഞി
പട പടം പടി പട്ട പട്ടം പിട്ടി പണം
പത്തി പങ്കം പതം പതി പത്ത് പന പന്തി
പന്തം പന്ത് പന്നി പരം പറ പറമ്പ് പലം
പശ പശു പശുക്കൾ പഴം പാഴി പാണ്ട് പാട്
പാട്ട് പട്ടം പാറം പാത്തി പാത്രം പാദം പാനം
പാപം പാമ്പു പാറ പാറ്റ പാലം പാവ പിട
പിടി പിണ്ഡം പിതാ പിരാ പിലാ പിശുക്ക പിറ
പിറം പിടു പിത പിതി പുക പുണ്യം പുത്ര
പുത്രൻ പുര പുറം പുല പുലി പുള്ളി പുഷ്പം

പുഴ പുഴു പുഷ്പ പുത്രൻ പുട്ടു പുണ്യം പുഷ്പം

പൂഴി പൊട പൊടി പൊറ് പൊക്കം പൊരി പൊന്ത്

പൊരി പൊറുക്കു പൊരുളി പൊങ്ങി പൊരിച്ചു പൊങ്ങ പൊന്മൻ

പ്രജ പ്രാണൻ പ്രാപ്തി പ്രായം പ്രിയം പ്രേമം ഫലം

ബന്ധം ബലം ബഹു ബാധ ബാലൻ ബിംബം ബുധൻ

ബുദ്ധി ബോധം ബ്രഹ്മം ഭക്തി ഭദ്രം ഭയം ഭസ്മം

ഭാഗം ഭാരം ഭാവം ഭാഷ ഭിക്ഷ ഭൂതം ഭേദം

ഭോഗം ഭ്രമം ഭ്രഷ്ടൻ മക്കൾ മടക്കു മടൽ മടി

മഠം മന്ത്രം മദം നയം മത്തിൽ മരം മറ

മല മഴ മഹാ മഴു മാടം മാത്ര മാത്രം

മാനം മായ മാറ മാല മാസം മാംസം മാറു

മിത്രം മിന്ന മിഴി മീശ മീത മുക്കാൽ മുഖം

മുടി മുട്ട മുത്തൽ മുറ മുയൽ മുള മുറി

മുറം മുറി മുറ്റു മുല മുള മുഴം മുഴ

മൂല മൂലം മൂഢം മെത്ത മെയി മെഴു മെഴുകു

മോഹം മൌനം മ്ലേച്ഛൻ യന്ത്രം യാത്ര യുദ്ധം യോഗം

രക്തം രണ്ടു രസം രാഗം രാജ്യം രാശി രീതി

രൂപം രേഖ രോഗം രോമം രൌദ്രം ലക്ഷം ലഘു

ലജ്ജ ലാഭം ലീല ലുബ്ധൻ ലേഹം ലോകം ലോഭം

ലൌകികം വംശം വക വക്ത്രം വജ്രം വടി വട്ടം

വയൽ വര വരം വരി വർഷം വസ്ത്രം വസ്തു

വല വലം വല്ലം വസ്തു വശം വഴക്കം വഴി

വഴി വാട്ടം വാതിൽ വാശ്ശ വായ് വാസം വാളം
വാഴ വില്ലം വിത്ത വിധം വിധി വരൽ വില
വിഷം വിഷ്ണു വിഴുങ്ങ വിള വിളി വിത്തം വിദ്യ
വിധി വിരൽ വിറ വിഴ വൃക്ഷം വൃദ്ധി വെടി
വെള്ളം വെളി വെള്ളം വെട്ടം വേല വേറ വേഷം
വെറ്റി വൈരം വ്യർത്ഥം വ്യാജം ശക്തി ശങ്ക ശംഖ
ശത്രു ശനി ശബ്ദം ശവം ശാഖ ശാപം ശാല
ശാസ്ത്രം ശിക്ഷ ശില്പം ശിഷ്യ ശിഷ്യൻ ശീഘ്രം ശീലം
ശുദ്ധി ശുഭം ശുദ്ധൻ ശൂരൻ ശൃംഗം ശേഷം ശൈത്യം
ശോകം ശോഭ ശൌര്യം ശ്രദ്ധ ശ്രുതി ശ്രേഷ്ഠൻ ശ്ലാഘ്യം
ശ്ലോകം ഷഡ്പദം ഷഷ്ഠി സക്തി സഖ്യം സംശയം സത്രം
സന്ധ്യ സമ്മം സഭ സർഗ്ഗം സഹ്യം സർവ്വം സഹ്യം
സാമ്യം സാമർത്ഥ്യ സാധു സാമ്യം സാരം സിംഹം സിദ്ധി
സീത സുഖം സുരൻ സുഷുപ്തി സൂചി സൂത്രം സൂര്യൻ
സൃഷ്ടി സേന സേവ സോദരൻ സൗന്ദര്യം സ്തുതി സ്ഥലം
സ്ഥിതി സ്ഥൂലം സ്നേഹം സ്പഷ്ടം സ്മൃതി സ്രോതം സ്വരം
സ്വർണ്ണം സ്വപ്നവാനം [illegible] [illegible] [illegible] [illegible]
ഹൈത്ര [illegible] [illegible]

ത്ര്യക്ഷരം

അരിഷ്ടം അരുന്ധതി [illegible] അവധി അലക്ക
അളവത് അരചൻ [illegible] [illegible] [illegible]

അറുവ	അരിയൻ	അഴക	അഴക്ക	ആകാശം
ആഗ്രഹം	ആചാര്യൻ	ആദിത്യൻ	ആധാരം	ആനന്ദം
ആപത്ത	ആമ്പയം	ആരംഭം	ആരോഗ്യം	ആറാട്ട്
ആലയം	ആവശ്യം	ആശാരി	ആശ്ചര്യം	ആശ്രയം
ആസ്ഥാനം	ആഴക്ക	ഇടയൻ	ഇടച്ച	ഇണക്കം
ഇന്ദ്രിയം	ഇരട്ടി	ഇരക്കം	ഇരച്ചി	ഇളപ്പം
ഈറ്റില്ലം	ഈശ്വരൻ	ഉച്ചിഷ്ടം	ഉടമ്പ	ഉണ്ടച്ച്
ഉത്തരി	ഉത്തമം	ഉത്തരം	ഉത്ഭവം	ഉത്സാഹം
ഉദയം	ഉദ്യോഗം	ഉപകാരം	ഉമ്മരം	ഉറപ്പ്
ഉറക്കം	ഉലക്ക	ഉല്ലാസം	ഉഴുന്ന്	ഉഴവ്
ഊരാളി	ഊമൈത്രം	ഊഷ്മാവ്	ഊഷ്മരൻ	ഋഷഭം
എടവം	എണ്ണെ	എന്തിരി	എമ്പുരാൻ	എളിമ
ഏറുമ്പ	ഏലപ്പം	ഏഴത്ത	ഏകാഗ്രം	ഏഷണി
ഐശ്വര്യം	ഒട്ടകം	ഒരുക്കം	ഒലിച്ചൽ	ഒഴുക്ക
ഓഹരി	ഔഷധം	കടച്ചൽ	കടവ	കടാക്ഷം
കടുക്കൻ	കട്ടിള	കണക്ക	കണ്ണട	കത്തിരി
കനിവ	കപടം	കമ്പിളി	കയ്യേറ്റം	കരിമ്പ
കരുണ	കർക്കടം	കർത്തവ്യം	കസ്തൂരം	കറുപ്പ്
കലാപം	കല്പന	കല്യാണം	കവിഞ്ഞ	കഷണം
കസ്തൂരി	കുളവ	കഴഞ്ച	കഴുത	കാഞ്ഞിരം
കാഠിന്യം	കാംക്ഷിതം	കാരണം	കാരുണ്യം	കാവടി
കിടാങ്ങൾ	കിടങ്ങ്	കിണറ്	കിനാവ്	കിഴക്ക

കിഴവൻ	കിഴങ്ങ്	കുങ്കുമം	കുട്ടക	കുട്ടമ
കുടുംബം	കുതിര	കുത്സിതം	കുന്തളം	കുപ്പായം
കുമരൻ	കുമ്മായം	കുരള	കുറവ	കുറുമൻ
കുശവൻ	കുളമ്പ്	കുഴമ്പ്	കൂട്ടാളി	കൂട്ടാഴി
കൂവളം	കൃതഘ്നൻ	കൃതജ്ഞൻ	കൃത്രിമം	കെട്ടുതി
കേരളം	കേവലം	കൈലാസം	കൈവശം	കൊഞ്ഞനം
കൊഴുപ്പ്	കോതമ്പ്	കോപ്പുകൾ	കൗശലം	ക്ലിഷ്ടം
ക്ഷീരാബ്ധി	ക്ഷുരകൻ	ഖണ്ഡിതം	ഗമനം	ഗന്ധർവ്വം
ഗംഭീരം	ഗർജ്ജനം	ഗുരുത്വം	ഗൃഹസ്ഥൻ	ഗോപുരം
ഘടിക	ചങ്ങാടം	ചങ്ങാതി	ചതിയൻ	ചന്ദനം
ചരക്ക്	ചരട്	ചരിത്രം	ചമ്മന്തി	ചാപല്യം
ചികിത്സ	ചിർവാലൻ	ചുവട്	ചുംബനം	ചെത്തനം
ചെമ്പകം	ചെരിപ്പ്	ചെലവ്	ചെവിടി	ചൈതന്യം
ചൊറിച്ചൽ	ചോലുർ	ചോനകൻ	ചൗരനം	ജംഗമം
ജാഗ്രത	ജീരകം	ജീവിതം	ജ്യോതിഷം	ഝടിതി
ഞരമ്പ്	ഞായിറ	ഞെരുക്കം	ഡംഭനം	തസ്സരം
തട്ടക	തവിട്ട്	തരക	തവിട	തസ്കരൻ
തളിര്	താന്തോന്നി	താമര	താലി	തിളപ്പി
തിരിച്ചിൽ	തീയാട്ടം	തുടക്കം	തുടർച്ച	തുമ്പി
തുറവ	തുക്കടി	തൂവനം	തൂവാല	തെളിവ
തെക്കിനി	തൈയ്യലാൾ	തൊഴുത്ത	തൊഴിച്ചു	തോരണം
ഢോലികം	ദക്ഷിണ	ദാരിദ്ര്യം	ദിവസം	ദുർഗ്ഗം

ദൃഷ്ടാന്തം	ദ്രവിഡം	ധർമ്മിഷ്ഠൻ	ധാരാളം	ധിക്കാരം
നക്ഷത്രം	നടപ്പ്	നന്ദനൻ	നായകൻ	നാഭിഭം
നായാട്ട	നാരങ്ങ	നാരാചം	നികൃഷ്ടൻ	നിശ്ചയം
നിർണ്ണയം	നിർഭാഗ്യം	നിവൃത്തി	നിഷ്ഫലം	നിസ്സാരം
നീരസം	നുറുക്ക	നൂഞ്ഞന	നെറുക	നേരസ്ഥൻ
നൈവേദ്യം	നൈനാലാം	പക്ഷേ	പച്ചില	പടന
പട്ടണം	പമ്പരം	പയറ്റ്	പരസ്യം	പരിഷ്ക
പർവ്വതം	പറമ്പ്	പരിശ	പരീക്ഷ	പരിശ്രമം
പഴക്കം	പാട്ടിൽ	പാരാവാരം	പാഷാണം	പിണ്ണാക്ക
പിറകെ	പിപീലിക	പുകഴ്ച	പുടവ	പുരാണം
പുസ്തകം	പുലർച്ച	പുഷ്പകം	പുത്രിമാൻ	പുൽമേട
പൂർണ്ണം	പുന്നെല്ലരി	പെട്ടകം	പെരുക്കം	പൈതൃകം
പൊതിക	പൊറുതി	പൌരസ്ത്യം	പൌരുഷം	പ്രകാരം
പ്രകൃതി	പ്രതിഷ്ഠ	പ്രപഞ്ചം	പ്രമാണം	പ്രയാസം
പ്രവൃത്തി	പ്രശംസ	പ്രാർത്ഥന	ഫോസഫം	പ്ലീഹ
ബ്രാഹ്മണൻ	ഭക്ഷണം	ഭാഷണം	ഭാഗ്യവാൻ	ഭിക്ഷക്കാരൻ
ഭീഷണി	ഭേദനം	ഭൈരവം	ഭംഗം	മടക്ക
മണ്ണുട്ട	മണ്ഡലം	മധുരം	മനസ്സ്	മന്ത്രി
മരണം	മഹർഷി	മാംസക്കാം	മാരണം	മിഥുനം
മിൻമിനി	മുഖക്കാരൻ	മുദ്രണം	മുമ്പക്ക	മൈതാനം
മൈക്കിളാ	മൊട്ടപ്പ	മോഷണം	മൌഢ്യം	യവനൻ
യോഗ്യത	യൗവനം	രഹസ്യം	രാക്ഷസൻ	രഹസ്യം

രാഷ്ട്രം ലക്ഷണം ലംഘനം ലാഘവം ലേഖനം
ലോഹിതം വക്കാണം വഞ്ചന വടക്ക് വണക്കം
വയറ് വർത്തകൻ വാചകൻ വാത്സല്യം വാസന
വാഹനം വിചാരം വിശേഷം വിശ്വാസം വിസ്തൃതം
വിളക്ക് വീടാരം വൃശ്ചികം വെടിപ്പ് വെളുത്തേടൻ
വേദന വൈഭവം വൈരാഗ്യം വൈഷമ്യം വ്യത്യാസം
വ്യാഖ്യാനം വ്യാപാരം ശകാരം ശയനം ശാശ്വതം
ശിരം ശ്രീലതാ ശൈശവം ശോധന ഷഡ്ഭുജം
സമത്വം സാഗരം സിദ്ധാന്തം സൗജന്യം ഹൈമവതി

ഭാവവാക്യം

അത്യാഗ്രഹം അഹംഭാവം ആരോഗ്യം
[illegible] [illegible] ആനന്ദാശ്രുക്കൾ
[illegible] ഇന്ദ്രിയനിഗ്രഹം [illegible]
[illegible] ഊനവിംശതിതമം ഐശ്വര്യകാംക്ഷ
ഔഷധോപദേശം [illegible] ഗാത്രമർദ്ദനം
ഗ്രീഷ്മകാലാരംഭം [illegible] ഛത്രഭംഗം
ജ്യോതിശ്ശാസ്ത്രം [illegible]
ധൈര്യാവലംബനം [illegible] പശ്ചാദ്ദർശനം
പ്രത്യുൽപ്പന്നമതി ഫലോപഭോഗം ബ്രഹ്മജ്ഞാനം
[illegible] [illegible] യൗവനാവസ്ഥ

ജ്ഞാനാഭിഷെകം, ലൊകാന്തരഗതം, വ്യവഹാരസിദ്ധി, ശിരൊവെദന, ശ്രുതാദ്ധ്യയനസമ്പന്നൻ, ഷൊഡശൊപചാരം, സത്യാഭ്യുപചാരം, ഹിതൊപദെശം, ക്ഷിതിപാലെന്ദ്രൻ

വായന

ഒന്നാം പാഠം

പാപത്തിന്റെ ശിക്ഷ മരണം

മരണത്തിന്റെ മുള്ളു പാപം തന്നെ

വിശ്വസിച്ചാൽ എല്ലാം കഴിയും

ദൈവം എല്ലാം സൌജന്യമായി കൊടുക്കുന്നു

മനഃപൂർവ്വമായി വരുന്നവർ ഗ്രാഹ്യന്മാർ

നമ്മുടെ ഹൃദയത്തിങ്കൽ ദൈവം വസിക്കും

ദൈവവചനം വഴിക്കലെ ദീപം

ക്രിസ്തുവിന്റെ വചനങ്ങൾ ലൊകത്തിന്റെ വക്കത്തുണ്ടു

കാരുണ്യത്താൽ കിട്ടിയതല്ലാത്തതുണ്ടൊ

നീ ദൈവത്തൊടു ചെർന്നാൽ അവൻ നിന്നൊടു ചെരും

ദാഹിക്കുന്നവൻ വന്നു ജീവവെള്ളം വെണ്ടുവൊളം കുടിക്കട്ടെ

ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ

ഒരുത്തന്റെ പാപത്താൽ അനെകർ മരിച്ചു

ഒരുവന്റെ പുണ്യത്താൽ അനെകർ ജീവിക്കുന്നു

ക്രിസ്തുവൊടുകൂടമരിച്ചാൽ അവനൊടുകൂട ജീവിക്കും
നമ്മെമുമ്പിൽ സ്നെഹിച്ചവനെ സ്നെഹിക്കട്ടെ
ബാലപ്രായമാകിവരുന്നില്ലെങ്കിൽ സ്വൎഗ്ഗം ഇല്ല
ശിക്ഷിച്ചിരിക്കുന്നവനെക്കൊന്ന മരിച്ചവരൊടു ത്തമ്പ
ത്തിക്കുന്നു—
കാണാതുള്ളതകാഴ്ചികം തന്നെ കാണാത്തത് ഉത്തമ
ശുദ്ധത—
കൂടസഹിക്കുന്നവരെങ്കിൽ കൂടവാഴും
കാരയത്ത് വിശ്വസിക്കയാവു
നിറഞ്ഞഹൃദയങ്ങൾക്ക ദൈവം ചികിത്സകൻ
എല്ലാവരും ദൈവൊപദിഷ്ടരാകും
ഒരുത്തൻ സങ്കടപ്പെട്ടാൽ പ്രാൎത്ഥിക്കട്ടെ
ദൈവത്തിനുള്ളത ദൈവത്തിനു കൊടുക്കണം

രണ്ടാം പാഠം

പഴഞ്ചൊല്ലുകൾ

അംഭ്യം ഗോരിൾ അഭ്യം ദൈവം
ആഴമുള്ളകുഴിക്ക് നീളമുള്ളവടി
മൂത്തമൊൻ ഒട്ടും വല്ലാ
ഉമ്മാൻ കാടവറിയാ
ഉള്ളെ കയ്യുള്ളു കാട്ടല്ല വിളക്കുള്ളു എണ്ണ കാട്ടല്ല
പണിക്കരറിയാത്ത ഉറില്ലെപ്പാരും
ഉമ്മിൻ തൊണങ്ങളിൽ സാധ്വീതൻ

ഞാറ്റക്കിടാവിന്നറിയാം പടിക്കൊണ്ടാ
ഞെരുക്കങ്ങളുണ്ടായാൽ ഞെളിയരുതു
ഞെക്കിപ്പഴുപ്പിച്ചാൽ പഴുക്കും
ഞൊണ്ടുവാൻ പഠിച്ചാൽ ഞെളുവാൻ പഠിക്കണം
ഞാലംതിരിക്കുമെന്നാൽ നേർ താനെന്നറിയാം
ഞണ്ടിനിൽ വീണൊരിക്കൽ കാലും നാറവും ഞണ
ഞിണ്ടിക്കൊണ്ട പാമ്പുപോലെ
ഞരമ്പാൻ വരുന്നവനോടു വേദം ഓതിയാൽ
കാര്യമൊ
ഞെട്ടിൽ ഞെരിയാൽ ഞെരിക്കിനിയും വന്നാൻ
ഞെട്ടിയമരത്തിന്നു ഞരമ്പു്
ഞെമത്തിന്നുകൊട്ടില്ലൊ ഞെന്നന്മാതെതിന്റെ ഉയിരാലും
ഞൊണ്ടാൽ കൊണ്ട പഠിച്ചു
ഞൊടിക്കൊണ്ടു ഞൊണ്ടല്ല
ഞങ്ങൾക്കു വെള്ളിക്കിണ്ണവും നിങ്ങൾക്കൊ
ഞങ്ങൾതിന്നൊന്നിൻ കല്ലാൽ വെണ്ടാ
ഞാണില തെങ്ങ്നാരിതു
ഞാണില്ലാത്തവർക്കു ദൈവം തുണ
ഞാത്തെബന്ധുവെറ്റിലയില്ലാത്തതല്ല
ഞാലം ഭൂമിയിൽ ഞായം
നേർപറഞ്ഞാൽ നേരത്തെ പോകാം
പലതുമിട്ടു പൊരുളെല്ലാം

ഭണ്ഡാരത്തിൽ പണം ഞെട്ടാതെ

മൂന്നാം പാഠത്തിന്റെ ഒടുക്കം

യാഗശാലയിൽ നിന്നു

ധൂർത്തന്മാരുടെ പട്ടി യാഗം

വന്നപ്പോൾ ബ്രാഹ്മണൻ

ശ്രീമാൻ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു

സമുദ്രത്തിന്റെ തീരത്തിൽ വിട്ടിട്ടു.

മൂന്നാം പാഠം.

കഥകൾ

൧. ഒരു ബ്രാഹ്മണൻ യാഗം ചെയ്യാൻ ആട്ടിനെ മേടിച്ചുകൊ
ണ്ടു പോകുമ്പോൾ വഴിയിൽ വെച്ചു ധൂർത്തന്മാർ പലരും കൂടി ബ്രാ
ഹ്മണൻ ആട്ടിനെ പിടിച്ചു പോകുന്നതു കണ്ടു ഒരു ഉപായം
ചെയ്യേണമെന്നു വിചാരിച്ചു ഇതിൽ ഒരു ധൂർത്തൻ അടുക്കൽ
ചെന്നു [illegible] പോകുന്നു
കുന്നു എന്നു ചോദിച്ചു ബ്രാഹ്മണൻ ഒന്നും പറയാതെ പോകി
അവിടെ നിന്നു കുറെ ദൂരം പോയപ്പോൾ മറ്റൊരു ധൂർത്തൻ ബ്രാ
ഹ്മണനോടു സ്വാമി പട്ടിയെ മേടിച്ചു എന്തിനു കൊണ്ടുപോകുന്നു എന്നു
ചോദിച്ചു ബ്രാഹ്മണൻ ഒന്നും ഭാവിക്കാതെ കുറെ ദൂരത്തെ
പോയപ്പോൾ അവിടെ പലരും കൂടി നിന്നു കൊണ്ടു ഉത്തമ
ബ്രാഹ്മണൻ പട്ടിയെ കൊണ്ടുപോകുന്നതു കണ്ടു

ണ്ടാകുന്നത് കണ്ടാൽ ആശ്ചര്യമായിരിക്കുന്നു എന്നു പറ
ഞ്ഞതു കെട്ടപ്പോൾ ബ്രാഹ്മണൻ ഞാനിതു കാണ്കനല്ലവണ്ണം അ
റിഞ്ഞു കൂടായ്കകൊണ്ടു ഈ വസ്തു മെടിച്ചതു നാമിതന്നെ ആയി
രിക്കും എല്ലാവരുടെ ബുദ്ധിയിലും ഒന്നാകയിട്ടു തോന്നിയാൽ മ
ഞ്ഞാദയായി നടക്കുന്ന വിദ്വാന്മാർ അതു വിചാരിക്കേണം
എന്നു പറഞ്ഞിട്ടു ഉള്ളതു വിചാരിച്ചു ഇങ്ങിനെ പിടെച്ചു കൂട്ടിപ്പാ
ൻ പൊയി ദുഷ്ടന്മാർ ഇങ്ങിനെ കൊന്നിരുന്നതകൊണ്ട
ദുഷ്ടരുടെ ബുദ്ധി കൊണ്ടു ചതിക്കും എന്നു പറഞ്ഞത്—

൧൫ ഒരു വെളുത്തേടന്നന്നൊരു മടക്കുന്നേതാനുമൊരു ക
ഴുതയുണ്ടായിരുന്നു കഴുതയെ വെളുത്തേടൻ പുലിത്തോ
ൽ കൊണ്ടു ചാട്ടി ഉണ്ടാക്കിയിട്ടു രാത്രിയിൽ മറ്റൊരുത്തന്റെ
നെല്ലിൽ കൊണ്ടുപോയി അഴിച്ചിട്ടും പുലി എന്നു വിചാരിച്ചു
ആ കഴുതയെ ആരും നെല്ലിൽനിന്നു ആട്ടികളയാറില്ല-നന്നി
നെയ്തിഞ്ഞവണ്ണം മറ്റൊരുത്തന്റെ നെല്ലുതിന്നുംകൊ
ണ്ടു നടക്കുമ്പോൾ ഒരു ദിവസം നെല്ലും കാത്തുംകൊണ്ടു പാർക്കു
ന്നവനിൽ ഒരുത്തൻ കഴുതയുടെ നിറമായ കമ്പിളി പുതെച്ചുകൊണ്ടു
ഉണ്ടാക്കിയ ചട്ടങ്ങളുംകൊണ്ടും വില്ലും അമ്പും കയ്യിൽ [illegible]
ച്ചു പുലിയാകുന്നു എന്നു വിചാരിച്ചു [illegible]
നിന്നപ്പോൾ കഴുത അവനെ കണ്ടു [illegible] കഴുതയാകുന്ന
എന്നു വിചാരിച്ചു ഒലിയിട്ടുകൊണ്ടു അടുക്കൽ വന്നു കാ
വൽക്കാരൻ ഒച്ച കെട്ടപ്പോൾ ഇതു കഴുതയാകുന്നു എന്നറിഞ്ഞു
അമ്പുകൊണ്ടു എയ്തു കൊന്നു [illegible]

ഞ്ഞെട്ടിയാമെന്നുപറഞ്ഞത-

൩. കാട്ടിൽ ഒരു പ്രദെശത്തു മാംസം കൊണ്ടു ഉപജീവനം കഴിച്ചുകൊണ്ടെ ഒരു കാട്ടാളൻ പാൎത്തുവന്നു അവൻ ഒരു മാനിനെ കൊന്നു എടുത്തും കൊണ്ടു പൊകുമ്പൊൾ വലുതായിട്ടുള്ള പന്നിയെ കണ്ടു അപ്പൊൾ എനിക്കു ഒരു മാംസം കൂടെ ഉണ്ടാകുന്നതു എന്നു പറഞ്ഞു മാനിനെ നിലത്തു വെച്ചു പന്നിയെ എയ്തു പന്നി അമ്പു കൊണ്ടെപ്പൊൾ ദെഷ്യപ്പെട്ടു തെറ്റെ പാഞ്ഞു വയറു കീറി കാട്ടാളനെ കൊന്നു പന്നിയും താഴത്തു വീണു ചത്തു ആ സമയത്തിൽ മൊഹനകൻ എന്നൊന്നെ പെരായിട്ടു ഒരു കുറുക്കൻ വിശപ്പുകൊണ്ടു ബുദ്ധിമുട്ടീട്ടു ഇരയാൻ അന്വെഷിച്ചു നടക്കുമ്പൊൾ അവിടെ വന്നു പന്നിയും മാനും കാട്ടാളനും ചത്തു കിടക്കുന്നതു കണ്ടാറെ പറഞ്ഞു എന്റെ ഭാഗ്യം കൊണ്ടു ഇന്നു ആഹാരങ്ങൾ വളരെ കിട്ടി കാട്ടാളനെ ഒരു ദിവസം തിന്നാം രണ്ടു ദിവസം മാനിനെയും പന്നിയെയും തിന്നാം എങ്കിൽ ഭക്ഷണവും ഇപ്പൊൾ തന്നെ വെണ്ടു ഉള്ളൊളം കിട്ടി എന്നു പറഞ്ഞു മാനിനെയും പന്നിയെയും വെടനെയും വെച്ചിരുന്നു ക്രമെണ തിന്മാൻ വിശപ്പു ഇരിക്കുന്ന വെടന്റെ വില്ലിന്മെൽ കെട്ടിൻ ഞരമ്പു കൊണ്ടെ കെട്ടിയിരുന്നതിനെ തിന്നാം എന്നിട്ടു കടിച്ചു മുറിച്ചപ്പൊൾ വില്ലിന്റെ തല നെഞ്ഞത്തു കൊണ്ടു മുറിഞ്ഞു കുറുക്കൻ ചത്തു - അതു കൊണ്ടത്രെ വെണ്ടുന്നതിൽ അധികം ആഗ്രഹിക്കരുതെന്നു പറഞ്ഞതു-

൪. ഒരു നഗരപ്രാന്തത്തിൽ കംബുഗ്രീവൻ എന്നൊരു

ന്നിട്ടൊരൊന്നു മയുണ്ടായിരുന്നതവനെ സ്നെഹിതരാക്കിട്ട രണ്ടു
അരയന്മാരുൾ അവിടെ തന്നെ പാർത്തിരുന്നു അവർ മഴക്കാ
ലൊല്ലയാൽ വെള്ളം കുറഞ്ഞപ്പൊൾ ഞാൻ ഇക്കാര്യം കൊണ്ട്
മറുവശത്തു തന്നെ പൊകെണം എന്നതിനു സ്നെഹിതന്മാ
രിട്ടുള്ളവരെ കുറിച്ചു വന്നൊട്ടുകൂടെ പറഞ്ഞിട്ടു പൊകെണമെ
ന്നതിൽ വിചാരിച്ചു കുറിച്ചു വന്നൊട്ടു പറഞ്ഞാറെ ക
ത്തീവൻ ഞാൻ കൂടെ പൊരുന്നു എന്നും നിങ്ങൾ പറക്കുന്ന
വരാകകൊണ്ടു നിങ്ങളൊട്ടുകൂടെ പൊരുവാൻ മനസ്സപ്രകാരം
വെണ്ടുവന്നും ഷൊടിച്ചപ്പൊൾ അരയന്മാരുൾ നിങ്ങൾ
ക്കു സ്നെഹിതനായിട്ടുള്ളവനാകകൊണ്ടു വഴിയിൽ വെടുന്നും ഇ
ണ്ടെന്നു തങ്ങൾ പറഞ്ഞപ്രകാരം കൊട്ടയിൽ നിന്നു കൂടെ
കൊണ്ടുപൊകാമെന്നു പറഞ്ഞു ഒരു കൊൽ കൊണ്ടുവന്നി
ഞങ്ങൾ നേരെ നടന്നിൽ പ്ലവനെ മുറുക്കി പിടിച്ചാൽ ഞങ്ങൾ
രണ്ടുപേരെ ഒത്തും കൊണ്ടുവരട്ടെ ഉത്തരം കൊണ്ടു പൊരിക വെള്ളത്തിൽ
കൂടെ അയക്കാമെന്നു പറഞ്ഞാറെ അപ്രകാരം തന്നെ ഞങ്ങ
ൾ നേരെ നടക്കത്തക്ക മുകൾ പിടിച്ചു അരയന്മാർ രണ്ടു പേരും ഉത്തരം
കൊണ്ടുപൊകുമ്പൊൾ ഒരു പട്ടണത്തിൽ സ്ഥിരമായിരുന്നവന്മാ
രെ ഞാൻ അതിശയം കണ്ടിട്ടു ആ പട്ടണത്തിലുള്ളവർ ഇരിക്കു
ന്നു കൊട്ടിയെ മുഴുവനും കെട്ടിയ തൊപ്പികളും വെച്ചിട്ടു വെവ്വെറെ
പറവാൻ ഭാവിച്ചപ്പൊൾ കൊൽ വിട്ടു ഇലത്തിലെ പട്ടണത്തി
ൽ മാംസം ഭക്ഷിക്കുന്നവർ കൊന്നതിന്നു കായും ഷൊകത്തു
ന്നതു കൊണ്ടത്രെ സ്ഥലമുള്ളവരും ഷൊക്കന്നു ബന്ധി

ക്കാലത്തെ ഞങ്ങൾ സാൻ നിശ്ചയിച്ച പോകുന്നതിനെ പറഞ്ഞത്-

മുപ്പത്തൊന്നാം അദ്ധ്യായം പരിച്ഛേദം

ഒരുദിവസം കാലത്തിനെ പട്ടാൾ പുറപ്പെട്ടു പോകുന്നതിനു മുമ്പിൽ വഴി
യിലെ കാര്യങ്ങളെപ്പറ്റി ചിലതെല്ലാം പറഞ്ഞു കൊണ്ടിരു
ന്നു- പിന്നെ അവിടെ നിന്നും പുറപ്പെട്ടു പാറമേൽ വന്നു ചേർന്നു
൨൦ ദിവസം കഴിഞ്ഞ ശേഷം പാറമേൽ ഞങ്ങൾ ചെന്നു ആ
ഴ്ചവട്ടത്തിൽ തന്നെ പോയി പാറമേൽ വീട്ടിൽ
ചെന്നിരിക്കുമ്പോൾ കൂടെയുള്ളവരെ കൂട്ടി പോകുന്നതിനെക്കുറിച്ചു
ചിന്തിച്ചു- പിന്നെ നല്ല ഒരു ദിവസം നോക്കി യാത്ര പുറപ്പെടുവാൻ
നിശ്ചയിച്ചു- ഞങ്ങളുടെ ഈ യാത്രയുടെ ഫലം തന്നെ ഇതിന്റെ ഒടുവിൽ അറിയുമാറാ
കട്ടെ-

ഇനി ഒരു കാര്യം വിശേഷമായിട്ട് ഈ സംഗതിയെ
ൽ രഹസ്യമായി വെളിപ്പെടുത്തി പറവാനുണ്ട് അതിനാൽ അതു
ചിലർ ഒക്കെ തെറ്റായി കേട്ടു കേട്ടിരിക്കുമ്പോൾ
ഞാൻ ഇവർ വിചാരിച്ചിരുന്ന കാര്യം ഒക്കെയും പറഞ്ഞുവന്നു
തെറ്റുകളെ തിരുത്തി ഇട്ടുള്ളവരെ ഒക്കെയും കണ്ടു-അവരെ
വഴിയിൽ നിന്നു കൂട്ടിക്കൊണ്ടുവന്നവർ-- ചിലർ വചനത്തെ കേട്ടു
പോൾ വളരെ സന്തോഷത്തോടും കൂടെ കൈക്കൊണ്ടു. ആ
സമയത്തിൽ അവരെല്ലാവരും ഒരുമിച്ചു യാത്രയാകുവാൻ ചെന്നു വചനം
കേട്ടു-വിരോധവും ഇല്ല സത്യം ഉള്ളതു തന്നെ എന്നു പറഞ്ഞു
വലിയ കൂട്ടം വാങ്ങി പോകുന്നു- ഞങ്ങൾ പാറമേൽ വീട്ടിൽ

[illegible]—

ഇവർ വചനത്തെ കേട്ടുകൊണ്ടശേഷം ലോകചിന്തയും ധനമായയും ലൌകികസുഖഭോഗങ്ങളും നെഞ്ചകം പുക്കു വചനത്തെ ഞെരുക്കി പക്വഫലം ഒന്നും വരാതെ ആക്കുന്നു അവർ മുള്ളുകൾക്കിടയിലെ വിത്തു തന്നെ— പിന്നെ വചനത്തെ കേട്ടു ഗ്രഹിച്ചു നല്ല മനസ്സിൽ വെച്ചു സൂക്ഷിക്കുന്നവർ നല്ല നിലത്തിലെ വിത്തുകൾ ആകുന്നു അവർ ക്ഷാന്തിയോടെ നൂറോളം ഫലം തരികയും ചെയ്യുന്നു—

നാലാം പാഠം

പാട്ടുകൾ

അനുതാപകഥാ

൧. പണ്ടൊരു മനുജനുണ്ടായിരുന്നിതു
രണ്ടു സുതന്മാരവരിൽ സഹജൻ
സന്താപാൽ പലദിനവും ചരിക്കുകൾ
തന്നുടെ ധനകം കണ്ടുരചെയ്തു

൨. താതഭവൽകൃപ ചൊരിയുന്നെങ്കിൽ
നിന്നുതവിൽ പുനരെന്നുടെയംശം
ഭാഗം ഞാനതു തരേണമിക്കാല
കൊണ്ടുടനങ്ങു പോകേണം കഴിക്കാം

൮. എവമവരൊഴികെട്ടങ്ങനെകൻ
വിത്താംവകത്തൊഴിച്ചനൊട്ടുത്ത
ദ്രവ്യമശെഷമെടുത്തവരുടനെ
വൊൺറിനമൊദംപൂണ്ടുഗമിച്ചു
൯. പൊങ്ങിനല്ലൊരവിടെന്ന്ദ്രൊഹി
ച്ചുള്ള കുശലമൊദെവമിച്ചാൻ
തന്മൂതലൊന്നിലും ദ്രവ്യമനവി
ദ്ധിയനാക്കിവലഞ്ഞിതെല്ലാം
൰. ദുസ്സഹമായൊരുദുർഭിക്ഷവുമ
ങ്ങുതിവന്നുഭവിച്ചുതദാനിം
ഭയാരിനൂട്ടുഭത്തിമെല്ലാരുശെഷം
ഉറെറാരുവാരണെയൊന്നുഭജിച്ചു
൧൧. വരുടെ നല്ലുണകെട്ടവനപ്പൊൾ
സ്വൊദരന്മാരൊട്ടുചൊല്ലുവാനിച്ചാൻ
കഷ്ടത്തുവിരിച്ചവെഞ്ഞരാമലം
വണിക്കുക്ഷണന്നവിട്ടുമിച്ചു
൧൨. ഞങ്ങളുത്രവുമടിപ്പതിനൊരു
നൽകിടാതെവലഞ്ഞൊരുസാമയെ
ത്രാമനതാരഫൽവൃണ്ടൊരുശെഷം
നമ്മെക്കൊണ്ടൊരുന്നിനവുജ്ഞിച്ചു
൧൩. കഷ്ടം കഷ്ടമിതെന്തിനഞ്ഞൊർവ
വൃത്തിക്കിഴിപ്പുർന്നമൂന്നായിതാം

ജനകൻ ധനവാൻ വലിവാരങ്ങളെ
മൈത്രസ്യൈനവസിച്ചീട്ടുന്ന
൯. അവനുടെ മൂന്നിൽ തെന്നുവസിച്ചു
ഉന്നവരി ചെയ്യുദ്യം വന്നുഭവിക്കും
യെനവൺ്ടാമവൻ കാരക്കിച്ചിട്ടു
ചാട്ടുലശേരാമകനാറും ജനകൻ
൰. ഇതു മൂന്നിനിന്നെഴുത്തുവനും ഖണ്ഡിക്കുന്നതിൽതന്നെടെ ജനകൻ
കാണ്ടുമായിരിന്നുട നൊടിച്ചു ചെയ്യുസമ
കിണ്ണം മൃഗ്ഗകാലതിരിച്ചു ചിലമാവുകൾ
൰൧. ഉന്നം ചാനവും പുനരാജിം ധനവും
ഭരണാലെ ചെയ്യുന്നതിനെരം തനയൻ
സ്വന്ത വരത്തിനു മവളുണ്ടുതാവെ
പുരത്തിലാത്തമയോഗ്യനാം കൊണ്ടു
൰൨. മാനിയതായൊരുങ്ങി തിരുവിൽ
സ്തുതികനൊന്നുരചെയ്യു തിന്നൊരാൾ
സ്തുതിയാതല്ലെന്നു രചെയ്യവാം
ഷിഷ്യാലാനാൽ വസിച്ചൊരുകാലം
൰൩. താതൻതന്നുടെ പാദചാരകരെ
പാദിശെ ചെയ്യുവിശിച്ചു രക്ഷിക്ക
മുഖ്യന്മാരായൊരുവനാം കൊണ്ട
സാദരം പൂവൃന്ദം മൂട്ടുമിവനെ
൰൪. സപ്തയാതിഷ്ഠിച്ചു കിരീടം ധരിച്ചു

നരംഗവിമദ്ധ്യ നെഞ്ഞായിരവും
ചെത്തരാവസ്ഥപ്പെട്ടമത്താകൊ
അഗൈവത്തെവാസിച്ചുകൊണ്ടൊരാൽ
൭൮. പടാനഞ്ചെയ്തിൻ ജ്ഞൈശ്വിക്കിഴിച്ചു
രമ്യതൈസേനവസിച്ചിടവെന്നും
നൈഷ്ഠ്യനാരിവരൊഞ്ഞവാരം
ദൃഷ്ടിപടത്തിൽവരാതെകണ്ടിച്ചു
൭൯. ഖണ്ഡേഭിരുത്തുലക്കിദാനം
ശ്രീരമസേനവസിച്ചിടവെണ്ണം
ചെയ്തുരെഷ്ടപാതൻതരസാ
വാദ്യഘോഷങ്ങൾകുഴക്കിച്ചുകളിൽ
൮൦. നൽനഭാവംകൊണ്ടെവർവല്ലഭം
ചൂഷ്ടരസേനവസിച്ചുവരുമ്പോൾ
മുത്താമകൻപുനരന്നിടെവന്ന
വൃത്താമശേഷാശ്രവിഞ്ഞുശരിച്ചു
൮൧. കിഴ്ത്രിയഭാവംപൂണ്ടുവന്നിതം
പുണ്യമതന്നെവസിച്ചൊരുശേഷം
തനക്കൻതന്നെടെനിക്കാടെവന്ന
ജ്ഞാനകൻതാനുമവൈക്ഷയറിച്ചു
൮൨. ഭാതവെച്ചുകൾകൊട്ടിവരെയും
ഒപ്പാപുരസ്സരമുടനെയൊന്നാൻ
ശുശ്രൂഷാദികൾചെയ്യുമിതെന്നും

ശ്രെക്കിഴിച്ചുമഹാകാലം ഞ്ഞനമ്മ
൨൪. ഇന്നടെക്കല്ലാനന്ദസ്വരൂപിനവും
ഞാൻലംപിൾപെടുമെന്നതുസ്വാതന്ത്ര്യമില്ല
കഞ്ഞംയവർകളുംമൊന്നിനൊടെയിൽ
താന്നതിലില്ലമറ്റിയവസ്തുഭാവാർത്ഥം
൨൫. ഖെശത്ര്യന്മാർചെയ്തുസ്പഷ്ടത്തിൽവനത്തിലും
ഗ്രാഹ്യംചാത്തംധനമതുദ്രവ്യമിടച്ചു
ഞാനിവയുംതന്നെഖെദത്തെഷ്ടമില്ല
ഷുത്തിരകൊണ്ടുതൽവൃകന്നിട്ടന്ന
൨൬. ഇഞ്ഞിനെതന്നെഭൂമിയെഭടെരക്ഷണം
സാധുവായിതീർത്തുമെയ്യുന്നയാൻ
ഐമഷുനായഭവാനിഷ്ടമിത്ര്യം
വഞ്ഞെടെയതിൽവന്നിരിക്കുന്നു
൨൭. ധാമകമാരാധനവുമരെശം
താവകമെന്നയറിഷ്ഷിടെണം
സഹസ്രാർത്തവസ്തുതന്നൊന്നൊർത്തവ
നിന്റെവണ്ണത്തുമൂലന്തരസാ
൨൮. സാമ്രാജ്യതൈവതത്തൊദിച്ചിടട
സന്തൊഷിച്ചുസുഖിച്ചിടയെന്നും
ഖിന്നപറഞ്ഞവരെവതമൊപ്പം
സ്പഷ്ടതരസെനാഭക്കിച്ചുസുഖിച്ചാർ
൨൯. പാപഞ്ഞെയെല്ലാതള്ളിനവണംവുന

ഭവമെന്നതിനെന്നൎത്ഥമതായാൽ
സത്ത്യവിതാവിനെയും ഗുരുഭക്തിയിങ്കൽ
നിത്ത്യസുഖമെന്നവരവനിക്കാം

൧. സൎവ്വഭൂതങ്ങളിലും കൃപായുക്തവന്താനും
സൎവ്വദാനങ്ങൾ നല്ലതു ചൊല്ലുന്നോനും
ശത്രുക്കളെല്ലാം തന്നെപ്പോലെയെന്നു കരുതിയിൽ
മിത്രം ദുഃഖം ചിന്തിക്കാതെ ശിക്ഷിക്കുന്നവനും
ശക്തിക്കു തക്കവാറു ദാനങ്ങൾ ചെയ്യുന്നോനും
സ്വൎഗ്ഗലോകം പ്രാപിച്ചു ദിവ്യസുഖിച്ചു വസിച്ചിടും
(ശ്രവിക്ക)

൨. പല്ലന്നാളും തിരുവചനങ്ങൾ കൊണ്ടേ
സ്വരൂപം യിങ്ങനെ തോന്നിച്ചിട്ടുള്ളവൻ
ഉദാഹരണസ്വരൂപമായ് വാക്കൊന്നിലും
കാലം ഹതാത്തും ഒഴിഞ്ഞെപ്പോറുമൊ
ഋഷിമാരെക്കൊണ്ടു പുസ്തകങ്ങൾ കൊടുത്തി
ഋഷിമല്ല പണ്ഡിതന്മാരെക്കൊണ്ടുമായി
ഒരുവെരുക്കാ കണ്ണൂവായാനവൻ
ചരിതങ്ങളെല്ലാം അറിയിക്കയില്ലെന്നാ
ദിനന്തോറും ഭക്തിയിൽ കൊടുക്കുന്നോരുവെള്ളത്താൽ
തന്നയ്മാരായ കുമാരന്മാർ മുന്നം
ഉദ്ധത്താർ ഷണ്ണതയിളിതമായ്‌ക്കാൻ

പുത്രപൌത്രസുഹൃദ്വരന്മാരെ
ഖേദത്തൊടു ചൊന്നു ചിന്തിച്ചു താഴിയെ
കടക്കണ്ണും പറന്നിതിന്നാൾ എല്ലാരും
വെളുത്തമയിലയും ഞെളിഞ്ഞമയ്യെയും
ഞെട്ടിച്ചുറ്റിക്കിടക്കുന്നൊരു വെണ്ണാം
അതാതെട്ടിൽ കൊത്തിക്കൊണ്ടു നടന്നവും
ഉദയത്തിങ്കൽ പാറ്റിയതമെല്ലൊ
അന്തിയിലും മേൽഭാഗത്തിലും വേഗത്തിൽ
അതിമോദത്തൊടു പറന്നു കാകനും
തെളിഞ്ഞു വായസഗണവും അന്നേരം
ഉത്തമകാകനും ചിറകു മടിച്ചു
കടഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണിടൻ
കിഴിഞ്ഞു കാകന്തന്നഹങ്കാരം എല്ലാം
ചിരിപ്പലം എന്നു മതിച്ചാൻ അപ്പോലെ
പത്രി വിചിത്രം കേട്ടിങ്ങനെ ഞാനും—

(മഹാഭാരതം കർണ്ണപർവ്വം)

൩൭— ദുഷ്ടികളിൽ കാലം ഉണ്ടാകയില്ല പൊൽ
പൃഥ്വിയും നാട്ടിൽ കുറഞ്ഞു പോകുന്നതെല്ലാം
പട്ടിണി വെണ്ടതെല്ലാ ൨ കൊണ്ടും ഉണ്ടായ്വരും
കെട്ടുപോം ഒരൊരാളുകളുടെ പ്രഭാ
ഉറ്റമാമിനിക്കാററിക്കും പരിത്യാഗം
പാപികളൊക്കും ഒരൊരിടത്തിൽ മന്നവാ

ഘോരം ഇടിവെട്ടി [illegible]
[illegible]
ദേവാലയങ്ങളിൽ നിന്നെല്ലാം [illegible]
ദൈവത്തിലുള്ള [illegible]
ദൈവസാന്നിദ്ധ്യവും അപ്പോൾ പിരിഞ്ഞുപോം
ദേവാലയം എല്ലാം ഇടിച്ചു [illegible]
[illegible] രണ്ടവരെല്ലാം
[illegible]
[illegible] വർത്തിച്ചിടും [illegible]
[illegible]
ബ്രാഹ്മണ [illegible] ഇല്ലാതാകെ
ബ്രാഹ്മണരെ പ്രശംസിപ്പാനും ആരും
[illegible] ഇല്ലാതാകും
[illegible] പാപികളും ഉള്ളതെല്ലാം
[illegible] ഈശ്വരൻ [illegible]
[illegible]
[illegible]
[illegible] സ്വരവും [illegible]
[illegible]
[illegible] ഒരോരോരുവർ
[illegible] അവർക്ക് [illegible]
[illegible] ഉണ്ടാകയാൽ അങ്ങവർ

ഭക്തന്മാരും ഭൂമിദേവന്മാരും ഭവാൻ ഭക്തിയിട്ടും
യോഗ്യന്മാരുമൊട്ടുകൂടിത്തന്നിൽ ചേർന്നൊന്നായി വാഴും
നാലാം ശ്രുതികളിൽ ആവസിച്ചു ധന്യരും
ചൊവ്വോടെ നിങ്ങൾക്കിനി വാഴിടേണം
ഭേദമില്ലാതെ പൊൻ വംശങ്ങൾ ഭക്തരും
(സ്വവാദേവ)

അഞ്ചാം പാഠം

ശ്ലോകം

പാരമ്പര്യവെളിച്ചങ്ങൾ ക്ഷണിച്ചിട്ടും
നിരന്തരമൊരാറും ജ്ഞാനിവരെല്ലാരും
സന്തോഷത്തോടെ തങ്ങൾ ഇടങ്ങളിലെല്ലാം
വാഴ്ത്തുന്നൊരു പരമാത്മാവിനോട്ടും ।
വന്ദിച്ചിട്ടു ശുഭമായി ഉൾക്കാഴ്ചയുള്ളവരെല്ലാം
അവർ സ്നേഹമോടെ പ്രിയമാം വചനങ്ങൾ ചൊല്ലി
കണ്ടോരും കേട്ടോരും ഭക്തിയോടു ചൊന്നാൽ
ഇങ്ങനെ മനുഷ്യരിലൊരുവനൊന്നും സാദൃശ്യം ।
ഇനി നല്ലവരാം പലരും പരസ്പരം
ഇങ്ങനെ നാട്ടിലെവിടെയും മഹിമയായ
ഇനിയും വിളിച്ചു തങ്ങൾ തന്നെ
ഇതെങ്ങനെ ഉണ്ടാവുന്നു മഹാശയൻ ।
അന്നേരം ശരസ്വതിയാം നാവിന്മേലാരൂഢൻ

പിന്നാലെതാദന്നരന്താദന്താൽഭ്രാതൃയത്തൊസ്യാനങ്ങൾ
മങ്ങംപിഷ്ഠന്യന്നമെകനപരൻമെമല്ലപിശൈത്യന്നാൻ
ജ്ഞാന്യാൻമുട്ടുസലുകൾത്തിമററവനവൊനിന്ദിതിത്തിമിഷ്ഠാൻഢ്രതംവ
ഞങ്ങിതമന്തിമക്ഷ്ണാംത്വാംചിലെതെഹ്യാനന്തം
പിതരപിതിസമന്താവിമയാചെപെണ്ടന്തെ
സമമപിതവപുത്രാംസത്രാംവങ്കാംപ്രശംസ്യം
സമമപിചസദാത്മാനംവരംദേശദംനഃ ‖

Tellicherry Mission Press
1851.

നസ്രാണികളുടെ പഴമ

കേരളത്തിലെ പ്രാചീന ക്രൈസ്തവ സമൂഹമായ നസ്രാണികളെക്കുറിച്ചു മൗലികരേഖകൾ ആധാരമാക്കി ഹെർമൻ ഗുണ്ടർട്ട് എഴുതിയ പ്രബന്ധത്തിൻെറ ഒന്നാം ഖണ്ഡം ഇതാദ്യമായി അച്ചടിയിലെത്തുന്നു. ട്യൂബിങ്ങൻ സർവകലാശാലയിലെ കൈയെഴുത്തു ഗ്രന്ഥമാണ് ആധാരം. മറ്റു ഖണ്ഡങ്ങൾ കണ്ടെത്തിയിട്ടില്ല.

എഡിറ്റർ

നസ്രാണികളുടെ പഴമ

1. ഖണ്ഡം

കലിയുഗം എകദെശം 3100 യെശു എന്ന രക്ഷിതാവ യഹൂദ രാജവംശത്തിൽ ജനിച്ചു. 33 സംവത്സരം ഭൂമിയിൽ പാൎത്തു. പൂൎണ്ണ സ്നെഹത്താലെ ദെവകല്പനകളെ ഒക്കയും ആചരിച്ചു നടന്നു. പാപികളുടെ ദ്വെഷ്യത്താൽ വളരെ ഹിംസകൾ അനുഭവിച്ചു ലൊകത്തിന്റെ ജീവനായി പ്രാണനെ ഉപെക്ഷിച്ചതിന്റെ ശെഷം ദൈവമായ പിതാവ അവനെ മരിച്ചവരിൽ നിന്നുയിൎത്തെഴനീല്പിച്ചു, ഇവൻ സാക്ഷാൽ എന്റെ പുത്രൻ എന്ന എല്ലാവരെയും കാണിച്ചു, അവനെ സകല ജാതികൾക്കും രാജാവും പ്രകാശകാരണനും ആക്കി വെക്കുകയും ചെയ്തു.

ആകയാൽ അവന്റെ ആത്മാവു നിറഞ്ഞ ചില ശിഷ്യന്മാർ ലൊകവിരൊധം ഒട്ടും കൂട്ടാക്കാതെ യഹൂദയിലും പരദെശങ്ങളിലും പൊയി രക്ഷക്കായി കല്പിച്ചിട്ടുള്ള ഈ എകനാമത്തെ പ്രസിദ്ധമാക്കി തുടങ്ങി. അവർ മിക്കവാറും പടിഞ്ഞാറെ ദിക്കുകളിൽ പൊയി പണി ചെയ്യുമ്പൊൾ തൊമ എന്നവൻ പാൎസിരാജ്യത്തിലും ബത്തൊല്മായി ഹിന്തുരാജ്യത്തിലും വന്നു യെശുവിന്റെ സുവിശെഷം അറിയിച്ചിരിക്കുന്നു എന്നു പുരാണസഭക്കാരുടെ സമ്മതം. അങ്ങിനെ അല്ല, തൊമാ തന്നെ 52 ക്രിസ്താബ്ദത്തിൽ മലയാളത്തിൽ വന്നു കൊടുങ്ങല്ലൂരിൽ ഇറങ്ങി എറിയ ആളുകളെ വിശ്വസിപ്പിച്ചു ശങ്കരപുരി (ചങ്കുറി), പകലൊമ്മററം ഇങ്ങിനെ രണ്ടു ഇല്ലക്കാരിൽ പട്ടം കല്പിച്ചു പള്ളിയും വെപ്പിച്ചാറെ ചൊഴമണ്ഡലത്തിൽ ചെന്നു ബ്രാഹ്മണരുടെ ഈൎഷ്യ കൊണ്ടു മയിലാപ്പൂരിൽ രക്തസാക്ഷിയായി അന്തരിച്ചു എന്നിങ്ങനെ പിന്നെ ഉണ്ടായ പാരമ്പര്യ വൎത്തമാനം, മാൎതൊമാവിനെ ഒരു കച്ചവടക്കാരന്റെ കൈക്കൽ 20 പൊൻ പണത്തിന്നു അടിമയാക്കി വിററുകളഞ്ഞ പ്രകാരവും അവൻ ഒരു രാജാവിനെ സെവിച്ചു കമ്മാളരുടെ ഗുരുവായി വിചിത്ര കൊയിലകം തീൎത്തിട്ടു രാജാവിനെ മാൎഗ്ഗത്തിൽ ചെൎത്തപ്രകാരവും സ്ത്രീസക്തി എറിയ ജാതികളിൽ പാതിവ്രത്യശുദ്ധിയെ വരുത്തി മറ വസ്ത്രങ്ങളെയും അധികം ധരിപ്പിച്ച പ്രകാരവും നസ്രാണിനമസ്കാരങ്ങളിൽ സ്തുതിച്ചു വരുന്നുണ്ടു. അതിന്റെ പരമാൎത്ഥം ദൈവത്തിനറിയാം.

ക്രിസ്തനാമസുഗന്ധം പുരാണകാലങ്ങളിൽ ഈ രാജ്യത്തൊളം പറന്നുവന്നു എന്നു നിശ്ചയിപ്പാൻ കുററിയുണ്ടുതാനും. രൊമരും യവ

നരും മിസ്രരാജ്യത്തിൽനിന്നു കപ്പൽ കയറി നിത്യം ഈ രാജ്യത്തിൽ വന്നവാറും കച്ചവടം നടത്തി പാൎത്തവാറും പല ഇടത്തും അറിയിച്ചിട്ടുണ്ടു. മഹാരൊമചക്രവൎത്തിയുടെ പ്രജകൾ എന്ന പ്രസിദ്ധമാകക്കൊണ്ടും കച്ചവടത്താൽ വൎദ്ധിച്ചുണ്ടാകുന്ന ദ്രവ്യാഗ്രഹം കൊണ്ടും കൊയ്മയും നാടുവാഴികളും ഈ വന്നു പോകുന്നവൎക്കു വിരൊധം കാട്ടാതവണ്ണം ശങ്കിച്ചിരുന്നു. അപ്പൊൾ ബ്രാഹ്മണൎക്കല്ല ശ്രമണർ എന്ന ബൌദ്ധന്മാരുടെ മതഭെദത്തിന്നും ഈ കെരളത്തിൽ ആധിക്യം ഉണ്ടു എന്നു തൊന്നുന്നു. ഇപ്പൊഴത്തെ ആചാരവും അനാചാരവും അന്നു ഇല്ല. ആയതുകൊണ്ടു യഹൂദരും വ്യാപാരം ചെയ്തു സിംഹളം എന്ന ഈഴത്തിൽ കൂടി ഇരുന്നു കൊടുങ്ങല്ലൂരിൽ കുടവന്നു ചിലകാലം പാൎത്തപ്പൊൾ ഭാസ്കരരവിവൎമ്മാവു എന്ന പെരുമാൾ വളരെ പ്രസാദിച്ചു അവരിൽ ശ്രെഷ്ഠനായ യുസ്സുഫ ഇറബ്ബാനുക്കും അവൻ സന്തതിക്കും അഞ്ചുവണ്ണം എന്ന ദെശവും നാടുവാഴി സ്ഥാനവും കൊടുത്തു. വെണാടു, വെണാവലിനാടു. എറനാടു വള്ളുവനാടു നെടുമ്പുറയൂർനാടു ഇവററിൽ കൎത്താക്കന്മാരായ തമ്പ്രാക്കന്മാരെയും മററും സാക്ഷികളാക്കി മുയിരിക്കൊട്ടു ഇരുന്നരുളിചെപ്പുപത്രം എഴുതിക്കയും ചെയ്തു (200–300 ക്രിസ്ലാബ്ദം). ആ യഹൂദന്മാൎക്കു ക്രിസ്തുസുവിശെഷം എബ്രായഭാഷയിൽ എഴുതിയ ഒരു പുസ്തകം ഉണ്ടായിരുന്നു എന്നു തോന്നുന്നു. മിസ്രയിലെ ശാസ്ത്രിയായ പന്തെനൻ (190 ക്രി.) പുറപ്പെട്ടു കിഴക്കെ രാജ്യങ്ങളിൽ സുവിശെഷം അറിയിച്ചു. ഈ ഖണ്ഡത്തൊളം വന്നപ്പൊൾ എബ്രായ സുവിശെഷവും ക്രിസ്തുമാൎഗ്ഗത്തിൻെറ അടയാളങ്ങൾ ചിലതും ഇവിടെ കണ്ടിരിക്കുന്നു.

4

അപ്പൊൾ ഈ നാട്ടുകാർ കപ്പൽവഴിയായി പൊയി അന്യരാജ്യങ്ങളെ കണ്ടു വിശെഷങ്ങളെ അറിഞ്ഞു മടങ്ങി വരുവാറായിരുന്നു. വടക്കു കൊലനാട്ടിൽ ഒരു തമ്പ്രാട്ടി മിസ്രരാജ്യത്തെക്കു പൊയി മടങ്ങി വന്നു യാത്രയിൽ രക്ഷിച്ച ദെവനു സ്തുതിക്കായി കപ്പൽ അണഞ്ഞ എഴിമലയിൽ ഒരു കരിങ്കല്ലെഴുത്തു തീൎത്തിരിക്കുന്നു. ആ എഴിമലയിൽ തന്നെ അന്യമതക്കാർ വന്നു കിഴിഞ്ഞു കൊലത്തിരിയെ മാൎഗ്ഗത്തിൽ കൂട്ടിയപ്പൊൾ അവൻ മാടായി നഗരത്തിലും മററും പള്ളികളെ എടുപ്പിച്ചു മതക്കാൎക്കു അങ്ങാടികളെയും തീൎത്തു. ബ്രാഹ്മണൎക്കു വളരെ ദയ കാണിച്ചു എങ്കിലും പരശുരാമൻെറ ദ്വെഷ്യം ജ്വലിച്ചു മാൎഗ്ഗക്കാൎക്കു സംഹാരവും രാജാവിന്നു നീക്കവും വരുത്തിയശെഷം അവൻ കുറയ തെക്കെ പൊയി വളൎഭട്ടത്തപള്ളിയെയും പട്ടണത്തെയും തീൎത്തു പാൎക്കയും എന്നു കെരളമാഹാത്മ്യത്തിൽ (അദ്ധ്യ. 54) പറയുന്നു. ഈ വന്നവർ സത്യക്രിസ്ത്യാനികളൊ സുവിശെഷപ്പൊന്നിൻെറ മാററു കുറെച്ചു വെച്ചവല്ല സമയക്കാരൊ എന്നു നിശ്ചയിപ്പാൻ പാടില്ല. വെദം നിമിത്തം അഹമ്മതിയാൽ തൎക്കം പറയുന്നവർ എപ്പൊഴും ഉണ്ടായിരുന്നു. അപ്രകാരം പാൎസിക്കാരനായ

മനി (മണി) സ്വദെശത്തിൽ നടപ്പായി കണ്ട ദ്വന്ദ്വജ്ഞാന ത്തെ വിടാതെ ക്രിസ്തുവചനത്തൊട കലക്കി സത്യത്തിന്റെ ഛായ യും കരെററിയാറെ ഇക്കരെക്കും മററും ശിഷ്യരെ ചേത്ത്കൊള്ളു ന്ന ദൂതരെ അയച്ചു (270 കി). ആയവർ മലയാളത്തിൽ വദ്ധിച്ചു മണിഗ്രാമം ഊരിനെ ഉണ്ടാക്കി എന്ന ചിലരുടെ പക്ഷം. അതിൽ പിന്നെ അരീയൻ എന്ന ഒരു മിസ്രക്കാരൻ ദൈവപുത്രൻ സ്രഷ്ടാവ ല്ല, സൃഷ്ടികളിൽ ആദിമസൃഷ്ടി അത്രെ എന്നു പറയുമ്പൊൾ സഭ യിൽ എങ്ങും ഛിദ്രം ഉണ്ടായി (320). ആ വിവാദം തീൎത്തു ഐ കമത്യം വരുത്തുവാൻ സഭാവാഴികളുടെ സംഘം വെണം എന്ന മാർ ഗ്ഗത്തെ അംഗീകരിച്ചുകൊണ്ട കൊൻസൂന്തിൻ ചക്രവത്തിക്കു തൊ ന്നിയാറെ മെത്രാന്മാർ നാലു ദിക്കിൽ നിന്നും വന്നു നിരൂപിച്ച കൂട്ട ത്തിൽ പാർസി, ഹിന്തു ഈ രണ്ടു ഖണ്ഡത്തിന്നും മെത്രനായ യൊ ഹനാൻ എന്ന ഒരുത്തൻ ചെരുകയും ചെയ്തു. അവർ ദൈവപുത്രൻ സൃഷ്ടി അല്ല പിതാവൊട സമജീവനുള്ളവൻ എന്നു വെദൊക്തങ്ങളെ ക്കൊണ്ടു നിശ്ചയിച്ചു എങ്കിലും വിവാദം അമന്നില്ല. ഇങ്ങിനെ രണ്ടുമൂന്നു പക്ഷക്കാർ ഉണ്ടായ സമയത്തിൽ (330) ദെവപ്രിയൻ എന്ന ഒരു ദ്വീപുകാരൻ സ്വരാജാവിൻ കല്പനയാലെ റൊമ മണ്ഡ ലത്തിൽ പൊയി പാക്കുമ്പൊൾ അവിടെ നടക്കുന്ന അറിവു പൊ രുാം ഒക്ക ഗ്രഹിച്ചു. അറീയപ്പുളിപ്പു ചിലതു വെദത്തൊട കലരി ന്നു എങ്കിലും ഹിന്തുഖണ്ഡത്തിലെക്ക മടങ്ങിയാറെ ക്രിസ്തീയ കച്ച വടക്കാരൊടും നാട്ടുകാരൊടും ക്രിസ്തന്റെ വചനങ്ങളെ തന്റെ അറി വു പ്രകാരം ഉപദെശിച്ചു കൊണ്ടുവന്നു (350). മററും പല പ്രകാര ത്തിൽ സത്യസൂര്യന്റെ രശ്മികൾ ചിലതും ഈ നാട്ടിൽ പററി യിട്ടുണ്ടായിരിക്കും.

5

അനന്തരം യെശുവിന്റെ അമ്മ ദെവമാതാവല്ല മനുഷ്യപുത്ര ന്നു മാതാവത്രെ എന്നു സുറിയാണി നെസ്തൊര്യൻ വെദപ്രകാരം ഉപ ദെശിക്കുമ്പൊൾ (430) സഭകൾക്കു പിന്നെയും വാഗ്വാദം ഉണ്ടായ തിനാൽ സുറിയാണികൾ മിക്കവാറും നിരൂപിച്ചാറെ യെശുവെ ക്കാളും അമ്മയെ എററം ബഹുമാനിക്കുന്ന യവനസഭയെ വിട്ടുപിരി ഞ്ഞു നെസ്തൊര്യന്റെ ഉപദെശം കൈക്കൊണ്ടു; പാർസിസഭക്കാരും അവരുടെ പക്ഷം നിന്നു. പടിഞ്ഞാറെ സഹൊദരന്മാർ ഞങ്ങളെ ചെത്ത്കൊള്ളുന്നില്ലല്ലൊ കിഴക്കെ പുറജാതികളെ പൊയി കണ്ടു സ ഹൊദരരാക്കി സമ്പാദിക്കണം എന്നുവെച്ചു മലയും കടലും കടന്നു അ റിവില്ലാത്ത ജാതികൾക്കു ദെവബൊധം വരുത്തുവാൻ തുടങ്ങി. ഇ പ്രകാരം നെസ്തൊര്യൻ കിഴക്കെ ദിക്കുകളിൽ പരന്നു വദ്ധിക്കും കാ ലം അവരിൽ കൂടിയ കൊസ്മാ എന്ന സന്ന്യാസി കപ്പൽ വഴിയാ യി (530) സിംഹളദ്വീപിൽ ചെന്നപ്പോൾ പാർസിക്രിസ്ത്യാനിക ളെ വളരെ കണ്ടു. അവരിൽ ധനവാന്മാർ എടുപ്പിച്ച പള്ളിയിലും പ്രവെശിച്ചാറെ സഭക്കാൎക്ക ഉപദെശിച്ചു വരുന്ന മൂപ്പൻ പാർസി

യിൽ നിന്ന അയച്ചവന്നവൻ എന്നും ദ്വീപിൻെറ മലഭാഗത്തിലെ ഗൌതമമതക്കാരും വടക്കെ ചൊഴതമിഴരും വാണ നിത്യം തമ്മിൽ പടകൂടുന്ന എങ്കിലും പാർസിയൊടും മിസ്രയൊടും കച്ചവടവും കപ്പലൊട്ടവും നന്നായി നടക്കുന്നുണ്ട എന്നും കെറുക്കയും ചെയ്തു. അനന്തരം മുളകുണ്ടാകുന്ന ഈ മലനാട്ടിൽ വന്നു അനെകം പള്ളികളെയും മൂപ്പരെയും കണ്ടു പുറപ്പെട്ടു തുളുനാട്ടിൽ കല്യാണപുരിയിൽ എത്തുമ്പൊൾ പാർസിയിൽ നിന്ന അയച്ച ഒരു മെത്രാൻ അവിടെ ഉണ്ട എന്നറിഞ്ഞ പ്രകാരം സ്വദെശക്കാർക്ക എഴുതി ബൊധിപ്പിക്കയും ചെയ്തു. ഈ കച്ചവടക്കാർ സുറിയനാട്ടിൽ നിന്നുണ്ടാകകൊണ്ടു സുറിയാണികൾ എന്ന പേർ നടപ്പായി വന്നു. നസ്രത്ത ഊരിൽ നിന്ന പുറപ്പെട്ടു പൊന്ന യെശുവിനെ സെവിക്കയാൽ നസ്രാണികൾ എന്ന പേർ പറവാനും കാരണം.

ഈ നെസ്തൊര്യർ അല്ലാതെ അവർക്ക ശത്രുക്കളായ വകക്കാരും മലയാളത്തിൽ വന്നു. അവർ ക്രീസ്തന്ന മനുഷ്യത്വവും ദൈവത്വവും ഉണ്ടെന്നല്ല, ദൈവം മനുഷ്യനായവതരിച്ച നാൾ മുതൽ അവൻ ശരീരവും ആത്മാവും സകലവും ദൈവമയം എന്ന വെച്ചു. എകസ്വരൂപക്കാർ എന്ന പെർ എടുത്തു വൎദ്ധിച്ച ശെഷം യാകൊബ എന്ന സന്യാസി (550) അവരുടെ പള്ളികളെ നൊക്കി വിചാരിച്ചു അന്ത്യൊഖ്യയിൽ ഒരു പത്രീയൎക്കാവിനെ സ്ഥാപിച്ചതിനാൽ ആ മതഭെദത്തിന്നു യാകൊബ്യർ എന്ന നാമം വരികയും ചെയ്തു. അവരും മലയാളത്തിൽ വന്നു പാൎത്തു. അന്ത്യൊഖ്യയിൽ നിന്നും മിസ്രയിൽ നിന്നും ഉപദെഷ്ടാക്കന്മാർ കൂടക്കൂട വന്നു അവരുടെ സഭകളെ നടത്തും. അവർ വടക്ക പാർസി മുതൽ തെക്ക ഈഴത്തൊളം കച്ചവടം നടത്തി കാലക്രമത്തിൽ സമ്പത്തു എറ വൎദ്ധിച്ചു. വിശ്വാസികളുടെ എണ്ണവും വളരുകയും ചെയ്തു.

ഇങ്ങിനെ ചെങ്കടൽ പാർസികടൽ ഈ രണ്ടു വഴിയായി നടക്കുന്ന കച്ചവടത്തിന്നും പടിഞ്ഞാറെ രാജ്യങ്ങളിലുള്ള ക്രിസ്ത്യാനികളൊട കെട്ടികൊള്ളുന്ന സംബന്ധത്തിന്നും വെഗത്തിൽ മുട്ടുവന്നു പൊയി. അതെങ്ങിനെ എന്നാൽ യെശുക്രിസ്തനും അവൻെറ ആദിശിഷ്യരും അറിയിച്ച പരമാൎത്ഥത്തിന്നും സഭ എന്ന ശരീരത്തെ കെട്ടിചെർത്തു വരുന്ന സ്നെഹത്തിന്നും എല്ലാടവും സുവിശെഷത്തെ സൗജന്യമായി ഉപദെശിച്ചു കൊള്ളുന്ന ഉത്സാഹ മാഹാത്മ്യത്തിന്നും മതതൎക്കങ്ങളെ കൊണ്ടും ലൌകിക മൊഹകൌശലങ്ങളെ കൊണ്ടും ക്രമത്താലെ താഴ്ച വന്നപ്പൊൾ നിസ്സാരമായി പൊയതിന്നു നാശവും ശെഷിച്ചതിന്നു കൊടിയപരീക്ഷയും വെണ്ടി വന്നു. മുഹമ്മത്ത എന്ന ക്രിസ്തു ശത്രു അറവിയിൽ ഉദിച്ചു ജയിക്കയും ചെയ്തു (622). അന്നു തുടങ്ങി യവന, പാർസി മുതലായ രാജ്യങ്ങളിലും സഭയും കച്ചവടവും വാടി മുടങ്ങി ചില ദിക്കിൽ വെരററു പൊകയും ചെയ്തു. യുരൊപ ഖണ്ഡത്തിലെ ക്രിസ്തിയാനികൾ മററവരെ വിചാരിക്കാതെ താന്താങ്ങളുടെ രക്ഷെക്കായി പൊരുതുന്നതെ ഉള്ളു. മലയാളത്തിലും

സഭകാം ഉണ്ട എന്നു ലൊകത്തിൽ ഏകദെശം ഓൎമ്മ വിട്ടുപൊയി. മുഹമ്മത്ത പാൎസിരാജ്യത്തിന്റെ ആപത്തിന്ന വട്ടം കൂട്ടുമ്പൊാം തന്നെ യെശുവാബ പത്രിയക്ക (630) ചില മെത്രാന്മാരെയും മൂപ്പരെയും മലയാളത്തിലും മഹാചീനത്തിലും അയച്ചതിന്റെ ശെഷം പാൎസി രാജ്യത്തിന്ന ക്ഷയം വന്നു. അപ്പൊാം അറവിക്കാർ എങ്ങും ജയിച്ചു വിചാരിച്ചാറെ സുറിയാണി മതക്കാൎക്ക ബിംബങ്ങളും അജ്ഞാന ചടങ്ങുകളും ഇല്ല എന്നു കണ്ടു വൈരം കുറയ അടങ്ങി ക്ഷണത്തിൽ ഹിംസിപ്പാൻ വന്നില്ല എങ്കിലും സുറിയാണികാംക്ക ഭയം എറി ഉത്സാഹം കുറഞ്ഞുപോകയും ചെയ്തു. ആയതുകൊണ്ടു ശിമ്യൊൻ പത്രിയക്ക ഹിന്തുസഭകാംക്കായി വെണ്ടുന്ന ഉപദെഷ്ടാക്കന്മാരെ അയക്കുന്നില്ല എന്നു (650) സത്തുക്കാം സങ്കടം പറവാൻ ഇട ഉണ്ടായി. അക്കാലം മലയാളം തമിഴ മുതലായ നാടുകളിലും ബുദ്ധമതത്തിന്നു താഴ്ചവന്നു ശൈവന്മാർ ഡംഭം എറി പരമാൎഗ്ഗവും പുറനാട്ടുകാരെയും ഒട്ടും സഹിയാഞ്ഞു രാജാക്കന്മാരെ തങ്ങടെ ഇഷ്ടം പോലെ നടത്തി. കൊടുങ്ങല്ലൂരിൽ വാഴുന്ന പെരുമാാം താന്തന്നെ ഒന്നും വ്യാപരിക്കരുത എന്നു വെച്ചു കൊയിലകത്തിന്നരികിൽ നാലു തളിയും തീൎത്തു. അതിൽ ഇരുന്ന ബ്രാഹ്മണശ്രെഷ്ഠർ ആയ തളിയാതിരിമാർ പെരുമാളൊട ഒന്നിച്ചു ശിക്ഷാരക്ഷ ചെയ്യണം എന്ന വ്യവസ്ഥ വരുത്തി നടന്നുകൊണ്ടിരുന്നു. അപ്പൊാം വെദവാദങ്ങളും കൊടിയഹിംസകളും പല ദിക്കിലും ഉണ്ടായി. ശൈവരിൽ വിശ്രുതനായ സമ്പന്തർ മൂൎത്തി ചിദംബരത്തിൽ നിന്നു മധുരയിൽ വന്നു 7000 ശ്രമണരെ മുടിച്ചു കളഞ്ഞു. വിവാദത്തിൽ തൊററവരെ കഴുമെലിട്ടു. ചക്കാട്ടിയും നാവറുത്തും ഇപ്രകാരം അത്ഭുതപൂൎവ്വശിക്ഷകളെ ചെയ്തു വന്നതിനാൽ അന്യമതക്കാർ അനെകം പെർ നാടുവിട്ടു ഈഴത്തിൽ പൊയി. ആ സംഗതിക്കായിട്ടിരിക്കും ഐങ്കമ്മാളരും കൊല്ലയൊടിടഞ്ഞു ഈഴത്തിൽ വാങ്ങി നിന്നതും. ശിവഭക്തിയും ഉപായവും കൊണ്ടു തമിഴരിൽ കീൎത്തിതനായ മാണിക്കവാചകർ എന്ന പാണ്ഡ്യമന്ത്രി എങ്ങും ബ്രാഹ്മണ്യത്തെ ഉറപ്പിച്ചു വരുമ്പൊാം മലയാളത്തിലും വന്നു സുറിയാണികാം ബൌദ്ധഭെദം എന്നു ഊഹിച്ചു നാനാവിധമായി ഉപദ്രവിച്ചു ചിലരെ വിശ്വാസത്തിൽ നിന്നു തെററിച്ചിരിക്കുന്നു എന്നു തൊന്നുന്നു. അതിന്നു പ്രമാണം ഇതിന്നു താഴെ പറയുന്നുണ്ടു. ബ്രാഹ്മണരും തമ്പ്രാക്കന്മാരും ഈ നസ്രാണികാംക്ക പടിഞ്ഞാറുള്ളവർ ഇനിമെലാൽ തുണ അല്ല എന്നു കണ്ടു ഈ മാൎഗ്ഗം മുടിപ്പാനും സ്വരൂപിച്ചു വെച്ചധനത്തെ കൈക്കൽ ആക്കുവാനും ഇതത്രെ സമയം എന്നു കല്പിച്ചു അസൂയയും വമ്പും കാട്ടി എറിയ ഹിംസകളെ ചെയ്തു നിഗ്രഹിച്ചു കളവാൻ അടുക്കും സമയം—സാധുക്കാം ചുരത്തിൽ കയറി കാട്ടിൽ ഒളിച്ചും സഞ്ചരിച്ചും നടക്കുംപൊഴെക്ക മയിലാപ്പൂർ മുതലായ ദെശങ്ങളിൽ നിന്നു പുറത്താക്കിയ കൂട്ടരെ എത്തി കണ്ടു, അന്യൊന്യം കൈപിടിച്ചു യെശുനാമത്തെ ഉറപ്പൊടെ ആശ്രയിച്ചു വിശ്വാസ വളൎച്ച നിമിത്തം ധനനാശം വിചാരിക്കാതെ അല്പസന്തു

ഷ്ഠരായി ദിവസം കഴിച്ചു. അപ്രകാരം നടക്കുമ്പൊൾ ആ ഒളം ക്കുടെ അമന്റ ദെവാനുഗ്രഹത്താൽ സ്വാസ്ഥ്യം ഉണ്ടായി ചില എടത്തും കച്ചവടം ചെയ്‌വാന്തക്കവണ്ണം നാട്ടവാഴികളും കൂടകൂട അവൎക്ക അനുകൂലരായി വരികയും ചെയ്തു. അവർ സിംഹളത്തിൽ പൊയ കമ്മാളരെയും ആയവരൊട കൂട ഈഴവർ എന്ന ചെകവരെയും കപ്പലിൽ കരെററി കടത്തി കെരളത്തിൽ കുടി ഇരുത്തുകയും ചെയ്തു എന്ന ചില നാട്ടിൽ ചൊല്ലുന്ന പഴമ അപ്പൊൾ സംഭവിച്ച പ്രകാരം തൊന്നുന്നു.

7

അതിന്റെ ശെഷം കനാനിലെ തൊമാ എന്ന വ്യാപാരി സുറിയയിൽ നിന്നു വന്നു പെരുമാൾക്ക ഇഷ്ടനായി ചമഞ്ഞതിനാൽ കൊടുങ്ങല്ലൂർ, അങ്കമാലി മുതലായ ദെശങ്ങളിൽ പാൎക്കുന്ന സഹൊദരന്മാൎക്ക ലൌകികത്തിങ്കൽ ഉപകാരിയായി ഭവിച്ചു. കാലത്തിന്നു തൎക്കം ഉണ്ടു. തെക്കർ പറയുന്ന വൃത്താന്തം ആവതു — പണ്ടെ ക്രിസ്തിയാനികൾ ഇടയന്മാരില്ലാത്ത സമയത്തിൽ നന്നായി കുഴഞ്ഞു നാട്ടുകാരൊട ഇടകലൎന്ന ശാസ്ത്രപുരാണങ്ങളെ കെട്ടു ക്ഷെത്രങ്ങളിൽ വഴിപാടും നെൎച്ചകളും കഴിച്ചു നമശ്ശിവായ എന്ന പഞ്ചാക്ഷരം വശമാക്കി തിരുനീറും പൂശി മാണിക്കവാചകരുടെ കൌശലം കൊണ്ടു 76 വീട്ടുകാർ പഞ്ചഗവ്യം സെവിപ്പാനും സമ്മതിച്ചു. ഇങ്ങനെ ശിവപൂജെക്ക യൊഗ്യത വരുത്തി മണിഗ്രാമക്കാർ എന്ന പെർ ധരിക്കയും ചെയ്തു. ഹിംസിച്ചു വരുന്ന കാലങ്ങളിൽ ഇളകാതെ വിശ്വസിച്ചു പൊന്നവർ 64 വീട്ടുകാരിൽ ഉപദ്രവം മാറിയപ്പൊൾ ശെഷിച്ചു — കടിക്കാൎക്ക തരിശകൾ എന്നു ബ്രഹ്മമാനനാമം ഉണ്ടായി. അപ്പൊൾ (345 ക്രി) യരുശലെമിൽ നിന്നു അയച്ചിട്ടുള്ള കനായക്കാരൻ തൊമാ മാർ യൊസെഫ മുതലായ ഉപദെഷ്ടാക്കന്മാരൊടും കൂട വന്നിറങ്ങി മലയാളത്തിൽ കുടി ഇരുന്നപ്പൊൾ വാഴുന്ന ചെരകൊൻ പെരുമാളെ കണ്ടു തിരുമുൽകാഴ്ചവെച്ചു ആദിത്യചന്ദ്രാദികളുള്ള നാളൊളം ഭെദം വരാതിരിപ്പാൻ തക്കവണ്ണം ചെപ്പെടും എഴുതി വാങ്ങിച്ചു. കൊടുങ്ങല്ലൂരിൽ നിന്നു മലയാളത്തിലുള്ള നസ്രാണികളെ ശിക്ഷാരക്ഷചെയ്തു നടത്തി അവനും സന്തതിയും 480 സംവത്സരം ഭരിച്ചു വരുമ്പൊൾ (825 ക്രി. കൊല്ലം ഒന്ന്) മാർ ചാവൊറും മാർ അപ്രൊത്തും ഇങ്ങിനെ രണ്ടു മൂപ്പരും തവരിശു എന്ന കച്ചവടക്കാരന്റെ കൂട വന്നു എന്നുള്ളത തെക്കെക്കൂററുക്കാരുടെ പഴമ. തൊമ അന്നല്ല എകദെശം 780 ക്രി. വന്നു എന്ന മററു പലരും പറയുന്നതു പ്രമാണിപ്പാൻ സങ്ങതി അധികം ഉണ്ടു. അന്നു കൊടുത്ത ചെപ്പെട്ടിൽ കാലപ്രമാണം ഇല്ല. തൊമ എന്ന പെരും കാണ്മാനില്ല. മെൽപറഞ്ഞ മണിഗ്രാമം എന്ന അതിൽ എഴുതീട്ടുണ്ടു. കൊടുങ്ങല്ലൂരരികിൽ 244 ആനക്കൊൽ അളവിൽ കനായക്കാരനു കൊടുത്തദെശം തന്നെ എന്നു തൊന്നുന്നു. ചെപ്പെടിന്റെ സാരം എങ്ങിനെ എന്നാൽ

ശ്രീ വീരകെരള ചക്രവത്തി ആദിയായി മുറ മുറയെ ചെങ്കൊൽ നടത്തുന്ന ശ്രീവീരരാഘവചക്രവത്തി (മകരത്തുറ വ്യാഴം മീനം ഞായറു 21 ശനി രൊഹണി നാറ) പെരുങ്കൊയിലകത്തിരുന്നു മഹാദെവർ പട്ടണത്തു ഇരവികൊർത്തന്നും അവൻ മക്കറ മക്കറക്കം മണിഗ്രാമം എന്ന ദെശവും പല രാജചിഹ്നങ്ങളും ചെരമാൻ ലൊകപ്പെരുഞ്ചെട്ടിയാൻ എന്ന നാമധെയവും നാലു ചെരിക്കം തനിച്ചെട്ടും എപ്പെർപ്പെട്ട ചരക്കിന്നും കൊടുങ്ങല്ലൂർ അഴിവിയൊടു ഗൊപുരത്തൊടു വിശെഷാൽ ബ്രാഹ്മണരുടെ നാലു തളിയൊടും ഇടയിൽ തരകം അടുത്ത ചുങ്കവും നീർ മുതലായി കൊടുത്തു വാണിയരെയും ഐങ്കമ്മാളരെയും അടിമയാക്കി എല്പിക്കയും ചെയ്തു. ഈ ചെപ്പെടു പന്നിയൂർ ഈ രണ്ടു ബ്രാഹ്മണ കൂറും തെക്ക വെണാടും ഓടുനാടും വടക്ക എറനാടും വള്ളുവനാടും ഇങ്ങനെ 4 സ്വരൂപവും അറികെ കൊടുത്തിരിക്കുന്നതു.

ഈ അവസ്ഥ നൊക്കുമ്പൊറ കെരളത്തിലെ ബ്രാഹ്മണരും രാജാക്കന്മൊരും കച്ചവടലാഭങ്ങളെ വിചാരിച്ചു സുറിയാണികളെ വളരെ ബഹുമാനിച്ചു അവരുടെ തലവനായ രവികെർത്തന്നു രാജത്വവും ദെശാനുഭവവും പരദെശവ്യാപാരികളിൽ ശ്രെഷ്ഠതയും സമ്മതിച്ചു കൊടുത്തിരിക്കുന്നു എന്നുള്ളതിന്നു സംശയം ഇല്ല. ലൌകികഭാഗ്യം കൊണ്ടു യെശുവിന്റെ കുരിശിന്നു മഹത്വം എറിവന്നു എന്നു ആക്കും പറഞ്ഞുകൂടാ. നസ്രാണികളുടെ തലവൻ ചെരമാന്നാട്ടിൽ പെരുഞ്ചെട്ടിയായി വന്നതിനാൽ അജ്ഞാനത്തെ ഉറപ്പിക്കുന്ന രാജാക്കന്മൊരൊടും കപടംകൊണ്ടുപജീവനം കഴിക്കുന്ന ബ്രാഹ്മണരൊടും വിവാദം അരുതാതെ പൊയി അവരെ രസിപ്പിക്കെണ്ടി വന്നു. അതുകൊണ്ടു നാനാജാതിക്കാരെ ക്രിസ്തൻ എന്ന ഒരു രാജാവിന്ന അധീനരാകുവാൻ വിളിച്ചു ചെക്കെണ്ടതിന്നും യെശു മെടിച്ച എല്ലാ ആത്മാക്കളെയും ഭെദം കൂടാതെ നൊക്കി നടന്നു സെവിക്കെണ്ടതിന്നും ധൈര്യം ഇല്ലാതെ പൊയി. സകലവും വിററു വിലയെറിയ ഒരു മുത്തിനെ മാത്രം അന്വെഷിക്കുന്ന കച്ചവടക്കാരനൊടുള്ള സാദൃശ്യം ഇതിൽ കാണ്മാനില്ല. നസ്രാണികറക്ക നായന്മാരൊട സമഭാവം വന്നതിനാൽ രാജസെവയും ലൊകരുടെ മമതയും ആയുധാഭ്യാസവും കല്യാണങ്ങറ മുതലായതിൽ പ്രപഞ്ച മഹത്വവും വെണ്ടി വന്നു. ലൊകസ്നെഹം ദെവവിരൊധം എന്നും ധനവാന്മാക്ക സ്വൎഗ്ഗരാജ്യം പൂകുവാൻ മഹാവിഷമം എന്നും ദെവാത്മാവ നുറുങ്ങിയ ഹൃദയങ്ങളിലത്രെ പാക്കുന്നു എന്നും മററും വെദത്തിന്റെ സാരാർത്ഥം അന്നു തുടങ്ങി മറന്നു പൊയതെ ഉള്ളു.

നമ്മുടെ കർത്താവും ശിഷ്യരും സംസാരിച്ച സുറിയാണി വാക്കു ശ്രെഷ്ഠമാകയാൽ ഇതത്രെ പള്ളിക്ക കൊള്ളാം എന്ന കനായക്കാരൻ നസ്രാണികളൊട ബൊധിപ്പിച്ചതിനാൽ മലയായ്മയിൽ ക്രിസ്ത രഹസ്യങ്ങളെ പറവാനും കേറപാനും ഇട വന്നില്ല. കത്തനാർ

ആകുന്ന മൂപ്പന്മാർക്ക വെദവും ശെഷിച്ചവർക്ക കണക്കും രാമായണം മുതലായ കാവ്യവും വശമായാൽ മതി എന്ന ഞായം ഉണ്ടായി.

നായന്മാർക്കൊത്ത അഭിമാനം കൂട വൎദ്ധിച്ചതിനാൽ ജാതിഭെദം സംഭവിച്ചു ക്രിസ്ത ശരീരത്തിന്ന അംഗഛിദ്രവും ജീവഹാനിയും വന്നു പോയി. അത എങ്ങിനെ എന്നാൽ കനായക്കാരൻ രണ്ടു ഭാൎയ്യമാരെ കെട്ടി. അതിൽ ഒരുത്തി ശൂദ്രസ്ത്രീ, മറ്റെയവൾ പുലയി. ഇവരുടെ മക്കൾ തമ്മിൽ ഇടഞ്ഞു ശൂദ്രവംശക്കാർ തെക്ക പാൎത്തു കയറിയവരായി എന്നും പുലയി സന്തതി വടക്കു കുടി ഇരുന്നു താണത്തു എന്നും നസ്രാണികൾ പറയുന്നു. ഇത്തു കാവ്യരുടെ ഉല്പത്തികഥകൾക്ക അടുത്ത വാക്കാക കൊണ്ടു വിശ്വസിപ്പാൻ പാടില്ല. നസ്രാണികളിൽ വടക്കെ ഭാഗക്കാർക്കും തെക്കൎക്കും തമ്മിൽ കൊള്ളകൊടുക്ക അററുപോയി എന്നത്തു സത്യം. ചിലർ നാട്ടുകാരുടെ സ്ത്രീകളെ എടുക്ക കൊണ്ടും മണിഗ്രാമം എന്ന ശ്രെഷ്ഠവംശത്തൊട ചെൎച്ചവെണം എന്നു മൊഹം ഉണ്ടാക കൊണ്ടും കുലജനനം പ്രധാനമായി വന്നു. ദെവാത്മാവിനാൽ പിറക്കുന്ന പുത്രജന്മമഹത്വം ആൎക്കും അറിഞ്ഞു കൂടാതെ ആകയും ചെയ്തു. കൊല്ലം ഒന്ന (ക്രി. 825) ശബൊർ, അപ്രൊത്ത ഇങ്ങിനെ രണ്ടു മൂപ്പന്മാരും തവരിശ്ശു എന്ന കച്ചവടക്കാരന്റെ കൂട വന്നു എന്നു നസ്രാണികൾ ചൊല്ലുന്ന പാരമ്പൎയ്യം. ഇവർ അന്നു നെസ്തോര്യ സഭകൾക്ക അച്ചനായി വാഴുന്ന തിമൊതയൻ (ക്രി 770–820) പല ദിക്കിലും സുവിശെഷം അറിയിപ്പാൻ അയച്ചവരുടെ കൂട്ടത്തിൽ ഉള്ളവരായിരിക്കും. ഇതിന്നും കാലനിൎണ്ണയം ഇല്ല. അവർ വന്ന സമയം ചിലർ മെൽപറഞ്ഞ കൊല്ലത്തിൽ 100 സംവത്സരം ചെൎത്തു പറയുന്നു. ഇരുവരും വന്നിറങ്ങി കൊല്ലത്തു രാജാവിനെ കണ്ടു അവന്റെ സമ്മതം വരുത്തി ആകുന്നെടത്തൊളം വിശ്വാസികൾക്ക ഉറപ്പു വരുത്തി പള്ളികളെ എടുപ്പിച്ചു. ഉദയമ്പെരൂർ മുതലായ നാടുകളിൽ നായന്മാരെ മററും സഭയിൽ ചെൎത്തു കൊള്ളുകയും ചെയ്തു. വെണാട്ടിൽ ഒക്കയും സത്യവെദം അറിയിപ്പാനും മനസ്സുള്ളവരെ സ്നാനം ചെയ്യിപ്പാനും അവൎക്കു രാജകല്പനയായ പ്രകാരം പറയുന്നു. അവർ മരിച്ചു പൊയതിന്റെ ശെഷം ചെയ്ത ഉപകാരങ്ങൾ മറക്കാതെ ഇരിപ്പാൻ പള്ളികൾക്ക ഇരുവരുടെ നാമവും ഇട്ടു. അവർക്ക ദ്രവ്യബഹുമാനങ്ങളെ കല്പിച്ചിരിക്കുന്നു എങ്കിലും ശെഷമുള്ളവർ അവരുടെ വിശ്വാസത്തെയും സ്നെഹത്തെയും പിന്തുടൎന്ന പ്രകാരം ഒന്നും കെൾ പാറില്ല. അവരൊട കൂട വന്ന തവരിശ്ശു (സപീരീശൊ) വിന്റെ പെർ ഒരു ചെപ്പെട്ടിൽ കാൺക കൊണ്ടു ആ എഴുത്തിന്റെ വിവരം പറയുന്നു. അതാവിതു:

ഗൊസ്ഥാണു രവിഗുപ്തൻ എന്ന പെരുമാൾ മറുതല ജയിച്ചു വാഴുന്ന——ആണ്ടിൽ വെണാട്ടു വാഴുന്ന അയ്യനടികളും മെല്പടി പെരുമാളുടെ കൊയിലധികാരിയും ഇരുന്നരുളി പുന്നത്തല, പൂളക്കുടി ഈ രണ്ടു അയൽപതിയും മററും ഉൾ പടവെച്ചു കുരക്കെണി കൊല്ലത്തു ഈശൊ ദാനവിരായി ചെയ്യിച്ച തരിസാപ്പള്ളിക്ക കൊടുത്ത അട്ടി

പെറാവത്തുനഗരത്തിന്റെ ഉടയക്കാരൻ മരുവാൻ സപീരീശോ കടൽപുറത്ത ഒരു ദെശവും നാങ്കുടി ഈഴവർ, ഈഴദാസർ എണ്മരുമായി ഒരു കുടി തച്ചർ, നാങ്കുടി വെള്ളാളർ, ഒരു കുടി വണ്ണാർ മററും അതിൽ പാൎക്കുന്ന കുടിയാന്മാരെയും തരിസ്സാപ്പള്ളിക്ക കൊടുത്തിരിക്കുന്നു. ഭൂമിയുടെ അതിർ കിഴക്ക വയൽകാട്ടം കായ്ലും ഉൾപ്പട തെങ്കിഴക്ക ചിറുവാതിൽക്കാൽ മതിലും പടിഞ്ഞാറു കടലും വടക്കു തൊരണത്തൊട്ടവും വടക്കിഴക്കു പുന്നത്തല അണ്ടിലൻ തൊട്ടവും ഇന്നാലതിരിൽ അകപ്പെട്ട ഭൂമിയുടെ അനുഭവവും എപ്പെർപ്പെട്ട ഇറയും ആനമെൽനീർ മുതലായ 72 ജന്മിഭൊഗങ്ങളൊട്ടം കൂട പള്ളിയാൎക്ക കൊടുത്തിരിക്കുന്നു. യഹൂദവാഴി അഞ്ചുവണ്ണവും നസ്രാണിവാഴി മണിഗ്രാമവും ഇരുവരും കാരാളരുടെ സ്ഥാനത്തിലായി ഭൂമിയെയും കുടികളെയും രക്ഷിക്കെണ്ടു. ഇവൎക്ക അന്യായം ഉണ്ടായിൽ കൊയിലുകൊടുക്കുന്ന പാതാരം തടുത്തു തങ്ങൾ തന്നെ അന്യായം തീൎക്കെണം. തങ്ങൾ ചെയ്യും പിഴ ഉണ്ടാകിൽ തങ്ങളെ കൊണ്ടു ആരാഞ്ഞു കൊള്ളണം. ഈഴവർ മുതലായവർ പിഴ ചെയ്കിലും പള്ളിയാർ തന്നെ ആരാഞ്ഞുകൊള്ളണം. പള്ളിയാർ കുടിയാന്മാരെ ദെശാചാരപ്രകാരം ശിക്ഷിച്ചു തലവില, മുലവില മുതലായ പിഴ അഴിവും വാങ്ങികൊള്ളെണം എന്നും അവൎക്കു സമ്മതിച്ചു കൊടുത്തിരിക്കുന്നു.

നസ്രാണികൾ അപ്പൊൾ നാട്ടാചാരത്തിന്നു നീക്കം വരുത്തുവാനും കള്ള ദെവകളെ മുടിച്ചു മെശിഹയെ മാത്രം ഉയൎത്തുവാനും ഒട്ടും മനസ്സില്ലാഞ്ഞു സത്യവെദത്തിന്നും ബ്രാഹ്മണവ്യാജത്തിന്നും അന്യൊന്യം പൊരില്ലാതെ ആക്കി വെച്ചു. യഹൂദരൊട്ടം ബ്രാഹ്മണരൊട്ടം ഐക്യം പ്രാപിച്ചു എല്ലാവരും ഒരുപൊലെ ലൊകസൌഖ്യത്തിന്നായി പ്രയത്നം കഴിച്ചു വസിക്കയും ചെയ്തു.

9

ഇപ്രകാരം യഹൂദരും നസ്രാണികളും വൎദ്ധിച്ചു. പെരുമാക്കന്മാരുടെ കാലത്തിൽ ഐശ്വര്യവും വളരെ ഉണ്ടായി. അവരുടെ കച്ചവടം കെരളം, ദ്രാവിഡം, കൎണ്ണാടകം തുടങ്ങി നർമ്മദ പുഴയൊളം ഉള്ള ദക്ഷിണ ഖണ്ഡത്തിലും പടിഞ്ഞാറെ കടലിലും മാത്രം അല്ല മഹാചീനം മുതലായ കിഴക്കെ ദ്വീപുകളിലും പരന്നു. നെസ്തൊൎയ്യ സുവിശെഷകർ ചീന രാജ്യത്തിൽ വന്നു (636 ക്രി). കൊസ്മയുടെ അനുവാദത്തൊട്ടകൂട സുവിശെഷം അറിയിച്ചു. അനെകം സഭകളെ ചെൎത്തു പാൎത്തശെഷം ക്യൻസും മഹാരാജാവിന്റെ വാഴ്ചയിൽ (780–805 ക്രി) ഉശു എന്ന ഒരു ഉപദെഷ്ടാവ മലയാളത്തിൽ നിന്നു വന്നു വെദം ഉണൎത്തിച്ചപ്പൊൾ മഹാരാജാവ അവനെ വളരെ ബഹുമാനിച്ചു മന്ത്രി ആക്കുകയും ചെയ്തു. നസ്രാണികൾ ചീനത്തു പൊകുന്നതു മല്ലാതെ അവിടെ വെച്ചു മെത്രാനായ ദാവീദ (ഏകദെശം 800 ക്രി) മെൽ പറഞ്ഞ തിമൊതയൻ അച്ചന്റെ അനുജ്ഞയൊട്ടം കൂട തൊമാ

മുതലായ പട്ടക്കാരെ ഈ മലനാട്ടിലെക്കും അയച്ചിരിക്കുന്നു. ചീനക്കാരുടെ കപ്പൽ പണ്ടെ മലങ്കരയിൽ കൊല്ലം തുടങ്ങി എഴിമലയോളം അണഞ്ഞപ്രകാരം പല യാത്രക്കാർ അറിയിച്ചിരിക്കുന്നു. പരദെശത്തിൽ നിന്നു വന്ന കച്ചവടക്കാരുടെ പെർ കെരള ഉല്പത്തിയിൽ പറയുന്ന ദിക്കിൽ ചീനർ എന്ന നാമവും ഉണ്ടു.

ഇങ്ങിനെ കൊല്ലം, കൊടുങ്ങല്ലൂർ, വളർഭട്ടണത്തു കണ്ണനൂർ മുതലായ നഗരങ്ങളിലും വസിച്ചു പെരുഞ്ചെട്ടികളായി വർദ്ധിക്കയും ചെയ്തു. വിശെഷിച്ചു കൊടുങ്ങല്ലൂരിൽ തിരുവഞ്ചിക്കുളത്ത അഴിമുഖം കെരളത്തിൽ ഉണ്ടായ 18 അഴിമുഖങ്ങളിൽ അപ്പൊൾ മുഖ്യമായതു കൊണ്ടു വളരെ കപ്പൽ അവിടെ വന്നു പൊകുവാറുണ്ടു. ചൊനകരും മിസ്ര മുതലായ രാജ്യങ്ങളെ അടക്കി ജയിച്ചതിന്റെ ശെഷം കപ്പലൊട്ടം ചെയ്തു തുടങ്ങുമ്പൊൾ കൊടുങ്ങല്ലൂരിലും മറ്റും വന്നിറങ്ങി ഒടുക്കത്തെ പെരുമാളെ കണ്ടു മുഹമ്മത്തിന്റെ വചനങ്ങളെ പറഞ്ഞു അറവിക്കാരുടെ ദിഗ്ജയം അറിയിച്ചതിനാൽ ബൌദ്ധമാർഗ്ഗം വിശ്വസിപ്പിച്ചു മക്കത്തെിന്നു എഴുന്നള്ളിക്കയും ചെയ്തു എന്നു കൊഴിക്കൊട്ടു ബൌദ്ധന്മാർ പറയുന്നു. മുസല്മാനരിൽ ചരിത്രശാസ്ത്രികളായവർ അങ്ങിനെ അല്ല, വസിപ്പാൻ അത്രെ കെരളരാജാക്കന്മാർ ഈ വന്നവൎക്ക അനുവാദം കൊടുത്തിരിക്കുന്നു എന്ന എഴുതി ഇരിക്കുന്നു. ആ വിവരം സത്യം എന്നു പ്രമാണിപ്പാൻ സാക്ഷി നിശ്ചയം പൊരാ. കാലത്തിന്നും തർക്കം നന്നെ ഉണ്ടു. ചൊനകർ വന്നു വർദ്ധിച്ചു യഹൂദരൊടും നസ്രാണികളൊടും വൈരം ഭാവിച്ചു നടന്നു എന്നതു നിശ്ചയം.

ആയതു എങ്ങിനെ എങ്കിലും ആകട്ടെ. ക്രി. 1000 കൊല്ലം 200 കഴിഞ്ഞ ശെഷം പെരുമാക്കന്മാരുടെ വാഴ്ച ഒടുങ്ങി. ഈ തെക്കെ രാജ്യങ്ങൾക്ക ഒക്കയും വളരെ കാലം ഇളക്കവും കലക്കവും പറ്റുകയും ചെയ്തു. കണ്ണാടകത്തിങ്കൽ വാണ ചാളുക്യർ കൊങ്കണകെരള രാജ്യങ്ങളെയും ചിലപ്പൊൾ ജയിച്ചതും അല്ലാതെ അവരുടെ അധികാരം (1190 ക്രി.) താണു പൊയ ശെഷം മയിസൂരിലെ ബെള്ളാള രാജാക്കന്മാർ കണ്ണാടകത്തിന്റെ തെക്കെ ഖണ്ഡം വശത്താക്കി തുളുനാടടക്കി ചൊഴപ്പെരുമാക്കന്മാരൊട ഇണങ്ങിയപ്പൊൾ ചൊഴനൊട എതിർക്കുന്ന പാണ്ഡികെരളപെരുമാക്കന്മാരെ പിഴക്കി ഇരിക്കുന്നു എന്നു തൊന്നുന്നു. അവരിൽ വീരബെള്ളാളൻ എന്ന രാജാവ (1192—1212) തെക്കെ നാട്ടിലെ കപ്പലുകളെ തകർത്തു എന്നും അവന്റെ മകൻ നരസിംഹൻ ഇടിപ്പിണരായി പാണ്ഡിമലയത്തിൽ വീണു മകരരായരുടെ രാജ്യം മുടിച്ചു ചൊഴനെ ഉറപ്പിച്ചിരിക്കുന്നു എന്നും ശിലാശാസനത്തിൽ ഉണ്ടു. അതിന്റെ വിവരം സ്പഷ്ടമായറിവാൻ പാടില്ല. എങ്കിലും പാണ്ഡിയിലും കെരളത്തിലും കൊയ്മ മുടിഞ്ഞു പൊയതു എകദെശം ഒരു കാലത്തിലും ഒരു കാരണത്താൽ തന്നെ സംഭവിച്ചു എന്നു തൊന്നുന്നു. എകദെശം 1300 ക്രി. ബെള്ളാളരുടെ അധികാരം കുറഞ്ഞുപൊയി. അവർ കെരളത്തിലെക്ക അയച്ചൊരു സൈ

ന്യവും തൊററു മുടിഞ്ഞു എന്നു വന്നാറെ തുംഗഭദ്രാതീരത്തിൽ ആനഗുന്തിരായമ്മാർ വർദ്ധിച്ചു വടക്ക പട്ടാണി മുകിളരെ തടുത്തു നിന്നതും അല്ലാതെ ചുരത്തിന്നു കിഴക്കും പടിഞ്ഞാറും കീഴിൽ താണപ്രദെശങ്ങളിലും ഇറങ്ങി അതത ദെശങ്ങളെ യഥെഷ്ടം അടക്കി ചിലകാലം നടത്തിക്കയും ചെയ്തു.

ആകയാൽ കെരളത്തിൽ മുമ്പിൽ ഉണ്ടായ രാജ്യക്രമത്തിന്നു എങ്ങും ഇളക്കം വന്നു പൊയി. ഒരൊ നാട്ടുവാഴികൾ കൊയ്മ എന്നു ചൊല്ലി പലപ്രകാരവും തങ്ങളിൽ ഇടഞ്ഞു തുടങ്ങിയപ്പൊൾ ശക്തന്മാരായ തമ്പ്രാക്കന്മാർ മൂന്നും കൊയ്മയെ മാത്രം അനുസരിച്ചു നായകർ, നമ്പിമാർ, തലവർ മുതലായ ചെറുപ്രഭുക്കന്മാരെ സ്വാധീനം ആക്കി ചെയ്കയും ചെയ്തു. അപ്രകാരം വടക്ക കൊലത്തിരിയും എറനാട്ടുതാമൂതിരിയും തെക്ക പെരുമാളുടെ അവകാശിയായ പെരിമ്പടപ്പും തിരുവിതാങ്കൊട്ടു വെണാടും ഇങ്ങിനെ 4 സ്വരൂപങ്ങളും ഉയർന്നു ഒരൊരൊ പ്രഭുക്കന്മാരെയും ചെത്തും മുടിച്ചും വർദ്ധിച്ചു കൊണ്ടിരുന്നു. ആയതുകൊണ്ടു അഞ്ചുവണ്ണം, മണിഗ്രാമം എന്ന രണ്ടു വാഴ്ചയും ഒടുങ്ങി ഓരൊരൊ നാട്ടിലുള്ള യഹൂദന്മാരും നസ്രാണികളും പെരിമ്പടപ്പു, ഉദയമ്പെരൂർ, വെണാടു, പുറകാടു മുതലായ തമ്പ്രാക്കന്മാരെ ആശ്രയിച്ചു നടക്കെണ്ടി വന്നു. ജാതി തലവന്മാൎക്ക താന്താൻ പാർക്കുന്ന നാട്ടിൽ അത്രെ മെന്മ ഉള്ളു. അന്യരാജ്യത്തിൽ പാർക്കുന്ന സ്വജാതിക്കാരെ നടത്തുവാനും ന്യായം വിസ്തരിപ്പാനും അധികാരം അവസാനിച്ചു പൊയി.

11

അറവികൾ വന്നു കുടി ഇരുന്നതിനാലും നസ്രാണികളുടെ കച്ചവടത്തിന്നും ഏററവും താഴ്ച വന്നു. അതെപ്രകാരം എന്നാൽ—താമൂതിരിക്ക അല്പ ദെശമാകകൊണ്ടു പെരുമാളുടെ വാളും ചത്തും കൊന്നും അടക്കികൊൾക എന്ന അനുഗ്രഹവും എന്റെ പക്കൽ ഉണ്ടല്ലൊ എന്നു കല്പിച്ചു ചതിച്ചു പൊലനാടടക്കിയപ്പൊൾ കെരളത്തിലെ കച്ചവടലാഭങ്ങൾ കൊടുങ്ങല്ലൂരിൽ അല്ല തനിക്ക വൎദ്ധിക്കെണം എന്നു വെച്ചു അനെകം ചൊനകരെ വരുത്തി പല സ്ഥാനമാനങ്ങളെയും കൊടുത്തു പാർപ്പിച്ചു കൊഴിക്കൊട്ടുപട്ടണം ഉണ്ടാക്കിച്ചു (എകദെശം 1300—കൊല്ലം 575). കൊഴിക്കൊട്ടു കൊശകൊണ്ടു വ്യാപാരം ചെയ്യിച്ചു. ദ്രവ്യം വളരെ ഉണ്ടായപ്പൊൾ കപ്പൽ വഴിയായി പൊയി യുദ്ധം ചെയ്തു വള്ളുവനാടും പിടിച്ചു പൊന്നാനി നഗരം തീൎത്തു മാപ്പിളമാരിൽ എല്പിച്ചു. പെരിമ്പടപ്പതിരൊളം ആക്രമിച്ചതിന്റെ ശെഷം രണ്ടു സ്വരൂപക്കാരിലും അടങ്ങാത്ത വൈരം ഉണ്ടായി വന്നു. ചൊനകരും നസ്രാണികളും രണ്ടു പക്ഷമായി നിന്നു കച്ചവടത്തിന്റെ ആധിക്യം വരെണം എന്നു വിരുത്തു ഭാവിച്ചു അന്യൊന്യം പൊരുതുകയും ചെയ്തു. അപ്പൊൾ വില്ലാളികളായ നസ്രാണികൾ 5000 പെർ

പാല്യത്തച്ചൻെറ കല്പനയാൽ പെരിമ്പടപ്പിൽ ചെകവരായി യുദ്ധം ചെയ്ത എന്ന കെട്ടിരിക്കുന്നു. ഒരു മഴക്കാലത്തിൽ കൊടുങ്ങല്ലൂർ അഴിമുഖം പൂഴി വന്ന മൂടി പ്രവെശത്തിന്ന പാടില്ലാതെ വരികകൊണ്ടും അറവി, മിസ്രു മുതലായ രാജ്യക്കാൎക്ക ചൊനകരുമായി ചെച്ച് ഉണ്ടാകകൊണ്ടും ചൊനകർ കിഴക്ക ദ്വീപുകളിൽ പൊയി ഇസ്ലാം മാൎഗ്ഗം നടത്തിക്ക കൊണ്ടും ചീനം തുടങ്ങി ആപ്രിക്കയൊളം നടക്കുന്ന കച്ചവടത്തിന്ന ഒക്കെക്കും കൊഴിക്കൊട്ടു നഗരം പ്രധാനമായി വന്നു. നഗരത്തിൽ കുടി ഇരിപ്പാൻ താമൂതിരി നസ്രാണികളൊട സമ്മതിച്ചതും ഇല്ല.

12

അന്നു മുതൽ നസ്രാണികൾക്ക കപ്പൽ ഒട്ടും ഇല്ലാതെ വന്നു കച്ചവടവും ക്ഷയിച്ചു. കരവഴിയായി പരദെശത്തു ചെന്ന പല ചന്തകളിലും നഗരങ്ങളിലും ചരക്കുകളെ ക്രയവിക്രയങ്ങളെ ചെയ്തു വരുവാനും മുസല്മാന്മാരും രായരുമായി ഉണ്ടായ യുദ്ധങ്ങൾ നിമിത്തം മുടക്കം വന്നു. ആയതുകൊണ്ടു നസ്രാണികൾ മിക്കവാറും കൃഷി മുതലായ തൊഴിലുകൾ എടുത്തു തുടങ്ങി. പണ്ടുള്ള മഹത്വവും അറിവും അഞ്ചുവണ്ണം, മണിഗ്രാമം എന്നുള്ള പെരും മറന്നു അതതു പ്രഭുക്കന്മാരെ അനുസരിച്ചു ദിവസം കഴിച്ചു. ഇപ്രകാരം അഞ്ഞൂറു അറുനൂറു സംവത്സരങ്ങളിൽ ഉണ്ടായ വൎത്തമാനങ്ങളും സുറിയാണികൾ അറിയുന്നില്ല. 7 മെത്രാന്മാർ വന്നു എന്നു മാത്രം പറഞ്ഞു കെൾക്കുന്നു. അവരുടെ അവസ്ഥ ഒന്നും അറിയായ്കയാൽ പെർ മാത്രം എഴുതുന്നു.

ക്രി. 905 (കൊല്ലം 80) മാർ ദഹനാ
,, 988 (കൊല്ലം 163) യൊഹനാൻ മെത്രാപൊലിത്ത
,, 1056 (,, 231) തൊമാ മെത്രാൻ
,, 1122 (,, 297) യാക്കൊബ
,, 1221 (,, 396) യൊസെഫ
,, 1285 (,, 460) ദാവീദ മെത്രാപൊലിത്ത
,, 1407 (,, 582) യാപാലൊഹാ

നസ്രാണികൾ ക്രിസ്തുകലെ വിശ്വാസം വളരാതെ ജാതിമൎയ്യാദകളെയും വീട്ടുലക്ഷണം, ശകുനം, ഒടി, ആഭിചാരം മുതലായ വിദ്യകളെയും അഭ്യസിച്ചു അജ്ഞാനികൾ എന്ന പൊലെ (ശ്രാദ്ധം) ചാത്തം ആചരിച്ചു നെയ്യിൽ വിരൽ മുക്കുക, മുതലപ്പുഴ നീന്തി കടക്ക, മഴ ചുട്ടെടുക്ക, ഓണദിവസം പടകളിക്ക, അങ്കം കുറെച്ചു മരിക്ക ഇങ്ങിനെ ഉള്ള ആചാരങ്ങളെയും ആശ്രയിച്ചു നാട്ടുകാരൊടിണങ്ങി നടന്നു വന്നു എന്നു പറങ്കികൾ മലയാളത്തിൽ വന്നു പാൎത്തതിൻെറ ശെഷം എഴുതിവെച്ച ചരിത്രപുസ്തകങ്ങളെ കൊണ്ടറിയാം. ആ പറങ്കികൾ വന്നു നസ്രാണികൾക്ക ദൈവം കല്പിച്ച ശിക്ഷയെ നടത്തിയ പ്രകാരം രണ്ടാം ഖണ്ഡത്തിൽ എഴുതും.

ലൊകചരിത്രശാസ്ത്രം

1851

1849–1851 ഘട്ടത്തിൽ തലശ്ശേരിയിൽ അച്ചടിച്ച 407 പുറമുള്ള ബൃഹദ്ഗ്രന്ഥമാണ് 'ലൊകചരിത്രശാസ്ത്രം'. അതിൽനിന്നും ചില ഭാഗങ്ങൾ മാത്രം തിരഞ്ഞെടുത്ത് ഇവിടെ ചേർക്കുന്നു.

—എഡിററർ

By courtesy of Tuebimgen University Library

ജലപ്രളയത്തൊളമുള്ള മനുഷ്യജാതി

1. മനുഷ്യസൃഷ്ടി

ദൈവം മനുഷ്യനെ തൻെറ സാദൃശ്യത്തൊടെ നിർമ്മിച്ചു. പരലൊകഭൂലൊകങ്ങളെയും ചരാചരങ്ങളൊടുംകൂട പടെച്ചുതീർത്തശെഷം മണ്ണും പൂഴിയുംകൊണ്ടു മനുഷ്യനെ മനഞ്ഞു സ്വശ്വാസം ഊതി ജീവിപ്പിക്കയും ചെയ്തു. അന്നു ഫ്രാത്ത തിഗ്രി എന്ന നദികൾ ഒഴുകുന്ന മലപ്രദെശത്തിൽ ദൈവം ഉണ്ടാക്കിയ നല്ല തൊട്ടത്തിൽ ആദാം എന്ന മനുഷ്യൻ ദെഹി ദെഹങ്ങൾക്ക ഒരു കുറവും പററാതെ വിശുദ്ധനായി സുഖിച്ചുപാർത്തു ഭൂമിയിൽ കണ്ട സൃഷ്ടികൾക്ക ഒക്കെക്കും കർത്താവായി അവററിൽ ഗുണവിശെഷങ്ങളെ തിരിച്ചറിഞ്ഞു നാമങ്ങളുമിട്ടു പടെച്ചവനെകണ്ടു ഭയം കൂടാതെ സംസാരിച്ചുംകൊണ്ടിരുന്നു. ഭക്ഷണത്തിനു ചുററുമുള്ളമരങ്ങളുടെ ഫലം ഉണ്ടും ഒരു മരത്തിലെ ഫലമത്രെ തിന്നരുത് തിന്നാൽ മരിക്കും എന്നു ദൈവം കല്പിച്ചിരുന്നു.

2. പാപപതനം

മനുഷ്യൻ തനിച്ചിരിക്കുന്നത് നന്നല്ല എന്നു യഹൊവ കണ്ടു. അവൻ ഉറങ്ങുമ്പൊൾ മാംസാസ്ഥികളിൽ ഒന്നെടുത്തു സ്ത്രീയെ ഉണ്ടാക്കി അവനു തുണ ഇരിക്കണമെന്നു കല്പിച്ചതിനാൽ അവൻ സന്തൊഷിച്ചു. എന്നാറെ കളവിൻെറ പിതാവായ പിശാച് മൃഗങ്ങളിൽ ഉപായം എറിയ സർപ്പം പുക്കുസ്ത്രീയൊടു സംസാരിച്ചു ദൈവം നിഷെധിച്ചിട്ടുള്ള ഈ ഫലം തിന്നാൽ ഗുണദൊഷങ്ങളുടെ അറിവും ദൈവസ്വഭാവവും ഉണ്ടാകും എന്നുപറഞ്ഞു മൊഹിപ്പിക്കയാൽ സ്ത്രീ തിന്നുപുരുഷനും കൊടുത്തു ആയവനും തിന്നു ഉടനെ ഇരിവർക്കും നാണംഉണ്ടായി ഇലകളെ കൂട്ടി നഗ്നതയെ മൂടുകയും ചെയ്തു. ഇപ്രകാരം മനസ്സാക്ഷി നിങ്ങൾക്ക ദൈവമുഖെന ദൊഷമുണ്ടെന്നു ബൊധം വരുത്തിയതിനാൽ യഹൊവ സമീപിച്ചപ്പൊൾ ഇരിവരും ഭയപ്പെട്ടു ഒളിച്ചുകൊണ്ടിരുന്നു.

3. ശിക്ഷാവാഗ്ദത്തങ്ങളും

അനന്തരം യഹൊവ അവരെ ഉണ്ടായ പ്രകാരം എററുപറയിച്ചു പാപബൊധം വരുത്തിയതിൻെറശെഷം ആദ്യം ദൊഷം ചെയ്യിച്ചവനും പിന്നെ ചെയ്തവനും ശിക്ഷ കല്പിച്ചു. ആ ശിക്ഷ മരണമെങ്കിലും അന്നു അത്രെ ഭയങ്കരമായി തൊന്നീട്ടില്ല. സർപ്പം വയററിന്മെൽ നടന്നു മനുഷ്യരൊടു കടിപ്പുകയായി പാൎക്കെണ്ടിവന്നതിനാൽ വഞ്ചനയുടെ പാപാനുഭവം തെളിവായി വന്നു. സ്ത്രീ ചെയ്ത

ദൊഷത്തിന്നു പ്രസവവെദനയും പുരുഷ പ്രഭുത്വവും യൊഗ്യശിക്ഷയായി തൊന്നി. പുരുഷൻ കഷ്ടപ്പെട്ടു കൃഷി ചെയ്തു ദുഃഖെനദിവസം കഴിച്ചു ദെഹം ഉത്ഭവിച്ച പൊടിയിൽ മടങ്ങിചെരെണ്ടുന്ന ദിവസത്തിന്നു കാത്തുകൊണ്ടിരിക്കെണ്ടിയതിനാൽ വരുവാനുള്ള സന്തതി അവനെപൊലെ കഷ്ടമരണങ്ങൾക്കും പാത്രമായി ചമഞ്ഞു. മനുഷ്യർ ഈ ശിക്ഷകെട്ടതിന്നുമുമ്പെ യഹൊവ വഞ്ചകനൊടു സ്ത്രീയുടെ സന്തതി കഷ്ടാനുഭവത്തൊടെങ്കിലും നിന്നെ ജയിച്ചുകളയും എന്നു ഒരു വചനം പറഞ്ഞുകൊൾകയാൽ അവരുടെ ദുഃഖത്തിന് ആശ്വാസവും കൂടിചെർന്നു. ഞാനും നീയും മരിക്കെണ്ടിവന്നാലും മനുഷ്യജാതി അററുപൊകയില്ല എന്നും ഈ വഞ്ചിച്ചവന്നു എന്നെക്കും നമ്മെ തൊല്പിച്ചുകളഞ്ഞു ഇഷ്ടപ്രകാരം നടത്തുവാൻ അനുവാദമില്ല എന്നുമുള്ളൊരു നിശ്ചയം ഉണ്ടാകയും ചെയ്തു.

4. പാപക്ഷമയും ശിക്ഷാനുഷ്ഠാനവും

പുരുഷൻ ഈ വാഗ്ദത്തം വിശ്വസിച്ചു സ്ത്രീയെ ജീവികളുടെ അമ്മയായ ഹവ്വ എന്ന പെർ ധരിപ്പിച്ചപ്പൊൾ യഹൊവ പ്രസാദിച്ചു നഗ്നതയെ മൂടി നാണം അകററെണ്ടതിന്നു ഇരുവരെയും തൊലുകളെകൊണ്ടുടുപ്പിച്ചു. എന്നാറെയും പാപഫലം അനുഭവിച്ച മനുഷ്യ ജാതിക്കു ആ വാഗ്ദത്തപ്പൊരുളിൽ കാംക്ഷ ജനിക്കെണ്ടതിന്നു യഹൊവ അവരെ ദൈവ സാന്നിദ്ധ്യം മുതലായ സുഖദ്രവ്യങ്ങൾ നിറഞ്ഞ തൊട്ടത്തു നിന്നു പുറത്താക്കി ശെഷമുള്ള ഭൂമിയെ കുടിയിരുപ്പിന്നു കല്പിച്ചു അവിടെ മനുഷ്യൻ വിയർത്തു കഷ്ടിച്ചു കൃഷി നടത്തി അന്നന്നു പൊറുതി കഴിച്ചു പൊരുന്നു എങ്കിലും മരണത്തെ തടുക്കാത്ത ആഹാരങ്ങളെ ഉണ്ടാക്കികൊണ്ടിരുന്നു.

5. കയീനും ഹബെലും

ഹവ്വെക്കു ഒരു പുത്രൻ ജനിച്ചപ്പൊൾ വാഗ്ദത്തം നിവൃത്തിയായി എന്നു വെച്ചു അവന്നു ആദായം എന്നൎത്ഥമുള്ള കയിൻ എന്ന പെർ വിളിച്ചു എങ്കിലും അവൻ വളൎന്നു അനുജനായ ഹബെൽ ഉണ്ടായപ്പൊൾ ജന്മത്താലുണ്ടായ പാപ സ്വഭാവം അസൂയാദ്വെഷ്യങ്ങളാൽ വെളിച്ചത്തവന്നു ആ ബാല്യക്കാൎക്കു വെവ്വെറെ തൊഴിൽ ഉണ്ടു. മൂത്തവൻ യഹൊവ ശപിച്ച നിലത്തെ അടക്കും ഇളയവൻ ആടുകളെ ചെത്തു മെയിച്ചും കൊള്ളും. ഒരു ദിവസം ഇരിവരും വൃത്തിഫലപ്രകാരം ജ്യെഷ്ഠൻ കായ്കനികളെയും അനുജൻ കടിഞ്ഞൂലെയും യഹൊവാസന്നിധാനത്തിങ്കൽ കാഴ്ച വെച്ചു ബലികഴിക്കുമ്പൊൾ അനുജന്നു മാത്രം ദൈവ പ്രസാദം കാണായി വന്നാറെ കയിൻ കയൎത്തു അനുജനെ കൊന്നു ആയതിനാൽ ദെവ സമ്മുഖത്തിന്നരികിൽ അച്ഛന്മാർ പാൎക്കുന്ന എദൻ ദെശത്തിൽ നിന്നു ഭ്രഷ്ടനായി ദൂരെ അലഞ്ഞു തിരിഞ്ഞു പൊകെണ്ടി വന്നു.

6. കയിന്യരും ശെത്യരും

ഹവ്വ പിന്നെയും ഒരു പുത്രനെ പ്രസവിച്ചാറെ ആ സന്തതിയായ ശെത്യർ എദനിൽ തന്നെ പാർത്തുകൊണ്ടിരുന്നു. ദൂരെ പാർക്കുന്ന കയിനും സന്തതിയും യഹൊവെക്കും മാതാപിതാക്കന്മാർക്കും അകലയാകുന്നു എങ്കിലും കുണ്ഠത്വം കൂടാതെ ഐഹികത്തിൽ സുഖിക്കെണ്ടതിന്നു പല ഉപായങ്ങളെ വിചാരിച്ചു നാനാവിദ്യകളെ സങ്കല്പിച്ചു തുടങ്ങി. അതിൽ കയിൻ ഒന്നാം പട്ടണം തീർത്തു യാബാൽ കന്നുകാലി കൂട്ടങ്ങളൊടു സഞ്ചരിച്ചു യൂബാൽ സംഗീതത്തിന്നു കർത്താവായി തുബല്കയിൻ ചെമ്പും ഇരിമ്പും കൊട്ടി ആഭരണായുധങ്ങളെയും നിർമ്മിച്ചു തുടങ്ങി. ഈ മൂവരുടെ അച്ഛനായ ലാമക്ക് രണ്ടു സ്ത്രീകളെ എടുപ്പാൻ തുനിഞ്ഞു പുത്രസമ്പത്തു നിമിത്തം സന്തൊഷിച്ചു യഹൊവയിൽ ആശ്രയമില്ലാത്തവനെങ്കിലും നിർഭയനായി വാണുകൊണ്ടിരുന്നു. ശെത്യർ അങ്ങിനെ അല്ല അവരിൽ എഴാമവനായ ഹനൊക്ക് ദുഷ്ടന്മാർക്കന്യായ വിധി വരും എന്നു പ്രവദിച്ചു ഇളകാത്ത ഭക്തിയൊടെ നടക്കയാൽ മരണത്തെ കാണാതെ ജീവനൊടെ എടുക്കപ്പെട്ടു യഹൊവയൊടു ചെന്നു അവന്റെ പൌത്രനായ ലാമക്ക് കൃഷി നടത്തുകയിൽ യഹൊവ ഭൂമിയിൽ വരുത്തിയ ശാപത്തെ അറിഞ്ഞു നൊഹ എന്ന പുത്രനാൽ ആശ്വാസം ലഭിക്കും എന്നു വിശ്വസിച്ചിരുന്നു. ഇവർ മുതലായ നീതിമാന്മാർ യഹൊവയെയും വാഗ്ദത്ത സാരത്തെയും മറക്കാതെ 900 വർഷത്തൊളം ദീർഘായുസ്സുകളാക കൊണ്ടു ശെഷമുള്ളവരിലും ആ ഒർമ്മയെ ഉറപ്പിക്കയും ചെയ്തു.

7. ജലപ്രളയം

എന്നാറെ മനുഷ്യജാതി വർദ്ധിച്ചു രണ്ടു സന്തതിയും ഇട കലന്നു വരുമളവിൽ സത്യകെടു അധികമായി ഇരുവകക്കാരും തടുത്തു കൂടാത്തവണ്ണം ദുഷിച്ചു പൊയി ദിനമ്പ്രതി കൊടിയ പാപങ്ങളെ ജനിപ്പിക്കയും ചെയ്തു. പത്താം കരുന്തലയിൽ അക്രമം ഭൂമിയിൽ നിറഞ്ഞുവന്നപ്പൊൾ യഹൊവ നൊഹയെ മാത്രം നീതിമാന്മാരിൽ നിന്നു ശെഷിച്ചെന്നു കണ്ടു അവനൊടു ഭുവിൽ പാർക്കുന്നതെല്ലാം മുടിച്ചു കളയെണമെന്നും നീയും കുഡുംബത്തിലെ എഴ ആത്മാക്കളും തെറ്റിപൊകെണ്ടതിന്നു ഇതിന്ന പ്രകാരം ഒരു പെട്ടകം കെട്ടി തീർത്തു നാല്ക്കാലി പക്ഷി ജാതികളിൽനിന്നു ഈരണ്ടീരണ്ടുകരെറ്റി കൊള്ളെണമെന്നും തിരുവുള്ളം അറിയിച്ചു മനുഷ്യനുണ്ടായ 1656 ാമതിൽ മീത്തൽ നിന്നു മഴയും പാതാളത്തിലെ ഉറവു നീരും ഭൂമിയിൽ ഒഴുകി കവിഞ്ഞു കയറി അത്യുന്നത പർവ്വതങ്ങളും പെരുങ്കടലിൽ മുങ്ങി പൊയി ഭൂമികളും അതിൽ വാഴുന്നവറ്റിന്നും മൂലനാശം വരികയും ചെയ്തു പെട്ടകവും അതിൽ ഉള്ളത് എപ്പെപ്പെട്ടതു മാത്രം ഒഴിഞ്ഞു പാർത്തതെയുള്ളു.

ജലപ്രളയത്തിന്റെ ശെഷമുള്ള മനുഷ്യജാതി

8. മനുഷ്യരുടെ രണ്ടാം ആരംഭം

വെള്ളം കുറഞ്ഞുപൊയപ്പൊൾ പെട്ടകം അൎമ്മീന്യയിലെ അറരത്ത് മലയിൽ തട്ടി നിന്നു നൊഹപുറപ്പെട്ടു ശുദ്ധിപുത്രുക്കം വന്ന ഭൂമിയിൽ ഇറങ്ങിയ ഉടനെ ബലിപീഠം ഉണ്ടാക്കിയപ്പൊൾ സ്വൎഗ്ഗത്തിൽ കയറി പാൎത്തരുളിയ യഹൊവയുടെ മുമ്പാകെ പാപങ്ങളെ ബൊധിപ്പിച്ചും രക്ഷിച്ച ഉപകാരം ഒൎത്തും കൊണ്ടു ദഹന ബലിയെ കഴിക്കയും ചെയ്തു ഉന്നതസ്ഥൻ അതിന്റെ മണം കൊണ്ടു പ്രസാദിച്ചു ഇനി ഭൂമിക്ക് ജലപ്രളയം വരികയില്ല ആയതിന്നു വച്ച വില്ലു നിത്യം സാക്ഷി എന്നറിയിച്ചതുമല്ലാതെ മുമ്പെത്തവൎക്കുള്ള ഭൂമിവാഴ്ച നൊഹക്കും കൂട കല്പിച്ചും കൊടുത്തു. ആദാമിന്റെ ഭക്ഷണത്തിന്നു കല്പിച്ച വൃക്ഷാദിഫലങ്ങളല്ലാതെ ഇനി പശുപക്ഷിമൃഗാദികളുടെ മാംസവും വിരൊധം കൂടാതെതിന്നാം മുമ്പെ പൊലെ അതിക്രമം നിറഞ്ഞു വരാതെയും മനുഷ്യരക്തം ഭൂമിയിൽ ചൊരിയാതെയും ഇരിപ്പാൻ വധിച്ചവനെ വധിക്കെണമെന്നും വിധിയുണ്ടായി. ആയതു കൊണ്ടു ഈ പുതിയ ജാതിന്യായങ്ങളെയും വെപ്പുകളെയും ആശ്രയിച്ചു നടക്കെണ്ടിവന്നു—അവർ നാനാവംശങ്ങളായി ചിതറി പൊയപ്പൊൾ ഒരൊരൊവകക്കാർ താന്താങ്ങൾക്ക തൊന്നിയ ധൎമ്മങ്ങളെയും ആചരിപ്പിച്ചു.

9 വംശഭാഷകളുടെയും ഉല്പത്തി

ആ പുതുമനുഷ്യർ മുമ്പെ നടന്നപ്രകാരം ഒരുമിച്ചു പാൎപ്പാൻ വിചാരിച്ചപ്പൊൾ ഫ്രാത്ത് നദീതീരത്തു ചെന്നു ശിനാരിൽ നല്ല ദെശം കണ്ടുപാപമുള്ളനിരൂപണം അനുസരിച്ചു എല്ലാവൎക്കും നടുവും ആശ്രയവുമായിരിക്കുന്നൊരു പട്ടണം തീൎത്തു അത്യന്തം ഉയൎന്ന ഗൊപുരവും ഉണ്ടാക്കി തുടങ്ങി അത് യഹൊവെക്കനിഷ്ടം വംശങ്ങൾ ഇപ്പൊൾ വെവ്വെറെ ആയി ചിതറി ഒരൊന്നു താന്താന്റെ വഴിക്കലെ നടന്നു കൊള്ളുക എന്ന ഹിതമായി തൊന്നി ആകയാൽ ഉടനെ വാക്കുകളിൽ ഭെദം വരുത്തിയതിനാൽ ഒക്കത്തക്ക പ്രയത്നം ചെയ്‌വാൻ കൂടാതെ ആയിപൊയി അതിനാൽ പട്ടണത്തിന്നു കലക്കം എന്നൎത്ഥമുള്ള ബാബൽ എന്ന നാമം ഉണ്ടായി വന്നു അന്നു തുടങ്ങി നാനാവംശങ്ങൾക്കു മൂലസ്ഥാനവും സമഭാഷയും ഇല്ലായ്ക കൊണ്ടു അധികാധികമായി അകന്നു ചിതറി എല്ലാഖണ്ഡങ്ങളിലും വ്യാപിച്ചു കുടിയെറികൊണ്ടിരുന്നു. എക കുഡുംബത്തിൽ നിന്നുണ്ടായ ശാഖകൾ വെവ്വെറെയുള്ള ജാതിപെരുകളെ ധരിച്ചു പലപരിഷകളും കൂറുകളുമായി പിരിഞ്ഞു വെവ്വെറെ പ്രഭുക്കളെയും ഗുരുക്കളെയും ആശ്രയിച്ചു അന്യന്മാർ എന്നപൊലെ തമ്മിൽ പൊരുതും സന്ധിച്ചും കൊണ്ടിരുന്നു.

10. കുലഭാഷാഭെദങ്ങൾ

നൊഹെക്ക ശെം ഹാം—യാഫത്ത് ഇങ്ങിനെ മൂന്ന മക്കളുള്ളതിൽ മൂന്ന മനുഷ്യവംശങ്ങളുണ്ടായി അവരുടെ മക്കാം നാനാകുലങ്ങാംക്ക പിതാക്കന്മാരായി തീൎന്നു. മൂത്തവനായ യാഫത്തിൻെറ സന്തതി സംസ്കൃതം—പാർസി യവന—ലത്തീൻ—തുയിച്ച—സ്ളാവ—ഗാലഭാഷ കരം പറയുന്നവർ തന്നെ—ശെമിൻെറ സന്തതിക്ക സുറിയാണി—അ റവി—എബ്രായി—ഹബശി മുതലായ ഭാഷകളുള്ള ഈ രണ്ടു ഭാഷാ വിശെഷങ്ങളല്ലാതെ അന്യൊന്യസംബന്ധം കാണാത്ത എറിയ ഭാഷ കളുമുണ്ടു അവഹാമിൻെറ സന്തതിക്ക ഉടയത് എന്നു തൊന്നുന്നു. പിന്നെ യാഫത്യക്കും ശെമ്യക്കും നല്ല ചട്ടമുള്ള അംഗരൂപം ഉണ്ടു അ തിന്നു കൌകാസ്യ ക്രമം എന്ന പെർ അതല്ലാതെ പതുങ്ങിയ മൂക്കും നെടിയ കവിളും ചുരുണ്ട തലമുടിയും മുതലായ പ്രകാരം കാണുന്ന മുകിളക്രമത്തിലും കാപ്രിക്രമത്തിലും ഉത്ഭവിച്ച ദെഹങ്ങളെല്ലാം ഹാമിൻെറ സന്തതിക്ക അടയാളം എന്നു തൊന്നുന്നു.

11. മനുഷ്യവംശങ്ങൾ മൂന്നിന്നും സംഭവിച്ച വിശെഷങ്ങൾ

ഈ പറഞ്ഞ മൂന്ന ജാതികാംക്കും ദൈവികത്താലെ ജീവനധൎമ്മം തമ്മിൽ വളരെ ഭെദമായിപൊയി ആയത നൊഹ മൂന്നു മക്കളെ കുറി ച്ചു കല്പിച്ച ശാപാനുഗ്രഹങ്ങളുടെ വിശെഷം പൊലെ സംഭവിച്ചത അതിൻെറ കാരണം നൊഹ പുതിയ ഭൂമിയിൽ കൃഷി ചെയ്യുന്ന അ ദ്ധ്വാനത്തെ അല്പം മാറെറണ്ടതിന്നു മുന്തിരിങ്ങാവള്ളികളെ നട്ടു ര സം കുടിച്ചു ആശ്വസിച്ചപ്പൊാം മദ്യം എന്നറിയാതെ ലഹരിയായി ഉറങ്ങി. ഉറക്കത്തിൽ വസ്ത്രം നീങ്ങി കിടക്കയും ചെയ്തു. ഇളയ മക നായ ഹാം ആയത് കണ്ടു ഉടനെ അച്ചടക്കം കൂടാതെ സന്തൊഷിച്ചു ജെഷ്ഠന്മാരൊടു അറിയിച്ചാറെ അവർ പിന്നൊക്കം ചെന്നു കൂടാരം പുക്കു അച്ഛനെ നൊക്കാതെ വസ്ത്രം ഇട്ടു മറെക്കയും ചെയ്തു. നൊഹ ഉ ണർന്നു അവസ്ഥയെ അറിഞ്ഞാറെ മൂത്തവരെ അനുഗ്രഹിച്ചു ദൈവം യാഫത്തിന്നു വിസ്താരവും സ്വാതന്ത്ര്യവും ഉള്ള വൃത്തിയെ നല്കെ ണമെന്നും യഹൊവ ശെമിൻ വക്കൽ വസിച്ചു അവന്നു കുലദൈവമാ യിരിക്കെണമെന്നും കല്പിച്ച ശെഷം ഹാമിന്നു ആശിൎവ്വാക്ക ഒ ന്നും നൽകാതെ നിൻെറ ഇളയ പുത്രനായ കനാൻ സഹൊദരൎക്ക ദാ സനായി തീരും ഇപ്രകാരം നിണക്കും ശിക്ഷ ഉണ്ടാകും എന്നു തീർ ച്ച പറഞ്ഞു അപ്രകാരം നടക്കുകയും ചെയ്തു. വംശ പിതാവു അനന്ത രപ്പാടുപറഞ്ഞതപൊലെയും കുല കാരണവർ മൂവരും ചെയ്തതിന്നു തക്കവണ്ണവും സന്തതികാംക്കു സംഭവിച്ചു. യാഫത്യർ തടവു കൂടാതെ ഭൂമണ്ഡലത്തിൽ എങ്ങും ചെന്നു കുടിയെറി യൌവനത്തിന്നു തക്ക ധൎമ്മത്തെ ആശ്രയിച്ചു വരുന്നു. ശെമ്യരിൽ യഹൊവാ ജ്ഞാനം പാ ൎത്തുമല്ലാതെ അതിൽ വിശിഷ്ടമായ ഇസ്രയെൽ കുഡുംബത്തിൽ യഹൊവ ഉലകിഴിഞ്ഞു സഞ്ചരിച്ചുമിരിക്കുന്നു. ഇവരുടെ തെക്കും

കിഴക്കമുള്ള ഹാമ്യരുടെ ജീവന ധർമ്മത്തിൽ അന്നമുതൽ ഇന്നുവരെയും പ്രസാദം ഒന്നും ഉണ്ടാകുന്നില്ല അന്ധകാരമെയുള്ള കനാന്യർ പ്രത്യെകം ദാസന്മാരായി പൊകയും ചെയ്തു.

12. ജാതികളുടെ വാസസ്ഥലങ്ങളും ജീവധർമ്മങ്ങളും

വംശങ്ങൾ സഞ്ചരിച്ച കുടിയെറി പാൎത്ത വാസസ്ഥലങ്ങൾ നിമിത്തം അവർക്ക വെവ്വെറെ സൌഖ്യാ സൌഖ്യങ്ങൾ സംഭവിച്ചു. ശെമ്യർ ബാബലിന്നടുത്ത ദെശങ്ങളിൽ തന്നെ വസിച്ചു കൊണ്ടിരുന്നു. അവരിൽ അറാമ്യർ ഫ്രാത്ത് തിഗ്രി ഈ രണ്ടു നദികളുടെ ഇടയിലുള്ള മെസൊപതാമ്യനാട്ടിലും പടിഞ്ഞാറെ സമുദ്രത്തൊളം നീണ്ട സുറിയാണി നാട്ടിലും വസിച്ചു അറവികൾ ചെങ്കടൽ പാർസി സമുദ്രവും ചൂഴുന്ന അർദ്ധദ്വിപിൽ പരന്നു സഞ്ചരിച്ചു. അശ്ശൂര്യർ എലാമ്യരും തിഗ്രിയുടെ കിഴക്കൻ തീരത്തു കുടിയെറി കൊണ്ടിരുന്നു. രണ്ടാമതായ യാഫത്യർ ശെമ്യർക്ക വടക്കെ ഭാഗത്തുള്ള അററത്ത കൌകസമലകളിലും പാൎത്തു അവിടെനിന്നും പാർസി മലപ്രദെശത്തിൽ നിന്നും കാശ്മീരത്തിൽ കൂടി ഗംഗാനദിയൊളവും നടന്നു പാൎത്തു. കൌകസ പൎവ്വതത്തിൽ നിന്നു ചിലർ വടക്കൊട്ടു ചെന്നു കാക്ക്ടലിൻ അടുത്ത സമഭൂമികളിൽ നിറഞ്ഞു ആ വഴിയായും ചിററാസ്യയിൽ കൂടിയും യുരൊപയിലും കടന്നു ചെന്നു കുടിയെറുകയും ചെയ്തു. മൂന്നാമത് ഹാമ്യർ ശെമ്യരെ വിട്ടു തെക്കൊട്ടു പുറപ്പെട്ടു ആഫ്രിക ഖണ്ഡത്തിൽ നിറഞ്ഞു അതല്ലാതെ ഈ ദക്ഷിണദെശത്തിലും ഗംഗെക്ക കിഴക്കുള്ള മലാക്ക ചീനം മുതലായ രാജ്യങ്ങളിലും നിറഞ്ഞു പല ദ്വീപുകളിലും അണഞ്ഞു അമെരിക്കയിലും കൂട എത്തി എന്നു തൊന്നുന്നു.

ഇങ്ങിനെ ഓരൊ ദെശത്തിൽ ചെന്നു കുടിയെറുമ്പൊൾ കൃഷിയും ഗൊരക്ഷയും സ്ഥലഭെദത്തിന്നു തക്കവണ്ണം നടത്തുവാൻ ഉത്സാഹിക്കും ഫ്രാത്ത—യർദ്ദൻ—നീല മുതലായ നദികൾ ഒഴുകുന്ന താഴ്വര സമഭൂമികളിലും പണ്ടുപണ്ടെ നല്ല കൃഷി ചെയ്തു അനുഭവപുഷ്ടിക്കും പ്രസിദ്ധിയുണ്ടായി അറവി മുതലായ മരുഭൂമിക്കും കാർക്കടലിന്നു വടക്കുള്ള പുല്ലുദെശങ്ങൾക്കും കന്നുകാലി കൂട്ടങ്ങളൊടുള്ള സഞ്ചാരം മാത്രം പററി ഉപജീവനത്തിന്നു വെണ്ടുന്നതൊക്കയും വർദ്ധിച്ചുണ്ടാകുന്ന ദിക്കുകളിൽ വലിയ പട്ടണങ്ങളെ ഉണ്ടാക്കും ഇങ്ങിനെ ഉണ്ടായ ബാബൽ മുതലായ നഗരങ്ങളിൽ പല വിദ്യകൾക്കും കൌശല പണികൾക്കും ഉല്പത്തിയും സമാപ്തിയും ഉണ്ടായി ഇങ്ങിനെ നിലത്തിൽ നിന്നും തൊഴിൽ കൌശലത്താലും ഉല്പാദിച്ച നാനാ ഫലങ്ങളെ കൈമാററിയതിനാൽ കച്ചവടവും ഉണ്ടായി പുഴകളിൽ മാത്രം അല്ല കടലിലും കപ്പൽ തീൎത്തു ചരക്കുകളെ കടത്തും. കനാന്യരിൽ ചിലർ ഹിന്തുകടലിലും മററു ചിലർ ലിബനൊന്റെ താഴ്വരയിൽ ചുരുങ്ങിയ കടപ്പുറത്തും നീങ്ങിവന്നപ്പൊൾ പടി

ഞ്ഞാറെ കടലിലും കപ്പലൊട്ടവും വ്യാപാരവും നടത്തി. കപ്പലൊട്ടക്കാരിൽ ചിലർക്ക കപ്പലെറി കവർച്ച ചെയ്ക വൃത്തിയും കുന്നവാഴികൾക്ക നായാട്ട പ്രധാനവുമായിവന്നു. കല്ദായർ അതിന്നു ആദി കൎത്താക്കന്മാർ പടകൾ അധികപ്പെട്ട ചക്രവർത്തികൾ അതിക്രമിച്ചു തുടങ്ങുമ്പൊൾ അപ്രകാരമുള്ള മലജാതികൾ കൂലിക്കായി ചെകം ചെയ്തു പടവെട്ടി കൊള്ളും പാർസികടൽ ചെങ്കടൽ മുതലായ സമുദ്രങ്ങളൊട അടുത്തു പാർക്കുന്നവൎക്ക മീൻ പിടിത്തം എന്നൊരു അല്പ വൃത്തി ശെഷിച്ചതെ ഉള്ളു. ആകയാൽ വംശഭ്രമണങ്ങൾ കുറയനടന്നു വന്ന ശെഷം വൃത്തിക്കും ആചാരത്തിന്നും അത്യന്തം ഭെദങ്ങളുണ്ടായി. ഒരു കുലത്തിൽ ജനിച്ചവരും ചിലർ ബാബെലിലെ സുഖഭൊഗങ്ങളെല്ലാം അനുഭവിക്കും ചിലർ ഗുഹകളിൽ പാർത്തു കാട്ടുമൃഗങ്ങളുടെ ഭാവം ആശ്രയിക്കും.

13. ജാതികളിൽ കള്ള ദെവാർച്ചന ഉണ്ടായത്

ഇപ്രകാരം നാനാവംശ ധർമ്മങ്ങളുണ്ടായെങ്കിലും എല്ലാവരും ഒരു പൊലെ ദൈവമായ യഹൊവയെ വിട്ടും അവന്റെ വാക്കു കെൾക്കാതെയും രക്ഷിക്കുന്ന കൈയ്യൂക്കം കാണാതെയും താന്താങ്ങടെ പാപ വഴികളിൽ നടന്നുകൊണ്ടിരുന്നു. ദൈവവും അവരുടെ കുടി ഇരിപ്പും കാലഭെദങ്ങളും നടത്തി. വരുവാൻ ഉള്ള രക്ഷിതാവിന്നായി ദാഹം ജനിപ്പിച്ചു കൊണ്ടതുമല്ലാതെ അവരെ സ്വന്ത വഴികളിലെക്ക വിട്ടു എല്പിച്ചു. ജാതികൾ പിരിഞ്ഞു പൊകുമ്പൊൾ സൃഷ്ടി പാപപതനം ശിക്ഷാവാഗ്ദത്തങ്ങൾ ന്യായവിസ്താരം ഉദ്ധാരണം എന്നിങ്ങിനെയുള്ള ഒർമ്മകൾ എല്ലാററിന്നും ഉണ്ടായി സൽഭ്രുതങ്ങളും ദുർഭ്രുതങ്ങളും ഉണ്ടെന്നും അവറെറകൊണ്ടു സ്വചിത്തം നടത്തുന്ന എകൻ ഉണ്ടെന്നും അറിഞ്ഞതുമല്ലാതെ ഈ എകൻ പ്രത്യക്ഷനായതും ഭാവിയെ അറിയിച്ചതും അത്ഭുതമായി ഒരൊന്നു പ്രവൃത്തിച്ചതും അവൎക്കെല്ലൊവൎക്കും ബൊധിച്ചിരുന്നു അത്രയും അല്ല പാപവും തിന്മയും അറിയാത്തവരില്ല പാപത്തിന്നു പ്രായശ്ചിത്തവും തിന്മെക്ക നിവൃത്തിയും വെണമെന്നു ഒട്ടൊഴിയാതെ ആശിച്ചു തിരഞ്ഞുകൊണ്ടിരുന്നു എങ്കിലും പാപം നിമിത്തം ആത്മാക്കൾക്ക ദൈവ സംസർഗ്ഗമില്ലായ്കകൊണ്ടു ക്രമത്താലെ ദൈവജ്ഞാനം മറഞ്ഞു സ്രഷ്ടാവും സൃഷ്ടിയും ഒന്നായി തൊന്നി ഉള്ളതെല്ലാം ദൈവമായി പൊകയും ചെയ്തു സൃഷ്ടിയെ നടത്തുന്ന ഒരു ദൈവം പല ശുശ്രൂഷക്കാരെ കൊണ്ടു വ്യാപരിച്ചു പല പ്രകാരമുള്ള ശക്തികളെ കല്പിച്ചാക്കുകയാൽ യഹൊവ എന്നൊരു ആളെ ബഹുമാനിക്കാതെ അവൻ സെവെക്കാക്കിയതെല്ലാം വർണ്ണിച്ചുകൊണ്ടു കൊടി കൊടി ദെവകളെ ഉണ്ടാക്കി തുടങ്ങി ദൈവലക്ഷണം പലതാകകൊണ്ടും ദൈവ പ്രവൃത്തികൾ പല പ്രകാരമായി പററുക കൊണ്ടും ദൈവസഹായം വെണ്ടി വരുന്ന പല ബുദ്ധിമുട്ടുകളും ഉണ്ടാകകൊണ്ടും ദൈവത്തിന്നു നാനാ നാമങ്ങളും മൂർത്തി വിശെഷങ്ങളും മനുഷ്യപശ്വാദികളിൽ കണ്ടു വെ

വ്വെറെ അടയാളങ്ങളും സങ്കല്പിച്ച സൃഷ്ടി ഇന്നതെന്നും ഉദ്ധാരണം ഇന്നതെന്നും പ്രകൃതിക്കും കരുണെക്കുമുള്ള ദൈവം ഗ്രഹിക്കാതെയും ഉള്ളത്തിൽ പാപബൊധം ഉണ്ടായപ്പൊൾ അനുതാപത്തിന്നു ഇടം കൊടുക്കാതെയും ഞാനല്ല ദൈവം തന്നെ പാപദുഃഖാദികൾക്കും കാരണം എന്നു നിശ്ചയിച്ചു മനുഷ്യർക്കു എന്നപൊലെ ദൈവ മൂർത്തിക്കും പൈദാഹങ്ങളും മൊഹപീഡകളും ഉണ്ടായിരിക്കും എന്നു നിരൂപിച്ചു വെച്ചു പ്രായശ്ചിത്തത്തിന്നായി ആഗ്രഹമുള്ളവർ പണ്ടു പണ്ടെ പ്രാൎത്ഥനയാലും ബലിയാലും യഹൊവയൊടു സന്ധിയെ അന്വെഷിക്കു കൊണ്ടു് അവരും അപ്രകാരം ചെയ്തുകൊണ്ടു പൊന്നു യഹൊവ ചെയ്വാൻ ഭാവിക്കുന്ന മഹാത്രാണന ക്രിയയിൽ ജാതികൾക്കു വിശ്വാസമില്ലായ്ക കൊണ്ടു പ്രാൎത്ഥന മിക്കവാറും ജപവും ബലികർമ്മവും പൊക്കി അതിനാൽ സത്യത്തെ അന്വെഷിക്കുന്നവർക്കു മനസ്സിൽ സന്തുഷ്ടി വന്നില്ല ബ്രാഹ്യന്മാരൊ ഈ ജപകർമ്മങ്ങളെ കൊണ്ടു പാപം തീർന്നു ദൊഷത്തിന്നു നിവൃത്തിയായി എന്നും ഊഹിച്ചു തുടങ്ങി. പാപത്തിന്നു പിന്നെയും ഒരു പ്രായശ്ചിത്തം വരുന്നത ദൈവെഷ്ടം തന്നെ എന്ന ഒർമ്മ വിട്ടുപൊയി എങ്കിലും പാപഫലമായ ദുഃഖങ്ങൾ ഇപ്പൊൾ നീങ്ങുന്നില്ല എന്നു കണ്ടു അവസാനത്തിൽ സുഖകാലം വരും എന്നു നിശ്ചയിച്ചുകൊണ്ടിരുന്നു. അതെല്ലാം കൂടാതെ നാനാ ഭാഷകളുണ്ടാകയാൽ അസത്യ സ്മരണങ്ങളെ കൊണ്ടു ജാതികൾ വെവ്വെറെ മാർഗ്ഗങ്ങളെയും വ്യവസ്ഥകളെയും തീൎത്തു ദെശ ഭെദത്തിന്നും നടപ്പു വിശെഷങ്ങൾക്കും തക്കവണ്ണം വെവ്വെറെ ജാതി ധർമ്മങ്ങളും തത്വജ്ഞാനങ്ങളും ആരാധനാചാരങ്ങളും ഉല്പാദിക്കയും ചെയ്തു. അതിൽ ഒരൊന്നിന്നു പല അതിശയങ്ങളും ജ്ഞാനദർശനങ്ങളും ഉറപ്പുള്ള ആധാരമായി വന്നു എന്നൊരൊ ജാതിക്കും സമ്മതം.

14. മൂന്നു ജാതികൾക്കും ദെവകാര്യത്തിലുള്ള ഭെദം

മനുഷ്യരുടെ വംശങ്ങൾ ഒരു പൊലെ ദൈവസത്യത്തെ കലർന്നുവെച്ചെങ്കിലും താന്താന്റെ മൂലഭാവത്തിന്നു തക്കവണ്ണം ദെവകാര്യത്തിലും വിശെഷം കാണായിവന്നു. യാഫെത്യർ ദിവ്യാനുഗ്രഹപ്രകാരം ഭൂമിയെ അനുഭവിച്ചു വാഴുകകൊണ്ടു ഭൂമി എല്ലാം ദൈവമയം എന്നു വിചാരിച്ചു സൂര്യചന്ദ്രനക്ഷത്രങ്ങളും പർവ്വതാദികളും അഗ്നിവായുക്കളും നാടും കാടും ഇങ്ങിനെ ഒരൊന്നിലും ദിവ്യജീവനെ കണ്ടു എറെ ദെവകളെ ഉണ്ടാക്കി മനുഷ്യസ്വരൂപവും ഭാവവും സങ്കല്പിച്ചു മനുഷ്യരൊടു എന്ന പൊലെ അവരൊടും നാലുപായങ്ങളെ പ്രയൊഗിച്ചു അന്നുണ്ടാകുന്ന മനുഷ്യശ്രെഷ്ഠന്മാരെയും ദെവീകരിച്ചു പ്രതിഷ്ഠിച്ചു പൂജിച്ചു കൊള്ളുന്നത് ബ്രാഹ്മണനവനാദികൾക്കും സമ്പ്രദായം. ശെമ്യർ അങ്ങിനെ അല്ല ദൈവം പരലൊകത്തിൽ പാൎക്കുന്നു എന്നുള്ള സത്യം ഉറച്ചിരിക്കകൊണ്ടു ഭൂമിക്കും ആകാശത്തിന്നും ദൂരം എത്ര അത്രയും ദൈവം മനുഷ്യരൊടു അകന്നിരിക്കുന്നു എന്നറിഞ്ഞു മഹാ

ഭയത്തോടെ ധ്യാനിച്ചു സെവിച്ചു എല്ലാററിലും ഉയർന്ന നക്ഷത്രങ്ങളെ വന്ദിച്ചു അവററിൻ അയനത്തെ സൂക്ഷിച്ച് എണ്ണി ജ്യൊതിഷവിദ്യ ഉണ്ടാക്കി ഭൂമിയിലെ കാലാകാലങ്ങളെ സൂചിപ്പിക്കയും ചെയ്തു. ആകാശത്തിൽ കാണുന്ന ജ്യൊതിസ്സുകളിൽ സഞ്ജിക്കാതെ പരലൊകഭൂലൊകങ്ങളുടെ സ്രഷ്ടാവായവനെ ഉറപ്പായി പിടിച്ചത് ഒരു ശെമ്യവംശമത്രെ യഹൊവ തന്റെ ഒർമ്മയെ നിക്ഷെപിച്ചുവെച്ച ഇസ്രയെൽവംശം തന്നെ ശെഷം ശെമ്യർ ഭക്തിയും ധ്യാനവും ആശ്രയിച്ചെങ്കിലും മഹാദെവിയെ സെവിക്കെണ്ടതിന്നു അവലക്ഷണഭൊഗങ്ങളും നടത്തി പ്രസാദം വരുത്തുവാൻ വിചാരിച്ചു. ഹാമ്യരിൽ അന്ധകാരം വ്യാപിച്ചിട്ടു ദൈവം ആർക്കും അടുത്തുകൂടാത്ത ഭയങ്കരമായ ഒരു ശക്തി തന്നെ എന്നു വെച്ചു അവർ ആകാശത്തിലുള്ള ഒരൊ ദുർഭൂതങ്ങളെ സെവിക്കും ബുദ്ധിയില്ലാത്ത മൃഗങ്ങളും ജീവനില്ലാത്ത കല്ലും മരവും അസ്ഥികൾ മുട്ടത്തൊടും പ്രതിഷ്ഠിച്ചു വന്ദിക്കും പ്രതിഷ്ഠകളെ അത്യന്തം പെടിക്കും ഊക്കം കാണുന്നില്ല എങ്കിൽ ഉടനെ നിരസിച്ചു തള്ളികളയും അവരുടെ തന്ത്രക്കാർ ഒടിചെയ്തു ദെവതയെയും ഭൂതങ്ങളെയും മന്ത്രം കൊണ്ടു വശത്താക്കി ഹെമിച്ചു കെട്ടിവിടുകയും ചെയ്യും ഇങ്ങിനെ ഹാമ്യരുടെ സങ്കല്പിതങ്ങളിൽ സ്ഥിരമായ വെപ്പു ഒന്നും കാണമാറില്ല ഭയഭ്രാന്തി മൌഢ്യഭൊഗങ്ങളിൽ അലഞ്ഞു മുങ്ങുകയും ചെയ്തു.

36. ഭാരതഖണ്ഡം

മിസ്രവ്യവസ്ഥെക്കടുത്ത പലമര്യാദകളും ഭാരതഖണ്ഡം എന്ന ഹിന്തുദെശത്തിലും കാണുന്നുണ്ടു ഗംഗാനദി ഒഴുകുന്ന മദ്ധ്യദെശത്തിൽ തുടങ്ങി ദക്ഷിണപഥത്തൊളം പാർക്കുന്നവരെല്ലാവരും വെവ്വെറെ ജാതികളായി പിരിഞ്ഞിരിക്കുന്നു ഉത്തരത്തിൽ ഉണ്ടായ മനുസംഹിതാപ്രകാരം ആചാര്യരായ ബ്രാഹ്മണർ പാലിക്കുന്ന ക്ഷത്രിയർ വ്യാപാരികളായ വൈശ്യർ ഇങ്ങിനെ ദ്വിജന്മാർ മൂന്നു വകകളെ സെവിക്കുന്ന ശൂദ്രർ ഈ നാലു വർണ്ണം ഉണ്ടു അതിൽ ബ്രാഹ്മണർ യഫെത്യർ എന്നു സംസ്കൃതഭാഷാവിശെഷത്താൽ തിരിച്ചറിയാം. വിന്ധ്യപർവ്വതത്തിന്നു തെക്കെ ദ്രാവിഡ ഭാഷ ഹാമ്യർക്കുള്ളതെന്നു തൊന്നുന്നു. ശെഷം പ്രാകൃതഭാഷകൾ ഉത്തരഖണ്ഡത്തിലെ ഒരൊ രാജ്യത്തിൽ സംസ്കൃതം കലങ്ങിപ്പൊയതിനാൽ പലവിധമായി ജനിച്ചു സംസ്കൃതത്തിൽ ഉണ്ടാക്കീട്ടുള്ള പ്രബന്ധങ്ങൾ പലതും ഉണ്ടു അതിൽ പുരാണമായതു ചതുർവ്വെദം അതിൽ അഗ്നി ആദിത്യൻ വായു അശ്വിനികൾ മുതലായ ദെവൻമാർക്കു പല കീൎത്തനങ്ങളും പൂജാചാരങ്ങളും അടങ്ങിയിരിക്കുന്നു പിന്നെ ലങ്കയൊടുള്ള യുദ്ധത്തെ വർണ്ണിക്കുന്ന രാമായണവും പാണ്ഡവന്മാർ കുരുക്ഷെത്രത്തിൽ പടകൂടിയത വിവരിച്ചു പറയുന്ന മഹാഭാരതവും എന്നിങ്ങിനെ രണ്ടിതിഹാസങ്ങളും എങ്ങും വിശ്രുതിപ്പെട്ട ഭാഗവതം മുതലായ പുരാണങ്ങൾ കുറയകാലത്തിന്നു മുമ്പെ ഉണ്ടായി ഈ ദെശക്കാർക്കു മുമ്പെ

ഉണ്ടായ വിദ്യകളെ ബൊംബായി സമീപത്തുള്ള തുരുത്തികളിലും എള്ളൂർ മഹാമല്ലപ്പുരം മുതലായ പാറകളിലും കൊത്തി ഉണ്ടാക്കിയ ഗൊപുരക്ഷെത്രങ്ങളിനാലും മററും ചില ശില്പപ്പണികളാലും ഇന്നും അറിഞ്ഞുകൊള്ളാം. അവരുടെ ദൈവജ്ഞാനം പല വിധം തെക്കർ പല ഭൂതങ്ങളെയും സെവിച്ചു കൊണ്ടിരിക്കെ വടക്കർ സ്രഷ്ടാവും സൃഷ്ടിയും ഒന്നെന്നും കല്പിച്ചു എല്ലാം ഒന്നെന്നും ഒന്നായിട്ടുള്ള ദൈവം പല വിധം മൂത്തികളായി വിളങ്ങിയതെന്നും നിശ്ചയിച്ചു സൃഷ്ടിക്ക ബ്രഹ്മാവിനെയും രക്ഷെക്ക വിഷ്ണുവിനെയും സംഹാരത്തിന്നു ശിവനെയും ഒന്നാക്കിവെച്ചു ഒരൊ കല്പാവസാനത്തിൽ ബഹ്മത്വം എല്ലാം ഇല്ലാതെ പൊയിട്ടു സൃഷ്ടിലീല പുതുതായി തുടങ്ങും എന്നിങ്ങിനെ നാനാവിധമായി പ്രമാണിച്ചുകൊണ്ടിരുന്നു ക്രിസ്തുവിൻെറ മുമ്പെ അഞ്ഞൂററിച്ചില്ല്വാനം വർഷത്തിൽ ഗൌതമൻ ബുദ്ധൻ ശാക്യമുനി എന്ന പെരുകളുള്ള ഒരു രാജപുത്രൻ മാഗധദെശത്തിങ്കൽ ഉദിച്ചു ആയവൻ ജാതിഭെദത്തെ ഇല്ലാതാക്കി നിർവ്വാണഗതി പ്രാപിക്കെണ്ടതിന്നു അഹിംസ മുതലായ ആജ്ഞകളെ എല്ലാവക്കും സന്മാർഗ്ഗം ആക്കി കല്പിച്ചു ആ മാർഗ്ഗം ഭാരതം മുതലായ ദെശങ്ങളിലും ജയിച്ചുനടന്നു ഗൌതമൻ വിഷ്ണു അവതാരത്തിൽ ഒന്നു എന്നു കീത്തിപ്പെടുകയും ചെയ്തു. ആ മതത്തിൽ ജൈനർ എന്നൊരു ശാഖ ഇപ്പൊഴും ശെഷിച്ചിട്ടുണ്ടു ഇങ്ങിനെ ഏകദെശം 1000 സംവത്സരം നടന്നു കഴിഞ്ഞവാറെ ചുരുങ്ങിയ ദെശത്തിൽ മുമ്പെ പാർത്തിട്ടുള്ള ബ്രാഹ്മണർ പ്രബലപ്പെട്ടു കിഴക്കൊട്ടും തെക്കൊട്ടും പുറപ്പെട്ടു നാലുപായവും വെണ്ടുവൊളം പ്രയൊഗിച്ചു ബൌദ്ധന്മാരെ ചില ദിക്കിൽ നിന്നും മുടിച്ചു കളഞ്ഞു ശെഷം മിക്കവൊറും പുറത്താക്കി ബൌദ്ധർ തിബെത്തചിന മുകിളതത്താദി ദെശങ്ങളിലും ലങ്കാവഴിയായി ബർമ്മ മുതലായ കിഴക്കെ ദ്വീപുകളിലും നിറഞ്ഞു വാണു അതിൻെറ ശെഷം അത്രെ മററെല്ലാം നിന്ദിച്ചു ഭൂമി ദെവന്മാരായി നടിച്ചുവരുന്ന ബ്രാഹ്മണർ ശത്രുക്കുടാതെ ഈ ഖണ്ഡത്തെ അടക്കി രാജാക്കന്മാരെയും മററും വശത്താക്കി എല്ലാ ജാതികളെയും ഭെദം വരാതെ തങ്ങളുടെ സെവെക്കാക്കുകയും ചെയ്തു. അറവി ബാബൽ മുതലായ പടിഞ്ഞാറെ കരകളൊടും നിത്യം കച്ചൊടം നടന്നെങ്കിലും പുറംജാതികളെ എല്ലാം മ്ളെച്ഛന്മാർ എന്നു വിചാരിക്കകൊണ്ടു നല്ല ചെർച്ചയും അറിവിൻെറ വദ്ധനയും മററുള്ള സംബന്ധത്തിൽ ഫലങ്ങളും ഈ ഖണ്ഡത്തിൽ എറെ കാണുമാറില്ല.

37. ഫൊയ്നീക്യർ

ഈ ഭാരതഖണ്ഡത്തിന്നു പടിഞ്ഞാറിൽ അതലന്തിക കടപ്പുറത്ത അബ്രഹാമിൻെറ കാലത്തിലും കൂട ചിദൊൻ തുറു അർവ്വാ പട്ടണങ്ങളിൽ നിന്നു കച്ചവടം ചെയ്യുന്ന കനാന്യർ പാർത്തു രണ്ടു കടലുകളിലും പല കടപ്പുറത്തും വെച്ചു എല്ലാ വംശങ്ങളൊടും പരിചയം ആകയും ചെയ്തു അവർ ഹിന്തുചരക്കുകളെ ബാബൽ വഴിയായും അറവി

ഒട്ടകയാത്രക്കാരുടെ വഴിയായും വാങ്ങി. യവനക്കാർക്കും മററും വിലപ്ക്കും യവനക്കാർ അവൎക്കു ഫൊയ്നീക്യർ എന്ന പെർ ഇടുകയും ചെയ്തു. കൌകസു മുതലായ മലപ്രദെശങ്ങളിൽ നിന്നു അവർ അടിമകളെ കൊള്ളും മിസ്രയിൽ അവൎക്കു അല്പം പ്രവെശനം മാത്രമെയുള്ളു മദ്ധ്യതറന്ന്യ സമുദ്രത്തിൽ പല കരകളിലും കുടിയെറി വ്യാപരിക്കും ക്രമത്താലെ യവനരും ഇതല്യരും വൎദ്ധിച്ചു അവരെ നീക്കിയപ്പൊഠ ലൂബ്യ എന്ന വടക്കെ അഫ്രിക്കയൊടും സ്പാന്യയൊടും അവൎക്കു മാത്രം വാണിഭം ഉണ്ടു അവർ കുടിയെറിയ പട്ടണങ്ങളിൽ സ്പാന്യയിൽ ഗാദസും അഫ്രിക്കയിൽ കൎത്തഹത്തും പ്രധാനമുള്ളവയത്രെ അതല്ലാതെ അതലന്തിക സമുദ്രത്തിലും വെള്ളീയ തുരുത്തീകളൊളവും ബല്ത്യകടലിൽ അമ്പർ കരയൊളവും കപ്പലൊടി ചെന്നുകൊണ്ടിരുന്നു. മിസ്രയിലെ നെവൊരാജാവ് അവരെ കൊണ്ടു ചെങ്കടലിൽ കപ്പൽ ഉണ്ടാക്കിച്ചു അഫ്രീക്കയുടെ ചുററും ഒടുവാൻ സംഗതി വരുത്തി അതിന്റെ മുമ്പിലും അവർ യഹൂദരൊടു കൂട ഹിന്തു സമുത്തിൽ ഒടുവാറായിരുന്നു. ഈ ഫൊയ്നീക്യ കച്ചവടത്തെ ലൂബ്യയിൽ ഒട്ടകയാത്രകൾക്കും ചെർച്ച ഉണ്ടായിരുന്നു മവ്വെ തുടങ്ങി നീഗർ നദിയൊളവും കൎത്തഹത്ത പട്ടണ പര്യന്തവും അവരുടെ ചരക്കുകൾക്കു കരവഴിയുണ്ടായി. ഇങ്ങിനെയുള്ള മഹാവ്യാപാരവും കണ്ണാടി ഉണ്ടാക്ക ധൂമ്രഛായ കയററുക മുതലായ വിശെഷ തൊഴിലുകളും ഫൊയ്നീക്യൎക്കു എകവിചാരമായിരുന്നു. ഞാൻ എന്നുള്ള ഭാവമല്ലാതെ മെരുക്കവും കരുണയും അവരിൽ ഇല്ല. ബാൽ—മല്ക്കൎത്ത എന്ന ദൈവത്തിന്നു നരമെധം കഴിച്ചു പ്രസാദം വരുത്തും മനുഷ്യരെ കൊള്ളക്കൊടുക്കുന്നതു മല്ലാതെ വല്ലെടവും മൊഷ്ടിച്ചു വില്ക്കും മറെറ കനാന്യൎക്കു എന്ന പൊലെ അവൎക്കുടനെ നാശം വരാതെ എറിയ കാലം സ്വാതന്ത്ര്യം ഉണ്ടായിരുന്നു ഒരൊ പട്ടണത്തിൽ വെവ്വെറെ അധികാരികളും രാജാക്കന്മൊരുമുണ്ടെങ്കിലും ഐശ്വര്യം എറിയ ചിദൊൻ തുറു എന്ന നഗരങ്ങളുടെ നിഴലിൽ ശെഷം എല്ലാം ആശ്രയിച്ചു കൊള്ളും അശ്ശൂർ കല്ദായ രാജാക്കന്മാർ ഫ്രാത്ത നദിയെ കടന്നു ജയിച്ചു നടക്കുമ്പൊഠ അയലടക്കത്തുള്ളവരെ പൊലെ ഫൊയ്നീക്യരും വശത്തായി വന്നു. ഇപ്രകാരം പണ്ടു വെവ്വെറെ വംശങ്ങൾക്കു കച്ചവടത്താൽ ചെർച്ച ഉണ്ടായിരുന്ന ശെഷം ക്രമത്താലെ ചക്രവൎത്തികളുടെ യുദ്ധങ്ങളാലും അന്യൊന്യ സംബന്ധം നീളെ ഉണ്ടായ്വന്നു.

38. അശ്ശൂർ രാജാക്കൻമാർ

പൂൎവ്വത്തിങ്കൽ ഫ്രാത്ത നദിക്കക്കരയും മഹാരാജ്യങ്ങൾ ഉണ്ടായിരുന്നു ഇക്കരെയുള്ളവരെ ആക്രമിക്കായ്ക കൊണ്ടു അവററെ വിവരിച്ചു പറവാൻ ആവശ്യമില്ല അതിൽ വലുതായിട്ടുള്ളതു ശെമ്യരായ അശ്ശൂർനിനിവെയിൽ നിന്നു ഭരിക്കുന്ന രാജ്യം തന്നെ അതിൽ ഫൂൽ എന്നവൻ എകദെശം 750 കി. മു. ഫ്രാത്തിനെ കടന്നു ശെഷം അവന്റെ അനന്തരവനായ തിഗ്ലാത്ത പിലെസർ ആഹസ് വിളി

ക്കയാൽ സുറിയാണികളെയും ഇസ്രയെല്യരെയും വശത്താക്കി ചില
ലക്ഷം പുരുഷാരം മറുനാട്ടിൽ കടത്തുകയും ചെയ്തു ജയിച്ചടക്കിയ
വർ മത്സരിക്കാതിരിക്കെണ്ടതിന്നു ആ രാജാക്കന്മാർ ഈ ഉപായം
നന്ന പ്രയൊഗിക്കും അക്കാലം അലിത്യൊഫ്യനായ സബകൊൻ
മിസ്രയെ അടക്കിയാറെ അനന്തരവനായ സൊ ഇസ്രയെൽ രാജാവാ
യ ഹൊശ്യയൊടു ബാന്ധവം കെട്ടി ഹൊശ്യ അവനിൽ ആശ്രയിച്ചു
അശ്ശൂരിലെ രാജാവായ സല്മനസ്സറിന്റെ കൊയ്മയെ നിരസി
ച്ചതിനാൽ അശ്ശൂർ വന്നു ശമര്യയിൽ കയറി ശെഷം 10 ഗൊത്ര
ക്കാരെ മസൊപതാമ്യ മംദായി നാടുകളൊളം കടത്തി. അവിശ്വാസി
യായ ആഹസ് അശ്ശൂരിൽ ഇടപ്രഭുവായി പൊയതിന്റെ ശെഷം
ഹിസ്കിയ എന്ന മകൻ മത്സരിച്ചു സംഹെരിബ് എന്ന മഹാരാജാ
വ് അവനെ ശിക്ഷിക്കെണ്ടതിന്നു അടുത്തുവന്നാറെ യഹൊവയൊടു
പ്രാർത്ഥിച്ചനെരം യരുശലെമിൽ അമ്പും എയ്യുകയില്ല എന്ന അരുള
പ്പാടു കെട്ടതുമല്ലാതെ ഒരു രാത്രിയിൽ തന്നെ യഹൊ സൈന്യം മിക്ക
വാറും മരിക്കുമാറാക്കി ഉടനെ സംഹെരിബ് നാണിച്ചു മടങ്ങി നി
നിവെയിൽ എത്തിയപ്പൊൾ മക്കളുടെ കൈയാൽ മരിച്ചു മൂന്നാം
മകനായ അസ്സർഹദ്ദൊൻ വാഴ്ച കഴിഞ്ഞ ശെഷം ഫ്രാത്ത് തിഗ്രീ
നദികൾക്കക്കരെയുള്ള ജാതികളൊടു പൊരുതു ജയിച്ചു മത്സരിച്ചിട്ടുള്ള
മെദ്യരെ ഒഴിച്ചു ശെഷമുള്ളവരെ സ്വാധീനമാക്കി. ആ യുദ്ധത്തിൽ
പിടിച്ചു കെട്ടിയ ശത്രുക്കളെ പടിഞ്ഞാറിൽ അയച്ചു ശമര്യയിൽ
കുടി ഇരുത്തി ഹിസ്ക്കിയയുടെ ദുഷ്പുത്രനെ യരുശലെമിൽ നി
ന്നു വരുത്തി ബാബലിൽ തടവിലാക്കുകയും ചെയ്തു മിസ്രരാജ്യ
ത്തിൽ നിന്നു അയിതൊഫ്യർ നീങ്ങി പൊയശെഷം അസ്സർഹ
ദ്ദൊൻ അവിടെയും ജയിച്ചു രാജ്യത്തെ സ്വാധീനത്തിൽ ആക്കുകയും
ചെയ്തു അവന്റെ ശെഷം അശ്ശൂർ സംസ്ഥാനം മുടിഞ്ഞു വീണു മി
സ്രയിൽ 12 പ്രഭുക്കന്മാർ വാണുകൊണ്ടിരുന്നപ്പൊൾ അവരിൽ പ്
സമിത്തിക് എന്നൊരുത്തൻ യവന കപ്പക്കള്ളന്മാരെ തുണക്കാക്കി
ചെത്തുകൊണ്ടു ശെഷം 11 പെരെ നീക്കി മിസ്രവംശത്തിന്നു യശസ്സു
ണ്ടാക്കി യവനരിൽ അധിക പക്ഷം വിചാരിച്ചു സെവെക്കാക്കിയ
ത കൊണ്ടു മിസ്രയിലെ ക്ഷത്രിയന്മാർ അസൂയപ്പെട്ടു പാതി അയി
തൊഹ്യയിലെക്ക വാങ്ങി നില്ക്കയും ചെയ്തു മകനായ നെകൊ ആ കുറ
വ് തീർത്തു അന്യന്മാരെ കൂലിചെകവരാക്കി രാജ്യത്തിന്നു ബലം
കൂട്ടി അശ്ശൂരെ നിഗ്രഹിക്കെണ്ടതിന്നു കിഴക്കൊട്ടു പുറപ്പെട്ടപ്പൊൾ
യഹൂദരാജാവായ യൊശിയ എന്റെ നാട്ടിൽ കൂടി കടക്കരുത് എന്നു
വെറുതെ മുടക്കുക കൊണ്ടു യൊശിയ മഹിദ്ദൊപൊക്ളെത്തിൽ തൊ
റ്റു മരിച്ചു യഹൂദന്മാർ മിസ്രകൊയ്മയെ അനുസരിക്കയും ചെയ്തു.
നെഖൊ ഇപ്രകാരം യാത്രയായപ്പൊൾ തന്നെ കല്ദായരും മെദ്യരും
ഒരുമിച്ചു അശ്ശൂർ വാഴ്ചയെ മുടിച്ചുകൊണ്ടിരുന്നു.

39. കല്ദായരാജ്യം

കല്ദായർ പണ്ടെ മസൊപതാമ്യയിൽ കവർച്ചെക്കായിട്ടു തിരിഞ്ഞു സഞ്ചരിച്ച ശെഷം അശ്ശൂര്യനായ ഒരുത്തൻ ബാബെൽ പട്ടണത്തിലെ മാത്സര്യം അമൎക്കെണ്ടുന്നതിന്നു അവരെ അവിടെ തന്നെ കാവലാക്കി പാർപ്പിച്ചു അന്നുതുടങ്ങി കല്ദായ പ്രഭുക്കളും ബാബെൽ വിദ്വാന്മാരൊടു അഭ്യാസം കഴിച്ചു ആചാര്യന്മാരുമായി വർദ്ധിച്ചു വന്ന ശെഷം തലവനായ നബുപൊലസ്സർ അശ്ശൂർ രാജ്യത്തിന്നു ഉറപ്പില്ല എന്നു കണ്ടു ആ കൊയ്മയെ നിരസിച്ചു കൊവിൽ പ്രഭു ഞാൻ തന്നെ എന്നു കല്പിച്ചു മെദ്യകുവക്ഷരനൊടു ചെർന്നു നിനിവെ നഗരത്തെ ചുററികൊണ്ടു കയറി തീ കൊടുക്കയും ചെയ്തു 625 ക്രി. മു അക്കാലത്തിൽ നെഖൊ മിസ്രസൈന്യത്തൊടു കൂട പുറപ്പെട്ടു യഹൂദരെ വിധെയമാക്കിയപ്പൊൾ നബുപൊലസ്സരിൻെറ മകനായ നബുകന്തെസർ ഫ്രാത്തനദീതീരത്തു കൎക്കമിശ് കടവത്ത് വെച്ചു എതിരെററു ജയിച്ചു മിസ്രക്കാരെ മടക്കിയശെഷം യൊയക്കിം എന്ന യഹൂദ രാജാവെ തൻെറ നാടുവാഴിയാക്കി പാർപ്പിച്ചു അവൻ കലഹിച്ചപ്പൊൾ യരുശലെമെ പിടിച്ചു മകനായ യകൊന്യയെ എറിയ അടിമകളൊടു കൂട ബാബെൽ നാട്ടിൽ കടത്തുകയും ചെയ്തു. അനന്തരവനായ ചിദക്യഹൊഫ്രാ എന്നുള്ള മിസ്രനെ വിശ്വസിച്ചു നബുകന്തെസരൊടു ചെയ്ത സമയത്തെ പുലമ്പിച്ചപ്പൊൾ നബുകന്തെസർ യരുശലെമെ പിടിച്ചു ഭസ്മമാക്കി ശെഷം യഹൂദരെ ബാബെലിൽ കടത്തി പാർപ്പിക്കയും ഫൊയ്നീക്യരിൽ തുറുപട്ടണക്കാർ മാത്രം അശ്ശൂരുടെ കൈയിൽ അകപ്പെടാതെ സ്ഥൈരമായി വാണിരിക്കുമ്പൊൾ നബുകന്തെസർ ആ പട്ടണത്തെ പിടിക്കെണ്ടുന്നതിന്നു മൂന്നു വർഷം യുദ്ധം ചെയ്തു പട്ടണത്തിൽ കയറിയപ്പൊൾ നിവാസികളെ കണ്ടില്ല. അവർ ഒക്കത്തക്ക കപ്പലിൽ കയറി അടുത്ത തുരുത്തിയിൽ കുടിയിരിക്കയും ചെയ്തു. അതിൻെറ ശെഷം മിസ്രരാജ്യത്തിൽ പ്രവെശിച്ചു വലം വെച്ചു താൻ ജയിച്ച രാജ്യങ്ങൾ ഒരു കൊല്ലുടക്കി ബാബെൽ രാജധാനിയെ ഉറപ്പിച്ചു ചൊല്ലെഴും അലങ്കാരങ്ങളെ വരുത്തുകയും ചെയ്തു. ഈ മഹത്വം കൊണ്ടു ഡംഭിച്ചു രാജാവ് ഭ്രാന്തനായി പൊയിദ നിയെൽ പ്രവാചകൻ അറിയിച്ച പ്രകാരം മൃഗം പൊലെ പാൎത്തശെഷം മദം മാററി സൎവ്വശക്തനായ യഹൊവയെ അറിഞ്ഞുകൊണ്ടു ഉണ്ടായ അവസ്ഥകൾ എല്ലാം രാജ്യത്തിൽ പരസ്യമാക്കി ദനിയെലിൻെറ ദൈവത്തെ എകമഹാൻ എന്നു സ്തുതിക്കയും ചെയ്തു. അവൻെറ ശെഷമുള്ളവൎക്ക പ്രാപ്തി പൊരായ്കകൊണ്ടു രാജ്യം ക്രമത്താലെ ക്ഷയിച്ചു നബൊനെദ് എന്നവൻ രാജവംശം നിഗ്രഹിച്ചു വാണു മെദ്യപാർസികളൊടും തൊററു നശിക്കയും ചെയ്തു.

40. മെദ്യർ

കസ്ʼപ്യസമുദ്രത്തിന്നും സിന്ധുനദിക്കും ഇടയിൽ ജാതിസംബന്ധം ഉണ്ടായ പല വംശങ്ങൾ കൂടി ഇരുന്നു അതിൽ ആദ്യം ശ്രുതിപ്പെട്ട തഗിഹ്ണൻ നദീതീരത്തു പാൎത്ത ബാഹ്ʼളികന്മാർ തന്നെ അവൎക്ക ബക്ʼത്രാ എന്ന പെരുമ്പട്ടണവും സിന്ധുവൊളമുള്ള കച്ചവടംകൊണ്ടു വളരെ ദ്രവ്യവും ഉണ്ടായി അവരുടെ മഹത്വം ക്ഷയിച്ചപ്പൊകുമ്പൊൾ മെദ്യ പാൎസി എന്നിങ്ങിനെ രണ്ടു ജാതികൾക്ക കീൎത്തിയുണ്ടായി കസ്ʼപ്യ കടലിന്റെ തെക്കെ അതിരിലെ മലപ്രദെശത്തിൽ രാജാധികാരം കൂടാതെ ഒരൊ തറ രക്ഷിച്ചു പാൎത്തശെഷം 700 ക്രി. മു. അശ്ʼശ്രൂർ നുകത്തെ ഉപെക്ഷിച്ചു തങ്ങളിൽ ശ്രെഷ്ഠനായി വിളങ്ങുന്ന ദിയൊക്കനെ രാജാവാക്കിയപ്പൊൾ അവൻ അവ്വതാൻ രാജധാനിയെ പണിയിച്ചു എറിയ ആളുകളും അതിൽ കുടിയെറുകയും ചെയ്തു. അവന്റെ ശെഷം ഫ്രവൎത്തൻ അടുക്കെയുള്ള യാഫെത്യ ജാതികളെ അശ്ʼശൂരിൽനിന്നു വെൎത്തിരിച്ചു സംബന്ധികളായ മെദ്യരൊടു ചെൎത്തുകൊണ്ടതിൽ പിന്നെ മകനായ കുവക്ഷരൻ കല്ʼദയക്ക തുണയായി നിനിവെ പട്ടണത്തെ ഭസ്ʼമമാക്കി. അക്കാലത്തിലെ കല്ʼദയക്ക ശെമ്യഹാമ്യജാതികളും മെദ്യക്ക യാഫെത്യരും കീഴടങ്ങി ഇരുന്നു ഇസ്രയെൽ 10 ഗൊത്രക്കാർ മെദ്യവശത്തിലും യഹൂദർ ബാബലിലും ചിതറി പാൎത്തു തുടങ്ങുന്ന കാലത്തിൽ യഹൊവയുടെ ഒർ അറിവു ഒരൊ ജാതികളിൽ എത്തി തുടങ്ങി. അക്കാലത്തിൽ ചരദുഷ്ടൻ എന്ന മുനി ഉണ്ടായി ബാഹ്ʼളികമെദ്യരും ക്രമം കൂടാതെ മിത്രൻ അഗ്നി മുതലായവരെ സെവിച്ചു വന്നതു മാററി ജന്തവസ്ഥാ എന്ന സത്യവ്യവസ്ഥയെ കല്പിച്ചു നിൎമ്മലപ്രകാശമയനായ അഹുരമജ്ʼദാസത്യം ദൈവം തമൊഗുണനായ അരിമന്യു ആസുരശ്രെഷ്ഠൻ ഇരുവൎക്കും നല്ലവർ എഴും ദുഷ്ടന്മാർ എഴും പ്രഭുക്കന്മാരായി ഇറങ്ങി സുരാസുരയുദ്ധങ്ങളെ ചെയ്തുവരുന്നുണ്ടു മനുഷ്യനും കൂട ദിഗ്ഗുണൻ സുരാസുരന്മാൎക്ക പൊൎക്കളം തന്നെ നല്ʼഗുണത്തിന്നു ജയം ഉണ്ടാകെണ്ടതിന്നു അഹുരമജ്ʼദാവിൻ പുരൊഹിതന്മാർ കഴിക്കുന്ന കൎമ്മം വെണം അവന്നു ക്ഷെത്രമില്ല പ്രതിമയുമരുത്ʼ വൃക്ഷഭാദികളെ സെവിക്കരുത അഗ്നിയെ കത്തിച്ചു പൊററുന്നതിനാൽ പ്രസാദം വരുത്തെണം അഹുരമജ്ʼദാ കൃഷിക്കാരിൽ പ്രസാദിക്കകൊണ്ടു ഈറാനിൽ പാൎക്കുന്ന കൃഷിക്കാർ മൃഗക്കൂട്ടങ്ങളെ മെയിച്ചു നടക്കുന്നവരെ മ്ലെച്ഛന്മാരെന്ന് വിചാരിച്ചു ഗിഹ്ണന്റെ വടക്കുള്ള കൊടിയതുറാൻ രാജ്യത്തൊടു നിത്യം പടകൂടെണം. ഈറാനിലെ രാജാവ്ʼ അഹുരമജ്ʼദാവിൻ സ്ഥാനാപതിയാകകൊണ്ടു അവനെ ദൈവത്തെപൊലെ അനുസരിക്കണം ഇപ്രകാരമുള്ള മതം മെദ്യവിപ്രരായ മാഗരിൽ സമൎപ്പിച്ചു വെച്ച ശെഷം ആയവർ അതിനെ മെദ്യരിലും പാൎസികളിലും ഒരുപൊലെ നടത്തി.

ഗർമ്മാന്യ ജാതികൾ രൊമ രാജ്യത്തിലും ക്രിസ്തു സഭയിലും പ്രവെശിച്ച പ്രകാരം

15. ഗർമ്മാനർ

വടക്ക ബാല്ട്ക്യ കടൽ കിഴക്ക തെക്ക പടിഞ്ഞാറു ക്രമെണ വിസ്തുല–ദനുവ റൈൻ നദികൾ ഈ നാലതിർക്കകെത്തകപ്പെട്ട നാടുകളിൽ ഗർമ്മാനർ നഗരങ്ങളെ കെട്ടാതെ വെവ്വെറെ നിലം പറമ്പുകളിൽ പല കൂറുകളായി കൃഷിയും ഗൊരക്ഷയും ചെയ്തു കൊണ്ടു വസിച്ചിരുന്ന ജന്മികൾ വെല എല്ലാം സ്ത്രീകളിലും അടിമകളിലും ഏല്പിച്ച നായാട്ടു, പട, സദ്യാദികളിലും വിസ്താര സംഘങ്ങളിലും ചെർന്ന ദിവസം കഴിച്ച കൊണ്ടിരുന്ന. ക്ഷെത്രങ്ങളും വിഗ്രഹങ്ങളും അവർക്കില്ല. വങ്കാട്ടിൽ വിശുദ്ധ സ്ഥലങ്ങളിൽ വെച്ച അവർ സ്വർഗ്ഗത്തിൽ മെവുന്ന ദെവരാജാവായ ബുധനും ഭവന രക്ഷ കഴിക്കുന്ന ഹുല്ദാ എന്ന ഭാര്യെക്കും ഇടികളെയും യുദ്ധങ്ങളെയും നടത്തുന്ന ദൊനർ തീസ്സ് എന്നിരുപുത്രന്മാർക്കും ഭൂമി എന്നർത്ഥമുള്ള നെർഥുസ്സിന്നും കൃഷി ഫലം സാധിപ്പിക്കുന്ന ഫ്രെയ്യൊ ഫ്രെയ്യാ എന്നിരുപുത്രിമാർക്കും മാത്രം മാഹാത്മ്യം ഉണ്ടെന്ന നിശ്ചയിച്ചു ഉത്സവം കൊണ്ടാടി പലവിധെന ബലികളെ കഴിക്കയും ചെയ്തു. യുദ്ധത്തിൽ ശൌര്യം കാട്ടി മരിക്കുന്നവർ വീരസ്വർഗ്ഗത്തിലെഴുന്നള്ളി ബുധസന്നിധിയിങ്കൽ വാണു സുഖിക്കും ശെഷിച്ചവരെല്ലാവരും ഹെലാ പരിപാലിക്കുന്ന പാതാളം പുക്ക കഷ്ടിച്ച പാർക്കും എന്നവരുടെ മതം. ജാതി ധർമ്മം ലംഘിക്കുന്നവർക്കും യുദ്ധ ബദ്ധന്മാർക്കും മരണ ശിക്ഷ എന്നു വെപ്പു പക വീളുന്നത് ന്യായമാക കൊണ്ടു ജീവനെയും വസ്തു വകകളെയും ദ്രൊഹിക്കുന്നവനൊടു പ്രതി ക്രിയ ചെയ്യുന്നത് ദൊഷമല്ല അവർക്കു രാജത്വമില്ലായ്കയാൽ ശ്രെഷ്ഠ സഭായൊഗം കൂടി വന്ന ആചാര്യ സഹായത്താൽ നെരും ന്യായവും നടത്തും മൂത്ത മക്കൾ മാത്രം അവകാശികളാകകൊണ്ടു ശെഷമുള്ളവർ വീടു പണിക്കാരായും ആയുധ വാണികളായും ഒരൊ പ്രഭുക്കന്മാരെ ആശ്രയിച്ച സെവിക്കും സ്വദെശത്തിൽ സന്ധിയുള്ളപ്പൊൾ അവൻ പുറനാട്ടിൽ ചെന്ന അന്യന്മാരെ അതിക്രമിച്ച നാടുകളെയും ധനങ്ങളെയും പിടിച്ചുപകർത്തെടുക്കും ഇവക ദുഷ്പ്രവൃത്തികളെ നടത്തുവാൻ ഒരൊ ജനസംഘങ്ങളും കൂടി താന്താങ്ങടെ പ്രഭുക്കളെ അനുസരിച്ച ഭാര്യാ പുത്രന്മാരൊടു കൂട പുറപ്പെട്ടു അന്യന്മാരെയും ചെത്തു പുതിയ വാസ സ്ഥലങ്ങളെയും അന്വെഷിച്ച നിലം പറമ്പുകളെ പിടിച്ചടക്കി ശക്തിയുള്ള ജാതികളായി വർദ്ധിക്കയും ചെയ്തു.

16. ഗർമ്മാനർ രൊമ രാജ്യത്തിലും സ്ഥാനങ്ങളിലും വന്ന പ്രകാരം

ഈ പറഞ്ഞ ദുർജ്ജന സംഘങ്ങൾ ചിലതു 300. ക്രി. അ. മുതൽ രൊമ സംസ്ഥാനത്തിൻെറ വടക്കെ അതിരുകളിൽ കലഹിച്ചു ഓരൊ നാടുകളെ അടക്കി പാർത്തു കൊണ്ടിരിക്കുമ്പൊൾ രൊമർ അവരെ നീക്കികളയാതെ ശൂരന്മാരെ വരിച്ചു സ്വഗണങ്ങളൊടു ചെർത്തു മററവരൊടു കപ്പം വാങ്ങുകയും ചെയ്തു. വലന്ത കൈസർ കിഴക്കെ സംസ്ഥാനം പരിപാലിക്കുമ്പൊൾ മുകിള ജാതിക്കാരായ ഹൂൺ ചീനക്കാർക്ക കീഴ്പെടുവാൻ മനസ്സില്ലായ്കയാൽ സ്വദെശം വിട്ടുവൊല്ഗാ നദിയെ കടന്നു ബല്ക്യ കടൽ തുടങ്ങി കരികടൽ പര്യന്തമുള്ള ഒസ്തഗൊഥരുടെ രാജ്യം സ്വാധീനമാക്കിയ ശെഷം ഒസ്തഗൊഥർ ദനുവനദിയുടെ വടക്കെ കരയിലെ വെസ്തഗൊഥരൊടു ചെന്നു ദനുവിൻെറ തെക്കെ തീരത്തിങ്കൽ വസിപ്പാൻ മതിയായ ദെശം തരെണമെന്നു വലന്തൊടു അപെക്ഷിച്ചു ആയുധച്ഛെദം എടുപ്പാനും ക്രിസ്തുമാൎഗ്ഗം അനുസരിപ്പാനും സമ്മതിച്ചതിനാൽ കൈസർ അവരെ മെസ്യനാട്ടിൽ കുടിയിരുത്തി. അനന്തരം ഉല്ഫില എന്ന അദ്ധ്യക്ഷൻ ക്രിസ്തുമതം ഗ്രഹിപ്പിച്ചു വെദവും അവരുടെ ഭാഷയിൽ പകൎത്തു കൊടുക്കയും ചെയ്തു. അങ്ങിനെ കുറയകാലം കഴിഞ്ഞാറെ മൃഗക്കൂട്ടങ്ങളെ മെയ്പാൻ സ്ഥലംപൊരാ എന്നും ഭക്ഷണസാധനങ്ങളെ വിലെക്കു വാങ്ങുമ്പൊൾ വിധികാരികൾ വളരെ ചതിക്കുന്നു എന്നും കണ്ടു അവർ ഫ്രിദിഗർ എന്ന നായകനെ അനുസരിച്ചു കലഹിച്ചു തുടങ്ങി ഹദ്രിയാന പുരിക്കരികെ വെച്ചു രൊമസെനകളൊടു എതിരിട്ടു ഛിന്നഭിന്നമാക്കി കൈസൎക്കും ആപത്തുവരുത്തുകയും ചെയ്തു. 378ാം ക്രി—അ. അതിൻെറ ശെഷം ഗൊഥർ കരികടൽ തുടങ്ങി അദ്രീയ സമുദ്രത്തൊളമുള്ള നാടതിക്രമിച്ചു കൊള്ളയിട്ടു വന്നപ്പൊൾ വലന്തിൻെറ അനന്തരവനായ തെയൊദൊസ്യൻ അവരെ നീക്കി മുമ്പെത്ത ദെശത്തിലാക്കി സന്ധിക്ക ഇടവരുത്തുകയും ചെയ്തു. അനന്തരം കൈസർ 2 പുത്രന്മാൎക്കും രൊമസംസ്ഥാനം വിഭാഗിച്ചു കൊടുത്തു കിഴക്കെ അംശത്തിന്നു അവകാശിയായ അൎക്കാദ്യന്നു രുഫിനെയും പടിഞ്ഞാറെ സംസ്ഥാനം ഭരിപ്പവനായ ഹൊനൊര്യന്നു സ്തിലികവെയും സഹരക്ഷകന്മാരാക്കി കൊടുത്തു അല്പകാലം കഴിഞ്ഞിട്ടുമരിക്കയും ചെയ്തു. 395 ക്രി—അ. വെസ്തഗൊഥരാജാവായ അലരീകനിയമലംഘനം ഹെതുവായി പട്ടാളങ്ങളെ ചെൎത്തു അൎക്കാദ്യനൊടു കലഹിച്ചു മക്കദൊന്യയവന രാജ്യങ്ങളെ കൊള്ളയിട്ടു പാഴാക്കി ഇല്ലുര്യനാടു പിടിച്ചടക്കി പാൎക്കുമ്പൊൾ രുഫിന്നുപകരം സഹകരക്ഷക സ്ഥാനത്തിൽവന്ന യുത്രൊപ്യൻ സ്തിലികവിൽ അസൂയപ്പെടുകയാൽ ഇതല്യ അദ്ധ്വീപിനെ അതിക്രമിക്കെണ്ടതിന്നു അലരീകെ ഉത്സാഹിപ്പിച്ചു ആയതിനെ അവൻ അനുസരിച്ചു സൈന്യങ്ങളൊടു കൂട പുറപ്പെട്ടുപൊയെന്ത്യ നഗരത്തിൻെറ

അരികെ സ്തിലീക് അവനൊട എതിരിട്ട ജയിച്ചവെസ്സഗൊഥർ ഹൊനൊര്യന്റെ ചെകവരായി സെവിക്കെണ്ടതിന്ന സംഗതി വരുത്തുകയും ചെയ്തു. അല്പകാലം കഴിഞ്ഞശെഷം രദഗസ്സ എന്നൊരു കവച്ചക്കാരൻ—സ്വെവർ—വന്തായർ— അലാനർ—ഗൊഥർ—ഇത്യാദി ജാതികളൊട കൂട ഇതല്യെക്ക അതിക്രമിച്ച വന്നപ്പൊൾ ക്ഷാമം വ്യാധിമുതലായ ബാധകൾ അവരിൽ വ്യാപിച്ചതുകൊണ്ട സ്തിലികന്ന അവരെ ജയിച്ച രാജ്യത്തനിന്ന നീക്കെണ്ടതിന്ന കഴിവുവന്നു. അവർവടക്കൊട്ട തിരിഞ്ഞു ബ്രിതന്യയിൽ വെച്ച കൊംസ്തന്തീനെന്നൊരു കലഹക്കാരന്റെ ചെകവരായി സെവിച്ച അവിടെ നിന്നും തൊററുപൊയ ശെഷം സ്പാന്യ അർദ്ധദ്വീപിൽ ഒരൊനാടുകളെ അതിക്രമിച്ചടക്കി വെവ്വെറെ കുടിയിരിക്കയും ചെയ്തു. അതിന്നിടയിൽ ബുദ്ധികെട്ട ഹൊനൊര്യൻ വിശ്വസ്ത മന്ത്രിയായ സ്തിലികവെ അകാരണമായികൊല്ലിച്ച അലരീകൊടും ശെഷിച്ച ഗർമാന്യ ചെകവരൊടും നിയമപ്രകാരമൊന്നും ആചരിക്കായ്കകൊണ്ട എല്ലാവരും ഒരുമിച്ച ഇതല്യയിൽ വന്നു കലഹിച്ചപ്പൊൾ ഹൊനൊര്യൻ ഭയപ്പെട്ടുരവന്നാ കൊട്ടെക്കൊടീയാറെ അലരീക തടവു കൂടാതെ 3 വട്ടം രൊമനഗരം വളഞ്ഞു പിടിച്ച കൊള്ളയിട്ടശെഷം തെക്ക ഇതല്യയിൽ ചെന്നു പല നാശങ്ങൾ വരുത്തി—410ാം—ക്രി. അ—മരിക്കയും ചെയ്തു. അവന്റെ അനന്തരവനായ അദൂലഫൊട ഹൊനൊര്യൻ ഇണങ്ങി മെൽ പറഞ്ഞ ജാതികളെ സ്പാന്യയിൽ നിന്നും ഒരു കലഹക്കാരനെ ഗാല്യയിൽ നിന്നും ജയിച്ച മുടിക്കെണ്ടതിന്ന വെസ്തഗൊഥനെ സൈന്യങ്ങളൊട കൂട അയച്ച ആ യുദ്ധം സമർപ്പിച്ചിട്ട അവൎക്ക ഇതല്യയിൽ പാർപ്പാൻ ഒരുനാട കൊടുക്കെണ്ടതിന്ന നിശ്ചയിക്കയും ചെയ്തു. അനന്തരം അദൂലഫഗാല്യയിൽ ചെന്നു രൊമശത്രുക്കളെ ജയിച്ച അവന്റെ പക്ഷക്കാരും അനന്തരവന്മാരും സ്പാന്യയിലും പ്രവെശിച്ചപൊരുതു പിരനയ്യ മലയുടെ രണ്ട ഭാഗത്തും ഒരു രാജ്യം സ്വാധീനമാക്കി ഇതല്യയിൽ മടങ്ങി വരാതെ അവിടെ വാണു കൊണ്ടിരുന്നു. അക്കാലം ഹൊനൊര്യൻ ഗാല്യ ദെശരക്ഷെക്കായി റൈൻനദി വസ്ഗ മല ഈ രണ്ടിന്റെ നടപ്രദെശവും ബുരിഗുന്തൎക്ക കൊടുത്തു കളഞ്ഞു.

17. പടിഞ്ഞാറെ രൊമസംസ്ഥാനം നശിച്ചുപൊയ പ്രകാരം

ഹൊനൊര്യൻ കൈസർ പുത്രനില്ലാതെ മരിച്ചപ്പൊൾ കിഴക്കെ സംസ്ഥാനത്തിലെ കൊയ്മ അവന്നു മൂന്നാം വലന്തിന്യാനെ അനന്തരവനാക്കി അവരൊധിച്ച വാഴിച്ചു. അവന്റെ കാലത്തിൽ അയത്യൻ എന്നൊരു മഹാൻ ആഫ്രികയിലെ പടനായകനായ ബൊനിഫക്യനിൽ അസൂയയാലെ കുററം ചുമത്തി ശിക്ഷെക്കഭയമുണ്ടായിട്ട ബൊനിഫക്യൻ തനിക്ക കുററമില്ലെന്നു കൈസൎക്ക ബൊധം

വരുത്തെണ്ടതിന്നു ഉടനെ സ്ഥാനഭ്രംശം വരരുതെന്നു വെച്ചു സ്ലാന്യയിൽ വാഴുന്ന വന്താലരാജാവായ ഗൈസരീകെ തുണെക്കായി വിളിച്ചു മന്ത്രിയുടെ വിസ്താരം തീർന്നശെഷവും ഗൈസരീക് മടങ്ങിപൊവാൻ മടുത്തു ആഫ്രികയിൽ രൊമശാസനയുടെ കീഴിലുള്ള നാടുകളെ അതിക്രമിച്ചടക്കി ധനവാന്മാരെയും സാധാരണ സഭക്കാരെയും അത്യന്തം ഹെമിച്ചു നശിപ്പിക്കയും ചെയ്തു. അല്പകാലം കഴിഞ്ഞിട്ടു ബ്രീതന്യയിലും അപ്രകാരമുള്ള ഒരവസ്ഥ നടന്നു. കൊംസ്തന്തീൻ കൈസരുടെ കാലംമുതൽ ബ്രീതർ രൊമക്ക അധീനന്മാരായി വാണതിൻെറ ശെഷം വടക്കുനിന്നു പിക്തരും സ്കൊതരും വന്നു ആക്രമിച്ചു അവരൊടു ചെറുപ്പാൻ ആവതില്ലെന്നുകണ്ടു ബ്രീതർ ഗർമാത്യചെകവരെ വരുത്തി ആയവർ ഹെങ്കിസ്ത ഹൊർസ്സാ എന്ന പടനായകന്മാരിരുവരെയും അനുസരിച്ചു വഴിയെവന്ന യൂത്തർ സഹ്സർ അംഗ്ലർ മുതലായ ജാതികളൊടു ചെർന്നു ഏറിയൊരു യുദ്ധം കഴിച്ചു ബ്രീതരെ പരിഭവിച്ചു അവരുടെ രാജ്യം തങ്ങൾക്കതന്നെ സ്വാധീനമാക്കുകയും ചെയ്തു. അതിന്നിടയിൽ ഹുണർ രണ്ടാമതും രൊമരാജ്യത്തിൽപുക്കു ദെവചമ്മട്ടി എന്നൎത്ഥമുള്ള അത്തില എന്നൊരു മ്ലെച്ഛൻ അവൎക്കു നായകനായി ഉയർന്നു അർക്കാദ്യൻെറ പുത്രനായ രണ്ടാം തെയൊദൊസ്യൻ കൈസരൊടു യുദ്ധം കഴിച്ചു ഹെമുമലയൊളമുള്ള ദനുവനദീപ്രദെശം എല്ലാം പിടിച്ചടക്കുകയും ചെയ്തു. അതിൻെറ ശെഷം അത്തിലതെയൊദൊസ്യൻെറ അനന്തരവനായ മർക്കിയാൻ കൈസരെ ധീരൻ എന്നറിഞ്ഞു വെടിച്ചു വന്താലരാജാവായ ഗൈസരീകിൻെറ ചൊൽ കെട്ടു പടിഞ്ഞാറെ രൊമസംസ്ഥാനം ആക്രമിക്കെണ്ടതിന്നു പുറപ്പെട്ടു ഒസ്തനൊസർഗെവിദർ തുഗ്യർ ശീരർ മുതലായ ജാതികളെ ചെർത്തു റൈൻനദിയൊളംചെന്നു ബുരിഗുന്തരാജാവായ ഗുന്ധരൊടു അപെക്ഷ പ്രകാരം നിരന്നു സന്ധിച്ചശെഷം സത്യലംഘനക്കാരനായി അവനെ സർവ്വകുഡുംബത്തൊടും സെവകന്മാരൊടും കൂട മുടിക്കയും ചെയ്തു. ഫ്രങ്കപ്രഭുക്കളിരുവരിൽ ഒരുവൻ അത്തിലയുടെ പക്ഷം എടുത്തു മറ്റെവൻ രൊമരൊടു ചെർന്നു. അക്കാലം മെൽപറഞ്ഞ അയത്യൻഗാല്യയിൽ നാടുവാഴിയായി ഹുണർ മുതലായ മ്ലെച്ഛക്കൂട്ടരുടെ സെനകൾ വരുന്നതുകെട്ടു ബദ്ധപ്പെട്ടു ധിയദ്രിക് എന്നവെസ്തഗൊഥരാജാവെയും ബുരിഗുന്തർ ഫ്രങ്കർ—അമ്മൊരിക്കർ മുതലായ ജാതികളെയും ചെർത്തു 451ാംക്രി. അ. ശലൊൻ പൊർക്കളത്തിൽ അത്തിലയെ എതിരിട്ടു ജയിച്ചു റൈൻനദിക്കക്കരയൊളം ആട്ടികളെകയും ചെയ്തു. അനന്തരം അത്തിലതെക്കൊട്ടു തിരിഞ്ഞു ഇതല്യാൎദ്ധദ്വീപിൽ പുക്കു മിഖാൻ മുതലായ നഗരങ്ങളെ ഭസ്മമാക്കിയപ്പൊൾ ലെയൊപാപ്പാ അവനെ ചെന്നു കണ്ടു രൊമയുടെ രക്ഷെക്കായി അപെക്ഷിച്ചു രാജ്യംവിട്ടുപൊകുമാറാക്കി. അനന്തരം അവൻ യൂരാമലയെറി തെക്കെ ഗാല്യരാജ്യം അതിക്രമിക്കെണ്ടതിന്നു പൊകുമ്പൊൾ വെസ്തഗൊഥർ അവനൊടു എതിരിട്ടു മടക്കി അയച്ചു കുറയകാലം കഴിഞ്ഞാറെ അവൻ മരിച്ചു.

പുത്രന്മാർ വാഴ്ച്ചക്കായി തമ്മിൽ കലശൽകൂടി പൊരുതപ്പൊരം അധീനന്മാരായ ഗർമ്മാന്യജാതികരം കലഹിച്ചു ഹൂണരുടെ നുകം തള്ളി സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു. ഇപ്രകാരം ആപത്തുകളൊരൊന്ന നീങ്ങിപൊയിട്ടും പടിഞ്ഞാറെ രൊമസംസ്ഥാനം ഉറപ്പിപ്പാൻ എല്ലാം പൊരാതെയായ്വന്നു. ആ മ്ലെച്ഛന്മാരെ നീക്കികളഞ്ഞ അയത്യനെ വലന്തിന്യാൻ കൈസർ താൻ കൊന്നു അയത്യന്റെ ചങ്ങാതികയ്യാൽ മരിക്കയും ചെയ്തു. ആ ക്രൂരപ്രവൃത്തികരംക്ക സംഗതി വരുത്തിയ പെത്രൊന്യൻ അനന്തരവനായി വാണു. വലന്തിന്യാന്റെ വിധവയെ ബലാല്ക്കാരെണ ഭാര്യയാക്കി എടുത്തു അതിന്റെ പ്രതിക്രിയെക്കായി അവരം വന്താലരെ രൊമയിലെക്ക് വരുത്തി അവർ പെത്രൊന്യനെ വധിച്ചു രൊമനഗരത്തെ കൈക്കലാക്കി കൊള്ളയിടുകയും ചെയ്തു. അതിന്റെശെഷം ഉണ്ടായ കൈസർമ്മാർ എല്ലാവരും ഗർമ്മാന്യ പടച്ചെകവരുടെ സ്വാധീനത്തിൽ ആയ്വന്നു ആയവർ സാമ്രാജ്യത്തിന്റെ ഒരൊ അംശങ്ങളെ പിടിച്ചു വാണു ഒരു കർ ഒട്ടക്കമുള്ള രൊമകൈസരെ സ്ഥാനഭ്രഷ്ടനാക്കി 476 ാം ക്രി. അ. ഇതല്യരാജാവെന്നു പെർധരിച്ചു വാഴ്ചയുടെ സ്ഥിരതെക്കായി സികില്യദ്വീപിനെ വന്താലൎക്കും ഗാല്യരാജ്യത്തിൽ ഒരംശം വെസ്തഗൊഥൎക്കും കൊടുത്തു വാഴുകയും ചെയ്തു. ചില വർഷം കഴിഞ്ഞശെഷം ഫ്റങ്ക പ്രഭുവായ ഫ്ളുദ്വിഗ് ഗാല്യയിൽ വാഴുന്ന സിയഗ്രിയന്റെ നെരെ കലഹിച്ചു 486 ാം ക്രി. അ. യുദ്ധം ഉണ്ടായാറെ അവനെ തൊല്പിച്ചു രാജ്യം തനിക്ക സ്വാധീനമാക്കിയപ്പൊരം പടിഞ്ഞാറെ സംസ്ഥാനത്തിൽ രൊമരുടെ വാഴ്ച എല്ലാം ഒടുങ്ങി രാജ്യം നഷ്ടമായി വരികയും ചെയ്തു. അതിന്റെ ശെഷം ആഫ്റിക്കയിൽ വന്താലരും സ്പാന്യഗാല്യദെശങ്ങളിൽ സ്വെവർ, അലാനർ, വെസ്തഗൊഥർ, ഫ്റങ്കർ, ബുരിഗുന്തർ മുതലായ ജാതികളും റൈൻനദിയുടെ തീരത്തു അലമന്നരും ദനുവനദിയുടെ പടിഞ്ഞാറെ പ്രദെശത്തിൽ ബവര്യരും ബ്രിതന്യയിൽ ബ്രിതരും സഹ്സരും കൂടിയിരുന്നു വാണു. ഇതല്യയിൽ ഒരു ഗർമ്മാന്യപ്രഭു പല ജാതികളിൽനിന്നു ചെത്ത സൈന്യങ്ങളുടെ സഹായത്താൽ രാജാവായി ഭരിക്കയും ചെയ്തു.

18. അരീയക്കാരായ ഗർമ്മാനരുടെ നടുവിലുള്ള സാധാരണ സഭക്കാരായ പറങ്കികൾ

മെൽപറഞ്ഞ അവസ്ഥെക്ക ആദ്യം മാററം വരുത്തിയതു ഒസ്തഗൊഥരുടെ രാജാവായ ധിയദ്രീക് തന്നെ. കിഴക്കെ രൊമകൈസർ അവനെ വളരെ മാനിച്ചു ഒതകരെ സ്ഥാനഭ്രഷ്ടനാക്കി ഇതല്യയിൽ നിന്നാട്ടികളയെണ്ടതിന്നുത്സാഹിപ്പിക്കയും ചെയ്തു. ധിയദ്രീക് ചില വർഷം യുദ്ധം ചെയ്തതിന്റെ ശെഷം വെസ്തഗൊഥരുടെ സഹായത്താൽ അത്രെ ഒതകരെ ജയിച്ചു ഒടിച്ചുരവെന്ന കൊട്ടയെയും വളഞ്ഞു

കൈക്കലൊക്കിയപ്പൊൾ അവനെയും ബദ്ധനാക്കി കൊന്നു. അവ
ന്റെ സ്ഥാനം ഏറ്റു ഇതല്യ രാജ്യത്തിൽ രാജാവായി വാഴകയും
ചെയ്തു. 493 ാം ക്രി. അ. പ്രജകളുടെ മമതയെ കിട്ടെണ്ടതിന്നു അ
വൻ എത്ര പ്രയത്നം ചെയ്തിട്ടും ഗൊഥർ അരീയക്കാരും ഇതലർ സാ
ധാരണ വിശ്വാസികളുമാകകൊണ്ടു നല്ല ചെർച്ചയുണ്ടാകില്ല പടി
ഞ്ഞാറെ രൊമസംസ്ഥാനത്തിൽ കുടിയെറി വസിക്കുന്ന ജാതികളുടെ
മെല്ക്കൊയ്മയായ്‌വരെണ്ടതിന്നു അവൻ ഫ്രങ്കർബുരിഗുന്തർ ധൂരിംഗർ
വെസ്തഗൊഥർ വന്താലരൊടും ബാന്ധംകെട്ടി ഫ്രങ്കരാജാവായ ഫ്ളു
ദ്വിഗ് ചുല്പിക് പൊക്ളെത്തിൽ അലമന്നരെ ജയിച്ചു രാജ്യം വശ
മാക്കിയപ്പൊൾ ശെഷമുള്ളവർ ധിയദ്രീകിൽ ആശ്രയിച്ചു ബവര്യ
രും ബുരിഗുന്തരും അവനെ തുണയാക്കി അനുസരിക്കയും ചെയ്തു.
അനന്തരം ഫ്ളുദ്വിഗ്ബുരി ഗുന്തജാതിക്കാരത്തിയായ ഭാര്യയുടെ
ഉത്സാഹാപെക്ഷയെ അനുസരിച്ചു 496 ാം ക്രി. അ. സ്നാനം ഏറ്റു
സാധാരണ സഭയൊടു ചെന്നു പ്രജകളെയും തന്റെ മതം അനുസരി
ക്കുമാറാക്കി അല്പമൊരു യുദ്ധം കഴിച്ചു ധിയദ്രികു് അവനെ തടുപ്പാൻ
സംഗതി വരുമ്മുമ്പെ സാധാരണ വിശ്വാസികളായ വെസ്ത ഗൊഥ
രെയും ജയിച്ചു അവരുടെ രാജ്യവും സ്വാധീനമാക്കി വാഴകയും ചെ
യ്തു. ഇപ്രകാരം ഉണ്ടാക്കിയ വാഴ്ച സ്വവംശത്തിന്നു അവകാശമായി വ
രുവാൻ ഫ്ളുദ്വിഗ് ക്രൂരവഴിയായി ഒരൊ ഫ്റങ്ക പ്രഭുക്കളെ നീക്കി
രാജ്യം നാലു മക്കൾക്ക പകുത്തു കൊടുത്തു ബുരിഗുന്തരുടെയും ധൂ
രിംഗരുടെയും രാജ്യങ്ങളെ അടക്കുവാൻ വട്ടം കൂട്ടുമ്പൊൾ മരിക്കയും
ചെയ്തു. പിന്നെ വിഭാഗങ്ങളും ആപത്തുകളും പലതും ഉണ്ടായ ശെ
ഷം ഫ്ളൂഥർ എന്നവൻ സാമ്രാട്ടായി വാണു സംസ്ഥാനത്തെ പി
ന്നെയും 4 പുത്രന്മാക്കും പകുത്തു കൊടുത്തു അനന്തരം സഹൊദരന്മാർ
വൈരവും അഭിമാനവും പൂണ്ടു തമ്മിൽ പൊരുതു രാജ്യം മുച്ചൂടും അ
തിക്രമവും കലഹവും സംഭ്രമവും മുഴക്കുമാറാക്കി എങ്കിലും അതിരു
കൾ വിസ്താരം കുറയാതെ ഒസ്തഗൊഥരുടെ വാഴ്ച നാൾ കഴിഞ്ഞതിൽ
പിന്നെ അലമന്യ ബവര്യ എന്ന ഇട പ്രഭു ദെശങ്ങൾ കൂട ഫ്റങ്ക രാ
ജ്യത്തൊടു ചെരുകയും ചെയ്തു. ഇങ്ങിനെ രാജ്യത്തിന്നുറപ്പും മഹാത്മ്യ
വും വദ്ധിച്ചതിന്റെ കാരണം. വന്താലർ ഒസ്തഗൊഥർ ഇവൎക്ക കീഴ്
പെട്ട പ്രജകൾ കൊയ്മയെ ആശ്രയിച്ചു അരിയമതത്തെ അംഗീക
രിക്കായ്കകൊണ്ടു ഐകമത്യം പൊരാഞ്ഞു കൊംസ്തന്തീനപുരി
യിൽ നിന്നയച്ച സൈന്യങ്ങൾക്ക എതിർനിന്നു കൊൾവാൻ ശക്തി
കാണുമാറില്ല ഫ്റങ്കരൊ കൊയ്മയും പ്രജകളും മതം ഭെദം കൂടാതെ
ഒന്നിച്ചു സൈ്വരമായി വാണുകൊള്ളുകയത്രെ ചെയ്തതു. ഇങ്ങിനെ
അരീയക്കാരുടെ രാജ്യങ്ങൾ ഒടുങ്ങിയതിന്റെ വിവരമാവിതു്. പ്രാ
ചീനരൊമക്കാർ പശ്ചിമദിക്കിന്നും അതിൽ കുടിയെറിയ ജാതിക്കാൾ
ക്കും കൎത്താക്കന്മാർ ഞങ്ങൾ അത്രെ എന്നു വിചാരിച്ചു കൊണ്ടു
അപ്രകാരം പ്രവൃത്തിച്ചു നടത്തുവാൻ തക്കം നൊക്കി കൊണ്ടിരുന്നു.
ചക്രവൎത്തിയായ യുസ്തന്യാൻ വാഴും കാലത്തു വന്താലരാജാവായ ഹി

ല്ദരീക് കൈസരൊടിണങ്ങി സാധാരണ സഭക്കാരുടെ പക്ഷം നിന്നു യുദ്ധാഭ്യാസത്തിന്നു മടിവുകാട്ടുക കൊണ്ടു പ്രജകൾ അവനെ ഉപെക്ഷിച്ചു ഗലിമർ എന്നൊരുത്തനെ അവരൊധിച്ചു വാഴിച്ചു. രാജ്യഭ്രഷ്ടനായി പൊയവനെ കൈസർ ചെർത്തു രക്ഷിച്ചു പൊരിൽ കീർത്തിപെട്ട പടനായകനായ ബലിരസനെ സെനയൊടും കൂട അഫ്രിക്കയിൽ അയച്ചപ്പൊൾ വന്താലർ സുഖാനുഭവത്താൽ സ്ത്രീ ഭാവം തിരിഞ്ഞതു കൊണ്ടും പ്രജകളിൽ മതപ്പിണക്കം തീരായ്കകൊണ്ടും ചിലമാസത്തിന്നകം തൊററുപൊയി 534ാം ക്രി. അ. ഗലിമർ ആശ്രിതഭാവം കാട്ടിതന്നെ താൻ ശത്രുവെ ഭരമെല്പിച്ചു ജയ പ്രദക്ഷിണത്തിൽ ബലിസരന്റെ അടിമയായി നട കൊണ്ടു കാണപ്പെടുകയും ചെയ്തു. പൊരാട്ടത്തിന്നിടയിൽ ഹില്ദരീക്കിന്നു അപമൃത്യുവരിക കൊണ്ടു യുസ്തിന്യാൻ വന്താലരാജ്യത്തെ തന്റെ വശമാക്കി കൊള്ളുകയും ചെയ്തു. അനന്തരം ഒസ്തഗൊഥരുടെയും യുദ്ധം തുടരുവാൻ കാരണം ധിയട്രീകിൻ മകളായ അമലസ്വിന്തയെ ബന്ധുവായ ശിയദത്തൻ വെട്ടി ഉടനെ അവനെ കുലചെയ്തത് കെട്ടാറെ ഇതു യുദ്ധത്തിന്നും നല്ലതരം എന്നിട്ടു കൈസർ ബലിസരനെ ബലങ്ങളുമായി അയച്ചപ്പൊൾ തെക്കെ ഇതല്യയെ അടക്കിയ സമയത്തു ഗൊഥരിൽ മഹാലൊകരായവർ രാജാവിനെ കൊന്നു വിത്തികെ ആസ്ഥാനത്താക്കി യുദ്ധത്തിന്നുത്സാഹിപ്പിക്കയും ചെയ്തു. എന്നിട്ടും ശ്രീ ഉണ്ടായില്ല ബലിസരൻ രൊമപുരിയെ പിടിച്ചു രവന്നയെ വളഞ്ഞു കൊണ്ടു ചതി പ്രയൊഗത്താൽ കൊട്ടയിൽ കയറി വിത്തികെ കൈക്കലാക്കി ചങ്ങലയിട്ടു കൊംസ്തന്തീനപുരിക്കയച്ചു വിട്ടു. മന്ത്രികളുടെ അസൂയകൊണ്ടു ബലിസരനെ സ്ഥാനത്തുനിന്നും നീക്കിയപ്പൊൾ ഗൊഥരിൽ യുദ്ധശീലം തികഞ്ഞതൊതിലാ എന്ന രാജാവുദിച്ചതിനാൽ ജയവും അപജയവും വളരെ ഉണ്ടായിട്ടും തീർച്ച അണഞ്ഞില്ല എന്നു കൈസർ കണ്ടു ബലിസരനെ മടക്കി അയച്ചു. പണവും സന്നാഹങ്ങളും ഏററവും കുറകയാൽ ബലിസരന്നും ജയം വന്നില്ല അപ്പൊൾ നർസ്സൻ മഹാസൈന്യങ്ങളൊടു വന്നു അവന്നു പകരം പടനായകസ്ഥാനം എടുത്തു പൊരാടിയ ദിവസത്തിൽ ജയിച്ചുതൊതിലാവും പൊക്കളത്തിൽ പട്ടുകകൊണ്ടു യുദ്ധം തീർന്നു. ഗൊഥനിൽ അല്പമായി ശെഷിച്ച ജനം ക്രമത്താലെ മരിക്കകൊണ്ടും മലകളെ കടന്നു വടക്കെ ജാതികളൊടു ഇടകലർന്നുപൊകകൊണ്ടും ജാതിനാമത്തിനും മൂലച്ഛെദം വന്നു പൊകയുംചെയ്തു. 554ാം ക്രി.അ ഇതല്യ പിന്നെയും അശെഷം രൊമഭൂമിയായി എന്നാലും സൌഖ്യമുണ്ടായില്ല. ഫ്രങ്ക ബുരിഗുന്ത അലമന്ന്യ ഇത്യാദി ജാതികളിലും അതിക്രമിച്ചു ചെയ്ത പല യുദ്ധങ്ങളാൽ നാടെല്ലാം കാടാക്കി പട്ടണങ്ങളിൽ ഉല്കൃഷ്ടമായ രൊമപുരിപലവട്ടം വളഞ്ഞും പിടിച്ചും പൊരുമ്പൊഴെക്കവെണ്ടി ഉണ്ടായ വിചിത്രമാളികമാടം രാജധാനി തുടങ്ങിയുള്ളവയും മററും വിശിഷ്ട പണികൾ മിക്കവാറും ചൂർണ്ണിച്ചും ജീർണ്ണിച്ചും കിടക്കയും ചെയ്തു.

19. പടിഞ്ഞാറെ യുരൊപ രാജ്യങ്ങളിൽ സാധാരണ വിശ്ചാസ പ്രമാണം ആധികൃം പ്രാപിച്ചത്

യുസ്തിന്യാൻ വെസ്തഗൊഥരാജ്യവും വശത്താക്കവാൻ ഭാവിച്ചു എങ്കിലും സ്പാന്യകടപ്പുറത്തുമാത്രം സൈന്യങ്ങളെ അയപ്പാൻ സംഗതി വന്നതെ ഉള്ളു. അവൻെറ അനന്തരവനായ 2ാം യുസ്തീൻെറ കാലത്തിൽ ഇതല്യ പിന്നെയും നഷ്ടമായി പൊയി. അതെങ്ങിനെ എന്നാൽ യുസ്തിന്യാൻ മുമ്പെ ഗെപീദരെ ശങ്കിച്ചു അതിൻെറ നാടുകളെ സൂക്ഷിപ്പാനായി ലംഗബർദർ എന്നൊരു ഗർമ്മാന്യജാതിയെ ദ്രാവ. ദനവനദികളുടെ മദ്ധ്യപ്രദെശത്തിൽ പാർപ്പിച്ചു. അവരുടെ രാജാവായ അൽബുവിൽ ഗെപീദരെ മുടിച്ചു കളഞ്ഞു 568ാം ക്രി. അ. ആ രണ്ടാം യുസ്തീൻെറ മാററാനായി ഇതല്യനിൽചെന്നു പ്രയാസം കൂടാതെ അതിൻെറ വടക്കെ അംശം പിടിച്ചടക്കി പവീയനഗരം രാജധാനിയാക്കി വാഴുകയും ചെയ്തു. അവൻെറ അനന്തരവന്മാർ ക്രമത്താലെ അധികം തെക്കൊട്ടു ചെന്നു ഒരൊ നാടുകളെയും നഗരങ്ങളെയും സ്വാധീനമാക്കി ഒടുവിൽ രൊമരവെന്ന നവപൊലി മുതലായ കൊട്ടകളും ഇതല്യാർദ്ധദ്വീപിൻെറ തെക്കെ കടപ്പുറങ്ങളും ഒഴികെ ദെശമെല്ലാം അവരുടെ വശത്തിലായ്വരികയും ചെയ്തു. ഈ ലംഗബർദർ ആദ്യം അരീയക്കാരായിരുന്നു. പിന്നെ ബവര്യപ്രഭുവിൻെറ പുത്രിയായ ശിയദലിന്ത അവരുടെ രാജാവിൻെറ പത്നിയായി വന്നപ്പൊൾ അവൾ രൊമാദ്ധ്യക്ഷനായ ഗ്രെഗൊരുടെ സഹായത്താൽ സാധാരണ വിശ്ചാസ പ്രമാണം അവരിൽ പരത്തുകകൊണ്ടു ക്രമത്താലെ എല്ലാവരും അരീയമതം ഉപെക്ഷിച്ചു സാധാരണസഭയൊടുചെരുകയും ചെയ്തു. അതിന്നു മുമ്പെ വെസ്തഗൊഥരും സെ:വരും അരീയൻെറ വ്യാജൊപദെശങ്ങളെ തള്ളി നിക്കർട്ട രാജാവെ അനുസരിച്ചു സാധാരണ ക്രിസ്ത്യാനരായി തിർന്നു ബ്രിതന്യയിൽ പല യുദ്ധങ്ങളും കലഹങ്ങളും നടന്ന ശെഷം ഗർമ്മാനർ കൂടക്കൂട ജയിച്ചു ഒടുവിൽ ബ്രീതർ രാജ്യത്തിൻെറ പടിഞ്ഞാറെ അംശങ്ങളായ വെത്സ–കൊർച്ചൽ എന്ന മലനാടുകളിൽ വാങ്ങി പൊകെണ്ടി വന്നു. അവർ ഏറ കാലം മുമ്പെ സുവിശെഷം അംഗീകരിച്ചു ക്രിസ്ത്യാനരായി തീൎന്നു. ഐരർ, പിക്തർ. എന്നീ രണ്ടു ജാതികളിലും തങ്ങളുടെ വിശ്വാസം പരത്തുകയും ചെയ്തു. ഗർമ്മാനർ ബ്രിതന്യയിൽ പിടിച്ചടക്കിയ നാടുകളിൽ നിന്നു രൊമ ആചാരങ്ങളെയും ക്രിസ്തുസഭയെയും ഒടുക്കി കളഞ്ഞു. 596ാം ക്രി. അ. മെൽ പറഞ്ഞ രൊമാദ്ധ്യക്ഷൻ സുവിശെഷം ഘൊഷിക്കെണ്ടതിന്നു ഔഗുസ്തിനെ നിയൊഗിച്ചങ്ങൊട്ടയച്ചു. കെന്തിൽ വാഴുന്ന ഏഥബ്ലെത്ത്രാജാവ് അവനെ കൈക്കൊണ്ടു സുവിശെഷ സത്യം തൻെറ രാജ്യത്തിൽ പരത്തുവാൻ അനുവദിച്ചു. അന്നു മുതൽ ഒരൊപാതിരിമാർ ആ ദ്വീപിൽ ചെന്നു പല കഷ്ടങ്ങളെയും ഉപദ്രവങ്ങളെയും സഹിച്ചിട്ടും ഏകദെശം 100 സംവത്സരം കഴിഞ്ഞാറെ ഗർമ്മാനർ ബ്രിതന്യയിൽ സ്ഥാപിച്ച 7 രാജ്യങ്ങളിൽ

ദൈവവചനം എങ്ങും ജയം കൊണ്ടു നിവാസികാം മിക്കവാറും സാധാരണ വിശ്വാസികളായി വരികയും ചെയ്തു. ഇപ്രകാരം ഗെഥാർ കിഴക്കെരൊമസംസ്ഥാനത്തിൽ വന്ന അരീയമതം അനുസരിച്ചു300 സംവത്സരം കഴിഞ്ഞശെഷം പടിഞ്ഞാറെ സംസ്ഥാനങ്ങളിൽ കുടിയിരുന്ന ഗർമ്മാനാജാതികാം എല്ലാം സാധാരണ ക്രിസ്തുസഭയുടെ വിശ്വാസപ്രമാണം അനുസരിച്ചുകൊണ്ടിരുന്നു.

20. പടിഞ്ഞാറെ ക്രിസ്തുസഭാവസ്ഥ

അരീയക്കാർ നീങ്ങിയ ശെഷം എല്ലാ ക്രിസ്ത്യാനരുടെ വിശ്വാസപ്രമാണം ഒന്നു തന്നെ. എങ്കിലും അതിനെ നടത്തുന്നപ്രകാരം വെവ്വെ കാണുന്നു കിഴക്കെ സഭക്കാരുടെ ഇടയിൽ വെച്ചു പുത്രന്നു പിതാവൊടുള്ള സംബന്ധത്തെ കുറിച്ചു ഉണ്ടായ വിവാദം ആ സഭയിൽ മാത്രമെ വ്യാപിച്ചുള്ള പടിഞ്ഞാറെ സഭക്കാരെല്ലാവരും കെവലംബുദ്ധിക്കല്ല ക്രിയകൾക്കു തന്നെ പ്രകാശം വരുത്തെണമെന്നു വിചാരിച്ചു വരികകൊണ്ടു 400ാം ക്രി. അ. പെലാഗ്യൻ എന്നൊരു മാസ്ഥാൻ ഉണ്ടാക്കിയ ഉപദെശവിവരമായിതു. മനുഷ്യൻ ജന്മദൊഷത്തൊടു കൂടാതെ പിറക്കുന്നു എന്നും താൻ തന്നെ പുണ്യത്തിന്നുത്സാഹിക്കുന്നവഴിയായി തനിക്കനീതിയെയും സമ്പാദിക്കുന്നെന്നും മനുഷ്യപ്രയത്നം കൊണ്ടു ഫലിക്കുന്ന സല്ഗതിയെക്കാളും അതി മാനുഷമായതിനെ ക്രിസ്തു സ്ഥാപിച്ചു എന്നും അവൻെറ പുതുവെപ്പുകളെ നിവൃത്തിച്ചു യൊഗ്യതവരുത്തുന്നവന്നു അത്രെ സ്നാനം കൊണ്ടും ദിവ്യകാരുണ്യവരങ്ങളെ കൊണ്ടും ആഗതി ലഭിക്കും എന്നും ഇപ്രകാരമെല്ലാം പരസ്യമാക്കുന്നതു കെട്ടു അഫ്റികഖണ്ഡത്തിലെ ഹിപ്പൊ അദ്ധ്യക്ഷനായും സഭെക്കു ദിവ്യ ദീപസ്വരൂപനായുമുദിച്ച ഔഗുസ്തീൻ വിരൊധിച്ചു അനുമാനയുക്തികളെ കൊണ്ടും വെദം കൊണ്ടും വാദിച്ചു പറഞ്ഞതീവണ്ണം. മനുഷ്യൻ ജനിക്കുന്നത് പാപത്തൊടുകൂടയാകുന്നു എന്നും സ്വതവെ നീതീയില്ലാത്തവനും നീതിയെ എത്താത്തവനുമാകകൊണ്ടു ക്രിസ്തുവിൻെറ നീതിയിലത്രെ ആശ്രയം കാണുന്നവൻ എന്നും ഈ നീതി സ്വന്ത പ്രയത്നത്താലല്ല മുറ്റും ദൈവകരുണയാലത്രെ ലഭിക്കും എന്നും കാണിക്കയാൽ. സഭപലാഗ്യൻെറ ദുരുപദെശത്തെ തള്ളികളകയും ചെയ്തു. എങ്കിലു ഔഗുസ്തിൻ മനുഷ്യൻ തന്നിഷ്ടം കൊണ്ടു ഗുണം ഒന്നും സാധിപ്പിക്കാതെ ഇരിക്കുന്നതല്ലാതെ ദൈവം വെറുതെ ഇവനെ സല്ഗതിക്കും ഇവനെ ദുർഗ്ഗതിക്കും മുന്നിശ്ചയിച്ചപ്രകാരം പഠിപ്പിച്ചു എന്നു തൊന്നുക കൊണ്ടും അക്കാലത്തിലെ സജ്ജനങ്ങൾ സല്ക്രിയകാം അത്യാവശ്യം തന്നെ എന്നു മുച്ചൂടും ഉറപ്പിക്കകൊണ്ടും അവൻ ദെവകരുണാ സ്വാതന്ത്ര്യ പ്രകാരവും മനുഷ്യഹൃദയ ദൌബ്ബല്യപ്രകാരവും ഉപദെശിച്ചിട്ടുള്ള പൂൎണ്ണസത്യം നീളപരക്കുന്നതിന്നു കുറവു വന്നു പൊയി. ക്രിസ്ത്യാനരെമിക്കതും നീതിമാൻമാരാക്കുന്ന വിശ്വാസമുണ്ടല്ലൊ ഇപ്പൊൾ സല്ക്രിയ കാണിച്ചു

തരെണമെന്ന ചൊദിക്കയാൽ ക്രിയകളെ ജനിപ്പിക്കുമാറാക്കിയാൽ മതി ക്രിയളെ ജനിപ്പിക്കുന്ന അന്തർഭാവം ദൈവത്തിന്നറിയാം എന്നു എറിയ ജനങ്ങൾ ഉറച്ചിട്ടു ഭിക്ഷ ചെയ്തു പ്രാൎത്ഥനകളെ വൎദ്ധിപ്പിച്ചു ജന്മഭൂമികളെ ദൈവസ്വമാക്കി എല്പിച്ചു പല തപസ്സുകളെയും ശീലിച്ചു ഇങ്ങിനെ നാനാവിധമായി സല്ഗതിക്കു യൊഗ്യത വരുത്തി തുടങ്ങുകയും ചെയ്തു. മിസ്രയിൽ അന്തൊനിയും പക്കൊമ്യനും മനുഷ്യ സംഘം വിട്ടു പിരിഞ്ഞു മുതലും ഗൃഹസ്ഥനിലയും ഉപെക്ഷിച്ചു യൊഗം അഭ്യസിച്ചുഎകാന്തത്തിൽ വാന പ്രസ്ഥന്മാരായും മഠവാസികളായും ദിവസം കഴിപ്പാൻ തുനിഞ്ഞപ്പൊൾ അനെകർ അപ്രകാരം ചെയ്വാൻ തുടർന്നു കീൎത്തി സമ്പാദിക്കയും ചെയ്തു. യൊഗവും തപസ്സും ചെയ്തു വരുന്ന പുണ്യം പലൎക്കും അസാദ്ധ്യം എന്നിട്ടു അതി പുണ്യവും അതിനാൽ സാധിക്കുന്ന അതി സല്ഗതിയും അടിയങ്ങൾക്കു വെണ്ടാ നരകത്തിൽ നിന്നു തെറ്റി സ്വൎഗ്ഗപ്രാപ്തി ഉണ്ടാകെ വെണ്ടു എന്നു കല്പിച്ചു ഞാൻ ഞാൻ സഭയിൽ കൂടിയവനെന്നും സ്നാനം ചെയ്തു സദ്വചനം ഗ്രഹിച്ചവനെന്നും വെണ്ടാസനം ചെയ്യാതെ അല്പം ചില തെറ്റുകൾക്കായിട്ടു അനുതാപം നന്നായി കാണിക്കുന്നവനെന്നും ക്രിസ്തു സംബന്ധത്തെ രാത്രി ഭൊജനം കൊണ്ടു വൎദ്ധിപ്പിച്ചു വരുന്നവനെന്നും ഇവ്വണ്ണം സഭക്കാർ മുററും ഉറച്ചു ആശ്വസിക്കയും ചെയ്തു. രൊമ രാജ്യക്കാർ അശെഷം സഭയിൽ ചെരുന്ന കാലം തുടങ്ങി ഇങ്ങിനെ ബാഹ്യക്രിസ്തീയത്വം മെൽകൊണ്ടു പരന്നു വരികയാൽ ഗൎമ്മാനർ മുതലായ അന്യജാതികളും മാൎഗ്ഗത്തെ ആശ്രയിപ്പാൻ പ്രയാസം കൂടാതെയായ്വന്നു. ഒരൊരൊ ഹെതുവെന്തെരണ ആയിരം നൂറായിരവും ഒരുമ്പെട്ടു സ്നാനത്തെ എല്ക്കുക കൊണ്ടു ഒരൊ ആത്മാവിനെ പരീക്ഷ ചെയ്വാനൊ സത്യം അഭ്യസിപ്പിപ്പാനൊ ഇട ഒട്ടും വന്നില്ല. ഇവർ കള്ള ദെവകളെ വിടുന്നത് മതി പരലൊകത്തെയും ഭൂലൊകത്തെയും പടച്ചു അവരെയും വിചാരിച്ചു വരുന്ന ഏക ദൈവത്തിന്റെയും പാടുപെട്ടു മരിച്ചു അവരെയും നെടി മഹത്വ വൈഭവം കൊണ്ടു കനിഞ്ഞു കൊൾവാനും തള്ളികളവാനും ശക്തനായ ഏക രക്ഷിതാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം ചെയ്വാൻ അവർ അനുസരിച്ചുട്ടത്തുവല്ലൊ. എന്നാൽ അവർ നരകത്തിന്നല്ല സ്വൎഗ്ഗത്തിന്നാളുകളത്രെ ആചാര്യന്മാർ കല്പിച്ചു വരുന്ന ക്രമത്തിങ്കൽ അവർ പാപം എററു പറഞ്ഞു അനുതാപത്തെ കാണിച്ചു ധൎമ്മം നല്കി ഇങ്ങിനെ സ്വൎഗ്ഗത്തിന്നു അനുകൂല ക്രിയകളെ ചെയ്തു തുടങ്ങി ഇന്നെത്ത ദിവസത്തിനുള്ള മാത്രം പൊരും എന്നു ലൊകസമ്മതം നിത്യ യുദ്ധങ്ങളെ കൊണ്ടു ദുഷ്ടമൃഗങ്ങളെ പൊലെ വന്ന ഗൎമ്മാനരുടെ ഇടയിൽ വസിച്ചു പൊകയാൽ ക്രിസ്തു ആചാര്യരും ആദി പാഠങ്ങളിൽ വരം ഒന്നിന്നും ശീലം വരുത്താതെ മാഴ്കി ദുർജ്ജന സംഗം കൊണ്ടു തങ്ങളും തരം കെട്ടു പൊക്കി ആ സ്ഥൂലിച്ചുപൊയ ജാതികളെ ക്രിസ്തുവിന്നായി വിളിച്ചുറപ്പിക്കുന്നതിന്നും മൃദുത്വവും സൂക്ഷ്മബൊധവും പരിപാകവും വ

രുത്തുന്നതിനും അത്യന്തം ഉത്സാഹിച്ചത് പട്ടക്കാർ അല്ല മഠസ്ഥന്മാരത്രെ ആകുന്നു പടിഞ്ഞാറെ ലൊകത്തിലെ മഠക്കാരിൽ ബെനദിക്ത് എന്നൊരു ഇതല്യൻ എല്ലാവരും നടക്കെണ്ടുന്ന മഠാചാരം കല്പിച്ചു ആയതിനെ വളരെ ആളുകളും അംഗീകരിച്ചു കല്പന പ്രകാരം പഠിപ്പിച്ചു കൃഷി പുസ്തകങ്ങളെ പകർക്ക ഇത്യാദി പണികളെ ചട്ടത്തിൽ ചെയ്തു ഏറിയ ജാതികളിൽ ഉപകാരികളായ്വന്നു സഞ്ചരിച്ചു വസിക്കയും ചെയ്തു ഇതിൽ കിഴക്കെ സഭക്കാർ കുറയും ശാസ്ത്രാഭ്യാസത്തിൽ പടിഞ്ഞാറെയവർ കുറയും യവന ഭാഷ അറിയുന്നവർ ഏററവും കുറഞ്ഞു പൊയി എബ്രായ വിദ്വാന്മാർ പണ്ടെ ദുർബ്ബലം അപ്പൊൾ കെവലം ഇല്ല. ഔഗുസ്തിൻ സ്നെഹിതനായ ഹിയരുനിമൻ എന്ന വിദ്വാൻ വെദത്തെ ലത്തീനിൽ ആക്കിയതല്ലാതെ ആരും വെദം ഒട്ടും വായിക്കുമാറില്ല ഇവ്വണ്ണം എല്ലാം വിചാരിച്ചാൽ ഗർമ്മാനരിൽ സുവിശെഷ വചനം കൊള്ളു നരക്കാലത്തിൽ അല്പം പ്രയൊജനം ഉണ്ടായതിന്നു ആശ്ചര്യം വെണ്ടാ സഭ നശിച്ചു പൊകായ്കകൊണ്ടു ആശ്ചര്യം ഉണ്ടു താനും. പണ്ടെ ഉറപ്പിച്ചു മടിയാതെ നടത്തുന്ന സഭാ വെപ്പുകൾ അത്രെ ക്രിസ്തുമതത്തിന്നു സ്ഥിര കുററിയും കെട്ടുമായിരുന്നു. ഈ വെപ്പുകളെ ശങ്കിച്ചു അനുസരിക്കെണമെന്നു ഗർമ്മാനരുടെ ഞായം ആയതിന്നു മെല്പെട്ടുള്ളതു അന്നു അറിഞ്ഞതുമില്ല അറിയിച്ചതുമില്ല ദൈവം ഏകനായി അതിന്നു വട്ടം കൂട്ടിയതെ ഉള്ളു.

21. കിഴക്കെരൊമസംസ്ഥാനവും ക്രിസ്തുസഭയും

പടിഞ്ഞാറെരാജ്യങ്ങളിൽ രൊമഗർമ്മാന്യജാതികളും ആചാരങ്ങളും ഒന്നായി ചെർന്നുവന്നപ്പൊൾ കിഴക്കെ രൊമസംസ്ഥാനത്തിന്റെ അവസ്ഥ പുറരാജ്യങ്ങളിൽനിന്നു പല അതിക്രമങ്ങൾ സംഭവിച്ച സംഗതിയാൽ ഞെരുങ്ങി നടന്നുകൊണ്ടിരുന്നു കൈസർമ്മാർ മിക്കവൊറും പ്രാപ്തിയില്ലാത്തവരായി ഒരൊപക്ഷചരിത്രങ്ങളിൽ ദിവസം കഴിച്ചു രാജ്യം ക്ഷയിപ്പിക്കയും ചെയ്തു. യുസ്തിന്യാൻ വിശിഷ്ടപടനായകരെ കൊണ്ടു വന്താലരെയും ഒസ്തഗൊഥരെയും ജയിച്ചശെഷവും ദനുവനദീതീരവാസികളായ സർമ്മത്തജാതികളെ തടുക്കെണ്ടതിന്നു പിടിച്ചുപറിക്കാരായ അവാരരെ കൂലിച്ചെകവരാക്കെണ്ടിവന്നു. പാർസിരാജാവായ കൊശ്രുവെ തനിക്ക അപമാനവും നഷ്ടവും സംഭവിക്കുംവണ്ണം അത്രെ നീക്കുവാൻ കഴിവുണ്ടായി. മൌരിത്യൻ അവാരർക്കു കപ്പംകൊടുത്തു ഫൊക്കാവ് ഉണ്ടാക്കിയ കലഹത്തിൽ നശിച്ചു. ഫൊക്കാവെ സ്ഥാനഭ്രഷ്ടനാക്കി വധിച്ചതു ഹെരക്ലിയൻ തന്നെ ഈ ഹെരക്ലിയന്റെ കാലത്തിൽ കൊശ്രു—മിസ്ര—സുറിയ— ചിററാസ്യരാജ്യങ്ങളെ അതിക്രമിച്ചടക്കി അവാരർ കൊംസ്തന്തീനപുരിയൊളം ആക്രമിച്ചു കൊള്ളയിട്ടുവന്നശെഷമത്രെ കൈസർ നിദ്രാഭാവം തള്ളി ഉണർന്നു സെനകളെ കൂട്ടി ധൈര്യം മുഴുത്തുപൊരു

തുജയിച്ച ശത്രുക്കളെ രാജ്യത്തിൽനിന്ന എങ്ങും ആട്ടികളെകയും ചെയ്തു. എന്നിട്ടും സൌഖ്യം വന്നില്ല. സഭാവിവാദങ്ങൾ രാജ്യത്തെ നിത്യം ഇളക്കി അലക്ഷന്ത്ര്യ കൊംസ്തന്തീനപുരികളിലെ മെലദ്ധ്യക്ഷന്മാർ തങ്ങളിലുമുള്ള അസൂയനിമിത്തം വിഭാഗങ്ങളും തർക്കങ്ങളും സഭയെ നിത്യം ഭ്രമിപ്പിച്ചു പലവിധ നാശങ്ങൾക്ക സംഗതിവരുത്തികൊണ്ടിരുന്നു. അർക്കാദ്യൻ കൈസരുടെ കാലത്തിൽ അലക്ഷന്ത്ര്യയിലെ മെലദ്ധ്യക്ഷനായ തെയൊഫിലൻ നിസ്സാരകുററങ്ങളെ ചൊല്ലി മഹാഭക്തനായ യൊഹനാൻ ക്രുസസ്തൊമൻ എന്ന കൊംസ്തന്തീനപുരിയിലെ മെലക്ഷ്യന്ന സ്ഥാനഭ്രംശവും നാടുകടത്തലും വരുത്തി. 2ാംതെയൊദൊസ്യൻ വാഴുംകാലം കുരില്ലൻ എന്ന അലക്ഷന്ത്ര്യമെലദ്ധ്യക്ഷൻ കൊംസ്തന്തീനപുരിയിലെ നെസ്തൊര്യന്മായി യെശുവിങ്കലെ ദിവ്യമാനുഷ സ്വഭാവങ്ങളെകുറിച്ച വാദം തുടങ്ങി ആയതു തീർപ്പാൻ 431ാം ക്രി. അ. എഫെസിൽ സാധാരണസഭാസംഘം കൂടി വിസ്തരിച്ചു നെസ്തൊര്യന്റെ ഉപദെശം തെറുതന്നെ എന്നു നിശ്ചയിച്ചു അവനെ സ്ഥാനത്തുനിന്നും രാജ്യത്തിൽനിന്നും ഭ്രഷ്ടനാക്കി എങ്കിലും അവന്റെ പക്ഷക്കാർ കിഴക്കൊട്ടു പുറപ്പെട്ടു മെസൊപതാമ്യയിലും മററും ചെന്നു പാൎത്തു യെശുവിലെ സ്വഭാവങ്ങളെ വെർതിരിക്കുന്ന ഉപദെശം കിഴക്കെ ജാതികളിൽ ഘൊഷിച്ചുപരത്തുകയും ചെയ്തു. അനന്തരം കുരില്ലൻ ജയംകൊണ്ട സംഗതിയാൽ മദിച്ചു പല അസഹ്യങ്ങളെകൊണ്ടു പ്രത്യെകം സുറിയനാട്ടിലെ പാതിരിമാരെ ഉപദ്രവിച്ചു അനെകർ സഭയെവിട്ടു നെസ്തൊര്യരൊടു ചെരുവാൻ സംഗതിവരുത്തി യെശുവിലുള്ള ദിവ്യമാനുഷ സ്വഭാവങ്ങൾ രണ്ടല്ല മുററും ഒന്നത്രെ എന്നുപദെശിച്ചത് അവന്റെ അനന്തരവനായ യദിയൊസ്കുരൻ എഫെസിലെ സാധാരണസഭാസംഘത്തെകൊണ്ടു നടത്തുകയും ചെയ്തു. അപ്പൊൾ സന്യാസി ഭീരുവായ 2ാംതെയൊദൊസ്യൻ മരിച്ചു അനന്തരവനായ മൎത്ത്യാൻ കൈസർ 459ാം ക്രി. അ. ഒരു പുതിയ സഭാസംഘം ഖല്ക്കെദൊനിൽ ചെൎത്തു രൊമാദ്ധ്യക്ഷനായ ഒന്നാം ലെയൊവിന്റെ സഹായത്താൽ സുവിശെഷസത്യംപൊല ആ ഉപദെശം ഉറപ്പിച്ചാറെ ഏകസ്വഭാവക്കാർ ആ സംഘവിധികളെ വിരൊധിച്ചു കനാൻ മിസ്രരാജ്യങ്ങളിൽ ചിലവട്ടം കലഹിച്ചു സഭയിൽനിന്നു പിരിഞ്ഞുപൊയി. ചില കൈസർമ്മാർ നയഭയങ്ങളെകൊണ്ടു വിവാദം തീർപ്പാൻ ശ്രമിച്ചതെല്ലാം അസാദ്ധ്യമായി. ഒടുവിൽ ഹെരക്ലിയൻ കൈസർ യെശുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെങ്കിലും ഒരു ചിത്തമെ ഉള്ളു എന്നു പറഞ്ഞു ഇരുവകക്കാരെ ഒന്നാക്കുവാൻ ശ്രമിച്ചപ്പൊൾ വാദം പുതുതായി ജ്വലിച്ചും ഏകചിത്തക്കാരെന്നൊരു പുതിയപക്ഷത്തിന്നുല്പത്തിയാക്കീരുകയും ചെയ്തു. ഇങ്ങിനെ ഉള്ള കലഹങ്ങളിൽ മൂപ്പന്മാർ സത്യവും സഭാസൌഖ്യവുമല്ല കൈസർമ്മാരുടെ പ്രസാദമത്രെ കാംക്ഷിച്ചന്വെഷിച്ചത്കൊണ്ടു വിശ്വാസസ്നെഹങ്ങളും ഏററം കുറഞ്ഞു ക്രിസ്തുസഭ ഉണക്കമരത്തിന്നു തുല്യമായി പൊകയും ചെയ്തു.

98. ഉത്തരഅമെരിക്ക സംസ്ഥാനം

അക്കാലത്തിൽ പണ്ടെത്ത അവസ്ഥയെ നിരസിച്ച പുതിയ സ്വാതന്ത്ര്യം വിചാരിക്കുന്നവർക്ക സന്തൊഷത്തിന്നായിട്ട പടിഞ്ഞാറെ സമുദ്രത്തിന്റെ അക്കരെ ചിത്രമായ പുതിയ ലൊകം ഉദിച്ചു കൊലുമ്പു അമെരിക്ക നടുഭാഗത്തെ കണ്ടിട്ട 5–ാം വർഷത്തിൽ ഇങ്ക്ളിഷ് കപ്പിത്താനായ കബൊത്ത് ന്യുഫൌന്തലന്ത ദ്വീപിൽ എത്തിയശേഷം യുരൊപ്യർ പലരും ലൊരഞ്ചനദി തുടങ്ങി മിസിസിപ്പിയൊളംഉള്ള കടപ്പുറത്തു ഇറങ്ങി കുടിയിരുന്ന അല്പവൃത്തി കഴിക്കയും ചെയ്തു. അവിടെ പൊന്നും വെള്ളിയും ഇല്ല നായാടികളായ നാട്ടുകാരൊട്ട തൊൽകാച്ചൊടമെ ഉള്ള ആയത്കൊണ്ടു സുഖികരം അല്ല മാർഗ്ഗവൈരംകൊണ്ടും രാജാതിക്രമംകൊണ്ടും പീഡിച്ച പൊയവരത്രെ അവിടെ കുടിയിരിക്കമൊറുള്ള അവരാരെന്നാൽ കൊലിഞി വാഴുന്ന കാലത്തിലെ ഹ്യുഗനൊതരും 1–ാം യാക്കൊബ് മുതലായ സുവർത്തർ വിരൊധിക്കുന്ന രൊമക്കാരും മൂപ്പസഭക്കാരും പെന്നനടത്തിയ ക്വക്കരും സലിസ്പുർഗിലെ അദ്ധ്യക്ഷൻ ഹിംസിച്ച ആട്ടിയ ലുഥരാനരും മററും ഈ വക പലരും ഉണ്ടു ഇവരെല്ലാവരിലും ബ്രിതർക്കാധിക്യം 1763–ാം ക്രി.അ. സന്ധിച്ചശെഷം തീരം എല്ലാം ഇങ്ക്ളിഷ് വശമായി പൊകയും ചെയ്തു. അന്നു തീർത്ത യുദ്ധത്താൽ രാജകടം വളരെ വർദ്ധിച്ചത്കൊണ്ടു രാജസഭക്കാരിൽ പിത്ത്ബുക് മുതലായവർ വിരൊധിച്ചെങ്കിലും മന്ത്രികൾ അമെരിക്യരൊട്ട നികിതി വാങ്ങിതുടങ്ങി ആയവർ ഐകമത്യപ്പെട്ടു ഞങ്ങളുടെ സമ്മതം കൂടാതെ പൈസ്സപൊലും നികിതി കല്പിക്കരുതുഎന്നു തീർച്ച പറകകൊണ്ടു മുഷിച്ചൽ ദിവസെന അധികമായപ്പൊൾ 13 നാട്ടിലും കുടിയാന്മാരെല്ലാവരും താന്താന്റെ ദെശത്തുനിന്നു കൂടിവന്നു നിരൂപിച്ചുകൊള്ളുന്ന അവരൊധിസംഘംവെണമെന്നുകല്പിച്ചു ബൊധിക്കുന്ന സമർത്ഥന്മാരെ അതിന്നായി അയക്കയും ചെയ്തു. ആ നിയുക്തന്മാർ ഫിലദെല്പ്യയിൽ യൊഗം കൂടി രാജകല്പനയെ വിരൊധിച്ചാറെ ഇങ്ക്ളിഷ്കാർ പണത്തിന്നായിട്ടു ഗർമ്മാന്യ പട്ടാളങ്ങളെ മെടിച്ചു അമെരിക്കയിൽ അയച്ചപ്പൊൾ ആ നാട്ടുകാർ 1776ാം ക്രി.അ. രാജാധികാരത്തെ തള്ളിക്കളഞ്ഞു അപ്പൊൾ ഉണ്ടായ യുദ്ധത്തിൽ കാട്ടും ചുരവും വഴിദൂരതയുംകൊണ്ടു ഇങ്ക്ളിഷ്കാർക്ക വളരെ കുഴക്ക വന്നതുമല്ലാതെ ആയുധവും പടശീലവും ഇല്ലാത്ത അമെരിക്യർ വശിംഗ്ഡൻ എന്ന ധളവായിയുടെ ബുദ്ധിവിശെഷവും സ്ഥിരതയും ക്ഷമയുംകൊണ്ടു ചിലപ്പൊൾ ജയിച്ചുതുടങ്ങി ഒരിങ്ക്ളിഷ് പട്ടാളം വിശപ്പുകൊണ്ടു അവന്റെ വശത്തിലായശെഷം ഫ്രാഞ്ചിരാജാവ് അമെരിക്ക ദൂതനായ ഫ്രങ്കിളിന്നു ചെവി കൊടുത്തു തുണ നില്ക്കയും ചെയ്തു.അപ്പൊൾ ഇങ്ക്ളിഷ് മന്ത്രികൾ സംശയിച്ചു പൊകുന്നതുകണ്ടു പിത്ത് വിരൊധിച്ചുമുമ്പെ അമെരിക്യർക്ക സ്നെഹം കാട്ടെണ്ടി ഇരുന്നു ഇപ്പൊൾ അടങ്ങിപ്പൊയാൽ പരിഹാസമായിതീരും എന്നുരച്ചു മരണത്തൊളം ഉത്സാഹി

പ്പിച്ചുകൊണ്ടതിനാൽ ഇങ്ക്ളിഷ് കപ്പലുകൾ പുറപ്പെട്ടു ഫ്റാഞ്ചി ക്കാരെയും ഹൊല്ലന്തരെയും സ്പാന്യരെയും ജയിച്ചുപൊരുകയും ചെയ്തു. രൊഞ്ഞെശത്രു വിൻെറ കപ്പലുകളെ തകൎത്തശെഷം എലി യൊത്ത് ഗിബ്രല്കാർ കൊട്ടയെ പിടിപ്പാൻ വരുന്ന സൈന്യങ്ങ ളെയും യന്ത്രങ്ങളെയും തടുത്തുനിന്നു അന്നു ഫ്റാഞ്ചിക്കാർ മയിസൂ രിൽ വാഴുന്ന ഹൈദരാലിയൊടു ചെൎന്നു ഇങ്ക്ളിഷ് കുമ്പിഞ്ഞാരെ പുറത്താക്കെണമെന്നുവെച്ചു ചൊഴമണ്ഡലത്തിലും കെരളത്തിലുംവെച്ചു തകൎത്ത യുദ്ധം തുടങ്ങി എങ്കിലും കപ്പല്പട നായകന്മാരുടെ ധീര ത്വംകൊണ്ടു ഫ്റാഞ്ചിക്കാർതൊററു ഹൈദരലിചിലപ്പൊൾ ജയിച്ചു ശെഷം മരിച്ചതിനാൽ മകനായ ടിപ്പുസുല്ത്താനൊടുഇണങ്ങുവാൻ ഹസ്തിംഗസ ഗൊവൎണ്ണരുടെ സാമൎത്ഥ്യംകൊണ്ടു സാദ്ധ്യമായിവന്നു. ഇപ്രകാരം ഇങ്ക്ളീഷ്ക്കാൎക്ക എങ്ങും ശ്രീത്വം വരികയിൽഅമെരി ക്ക്യയിൽ വന്നില്ല തെൎക്കെ നാടുകളിൽ രാജാക്കന്മൊർ വക്കുരപാൎക്കു ന്നുണ്ടു എന്നു കൊൎമ്പെലസ കെട്ടു അവിടെ ചെന്നപ്പൊൾ വശിം ഗ്ധൻ ഫ്റാഞ്ചിക്കാരും അവനെ വളഞ്ഞുകൊണ്ടു ഞെരുക്കി അവ ന്നും പട്ടാളത്തിന്നും ആശ്രിതഭാവം വരുത്തി അപ്പൊൾ അമെരിക്യർ ക്കും ഇങ്ക്ളിഷ്കാൎക്കും ആലസ്യം പററി. 1783—ാം ക്രി.അ. വെർ സല്യയിൽവെച്ചു സന്ധിക്കയും ചെയ്തു; ഫ്റാഞ്ചിക്കും സ്പാ ന്യക്കും അല്പലാഭം ഉണ്ടായി അമെരിക്യക്കു ഇനി അന്യരാജാവരുത് എന്നെല്ലാവൎക്കും സമ്മതം. യുദ്ധം ചെയ്തവൎക്ക കടം എറിവന്നതി നാൽ ഫ്റാഞ്ചിക്കാരിൽ ആവലാതി പറയുന്നതു എങ്ങും കെൾക്കാ റായി. അമെരിക്യർ കല്പിച്ച ആചാരം എന്തെന്നാൽ മതഭെദവും വംശവിവരവും രാജ്യത്തിൽ ഒട്ടും വിചാരിക്കരുത് നാട്ടുകാരെല്ലാ വരും നിരൂപിച്ചു ബൊധിച്ച ആളുകളെ നിയൊഗിച്ചു താന്താൻെറ നാട്ടിലും സാധാരണ സംസ്ഥാനത്തിലും വാഴ്ച കഴിക്കുമാറാക്കെ ണം ഇപ്രകാരം കൂട്ടിയ കൊംഗ്രസ് എന്ന സാധാരണ യൊഗത്തിന്നു എല്ലാവരും ആചരിക്കെണ്ടുന്ന വെപ്പുകളെ കല്പിപ്പാൻ ന്യായം നന്നാലു കൊല്ലത്തിന്നു അവരൊധിച്ചുവന്ന മൂപ്പൻ കാൎയ്യങ്ങളെ നട ത്തുവാൻ ന്യായം ഇവരുടെ അധികാരത്തിന്ന ഉൾപ്പെടാത്ത നടുവർ കൂട്ടം ന്യായവിസ്താരത്തിന്നു പ്രമാണം എല്ലാവൎക്കും മാസപ്പടിയും ചിലവും കുറച്ചും നിത്യപട്ടാളം ഇല്ലാതെയും നാട്ടിലെ ഐശ്വൎയ്യം എറിയും കണ്ടാറെ തുണെക്കവന്ന ഫ്റാഞ്ചിക്കാർ നമ്മുടെ രാജ്യത്തി ലും ഇപ്രകാരം വെണം എന്നാശിച്ചുതുടങ്ങി അതുവുമല്ലാതെ ചില ഗൎമ്മാന്യർ സ്വിച്ചർപൊലർ എന്നിങ്ങിനെ പല നാട്ടുകാരും സ്വാ തന്ത്ര്യം എന്ന മധുരവാക്ക കൊടിയാക്കി സ്വയമായി അമെരിക്യക്കു വെണ്ടി പൊരുതുമടങ്ങി വന്നശെഷം താന്താങ്ങളുടെ നാട്ടുകാരൊടും വൎണ്ണിച്ചറിയിച്ചു സ്വാതന്ത്ര്യത്തിൽ ആഗ്രഹം ജനിപ്പിക്കയും ചെയ്തു. ഇങ്ക്ളിഷ്കാർ പലരും ഞങ്ങൾക്കും രാജാവില്ലാതെപൊയി അമെ രിക്യ ആചാരം സംഭവിച്ചുവന്നാൽ കൊള്ളാം എന്നു വിചാരിച്ചു തുടങ്ങി.

നപൊല്യൻ കൈസരുടെ ശ്രീത്വം

പിത്ത് എന്ന മഹാമന്ത്രി കൈസരൊടു എതിർക്കേണ്ടതിന്നു പിന്നെയും വട്ടം കൂട്ടി സ്പാന്യരെ നാനാവിധെന ഈടു മുട്ടാക്കിയ ശെഷം പുതിയ കൈസർ ഇതല്യരാജാവെന്നു പെർധരിക്കുമ്പൊൾ തന്നെ പിത്ത്രുസ്യരെയും ഔസ്ത്രിയരെയും ബന്ധുക്കളാക്കുവാൻ ഉത്സാഹിച്ചു അപ്പൊൾ നപൊല്യൊൻ വലിയ സൈന്യം ചെർത്തു ഇങ്ക്ളന്തിൽ ഇറക്കുവാൻ ഭാവിച്ചു ഏറിയ ദ്ധ്യാനം കഴിച്ചു ശെഷം പ്രാപ്തിയുള്ള കപ്പത്തലവനെ കാണായ്കകൊണ്ടും കിഴക്കെ കൈസന്മാർ ബദ്ധപ്പെട്ടു ഏറിയ സന്നാഹങ്ങളെ കൂട്ടുകകൊണ്ടും പട്ടാളങ്ങളൊടും ബുലൊഞ്ഞിൽനിന്നു പുറപ്പെട്ടു ഔസ്ത്രിയരൊടു പടയറിയിക്കയും ചെയ്തു. സ്പാന്യ ഫ്റാഞ്ചി ഈ രണ്ടു കപ്പൽഗണങ്ങൾ കൂടി എങ്കിലും നെല്ലൊൻ ത്രഫല്ഗാർ തുക്കിൽവെച്ചു കണ്ടെത്തിയപ്പൊൾ കപ്പല്ക്കു പ്രബൊധിപ്പിച്ചു മുന്നണിയായിട്ടു ഒടി പട കൂടി താൻ വെടി ഏറ്റു മരിച്ചെങ്കിലും ഇരട്ടകപ്പല്യകളെ തകൎക്കയും ചെയ്തു. 1805 ാം ക്രി.അ. ആ സമയത്തിൽ തന്നെ ഉത്മപട്ടണത്തൊളം ചെന്നു ഔസ്ത്രിയരെ ഫ്രാഞ്ചിക്കാർ പ്രുസ്യനാട്ടിൽ കൂട കടന്നു ചുററികൊണ്ടു 50000 ആളൊളം ആശ്രിതന്മാരാക്കി പിറെറ മാസത്തിൽ വിയന്നയിൽ പ്രവെശിക്കയും ചെയ്തു. അനന്തരം രുസ്യർ തുണയായി എത്തിയ ശെഷം ഔസ്തലിച്ചിൽ വെച്ചു കൈസർമ്മാർ മൂവരും പട കൂടി നപൊല്യൊൻ വെള്ളം ഉറച്ച പൊയ്കകളെ വെടിവെച്ചു തകൎത്തു അതിൽക്കൂടി തിണ്ടി കടക്കുന്ന ശത്രുക്കളെ മുക്കി ജയിച്ചു ഔസ്ത്രിയരെ സന്ധിപ്പാൻ നിർബ്ബന്ധിച്ചു രുസ്യർ നാട്ടിൽ വാങ്ങിപ്പൊയശെഷം പ്രുസ്യക്കു സഹായിപ്പാൻ മനസ്സു തൊന്നി എങ്കിലും സമയം തെററിപ്പൊയ കാരണത്താൽ നപൊല്യൻ അവവരനന്ന ബുദ്ധിമുട്ടിച്ചു ഇങ്ക്ളിഷ്കാരൊടു ഇടയുമാറാക്കി പ്രെസ്ബുർഗ്ഗസന്ധി നിൎണ്ണയ പ്രകാരം വനെത്യതിരൊൽ ഈ രണ്ടു നാടും 4 കൊടി ഉറുപ്പികയും കിട്ടിയ ശെഷം നപൊല്യൊൻ ഇങ്ക്ളിഷ്കാരിൽ ഈൎഷ്യ ഭാവിച്ചു യുരൊപ കരയിൽ എങ്ങും അവരുടെ കപ്പൽ അണപ്പിച്ചു കൊള്ളരുത് എന്നു പരസ്യമാക്കി നവപൊലി രാജാവ് അതിന്നു വിപരീതമായി നടക്കകൊണ്ടു തന്റെ ജ്യെഷ്ഠനായ യൊസെഫിനെ അവന്റെ സ്ഥാനത്തിലാക്കി ഭാൎയ്യാപുത്രനായ യുഗെനെ ഇതല്യയിൽ ഇദമ എന്നു കല്പിച്ചു ലുദവിഗ് അനുജനെ ഹൊല്ലന്തിൽ വാഴിച്ചു ബവൎയ്യ പിത്തമ്പൎഗ്ഗ ബാദൻ മുതലായവരെ ഗർമ്മാന്യസംസ്ഥാനത്തൊടു വെൎവ്വിടുത്തു റൈൻകൂറു എന്ന നാമം ചൊല്ലി ഫ്രാഞ്ചിക്കു വാലാക്കി ഇങ്ങിനെ ഗർമ്മാന്യരാജ്യത്തിന്നു 1806 ാം ക്രി. അ. ഒടുക്കം വരുത്തുകയും ചെയ്തു. ഇങ്ക്ളിഷ്കാർ ഇതെല്ലാം വിചാരിച്ചു പിത്ത് മരിച്ചു ഉടനെ ഇണക്കത്തിന്നു ഒരുമ്പെട്ടപ്പൊൾ നപൊല്യൻ പ്രുസ്യൎക്കു കൊടുത്തു പൊയ ഹന്നൊവർനാടു ഇങ്ക്ളിഷ്കാരിൽ സമൎപ്പിച്ചു വെപ്പാൻ മനസ്സുള്ളവനെ പൊലെ കാണിച്ചു ഈ അപമാനം പ്രു

സ്യർ സഹിയാഞ്ഞു 2 ാം ഫ്രീദ്രിക്കിന്റെ ദിഗ്ജയം ഒത്തു ഡംഭി ച്ചു പൊരിന്നായി പുറപ്പെട്ടു എന്നാറെ കൈസർ നിനയാത്ത വഴി കളിൽ അവരെ ചുററികൊണ്ടു യെനാ പൊക്കളത്തിൽവെച്ചു രണ്ടു പട്ടാളങ്ങളെയും മുടിച്ചു. അനായാസമായി മഗ്ദബുർഗ്ഗ മുതലായ കൊട്ടകളെ പിടിച്ചു വടക്കെ ഗർമ്മാന്യഭാഗവും അടക്കി പൊലയതിരൊളം നടക്കയും ചെയ്തു. ആയതിനാൽ പൊലർ സന്തൊഷിച്ചു കലഹിച്ചു പ്രുസ്യരെ ആട്ടിക്കളഞ്ഞു വിഭാഗത്തിന്റെ ദൊഷത്തിന്നായി പക വീളുകയാൽ രുസ്യൻ ഭയപ്പെട്ടു നപൊല്യനെ തടുപ്പാൻ നിശ്ചയിച്ചു എന്നാലും ജയം വന്നില്ല. 1807 ാം ക്രി. അ. ഫ്രീദ്ലന്ത പൊക്കളത്തിൽ വെച്ചു തൊററ ശെഷം ഇണങ്ങെണ്ടിവന്നു തില്സിത്തിൽവെച്ചു കൈസർമ്മാരിരുവരും സംസാരിക്കുമ്പൊൾ നപൊല്യൊൻ അലക്ഷന്തരെ ക്ഷണത്തിൽ വശീകരിച്ചു നാം ഇരുവരുംകൂടി കടൽ വാഴികളായ ഇങ്ക്ലിഷ്കാരെ തുറമുഖങ്ങളിൽനിന്നുനീക്കി താഴ്ച വരുത്തെണം എന്നു സമ്മതിപ്പിച്ചു പ്രുസ്യരിൽനിന്നെടുത്തൊരു അംശവും കൊടുത്തു മറെറാരു അംശം വർഷൌ പ്രഭുത്വം എന്നു ചൊല്ലി സഹ്സക്കം പടിഞ്ഞാറെ നാടുകളെ ജരൊംഅനുജന്നും കൊടുത്തു പ്രുസ്യന്ന രാജ്യത്തിന്റെ പാതിമാത്രം ശെഷിപ്പിച്ചു പിറെറ കൊല്ലത്തിൽ സ്റ്റൈൻ മന്ത്രിരാജ്യത്തിന്റെ പിഴകളെ തീൎത്തുഗൎമ്മാന്യൎക്ക ഒരുമയും ഉത്സാഹവും വൎദ്ധിപ്പിപ്പാൻ അദ്ധ്വാനിച്ചപ്പൊൾ അവനെ സ്ഥാനത്തിൽ നിന്നു നീക്കിച്ചു മററും എറിയ നിന്ദകളെ പ്രുസ്യനെ അനുഭവിക്കുമാറാക്കുകയും ചെയ്തു. കൈസർ കരമെൽ കാണിച്ച ഡംഭ പൊലെ ഇങ്ക്ലിഷ്കാർകടലിൽ കാട്ടും ദെനരുടെ കപ്പൽ ഫ്റാഞ്ചിക്കാരുടെ വശത്തിൽ ആകാതിരിക്കെണ്ടതിന്നു അവൻ 1807ാം ക്രി. അ. കൊപ്പൻഹാഗനഗരത്തെ വെടിവെച്ചു തകൎത്തു 40 പടക്കപ്പലൊളം പിടിച്ചുകൊണ്ടു പൊകയാൽ ദെനർ കൈസരെ ആശ്രയിച്ചതുമല്ലാതെ രുസ്യരും കൂട ഇങ്ക്ലന്തരൊടു പടയറിയിച്ചു അന്നശ്വെദരാജാവൊടു ഇങ്ക്ലിഷ്കാരെതടുക്കെണമെന്നു ചൊദിച്ചതിനെ 4 ാം ഇസ്താവ് അനുസരിക്കാതെ അറിയിപ്പിൽ പറഞ്ഞ ജീവിനപൊല്യൻ തന്നെ എന്നു നിശ്ചയിച്ചു ഇങ്ക്ലിഷ് സ്നെഹത്തെ അത്യന്തം വിടാതെ കൊണ്ടിരുന്നപ്പൊൾ രുസ്യർ ശ്വെദരൊടു പടകൂടി ഫിന്നനാടടക്കി ഞെരുക്കിയതിനാൽ ശ്വെദർ ആ രാജാവെയും സ്വരൂപത്തെയും നീക്കി കൈസറിന്റെ പടയാളിയായ ബൎന്നദൊത്തെ വാഴിക്കെണ്ടതിന്നു സംഗതിവന്നു. അക്കാലത്തിൽ എല്ലാം കൈസർ ചുരംചീറനദികളെയും തുറമുഖപ്പണിമുതലായതുമെട്ടപ്പിച്ചുയുരൊപയിൽ മിക്കവാറും ഇങ്ക്ലിഷ്കച്ചൊടത്തെ വെരറുത്തു വന്നപ്പൊൾ പൊൎത്തുഗാൽ ഈ കല്പന ബഹുമാനിക്കുന്നില്ലെന്നു കണ്ടു 1807 ാം ക്രി. അ. പടയെ ലിസബൊനൊളം അയച്ചു രാജവംശത്തെ ബ്രസിലെയ്ക്ക് ഒടിച്ചു അതിന്നായി ഫ്റാഞ്ചി പട്ടാളം സ്പാന്യയിൽകൂടിപൊകുമ്പൊൾ നിസ്സാരനായ രാജാവിന്നും പുത്രനായ ഫെർദ്ദിനന്തിന്നും ഇടച്ചല്ലുണ്ടാക്കിച്ചു ശെഷംനപൊല്യൊൻ ഇരുവരെയും ചതിച്ചുബയൊന്നിൽ

വരുത്തി കിരീടത്തെ തരുവിച്ചുവെച്ചപ്പൊറം അളിയനായ മുരത്ത് നവപൊലിയെയും ജ്യെഷ്ഠനായ യൊസെഫ് സ്പാന്യയെയും രക്ഷിക്കെണമെന്ന കൈസർ കല്പിച്ചു. ഇതൊക്കയും സഹിക്കാതെ ഡംഭുള്ള സ്പാന്യവംശം ഫ്റാഞ്ചിക്കാരെ കൊന്നാൽ സ്വൎഗ്ഗപ്രാപ്തി യുണ്ടു എന്ന പാതിരിവാക്ക അനുസരിച്ചു ഒരൊരൊ കാട്ടിലും പുരത്തിലും വെച്ചു പടതുടങ്ങി അനന്തരം അളുകളെ കൊന്നു സാമാനവണ്ടികളെ പിടിച്ചു ചില നാട്ടിൽ നിന്നും ഫ്റാഞ്ചി പട്ടാളം ഇല്ലാതെ ആക്കിയപ്പൊറം പൊൎത്തുഗീസരും അപ്രകാരം ചെയ്തു. വെലിംഗ്ധൻ വരുത്തിയ ഇങ്ക്ലിഷ് സഹായത്തൊടും കൂട ഫ്റാഞ്ചിക്കാരെ നീക്കി. നപൊല്യൊൻഈ വൎത്തമാനങ്ങളെ വിചാരിച്ചു 1808ാം ക്രി· അ. എർഫുത്തിൽ വെച്ചു അലക്ഷന്തരെ കണ്ടുയുരൊപയിൽ കിഴക്കെപാതി നിണക്കും പടിഞ്ഞാറെ പാതി ഇനിക്കും ആവു എന്നു കല്പിച്ചു മമതയെ ഉറപ്പിച്ചശെഷം സ്പാന്യയിൽ ചെന്നുവെലിംഗ്ധനെയും നാട്ടുകാരെയും ഒതുങ്ങിപ്പൊകുമാറാക്കി. അന്നു ഔസ്ത്രിയർ പടവെട്ടെണ്ടതിന്നു ഇത് സമയം എന്നുവെച്ചു എല്ലാകൂടിയാന്മാരെ കൊണ്ടും ആയുധം എടുപ്പിച്ചു. 1809 ാം ക്രി. അ. അതിരാക്രമിച്ചപ്പൊറം നപൊല്യൊൻ ഉടനെ വന്നു ഗർമ്മാന്യ ബന്ധുക്കളെ ചെൎത്തു 5 ദിവസം ദനുവനദീതീരത്തു ഇടവിടാതെ പടകൂട്ടി ജയിച്ചു വിയന്നയിലും പ്രവെശിച്ചു തിരൊലരും മററും ചില ഗർമ്മാന്യരും അന്നു കലഹിച്ചെങ്കിലും കൈസരെ തടുപ്പാൻ കഴിഞ്ഞില്ല അനന്തരം പാപ്പാവിന്നു രാജ്യം വെണ്ടാ എന്നു കല്പിച്ചു രൊമയെയും ഫ്റാഞ്ചിയൊടു ചെൎത്തപ്പൊറം പാപ്പാശാപത്തെ പരസ്യമാക്കിയതിന്നു ശിക്ഷയായി ഫ്റാഞ്ചിയിലെക്ക് ഇഴപ്പിച്ചു അതിൽ പിന്നെയും ഔസ്ത്രീയനെ വഗ്രാമിൽ വെച്ചു ജയിച്ചു 1809 ാം ക്രി. അ· വിയന്ന സന്ധിയെ കല്പിച്ചു കടപ്പുറത്തുള്ള നാടുകളൊക്കയും പൊലക്കും രുസ്യക്കും വെണ്ടുന്നതൊക്കയും എടുത്തു രാജ്യത്തെ താഴ്ത്തിയ ശെഷം മച്ചിയായ ഭാൎയ്യയെ നീക്കി ഔസ്ത്രീയപുത്രിയായ മറിയ ലുവിസിനെ 1810ാം ക്രി. അ. പരിഗ്രഹിക്കയും ചെയ്തു. അവളിൽ ഒരു പുത്രൻ ജനിച്ചപ്പൊറം രൊമരാജാവെന്ന പെർ കല്പിച്ചതുമല്ലാതെ നമുക്കൊരു ത്രാണ കർത്താവ് ജനിച്ചു എന്നും ദൈവം സ്വൎഗ്ഗത്തിൽ എതു പ്രകാരം അപ്രകാരം ഭൂമിയിൽ നപൊല്യൊൻ തന്നെ എന്നും സ്തുതിപാഠകന്മാർ പ്രശംസിക്കയും ചെയ്തു.

105. നപൊല്യൊന്റെ അധഃപതനം

നപൊല്യൊന്നു താഴ്ച വന്നതു രാജാക്കന്മാരുടെ സാമൎത്ഥ്യം കൊണ്ടല്ല പ്രജകളുടെ മനസ്സു യുരൊപയിൽ എങ്ങും ഭെദിച്ചു പൊയതിനാലത്രെ ആകുന്നു ഫ്രാഞ്ചിയിൽ സ്വാതന്ത്ര്യം ഒട്ടും ഇല്ല പടയാളികൾക്ക രാജ്യങ്ങളിൽ നിന്നു ധനം കവൎന്നു സ്വരൂപിക്കെണ്ടതിന്നത്രെ മനസ്സു. തൊററിട്ടുള്ള ജാതികളിൽ ഇവൻ നറന്തിക്രിസ്തൻ ഒരു

ഭയം പരന്നതുമല്ലാതെ പകരം ശിക്ഷ കഴിക്കെണ്ടതിന്നു എല്ലാവരും തക്കം നൊക്കി അവക്ക സ്വാന്യർ തന്നെ കലഹക്കൊടിയെ ഉയർത്തി കാണിച്ചു അവർ പല ദിക്കിലും വെവ്വെറെ കൂട്ടം ആയി പൊരുതു ജയിച്ച ശെഷം 1810ാം ക്രി. അ. കാദിസിൽ കൂടി പ്രജകൾക്ക സ്വാതന്ത്ര്യം എകിട്ടുള്ള ഒരു വ്യവസ്ഥയെ കല്പിച്ചു 1812ാം ക്രി. അ. ആ ദൃഷ്ടാന്തം ഗർമ്മാന്യരും ഇതല്യരും വിചാരിച്ചു കവർച്ചക്കാരുടെ നുകത്തെ തള്ളെണ്ടതിന്നു പല പ്രകാരം കൂട്ടം കൂടി സ്വകാര്യമായി ഒരുമ്പെട്ടിരുന്നു പിന്നെ നപൊല്യൊൻ അനുജനെ നീക്കി ഹൊല്ലന്ത് രാജ്യത്തെയും എല്ബ പര്യന്തമുള്ള ഗർമ്മാന്യ കടപ്പുറത്തുള്ള നാടുകളെയും ഫ്രാഞ്ചിയൊടു ചെർത്തടക്കി അന്നു വിഴകിപ്പൊയ രാജാക്കന്മാരിൽ അലക്ഷന്തരുടെ അളിയനായ ഒല്ദമ്പുർഗ്യനും കൂടി ഇരിക്കകൊണ്ടും ഇങ്ക്ലിഷ് കച്ചൊടത്തെ മുഴവനും മുടക്കുവാൻ രുസ്യർക്ക മനസ്സില്ലായ്ക കൊണ്ടും രണ്ടു കൈസർമ്മാർ തമ്മിൽ അപ്രിയം ഭാവിച്ചു 1812ാം ക്രി. അ. യുദ്ധത്തിന്നു വട്ടം കൂട്ടുകയും ചെയ്തു. രുസ്യൻ തുക്കർക്ക കൈക്കൂലി കൊടുത്തുശ്വെദക്ക ഭിന്നനാട്ടിന്നു പകരം നൊവ്വെ പറഞ്ഞു കൊടുത്തു ഇങ്ങിനെ തെക്കും വടക്കുമുള്ള അയല്ക്കാരെ ബന്ധുക്കളാക്കി ചെർത്ത ശെഷം നപൊല്യൊൻ ഔസ്ത്രിയ പ്രുസ്യരിൽ നിന്നു ചില പട്ടാളങ്ങളെ ജാമ്യമായിട്ടു കൂട്ടിയതുമല്ലാതെ ഫ്രാഞ്ചി മുതലായ വംശക്കാരിൽ 5 ലക്ഷം ആയുധപാണികളൊളം ചെർത്തു പൊലരാജ്യത്തെ പുതുക്കി ഒരു നാളും കാണാത്ത മഹാസൈന്യത്തൊടു കൂട മൊസ്കൌ നഗരത്തെ കൊള്ള ചെന്നു തുടങ്ങി രുസ്യർ കലങ്ങാതെ ഊരുകളെ ഭസ്മമാക്കി നാടു കാടാക്കികൊണ്ടു പൊരുതു പുതിയ യരുശലെം എന്നു ബഹുമാനിച്ചു വരുന്ന മൊസ്കൌ നഗരത്തെയും വിട്ടു മൊലൊക്കിന്നു ഒത്ത മാററാൻ 1812ാം ക്രി. അ. അതിൽ പ്രവെശിക്കയും ചെയ്തു. ആ പട്ടണത്തിൽ ഉടനെ തീ പിടിച്ചു രുസ്യരുടെ ശുഷ്കാന്തികൊണ്ടും എട്ടു ദിവസത്തെ കാററു കൊണ്ടും വീടുകൊവിലകങ്ങളിൽ 10 ത്തിൽ ഒമ്പത് അംശം ദഹിച്ചു പൊകയും ചെയ്തു. അന്നു തൊട്ടു രുസ്യർക്ക അടങ്ങാത്ത വൈരം ഉണ്ടായി സ്ത്രീകളും കുട്ടികളും ആയുധം എടുക്കും മന്ത്രികൾ മാത്രം ഇണങ്ങും അഭാവം നടിച്ചു നപൊല്യൊനെ ശീതകാലത്തൊളം താമസിപ്പിച്ചു (ഒക്തൊബരിൽ) ആ പട മടങ്ങി പൊയാറെ മഞ്ഞും കുളിരും പററി തുടങ്ങി ആയിരങ്ങളും കൈയും കാലും തരിച്ചു വിറച്ചു വീണു മരിച്ചു ബരസീന നദിയെ കടന്ന ദിവസം എണ്ണമില്ലാത്ത ആളുകൾ പട്ടു ശെഷം പട്ടാള ക്രമം ഇല്ലാതെ പൊയി നപൊല്യൊൻ കഴിവു ഒന്നും കാണാതെ ചില സ്നെഹിതന്മാരൊടു കൂട ഒടി പിരഞ്ഞു പരീസിൽ എത്തി പട്ടാളത്തിൽ അരക്കാൽ അംശത്തൊളം ശെഷിച്ചില്ല എന്നറിയിക്കയും ചെയ്തു. ഈ വർത്തമാനം കെട്ടാറെ ദൈവം ഉണർന്നു വിധി കല്പിച്ച പ്രകാരം എല്ലാജാതിക്കാർക്കും തൊന്നിയപ്പൊൾ 1813ാം ക്രി. അ. പ്രുസ്യരാജാവ് ജന്മദെശത്തെ രക്ഷിക്കെണ്ടതിന്നു എല്ലാവരും ആയുധങ്ങളെ എടുക്കെണമെന്നു കല്പിച്ചു ഉടനെ എല്ലാ

വരും ബദ്ധപ്പെട്ടു അഭ്യാസ വ്യാപാരങ്ങളെ വിട്ടു പടെക്ക ഒരുമ്പെട്ടു രുസ്യശ്വെദരൊടും ബാന്ധവം ചെയ്തശെഷം ഫ്രാഞ്ചിക്കാരെ എല്ബെ നദിക്കക്കരെയൊളം നീക്കി മുതലാളികൾ ധനങ്ങളെ എല്പിച്ച സ്ത്രീകൾ മുറിയെററവരെ രക്ഷിച്ച കുട്ടികളും പടെക്ക ഒടും അശ്വത്തലവനായ ബ്ലുകർ എല്ലാവർക്കും മുമ്പൻ തൊററാലും ചടപ്പ കൂടാതെ പിന്നെയും പിന്നെയും പട കൂട്ടുവാൻ ഉത്സാഹിക്കുന്നവൻ അപ്പൊൾ നപൊല്ല്യൊൻ പുതുതായി ചെർത്ത പട്ടാളങ്ങളൊടും എത്തി ഘൊരയുദ്ധങ്ങളെ കൊണ്ടു ജയിച്ച എല്ബെയെ കടന്നു ഒദർവരെയും നടന്നപ്പൊൾ ഔസ്ത്രീയന്റെ താമസം വിചാരിച്ച രണ്ടു പക്ഷക്കാരും ആയുധസ്ഥിതിയെ കല്പിച്ച ഔസ്ത്രീയ മന്ത്രിയായ മത്തർന്നിക് നപൊല്ല്യൊനെ ചെന്നു കണ്ടു കഴിഞ്ഞ ആണ്ടുകളിൽ ജയിച്ചടക്കിയതെല്ലാം എല്പിക്കെണ്ടിവരും എന്നു അറിയിച്ചതു കെട്ടാറെ നപൊല്ല്യൊൻ ചൊടിച്ച ഇങ്ക്ളത്തിൽ നിന്നു നിങ്ങൾക്ക എത്രകൈക്കൂലി വന്നു എന്നു ചൊദിച്ചുനടന്നു വരുമ്പൊൾ തന്നെ തൊപ്പിവീണു ആയതു മന്ത്രി എടുത്തു കൊടുക്കാതെ നിവിന്നു നിന്നു നപൊല്ല്യൊൻ ശ്ലെസ്യനാടു ഔസ്ത്രീയന്നു കൊടുപ്പാൻ പറഞ്ഞു മൊഹിപ്പിച്ച എങ്കിലും മത്തന്നിക് പൊയി പ്രുസ്യരുടെ പക്ഷത്തിൽ ചെരുകയും ചെയ്തു. ഔഗുസ്തമാസത്തിൽ ചില ലക്ഷം ഔസ്ത്രീയർശ്വർച്ചമ്പഗ്ഗ്തലവനൊടു കൂടി ബൊഹെമ്യയിൽ നിന്നു ഇറങ്ങിയാറെ നെപൊല്ല്യൊൻ വെഗതകൊണ്ടു ദ്രെസ്തന്നരികിൽ വെച്ച ജയിച്ച എന്നാറെ തെക്കും വടക്കും ഉള്ള അവന്റെ നായകന്മാൎക്കു കൂടക്കൂട തൊലി ഉണ്ടാകകൊണ്ടു കൈസർ എത്രയും വെഗത്തിൽ അങ്ങും ഇങ്ങും ഒടി ശത്രുവലയെ വെവ്വെറെ തകർപ്പാൻ വിചാരിച്ച എങ്കിലും എണ്ണമില്ലാത്ത സൈന്യങ്ങൾ അവനെ ചുററി കൊണ്ടു ലിപ്സീയ പൊൎക്കളത്തിൽ 14–18– ഒക്തൊമ്പ്ര. 170000 ഫ്രാഞ്ചിക്കാർ 3 ലക്ഷം മാററാന്മാരൊടു ചെറുത്തുനിന്ന ശെഷം 60000 ആളുകൾ പട്ടുപൊയ ദിവസത്തിൽ ഫ്രാഞ്ചിക്കാർ തൊററു ഗർമ്മാന്യ ബന്ധുക്കളൊക്കയും നപൊല്ല്യനെ ഉപക്ഷിച്ച നവപൊലിയിൽ വാഴുന്ന അവന്റെ അളിയനും കൂട ഔസ്ത്രീയ പക്ഷം തിരിഞ്ഞുവെലിംഗ്ഡൻ വിക്തൊരിയ ജയം കൊണ്ടു ഫ്രാഞ്ചിയുടെ തെക്കെഅതിർ ആക്രമിക്കയും ചെയ്തു. 1814ാം ക്രി–അ–ആണ്ടുപിറപ്പിൽ തന്നെ 6 ലക്ഷം ശത്രുക്കൾ ഫ്രാഞ്ചി രാജ്യത്തിൽ പ്രവെശിച്ച ശെഷം നപൊല്ല്യൊൻ ഈ ഒരു പ്രാവശ്യം പള്ളികളിൽ വെച്ച യുദ്ധത്തിന്നു പ്രാൎത്ഥിക്കെണമെന്നു പരസ്യമാക്കി കുറഞ്ഞൊരു പട്ടാളം ചെത്തു അതിശയമായിട്ടു ശത്രുക്കളെ ഭെദിപ്പിച്ച വെവ്വെറെ ഞെരുങ്ങി തുടങ്ങിയപ്പൊൾ അവർ സന്ധിപ്പാനും വിചാരിക്കുമ്പൊൾ പരിസപട്ടണത്തിൽ നിന്നു ചില ദ്രൊഹികൾ ഒററിയിച്ചതിനാൽ രുസ്യർ പ്രുസ്യരും മടിക്കാതെ ചെന്നു പട്ടണത്തിന്റെ വാതിലുകളിൽ വെച്ച പട വെട്ടി നഗരത്തിൽ പ്രവെശിച്ച നപൊല്ല്യൊനെ നീക്കി

ബഹുമാനത്തൊടെ എല്ബൊ തുരുത്തിയിൽ പാർപ്പിച്ചു. അനന്തരം കൊന്നു പൊയ രാജാവിന്റെ അനുജൻ ഇങ്ക്ളിഷ്ക്കാരുടെ മത പ്രകാരം ഫ്രാഞ്ചിയിൽ മടങ്ങി ചെന്നു 18 ാം ലുദവിഗ് എന്നപെർ ധരിച്ചു രാജാക്കന്മാരൊടിണങ്ങി ഇങ്ക്ളിഷ്കാർ മൂന്നു വർഷം അമെരിക്കയൊടു സമുദ്രത്തിന്നായി പൊരുതു കൊണ്ടു സന്ധിച്ചതിനാൽ പട എല്ലാടവും അമർന്നു പൊയി. ശെഷം സംശയങ്ങളെല്ലാം തീർക്കെണ്ടതിന്നു രാജാക്കന്മാർ എല്ലാവരും വിയന്നയിൽ കൂടി മണ്ഡല സഭയായിരുന്നു കവർച്ച വിഭാഗം വിചാരിക്കുമ്പൊൾ രുസ്യർ പൊലനാടും പ്രുസ്യർ സഹ്സനാടും ഖണ്ഡിച്ചു ചൊദിച്ചതിനാൽ ശെഷമുള്ളവർ അസൂയപ്പെട്ടു തങ്ങളിൽ യുദ്ധത്തിന്നു ഒരുമ്പെടുകയും ചെയ്തു. അനന്തരം രാജാക്കന്മാർ പ്രജകളുടെ അനിഷ്ടവും ചെലവിൻ പൊരായ്കയും വിചാരിച്ചു തമ്മിൽ ഇണങ്ങി പ്രുസ്യന്നു റൈൻനാടും സഹ്സപാതിയും രുസ്യന്നു പൊലനാടു മിക്കതും ഔസ്ത്രിയന്നു വടക്കെ ഇതുല്യയും മല്താ ഹെല്ഗൊലന്ത് യൊന്യ തുരുത്തികളെ ബ്രീത്ത്യന്നും വിധിച്ചു സമർപ്പിച്ചു ഫ്രാഞ്ചിയൊടു തെക്കും വടക്കും എതിരിടുവാൻ പ്രാപ്തി ഉണ്ടാകെണ്ടതിന്നു നെതവനാടു സദ്ദിന്യന്റെ ശാസനയിൽ എല്പിച്ചു ബല്ഗ്യനാടു ഹൊല്ലന്തർക്ക കൊടുത്തുർമൊന്യർക്ക ഒരു രാജാവല്ല മുപ്പത്ച്ചിലപാനം വാഴ്ചകൾ കൂടി അന്യൊന്യം സത്യം ചെയ്തു ഐക്യം വരുത്തണമെന്നു കല്പിച്ചു ഉത്തമനായ വില്ബഫൊർസ്സകാഫ്രിയുടെ സങ്കടം ഇടവിടാതെ ബൊധിപ്പിക്കകൊണ്ടു അഫ്രിക്കയിലെ അടിമക്കച്ചൊടം ഇനി മെലാൽ ആർക്കും അരുത് എന്നു നിശ്ചയം വരുത്തുകയും ചെയ്തു. ഇപ്രകാരമെല്ലാം വെച്ചുതീത്തതിന്നു മുമ്പെ നപൊല്യാൻ ഫ്റാഞ്ചി പടകളുടെ മാറാത്ത രഞ്ജനനിനെച്ചു 1815 ാം ക്രി. അ. കപ്പലെറി ഫ്റാഞ്ചിയിൽ ഇറങ്ങി പട കൂടാതെ 20 ദിവസത്തിന്നകം പരീസ പട്ടണത്തൊളം ഒടി പ്രവെശിച്ചു മുമ്പെ പൊലെ കൈസരായി വാണു യുരൊപയിൽ ഒക്കയും ഭയം നിറെക്കയും ചെയ്തു. അവന്നു എകബന്ധുവായ മുരത്ത് ഇതല്യയിൽ അകാലമായ യുദ്ധം തുടങ്ങുമ്പൊൾ ഔസ്ത്രിയർ ജയിച്ചു സിക്കില്യനെ വാഴിക്കയും ചെയ്തു. ശെഷമുള്ളവർ ഒരുമിച്ചു നപൊല്യൊനെ ശപിച്ചു മാനുഷ വൈരി എന്നു കല്പിച്ചു അനന്ത പട്ടാളങ്ങളെ അയച്ചപ്പൊൾ അവൻ ബദ്ധപ്പെട്ടു നാൽഗ്യയിൽ പ്രവെശിച്ചു പ്രുസ്യരൊടും ഇങ്ക്ളിഷ്കാരൊടും നാലു ദിവസം പൊരുതു 18 കൂൻ വാത്തർലൊ പൊർക്കളത്തിൽ അശെഷം തൊററു രാജ്യം മകനിൽ എല്പിക്കയും ചെയ്തു. എങ്കിലും ശത്രുക്കൾപനിന്നിൽ എത്തിയ ശെഷം 18ാം ലുദവിഗെ വാഴിച്ചു ഫ്റാഞ്ചിവംശത്തൊടു വളരെ പിഴവാങ്ങി നപൊല്യൊന്നെ ഹെലെന തുരുത്തിയിൽ അയച്ചു മരണത്തൊളം 1821ാം ക്രി. അ. പാർപ്പിക്കയും ചെയ്തു. അക്കാലം അലക്ഷന്തർ ദെവകൃതങ്ങളെ അറിഞ്ഞു. ശെഷം രാജാക്കന്മാരെല്ലാവരൊടും കൂടി നിരൂപിച്ചു യെശുക്രിസ്തു തന്നെ മനുഷ്യ ജാതിക്ക ഉടയവൻ ഞങ്ങൾ

വംശപിതാക്കന്മാരത്രെ രാജ്യങ്ങളിൽ എങ്ങും ഇനി പരിവത്തനവും യുദ്ധവും അരുതു എകൊപിച്ചു വിചാരിക്കുന്നതിനാലും പരസ്പര സഹായത്താലും ഇടങ്ങാറുകളെ തീർക്കെണ്ടതു് എന്നിങ്ങിനെ ഉള്ള പരിശുദ്ധ അന്യൊന്യതെക്കു് കൂടി ആണയിട്ടു പരസ്യമാക്കുകയും ചെയ്തു. പാപ്പാമാത്രം സാധാരണരൊടു സഭെക്കല്ലാതെ മറെറാരു അന്യെന്യതെക്കും പരിശുദ്ധതയും ആവശ്യവും ഇല്ല എന്നറിയിച്ചു മുമ്പെ നീക്കിട്ടുള്ള യെശു കൂട്ടക്കാരെ പിന്നെയും സ്ഥാപിക്കയും ചെയ്തു.

00

ഹെർമൻ ഗുണ്ടർട്ട്

കേരളോല്പത്തിയും മറ്റും

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം

1992

വില 65.00 രൂപ

ഡീലക്സ് 95.00 രൂപ